# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ജനുവരി 31, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 193 –നമ്പർ 4

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ജനുവരി 31, ബുധൻ

സ്പീക്കർ

**ശ്രീ. എ. എൻ. ഷംസീർ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. ഷാജി സി. ബേബി**

ചീഫ് എഡിറ്റർ

**ശ്രീ. പി. രാമചന്ദ്രൻ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം


**പേജ്**

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**Ii അടിയന്തരപ്രമേയം**

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി
– ശ്രീ. മോൻസ് ജോസഫ്

III **ശ്രദ്ധക്ഷണിക്കൽ**

(1) നഗരസഭകളിലെ സാനിട്ടേഷൻ വർക്കർ/കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ
– ശ്രീ. പി. പി. ചിത്തരഞ്ജൻ

(2) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം
– ശ്രീ. എൻ. എ. നെല്ലിക്കുന്ന്

IV **സബ്മിഷൻ**

(1) പാലാക്കുന്നേൽ എസ്റ്റേറ്റ്
– ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്)

(2) ഗ്രീൻഫീൽഡ് ഹൈവേ
– ശ്രീ. എൻ. ഷംസുദ്ദീൻ

(3) കൊല്ലങ്കോട്-പൊഴിയൂർ കടൽഭിത്തി നിർമ്മാണം
– ശ്രീ. കെ. ആൻസലൻ

(4) വടുതല, പച്ചാളം, സൗത്ത് ചിറ്റൂർ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമം

- ശ്രീ. ടി. ജെ. വിനോദ്

(5) വയനാട്ടിൽ കടുവകളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം

- ശ്രീ. ഐ. സി. ബാലകൃഷ്ണൻ

(6) അസാപ്-ന്റെ പ്രവർത്തനം

- ശ്രീ. പി. പി. ചിത്തരഞ്ജൻ

(7) പടന്നക്കാട് റെയിൽവേ മേൽപ്പാലം

- ശ്രീ. ഇ. ചന്ദ്രശേഖരൻ

(8) നച്യാട് പാലം നിർമ്മാണം

- ശ്രീ. സജീവ് ജോസഫ്

(9) ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേ

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു

(10) കല്ലൂരിക്കടവ് പാലം നിർമ്മാണം

- ശ്രീ. കെ. വി. സുമേഷ്

V **മേശപ്പുറത്തുവച്ച കടലാസുകൾ**

VI **ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സംസ്ഥാനത്തിന്റെ കായിക നയം

- ന്യൂനപക്ഷക്ഷേമം, കായികം വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി

VII **ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

VIII **വ്യക്തിപരമായ വിശദീകരണം**

- ഡോ. മാത്യു കുഴൽനാടൻ

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ജനുവരി 31, ബുധൻ


-----------------------------------------------------------------------------

വാല്യം 193}                ഔദ്യോഗിക റിപ്പോർട്ട്                {നമ്പർ 4

-----------------------------------------------------------------------------


നിയമസഭ 2024 ജനുവരി മാസം 31-ാം തീയതി ബുധനാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*61)

**ശബരിമല ഇടത്താവള സമുച്ചയം പദ്ധതി**

1 (*61) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. എസ്.

അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനായി കിഫ്ബി സഹായത്തോടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച ശബരിമല ഇടത്താവള സമുച്ചയം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള റോപ്‌വേ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) എരുമേലി മാസ്റ്റർ പ്ലാനിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുന്നതിനായി കിഫ്ബി സഹായത്തോടെ നിലയ്ക്കൽ, എരുമേലി, ചിറങ്ങര, ചെങ്ങന്നൂർ, കഴക്കൂട്ടം, മണിയങ്കോട് എന്നീ ആറ് സ്ഥലങ്ങളിലാണ് ഇപ്പോൾ ഇടത്താവള നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഈ ആറ് സ്ഥലങ്ങളിലും പ്രവൃത്തികൾ വിവിധഘട്ടങ്ങളിലാണ്. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പമ്പ മുതൽ സന്നിധാനംവരെ മെറ്റീരിയൽസ് കൊണ്ടുപോകുന്നതിനുള്ള ശബരിമല റോപ് വേ നിർമ്മാണത്തിനായി ടെക്നോ ഫീസിബിലിറ്റി സ്റ്റഡി നടത്തുകയും വിവിധ ഏജൻസികളിൽനിന്നും 2011-ൽ താല്പര്യപത്രം ക്ഷണിക്കുകയും പ്രസ്തുത സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ റൈറ്റ്സ്

+ അനുബന്ധം- I ആയി ചേർത്തിരിക്കുന്നു.

ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013-ൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുന്നതിന് താല്പര്യമുള്ള ഏജൻസികളിൽനിന്ന് താല്പര്യപത്രം ക്ഷണിച്ചു. വിവിധ ഏജൻസികളിൽനിന്ന് ലഭിച്ച താല്പര്യപത്രം പരിശോധിച്ച് അവയിൽനിന്നും കൽക്കട്ട ആസ്ഥാനമായുള്ള M/s. Damodar Ropeway and Infra Ltd.-നെ ശബരിമല മാസ്റ്റർപ്ലാൻ ഹൈ പവർ കമ്മിറ്റി തെരഞ്ഞെടുക്കുകയും അവരുമായി 28-04-2015-ൽ കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. റവന്യൂ ഷെയർ അടിസ്ഥാനത്തിലാണ് കരാർ. കരാർപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആദ്യ അഞ്ചുവർഷം പ്രതിവർഷം 12 ലക്ഷം രൂപ നൽകണം. അതിനുശേഷം ഓരോ രണ്ടു വർഷം കൂടുമ്പോഴും അഞ്ച് ശതമാനം വർദ്ധന നൽകണമെന്നാണ് വ്യവസ്ഥ. ആയതിനാൽ റോപ് വേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിനോ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്കോ തിരുവിതാംകൂർ ദേവസ്വം ബോർഡിനോ ഒരു ചെലവും വഹിക്കേണ്ടി വരുന്നില്ല. എഗ്രിമെന്റ് വ്യവസ്ഥപ്രകാരം M/s. Eighteenth Step Damodar Car Ltd. എന്ന പേരിൽ ഒരു കൺസോർഷ്യം

രൂപീകരിച്ച് നിർമ്മാണപ്രവർത്തനങ്ങളുടെ ആദ്യ നടപടികൾ ആരംഭിച്ചു. പ്രസ്തുത കമ്പനി 2019-ൽ (Environmental and Impact Assessment Study) ന്യൂഡൽഹി ആസ്ഥാനമായ M/s. Perfect Enviro Solutions Pvt. Ltd. എന്ന സ്ഥാപനം മുഖേന പാരിസ്ഥിതിക പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠന റിപ്പോർട്ടുപ്രകാരം ടവർ ഉയരം 24 മുതൽ 37 മീറ്ററും പമ്പ (Hilltop) Lower Terminal Point (LTP)-ൽനിന്ന് സന്നിധാനം Upper Terminal Point വരെയുള്ള വായു ദൂരം (Areial Distance) 2.7 കിലോമീറ്ററുമായിരുന്നു. എന്നാൽ പിന്നീട് നടന്ന കൂടുതൽ പഠനങ്ങൾക്കുശേഷം ടവറുകളുടെ എണ്ണം 7-ൽനിന്നും 5 ആയി കുറയ്ക്കുകയും ഉയരം 30 മുതൽ 60 മീറ്ററായി ഉയർത്തുകയും ടവർ ബേസ് 10 മീറ്റർ x 10 മീറ്റർ ആയി മാറ്റുകയുംചെയ്തു. ഇത് കൂടുതൽ മരങ്ങൾ മുറിക്കുന്നത് ഒഴിവാക്കാൻ സഹായകരമായിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ സന്നിധാനം Upper Terminal Point (UTP)-ൽ വേണമെന്നുള്ള കമ്പനിയുടെ ആവശ്യം പരിഗണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് കൂടുതലായി 1400 ചതുരശ്ര മീറ്റർ സ്ഥലം പദ്ധതിക്കായി വിട്ടുനൽകുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് പ്രസ്തുത കമ്പനി ഫീൽഡിൽ അലൈൻമെന്റ് മാർക്ക് ചെയ്തിട്ടുണ്ട്. റോപ് വേ

പദ്ധതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് വനം-വന്യജീവി വകുപ്പിന്റെ അഭിപ്രായം അറിയുന്നതിനായി നിലവിൽ പെന്റിംഗിലാണ്. പെന്റിംഗ് കഴിഞ്ഞാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കും.

(സി) 2023-24 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർ പ്ലാനിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-06-2023-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടൻസി സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ M/s Space Art എന്ന സ്ഥാപനം താല്പര്യം അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ശബരിമല വികസനത്തിന് ഹൈ പവർ കമ്മിറ്റിയെ നിയോഗിക്കുകയും ആ ഹൈ പവർ കമ്മിറ്റിയുടെ മേൽനോട്ടം നടക്കുകയും ചെയ്യുന്നുണ്ട്. ഈ ഹൈ പവർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണോ; അതല്ലെങ്കിൽ അത് മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടിയാണ് ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. പക്ഷേ, അതിന്റെ പ്രവർത്തനങ്ങൾ വേണ്ടത്ര മുന്നോട്ടുപോകുന്നില്ലെന്ന് മനസ്സിലാക്കിയിട്ടുണ്ട്. തീർച്ചയായും ഹൈ പവർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടത്തിയിട്ടുണ്ട്. നിലവിലെ ഹൈ പവർ കമ്മിറ്റിയുടെ ചെയർമാൻ ഒരു റിട്ട. ജഡ്ജാണ്. ഇക്കാര്യം സംബന്ധിച്ച് അവരുമായി കൂടുതൽ ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, ഇതരസംസ്ഥാനങ്ങളിൽനിന്ന് ധാരാളം ഭക്തജനങ്ങൾ, തീർത്ഥാടകർ ശബരിമലയിലേയ്ക്ക് വരുന്നുണ്ട്. അവർക്കാവശ്യമായ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശബരിമലയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വ്യത്യസ്തങ്ങളായ നിരവധി വികസനപ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സെൻട്രൽ റിസർവ്വ് ഫോറസ്റ്റും ടൈഗർ റിസർവ്വ് ഫോറസ്റ്റും ആയതിനാലാണ് ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കേണ്ടതായി വരുന്നത്. പ്രസ്തുത സ്ഥലങ്ങളിൽ ഭൂമി ലഭിക്കുന്നതിന് വലിയ രീതിയിലുള്ള തടസ്സങ്ങളുണ്ടാകുന്നുണ്ട്. ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഇത്തവണ അനിയന്ത്രിതമായ ഭക്തജനപ്രവാഹം ശബരിമലയിൽ ഉണ്ടായിട്ടും അവർക്കെല്ലാം സുരക്ഷിതമായ തീർത്ഥാടനകാലം ഒരുക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെയും

അങ്ങയുടെയും വകുപ്പിന്റെയുമെല്ലാം ഊർജ്ജസ്വലമായ ഇടപെടൽകൊണ്ടാണ്. അതിന് അങ്ങയുടെ വകുപ്പിനെ ഞാൻ അഭിനന്ദിക്കുകയാണ്. ശബരിമലയെ തകർക്കാൻവേണ്ടി പല വ്യാജ പ്രചാരണങ്ങളും വീഡിയോകളുമെല്ലാം നമ്മുടെ സമൂഹത്തിൽ പ്രചരിക്കുന്നതായി കണ്ടുവരുന്നു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വ്യാജ പ്രചരണങ്ങൾ ശബരിമലയെ നശിപ്പിക്കാൻവേണ്ടിയാണ് സൃഷ്ടിക്കുന്നത്; ഇതിനെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഈ വർഷം അഭൂതപൂർവ്വമായ ഭക്തജന തിരക്കാണ് ശബരിമലയിലുണ്ടായത്. മണ്ഡല മകരവിളക്ക് സീസണലിൽ 52 ലക്ഷത്തിലധികം ഭക്തർ ശബരിമലയിൽ എത്തിയെന്നതാണ് ഏകദേശ കണക്ക്. ചില സന്ദർഭങ്ങളിൽ ഈ വർഷം തിരക്ക് വർദ്ധിച്ചുവന്നിരുന്നു. തിരക്ക് നിയന്ത്രണ വിധേയമാക്കാനുള്ള പരിശ്രമം നടത്തുമ്പോഴും ഭക്തരുടെ തിരക്ക് വർദ്ധിക്കുകയാണുണ്ടായത്. അതിന്റെ ഭാഗമായി ചില ദിവസങ്ങളിൽ ചില പ്രശ്നങ്ങളുമുണ്ടായി. പക്ഷേ അതുപയോഗിച്ച് ശബരിമലയെ

തകർക്കാനുള്ള പ്രവർത്തനം നടന്നിട്ടുണ്ടോയെന്ന് സംശയിക്കത്തക്ക രീതിയിലാണ് വ്യാജപ്രചരണങ്ങൾ നടന്നത്. സംഭവിക്കാത്ത കാര്യങ്ങൾ സംഭവിച്ചുവെന്ന് വരുത്തിത്തീർക്കാനുള്ള വ്യാജ വാർത്തകളാണ് പുറത്തുവന്നത്. അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ്, ശബരിമല സന്നിധാനത്തുവച്ച് ഭക്തരെ തല്ലിച്ചതയ്ക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വീഡിയോ പ്രചരിപ്പിച്ചത്. അത് രാജ്യവ്യാപകമായി പ്രചരിപ്പിക്കുന്നൊരു സ്ഥിതിയുണ്ടായി. യഥാർത്ഥത്തിൽ ആന്ധ്രാപ്രദേശിലോ തെലുങ്കാനയിലോ വച്ചാണ് ആ ഭക്തനെന്നു പറയുന്ന ആളെ തല്ലുന്നത്. ശരണം വിളിയുമായി കൂട്ടിയോജിപ്പിച്ചാണ് ആ വ്യാജ വാർത്ത പുറത്തുവിട്ടത്. അത് ഭക്തരിൽ വലിയ രീതിയിലുള്ള ആശങ്കയുണ്ടാക്കി. അതുപോലെതന്നെ ഒരു കുഞ്ഞിന്റെ മരണം, ഇവയൊക്കെ തീർത്ഥാടകരിൽ വലിയ ആശങ്കയുണ്ടാക്കുന്ന രീതിയിലാണ് പ്രചരിപ്പിച്ചത്. ശബരിമലയിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ എങ്ങനെയൊക്കെ നടത്താൻ കഴിയുമെന്നുള്ള പരീക്ഷണം നടത്തുന്ന സന്ദർഭത്തിൽത്തന്നെയാണ് ഇത്തരത്തിലുള്ള വ്യാജ വാർത്തകൾ പുറത്തുവിടാനായി ചില ശക്തികൾ ശ്രമിച്ചത്. അത്തരം

ശക്തികൾക്കെതിരെ സൈബർ സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിശോധനയും കേസെടുക്കലുമൊക്കെ നടത്തിയപ്പോൾ വ്യാജ വാർത്തകൾക്ക് ശമനമുണ്ടാക്കാൻ സാധിച്ചു.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> മണ്ഡല മകരവിളക്ക് സീസണിൽ കുറച്ചു ദിവസങ്ങളിൽ മാത്രമേ പ്രശ്നങ്ങളുണ്ടായിട്ടുള്ളൂ. മകരവിളക്കിന് ഞാനും പോയിട്ടുണ്ട്. ഒരു ദിവസം ഒരു ലക്ഷത്തിലധികം ആളുകളാണ് അവിടെ എത്തിച്ചേരുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ദേവസ്വം ബോർഡും എം.എൽ.എ.-മാരായ ശ്രീ. കെ. യു. ജനീഷ് കുമാറും ശ്രീ. പ്രമോദ് നാരായണനുമൊക്കെ വളരെ കൃത്യമായി ഇടപെട്ടതിന്റെ ഭാഗമായി യാതൊരു പ്രശ്നങ്ങളുമില്ലാതെ കാര്യങ്ങൾ മുന്നോട്ടുപോയിട്ടുണ്ട്. അവിടെ ഏറ്റവും കൂടുതൽ ഭക്തജനങ്ങൾ വരുന്നത് വൈകുന്നേരങ്ങളിലാണ്. പ്രസ്തുത സന്ദർഭത്തിൽ അവർക്ക് അവിടെ ഒരു ദിവസം താമസിക്കേണ്ടതായി വരും. അതിന് കൂടുതൽ ഡോർമെറ്ററികൾ നിർമ്മിക്കാനുള്ള ശ്രമമാണ് നമ്മൾ നടത്തേണ്ടത്. ഒരുപക്ഷേ വകുപ്പുമന്ത്രിതന്നെ പ്രധാനമന്ത്രിയെ നേരിൽക്കണ്ട്

ആവശ്യപ്പെടുകയാണെങ്കിൽ സ്ഥലം വിട്ടുകിട്ടാൻ സാധ്യതയുണ്ട്. അതിനുള്ള ശ്രമം നടത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്, ശബരിമല സന്നിധാനത്ത് താമസ സൗകര്യം വർദ്ധിപ്പിക്കേണ്ടത് അനിവാര്യം തന്നെയാണ്. നിലവിലുള്ള താമസസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തി അത് മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്ര ഗവൺമെന്റുമായും പ്രധാനമന്ത്രിയുമായുമൊക്കെ നിരവധി തവണ ബന്ധപ്പെട്ടിട്ടുണ്ട്. കൂടുതൽ ബന്ധപ്പെട്ടുകൊണ്ട് ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാം. അതിന്റെയടിസ്ഥാനത്തിൽ അവിടത്തെ ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്താം.

ശ്രീ. എം. എസ് അരുൺ കുമാർ: സർ, ശബരിമലയിൽ ഓരോ വർഷവും വൻതോതിൽ ഭക്തജനങ്ങൾ ദർശനത്തിനെത്തുന്നതിനെക്കുറിച്ചും

ഈ വർഷത്തെ ഭക്തജനങ്ങളുടെ വലിയ പങ്കാളിത്തത്തെക്കുറിച്ചുമൊക്കെ ഇവിടെ സൂചിപ്പിച്ചിരുന്നു. ധാരാളം പ്രായമായ അമ്മമാരും കുഞ്ഞുങ്ങളും വയോജനങ്ങളുമൊക്കെ ശബരിമലയിൽ എത്തിച്ചേരുന്ന സാഹചര്യത്തിൽ ഇവർക്കായുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുമോ; എങ്കിൽ വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഈ വർഷം ഇവിടെ എത്തിച്ചേർന്ന ഭക്തരിൽ ഏകദേശം 30 ശതമാനത്തോളവും പ്രായമായ ആളുകളും കുട്ടികളും ഭിന്നശേഷിയുള്ളവരുമാണ്. അവർക്ക് ശബരിമലയിലെ പതിനെട്ടാം പടി കയറുന്നതിന് കുറച്ച് പ്രയാസം നേരിട്ടിട്ടുണ്ടായിരുന്നു. ഭക്തർക്ക് പതിനെട്ടാം പടി കയറുകയെന്നുള്ളത് വളരെയധികം പ്രാധാന്യമുള്ള കാര്യമാണ്. അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പരിമിതിയുണ്ട്. എങ്കിൽപ്പോലും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേകം ക്യൂ സിസ്റ്റം കൊണ്ടുവരികയും അതുവഴി അവർക്ക് കൂടുതൽ സൗകര്യം

ചെയ്തുകൊടുക്കുകയും ചെയ്തു. അവിടെ എത്തിച്ചേരുന്ന മുതിർന്ന പൗരന്മാർക്ക് പ്രത്യേക സൗകര്യം ചെയ്തുകൊടുക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. സുപാൽ: സർ, അസാധാരണമായ ഭക്തജനത്തിരക്കുണ്ടായിട്ടും ഗവൺമെന്റ് മികച്ച രീതിയിലാണ് ശബരിമലയിൽ തീർത്ഥാടന സൗകര്യമൊരുക്കിയത്. അതിന് ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ ഈ അവസരത്തിൽ അനുമോദിക്കുകയാണ്. എന്റെ ചോദ്യം ഇടത്താവളവുമായി ബന്ധപ്പെട്ടാണ്. ശബരിമലയുമായി ബന്ധപ്പെട്ട് ഐതീഹ്യപരമായി ഏറ്റവും അടുത്ത് നിൽക്കുന്നവയാണ് കുളത്തുപ്പുഴ, അച്ചൻകോവിൽ, ആര്യങ്കാവ് എന്നീ ക്ഷേത്രങ്ങൾ. ഇവ സ്ഥിതിചെയ്യുന്നത് പുനലൂർ താലൂക്കിലാണ്. തമിഴ്നാട്ടിലെ ധാരാളം തീർത്ഥാടകർ പുനലൂർ വഴി ശബരിമലയിലേയ്ക്ക് പോകുന്നുണ്ട്. അവിടെ ഒരു ഇടത്താവളം അത്യാവശ്യമാണ്. അവിടെ ബഹുമാനപ്പെട്ട മന്ത്രി വരികയും അതിനുവേണ്ട സംവിധാനങ്ങൾ ഒരുക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ഇടത്താവളം പ്രഖ്യാപിക്കുകയും ചെയ്തു. അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയെങ്കിൽ മാത്രമേ നമുക്ക് അത്

തീർത്ഥാടകർക്കായി പ്രയോജനപ്പെടുത്താൻ കഴിയൂ. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുൻകൈയെടുക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം പി. എസ്. സുപാൽ സൂചിപ്പിച്ചത് ശരിയാണ്. ഏറ്റവും കൂടുതൽ ഭക്തർ വരുന്ന പ്രദേശമാണ് പുനലൂർ. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്നുള്ളത് യഥാർത്ഥ്യമാണ്. ഇപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി തെരഞ്ഞെടുത്തിരിക്കുന്ന ഇടത്താവളങ്ങൾ ആറെണ്ണമാണ്. എല്ലാ സ്ഥലത്തും ഇടത്താവളങ്ങൾ നിർമ്മിച്ചില്ലെങ്കിൽപോലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: ഈ വർഷത്തെ തീർത്ഥാടനം വളരെയേറെ ദുരിതപൂർണ്ണമായിരുന്നുവെന്നതും നവകേരള സദസ്സിൽനിന്നുപോലും ഇറങ്ങിവന്ന് അങ്ങേയ്ക്ക് നേരിട്ട് ശബരിമലയിലെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടി വന്നുവെന്നതും സത്യമാണ്. ചരിത്രത്തിൽ ആദ്യമായി ശബരിമലയിലേയ്ക്ക് പോകുന്നതിനായി മാലയിട്ട അയ്യപ്പഭക്തന്മാർക്ക് പന്തളം ശ്രീധർമ്മശാസ്താ

ക്ഷേത്രത്തിനുമുമ്പിൽ വന്ന് മാലയൂരേണ്ടിവന്ന അവസ്ഥ ഈ വർഷമുണ്ടായി. ശബരിമലയിൽ പോലീസ് അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. മകരവിളക്ക് ദിവസവും അതിന്റെ തലേദിവസവും വെർച്വൽ ക്യൂ നാൽപ്പതിനായിരമായി പരിമിതപ്പെടുത്തി. എന്നാൽ അതിന് തൊട്ടടുത്ത ദിവസം അത് എഴുപത് മുതൽ എൺപതിനായിരം വരെയായി മാറ്റിയിരുന്നു. എൺപതിനായിരം ആളുകൾ വന്നാൽപോലും സുഗമമായി തീർത്ഥാടനം നടത്താൻ സാധിക്കുമായിരുന്നിട്ടും പോലീസ് നടപ്പാക്കിയ അനാവശ്യ നിയന്ത്രണങ്ങൾ ഭക്തജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കിയെന്നുള്ളത് യാഥാർത്ഥ്യമല്ലേ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, അങ്ങയുടെ ചോദ്യത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ച തരത്തിൽ യഥാർത്ഥ ഭക്തരിൽ ഒരാൾപോലും പന്തളത്തുനിന്നും മാല ഊരുകയോ തേങ്ങയുടയ്ക്കുകയോ ചെയ്ത് തിരിച്ചുപോയിട്ടില്ല, അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് കപട ഭക്തർ മാത്രമാണ്. സന്നിധാനത്ത് എത്തിച്ചേരുന്ന എൺപതിനായിരം ഭക്തർക്കുവരെ ഒരു പ്രശ്നവുമില്ലാതെ ദർശനം നടത്താം. എന്നാൽ ഏകദേശം

ഒരു ലക്ഷത്തി ഇരുപത്തയ്യായിരം ഭക്തജനങ്ങൾ ഒരു ദിവസം അവിടെ എത്തിച്ചേരുന്നുണ്ട്. എങ്ങനെ ശ്രമിച്ചാലും എൺപതിനായിരം പേർക്കുമാത്രമേ പതിനെട്ടാംപടി കയറാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് നിലവിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ശബരിമല തന്ത്രിയോടും മേൽശാന്തിയോടും ചർച്ചചെയ്ത് ദർശന സമയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. പുലർച്ചെ 3.00 മണി മുതൽ ഉച്ചയ്ക്കുശേഷം 1.00 മണി വരെയും വൈകിട്ട് 4.00 മണി മുതൽ രാത്രി 11.00 മണി വരെയുമായിരുന്നു പൂജാസമയം. പൂജാസമയം 11 മണി വരെയായിട്ടും ഭക്തർക്ക് ദർശനം നടത്താൻ കഴിയുന്നില്ല. അതുകൊണ്ടാണ് രാവിലത്തെ ദർശന സമയം ഉച്ചയ്ക്ക് ശേഷം 1.30 വരെയും വൈകുന്നേരത്തെ ദർശന സമയം 3.00 മണി മുതൽ രാത്രി 11.30 വരെയും ദീർഘിപ്പിക്കാൻ തീരുമാനിച്ചത്. അത്തരത്തിൽ രണ്ട് മണിക്കൂർ കൂടുതൽ എടുത്തുകൊണ്ടാണ് അധികമായി വന്നുചേരുന്ന ഭക്തരെ പതിനെട്ടാംപടി കയറ്റാൻ തീരുമാനിച്ചത്. ഇരുമുടിക്കെട്ടുമായി സന്നിധാനത്ത് എത്തിയശേഷം തിരിച്ചുപോന്ന രണ്ടോമൂന്നോ ആളുകളെ കാണിച്ച് അനാവശ്യമായ പ്രചരണം നടത്തുകയാണ് ഇവിടെ ചെയ്യുന്നത്.

വർഷങ്ങളായി പതിനായിരക്കണക്കിന് ഭക്തർ രണ്ടുംമൂന്നും ദിവസം ശബരിമലയിൽ തങ്ങി ദർശനം നടത്തിയശേഷം ഒരു കുഴപ്പവുമില്ലാതെ തിരിച്ചുപോകാറുള്ളപ്പോൾ രണ്ടോമൂന്നോ ആളുകൾക്കുണ്ടാകുന്ന അസൗകര്യമാണോ എടുത്തുകാണിക്കേണ്ടത്? ഇപ്പോൾ ബോധപൂർവ്വം കുഴപ്പമുണ്ടാക്കാനുള്ള ശ്രമം അവിടെ നടന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ പോലീസ് നല്ലരീതിയിൽ ഇടപെട്ടിട്ടുണ്ട്, അതുകൊണ്ടാണ് ആദ്യം നമ്മൾ നിശ്ചയിച്ച 90000 പേരിൽ നിന്ന് 80000 പേരായി വെർച്വൽ ക്യൂ ചുരുക്കിയത്. വെർച്വൽ ക്യൂ സമയത്തുതന്നെ സ്പോട്ട് രജിസ്ട്രേഷൻ സൗകര്യവും ഏർപ്പെടുത്തിയിരുന്നു. സ്പോട്ട് രജിസ്ട്രേഷൻ ഇല്ലാതെതന്നെ പല വഴികളിലൂടെയും ഭക്തർ ശബരിമലയിലേയ്ക്ക് എത്തിച്ചേരുന്ന സ്ഥിതിയുണ്ടാവുകയും നിയന്ത്രണവിധേയമല്ലാത്ത രീതിയിലേയ്ക്ക് തിരക്ക് വർദ്ധിക്കുകയും ചെയ്തപ്പോൾ പോലീസിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ആ രീതിയിൽ ഇടപെട്ടില്ലായിരുന്നെങ്കിൽ സംഭവിക്കുമായിരുന്ന പ്രയാസം മറ്റൊന്നാകുമായിരുന്നു. നമ്മുടെ മുമ്പിൽ പുല്ലുമേട്, പമ്പ ദുരന്തങ്ങളുടെ

അനുഭവങ്ങളുണ്ട്. അത്തരത്തിലുള്ള അനുഭവം ആവർത്തിക്കാതിരിക്കാനായി പോലീസിന്റെ ഭാഗത്തുനിന്നും കുറച്ചധികം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്, ആ നിലപാട് ശരിയായിരുന്നുവെന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. പ്രമോദ് നാരായൺ: സർ, ശരിമല തീർത്ഥാടനം സുഗമവും സുരക്ഷിതവുമാക്കാനായി നവകേരള സദസ്സിൽനിന്ന് മാത്രമല്ല അതിനുമുമ്പും അതിനുശേഷവും നിരവധി തവണ ശബരിമലയിൽ എത്തിച്ചേർന്ന ദേവസ്വം വകുപ്പുമന്ത്രിയെ ആദരവോടെ ശബരിമല സ്ഥിതിചെയ്യുന്ന മണ്ഡലത്തിലെ എം.എൽ.എ. എന്ന നിലയിൽ അഭിനന്ദിക്കുകയാണ്. പാർക്കിംഗിന്റെ കാര്യത്തിലുൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ നിലയ്ക്കലിൽ ഏർപ്പെടുത്തിക്കൊണ്ട് ഭക്തർക്ക് കൂടുതൽ സൗകര്യപ്രദമായി തീർത്ഥാടനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിലയ്ക്കലിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ ഇടപെടലുകൾ ഈ സീസണിൽത്തന്നെ ഉണ്ടായിട്ടുണ്ട്. ഇടത്താവള നിർമ്മാണം ഏകദേശം പകുതിയായിക്കഴിഞ്ഞു,

അത് പൂർണ്ണമാകുന്നതോടുകൂടി നിലയ്ക്കലിലെ സംവിധാനം കുറെക്കൂടി മെച്ചപ്പെടുത്താൻ സാധിക്കും. നേരത്തെ 6000 വാഹനങ്ങളാണ് പാർക്ക് ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ 8000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാൻ സാധിക്കുന്ന തരത്തിൽ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ഇത് കുറെക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. നിലയ്ക്കലിലെ ബേസ് ക്യാമ്പ് കുറെക്കൂടി മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തുന്നതാണ്.

**ശബരിമല വികസന പദ്ധതികൾ**

2(*62) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി ഉന്നതാധികാര സമിതി ശിപാർശ ചെയ്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ശബരിമല വികസന പദ്ധതികൾക്കുള്ള തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച പദ്ധതിരേഖ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,**

(എ) അമ്പത് വർഷം ശബരിമലയിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് തയ്യാറാക്കി നടപ്പാക്കിവരുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. അതിൽനിന്നും ഓരോ വർഷവും നടപ്പാക്കേണ്ട വിവിധ വികസന പദ്ധതികൾക്ക് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയാണ് ചെയ്തുവരുന്നത്.

ശബരിമല വികസനത്തിനായി ഉന്നതാധികാര സമിതി ശിപാർശ ചെയ്ത് പൂർത്തീകരിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിക്കുവേണ്ടി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന ഫണ്ടാണ് പ്രധാനമായും ശബരിമല വികസന പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നത്. കൂടാതെ സ്വദേശ് ദർശൻ പദ്ധതിയിലുൾപ്പെടുത്തി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് ലഭിച്ച കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(സി) അൻപത് വർഷം ശബരിമലയിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് തയ്യാറാക്കി നടപ്പാക്കിവരുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. അതിൽനിന്നും ഓരോ വർഷവും നടപ്പാക്കേണ്ട വിവിധ വികസന പദ്ധതികൾക്ക് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുകയും അത് സർക്കാർ ബജറ്റിൽ ചേർത്ത് ഫണ്ട് അനുവദിച്ച് വരികയുമാണ് ചെയ്തുവരുന്നത്.

+ ആനുബന്ധം - I ആയി ചേർത്തിരിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ശബരിമല വികസനത്തിനായി ഉന്നതാധികാര സമിതി ശിപാർശ ചെയ്ത പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

2023-24 വർഷം കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനുവദിക്കുന്ന ഫണ്ട് ശരിയായ വിധത്തിൽ ചെലവഴിക്കാൻ കഴിയുന്നില്ലെന്ന പരിമിതിയുണ്ട്. ഹൈപവർ കമ്മിറ്റിക്ക് അനുവദിക്കുന്ന പണം മിക്കവാറും എല്ലാവർഷവും സറണ്ടർ ചെയ്യുന്ന സ്ഥിതിയാണുള്ളത്, അത് മാറ്റിയെടുക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, രാജ്യത്തെതന്നെ ഏറ്റവും കൂടുതൽ തീർത്ഥാടകർ എത്തിച്ചേരുന്ന ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ശബരിമലയിൽ വർദ്ധിച്ചുവരുന്ന തീർത്ഥാടകരുടെ എണ്ണത്തിനനുസരിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നും പമ്പാ ഗണപതി ക്ഷേത്രം മുതൽ മലമുകൾവരെയുള്ള സുരക്ഷാ പാലത്തിന്റെ

\+ അനുബന്ധം -I ആയി ചേർത്തിരിക്കുന്നു.

നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ശബരിമലയിൽ എത്തിച്ചേരുന്ന ഭക്തർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്, അതിനനുസരിച്ചുള്ള വികസനപ്രവർത്തനങ്ങളാണ് അവിടെ നടത്തുന്നത്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ വികസനപ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകുന്നതിന് വിവിധങ്ങളായ തടസ്സങ്ങൾ നേരിടുന്നുണ്ട്. അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ശബരിമല റെസ്ക്യൂ ബ്രിഡ്ജിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ഒട്ടേറെ തടസ്സങ്ങളുണ്ട്. അക്കാര്യം നേരത്തെയും ചർച്ച ചെയ്തിട്ടുള്ളതാണ്, അടുത്തകാലത്ത് വീണ്ടും ഇതുസംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടുണ്ട്. ബ്രിഡ്ജ്, റോപ്പ്‌വേ തുടങ്ങിയ സൗകര്യങ്ങൾ വന്നുകഴിഞ്ഞാൽ ഭക്തർക്ക് കുറെക്കൂടി സൗകര്യം ലഭിക്കും. അതുപോലെതന്നെ അവിടെ വരുന്ന ഭക്തർക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതുണ്ട്. പ്രധാനമായും ഭക്തർക്ക്

വിരിവയ്ക്കുന്നതിനും ഭക്ഷണത്തിനും കുളിക്കുന്നതിനും ടോയ്ലെറ്റിനും ആവശ്യമായ സൗകര്യങ്ങളാണ് ഒരുക്കേണ്ടത്. പരമാവധി സൗകര്യങ്ങൾ ഒരുക്കിനൽകുന്നുണ്ട്. നമ്മൾ പ്രതീക്ഷിക്കുന്നതിനേക്കാൾ കൂടുതൽ ആളുകൾ എത്തിച്ചേരുന്നതുകൊണ്ടുണ്ടാകുന്ന ചെറിയ പ്രയാസങ്ങളുണ്ട്, അതും തരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്. ഈ വർഷത്തെ സീസൺ കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ സീസൺ തീർന്നയുടനെതന്നെ ശബരിമല വികസനവുമായി ബന്ധപ്പെട്ട ഒരു യോഗം ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർത്തിരുന്നു, ഈ വർഷവും യോഗം അടിയന്തരമായി വിളിച്ചുചേർത്ത് അടുത്ത സീസണിൽ ചെയ്യാനുള്ള കാര്യങ്ങൾ മുൻകൂട്ടിത്തന്നെ തീരുമാനിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, നിലയ്ക്കൽ കോർ ഏരിയയുടെ വികസനം, അന്നദാന മണ്ഡപം, കാൽനടപ്പാത, പാർക്കിംഗ് സൗകര്യം തുടങ്ങിയവയ്ക്കായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിലയ്ക്കലിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനായി നിലയ്ക്കൽ ഇടത്താവള നിർമ്മാണം നല്ല രീതിയിൽ നടന്നുവരുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞിരുന്നു. പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടിയുൾപ്പെടെ ഭക്തർക്കാവശ്യമായ നിരവധി ഭൗതിക സാഹചര്യങ്ങൾ അവിടെ ഒരുക്കിയിട്ടുണ്ട്. ഈ വർഷത്തെ പരിമിതികൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി അടുത്ത വർഷം കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ലോകപ്രസിദ്ധമായ ശബരിമലയെ സംബന്ധിച്ചാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. മണ്ഡല മകരവിളക്ക് സമയത്ത് ശബരിമലയ്ക്ക് എതിരായിട്ടുള്ള വാർത്തകൾ വ്യാപകമായി നവമാധ്യമങ്ങളിലൂടെ ഇടുകയാണ്. 'നിങ്ങൾ തിരിച്ചുപോകു, കാണിക്ക ഇടരുത് ' ഇങ്ങനെ തുടങ്ങി ഏറ്റവും മോശപ്പെട്ട പ്രചാരണം നടത്തുന്ന ആളുകളെ തിരിച്ചറിഞ്ഞിട്ടുണ്ടോ; അവർക്കുവേണ്ടി എന്തെങ്കിലും നിയമപരമായ നടപടി സ്വീകരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ? കൂടാതെ

ശബരിമലയുടേതിൽനിന്നും വ്യത്യസ്തമായി ദേവസ്വത്തിന്റെ കീഴിലുള്ള നൂറുകണക്കിന് ക്ഷേത്രങ്ങൾക്ക് നിത്യനിദാന ചെലവുകൾക്കുപോലും നിവൃത്തിയില്ലാത്ത സാഹചര്യമുണ്ട്. അവയുടെ പുനരുദ്ധാരണത്തിനും അവയെ സഹായിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

(ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ വ്യാജവാർത്തകൾ ചില കോണുകളിൽനിന്നും പ്രത്യേകമായി കൊടുത്തിട്ടുണ്ടെന്നുള്ളത് നമ്മൾ കണ്ടതാണ്. അനാവശ്യമായ പ്രക്ഷോഭമാണ് എരുമേലിയിലെ ചില സ്ഥലത്തൊക്കെ നടന്നത്. വെള്ളവും ഭക്ഷണവും ടോയ്‌ലെറ്റും വേണമെന്ന് പറഞ്ഞ് എരുമേലി സെൻട്രലിൽ സമരം ചെയ്ത ആളുകൾ 'ഡൗൺ ഡൗൺ കേരള സി.എം.' എന്ന മുദ്രാവാക്യമാണ് വിളിച്ചത്. അതിന്റെ ലക്ഷ്യം എന്താണെന്ന് നമുക്ക് ഏകദേശം മനസ്സിലാകും. അത്തരം സമരങ്ങളെ കണ്ടെത്താനുള്ള നല്ല നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് നവമാധ്യമങ്ങൾ പിന്നീട് കള്ളപ്രചാരവേലകൾ സംഘടിപ്പിക്കാതിരുന്നത്. ഇവിടെ മറ്റ് ക്ഷേത്രങ്ങളുടെ സ്ഥിതിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും മറ്റ്

ക്ഷേത്രങ്ങളെ സ്വയംപര്യാപ്തതയിലെത്തിക്കാനുള്ള ഇടപെടൽ നല്ലതുപോലെ നടന്നുവരുന്നുണ്ട്. ഓരോ ക്ഷേത്രത്തെയും സ്വയംപര്യാപ്തതയിലെത്തിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ദേവസ്വം ബോർഡ് കൈകാര്യം ചെയ്യുന്ന ശബരിമല ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളുടെ വരവുകൾ സർക്കാർ എടുക്കുന്നുവെന്നുള്ള പ്രചാരണം വ്യാപകമായി ചില പിന്തിരിപ്പൻ അമ്പലപ്രേമികളായ സംഘടനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷേ മുടങ്ങിക്കിടന്ന മാസ്റ്റർ പ്ലാൻ നടപടികൾ ത്വരിതപ്പെടുത്തുന്നതും അഭ്രുതപൂർവ്വമായിട്ടുള്ള തീർത്ഥാടന തിരക്ക് നിയന്ത്രിക്കാനാവശ്യമായ നിരവധി കരുതലുകളും നടപടികളും സ്വീകരിക്കുന്നതുമുൾപ്പെടെ വളരെ ശ്ലാഘനീയമായ പ്രവർത്തനമാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. ഈ മണ്ഡലക്കാലത്ത് ശബരിമലയിൽനിന്നും ലഭിച്ച വരുമാനം എത്രയാണെന്നും ഈ വർഷം സംസ്ഥാന ഗവൺമെന്റ് ശബരിമലയ്ക്കുവേണ്ടി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ശബരിമലയിലെ വരുമാനം എത്ര തുകയാണ് എത്തിയിരിക്കുന്നതെന്നതിന്റെ കണക്ക് കൃത്യമായി ഇപ്പോൾ പറയാൻ സാധിക്കില്ല. നടവരവ് കുറച്ചുകൂടി കൗണ്ട് ചെയ്തതിനുശേഷമേ ഫൈനലായി പറയാൻ സാധിക്കുകയുള്ളൂ. തീർച്ചയായും വരുമാനം വർദ്ധിച്ചിട്ടുണ്ട്. വരുമാനം വർദ്ധിക്കുന്നുണ്ടോ ഇല്ലയോ എന്നത് പരിശോധിച്ചിട്ടല്ല ഗവൺമെന്റ് ശബരിമലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ഏകദേശം 30 കോടി രൂപയാണ് ശബരിമലയുടെ വികസനത്തിന് ബഡ്ജറ്റിൽ ഈ സാമ്പത്തികവർഷം മാറ്റിവച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ വിവിധ ഡിപ്പാർട്ടുമെന്റുകൾ - ഉദാഹരണത്തിന് പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി, ഹെൽത്ത്, റവന്യൂ ഡിപ്പാർട്ടുമെന്റടക്കം ചെലവഴിക്കുന്ന തുകയെല്ലാം കണക്കാക്കിയാൽ കോടാനുകോടി രൂപയാണ് അവിടെ നൽകുന്നത്. ബഡ്ജറ്റിൽനിന്നും 30 കോടി രൂപയും മറ്റ് ഡിപ്പാർട്ടുമെന്റുകൾ ചെലവഴിക്കുന്ന കോടാനുകോടി രൂപയുമുണ്ട്. ശബരിമലയിൽ എത്ര വരുമാനമുണ്ടാകുന്നുവെന്ന് പരിഗണിച്ചുകൊണ്ടല്ല അതൊക്കെ

ചെലവാക്കുന്നത്. ശബരിമലയിൽ വരുന്ന ഭക്തർക്ക് സൗകര്യം ചെയ്തുകൊടുക്കണമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഗവൺമെന്റ് ഫണ്ട് ചെലവഴിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കഴിഞ്ഞ മണ്ഡലകാലത്ത് ഏകദേശം 52 ലക്ഷത്തോളം ഭക്തജനങ്ങളാണ് ശബരിമല സന്ദർശിച്ചത്. അവർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കിയ ദേവസ്വം ബോർഡിനെയും സർക്കാരിനെയും ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. 'സ്വദേശ് ദർശൻ' പദ്ധതിയിലുൾപ്പെടുത്തി ശബരിമല വികസനത്തിനായി അനുവദിച്ച തുകയിൽ കേന്ദ്രസർക്കാർ വലിയ രീതിയിൽ കുറവ് വരുത്തിയിട്ടുണ്ട്. അത് നമ്മുടെ പദ്ധതികളെ ബാധിക്കുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ചിലപ്പോൾ താമസം വരുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞു. പദ്ധതികൾ നടപ്പാക്കുന്നതിലെ പ്രധാന തടസ്സം ഭൂമിയുടെ ലഭ്യതയാണ്. വനം വകുപ്പുമന്ത്രിയും ഞാനും ദേവസ്വം ബോർഡും തമ്മിൽ നിരവധി ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡിന് 4.5336 ഹെക്ടർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള സർവ്വേ

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹൈക്കോടതി നിർദ്ദേശവും നമുക്ക് അനുകൂലമായി വന്നിട്ടുണ്ട്. 4.5336 ഹെക്ടർ സ്ഥലംകൂടി ലഭിക്കുകയാണെങ്കിൽ നമുക്ക് അവിടെ കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ സാധിക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ശബരിമലയിൽ പോകുന്ന സ്വാമി അയ്യപ്പന്മാർ പമ്പയിൽവന്ന് കുളികഴിഞ്ഞ് ബലിതർപ്പണവും നടത്തിയതിനുശേഷമാണ് സന്നിധാനത്തേയ്ക്ക് ദർശനത്തിന് പോകുന്നത്. ഈ കഴിഞ്ഞ ദിവസങ്ങളിൽ പമ്പയിലുണ്ടായ തിരക്ക് നമ്മുടെ ശ്രദ്ധയിൽപ്പെട്ടതാണ്. പമ്പയിൽ ദേവസ്വം ബോർഡിന്റെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ടോയ്‌ലെറ്റ് കോംപ്ലക്സ് തുറന്നുപ്രവർത്തിക്കാതെ കിടക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചപ്പോൾ ലേലം നടന്നിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ടോയ്‌ലെറ്റ് കോംപ്ലക്സ് തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ടോയ്‌ലെറ്റ് കോംപ്ലക്സ് തുറന്നുപ്രവർത്തിച്ചിരുന്നില്ല. ഞാൻ അവിടെ പോയ സമയത്ത് അതിന്റെ ലേലം നടന്നിട്ടില്ലെന്നറിയാൻ സാധിച്ചു. അതുകൊണ്ട് ദേവസ്വം ബോർഡുതന്നെ അതിന്റെ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ടോയ്‌ലെറ്റ് കോംപ്ലക്സ് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഇപ്രാവശ്യം തിരക്ക് കൂടുതലാണെങ്കിലും അത് അത്രമാത്രം ഭക്തർക്ക് അനുഭവപ്പെട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ഇപ്രാവശ്യവും ഞാൻ രണ്ട് പ്രാവശ്യം ശബരിമലയിൽ പോയി. ഞാൻ ഇരുമുടിക്കെട്ടുമേന്തി സ്വാമിയായി ഒരിക്കൽ പോയി. രണ്ടാമത് ഞാനും ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്ററും ശ്രീ. ജോബ് മൈക്കിളും അടങ്ങിയ നിയമസഭാ സമിതി വയോജനങ്ങളുടെ സൗകര്യങ്ങൾ പരിശോധിക്കാനായി പമ്പയിലും ശബരിമലയിലും സിറ്റിംഗ് നടത്തി. വയോജനങ്ങൾക്ക് ടോയ്‌ലെറ്റും വിശ്രമിക്കാനുള്ള സൗകര്യങ്ങളും കുറവാണെന്നാണ്

അതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. പ്രസ്തുത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. അതോടൊപ്പം പമ്പയിൽ എത്തിച്ചേരുന്ന പ്രൈവറ്റ് വാഹനങ്ങളെ നിലയ്ക്കലിൽനിന്നും മുകളിലേയ്ക്ക് വിടുന്നില്ല. ബസ് പാർക്ക് ചെയ്യാൻ മുമ്പ് ഹിൽ ടോപ്പിൽ സൗകര്യമുണ്ടായിരുന്നു. അതുകൂടി ഒരുക്കിക്കഴിഞ്ഞാൽ ഭക്തർക്ക് എല്ലാ സൗകര്യങ്ങളുമുണ്ടാകും. 1976-ൽ ഞാൻ ശബരിമലയ്ക്ക് പോയപ്പോൾ രാവിലെ 7.00 മണിക്ക് പമ്പയിൽ എത്തിച്ചേർന്ന് പിറ്റേദിവസം 9.00 മണിക്കാണ് പതിനെട്ടാംപടി കയറാൻ സാധിച്ചത്. അഭൂതപൂർവ്വമായ തിരക്കായിരുന്നെങ്കിലും അതുപോലെയുള്ള തിരക്ക് ഇപ്പോൾ അനുഭവപ്പെട്ടില്ല. ദേവസ്വം ബോർഡും ബഹുമാനപ്പെട്ട മന്ത്രിയുമൊക്കെ അവിടം സന്ദർശിച്ച് കാര്യങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്തതിന് എല്ലാ അർത്ഥത്തിലും നല്ല രീതിയിലുള്ള അഭിനന്ദനങ്ങൾ നേരുന്നു.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, വയോജനങ്ങൾക്ക് കൂടുതൽ സൗകര്യമൊരുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. ഈ വർഷം 103 വയസ്സായ നാലോളം ഭക്തർ അവിടെ എത്തിയിരുന്നു.

അതുകൊണ്ടാണ് വയോജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക ക്യൂ സിസ്റ്റം കൊണ്ടുവന്നത്. അവർക്കാവശ്യമായ മറ്റ് സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്ന് ഇവിടെ പറഞ്ഞു. അവിടെ ക്യൂ കോംപ്ലക്സ് പണിതിട്ടുണ്ടെങ്കിലും നമ്മൾ ഉദ്ദേശിച്ചതുപോലെ അത് നല്ല രീതിയിൽ നടക്കുന്നില്ല. ആ ക്യൂ കോംപ്ലക്സുകളിൽ പ്രായമായ ആളുകൾക്കും കുട്ടികൾക്കും വിശ്രമിക്കാനും മറ്റുമുള്ള ഭൗതിക സാഹചര്യം ഏർപ്പെടുത്താം. ഭക്തർ ഗ്രൂപ്പായി വരുന്നതുകൊണ്ട് വയസ്സായവരെയും കുട്ടികളെയും സെപ്പറേറ്റ് ചെയ്യാനുള്ള പ്രയാസമുണ്ട്. ഒറ്റയ്ക്ക് വരികയാണെങ്കിൽ അവരെ സൗകര്യപ്രദമായ സ്ഥലത്തേയ്ക്ക് മാറ്റാം. ഗ്രൂപ്പായി വരുമ്പോൾ ഗ്രൂപ്പിന്റെ കൂടെ അവർക്കുപോകേണ്ടി വരുന്നുവെന്നുള്ളത് പ്രയാസം നേരിടുന്ന ഒരു കാര്യമാണ്. അതുകൂടി പരിഹരിക്കാനുള്ള ഇടപെടൽ നടത്താം.

ശ്രീ. ഇ. കെ. വിജയൻ: സർ, സന്നിധാനത്ത് ഹൃദ്രോഗ സാധ്യത വളരെക്കൂടുതലായി വരികയാണ്. വലിയതോതിൽ ആളുകൾ മരിക്കുകയും ചെയ്യുന്നുണ്ട്. വൻതോതിൽ ഭക്തജനങ്ങൾ വരുന്ന സാഹചര്യത്തിൽ മല കയറുന്നവർക്ക് എന്തെങ്കിലും ശാരീരിക അസ്വസ്ഥതകൾ

ഉണ്ടാകുകയാണെങ്കിൽ അത് കൈകാര്യം ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ആശുപത്രികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൂടാതെ ഇടത്താവളങ്ങളിലും നല്ലതുപോലെ മെഡിക്കൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. കോവിഡിനുശേഷം ഭക്തർ കയറ്റം കയറുന്ന സമയത്ത് അവർക്ക് ശ്വാസ തടസ്സം നേരിടുകയും അതുമായി ബന്ധപ്പെട്ട് നിരവധി ആളുകളെ ആശുപത്രിയിൽ എത്തിക്കേണ്ടതായും വന്നിട്ടുണ്ട്. അവിടെ എമർജൻസി മെഡിക്കൽ കെയർ സെന്ററുകൾ ധാരാളമുണ്ട്. ഇത്തവണ ഏകദേശം 27 മെഡിക്കൽ എമർജൻസി സെന്ററുകളാണ് അവിടെ പ്രവർത്തിച്ചത്. അതിൽ ഭൂരിപക്ഷവും ഹാർട്ട് സംബന്ധമായ അസുഖവുമായി ബന്ധപ്പെട്ടതായിരുന്നു. അതിന് ആരോഗ്യ വകുപ്പിൽനിന്നും നല്ല രീതിയിലുള്ള ഇടപെടലുണ്ടായിട്ടുണ്ട്. സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ മുൻകാലങ്ങളിൽനിന്നെല്ലാം മെച്ചപ്പെട്ട പ്രവർത്തനമാണ് ആരോഗ്യ

വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. മെഡിക്കൽ ആവശ്യങ്ങൾക്കായി രണ്ട് ആംബുലൻസിനുള്ള അനുമതി മാത്രമാണ് ഹൈക്കോടതി നൽകിയിട്ടുള്ളത്. അതിൽ ഒരു ആംബുലൻസ് രണ്ട് ദിവസം കേടായിക്കിടന്നു. അത് നന്നാക്കണമെങ്കിൽ വളരെ ദൂരെ കൊണ്ടുപോകണം. അപ്പോൾ അഡീഷണലായി ഒരു ആംബുൻലൻസും കൂടി നമുക്ക് ലഭിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഇപ്രാവശ്യം ശ്വാസതടസ്സമുള്ള ഒരു കുഞ്ഞ് മരിക്കുകയുണ്ടായി. ആ കുട്ടി ജന്മനാൽ ഹാർട്ട് പേഷ്യന്റായിരുന്നു. ഒരു കാരണവശാലും അവിടെ കൊണ്ടുപോകാൻ പാടില്ലാത്തതായിരുന്നു. ആറോ ഏഴോ വയസ്സുള്ള ആ കുഞ്ഞ് മരിച്ചുവെന്നത് യാഥാർത്ഥ്യമാണ്. പരമാവധി ജീവൻ രക്ഷിക്കാനുള്ള എല്ലാ സൗകര്യങ്ങളും ശബരിമലയിലും സന്നിധാനത്തും ഇടത്താവളങ്ങളിലുമെല്ലാം ഒരുക്കിയിട്ടുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ വർഷത്തെ അനുഭവത്തിൽ, ശബരിമലയിൽ നടപ്പിലാക്കുന്നതിനായി ഉന്നതാധികാര സമിതി ശിപാർശ ചെയ്യുന്ന പദ്ധതിയിൽ, തിരക്ക് കൂടിയ സമയത്ത് ശബരിമലയിലെ വെർച്വൽ ക്യൂവിന്റെ നമ്പർ കുറച്ചു. പക്ഷേ നിലയ്ക്കലും എരുമേലി-കണമല

റോഡിലുമടക്കം വാഹനങ്ങൾ പോലീസ് തടഞ്ഞിടുകയുമുണ്ടായി. മണിക്കൂറുകൾ ആ സ്ഥലങ്ങളിൽ തങ്ങുന്ന സമയത്ത് കുടിവെള്ളത്തിനോ മറ്റ് പ്രാഥമികാവശ്യങ്ങൾക്കോ ഉള്ള സൗകര്യങ്ങളില്ലാതെ ആളുകൾ ബുദ്ധിമുട്ടുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അത് പരിശോധിച്ച് വരും വർഷങ്ങളിൽ, ഇത്തരത്തിൽ വാഹനം പോലീസ് തടയുന്ന സ്ഥലങ്ങളിൽ ആവശ്യമായ സൗകര്യങ്ങളൊരുക്കണം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇവിടേയ്ക്ക് വരുന്നവർ ഇത്തരം സാഹചര്യങ്ങളിൽ അവരുടെ ഭാഷയിൽ സർക്കാരിനെ കുറ്റപ്പെടുത്തുന്നത് നമ്മുടെ സർക്കാരിന് നല്ലതല്ല. ഇക്കാര്യത്തിൽ പൊളിറ്റിക്കൽ അജണ്ടയുണ്ടോ ഇല്ലയോ എന്നുള്ളത് പരിശോധിച്ചോളൂ. ഇത്തരം സാഹചര്യം ഇനിയുണ്ടാകുന്നത് ഒഴിവാക്കണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, മേൽപ്പറഞ്ഞ സാഹചര്യം ഒഴിവാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ ചില സ്ഥലങ്ങളിൽ കുടിവെള്ളമോ മറ്റ് സൗകര്യങ്ങളോ ലഭ്യമാണോയെന്ന് ശ്രദ്ധിക്കാതെ വാഹനങ്ങൾ തടഞ്ഞിട്ടിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ഇടപെടലുകൾ നടത്തുകയുണ്ടായി.

അതുകൊണ്ടുതന്നെ കണമലയിൽ പിന്നീട് വാഹനങ്ങൾ തടയുന്ന സാഹചര്യമുണ്ടായിട്ടില്ല, ഒരു തവണ മാത്രമേ അങ്ങനെയുണ്ടായിട്ടുള്ളൂ. ഭക്തർക്ക് ഭക്ഷണം, കുടിവെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണോ എന്നുറപ്പുവരുത്തിയശേഷം മാത്രമേ വാഹനങ്ങൾ തടഞ്ഞിടാൻ പാടുള്ളൂവെന്ന നിർദ്ദേശം പോലീസ് തന്നെ കൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഭക്തർക്ക് പോലീസ് തന്നെ അവരുടെ വണ്ടിയിൽ വെള്ളവും ബിസ്ക്കറ്റുമടക്കമുള്ള ഭക്ഷണ സാധനങ്ങൾ നൽകുന്ന സ്ഥിതിയുണ്ടായി. അസഭ്യം പറയുന്നവർ അവരുടെ രാഷ്ട്രീയലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കട്ടെ. ഭക്തർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യത്തിൽ ഒരു വീഴ്ചയും വരുത്താതിരിക്കാനുള്ള മുൻകരുതലുകൾ എടുത്തിട്ടുണ്ട്, ഇനിയും അത്തരത്തിൽത്തന്നെ പ്രവർത്തിക്കും.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> സർ, ശബരിമല വികസനവുമായി ബന്ധപ്പെട്ട് ഏറ്റവുമധികം സഹായകരമാകുന്ന ഒരു കാര്യമാണ് എരുമേലിയിൽ സ്ഥാപിക്കുന്ന, സ്ഥലമേറ്റെടുപ്പ് നടപടികൾ നടന്നുവരുന്ന,

നിർദ്ദിഷ്ട ശബരി ഇന്റർനാഷണൽ ഗ്രീൻഫീൽഡ് എയർപോർട്ട്. ഈ എയർപോർട്ട് സ്ഥാപിക്കുന്നത് മുൻകൂട്ടി കണ്ടുകൊണ്ട്, എരുമേലിയുടെ വികസനത്തിന് കൂടുതൽ റിങ് റോഡുകളും തീർത്ഥാടക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യങ്ങളുമെല്ലാം അങ്ങുപറഞ്ഞ മാസ്റ്റർപ്ലാനിന്റെ ഭാഗമായി പരിഗണിക്കുമോ; അതിനുവേണ്ടി വിശദമായ പഠനം നടത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, റവന്യൂ ഡിപ്പാർട്ട്മെന്റ് ശബരിമല എയർപോർട്ടിനുവേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള സംവിധാനവുമുണ്ട്. ഈ വർഷം പത്ത് കോടി രൂപയാണ് അതിനായി മാറ്റിവച്ചത് എന്ന കാര്യം അങ്ങേയ്ക്കറിയാം. അങ്ങുകൂടി പങ്കെടുത്തുകൊണ്ടുള്ള പ്രാഥമിക യോഗങ്ങൾ നടന്നുവരികയാണ്. തീർച്ചയായും എരുമേലിയുടെ മാസ്റ്റർപ്ലാനിൽ റിങ് റോഡും ഉൾപ്പെടുന്നുണ്ട്. തിരക്ക് കൂടുന്ന സമയത്ത് അവിടെ റിങ് റോഡിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. എരുമേലി വികസനവും ശബരിമല വികസനത്തിന്റെ ഭാഗമായിത്തന്നെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, കാര്യങ്ങൾ വിലയിരുത്തി എല്ലാം കൃത്യമായി ചെയ്യേണ്ടതുണ്ടെന്നതാണ് ഇവിടത്തെ പ്രധാന പ്രശ്നം. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ മൂന്ന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലാണ് കൂടുതൽ പ്രശ്നങ്ങളുണ്ടാകുന്നതെന്ന കാര്യം അങ്ങേയ്ക്കറിയാം. സന്നിധാനത്ത് ആളിന്റെ കുറവുണ്ട് എന്ന് കോടതിയെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി അവിടെ ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. ആ നിയന്ത്രണങ്ങൾ അതിനേക്കാൾ കൂടുതൽ വിഷമത്തിലേയ്ക്കെത്തി എന്നാണ് പിന്നീട് അനുഭവങ്ങളിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഇതെല്ലാം കണക്കിലെടുത്ത് വരും വർഷങ്ങളിലെങ്കിലും ഇതുപോലുള്ള ദുരിതം ഒഴിവാക്കുന്നതിനാവശ്യമായ നടപടി ഒരു മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഭക്തജനത്തിരക്ക് വർദ്ധിക്കുമ്പോഴാണ് പ്രശ്നമുള്ളത്. ഒരു ദിവസം എൺപതിനായിരം ഭക്തരാണ് വരുന്നതെങ്കിൽ പ്രശ്നമില്ല. ഒരു ലക്ഷത്തിലധികം ഭക്തർ ഒരു ദിവസം വരുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്. ഭക്തർക്ക് പതിനെട്ടാംപടി കയറാൻ സാധിച്ചില്ലെങ്കിൽ കാര്യമില്ലല്ലോ.

പതിനെട്ടാം പടി കയറുന്നതിലെ പരിമിതിയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഓരോ മിനിട്ടിലും ഓരോ മണിക്കൂറിലും എത്രപേർക്ക് പതിനെട്ടാംപടി കയറാൻ കഴിയുമെന്ന് കണക്കാക്കിയപ്പോൾ, ഒരു മണിക്കൂറിൽ ഏകദേശം നാലായിരം ഭക്തരെ പടി കറയാൻ അനുവദിച്ചാൽത്തന്നെ വലിയ പ്രയാസമാണുണ്ടാകുന്നത്. ഇരുപത് മണിക്കൂർ പ്രവർത്തിച്ചാൽ എൺപതിനായിരം ഭക്തരെ പതിനെട്ടാം പടി കയറാൻ അനുവദിക്കാൻ കഴിയും. അപ്പോൾ ഒരു ദിവസം ഒരു ലക്ഷത്തിലധികം ഭക്തർ വരികയാണെങ്കിൽ ഇരുപതിനായിരം പേർ അധികമാകും. തുടർച്ചയായ ദിവസങ്ങളിൽ ഇത്തരത്തിൽ ഒരു ലക്ഷത്തിലധികം ഭക്തർ വരികയാണെങ്കിൽ ശബരിമലയിൽ തിരക്ക് വർദ്ധിക്കും. ഇവിടെ വരുന്ന ഭക്തർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയാണ് കരണീയമായ കാര്യം. അതിനാവശ്യമായ നടപടി സ്വീകരിക്കും.

**വെള്ളക്കരത്തിന്റെ വർദ്ധനവ്**

3 (*63) <u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി വെള്ളക്കരം മുന്നൂറ് ശതമാനത്തിലേറെ വർദ്ധിപ്പിച്ചത് സാധാരണ ജനങ്ങളെ കടുത്ത പ്രതിസന്ധിയിലാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വെള്ളക്കരം താങ്ങാനാകാതെ പല ഉപഭോക്താക്കളും വാട്ടർ കണക്ഷൻ ഉപേക്ഷിക്കുന്നതായ സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(സി) വൻകിടക്കാരിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽനിന്നും ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കാതെ വെള്ളക്കരം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് അധിക ബാധ്യത വരുത്തുന്നത് നീതീകരിക്കാനാവാത്ത പ്രവൃത്തിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ&ബി) ഇല്ല. നിലവിൽ പ്രതിമാസം 15 കിലോ ലിറ്റർ വരെ ഉപഭോഗമുള്ള BPL ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകുന്നത്.

വാട്ടർ ചാർജ് താങ്ങാനാകാതെ ഉപഭോക്താക്കൾ കണക്ഷൻ ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേയ്ക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതുവഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ ചാർജ് വർദ്ധിപ്പിച്ച സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 10.57 കോടി രൂപയും സർക്കാർ സ്ഥാപനങ്ങളിൽനിന്നും 222.12 കോടി രൂപയും മാത്രമാണ് പിരിച്ചെടുക്കാനുണ്ടായിരുന്നത്. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചെലവ്. എന്നാൽ ശരാശരി 10.92 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റർ

ജലത്തിൽനിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു വാട്ടർ ചാർജ് വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയായി വർദ്ധിച്ചു. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായിക്കൊണ്ടിരിരുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാവുന്നില്ലായിരുന്നു. ഇതുമൂലം വാട്ടർ അതോറിട്ടിക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 6223.76 കോടി രൂപയാണ് സഞ്ചിത നഷ്ടം.

രാസവസ്തുക്കൾ, അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങൾ, കൂലി തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചുവന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായിരുന്നതുകൊണ്ടുതന്നെ ഇതിനുള്ള തുക കണ്ടെത്തേണ്ടതുണ്ടായിരുന്നു. കൂടാതെ ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്. 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേയ്ക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതുവഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുമുണ്ടായിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, വെള്ളക്കരം വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും

ഗവൺമെന്റിനോടും ആദ്യമായി പറയാനുള്ളത്. വെള്ളം ഉപയോഗിക്കാതെ തന്നെ പല വീടുകളിലും ഭീമമായ ബില്ലുകളാണ് വരുന്നത്. ഇത്തരത്തിലുള്ള ബില്ലുകൾ കൂടാതെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ബില്ലുകൾ അടയ്ക്കാതെ വരുന്ന സാഹചര്യവും ഉണ്ടാകുമ്പോൾ ഒരു മുന്നറിയിപ്പും കൂടാതെയാണ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ ലൈൻ കട്ട് ചെയ്യുന്നത്. അത് പലപ്പോഴും പല കുടുംബങ്ങൾക്കും വലിയ പ്രയാസം ഉണ്ടാക്കുകയും എം.എൽ.എ.മാരടക്കമുള്ളവരെ അവർ നേരിട്ട് വിളിച്ച് പരാതി പറയുകയും ചെയ്യുമ്പോൾ ഞങ്ങൾ തന്നെ ഇടപെട്ട് വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. അങ്ങനെ ഒരു മുന്നറിയിപ്പുമില്ലാതെ കണക്ഷൻ കട്ട് ചെയ്യുന്നത് ശരിയായ നടപടിയല്ല എന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അതിനൊരു പ്രായോഗിക പരിഹാരം സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വെള്ളക്കരം വർദ്ധിപ്പിച്ചത് പിൻവലിക്കണമെന്ന ആവശ്യം എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാരണം വെള്ളക്കര വർദ്ധനവിന്റെ കണക്ക്

പരിശോധിക്കുമ്പോൾ ഒൻപത് വർഷങ്ങൾക്ക് മുൻപ് 2014-ലാണ് അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചതെന്ന് മനസ്സിലാകും. അതിന് മുൻപ് 2009-ലാണ് വർദ്ധിപ്പിച്ചത്. ഇതിനോടകം സംസ്ഥാനത്ത് ഇത്തരത്തിലുള്ള വിവിധ മേഖലകളിലുണ്ടായ വർദ്ധനവ് നമ്മൾ കണക്കാക്കുന്നുണ്ട്. അറ്റകുറ്റപ്പണികൾ കൃത്യമായി നടന്നില്ലെങ്കിൽ വാട്ടർ കണക്ഷൻ കൊടുത്തിട്ട് കാര്യമില്ല. അതോടൊപ്പംതന്നെ പെൻഷൻ, ജോലിക്കാരുടെ വേതനം എന്നിവ കൊടുക്കാതിരിക്കാൻ സാധിക്കില്ല. കാലാനുസൃതമായ മാറ്റം നമ്മൾ ഉൾക്കൊള്ളേണ്ടത് തന്നെയാണ്. ഇവിടെ പറഞ്ഞതിൽ പ്രധാനപ്പെട്ട ഒരു കാര്യം, ഏതെങ്കിലും കാരണവശാൽ കണക്ഷൻ കൊടുത്തതിനുശേഷം വെള്ളം ലഭിക്കാതെ വരികയും ചാർജ്ജ് ഈടാക്കുന്ന സ്ഥിതി ഉണ്ടാവുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ചാർജ്ജ് ഒഴിവാക്കുന്നതാണ്. എന്തെങ്കിലും തരത്തിലുള്ള വീഴ്ച കാരണമാകാം അങ്ങനെ സംഭവിച്ചത്. അത് പരിശോധിച്ച് ചാർജ്ജ് ഇളവുചെയ്തുകൊടുക്കും. എന്തുകൊണ്ടാണ് കണക്ഷൻ കട്ട് ചെയ്യേണ്ടിവരുന്നത്? യഥാസമയം അടയ്ക്കേണ്ട തുക അടയ്ക്കുകയാണെങ്കിൽ ഈ പ്രശ്നം രൂപപ്പെടില്ല. കുടിശ്ശിക

വർദ്ധിച്ച് അത് വാട്ടർ അതോറിറ്റിയുടെ മുന്നോട്ടുള്ള പോക്ക് തടസ്സപ്പെടുന്ന ഘട്ടത്തിൽ കണക്ഷൻ വിച്ഛേദിക്കുന്ന തരത്തിലുള്ള കാര്യങ്ങൾ ചെയ്യേണ്ടതായി വരും. അദാലത്തുകൾ നടത്തി, ആനുകൂല്യങ്ങൾ കൊടുത്ത്, കുറച്ച് തുക തിരിച്ചെടുക്കാനായി നോക്കിയിട്ടും അടയ്ക്കാതെ വരുന്ന സമയത്താണ് താൽപര്യപൂർവ്വമല്ലെങ്കിലും കണക്ഷൻ വിച്ഛേദിക്കുന്ന നിലയിലേയ്ക്ക് എത്തുന്നത്. അങ്ങനെ വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. 15 ദിവസത്തിനകം വെള്ളക്കരം അടച്ചില്ലെങ്കിൽ കണക്ഷൻ കട്ട് ചെയ്യുന്നതാണെന്ന സൂചന എല്ലാ ബില്ലുകളിലും കൊടുക്കുന്നുണ്ട്. പക്ഷെ അങ്ങനെ കൊടുത്തിട്ടും ഉപഭോക്താക്കൾക്ക് അറിയാൻ കഴിയുന്നില്ല എന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് കണക്ഷൻ കട്ട് ചെയ്യുന്നതിന്റെ 24 മണിക്കൂർ മുൻപ് ഫോൺ മുഖാന്തരമോ ഇതര മാർഗ്ഗങ്ങൾ വഴിയോ ഉപഭോക്താക്കളെ അറിയിക്കുന്ന ഒരു മാർഗ്ഗം കൂടി രൂപപ്പെടുത്താം.

ശ്രീ. അൻവർ സാദത്ത്: സർ, നമുക്കെല്ലാവർക്കുമറിയാം, ഓരോ തുള്ളി വെള്ളവും അമൂല്യമാണ്. എന്നാൽ ഇന്ന് പല സ്ഥലങ്ങളിലും പൈപ്പ് പൊട്ടി വെള്ളം പാഴാകുന്ന സാഹചര്യമുണ്ട്. വെള്ളം ലഭിക്കാതെ പല സ്ഥലങ്ങളിലും ആളുകൾ വിഷമിക്കുമ്പോൾ പൊട്ടിയ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുകാരണം വെള്ളം നഷ്ടപ്പെടുന്നത് നമ്മുടെ നാടിനും സമൂഹത്തിനും തീരാനഷ്ടം തന്നെയാണ്. പറവൂരിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന ചൊവ്വര കുടിവെള്ള പദ്ധതിയുടെ ആലുവയിൽ ഉപയോഗിക്കുന്ന രണ്ട് ലൈനുകളിലുണ്ടാകുന്ന ചോർച്ച യഥാസമയം അടയ്ക്കുന്നില്ല. അവയിൽ ഏതെങ്കിലും ഒന്ന് പൊട്ടുമ്പോൾ ഉദ്യോഗസ്ഥന്മാർ തമ്മിൽ തർക്കമാണ്. ഇത്തരത്തിൽ സ്ഥിരമായി പൈപ്പുകൾ പൊട്ടുന്നതുകൊണ്ട് പഞ്ചായത്ത് റോഡാണെങ്കിലും പി.ഡബ്ല്യു.ഡി. റോഡാണെങ്കിലും താറുമാറായിപ്പോകുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ട് അമൂല്യമായ വെള്ളം നഷ്ടപ്പെടാതിരിക്കാൻ ഉടനടി നടപടി സ്വീകരിക്കാൻ സംവിധാനം ഉണ്ടാക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇത്തരത്തിൽ പൈപ്പുകൾ പൊട്ടുന്നത് കാരണം വെള്ളം നഷ്ടപ്പെടുകയും ഗാർഹിക മേഖലയിൽ ലഭ്യമാകേണ്ട വെള്ളം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നുണ്ട്. അത് വളരെ പെട്ടെന്ന് തന്നെ മെയിന്റനൻസ് നടത്തണം എന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. പക്ഷെ ചില ഘട്ടങ്ങളിൽ അറ്റകുറ്റപ്പണിക്ക് വേണ്ടിവരുന്ന സമയം വർക്കുകളുടെ രീതി അനുസരിച്ചായിരിക്കും. വളരെ പെട്ടെന്ന് മാറ്റാൻ സാധിക്കുന്നതും ഒരുപക്ഷെ മാറ്റാൻ സാധിക്കാത്തതുമായ സാഹചര്യങ്ങൾ രൂപപ്പെടാറുണ്ട്. ചോർച്ചയുള്ള ലൈൻ ബ്ലോക്ക് ചെയ്താൽ ചിലപ്പോൾ ഏകദേശം 24 മണിക്കൂർ വരെ മറ്റുള്ളവർക്ക് വെള്ളം കിട്ടാതെ വരുന്ന സ്ഥിതിയുമുണ്ടാകും. അതുകൊണ്ട് അത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആലോചിച്ച് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. എങ്കിലും ഇക്കാര്യത്തിൽ വളരെ ഗൗരവപൂർവ്വമായ സമീപനം ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. പക്ഷെ ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആ ലൈൻ ബ്ലോക്ക് ചെയ്താൽ തുടർച്ചയായി വെള്ളം

ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് കിട്ടാത്ത അവസ്ഥയുണ്ടാകും എന്ന കാരണത്താലാണ് വെള്ളം കുറച്ചൊക്കെ നഷ്ടപ്പെട്ടാലും ഉപഭോക്താക്കൾക്ക് പ്രയാസമുണ്ടാകരുത് എന്ന് കരുതി ചില നടപടികൾ ചെയ്യുന്നത്. എന്നാൽ അത് ആറോ പന്ത്രണ്ടോ മണിക്കൂർ ബ്ലോക്ക് ചെയ്ത് അറ്റകുറ്റപ്പണി ചെയ്യേണ്ടത് അനിവാര്യമാണെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അത് ആലോചിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ വളരെ പെട്ടെന്ന് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസയാണ് വർദ്ധിപ്പിച്ചത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. പക്ഷെ 22 രൂപ മിനിമം ചാർജ്ജായിരുന്നപ്പോൾ രണ്ട് മാസത്തിലൊരിക്കൽ ബിൽ വരുന്നത് 44 രൂപയായിരുന്നെങ്കിൽ വർദ്ധനയ്ക്കുശേഷം ഏകദേശം 144 രൂപയായാണ് ബിൽ വരുന്നത്. പല വീടുകളും വാട്ടർ കണക്ഷൻ വിച്ഛേദിക്കുകയാണ്. അത്തരമൊരു സാഹചര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷെ എന്റെ നിയോജകമണ്ഡലത്തിലെ തിരുവാലി

ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട വർക്ക് ഏതാണ്ട് പൂർത്തിയായി 4000-ലധികം കണക്ഷൻ കൊടുത്തെങ്കിലും പലരും ആദ്യത്തെ ബിൽ വരുമ്പോൾതന്നെ കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യമാണുള്ളത്. വളരെ പാവപ്പെട്ട കുടുംബങ്ങളാണ് അവിടെയുള്ളത്. അതുകൊണ്ട് മിനിമം ചാർജ്ജായ 44 രൂപയിൽനിന്നും 144 രൂപയിലേയ്ക്കുള്ള ഈ വർദ്ധന പരിമിതപ്പെടുത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ആ പിശക് പരിശോധിക്കുന്നതാണ്. അങ്ങനെ സംഭവിക്കാൻ പാടില്ലാത്തതാണ്. കണക്ക് തെറ്റാൻ പാടില്ല. വെള്ളക്കരം നിരക്ക് വർദ്ധന തോതിൽനിന്നും കൂടുതൽ വന്നാൽ മാത്രമല്ലേ ഈ പ്രശ്നമുണ്ടാകുന്നുള്ളൂ. അങ്ങനെ കൂടുതൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ട ഒരു കാര്യം, ഈ വാട്ടർ ചാർജ്ജ് വർദ്ധന വരുന്നതിന് മുൻപ് അന്നത്തെ വരുമാനമനുസരിച്ച് എത്രയോ വർഷക്കാലമായി Operation and Maintenance (O&M)-ൽ തുക അതത് വർഷങ്ങളിൽ കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിരുന്നത് ഇപ്പോൾ കുറച്ച് കൊടുക്കാൻ സാധിക്കുന്നുണ്ട്. അതുപോലെതന്നെ പെൻഷൻ, എച്ച്.ആർ. ജീവനക്കാരുടെ

തുക എന്നിവ കൃത്യമായി കൊടുക്കാൻ സാധിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന് വലിയൊരു തുക കൊടുത്ത് തീർക്കാനുണ്ട്. 37 കോടി രൂപയെങ്കിലും പ്രതിമാസം അവർക്ക് കൊടുത്താൽ മാത്രമേ ഈ പറഞ്ഞ കണക്ക് വെറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. വെള്ളക്കരം വർദ്ധിപ്പിച്ച സാഹചര്യത്തിൽ അതെല്ലാംകൂടി കൊടുക്കുന്നതിന് 120 കോടി രൂപയെങ്കിലും പ്രതിമാസം വേണമായിരുന്നു. പക്ഷെ വർദ്ധിപ്പിച്ചതിനുശേഷവും വരുമാനം 92 കോടി രൂപയേ ഉള്ളൂ. കെ.എസ്.ഇ.ബി.എൽ.-ന് കൊടുക്കാൻ സാധിക്കുന്നില്ല. അതിന്റെ ഭാഗമായി രണ്ട് ഘട്ടമായി ചർച്ച നടത്തിയിരുന്നു. ഇതൊക്കെയാണ് അതിന്റെ സത്യാവസ്ഥ. അതുകൊണ്ട് ചാർജ്ജ് വർദ്ധനവിൽ വന്ന ഏറ്റക്കുറച്ചിലുകളല്ലാതെ അധികമായി ഒരു ബുദ്ധിമുട്ട് വന്നതായി തോന്നുന്നില്ല. ഏതെങ്കിലും കാരണവശാൽ അത്തരത്തിൽ അധിക ബുദ്ധിമുട്ട് തോന്നുന്ന കേസ്സുകളുണ്ടെങ്കിൽ അതത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയോ ഓഫീസിൽ രേഖാമൂലം പരാതി നൽകിയാൽ അത് പരിശോധിച്ച് എന്തെങ്കിലും പിശക്

സംഭവിച്ചതാണെങ്കിൽ തിരുത്തൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നിലവിൽ 1800000 കണക്ഷനുകളാണ് കേരളത്തിലുള്ളത്. ജൽജീവൻ മിഷൻ തുടങ്ങിയതിനുശേഷം 3800000 കണക്ഷൻ ഇതുവരെ കൊടുത്തു. ഇത് 8000000 വരെയാകുമെന്നാണ് നിഗമനം. അപ്പോൾ അത്രയും കുടുംബങ്ങൾക്ക് കണക്ഷൻ ലഭ്യമാക്കുമ്പോൾ ചാർജ്ജ് വർദ്ധനയിലൂടെ ഗവൺമെന്റിന് വരുമാനം വർദ്ധിക്കും. അതിനാൽ ഇതുമായി ബന്ധപ്പെട്ട് വാട്ടർ ചാർജ്ജ് വർദ്ധന മൂന്നിലൊന്നായി കുറയ്ക്കുകയോ പിൻവലിക്കുകയോ ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇതാണ് ഞാൻ ഇപ്പോൾ സൂചിപ്പിച്ചത്, വാട്ടർ ചാർജ്ജ് വർദ്ധനയ്ക്കുമുൻപ് നമുക്ക് ലഭിച്ചിരുന്നത് 55 കോടി രൂപയായിരുന്നു. ചാർജ്ജ് വർദ്ധനവിന് ശേഷം നമുക്ക് ലഭിക്കുന്നത് 92 കോടി രൂപയാണ്. ചാർജ്ജ് വർദ്ധനയ്ക്കുമുൻപുള്ള നമ്മുടെ സ്ഥിതിയനുസരിച്ച് ജീവനക്കാർക്ക് ജി.പി.എഫ്. ആനുകൂല്യങ്ങൾ ഇല്ലാതെയുള്ള നെറ്റ്

ശമ്പളമാണ് നൽകിയിരുന്നത്. എച്ച്.ആർ.കാർക്കുള്ളത് കൊടുത്തു, ഓപ്പറേഷൻ & മെയിന്റനൻസിൽ ഒന്നുംതന്നെ നൽകിയില്ല. അത് നോൺ പ്ലാൻ ഗ്രാന്റ് കിട്ടുന്നത് മാത്രം എടുത്തായിരുന്നു കൊടുത്തുകൊണ്ടിരുന്നത്. നേരെമറിച്ച് നിലവിലെ വർദ്ധനവിനുശേഷം ഇപ്പോഴത്തെ സ്ഥിതി നോക്കുമ്പോൾ മെയിന്റനൻസ് വർക്കിനുവേണ്ടിയുള്ള പണം കൃത്യമായി കൊടുക്കാൻ സാധിക്കുന്നുണ്ട്. ഇപ്പോൾ 38 ലക്ഷം കണക്ഷൻ കൊടുത്തെങ്കിലും 15000 ലിറ്റർ വരെ ഉപഭോഗമുള്ള ബി.പി.എൽ. കുടുംബങ്ങളെ ചാർജ്ജ് വർദ്ധനയിൽനിന്ന് ഒഴിവാക്കിയിട്ടുമുണ്ട്. 2020-ലെ കണക്കനുസരിച്ച് 220000 പേരായിരുന്നു ഈ അർഹതയുള്ളവരുടെ ഗണത്തിൽപ്പെട്ടിരുന്നത്. എന്നാൽ ഇപ്പോൾ അതിൽ ആറ് ലക്ഷത്തിൽപ്പരം ആളുകൾ വരുന്നുണ്ട്. 15000 ലിറ്റർ വരെ വെള്ളം ഉപയോഗിക്കുന്ന ബി.പി.എൽ. ഫാമിലികളുടെ എണ്ണം വർദ്ധിച്ചു. അപ്പോൾ നമുക്ക് നഷ്ടംതന്നെ സംഭവിക്കുന്നുണ്ട്. ഇത് ലാഭനഷ്ടത്തിനുവേണ്ടിയല്ല ചെയ്യുന്നത്. അതോടൊപ്പംതന്നെ ഈ ചാർജ്ജ് വർദ്ധനവ് വരുത്തുന്ന സന്ദർഭത്തിലും പല വിഭാഗങ്ങളിലുമുള്ള ആളുകളെ നാം ഒഴിവാക്കി. ക്യാൻസർ രോഗികൾ,

കീമോ തെറാപ്പി കഴിഞ്ഞ് തുടർചികിത്സ ആവശ്യമുള്ളവർ, വൃക്ക സംബന്ധമായ രോഗികൾ, ഡയാലിസിസ് തുടരുന്നവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ആൻജിയോപ്ലാസ്റ്റി, ബൈപ്പാസ് സർജറികൾക്ക് വിധേയരായവർ, ഓട്ടിസം ബാധിച്ച കുട്ടികളുള്ള വീടുകൾ, ഭിന്നശേഷിക്കാർ അധിവസിക്കുന്ന സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ളവരെ ചാർജ്ജ് വർദ്ധനവിൽനിന്നും ഒഴിവാക്കുന്ന നടപടിയും തുടർന്നുവരികയാണ്. ആനുകൂല്യത്തിൽ കുറച്ച് തുക ഇത്തരം പരിഗണനാർഹമായവർക്ക് കൊടുക്കുകയും കൂടി ചെയ്യുന്ന അവസരമാണ് രൂപപ്പെട്ട് വന്നിരിക്കുന്നത്. അധിക ബുദ്ധിമുട്ട് ഉണ്ടാകുന്നതായി തോന്നിയിട്ടില്ല.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഇവിടെ നേരത്തെ സൂചിപ്പിച്ചതാണ് അധിക ബില്ല്, കുടിശ്ശിക തീർപ്പാക്കൽ എന്നിവ സംബന്ധിച്ച് ഒരുപാട് പരാതികളുണ്ട്. നേരത്തെ നടന്നുകൊണ്ടിരുന്ന അദാലത്തുകൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അദാലത്തുകൾ നടത്തേണ്ടതുണ്ടെന്ന് തോന്നുന്നില്ല. അത്തരം പരാതികൾ എവിടെയെങ്കിലുമുണ്ടെങ്കിൽ അതിന്മേൽ തീരുമാനമെടുക്കാം. അദാലത്തുകൾ നടത്തിയതിനുശേഷവും കുടിശ്ശിക വർദ്ധിക്കുന്നുണ്ട്. ജനങ്ങൾക്ക് അടയ്ക്കുന്നതിനുള്ള താൽപ്പര്യമുണ്ടെങ്കിൽ മേൽ പറഞ്ഞതുപ്രകാരം ഏതൊക്കെ ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ അതിന്റെ പശ്ചാത്തലത്തിൽത്തന്നെ കേസ് പരിഗണിച്ച് തീർപ്പ് കൽപ്പിക്കാൻ ശ്രമിക്കാം.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ജൽജീവൻ മിഷന്റെ പ്രവർത്തനത്തിൽ ആദ്യം പല പഞ്ചായത്തുകളും റസ്റ്റോറേഷൻ വർക്കിന് കോമ്പൻസേഷൻ വേണ്ടെന്ന് ഒപ്പിട്ടിട്ടുണ്ടായിരുന്നു. പക്ഷെ പല പഞ്ചായത്തുകളും റോഡ് പണി നടത്താൻ പറ്റാത്ത അവസ്ഥയിലായിരിക്കുകയാണ്. അവരെ സഹായിക്കുന്ന എന്തെങ്കിലും നിലപാട് ഇതിലുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി ഭരണാനുമതി കൊടുത്ത വർക്കുകളുടെ റോഡ് റെസ്റ്റോറേഷൻ വർക്കിനുള്ള തുക അനുവദിച്ചിരുന്നില്ല.

പഞ്ചായത്തുകൾക്കായിരുന്നു അതിന്റെ ചുമതല. അതോടൊപ്പം 15-ാം ധനകാര്യ കമ്മീഷന്റെ untied fund ഉപയോഗിക്കാനുള്ള പെർമിഷനും കൊടുത്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഇപ്പോൾ ചില പഞ്ചായത്തുകൾക്ക് ഇത് അധികഭാരമായി രൂപപ്പെട്ടുവന്നു. നാലും അഞ്ചും ആറും ഘട്ടങ്ങളിലായി ഭരണാനുമതി കൊടുത്ത വർക്കുകൾ റെസ്റ്റോർ ചെയ്യാനുള്ള തുകകൂടി ജൽജീവൻ മിഷന്റെ ഭാഗമായി നൽകി വരികയാണ്. അതുകൊണ്ടുതന്നെ ഇത് പ്രത്യേക കേസ്സായി പരിഗണിച്ച് കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച് ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി ഭരണാനുമതി കൊടുത്ത പഞ്ചായത്തുകളിൽ റെസ്റ്റോർ ചെയ്യാതെ കിടക്കുന്ന റോഡുകൾ ബാക്കിയുണ്ടെങ്കിൽ അതിനാവശ്യമായ റെസ്റ്റോറേഷൻ തുക കരാറുകാരനെക്കൊണ്ടോ അല്ലെങ്കിൽ അനുവദിച്ച തുകയിൽത്തന്നെ നിന്നുകൊണ്ട് ഉപയോഗം ഗ്രാമപഞ്ചായത്തിനോ നൽകുന്ന വിധത്തിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ആധാർ ലിങ്ക്ഡ് സേവനങ്ങൾക്ക് ഓരോ വർഷവും ഈടാക്കുന്ന തുകയുടെ 5 ശതമാനം വർദ്ധിപ്പിക്കാൻ റിസർവ് ബാങ്ക്

ഓഫ് ഇന്ത്യ നിർദ്ദേശം നൽകിയിട്ടുണ്ട്. അത് നടപ്പിലാക്കുമ്പോൾ പൊതുജനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വാട്ടർ ചാർജ്ജ് വർദ്ധനവിനുശേഷം ആധാർ ലിങ്ക്ഡ് സേവനങ്ങൾക്കുള്ള ചാർജ്ജ് വർദ്ധനവ് വേണ്ടെന്നാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചത്. അതുകൊണ്ട് ഇത്തരത്തിൽ തുക ഈടാക്കണമെന്നുണ്ടെങ്കിലും വാട്ടർ ചാർജ്ജ് വർദ്ധനവ് വന്ന സാഹചര്യത്തിൽ ആ തുക ഇതിൽ ഇളവ് ചെയ്ത് നൽകണമെന്ന് റിസർവ് ബാങ്കിനോടും കേന്ദ്ര ഗവൺമെന്റിനോടും ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾക്ക് അധിക ബുദ്ധിമുട്ടുണ്ടാകാതിരിക്കാനാവശ്യമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

**കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി**

4 (*64) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. കെ. ആൻസലൻ:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിയിട്ടുള്ള കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) സംസ്ഥാനത്തെ പരമ്പരാഗത

മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2011-2012 സാമ്പത്തിക വർഷം മുതൽ 2021-2022 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. "Promotion of sustainable fisheries and livelihood of Kerala State through artificial reef installation" എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. 7.812 കോടി രൂപ കേന്ദ്ര വിഹിതവും 5.208 കോടി രൂപ സംസ്ഥാന വിഹിതവും അടങ്ങുന്നതാണ് പദ്ധതി. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും

2700 കൃത്രിമപ്പാരുകൾ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിക്കുകയും ചെയ്തു. ബാക്കിയുള്ളവ നിക്ഷേപിച്ചുവരുന്നു.

(ബി) 26-05-2023-ലെ സ.ഉ.(സാധാ) 417/2023/മഉവ പ്രകാരം "Promotion of sustainable fisheries and livelihood of Kerala State through artificial reef installation" എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി 13.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 60% തുകയായ 7.812 കോടി രൂപ കേന്ദ്ര വിഹിതവും 40% തുകയായ 5.208 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ള കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതിയുടെ നേട്ടങ്ങൾ അണ്ടർവാട്ടർ സ്റ്റഡിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. 2011-2012 സാമ്പത്തിക വർഷം 300 കൃത്രിമപ്പാര് മൊഡ്യൂളുകൾ പൂവാർ, പുതിയതുറ, കരുംകുളം മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിച്ചിരുന്നു. 11 മാസങ്ങൾക്കുശേഷം അണ്ടർവാട്ടർ ഫോട്ടോഗ്രഫി ഉപയോഗിച്ച് പ്രസ്തുത പാരുകളിൽ പഠനം നടത്തുകയും

പ്രസ്തുത പ്രദേശത്ത് ചെറുതും വലുതുമായ ചൂര, പാര, വേളാവ്, ബാരക്കുട, കാരൽ, അയല, കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ കൂടുതലായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ അഭിപ്രായത്തിൽ മത്സ്യസമ്പത്ത് വർദ്ധിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, Artificial reef installation മുഖാന്തരം മത്സ്യസമ്പത്തിന് വർദ്ധനയുണ്ടാകുമെന്നും അത് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുമെന്നുമാണ് കേൾക്കുന്നത്. ഇക്കാര്യത്തിലെന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഈ ആവാസ വ്യവസ്ഥയിൽ എല്ലായിനം മത്സ്യങ്ങളും വളരാനുള്ള സാഹചര്യമുണ്ടോ, വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിന് മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക്

സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി.പി.എസ്. സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യ പ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അത് ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേയ്ക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഉൾപ്പെടെ നടത്തിയ ശാസ്ത്രീയ പഠനങ്ങളെല്ലാം തന്നെ കൃത്രിമപ്പാരുകൾ മത്സ്യങ്ങളെ തീരസമുദ്രത്തിലേയ്ക്ക് ആകർഷിക്കുന്നതിനും അവയുടെ സ്വാഭാവിക പ്രജനനത്തിനും മത്സ്യസമ്പത്തിന്റെ സുസ്ഥിരമായ പരിപാലനത്തിനും വളരെയേറെ പ്രയോജനപ്പെടുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് വിജയകരമായൊരു പദ്ധതിയെന്ന നിലയിലാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, 'പുനർഗേഹം' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18,685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതിപ്രകാരം മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇത്തരത്തിൽ മാറിത്താമസിക്കുന്ന ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്. പദ്ധതിപ്രകാരം മാറിത്താമസിക്കുന്നവരിൽ സന്നദ്ധരായ 8345 കുടുംബങ്ങളെയാണ് ആദ്യഘട്ടമായി പരിഗണിക്കുന്നത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ചെയ്തു. രജിസ്ട്രേഷൻ സൗജന്യമാണ്. 2211 കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് പുതിയ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ച് കഴിഞ്ഞു. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്-128, ബീമാപ്പള്ളി-20, മലപ്പുറം ജില്ലയിലെ പൊന്നാനി- 128,

കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി -114 ഉൾപ്പെടെ 390 ഫ്ലാറ്റുകളാണ് ഇപ്പോൾ കൈമാറിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി 204 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ-400, മലപ്പുറം ജില്ലയിലെ നിറമരുതൂർ-16, പൊന്നാനി-100, കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ-80, കാസർഗോഡ് ജില്ലയിലെ കോയിപ്പാടി-144 എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി നൽകിയ ഭൂമിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സമീപഭാവിയിൽ നിർമ്മാണം ആരംഭിക്കാൻ കഴിയും. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ-96, വലിയതുറ-24, കാരോട്-24 എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. വിവിധ ജില്ലകളിലെ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി

ഭവനനിർമ്മാണ സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പുനർഗേഹം പദ്ധതി പ്രകാരം ആവശ്യപ്പെട്ട ഗുണഭോക്താക്കൾക്കെല്ലാം ഭവനം നിർമ്മിച്ചുനൽകാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി അങ്ങ് നേരിൽ വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ജനസാന്ദ്രത ഏറ്റവും കൂടിയതും പിന്നോക്കാവസ്ഥയിലുള്ളതുമായ തീരദേശ മണ്ഡലമെന്ന നിലയിൽ വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. സജി ചെറിയാൻ: സർ, കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനായി കടലിലേയ്ക്കുള്ള യാത്രയിൽ ഞാനും പൂർണ്ണമായി പങ്കെടുത്തിരുന്നു. വളരെ ശ്രദ്ധേയമായ പ്രവർത്തനമെന്ന നിലയിൽ 2011 മുതൽ ഇത് ആരംഭിച്ചെങ്കിലും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് വലിയതരത്തിലാണ് പ്രോത്സാഹിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത

വർദ്ധിപ്പിക്കാനുള്ള കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പരിപാടി 17-01-2024-ലാണ് അവസാനമായി സംഘടിപ്പിച്ചത്. കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ.പർഷോത്തം രൂപാല ഇത് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് നടത്തുന്ന ഒരു പദ്ധതിയെന്ന നിലയിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ വ്യക്തികളും ഇതിൽ പങ്കെടുത്തു. ഇപ്പോൾ ഇത് വിലയിരുത്താനുള്ള പുതിയ ഇടപെടൽ നടത്തിയിട്ടുണ്ട്. അതിന്റെ നിക്ഷേപം പൂർണ്ണതയിലെത്തിക്കൊണ്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഇത് നല്ലരീതിയിൽ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപം നടത്താൻ ഞങ്ങൾ പോയ സന്ദർഭത്തിൽ നൂറുകണക്കിന് വള്ളങ്ങളിൽ മത്സ്യത്തൊഴിലാളികൾ ഞങ്ങൾക്കൊപ്പം സഞ്ചരിച്ച് വളരെ ആവേശകരമായ ചടങ്ങാക്കി മാറ്റാൻ അത് കഴിഞ്ഞിട്ടുണ്ടെന്നതാണ് പറയാനുള്ളത്.

<u>ശ്രീ. കെ. ആൻസലൻ:</u> സർ, തീരക്കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്നതുപോലെ നമ്മുടെ കായലുകളിലും കുളങ്ങളിലും നദികളിലും

കൃത്രിമപ്പാര് നിക്ഷേപിച്ചുകൊണ്ട് ഉൾനാടൻ മത്സ്യം വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പദ്ധതിയുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഉൾനാടൻ ജലാശയത്തിൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. 'Integrated Fisheries Resource Management Inland Aquatic Ecosystem' എന്ന പദ്ധതിയാണ് നടപ്പാക്കിവരുന്നത്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റ്കൊഞ്ച്, കാരച്ചെമ്മീൻ, കരിമീൻ, പൂമീൻ, കൊഞ്ച് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെയാണ് നിക്ഷേപിക്കുന്നത്. ഉൾനാടൻ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യം, കക്ക സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതിയില്ലാതാക്കുന്നതിന് കേരള ഇൻലാൻഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട് പ്രകാരം

പട്രോളിംഗ് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സംസ്ഥാനത്തെ വിവിധ ഡാമുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിയും വിജയകരമായി നടപ്പാക്കിവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് നിർദ്ദേശിച്ച് നടപ്പാക്കിവരുന്ന ജനകീയ മത്സ്യക്കൃഷിയും സംസ്ഥാനത്ത് വലിയതരത്തിൽ മുന്നോട്ടുപോകുന്നുണ്ടെന്ന് പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്.

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+)

(ചോദ്യോത്തരസമയം കഴിഞ്ഞു)

മി. സ്പീക്കർ: സഭാംഗങ്ങളോട് ചെയർ ഒരു അഭ്യർത്ഥന നടത്തുകയാണ്. ചോദ്യോത്തരവേള ലൈവായിട്ടാണ് ടെലികാസ്റ്റ് ചെയ്യുന്നത്. സഭയിൽ ചോദ്യം ചോദിക്കുന്നവരും സബ്മിഷൻ അവതരിപ്പിക്കുന്നവരും അവരവരുടെ ചോദ്യങ്ങളും സബ്മിഷനുകളും പിന്നീട് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നുമുണ്ട്. സഭയിൽ ചോദ്യം ചോദിച്ച് മന്ത്രിമാർ ഉത്തരം പറയുന്ന അവസരത്തിൽ അംഗങ്ങൾ ക്രോസ് ചെയ്ത് നടക്കുന്നുണ്ട്. ബോധപൂർവ്വമല്ലെങ്കിൽപ്പോലും ക്രോസ് ചെയ്ത് നടക്കുന്ന ഇത്തരം രീതികൾ

\+ അനുബന്ധം - II

സഭയിൽ ഒഴിവാക്കാൻ മുഴുവൻ സഭാംഗങ്ങളും ചെയറിനോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**10.00 a.m.]**

**II അടിയന്തരപ്രമേയം**

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: ഉൽപ്പാദന ചെലവിന്റെ വർദ്ധനയും വിലത്തകർച്ചയുംമൂലം കേരളത്തിലെ റബ്ബർ കർഷകർ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില 300 രൂപയായി ഉയർത്താത്തതുമൂലം കർഷക സമൂഹത്തിൽ ആശങ്ക ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മോൻസ് ജോസഫ്, സജീവ് ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷികളിൽ ഒന്നാണ് റബ്ബർ കൃഷി. മലയോര മേഖലകളിൽ

നിരവധിയായ പ്രതിസന്ധികളെ തരണം ചെയ്ത് അത്യദ്ധ്വാനം നടത്തിയിട്ടാണ് കർഷകർ ഈ കൃഷിയിൽ ഏർപ്പെട്ടതും ഇന്നും ഏർപ്പെട്ടുകൊണ്ടിരിക്കുന്നതും. മറ്റുവിളകളെക്കാൾ ആദായകരമായിരുന്നു എന്നതിനാൽ മലയോര മേഖലയിൽ മാത്രമായിരുന്ന ഈ കൃഷി നമ്മുടെ ഇടനാട്ടിലേയ്ക്കും വ്യാപിക്കുന്ന സ്ഥിതിയുണ്ടായി. അതായത് കൂടുതൽ കർഷകർ ഈ കൃഷിയിലേയ്ക്ക് എത്തിയെന്നാണ് അതിനർത്ഥം. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ മുന്നോട്ടുനയിക്കുന്നതിൽ റബ്ബർ കൃഷി പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. എന്നാൽ റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് റബ്ബറിന്റെ വിലയിലുണ്ടായ കുറവ് കേന്ദ്രസർക്കാരുകൾ ഏർപ്പെട്ട അന്താരാഷ്ട്ര കരാറുകളുടെ തിക്തഫലമാണെന്ന് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഇന്ന് റബ്ബർ കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണവും അതുതന്നെയാണ്. ഗാട്ട് കരാർ, ആസിയാൻ കരാർ, ലോകവ്യാപാര കരാർ തുടങ്ങി നിരവധിയായ കരാറുകളെല്ലാം കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഈ കരാറുകൾ ഉണ്ടാക്കിയ പ്രയാസങ്ങൾ ഒട്ടും ചെറുതല്ല. ഈ കാരണങ്ങളാലാണ് 2011-16-ലെ യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്തുതന്നെ റബ്ബർ കർഷകരെ സഹായിക്കുന്നതിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (ആർ.പി.ഐ.എസ്.) എന്ന പദ്ധതി നടപ്പിലാക്കിയത്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിവന്ന ആ പദ്ധതി മുഖാന്തരം റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സഹായിക്കുന്ന തരത്തിലേയ്ക്കെത്തി. 2016-ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി സർക്കാരും നിലവിലുള്ള രണ്ടാം പിണറായി സർക്കാരുമെല്ലാം ഈ പദ്ധതി തുടർന്നുകൊണ്ട് പോകുന്നുവെന്നത് പ്രത്യേകമായി കാണേണ്ടതുണ്ട്. റബ്ബർ ബോർഡിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെയുള്ളത് ഒമ്പതര ലക്ഷത്തോളം റബ്ബർ കർഷകരാണ്. അതിൽ ഏതാണ്ട് 559458 കർഷകർ റബ്ബർ ബോർഡിന്റെ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതൊരു ചെറുകിട നാമമാത്ര കർഷകനും പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ആനുകൂല്യത്തിന് അർഹനാകുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. ഞാൻ നേരത്തെ

പറഞ്ഞ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒമ്പതാം ഘട്ടമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് - ജൂലൈ 2023 മുതൽ ജൂൺ 2024 വരെ. ഈ പദ്ധതിയിൻകീഴിൽ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് മൂന്ന് മാസംകൂടി സമയം നൽകിയിട്ടുണ്ട്. ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്താണ് കിലോയ്ക്ക് 150 രൂപയുണ്ടായിരുന്ന താങ്ങുവില 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം 2021 ഏപ്രിൽ 1 മുതൽ 170 രൂപയായി വർദ്ധിപ്പിച്ചത്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്നും 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും അത് കേന്ദ്രഗവൺമെന്റ് പരിഗണിച്ചിട്ടില്ല. തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്ന നടപടി സ്വീകരിക്കണമെന്നും എല്ലാതരത്തിലുമുള്ള, ഉണക്ക രൂപത്തിലുള്ള റബ്ബറിന്റെ ഇറക്കുമതി തീരുവ 70 ശതമാനത്തിലേയ്ക്ക് ഉയർത്തണമെന്നും റബ്ബറിനെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര

മന്ത്രിമാരെ നേരിട്ട് കണ്ടും ഇത് ആവശ്യപ്പെട്ടു. ഇന്ത്യയിലേയ്ക്ക് Cup Lump Rubber (ചണ്ടി റബ്ബർ) ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിരോധനം തുടരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി മന്ത്രിക്ക് കത്ത് നൽകുകയും നേരിട്ട് കാണുകയും ചെയ്തതാണ്. എല്ലാതരത്തിലുള്ള ഇറക്കുമതിയും കർഷകന് ദോഷകരമായി ബാധിക്കുമെന്നതിനാൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയിലുള്ള നിയന്ത്രണങ്ങൾ തുടരണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലൊന്നും അനുകൂലമായ നിലപാടല്ല കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ തീരുവയിൽനിന്ന് ഒരു നിശ്ചിത തുക ഉപയോഗിച്ച് നാഷണൽ റബ്ബർ റിസ്ക് ഫണ്ട് രൂപീകരിച്ച് വിലയിടിവ് പരിഹരിക്കാൻ വിശദമായ പ്രൊപ്പോസലും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിലും ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. കേന്ദ്രസർക്കാരിന്റെ ഈ അവഗണനയെല്ലാം തുടരുമ്പോഴും കേരളം നടപ്പിലാക്കിയ ആർ.പി.ഐ.എസ്. (Rubber Production Incentive Scheme) ആണ് റബ്ബർ കർഷകരെ ഈ മേഖലയിൽ തുടരുവാൻ

പ്രേരിപ്പിക്കുന്നത്. റബ്ബർ കർഷകരെ സഹായിക്കാൻ ഉപകരിക്കുന്ന തരത്തിലുള്ള നടപടികൾ കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 170 രൂപയെന്നത് മതിയായ തുകയാണെന്ന് കൃഷിവകുപ്പും സർക്കാരും കരുതുന്നില്ല. എന്നാലത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തിന്റെ സഹായം കൂടിയേതീരുവെന്ന യഥാർത്ഥ വസ്തുതയും നമ്മുടെ മുമ്പിലുണ്ട്. പ്രയാസങ്ങൾക്കിടയിൽനിന്നും സാധ്യമാകുന്ന സഹായങ്ങൾ വീണ്ടും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും റബ്ബർ കർഷകർക്ക് നൽകുകയെന്നതുതന്നെയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്ന നയം. അത് തുടർന്നും ഉണ്ടാകുമെന്നുകൂടി അറിയിക്കുന്നു. ആയതിനാൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് റബ്ബർ കർഷകർക്ക് ന്യായവില ഉറപ്പുവരുത്താൻ റബ്ബറിന്റെ താങ്ങുവില 300 രൂപയായി വർദ്ധിപ്പിക്കണമെന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നടപ്പാക്കണമെന്ന ആവശ്യം അടിയന്തരപ്രമേയത്തിലൂടെ

ഉന്നയിക്കുന്നത്. ഇന്ന് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധിയുടെ രൂക്ഷത ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അംഗീകരിച്ചുവെന്നത് ആശ്വാസകരമാണ്. പക്ഷെ നടപടികളിലേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യങ്ങൾ നിൽക്കുന്നുവെന്നതുകൊണ്ടാണ് ഈ പ്രശ്നം സഭയുടെ മുമ്പിൽ നമ്മൾ കൊണ്ടുവരുന്നത്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളാണ് റബ്ബർ കാർഷിക മേഖലയെ തകർക്കുന്നതിന് ഏറ്റവും കൂടുതൽ കാരണമായിട്ടുള്ളതെന്നതിന് യാതൊരു തർക്കവുമില്ല. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായാണ് റബ്ബർ കൃഷി നിൽക്കുന്നത്. പതിമൂന്ന് ലക്ഷത്തോളം വരുന്ന റബ്ബർ കൃഷിക്കാരും അതിന്റെ അനുബന്ധ തൊഴിലാളികളുമെല്ലാം ജീവിച്ചുപോരുന്ന ഒരു വലിയ മേഖലയാണിത്. ഇന്നത്തെ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം നമ്മൾ ഇന്നലെ ചർച്ച ചെയ്തു. ഈ സാമ്പത്തിക പ്രതിസന്ധിയുടെ മുഖ്യകാരണങ്ങളിലൊന്ന് റബ്ബർ കാർഷിക മേഖലയുടെ തകർച്ചയാണെന്ന് നമുക്ക് കാണാൻ കഴിയും. ലോക വ്യാപാര കരാറിൽ അംഗമായതിനെത്തുടർന്ന് സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി അനിയന്ത്രിതമായി നടത്താൻ കഴിയുന്ന കേന്ദ്രസർക്കാരിന്റെ നിലപാടാണ്

റബ്ബർ കാർഷിക മേഖലയുടെ ഏറ്റവും വലിയ തകർച്ചയ്ക്ക് ഇടയാക്കിയിട്ടുള്ളത്. ഈ ഇറക്കുമതി നയം എല്ലാകാലത്തും കേന്ദ്രസർക്കാർ സ്വീകരിക്കുമ്പോൾ കേരളത്തിന്റെ റബ്ബർ കാർഷിക മേഖല തകർച്ചയിലേയ്ക്ക് പോകും. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാർഷികോൽപ്പന്നം എന്ന നിലയിൽ റബ്ബർ ഉൾപ്പടെയുള്ള കാർഷിക വിളകൾ സംബന്ധിച്ച് ഡോ. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് വന്നു. ഡോ. സ്വാമിനാഥൻ കമ്മീഷൻ 2006-ൽ കാർഷിക പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഉൽപ്പാദന ചെലവിന്റെ അടിസ്ഥാനത്തിലും കൃഷിക്കാരുടെ ജീവിത ചെലവുമായി ബന്ധപ്പെടുത്തിയും 300 രൂപ റബ്ബറിന് അടിസ്ഥാന വിലയായി നിശ്ചയിക്കണമെന്ന് ശിപാർശ ചെയ്തത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്രഗവൺമെന്റ് നിഷേധാത്മകമായ നിലപാടുമായി മുന്നോട്ടുപോകുന്നുവെന്നത് ഏറ്റവും പ്രതിഷേധാർഹമായ കാര്യം തന്നെയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് തിരുത്താൻവേണ്ടി

നമ്മൾ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെങ്കിലും ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. ഈയൊരു പശ്ചാത്തലത്തിൽ സംസ്ഥാന ഗവൺമെന്റിന് എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് ഗൗരവമായി ചിന്തിക്കേണ്ട ഒരു സന്ദർഭത്തിലാണിന്ന് കേരളത്തിന്റെ കാർഷികമേഖല നിൽക്കുന്നത്. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സംയോജിതമായ ഒരു ഇടപെടൽ നടത്തി കൃഷിക്കാരെ സഹായിക്കാൻ മുന്നോട്ടുവന്നുവെന്നത് പ്രത്യേകം ഇവിടെ പ്രസ്താവ്യമാണ്. ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞു, കേന്ദ്ര ഗവൺമെന്റിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടെന്ന്. കേന്ദ്ര ഗവൺമെന്റ് ആവശ്യമായ സഹായം ചെയ്യുന്നില്ല, ശരിയാണ്. കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നിവേദനം സമർപ്പിക്കുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതിനുപുറമെ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യാൻ തയ്യാറാകുകയാണെങ്കിൽ കൃഷിക്കാർക്ക് അത് ഏറ്റവും വലിയ ആശ്വാസമായി മാറുമെന്നുള്ളതാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ മാധ്യമങ്ങൾ മുഴുവൻ റിപ്പോർട്ട്

ചെയ്യുന്നതാണ് - റബ്ബറിന് താങ്ങുവില ആരാണ് തരുന്നത്; പഴിചാരി കേന്ദ്രവും സംസ്ഥാനവും. എല്ലാ മാധ്യമങ്ങളുടെയും പൊതു റിപ്പോർട്ടിംഗിന്റെ കാരണമെന്താണ്? കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ തയ്യാറാകുന്നുമില്ലെന്ന അവസ്ഥയാണ്. ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി ഏറ്റവും സുപ്രധാനമായ തീരുമാനമാണെടുത്തത് . റബ്ബറിന്റെ വില 60 - 70 രൂപയിലേയ്ക്ക് താഴ്ന്നുപോയപ്പോൾ കേന്ദ്രസഹായം കാത്തുനിൽക്കാതെ കൃഷിക്കാരെ സഹായിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റുതന്നെ നഷ്ടം സഹിച്ച് കൃഷിക്കാർക്കുവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുന്നുവെന്ന് പറഞ്ഞ് ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി കേരളത്തിൽ റബ്ബർ വിലസ്ഥിരതാ ഫണ്ട് 150 രൂപ നൽകുക എന്ന തീരുമാനമെടുത്തു. അന്ന് മന്ത്രിമാരായിരുന്ന ശ്രീ.പി. ജെ. ജോസഫ്, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയ നേതാക്കന്മാർ ഇന്ന് ഈ സഭയിലുള്ളവരാണ്.

150 രൂപ കൊടുക്കാനുള്ള തീരുമാനമെടുത്തപ്പോൾ അത് കേന്ദ്രം നൽകട്ടെയെന്നുപറഞ്ഞ് കാത്തുനിൽക്കുകയല്ല ചെയ്തത്; കേരളത്തിലെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുവന്ന് സംസ്ഥാന ഗവൺമെന്റും കൃഷിവകുപ്പും ചേർന്നുകൊണ്ട് കൃഷിക്കാർക്കുവേണ്ടി ആ പദ്ധതിക്ക് തുടക്കം കുറിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ആ പദ്ധതിയുടെ തുടർച്ചയെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എൽ.ഡി.എഫ് ജനങ്ങൾക്ക് കൊടുത്ത മറ്റൊരു വാഗ്ദാനമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നാൽ റബ്ബറിന്റെ വിലസ്ഥിരതാഫണ്ട് 250 രൂപയായി വർദ്ധിപ്പിക്കുമെന്നുള്ളതാണത്. ജനങ്ങൾ സ്വാഭാവികമായും വോട്ട് ചെയ്തിട്ടുണ്ടാകും. ജനങ്ങൾ എൽ.ഡി.എഫ്.-നെ അധികാരത്തിൽക്കൊണ്ടുവന്നിട്ട് ഇപ്പോൾ ഏഴര വർഷം പിന്നിടുന്നു. എട്ടാമത്തെ വർഷത്തിലേയ്ക്ക് കടക്കാൻപോകുകയാണ്. എൽ.ഡി.എഫ്. വാഗ്ദാനം നൽകിയ 250 രൂപയെങ്കിലും കൊടുക്കാനുള്ളൊരു മനസ്സ് ഇടതുപക്ഷ ഗവൺമെന്റ് ചെയ്യണമെന്നുള്ളതാണ് ഞങ്ങൾ മുഖ്യമായും

ഉന്നയിക്കുന്നത്. കൃഷിക്കാർ ഉന്നയിക്കുന്ന ന്യായമായ ആവശ്യം 300 രൂപയാണ്. അത് ഒറ്റയടിക്ക് സംസ്ഥാന ഗവൺമെന്റ് തരണമെന്ന് പറയുന്നില്ല. എൽ.ഡി.എഫ്. വാഗ്ദാനം ചെയ്ത 250 രൂപ കേരളത്തിലെ ഗവൺമെന്റ് കൊടുക്കാൻ തയ്യാറായാൽ  കേന്ദ്രത്തോടും കേരള നിയമസഭ ഒറ്റക്കെട്ടായി യോജിച്ചുനിന്നുകൊണ്ട് ആവശ്യപ്പെടാം. കേരളം 250 രൂപ നൽകും ബാക്കി കേന്ദ്രം നൽകണം. 300 രൂപ കേന്ദ്രത്തോട് ആവശ്യപ്പെടുന്നതിന് ന്യായമുണ്ട്. നമ്മളൊന്നും ചെയ്യാതിരുന്നതിനുശേഷം കേന്ദ്രം തരട്ടെയെന്ന് പറയുന്നതുമാത്രം ശരിയാണോ; ഇതാണ് പ്രതിപക്ഷം ചൂണ്ടിക്കാണിക്കുന്ന കാര്യം. അതുകൊണ്ട് എൽ.ഡി.എഫ് സർക്കാർ വാഗ്ദാനം നൽകിയ 250 രൂപ കൊടുക്കാൻ ആദ്യം തയ്യാറാകുക. അടിസ്ഥാനവില മൂന്നൂറ് രൂപ എന്നത് സംസ്ഥാന ഗവൺമെന്റുകൂടി അംഗീകരിക്കുക. ഈയൊരാവശ്യമാണ് മുഖ്യമായും ഞങ്ങൾ ഉന്നയിക്കുന്നത്. ഉള്ള കാശുപോലും ഇപ്പോൾ കൊടുക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും സങ്കടകരമായ കാര്യം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ മറുപടി ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നിയമസഭയിൽ

വിവിധ എം.എൽ.എ.-മാരുടെ ചോദ്യങ്ങൾക്ക് മറുപടിയായി അങ്ങ് പ്രധാനപ്പെട്ടൊരു ഉത്തരം നൽകിയിട്ടുണ്ട്. നിലവിൽ ഇവിടെ കൊടുത്തിട്ടുള്ള പണത്തിന്റെ വിശദാംശങ്ങളാണ് അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ രണ്ടാം പിണറായി ഗവൺമെന്റിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ 500 കോടി രൂപ പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷം കൈയടിക്കുവേണ്ടി അദ്ദേഹം നൂറ് കോടി രൂപയുംകൂടി കൂട്ടി 600 കോടി രൂപ പ്രഖ്യാപിച്ചു, 600 കോടിയെന്ന് പറയുമ്പോൾ നമ്മളോർത്തു, കൃഷിക്കാരുടെ 600 കോടി രൂപ കൈയിൽകിട്ടിയല്ലോയെന്ന്. 2021-22-ൽ നൽകിയത് 20 കോടി രൂപ. 2022-23-ൽ നൽകിയത് 33 കോടി രൂപ. 500 കോടി രൂപയും 600 കോടി രൂപയും ശുദ്ധ തട്ടിപ്പായിരുന്നുവെന്നുള്ളത് ഇവിടെ വ്യക്തമായി പുറത്തുവരികയല്ലേ? എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 270 കോടി രൂപയുടെ പദ്ധതി തുടങ്ങിയ സമയത്തുതന്നെ നൽകാൻ സാധിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷം ഈ പദ്ധതിയെങ്ങനെയാണ് പൊളിഞ്ഞുപോയത്; ഇത് സംസ്ഥാന ഗവൺമെന്റുതന്നെ മന:പൂർവ്വമായി

പൊളിക്കുകയാണോയെന്ന് റബ്ബർ കർഷകർ ഇന്ന് സംശയിക്കുന്ന സാഹചര്യവുമുണ്ട്. അതിന് കാരണമുണ്ട്. പ്രസ്തുത സ്കീമിലേയ്ക്ക് ബിൽ അപ്‌ലോഡ് ചെയ്യണമെങ്കിൽ സൈറ്റ് ഓപ്പണാകണം. ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ കൃഷി വകുപ്പുമന്ത്രി സൂചിപ്പിച്ചത്, എത്രയുംപെട്ടെന്ന് വെബ്‌സൈറ്റ് ഓപ്പണാകും, കൃഷിക്കാർക്ക് ബിൽ അപ്‌ലോഡ് ചെയ്യാനുള്ള സാഹചര്യമുണ്ടാക്കും, രജിസ്ട്രേഷന്റെ തീയതി നീട്ടും എന്നൊക്കെയാണ്. ഒന്നും നടന്നില്ല. ഏതായാലും ഇന്നലെ രാത്രി മുതൽ ഈ വെബ്‌സൈറ്റ് ഓപ്പൺ ആയിട്ടുണ്ട്. ഇന്ന് അടിയന്തരപ്രമേയ നോട്ടീസ് വരുന്നുവെന്ന് അറിഞ്ഞതുകൊണ്ടാണോ എന്നറിയില്ല. ഇന്നലെ വെബ്‌സൈറ്റ് ഓപ്പണായി. ഒരു കാര്യം അങ്ങ് പരിശോധിക്കേണ്ടതായിട്ടുണ്ട്. വളരെ നാമമാത്രമായ ബില്ല് മാത്രമാണ് റബ്ബർ കൃഷിക്കാർക്ക് ഇപ്പോൾ അപ്‌ലോഡ് ചെയ്യാൻ സാധിച്ചിട്ടുള്ളത്. ഭൂരിപക്ഷംവരുന്ന കൃഷിക്കാർക്കും ബിൽ അപ്‌ലോഡ് ചെയ്യാൻ സാധിച്ചിട്ടില്ല. കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാതെ നഷ്ടപ്പെട്ടുപോകുന്ന സാഹചര്യം നിലനിൽക്കുകയാണ്. പരമാവധി റബ്ബർ

കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിൽ സംസ്ഥാന ഗവൺമെന്റ് റബ്ബർ ബോർഡിനെ അടിയന്തരമായി ചർച്ചയ്ക്ക് വിളിക്കുകയും ഈ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുകയും വേണം. ഇന്നത്തെ അവസ്ഥയിൽ റബ്ബർ ബോർഡ് ഒരു നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. കൃഷിക്കാരന്റെ ആശ്രയമായികുന്ന റബ്ബർ ബോർഡ് അടച്ചുപൂട്ടൽ ഭീഷണിയിൽ നിൽക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് റബ്ബർ ബോർഡ് അടച്ചുപൂട്ടിക്കോട്ടെ എന്നമട്ടിൽ നിൽക്കുകയാണ്. ഞങ്ങൾ ചോദിച്ചിരുന്ന മറ്റൊരു ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ഒരു മറുപടിയുണ്ട്. റബ്ബർ വിലതകർച്ചമൂലം കൃഷിക്കാർ റബ്ബർ കൃഷി ഉപേക്ഷിക്കുന്നുണ്ടോ; റബ്ബർ വെട്ടി മാറ്റുന്നുണ്ടോ എന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സത്യസന്ധമായ മറുപടി നൽകിയിട്ടുണ്ട്. ഇവിടെ റബ്ബർ കൃഷി നിർത്തലാക്കിക്കൊണ്ടിരിക്കുന്നു, റബ്ബർ വെട്ടിമാറ്റിക്കൊണ്ടിരിക്കുന്നുവെന്ന്. 1035 ഹെക്ടർ സ്ഥലത്ത് റബ്ബർ വെട്ടിമാറ്റിയതായി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി തന്നെ കണക്കുകൾപ്രകാരം മറുപടി തന്നിരിക്കുകയാണ്. റബ്ബർ

കൃഷി നഷ്ടത്തിലായിരിക്കുന്ന സാഹചര്യത്തിൽ കർഷകർ റബ്ബർ മരങ്ങൾ വെട്ടിമാറ്റുന്നു. റബ്ബർ കൃഷി വേണ്ടെന്നുവയ്ക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ റബ്ബർ ഇവിടെനിന്നും പറിച്ചുമാറ്റി വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി വച്ചുപിടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും കേന്ദ്ര ഗവൺമെന്റ് എല്ലാവിധ സഹായവും ചെയ്തുകൊണ്ടിരിക്കുകയാണ്.

ഇവിടെ സബ്സിഡിയുടെ കാര്യത്തിൽപ്പോലും അന്യായമായ നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ റബ്ബർ റീപ്ലാന്റ് ചെയ്യുകയാണെങ്കിൽ റബ്ബർ ബോർഡ് കൊടുക്കുന്ന ആനുകൂല്യം 25000 രൂപയാണ്. എന്നാൽ വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽ റീപ്ലാന്റ് ചെയ്യുകയാണെങ്കിൽ സബ്സിഡി ഒന്നര ലക്ഷം രൂപയാണ്. എന്തൊരു വിവേചനമാണ്? സംസ്ഥാന ഗവൺമെന്റ് ഇതുവരെ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ? കേരളത്തിലെ റബ്ബർ കർഷകന് കിട്ടേണ്ട ഈ ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ട് വർഷങ്ങളാകുകയാണ്. ഇതുവരെ സംസ്ഥാന ഗവൺമെന്റോ കൃഷി വകുപ്പോ ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ടോയെന്ന്

അറിയില്ല, ഒരു ഗുണവും കിട്ടിയിട്ടില്ല. അതുകൊണ്ട് കേരളത്തിലെ റബ്ബർ കർഷകർക്കുകൂടി റീപ്ലാന്റ് ചെയ്യുന്നതിനായി ഒന്നരലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഇത്തരത്തിൽ ആനുകൂല്യങ്ങൾ മുഴുവൻ നിഷേധിച്ച് റബ്ബർ കാർഷിക മേഖലയെ പരിപൂർണ്ണമായും തകർക്കാൻ കേന്ദ്രഗവൺമെന്റ് എല്ലാ നടപടികളും ചെയ്തുകൊണ്ടിരിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റെങ്കിലും ആശ്വാസമായി വരണ്ടേ? സംസ്ഥാന ഗവൺമെന്റും അത് ചെയ്യുന്നില്ലെന്നുള്ളതാണ് റബ്ബർ കർഷകരുടെ പ്രതിഷേധം. കോട്ടയത്ത് ആയിരക്കണക്കിനാളുകൾ പങ്കെടുക്കുന്ന റബ്ബർ കർഷകരുടെ ലോങ് മാർച്ചും വലിയ പ്രതിഷേധ സമ്മേളനങ്ങളും നടത്തിയപ്പോൾ റബ്ബർ അടിസ്ഥാനവില 300 രൂപയാക്കുകയെന്ന വിഷയം ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് കൃഷിക്കാർ ചൂണ്ടിക്കാണിച്ചു. അതിനുവേണ്ടി ശക്തമായ നിലപാടെടുക്കണമെന്ന റബ്ബർ കർഷകരുടെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ടാണ് ഈ വിഷയം ഞങ്ങൾ അടിയന്തര പ്രമേയമായി

കൊണ്ടുവന്നത്. കേരളത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിക്കാനും റബ്ബർകൃഷി നാളെകളിൽ നിലനിൽക്കാനുംവേണ്ടി റബ്ബറിന് 300 രൂപ അടിസ്ഥാനവില കൊടുക്കാൻ കഴിയുന്ന വിധത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ നടപടികളുണ്ടാകുന്നതിനും മറ്റാനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനുംവേണ്ടി റബ്ബർ കർഷകരോട് സംസ്ഥാന ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ അടിയന്തര പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, റബ്ബർ കർഷകരുടെ വികാരങ്ങൾ അദ്ദേഹം ഈ സഭയിൽ ഉന്നയിച്ചതിനോട് വളരെ അനുകൂലമായ നിലപാട് തന്നെയാണ് സർക്കാരിനുള്ളത്. റബ്ബർ കർഷകരുടെ കാര്യങ്ങളിൽ സംസ്ഥാന സർക്കാരും അനുകൂലമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര നയങ്ങളാണ് ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്നുള്ളത് ശ്രീ. മോൻസ് ജോസഫ് നിരവധി തവണ ആവർത്തിച്ച് സൂചിപ്പിക്കുകയുണ്ടായി. ആ കേന്ദ്ര നയങ്ങൾക്കെതിരെയാണ്

നമ്മൾ ശക്തമായി സമര രംഗത്തേയ്ക്ക് വരേണ്ടത്. അക്കാര്യത്തിൽ രണ്ടുചേരിയായിനിന്ന് അഭിപ്രായങ്ങൾ പറയുകയല്ല വേണ്ടത്. കേന്ദ്രം കാണിക്കുന്ന ഈ അവഗണനയ്ക്കും അനീതിക്കുമെതിരായി ശക്തമായ സമരപാതയിലേയ്ക്ക് കേരളം ഒറ്റക്കെട്ടായി മാറുകയാണ് ചെയ്യേണ്ടത്. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്നതുകൊണ്ട് അത്തരമൊരു പരിപാടിക്ക് ഞങ്ങളിപ്പോൾ വരില്ലെന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. അത് സ്വാഭാവികമായും രാഷ്ട്രീയമായിരിക്കാം. പക്ഷേ റബ്ബർ കർഷകരെ സഹായിക്കുകയെന്നതാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഉന്നമെങ്കിൽ ഇതിനകത്തെ മുഖ്യപ്രതിയെ കാണാതെ പോകരുത്. കേന്ദ്രമാണ് ആ മുഖ്യ പ്രതി. നിരവധി കാര്യങ്ങൾ അദ്ദേഹം ഇവിടെ ഉന്നയിക്കുകയുണ്ടായി. നിരവധി നിവേദനങ്ങൾ കൊടുക്കുകയും നിരവധി തവണ ഇവരെയെല്ലാം കണ്ട് ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമനെ കണ്ട അനുഭവം ഈ സഭ അറിയേണ്ടത് അത്യാവശ്യമാണ്. കൂടുതൽ വില നൽകി റബ്ബർ ഏറ്റെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോ സംസ്ഥാന ഗവൺമെന്റിനോ

ടയർ കമ്പനികളെ നിർബന്ധിക്കാൻ കഴിയുമോയെന്ന് കഴിഞ്ഞ പ്രാവശ്യത്തെ കാർഷികമേഖലയിലെ വിലയിടിവ് പ്രശ്നം ഉന്നയിച്ചുകൊണ്ടുള്ള അടിയന്തരപ്രമേയ ചർച്ചയ്ക്കുശേഷം ആദരണീയനായ പ്രതിപക്ഷനേതാവ് ചോദിക്കുകയുണ്ടായി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഞാനുൾപ്പെടെയുള്ള സംഘത്തോട് അന്ന് പറഞ്ഞത്: നിങ്ങൾ ടയർ കമ്പനിക്കാരെയെല്ലാം വിളിച്ചുചേർത്ത് അവരോട് കേരളത്തിലെ റബ്ബർ കൂടിയ വിലയ്ക്ക് വാങ്ങാൻ പറയണമെന്നാണ്. നടക്കാത്ത ഇത്തരം കാര്യങ്ങളാണ് അവർ നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. റബ്ബറിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന കമ്പനികളുടെ ഒരു കൺസോർഷ്യമുണ്ടാക്കുകയും അവരെ വിളിച്ചുകൂട്ടുകയും അവരോട് ഉയർന്ന നിരക്കിൽ കേരളത്തിലെ കർഷകരുടെ റബ്ബർ വാങ്ങിക്കണമെന്നും അതിനായി സംസ്ഥാന ഗവൺമെന്റ് നിർബന്ധിക്കണമെന്നുമാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി എന്നോട് നേരിട്ട് പറഞ്ഞത്. റബ്ബർ ഇറക്കുമതി ചെയ്യുന്നതിന് കുറവ് വരുത്തിയാൽ അല്ലെങ്കിൽ ഇറക്കുമതി ചുങ്കം കൂട്ടിയാൽ ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാകുകയില്ലേയെന്ന് ചോദിക്കുമ്പോൾ

ശ്രീമതി നിർമ്മല സീതാരാമൻ പറഞ്ഞത് ഈ കരാർ ഞങ്ങളുടെ കാലത്തുള്ളതല്ല കോൺഗ്രസ്സിന്റെ കാലത്തുണ്ടായിരുന്ന കരാറാണെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറുകയും നിങ്ങൾ കൺസോർഷ്യമുണ്ടാക്കു, നിങ്ങൾ ടയർ കമ്പനിക്കാരെ വിളിച്ച് ചർച്ച ചെയ്യൂ, വലിയ വിലയ്ക്ക് വാങ്ങാൻ പറയൂ, ഞങ്ങൾ കൂടി ഇടപെടാമെന്ന് പറയുകയുമായിരുന്നു. ഒരിടപെടലും നാളിതുവരെ കേന്ദ്രം നടത്തിയിട്ടില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ നിരവധിയായ കരാറുകളുടെയെല്ലാം ദുരന്തവും ദുരിതവും അനുഭവിക്കേണ്ട അവസ്ഥയിലേക്ക് കേരളത്തിലെ കർഷകരെത്തി. അതിനകത്ത് റബ്ബർ കർഷകരുമുണ്ട്. ഒരിക്കലും നന്മ ലഭിക്കാത്തൊരു നസ്രേത്തായി ഒരു കേന്ദ്ര ഗവൺമെന്റ് അവിടെ നില്ക്കുമ്പോൾ നമ്മൾ ഈ പ്രതിഷേധം കടുപ്പിക്കേണ്ടത് എങ്ങോട്ടാണ്; നമ്മൾ ഈ കാര്യങ്ങൾ ഉന്നയിക്കേണ്ടത് എവിടേക്കാണ്? ശ്രീ. മോൻസ് ജോസഫ് നിങ്ങൾ ഇത്രയെങ്കിലും ചെയ്തിട്ട് നമുക്ക് പിന്നീട് പറയാം എന്നുപറഞ്ഞു. നമ്മൾ ഇവിടെ ഒരു സീലിംഗ് നിശ്ചയിച്ചിട്ട് പിന്നീട് നമുക്ക് പറയാമെന്നല്ല പറയേണ്ടത്. കേന്ദ്രം നമുക്ക് നൽകേണ്ടത് നല്കുക എന്നതുതന്നെയാണ് വേണ്ടത്. അക്കാര്യത്തിലുള്ളൊരു ഇടപെടലാണ്

നമ്മൾ എല്ലാവരും കൂടിച്ചേർന്ന് നടത്തേണ്ടതെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര ഗവൺമെന്റിനെതിരെ ശക്തമായൊരു നിലപാട് സ്വീകരിക്കണമെന്ന് പറയുമ്പോൾ ആ നിലപാട് സ്വീകരിക്കുകയല്ലാതെ ഇക്കാര്യത്തിൽ വേറെയൊന്നും നമുക്ക് ചെയ്യാനില്ല, അല്ലെങ്കിൽ നമ്മൾ വേറെയൊന്നിനും വരില്ലെന്ന് പറയുന്നത് ശരിയല്ലെന്നേ സൂചിപ്പിച്ചുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പ്രകടന പത്രികയുടെ കാര്യം അവസാനം പറയാനായി തീരുമാനിച്ചിരുന്നതായിരുന്നു. എൽ.ഡി.എഫ്-ന്റെ പ്രകടന പത്രിക ഞാൻ വായിക്കാം. "റബ്ബറിന്റെ റീ-പ്ലാന്റിംഗ് സബ്സിഡി ഉയർത്തുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തും." ചെലുത്തിയിട്ടുണ്ട്. "റബ്ബറിന്റെ സംഭരണ വില 250 രൂപയായി ഉയർത്തുന്നതിൽ ഒരു ഭാഗം കേന്ദ്ര സർക്കാർ വഹിക്കണമെന്നാവശ്യപ്പെട്ട് ശക്തമായ ജനകീയ പ്രക്ഷോഭത്തിന് മുൻകൈ എടുക്കും." 250 രൂപയായി ഉയർത്തുന്നതിന് കേന്ദ്രത്തിന്റെ കൂടി സഹായം ആവശ്യമുണ്ടെന്ന് തന്നെയാണ് പറഞ്ഞിരുന്നത്. 250 രൂപയായി ഉയർത്തുന്നതിന് നമുക്ക് കേന്ദ്ര സർക്കാരിന്റെ സഹായം ആവശ്യമുണ്ട്. വിലവർദ്ധനവിന്റെ

കാര്യത്തിൽ മാത്രമല്ല റീ-പ്ലാന്റിംഗിന്റെ കാര്യത്തിലും കേന്ദ്രത്തിൽ എല്ലാ തരത്തിലുള്ള സമ്മർദ്ദങ്ങളും ചെലുത്തിയിട്ടുണ്ട്. അതോടൊപ്പം റബ്ബർ ലാറ്റക്സും, റബ്ബർ ഷീറ്റും കാർഷികോല്പന്നമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാറിൽ സമ്മർദം ചെലുത്തും. റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തും. കോട്ടയത്ത് ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ മിച്ചഭൂമിയിൽ ടയർ ഫാക്ടറി അടക്കമുള്ള റബ്ബർ പാർക്ക് സ്ഥാപിക്കും. ഇതെല്ലാം ഇതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.-ന്റെ പ്രകടന പത്രികയിൽ പറഞ്ഞതാണ്. ആ റബ്ബർ പാർക്ക് കോട്ടയത്ത് യാഥാർത്ഥ്യമാകുകയാണ്. ഈ വർഷം തന്നെ അതിന്റെ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു, റബ്ബർ ബോർഡുമായി ചർച്ച ചെയ്യണമെന്ന്. ചർച്ചകൾ നടത്തി. ഇപ്പോൾ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ ഡി.പി.ആർ. പ്രിപ്പയർ ചെയ്ത് നല്കിയിരിക്കുന്നത് റബ്ബർ ബോർഡാണ്. അപ്പോഴും റബ്ബർ ബോർഡ് കേരളത്തിലെ റബ്ബർ കൃഷിയോടും കർഷകരോടും കാണിക്കുന്ന നിഷേധാത്മക സമീപനമുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറോട് പൂർണ്ണമായും യോജിക്കുകയാണ്. എന്നാൽ സംസ്ഥാന സർക്കാർ റബ്ബർ

ബോർഡുമായി ചർച്ചകൾ നടത്തുന്നില്ല, അവരുമായി ആലോചന നടത്തുന്നില്ല എന്നുപറയുന്നത് ശരിയല്ല. ഡി.പി.ആർ. പോലും തയ്യാറാക്കി നല്കിയിരിക്കുന്നത് റബ്ബർ ബോർഡാണ്. ഇൻസെന്റീവ് സ്കീമിന്റെ കാര്യം പറഞ്ഞു. 2015-16-ൽ 270 കോടി രൂപ നല്കി. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 2021-22-ൽ 20 കോടിയുടെയും പിന്നീട് 58 കോടിയുടേയും കണക്ക് പറഞ്ഞപ്പോൾ, ഏതാണ്ട് 270 കോടി രൂപ ഒരു ഗവൺമെന്റിന്റെ കാലത്ത് നൽകുകയും ബാക്കി സർക്കാരുകളെല്ലാം വളരെ ചെറിയ തുക മാത്രമാണ് നല്കിയിരിക്കുന്നതെന്നൊരു ധാരണ പരത്തുന്നതിന് ബഹുമാനപ്പെട്ട മെമ്പർ ശ്രമിക്കുകയുണ്ടായി. കണക്കിൽ ഒരു ഭാഗം മാത്രം വായിച്ച് നിർത്തുകയായിരുന്നു. നാളിതുവരെ 1993.36 കോടി രൂപ ഈ ഇനത്തിൽ നമ്മൾ കർഷകർക്ക് നല്കിയിട്ടുണ്ട്. അതിൽനിന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ 270 കുറച്ചാൽ എത്രവരുമെന്ന് ആലോചിച്ച് നോക്കാവുന്നതേയുള്ളൂ. ഇങ്ങനെയൊരു സ്കീമിനോട് ഗവൺമെന്റിന് താല്പര്യക്കുറവായിരുന്നുവെങ്കിൽ ഇത്രയും തുക അങ്ങനെ

കൊടുക്കുമായിരുന്നോയെന്ന് ഒന്ന് ആലോചിച്ച് നോക്കുക. ഞാൻ വർഷങ്ങൾ പറയുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.ഡി. സതീശൻ): സർ, വർഷംകൂടി പറഞ്ഞാൽ നന്നായിരുന്നു.

ശ്രീ. പി. പ്രസാദ്: സർ, ഞാൻ പറയാം 2016-17 ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ 410 കോടി രൂപ. 2017-18-ൽ 225 കോടി രൂപ, 2018-19-ൽ 358 കോടി രൂപ, 2019-20-ൽ 218 കോടി രൂപ, 2020-21-ൽ 269 കോടി രൂപ, 2021-22 -ൽ 20 കോടി രൂപ, 2022-23 -ൽ 58 കോടി രൂപ, 2023-24 ഇപ്പോൾ 161.52 കോടി രൂപ. ഇത് നമ്മുടെ മുന്നിലുള്ള കണക്കാണ്. ഈ കണക്കിനകത്ത് ചില കാലങ്ങളിൽ റബ്ബറിന്റെ വില ഉയർന്നുനിന്നപ്പോൾ അത്രയും ആവശ്യക്കാർ ഉണ്ടായിരുന്നില്ല. അതാണ് തുകയിൽ കുറവ് വന്നിട്ടുള്ളത്. അല്ലാതെ തുക നല്കാതിരുന്നിട്ടില്ല.

ശ്രീ. വി.ഡി. സതീശൻ: സർ, പെൻഡിംഗ് ഇല്ലേ?

ശ്രീ. പി. പ്രസാദ്: സർ, പെൻഡിംഗുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്. പെൻഡിംഗില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല.

റബ്ബർ ബോർഡ് സർട്ടിഫൈ ചെയ്ത് തരുന്ന ബില്ല് ധനകാര്യ വകുപ്പിലേയ്ക്കെത്തി പരിശോധന കഴിഞ്ഞ് അതിനനുസരിച്ച് തുക കൊടുക്കുന്ന നിലപാടാണ് ചെയ്യുന്നത്. അങ്ങനെയാണ് ഈ സ്കീം. ധനകാര്യ വകുപ്പ് വഴിയാണ് ഈ സ്കീം നടപ്പിലാക്കുന്നതെന്ന് അറിയാമല്ലോ. കെ.എം. മാണി അവതരിപ്പിച്ച കാലം മുതൽ അങ്ങനെയാണ് ഈ സ്കീം നടന്നുകൊണ്ടിരിക്കുന്നത്. അതിനനുസരിച്ച് റബ്ബർ ബോർഡ് സാംഗ്ഷൻ ചെയ്ത് വരുന്ന ബില്ലുകൾ പരിശോധിച്ച് ഈ തുക നല്കുന്ന പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ചിലപ്പോഴെല്ലാം ഒരു നിശ്ചിത സമയത്തേക്കുള്ള പെൻഡിംഗ് എല്ലാമുണ്ടാകും. കർഷകർക്ക് ഇത് നല്കുന്നതിനുള്ള വെബ്സൈറ്റ് ഇന്നലെയാണ് ഓപ്പൺ ചെയ്തതെന്ന് പറയുന്നത് ശരിയല്ല. ഞാൻ മൂന്ന് ദിവസം മുമ്പ് നോക്കുമ്പോഴും സൈറ്റ് ഓപ്പണായിരുന്നു. എന്റെ അനുഭവമാണ് പറഞ്ഞത്. ഇനി എന്താണെന്ന് എനിക്കറിയില്ല. മൂന്ന് ദിവസം മുമ്പ് ഓപ്പണായിരുന്നു. ഈ പദ്ധതിയിൻകീഴിൽ പുതുതായി രജിസ്റ്റർ ചെയ്യാൻ മൂന്ന് മാസം കൂടി കർഷകർക്ക് അവസരവും നല്കിയിട്ടുണ്ട്. ബില്ല് അപ് ലോഡ് ചെയ്യാൻ

സാങ്കേതിക തടസ്സങ്ങൾ വന്നിട്ടുണ്ടെങ്കിൽ അത് അപ് ലോഡ് ചെയ്യുന്നതിനും കുടിശ്ശികയില്ലാതെ സബ്സിഡി തുക വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നുകൂടി അറിയിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, എൻ.ഐ.സി. എന്നൊരു കമ്പനിക്കാണ് സൈറ്റിന്റെ ചുമതല നല്കിയിരുന്നത്. അവർക്ക് സർക്കാർ നൽകേണ്ട തുക നല്കിയിട്ടില്ല. അതുകൊണ്ടാണ് ഈ സൈറ്റ് അവർ ക്ലോസ് ചെയ്ത് പ്രതിസന്ധിയിലേയ്ക്ക് പോയത്. ഇക്കാര്യം പരിശോധിക്കുന്നത് നല്ലതാണ്.

ശ്രീ. പി. പ്രസാദ്: സർ, എൻ.ഐ.സി. എന്നതൊരു കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്. ഈ പറയുന്ന എന്തെങ്കിലും പ്രശ്നമുണ്ടോയെന്നത് എന്റെ ശ്രദ്ധയിൽപ്പെടാത്ത കാര്യമായതുകൊണ്ട് ഞാൻ അതിന് മറുപടി നല്കുന്നില്ല. അക്കാര്യം പരിശോധിക്കാം. സാങ്കേതികമായ തകരാറുണ്ടെങ്കിൽ അതെല്ലാം പരിഹരിച്ചുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിയും. റബ്ബർ കൃഷിയിൽ വർദ്ധനയുണ്ടായിട്ടുണ്ട്. 2015-16-ൽ ടാപ്പ് ചെയ്യുന്ന റബ്ബറിന്റെ ഏര്യ 296465

ഹെക്ടർ ആയിരുന്നത് 2021-22-ൽ 355700 ഹെക്ടറായി വർദ്ധിച്ചു. ഉല്പാദനം 438630 ടൺ ആയിരുന്നത് 556600 ടൺ ആയി വർദ്ധിച്ചു. ഞാൻ പറയുന്നത് ഈ പ്രതിസന്ധിക്കിടയിലും ചെയ്തുവെന്ന് മാത്രമല്ല ഈ വർദ്ധന വരുന്നതനുസരിച്ച് 117970 ടണ്ണിന്റെ ഉല്പാദന വർദ്ധന ഉണ്ടായിട്ടുണ്ട്. ഈ സമയത്തുതന്നെ അനിയന്ത്രിതമായി റബ്ബർ ഇറക്കുമതി ചെയ്യുകയാണ്. ഞാൻ അതുപറയാനായിട്ടാണ് ഇത് സൂചിപ്പിച്ചത്. 2015-16-ൽ 458324 ടൺ ഇറക്കുമതി എന്നുള്ളത് 2021-22 ആയപ്പോൾ 546361 ടൺ ആയി വർദ്ധിച്ചു. ഇതിൽ 40.5 ശതമാനം ആസിയാൻ കരാറിന്റെ ഭാഗമായി തീരുവയില്ലാതെ ഇറക്കുമതി ചെയ്തതാണ്. ഈ കരാറുകൾ നമ്മളെ കൊണ്ടെത്തിച്ചത് എവിടേക്കാണ്? ഞാൻ അതിന്റെ രാഷ്ട്രീയത്തിലേക്ക് വരുന്നില്ല. സാധാരണക്കാരുടെ മുഖം പ്രതിഫലിപ്പിക്കേണ്ട കരാറുകളാണ് ഉണ്ടാകേണ്ടതെന്ന് അപ്പുറത്തിരിക്കുന്ന പലരും പറഞ്ഞു പക്ഷേ, യു.പി.എ. ഗവൺമെന്റിന്റെ കാലത്തും പിന്നീട് ഇങ്ങോട്ടും കേന്ദ്രം ഈ കരാറുമായി മുന്നോട്ടുപോയതിന്റെ ഭാഗമായി നമുക്കുണ്ടാകുന്ന പ്രതിസന്ധി ചെറുതല്ല. അതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ സഹായിച്ചേ

മതിയാകുവെന്ന് പറയുന്നത്. അതുകൊണ്ട് കേന്ദ്രം സഹായിക്കുന്നത് കാത്ത് നില്ക്കാതെ കേരളമങ്ങ് ചെയ്യണമെന്ന് പറയുന്നത് ശരിയായ സമീപനമല്ല. റബ്ബർ ബോർഡുമായി നമുക്കിതെല്ലാം ചർച്ച ചെയ്യാം. കേരളത്തിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നില്ക്കുന്ന ആൾക്കാരെ എങ്ങനെയെല്ലാം സഹായിക്കാൻ കഴിയുമെന്ന് തന്നെയാണ് സംസ്ഥാന സർക്കാർ നോക്കുന്നത്. സാമ്പത്തികമായ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമുണ്ടെങ്കിലും റബ്ബർ കർഷകരെ സഹായിക്കാനായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതാണ്. ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്ന സാഹചര്യമായതിനാൽ മറ്റ് വിശദാംശങ്ങൾ പറയുന്നത് ശരിയല്ല. എങ്കിലും ഒരുകാര്യം കൂടി സഭ മുമ്പാകെ പറയേണ്ടതുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ (കേര) പദ്ധതി 2024 ഏപ്രിൽ മുതൽ നടപ്പിലാക്കാൻ തുടങ്ങുകയാണ്. പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ റബ്ബർ മേഖലയെയാണ് ഗൗരവതരമായി കാണുന്നതെന്നത് സഭയുടെ അറിവിലേയ്ക്കായി പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

കേരളത്തിലെ റബ്ബർ മേഖലയെ എങ്ങനെയെല്ലാം സഹായിക്കാൻ കഴിയുമെന്നുള്ള കാര്യങ്ങൾ പരിശോധിച്ച് അതിനനുസരിച്ചുള്ള പരിപാടികൾ ഇതിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ റീ-പ്ലാന്റിംഗ് സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. കേരളത്തിലെ റബ്ബർ കർഷകർ നേരിടുന്ന ഒരു വലിയ പ്രശ്നമാണത്. അതുകൊണ്ട് റീപ്ലാന്റേഷന് സഹായങ്ങൾ നൽകേണ്ടതുണ്ട്. വരുന്ന അഞ്ച് വർഷക്കാലം കേരളത്തിലെ 30000 ഹെക്ടർ റബ്ബർ കൃഷി റീ-പ്ലാന്റ് ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായമായി 225 കോടി രൂപ നൽകുമെന്ന കാര്യം അറിയിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. ബഡ്ജറ്റിന് പുറത്തുനിന്നുള്ള തുകയാണ് ഇതിനായി അനുവദിക്കുന്നത്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 'കേര' പദ്ധതി വരുമ്പോൾ 2,370 കോടി രൂപയുടെ സഹായമാണ് കേരളത്തിലെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ലഭിക്കാൻ പോകുന്നത്. അതിൽ റീപ്ലാന്റിംഗിനായി 225 കോടി രൂപ 5 വർഷംകൊണ്ട് സഹായധനം നൽകുന്നുണ്ട്. ഏകദേശം അരലക്ഷത്തിലധികം കർഷകർക്ക് ആ ഘട്ടത്തിൽത്തന്നെ നേരിട്ട് ഈ സഹായം ലഭ്യമാകും. ഹെക്ടറൊന്നിന് 75,000

രൂപയോളം എന്ന തരത്തിലാണ് നമ്മളിപ്പോൾ ആലോചിക്കുന്നത്. ഇതുകൂടാതെ, കർഷകർക്കുള്ള പരിശീലനത്തിനുള്ള സഹായവും നൽകുന്നുണ്ട്. ഏറ്റവും നല്ല തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നഴ്സറികൾക്ക് ധനസഹായം നൽകും. 28 നഴ്സറികളുള്ളതിൽ ഒരു നഴ്സറിക്ക് ആറ് ലക്ഷം രൂപ എന്ന നിരക്കിൽ സഹായം അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം Partial Credit Guarantee Support എന്ന തരത്തിൽ 100 കോടിയോളം രൂപ നീക്കിവച്ചിരിക്കുകയാണ്. റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബർ കൃഷി പരിപോഷിപ്പിക്കുന്നതിനുമായി 300 കോടിയിലധികം രൂപ 2024 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതിയിലൂടെ റബ്ബർ കാർഷിക മേഖലയിലേയ്ക്കെത്തുമെന്ന പ്രത്യേകതയുണ്ട്. ഇത് സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ചെയ്തതാണ്. ഇക്കാര്യങ്ങൾ കേന്ദ്ര സഹായമില്ലാതെയാണ് സംസ്ഥാനം നടപ്പിലാക്കുന്നതെന്ന് ആലോചിക്കണം. സംസ്ഥാന സർക്കാർ റബ്ബർ കർഷർക്കുവേണ്ടി ഒന്നും ചെയ്യാതെ ഇരിക്കുകയല്ല. സംസ്ഥാന സർക്കാർ സാധ്യമാകുന്ന ഇടങ്ങളിൽനിന്നെല്ലാം സഹായങ്ങൾ ലഭ്യമാക്കി

കേരളത്തിലെ കർഷകരെയും റബ്ബർ കർഷകരെയും സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി റീപ്ലാന്റിംഗിനായി സാമ്പത്തിക സഹായം, വായ്പാ അധിഷ്ഠിത പുനഃനടീൽ പദ്ധതി എന്നിങ്ങനെ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിലെ റബ്ബർ കൃഷി വിപുലപ്പെടുത്തി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ 'കേര'യുടെ ഭാഗമായി 2024 ഏപ്രിൽ മുതൽ നടപ്പിലാകും. ഇത് ബഡ്ജറ്റിന് പുറത്തുള്ള കാര്യമാണെന്ന് വീണ്ടും പറയുകയാണ്. കേരളത്തിലെ ഗവൺമെന്റ് റബ്ബർ കർഷകരെ സഹായിക്കുന്നതിനായി എല്ലാ നിലപാടുകളും നടപടികളും സ്വീകരിക്കും. കർഷകന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഗൗരവത്തിൽ കണ്ടുകൊണ്ട് തന്നെയായിരിക്കും ഈ സർക്കാർ അതിന് പരിഹാരവുമായി മുന്നോട്ടുപോകുന്നത്. പ്രധാനപ്പെട്ട കുറ്റവാളികളായി നിൽക്കുന്ന കേന്ദ്രസർക്കാരിനെതിരായി നമ്മളെല്ലാവരും യോജിച്ച് മുന്നോട്ട് പോകുകയാണ് വേണ്ടത്. അടിയന്തരപ്രമേയമല്ല. നമ്മൾ ഒന്നിച്ച് കേന്ദ്രത്തോട് ആവശ്യപ്പെടുകയെന്നുള്ള നിലപാട് സ്വീകരിച്ചില്ലെങ്കിൽ, യഥാർത്ഥത്തിൽ ഈ പ്രശ്നങ്ങളും പ്രയാസങ്ങളുമെല്ലാം വരുത്തുന്ന കേന്ദ്രം

ച്ചുവിൽ രക്ഷപ്പെട്ട് പോകുന്ന അവസ്ഥയിലെത്തും. കേരളത്തിൽ അവരുടെ ആളുകൾ നിന്നിട്ട് കേരളത്തിന്റെ എന്തോ കുഴപ്പം കൊണ്ടാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നതെന്ന ധാരണ പരത്താൻ ശ്രമിക്കുമ്പോൾ, കേരളത്തിലെ നിയമസഭ റബ്ബർ കർഷകരോട് താൽപ്പര്യം കാണിക്കുമ്പോൾ കേന്ദ്രത്തിനെതിരെയാണ് പ്രതിഷേധം കാണിക്കേണ്ടത്. പ്രതിസന്ധികൾക്കിടയിലും കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കാൻ 300 കോടിയോളം രൂപ ഇപ്പോൾത്തന്നെ ചെലവഴിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് കേരളത്തിലെ ഗവൺമെന്റ് ചെയ്യുന്നത്. ഇക്കാര്യത്തിൽ കുറ്റവാളികൾ കേന്ദ്രമായതിനാൽ യോജിച്ചുനിന്ന് പ്രക്ഷോഭത്തിനും സമ്മർദ്ദത്തിനുമാണ് നമ്മൾ മുതിരേണ്ടത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് സഭയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സർക്കാരും പ്രതിപക്ഷവും പറഞ്ഞതുപോലെ കേരളത്തിലെ റബ്ബർ കർഷകർ അവരുടെ എക്കാലത്തെയും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. റബ്ബർ വിലസ്ഥിരതാ ഫണ്ട് 300 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.മോൻസ് ജോസഫ്, എം.എൽ.എ.-യുടെ നേതൃത്വത്തിൽ കടുത്തുരുത്തി മുതൽ കോട്ടയം വരെ നടത്തിയ ഒരു മാർച്ചിൽ വലിയ ജനപങ്കാളിത്തവും കർഷക പങ്കാളിത്തവുമുണ്ടായി. ധാരാളം റബ്ബർ കർഷകർ പരാതിയും സങ്കടങ്ങളുമായി ഈ മാർച്ച് ഉദ്ഘാടനം ചെയ്ത ശ്രീ. പി. ജെ. ജോസഫിന്റെയും ഞങ്ങളുടെ എല്ലാവരുടെയും അടുത്തേയ്ക്ക് വന്നു. അവർ വളരെ ദയനീയ സ്ഥിതിയിലാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്കുവഹിക്കുന്ന, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുള്ള സ്ഥലങ്ങളിലെല്ലാം തന്നെയാണ് റബ്ബർ കൃഷി നടക്കുന്നത്. ഒരു കാലഘട്ടത്തിൽ കേരളത്തിലെ സമ്പദ്ഘടനയ്ക്ക് കാർഷിക മേഖലയിൽനിന്നുള്ള ഏറ്റവും വലിയ പിന്തുണ ലഭിച്ചിരുന്നത് റബ്ബർ

കർഷകരുടെ ഭാഗത്തുനിന്നായിരുന്നു. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്വാഭാവിക റബ്ബറിന്റെ 90 ശതമാനവും ഉല്പാദിപ്പിക്കപ്പെടുന്നത് കേരളത്തിലാണ്. കേരളത്തിലെ റബ്ബർ ബോർഡ് large level growers-നും small level growers-നുമെല്ലാം ഒരുപോലെ സഹായകരമായ നിലപാടാണ് വർഷങ്ങളായി സ്വീകരിച്ചുകൊണ്ടിരുന്നത്. കേരളത്തിലെ റബ്ബർ കൃഷിക്ക് എറ്റവും കൂടുതൽ പ്രോത്സാഹനം നൽകിയത് റബ്ബർ ബോർഡായിരുന്നു. ശാസ്ത്രീയമായി കൃഷി നടത്താനും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും റബ്ബർ ബോർഡ് നിസ്തുലമായ പങ്കാണ് വഹിച്ചത്. പക്ഷെ ദൗർഭാഗ്യവശാൽ ഇപ്പോൾ റബ്ബർ ബോർഡ് കേരളത്തിലെ റബ്ബർ കൃഷിക്ക് കൊടുക്കുന്ന പിന്തുണയിൽനിന്നും പൂർണ്ണമായി പിന്മാറുകയാണ്. റബ്ബർ ഇൻസെന്റീവ് സ്കീം ഉൾപ്പെടെയുള്ള 25 പദ്ധതികളാണ് പൂർണ്ണമായും റബ്ബർ ബോർഡ് നിർത്തലാക്കിയത്. നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളിലേയ്ക്ക് പൂർണ്ണമായും റബ്ബർ ബോർഡിന്റെ പ്രവർത്തനം മാറുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. റബ്ബർ മരങ്ങൾ വെട്ടിമാറ്റി മറ്റ് വിളകൾ കൃഷി ചെയ്യുന്ന രീതി ഇപ്പോൾ നമ്മുടെ നാട്ടിലുണ്ടായിക്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യംകൂടി നമ്മൾ

തിരിച്ചറിയണം. ഇവിടെ പറഞ്ഞതുപോലെ അതിന് ഒന്നാം പ്രതി കേന്ദ്ര സർക്കാർ തന്നെയാണ്. കാരണം ഇവിടെ ഇറക്കുമതി ഭയങ്കരമായി വർദ്ധിക്കുകയാണ്. റബ്ബറിന്റെ 83 ശതമാനം ഇറക്കുമതിയിലേയ്ക്ക് വരികയാണ്. ഇറക്കുമതി വർദ്ധിക്കുന്തോറും റബ്ബറിന്റെ വിലയിടിവ് വീണ്ടും താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. സ്വാഭാവിക റബ്ബർ മാത്രമല്ല കാർബൺ മിശ്രിതമുള്ള റബ്ബർ കോമ്പൗണ്ടും ഇറക്കുമതി ചെയ്യുന്നുണ്ട്. ഒന്നര ലക്ഷം മെട്രിക് ടൺ ആണ് ഈ സമീപകാലത്ത് ഇറക്കുമതി ചെയ്തത്. റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ബലൂൺ, റബ്ബർ ബാൻഡ്, ഗ്ലൗസ്, മറ്റ് ഉൽപ്പന്നങ്ങൾ തുടങ്ങിയവയെല്ലാം ഇറക്കുമതി ചെയ്യുകയാണ്. ഇതെല്ലാം ഇറക്കുമതി ചെയ്യുന്നതോടുകൂടി റബ്ബറിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കാനുള്ള സാധ്യതകൾ നമുക്കില്ലാതായി മാറുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, ചിരട്ടപ്പാൽ വ്യാപകമായി ഇറക്കുമതി ചെയ്യാനുള്ള നീക്കവും കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം കൂടിയാകുമ്പോഴേയ്ക്കും റബ്ബറിന്റെ

വില ഇനിയും താഴേയ്ക്ക് പോകുന്ന ഒരു പ്രതിസന്ധിയാണ് നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, റബ്ബർ കമ്പനികൾക്ക് നേരിട്ട് ഇറക്കുമതി ചെയ്യാനും ആഫ്രിക്കൻ രാജ്യമായ ഐവറി കോസ്റ്റിൽ പോയി കൃഷി ചെയ്യാനുമുള്ള പെർമിഷൻ കൊടുത്തിട്ടുണ്ട്. ഐവറി കോസ്റ്റ് ആ ഉൽപ്പാദക രാജ്യത്തിലെ അംഗമല്ല. പത്ത് വർഷം മുമ്പ് 2230 രൂപ റബ്ബറിന് വിലയുണ്ടായിരുന്നപ്പോൾ ടയറിന്റെ വില 1000 രൂപയായിരുന്നു. ഇപ്പോൾ 140 രൂപ റബ്ബറിന് വിലയുണ്ടായപ്പോൾ മാരുതി ടയറിന്റെ വില 5000 രൂപയാണ്. ഇതിന് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ അവർക്ക് 1600 കോടി രൂപ പിഴ ചുമത്തിയിരിക്കുകയാണ്. അതുസംബന്ധിച്ച് ഇപ്പോൾ കേസ് നടക്കുകയാണ്. ആ കേസ് തോറ്റുകൊടുക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിനെതിരായി നമ്മൾ ശക്തമായി ഇടപെടണം. ഐവറി കോസ്റ്റിൽ എല്ലാ സമയത്തും റബ്ബർ വെട്ടാൻ സാധിക്കും.

അവിടെനിന്നാണ് ഈ റബ്ബർ വരുന്നത്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ഐവറി കോസ്റ്റിൽ പോയി കൃഷി ചെയ്തുകൊണ്ടുവരുന്നെന്നു മാത്രമല്ല ഇപ്പോൾ ടയർ കമ്പനികളുടെ അസോസ്സിയേഷനായ 'ആത്മ' എന്ന സംഘടന വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ ആയിരക്കണക്കിന് ഏക്കർ സ്ഥലമെടുത്ത് കൃഷി ചെയ്യുകയുമാണ്. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഫൈൻ ചുമത്തിയിട്ട് കൊടുത്ത പരാതി കോടതിയിൽ പെൻഡിംഗിലാണ്. ഇതുപോലെയുള്ള നിരവധി പ്രശ്നങ്ങളാണ് ഈ മേഖലയെ ബാധിക്കുന്നത്. ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് ഇത് മനസ്സിലാക്കിക്കൊണ്ട് റബ്ബർ വിലസ്ഥിരതാ ഫണ്ട് കേരളത്തിൽ രൂപീകരിച്ചതെന്ന കാര്യം എല്ലാവർക്കുമറിയാം. അന്ന് റബ്ബറിന് 80-100 രൂപ വിലയുള്ള സമയത്താണ് 150 രൂപ വിലസ്ഥിരതാ ഫണ്ട് കൊടുത്തത്. ഇപ്പോൾ റബ്ബറിന്റെ വില 170 രൂപയായ സമയത്തും റബ്ബറിന്റെ വിലസ്ഥിരത ഫണ്ടായി നമ്മൾ കൊടുക്കുന്നത് 170 രൂപ

തന്നെയായതിനാൽ അതിന്റെ പ്രസക്തിയില്ലാതായി. ഉല്പാദനച്ചെലവ് വളരെയധികം വർദ്ധിച്ചതിനാൽ 170 രൂപയ്ക്ക് ഉല്പാദനച്ചെലവ് നിർവ്വഹിക്കാൻപോലും സാധിക്കുന്നില്ല. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുണ്ടായിരുന്നതിനേക്കാൾ വിലയിൽ വ്യത്യാസമുണ്ടായെങ്കിലും ഉല്പാദനച്ചെലവ് ഗണ്യമായി കൂടിയിരിക്കുകയാണ്. അന്ന് റബ്ബറിന് 85 രൂപ വിലയുണ്ടായിരുന്ന സമയത്താണ് 150 രൂപ വില സ്ഥിരതാ ഫണ്ട് കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ 170 രൂപ വിലയുള്ള സമയത്തും ഈ തുകതന്നെയാണ് കൊടുക്കുന്നത്. 8 വർഷം കൊണ്ടുണ്ടായിരിക്കുന്ന വിലവ്യത്യാസം വളരെ വലുതായതിനാൽ ഇപ്പോൾ 170 രൂപ കൊടുക്കുന്നതുകൊണ്ട് ഒരു പ്രസക്തിയുമില്ലാത്ത നിലയിലേയ്ക്ക് വന്നിരിക്കുന്നു. അത് വർദ്ധിപ്പിച്ച് 300 രൂപയാക്കണമെന്നതാണ് ഞങ്ങളുടെ നിലപാട്. അതിന് സാധിച്ചില്ലെങ്കിൽ നിങ്ങൾ പ്രഖ്യാപിച്ച 250 രൂപ കൊടുത്താലും മതി. അതെങ്കിലും കൊടുക്കണ്ടേ; അത് വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണ്ടേ? അങ്ങ് പറഞ്ഞതുപോലെ ആദ്യത്തെ വർഷങ്ങളിലൊക്കെ തുക കൊടുത്തിട്ടുണ്ട്. പിന്നീട് 2021-22-ൽ 20 കോടി രൂപയും കഴിഞ്ഞ

വർഷം 58 കോടി രൂപയുമാണ് കൊടുത്തത്. ഫണ്ടിനായി കർഷകർ അപേക്ഷിക്കാത്തതുകൊണ്ടല്ല; കഴിഞ്ഞ വർഷം 8.50 ലക്ഷം പേർ ബിൽ അപ്‌ലോഡ് ചെയ്തു. ഇപ്രാവശ്യം വെബ്സൈറ്റ് ക്ലോസ്ഡ് ആയിരുന്നതിനാൽ 32000 പേരേ അപ്‌ലോഡ് ചെയ്തിട്ടുള്ളൂ. ഇതുപോലെയുള്ള വളരെ പ്രധാനപ്പെട്ട ഒരു സ്കീമിലെ വെബ്സൈറ്റ് ഇത്രയും ദിവസം എന്തുകൊണ്ടാണ് ക്ലോസ്ഡായി കിടന്നത്? പണം കൊടുക്കാനില്ലാത്തതുകൊണ്ട് സർക്കാർ മനഃപൂർവ്വം കാലതാമസം വരുത്തുന്നുവെന്ന് തന്നെയാണ് കർഷകർ വിചാരിച്ചിരിക്കുന്നത്. മാർച്ച് മാസം മുതലുള്ള കാര്യങ്ങൾ പെൻഡിംഗിലാണ്. ഈ ബിൽ റബ്ബർ ബോർഡ് സർട്ടിഫൈ ചെയ്ത് ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് പോയി വരുന്നത് മാർച്ച് മാസം മുതൽ പെൻഡിംഗിലാണ്. പണമില്ലാത്തതിനാലാണ് നിങ്ങൾ കൊടുക്കാത്തതെന്ന് പറഞ്ഞാൽ മതി. തുച്ഛമായ ഈ പണം പോലും കൊടുക്കാൻ സർക്കാരിനെക്കൊണ്ട് കഴിയുന്നില്ലെന്നതല്ലേ യാഥാർത്ഥ്യം. വില സ്ഥിരതാ ഫണ്ട് 300 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് പറയാൻ കാരണം, ശ്രീ. മോൻസ് ജോസഫ് ഇവിടെ വിശദീകരിച്ചതുപോലെ,

2006-ലെ എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി.) ഫിക്സ് ചെയ്യേണ്ടതെങ്ങനെ എന്നുള്ളതിന്റെ ഒരു ഫോർമുലയുണ്ട്. അത് C2+50% എന്നുള്ള ഫോർമുലയാണ്. C2 എന്നുപറഞ്ഞാൽ ഇതിന്റെ Cost of Capital; ഇതിനുവേണ്ടി മുടക്കുന്ന മൂലധനമാണ്. കൃഷി ചെയ്യുന്ന ഭൂമിയുടെ തറവാടക കണക്കാക്കണം, വിത്ത്, വളം, റെയിൻ ഗാർഡ് തുടങ്ങിയ ധാരാളം സംവിധാനങ്ങൾക്കായി ചെലവാക്കുന്ന തുക, കൂടാതെ ഇത് ഷീറ്റാക്കി ഉണക്കിയെടുക്കുന്നതിനുവേണ്ടി ജോലി ചെയ്യുന്ന കർഷകനും കുടുംബാംഗങ്ങൾക്കും അവർ ചെയ്യുന്ന തൊഴിലിനുള്ള കൂലി തുടങ്ങിയവയെല്ലാം ചേർന്നതാണ് C2. ഈ C2 -വിനോടൊപ്പം 50% കൂടി ചേർത്തിട്ടാണ് എം.എസ്.പി. നിശ്ചയിക്കേണ്ടതെന്നാണ് എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പറയുന്നത്. അതുപ്രകാരം ഇപ്പോഴത്തെ റബ്ബറിന്റെ C2+50% എന്നുപറഞ്ഞാൽ 300 രൂപയാകും. അതുകൊണ്ടാണ് പ്രതിപക്ഷം ഇത് 300 രൂപയാക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്നത്.

വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ഗാട്ട് കരാറിനെക്കുറിച്ചും മറ്റ് കരാറുകളെക്കുറിച്ചും പറഞ്ഞു. ഗാട്ട് കരാറിൽ 19 (1)(a) എന്ന വളരെ പ്രധാനപ്പെട്ടൊരു ക്ലോസുണ്ട്. 19(1)(a) എന്നുപറയുന്നത് സേഫ് ഗാർഡ് ഡ്യൂട്ടിയാണ്. അതായത് ഇറക്കുമതികൊണ്ട് ഏതെങ്കിലും ഒരു പ്രദേശത്തിലെ ഒരു കൃഷിക്ക് വരുമാന നഷ്ടം, തൊഴിൽ നഷ്ടം, സാമ്പത്തിക പ്രതിസന്ധി എന്നിവയുണ്ടായാൽ ആ ഇറക്കുമതി നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥയാണിത്. അതിൽ പറയുന്നത്, “To provide affected industries time to adjust to competition, Article XIX of GATT provides that where, as a result of tariff reductions, a country finds that a product is being imported “in such increased quantities and under such conditions as to cause or threaten serious injury to domestic producers”, it can impose safeguard measures to restrict such imports for temporary periods” എന്നാണ്. അതായത് ഉല്പാദനത്തിന്റെ 83% ഇറക്കുമതി ചെയ്യുകയാണ്. ഇറക്കുമതി ചെയ്യുമ്പോൾ ആ ഇറക്കുമതി

കാർഷികമേഖലയ്ക്കുണ്ടാക്കിയിരിക്കുന്ന വരുമാന നഷ്ടം, തൊഴിൽ നഷ്ടം, സാമ്പത്തിക പ്രതിസന്ധി എന്നിവയെല്ലാം കണക്കാക്കുകയും അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി, കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ആർട്ടിക്കിൾ XIX (1)a avail ചെയ്യിപ്പിച്ച് ഈ ഇറക്കുമതി 8 വർഷക്കാലം മുതൽ 10 വർഷക്കാലം വരെ നിർത്തിവയ്ക്കാൻ കഴിയുന്നൊരു പ്രൊവിഷനുണ്ട്. എന്റെ അഭ്യർത്ഥന സംസ്ഥാന ഗവൺമെന്റ് ഇവിടെയുള്ള WTO സെൽ വഴിയും ഡൽഹിയിലെ ഡയറക്ടർ ജനറൽ ഫോർ ട്രേഡ് റമഡി എന്നൊരു പൊസിഷൻ വഴിയും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഗാട്ട് കരാറിന്റെ സേഫ് ഗാർഡ് ഡ്യൂട്ടി ഉപയോഗിച്ച് ഇറക്കുമതി കുറേ കാലത്തേയ്ക്ക് നിർത്തിവയ്ക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ്. ഗവൺമെന്റിന് മാത്രമേ ഇക്കാര്യത്തിൽ ഇനിഷ്യേറ്റീവ് എടുക്കാൻ കഴിയൂ. സംസ്ഥാന ഗവൺമെന്റ് ഇനിഷ്യേറ്റീവ് എടുത്ത് പ്രോപ്പർ ചാനലിൽക്കൂടി കേന്ദ്ര ഗവൺമെന്റിൽ ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തുന്നതിൽ ഞങ്ങളുടെ പൂർണ്ണമായ പിന്തുണയുണ്ടാകും.

ഇവിടെ സർക്കാർ 170 രൂപയിൽ തന്നെ നിൽക്കുകയാണ്. ഒരു പുതിയ പദ്ധതിയോ റബ്ബർ കർഷകരെ രക്ഷപ്പെടുത്താൻ വേണ്ടിയുള്ള യാതൊരു നടപടിയോ സ്വീകരിക്കുന്നില്ല. 170 രൂപ പോലും കൊടുക്കാൻ കഴിയാത്ത ദയനീയമായ അവസ്ഥയാണ്. കഴിഞ്ഞ മാർച്ച് മുതലുള്ള പേമെന്റ് മുഴുവൻ പെൻഡിംഗിൽ കിടക്കുകയാണ്. എന്തായാലും മാസങ്ങളായി ഇതിന്റെ വെബ്സൈറ്റ് ക്ലോസ്ഡ് ആയിരുന്നു. കഴിഞ്ഞ പ്രാവശ്യം 8.50 ലക്ഷം പേർ അപേക്ഷിച്ചതെങ്കിൽ ഇപ്രാവശ്യം 32000 പേർക്ക് മാത്രമാണ് അപേക്ഷിക്കാൻ കഴിഞ്ഞത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, അങ്ങ് ഇത് പറയുമ്പോഴും ഈ വർഷം ഒന്നും കൊടുത്തില്ലെന്ന് പറയുന്നതുപോലെയുള്ള ധ്വനി വരുന്നുണ്ട്. അത് ശരിയല്ല. 2023-24-ൽ ഇതിനോടകം 161 കോടി 52 ലക്ഷം രൂപ കൊടുത്തുകഴിഞ്ഞു കുടിശ്ശികയില്ലെന്ന് ഞാൻ പറയുന്നില്ല. 161 കോടി രൂപ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഒരു തുകയും കൊടുക്കാതെ പെൻഡിംഗിൽ വച്ചിരിക്കുകയല്ലെന്ന് കൂടി അറിയിക്കുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഭീമമായ കുടിശ്ശികയുണ്ട്. മാർച്ച് മുതലുള്ള ബില്ലുകൾ പെൻഡിംഗിലാണ്. ഞങ്ങളുടെ കൈയിലൊക്കെ കർഷകർ അയച്ചിരിക്കുന്ന ധാരാളം പരാതികളുമുണ്ട്. അങ്ങ് ഇവിടെ തന്നിരിക്കുന്ന ഉത്തരം നോക്കിയാണ് ഞാൻ വായിച്ചത്. അഞ്ഞൂറും അറുന്നൂറും കോടി രൂപ നീക്കിവച്ചെന്ന് നിങ്ങൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും 600 കോടി രൂപ നീക്കിവച്ച സ്ഥലത്ത് ഇപ്പറഞ്ഞ 161 കോടി രൂപയും 500 കോടി രൂപ നീക്കിവച്ച സ്ഥലത്ത് 20 കോടി രൂപയുമാണ് കഴിഞ്ഞ വർഷം കൊടുത്തത്. റബ്ബർ കർഷകരോടുള്ള അവഗണന കേന്ദ്രത്തിന്റേതാണ്. ഒന്നാം പ്രതി കേന്ദ്രമാണെന്ന് സമ്മതിക്കുമ്പോൾതന്നെ കേരളം റബ്ബർ വിലസ്ഥിരത ഫണ്ട് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള ഒരു തീരുമാനം എടുക്കാത്തതിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. മാത്രമല്ല, ഏറ്റവും വലിയ പ്രതിസന്ധി റബ്ബർ കർഷകർ നേരിടുന്ന ഈ ഘട്ടത്തിൽ അവരെ താങ്ങി നിർത്താനുള്ള ഒരു നടപടിയും സർക്കാരിന്റെ മുമ്പിലില്ലാത്തതിനാൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വലിയ പ്രാധാന്യമുള്ള ഒരു വിഷയമാണ് ഇന്ന് അടിയന്തരപ്രമേയമായി വന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന് കേരളത്തിൽ വലിയ താല്പര്യമോ രാഷ്ട്രീയ താല്പര്യമോ ഇല്ല. ഇവിടെയുള്ള പ്രത്യേക സാഹചര്യത്തിൽ റബ്ബർ കർഷകരെ സംരക്ഷിക്കാൻ കേന്ദ്രം വിചാരിച്ചാൽ സാധിക്കും. ഇവിടെയിപ്പോൾ പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച ക്ലോസ് ഉണ്ട്. ഇറക്കുമതി ആഭ്യന്തര ഉല്പാദകരെ സീരിയസായി ബാധിക്കുന്നുവെങ്കിൽ അതിലിടപെടാനുള്ള വകുപ്പുകളൊക്കെയുണ്ട്. ഒരു മിനിമം പ്രൊട്ടക്ഷൻ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് കരുതിയാൽ സാധിക്കും. ഇവിടെയുള്ള കൃഷി നോർത്ത് ഈസ്റ്റിലും മറ്റെവിടേയ്ക്കെങ്കിലും പൊയ്ക്കോട്ടെ എന്നുള്ള ഒരു സമീപനമാണ് അതിനുപകരം അവർ ചെയ്യുന്നത്. ഇവിടെയുള്ള കൃഷി ഇവിടെനിന്നും മൈഗ്രേറ്റ് ചെയ്യിപ്പിക്കാനല്ലാതെ പ്രൊട്ടക്ട് ചെയ്യുന്ന യാതൊരു നടപടിയുമില്ല.

അങ്ങനെയുള്ള കാര്യങ്ങളൊന്നും ചെയ്യുന്നില്ല. പൊതുവെ ഇന്ത്യയിലെ കർഷകരോട് കേന്ദ്രഗവൺമെന്റിന് ഒരു സമീപനമുണ്ട്. ഇന്ത്യയിൽ വ്യാപകമായി ഇല്ലാത്ത, കേരളത്തിൽ വളരെക്കൂടുതലുള്ള റബ്ബർ കൃഷി അവരുടെ പ്രയോറിട്ടിയിൽ വരാത്തതിനാൽ ഒന്നിനൊന്ന് വില താഴുകയാണ്. അതുമാത്രമല്ല റബ്ബർ കൃഷിയുടെ ഉല്പാദനച്ചെലവ് വർദ്ധിച്ച് കർഷകർക്ക് താങ്ങാനാകാതെയായി വരികയാണെന്ന് നമുക്ക് അനുഭവത്തിൽനിന്നുതന്നെ പറയാൻ സാധിക്കും. ഓരോ വർഷം കഴിയുന്തോറും റബ്ബർ കൃഷി കൊണ്ടുനടക്കാൻ ബുദ്ധിമുട്ടുള്ള ഒരു കാര്യമായി കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വന്നുകൊണ്ടിരിക്കുന്നതിനാൽ തകരുന്നത് കൃഷിക്കാരും നമ്മുടെ ഇക്കോണമിയുമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. കേരളം ഉല്പാദകരംഗത്തും വ്യാവസായികരംഗത്തും ആളോഹരി വരുമാനത്തിലുമൊക്കെ പുറകിൽ നിൽക്കുമ്പോഴും ചില ശക്തമായ മേഖലകൾ നമുക്കുണ്ടായിരുന്നു. അതിന് ഉദാഹരണമാണ് കാഷ്യു ഇൻഡസ്ട്രി. എന്നാൽ അതൊക്കെ ഇപ്പോൾ ഇവിടെനിന്നും മാറിപ്പോയിക്കൊണ്ടിരിക്കുകയാണ്. അതിന്

ട്രഡീഷണലായി നമുക്കുണ്ടായിരുന്ന ശക്തി കുറഞ്ഞുവരികയാണ്. റബ്ബറിനെ സംബന്ധിച്ചും അവസ്ഥ അതുതന്നെയായതിനാൽ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതായുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ടയർ വ്യവസായികളുടെ യോഗം വിളിച്ചുചേർക്കുകയും ദിവസം മുഴുവൻ ഈ വിഷയം ചർച്ചയാകുകയും ചെയ്തിരുന്നു. ശ്രീ. കെ. കൃഷ്ണൻകുട്ടി മിനിസ്റ്റർ പറഞ്ഞതുപോലെ ടയറിന്റെ വില വളരെയധികം കൂടിവരികയാണ്. ടയർ ഉല്പാദകരെ സംബന്ധിച്ചിടത്തോളം അവരുടെ ഉല്പന്നങ്ങൾക്ക് വില ലഭിക്കുന്നുണ്ട്. പക്ഷേ അതിനായുള്ള റബ്ബർ കിട്ടുന്നതിന് അവർ മറ്റ് എളുപ്പമാർഗ്ഗങ്ങൾ നോക്കുകയാണ്. കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനം ഇതിൽ ഇടപെടേണ്ട വലിയൊരു സാഹചര്യമുണ്ട്. റബ്ബർ കർഷകരെ കഴിയുന്നത്ര നമ്മൾ സഹായിക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള കേന്ദ്ര ഗവൺമെന്റിന്റെ അനാസ്ഥയ്ക്കെതിരെ നമ്മൾ ഇടപെടുകയും ശ്രദ്ധിക്കുകയും വേണം. ഈ രണ്ടുകാര്യങ്ങളും ആവശ്യമുള്ളതാണ്. റബ്ബറിന്റെ താങ്ങുവില സംസ്ഥാനത്ത് ഇപ്പോൾ നാമമാത്രമാണ്. ഇതും കൃത്യമായി നൽകാത്ത സ്ഥിതിയുണ്ട്.

അതുകൊണ്ട് ഇക്കാര്യത്തിൽ കേരള ഗവൺമെന്റ് ഒരുപാട് മുന്നോട്ടുപോകേണ്ടതുണ്ട്. ഇക്കാര്യത്തിൽ അനാസ്ഥയും നിലനിൽക്കുന്നുണ്ട്. അതാണ് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടത്. ഇക്കാര്യം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇവിടെ എല്ലാവരും പറഞ്ഞതുപോലെ ഒന്നാം പ്രതി കേന്ദ്ര ഗവൺമെന്റ് തന്നെയാണ്. വില സ്ഥിരതാ ഫണ്ട് ഏർപ്പെടുത്തുമ്പോൾ റബ്ബറിന്റെ വില 80 രൂപയായിരുന്നു. 150 രൂപയായി ഫിക്സ് ചെയ്യുമ്പോൾ ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം എത്ര രൂപയാണ്; 70 രൂപ കർഷകർക്ക് നൽകുകയാണ്. ആ വ്യത്യാസം കണക്കിലെടുത്താൽ ഇപ്പോൾ ചുരുങ്ങിയത് 250 രൂപയെങ്കിലും ആക്കേണ്ടതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ ശക്തമായ നീക്കം നടത്തണം. റബ്ബർ കൃഷി ഇവിടെനിന്നും മാറ്റി വടക്ക്-കിഴക്ക് സംസ്ഥാനങ്ങളിലേയ്ക്കാക്കുകയും അതിന് സബ്സിഡി നൽകുകയും

ഇവിടത്തെ സബ്സിഡി വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. ഇത്തരം കാര്യങ്ങളിൽ നമ്മൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതുപോലെ ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ വില സ്ഥിരതാഫണ്ട് 300 രൂപ ആക്കേണ്ടതാണ്. ചുരുങ്ങിയത് 250 രൂപയെങ്കിലും ആക്കുകയും ആ തുക നൽകുകയും വേണം. ഇത്തരം കാര്യങ്ങളിൽ നടപടി സ്വീകരിക്കാത്തത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, കേന്ദ്ര ഗവൺമെന്റിന്റെ സമീപനം നോക്കി റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അടുത്ത കാലത്തൊന്നും നടക്കാൻ പോകുന്ന കാര്യമല്ല. ഇവിടത്തെ കർഷകർ പ്രതിസന്ധിയിലായ സന്ദർഭത്തിലാണ് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപ വില നിർണ്ണയിച്ചത്. അത് ഈ മേഖലയിലെ വലിയ ചുവടുവയ്പ്പായിരുന്നു. അന്ന് കേന്ദ്ര ഗവൺമെന്റിന്റെ

സഹായമോ സന്ദർഭമോ നോക്കിയില്ല. ഉല്പാദന ചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നത് അങ്ങേയ്ക്ക് അറിവുള്ള കാര്യമാണ്. ഇന്നത്തെ സാഹചര്യത്തിൽ 170 രൂപയിൽനിന്നും 300 രൂപയായെങ്കിലും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇല്ലെങ്കിൽ റബ്ബർ കർഷർ ഈ മേഖലയിൽനിന്നും പൂർണ്ണമായും പിന്മാറുന്ന സാഹചര്യമുണ്ടാകുന്നതാണ്. പല പ്രദേശങ്ങളിലും ഇതുമായി ബന്ധപ്പെട്ട് കർഷക കുടുംബങ്ങൾ വലിയ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നുണ്ട്. വിലക്കയറ്റം ഈ സന്ദർഭത്തിൽ അതിന്റെ രൂക്ഷത വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടൽ നടത്തി ഇത് 300 രൂപയായി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. വൈെബ്സൈറ്റ് തടഞ്ഞുവയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ മനഃപൂർവ്വമാണോ, അതോ സാങ്കേതികമാണോയെന്നുള്ളതാണ് മറ്റൊരു കാര്യം. അത് സാങ്കേതിക വിഷയമാണെന്ന് ഞാൻ കരുതുന്നില്ല. ബോധപൂർവ്വം തടഞ്ഞുവയ്ക്കുന്ന സാഹചര്യമാണിതെന്ന് തോന്നുന്നു. കർഷകർക്ക് അതിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ മാസങ്ങളോളം വെബ്സൈറ്റ് പ്രവർത്തനരഹിതമായിരുന്നു.

ഇപ്പോഴാണ് ചില കർഷകർക്ക് രജിസ്റ്റർ ചെയ്യാൻ സാധിച്ചത്. കർഷകർ രജിസ്റ്റർ ചെയ്യാതിരിക്കാൻവേണ്ടി മനഃപൂർവ്വമാണോ ബോധപൂർവ്വമാണോ ഇങ്ങനെ സംഭവിച്ചതെന്നത് അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്. എന്തായാലും ഒരു വലിയ പ്രതിസന്ധി റബ്ബർ കർഷക മേഖലയിൽ ഉടലെടുത്തിരിക്കുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, റബ്ബർ പോലുള്ള ദീർഘകാല വിളകൾ കൃഷി ചെയ്യാൻ ഇറങ്ങുന്ന കർഷകർക്ക് വിലസ്ഥിരത ഉറപ്പാക്കാൻ സാധിച്ചില്ലെങ്കിൽ അവർ ഒരു ജീവിതം കൊണ്ട് അദ്ധ്വാനിച്ച് നേടുന്നതെല്ലാം വ്യഥാവിലാകുന്നൊരു സാഹചര്യമാണുള്ളത്. അതുകൊണ്ട് കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന റബ്ബർ കർഷകരുടെ പ്രശ്നം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**10.54 a.m]**

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

**III ശ്രദ്ധക്ഷണിക്കൽ**

(1) നഗരസഭകളിലെ സാനിട്ടേഷൻ വർക്കർ/കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, 'മാലിന്യ വിമുക്തകേരളം' എന്ന ലക്ഷ്യത്തോടുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ അങ്ങേയറ്റം മാതൃകാപരമാണ്. ഈ പ്രവർത്തനങ്ങളിൽ നിർണ്ണായകമായ പങ്കുവഹിക്കുന്നവരാണ് നമ്മുടെ നഗരസഭകളിലെ സാനിട്ടേഷൻ വർക്കർ/ കണ്ടിജന്റ് വിഭാഗം ജീവനക്കാർ. തിരുവനന്തപുരം നഗരത്തിൽ കേരളീയം പരിപാടി നടന്നപ്പോൾ ലക്ഷക്കണക്കിനാളുകൾ ഇവിടെ വന്നുപോയെങ്കിലും

ഏറ്റവും വൃത്തിയുള്ള നഗരം എന്ന നിലയിൽ തിരുവനന്തപുരത്തെ നിലനിർത്താൻ ആ ജീവനക്കാരോടൊപ്പം ഹരിതകർമ്മ സേനയിലെ അംഗങ്ങളുമെല്ലാം വഹിച്ചിട്ടുള്ള പങ്ക് അങ്ങേയറ്റം മാതൃകാപരമാണ്. നാം എല്ലാവരും കിടന്നുറങ്ങുമ്പോൾ നേരം വെളുക്കുന്നതിനുമുമ്പായി ഒരു നഗരത്തെ വൃത്തിയാക്കുന്നതിനും അവിടത്തെ ഓടകൾ ക്ലീൻ ചെയ്യുന്നതിനും എത്തിച്ചേരുന്ന ഇവരുടെ പ്രശ്നങ്ങൾ വളരെ ഗൗരവമായി നമ്മൾ പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കണ്ടിജന്റ് വിഭാഗം ജീവനക്കാർക്കായി സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. 2001-നുശേഷം നിരവധി താൽക്കാലിക ജിവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് കോടതി ഉത്തരവുകളും സർക്കാർ ഉത്തരവുകളും ഇറങ്ങിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ നിരവധി വർഷങ്ങളായി താൽക്കാലിക ജീവനക്കാരായി തുടരുന്നവരെ സ്ഥിരപ്പെടുത്തുന്ന വിഷയം പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ

കേരളത്തിൽ തൊണ്ണൂറ്റിമൂന്ന് നഗരസഭകളുണ്ട്. അയ്യായിരത്തി എണ്ണൂറോളം വരുന്ന സ്ഥിരം ജീവനക്കാരും മൂവായിരത്തി നാന്നൂറോളം വരുന്ന താൽക്കാലിക ജീവനക്കാരുമാണ് ഈ മേഖലകളിൽ പ്രവർത്തിക്കുന്നത്. നഗരസഭകൾ രൂപീകരിച്ച കാലഘട്ടത്തിൽ എത്ര തസ്തികകളാണോ ഈ മേഖലയിൽ ഉണ്ടായിരുന്നത് അതുതന്നെയാണ് ഇന്നും നിലവിലുള്ളത്. ഒരു തസ്തികയും പുതിയതായി വർദ്ധിപ്പിച്ചിട്ടില്ല. പഞ്ചായത്തുകൾ പലതും മുനിസിപ്പാലിറ്റികളായും മുനിസിപ്പാലിറ്റികൾ പലതും കോർപ്പറേഷനുകളായും മാറിയെങ്കിലും സ്ഥിതി ഇതേ രൂപത്തിൽത്തന്നെ തുടരുകയാണ്. കണ്ടിജന്റ് ജീവനക്കാരുടെ നിയമനാധികാരി അതത് നഗരസഭകളാണ്. കൗൺസിലുകളാണ് തസ്തികകൾ വർദ്ധിപ്പിക്കാൻ തീരുമാനം എടുക്കുന്നത്. അതിന് അനുമതി നൽകാത്ത അവസ്ഥ പലപ്പോഴും ഉണ്ടാകുന്നുവെന്നത് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കണ്ടിജന്റ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒഴിവുള്ള തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നില്ലെന്ന് മാത്രമല്ല അശാസ്ത്രീയമായ

ശമ്പള സ്കെയിലിന്റെ ഫലമായി പെൻഷന്റെ കാര്യത്തിലും വലിയ കുറവ് സംഭവിക്കുകയാണ്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തെരഞ്ഞെടുക്കപ്പെടുന്നവർ ജോലിക്ക് പ്രവേശിക്കുന്ന ദിവസം മുതലാണ് സ്ഥിരപ്പെടേണ്ടത്. എന്നാൽ പല നഗരസഭകളിലും ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവരെ താൽക്കാലിക തൊഴിലാളികളായി നിർത്തിക്കൊണ്ട് പോകുന്നൊരു സാഹചര്യവും നിലനിൽക്കുകയാണ്. അതിനാൽ ഈ തസ്തികയിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗൗരവമായി പരിശോധിച്ച് പരിഹാരമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. 'ഹെൽത്ത് വർക്കർ' എന്നുള്ള നിലയിൽ ഈ തസ്തികയുടെ പേര് തന്നെ മാറ്റി തീരുമാനിക്കേണ്ടതാണ്. അതോടൊപ്പം അവർക്ക് പ്രൊമോഷൻ തസ്തികകൾ അനുവദിച്ച് കൊടുക്കാനുള്ള നടപടിയും സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സാനിട്ടേഷൻ വർക്കർ/കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടുള്ള സ്പെഷ്യൽ റൂൾസ്

പുറപ്പെടുവിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചത്. മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഈ വിഭാഗം ജീവനക്കാരുടെ പങ്കിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചത് ശരിയാണ്. അത് ഈ വിഭാഗം ജീവനക്കാരുടെ മാത്രം ഉത്തരവാദിത്വമായി ഒതുങ്ങുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങി എല്ലാ വ്യക്തികളുടെയും ഉത്തരവാദിത്വം അവരവർ നിറവേറ്റുമ്പോൾ മാത്രമേ മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുവെന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാനതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നു. തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത്-മുനിസിപ്പൽ കോമൺ സർവ്വീസുകളിലെ മൂന്ന് സ്കെയിലുകളിലായി ഉൾപ്പെട്ടിരിക്കുന്ന കണ്ടിജന്റ് വിഭാഗം ജീവനക്കാരെക്കൂടി പൊതുസർവ്വീസിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്

ജനപ്രതിനിധികൾ, സംഘടനകൾ, ജീവനക്കാർ എന്നിവരുടെ നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. നിലവിൽ ഈ വിഷയം സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിലെയും നഗരസഭകളിലെയും പാർട്ട്ടൈം, ഫുൾടൈം കണ്ടിജന്റ് വിഭാഗം ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികകൾ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്താൻ കഴിയില്ലെന്നും മുനിസിപ്പാലിറ്റികളിലെയും പഞ്ചായത്തുകളിലെയും ഫുൾടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തി പ്രത്യേകം ചട്ടങ്ങളുണ്ടാക്കുന്നത് ഉചിതമായിരിക്കുമെന്നും ലോക്കൽ ഗവൺമെന്റ് കമ്മീഷൻ അറിയിച്ചിരുന്നു. സംസ്ഥാനത്തെ കണ്ടിജന്റ് ജീവനക്കാർ പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിലാണ് ഉൾപ്പെടുന്നത്. കേരള പബ്ലിക് സർവ്വീസ് ആക്ട് നൽകുന്ന അധികാരമുപയോഗിച്ചാണ് പ്രസ്തുത റൂൾസ് തയ്യാറാക്കിയിരിക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരം പഞ്ചായത്തിലെയും

മുനിസിപ്പാലിറ്റിയിലെയും കണ്ടിജന്റ് വിഭാഗം ജീവനക്കാരെ സർക്കാർ ജീവനക്കാരായി കണക്കാക്കാൻ കഴിയില്ല. അതിനാൽ അവർ പബ്ലിക് സർവ്വീസസ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല. ആയതിനാൽ അവരെ പാർട്ട്ടൈം കണ്ടിജന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്താൻ സാധിക്കില്ല. തുടർന്ന് കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് മാത്രമായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ സർക്കാർ തലത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെയും സഭയെയും അറിയിക്കുന്നു.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, കേരളത്തിലെ ഹരിതകർമ്മ സേനയിൽ ഉൾപ്പെട്ടവർ മാലിന്യ മുക്ത കേരളത്തിനും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിനുംവേണ്ടി ഇന്ന് ഏറ്റവും സജീവമായി

പങ്കെടുക്കന്നവരാണ്. കേരളത്തിൽ 35351 പേർ ഹരിത കർമ്മ സേനയിൽ ഇന്ന് പ്രവർത്തിക്കുകയാണ്. ഉടമകളിൽനിന്നോ വീടുകളിൽനിന്നോ ലഭിക്കുന്ന യൂസർ ഫീ ആണ് അവരുടെ വരുമാനം. മാലിന്യം കൈകാര്യം ചെയ്യുന്ന ആളുകളെന്ന നിലയിൽ അവർക്കുവേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. ഹരിത കർമ്മ സേന യഥാർത്ഥത്തിൽ ശുചിത്വ കേരളത്തിന്റെ സേനയാണെന്ന് പറയാൻ അതിയായ സന്തോഷവും അഭിമാനവുമുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനം മാതൃകാപരമാണ്. കേരളത്തിലെ മാലിന്യ സംസ്കരണ രംഗത്തുണ്ടായ പുരോഗതിയിൽ ഏറ്റവും നിർണ്ണായക പങ്കുവഹിച്ചത് ഹരിതകർമ്മ സേനയുടെ പ്രവർത്തനം തന്നെയാണ്. അതുകൊണ്ട് ഹരിതകർമ്മ സേനയിലെ അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളും സൗകര്യങ്ങളുമൊരുക്കാൻ ഈ ഗവൺമെന്റ് ആവശ്യമായ തീരുമാനമെടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അത്

സംബന്ധിച്ച് നിർദ്ദേശവും നൽകിയിട്ടുണ്ട്. യൂസർ ഫീയാണ് ഹരിത കർമ്മ സേനയുടെ വരുമാനം. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഒരു സംരംഭമെന്ന നിലയിലാണ് ഹരിത കർമ്മ സേന പ്രവർത്തിക്കുന്നത്. യൂസർ ഫീ നൽകരുതെന്ന തരത്തിലുള്ള ക്യാമ്പയിനുണ്ടായ ഘട്ടത്തിൽ സർക്കാർ നിയമപരമായിത്തന്നെ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. മാത്രമല്ല, യൂസർ ഫീ നൽകാത്തവരിൽനിന്നും ആയത് വസ്തു നികുതിയോടൊപ്പം ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ടുള്ള ഉത്തരവ് നേരത്തേ പുറപ്പെടുവിച്ചിരുന്നു. പിന്നീടത് ഓർഡിനൻസ് ആയും വന്നിരുന്നു; ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്ന ബിൽ സഭ പരിഗണിക്കാനിരിക്കുകയാണ്. എല്ലാവിധത്തിലുള്ള പിന്തുണയും ഹരിതകർമ്മ സേനയ്ക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയത് പതിനായിരം രൂപയെങ്കിലും വരുമാനം എല്ലാ ഹരിതകർമ്മ സേനാംഗങ്ങൾക്കും ഉറപ്പുവരുത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 35,000/- രൂപവരെ വരുമാനം നേടുന്ന ഹരിതകർമ്മ സേനാംഗങ്ങളുണ്ട്. എന്നാൽ എല്ലായിടത്തും ഒരേ തരത്തിലുള്ള വരുമാനം ലഭിക്കുന്നില്ലെന്നത്

ശരിയാണ്. എല്ലാതരത്തിലുള്ള പിന്തുണയും ഗവൺമെന്റ് അവർക്ക് നൽകുന്നുണ്ട്. അവർക്ക് ഇൻഷ്വറൻസ് വേണമെന്നാണ് ഇവിടെ ഉന്നയിച്ച ആവശ്യം. ഹരിത കർമ്മ സേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന 'ഇൻസ്പയർ' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് ആരംഭിച്ചിട്ടുണ്ട്. 2023-24-ൽ 35000 ഹരിതകർമ്മ സേനാംഗങ്ങളിൽ 21205 അംഗങ്ങൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആകെ പ്രീമിയം തുകയായ 1384/- രൂപയുടെ 50 ശതമാനം കുടുംബശ്രീ മുഖേന നൽകുന്നു. ബാക്കി 50 ശതമാനം ഗുണഭോക്താവും നൽകുന്നു. ചികിത്സയ്ക്ക് ഒരുലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്ന വിധത്തിലുള്ളതാണ് ഈ ഇൻഷ്വറൻസ്. ജനുവരി 30 വരെയുള്ള കണക്കനുസരിച്ച് 12600 പേർ പോളിസി പുതുക്കിയിട്ടുണ്ട്. എല്ലാതരത്തിലുള്ള പിന്തുണയും ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകുന്നതാണ്.

(2) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിൽ ദുരന്തം അനുഭവിക്കുന്ന അനേകായിരങ്ങൾക്ക് വേണ്ടിയാണ് ഞാൻ കാസർഗോഡ്

,സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം യാഥാർത്ഥ്യമാക്കണമെന്ന് ഈ സഭയിൽ വീണ്ടും വീണ്ടും ആവശ്യപ്പെടുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് 24-3-2012-നാണ് സർക്കാർ അനുമതി നൽകിയത്. 2013 നവംബർ 30-ന് അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തറക്കല്ലിടുകയുണ്ടായി. ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2018 നവംബർ 25-ന് മറ്റൊരു ശിലാസ്ഥാപനവും അവിടെ നിർവ്വഹിച്ചിരുന്നു. ഇതിന്റെ അടങ്കൽത്തുക 282,68,93,000/- രൂപയാണ്. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർഗോഡ് ജില്ല ഒരു ദുരന്ത ഭൂമിയാണെന്ന് പ്രത്യേകം ഇവിടെ സൂചിപ്പിക്കേണ്ട ആവശ്യമില്ല. മതിയായ ചികിത്സ കിട്ടാതെ ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന എൻഡോസൾഫാൻ ഇരകളെക്കുറിച്ച് നമുക്കറിയാം. കോവിഡ് കാലത്തെ വേദനിപ്പിക്കുന്ന ഓർമ്മകൾ ഇപ്പോഴും നമ്മെ വേട്ടയാടുകയാണ്. ഇങ്ങോട്ട് തിരിഞ്ഞുനോക്കരുതെന്നുപോലും ഭീഷണിപ്പെടുത്തി കർണാടക സർക്കാർ അതിർത്തി മണ്ണിട്ട് അടച്ചപ്പോൾ പിടഞ്ഞുവീണ് മരിച്ച എത്രയോ സഹോദരീസഹോദരന്മാരുണ്ട്. നിരന്തരമായ നീതി നിഷേധംകൊണ്ട് ഒരു

ജനതയെ കൊല്ലാക്കൊലയുടെ മുനമ്പിലെത്തിച്ചിട്ടും നമുക്ക് മതിയായില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഒരേ വർഷം തറക്കല്ലിട്ട കേരളത്തിലെ രണ്ട് മെഡിക്കൽ കോളേജുകളാണ് കാസർഗോഡും ഇടുക്കിയും. ഇടുക്കി മെഡിക്കൽ കോളേജിന്റെ പണി പൂർത്തിയായി ചികിത്സയും എം.ബി.ബി.എസ്. കോഴ്സും ആരംഭിച്ചു. കാസർഗോഡ് ഉക്കിനഡ്കയിൽ ഇപ്പോഴുമുള്ളത് മെഡിക്കൽ കോളേജിന്റെ അസ്ഥികൂടം മാത്രമാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കും നല്ലതുപോലെ അറിയാവുന്നതാണ്. അവിടെ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇതുവരെയും നിയമനം നടത്തിയിട്ടില്ല. മെഡിക്കൽ സൂപ്രണ്ട് തസ്തിക ഇതുവരെയും സൃഷ്ടിച്ചിട്ടില്ല. കാസർഗോഡ് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇപ്പോഴും ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിലുള്ള സൗകര്യം മാത്രമാണുള്ളതെന്ന് ഞാൻ പറഞ്ഞാൽ അത് ബഹുമാനപ്പെട്ട മന്ത്രി നിഷേധിക്കുമെന്ന് തോന്നുന്നില്ല. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമാണ് പൂർത്തിയായത്. ഏതാനും സ്പെഷ്യലൈസ്ഡ് ഒ.പി. ഇവിടെ പ്രവർത്തിക്കുന്നതുകൊണ്ടുമാത്രമാണ് ആശുപത്രിയെന്ന പേരിന് ഈ

കെട്ടിടങ്ങൾ അർഹമാകുന്നത്. ഏതാനും ദിവസങ്ങളിൽ ഉച്ചവരെ മാത്രമാണ് ഒ.പി. പ്രവർത്തിക്കുന്നത്. ആശുപത്രി കെട്ടിടം, ലാബ്, ഫാർമസി തുടങ്ങിയവയുടെ നിർമ്മാണവും ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ വിഭാഗങ്ങളിലെ അത്യാവശ്യ ജീവനക്കാർ എന്നിവരെ നിയമിക്കുന്നതടക്കമുള്ള നടപടികളെല്ലാം ഇഴഞ്ഞുനീങ്ങുകയാണ്. രണ്ടുവർഷമെങ്കിലും കിടത്തി ചികിത്സ നൽകിയാലേ എം.ബി.ബി.എസ്. കോഴ്സ് തുടങ്ങാനാകൂ എന്നാണ് ദേശീയ മെഡിക്കൽ കൗൺസിലിന്റെ തീരുമാനം. ഇതുപ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് ഉടനെയൊന്നും ആരംഭിക്കാനിടയില്ല. കേരളത്തിൽ മെഡിക്കൽ കോളേജ് ഏറ്റവും അത്യന്താപേക്ഷിതമായത് കാസർഗോഡ് ജില്ലയിലാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാസർഗോഡ് ദുരിതമനുഭവിക്കുന്ന ജനങ്ങളോട് നീതി കാണിക്കണമെന്ന് എന്തെങ്കിലും ചെറിയ താൽപ്പര്യമുണ്ടെങ്കിൽ ആ മെഡിക്കൽ കോളേജ് ഉടൻ യാഥാർത്ഥ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി സത്വരവും ഫലപ്രദവുമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതുമായി

ബന്ധപ്പെട്ട് നിരവധി തവണ സബ്മിഷൻ അവതരിപ്പിക്കുകയും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളെപ്പോലെയല്ല കാസർഗോഡ് ജില്ലയെന്നും ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളെക്കുറിച്ചും ഞാനിവിടെ വിവരിച്ചിരുന്നു. പല ആശുപത്രികളിലും ഇപ്പോഴും ഡോക്ടർമാരില്ല, നഴ്സുമാരില്ല. അതിനാൽ ബഹു. മന്ത്രി ഇനിയെങ്കിലും അനുഭാവപൂർണ്ണമായ നിലപാടെടുത്ത് കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കിത്തരമെന്നാണ് എന്റെ ആവശ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കാസർഗോഡിനോട് പ്രത്യേക സമീപനം സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഏറ്റവും പ്രത്യക്ഷമായ ഉദാഹരണമാണ് ഞാൻ സൂചിപ്പിക്കുന്നത്. മുമ്പ് ഹൃദയ സംബന്ധമായ അസുഖമുണ്ടായാൽ മറ്റ് സ്ഥലങ്ങളിൽ പോകേണ്ടിവന്നിരുന്നെങ്കിൽ കാസർഗോഡ് ജില്ലയിൽ ഇന്ന് അതിന്റെ ആവശ്യമില്ല. കാസർഗോഡ് ഒരു കാത്ത് ലാബ് ആരംഭിച്ചിട്ടുണ്ട്. സമീപകാലത്ത് പേസ്മേക്കർ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയയും പ്രൈമറി

ആൻജിയോ പ്ലാസ്റ്റിയും ഉൾപ്പെടെ അവിടെ നടത്തിയിട്ടുണ്ട്. അതോടൊപ്പം അടിസ്ഥാനപരമായി സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി മേഖലയിലും ന്യൂറോളജിയുമായി ബന്ധപ്പെട്ടും സംവിധാനം ഒരുക്കുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായി നടപടി സ്വീകരിച്ചാണ് മുന്നോട്ടുപോകുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിന് 2012 മാർച്ച് മാസത്തിൽ അനുമതി ലഭിക്കുകയും 2013-ൽ അതിന്റെ തറക്കല്ലിടുകയും ചെയ്തു. പക്ഷേ 2016-ൽ കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിലാണ് അവിടെ നിർമ്മാണം ആരംഭിച്ചത്. 2023-ൽ 273 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ 50 ശതമാനത്തോളം ഉദ്യോഗസ്ഥർ നിലവിൽ അവിടെ വർക്കുചെയ്യുന്നുണ്ട്. 173 തസ്തികകൾ അനുവദിച്ചുകൊണ്ടായിരുന്നു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. കാരണം പൂർണ്ണതോതിൽ പ്രവർത്തിക്കുമ്പോൾ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയും അനുവദിച്ച തസ്തികകളിൽ എല്ലാവരെയും നിയമിക്കുമെന്നുമുള്ള നിലയിലാണ് അന്ന് സർക്കാർ അനുവാദം നൽകിയത്. ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരുകാര്യം സൂചിപ്പിച്ചു - ഒരേ

വർഷം അനുവാദം നൽകിയ കാസർഗോഡേയും ഇടുക്കിയിലേയും രണ്ട് മെഡിക്കൽ കോളേജുകളുടെ കാര്യം. ഈ രണ്ട് മെഡിക്കൽ കോളേജുകൾ തമ്മിലുള്ള വ്യത്യാസം എന്താണെന്നാൽ ഇടുക്കിയിൽ ഒരു ജില്ലാ ആശുപത്രിയുടെ ബോർഡ് മാറ്റിവച്ചാണ് മെഡിക്കൽ കോളേജായി പ്രവർത്തനം ആരംഭിച്ചത്. അതിലെ പ്രധാനപ്പെട്ട കാര്യം, അവിടെയൊരു ആശുപത്രി പ്രവർത്തിക്കുന്നുണ്ടായിരുന്നുവെന്നതാണ്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡപ്രകാരം മിനിമം രണ്ട് വർഷമായി പ്രവർത്തിക്കുന്ന ഒരു ആശുപത്രി അവിടെയുണ്ടാകണമെന്നാണ്. കാസർഗോഡിനെ സംബന്ധിച്ചിടത്തോളം നമ്മൾ പുതിയതായി തറക്കല്ലിട്ട കല്ലിൽനിന്നാണ് ആരംഭിച്ചത്. അവിടെയൊരു ആശുപത്രി ഉണ്ടായിരുന്നില്ല. അതേസമയം കോന്നിയിൽ അക്കാഡമിക് ബ്ലോക്കുണ്ട്. ഏരിയൽ ഡിസ്റ്റൻസ് പത്ത് കിലോമീറ്റർ അകലെയുള്ള പത്തനംതിട്ട ജനറൽ ആശുപത്രിയാണ് ആശുപത്രിയായിക്കാണിക്കുന്നത്. കോന്നി മെഡിക്കൽ കോളേജിലല്ല ആശുപത്രി സ്ഥിതിചെയ്യുന്നത്. ഏരിയൽ ഡിസ്റ്റൻസ് പത്ത് കിലോമീറ്റർ ചുറ്റളവിൽ കാസർഗോഡ് ആശുപത്രിയോ ജില്ലാ

ആശുപത്രിയോ കാഞ്ഞങ്ങാട് ആശുപത്രിയോ ഉണ്ടായിരുന്നെങ്കിൽപോലും ഇടുക്കിക്കും കോന്നിക്കുമൊപ്പം ഇപ്പോൾ അവിടെ മെഡിക്കൽ വിദ്യാഭ്യാസം ആരംഭിക്കാൻ സാധിക്കുമായിരുന്നു. പക്ഷെ 30 കിലോമീറ്ററുകൾക്ക് അപ്പുറത്താണ് ഈ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്നതെന്നതുകൊണ്ട് പുതുതായി ഒരു മെഡിക്കൽ കോളേജ് എന്നുള്ള നിലയിലാണ് ആരംഭിച്ചത്. അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയിലുൾപ്പെടെ കേസുകൾ നിലനിന്നിരുന്നു. നിർമ്മാണം നിലച്ചുപോകുമെന്ന സാഹചര്യത്തിൽ സാധാരണയിൽനിന്ന് വ്യത്യസ്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. സാധാരണ ഒരു പുതിയ പ്രോജക്ടിനാണ് കിഫ്ബിയിലൂടെ പണം അനുവദിക്കുന്നത്. എന്നാൽ ഇതിന് നബാർഡിലൂടെ ഫണ്ട് അനുവദിച്ച് പൂർത്തിയാക്കാൻ സാധിക്കാതെപോയ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി 160 കോടി രൂപയും 23 കോടി രൂപ ഇലക്ട്രിക്, പ്ലമ്പിംഗ് വർക്കുകൾ നടത്തുന്നതിനുവേണ്ടി പ്രത്യേകമായും അനുവദിച്ചിട്ടുണ്ട്. ഇന്ന് അൻപതിലധികം തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നുണ്ട്.

ബഹുമാനപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനായി ഞാൻ ഉദ്ഘാടനം ചെയ്ത ഹോസ്റ്റൽ കെട്ടിടം ഉൾപ്പെടെ എല്ലാം സൗകര്യങ്ങളും അവിടെ ഒരുക്കുന്നുണ്ട്. നമ്മുടെ മുമ്പിലുള്ള ലക്ഷ്യം ആശുപത്രി പ്രവർത്തിപ്പിക്കുക എന്നുള്ളതാണ്. 2020-ൽ കോവിഡ് കാലത്ത് അവിടെ കിടത്തി ചികിത്സ ആരംഭിച്ചിരുന്നു. 12 ഐ.സി.യു.-കളും 34 ഓക്സിജൻ ലഭ്യതയുള്ള കിടക്കകളും അടക്കം 166 കിടക്കകളുള്ള കോവിഡ് ആശുപത്രിയായിട്ടാണ് 2020-ൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചത്. ഇതുകൂടാതെ അവിടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി റോഡുകൾ, കുഴൽ കിണർ എന്നിവ സ്ഥാപിക്കുന്നതിന് 99,75,000 രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 25 കോടി രൂപയുടെ ഭരണാനുമതിയാണ് അക്കാഡമിക് ബ്ലോക്കിന് നൽകിയത്. അഞ്ച് കോടി രൂപ അഡ്വാൻസായി മൊബിലൈസേഷൻ ഫണ്ടിനത്തിൽ 2016 ജൂൺ മാസത്തിൽ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് SPV ആയ കിറ്റ്കോയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ അനുമതി നൽകിയത്. അതുകൂടാതെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ് എന്നീ

വർക്കുകൾക്കായി 5,23,00,000/- രൂപയുടെ ഭരണാനുമതി നൽകുകയും അത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എട്ട് കോടി രൂപ ചെലവിൽ മെഡിക്കൽ കോളേജിൽ ജല വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ജോലികളും കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജ് മുഖേനയാണ് ചെയ്തുവരുന്നത്. ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് തുടങ്ങിയ റെസിഡൻഷ്യൽ സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി 29 കോടി രൂപയുടെ ഭരണാനുമതി ഇപ്പോൾ നൽകി. റെസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം ഇപ്പോൾ 75 ശതമാനം പൂർത്തിയായിട്ടുണ്ട്. മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ രണ്ടാം ഘട്ടമായി ചെയ്യുന്നത് ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണമാണ്. അതുമായി ബന്ധപ്പെട്ടാണ് കേസ് നിലനിന്നിരുന്നത്; അതിപ്പോൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത ഘട്ടത്തിലേയ്ക്ക് നീങ്ങുന്നതിന്റെ ഭാഗമായാണ് ഇപ്പോൾ കിഫ്ബിയിലൂടെ അനുവദിച്ച 160 കോടി രൂപയിൽ 23 കോടി രൂപ ഇലക്ട്രിക്കൽ, പ്ലമ്പിംഗ് എന്നീ വർക്കുകൾക്കുവേണ്ടി അനുവദിച്ചത്. അതിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. 160 കോടി രൂപയിൽ എല്ലാ

ഉപകരണങ്ങളും വാങ്ങാനുള്ള തുക ഉൾപ്പെട്ടിട്ടുണ്ട്. അത്യാധുനിക എം.ആർ.ഐ., സി.ടി. സ്കാൻ എന്നിവ ഉൾപ്പെടെ എല്ലാ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രൊവിഷൻ ഇതിലുൾപ്പെടുന്നുണ്ട്. ആശുപത്രിയുടെ സിവിൽ വർക്ക് പൂർത്തിയായിക്കഴിഞ്ഞാൽ ഉടനെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്. സാധാരണ 100 സീറ്റിനുവേണ്ടിയാണ് ശ്രമിക്കുന്നത്. പക്ഷെ ഞാൻ തന്നെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെക്കണ്ട് കാസർഗോഡിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രത്യേക സഹായം ലഭ്യമാക്കണമെന്ന് പറയുകയുണ്ടായി. നിർഭാഗ്യവശാൽ ഒരു രൂപ പോലും കേന്ദ്ര സർക്കാരിന്റേതായി ലഭിച്ചിട്ടില്ല. മറ്റൊരു കാര്യം ചെയ്യാവുന്നത്, 100 സീറ്റെന്നുള്ളതിൽനിന്ന് മിനിമം 50 സീറ്റിലേയ്ക്കുള്ള മെഡിക്കൽ വിദ്യാഭ്യാസം ആരംഭിക്കാൻ സാധിക്കുമോയെന്നതുമായി ബന്ധപ്പെട്ട് സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. 100 സീറ്റ് ലഭിക്കുമെങ്കിൽ 100 സീറ്റുമായി മുന്നോട്ടുപോകണമെന്നുള്ളതാണ് സർക്കാർ നിലപാട്. കാസർഗോഡ് ജില്ലയിൽ ഈ വർഷം ഒരു സർക്കാർ നേഴ്സിംഗ് കോളേജ് കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീർച്ചയായും രണ്ട് വർഷത്തിനുള്ളിൽ മെഡിക്കൽ കോളേജ്

പ്രവർത്തനം ആരംഭിക്കണമെന്നുള്ളത് തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കാസർഗോഡ് മെഡിക്കൽ കോളേജും അതോടൊപ്പം ഉദുമയിലെ TATA ആശുപത്രി നിൽക്കുന്ന സ്ഥലത്ത് സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ നിർമ്മിക്കുന്നതിനുവേണ്ടി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയാണ്. അങ്ങനെ കാസർഗോഡിന്റെ ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൃത്യമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.+

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് ഉക്കിനഡ്കയിലെ ശൂന്യമായ സ്ഥലത്തുള്ള ഒരു കല്ലിൽനിന്നാണ് ഇത് തുടങ്ങിയതെന്നാണ്. 2013-ലാണ് തറക്കല്ലിട്ടത്. തറക്കല്ലിട്ട നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകാൻ 11 വർഷം വേണ്ടിവരുമെന്ന കാര്യം എനിക്ക് അറിയില്ലായിരുന്നു. ഇപ്പോൾ പുതിയ ഒരു അറിവാണ് ലഭിച്ചത്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഇത് അങ്ങയുടെ സ്വന്തം നിയോജകമണ്ഡലത്തിലാണ് ഈ ദുരനുഭവമെങ്കിൽ അങ്ങയുടെ വികാരവും

\+ അനുബന്ധം - III

വിഷമവും എന്തായിരിക്കുമെന്നാണ്. അതുകൊണ്ട് അങ്ങയുടെ നിയോജകമണ്ഡലത്തിലാണ് ഈ പ്രശ്നമെന്ന് കരുതി കാസർഗോഡ് ജനതയോട് ഒട്ടും വൈകാതെ നീതികാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീമതി വീണാ ജോർജ്: സർ, ഒരു മന്ത്രിയെന്ന നിലയിൽ നിയോജകമണ്ഡലം എന്നുള്ളതല്ല, കാസർഗോഡ് എന്റെ സ്വന്തം സ്ഥലമായി, സ്വന്തം മെഡിക്കൽ കോളേജ് ആയിട്ടാണ് ഞാൻ കരുതുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജ് ഏറ്റവും അധികം സന്ദർശിച്ചിട്ടുള്ള വ്യക്തി ഞാനായിരിക്കും. അതിന് അങ്ങേയ്ക്ക് രണ്ടാമതൊരഭിപ്രായം ഇല്ലെന്ന് ഞാൻ കരുതുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 2013-ൽ നിർമ്മാണോദ്ഘാടനം നടത്തിയെങ്കിലും 2016-ലാണ് നിർമ്മാണം ആരംഭിച്ചത്. SPV ആയി കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് 2016-ൽ ഭരണാനുമതി നൽകിയ ഓർഡറിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. 2016-ലാണ് നിർമ്മാണം ആരംഭിച്ചത്. അക്കാദമിക് ബ്ലോക്കിന്റെ പ്രവർത്തനം പൂർത്തിയായി. നമ്മൾ ഒരുമിച്ച് തറക്കല്ലിട്ട ഹോസ്റ്റൽ നിർമ്മാണം 75

ശതമാനം പൂർത്തിയായിട്ടുണ്ട്. സർക്കാർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. നമുക്ക് മുമ്പിലുള്ള വെല്ലുവിളി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുകയെന്നതാണ്. ആശുപത്രി ഉണ്ടെങ്കിൽ മാത്രമെ എൻ.എം.സി.-യുടെ അനുവാദം ലഭിക്കുകയുള്ളൂ. കാസർഗോഡോ കാഞ്ഞങ്ങാടോ പത്ത് കിലോമീറ്റർ ചുറ്റളവിലായിരുന്നുവെങ്കിൽ ഇന്നവിടെ 100 കുട്ടികൾ പഠിക്കുമായിരുന്നു. മെഡിക്കൽ കോളേജിന് 30 കിലോമീറ്റർ ദൂരത്തിലാണ് ആശുപത്രിയുള്ളത് എന്നതുകൊണ്ടാണ് ബുദ്ധിമുട്ടുണ്ടാകുന്നത്. തീർച്ചയായും എന്റെ ആശുപത്രി, എന്റെ മെഡിക്കൽ കോളേജ്, എന്ന നിലയിൽ തന്നെയാണ് ആ ആശുപത്രിയെ മുന്നോട്ടുകൊണ്ടുപോകുന്നത്. അതുകൊണ്ട് കിഫ്ബിയുടെ വ്യവസ്ഥകൾക്ക് അതീതമായിനിന്നുകൊണ്ട് 160 കോടി രൂപ അതിൽ അനുവദിച്ചാണ് ഇപ്പോൾ അവിടെ വർക്കുകൾ നടത്തുന്നത്. അല്ലെങ്കിൽ അതിൽ ഫണ്ട് കണ്ടെത്താൻ കേന്ദ്ര സർക്കാർ കൂടി സഹായിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തിന് ബുദ്ധിമുട്ടാകുമായിരുന്നു. പക്ഷെ അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയും കൃത്യമായി നിലപാട് സ്വീകരിച്ചതോടുകൂടിയാണ് ആ ഫണ്ട് ലഭിച്ചത്.

**11.18 a.m.]**

**IV സബ്മിഷൻ**

(1) പാലാക്കുന്നേൽ എസ്റ്റേറ്റ്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സംസ്ഥാന സർക്കാരിന്റെ ഭൂമി നിലനിർത്തുന്ന കാര്യത്തിലും നഷ്ടപ്പെട്ടുപോയവ കണ്ടെത്തുന്ന കാര്യത്തിലും സംസ്ഥാനത്തെ സർക്കാരും റവന്യൂ വകുപ്പും നടത്തുന്ന ആർജ്ജവത്തെ ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. കാഞ്ഞിരപ്പള്ളി താലൂക്കിലെ ചെറുവള്ളി വില്ലേജിൽപ്പെട്ട ബ്ലോക്ക് നമ്പർ 18-ൽ 502, 503 എന്നീ സർവ്വേ നമ്പറുകളിൽപ്പെട്ട ആറ്റുപുറമ്പോക്കും ആറും ഉൾപ്പെടെയുള്ള പ്രദേശം പാലാക്കുന്നേൽ എസ്റ്റേറ്റിനുവേണ്ടി അതിർത്തികൾ പുനർനിർണ്ണയിച്ച് റവന്യൂ രേഖകളിലും സർവ്വേ രേഖകളിലും തിരുത്തലുകൾ വരുത്തി ഒരു സ്വകാര്യ വ്യക്തിയുടെ പേരിൽ തണ്ടപ്പേർ പിടിച്ച് കരം ഈടാക്കാനുണ്ടായ സാഹചര്യം വിശദമായി അന്വേഷിച്ച് പ്രസ്തുത സർക്കാർ ഭൂമി

സർക്കാരിലേയ്ക്കുതന്നെ നിക്ഷിപ്തമാക്കണമെന്നതാണ് എന്റെ സബ്മിഷൻ. 30-03-2017-ൽ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാറിന്റെ ഉത്തരവിന്മേലും കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയുടെ ഉത്തരവിന്മേലും റവന്യൂ വകുപ്പ് അപ്പീൽ പോയില്ലെന്നുള്ളതാണ് ഏറ്റവും ഗൗരവമായ വിഷയം. കോട്ടയം കളക്ടറേറ്റിലെ ഇ1 49298/2011 എന്ന നമ്പർ ഫയലിൽ പിന്നീട് തുടർ നിയമ നടപടികളുണ്ടായിട്ടില്ല. കോടികൾ വില വരുന്ന 8 ഏക്കർ മുതൽ 15 ഏക്കർ വരെയുള്ള ആറ്റുപുറമ്പോക്ക് ഉൾപ്പെടുന്ന ഭൂമിയാണ് യഥാർത്ഥത്തിൽ സർക്കാരിന് നഷ്ടപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ വികസന സമിതി യോഗത്തിൽ കോട്ടയം കളക്ടറേറ്റിൽ ടി ഫയലുമായി ബന്ധപ്പെട്ട കാര്യം അന്വേഷിച്ചപ്പോൾ ഫയൽതന്നെ അവിടെ കാണാനില്ലെന്നാണ് മനസ്സിലാക്കുന്നത്. മാത്രമല്ല കാഞ്ഞിരപ്പള്ളി തഹസിൽദാറെ മുൻസിഫ് കോടതി ജഡ്ജി വിളിച്ചുവരുത്തി അന്നുതന്നെ അടിയന്തരമായി തണ്ടപ്പേർ മാറ്റി കരം അടപ്പിക്കുക എന്നുള്ള നടപടികൂടിയെടുത്തു എന്നത് വളരെ ഗൗരവമുള്ള കാര്യമാണ്. 2017-ന് ശേഷം ഈ ഭൂമി തിരികെപ്പിടിക്കാൻ ഹൈക്കൊടതി ഉൾപ്പെടെയുള്ള മറ്റ് കോടതികളിലേയ്ക്ക് അപ്പീൽ

പോയില്ലെന്നുള്ളതും വളരെ ഗൗരവമായ വിഷയമാണ്. അതുകൊണ്ട് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് ലഭിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് റവന്യൂ ഇന്റലിജൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുകയും അതോടോപ്പം പ്രസ്തുത കേസിൽ അപ്പീൽ നൽകി സർക്കാർ ഭൂമി തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. അതിൽ വളരെ സങ്കീർണ്ണമായ ഒരുപാട് കോടതി വിധികളുണ്ട്. കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ 97/92 മുതൽ 109/92 വരെയുള്ള നമ്പരുകളിലായി കാഞ്ഞിരപ്പള്ളി താലൂക്കിൽ, ചെറുവള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 18-ൽ റീസർവ്വെ 502, 503 എന്നീ നമ്പരുകളിൽപ്പെട്ട തോട് പുറമ്പോക്ക് ഭൂമികളിൽ ഉടമസ്ഥാവകാശം അവകാശപ്പെട്ട് സമർപ്പിച്ച അന്യായങ്ങളിൽ ജില്ലാ കളക്ടർ കോട്ടയം, സർവ്വേയും ഭൂരേഖയും വകുപ്പ് ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, ചാലുകുന്ന്, സർവ്വേയും ഭൂരേഖയും വകുപ്പ് സൂപ്രണ്ട്,

റീസർവ്വേ കുറവലങ്ങാട്, സർവ്വേയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വേ തൃക്കാക്കര എന്നിവരാണ് 1 മുതൽ 5 വരെയുള്ള പ്രതികൾ. വാദികൾ കോടതിയിൽ ബോധിപ്പിച്ച 11 അന്യായങ്ങളിലും വാദികൾക്ക് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതും ഡിക്രിയോടുകൂടി അനുബന്ധപ്പെടുത്തിയിട്ടുള്ള പ്ലാനിൽ കാണിച്ചിരിക്കുന്ന പ്രകാരം അതിർത്തി ഫിക്സ് ചെയ്യുന്നതിന് അനുസരണമായ തിരുത്തലുകൾ റവന്യൂ റെക്കോർഡുകളിലും, സർവ്വേ റെക്കോർഡുകളിലും വിധിയായ തീയതി മുതൽ ആറ് മാസത്തിനകം മാറ്റം വരുത്തുന്നതിന് കോട്ടയം ജില്ലാ കളക്ടറോട് കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഒ.എസ്. കേസുകളിലെ ഉത്തരവ് നടപ്പാക്കി ലഭിക്കാതിരുന്നതിനാൽ മേൽപ്പറഞ്ഞ ഓരോ കേസിലും വിധി നടത്തിപ്പിനായി പ്രത്യേകം പ്രത്യേകം ഇ.പി. കേസുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത  ഇ.പി. കേസുകളിൽ, ഒ.എസ്. കേസുകളിലെ വിധി പ്രകാരമുള്ള വസ്തുക്കൾ 24-03-2017, 25-03-2017 എന്നീ തീയതികളിലായി ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിനായി ആമീനെ സഹായിക്കാൻ താലൂക്ക് സർവ്വേയറുടെ സേവനം കോടതി ആവശ്യപ്പെട്ടതുപ്രകാരം ആയത് നൽകിയും ഡിക്രിയോട് അനുബന്ധിച്ചുള്ള പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതുപ്രകാരം

സ്ഥലങ്ങൾ ഡീമാർക്കേറ്റ് ചെയ്തിട്ടുള്ളതുമാണ്. കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിലെ 28-03-2017-ലെ 11 സമൻസുകളിൽ സാക്ഷിയായി കോടതിയിൽ ഹാജരായപ്പോൾ, ഒന്നാം പ്രതിയായ കേരള സ്റ്റേറ്റിനുവേണ്ടി തഹസീൽദാർ കോടതി ഉത്തരവ് നടപ്പാക്കാൻ ബാധ്യസ്ഥനാണെന്നും കോടതി വിധിയുടെയും ഡിക്രിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള പ്ലാനിന്റെയും അടിസ്ഥാനത്തിൽ സർവ്വേ റെക്കോഡുകളിലും റവന്യൂ റെക്കോഡുകളിലും മാറ്റം വരുത്തി പ്രസ്തുത വിവരത്തിനുള്ള സർട്ടിഫിക്കറ്റ് അന്നേ ദിവസം തന്നെ കോടതിയിൽ സമർപ്പിക്കണമെന്ന് ഉത്തരവിടുകയും ചെയ്യുകയുണ്ടായി. കോടതി വിധി പ്രകാരമുള്ള വസ്തുക്കൾ കോടതി തന്നെ 24-03-2017, 25-03-2017 എന്നീ തീയതികളിലായി ബന്ധപ്പെട്ട കക്ഷികൾക്ക് ഏൽപിച്ചുകൊടുത്തിട്ടുള്ളതിനാലും 1992-ലെ ഒ.എസ്. കേസുകളിൽ വിധികൾ മേൽകോടതി അസ്ഥിരപ്പെടുത്തുകയോ സ്റ്റേ ചെയ്യുകയോ ചെയ്തിട്ടില്ലാത്തതിനാൽ വ്യവഹാരത്തിലെ അവസാന വിധിയെന്നും കണക്കാക്കി 1964-ലെ സർവ്വേ അതിരടയാള നിയമം സെക്ഷൻ 14 പ്രകാരം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റെക്കോർഡുകളിൽ മാറ്റം വരുത്താം എന്നുള്ളതിനാലും

ഒ.എസ്. കേസുകളിലെ ഡിക്രിയുടെ അനുബന്ധമായി ചേർത്തിട്ടുള്ള പ്ലാനിന്റെയും ടി പ്ലാനിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ ഹാജരാക്കിയിട്ടുള്ള ഡീമാർക്കേഷൻ സ്കെച്ചിന്റെയും അടിസ്ഥാനത്തിൽ റവന്യൂ റെക്കോർഡുകളിൽ മാറ്റം വരുത്തി 29-03-2017-ൽ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാർ, ഡി3/6115/2017 നമ്പരായി ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുവള്ളി വില്ലേജ് ഓഫീസർ, ചെറുവള്ളി വില്ലേജിൽ ബ്ലോക്ക് 18-ൽ 7348 മുതൽ 7358 വരെ തണ്ടപ്പേർ പിടിച്ചിട്ടുള്ളതാണ്. 29-03-2017-ൽ ബഹു. കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാരെ വിളിച്ചുവരുത്തുകയും രേഖകളിൽ മാറ്റം വരുത്താൻ ആജ്ഞാപിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം കോടതി മുറിയിൽ വച്ചുതന്നെ തണ്ടപ്പേർ 7348 മുതൽ 7358 വരെയുള്ള നമ്പരുകളിൽ വാദികളുടെ പേരിൽ തണ്ടപ്പേർ പിടിച്ച്, ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ബഹു. മുൻസിഫ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയുടെ അളവ് 2.1793 ഹെക്ടറാണ്. ഇങ്ങനെ കോടതി ഉത്തരവുപ്രകാരം തണ്ടപ്പേരിൽ ചേർത്ത ഭൂമിയിൽ

മണിമലയാറിന്റെ നീരൊഴുക്കില്ലാത്തഭാഗം ഉൾപ്പെട്ടുവരുന്നുണ്ട്. ഈ ഭൂമിക്കും സ്വകാര്യവ്യക്തിയുടെ ഭൂമിക്കും ഇടയിൽ റവന്യൂ പുറമ്പോക്കില്ല. ടി വിഷയങ്ങൾ ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ച് നടത്തുകൈച്ചീട്ട് നൽകി വസ്തു ഏറ്റെടുത്ത് വാദികൾക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിൽ, കോടതി ഉത്തരവിലൂടെ മാത്രമെ കാഞ്ഞിരപ്പള്ളി അഡീഷണൽ തഹസീൽദാരുടെ 29-3-2017-ലെ ഉത്തരവ് റദ്ദുചെയ്യാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമുള്ള വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. ആ സാഹചര്യത്തിൽ ഇവിടെയുണ്ടായ സംഭവങ്ങൾ എന്താണെന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കാൻ കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് അടിയന്തരമായി ലഭ്യമാകുന്നതാണ്. അനിവാര്യമാണെങ്കിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതനുസരിച്ച് അടിയന്തരമായി നിയമനടപടികൾക്ക് നേതൃത്വം നൽകുന്നതാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ ജില്ലാ കളക്ടറുടെ മറുപടി ലഭ്യമായ ഉടനെ ബഹു. അംഗത്തിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ ജില്ലാ റവന്യൂ ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിക്കുകയും ഏത് തരത്തിലുള്ള

അന്വേഷണം നടത്തിയായാലും സർക്കാരിന്റെ ഭൂമി തിരിച്ചുകിട്ടേണ്ടതുണ്ടെങ്കിൽ അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## (2) ഗ്രീൻഫീൽഡ് ഹൈവേ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. പല വില്ലേജുകളിലും ഭൂമി ഏറ്റെടുക്കുകയും പണം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വില കണക്കാക്കിയപ്പോൾ ചില മേഖലകളിൽ മാർക്കറ്റ് വിലയേക്കാൾ താഴെയാണ് നിശ്ചയിക്കപ്പെട്ടത്. നാഷണൽ ഹൈവേയുടെ ഗൈഡ്‌ലൈൻസ് പ്രകാരം കണക്കാക്കിയിരുന്നെങ്കിൽ ഈ പ്രശ്നം ഒഴിവാക്കാമായിരുന്നു. ഭൂമി ഏറ്റെടുക്കലിന് നൽകിയ നഷ്ടപരിഹാരത്തിൽ പൊതുവെ ആളുകൾ സംതൃപ്തരാണ്. പക്ഷെ ചില മേഖലകളിൽ, പ്രത്യേകമായി പറയുമ്പോൾ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അലനല്ലൂർ വില്ലേജിലെ എടത്തനാട്ടുകര കോട്ടപ്പള്ള ടൗൺ, മണ്ണാർക്കാട്-2 വില്ലേജിലെ തെങ്കര കൂടാതെ പാലക്കാട് ജില്ലയിലെ എന്റെ നിയോജകമണ്ഡലത്തിന് പുറത്തുള്ള പൊറ്റശ്ശേരി വില്ലേജിലെ

കാഞ്ഞിരം, മുണ്ടൂർ 2 വില്ലേജിലെ മൈലംപുള്ളി, കരിമ്പ പഞ്ചായത്തിലെ കല്ലടിക്കോട്, മാച്ചാംതോട്, ഇടക്കുറിശ്ശി, മലമ്പുഴ 2 വില്ലേജിലെ മരുത റോഡ് പ്രദേശങ്ങളിലുള്ള റസിഡൻഷ്യൽ മേഖലയിലും കോട്ടപ്പള്ള പോലുള്ള കൊമേഴ്സ്യൽ മേഖലകളിലും നിലവിലുള്ള മാർക്കറ്റ് വിലയേക്കാൾ എത്രയോ താഴെയുള്ള സംഖ്യയാണ് നിലവിൽ നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ എൻ.എച്ച്. ഗൈഡ്‌ലൈൻസ് പ്രകാരം ഭൂമിയെ റെസിഡൻഷ്യൽ മേഖല, കൊമേഴ്സ്യൽ മേഖല, നിലവിലുള്ള ഹൈവേയ്ക്ക് സമീപമുള്ള ഭൂമി, സമാനരീതിയിലുള്ള സ്ഥലങ്ങൾ എന്നിങ്ങനെയും വലിയ സംഖ്യയുള്ള ആധാരങ്ങളും പ്രത്യേകമായി കൺസിഡർ ചെയ്യേണ്ടതായിരുന്നു. അതായത് വലിയ സംഖ്യയ്ക്ക് രജിസ്റ്റർ ചെയ്ത ആധാരങ്ങൾ പരിശോധിക്കാതെയാണ് ഇടത്തനാട്ടുകരയിലും തെങ്കരയിലും ഭൂമി ഏറ്റെടുത്തിട്ടുള്ളത്. വലിയ സംഖ്യയ്ക്ക് രജിസ്ട്രേഷൻ നടത്തിയ ആധാരങ്ങൾ കൂടി പരിഗണിച്ചുവേണമായിരുന്നു വില നിശ്ചയിക്കപ്പെടേണ്ടത്. പക്ഷെ അങ്ങനെയൊരു സമീപനം ഉണ്ടായിട്ടില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ എൻ.എച്ച്. ഗൈഡ്‌ലൈൻസ് അനുസരിച്ച് മേൽ സൂചിപ്പിച്ച മേഖലകളിൽ

ഭൂമിയുടെ വില നിശ്ചയിക്കാൻ സാഹചര്യം ഒരുക്കിത്തരണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

നിലവിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ CALA (Competent Authority for Land Acquisition)-യിലെ ഉദ്യോഗസ്ഥനായ ശ്രീ. ജോസഫ് സ്റ്റീഫൻ റോബി എന്ന ഡെപ്യൂട്ടി കളക്ടറാണ് നിർവ്വഹിക്കുന്നത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചില ഉദ്യോഗസ്ഥരുടെ പുനർവിന്യാസം ശ്രദ്ധയിൽപ്പെട്ടു. പക്ഷെ ഇദ്ദേഹം എറണാകുളം ജില്ലക്കാരനായതിനാൽ പാലക്കാടുനിന്ന് സ്ഥലം മാറ്റേണ്ട കാര്യമില്ല. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹത്തിനുതന്നെ പൂർത്തീകരിക്കാനുള്ള അവസരം നൽകണമെന്ന് ഇതുമായി ബന്ധപ്പെട്ട ഭൂവുടമകൾക്ക് അഭിപ്രായമുണ്ട്. അക്കാര്യംകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം നിയമസഭയിൽ എന്നേക്കാൾ വളരെ സീനിയറാണ്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കാര്യം എന്തായാലും

സബ്മിഷനിൽ ഉന്നയിക്കേണ്ട ആവശ്യമില്ല. മറ്റ് നിയമപരമായ കാര്യങ്ങൾ നമുക്ക് പരിശോധിക്കാം.

പാലക്കാട് ജില്ലയിലെ, മണ്ണാർക്കാട്-പാലക്കാട് താലൂക്കുകളിൽ ഉൾപ്പെടുന്ന 21 വില്ലേജുകളിലൂടെയാണ് നിർദ്ദിഷ്ട പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ദേശീയ പാത കടന്നുപോകുന്നത്. ഇതുമായി ബന്ധപ്പെട്ട് ധാരാളം പ്രയാസങ്ങളുണ്ടായിരുന്നു. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികളുടെ സങ്കീർണ്ണതകളുണ്ടായിരുന്നു. ദേശീയ പാത ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട കാര്യം ദേശീയപാത ഏറ്റെടുക്കലിന് 1956-ലെ എൻ.എച്ച്. ആക്ട് പ്രകാരമുള്ള വിജ്ഞാപനങ്ങളാണ് പുറപ്പെടുവിക്കുന്നതെങ്കിലും ഇന്ത്യയിൽ പൊതുവായി നടപ്പാക്കപ്പെട്ടിട്ടുള്ള എൽ.എ.ആർ.ആർ. 2013 അനുസരിച്ചാണ് തുക നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ 3A വിജ്ഞാപനം പുറപ്പെടുവിച്ച് 3D പ്രകാരമുള്ള വിജ്ഞാപനം വരുന്നതിന് മുമ്പുതന്നെ ചില തരംമാറ്റങ്ങളിലും കാണം ജന്മമാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിലും അതത് ജില്ലകളിലെ എം.എൽ.എ.-മാരും ഞാനും ചേർന്ന് കോഴിക്കോട് വച്ച് ചേർന്ന യോഗത്തിൽ

വളരെ പോസിറ്റീവായ തീരുമാനങ്ങളെടുക്കുകയുണ്ടായി. വിലയുടെ കാര്യത്തിൽ പുറകിലേയ്ക്ക് പോയ ആളുകൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കാനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുള്ളതാണ്. 21 വില്ലേജുകളുടെയും ഭൂമിയുടെ അടിസ്ഥാന വില നിർണ്ണയം കോംപീറ്റന്റ് അതോറിറ്റി ഫോർ ലാൻഡ് അക്വിസിഷൻ (CALA) അംഗീകരിക്കുകയും ദേശീയപാത അതോറിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രീൻഫീൽഡ് ഹൈവേയ്ക്കായി പാലക്കാട്-കോഴിക്കോട്-മലപ്പുറം എന്നീ ജില്ലകൾക്കായി 572.62 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. പാലക്കാട്-കോഴിക്കോട് ദേശീയപാത നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമി 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക-1 പ്രകാരമുള്ള നഷ്ടപരിഹാരവും, ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിക്കും കുഴിക്കൂറുചമയങ്ങൾക്കും വെവ്വേറെ വില നിർണ്ണയം നടത്തി ആയതിന്റെ ഇരട്ടി തുകയാണ് നഷ്ടപരിഹാരം നൽകുന്നത്. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ 26(1) വകുപ്പുപ്രകാരമാണ് ഭൂമിയുടെ മാർക്കറ്റ് വില (BVR) കണക്കാക്കുന്നത്. മാർക്കറ്റ് വില തയ്യാറാക്കുന്നത് 1956-ലെ NH ആക്ടിലെ 3D പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവുമാണ്. ഇന്ത്യൻ സ്റ്റാമ്പ്

ആക്ട് പ്രകാരം മാർക്കറ്റ് വാല്യു നിശ്ചയിച്ച സ്ഥലങ്ങളിൽ അപ്രകാരമുള്ള മാർക്കറ്റ് വാല്യുവോ മാർക്കറ്റ് വാല്യു നിശ്ചയിച്ചിട്ടില്ലെങ്കിൽ എൻ.എച്ച്. ആക്ടിന്റെ 3A നോട്ടിഫിക്കേഷൻ തീയതിക്ക് പുറകിലേയ്ക്കുള്ള 3 വർഷക്കാലയളവിൽ ഭൂമി ഏറ്റെടുക്കുന്ന വില്ലേജുകളിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനവുമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടിയ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് അടിസ്ഥാന വില (Basic Value Report) ആയി കണക്കാക്കുന്നത്. അതായത് ഒരു നഗര പ്രദേശത്ത് നിന്നും 10 കി.മീറ്ററിന് അപ്പുറം ഗുണന ഘടകം 1.2-ഉം, 20 കി.മീറ്ററിന് അപ്പുറം ഗുണന ഘടകം 1.4-ഉം, 20-30 കി.മീ. ഇടയിലാണെങ്കിൽ ഗുണന ഘടകം 1.6 ഉം, 30-40 ഇടയിലാണെങ്കിൽ 1.8 ആകും. 40-ന് മുകളിൽ ഇരട്ടി എന്ന വിലയിൽ കണക്കാക്കുകയും അതോടൊപ്പം പൊതുമരാമത്ത് കണക്കാക്കുന്ന വില, സോഷ്യൽ ഫോറസ്ട്രി വകുപ്പ് കണക്കാക്കുന്ന മരങ്ങളുടെ വില, കൃഷി വകുപ്പ് കണക്കാക്കുന്ന കാർഷിക വിളകളുടെ വില എന്നിവ കൂട്ടിക്കിട്ടുന്ന ആകെ വിലയുടെ 100 ശതമാനം സൊലേഷ്യം അടക്കം കണക്കാക്കുന്ന വിലയും, അതോടൊപ്പം 3A വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12

ശതമാനം നിരക്കിൽ മാർക്കറ്റ് വാല്യുവിന്റെ അധിക വർദ്ധനവും കൂട്ടിയാണ് വില കണക്കാക്കുന്നത്. അതോടൊപ്പം ഭൂമി ഏറ്റെടുക്കൽ നിയമംമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക-2 പ്രകാരമുള്ള പുനരധിവാസ സംഖ്യയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. സബ്മിഷനിൽ പരാമർശിക്കുന്ന പ്രദേശങ്ങളിലെ ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയത്തിനായി ഏറ്റെടുക്കൽ പ്രദേശത്തും സമീപ പ്രദേശങ്ങളിലും ലഭ്യമായ സമാനമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിഗണിച്ചിട്ടുള്ളതായാണ് കാണാൻ കഴിയുന്നത്. ഗ്രീൻഫീൽഡ് ദേശീയ പാത കടന്നുപോകുന്ന 21 വില്ലേജുകളിലെയും അവാർഡ് നിർണ്ണയം പൂർത്തീകരിച്ചിട്ടുള്ളതും ദേശീയ പാത അതോറിറ്റിയുടെ അംഗീകാരത്തോടെ നഷ്ടപരിഹാരം വിതരണം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരികയുമാണ്. 1956-ലെ ദേശീയ പാത നിയമപ്രകാരം, CALA (Competent Authority for Land Acquisition) ഒരിക്കൽ നിർണ്ണയിച്ച ഭൂമിയുടെ അടിസ്ഥാന വില അതേ അതോറിറ്റിക്ക് തിരുത്തുകയോ പുനഃപരിശോധിക്കുകയോ ചെയ്യാൻ കഴിയില്ല. കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഭൂവുടമകൾക്ക്

എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം, 1956-ലെ ദേശീയ പാത നിയമത്തിലെ വകുപ്പ് 3G(5) പ്രകാരം ആർബിട്രേറ്ററായി നിശ്ചയിച്ചിട്ടുള്ള ആളെ സമീപിക്കേണ്ടതാണ്. ഇപ്പോൾ ജില്ലാ കളക്ടറാണ് ആർബിട്രേറ്റർ. ബഹുമാനപ്പെട്ട അംഗം സബ്മിഷനിൽ പരാമർശിക്കുന്ന വില്ലേജുകളിൽ ഭൂമിക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടിക സബ്മിഷനുള്ള മറുപടിയോടൊപ്പം മേശപ്പുറത്തുവയ്ക്കുന്നു+. ഏതെങ്കിലും വിധത്തിലുള്ള പരാതിയുണ്ടെങ്കിൽ ആർബിട്രേറ്ററായ കളക്ടറെ സമീപിച്ചാൽ ആവശ്യമായ നടപടികളെടുക്കാൻ നിയമപ്രകാരം അനുവാദമുണ്ട്.

(3) കൊല്ലങ്കോട് - പൊഴിയൂർ കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര അസംബ്ലി മണ്ഡലത്തിലെ ഒരു ചെറിയ പ്രദേശമാണ് കൊല്ലങ്കോട്-പൊഴിയൂർ കടലോര പ്രദേശം. 2018-വരെ അവിടെ നല്ലനിലയിൽ തീരമുണ്ടായിരുന്നു. 2018-ൽ അന്നത്തെ കന്യാകുമാരി എം.പി.-യായിരുന്ന ശ്രീ. പൊൻ രാധാകൃഷ്ണൻ അവിടെ തമിഴ്നാട് അതിർത്തി ചേർന്ന നീരോടി മുതൽ തേങ്ങാപട്ടണം വരെയുള്ള പ്രദേശത്ത് പുലിമുട്ട് നിർമ്മാണം നിർവ്വഹിച്ച് അവരുടെ തീരം

\+ അനുബന്ധം-IV

സംരക്ഷിച്ചതിന്റെ ഭാഗമായുണ്ടായ വെള്ളത്തിന്റെ ഗതിവിഗതികൾ ഏറ്റവും കൂടുതൽ ബാധിച്ചത് നെയ്യാറ്റിൻകര മണ്ഡലത്തിലെ കൊല്ലങ്കോട്-പരുത്തിയൂർ-പൊഴിയൂർ പ്രദേശങ്ങളെയാണ്. അവിടെ ഏകദേശം 271 വീടുകളെ അത് സാരമായി ബാധിച്ചു. പുനർഗേഹം പദ്ധതി പ്രകാരം നമ്മൾ 128 വീടുകൾ നിർമ്മിച്ച് അവരെ പുനരധിവസിപ്പിച്ചതുകൊണ്ട് കുറച്ച് ആശ്വാസമുണ്ടായി. ആ കടലേറ്റം ഉണ്ടാകുന്നതിനുമുമ്പ് അവിടെയുള്ള അന്തർദ്ദേശീയ പി.ഡബ്ല്യു.ഡി. റോഡിൽനിന്നും തീരംവരെ ഏകദേശം 750 മീറ്ററുണ്ടായിരുന്നു. ഇപ്പോൾ ആ അന്തർദ്ദേശീയ പി.ഡബ്ല്യു.ഡി. റോഡ് പൂർണ്ണമായും തകർന്നുപോയി. മൺസൂൺ കാലഘട്ടത്തിൽ ഉണ്ടാകുന്ന കടലാക്രമണത്തിന്റെ ഭാഗമായി അവിടെയുള്ള പുരാതനമായ കൊല്ലങ്കോട് ചർച്ചും പരുത്തിയൂർ ചർച്ചും അപകട ഭീഷണിയിലാണ്. അതുകൂടാതെ അവിടെയുള്ള മത്സ്യത്തൊഴിലാളികളുടെ ശ്മശാനവും അപകടാവസ്ഥയിലാണ്. ഏകദേശം മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. അവിടെ തീരമില്ലാത്തതുകൊണ്ടുതന്നെ പരമ്പരാഗത മത്സ്യബന്ധനം നടത്താൻ

ചാളത്തടിയിലോ വള്ളങ്ങളിലോ പോകാൻ കഴിയാതെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. ആ ഗൗരവം മനസ്സിലാക്കികൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റും വകുപ്പും ചെല്ലാനത്ത് കടൽഭിത്തി നിർമ്മാണത്തോടൊപ്പം ഇവിടെ കടൽഭിത്തി നിർമ്മാണത്തിന് second priority നിശ്ചയിച്ചിരുന്നതാണ്. കൊല്ലങ്കോട്-പൊഴിയൂർ പ്രദേശത്ത് തീരസംരക്ഷണവുമായി ബന്ധപ്പെട്ട് Tetrapods നിർമ്മാണ ശൈലിയാണ് അവലംബിച്ചിട്ടുള്ളത്. അതിനാവശ്യമായ എസ്റ്റിമേറ്റും മറ്റ് കാര്യങ്ങളും നിർവ്വഹിക്കപ്പെടുകയും ഭരണാനുമതി നൽകുകയും ചെയ്തെങ്കിലും അതിനുശേഷം ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതിയുണ്ടായില്ല. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മനസ്സിലാക്കുന്നുണ്ടെങ്കിലും അവിടുത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ വരുന്ന മൺസൂൺ കാലത്തിനുമുമ്പുതന്നെ അടിയന്തരമായി അവിടെ പ്രവൃത്തി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട വകുപ്പിന്റെയും മന്ത്രിയുടെയും പ്രത്യേകമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. കെ. ആൻസലൻ സൂചിപ്പിച്ചത് സജീവമായി ശ്രദ്ധയിലുള്ള വിഷയം തന്നെയാണ്. തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട്ടും പൂവാർ അഴിമുഖത്തിനും ഇടയിൽ Tetrapods ഉപയോഗിച്ചുള്ള കടൽഭിത്തിനിർമ്മാണവുമായി ബന്ധപ്പെട്ട് 51 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. 08-12-2022-ലെ കത്ത് പ്രകാരം കൊല്ലങ്കോട്-പൊഴിയൂരിന് വേണ്ടിയുള്ള കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ കിഫ്ബി (KIIFB - Kerala Infrastructure Investment Fund Board) ഫണ്ടിംഗിലൂടെ ചെയ്യുന്നതിനുള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, Kerala Irrigation Infrastructure Development Corporation Ltd. (KIIDC)-ന് അപേക്ഷ സമർപ്പിച്ചിരുന്നു. 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ തീരദേശത്തെ ജനജീവിതത്തെ തളർത്തുന്ന കടൽ ക്ഷോഭത്തെ ശാസ്ത്രീയമായി നിയന്ത്രിച്ച് ആയതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾക്ക് ദീർഘകാല പരിഹാരത്തിന് രൂപം നൽകുമെന്ന്

പ്രഖ്യാപിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ എസ്റ്റിമേറ്റ് തയാറാക്കി സമർപ്പിക്കുകയും SPV ആയി KIIDC-യെ തന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് ടി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായിവന്നു. പുതിയതായി പദ്ധതിക്ക് ഡി.പി.ആർ. തയാറാക്കുമ്പോൾ 18% GST ഉൾപ്പെടെ 61 കോടി രൂപയുടെ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങൾ KIIFB-യുടെ പോർട്ടലിൽ സമർപ്പിച്ചപ്പോൾ പദ്ധതിക്ക് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണെന്ന് KIIFB അറിയിച്ചു. അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് 35.59 ശതമാനം ചെലവുസൂചിക 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ ഷെഡ്യൂൾ പ്രകാരം 61 കോടി രൂപയുടെ പ്രവർത്തനത്തിന് തത്വത്തിൽ അംഗീകാരം നൽകി. ഇത് SPV-യെ ചുമതലപ്പെടുത്തി, KIIDC അതിന്റെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. ഇതിന് മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതായിട്ടുണ്ട്. ഇവിടെ ഉന്നയിച്ച

ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കുന്നു. രൂക്ഷമായ കടലാക്രമണപ്രദേശം എന്ന നിലയിൽ ഗവൺമെന്റ് തത്വത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തരമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(4) വടുതല, പച്ചാളം, സൗത്ത് ചിറ്റൂർ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം

ശ്രീ. ടി. ജെ. വിനോദ്: സർ, കൊച്ചി നഗരത്തിലും പ്രാന്ത പ്രദേശങ്ങളായ ഇളമക്കര, പച്ചാളം, വടുതല, ചിറ്റൂർ എന്നീ സ്ഥലങ്ങളിലും അതീവ ഗുരുതരമായ കുടിവെള്ളക്ഷാമമാണ് നേരിടുന്നത്. ആലുവ ജലശുദ്ധീകരണ ശാലയിൽനിന്ന് 125.5 MLD വെള്ളവും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും 55.5 MLD വെള്ളവും ഉൾപ്പെടെ 174 MLD വെള്ളമാണ് കൊച്ചി നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും വിതരണം ചെയ്യുന്നത്. ഇതിൽ 35% വിതരണ നഷ്ടം ഉണ്ടാകുമെന്ന് വാട്ടർ അതോറിറ്റിതന്നെ പറയുന്നു. ധാരാളം ഫ്ലാറ്റുകളിലും പുതിയ കെട്ടിടങ്ങളിലും ജൽജീവൻ മിഷന്റെ പുതിയ കണക്ഷനുകൾ നൽകുന്നതുമൂലം വെള്ളത്തിന്റെ അളവ് വളരെ കുറവാണ്. ഇത് പരിഹരിക്കാൻ പച്ചാളത്ത് സമ്പും ഓവർഹെഡ് ടാങ്കും വാട്ടർ

അതോറിറ്റി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പണിതിട്ടുണ്ട്. പക്ഷേ ജലം വിതരണം ചെയ്യുന്നതിനുള്ള നെറ്റ്‌വർക്ക് ഇല്ലെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. ഇത് പരിഹരിക്കാൻ അമൃത് പദ്ധതി ഫേസ് 2-ൽ പ്രിയോറിറ്റി നമ്പർ-4 ആയി നാല് കോടി രൂപയും പ്രിയോറിറ്റി നമ്പർ-6 ആയി പതിനഞ്ച് കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇളമക്കര, കലൂർ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പണിതിട്ടുള്ള ഓവർഹെഡ് ടാങ്കിൽ വെള്ളമെത്തിക്കുന്നതിന് 19 കോടി രൂപയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അഞ്ചോ ആറോ പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും വർക്ക് ഏറ്റെടുക്കുന്നില്ലെന്നാണ് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പറയുന്നത്.  കുടിവെള്ള ക്ഷാമം താൽക്കാലികമായി പരിഹരിക്കുന്നതിനായി ഗവൺമെന്റ് അതീവ ഗൗരവത്തോടെ അടിയന്തരമായി ടെണ്ടർ നടപടികൾ സ്വീകരിക്കണം. മറ്റൊന്ന് താൽക്കാലികമായി ആലുവയിൽനിന്നും മരട് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും കൂടുതൽ വെള്ളം തമ്മനം പമ്പ് ഹൗസിൽ എത്തിക്കണമെന്നുള്ളതാണ്. കൂടാതെ നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന്

ശാശ്വത പരിഹാരമെന്ന നിലയിൽ 190 MLD-യുടെ പുതിയ പ്ലാന്റ് ആലുവയിൽ സ്ഥാപിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ വിശദീകരിച്ചതിനാൽ അക്കാര്യങ്ങളിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല. സമ്പിലേയ്ക്കും ഓവർ ഹെഡ് ടാങ്കിലേയ്ക്കും വെള്ളം എത്തിക്കാനും പൈപ്പ്ലൈൻ നീട്ടുന്നതിനും ആവശ്യമായ രണ്ട് വർക്കുകളാണ് അവിടെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആ വർക്കുകളെടുത്ത് ചെയ്യാൻ സാധിക്കാത്ത സ്ഥിതിയിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ചിറ്റൂർ ഭാഗത്ത് ഒരുപക്ഷേ അത് നിയന്ത്രിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മറ്റ് പല എതിർപ്പുകളും അവിടെയുണ്ടായ സാഹചര്യത്തിൽ അത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നുമില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധിച്ച് മേൽപ്പറഞ്ഞ വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ ജോയിന്റ് എം.ഡി.-യെ

ചുമതലപ്പെടുത്തി അടിയന്തരമായി അവിടെ ഇക്കാര്യങ്ങൾ മൂവ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം. രണ്ടാമത്തെ പ്രധാന വിഷയം, ചിറ്റൂർ ഭാഗത്ത് 1.25 MLD വെള്ളമാണ് വടുതല പമ്പ് ഹൗസിൽനിന്നും വിതരണം ചെയ്തുവരുന്നത്. 2 MLD വെള്ളമെങ്കിലും ഈ പ്രദേശത്ത് പമ്പ് ചെയ്താൽ മാത്രമേ അവിടെ നിലനിൽക്കുന്ന ശുദ്ധജല ക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ആലുവയിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും 1050 മില്ലീമീറ്റർ പൈപ്പിലൂടെ കൂടുതൽ ജലമെത്തിക്കണം. അതിൽനിന്നും 8000 മി.ലിറ്റർ ഡി.ഐ. പൈപ്പിലൂടെ വടുതല പമ്പ് ഹൗസിലേയ്ക്കും ജലം എത്തിക്കേണ്ടതായിട്ടുണ്ട്. ആലുവ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുകയെന്നതാണ് അതിന് അനിവാര്യമായിട്ടുള്ളത്. 190 MLD പ്ലാന്റ് ആലുവയിലുണ്ടാവുക എന്നത് ഈ വിഷയത്തിനുമാത്രമല്ല കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും ഏക പോംവഴി അതുമാത്രമേയുള്ളൂ. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന് വലിയ ഗൗരവം കൊടുക്കും. എ.ഡി.ബി. ധനസഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരികയാണ്.

## (5) വയനാട്ടിൽ കടുവകളുടെ ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, അടുത്ത കാലത്തായി വയനാട്ടിലെ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും അതുമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുകയുമാണ്. 10 വർഷംകൊണ്ട് വയനാട്ടിൽ 51 പേരെയാണ് വന്യമൃഗങ്ങൾ ആക്രമിച്ച് കൊലപ്പെടുത്തിയത് (ആന 41 പേരെയും കാട്ടുപോത്ത് രണ്ടുപേരെയും പന്നി ഒരാളെയും കടുവ 7 പേരെയും). കഴിഞ്ഞദിവസം ചേകാടി പാക്കത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിയെ ആന ആക്രമിക്കുകയും ഗുരുതരമായ പരിക്കുകളോടെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലുമാണ്. കടുവ ആക്രമിച്ച് കൊലപ്പെടുത്തുന്നത് വളരെ ഭയാനകമായ മരണമാണ്. കടുവയുടെ ആക്രമണത്താൽ മരണപ്പെട്ടവർ ഭാസ്കരൻ (56 വയസ്), ബാബുരാജ് (23 വയസ്), ബസവ (44 വയസ്), ജഡയൻ (60 വയസ്), ശിവകുമാർ (24 വയസ്), തോമസ് (50 വയസ്), ഏറ്റവും അവസാനമായി 2023 ഡിസംബർ 9-ന് പ്രജീഷ് (36

വയസ്) എന്നിവരാണ്. ഇവരെല്ലാംതന്നെ കർഷകരായ കുടുംബനാഥന്മാരായിരുന്നു. വളരെ ഭയാനകമായ കൊലപ്പെടുത്തലാണ്. കടുവ മാംസം മുഴുവൻ ഭക്ഷിക്കുന്നതിനാൽ അവസാനം ആ വീട്ടുകാർക്ക് കർമ്മം ചെയ്യാനും മറവ് ചെയ്യാനും കിട്ടുന്നത് ഇവരുടെ തലയോട്ടും അസ്ഥിക്കഷണങ്ങളും മാത്രമാണ്. ഈ കുടുംബങ്ങളൊക്കെ വലിയ പ്രതിസന്ധിയിലാണ്. അവർക്ക് മറ്റ് ഉപജീവനമാർഗ്ഗങ്ങളൊന്നുമില്ല. കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ ഏഴ് കുടുംബങ്ങളുടെ ഭവനം സന്ദർശിക്കുന്നതിനുവേണ്ടി ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും ഉന്നത ഉദ്യോഗസ്ഥർ അവരുടെ വീടുകൾ സന്ദർശിക്കുകയും ചെയ്താൽ അവരുടെ അവസ്ഥ നേരിട്ട് മനസ്സിലാക്കാൻ സാധിക്കും. ഇവർക്ക് 10 ലക്ഷം രൂപയാണ് ഗവൺമെന്റ് നഷ്ടപരിഹാരം നൽകുന്നത്. ഈ കുടുംബങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച് തീരുമാനമെടുത്ത് 50 ലക്ഷം രൂപയെങ്കിലും നഷ്ടപരിഹാരം നൽകാനും ആ കുടുംബത്തിലെ ഒരാൾക്ക് സ്ഥിരം ജോലി കൊടുക്കാനും സംവിധാനമുണ്ടാക്കേണ്ടതാണ്. അതുമാത്രമല്ല, വന്യമൃഗങ്ങൾ ജനവാസകേന്ദ്രത്തിലേയ്ക്ക് ഇറങ്ങുന്നതിനാൽ സ്വാഭാവികമായും

ഇവയെ പിടികൂടാൻ കാലതാമസമുണ്ടാകുന്നു. 2018-ലെ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ സെൻസസ് അനുസരിച്ച് 154 കടുവകളാണ് വയനാട്ടിലുള്ളത്. അവിടെയുള്ള വനഭൂമിയുടെ ആകെ വിസ്തീർണ്ണം 809 സ്ക്വയർ കിലോമീറ്ററാണ്. ഒരു കടുവയുടെ സഞ്ചാരപഥമെന്നുപറയുന്നത് 40 സ്ക്വയർ കിലോമീറ്ററാണ്. ഇപ്പോഴത്തെ കണക്കനുസരിച്ച് 154 കടുവകളിൽ 8 കടുവകളെ പിടികൂടി. ഇപ്പോൾ വനം വകുപ്പിന്റെ കണക്കനുസരിച്ച് ഏതാണ്ട് 8-9 കടുവകൾ പുറത്തേയ്ക്കുവരും. അവയ്ക്ക് 14 മുതൽ 17 വയസുവരെ പ്രായമായയെന്നാണ് പറയുന്നത്. കടുവകളെ ഭയന്ന് കർഷകർക്ക് കൃഷിയിടങ്ങളിൽലേയ്ക്ക് ഇറങ്ങാൻ സാധിക്കുന്നില്ല. അത് എവിടെയാണ് പതിയിരിക്കുന്നതെന്ന് അവർക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. വിദ്യാർത്ഥികൾക്ക് കാൽനടയായി വിദ്യാലയങ്ങളിലേയ്ക്ക് പോകാനോ തൊഴിലുറപ്പ് ജീവനക്കാർക്ക് അവരുടെ ജോലി ചെയ്യാനോ അതിരാവിലെ സൊസൈറ്റികളിൽ പാൽ കൊണ്ടുപോകുന്ന ക്ഷീരകർഷകർക്ക് പുറത്തേയ്ക്ക് പോകാനോ കഴിയുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഗവൺമെന്റും ഇടപെട്ട് മുഖ്യമന്ത്രിയുമായി ഒരു ഉന്നതാധികാര സമിതിയോഗം

വിളിച്ച്  കടുവയെ പിടിച്ച് നീക്കം ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. കേരളത്തിൽ 209 മുതൽ 217 വരെ എണ്ണം കടുവകളാണുള്ളത്. അതിൽ 154 എണ്ണം വയനാട്ടിലാണ്. നഷ്ടപരിഹാരത്തുക 50 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും ഒരു ഉന്നതാധികാര സമിതി യോഗം വിളിച്ച് ഇതിന് പ്രത്യേകം പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകണമെന്നും  കടുവയെ കൂടുവച്ച് പിടിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായി ഓർഡർ ഇറക്കി നടപടി സ്വീകരിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട സുൽത്താൻ ബത്തേരി എം.എൽ.എ. ഉന്നയിച്ച വിഷയം ഇന്നലെ മാനന്തവാടി എം.എൽ.എ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ സഭയിൽ ഉന്നയിച്ചിരുന്നു. അദ്ദേഹം ഉന്നയിച്ചത് കേരളത്തിന്റെ പൊതുവായ സ്ഥിതിയാണെങ്കിൽ വയനാട് ജില്ലയിലെ കടുവ ആക്രമണത്തെക്കുറിച്ച് മാത്രമാണ് സുൽത്താൻ ബത്തേരി എം.എൽ.എ. സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ കടുവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാനാണ്

ഞാൻ തയ്യാറായി വന്നത്. 2014 മുതൽ ഇന്നുവരെയുള്ള കഴിഞ്ഞ 10 വർഷത്തെ കടുവാ ആക്രമണങ്ങളുടെ കണക്കാണ് അദ്ദേഹം പറഞ്ഞത്. ഏതെങ്കിലും വർഷം നോക്കിയോ മന്ത്രിയെ നോക്കിയോ സർക്കാരിന്റെ നിറം നോക്കിയോ അല്ല വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത്. അവിടത്തെ എം.എൽ.എ ആരാണെന്നൊന്നും കടുവകൾക്കറിയില്ല. അതുകൊണ്ട് കാലഗണന പറയുന്നത് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കുമെന്നതിനാൽ വർഷം നോക്കി കണക്കുകൾ പറയേണ്ടതില്ല. 2021 മുതലാണ് കടുവകൾക്കറിയാത്ത, എ. കെ. ശശീന്ദ്രൻ എന്ന വ്യക്തി വനം വകുപ്പുമന്ത്രിയായത്. രണ്ടുപേരാണ് കടുവ ആക്രമണംമൂലം വയനാട്ടിൽ കൊല്ലപ്പെട്ടത്. ഇത്തരത്തിൽ ഒരാളും കൊല്ലപ്പെടാൻ പാടില്ല, ഒരു കർഷകനുപോലും ദ്രോഹമുണ്ടാകാൻ പാടില്ലെന്നതാണ് ഗവൺമെന്റിന്റെ നിലപാട്. അവരെ സംരക്ഷിക്കാനുള്ള ചുമതല സ്വാഭാവികമായും ഭരണകൂടത്തിനുള്ളതാണെന്ന് വിശ്വസിക്കുന്ന ഒരു ഗവൺമെന്റ് തന്നെയാണ് ഇവിടെയുള്ളത്. പിന്നീട് അദ്ദേഹം ഉന്നയിച്ചത് ആശ്രിതർക്ക് നൽകുന്ന സഹായധനത്തെക്കുറിച്ചാണ്. നഷ്ടപരിഹാരമല്ല ആശ്വാസധനമാണ്

ഗവൺമെന്റ് നൽകുന്നത്. നഷ്ടം എങ്ങനെയാണ് തിട്ടപ്പെടുത്താൻ കഴിയുക; മരിച്ച വ്യക്തിയുടെ ജീവന്റെ വില തിട്ടപ്പെടുത്താൻ ആർക്കാണ് സാധിക്കുക? അത് പത്തോ ഇരുപതോ ഇരുപത്തിയഞ്ചോ അൻപതോ ഒരു കോടിയോ ആകാം. ആശ്വാസ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഏറ്റവും ഒടുവിൽ കൊല്ലപ്പെട്ട പ്രജീഷിന്റെ കേസ്സൊഴികെ ബാക്കി എല്ലാ കേസ്സുകളിലും സർക്കാർ നേരത്തെ നിശ്ചയിച്ച പ്രകാരമുള്ള സഹായധനം നൽകിക്കഴിഞ്ഞു. പ്രജീഷിന്റെ കേസ്സിൽ ആദ്യഗഡുവായ 5 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. മറ്റ് രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുകയും നൽകാൻ കഴിയുമെന്നാണ് അറിയിച്ചിട്ടുള്ളത്. അതിനൊന്നും ഒരു കാലതാമസവുമുണ്ടായിട്ടില്ല. അങ്ങനെ പറഞ്ഞ് ആശ്വസിക്കാനല്ല ഞാൻ ശ്രമിക്കുന്നത്. അങ്ങനെ ആശ്വസിക്കാൻ പറ്റിയ കേസ്സല്ല ഇത്. ആളുകൾക്ക് ഇത്തരമൊരു പ്രയാസമുണ്ടെന്ന വസ്തുതയോട് ക്രിയാത്മകമായ നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ജനവാസമേഖലയിൽ ഇറങ്ങുന്ന കടുവയെക്കുറിച്ച് മാത്രമാണ് സബ്മിഷനിൽ സൂചിപ്പിച്ചതെങ്കിലും ഞാൻ പൊതുവായി പറയുകയാണ്, ആന, കടുവ പുലി തുടങ്ങിയ

വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്കയയ്ക്കാൻ കഴിയാത്ത സാഹചര്യം അവിടെയുണ്ട്. അവയെ പിടികൂടി ജനവാസമേഖലയിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ 10 കടുവകളെ കൂടുവച്ചും മയക്കുവെടിവച്ചും പിടികൂടിയിട്ടുണ്ട്. പിടികൂടിയ കടുവകളെല്ലാം പ്രായമായവയാണ്. അവയെ തൃശ്ശൂരിലെ പുത്തൂർ സുവോളജിക്കൽ പാർക്കിലേയ്ക്കാണ് ഇപ്പോൾ മാറ്റിയിട്ടുള്ളത്. ബാക്കി ഏഴ് കടുവകളെ കുപ്പാടിയിലെ അനിമൽ ഹോസ്പിറ്റലൈസ്ഡ് സെന്ററിൽ പാർപ്പിച്ചുവരികയുമാണ്. ഇതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. വന്യജീവികളെ സംരക്ഷിക്കൽ സർക്കാരിന്റെ ഉത്തരവാദിത്വത്തിൽപ്പെട്ടതാണെന്നത് മറന്നുകൊണ്ട് സംസാരിക്കാൻ വനം വകുപ്പുമന്ത്രിക്ക് സാധ്യമല്ല. ഇതിനൊക്കെ നടപടിക്രമങ്ങൾ കാലതാമസമുണ്ടാക്കുന്നുണ്ടെന്നത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. അതോടൊപ്പം കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിലുണ്ടായ സംഭവം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ആ സമയത്ത് വളരെപെട്ടെന്നുതന്നെ കൂടുവയ്ക്കാനും മയക്കുവെടിവയ്ക്കാനുമൊക്കെയുള്ള ഉത്തരവ്

കൊടുത്ത സ്ഥിതിയിലേയ്ക്ക് നാം കുറച്ചുകൂടി മെച്ചപ്പെട്ടുവരുന്നുണ്ടെന്നത് അങ്ങേയ്ക്കും അറിയാം. നിലവിലുള്ള നിയമമനുസരിച്ച് ഉത്തരവുകൾ ഇറക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിലെ നടപടിക്രമങ്ങളാണ് ഇത്തരത്തിൽ തടസ്സമായി നിൽക്കുന്നതെന്ന് അങ്ങേയ്ക്ക് നന്നായി അറിയാം. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ഇടപെട്ട് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കണമെന്നാണ് അങ്ങ് ആവശ്യപ്പെട്ടത്. എനിക്ക് അതിൽ സന്തോഷമേയുള്ളൂ. കേന്ദ്രത്തിന്റെ ഫണ്ട് ലഭ്യമായിട്ടല്ല സർക്കാർ ഇപ്പോൾ നഷ്ടപരിഹാരത്തുക നൽകുന്നത്. സംസ്ഥാനത്തിന്റെ പരിമിതമായ സാമ്പത്തിക സാഹചര്യങ്ങളിൽനിന്നുകൊണ്ട് ഇതിന്റെ ഗൗരവം മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നമുക്ക് നിരീക്ഷണ മേഖലകൾ കൂടുതൽ ശക്തിപ്പെടുത്തണം. കേരളത്തിലെ എറ്റവും മികച്ച RRT ആണ് വയനാട്ടിൽ പ്രവർത്തിക്കുന്നതെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുന്നു. ആ RRT-യെ കൊണ്ടുവന്നാണ് ചിന്നക്കനാലിലെ അരിക്കൊമ്പനെ മാറ്റിയത്.

അത്രയും നല്ല വിദഗ്ദ്ധൻമാരുടെ ടീം വയനാട്ടിൽതന്നെ സ്ഥിരമായി ക്യാമ്പ് ചെയ്യുകയാണ്. എറ്റവും മികച്ച ടീമിനാണ് കൊടുത്തിട്ടുള്ളത്. ഈ കാര്യങ്ങൾ ഗൗരവത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(6) അസാപ്-ന്റെ പ്രവർത്തനം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന അസാപ് മുഖാന്തരം നമ്മുടെ സംസ്ഥാനത്ത് യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും തൊഴിൽ നൈപുണ്യം നൽകുന്ന രീതിയിൽ വളരെ മികവാർന്ന പ്രകടനമാണ് നടന്നുവരുന്നത്. ഈ പ്രവർത്തനങ്ങളെ ഞാൻ ആത്മാർത്ഥമായി പ്രശംസിക്കുകയാണ്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അക്കാര്യത്തിലുള്ള ഇടപെടലുകളെ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽ 18 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെയും ഒരു കോടി രൂപ ചെലവിൽ നിർമ്മിച്ച ഇ-ലേണിംഗ് ഹബ്ബിന്റെയും ഉദ്ഘാടനം കഴിഞ്ഞ ആഴ്ച ജനകീയമായിത്തന്നെ നടത്തി. ആലപ്പുഴ മണ്ഡലത്തെ ഒരു സമ്പൂർണ്ണ

ഡിജിറ്റൽ ലിറ്ററസി മണ്ഡലമാക്കുന്നതിനും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് നൂതനമായ കമ്പ്യൂട്ടർ അനുബന്ധ കോഴ്സുകളും അതോടൊപ്പം കുടുംബശ്രീയുമായി സഹകരിച്ചുകൊണ്ട് ഡിജിറ്റൽ മാർക്കറ്റിംഗ് ഉൾപ്പെടെ നടത്തണമെന്നുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അത് നടത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നേരത്തെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്കായി പഠനത്തോടൊപ്പംതന്നെ നൈപുണ്യ പരിശീലനമെന്ന രീതിയിൽ നടത്തിവന്നിരുന്ന സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ (SDC) വളരെയധികം വിദ്യാർത്ഥികൾക്ക് പ്രയോജനം ചെയ്യുന്നതായിരുന്നു. വിദേശ ഭാഷാ വിനിമയത്തിനും വിവിധ തൊഴിൽ നൈപുണ്യത്തിനും സാധിക്കുന്ന നിലയിൽത്തന്നെയാണ് SDC-യുടെ പ്രവർത്തനം നടന്നിരുന്നത്. സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ, അഡ്വാൻസ് സ്കിൽ ഡെവലപ്പ്മെന്റ് സെന്ററുകൾ, അസാപ് നടപ്പിലാക്കിയ കെ-സ്കിൽ ക്യാമ്പയിൻ, നൈപുണ്യ പരിചയ മേള, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ SPV എന്നീ നിലകളിലുള്ള പ്രവർത്തനങ്ങൾ, ഡിഗ്രി കോഴ്സുകൾക്കൊപ്പം നടത്തുന്ന സ്കിൽ കോഴ്സുകളുടെ നടത്തിപ്പ്, കമ്മ്യൂണിറ്റി

സ്കിൽ പാർക്കുകളുടെ ഏകോപനം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ നടത്തിവന്നിരുന്ന പ്രോഗ്രാം മാനേജർമാരുടെ മികച്ച പ്രവർത്തനത്തിന്റെ ഫലമായി കൂടിയാണ്. ഈ പ്രോഗ്രാം മാനേജർമാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും അസാപിന്റെ സ്കിൽ പാർക്കുകളുടെ സൗകര്യങ്ങൾ പൂർണ്ണമായും സ്വകാര്യ പങ്കാളികൾക്ക് കൈമാറാതെ 2021-ൽ CMD, അസാപിന്റെ ഘടനയെപ്പറ്റി നടത്തിയ പഠന റിപ്പോർട്ട് നടപ്പിലാക്കുന്നതിനും ജീവനക്കാരെ പിരിച്ചുവിടുന്നത് ഒഴിവാക്കിക്കൊണ്ടുതന്നെ സർക്കാരിന്റെ ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവച്ചുവരുന്ന സംവിധാനമാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP). സംസ്ഥാനത്ത് തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗ്യാപ്പ് നികത്തി

യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും തൊഴിൽക്ഷമതയും നൈപുണ്യവും വികസിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തിച്ചുവരുന്ന സ്കിൽ എൻഹാൻസ്മെന്റ് ഏജൻസിയാണത്. ഏഷ്യൻ വികസന ബാങ്കിന്റെ 700 കോടി രൂപയുടെ വായ്പയും 300 കോടി രൂപയുടെ സംസ്ഥാന വിഹിതവുമായിട്ടാണ് പദ്ധതി ആരംഭിച്ചത്. നൈപുണ്യ പരിശീലന രംഗത്ത് അസാപിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 16 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പ്രവർത്തിച്ചുവരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ, കോഡിംഗ് സ്കിൽസ്, ബിസിനസ്സ് അനലിറ്റിക്സ്, വിദേശഭാഷ പരിശീലനം, സൈബർ സെക്യൂരിറ്റി, ഗ്രാഫിക് ഡിസൈനിംഗ് തുടങ്ങിയ വൈവിധ്യമാർന്ന 150-ഓളം നൂതന കോഴ്സുകളിലൂടെ നൈപുണ്യ പരിശീലന രംഗത്ത് 251242 ഉദ്യോഗാർത്ഥികൾക്ക് അസാപ് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ വിവിധ വ്യവസായ സ്ഥാപനങ്ങളെ ഓപ്പറേറ്റിംഗ് പാർട്ട്ണർമാരായി നിശ്ചയിച്ച് പരിശീലന പദ്ധതികൾ രൂപപ്പെടുത്തുകയും അവ ഉന്നത നിലവാരത്തിലുള്ള നൈപുണ്യ പരിശീലന

പരിപാടികളായി വിദ്യാർത്ഥികളിലേയ്ക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്. 126 സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ വഴി സാമ്പത്തികവും സാമൂഹികവുമായി എറ്റവും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൗജന്യ പരിശീലനം, വേനലവധിക്കാലത്ത് സമ്മർ സ്കിൽ സ്കൂൾ പരിശീലനം, വനിതകൾക്കായി ഷീ സ്കിൽസ് പരിശീലനം, റീബൂട്ട് കേരള ഹാക്കത്തോൺ, പ്രൊഫഷണൽ സ്റ്റുഡന്റ് സമ്മിറ്റ്, കുടുംബശ്രീ പ്രവർത്തകർക്കുവേണ്ടി കണക്ട് റ്റു വർക്ക്, 41 പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസിനാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും അസാപ് ഏറ്റെടുത്തിട്ടുണ്ട്. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കെ-ഡിസ്ക്, കേരള നോളജ് ഇക്കോണമി മിഷൻ, കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്, വനിതാ ശിശു വികസന വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവയ്ക്കുവേണ്ടിയും വിവിധ നൈപുണ്യ പരിശീലന പദ്ധതികൾ അസാപ് ഏറ്റെടുത്ത് നടത്തിവരുന്നു. യു.എസ്. ടാക്സേഷൻ മേഖലയിലേയ്ക്കായി ആവിഷ്കരിച്ച എൻറോൾഡ് ഏജന്റ് കോഴ്സ് പൂർത്തീകരിച്ച

വിദ്യാർത്ഥികൾക്ക് ടാക്സേഷൻ മേഖലയിൽ ബഹുരാഷ്ട്ര കമ്പനികളിൽ മൂന്നര മുതൽ ഏഴര ലക്ഷം രൂപവരെ വാർഷിക ശമ്പളത്തിൽ ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗ്രേറ്റ് അഫിനിറ്റി എന്ന സ്ഥാപനം കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കടയിലെ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ സ്റ്റാർട്ട് അപ്പ് മിഷന്റെ സഹകരണത്തോടെ സജ്ജീകരിച്ച കോ-വർക്കിംഗ് കേന്ദ്രത്തിൽ പ്രവർത്തനം ആരംഭിച്ചു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇലക്ട്രിക് വാഹന നിർമ്മാണം, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, വെഹിക്കിൾ പെയിന്റിംഗ് എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളും അസാപ് ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥി-യുവജന സമൂഹത്തിന് വിവിധ നൈപുണികൾ സ്വായത്തമാക്കുന്നതിനുള്ള വിവിധ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് ഒരു നവ വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുന്നതിന് അസാപ് നിസ്തുലമായ പങ്കുവഹിച്ചുപോരുന്നു.

നീതി ആയോഗിന്റെ ബെസ്റ്റ് പ്രാക്ടീസ് ഇൻ സ്കില്ലിംഗ് പരാമർശം, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ജെൻഡർ ആക്ഷൻ പ്ലാൻ നടപ്പിലാക്കിയ മികച്ച പ്രോജക്ടിനുള്ള അംഗീകാരം, ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2022-ലെ പ്രത്യേക പരാമർശം, 2023-ലെ ഇന്ത്യാ സ്കിൽ റിപ്പോർട്ടിൽ നൈപുണ്യ പരിശീലനത്തിലെ മികവിന് കേരളത്തിന് ലഭിച്ച ദേശീയാംഗീകാരം, ഫ്യൂച്ചർ സ്കിൽസിൽ രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനമെന്ന നേട്ടം, അസസ്മെന്റ് ഏജൻസിയായും അവാർഡിംഗ് ബോഡിയായും NCVET-യുടെ ഇരട്ട അംഗീകാരം എന്നിവ അസാപിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തൊഴിലധിഷ്ഠിത കോഴ്സുകളും NSQF നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ ഒരു സ്കിൽ ഏക്കോ സിസ്റ്റം സൃഷ്ടിച്ചെടുക്കാനുള്ള ദൗത്യം അസാപ് നിർവ്വഹിക്കുന്നു.

കേരളത്തിൽ നൈപുണ്യ പരിശീലനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക പ്രയാസങ്ങൾ മൂലം കോഴ്സുകൾക്ക് ചേരാൻ സാധിക്കാത്ത സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന അസാപ് സ്കിൽ ലോൺ നടപ്പിലാക്കിയിട്ടുണ്ട്. 16 കമ്മ്യൂണിറ്റി സ്കിൽ

പാർക്കുകളിൽ 15 എണ്ണത്തിലും അതിവേഗ ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷനിൽ ഉന്നയിച്ച പ്രധാനപ്പെട്ട കാര്യം കഴിഞ്ഞ ആഴ്ച ഉദ്ഘാടനം ചെയ്ത അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കുറെക്കൂടി വേഗതയുള്ള ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കണമെന്നുള്ളതാണ്. അത് തീർച്ചയായും പരിഗണിക്കും. അസാപ് ADB പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും ADB പ്രോജക്ട് കാലാവധി പൂർത്തീകരിച്ച പശ്ചാത്തലത്തിൽ എപ്രകാരമാണ് തുടരേണ്ടതെന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

2021-ൽ അസാപ് കേരള എന്ന പ്രോജക്ടിനെ സർക്കാർ ഒരു സെക്ഷൻ 8 കമ്പനിയായി പരിവർത്തനം ചെയ്തു. എന്നാൽ പ്രസ്തുത കമ്പനിയുടെ നടത്തിപ്പിലേയ്ക്ക് പ്രോഗ്രാം മാനേജർമാരെ പ്രത്യേകമായി നിയമിച്ചിരുന്നില്ല. പ്രോജക്ടിന്റെ ഭാഗമായി നിയമിതരായ പ്രോഗ്രാം മാനേജർമാരെ കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ താൽക്കാലിക അടിസ്ഥാനത്തിൽ കരാർ ദീർഘിപ്പിച്ച് നിയമിക്കുകയാണുണ്ടായത്.

പ്രോജക്ടിന്റെ ഭാഗമായി നിയമിക്കപ്പെട്ട പ്രോഗ്രാം മാനേജർമാർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരെയും കമ്പനിയിൽ ഉൾക്കൊള്ളുന്നതിനും അവരുടെ സേവന വേതന ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(7) പടന്നക്കാട് റെയിൽവേ മേൽപ്പാലം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എൻ.എച്ച്. 66-ന്റെ പ്രവൃത്തി കാസർഗോഡ് ജില്ലയിൽ വളരെ വേഗതയിൽ പുരോഗമിച്ചുവരികയാണ്. ഈ പ്രവൃത്തി നടക്കുന്നതിനിടയിൽ നേരിടുന്ന ഒരു പ്രയാസത്തെ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കാഞ്ഞങ്ങാട് - നീലേശ്വരം റോഡിൽ പടന്നക്കാട് നിലവിലുള്ള റെയിൽവേ മേൽപ്പാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ പ്രവൃത്തികൂടി നടത്തിവരുമ്പോൾ അവിടെ ഉണ്ടാകുന്ന ഒരു മാർഗ്ഗ തടസ്സത്തെക്കുറിച്ച് സൂചിപ്പിക്കാനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. വളഞ്ഞുകിടക്കുന്ന സ്ഥിതിയിലാണ് പടന്നക്കാട് റെയിൽവേ

മേൽപ്പാലത്തിന്റെ നിർമ്മാണമുണ്ടായത്. അതിന് സമാന്തരമായി വീണ്ടും നിർമ്മിക്കുന്ന പാലവും അതുപോലെ വളച്ച് നിർമ്മിക്കുന്ന ഒരു നടപടിയാണ് എൻ.എച്ച്.66-ൽ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി അവിടെ നിലവിലുള്ള ഒരു റോഡിലെ ഗതാഗതം തന്നെ പൂർണ്ണമായും തടസ്സപ്പെടുന്ന അവസ്ഥയാണുള്ളത്. കാഞ്ഞങ്ങാട്, നീലേശ്വരം നഗരസഭകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് കടന്നുപോകുന്ന നമ്പ്യാർക്കാൽ പാലത്തിന്റെ അപ്രോച്ച് റോഡുൾപ്പെടെ പുതുതായി നിർമ്മിക്കുന്ന പാലത്തിനടിയിൽപ്പെടുന്ന സാഹചര്യമാണുള്ളത്. അതിലൂടെ കടന്നുപോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഈ സാഹചര്യത്തിൽ നീലേശ്വരം നഗരസഭയിലെ ചിറപ്പുറം പ്രദേശത്തുകാർക്കും കാഞ്ഞങ്ങാട് നഗരസഭയിൽപ്പെടുന്ന പുതുക്കൈ വില്ലേജിലെ ജനങ്ങൾക്കും അവിടെ യാത്ര ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകും. നിലവിലുള്ള ഭൂമിയിൽ സർവ്വീസ് റോഡ് നിലനിർത്തുക എന്ന കാര്യം പ്രയാസമായി മാറിയിരിക്കുകയാണ്. സർവ്വീസ് റോഡില്ലാതെ ഇതിലൂടെ കടന്നുപോകാൻ കഴിയില്ല. അതിനാവശ്യമായ വിധത്തിലുള്ള ഭൂമി പുതുതായി കണ്ടെത്തേണ്ടി

വരുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഈ നിലയിൽ പടന്നക്കാട്-നമ്പ്യാർക്കാൽ-പുതുക്കൈ റോഡിന്റെ പ്രവൃത്തിയും ഉപയോഗവും നിലനിർത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി 15 സെന്റോളം ഭൂമിയുടെ പുതിയ അക്വിസിഷൻ കൂടി ആവശ്യമായിരിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ പ്രശ്നത്തിൽ അടിയന്തരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഇതിനുവേണ്ടി ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുൾപ്പെടെയുള്ളവരുടെ ഒരു യോഗം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വിളിച്ചുചേർക്കാൻ ഈ സഭാ സമ്മേളനകാലയളവിൽത്തന്നെ നടപടിയുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയ പാത 66 വികസനവുമായി ബന്ധപ്പെട്ട ഒരു പ്രധാന വിഷയമാണ് സബ്മിഷന്റെ ഭാഗമായി ഇവിടെ മുൻ മന്ത്രി കൂടിയായ ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ ഉന്നയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ദേശീയ പാതാ അതോറിറ്റിയുടെ അഭിപ്രായം തേടിയിരുന്നു. പടന്നക്കാട്

പുതിയ മേൽപ്പാലം നിർമ്മിക്കുമ്പോൾ 170 മീറ്റർ നീളത്തിൽ സർവ്വീസ് റോഡിനാവശ്യമായ ഭൂമി നിലവിൽ ഏറ്റെടുത്തത് പ്രകാരം ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ജനവരി 11-ന് ജില്ലാ കളക്ടർ, കോംപീറ്റന്റ് അതോറിറ്റി ഓഫ് ലാൻഡ് അക്വിസിഷൻ ഓഫീസർ, ദേശീയ പാതാ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയുണ്ടായി. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്പ്യാർക്കാൽ റോഡുപയോഗിക്കുന്നവർക്ക് ഒരു ഭാഗത്തുനിന്നും മറ്റൊരു ഭാഗത്തേക്ക് ക്രോസ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന തീരുമാനമാണുണ്ടായത്. ചെയ്നേജ് 88 പ്ലസ് 440 ഭാഗത്ത് 5 x 3 മീറ്റർ വലിപ്പത്തിൽ ബോക്സ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. നമ്പ്യാർക്കാൽ റോഡ് ഉപയോഗിക്കുന്നവർക്ക് വയഡക്റ്റ് (viaduct) ഉപയോഗിക്കാനാകുമെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടന്ന ഈ പദ്ധതി 2016-ലെ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം പ്രധാനമന്ത്രിയുമായും ബന്ധപ്പെട്ട വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്ത് കാസർഗോഡ് ജില്ലയിൽ മാത്രം

95.91 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 353 കോടി 34 ലക്ഷം രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു പദ്ധതി മുടങ്ങാതിരിക്കാൻ സംസ്ഥാന സർക്കാർ ദേശീയപാതാ വികസനത്തിന് ഫണ്ട് മുടക്കിയത് എൽ.ഡി.എഫ് സർക്കാരാണ് എന്നുള്ളത് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനത്താകെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 45 മീറ്റർ 6 വരി പാത യാഥാർത്ഥ്യമാക്കാൻ 5580 കോടി രൂപ സംസ്ഥാന സർക്കാർ വിനിയോഗിച്ചുവെന്നുള്ള കാര്യവും ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

## (8) നച്യാട് പാലം നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിക്കുന്ന ഏറ്റവും സുപ്രധാനമായ റോഡാണ് മലയോര ഹൈവേ. ഈ മലയോര ഹൈവേയുടെ ഭാഗമായ നച്യാട് പാലം എന്റെ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇടുങ്ങിയ പാലമാണ്. അതിനുപകരം പുതിയ പാലം നിർമ്മിക്കണമെന്നുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യം ഉന്നയിച്ചുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. ഇതുമായി

ബന്ധപ്പെട്ട ഭരണാനുമതി പുതുക്കുന്നതിന് വേണ്ടിയുള്ള റീവാലിഡേഷന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെങ്കിലും അതുസംബന്ധിച്ചുള്ള തീരുമാനം ഇതുവരെ വന്നിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തരമായ ഒരു തീരുമാനമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മലയോരങ്ങളെ ബന്ധിപ്പിക്കുന്നതും താലൂക്കാസ്ഥാനത്തേയ്ക്കുള്ളതും രണ്ട് ജില്ലകളെ ബന്ധിപ്പിക്കുന്നതുമായുള്ള ഈ റോഡിന്റെ നിർമ്മാണം വളരെ വർഷങ്ങൾക്ക് മുമ്പുതന്നെ പൂർത്തിയായിട്ടുണ്ടെങ്കിലും പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഗുരുതരമായ ഗതാഗതക്കുരുക്കാണ് അവിടെ അനുഭവപ്പെടുന്നത്. മാത്രമല്ല, പഴയപാലം ജീർണ്ണിച്ച അവസ്ഥയിലുമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നച്യാട് പാലത്തിന്റെ നിർമ്മാണം സാധ്യമാക്കണമെന്ന

വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ എം.എൽ.എ., ഉന്നയിച്ചത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹിൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായിട്ടാണ് പാലം നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്നത്. കിഫ്ബി ഗൈഡ്‌ലൈൻസ് പ്രകാരം പാലത്തിന്റെ വീതി 12.5 മീറ്റർ ക്യാരേജ് വേവ് 9 മീറ്റർ, 2 സൈഡ് ഫുട്പാത്ത് 1.5 മീറ്റർ എന്നിങ്ങനെ ഡിസൈൻ പുതുക്കേണ്ട സാഹചര്യമുണ്ടായി. കിഫ്ബി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള പുതുക്കിയ ഡിസൈൻ പൊതുമരാമത്ത് (പാലങ്ങൾ) വിഭാഗം സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് 2 കോടി രൂപയുൾപ്പെടെ 7 കോടി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണ് ഇപ്പോഴത്തെ എസ്റ്റിമേറ്റിന് അനുമതി നൽകി മുന്നോട്ടുപോകാനാവുന്നത്. നച്യാട് പാലം നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശം ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ തീരുമാനത്തിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാം.

## (9) ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ചെർക്കള-ജാൽസൂർ ഇന്റർസ്റ്റേറ്റ് ഹൈവേ അഭിവൃദ്ധിപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. കഴിഞ്ഞ 9 വർഷം മുമ്പാണ് ഈ റോഡ് ബി.എം. & ബി.സി. ചെയ്തത്. അതിനുശേഷം ഒരു അറ്റകുറ്റപ്പണിയും നടത്തിയിട്ടില്ല. അതിന്റെ ഫലമായി റോഡ് പല സ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. ഈ റോഡുവഴിയാണ് മർക്കര-സുബ്രഹ്മണ്യം-മൈസൂർ-ബംഗളൂരു ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും അതുപോലെ ബംഗളൂരു ഉൾപ്പെടെയുള്ള സിറ്റിയിലേക്കും ആളുകൾ പോകുന്നത്. വളരെയധികം ഗതാഗതമുള്ള ഈ റോഡ് 5.5 മീറ്റർ വീതിയിലാണ് ഇപ്പോൾ മെക്കാഡം ചെയ്തിരിക്കുന്നത്. ഇതിനെ ഒ.പി.ബി.ആർ.സി. സ്കീമിൽപ്പെടുത്തി ഉപരിതലം പൊളിഞ്ഞ സ്ഥലങ്ങൾ മാത്രം മെയിന്റനൻസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി ടെണ്ടർ വിളിച്ചെങ്കിലും ഇത് ക്വാട്ട് ചെയ്യാൻ ആരുമുണ്ടായിരുന്നില്ല.

ഒ.പി.ബി.ആർ.സി. സ്കീമിലല്ല ഇത് ഉൾപ്പെടുത്തേണ്ടത്. 9 മീറ്റർ അല്ലെങ്കിൽ 12 മീറ്റർ വീതിയിൽ ഈ റോഡിനെ അഭിവൃദ്ധിപ്പെടുത്തണം. ഈ റോഡിന്റെ ഒരു ഭാഗം ഇപ്പോൾ ഹിൽ ഹൈവേയുടെ ഭാഗമാണ്. 6 കിലോമീറ്റർ ദൈർഘ്യത്തിൽ ഹിൽ ഹൈവേ അഭിവൃദ്ധിപ്പെടുത്തേണ്ടതില്ല. ബാക്കി ഭാഗങ്ങളാണ് ഇപ്പോൾ പൊളിഞ്ഞിരിക്കുന്നത്. ആ ഭാഗം അഭിവൃത്തിപ്പെടുത്തുന്നതിനുവേണ്ടി ഏതെങ്കിലും പുതിയ സ്കീമിൽ ഉൾപ്പെടുത്തി ബി.എം.& ബി.സി. ചെയ്യണമെന്നതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട സി.എച്ച്. കുഞ്ഞമ്പു ഉന്നയിച്ച വിഷയം നമ്മുടെ റോഡുകളുടെ പരിപാലനത്തിനായി നടപ്പാക്കിയ ഔട്ട് പുട്ട് ആൻഡ് പെർഫോമൻസ് ബെയ്സ്ഡ് റോഡ് കോൺട്രാക്ട് (OPBRC) പദ്ധതിയുമായി ബന്ധപ്പെട്ടാണ്. ചെർക്കള-ജാൽസൂർ സംസ്ഥാനപാത കേരളത്തിന്റെ സ്വപ്ന പദ്ധതിയായ മലയോര ഹൈവേയുമായി ബന്ധപ്പെട്ടുള്ളതാണ്. ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഒരു ജില്ലയൊഴികെ 13 ജില്ലകളിലൂടെ 1200 ഓളം കിലോമീറ്ററാണ് മലയോര ഹൈവേ. അത് യാഥാർത്ഥ്യമായാൽ

കേരളത്തിന്റെ കാർഷിക ടൂറിസം മേഖലയിൽ വലിയ കുതിപ്പുണ്ടാകും. സംസ്ഥാന സർക്കാർ വലിയ ശ്രദ്ധയോടുകൂടിയാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഇടപെട്ടുകൊണ്ടിരിക്കുന്നത്. ചെറിയൊരു ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. പാക്കേജ് നാലിലുൾപ്പെട്ട പദ്ധതി ടെണ്ടർ ചെയ്തപ്പോൾ കരാറുകാർ ഏറ്റെടുക്കാൻ തയ്യാറായില്ല. തുടർന്ന് 2022-ൽ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകി. എന്നാൽ ഈ റോഡുൾപ്പെടെ പാക്കേജിലെ ചില റോഡുകൾ മറ്റ് പദ്ധതികളുടെ ഭാഗമായി നവീകരിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ടി സാഹചര്യത്തിൽ ഒ.പി.ബി.ആർ.സി. പാക്കേജുകൾ നാലും അഞ്ചും ഒരുമിച്ച് ടെണ്ടർ ചെയ്യാനുള്ള അനുമതി തേടിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനവകുപ്പിന്റെ തീരുമാനം കാത്തിരിക്കുകയാണ്. എന്നാൽ നാല്, അഞ്ച് പാക്കേജുകളിലുൾപ്പെട്ട റോഡുകളുടെ നവീകരണം അനിവാര്യമാകുന്ന ഘട്ടത്തിലേക്ക് എത്തുന്നുവെന്നാണ് ഉദ്യോഗസ്ഥർ അറിയിച്ചിരിക്കുന്നത്. ടി സാഹചര്യത്തിൽ നിലവിലുള്ള തുക ഉപയോഗിച്ച് റോഡ് നവീകരണംകൂടി

സാധ്യമാക്കുന്നത് കുറെക്കൂടി നിലനിൽക്കുന്ന സ്ഥിതിയായി വരും. ഇക്കാര്യം കൂടി ധനകാര്യ വകുപ്പിനെ അറിയിച്ച് ഒരു തീരുമാനമുണ്ടാക്കാൻ ശ്രമിക്കും.

(10) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: സർ, അഴീക്കോട് മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട ഒരു പാലമാണ് നാറാത്ത്, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം. ഇത് കിഫ്ബി പദ്ധതിയിലുൾപ്പെട്ടതാണ്. നേരത്തേ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മന്ത്രി തന്നെ ഇടപെടുകയും വേഗതയിൽ കാര്യങ്ങൾ മുന്നോട്ടുപോകുകയും ചെയ്തു. കിഫ്ബിയുടെ എഞ്ചിനീയറിംഗ് വിഭാഗവും ഡിസൈൻ വിംഗും വന്ന് പരിശോധിച്ചിരുന്നു. ആ പ്രവൃത്തിയുടെ ടെണ്ടർ നടപടിയിലേയ്ക്ക് പോകാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആ പാലത്തിന്റെ ടെണ്ടറിംഗ് പ്രോസസ്സിംഗിനുള്ള നടപടി വേഗതയിലാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അഴീക്കോട് എം. എൽ. എ. ഉന്നയിച്ച അഴീക്കോട് മണ്ഡലത്തിലെ നാറാത്ത്-പാപ്പിനിശ്ശേരി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം വിഷയത്തിൽ മുമ്പ് ഇടപെട്ടിരുന്നു. പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്താൻ തീരുമാനിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ പി. ഡബ്ല്യൂ. ഡി. (ഡിസൈൻ) വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. IRC (Indian Roads Congress) മാനദണ്ഡങ്ങൾക്കനുസൃതമായി അലൈൻമെന്റ് തയ്യാറാക്കിയെങ്കിലും പ്രാദേശികമായ ചില എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം. എൽ. എ.-യുടെ അഭിപ്രായം കൂടി പരിഗണിച്ച് വീടുകളെയും കടകളെയും ഏറ്റവും കുറഞ്ഞ രീതിയിൽ ബാധിക്കുന്ന വിധത്തിൽ അലൈൻമെന്റ് പുതുക്കി. അക്കാര്യത്തിൽ ബഹുമാനപ്പെട്ട എം. എൽ. എ. വളരെ ഫലപ്രദമായി ഇടപെട്ടു. 2023 ജൂൺ മാസം 30-ന് കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ KRFB (Kerala Road Fund Board) ഉദ്യോഗസ്ഥ സംഘം സംയുക്ത

സ്ഥലപരിശോധന നടത്തുകയും ചില gradient, curve എന്നിവയിൽ തിരുത്തൽ നിർദ്ദേശിക്കുകയും ചെയ്തു. ഇതുപ്രകാരം അലൈൻമെന്റ് തയ്യാറാക്കി വിശദ റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവൃത്തി ഡിസൈൻ വിഭാഗത്തിൽ പുരോഗമിച്ചു വരികയാണ്. അത് വേഗത്തിലാക്കാം. വിശദ പദ്ധതിരേഖ തയ്യാറായാലുടൻ കിഫ്ബിക്ക് സമർപ്പിച്ച് സാമ്പത്തിക അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് കടക്കാനാണ് ആലോചിക്കുന്നത്.

12.11 p.m.] **V. മേശപ്പുറത്തുവച്ച കടലാസ്സുകൾ**

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 887/2023 | Transfer and posting of District Judges as judges of Family Courts- Muvattupuzha (887/2023) | ജി.ഒ.(ആർ.ടി.) നം. 2175/2023/ഹോം | 02-08-2023 | അല്ല |

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 2 | 888/2023 | Transfer and posting of District Judges as judges of Family Courts-Thiruvalla (888/2023) | ജി.ഒ.(ആർ.ടി.) നം. 2175/2023/ഹോം (2) | 02-08-2023 | അല്ല |
| 3 | 889/2023 | Transfer and posting of District Judges as judges of Family Courts-Muvattupuzha (889/2023) | ജി.ഒ.(ആർ.ടി.) നം. 2175/2023/ഹോം (3) | 02-08-2023 | അല്ല |
| 4 | 954/2023 | Appointment of Shri.D. Sureshkumar, Additional District and Sessions Judge-I, Ernakulam as State Transport Appellate Tribunal, Ernakulam (954/2023) | ജി.ഒ.(ആർ.ടി.) നം.2229/2023/ഹോം | 04-08-2023 | അല്ല |
| 5 | 972/2023 | മട്ടന്നൂർ പോലീസ് സ്റ്റേഷനിലെ 747/2008 ക്രൈം നമ്പർ കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം(972/2023) | ജി.ഒ(ആർ.റ്റി) നം.2581/2023/ഹോം | 13-09-2023 | അല്ല |
| 6 | 974/2023 | Appointment of District Judges as Judges of Family Court-Paravoor (974/2023) | ജി.ഒ.(ആർ.ടി.) നം.2507/2023/ഹോം | 24-08-2023 | അല്ല |
| 7 | 975/2023 | Appointment of District Judges as Judges of Family Court-Punalur (975/2023) | ജി.ഒ.(ആർ.ടി.) നം.2507/2023/ഹോം (2) | 24-08-2023 | അല്ല |
| 8 | 976/2023 | Appointment of District Judges as Judges of Family Court-Aluva(976/2023) | ജി.ഒ.(ആർ.ടി.) നം.2507/2023/ഹോം (3) | 24-08-2023 | അല്ല |
| 9 | 981/2023 | TERMINATION OF SRI AJITH THANKAYYA SPP IN TVPM COURT (981/2023) | ജി.ഒ.(ആർ.ടി.) നം.2617/2023/ഹോം | 18-09-2023 | അല്ല |
| 10 | 982/2023 | Appointment of Special Public Prosecutors in the Fast Track Special Courts at Punalur, Karunagappaliy, Kollam and Kottarakkara (982/2023) | ജി.ഒ.(ആർ.ടി.) നം.2614/2023/ഹോം | 18-09-2023 | അല്ല |
| 11 | 985/2023 | Appointment of Special Public Prosecutors in the Fast Track Special Courts (985/2023) | ജി.ഒ.(ആർ.ടി.) നം.2616/2023/ഹോം | 18-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 12 | 986/2023 | EXTENSION OF TENURE OF SPP OF FAST TRACK COURTS IN ERNAKULAM DISTRICTS (986/2023) | ജി.ഒ.(ആർ.ടി.) നം.200/2023/ഹോം | 18-09-2023 | അല്ല |
| 13 | 996/2023 | APPOINTMENTOF DR K P SATHEESAN AS SPP IN CRIME NO 601/2023 ATTAPADI CASE (996/2023) | ജി.ഒ.(ആർ.ടി.) നം.2652/2023/ഹോം. | 20-09-2023 | അല്ല |
| 14 | 1002/2023 | EXTENSION OF TENURE OF SPP OF FAST TRACK COURTS IN KANNUR DIST (1002/2023) | ജി.ഒ.(ആർ.ടി.) നം.2651/2023/ഹോം. | 20-09-2023 | അല്ല |
| 15 | 1005/2023 | EXTENSION OF TENURE OF SPP IN FTC OF KASARAGOD DISTRICT (1005/2023) | ജി.ഒ.(ആർ.ടി.) നം.2666/2023/ഹോം | 21-09-2023 | അല്ല |
| 16 | 1007/2023 | EXTENSION OF TENURE OF SPP IN THRISSUR DIST (1007/2023) | ജി.ഒ.(ആർ.ടി.) നം.2667/2023/ഹോം | 21-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 17 | 1009/2023 | Extension of Tenure of SPPs in Pathanamthitta District (1009/2023) | ജി.ഒ.(ആർ.ടി.) നം.2663/2023/ഹോം | 21-09-2023 | അല്ല |
| 18 | 1010/2023 | EXTENSION OF TENURE OF SPP IN ALAPPUZHA DIST (1010/2023) | ജി.ഒ.(ആർ.ടി.) നം.2672/2023/ഹോം | 21-09-2023 | അല്ല |
| 19 | 1013/2023 | Appointment of Sri. Dinesh C.R, Family Court North Paravur (1013/2023) | ജി.ഒ.(ആർ.ടി.) നം.2506/2023/ഹോം | 05-09-2023 | അല്ല |
| 20 | 1014/2023 | EXTENSION OF TENURE SPP OF FAST TRACK COURTS IN MALAPPURAM DIST (1014/2023) | ജി.ഒ.(ആർ.ടി.) നം.2665/2023/ഹോം | 21-09-2023 | അല്ല |
| 21 | 1015/2023 | EXTENSION OF TENURE OF SPP IN FAST TRACK COURTS OF TVPM DIST (1015/2023) | ജി.ഒ.(ആർ.ടി.) നം.2686/2023/ഹോം | 23-09-2023 | അല്ല |
| 22 | 1016/2023 | Posting of District Judge as Special Judge, SPE/CBI - III, Ernakulam (1016/2023) | ജി.ഒ.(ആർ.ടി.) നം.2649/2023/ഹോം | 18-09-2023 | അല്ല |
| 23 | 1017/2023 | EXTENSION OF TENURE OF SPP OF FASTTRACK COURTS IN PALAKKAD DISTRICT (1017/2023) | ജി.ഒ.(ആർ.ടി.) നം.2694/2023/ഹോം | 23-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 24 | 1042/2023 | APPOINTMENT OF SRI SREENATH V AS SPP IN NDPS COURT PALAKKAD (1042/2023) | ജി.ഒ.(ആർ.ടി.) നം.2742/2023/ഹോം | 27-09-2023 | അല്ല |
| 25 | 1048/2023 | EXTENSION OF TENURE OF SPPS IN FTCS OF KOZHIKODE AND IDUKKI DIST (1048/2023) | ജി.ഒ.(ആർ.ടി.) നം.2750/2023/ഹോം | 28-09-2023 | അല്ല |
| 26 | 1049/2023 | EXTENSION OF TENURE OF SPPS OF FAST TRACK COURTS IN KOTTAYAM DISTRICT (1049/2023) | ജി.ഒ.(ആർ.ടി.) നം.2755/2023/ഹോം | 29-09-2023 | അല്ല |
| 27 | 1058/2023 | Appointment of the officers of Revenue Department in the Ernakulam District as Executive Magistrates to be known as Special Executive Magistrates- (1058/2023) | ജി.ഒ.(ആർ.ടി.) നം.204/2023/ഹോം | 30-09-2023 | അതെ |
| 28 | 1067/2023 | APPOINTMENT OF SRI LIJEESH V AS SPP IN NDPS COURT KOZHIKODE (1067/2023) | ജി.ഒ.(ആർ.ടി.) നം.2806/2023/ഹോം | 04-10-2023 | അല്ല |
| 29 | 1079/2023 | APPOINTMENT OF SRI C K SREEDHARAN AS SPP IN KATHIROOR MURDER CASE (1079/2023) | ജി.ഒ.(ആർ.ടി.) നം.2908/2023/ഹോം | 10-10-2023 | അല്ല |
| 30 | 1102/2023 | APPOINTMENT OF SPP IN SC ST COURT TVPM PANEL NOTIFICATION (1102/2023) | ജി.ഒ.(ആർ.ടി.) നം.3005/2023/ഹോം | 18-10-2023 | അല്ല |
| 31 | 1108/2023 | APPOINTMENT OF SRI SHAAHIER SINGH AS SPP IN TANUR POLICE STATION CRIME NO 409/2019 (1108/2023) | ജി.ഒ.(ആർ.ടി.) നം.3023/2023/ഹോം | 19-10-2023 | അല്ല |
| 32 | 1109/2023 | 110 K.V. Substation of the Kerala State Electricity Board Limited, Kattakkada in Thiruvananthapuram District should be declared as a “prohibited place” under the Official Secrets Act, 1923 (1109/2023) | ജി.ഒ.(ആർ.ടി.) നം.214/2023/ഹോം | 20-10-2023 | അല്ല |
| 33 | 1114/2023 | APPOINTMENT OF SRI VINEETH KUMAR AS SPP IN CRIME NO 1373/2023 OF KATTAKKADA POLICE STATION (1114/2023) | ജി.ഒ.(ആർ.ടി.) നം.3062/2023/ഹോം | 25-10-2023 | അല്ല |
| 34 | 1121/2023 | APPOINTMENT OF SRI PRATHAP G PADIKAL AS SPP IN CRIME NO 573/2023 (1121/2023) | ജി.ഒ.(ആർ.ടി.) നം.3089/2023/ഹോം | 27-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 35 | 1139/2023 | APPOINTMENT OF SRI RENJI CHERIYAN AS SPP IN MANNAR POLICE STATION CRIME NO 357/2018 (1139/2023) | ജി.ഒ.(ആർ.ടി.) നം.3152/2023/ഹോം | 31-10-2023 | അല്ല |
| 36 | 1140/2023 | APPOINTMENT OF SRI VINOD KUMAR CHAMBOLAN AS SPP IN CRIME NO 165/2015 OF KANNAVAM POLICE STATION (1140/2023) | ജി.ഒ.(ആർ.ടി.) നം.3162/2023/ഹോം | 01-11-2023 | അല്ല |
| 37 | 1141/2023 | Appointment of new member, V. K. Mohanan Commission of Inquiry-Tanur Boat Tragedy (1141/2023) | ആഭ്യന്തരം-എസ് .എസ്.എ.2/58/2023-ആഭ്യന്തരം | 31-10-2023 | അല്ല |
| 38 | 1147/2023 | APPOINTMENT OF SRI MURUKUMPUZHA VIJAYAKUMARAN NAIR AS SPP IN CRIME NO 1023/2023 (1147/2023) | ജി.ഒ.(ആർ.ടി.) നം.3151/2023/ഹോം | 31-10-2023 | അല്ല |
| 39 | 1151/2023 | APPOINTMENT OF SRI S PUSHPANANDAN AS SPP IN CRIME NO 2893/2022 OF KOTTARAKKARA POLICE STATION (1151/2023) | ജി.ഒ.(ആർ.ടി.) നം.3173/2023/ഹോം | 02-11-2023 | അല്ല |
| 40 | 1158/2023 | Reconstitution of NSA Advisory Board (1158/2023) | ഹോം എസ് .എസ്.എ 1/504/2023-ഹോം | 03-11-2023 | അല്ല |
| 41 | 1161/2023 | Shifting of Cyber Crime Police station to new building (1161/2023) | ജി.ഒ. (പി)നം.74/2023/ഹോം | 02-11-2023 | അല്ല |
| 42 | 1188/2023 | Opening of Temporary Police stations at Sannidhanam , Nilakkal and Vadesserikkara Police stations 2023-24.(1188/2023) | ജി.ഒ. (പി)നം.76/2023/ഹോം | 10-11-2023 | അല്ല |
| 43 | 1189/2023 | Extension Justice V K Mohanan Commission of Inquiry - TBT (1189/2023) | ആഭ്യന്തരം-എസ് .എസ്.എ.2/58/2023-ആഭ്യന്തരം | 10-11-2023 | അല്ല |
| 44 | 1207/2023 | Appointment of District & Sessions Judge as Judges of Family Courts (1207/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (1) | 15-11-2023 | അല്ല |
| 45 | 1208/2023 | Appointment of District & Sessions Judge as Judges of Family Courts (1208/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (2) | 15-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 46 | 1209/2023 | Appointment of District & Sessions Judge as Judges of Family Courts (1209/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (3) | 15-11-2023 | അല്ല |
| 47 | 1210/2023 | Appointment of District & Sessions Judge as Judges of Family Courts (1210/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (4) | 15-11-2023 | അല്ല |
| 48 | 1211/2023 | Appointment of District & Sessions Judge as Judges of Family Courts (1211/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (5) | 15-11-2023 | അല്ല |
| 49 | 1212/2023 | Appointment of District & Sessions Judge as Judges of Family Courts (1212/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (6) | 15-11-2023 | അല്ല |
| 50 | 1213/2023 | Appointment of District & Sessions Judge as Judges of Family Courts (1213/2023) | ജി.ഒ.(എം.എസ്.) നം.235/2023/ഹോം (7) | 15-11-2023 | അല്ല |
| 51 | 1214/2023 | Appointment of District & Sessions Judge as Judges of Family Courts | ജി.ഒ.(ആർ.ടി.) നം.3231/2023/ഹോം (1) | 07-11-2023 | അല്ല |
| 52 | 1215/2023 | Appointment of District & Sessions Judge as Judges of Family Courts | ജി.ഒ.(ആർ.ടി.) നം.3231/2023/ഹോം (2) | 07-11-2023 | അല്ല |
| 53 | 1216/2023 | Appointment of District & Sessions Judge as Judges of Family Court (1216/2023) | ജി.ഒ.(എം.എസ്.) നം.227/2023/ഹോം | 03-11-2023 | അല്ല |
| 54 | 1217/2023 | Erratum Notification for SRO No.859/2023 (1217/2023) | ജി.ഒ.(എം.എസ്.) നം.232/2023/ഹോം | 13-11-2023 | അല്ല |
| 55 | 1218/2023 | ERRATUM NOTIFICATION of 593/2022 (1218/2023) | ജി.ഒ.(എം.എസ്.) നം.233/2023/ഹോം | 14-11-2023 | അല്ല |
| 56 | 1220/2023 | APPOINTMENT OF ADV K BALACHANDRAMENON AS SPP IN CASES RELATED WITH BSNL CO OPERATIVE SOCIETY SCAM (1220/2023) | ജി.ഒ.(ആർ.ടി.) നം.3360/2023/ഹോം | 18-11-2023 | അല്ല |
| 57 | 1226/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(1) | 27-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 58 | 1227/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(2) | 27-10-2023 | അല്ല |
| 59 | 1228/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(3) | 27-10-2023 | അല്ല |
| 60 | 1229/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(4) | 27-10-2023 | അല്ല |
| 61 | 1230/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(5) | 27-10-2023 | അല്ല |
| 62 | 1231/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(6) | 27-10-2023 | അല്ല |
| 63 | 1232/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(7) | 27-10-2023 | അല്ല |
| 64 | 1233/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(8) | 27-10-2023 | അല്ല |
| 65 | 1234/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം(9) | 27-10-2023 | അല്ല |
| 66 | 1235/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം..220/2023/ഹോം (10) | 27-10-2023 | അല്ല |
| 67 | 1236/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം..220/2023/ഹോം (11) | 27-10-2023 | അല്ല |
| 68 | 1237/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം..220/2023/ഹോം (12) | 27-10-2023 | അല്ല |
| 69 | 1238/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം..220/2023/ഹോം (13) | 27-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 70 | 1239/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം..220/2023/ഹോം (14) | 27-10-2023 | അല് |
| 71 | 1240/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (15) | 27-10-2023 | അല്ല |
| 72 | 1241/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (16) | 27-10-2023 | അല്ല |
| 73 | 1242/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (17) | 27-10-2023 | അല്ല |
| 74 | 1243/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (18) | 27-10-2023 | അല്ല |
| 75 | 1244/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (19) | 27-10-2023 | അല്ല |
| 76 | 1245/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (20) | 27-10-2023 | അല്ല |
| 77 | 1246/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (21) | 27-10-2023 | അല്ല |
| 78 | 1247/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (22) | 27-10-2023 | അല്ല |
| 79 | 1248/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (23) | 27-10-2023 | അല്ല |
| 80 | 1249/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (24) | 27-10-2023 | അല്ല |
| 81 | 1250/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (25) | 27-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 82 | 1251/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (26) | 27-10-2023 | അല്ല |
| 83 | 1252/2023 | Conversion of 27 temporary Magistrate Courts as permanent establishment - renaming of Court-notification | ജി.ഒ.(എം.എസ്.) നം.220/2023/ഹോം (27) | 27-10-2023 | അല്ല |
| 84 | 1254/2023 | the investigation of reported missing of Shri.Adith to the Central Bureau of Investigation (1254/2023) | ജി.ഒ.(എം.എസ്.) നം.240/2023/ഹോം | 17-11-2023 | അല്ല |
| 85 | 1255/2023 | Extension of jurisdiction of Munsiff Court, Payyannur (1255/2023) | ജി.ഒ.(എം.എസ്.) നം.223/2023/ഹോം | 31-10-2023 | അല്ല |
| 86 | 1270/2023 | കുമാര ക്ഷത്രിയ, കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി, പൂലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവലിയ ഗൗണ്ടർ എന്നീ സമുദായങ്ങളെ സംസ്ഥാന ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം ഒന്നിലെ ഷെഡ്യൂൾ ലിസ്റ്റ് III ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചത്(1270/2023) | ജി.ഒ(പി) നം..16/2023/പി. &എ.ആർ.ഡി. | 23-11-2023 | അല്ല |
| 87 | 1276/2023 | - Refixing territorial jurisdiction of Family Court at Thrissur & Kunnamkulam(1276/2023) | ജി.ഒ.(എം.എസ്.) നം.203/2023/ഹോം | 25-09-2023 | അല്ല |
| 88 | 1278/2023 | APPOINTMENT OF SRI MOHAMMED AZIM AS SPP IN CRIME NO 951/2023 OF AYIROOR POLICE STATION (1278/2023) | ജി.ഒ.(ആർ.ടി.) നം.3453/2023/ഹോം | 28-11-2023 | അല്ല |
| 89 | 1279/2023 | APPOINTMENT OF SRI V K GEORGE AS SPP IN NDPS COURT KANNUR NOTIFICATION (1279/2023) | ജി.ഒ.(ആർ.ടി.) നം.3454/2023/ഹോം | 28-11-2023 | അല്ല |
| 90 | 1282/2023 | Extension Justice (Rtd.) V. K. Mohanan Commission of Inquiry (1282/2023) | ആഭ്യന്തരം-എസ് .എസ്.എ 2/67/2021-ആഭ്യന്തരം | 28-11-2023 | അല്ല |
| 91 | 1298/2023 | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 38 ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചത് | ജി.ഒ.(പി) നം.17/2023/പി& എ.ആർ.ഡി. | 30-11-2023 | അല്ല |
| 92 | 1307/2023 | Conferring the Magisterial powers to the IAS Probationers (1307/2023) | ജി.ഒ.(എം.എസ്) നം.244/2023/ഹോം | 01-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 93 | 1312/2023 | ERRATUM NOTIFICATION of SRO No. 1162/2022 (1312/2023) | ജി.ഒ.(എം.എസ്.) നം.245/2023/ഹോം | 02-12-2023 | അല്ല |
| 94 | 1313/2023 | Government of Kerala have decided to refer the investigation of Crime No. 874/2010 of Thiruvallam Police Station (1313/2023) | ജി.ഒ.(എം.എസ്.) നം.246/2023/ഹോം | 02-12-2023 | അല്ല |
| 95 | 1317/2023 | APPOINTMENT OF SRI P PREMARAJAN AS SPPIN CRIME NO 161/2005 OF EDAKKAD POLICE STATION (1317/2023) | ജി.ഒ.(ആർ.ടി.) നം.3602/2023/ഹോം | 08-12-2023 | അല്ല |
| 96 | 1319/2023 | Transfer and posting of District Judges as judges of Family Courts (1319/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം | 05-12-2023 | അല്ല |
| 97 | 1320/2023 | Transfer and posting of District Judges as judges of Family Courts (1320/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം (2) | 05-12-2023 | അല്ല |
| 98 | 1321/2023 | Transfer and posting of District Judges as judges of Family Courts (1321/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം (3) | 05-12-2023 | അല്ല |
| 99 | 1322/2023 | Transfer and posting of District Judges as judges of Family Courts (1322/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം (4) | 05-12-2023 | അല്ല |
| 100 | 1323/2023 | Transfer and posting of District Judges as judges of Family Courts (1323/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം (5) | 05-12-2023 | അല്ല |
| 101 | 1324/2023 | Transfer and posting of District Judges as judges of Family Courts (1324/2023) | ജി.ഒ.(ആർ.ടി.) നം.3576/2023/ഹോം (6) | 05-12-2023 | അല്ല |
| 102 | 1333/2023 | Rules of Business of the Government of Kerala (2nd Amendment) Rules, 2023 (1333/2023) | ജി.ഒ.(എം.എസ്.) നം.189/2023/ജി. എ.ഡി. | 12-12-2023 | അല്ല |
| 103 | 1334/2023 | Transfer and posting of District Judges as judges of Family Courts(1334/2023) | ജി.ഒ.(ആർ.ടി.) നം.3574/2023/ഹോം | 05-12-2023 | അല്ല |
| 104 | 1335/2023 | Transfer and posting of District Judges as judges of Family Courts (1335//2023) | ജി.ഒ.(ആർ.ടി.) നം.3574/2023/ഹോം (2) | 05-12-2023 | അല്ല |
| 105 | 1336/2023 | Transfer and posting of District Judges as judges of Family Courts (1336/2023) | ജി.ഒ.(ആർ.ടി.) നം.3575/2023/ഹോം | 05-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 106 | 1338/2023 | Transfer and posting of District Judges as judges of Family Courts (1338/2023) | ജി.ഒ.(ആർ.ടി.) നം.3519/2023/ഹോം (1) | 02-12-2023 | അല്ല |
| 107 | 1339/2023 | Transfer and posting of District Judges as judges of Family Courts (1339/2023) | ജി.ഒ.(ആർ.ടി.) നം.3519/2023/ഹോം (2) | 02-12-2023 | അല്ല |
| 108 | 1340/2023 | Transfer and posting of District Judges as judges of Family Courts (1340/2023) | ജി.ഒ.(ആർ.ടി.) നം.3519/2023/ഹോം (3) | 02-12-2023 | അല്ല |
| 109 | 1350/2023 | APPOINTMENT OF SRI K S SIVAKUMAR AS SPP IN CRIME NO 327/2022 OF ARANMULA POLICE STATION (1350/2023) | ജി.ഒ.(ആർ.ടി.) നം.3684/2023/ഹോം | 14-12-2023 | അല്ല |
| 110 | 1351/2023 | APPOINTMENT OF SRI.K D BABU AS SPP IN CRIME NO 721/2008 OF VADANAPPALLY POLICE STATION (1351/2023) | ജി.ഒ.(ആർ.ടി.) നം.3685/2023/ഹോം | 14-12-2023 | അല്ല |
| 111 | 1368/2023 | Appointment ofSri. K. V. Sabu as SSP and Shri. P. K. Shareef as Addl SPP in crime no 242/2022 of manjeri police station | ജി.ഒ.(ആർ.ടി) നം.3706/2023/ഹോം | 18-12-2023 | അല്ല |
| 112 | 1384/2023 | Commencement of Munsiff Court at Attapady- Notification | ജി.ഒ.(എം.എസ്.) നം.255/2023/ഹോം(1) | 20-12-2023 | അല്ല |
| 113 | 1385/2023 | Commencement of Munsiff Court at Attapady- Notification | ജി.ഒ.(എം.എസ്.) നം.255/2023/ഹോം(2) | 20-12-2023 | അല്ല |
| 114 | 1386/2023 | Commencement of Munsiff Court at Attapady- Notification | ജി.ഒ.(എം.എസ്.) നം.255/2023/ഹോം(3) | 20-12-2023 | അല്ല |
| 115 | 1387/2023 | Aadhaar Authentication for Kerala PSC | ജി.ഒ.(പി) നം.19/2023/പി& എ.ആർ.ഡി. | 20-12-2023 | അല്ല |
| 116 | 1392/2023 | Designating Additional District & Sessions courts also as Additional Family Courts exclusively for the purpose of trial and disposal of five year and older cases (1392/2023) | ജി.ഒ.(എം.എസ്.) നം.256/2023/ഹോം | 22-12-2023 | അല്ല |
| 117 | 1397/2023 | ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം (1397/2023) | ജി.ഒ.(പി) നം.79/2023/ഹോം | 28-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 118 | 1398/2023 | Transfer and posting of District Judges as judges of Family Courts (Erratum of SRO No. 1256/2023) (1398/2023) | ജി.ഒ.(ആർ.ടി.) നം.3834/2023/ഹോം | 29-12-2023 | അല്ല |
| 119 | 2/2024 | APPOINTMENT OF SRI V V JAYACHANDRAN AS SPP I N NDPS COURT ALAPPUZHA | ജി.ഒ.(ആർ.ടി.) നം.16/2024/ഹോം | 03-01-2024 | അല്ല |
| 120 | 5/2024 | APPOINTMENT OF SRI K M RAMDAS AS SPP IN CASES RELED KITTIYADI GOLD PLACE FRAUD | ജി.ഒ.(ആർ.ടി) നം.32/2024/ഹോം | 04-01-2024 | അല്ല |
| 121 | 6/2024 | APPOINTMENT OF SRI MOIDEEN P C AS SPP IN VENGARA POLICE STTAION CRIME NO 38/2023 | ജി.ഒ.(ആർ.ടി.) നം.31/2024/ഹോം | 04-01-2024 | അല്ല |
| 122 | 16/2024 | അളക്കോട് പോലീസ് സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം (16/2024) | ജി.ഒ.(പി) നം. 1/2024/ഹോം | 03-01-2024 | അല്ല |
| 123 | 21/2024 | APPOINTMENT OF SRI PP HARRIS AS SPP IN CRIME NO 621/2021 OF MANNANCHERI POLICE STATION | ജി.ഒ.(ആർ.ടി.) നം.82/2024/ഹോം | 06-01-2024 | അല്ല |
| 124 | 45/2024 | Notification for shifting Muzhakunnu Police station to new building | ജി.ഒ.(പി) നം.4/2024/ഹോം | 17-01-2024 | അല്ല |
| 125 | 60/2024 | Appointment of Sri.P.P.Surendran as SPP in crime no 471/2021 | ജി.ഒ.(ആർ.ടി.) നം.246/2024/ഹോം | 23-01-2024 | അല്ല |
| 126 | 62/2024 | Appointment of Sri Balakrishnan as SPP in Crime No.801/2015 of Perinthelmanna Police Station | ജി.ഒ.(ആർ.ടി.) നം.254/2024/ഹോം | 24-01-2024 | അല്ല |
| 127 | 63/2024 | Appointment of Sri E.M.Krishnan Namboothiri as SPP in Crime no 545/2023 of Perinthalmanna Police station | ജി.ഒ.(ആർ.ടി.) നം.253/2024/ഹോം | 24-01-2024 | അല്ല |
| 128 | | ERATTUM OF S.R.O 523/2023 | ജി.ഒ.(എം.എസ്.) 211/2023/ഹോം | 18-10-2023 | അല്ല |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 14-09-2023 ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 246/2021 | Appointment of District Judges in Family Court (246/2021) | ജി.ഒ.(ആർ.ടി.)നം.573/2021/ഹോം | 22-02-2021 |
| 2 | 287/2021 | Appointment of District Judges in Family Court (287/2021) | ജി.ഒ.(ആർ.ടി.)നം.757/2021/ഹോം | 09-03-2021 |
| 3 | 288/2021 | Appointment of District Judges in Family Court (288/2021) | ജി.ഒ.(ആർ.ടി.)നം.757/2021/ഹോം | 09-03-2021 |
| 4 | 289/2021 | Appointment of District Judges in Family Court (289/2021) | ജി.ഒ.(ആർ.ടി.)നം.757/2021/ഹോം | 09-03-2021 |
| 5 | 290/2021 | Appointment of District Judges in Family Court (290/2021) | ജി.ഒ.(ആർ.ടി.)നം.757/2021/ഹോം | 09-03-2021 |
| 6 | 291/2021 | Appointment of District Judges in Family Court (291/2021) | ജി.ഒ.(ആർ.ടി.)നം.757/2021/ഹോം | 09-03-2021 |
| 7 | 779/2023 | Appointment of MD, Kexcon (779/2023) | സ.ഉ.(അച്ചടി)നം.2/2023/സൈ.ക്ഷേ.മ | 25-06-2023 |
| 8 | 822/2023 | Appointment of Special Public Prosecutor for the conduct of prosecution in Crime No. 560/2023 of Kondotty Police Station (822/2023) | ജി.ഒ.(ആർ.ടി) നം.2136/2023/ഹോം | 29-07-2023 |
| 9 | 824/2023 | APPOINTMENT OF SPP IN NEYYATINKARA FASTTRACK COURT (824/2023) | ജി.ഒ.(ആർ.ടി.)നം.2116/2023/ഹോം | 27-07-2023 |
| 10 | 834/2023 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് - കിയാൽ ഫ്യൂവൽ ഫാം (പ്രൈവറ്റ്) ലിമിറ്റഡിന്റെ ഏവിയേഷൻ ഫ്യൂവലിംഗ് സ്റ്റേഷൻ 'നിരോധിത സ്ഥലം' ആയി പ്രഖ്യാപിക്കുന്ന വിജ്ഞാപനം. (834/2023) | ജി.ഒ.(എം.എസ്.)നം.168/2023/ഹോം | 02-08-2023 |

| | | | | |
|---|---|---|---|---|
| 11 | 847/2023 | Appointment of Special Public Prosecutor for the conduct of prosecution in Crime No. 390/2022 of Alappuzha South Police Station (847/2023) | ജി.ഒ.(ആർ.ടി)നം.2179/2023/ഹോം | 03-08-2023 |
| 12 | 854/2023 | Appointment of Special Public Prosecutor for the conduct of prosecution of cases under the Narcotic Drugs and Psychotropic Substances Act, 1985 (854/2023) | ജി.ഒ.(ആർ.ടി.)നം.2226/2023/ഹോം | 07-08-2023 |
| 13 | 859/2023 | Consent to CBI for investigation of offences against Shri Muniyappan, Superintendent, Customs, Calicut International Airport, Karippur,Malappuram,Kerala and unknown others (859/2023) | ജി.ഒ.(എം.എസ്.)നം.167/2023/ഹോം | 31-07-2023 |
| 14 | 860/2023 | Consent to CBI for invesyigation of offences against unknown Public Servants of Central Bank of India and others (860/2023) | ജി.ഒ.(എം.എസ്.)നം.172/2023/ഹോം | 04-08-2023 |
| 15 | 864/2023 | Consent to CBI for the investigation of offences involved in connection with the unnatural death of Tamir Jifry at Tanur Police Station (864/2023) | ജി.ഒ.(എം.എസ്.)നം.178/2023/ഹോം | 10-08-2023 |
| 16 | 872/2023 | Appointment of Public Prosecutors/Exclusive Special Public Prosecutors for conducting cases in the Special Courts in Thrissur District (872/2023) | ജി.ഒ.(എം.എസ്)നം.183/2023/ഹോം | 16-08-2023 |
| 17 | 900/2023 | Appointment of Special Public Prosecutor for the conduct of prosecution in Crime No.720/2023 of Aluva East Police Station (900/2023) | ജി.ഒ.(ആർ.ടി.)നം.2403/2023/ഹോം | 23-08-2023 |
| 18 | 901/2023 | Commencement of Special Court for the trial of offences under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1989 at Nedumangad (901/2023) | ജി.ഒ.(ആർ.ടി.)നം.2385/2023/ഹോം | 21-08-2023 |
| 19 | 907/2023 | Appointment of Special Public Prosecutor for conducting the cases registered under the Scheduled Castes and the Scheduled Tribes (Prevention of Atrocities) Act, 1989 (907/2023) | ജി.ഒ.(ആർ.ടി.)നം.2428/2023/ഹോം | 25-08-2023 |

## iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കോഴിക്കോട് സൈബർ പാർക്ക് | 2016-2017 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | അക്കാദമി ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ (ആപ്ക്ക) | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കോഴിക്കോട് സൈബർ പാർക്ക് | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | ഇൻഫോപാർക്സ് കേരള | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | അക്കാഡമി ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ(ആപ്ക്ക) | 2019-2020 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | ഇൻഫോപാർക്സ് കേരള | 2019-2020 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | കോഴിക്കോട് സൈബർ പാർക്ക് | 2019-2020 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 9 | കോഴിക്കോട് സൈബർ പാർക്ക് | 2020-2021 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 10 | കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 11 | അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്‌വെയർ കേന്ദ്രം (ഐ.സി.ഫോസ് ) | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 12 | കോഴിക്കോട് സൈബർ പാർക്ക് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 13 | കൊച്ചി ഇൻഫോപാർക്ക് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 14 | കേരള സ്റ്റാർട്ടപ്പ് മിഷൻ | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 15 | കോഴിക്കോട് സൈബർ പാർക്ക് | 2021-2022 | ഓഡിറ്റ് റിപ്പോർട്ട് | അതെ |
| 16 | കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷൻ-കെക്സ്കോൺ | 2021-2022 | ആഡിറ്റ് റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |
| 17 | ഇൻഫോപാർക്ക്സ് കേരള | 2021-2022 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 18 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 19 | കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 20 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 21 | നോർക്ക റൂട്ട്സ് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 22 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക്സ്-കേരള (ടെക്നോപാർക്ക്) | 2022-2023 | ആഡിറ്റ് റിപ്പോർട്ട് | അല്ല |

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1192/2023 | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം (1192/2023) | ജി.ഒ.(പി) നം.287/2023/ആർ.ഡി. | 10-11-2023 | അല്ല |
| 2 | 1193/2023 | തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രസിഡന്റിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം (1193/2023) | ജി.ഒ.(പി) നം.288/2023/ആർ.ഡി. | 10-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 3 | 4/2024 | Reconstitution of Kerala State Commission for Scheduled Castes and Scheduled Tribes | ജി.ഒ.(പി) നം. 1/2024/ എസ്.സി.എസ്.റ്റി.ഡി. | 03-01-2024 | അല്ല |

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 994/2023 | RFCTLARR Act 2013 പ്രകാരമുള്ള വിജ്ഞാപനം (994/2023) | ജി.ഒ.(പി) നം.221/2023/ആർ.ഡി. | 18-09-2023 | അല്ല |
| 2 | 1169/2023 | LA Notification (1169/2023) | ജി.ഒ.(പി) നം.278/2023/ആർ.ഡി. | 08-11-2023 | അല്ല |
| 3 | 1186/2023 | LA Notification (1186/2023) | ജി.ഒ.(പി) നം.286/2023/ആർ.ഡി. | 09-11-2023 | അല്ല |
| 4 | 1205/2023 | LA Notification (1205/2023) | ജി.ഒ.(പി) നം.293/2023/ആർ.ഡി. | 16-11-2023 | അല്ല |
| 5 | 1285/2023 | Appointing Chief Town Planner as official member of KSHB (1285/2023) | ജി.ഒ.(എം.എസ്) നം.7/2023/എച്ച്. എസ്.ജി. | 28-11-2023 | അല്ല |

ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 836/2023 | Land acquisition for International Yoga Research Study Centre at Aralum (836/2023) | ജി.ഒ. (പി)നം.185/2023/ആർ.ഡി. | 02-08-2023 |

| | | | | |
|---|---|---|---|---|
| 2 | 897/2023 | എസ്.ആർ.ഒ. നമ്പർ. 828/2022 -ന്റെ തിരുത്തൽ വിജ്ഞാപനം (897/2023) | ജി.ഒ.(എം.എസ്) നം.3/2023/എച്ച്.എസ്.ജി | 16-08-2023 |
| 3 | 902/2023 | Appointing Sri. Abdul Nasar B I.A.S, secretary, Kerala State Housing Board as ex-officio member (902/2023) | ജി.ഒ.(എം.എസ്) നം.4/2023/എച്ച്.എസ്.ജി | 23-08-2023 |
| 4 | 932/2023 | Appointing Smt. Sobha V R, Joint Secretary, Finance Department as ex-officio member of KSHB (932/2023) | ജി.ഒ.(എം.എസ്) നം.5/2023/എച്ച്.എസ്.ജി | 02-09-2023 |

iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 494/2022 | Kerala Irrigation and Water Conservation (Amendment) Rules, 2022 | ജി.ഒ.(പി) നം.10/2022/ ഡബ്ല്യൂ .ആർ.ഡി. | 11-03-2022 | അതെ |

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1026/2023 | Regulation published in supersession of the notification published as SRO No.77/2017 as per Central Electricity Authority (Measures Relating to Safety and Electric Supply) Regulations 2023 (1026/2023) | ജി.ഒ.(പി) നം.4/2023/ പവർ | 18-09-2023 | അല്ല |

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാ ണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 792/2023 | 1986- ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റ് (792/2023) | സ.ഉ.(അച്ചടി)നം. 9/2023/വനം | 19-07-2023 | അല്ല |
| 2 | 956/2023 | തിരുത്തൽ വിജ്ഞാപനം 792/2023 (956/2023) | സ.ഉ.(അച്ചടി) നം.11/2023/ വനം | 21-08-2023 | അല്ല |
| 3 | 960/2023 | 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റ് (960/2023) | സ.ഉ.(അച്ചടി) നം.13/2023/വനം | 26-08-023 | അല്ല |
| 4 | 961/2023 | 1986-ലെ കേരള വ്യക്ഷസംരക്ഷണ ആക്റ്റ് (961/2023) | സ.ഉ.(അച്ചടി) നം.15/2023/വനം | 26-08-023 | അല്ല |
| 5 | 962/2023 | 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റ് (962/2023) | സ.ഉ.(അച്ചടി) നം.14/2023/വനം | 26-08-023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 6 | 1081/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ.278/1975-ാം നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1081/2023) | സ.ഉ.(അച്ചടി) നം.16/2023/വനം | 18-09-2023 | അല്ല |
| 7 | 1082/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ.352/1975 നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1082/2023) | സ.ഉ.(അച്ചടി) നം.17/2023/വനം | 18-09-2023 | അല്ല |
| 8 | 1083/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ.351/1975-ാംനമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1083/2023) | സ.ഉ.(അച്ചടി) നം.18/2023/വനം | 18-09-2023 | അല്ല |
| 9 | 1093/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ. 502/1976-ാം നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1093/2023) | സ.ഉ.(അച്ചടി) നം.20/2023/ വനം | 11-10-2023 | അല്ല |
| 10 | 1119/2023 | കോട്ടയം ഹൈറേഞ്ച് സർക്കിളിൽ മൂന്നാർ ഡിവിഷനിൽ ദേവികുളം റെയിഞ്ചിലെ ചിന്നക്കനാൽ വില്ലേജിലെ 364.89 ഹെക്ടർ വനഭൂമി ചിന്നക്കനാൽ റിസർവ്വ് വനമായി പ്രാഥമിക വിജ്ഞാപനം (1119/2023) | ജി.ഒ.(പി) നം.19/2023/വനം | 20-09-023 | അല്ല |
| 11 | 1159/2023 | Kerala Forest (Regulation of Sawmills and Other Wood-based Industrial Units), Amendment Rules 2023 (1159/2023) | ജി.ഒ.(പി) നം.21/2023/ എഫ്&ഡബ്ല്യൂ. എൽ.ഡി. | 03-11-2023 | അല്ല |
| 12 | 1191/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ.521/1976-ാം നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1191/2023) | സ.ഉ.(അച്ചടി) നം.23/2023/ വനം | 10-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 13 | 1264/2023 | പാലക്കാട് ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ ഒ.എ. 908/1974-ാം നമ്പർ കേസിൽ ഉൾപ്പെട്ട സ്ഥലം 1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്റ്റിന്റെ 5-ാം വകുപ്പിന്റെ പരിധിയിലാക്കി വൃക്ഷസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിജ്ഞാപനം (1264/2023) | സ.ഉ.(അച്ചടി) നം.24/2023/ വനം | 24-11-2023 | അല്ല |
| 14 | 39/2024 | Appointment of Custodian of EFL | സ.ഉ.(അച്ചടി) നം.2/2024/വനം | 13-01-2024 | അല്ല |

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | വർഷം | തീയതി | |
| 1 | 965/2023 | amendments to Kerala State Goods and Services Tax Act, 2017 as per section 11 of Kerala Finance Act, 2023 (965/2023) | ജി.ഒ.(പി) നം.120/2023/ ടാക്സസ് | 12-09-2023 | അല്ല |
| 2 | 966/2023 | amendments to Kerala State Goods and Services Tax Act, 2017 as per Kerala Taxation Laws (Amendment) Ordinance, 2023 (966/2023) | ജി.ഒ.(പി) നം.121/2023/ ടാക്സസ് | 12-09-2023 | അല്ല |
| 3 | 967/2023 | Notification issued under Kerala State Goods and Services Tax Act, 2017 (967/2023) | ജി.ഒ.(പി) നം.122/2023/ ടാക്സസ് | 12-09-2023 | അല്ല |
| 4 | 968/2023 | Notification issued under Kerala State Goods and Services Tax Act, 2017 (968/2023) | ജി.ഒ.(പി) നം.123/2023 /ടാക്സസ് | 12-09-2023 | അല്ല |
| 5 | 969/2023 | Notification issued under Kerala State Goods and Services Tax Act, 2017 (969/2023) | ജി.ഒ.(പി) നം.124/2023/ ടാക്സസ് | 12-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 9 | 970/2023 | Notification issued under Kerala State Goods and Services Tax Act, 2017 (970/2023) | ജി.ഒ.(പി) നം.125/2023/ ടാക്സസ് | 13-09-2023 | അല്ല |
| 7 | 983/2023 | Pooja Bumper 2023 Notification (983/2023) | ജി.ഒ.(പി) നം.127/2023/ ടാക്സസ് | 18-09-2023 | അല്ല |
| 8 | 984/2023 | Pooja Bumper Lottery 2023 (984/2023) | ജി.ഒ.(പി) നം.128/2023/ ടാക്സസ് | 18-09-2023 | അല്ല |
| 9 | 1054/2023 | Consolidated stamp duty- LIC(P&GS) Kottayam (1054/2023) | ജി.ഒ.(പി) നം.134/2023/ ടാക്സസ് | 29-09-2023 | അല്ല |
| 10 | 1055/2023 | Consolidated stamp duty- United India Insurance Company Limited (1055/2023) | ജി.ഒ.(പി). നം.137/2023/ ടാക്സസ് | 29-09-2023 | അല്ല |
| 11 | 1056/2023 | Consolidated stamp duty- LIC Thrissur (1056/2023) | ജി.ഒ.(പി). നം.138/2023/ ടാക്സസ് | 29-09-2023 | അല്ല |
| 12 | 1057/2023 | Consolidated stamp Duty- LIC(P&GS), Thrissur (1057/2023) | ജി.ഒ.(പി) നം.139/2023/ ടാക്സസ് | 29-09-2023 | അല്ല |
| 13 | 1060/2023 | Kerala State Goods and Services Tax Act, 2017 (20 of 2017) (1060/2023) | ജി.ഒ.(പി) നം.140/2023/ ടാക്സസ് | 30-09-2023 | അല്ല |
| 14 | 1061/2023 | section 148 of the Kerala State Goods and Services Tax Act, 2017 (1061/2023) | ജി.ഒ.(പി) നം.141/2023/ ടാക്സസ് | 30-09-2023 | അല്ല |
| 15 | 1062/2023 | amend the Kerala Goods and Services Tax Rules, 2017 incorporating the recommendations of the Goods and Services Tax Council (1062/2023) | ജി.ഒ.(പി) നം.142/2023/ ടാക്സസ് | 30-09-2023 | അല്ല |
| 16 | 1120/2023 | Consolidated stamp duty-LIC, Kottayam (1120/2023) | ജി.ഒ.(പി) നം.144/2023/ ടാക്സസ് | 27-10-2023 | അല്ല |
| 17 | 1194/2023 | Amend Part I of the Kerala Service Rules(1194/2023) | ജി.ഒ.(പി) നം.111/2023/ ഫിൻ | 08-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 18 | 1221/2023 | Xmas New Year Bumber - Scope & Limitation (1221/2023) | ജി.ഒ.(പി) നം.154/2023/ ടാക്സസ് | 20-11-2023 | അല്ല |
| 19 | 1222/2023 | Xmas New Year Bumper- Prize Structure (1222/2023) | ജി.ഒ.(പി) നം.155/2023/ ടാക്സസ് | 20-11-2023 | അല്ല |
| 20 | 1258/2023 | Appoint Smt. Gayathri P.G., I.R.S., Joint Commissioner, Central Tax and Central Excise as a member of the Kerala Authority for Advance Ruling (1258/2023) | ജി.ഒ.(പി) നം.156/2023/ ടാക്സസ് | 23-11-2023 | അല്ല |
| 21 | 1271/2023 | Insertion of new rule 104 A (1271/2023) | ജി.ഒ.(പി) നം.113/2023 /ഫിൻ | 22-11-2023 | അല്ല |
| 22 | 1272/2023 | Consolidated stamp duty- LIC Thrissur (1272/2023) | ജി.ഒ.(പി) നം.157/2023/ ടാക്സസ് | 25-11-2023 | അല്ല |
| 23 | 1284/2023 | Notification issued under Kerala Finance Act, 2019 (1284/2023) | ജി.ഒ.(പി) നം.158/2023/ ടാക്സസ് | 28-11-2023 | അല്ല |
| 24 | 1315/2023 | Amend the Kerala Goods and Services Tax Rules, 2017 to incorporate the concomitant changes in the designation of officers based on the re-organization of the Kerala State Goods and Services Tax Department. | ജി.ഒ.(പി) നം.161/2023/ ടാക്സസ് | 07-12-2023 | അല്ല |
| 25 | 1318/2023 | Amendment of KSR Part III based on issued G.O(P)No.30/2021/Fin and G.O(P)No.127/2021/Fin (1318/2023) | ജി.ഒ.(പി) നം.119/2023 /ഫിൻ | 11-12-2023 | അല്ല |
| 26 | 1327/2023 | Notification issued under Kerala State Goods and Services Tax Act, 2017 (20 of 2017) (1327/2023) | ജി.ഒ.(പി) നം.162/2023/ ടാക്സസ് | 12-12-2023 | അല്ല |
| 27 | 1328/2023 | Notification issued under Kerala State Goods and Services Tax Act, 2017 (20 of 2017) (1328/2023) | ജി.ഒ.(പി) നം.163/2023/ ടാക്സസ് | 12-12-2023 | അല്ല |
| 28 | 1352/2023 | Amend the Kerala Goods and Services Tax Rules, 2017 incorporating the recommendations of the Goods and Services Tax Council | ജി.ഒ.(പി) നം.164/2023/ ടാക്സസ് | 13-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 29 | 1353/2023 | Notifications issued under Kerala State Goods and Services Tax Act, 2017 | ജി.ഒ.(പി) നം.165/2023/ ടാക്സസ് | 13-12-2023 | അല്ല |
| 30 | 1366/2023 | CONSOLIDATED STAMP DUTY- LIC, THRISSUR (1366/2023) | ജി.ഒ.(പി) നം.166/2023/ ടാക്സസ് | 14-12-2023 | അല്ല |
| 31 | 1394/2023 | Notification issued under the Kerala General Sales Tax Act, 1963 (1394/2023) | ജി.ഒ.(പി) നം.167/2023/ ടാക്സസ് | 27-12-2023 | അല്ല |
| 32 | 1395/2023 | Amendment to KSR part III rule 135, 136 and 138 | ജി.ഒ.(പി) നം.123/2023 / ഫിൻ | 26-12-2023 | അല്ല |
| 33 | 34/2024 | Consolidated stamp duty- LIC Ernakulam | ജി.ഒ.(പി) നം.1/2024/ ടാക്സസ് | 11-01-2024 | അല്ല |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | വർഷം | തീയതി |
| 1 | 816/2023 | Kerala State Goods and Services Tax Act, 2017 (amendments to SRO No. 360/2017) (816/2023) | ജി.ഒ.(പി) നം.92/2023/ടാക്സസ് | 27-07-2023 |
| 2 | 817/2023 | Kerala State Goods and Services Tax Act, 2017 (amendment to S.R.O. No.370/2017) (817/2023) | ജി.ഒ. (പി)നം.93/2023/ടാക്സസ് | 27-07-2023 |
| 3 | 818/2023 | Kerala State Goods and Services Tax Act, 2017 (amendment to S.R.O. No.371/2017) (818/2023) | ജി.ഒ.(പി) നം.94/2023/ടാക്സസ് | 27-07-2023 |
| 4 | 819/2023 | Kerala State Goods and Services Tax Act, 2017 (amendment to S.R.O. No.372/2017) (819/2023) | ജി.ഒ.(പി) നം.95/2023/ടാക്സസ് | 27-07-2023 |
| 5 | 820/2023 | Kerala State Goods and Services Tax Act, 2017 (amendment to S.R.O. No.947/2018) (820/2023) | ജി.ഒ.(പി) നം.96/2023/ടാക്സസ് | 27-07-2023 |

| | | | | |
|---|---|---|---|---|
| 6 | 821/2023 | Consolidated Stamp duty on policies of insurance under the jurisdiction of LIC- Kozhikkode (821/2023) | ജി.ഒ.(പി) നം.97/2023/ടാക്സസ് | 27-07-2023 |
| 7 | 835/2023 | The Kerala Service (Sixth Amendment) Rules, 2023 (Maternity leave to female officers appointed on contract basis and provisional female recruits-835/2023) | ജി.ഒ.(പി) നം. 79/2023/ഫിൻ | 27-07-2023 |
| 8 | 876/2023 | amendment to S.R.O. No.583/2018 (876/2023) | ജി.ഒ.(പി) നം.102/2023/ടാക്സസ് | 17-08-2023 |
| 9 | 877/2023 | amendment to S.R.O. No.141/2018 (877/2023) | ജി.ഒ.(പി) നം.103/2023/ടാക്സസ് | 17-08-2023 |
| 10 | 878/2023 | amendment to S.R.O. No.553/2023 (878/2023) | ജി.ഒ.(പി) നം.104/2023/ടാക്സസ് | 17-08-2023 |
| 11 | 879/2023 | amendment to S.R.O. No.554/2023 (879/2023) | ജി.ഒ.(പി) നം.105/2023/ടാക്സസ് | 17-08-2023 |
| 12 | 880/2023 | amendment to S.R.O. No.555/2023 (880/2023) | ജി.ഒ.(പി) നം.106/2023/ടാക്സസ് | 17-08-2023 |
| 13 | 881/2023 | amendment to S.R.O. No.556/2023 (881/2023) | ജി.ഒ.(പി) നം.107/2023/ടാക്സസ് | 17-08-2023 |
| 14 | 882/2023 | amendment to SRO 581/2017 (882/2023) | ജി.ഒ.(പി) നം.108/2023/ടാക്സസ് | 17-08-2023 |

## iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | 2015-2016 | 2015-2016 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിന്മേലുള്ള തിരുത്തൽ പത്രിക | അല്ല |
| 2 | കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് | 2022-2023 | സമാഹൃത ആഡിറ്റ് റിപ്പോർട്ട് | അല്ല |

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|---|
| | | | വർഷം | തീയതി | |
| 1 | 1156/2023 | 2023 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ (1156/2023) | സ.ഉ (അച്ചടി) നം.59/2023/ വ്യവ | 01-11-2023 | അല്ല |
| 2 | 1190/2023 | പാലക്കാട് ഫെതർലൈക്ക് ഫോം പ്രൈവറ്റ് ലിമിറ്റഡ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരണം- വിജ്ഞാപനം(1190/2023) | സ.ഉ(അച്ചടി) നം.61/2023/ വ്യവ | 10-11-2023 | അല്ല |
| 3 | 1286/2023 | declare the additional area of 748.70 Ares (18.50 Acres) of the land owned and possessed by KINFRA as an Industrial Area (1286/2023) | സ.ഉ(അച്ചടി) നം.62/2023/ വ്യവ. | 23-11-2023 | അല്ല |
| 4 | 1311/2023 | Kerala Khadi Workers Welfare Fund Act, 1989 | സ.ഉ.(അച്ചടി) നം.60/2023 / വ്യവ | 08-11-2023 | അല്ല |
| 5 | 1399/2023 | ഇൻഡ്യൻ വെർജിൻ സ്പൈസസ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യപിച്ചുകൊണ്ടുള്ള വിജ്ഞാപനം | സ.ഉ.(അച്ചടി) നം.66/2023 /വ്യവ. | 16-12-2023 | അല്ല |
| 6 | 1403/2023 | കടമ്പൂർ ഇൻഡസ്ട്രിയൽ പാർക്ക് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം (1403/2023) | സ.ഉ.(അച്ചടി) നം.69/2023/ വ്യവ. | 21-12-2023 | അല്ല |
| 7 | 1404/2023 | മലബാർ എന്റർപ്രൈസസ് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം (1404/2023) | സ.ഉ.(അച്ചടി) നം.70/2023/ വ്യവ. | 21-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 8 | 1405/2023 | ജേക്കബ് &റിച്ചാർഡ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം (1405/2023) | സ.ഉ.(അച്ചടി) നം.72/2023/ വ്യവ. | 21-12-2023 | അല്ല |
| 9 | 1406/2023 | ക്ലാസ്സി ഇൻഡസ്ട്രിയൽ പാർക്ക് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം(1406/2023) | സ.ഉ.(അച്ചടി) നം.73/2023/ വ്യവ. | 21-12-2023 | അല്ല |
| 10 | 1407/2023 | പത്തനംതിട്ട ഇൻഡസ്ട്രിയൽ പ്രൊമോഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം (1407/2023) | സ.ഉ.(അച്ചടി) നം.74/2023/ വ്യവ. | 21-12-2023 | അല്ല |
| 11 | 1408/2023 | വി.എം.പി.എസ്. ഫുഡ്പാർക്ക് എന്ന എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം (1408/2023) | സ.ഉ.(അച്ചടി) നം.75/2023/ വ്യവ. | 22-12-2023 | അല്ല |
| 12 | 1409/2023 | സാൻസ് സ്റ്റെറൈല്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം | സ.ഉ.(അച്ചടി) നം.76/2023/ വ്യവ. | 22-12-2023 | അല്ല |
| 13 | 27/2024 | പാലക്കാട് ഹൈടെക് ഇൻഡസ്ട്രിയൽ പാർക്ക് എന്ന സ്വകാര്യ എസ്റ്റേറ്റിനെ വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്ന വിജ്ഞാപനം | സ.ഉ.(അച്ചടി) നം.2/2024/ വ്യവ | 10-01-2024 | അല്ല |

## ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി | 2012-2013 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 2 | കാസർഗോഡ് ജില്ലാ നിയമ സേവന അതോറിറ്റി | 2012-2013 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കാസർഗോഡ് ജില്ലാ നിയമ സേവന അതോറിറ്റി | 2013-2014 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി | 2013-2014 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി | 2013-2014 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 6 | എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി | 2014-2015 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 7 | കൊല്ലം ജില്ലാ നിയമ സേവന അതോറിറ്റി | 2014-2015 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 8 | കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി | 2014-2015 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 9 | എറണാകുളം ജില്ലാ നിയമ സേവന അതോറിറ്റി | 2015-2016 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 10 | കേരള സംസ്ഥാന പന ഉത്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം) | 2015-2016 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 11 | കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം) | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | 2018-2019 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 13 | പത്തനംതിട്ട ജില്ലാ നിയമ സേവന അതോറിറ്റി | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 14 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 15 | തിരുവനന്തപുരം ജില്ലാ നിയമ സേവന അതോറിറ്റി | 2018-2019 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 16 | കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ (കെൽപാം) | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 17 | ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി | 2019-2020 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 18 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 19 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2019-2020 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 20 | കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-2020 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 21 | ഇടുക്കി ജില്ലാ നിയമ സേവന അതോറിറ്റി | 2019-2020 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 22 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 23 | ഫോം മാറ്റിംഗ്സ്(ഇന്ത്യ) ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 24 | കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 25 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 26 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2020-2021 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 27 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ(കിൻഫ്ര) | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 28 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 29 | കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 30 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 31 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 32 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

| | | | | |
|---|---|---|---|---|
| 33 | കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റി | 2022-2023 | ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 34 | കേരള ക്ലെയ്സ് ആന്റ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് (KCCPL) | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | വർഷം | തീയതി | |
| 1 | 923/2023 | Changing the process of sampling of liquor kept for sale in the premises of licence, granted under the Foreign Liquor Rules 1953 (923/2023) | ജി.ഒ.(പി) നം.112/2023/ റ്റി.ഡി. | 01-09-2023 | അല്ല |
| 2 | 924/2023 | Amendment in Kerala Abkari Shops Disposal Rules (924/2023) | ജി.ഒ.(പി) നം.113/2023/ ടാക്സസ് | 01-09-2023 | അല്ല |
| 3 | 942/2023 | Amendment in Kerala Abkari Shops Disposal Rules (942/2023) | ജി.ഒ.(പി) നം.115/2023/ ടാക്സസ്. | 04-09-2023 | അല്ല |
| 4 | 946/2023 | change the Eluka of FL-1 shop number 08018 Kodali from Mukundapuram Taluk to Chalakkudi Taluk of Thrissur Division. (946/2023) | ജി.ഒ. (പി)നം.114/2023/ ടാക്സസ് | 04-09-2023 | അല്ല |
| 5 | 980/2023 | Amendment in Kerala Shops Disposal Rules (980/2023) | ജി.ഒ.(പി) നം.126/2023/ ടാക്സസ്. | 15-09-2023 | അല്ല |
| 6 | 1065/2023 | Abkari License fee modification (1065/2023) | ജി.ഒ.(പി) നം.133/2023/ ടാക്സസ് | 29-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 7 | 1073/2023 | The Kerala Employment Guarantee Workers' Welfare Fund Scheme - 2023 (1073/2023) | സ.ഉ.(അച്ചടി) നം.50/2023/ എൽ.എസ്.ജി.ഡി. | 06-10-2023 | അല്ല |
| 8 | 1132/2023 | ശബരിമല മണ്ഡലവിളക്ക് 2023-24- താൽക്കാലിക റേഞ്ച് ഓഫീസുകൾ ആരംഭിക്കുന്നത്, പ്രസ്തുത റേഞ്ച് ഓഫീസ് പരിധികൾ മദ്യനിരോധിത മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള വിജ്ഞാപനം. (1132/2023) | ജി.ഒ.(എം.എസ്.) നം.113/2023/ ടി.ഡി. | 28-10-2023 | അല്ല |
| 9 | 1152/2023 | ചങ്ങനാശ്ശേരി നഗരസഭാ വൈസ് ചെയർമാൻ ശ്രീ. ബെന്നി ജോസഫിനെതിരായ അവിശ്വാസ പ്രമേയം-വിജ്ഞാപനം(1152/2023) | സ.ഉ.(അച്ചടി) നം.52/2023/ ത.സ്വ.ഭ.വ | 11-10-2023 | അല്ല |
| 10 | 1163/2023 | തൃക്കാക്കര നഗരസഭാ ഡെപ്യൂട്ടി ചെയർപേഴ്സണെതിരായ അവിശ്വാസ പ്രമേയം-വിജ്ഞാപനം (1163/2023) | സ.ഉ.(അച്ചടി) നമ്പർ.53/2023/ തസ്വഭവ. | 12-10-2023 | അല്ല |
| 11 | 1164/2023 | ചങ്ങനാശ്ശേരി നഗരസഭ ചെയർപേഴ്സണെതിരായ അവിശ്വാസ പ്രമേയം-വിജ്ഞാപനം (1164/2023) | സ.ഉ.(അച്ചടി) നമ്പർ. 51/2023/ തസ്വഭവ. | 11-10-2023 | അല്ല |
| 12 | 1165/2023 | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെതിരായ അവിശ്വാസ പ്രമേയം-വിജ്ഞാപനം(1165/2023 | സ.ഉ.(അച്ചടി) നം. 54/2023/ ത.സ്വ.ഭ.വ. | 19-10-2023 | അല്ല |
| 13 | 1166/2023 | നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരായ അവിശ്വാസ പ്രമേയം-വിജ്ഞാപനം(1166/2023 | സ.ഉ.(അച്ചടി) നം.55/2023/ ത.സ്വ.ഭ.വ. | 19-10-2023 | അല്ല |
| 14 | 1167/2023 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വൈസ് പ്രസിഡന്റിനെതിരായ അവിശ്വാസ പ്രമേയം - വിജ്ഞാപനം(1167/2023 | സ.ഉ.(അച്ചടി) നം.57/2023/ ത.സ്വ.ഭ.വ. | 31-10-2023 | അല്ല |
| 15 | 1181/2023 | extend the tenure of deputation of Smt. Lilly K, District and Sessions Judge as Tribunal for Local Self Government Institutions (1181/2023) | ജി.ഒ.(പി) നം.62/2023/ എൽ.എസ്.ജി.ഡി. | 07-11-2023 | അല്ല |
| 16 | 1195/2023 | change the Eluka of FL-1 shop number 08024 Mala from Mukundapuram Taluk to Chalakkudi Taluk of Thrissur Division (1195/2023) | ജി.ഒ.(പി) നം.150/2023/ ടാക്സസ് | 11-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 17 | 1197/2023 | Enhancing fine in case of violation of licence conditions by the holder of license under the Kerala Foreign Liquor (Compounding, Blending and Bottling) Rules, 1975 (1197/2023) | ജി.ഒ.(പി) നം.145/2023/ ടാക്സസ് | 04-11-2023 | അല്ല |
| 18 | 1198/2023 | Enhancing the fine in case of violation of licence conditions by the holder of license under the Brewery Rules, 1967 (1198/2023) | ജി.ഒ.(പി) നം.146/2023/ ടാക്സസ് | 04-11-2023 | അല്ല |
| 19 | 1199/2023 | Enhancing the fine in case of violation of licence conditions by the holder of license under the Kerala Distillery and Warehouse Rules, 1968 (1199/2023) | ജി.ഒ.(പി) നം.147/2023/ ടാക്സസ് | 04-11-2023 | അല്ല |
| 20 | 1325/2023 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റിനെതിരായ അവിശ്വാസ പ്രമേയം (1325/2023) | സ.ഉ.(അച്ചടി) നം.63/2023/ ത.സ്വ.ഭ.വ. | 02-12-2023 | അല്ല |
| 21 | - | Kerala Real Estate Regulatory Authority(General Regulations Amendment) | 1747/കെ .ആർ.ഇ.ആർ.എ/ 2022 | 30-11-2022 | അതെ |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 806/2023 | വകുപ്പ് ഏകീകരണം - ഉദ്യോഗസ്ഥരുടെ ചുമതല പുനഃക്രമീകരിക്കുന്നത് (806/2023) | സ.ഉ.(അച്ചടി) നം.38/2023/ത.സ്വ.ഭ.വ | 26-06-2023 |
| 2 | 833/2023 | amendment in the Tree Tax Rules (833/2023) | ജി.ഒ.(പി) നം.81/2023/ടാക്സസ് | 03-07-2023 |
| 3 | 856/2023 | amendment in the Kerala Abkari Shops Disposal Rules, 2002 (856/2023) | ജി.ഒ.(പി) നം.82/2023/ടാക്സസ് | 04-07-2023 |

## iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | വിശാല കൊച്ചി വികസന അതോറിറ്റി | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | വിശാല കൊച്ചി വികസന അതോറിറ്റി | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | വിശാല കൊച്ചി വികസന അതോറിറ്റി | 2022-2023 | വാർഷിക റിപ്പോർട്ട് | അതെ |

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 2021-2022 | വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടും | അതെ |

| | | | | |
|---|---|---|---|---|
| 5 | കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 6 | സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 7 | കേരള കാർഷിക സർവ്വകലാശാല | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 8 | കേരള കാർഷിക സർവ്വകലാശാല | 2022-2023 | വാർഷിക കണക്കുകൾ | അല്ല |

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.**

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 886/2023 | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി- ഓണക്കാലത്ത് ഉൽസവബത്ത നൽകുന്നത് – വിജ്ഞാപനം (886/2023) | ജി.ഒ.(പി)നമ്പർ 109/2023/നി.വ. | 18-08-2023 | അല്ല |
| 2 | 1027/2023 | grant exemption from payment of stamp duty for State Cashew Workers Apex Industrial Cooperative Society Limited (CAPEX). (1027/2023) | ജി.ഒ.(പി) നം.129/2023/ ടാക്സസ് | 25-09-2023 | അല്ല |
| 3 | 1028/2023 | grant exemption from payment of registration fees State Cashew Workers Apex Industrial Co-operative Society Ltd (CAPEX) (1028/2023) | ജി.ഒ.(പി) നം.130/2023/ ടാക്സസ് | 25-09-2023 | അല്ല |
| 4 | 1045/2023 | Ardram Registration Fee exemption- Ardram Pain and Palliative Care Society (1045/2023) | ജി.ഒ.(പി) നം.131/2023/ ടാക്സസ് | 29-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 5 | 1046/2023 | Ardram Stamp duty exemption-Ardram Pain and Palliative Care Society (1046/2023) | ജി.ഒ.(പി) നം.132/2023/ ടാക്സസ് | 29-09-2023 | അല്ല |
| 6 | 1051/2023 | Amrutha Sumesh -Stamp duty exemption (1051/2023) | ജി.ഒ.(പി) നം.135/2023/ ടാക്സസ് | 29-09-2023 | അല്ല |
| 7 | 1052/2023 | Amrutha Sumesh-Reg fee exemption (1052/2023) | ജി.ഒ.(പി) നം.136/2023/ ടാക്സസ് | 29-09-2023 | അല്ല |
| 8 | 1075/2023 | Stamp paper revalidation (1075/2023) | ജി.ഒ.(പി) നം.143/2023/ ടാക്സസ് | 09-10-2023 | അല്ല |
| 9 | 1104/2023 | കോട്ടാത്തല കളത്തട്ട് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന വിജ്ഞാപനം (1104/2023) | സ.ഉ.(അച്ചടി) നം.6/2023/ സാം.കാ.വ | 27-09-2023 | അല്ല |
| 10 | 1176/2023 | Stamp duty exemption- utilizing Chief Minister's Distress Relief Fund (1176/2023) | ജി.ഒ.(പി)നം. 148/2023/ടാക്സസ് | 08-11-2023 | അല്ല |
| 11 | 1177/2023 | Registration fee exemption-utilizing Chief Minister's Distress Relief Fund (1177/2023) | ജി.ഒ.(പി)നം. 149/2023/ടാക്സസ് | 08-11-2023 | അല്ല |
| 12 | 1196/2023 | 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും നിധിയിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നതിൽ വീഴ്ചവരുത്തി അംഗത്വം നഷ്ടപ്പെട്ട ആളുകളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചുകൊണ്ടുള്ള വിജ്ഞാപനം (1196/2023) | ജി.ഒ . (പി)നം.151/2023/ നി.വ. | 14-11-2023 | അല്ല |
| 13 | 1202/2023 | 2013- ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി-ഭേദഗതി (1202/2023) | ജി.ഒ.(പി)നമ്പർ 152/2023/നി.വ. | 15-11-2023 | അല്ല |
| 14 | 1219/2023 | IREL (India) Limited Chavara-public office (1219/2023) | ജി.ഒ.(പി) നം.153/2023/ ടാക്സസ് | 14-11-2023 | അല്ല |
| 15 | 1294/2023 | appoint two Junior Superintendents of Central Stamp Depot also as Proper Officers to speed up the re validation process. (1294/2023) | ജി.ഒ.(പി) നം.159/2023/ ടാക്സസ് | 01-12-2023 | അല്ല |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നവ:

## 14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 827/2023 | Reg fee exemption- Institute of Advanced Virology (Thiruvananthapuram) (827/2023) | ജി.ഒ.(പി) നം.98/2023/ടാക്സസ് | 31-07-2023 |
| 2 | 828/2023 | Stamp duty Exemption- Institute of Advanced Virology (828/2023) | ജി.ഒ.(പി) നം.99/2023/ടാക്സസ് | 31-07-2023 |
| 3 | 832/2023 | Thirurangadi Taluk Office Building -De-notification (832/2023) | സ.ഉ.(അച്ചടി) നം.4/2023/ സാം.കാ.വ. | 28-06-2023 |
| 4 | 849/2023 | Magic Academy Stamp duty Exemption (849/2023) | ജി.ഒ.(പി) നം.100/2023/ടാക്സസ് | 05-08-2023 |
| 5 | 850/2023 | Magic Academy -Reg fee exemption (850/2023) | ജി.ഒ.(പി) നം.101/2023/ടാക്സസ് | 05-08-2023 |
| 6 | 909/2023 | exemption from payment of Stamp Duty required for the registration of land to be purchased in the name of Smt. Ayisha Punnakkan utilizing Chief Minister's Distress Relief Fund(909/2023) | ജി.ഒ.(പി) നം.110/2023/ടാക്സസ് | 25-08-2023 |
| 7 | 911/2023 | exemption from payment of Registration Fee for the registration of of land purchased in the name of Smt. Ayisha Punnakkan utilizing Chief Minister's Distress Relief Fund (911/2023) | ജി.ഒ.(പി) നം.111/2023/ടാക്സസ് | 25-08-2023 |
| 8 | 935/2023 | Erratum-SRO No.849/2023 (935/2023) | ജി.ഒ.(പി) നം.119/2023/ടാക്സസ് | 04-09-2023 |
| 9 | 936/2023 | Erratum -SRO No.850/2023 (936/2023) | ജി.ഒ.(പി) നം.118/2023/ടാക്സസ് | 04-09-2023 |
| 10 | 938/2023 | exemption from payment of Registration fee for of land purchased in the name of Sri. Shijith Kumar utilizing Chief Minister's Distress Relief Fund (938/2023) | ജി.ഒ.(പി) നം.116/2023/ടാക്സസ് | 04-09-2023 |

| | | | | |
|---|---|---|---|---|
| 11 | 939/2023 | exemption from payment of Stamp Duty required for the registration of land to be purchased in the name of Sri. Shijith Kumar utilizing Chief Minister's Distress Relief Fund (939/2023) | ജി.ഒ.(പി) നം.117/2023/ടാക്സസ് | 04-09-2023 |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 908/2023 | enhance the fee for filing appeal under section 23 and revision under section 24 of the Kerala Motor Vehicles Taxation Act, 1976 (908/2023) | ജി.ഒ.(പി) നം.19/2023/ട്രാൻസ് | 25-08-2023 | അല്ല |
| 2 | 1080/2023 | Assigning KL 90 registration series to RTO NS-II (1080/2023) | ജി.ഒ.(പി) നം.23/2023/ട്രാൻസ് | 10-10-2023 | അല്ല |
| 3 | 1206/2023 | Registration of Bus owned by KSRTC using for VVIP movement (1206/2023) | ജി.ഒ.(പി) നം.25/2023/ട്രാൻസ് | 17-11-2023 | അല്ല |
| 4 | 1275/2023 | Permission for entry of private buses from Vypin Island to Ernakulam city limits (1275/2023) | ജി.ഒ.(പി) നം.27/2023/ട്രാൻസ് | 27-11-2023 | അല്ല |
| 5 | 1303/2023 | Modification of uniform of AMVI (1303/2023) | ജി.ഒ.(പി) നം.28/2023/ട്രാൻസ് | 03-12-2023 | അല്ല |

തുറമുഖം-സഹകരണ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 910/2023 | കേരള മാരിടൈം ബോർഡിനെ 2021 Inland Vessels Act-ന്റെ കീഴിൽ യന്ത്രവത്കൃത യാനങ്ങളുടെ Implement Agency ആയി നിശ്ചയിച്ചുള്ള വിജ്ഞാപനം (910/2023) | ജി.ഒ.(പി) നം.44/2023/ ഫിഷറീസ് & പോർട്ട് | 21-08-2023 | അല്ല |
| 2 | 927/2023 | extend the term of the administrator-Arayoor Service Co-operative Bank Limited No.692 in Thiruvananthapuram (927/2023) | ജി.ഒ.(പി) നം.190/2023/ കോ-ഓപ്പ് | 26-08-2023 | അല്ല |
| 3 | 964/2023 | കേരള മാരിടൈം ബോർഡ്-സർവ്വേയർമാരുടെ നിയമനം (964/2023) | ജി.ഒ.(പി) നം.46/2023/ ഫിഷറീസ്&പോർട്ട് | 12-09-2023 | അല്ല |
| 4 | 971/2023 | extend the term of the administrator appointed to manage the affairs of Arayoor Service Co-operative Bank Limited the (971/2023) | ജി.ഒ.(പി) നം.195/2023/ കോ-ഓപ്പ് | 12-09-2023 | അല്ല |
| 5 | 997/2023 | കാഞ്ഞങ്ങാട് അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സഹകരണ സംഘത്തിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സഹകരണ നിയമം ചട്ടം 43(2) -ൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം (997/2023) | ജി.ഒ.(പി) നം.197/2023/ കോ-ഓപ്പ് | 14-09-2023 | അല്ല |
| 6 | 999/2023 | റിട്ടയേർഡ് ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘത്തിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടത്തുന്നതിനായി സഹകരണ നിയമം ചട്ടം 43(2) -ൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം (999/2023) | ജി.ഒ.(പി) നം.194/2023/ കോ-ഓപ്പ് | 06-09-2023 | അല്ല |
| 7 | 1001/2023 | extend the period of enquiry in the Kalpetta Urban Co-operative Society for a further period from 31st August, 2022 to 31st March, 2023 (1001/2023) | ജി.ഒ.(പി)നം. 193/2023/കോ-ഓപ്പ് | 05-09-2023 | അല്ല |
| 8 | 1003/2023 | extend the period of the existing administrative committee (1003/2023) | ജി.ഒ.(പി)നം. 196/2023/കോ-ഓപ്പ് | 12-09-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 9 | 1032/2023 | ഒഴിഞ്ഞവളപ്പ് കോഴിവളർത്തൽ സഹകരണ സംഘം പുനരാരംഭിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 71(3)-ൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം (1032/2023) | ജി.ഒ.(പി) നം. 199/2023/കോ-ഓപ്പ് | 25-09-2023 | അല്ല |
| 10 | 1034/2023 | Southern Railway Employees Consumer Co-operative Society Limited No.P.411(1034/2023) | ജി.ഒ.(പി) നം.200/2023/ കോ-ഓപ്പ് | 25-09-2023 | അല്ല |
| 11 | 1035/2023 | appointment of Presiding Officer of the Co-operative Arbitration Court (Southern) (1035/2023)(1035/2023) | ജി.ഒ.(പി) നം.201/2023/ കോ-ഓപ്പ് | 26-09-2023 | അല്ല |
| 12 | 1041/2023 | കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം സംബന്ധിച്ച് കേരള മാരിടൈം ബോർഡ് ചട്ടങ്ങളിൽ ഭേദഗതി (1041/2023) | സ.ഉ. (അച്ചടി) നം.47/2023/ മതുവ | 29-09-2023 | അല്ല |
| 13 | 1068/2023 | Appointment of Supporting Staff in Core Banking Helpdesk in KSCB (1068/2023) | ജി.ഒ.(പി) നം. 202/2023/ കോ-ഓപ്പ് | 04-10-2023 | അല്ല |
| 14 | 1069/2023 | exempt the Munambam Fisherman Development Welfare Co-operative Society (Limited) No. F(E)89/96 in Ernakulam District from the provisions of sub- rule (1) of rule 183 of the Kerala Co-operative Societies Rules, 1969 (1069/2023) | ജി.ഒ.(പി) നം.198/2023/ കോ-ഓപ്പ് | 26-09-2023 | അല്ല |
| 15 | 1070/2023 | General Body meeting - exemption (1070/2023) | ജി.ഒ.(പി) നം.205/2023/ കോ-ഓപ്പ് | 05-10-2023 | അല്ല |
| 16 | 1076/2023 | Extend the term of administrator of the Ponnani Range Toddy Workers Co-operative Society Limited No. M.619 in Malappuram District (1076/2023) | ജി.ഒ.(പി) നം.203/2023/ കോ-ഓപ്പ് | 04-10-2023 | അല്ല |
| 17 | 1077/2023 | Extend the term of the administrator appointed Meenachil Taluk Pravasi Haritha Sahakarana Sangam Limited No.K.1180 in Kottayam (1077/2023) | ജി.ഒ.(പി) നം.204/2023/ കോ-ഓപ്പ് | 04-10-2023 | അല്ല |
| 18 | 1098/2023 | extend the period of exemption granted to all societies from the provisions of sub-section (4) of Section 69 of the Kerala Co-operative Societies Act, 1969 (1098/2023) | ജി.ഒ.(പി) നം.209/2023/ കോ-ഓപ്പ് | 17-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 19 | 1099/2023 | Exempt Thrikkakara Service Co-operative Bank Limited from the provisions of clause (iv) of sub-rule (2) and sub-rule (1) of rule 185 of the Kerala Co-operative Societies Rules, 1969 (1099/2023) | ജി.ഒ.(പി) നം.207/2023/ കോ-ഓപ്പ് | 16-10-2023 | അല്ല |
| 20 | 1105/2023 | Kanjirappally Housing Co-operative Society (1105/2023) | ജി.ഒ.(പി) നം.206/2023/ കോ-ഓപ്പ് | 10-10-2023 | അല്ല |
| 21 | 1107/2023 | Pattanur Service Co-operative bank Limied (1107/2023) | ജി.ഒ.(പി) നം.210/2023/ കോ-ഓപ്പ് | 19-10-2023 | അല്ല |
| 22 | 1110/2023 | exemption in rule 183 of KCS rules - Kannamali- Cheriyakadavu FDWCS(L) (1110/2023) | ജി.ഒ.(പി) നം.211/2023/ കോ-ഓപ്പ് | 20-10-2023 | അല്ല |
| 23 | 1111/2023 | exemption - rule 183 -KCS rules- FDWCS(L) (1111/2023) | ജി.ഒ.(പി) നം.208/2023/ കോ-ഓപ്പ് | 17-10-2023 | അല്ല |
| 24 | 1115/2023 | exemption in rule 183(1) of the Kerala Co-operative Societies Rules, 1969 (1115/2023) | ജി.ഒ.(പി) നം.214/2023/ കോ-ഓപ്പ് | 20-10-2023 | അല്ല |
| 25 | 1116/2023 | rule 183 of KCS Rules Cherai-Munambam FDWCS(L) (1116/2023) | ജി.ഒ.(പി) നം.215/2023/ കോ-ഓപ്പ് | 20-10-2023 | അല്ല |
| 26 | 1117/2023 | exemption in Rule 183 - KCS rule-Vadi FDWCS(l) (1117/2023) | ജി.ഒ.(പി) നം.213/2023/ കോ-ഓപ്പ് | 20-10-2023 | അല്ല |
| 27 | 1118/2023 | Extend the term of the administrative committee of Thampalakkad Pattikajathi Service Sahakarana Sangham (1118/2023) | ജി.ഒ.(പി) നം.212/2023/ കോ-ഓപ്പ് | 20-10-2023 | അല്ല |
| 28 | 1126/2023 | Exempt Cannanore District Electricity Board Employees Co-operative Society Limited from the provisions of clause (iv) of sub rule (2) and sub-rule (1) of rule 185 of the Kerala Co-operative Societies Rules, 1969 (1126/2023) | ജി.ഒ.(പി) നം.221/2023/ കോ-ഓപ്പ് | 28-10-2023 | അല്ല |
| 29 | 1127/2023 | extend the term of the administrative committee appointed to manage the affairs of the Parathode Service Co-operative Bank(1127/2023) | ജി.ഒ.(പി) നം.219/2023/ കോ-ഓപ്പ് | 24-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 30 | 1128/2023 | Exempt Thrickodithanam Service Co-operative Bank Limited from the provisions of item (ii) of clause (b) of sub-rule (8) of rule 185 of the Kerala Co-operative Societies Rules, 1969. (1128/2023) | ജി.ഒ.(പി) നം.218/2023/ കോ-ഓപ്പ് | 24-10-2023 | അല്ല |
| 31 | 1129/2023 | Exempt Kozhikode Head load & General Workers Co-operative Society from the provisions of the sub-rule (1) of rule 183 of the Kerala Co-operative Societies Rules, 1969 (1129/2023) | ജി.ഒ. (പി)നം.217/2023/ കോ-ഓപ്പ് | 21-10-2023 | അല്ല |
| 32 | 1130/2023 | extend the term of the administrative committee of the Thiruvananthapuram Merchants Labours Co--operative Society Limited (1130/2023) | ജി.ഒ.(പി)നം.220/2023/ കോ-ഓപ്പ് | 25-10-2023 | അല്ല |
| 33 | 1134/2023 | Kannavam service Co-operative Bank Limited from the above provisions of the sub-rule(1) of rule 183 of the Kerala Co-operative Societies Rules, 1969 (1134/2023) | ജി.ഒ. (പി)നം.222/2023/ കോ-ഓപ്പ് | 30-10-2023 | അല്ല |
| 34 | 1135/2023 | extend the term of the administrator appointed to manage the affairs of the Punjab National Bank Employees Co-operative Society Limited (1135/2023) | ജി.ഒ. (പി)നം.224/2023/ കോ-ഓപ്പ് | 30-10-2023 | അല്ല |
| 35 | 1136/2023 | Exempt Perumpalam Service Co-operative Bank Limited from the provisions of clause (iv) of sub -rule (2) and sub -rule (1)of rule 185 of the Kerala Co-operative Societies Rules, 1969 (1136/2023) | ജി.ഒ.(പി) നം.223/2023/ കോ-ഓപ്പ് | 30-10-2023 | അല്ല |
| 36 | 1148/2023 | extend the term of the administrative committee appointed to manage the affairs of Kottarakkara Krishithottam Co-operative Store Limited (1148/2023) | ജി.ഒ.(പി) നം.226/2023/ കോ-ഓപ്പ് | 01-11-2023 | അല്ല |
| 37 | 1149/2023 | extend the term of the administrative committee of Athalloor Labour Contract Co-operative Society Limited (1149/2023) | ജി.ഒ.(പി) നം.225/2023/ കോ-ഓപ്പ് | 01-11-2023 | അല്ല |
| 38 | 1170/2023 | Exempt Ramanthali Service Co-operative Bank Limited from the provisions of item (ii) of clause (b) of sub rule (8) of rule 185 of the Kerala Co-operative Societies Rules, 1969 (1170/2023) | ജി.ഒ.(പി) നം.227/2023/ കോ-ഓപ്പ് | 08-11-2023 | അല്ല |
| 39 | 1171/2023 | extend the period of enquiry on various irregularities found in the to the Thiruvalla East Co-operative Bank Limited (1171/2023) | ജി.ഒ.(പി) നം.228/2023/ കോ-ഓപ്പ് | 08-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 40 | 1178/2023 | extend the term of the administrator appointed to manage the affairs Cherukavu Cooperative Hospital Society Limited, Malappuram (1178/2023) | ജി.ഒ.(പി) നം.229/2023/ കോ-ഓപ്പ് | 09-11-2023 | അല്ല |
| 41 | 1257/2023 | extend the term of the administrative committee appointed to manage the affairs of Karuvannur service Co-operative Bank for a further period of six months from 21st July 2023 to 20th Jan 2024 (1257/2023) | ജി.ഒ.(പി) നം.231/2023/ കോ-ഓപ്പ് | 22-11-2023 | അല്ല |
| 42 | 1265/2023 | exempt the Chittur PCARD Bank from the provisions of section 56A of the Kerala Co-operative Societies Act, 1969 (21 of 1969) (1265/2023) | ജി.ഒ.(പി) നം.232/2023/ കോ-ഓപ്പ് | 23-11-2023 | അല്ല |
| 43 | 1266/2023 | extend the term of the administrator appointed to manage the affairs of the Hospital Employees Consumer Co-operative Society Limited (1266/2023) | ജി.ഒ.(പി) നം.233/2023/ കോ-ഓപ്പ് | 23-11-2023 | അല്ല |
| 44 | 1267/2023 | extend the term of administrative committee appointed to manage the affairs of Thozhuvankode Vattiyoorkavu Residence Welfare Cooperative Society Limited (1267/2023) | ജി.ഒ.(പി) നം. 234/2023/ കോ-ഓപ്പ് | 23-11-2023 | അല്ല |
| 45 | 1268/2023 | extend the term of the administrative committee for Rajiv Gandhi Co-operative Hospital Limited (1268/2023) | ജി.ഒ.(പി) നം.235/2023/ കോ-ഓപ്പ് | 23-11-2023 | അല്ല |
| 46 | 1269/2023 | exempt the Malayinkil J.P. Smaraka Social Welfare Cooperative Society Limited No.T.2025 in Thiruvananthapuram District from the provisions of sub-rule (1) of rule 183 of the Kerala Co-operative Societies Rules, 1969(1269/2023) | ജി.ഒ.(പി) നം.237/2023/ കോ-ഓപ്പ് | 24-11-2023 | അല്ല |
| 47 | 1273/2023 | exempt the Pangode Service Co-operative Bank Limited Bank from the provisions of the sub-rule (1) of rule 183 of the Kerala Co-operative Societies Rules, 1969 (1273/2023) | ജി.ഒ.(പി) നം.238/2023/ കോ-ഓപ്പ് | 24-11-2023 | അല്ല |
| 48 | 1274/2023 | extend the term of the administrator appointed to manage the affairs of the Vijaya Mohini Mills Employees Co-operative Credit Society for a further period of one year(1274/2023) | ജി.ഒ.(പി) നം.236/2023/ കോ-ഓപ്പ് | 24-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 49 | 1304/2023 | exempt the Malayattoor Neeleeswaram Service Co-operative Bank from the provisions of sub-rule (1) of rule 183 of f the Kerala Cooperative Societies Rules, 1969 (1304/2023) | ജി.ഒ.(പി) നം.240/2023/ കോ-ഓപ്പ് | 04-12-2023 | അല്ല |
| 50 | 1305/2023 | extend the term of the administrative committee appointed to manage the affairs of the Employees Credit Co-operative Society (1305/2023) | ജി.ഒ.(പി) നം.242/2023/ കോ-ഓപ്പ് | 04-12-2023 | അല്ല |
| 51 | 1306/2023 | exempt the Karuppathal service Co-operative bank from the provisions of clause (iv) of sub-rule (2) and sub-rule (1) of rule 185 of the Kerala Cooperative Societies Rules, 1969 (1306/2023) | ജി.ഒ.(പി) നം.241/2023/ കോ-ഓപ്പ് | 04-12-2023 | അല്ല |
| 52 | 1314/2023 | exempt the Iringannur Service Co-operative Bank from the provisions of clause (b) of rule 188A of the Kerala Co-operative Societies Rules, 1969. (1314/2023) | ജി.ഒ.(പി) നം.243/2023/ കോ-ഓപ്പ് | 04-12-2023 | അല്ല |
| 53 | 1316/2023 | extend the term of the administrator appointed to manage the affairs of Alleppy Housing Co-operative Society (1316/2023) | ജി.ഒ.(പി) നം.239/2023/ കോ-ഓപ്പ് | 30-11-2023 | അല്ല |
| 54 | 1345/2023 | extend the term of the administrator of the Kunnathur Taluk Residence Welfare Co-operative Society (1345/2023) | ജി.ഒ.(പി) നം.244/2023/ കോ-ഓപ്പ് | 07-12-2023 | അല്ല |
| 55 | 1346/2023 | extend the term of the administrative committee of the Alappuzha District Cable Media Operators Cooperative Society (1346/2023) | ജി.ഒ.(പി) നം.245/2023/ കോ-ഓപ്പ് | 07-12-2023 | അല്ല |
| 56 | 1347/2023 | extend the term of the administrative committee appointed to manage the affairs of the Clappana Panchayath Labour Contract Cooperative Society (1347/2023) | ജി.ഒ.(പി) നം. 246/2023/ കോ-ഓപ്പ് | 07-12-2023 | അല്ല |
| 57 | 1348/2023 | extend the term of the administrator appointed to manage the affairs of the Tirur Taluk Auto and Taxi Drivers Cooperative Society Limited (1348/2023) | ജി.ഒ.(പി) നം.248/2023/ കോ-ഓപ്പ് | 13-12-2023 | അല്ല |
| 58 | 1349/2023 | extend the term of the administrator appointed to manage the affairs of Neelamperoor Labour Contract Cooperative Society (1349/2023) | ജി.ഒ.(പി) നം.249/2023/ കോ-ഓപ്പ് | 13-12-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 59 | 1375/2023 | ഇരിട്ടി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ സൊസൈറ്റിയ്ക്ക് കേരള സഹകരണ സംഘം നിയമം ചട്ടം 183(1)-ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം(1375/2023) | ജി.ഒ.(പി) നം.251/2023/ കോ-ഓപ്പ് | 20-12-2023 | അല്ല |
| 60 | 1377/2023 | exempt the Sooranad Farmers Service Co-operative Bank from the provisions of clause (iv) of sub-rule (2) and sub-rule (1) of rule 185 of Kerala Cooperative Societies Rules, 1969 (1377/2023) | ജി.ഒ.(പി) നം.250/2023/ കോ-ഓപ്പ് | 20-12-2023 | അല്ല |
| 61 | 1379/2023 | extend the term of the administrative Committee of the S.N.Public School Co-operative Society Limited | ജി.ഒ.(പി) നം.247/2023/ കോ-ഓപ്പ് | 08-12-2023 | അല്ല |
| 62 | 1388/2023 | Appointment of Presiding Officer of the Co-operative Arbitration Court (Northern) (1388/2023) | ജി.ഒ.(പി) നം.254/2023/ കോ-ഓപ്പ് | 26-12-2023 | അല്ല |
| 63 | 1391/2023 | വയ്യത്തൂർ വനിതാ സഹകരണ സംഘം- സെക്രട്ടറി തസ്തികയിൽ നടത്തിയ നിയമനത്തിന് അംഗീകാരം നൽകിയുള്ള വിജ്ഞാപനം (1391/2023) | ജി.ഒ.(പി) നം.252/2023/ കോ-ഓപ്പ് | 23-12-2023 | അല്ല |
| 64 | 1393/2023 | Life Insurance Agents Co-operative Society Limited No.R 1021 | ജി.ഒ.(പി) നം.253/2023/ കോ-ഓപ്പ് | 26-12-2023 | അല്ല |
| 65 | 1402/2023 | മാറനല്ലൂർ സാമൂഹ്യ ക്ഷേമ സഹകരണ സംഘത്തിന് കേരള സഹകരണ സംഘം ചട്ടം 185(1), കേരള സഹകരണ നിയമം ചട്ടം 183(1) എന്നിവയിൽ ഇളവ് അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി) നം.255/2023/ കോ-ഓപ്പ് | 28-12-2023 | അല്ല |
| 66 | 11/2024 | Thrikkulam Government U.P.School Co-operative Society Limited | ജി.ഒ.(പി) നം.1/2024/ കോ-ഓപ്പ് | 03-01-2024 | അല്ല |
| 67 | 14/2024 | Exempt the Aruvikkara Farmer's Service Co-operative Bank from the provisions of clause (iv) of sub -rule (2) and sub -rule (1)of rule 185 of the Kerala Cooperative Societies Rules, 1969 | ജി.ഒ.(പി) നം.2/2024/ കോ-ഓപ്പ് | 05-01-2024 | അല്ല |
| 68 | 15/2024 | West land Manual Dredges Sand Processing and Marketing Co-operative Society Limited No-890 | ജി.ഒ.(പി) നം.3/2024/ കോ-ഓപ്പ് | 05-01-2024 | അല്ല |

| | | | | | |
|---|---|---|---|---|---|
| 69 | 24/2024 | Vandoor Block Agricultural Marketing and Processing Co-operative Society Limited | ജി.ഒ.(പി) നം.5/2024/ കോ-ഓപ്പ് | 06-01-2024 | അല്ല |
| 70 | 29/2024 | exemption - rule 183 - Kerala Co-operative Societies Rules, 1969 | ജി.ഒ.(പി) നം.4/2024/ കോ-ഓപ്പ് | 06-01-2024 | അല്ല |
| 71 | 41/2024 | Puthenchira Vanitha Multi Purpose Co-operative Society | ജി.ഒ.(പി) നം.6/2024/ കോ-ഓപ്പ് | 10-01-2024 | അല്ല |
| 72 | 46/2024 | Extend the term of the administrator appointed to manage the affairs of the Nedumkunnam Service Co-operative Bank | ജി.ഒ.(പി) നം.8/2024/ കോ-ഓപ്പ് | 19-01-2024 | അല്ല |
| 73 | 52/2024 | കോട്ടയം ഹൗസിംഗ് സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി) നം.7/2024/ കോ-ഓപ്പ് | 18-01-2024 | അല്ല |
| 74 | 58/2024 | Exempt the Vamanapuram Service Co-operative Bank from the provisions of clause (g) of sub-rule (8) of rule 185 of the Kerala Cooperative Societies Rules, 1969 | ജി.ഒ.(പി) നം.11/2024/ കോ-ഓപ്പ് | 23-01-2024 | അല്ല |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 811/2023 | appointment of marketing specialist in KSCB (811/2023) | ജി.ഒ.(പി)നം. 170/2023/കോ-ഓപ്പ് | 25-07-2023 |
| 2 | 843/2023 | Exempt Koppam Service Co-operative Bank Limited from the provisions of item (ii) of clause (b) of sub rule (8) of rule 185 of Kerala Co-operative Societies Rules 1969 (843/2023) | ജി.ഒ.(പി) നം.176/2023/ കോ-ഓപ്പ് | 03-08-2023 |
| 3 | 846/2023 | Extend the term of the administrative committee appointed to manage the affairs of Travancore Rayons Employees Co-operative Society Limited (846/2023) | ജി.ഒ.(പി) നം.179/2023/ കോ-ഓപ്പ് | 04-08-2023 |

| | | | | |
|---|---|---|---|---|
| 4 | 852/2023 | extend the term of the administrator of Meenachil Rubber Marketing and Processing Co-operative Society Limited (852/2023) | ജി.ഒ.(പി) നം.180/2023/ കോ-ഓപ്പ് | 05-08-2023 |
| 5 | 855/2023 | Exempt the provisions of item (ii) of clause (b) of sub-rule (8) of rule 185 of the Kerala Co-operative Societies Rules, 1969, (855/2023) | ജി.ഒ.(പി)നം.177/2023/ കോ-ഓപ്പ് | 03-08-2023 |
| 6 | 858/2023 | extend the term of the administrator appointed to manage the affairs of the Mundar Service Co-operative Bank limited (858/2023) | ജി.ഒ.(പി)നം.181/2023 /കോ-ഓപ്പ് | 09-08-2023 |
| 7 | 885/2023 | Thrikkunnappuzha Panchayath Pattikajathi Service Sahakarana Sangham (885/2023) | ജി.ഒ.(പി)നം.183/2023/ കോ-ഓപ്പ് | 10-08-2023 |
| 8 | 896/2023 | Extend the term of the administrator in Mongam Vanitha Co-operative Society (896/2023) | ജി.ഒ.(പി)നം.178/2023/ കോ-ഓപ്പ് | 03-08-2023 |
| 9 | 903/2023 | exempt the Thiruvananthapuram Taluk Press Thozhilali Welfare Co-operative Society Limited No.T.1651 in Thiruvananthapuram District from the provisions of sub-rule (1) of rule 183 of the Kerala Cooperative Societies Rules, 1969 (903/2023) | ജി.ഒ.(പി)നം.185/2023/ കോ-ഓപ്പ് | 22-08-2023 |
| 10 | 925/2023 | extend the term of the administrator appointed to manage the affairs of the Poonjar Service Co-operative Bank Limited (925/2023) | ജി.ഒ.(പി)നം.191/2023/ കോ-ഓപ്പ് | 26-08-2023 |
| 11 | 926/2023 | Extend the term of the administrative committee appointed to manage the affairs of the Ayirooppara Farmers Service Co-operative Bank Limited (926/2023) | ജി.ഒ.(പി)നം.189/2023/ കോ-ഓപ്പ് | 26-08-2023 |
| 12 | 928/2023 | Chavassery Service Co-operative Bank Limited (928/2023) | ജി.ഒ.(പി).നം.192/2023/ കോ-ഓപ്പ് | 26-08-2023 |
| 13 | 929/2023 | Calicut Town Service Co-operative Bank Limited (929/2023) | ജി.ഒ.(പി)നം.187/2023/ കോ-ഓപ്പ് | 24-08-2023 |
| 14 | 930/2023 | exempt the Vennala Service Co-operative Bank Limited No. E774 in Ernakulam District from the provisions of sub-rule (1) of rule 183 of the Kerala Co-operative Societies Rules, 1969 (930/2023) | ജി.ഒ.(പി)നം.188/2023/ കോ-ഓപ്പ് | 24-08-2023 |
| 15 | 931/2023 | Amendment to SRO 511/2022 (931/2023) | ജി.ഒ.(പി)നം.186/2023/ കോ-ഓപ്പ് | 24-08-2023 |

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ.സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1085/2023 | Nominating Member to SFMC (1085/2023) | ജി.ഒ.(പി) നം.48/2023/ എഫ്&പി. | 11-10-2023 | അല്ല |
| 2 | 1138/2023 | Appointment of New Members to Kerala State Youth Commission (1138/2023) | സ.ഉ.(അച്ചടി) നം.1/2023/കാ.യു.വ. | 29-10-2023 | അല്ല |

ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 912/2023 | Prohibits catching of fifty eight (58) species of juvenile fishes having less than the size noted against their names in the area specified in the Schedule (912/2023) | ജി.ഒ.(പി) നം.45/2023/എഫ്&പി.ഡി. | 25-08-2023 |

iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള ഫോക് ലോർ അക്കാദമി | 2011-2012 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഫോക് ലോർ അക്കാദമി | 2012-2013 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ഫോക് ലോർ അക്കാദമി | 2013-2014 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള ഫോക് ലോർ അക്കാദമി | 2014-2015 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | ഭാരത് ഭവൻ | 2015-2016 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | കേരള ഫോക് ലോർ അക്കാദമി | 2015-2016 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള ഫോക് ലോർ അക്കാദമി | 2016-2017 | വാർഷിക റിപ്പോർട്ട് | അതെ |
| 8 | ഭാരത് ഭവൻ | 2016-2017 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 9 | ഭാരത് ഭവൻ | 2017-2018 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 10 | കേരള ജലകൃഷി വികസന ഏജൻസി(അഡാക്ക്) | 2017-2018 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 11 | കേരള ഫോക് ലോർ അക്കാഡമി | 2017-2018 | വാർഷിക റിപ്പോർട്ട് | അതെ |
| 12 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2017-2018 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 13 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2018-2019 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 14 | വാസ്തുവിദ്യാ ഗുരുകലം | 2018-2019 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 15 | കേരള ഫോക് ലോർ അക്കാഡമി | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 16 | ഭാരത് ഭവൻ | 2018-2019 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 17 | കേരള ഫോക് ലോർ അക്കാദമി | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 18 | വാസ്തുവിദ്യാ ഗുരുകലം | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 19 | ഭാരത് ഭവൻ | 2019-2020 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 20 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | 2019-2020 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 21 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2019-2020 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 22 | കേരള സംസ്ഥാന യുവജന കമ്മീഷൻ | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 23 | വാസ്തുവിദ്യാ ഗുരുകലം | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 24 | കേരള ഫോക് ലോർ അക്കാദമി | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 25 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 26 | ഭാരത് ഭവൻ | 2020-2021 | പ്രവർത്തന റിപ്പോർട്ടും കണക്കുകളും | അതെ |
| 27 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 28 | വാസ്തുവിദ്യാ ഗുരുകലം | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 29 | കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 30 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 31 | ഉണ്ണായി വാര്യർ സ്മാരക കലാനിലയം | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |

| | | | | |
|---|---|---|---|---|
| 32 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 33 | കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 34 | കേരള സംഗീത നാടക അക്കാദമി | 2022-2023 | വാർഷിക/ആഡിറ്റ് റിപ്പോർട്ട് | അല്ല |
| 35 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 978/2023 | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുനസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം (978/2023) | ജി.ഒ.(പി) നം.19/2023/ എച്ച്.ഇഡിഎൻ | 13-09-2023 | അല്ല |

ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 107/2023 | 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറികളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ചട്ടങ്ങൾ (107/2023) | സ.ഉ(പി) നം.1/2023/എച്ച്.ഇ.ഡി.എൻ | 13-01-2023 |

iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കാലിക്കറ്റ് സർവ്വകലാശാല | 2019-2020 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കണ്ണൂർ സർവ്വകലാശാല | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സർവ്വകലാശാല | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) | 2021-2022 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കണ്ണൂർ സർവ്വകലാശാല | 2022 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്) | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 7 | കണ്ണൂർ സർവ്വകലാശാല | 2022-2023 | വാർഷിക കണക്കുകൾ | അല്ല |

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 963/2023 | കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് പുനഃസംഘടന-വിജ്ഞാപനം (963/2023) | ജി.ഒ.(പി) നം.74/2023/ എൽ.ബി.ആർ. | 07-09-2023 | അല്ല |
| 2 | 987/2023 | Nominating Govt representative in the Kerala Handloom Workers Welfare Fund Board (987/2023) | സ.ഉ. (അച്ചടി) നം.75/2023/ തൊഴിൽ | 16-09-2023 | അല്ല |
| 3 | 1004/2023 | ആനകളുടെ പരിപാലനവും സംരക്ഷണത്തിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം (1004/2023) | ജി.ഒ.(പി) നം.76/2023/ എൽ.ബി.ആർ | 20-09-2023 | അല്ല |
| 4 | 1059/2023 | Amendment of the Kerala Boiler Rules, 1967 (1059/2023) | ജിഒ.(പി) നം.77/2023/ എൽ.ബി.ആർ.ഡി. | 22-09-2023 | അല്ല |
| 5 | 1066/2023 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലുടമ പ്രതിനിധിയെ നാമനിർദ്ദേശം ചെയ്യുന്നത് (1066/2023) | സ.ഉ. (അച്ചടി) നം.79/2023/ തൊഴിൽ | 30-09-2023 | അല്ല |
| 6 | 1078/2023 | Erratum to SRO No. 713/2023(G.O.(P) No.51/2023/LBR. dated 22.06.2023) | ജി.ഒ.(പി) നം.84/2023/ എൽ.ബി.ആർ. | 10-10-2023 | അല്ല |
| 7 | 1084/2023 | Cashew workers welfare fund board Nominating New Member (1084/2023) | ജി.ഒ.(പി) നം.80/2023/ എൽ.ബി.ആർ. | 01-10-2023 | അല്ല |
| 8 | 1087/2023 | Cancellation the exemption granted under para 27A of the Employees' Provident Funds Scheme, 1952 to M/s Fertilisers and Chemicals Travancore Limited, Cochin Division (1087/2023) | ജി.ഒ.(പി) നം.85/2023/ എൽ.ബി.ആർ. | 11-10-2023 | അല്ല |
| 9 | 1090/2023 | Committee to hold enquiries and advise the Government in respect of revision of minimum rates of wages payable to the employees employed in the Private Hospital sector (1090/2023) | ജി.ഒ.(പി) നം.86/2023/ എൽ.ബി.ആർ. | 11-10-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 10 | 1097/2023 | Notification to amend the Special Rules for the Kerala Insurance Medical Subordinate Services, 1993 (1097/2023) | ജി.ഒ.(പി) നം.81/2023/ എൽ.ബി.ആർ. | 07-10-2023 | അല്ല |
| 11 | 1100/2023 | amended the Special Rules for the Kerala Insurance Medical Subordinate Services, 1993 (1100/2023) | ജി.ഒ.(പി) നം.82/2023/ എൽ.ബി.ആർ. | 07-10-2023 | അല്ല |
| 12 | 1185/2023 | Kerala Headload Workers Act 1978 (1185/2023) | ജി.ഒ.(പി) നം.90/2023/ എൽ.ബി.ആർ. | 08-11-2023 | അല്ല |
| 13 | 1280/2023 | Revision of minimum wages in the Hostel Sector (1280/2023) | ജി.ഒ.(പി) നം.99/2023/ എൽ.ബി.ആർ | 27-11-2023 | അല്ല |
| 14 | 1281/2023 | Extending the term of the three sub-committees for a further period of six months with effect from 17th October, 2023. (1281/2023) | ജി..ഒ.(പി) നം.100/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 15 | 1283/2023 | Amendment to the notification issued under G.O.(P) No.40/2023/LBR. dated 12th April, 2023 | ജി.ഒ.(പി) നം.98/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 16 | 1308/2023 | ESI Exemption - Karuna Bhavan Centre, Sreemoolanagaram | ജി.ഒ.(പി) നം.97/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 17 | 1309/2023 | ESI Exemption - Karuna Bhavan Centre, Sreemoolanagaram | ജി.ഒ.(പി) നം.97/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 18 | 1310/2023 | ESI Exemption - Karuna Bhavan Centre, Sreemoolanagaram | ജി.ഒ.(പി) നം.97/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 19 | 1326/2023 | ESI Exemption - Kerala Minerals and Metals Ltd., Kollam | ജി.ഒ.(പി) നം.95/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 20 | 1329/2023 | കയർ വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം(1329/2023) | ജി.ഒ.(പി) നം.103/2023/ എൽ.ബി.ആർ. | 11-12-2023 | അല്ല |
| 21 | 1355/2023 | ESI Exemption - Kasaragod Co-operative Marketing and Processing Society Ltd. | ജി.ഒ.(പി) നം.93/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |

| | | | | | |
|---|---|---|---|---|---|
| 22 | 1356/2023 | ESI Exemption - Kasaragod Co-operative Marketing and Processing Society Ltd. | ജി.ഒ.(പി) നം.93/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 23 | 1357/2023 | ESI Exemption - Kasaragod Co-operative Marketing and Processing Society Ltd. | ജി.ഒ.(പി) നം.93/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 24 | 1358/2023 | ESI Exemption - M/s B.Narayan Pai and Co., Kasaragod | ജി.ഒ.(പി) നം.92/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 25 | 1359/2023 | കേരള ഷോപ്പ്സ്& കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (അമന്റ്മെന്റ് ) ആക്റ്റ് 2021- ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം (1359/2023) | ജി.ഒ.(പി) നം.104/2023/ എൽ.ബി.ആർ | 13-12-2023 | അല്ല |
| 26 | 1360/2023 | ESI Exemption - EMS Memorial Co-Operative Hospital, Perinthalmanna. | ജി.ഒ.(പി) നം.94/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 27 | 1361/2023 | ESI Exemption - EMS Memorial Co-Operative Hospital, Perinthalmanna. | ജി.ഒ.(പി) നം.94/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 28 | 1362/2023 | ESI Exemption - EMS Memorial Co-Operative Hospital, Perinthalmanna. | ജി.ഒ.(പി) നം.94/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 29 | 1363/2023 | ESI Exemption - Trans Asian shipping Services Pvt. Ltd., Kochi | ജി.ഒ.(പി) നം.96/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 30 | 1364/2023 | ESI Exemption - Trans Asian shipping Services Pvt. Ltd., Kochi | ജി.ഒ.(പി) നം.96/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 31 | 1365/2023 | ESI Exemption - Trans Asian shipping Services Pvt. Ltd., Kochi | ജി.ഒ.(പി) നം.96/2023/ എൽ.ബി.ആർ. | 27-11-2023 | അല്ല |
| 32 | 56/2024 | Amendment of Kerala Unorganised Workers' Social Security Act, 2008 | സ.ഉ(അച്ചടി) നം.5/2024/തൊഴിൽ | 22-01-2024 | അല്ല |

**ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:**

**14-09-2023-ന് മേശപ്പുറത്ത് വച്ചത്**

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 766/2023 | The Kerala Headload Workers (Regulation of Employment and Welfare) Amendment Scheme, 2023. (766/2023) | ജി.ഒ.(പി) നം.55/2023/എൽ.ബി.ആർ. | 08-07-2023 |
| 2 | 825/2023 | Kerala Headload Workers Rules, 1981 Amendment (825/2023) | ജി.ഒ.(പി) നം.57/2023/എൽ.ബി.ആർ. | 26-07-2023 |
| 3 | 829/2023 | state advisory contract labour board reconstitution (829/2023) | ജി.ഒ.(പി) നം.58/2023/എൽ.ബി.ആർ | 30-07-2023 |
| 4 | 838/2023 | Changing Govt representative of Board Directors in KMTWWB (838/2023) | ജി.ഒ.(പി) നം. 59/2023/എൽ.ബി.ആർ. | 02-08-2023 |
| 5 | 869/2023 | Kerala Headload Workers Welfare Board reconstitution (869/2023) | ജി.ഒ.(പി) നം.66/2023/എൽ.ബി.ആർ. | 10-08-2023 |
| 6 | 884/2023 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിൽ വകുപ്പിന്റെ സർക്കാർ പ്രതിനിധിയെ മാറ്റിനിയമിക്കുന്നത് (884/2023) | സ.ഉ.(അച്ചടി) നം.67/2023/തൊഴിൽ | 13-08-2023 |
| 7 | 945/2023 | Revision of minimum wages in Electronic Equipments, Home appliance and operation of Software System Industry sector (945/2023) | ജി.ഒ.(പി) നം.73/2023/എൽ.ബി.ആർ. | 06-09-2023 |
| 8 | 947/2023 | KESRU (Kerala Self Employment Scheme for the Registered Unemployed) Scheme - Aadhaar as an identity document for delivery of services or benefits (947/2023) | ജി.ഒ.(പി) നം.61/2023/എൽ.ബി.ആർ. | 10-08-2023 |
| 9 | 948/2023 | Unemployment assistance scheme to the Unemployed persons between the age group of 18 to 35 years - Aadhaar as an identity document for delivery of services or benefits - Reg (948/2023) | ജി.ഒ.(പി) നം.62/2023/എൽ.ബി.ആർ. | 10-08-2023 |
| 10 | 949/2023 | Saranya Self Employment Scheme to Destitute Woman - Aadhaar as an identity document for delivery of services or benefits - Reg (949/2023) | ജി.ഒ.(പി) നം.63/2023/എൽ.ബി.ആർ. | 10-08-2023 |

| | | | | |
|---|---|---|---|---|
| 11 | 950/2023 | MULTI PURPOSE SERVICE CENTERS/JOB CLUB (MPSC/JC) Scheme to all unemployed persons in the live Register of Employment Exchanges - Aadhaar as an identity document for delivery of services or benefits - Reg (950/2023) | ജി.ഒ.(പി) നം.64/2023/എൽ.ബി.ആർ. | 10-08-2023 |
| 12 | 951/2023 | KAIVALYA scheme for the rehabilitation of the differently abled candidates - Aadhaar as an identity document for delivery of services or benefits - Reg (951/2023) | ജി.ഒ.(പി) നം.65/2023/എൽ.ബി.ആർ. | 10-08-2023 |
| 13 | 952/2023 | NAVAJEEVAN Scheme to Senior citizens in the age group of 50 to 65 years - Aadhaar as an identity document for delivery of services or benefits - Reg (952/2023) | ജി.ഒ.(പി) നം.70/2023/എൽ.ബി.ആർ. | 16-08-2023 |

## iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2018-2019 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019-2020 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് | 2020-2021 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 5 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള ഷോപ്പ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 7 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2021-2022 | ആഡിറ്റ് റിപ്പോർട്ട് | അതെ |

| | | | | |
|---|---|---|---|---|
| 8 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 10 | കേരള ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |
| 12 | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി | 2022-2023 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അല്ല |

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ്(KITTS) | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 1095/2023 | ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ഭരണസമിതി അംഗമായി നോമിനേറ്റ് ചെയ്തിരുന്ന ശ്രീ. സോണി ഈറ്റക്കനെ വീണ്ടും ഭരണ സമിതി അംഗമായി ഉൾപ്പെടുത്തുന്നത്- 1095/2023 | സ.ഉ.(അച്ചടി) നം.7/2023/ഡിഡി | 13-10-2023 | അല്ല |
| 2 | 1155/2023 | extend the term of the administrative committee appointed to manage the affairs of Yeroor Ksheerolpadaka Sahakarana Sangham Ltd (1155/2023) | ജി.ഒ.(പി) നം.8/2023/ഡി.ഡി. | 03-11-2023 | അല്ല |
| 3 | 1260/2023 | extend the term of the administrator appointed to manage the affairs of Ksheerolpadaka Sahakarana Sangham Ltd (1260/2023) | ജി.ഒ.(പി) നം.9/2023/ഡി.ഡി. | 23-11-2023 | അല്ല |
| 4 | 1287/2023 | കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയിലെ 5,6 വാർഡുകൾ ഉൾപ്പെടുത്തി പുതിയ ക്ഷീരസഹകരണസംഘം രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം (1287/2023) | ജി.ഒ.(പി) നം.10/2023/ഡി.ഡി. | 29-11-2023 | അല്ല |
| 5 | 1290/2023 | Rural Dairy Extension and Advisory Services Scheme under Aadhaar linked benefits/services (1290/2023) | ജി.ഒ.(പി) നം.11/2023/ഡി.ഡി. | 30-11-2023 | അല്ല |
| 6 | 1291/2023 | notify the Strengthening Quality Control Scheme under Aadhaar linked benefits/services to Aadhaar (1291/2023) | ജി.ഒ.(പി) നം.12/2023/ഡി.ഡി. | 30-11-2023 | അല്ല |
| 7 | 1292/2023 | notify the Assistance to Dairy Co-operative Societies Scheme under Aadhaar linked benefits/ services to Aadhaar (1292/2023) | ജി.ഒ.(പി) നം.13/2023/ഡി.ഡി. | 30-11-2023 | അല്ല |
| 8 | 1295/2023 | notify the Commercial Dairy Milk And Milkshed Development Programme Scheme under Aadhaar linked benefits/services to Aadhaar (1295/2023) | ജി.ഒ.(പി) നം.14/2023/ഡി.ഡി. | 30-11-2023 | അല്ല |
| 9 | 1296/2023 | notify the Production and Conservation of Fodder in Farmers' Fields and Dairy Co-Operatives Scheme under Aadhaar linked benefits/ services to Aadhaar (1296/2023) | ജി.ഒ.(പി) നം.15/2023/ഡി.ഡി. | 30-11-2023 | അല്ല |

iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ) | 2016-2017 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ(കെപ്കോ) | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള ഫീഡ്സ് ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 924/2022 | കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം | ജി.ഒ.(പി) നം.53/2022/എച്ച് &എഫ്ഡബ്ല്യുഡി | 28-09-2022 | അതെ |
| 2 | 381/2023 | കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം | ജി.ഒ.(പി) നം.13/2023/എച്ച് &എഫ്.ഡബ്ല്യു.ഡി | 17-03-2023 | അതെ |
| 3 | 1157/2023 | കേരള സ്റ്റേറ്റ് അലൈഡ് ഹെൽത്ത് കെയർ കൗൺസിലിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷനുകൾ (1157/2023) | ജി.ഒ.(പി) നം.81/2023/എച്ച് &എഫ്.ഡബ്ല്യു.ഡി. | 02-11-2023 | അല്ല |

ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 830/2023 | appointment of Drugs Inspector (Ayurveda) in the Drugs Control Department (830/2023) | ജി.ഒ.(പി) നം.61/2023/എച്ച് &എഫ്.ഡബ്ല്യൂ.ഡി. | 30-07-2023 |
| 2 | 883/2023 | Appointment of Chairperson Kerala State Commission for Protection of Child Rights (883/2023) | ജി.ഒ.(പി)നം.3/2023/ ഡബ്ല്യൂ.സി.ഡി.ഡി. | 17-08-2023 |
| 3 | 893/2023 | amendment to the notification 614/2022 (893/2023) | ജി.ഒ.(പി)നം.4/2023/ ഡബ്ല്യൂ.സി.ഡി.ഡി. | 19-08-2023 |

iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |

**ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.**

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 941/2023 | എറണാകുളം ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം (941/2023) | ജി.ഒ.(എം.എസ്.) നം.5/2023/ സിഎഡി | 20-08-2023 | അല്ല |
| 2 | 1096/2023 | Kerala Food Security (Amendment) Rules, 2023 (1096/2023) | ജി.ഒ.(പി) നം.6/2023/ എഫ്.&സി.എസ്. | 01-10-2023 | അല്ല |
| 3 | 9/2024 | Reconstitution of District Consumer Disputes Redressal Commission, Pathanamthitta | ജി.ഒ.(എം.എസ്.) നം.6/2023/ സി.എ.ഡി. | 17-11-2023 | അല്ല |

## ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

## 14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 741/2023 | Nominate Shri. S.Satheesh Kumar, Joint Secretary, Finance Department as a member in the Kerala Radon Dealers Welfare Fund Managing Committee (741/2023) | ജി.ഒ.(പി)നം. 2/2023/എഫ്&സി .എസ്.ഡി. | 16-05-2023 |
| 2 | 810/2023 | Reconstitution of District Consumer Protection Council, Kollam (810/2023) | ജി.ഒ.(പി) നം.7/2023/സി.എ.ഡി. | 20-07-2023 |

## iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് | 2017-2018 | വാർഷിക റിപ്പോർട്ടും ആഡിറ്റ് | അതെ |

| | | | | |
|---|---|---|---|---|
| | കോർപ്പറേഷൻ ലിമിറ്റഡ് (SUPPLYCO) | | റിപ്പോർട്ടും | |

നൃൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 973/2023 | The Special Rules for the Kerala Minority Welfare Service 2021 Rescind notification (973/2023) | ജി.ഒ(പി) നം.17/2023/ ജി.എ.ഡി. | 05-09-2023 | അല്ല |
| 2 | 977/2023 | The Special Rules for the Kerala Minority Welfare Subrordinate Service 2021 Rescind Notification (977/2023) | ജി.ഒ(പി) നം.18/2023/ ജി.എ.ഡി. | 05-09-2023 | അല്ല |
| 3 | 1071/2023 | NOMINATION OF GOVT REPRESENTATIVES TO KMTWF (1071/2023) | സ.ഉ.(അച്ചടി) നം. 22/2023/ പൊ.ഭ.വ. | 29-09-2023 | അല്ല |
| 4 | 1299/2023 | കേരള സ്റ്റേറ്റ് വഖഫ് (ഭേദഗതി) ചട്ടങ്ങൾ 2023 (1299/2023) | ജി.ഒ.(പി) നം.300/2023/ ആർ.ഡി. | 24-11-2023 | അല്ല |

ii. വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു:

14-09-2023-ന് മേശപ്പുറത്ത് വച്ചത്

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | എസ്. ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | |
|---|---|---|---|---|
| | | | നമ്പർ | തീയതി |
| 1 | 783/2023 | Kerala State Waqf (Amendment) Rules (783/2023) | ജി.ഒ.(പി) നം.174/2023/ആർ.ഡി. | 15-07-2023 |
| 2 | 839/2023 | Nominating of Adv.Sakeer M K as member of Waqf Board (839/2023) | ജി.ഒ.(എം.എസ്.) നം.188/2023/ആർ.ഡി. | 03-08-2023 |

<u>iii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ</u>

| ക്രമ. നം. | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | പേര് | |
| 1 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2018-2019 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2019-2020 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2020-2021 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2021-2022 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 7 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2022-2023 | വാർഷിക റിപ്പോർട്ട് | അല്ല |
| 8 | കേരള സംസ്ഥാന വഖഫ് ബോർഡ് | 2022-2023 | വാർഷിക റിപ്പോർട്ട് | അതെ |

**നിയമസഭാ സെക്രട്ടറി ഇൻ-ചാർജ്ജ് (<u>ശ്രീ. ഷാജി. സി. ബേബി</u>):** സർ, നിയമസഭ പാസാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെ പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ. നം. | ആക്ടിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 21 | 2023-ലെ ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) അമെന്റ്മെന്റ് ആക്ട് |
| 2 | 2023 | 22 | 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ആക്ട് |
| 3 | 2023 | 24 | 2023-ലെ ദി ശ്രീ പണ്ടാരവക ലാൻഡ്സ് (വെസ്റ്റിങ്ങ് ആൻഡ് എൻഫ്രാഞ്ചൈസ്മെന്റ്) അമെന്റ്മെന്റ് ആക്ട് |
| 4 | 2023 | 25 | 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ആക്ട് |
| 5 | 2023 | 26 | 2023-ലെ ദി കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് പേയ്മെന്റ് ഓഫ് ഫെയർ വേജസ് (അമെന്റ്മെന്റ്) ആക്ട് |
| 6 | 2023 | 28 | 2023-ലെ കേരള പൊതുജനാരോഗ്യ ആക്ട് |
| 7 | 2023 | 29 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടെയിൻ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമെന്റ്മെന്റ് ആക്ട് 2023 |
| 8 | 2023 | 30 | 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്ട് |

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### സംസ്ഥാനത്തിന്റെ കായികനയം

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കളി എന്നത് കേവലം വിനോദത്തിനപ്പുറം അതീവഗൗരവമുള്ള ഒരു വിഷയമായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കാലഘട്ടത്തിനനുസൃതമായുള്ള മാറ്റങ്ങൾ കായികരംഗത്ത് ഉണ്ടാകേണ്ടതുണ്ട്. കായികപ്രവർത്തനങ്ങളും ശാരീരികക്ഷമതാ പ്രവർത്തനങ്ങളും നിലവാരമുള്ള ഒരു സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും അടയാളമാണ്. മത്സരങ്ങളും മെഡലുകളും എന്നതിനപ്പുറം കായികപ്രവർത്തനങ്ങളിൽ മുഴുവൻ ജനങ്ങളെയും

ഉൾപ്പെടുത്തേണ്ടതും അവർ ഏർപ്പെടേണ്ടതുമായ ഒന്നായാണ് ഇന്ന് ലോകം കാണുന്നത്. ഈ ഒരു തിരിച്ചറിവ് ഇന്ന് ലോകത്തിലുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ കായികരംഗത്ത് മാറ്റങ്ങൾ അനിവാര്യമാക്കുന്ന രീതിയിൽ ഒരു കായിക നയം വേണമെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ ആദ്യഘട്ടമായാണ് സമ്പൂർണ്ണ കായിക നയം രൂപപ്പെടുത്തിയത്. രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ കായികനയം രൂപീകരിച്ച സംസ്ഥാനമായി കേരളം മാറി. കായിക മികവിലേയ്ക്ക് കേരളത്തെ എത്തിക്കുന്നതിനോടൊപ്പം കായിക സമൂഹത്തിന് മാത്രമല്ല പൊതുസമൂഹത്തിന് ഒന്നാകെ കായികമേഖലയോടുള്ള സമീപനത്തിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരാനുതകുന്ന തരത്തിലുംകൂടിയാണ് കായികനയം തയ്യാറാക്കിയത്. കാലാനുസൃതവും ഭാവി സാഹചര്യങ്ങൾ ഉൾക്കൊള്ളാൻ പര്യാപ്തവുമായ ദീർഘവീക്ഷണത്തോടെയുള്ള ഒരു നയമാണ് രൂപീകരിച്ചിട്ടുള്ളത്.

ക്രിയാത്മക ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷമാണ് ഈ നയം തയ്യാറാക്കിയത്. കായികമേഖലയെ പൂർണ്ണമായും പുതിയ

തലത്തിലേയ്ക്കുയർത്താൻ കഴിയുന്ന നിർദ്ദേശങ്ങളാണ് നയം മുന്നോട്ടുവയ്ക്കുന്നത്. പൊതുജനാരോഗ്യവും കായികക്ഷമതയും ഉറപ്പുവരുത്തുന്ന നവകായിക കേരളസൃഷ്ടിയാണ് അടിസ്ഥാനപരമായി നയം ഉദ്ദേശിക്കുന്നത്. 'എല്ലാവർക്കും സ്പോർട്സ്, എല്ലാവർക്കും ആരോഗ്യം' എന്നതാണ് നയത്തിന്റെ അടിസ്ഥാന തത്വം. ആയതിന് കായിക-ശാരീരികക്ഷമതാ പ്രവർത്തനങ്ങൾ ഓരോ പൗരന്റെയും അവകാശമാക്കുകയെന്ന സവിശേഷ നിർദ്ദേശം ഈ നയം മുന്നോട്ടുവയ്ക്കുന്നു.

പ്രായ, ലിംഗ, പ്രാദേശിക, തൊഴിൽഭേദമോ സാമ്പത്തിക പരിഗണനകളോ ഇല്ലാതെ എല്ലാവരും പങ്കാളികളാകുന്ന സ്പോർട്സ് എന്നതാണ് നയത്തിന്റെ പ്രധാന പരിഗണന. കമ്മ്യൂണിറ്റി സ്പോർട്സ് എന്ന ആശയം നടപ്പാക്കുന്നതിലൂടെ മുഴുവൻ ജനങ്ങളുടെയും വെൽനസ്സ് സാധ്യമാകും. അതിനായി ഫിസിക്കൽ ആക്ടിവിറ്റികളും കായികമത്സരങ്ങളും പ്രചരിപ്പിക്കാൻ ഈ നയം നിർദ്ദേശിക്കുന്നു. ഫിസിക്കൽ ലിറ്ററസി പ്രായഭേദമന്യേ എല്ലാവർക്കും ലഭ്യമാക്കും. നയത്തിന്റെ ലക്ഷ്യങ്ങൾ സമൂഹത്തിന്റെ എല്ലാ തട്ടിലേയ്ക്കുമെത്തിക്കാൻ ഒരു വികേന്ദ്രീകൃത

പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. പഞ്ചായത്ത്/മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം ഈ ലക്ഷ്യത്തോടെയാണ് നടന്നിട്ടുള്ളത്. കൂടാതെ 'പ്രോജക്ട് 1000' എന്ന പദ്ധതിയിലൂടെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു കായിക പദ്ധതിയെങ്കിലും നടപ്പിലാക്കുകയെന്നതും ഉറപ്പുവരുത്തുന്നു. പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും നയം മുൻതൂക്കം നൽകുന്നു. ശാസ്ത്രീയമായ സെലക്ഷനും പരിശീലനരീതികളും വഴി ലോകനിലവാരമുള്ള താരങ്ങളെ വളർത്തിയെടുക്കാനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കായികനയത്തിലുണ്ട്.

സ്കൂൾതല സ്പോർട്സിന്റെ പ്രാധാന്യം വ്യക്തമാക്കുകയും പ്രൈമറിതലം മുതൽ സ്പോർട്സ് നിർബന്ധമാക്കേണ്ടതിന്റെ പ്രാധാന്യം സൂചിപ്പിക്കുകയും ചെയ്യുന്നതാണ് ഈ നയം. കായിക പാഠ്യപദ്ധതി നിലവിൽ വരുന്നതോടെ കൃത്യമായ ഒരു കായിക അടിത്തറ രൂപപ്പെടുത്തുകയും അത് വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിലും ആരോഗ്യപരമായ ജീവിതശൈലിയിലും തൊഴിൽ തെരഞ്ഞെടുപ്പിലും പ്രധാന

പങ്കുവഹിക്കുകയും ചെയ്യും. കായിക സമ്പദ്ഘടന വികസിപ്പിക്കുക എന്നതാണ് പുതിയ കായികനയത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഇന്ത്യയിലാദ്യമായാണ് കായികമേഖലയെ സമ്പദ്ഘടനയുടെ ഭാഗമാക്കുന്നതിനുള്ള ശ്രമം നടക്കുന്നത്. കായികരംഗത്ത് ശക്തമായ സാന്നിദ്ധ്യം ഉറപ്പുവരുത്തിയ വികസിതരാജ്യങ്ങൾ കായികമേഖലയെ സമ്പദ്വ്യവസ്ഥയുടെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. കായികതാരങ്ങൾക്കും കായികാനുബന്ധവ്യവസായങ്ങൾക്കും സമൂഹത്തിനും മൊത്തത്തിൽ പ്രയോജനം ചെയ്യുന്ന ഒരു സുസ്ഥിര കായികവ്യവസ്ഥ സൃഷ്ടിക്കാനും കായികരംഗത്തെ സാമ്പത്തിക സാധ്യതകൾ പ്രയോജനപ്പെടുത്താനും ഈ പുതിയ കാൽവയ്പ് ലക്ഷ്യമിടുന്നു. മറ്റുമേഖലകളെയും വിഭാഗങ്ങളെയും സാധ്യമാകുന്ന തലങ്ങളിൽ കായികരംഗത്ത് സംയോജിപ്പിക്കുന്നതിലൂടെ പുതിയ വരുമാനസ്രോതസ്സുകൾ സൃഷ്ടിക്കപ്പെടും. കൂടുതൽ കായികവിനോദസഞ്ചാരത്തിന് പുതിയ മാനങ്ങൾ നൽകാനും കായിക അനുബന്ധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും ഈ ചട്ടക്കൂട് ഊന്നൽ നൽകുന്നു.

നമ്മുടെ കായിക അടിസ്ഥാന സൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പരമാവധി കായികതാരങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയണം. ഒപ്പം പൊതുജനാരോഗ്യസംരക്ഷണത്തിന് ഇവ ഫലപ്രദമായി ഉപയോഗിക്കണമെന്നും നയം നിഷ്കർഷിക്കുന്നു. കായികരംഗത്തെ പുതിയ സാങ്കേതിക വിദ്യകളും ഗവേഷണങ്ങളും നൂതന ആശയങ്ങളും നമ്മൾ സ്വീകരിക്കുകയും കായിക വിനോദ വ്യവസായ സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. സ്പോർട്സ് ടെക്നോളജി, സ്പോർട്സ് മാനേജ്മെന്റ് എന്നിവ സ്പോർട്സ് - സയൻസ് രംഗത്തെ ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകും. അതിലൂടെ ഈ രംഗങ്ങളിൽ നമുക്കാവശ്യമായ മനുഷ്യവിഭവശേഷി ഇവിടെ തന്നെ സൃഷ്ടിക്കാൻ സാധിക്കും. കായിക മേഖലയ്ക്ക് ലോകത്തെ മികച്ച മാതൃകകൾ പഠിക്കാനും പ്രയോഗത്തിൽ വരുത്താനുമുള്ള പ്രതിജ്ഞാബദ്ധത നയത്തിന്റെ കാഴ്ചപ്പാടിൽ ഊന്നിപ്പറയുന്നുണ്ട്. സ്വകാര്യ സംരംഭകർ, സഹകരണ മേഖല,

പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവയുടെ പങ്കാളിത്തത്തിലൂടെ വിവിധ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കണം. കായികോൽപ്പന്ന നിർമ്മാണത്തിലും സാങ്കേതികവിദ്യയിലും സംസ്ഥാനം സ്വയംപര്യാപ്തമാകണം. കായിക മേഖലയിലെ സ്റ്റാർട്ടപ്പുകളെയും നവസംരംഭകരെയും പരമാവധി പ്രോത്സാഹിപ്പിക്കും. എൻ.ജി.ഒ.-കൾ, സാമൂഹിക സംഘടനകൾ തുടങ്ങിയവയെയും കായിക മേഖലയിൽ കൂടുതലായി ഇടപെടാൻ കായിക നയം പ്രേരിപ്പിക്കുന്നുണ്ട്. വലിയ തോതിൽ തൊഴിൽ നൽകുന്ന ഒന്നായി കായിക മേഖലയെ വളർത്താനും ഈ രംഗത്തെ തൊഴിലവസരങ്ങളിൽ അടുത്ത 5 വർഷത്തിനകം 100 ശതമാനം വളർച്ച നേടാനും നയം ലക്ഷ്യമിടുന്നു. ഒരു വർഷത്തിനകം ഏകദേശം പതിനായിരം തൊഴിൽ സൃഷ്ടിക്കാമെന്നാണ് കണക്കാക്കുന്നത്. യുവജനങ്ങൾക്കിടയിൽ സ്പോർട്സ് കൂടുതൽ പോപ്പുലറാക്കുകയും കൂടുതൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ വളർന്നുവരുന്ന ഇ-സ്പോർട്സ് മേഖലയെ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യവും നയം മുന്നോട്ടുവയ്ക്കുന്നുണ്ട്.

ഇത്തരത്തിൽ സമഗ്രമായ സമീപനം കേരളത്തെ ഒരു പ്രധാന കായിക ശക്തിയായി സ്ഥാപിക്കുക മാത്രമല്ല, മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാക്കി മാറ്റുകയും ചെയ്യുന്നു. ഇത് കായിക സമ്പദ്‌വ്യവസ്ഥയുടെ രാജ്യവ്യാപകമായ പരിവർത്തനത്തിന് ഉത്തേജനമാകും. ഈ കായികനയം ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ ആരോഗ്യവും ശാരീരിക ക്ഷമതയും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു ജനത സൃഷ്ടിക്കപ്പെടും. ജനജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന ഒന്നായി കായിക മേഖല മാറും. അതോടെ ലോകത്തിനുതന്നെ അനുകരണീയമായ ഒരു കേരള കായിക മോഡൽ രൂപപ്പെടും. വിശാലമായ കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന കായികനയം നിയമസഭയ്ക്ക് മുന്നിൽ സമർപ്പിക്കുന്നു.

12.23 p.m.]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

VII <u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാന്യനായ ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

അതോടൊപ്പംതന്നെ ഈ സഭയോടും മലയാളി സമൂഹത്തോടും അവഗണനയും അവഹേളനവും നടത്തിയ സംസ്ഥാന ഗവർണറോടുള്ള ശക്തമായ പ്രതിഷേധവും ഞാൻ ഇവിടെ രേഖപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാന ഭരണത്തലവനായ ഗവർണർ കഴിഞ്ഞ കുറച്ച് ദിവസമായി കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ എല്ലാ സീമകളും ലംഘിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അദ്ദേഹം യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന തകർച്ചയുണ്ടെന്ന് സ്ഥാപിക്കുന്നതിനുവേണ്ടി സ്വയം തയ്യാറായി തെരുവിലിറങ്ങുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലോ രാജ്യത്തിന്റെ ചരിത്രത്തിലോ എവിടെയെങ്കിലും ഇങ്ങനെ കാണാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ജനാധിപത്യത്തിൽ സ്വാഭാവികമായും പ്രതിഷേധമുണ്ടാകും. അത്തരം പ്രതിഷേധം നടക്കുന്ന സ്ഥലത്ത് ഇറങ്ങി നടന്ന് പ്രതിഷേധക്കാരുടെ മേലേയ്ക്ക് ചാടിക്കയറുന്ന ഒരു അവസ്ഥാവിശേഷം ഗവർണർതന്നെ സൃഷ്ടിക്കുന്നത് നമ്മൾ കാണുകയാണ്. പോലീസ് ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തുകയും താൻ നിർദ്ദേശിക്കുന്ന വകുപ്പ് ചേർത്ത് കേസെടുക്കണമെന്ന് ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു. വകുപ്പ് ചേർത്തില്ലെങ്കിൽ എഴുന്നേറ്റ് പോകില്ലെന്ന് പറഞ്ഞ് കേസ് എടുപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അദ്ദേഹം

എന്തൊക്കെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കാലിക്കറ്റ് സർവ്വകലാശാല കാമ്പസിൽ പോയി ചെയ്ത കാര്യം നമുക്കറിയാം. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന തകർച്ചയുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള നീക്കങ്ങളാണ് അദ്ദേഹം സമീപ ദിവസങ്ങളിൽ നടത്തിയത്. കോഴിക്കോട് മിഠായി തെരുവിലൂടെ സഞ്ചരിക്കുകയും ഒരു കടയുടെ മുന്നിൽ ചെന്ന് ഹൽവ ചോദിച്ചെന്നുമാണ് പറയുന്നത്. കടക്കാരൻ ഹൽവ മുറിച്ചുകൊടുത്തപ്പോൾ ഏത് രീതിയാണ് ഗവർണർ സ്വീകരിച്ചത്; തന്റെ വായിലേയ്ക്ക് ഹൽവ തിരുകിത്തരാൻ പറഞ്ഞുകൊണ്ട് അദ്ദേഹം വായ തുറന്നുകൊടുക്കുകയാണ് ചെയ്തത്. നമ്മുടെ ഗവർണർ ഏതൊരു അവസ്ഥയിലേയ്ക്കാണ് എത്തിച്ചേർന്നിരിക്കുന്നതെന്നതിന് ഇതിനേക്കാൾ വലിയ സൂചന നൽകാനുണ്ടോ; തനിക്ക് വലിയ ഭീഷണിയാണെന്നും കേന്ദ്ര സേന വേണമെന്നും കേന്ദ്ര സേനയുണ്ടെങ്കിൽ മാത്രമേ ഭീഷണി നേരിടാൻ സാധിക്കുകയുള്ളൂവെന്നുമാണ് ഇപ്പോൾ പറയുന്നത്. കഴിഞ്ഞ ദിവസം അദ്ദേഹം നടത്തിയ നീക്കം നമ്മൾ കണ്ടതാണ്. ഒരു കടയുടെ മുന്നിലിരുന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ വിളിക്കുകയാണ്, "സബ്സെ ബാത് കരോ;" അത് അദ്ദേഹത്തിന്റെ കരച്ചിലായിരുന്നു. അദ്ദേഹത്തിന്റെ ആ കരച്ചിൽ കേട്ടപ്പോൾ സംവിധായകൻ ശ്രീ. ആഷിക് അബുവിന്റെ "ഭീമന്റെ വഴി"

എന്ന സിനിമയാണ് ഓർമ്മ വന്നത്. സോഷ്യൽ മീഡിയകളിൽ ഗവർണറുടെ കരച്ചിലിനോടൊപ്പം ആ സിനിമയിലെ രംഗങ്ങളാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നത്. നാട്ടുകാരുടെ ദീർഘകാലമായുള്ള റോഡ് വികസനം മുടക്കാൻ ശ്രമിക്കുന്ന കൊസ്തേപ്പ് എന്ന് പറയുന്ന ഒരു കഥാപാത്രമാണ് ആ സിനിമയിലുള്ളത്. അവസാനം നാട്ടുകാർ കൊസ്തേപ്പിന്റെ വസ്തുതകൾ മനസ്സിലാക്കി പഞ്ഞിക്കിടുന്ന ഒരു രംഗത്ത് 'എന്റെ ഡാഡി ഇത് അറിഞ്ഞാലുണ്ടല്ലോ' എന്നാണ് കൊസ്തേപ്പ് പറയുന്നത്. ഡാഡിയെക്കുറിച്ച് പരിശോധിച്ചപ്പോൾ തളർവാതം പിടിച്ച് കിടക്കുന്നയാളെയാണ് കാണാൻ സാധിച്ചത്. ഡാഡി അറിഞ്ഞാൽ എന്തോ സംഭവിക്കുമെന്ന മട്ടിലുള്ള കൊസ്തേപ്പിന്റെ പ്രകടനമാണ് നമ്മുടെ സംസ്ഥാനത്ത് ഗവർണർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തടയാനും ക്രമസമാധാനപാലനം ഭംഗിയായി നടത്താതിരിക്കാനും രണ്ട് കൊസ്തേപ്പുകൾ ഉണ്ടെന്നാണ് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നത്. കേരളത്തിന്റെ ആദ്യത്തെ കൊസ്തേപ്പ് ആരെന്ന് ചോദിച്ചാൽ, അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെയാണെന്നാണ് യുവാക്കളൊക്കെ പറയുന്നത്. ഏത് വികസന പ്രവർത്തനം നടന്നാലും അതൊന്നും ഞാൻ ഇവിടെ

സമ്മതിക്കുന്ന പ്രശ്നമില്ലെന്ന് പറഞ്ഞുകൊണ്ട് വികസനം മുടക്കുകയാണ്. കേരളത്തിലെ പ്രതിപക്ഷനേതാവ് എങ്ങനെ ഈ അവസ്ഥയിലെത്തിയെന്നുള്ളത് സംബന്ധിച്ച് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒരു വികസന പ്രവർത്തനവും നടത്താൻ അനുവദിക്കുന്ന പ്രശ്നമില്ലെന്ന് പറഞ്ഞുകൊണ്ട് എല്ലാ വികസന പ്രവർത്തനങ്ങളുടെയും നേരെ അദ്ദേഹം ചാടിവീഴുകയാണ്. ഒന്നോ രണ്ടോ പദ്ധതികളല്ല അദ്ദേഹം മുടക്കിയിട്ടുള്ളത്. കഴിഞ്ഞ രണ്ടര വർഷക്കാലയളവിനുള്ളിൽ സംസ്ഥാന ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി കൊണ്ടുവന്ന എല്ലാ പദ്ധതികളും മുടക്കാനായി രംഗത്ത് നിൽക്കുന്ന ഒരാളായി സംസ്ഥാനത്തെ പ്രതിപക്ഷനേതാവ് മാറുന്ന ദയനീയമായ കാഴ്ച നമ്മൾ കാണുകയാണ്. നിയമസഭ മാത്രമല്ല, കേരളത്തിലെ മൂന്നര കോടിയിലധികം വരുന്ന ജനങ്ങൾ ഈ കാഴ്ച കണ്ടുകൊണ്ടിരിക്കുകയാണ്. കെ-ഫോണിന്റെ കാര്യം അറിയാമല്ലോ; ഇന്റർനെറ്റ് മൗലികാവകാശമായി പ്രഖ്യാപിച്ചത് നമ്മുടെ സംസ്ഥാനത്താണ്. പാവപ്പെട്ടവർക്ക് സൗജന്യമായും കുറഞ്ഞ ചെലവിലും ഇന്റർനെറ്റ് ലഭ്യമാക്കാനായി നമ്മുടെ സർക്കാർ ആവിഷ്കരിച്ച പദ്ധതിയെ തകർക്കാനുള്ള പരിശ്രമം അദ്ദേഹം നടത്തി. നിയമസഭയിൽ പച്ചക്കള്ളം പറയുന്നതുപോലെയാണ് കോടതിയിലും നുണക്കഥകളുമായി അദ്ദേഹം പോയത്.

ലോകായുക്തയ്ക്കുനേരെ അദ്ദേഹം ആഞ്ഞടിച്ചു. കോടതി തിരിച്ച് ഒറ്റയടിയാണ് കൊടുത്തത്. ഇമ്മാതിരി പബ്ലിസിറ്റി സ്റ്റണ്ടുമായി ഇങ്ങോട്ട് വരരുതെന്ന് ബഹുമാനപ്പെട്ട കോടതി നമ്മുടെ പ്രതിപക്ഷ നേതാവിനോട് പറയുന്ന അവസ്ഥയുണ്ടായിയെന്ന് പറഞ്ഞാൽ അങ്ങനെയൊരു അവസ്ഥ സൃഷ്ടിക്കാൻ അങ്ങ് ശ്രമിക്കണമായിരുന്നോ എന്നുള്ള ചോദ്യമാണ് എനിക്കുള്ളത്. നിങ്ങൾ മുടക്കിയ മറ്റൊരു പദ്ധതിയാണ് സിൽവർ ലൈൻ പദ്ധതി. കേരളത്തിൽ ആർക്കാണ് ഇത്ര ധൃതിയെന്നായിരുന്നു നിങ്ങൾ ചോദിച്ചത്. ട്രെയിനിൽ യാത്ര ചെയ്യുന്ന പാവങ്ങളുടെ മുന്നിൽ നിങ്ങളാരും ചെന്ന് പെട്ടുപോകരുതെന്ന് വളരെ വിനയത്തോടുകൂടി പറയുകയാണ്. അവർ നിങ്ങളെ കൈകാര്യം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. സെക്കൻഡ് ക്ലാസ് കോച്ചിൽ സൂചി കുത്താൻ സ്ഥലമില്ലാത്ത തരത്തിൽ നരകയാതന അനുഭവിക്കുന്ന യാത്രക്കാരെയാണ് നമുക്ക് കാണാൻ കഴിയുന്നത്. വന്ദേ ഭാരത് വന്നാൽ ഇവിടെ സ്വർഗ്ഗമാകുമെന്ന് പറഞ്ഞിട്ട്, ജനശതാബ്ദി ഉൾപ്പെടെയുള്ള മറ്റ് ട്രെയിനുകൾ നരകമായി മാറിക്കഴിഞ്ഞിരിക്കുന്ന സാഹചര്യമാണുള്ളത്. വന്ദേ ഭാരത് വന്നു; 140 ശതമാനം വരെയാണ് ഒക്കുപെൻസി റേറ്റ്. ജനങ്ങൾ അത്രയേറെ ദീർഘദൂര അതിവേഗ ട്രെയിനുകൾ ആഗ്രഹിക്കുന്നുണ്ടെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണിത്.

2021-ലെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വരുമെന്നാണ് നിങ്ങൾ കരുതിയിരുന്നത്. ധനകാര്യ വകുപ്പുമന്ത്രിയാകുമെന്നാണ് ചാനലിലൊക്കെ പറഞ്ഞിരുന്നത്. കാര്യങ്ങളെല്ലാം മനസ്സിലാക്കി പഠിച്ച് പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷ നേതാവായിരിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷെ, നട്ടാൽ കുരുക്കാത്ത നുണ ആധികാരികമായി പറയാനുള്ള ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ധൈര്യം സമ്മതിച്ചേ മതിയാകൂ. ലൈഫ് പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദിവസംപോലും പച്ചക്കള്ളം പറഞ്ഞത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കൈയോടെ പൊക്കിയത് നമ്മളെല്ലാം കണ്ടതാണ്. ഞാൻ കഴിഞ്ഞ ദിവസം ഒരു വീഡിയോ കണ്ടു; സത്യത്തിൽ അത് വ്യാജമായി നിർമ്മിച്ചതാണോയെന്ന് എനിക്ക് സംശയമുണ്ടായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെപ്പോലെ ഒരാൾ ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയ്ക്കെതിരെ സംസാരിക്കുന്ന വീഡിയോയാണ് ഞാൻ സോഷ്യൽ മീഡിയയിൽ കണ്ടത്. അങ്ങ് അത് പറഞ്ഞിട്ടില്ലെന്ന് പറയുന്നത് കേൾക്കാൻ എനിക്ക് അതിയായ താൽപ്പര്യമുണ്ട്. പറഞ്ഞെങ്കിൽ അങ്ങേയ്ക്ക് എങ്ങനെ ഇത് പറയാൻ തോന്നിയെന്നുള്ളത് വലിയൊരു പ്രശ്നമാണ്. വയനാട്ടുകാരുടെയും കോഴിക്കോട്ടുകാരുടെയും

മൈസൂരിലേയ്ക്ക് യാത്ര ചെയ്യുന്ന ആളുകളുടെയും ദീർഘകാലത്തെ ഏറ്റവും വലിയ ആഗ്രഹമാണ് അവിടെയൊരു തുരങ്കപാത നിർമ്മിക്കുകയെന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ആ തുരങ്കപാത നിർമ്മിക്കുന്നതിനുവേണ്ടി എടുത്ത തീരുമാനത്തെ എത്രമാത്രം സന്തോഷത്തോടുകൂടിയാണ് നാടാകെ കേൾക്കുന്നത്. അവിടെ ഉണ്ടാകാറുള്ള ഗതാഗതക്കുരുക്ക് നാം ധാരാളമായി കേട്ടിട്ടുണ്ട്. ആ പാത നിർമ്മിക്കാൻ അനുവദിക്കുന്ന പ്രശ്നമില്ലെന്ന് കൈചൂണ്ടി പറയുന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ കേരളം കണ്ട ഏറ്റവും വലിയ വികസനവിരോധിയായി മാറിയിരിക്കുന്നുവെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. അങ്ങ് അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ അത് ഇവിടെ പറയണം. അങ്ങയെപ്പോലുള്ള ഒരു വ്യക്തി അങ്ങനെ പറയാൻ പാടില്ല. അങ്ങയെപ്പോലൊരാൾക്ക് എങ്ങനെയാണ് വയനാടുകാരുടെ ദീർഘകാല ആവശ്യത്തിനെതിരെ മുഖം തിരിഞ്ഞ് നിൽക്കാനും അത് ചെയ്യുന്ന ഒരു സർക്കാരിനെ വിമർശിക്കാനും സാധിക്കുന്നത്. എനിക്കുശേഷം സംസാരിക്കുന്ന കെ.പി.സി.സി.-യുടെ

ഉപാദ്ധ്യക്ഷൻ, ശ്രീ. ടി. സിദ്ദിഖ് ഇക്കാര്യം പറയുമെന്നാണ് എന്റെ വിശ്വാസം.

വിഴിഞ്ഞം പദ്ധതി മുടക്കാൻ നിങ്ങൾ ശ്രമിച്ചില്ലേ; വിഴിഞ്ഞം പദ്ധതി മുടക്കാനായി വന്ന സ്ഥാപിത താല്പര്യക്കാരോടൊപ്പം ചേർന്ന് സമരം ചെയ്യാൻ പോയ പ്രതിപക്ഷനേതാവ് കേരളത്തിന് അപമാനമാണെന്ന് പറയാതിരിക്കാൻ സാധിക്കില്ല. തിരുവനന്തപുരത്തിന്റെ മാത്രമല്ല, കേരളത്തിന്റെ സമഗ്ര വികസനമാണ് വിഴിഞ്ഞം പദ്ധതി ലക്ഷ്യമിടുന്നത്. ആ പദ്ധതി മുടക്കുന്നതിനുവേണ്ടി മറ്റാരുടെയോ ഏജന്റായി പോയ കുറച്ചാളുകളോടൊപ്പം ചേർന്ന് ഈ പദ്ധതി നടത്താൻ അനുവദിക്കില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ച കേരളത്തിന്റെ പ്രതിപക്ഷനേതാവ് ഇപ്പോൾ വിഴിഞ്ഞം പദ്ധതി നമ്മുടെകൂടി പദ്ധതിയാണെന്ന് പറഞ്ഞ് ഉത്തരവാദിത്വം ഏറ്റെടുക്കാൻ രംഗത്ത് വരുന്നത് മോശമാണെന്ന് പറയാതിരിക്കാൻ വയ്യ. മറ്റൊന്ന് സംസ്ഥാനത്തെ AI-ക്യാമറ വിവാദമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. എം. വിൻസെന്റിനെപ്പോലുള്ള ആളുകൾക്ക് കുറച്ച് വിഷമമുണ്ടാകും. വിഴിഞ്ഞം പദ്ധതി മുടക്കുന്നതിനുവേണ്ടി നേതൃത്വം കൊടുത്ത ഒരു മാന്യനാണ് ശ്രീ. എം. വിൻസെന്റ്. അതിനുവേണ്ടി ആളെക്കൂട്ടാൻ ശ്രമിച്ചയാളാണ് അദ്ദേഹം. ഈ ആക്ഷേപങ്ങളെയെല്ലാം നേരിട്ടുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് ആ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ സർക്കാർ ശ്രമിക്കുന്നത്. .....(ബഹളം)..... ശ്രീ. എം. വിൻസെന്റിന്റെ മുഖം എന്താണെന്ന് വിഴിഞ്ഞം പദ്ധതിക്കെതിരെയുള്ള സമര സമയത്ത് ഈ നാട് കണ്ടതാണ്. നിങ്ങളാണ് ഒരുപറ്റം ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ആ പദ്ധതിക്കെതിരായി നീക്കം നടത്തിയത്. ശ്രീ. എം. വിൻസെന്റും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അക്കാലത്ത് നടത്തിയ പ്രസംഗങ്ങൾ പത്രത്തിലുണ്ട്. ശ്രീ. എം. വിൻസെന്റിന് അക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ അന്നത്തെ പത്ര കട്ടിംഗുകൾ ഞങ്ങൾ കൊണ്ടുവരാം. ....(ബഹളം)... കേരളത്തിലെ വിഴിഞ്ഞം പദ്ധതി മുടക്കാൻ നിന്നവരാണ് നിങ്ങൾ. വിഴിഞ്ഞം പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പരിശ്രമിച്ചു. ഒടുവിൽ അത് യാഥാർത്ഥ്യമാകുമെന്ന് കണ്ടപ്പോൾ ഒരു

കാരണവശാലും യാഥാർത്ഥ്യമാകരുത് എന്ന ഉദ്ദേശ്യത്തിൽ അതിനെ മുടക്കാൻനിന്ന ആളുകളെയും ഈ നാട്ടുകാർക്ക് നന്നായി അറിയാം.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. വിൻസെന്റ്: സർ, വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി സഭയ്ക്കകത്തും പുറത്തും നിലപാട് സ്വീകരിച്ചവരാണ് ഞാൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. സർക്കാർ എന്നിരിക്കെ ഈ പദ്ധതിയെ തുരങ്കം വയ്ക്കാൻ ശ്രമിച്ചതാണെന്ന് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള സ്റ്റേറ്റ്മെന്റ് സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: സഭാരേഖകൾ പരിശോധിച്ച് ആവശ്യമായ തിരുത്ത് വരുത്താവുന്നതാണ്.+

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ഭവനരഹിതരില്ലാത്ത കേരളം എന്നത് ഈ സർക്കാരിന്റെ ഏറ്റവും വലിയ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം. 1884/ഇ.ബി/2024/നി.സെ) സഭാരേഖകളിൽ നിലനിർത്തി.

സ്വപ്നമാണ്. ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ലൈഫ് പദ്ധതിക്കെതിരെ തിരിഞ്ഞ മാന്യന്മാരാണ് ഇവർ. പാവപ്പെട്ട ജനങ്ങൾക്ക് ഒരു ചെറിയ കൂര വച്ചുകൊടുക്കാൻ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപടികൾക്കെതിരെ എന്തെല്ലാം നീക്കങ്ങളാണ് ഇവർ നടത്തിയിട്ടുള്ളത്. നാട്ടുകാർക്കെല്ലാം അറിയുന്ന കാര്യമാണിത്. യാതൊരു തെളിവോ അടിസ്ഥാനമോ ഇല്ലാതെ ലൈഫ് മിഷനിൽ അഴിമതിയുണ്ട്, സി.ബി.ഐ. അന്വേഷിക്കണം എന്നെല്ലാം പറഞ്ഞുകൊണ്ട് നിങ്ങൾ നടത്തിയ നീക്കങ്ങൾ നമുക്കറിയാം. ഇപ്പോൾ തീരദേശ ഹൈവേയ്ക്കെതിരെയാണ് നിങ്ങൾ ഇറങ്ങിയിരിക്കുന്നത്. ഇത് നിങ്ങൾ അവസാനിപ്പിക്കണം. തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാതാ വികസനം എന്നിവയെല്ലാം സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിന് അത്യന്താപേക്ഷിതമാണ്. ..... (ബഹളം)..... ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് നിങ്ങൾക്കറിയില്ല. വടക്കാഞ്ചേരിയിൽ ഇന്നലെ നടന്ന സംഭവം പോലെ ഞങ്ങളുടെ പാർട്ടിയിൽ എന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ ഞങ്ങൾ പറയാം.

ശ്രീ. റോജി എം. ജോൺ: ശ്രീ. പി. എ. മുഹമ്മദ് റിയാസ് പരാമർശിച്ചതിനുള്ള മറുപടിയാണോ ഇത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ശ്രീ. പി. എ. മുഹമ്മദ് റിയാസ് എന്നെക്കുറിച്ച് ഒന്നും പറഞ്ഞില്ല. ഞാൻ 2021-ൽ നിയമസഭയിൽ ഉന്നയിച്ച ഒരു വിഷയത്തെ സംബന്ധിച്ച് ഈ നാട്ടിലെ ചില മാധ്യമങ്ങൾ തിരുവനന്തപുരത്ത് വികസന സെമിനാറിൽ തെറ്റിദ്ധാരണാജനകമായി പറയുകയുണ്ടായി. അതിന് ശ്രീ. പി. എ. മുഹമ്മദ് റിയാസ് അദ്ദേഹത്തിന്റെ നിലയിൽ മറുപടി പറഞ്ഞു. അത് എനിക്കെതിരെയുള്ള മറുപടിയാണെന്ന് നിങ്ങൾ പ്രചരിപ്പിക്കേണ്ടതില്ല. ഞങ്ങളുടെ പാർട്ടി വ്യത്യസ്തമായ പാർട്ടിയാണ്. ഞങ്ങളുടെ പാർട്ടി എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകില്ല.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ടി. സിദ്ദിഖ്: സർ, നന്ദിപ്രമേയത്തെ എതിർക്കുന്നു. നന്ദിപ്രമേയ ചർച്ചയൊന്നുമല്ല ഇവിടെ നടന്നത്. മന്ത്രിയുടെ കൈയിൽനിന്നും നല്ല പൊള്ളലേറ്റ ഒരാൾ അത് മായ്ക്കാൻ വേണ്ടി നടത്തിയ ഒരു അബദ്ധ പരിപാടിയാണ് ഇപ്പോൾ നിയമസഭയിൽ നടന്നത്. ബഹുമാന്യനായ വി.

ഡി. സതീശനെ നിങ്ങൾ ആക്രമിക്കാൻ തുടങ്ങിയത് ഇന്നും ഇന്നലെയുമല്ല. ഒരു നിയോജകമണ്ഡലത്തിൽ പ്രളയംമൂലം കഷ്ടപ്പെട്ട ജനതയെ വാർത്തെടുക്കാൻ, പുനർനിർമ്മിക്കാൻ 'പുനർജനി' പദ്ധതിയിലൂടെ, അത്യധ്വാനം ചെയ്ത ഒരു മനുഷ്യനെ പ്രോസിക്യൂട്ട് ചെയ്യാനാവശ്യമായ സംഗതികളുണ്ടോയെന്ന് അന്വേഷണം നടത്തി അതിൽ പരാജയപ്പെട്ട ആളുകളാണ് നിങ്ങൾ. ആ നിങ്ങൾ പുതിയ പരീക്ഷണവുമായി വരുന്നതിനെ ഞങ്ങൾക്ക് ഒരു വിലയും കൽപിക്കാനാവില്ല. ഇവിടെ സൂചിപ്പിച്ച വീഡിയോയുടെ കാര്യം സംബന്ധിച്ച് കുറേക്കൂടി അന്വേഷണം നടത്തുമ്പോൾ എന്തൊക്കെ വരും എന്നുള്ളതിനെക്കുറിച്ചെല്ലാം ഇപ്പോൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നില്ല. സോഷ്യൽ മീഡിയയിലെ വീഡിയോ കണ്ട് സംസാരിക്കുന്ന ബഹുമാനപ്പെട്ട അംഗത്തോട്, അങ്ങനെയുള്ള രാഷ്ട്രീയമല്ല ഞങ്ങളുടെ രാഷ്ട്രീയമെന്ന് വളരെ കൃത്യതയോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

നയപ്രഖ്യാപന പ്രസംഗം നടത്തിയപ്പോൾ അതിൽ നയവും നിലപാടും പ്രഖ്യാപനവും കഴമ്പുമില്ല. നയപ്രഖ്യാപനത്തിലെ തകർച്ചയുടെ ആഴവും

പരപ്പും ഉള്ളടക്കവും; രണ്ട്, പ്രസംഗിക്കാതെ പോയ ഗവർണറും... ഇത് രണ്ടും കൂടിയായപ്പോൾ നയപ്രഖ്യാപന പ്രസംഗം ചർച്ച ചെയ്യുന്നതുപോലും നിരർത്ഥകമായിട്ടുള്ള ഒരു അവസ്ഥയിലെത്തി. കേരളത്തിന്റെ അതീവ ഗൗരവകരവും ഏറ്റവും മർമ്മപ്രധാനവുമായിട്ടുള്ള രണ്ട് പ്രശ്നങ്ങളിൽ ഒന്ന് കേരളത്തിൽ വളർന്നുവരുന്ന നാർക്കോട്ടിസം ആണ്. കേരളത്തിലെ സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, ചെറുപ്പക്കാർ എന്നിവരെ മുഴുവൻ കാർന്നുതിന്നുന്ന ഏറ്റവും വലിയ വിപത്തായ നാർക്കോട്ടിസത്തിന് political Patriotism കൊടുക്കുന്ന ഒരു സർക്കാരിന്റെ നയപ്രഖ്യാപനം വന്നപ്പോൾ അതിൽ ഒരക്ഷരംപോലും ഉരിയാടാതെയാണ് ഗവർണർ കടന്നുപോയത്. രണ്ടാമത്തെ ഗൗരവകരമായിട്ടുള്ള പ്രശ്നം ചെറുപ്പക്കാരുടെ മൈഗ്രേഷനാണ്. ഗൗരവകരമായിട്ടുള്ള ഈ പ്രശ്നത്തെ അഡ്രസ് ചെയ്യാനുള്ള ഒരു വാക്കോ സംസാരമോ ഇടപെടലോ ഉണ്ടായിട്ടുണ്ടോ; ഈ പ്രശ്നത്തെ സംബന്ധിച്ച് നിങ്ങൾ എന്തെങ്കിലും പരാമർശിച്ചോ? കേരളത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ആയുർദൈർഘ്യം കൂടിയതും ജനന-മരണ നിരക്ക് ക്രമേണ കുറഞ്ഞതുമായ കേരളത്തിൽ അതിനോടൊപ്പം നമ്മുടെ ഹൈ

പൊട്ടൻഷ്യലായിട്ടുള്ള മൈഗ്രേഷനുംകൂടി വന്നിരിക്കുകയാണ്. വിദേശരാജ്യങ്ങൾക്കുവേണ്ടി ഹൈ പ്രൊഡക്റ്റിവിറ്റിയുള്ള ചെറുപ്പക്കാരെ വാർത്തെടുക്കുന്ന ഒരു കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. 'Brain drain'-നെ സംബന്ധിച്ച് നയപരമായ ഒരു കാഴ്ചപ്പാട്, ഒരക്ഷരം ഈ നയപ്രഖ്യാപനത്തിൽ വന്നിട്ടില്ല. ഞാൻ ഈ നയപ്രഖ്യാപനത്തെ അതിന്റെ ആംഗിളിൽ കാണാനാഗ്രഹിക്കുന്നു. നമ്മൾ വൃദ്ധസദനങ്ങളെ സൃഷ്ടിക്കുകയാണ്. വിദേശരാജ്യങ്ങളിലേയ്ക്കുള്ള അതിപ്രധാനമായിട്ടുള്ള high-potential HR (Human Resources) community-യെ നമ്മൾ സൃഷ്ടിക്കുകയാണ്. അവിടെയാണ് സർക്കാരും ഗവർണറും തമ്മിലുള്ള ചക്കളത്തിപ്പോരാട്ടം. ഇവിടെ കഥ, തിരക്കഥ - രാജ്മോഹൻ, സംവിധാനം - മുഖ്യമന്ത്രിയുടെ ഓഫീസ്, അഭിനയം രണ്ടുപേർ, ഒന്ന് ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ രണ്ട് ശ്രീ. പിണറായി വിജയൻ, നാടകത്തിന്റെ പേര് 'കബളിപ്പിക്കുന്ന കൊമ്പുകോർക്കൽ'. ഇതാണ് കേരളത്തിന്റെ പൊതു അവസ്ഥ. ഇതിന്റെ നെറ്റ് റിസൾട്ട് എന്താണ്. ഇവർ തമ്മിൽ ഒരു ബാർട്ടർ സിസ്റ്റമുണ്ട്. അത് യഥേഷ്ടം നടക്കുകയാണ്. ഞാൻ രണ്ട് ഉദാഹരണങ്ങൾ പറയാം.

2022 ഫെബ്രുവരി മാസം 7-ാം തീയതി ലോകായുക്തയുടെ ഓർഡിനൻസിൽ ഗവർണർ ഒപ്പിടുന്നു. ലോകായുക്തയുടെ ഓർഡിനൻസ് എന്നാൽ ചിറകരിയാനും പല്ല് പിഴുതെറിയാനും നേതൃത്വം കൊടുക്കുന്ന ഓർഡിനൻസാണ്. അതിൽ ഗവർണർ ഒപ്പിടുകയാണ്.

ഫെബ്രുവരി 14-ാം തീയതി ബി.ജെ.പി. സംസ്ഥാന സമിതിയംഗവും ആർ.എസ്.എസ്. പ്രവർത്തകനുമായ ശ്രീ. ഹരി എസ്. കർത്തയെ മുഖ്യമന്ത്രി അദ്ദേഹത്തിന് തിരികെ നൽകിയിരിക്കുന്നു. ഇതിനെ barter system എന്നല്ലാതെ എന്താണ് പറയുക; നിങ്ങൾ പുറത്ത് കൊമ്പ് കോർക്കുകയും അകത്ത് കൃത്യമായ അന്തർധാരയുമാണ് നടത്തുന്നത്. ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞു - ഞാൻ കണ്ണൂർ ജില്ലയിലാണ്, എന്റെ ജില്ലയിൽ കണ്ണൂർ സർവ്വകലാശാല എന്നൊരു യൂണിവേഴ്സിറ്റിയുണ്ട് പ്രസ്തുത യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസിലറെത്തന്നെ തുടർന്നും നിയമിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ്. പ്രോ ചാൻസിലറായ റിട്ടയർ ചെയ്യേണ്ട പ്രായപരിധി കഴിഞ്ഞ ശ്രീ. ഗോപിനാഥ് രവീന്ദ്രനെ നിയമിക്കുന്നതിനായി

നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഗവർണർക്ക് ശിപാർശ ചെയ്യുന്നു. ഗവർണർ ഒരു ബുദ്ധിമുട്ടുമില്ലാതെ ഈ ശിപാർശ അംഗീകരിക്കുന്നു. ഇവിടെ രണ്ടുപേരും പരസ്പരം അഡ്ജസ്റ്റ് ചെയ്ത് എല്ലാകാര്യങ്ങളും ഒരുമിച്ച് നീക്കുകയാണ്. അതിനുശേഷം പുറത്തുവന്ന് ഇവർ രണ്ടുപേരും ഫൈറ്റ് ചെയ്യുകയാണ്. ഒരാൾ തെരുവിലിരിക്കുന്നു, മറ്റൊരാൾ പത്ര സമ്മേളനത്തിലൂടെ അടിക്കുന്നു. കേരളത്തിലെ ജനങ്ങളെ ഇതുപോലെ കബളിപ്പിക്കാൻ ഈ രണ്ട് പേർ ശ്രമിച്ചാൽ കേരളത്തിലെ ജനങ്ങൾ കബളിപ്പിക്കപ്പെടുമോ? അകത്ത് അന്തർധാര സജീവമാണ്; പുറത്ത് അടിയും ജനങ്ങളെ കബളിപ്പിക്കലും സജീവമാക്കി നിർത്താൻ ഇവർ ആഗ്രഹിക്കുകയാണ്. ഇത്രയും ഗൗരവതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന സന്ദർഭത്തിൽ ജനാധിപത്യ കേരളം ഇന്ന് നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങളെപ്പറ്റി ഒന്നും പറയാതെപോയ ഈ നയപ്രഖ്യാപന പ്രസംഗത്തിലേയ്ക്ക് വീണ്ടും വരുന്നതിനുമുമ്പ് ഒരു ഗുരുതരമായ പ്രശ്നംകൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ഇന്നലെ എന്റെ സഹമെമ്പറായ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അദ്ദേഹം വയനാട് ജില്ലയിൽനിന്നുള്ള അംഗമാണ്. അദ്ദേഹം

ഇന്നലെ  സഭയുടെ മുമ്പാകെ വയനാട് ജില്ല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നത്തെപ്പറ്റി പറഞ്ഞിരുന്നു. അപ്പോൾ വയനാട് ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞത് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ച Man - Animal conflict-മായി ബന്ധപ്പെട്ട സബ്മിഷൻ ഉന്നയിക്കേണ്ടിയിരുന്നത് ഇന്നലെയായിരുന്നുവെന്നും ആ സമയത്ത് ഉന്നയിക്കാതെ ഇപ്പോൾ  നയപ്രഖ്യാപന പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ചയിൽ ഇതൊക്കെയാണോ പറയേണ്ടതെന്നും അങ്ങയെ ഓർത്ത് ലജ്ജിക്കുന്നുവെന്നുമായിരുന്നു. എനിക്ക് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അങ്ങ് മന്ത്രി സ്ഥാനത്തിരിക്കാൻ യോഗ്യനല്ലെന്നുള്ളതാണ്. നയപ്രഖ്യാപന പ്രസംഗത്തിന്റെ നന്ദിപ്രമേയ ചർച്ചയിൽ ഞങ്ങൾ എന്ത് പറയണമെന്ന് തീരുമാനിക്കുന്നത് അങ്ങയും അങ്ങയുടെ മുന്നണിയുമല്ല, ഞങ്ങൾ തീരുമാനിക്കും എന്ത് പറയണമെന്നുള്ളത്. രണ്ടാമത് ചോദിക്കാനുള്ളത്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുമായി ബന്ധപ്പെട്ടതാണ്. അങ്ങ് വനംവകുപ്പുമന്ത്രിയാണല്ലോ; പ്രജീഷെന്ന 36 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ

പശുവിന് പുല്ലരിയാനായി പോയപ്പോൾ അദ്ദേഹത്തിന്റെ കഴുത്തിൽ കടുവ പിടിക്കുകയും 60 മീറ്റർ അപ്പുറത്തുള്ള പ്രദേശത്ത് കൊണ്ടുപോയി പച്ചയോടുകൂടി ആ മനുഷ്യനെ കടുവ കൊന്നുതിന്നുകയുമായിരുന്നു. ആ വേവലാതി ശ്രീ. ഐ. സി. ബാലകൃഷ്ണൻ പറഞ്ഞപ്പോൾ ലജ്ജിക്കുന്നുവെന്ന് പറഞ്ഞ ആ മന്ത്രിയെ ഓർത്ത് ഞങ്ങൾ ലജ്ജിക്കുകയാണ്. വയനാടിന്റെ തീവ്രമായ പ്രശ്നങ്ങളറിയാത്ത ആ മന്ത്രിയെ വയനാട് ജില്ലയുടെ ചുമതലയിൽനിന്നും മാറ്റണമെന്നുകൂടി ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അവിടെ ജനങ്ങൾ നേരിടുന്നത് ഇതുപോലുള്ള ഗുരുതരമായ ഓരോ പ്രശ്നങ്ങളും പ്രയാസങ്ങളുമാണ്. ആ പ്രശ്നങ്ങളിൽ ഒന്നുപോലും പരിഹരിക്കാതെ അല്ലെങ്കിൽ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം കൊടുക്കാതെ കേരളത്തിൽ പോലീസിനെയും സംവിധാനങ്ങളേയും ഉപയോഗിച്ചുകൊണ്ട് ജനങ്ങളെ നേരിടുകയാണ്.

ശ്രീ. ഒ. ആർ. കേളു: സർ, തുരങ്ക പാതയുടെ കാര്യംകൂടി പറയണം.

ശ്രീ. ടി. സിദ്ദിഖ്: സർ, അതിലേയ്ക്ക് വരാം. തുരങ്ക പാതയുടെ കാര്യം മാത്രമല്ല, അതുമായി ബന്ധപ്പെട്ട മുഴുവൻ കണക്ടഡ് റോഡുകളെപ്പറ്റിയും

പറയാനുണ്ട്. കൂടാതെ ബൈപ്പാസ്സുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, മൂന്ന് ഹെയർപിൻ ബെന്റ് നിവർത്താനുള്ള പദ്ധതി, പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡ്, ചുരം, ബൈപ്പാസ് അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. താങ്കൾക്ക് അതിനെപ്പറ്റിയൊന്നും അറിയില്ലെങ്കിൽ മിണ്ടാതിരിക്കണം.

മി. ചെയർമാൻ: പ്ലീസ്...അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ ഇതുംകൂടി പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കാം. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത് ബി.ജെ.പി.-യും കോൺഗ്രസ്സും മുഖ്യമന്ത്രിയിലേയ്ക്കെത്താൻ വല്ലാതെ പാടുപെടുകയാണെന്നാണ്, അദ്ദേഹം സൂര്യനെപ്പോലെയാണെന്നാണ്. അദ്ദേഹത്തിന്റെ അടുത്തുപോയാൽ കരിഞ്ഞുപോകും. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഗവർണർ നയപ്രഖ്യാപനം പൂർണ്ണമായും വായിക്കാതെ അഞ്ചുമിനിട്ട് മാത്രം സഭയിൽ ചെലവഴിച്ച്, സഭയിലുള്ള മെമ്പർമാർക്കുപോലും മുഖം നൽകാതെ കടന്നുപോയി ഈ

സഭയെ അവഹേളിച്ചതിനെതിരെ വളരെ ശക്തമായി പ്രതിഷേധിക്കുകയാണ്. അദ്ദേഹത്തിന്റെ ഭരണഘടനാ ഉത്തരവാദിത്വം നിർവ്വഹിക്കാനും മറ്റുമായി സർക്കാർ കോടിക്കണക്കിന് രൂപ ചെലവിടുമ്പോൾ നിയസഭയിൽ ആ ഉത്തരവാദിത്വം വേണ്ടതുപോലെ നിർവ്വഹിക്കാത്തതിനും പുറത്ത് കോമാളിത്തരം കാണിക്കുന്നതിനും എതിരെ ഞാൻ പ്രതിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് ഇവിടെ പ്രസംഗിച്ചപ്പോൾ പറഞ്ഞത് ലഹരി സമൂഹത്തെ കാർന്നുതിന്നുന്ന ഏറ്റവും വലിയ വിപത്താണെന്നും അതിനെതിരെ നയപ്രഖ്യാപനത്തിൽ ഒന്നും പറഞ്ഞിട്ടില്ലെന്നുമാണ്. ആ നയപ്രഖ്യാപന പുസ്തകം കുറഞ്ഞപക്ഷം ഒന്ന് വായിച്ചുനോക്കുകയെങ്കിലും ചെയ്തിരുന്നുവെങ്കിൽ അദ്ദേഹം ഇങ്ങനെ പറയില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ 29-ാമത്തെ പേജിൽ 58-ാമതായിട്ട് ലഹരിക്കെതിരായ വലിയ പോരാട്ടം സർക്കാർ നടത്തുമെന്നും ലഹരിക്കടിമപ്പെട്ടവരെ തിരികെ കൊണ്ടുവരുന്നതിനായി മലപ്പുറം ജില്ലയിലെ തവനൂരിൽ പുനരധിവാസ കേന്ദ്രം ആരംഭിക്കുമെന്നും അതോടൊപ്പം എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളെ മദ്യം,

മയക്കുമരുന്ന്, ലഹരി വസ്തുക്കൾ എന്നിവയുടെ വിപത്തുക്കളിൽനിന്നും മാറ്റിനിർത്തുന്നതിനും വിദ്യാർത്ഥികളുടെ ഊർജ്ജം കലാകായിക രംഗങ്ങളിലും സൃഷ്ടിപരമായ കാര്യങ്ങളിലേയ്ക്കും കേന്ദ്രീകരിക്കുന്നതിനും പ്രബലമായ സംരംഭമെന്ന നിലയിൽ സ്കൂളുകളിലുടനീളം 'ഉണർവ്' പദ്ധതി നടപ്പാക്കുമെന്നും കൃത്യമായി പറഞ്ഞിട്ടുണ്ട്. അപ്പോൾ മയക്കുമരുന്നിനെതിരായി പോരാട്ടം എന്ന ഭാഗം അദ്ദേഹം വായിച്ചിട്ടുണ്ടാകില്ല. സർക്കാരിനെ വിമർശിക്കുന്നതിനപ്പുറത്തേയ്ക്ക് എന്താണ് പറഞ്ഞതെന്നുപോലും നോക്കുന്നില്ല. പിന്നെ അദ്ദേഹം ഗവർണറുമായി ബന്ധപ്പെട്ട് കൊടുക്കലിന്റെയും വാങ്ങലിന്റെയും കാര്യം സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് ഒറ്റക്കാര്യമേ ചോദിക്കാനുള്ളൂ. കേരള യൂണിവേഴ്സിറ്റിയടക്കമുള്ള സെനറ്റിലേയ്ക്ക് ആർ.എസ്.എസ്. പ്രവർത്തകരെ സർക്കാരിനോട് ആലോചിക്കാതെ നിയമിക്കുമ്പോൾ, കോൺഗ്രസ് പാർട്ടിയുടെയും ലീഗിന്റെയും പ്രതിനിധികളെ അദ്ദേഹം കൊടുത്തു; അങ്ങനെ കൊടുത്തുവെങ്കിൽ അത് ഏത് ബാർട്ടർ സിസ്റ്റത്തിന്റെ ഭാഗമായിട്ടാണ്, അതിൽ ഏത് അന്തർധാരയാണ് ഉണ്ടായിട്ടുള്ളതെന്ന് കോൺഗ്രസ്

പാർട്ടിയും ലീഗും വ്യക്തമാക്കണം. ഈ ഗവർണർമാർ ഭരണഘടനയെ ഇല്ലാതാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ തുടങ്ങിയത് കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ കോ-ഓപ്പറേറ്റീവ് ഫെഡറിലിസത്തെത്തന്നെ തകർക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ബി.ജെ.പി.-ഇതര സർക്കാരുകൾക്കെതിരെ ഗവർണർമാർ നടത്തിക്കൊണ്ടിരിക്കുന്നത്. വലിയൊരു പ്രോജക്ടിന്റെ ഭാഗമായും, സംഘപരിവാർ രാഷ്ട്രീയത്തിന്റെ ഭാഗമായും ആദ്യം 'ഒരു രാജ്യം ഒരു ടാക്സ് ' എന്ന സംവിധാനം കൊണ്ടുവന്നു. അതിന്റെ ഭവിഷ്യത്ത് നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 'ഒരു രാജ്യം ഒരു ഭാഷ' എന്നുള്ള രീതിയിൽ ഹിന്ദി ഭാഷ മാത്രമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് - . 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് ' എന്ന ആശയത്തിലേയ്ക്ക് കടക്കാൻ പോകുകയാണ്. 'ഒരു രാജ്യം ഒരു സർക്കാർ' എന്ന തലത്തിലേയ്ക്ക് ഫെഡറൽ സംവിധാനങ്ങളെ തകർക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. 'ഒരു രാജ്യം ഒരു പാർട്ടി' മതിയെന്ന്

തീരുമാനിച്ചുകൊണ്ട് ഇതര രാഷ്ട്രീയ പാർട്ടികളിലെ ആളുകളെ കുതികാൽ വെട്ടിക്കൊണ്ടും അവരെ ബി.ജെ.പി.-യിലേയ്ക്ക് ഒടുക്കിക്കൊണ്ടും അല്ലാത്തവരെ ഇ.ഡി.-യെയും ഗവർണർമാരെയും ഉപയോഗിച്ചുകൊണ്ട് തകർക്കാൻ ശ്രമിച്ചുകൊണ്ടുമിരിക്കുകയാണ്. അതിനെതിരെ രാഷ്ട്രീയ പോരാട്ടം നടത്തേണ്ടതായിട്ടുണ്ട്. ഈ രീതിയിലുള്ള ശ്രമങ്ങൾ കേരളത്തിൽ മാത്രമല്ല, തമിഴ്നാട്, പഞ്ചാബ് തെലങ്കാന, പശ്ചിമ ബംഗാൾ തുടങ്ങി എല്ലായിടങ്ങളിലും നടക്കുകയാണ്. വളരെ വിശദമായി അതിലേയ്ക്ക് ചർച്ച കൊണ്ടുപോകുന്നില്ല. ഈ സർക്കാരിനുള്ള ജനപിന്തുണ കണ്ട്, അതിൽ വിറളിപൂണ്ടുകൊണ്ടാണ് ഇവിടെ ഗവർണർക്ക് നയപ്രഖ്യാപനം വായിക്കാൻ കഴിയാതിരുന്നത്.

കേരളത്തിലെ ഭരണനിർവ്വഹണത്തിനും ജനാധിപത്യത്തിന്റെ പുതിയൊരു രീതിയും നിർവ്വചനവുമായി 'നവകേരള സദസ്സ്' മാറി. ഒരു സർക്കാർ ഒന്നടങ്കം ജനങ്ങളിലേയ്ക്കെത്തുന്ന മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. ഈ സർക്കാരിനെ കേൾക്കാനും അവരുമായി സംവദിക്കാനുമായി പതിനായിരക്കണക്കിന് ആളുകളാണ്

ഓരോ നിയമസഭാ മണ്ഡലങ്ങളിലും വന്നത്. ഏതാണ്ട് 37 ദിവസംകൊണ്ട് മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള 140 മണ്ഡലങ്ങളിലും പതിനായിരക്കണക്കിന് ആളുകൾ എന്നുപറയുമ്പോൾ, കേരളത്തിലെ ജനസംഖ്യയുടെ പകുതിയോളം ആളുകൾ നേരിട്ട് സർക്കാരിനെ കേൾക്കാൻ തയ്യാറായി എന്ന ജനപിന്തുണ കണ്ടിട്ടാണ് പ്രതിപക്ഷവും അതോടൊപ്പം ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും പ്രതിനിധിയായ ഗവർണ്ണറും വിറളിപൂണ്ടത് എന്നതിൽ യാതൊരു സംശയവുമില്ല. 'നവകേരള സദസ്സ് ' ബഹിഷ്കരിച്ചുകൊണ്ട് പ്രതിപക്ഷം അപ്പുറത്ത് ഒരു 'വിചാരണ സദസ്സ്' നടത്തി. എന്റെ പ്രിയപ്പെട്ടവരെ, 140 മണ്ഡലങ്ങളിലും പതിനായിരക്കണക്കിന് ആളുകൾ പങ്കെടുത്ത നവകേരള സദസ്സിനെതിരായി നടത്തിയ വിചാരണ സദസ്സ് ജനങ്ങൾ ബഹിഷ്കരിച്ചത് നമ്മളെല്ലാവരും കണ്ടു. എന്തായി അതിന്റെ അവസ്ഥ; കേരളത്തിന്റെ അഭിമാനം വാനോളം ഉയർത്തുന്നതിനുവേണ്ടി 'കേരളീയം' എന്നൊരു പരിപാടി നടപ്പിലാക്കി. ഷാർജ ബുക്ക് ഫെസ്റ്റിവലിനും ദുബായ് ഫെസ്റ്റിവലിനുമൊക്കെ പോയി അഭിമാനംകൊള്ളുന്ന ആളുകൾക്ക് കേരളീയത്തിൽ പങ്കെടുക്കാൻ

താൽപ്പര്യമില്ല. വലിയ എക്സ്പെർട്ടുകൾ, ലോകപ്രശസ്തരായ ആളുകൾ എന്നിവരൊക്കെ കേരളത്തിൽ വന്ന് കേരളത്തെക്കുറിച്ചും ഭാവികേരളത്തിന്റെ സങ്കൽപ്പങ്ങളെക്കുറിച്ചുമൊക്കെ സംവദിക്കാൻ കഴിയുന്ന ഒരു അഭിമാനകരമായ നിമിഷം, അങ്ങനെയുള്ളൊരു സംവിധാനം ഒരുക്കിയപ്പോൾ അതിനെ ബഹിഷ്ക്കരിക്കുകയാണ്. ലോകകേരളസഭയെയും ബഹിഷ്ക്കരിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. അതുകൊണ്ടാണ് വിചാരണ സദസ്സ് ജനങ്ങളും ബഹിഷ്ക്കരിച്ചത്.

കേരളത്തിലെ brain drain-നെ കുറിച്ച് പറഞ്ഞു; ഒരു സംരംഭം തുടങ്ങാൻ കഴിയാത്ത നാടാണ് കേരളമെന്ന് പറഞ്ഞു. 2021 മുതൽ ചെറുകിട സംരംഭങ്ങളടക്കം 13000 കോടിയിലധികം മുതൽ മുടക്കിൽ 2 ലക്ഷത്തോളം വരുന്ന സംരംഭങ്ങൾ ഈ ഇടതുപക്ഷം ഭരിക്കുന്ന കേരളത്തിൽ ആരംഭിച്ചുകഴിഞ്ഞു. സംരംഭങ്ങൾ തുടങ്ങാൻ കഴിയാത്ത നാടാണ് കേരളമെന്ന് പറഞ്ഞതിൽനിന്നും ഏറ്റവും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്ന നാടാക്കി ഈ കേരളത്തെ മാറ്റാൻ കഴിഞ്ഞു. അതിലൂടെ 4,53,000-ലധികം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കാൻ

കഴിഞ്ഞത്. സ്വകാര്യ വ്യവസായ പാർക്കുകളടക്കം നമ്മുടെ നാട്ടിൽ ആരംഭിക്കുകയാണ്. 16 എണ്ണം ആരംഭിച്ചുകഴിഞ്ഞു. 25 എണ്ണം ഇനി ആരംഭിക്കുകയാണ്. ഐ.റ്റി. പാർക്കുകൾ പുതുതായി കണ്ണൂരിലും കൊല്ലത്തും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

ഐ.റ്റി. മേഖലയിൽ ഏതാണ്ട് വലിയ രീതിയിലുള്ള മാറ്റമാണ് നടക്കുന്നത്. 86000 കോടി രൂപയുടെ കയറ്റുമതിയാണ് ഐ.റ്റി. മേഖലയിൽ മാത്രം നമ്മുടെ നാട്ടിൽ വന്നത്. കിഫ്ബി വഴി 80,000 കോടിയുടെ വികസന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ നാടാണ് കേരളം. പക്ഷേ, കേരളത്തെക്കുറിച്ച് മോശം പറയുവാനാണ് പലർക്കും ആഗ്രഹമുള്ളത്. വിഴിഞ്ഞം തുറമുഖമടക്കം നിരവധി പദ്ധതികളാണ് ഈ വർഷം യാഥാർത്ഥ്യമാകാൻ പോകുന്നത്. 1515 കോടിയുടെ സയൻസ് പാർക്കും ഗ്രാഫീൻ റിസർച്ച്, വാട്ടർ മെട്രോ അടക്കം കേരളത്തിൽ മാത്രം പറയാൻ കഴിയുന്ന നിരവധി പദ്ധതികൾ... തൊഴിൽ മേഖലയിൽ മാറ്റം വരികയാണ്. പതിനായിരക്കണക്കിനല്ല, ലക്ഷക്കണക്കിന് ആളുകൾ നമ്മുടെ നാട്ടിലേയ്ക്ക് വരുന്ന രീതിയിലേയ്ക്ക്

മാറുകയാണ്. ആളുകൾ പുറത്തുപോകുന്നു എന്നുപറഞ്ഞുകൊണ്ട് കേരളത്തെക്കുറിച്ച് വളരെയേറെ വ്യാപകമായ പ്രചാരണമാണ് നടത്തുന്നത്. ഇന്ത്യയിൽനിന്ന് ഏറ്റവും കൂടുതൽ ആളുകൾ പുറത്തുപോകുന്നത് കേരളത്തിൽനിന്നല്ല. ഉത്തർപ്രദേശാണ് അക്കാര്യത്തിൽ ഒന്നാമത്. രണ്ടാമത് ബീഹാറാണ്. മൂന്നാമത് വെസ്റ്റ് ബംഗാളും നാലാമത് രാജസ്ഥാനും അഞ്ചാമത് തമിഴ്നാടുമാണ്. ആറാമത്തെ സ്ഥാനമാണ് കേരളത്തിനുള്ളത്. അതും 25000 പേരാണ് ഈ വർഷം പോയിട്ടുള്ളത്. ലക്ഷക്കണക്കിനാളുകളാണ് ഉത്തർപ്രദേശ് അടക്കമുള്ള സംസ്ഥാനങ്ങളിൽനിന്നും പോകുന്നത്. ഒന്ന് ആലോചിച്ചുനോക്കുക. ഇന്ത്യയിൽ ആളുകൾ തൊഴിലിനുവേണ്ടി അഭ്യസ്തവിദ്യരായി നന്നായി ട്രെയിൻ ചെയ്തിട്ടാണ് പോകുന്നത്. എന്നാൽ ഇന്ത്യാരാജ്യത്ത് മറ്റൊരു സംഭവം നടക്കുന്നുണ്ട്. ഈ രാജ്യത്ത് 17.50 ലക്ഷം പേർ 2011-നുശേഷം ഇന്ത്യയുടെ പൗരത്വംതന്നെ ഉപേക്ഷിച്ചുപോയി എന്നാണ് ലോകസഭയിലെ കണക്കുകളിൽനിന്നും വ്യക്തമാകുന്നത്. 2022-ൽ മാത്രം 2,25,000 ഇന്ത്യക്കാരാണ് പൗരത്വം ഉപേക്ഷിച്ചുപോയത്. കേരളത്തിൽനിന്ന് ആളുകൾ

പോകുന്നുവെന്നുള്ള ബി.ജെ.പി.-യുടെ പ്രചാരണം ഏറ്റുപിടിക്കുന്നവർ മനസ്സിലാക്കേണ്ടൊരു യാഥാർത്ഥ്യമാണ് അതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ഈ സർക്കാർ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന തരത്തിലുള്ള നിരവധി കാര്യങ്ങൾ നടക്കുന്നുണ്ട്. തലച്ചോറിലും ഹൃദയത്തിലും ഓപ്പറേഷൻ കഴിഞ്ഞവരും അതുപോലെയുള്ള ആളുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പണം കണ്ടെത്താൻവേണ്ടി ആശുപത്രിക്കിടക്കയിൽനിന്നും പോയി വലിയ രീതിയിൽ ക്യൂ നിന്ന ഒരു കാലമുണ്ടായിരുന്നു. ഉമ്മൻചാണ്ടിയുടെ ഭരണകാലത്ത് മുഖ്യമന്ത്രിയെ കാണാൻ ക്യൂ നിൽക്കുന്നൊരു കാലമുണ്ടായിരുന്നു. അന്ന് ആകെ 808 കോടി രൂപ മാത്രമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും റിലീസ് ചെയ്തത്. എൽ.ഡി.എഫ്. വന്നതിനുശേഷം 7600 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് കൊടുത്തുവെന്നുമാത്രമല്ല, ഒരാളോടും ഓച്ഛാനിച്ച് നിൽക്കാതെ, ഒരാളോടും ബുദ്ധിമുട്ട് പറയേണ്ട കാര്യമില്ലാതെ ഓൺലൈനിൽ അപേക്ഷിച്ചുകൊണ്ട് അവന്റെ

അക്കൗണ്ടിലേയ്ക്ക് ആവശ്യമായ പണം വന്നുകൊണ്ട് അഭിമാനത്തോടെ അവന് ജീവിക്കാൻ കഴിയുന്ന രീതിയിൽ ദുരിതാശ്വാസനിധി നൽകുന്ന നിലയിലേയ്ക്ക് മാറി. ഇതാണ് ഇടതുപക്ഷ ബദൽ എന്നുപറയുന്നത്.

നമ്മുടെ നാട്ടിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വർഗ്ഗീയ വിദ്വേഷം. നമുക്കറിയാം. നമ്മുടെ നാട്ടിൽ പട്ടിണിക്കാരുടെ എണ്ണം വർദ്ധിക്കുന്നു. പോഷകാഹാര കുറവ് ഏറ്റവും കൂടുതലായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ ബദൽ സമീപനം സ്വീകരിച്ചുകൊണ്ടുപോകുന്നൊരു ഗവൺമെന്റാണ് നമ്മുടേത്. ഈ ഗവൺമെന്റിനെ താറടിക്കാനുള്ള ശ്രമങ്ങളും കേരളത്തിനെതിരായ പ്രചരണങ്ങളും വളരെ ശക്തമായി നടക്കുകയാണ്. അതിനെതിരെ പ്രതിരോധിക്കാൻ എല്ലാവരും ഒന്നിച്ച് നിൽക്കേണ്ടതുണ്ട്. നമ്മുടെ പാഠപുസ്തകങ്ങളിൽനിന്നുപോലും നമ്മുടെ ഭരണഘടന ഉറപ്പുവരുത്തുന്ന പല കൺസെപ്റ്റുകളും ഒഴിവാക്കുമ്പോൾ ഐഡിയോളജിക്കലായി സംഘ്പരിവാറിനെതിരായി പോരാട്ടം നടത്തുന്നത് ആരാണെന്ന് ചോദിച്ചാൽ, അത്തരത്തിൽ ഒഴിവാക്കുന്ന മുഴുവൻ പാഠപുസ്തകങ്ങളും

കേരളത്തിൽ പഠിപ്പിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് മുന്നോട്ട് പോയിക്കൊണ്ട് ആശയപരമായി അവരോട് പോരാടുന്നത് ഇടതുപക്ഷം ഭരിക്കുന്ന കേരളമാണ്. ആ ഇടതുപക്ഷം നിലനിൽക്കേണ്ടതുണ്ട് എന്നകാര്യംകൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതോടൊപ്പം ഈ നയപ്രഖ്യാപനപ്രസംഗ അവതരണത്തിലൂൾപ്പെടെ കേരളത്തിലെ ജനങ്ങളെയാകെ അവഹേളിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട ഗവർണ്ണറുടെ നടപടിയിൽ പ്രതിഷേധിക്കുകയും ചെയ്യുന്നു. ഗവർണ്ണർ ഇന്ന് കേരള സംസ്ഥാനത്തിലെ ജനങ്ങൾക്കാകെ ഒരു ബാധ്യതയായി മാറിയിരിക്കുകയാണ്. ആ ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെടണമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇത് സൂചിപ്പിക്കുമ്പോൾ കഴിഞ്ഞ രണ്ടര വർഷക്കാലത്തിലധികമായി ധനപ്രതിസന്ധിയും കോവിഡും പ്രളയവുമെല്ലാം നമ്മെ ബുദ്ധിമുട്ടിക്കുമ്പോഴും സമാനതകളില്ലാത്ത വികസന നേട്ടങ്ങൾ കൈവരിച്ചതും സംസ്ഥാനത്തിന്റെ

ഭാവി വികസനം ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ശ്രദ്ധേയമായ പദ്ധതികളെ സംബന്ധിച്ചും വളരെ വിശദമായ പ്രതിപാദനം ഈ നയപ്രഖ്യാപന പ്രസംഗത്തിലുണ്ട് എന്നുള്ളത് ചൂണ്ടിക്കാണിക്കാനും ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ടി. സിദ്ദിഖ് കൊടുക്കൽ വാങ്ങലിന്റെ കാര്യം പറഞ്ഞുകേട്ടു. ഇന്നലെ തലസ്ഥാന ജില്ലയിൽ നെയ്യാറ്റിൻകരയിലെ കുളത്തൂരിൽ ഒരു പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നു. ബി.ജെ.പി.-യുടെ രണ്ട് വോട്ടുകൾ വാങ്ങിക്കൊണ്ട് കോൺഗ്രസ്സിന്റെ ആൾ അവിടെ പ്രസിഡന്റായി. ആരാണ് കൊടുക്കൽ-വാങ്ങൽ നടത്തിക്കൊണ്ടിരിക്കുന്നത്; ബീഹാറിലെ 10 കോൺഗ്രസ് എം.എൽ.എ.-മാർ ഇന്ന് ബി.ജെ.പി.-യുടെ ചാക്കിലാണ്. ഇതൊക്കെയല്ലേ കൊടുക്കൽ-വാങ്ങൽ; സംഘ്പരിവാറുകാരെ കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റിലേയ്ക്ക് ഗവർണ്ണർ നോമിനേറ്റ് ചെയ്യുമ്പോൾ അവർ യോഗ്യരാണെന്ന് സർട്ടിഫിക്കറ്റ് നൽകുന്നൊരു കെ.പി.സി.സി. പ്രസിഡന്റിന്റെ കീഴിലല്ലേ ഇവിടെ കോൺഗ്രസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രിയും ഗവർണ്ണറും

കൊടുക്കൽ വാങ്ങൽ നടത്തുന്നുവെന്ന് അവരാണ് പറയുന്നത്. ഇത് തിരിച്ചറിയാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയുമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ഇന്ന് രാവിലെ റബ്ബർ കർഷകരുടെ പ്രശ്നം ചൂണ്ടിക്കാണിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിച്ചു. തീർച്ചയായും, റബ്ബർ കർഷകർ വലിയ ദുരിതത്തിലാണ്. റബ്ബറിന്റെ വില വർദ്ധിക്കണം. ഇക്കാര്യത്തിലെല്ലാം നമ്മളെല്ലാം ഏക അഭിപ്രായക്കാരാണ്. കേരള കോൺഗ്രസ് (എം.) പാർട്ടിയുടെ ചെയർമാൻ ശ്രീ. ജോസ് കെ. മാണി എം.പി.-യുടെ നേതൃത്വത്തിൽ ഇക്കഴിഞ്ഞ ദിവസവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് ഇക്കാര്യം സംബന്ധിച്ച് ചർച്ച നടത്തുകയും കഴിയുന്ന നടപടികൾ സ്വീകരിക്കാമെന്ന് മുഖ്യമന്ത്രി സൂചിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഒരുകാര്യം മാത്രം അതുമായി ബന്ധപ്പെട്ടുകൊണ്ട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. GATT, ASEAN കരാറുകളിലൂടെയാണ് റബ്ബർ കർഷകർ ദുരിതത്തിലേയ്ക്ക് പോയത്. കോൺഗ്രസ് ഭരിച്ച കേന്ദ്ര ഗവൺമെന്റല്ലേ പ്രസ്തുത കരാറുകൾ ഒപ്പിട്ടത്; 2011-ൽ ഇറക്കുമതി ചുങ്കം

എടുത്തുകളഞ്ഞത് ആരാണ്; തുറമുഖ നിയന്ത്രണം എടുത്തുകളഞ്ഞത് ആരാണ്? 250 രൂപവരെ വില ലഭിച്ചിരുന്ന റബ്ബറിന്റെ വില ഇന്നത്തെ നിലയിലേയ്ക്ക് കൂപ്പുകുത്തുന്നതിന് കാരണഭൂതരായ ആളുകൾ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് മുതലക്കണ്ണീർ പൊഴിക്കുന്ന രാഷ്ട്രീയ തന്ത്രം മാത്രമാണ് ഇന്നിവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലുള്ളത്. അവർ ലോംഗ് മാർച്ച് നടത്തേണ്ടത് ഡൽഹിയിലേയ്ക്കാണ് എന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എങ്കിലും, റബ്ബർ കർഷകരുടെ പ്രശ്നത്തിന്റെ ഗൗരവംകണ്ട് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും അക്കാര്യത്തിൽ സ്വീകരിക്കണമെന്നും വിലസ്ഥിരതാഫണ്ട് വർദ്ധിപ്പിക്കേണ്ടത് ന്യായമായ ആവശ്യമാണെന്നുംകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തെ അനുകൂലിക്കുന്നതായി അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ടുള്ള കേരളത്തിലെ

ജനപ്രതിനിധികളുടെ ഈ മഹനീയ സഭയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ അവർകളുടെ നയപ്രഖ്യാപനത്തിനുള്ള നന്ദിപ്രമേയത്തെ ഞാൻ എതിർക്കുന്നു. മുൻ സർക്കാരിന്റെ ക്ഷേമ വികസന പരിപാടികൾ അതേപടി പ്രഖ്യാപിക്കുന്ന, പുതുമകളില്ലാത്ത തനിയാവർത്തനമാണിത്. കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നുവെന്നും പുതിയ പദ്ധതികളൊന്നുംതന്നെ ഉണ്ടാവില്ലെന്നുമാണ് നയപ്രഖ്യാപനത്തിലൂടെ മനസ്സിലാകുന്നത്. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. ഇക്കാര്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ സാമ്പത്തിക വളർച്ച നിലനിർത്തുന്നതിനോ ഉത്തേജിപ്പിക്കുന്നതിനോ ഉതകുന്ന കാര്യമായ പദ്ധതികളൊന്നുംതന്നെയില്ല. ഇതിൽനിന്നും ആഭ്യന്തര ഉൽപ്പാദനം കുറയുമെന്നാണ് മനസ്സിലാക്കേണ്ടത്. അതുവഴി നമ്മുടെ സംസ്ഥാനം കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് പോകുമെന്ന കാര്യത്തിലും സംശയമില്ല. ഇത് സർക്കാരിന്റെ മുൻകൂർ ജാമ്യമെടുക്കലാണെന്ന തോന്നൽ ഉളവാക്കുകയാണ്. നയപ്രഖ്യാപനത്തിൽ

സർക്കാർ മാലിന്യ നിർമ്മാർജ്ജനത്തിനും ശുചീകരണത്തിനുംവേണ്ടി അശ്രാന്ത പരിശ്രമത്തിലാണെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളം സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുമ്പോൾ കേന്ദ്ര ഫണ്ടുകൾ അനുവദിക്കപ്പെട്ടത് നഷ്ടപ്പെടാതെ അത് വിനിയോഗിക്കുവാൻ വേണ്ട ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. ഭരണഘടനാപരമായ ബാധ്യത എന്നതിനപ്പുറം സർക്കാരിന്റെ ഭാവി പദ്ധതികൾ സംബന്ധിച്ച ആധികാരിക രേഖയായി ഈ നയപ്രഖ്യാപനത്തെ കാണാൻ കഴിയില്ല. നന്ദിപ്രമേയത്തിന്റെ രൂപത്തിൽ രണ്ട് ദിവസം വാദപ്രതിവാദം നടത്തുന്നതിലപ്പുറം സാമൂഹിക പുരോഗതിക്കായുള്ള സാമ്പത്തിക വളർച്ച സംബന്ധിച്ച സർക്കാരിന്റെ കാഴ്ചപ്പാടുകളുടെ പ്രതിഫലനമാകണം നയപ്രഖ്യാപനം. പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയുംമൂലം തകർന്ന കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും നമ്മുടെ സംസ്ഥാനം അവഗണന നേരിടുമ്പോൾ സംസ്ഥാന സർക്കാർ ഇക്കാര്യത്തിലും കുറ്റകരമായ അനാസ്ഥയാണ് തുടരുന്നത്. ഇത്തരത്തിലുള്ള

കേന്ദ്രസർക്കാരിന്റെ വെല്ലുവിളികൾ ഉണ്ടായിരിക്കെ അവയെ അതിജീവിച്ച് സർക്കാർ അതിശയകരമായ നേട്ടങ്ങൾ കൈവരിച്ച കാര്യങ്ങളാണ് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇവിടെ നാം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിൽ നിലനിൽക്കുന്ന അസമത്വത്തിൽനിന്നും ഉത്ഭവിച്ചുവന്നതാണ്. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനോ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോ പുതിയ പദ്ധതികളൊന്നുംതന്നെ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കുന്നില്ല. പ്രശ്നങ്ങൾക്കെല്ലാം ഒറ്റമൂലിയായി അവതരിപ്പിക്കപ്പെട്ട കിഫ്ബിയെക്കുറിച്ച് ഒരക്ഷരം മിണ്ടാൻ കഴിയാത്ത അവസ്ഥയിലാണ് സർക്കാർ. നയപ്രഖ്യാപനത്തിൽ കേരളത്തിലെ കർഷകരെ സഹായിക്കുന്നതിന് പുതിയ പാക്കേജുകളോ കർമ്മ പദ്ധതികളോ ഉൾപ്പെടുത്തിയതായി കാണുന്നില്ല. റബ്ബർ വിലസ്ഥിരതാ ഫണ്ടിലുള്ള അടിസ്ഥാന വിലപോലും ഇപ്പോൾ റബ്ബർ കർഷകർക്ക് ലഭിക്കുന്നില്ല. റബ്ബർ കർഷകർ കൂടുതലുള്ള പാലാ മണ്ഡലത്തിൽ കർഷകർക്ക് റബ്ബറിന് വില ലഭിക്കാത്തതുകൊണ്ട്

റബ്ബർ മരങ്ങൾ മുറിച്ചുമാറ്റപ്പെടുന്ന സ്ഥിതിയാണ് വന്നുചേർന്നിരിക്കുന്നത്. അതിനാൽ സർക്കാർ റബ്ബറിന്റെ അടിസ്ഥാന വില 300/- രൂപയായി ഉയർത്തി റബ്ബർ കർഷകരെ സഹായിക്കണമെന്ന് ഞാൻ ഒരിക്കൽക്കൂടി സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ബഹുമാന്യനായ ഗവർണർ സഭയിൽ അവസാന ഖണ്ഡിക വായിച്ച് നടത്തിയ ഈ നയപ്രഖ്യാപനത്തിൽ കേരളീയ സമൂഹത്തിന്റെ ഏതെങ്കിലും ഒരു മേഖലയുടെ വികസനത്തിനുതകുന്ന ഫലപ്രദമായ ഒരു നിർദ്ദേശവുമില്ലാത്തതിനാൽ ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുന്നു.

**[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]**

**ശ്രീ. കെ. യു. ജനീഷ് കുമാർ:** സർ, ഞാൻ നന്ദിപ്രമേയത്തെ അനുകൂലിക്കുകയാണ്. ഗവർണർ നടത്തിയ നയപ്രഖ്യാപനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഭരണഘടനയെ തന്നെയാണ് ഗവർണർ വെല്ലുവിളിച്ചിരിക്കുന്നത്. വളരെ ചെറിയ സമയം പ്രസംഗിച്ച് ചരിത്രം സൃഷ്ടിച്ച ഗവർണർ മറ്റ് ചില കാര്യങ്ങളിലുംകൂടി ചരിത്രം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണെന്ന് നമുക്കറിയാം. ഗവർണറായിരിക്കെ ഏറ്റവും കൂടുതൽ വിമാനയാത്ര നടത്തിയത് മറ്റാരുമല്ല, ശ്രീ. ആരിഫ് മുഹമ്മദ്

ഖാനാണ്. അദ്ദേഹം നയപ്രഖ്യാപനത്തിൽ പ്രസംഗിക്കാതെ കേരളത്തിന്റെ തെരുവുകളിലെല്ലാം പോയി ധാരാളം കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. അതേ കാര്യങ്ങളാണ് ഏറ്റവുമൊടുവിൽ സംസാരിച്ച ശ്രീ. ടി. സിദ്ദിഖ് ഉൾപ്പെടെയുള്ള യു.ഡി.എഫ്. അംഗങ്ങൾ ഈ വേദിയിൽ സൂചിപ്പിക്കുന്നത്. അദ്ദേഹവും പറയുന്നത് ഇതുതന്നെയാണ്, കേരളമാണ് ലഹരിയിൽ ഒന്നാമത്, കണ്ണൂർ ആണ് ക്രിമിനലുകളുടെ ജില്ല. പിണറായി വിജയന്റെ കേരളമല്ല ക്രിമിനലുകളുടെ നാട്; മറിച്ച് ഏറ്റവും കൂടുതൽ ക്രിമിനൽ കേസുള്ള സംസ്ഥാനവും ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള നാടും തട്ടിക്കൊണ്ടുപോകൽ ഏറ്റവും കൂടുതൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ശ്രീ. ആരിഫ് മുഹമ്മദ് ഖാന്റെ നാടായ ഉത്തർപ്രദേശാണെന്ന് നയപ്രഖ്യാപന പ്രസംഗം വായിച്ചാൽ ബഹുമാനപ്പെട്ട ഗവർണർക്ക് പറയേണ്ടി വരും. ആ ഗവർണറുടെ അതേ ഭാഷ തന്നെയാണ് ഇവിടെ യു.ഡി.എഫ്.-ഉം ഉപയോഗിക്കുന്നത്. ഇവിടെ ബാർട്ടർ സിസ്റ്റത്തെക്കുറിച്ച് ശ്രീ. ടി. സിദ്ദിഖ് സൂചിപ്പിച്ചു. ആ സിസ്റ്റം വളരെ ഭംഗിയായി നടപ്പാക്കുന്നത് കേരളത്തിലാണ്, കേരളത്തിലെ കോൺഗ്രസ് പാർട്ടിയിലാണ്. നിങ്ങൾ തെരഞ്ഞെടുത്ത

കെ.പി.സി.സി.-യുടെ യോഗം ചേരണമെങ്കിൽ ഇപ്പോൾ മാരാർജി ഭവനിൽ പോകേണ്ട അവസ്ഥയല്ലേ നിങ്ങൾക്ക്. നിങ്ങൾ ശ്രീ. പിണറായി വിജയനെതിരെ യുദ്ധം ചെയ്യാൻ കൊണ്ടുവന്ന ശ്രീ. സി. രഘുനാഥ് ഇപ്പോൾ എവിടെയാണ്? ബി.ജെ.പി.-ക്ക് ഒപ്പമല്ലേ അദ്ദേഹം. കഴിഞ്ഞ മാസമല്ലേ കെ.പി.സി.സി. മെമ്പറായിട്ടുള്ള ശ്രീ. കെ. കെ. നാരായണൻ ബി.ജെ.പി.-യോടൊപ്പം പോയത്. ശ്രീ. നരേന്ദ്ര മോദിയെ ഒഴിവാക്കാനാണ് നമ്മളെല്ലാവരും യുദ്ധം ചെയ്യുന്നത്. കേരളത്തിൽ ബി.ജെ.പി.യുടെ അക്കൗണ്ട് പൂട്ടിക്കും തുറക്കാൻ അനുവദിക്കില്ലെന്നാണ് നമ്മളെല്ലാം പറയുന്നത്. തൃശ്ശൂരിൽ ശ്രീ. സുരേഷ് ഗോപി ജയിക്കുമെന്നൊരു സ്ത്രീ പറയുകയാണ്. പിറ്റേദിവസം ആ സ്ത്രീക്ക് ഞങ്ങൾ വീടുവച്ചുകൊടുക്കുമെന്ന് കെ.പി.സി.സി.-യുടെ പ്രസിഡന്റ് പറയുകയാണ്. ഇതെന്ത് രാഷ്ട്രീയമാണ്? ഇതല്ലേ ബാർട്ടർ സിസ്റ്റം? 30 കി.മീ. അപ്പുറത്തുള്ള കുളത്തൂരിൽ ബി.ജെ.പി.-യുടെ മണ്ഡലം പ്രസിഡന്റിന്റെ വോട്ട് വാങ്ങിയാണ് നിങ്ങളുടെ മഹിളാ കോൺഗ്രസിന്റെ നേതാവ് ശ്രീമതി ഗീത സുരേഷ് കൈപ്പത്തി ചിഹ്നത്തിൽ ജയിച്ച് അവിടെ പ്രസിഡന്റായിരിക്കുന്നത്. ഇന്ത്യയിലെ സ്വാതന്ത്ര്യ

സമരസേനാനികളായ ഗാന്ധിയും നെഹ്റുവുമെല്ലാം നമുക്ക് നൽകിയിട്ടുള്ള വസ്ത്രമാണ് ഖദർ. അതിന്റെ രൂപമണിഞ്ഞാണ് നിങ്ങൾ കോൺഗ്രസായി പ്രവർത്തിക്കുന്നതെങ്കിൽ, നിങ്ങൾ ധരിച്ചിരിക്കുന്ന ഖദറിനോട് എന്തെങ്കിലും ആത്മാർത്ഥത നിങ്ങൾക്കുണ്ടെങ്കിൽ പ്രിയപ്പെട്ട എന്റെ സ്നേഹിതൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട്  പറയുകയാണ്, 30 കി.മീ. അപ്പുറത്തുള്ള കുളത്തൂരിലേയ്ക്ക് നിങ്ങൾ പോകണം, എന്റെ കോൺഗ്രസിന്റെ കൈപ്പത്തി ചിഹ്നത്തിൽ ജയിച്ച നിങ്ങളുടെ രാജി വേണമെന്ന് അവരോട് ആവശ്യപ്പെടണം. തന്നില്ലെങ്കിൽ പുറത്താക്കാനുള്ള മര്യാദയെങ്കിലും കാണിക്കണം. നിങ്ങൾക്ക് കഴിയില്ല. എന്തുകൊണ്ടാണ് നിങ്ങൾക്ക് ബി.ജെ.പി.-യെ വിമർശിക്കാൻ ഭയം? നിങ്ങൾക്ക് വിമർശിക്കാൻ ഭയം മറ്റൊന്നുമല്ല, നിങ്ങൾ നടത്തുന്ന ഇന്റർനാഷണൽ തട്ടിപ്പുകളുണ്ട്, ആ തട്ടിപ്പുകൾ പുറത്തുവരുമെന്ന ഭയമാണ്.  കഴിഞ്ഞ സഭാ സമ്മേളനത്തിന്റെ അവസാന ദിവസം ഇവിടെയെന്തായിരുന്നു. മലപ്പുറം കത്തി, അമ്പും വില്ലും എന്നൊക്കെയായിരുന്നു മൂവാറ്റുപുഴ അംഗം പറഞ്ഞത്.  ഇപ്പോൾ ആ ഇരിപ്പ് കണ്ടോ, പവനായി ശവമായി എന്ന നിലയിലല്ലേ.  എന്താണ്

അദ്ദേഹത്തെക്കുറിച്ച് പുറത്തുവരുന്ന വാർത്ത? സർക്കാർ ഭൂമി എന്നുവച്ചാൽ നാടിന്റെ ഭൂമി, നമ്മുടെ ഭൂമി, 53 സെന്റ് അദ്ദേഹം അപഹരിച്ചിരിക്കുന്നുവെന്നതാണ് ഇപ്പോൾ പുറത്തുവരുന്ന വാർത്ത. ഈ സ്ഥിതി വന്നപ്പോൾ ഞാൻ അവിടെ ചിന്നക്കനാലിൽ വിശദീകരിക്കുമെന്ന് പറഞ്ഞു. ഒരേക്കർ 17 സെന്റ് അല്ലെങ്കിൽ ഒരേക്കർ 21 സെന്റ് മൊത്തം ഭൂമി, അതിൽ 51 സെന്റ് എന്നൊക്കെ പറഞ്ഞാൽ ഒറ്റ നോട്ടത്തിൽ കൈയേറ്റമുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കാൻ കഴിയും. എന്റെ കൈയിൽ തട്ടിപ്പ് ഭൂമിയില്ലെന്ന് ഇദ്ദേഹം അളന്ന് തിട്ടപ്പെടുത്തി മാധ്യമങ്ങളുടെ മുമ്പിൽ വെളിപ്പെടുത്താൻ പോകുകയാണെന്ന് ഞാൻ കരുതി. പക്ഷേ, നമ്മൾ കണ്ടത് അവിടെ ചെന്ന് ബ...ബ്ബ...ബ്ബ... അടിക്കുന്ന ഡോ. മാത്യു കുഴൽനാടനെയാണ്. നിങ്ങൾക്ക് എന്തെങ്കിലും ധാർമ്മികതയുണ്ടെങ്കിൽ നിങ്ങൾ നാളെപ്പോയി ആ ഭൂമി അളന്ന് തിട്ടപ്പെടുത്തണം. അധിക ഭൂമിയില്ലെങ്കിൽ അത് വ്യക്തമാക്കണം, ഞങ്ങൾ പറഞ്ഞതൊക്കെ തിരിച്ചെടുക്കാം. ഇതുമാത്രമല്ല, എല്ലാത്തിന്റെയും പൊതുസഞ്ചയം അന്വേഷിച്ച് പോകുന്ന വ്യക്തിയാണല്ലോ അദ്ദേഹം. നിങ്ങളുടെ ഭൂമി രജിസ്റ്റർ ചെയ്തതിന്റെ രേഖ

പൊതുസഞ്ചയത്തിലുണ്ട്. ഞാൻ അത് എടുത്തു. നിങ്ങളുടെ ഭൂമി രജിസ്റ്റർ ചെയ്തത് 18-03-2021-ൽ ആണ്. അവിടെ ചിന്നക്കനാൽ വില്ലേജിൽ നിങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരേക്കർ 21 സെന്റ് ഭൂമി തൊട്ടടുത്ത ദിവസം, 19-03-2021-ൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കൊടുത്ത അഫിഡവിറ്റിൽ നിങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആ ഭൂമി മൂന്നരക്കോടി രൂപയ്ക്കാണ് നിങ്ങൾ വാങ്ങിയിട്ടുള്ളത്. പക്ഷേ, നിങ്ങൾ രജിസ്ട്രേഷനിൽ തട്ടിപ്പ് നടത്തി. ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപതിനായിരം രൂപയാണ് രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നുവച്ചാൽ അതിനുള്ള സ്റ്റാമ്പ് പേപ്പറാണ് നിങ്ങൾ കാണിച്ചിട്ടുള്ളത്. അതായത് നിങ്ങൾ നികുതി വെട്ടിപ്പ് നടത്തിയിരിക്കുന്നു. അതല്ലെങ്കിൽ നിങ്ങൾ അഫിഡവിറ്റിൽ കള്ളം പറഞ്ഞിരിക്കുന്നു. അഫിഡവിറ്റിൽ കള്ളം പറഞ്ഞാൽ ഈ സ്ഥാനത്തിരിക്കാൻ യോഗ്യതയില്ലെന്ന് നിങ്ങൾക്ക് അറിയില്ലേ? ഇതുമാത്രമോ, തൊട്ടതലേ ദിവസം രജിസ്റ്റർ ചെയ്ത ഭൂമി മാസങ്ങൾക്കുമുമ്പേ വാങ്ങിയതായാണ് അദ്ദേഹം അഫിഡവിറ്റ് കൊടുത്തിരിക്കുന്നത്. അങ്ങനെ കൊടുക്കാൻ കാരണം അത് ക്രിമിനൽ ബുദ്ധിയാണ്. ആ ക്രിമിനൽ

ബുദ്ധിയെന്ന് പറയുന്നതിന് പിന്നിൽ സാമ്പത്തിക തട്ടിപ്പാണ്. ധാരാളം കാര്യങ്ങൾ പറയാനുണ്ട്, സമയക്കുറവുമൂലം ദീർഘിപ്പിക്കുന്നില്ല. ഇദ്ദേഹത്തിന്റെ വീട് സ്ഥിതി ചെയ്യുന്നത് പി.ഡബ്ല്യു.ഡി. റോഡ് കൈയേറിയാണെന്നാണ് പറയുന്നത്. ഇദ്ദേഹത്തിന്റെ കുടുംബ ഭൂമിയിൽ നിലം മണ്ണിട്ടുനികത്തുന്നുവെന്ന ആരോപണം ഉയർന്നുവരുന്നു. തെരഞ്ഞെടുപ്പ് കമ്മീഷനുകൊടുത്ത ആസ്തികളേയും മറ്റും സംബന്ധിച്ച നിരവധി ആരോപണങ്ങൾ ഉയർന്നുവരുന്നുണ്ട്. ചിന്നക്കനാലിലെ ഭൂമി തന്നെ അവിടെയൊരു കേസിൽപെട്ട ഭൂമിയാണെന്ന ആരോപണവും ഭൂപരിഷ്കരണ നിയമം ലംഘിച്ച ബിൽഡിംഗ് ആണെന്ന ആരോപണവും ഉയർന്നുവരുന്നുണ്ട്. ഇതുസംബന്ധിച്ച് ഉടുമ്പൻചോലയിൽ ലാൻഡ് ബോർഡ് മുമ്പാകെ കേസുണ്ട്. ഇതെല്ലാമാണ് തട്ടിപ്പ്, നിങ്ങൾക്ക് ഇതിലൊക്കെ ഭയമുണ്ട്. ഇങ്ങോട്ട് വരുന്നതിനുമുമ്പ് പുതിയൊരു തട്ടിപ്പുമായി അങ്ങ് മൂവാറ്റുപുഴയിൽ ഇന്നലെ ഇറങ്ങിയിട്ടുണ്ട്. ഈ സംസ്ഥാന സർക്കാർ ലൈഫ് ഭവന പദ്ധതിയിൽ അവിടത്തെ പാവപ്പെട്ട ഏഴ് വ്യക്തികൾക്ക് വീടുവച്ചു കൊടുത്തു. ആ വീടുകൾ പായിപ്ര ഗ്രാമപഞ്ചായത്തിലാണ്. ആ ഏഴ് പേർക്ക്

നാല് ലക്ഷംരൂപ വീതം കൊടുത്തു. 25,000 രൂപ തൊഴിലുറപ്പിൽനിന്നും കൊടുത്തു. കഴിഞ്ഞ ദിവസം ആ വീടുകൾ ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. എം.എൽ.എ.-യുടെ സ്പർശം പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച 7 വീടുകളുടെ താക്കോൽദാനം ഇദ്ദേഹം നിർവ്വഹിക്കുകയാണ്. ഇതെന്ത് തട്ടിപ്പാണ്, ഇത് ശുദ്ധ തട്ടിപ്പല്ലേ? ഗവൺമെന്റിന്റെ പണം ഉപയോഗിച്ച് വീട് നിർമ്മിച്ച് കൊടുക്കുമ്പോൾ അതിന്റെ പേരിൽ പണപ്പിരിവ് നടത്തുക, അതിനുശേഷം അത് അദ്ദേഹത്തിന്റെ പദ്ധതിയാണെന്ന് പറയുക, അതാണ് ഇവർക്ക് ഭയം. നമുക്ക് ഭയമില്ല, ഇടതുപക്ഷത്തിന് ഭയമില്ല. ഇവരുടെ കോൺഗ്രസിനെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ; ഞങ്ങൾ ഒന്നുമല്ലാത്ത ഇന്നത്തെ ബംഗാളിൽ ഞങ്ങളുടെ ഡി.വൈ.എഫ്.ഐ.-ക്കാർ അവിടെ നടത്തിയ സമരമാണ്, ലക്ഷങ്ങൾ പങ്കെടുത്ത സമരം. ഒരു യൂത്ത് കോൺഗ്രസുകാരൻ ഇന്ത്യയിൽ എവിടെയെങ്കിലും ശ്രീ. നരേന്ദ്ര മോദിക്കും ബി.ജെ.പി.-ക്കുമെതിരെ സംസാരിച്ചതായി നിങ്ങൾക്ക് പറയാൻ കഴിയുമോ? എന്റെ പ്രസംഗം ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. വി. അൻവർ:</u> സർ, കേരളത്തിലെ ജനതയാകെ പ്രതീക്ഷയർപ്പിക്കുന്ന ഈ നയപ്രഖ്യാപനത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. 2016-മേയ് മാസത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നത്. പ്രതിപക്ഷമെന്നു പറഞ്ഞാൽ ഈ നാട്ടിൽ നടക്കുന്ന എല്ലാ പരിപാടികൾക്കും നാടിന്റെ എല്ലാ വികസനത്തിനും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന എല്ലാ പദ്ധതികൾക്കും ഒളിഞ്ഞും തെളിഞ്ഞും പാരവയ്ക്കുക എന്നതാണ് എന്ന് തെളിയിച്ചിട്ടുള്ള ഒരു പ്രതിപക്ഷമാണ് കഴിഞ്ഞ 7 വർഷമായി കേരളത്തിലുള്ളത്. ഇത് വെറുതെ പറയുകയല്ല, നമുക്കറിയാം 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി നേരിട്ടത് ഓഖി ദുരന്തമാണ്. ആ ഓഖി ദുരന്തത്തിലുണ്ടായ നഷ്ടങ്ങളിലും അതിലൂടെയുണ്ടായ പ്രതിസന്ധികളിലും കേരളത്തിലെ പ്രതിപക്ഷമെടുത്ത നിലപാട് എന്തായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാകേണ്ട പൈസയ്ക്കുവേണ്ടി ഒരു കത്തിടപാട് നടത്താൻപോലും തയ്യാറാകാത്തൊരു പ്രതിപക്ഷമാണ് ഇവിടെ ഇരിക്കുന്നത്. അതിനുശേഷം

2017-ൽ നിതാഖാത് - സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം അതായത്; നിതാഖത്തുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിനാളുകൾ അവിടെനിന്നും മടങ്ങിവരേണ്ടിവരുമെന്ന് മനസ്സിലാക്കിയ ഈ ഗവൺമെന്റ് അന്ന് മന്ത്രിസഭാംഗമായിരുന്ന ഡോ. കെ. ടി. ജലീലിനെ ഇവിടെനിന്നും ഒരു എൻവോയിയായി സൗദി അറേബ്യൻ ഗവൺമെന്റുമായി ചർച്ച നടത്തുന്നതിന് അയയ്ക്കാൻ തീരുമാനിച്ചു. അതിനെതിരായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി, പാരവച്ച്, അനുമതി നിഷേധിക്കാൻ മുന്നിൽ നിന്നവരാണ് പ്രതിപക്ഷത്തിരിക്കുന്നത്. അങ്ങനെ മടങ്ങിവന്ന ലക്ഷക്കണക്കിന് പ്രവാസികൾക്ക് ഒരു അത്താണിയൊരുക്കുകയെന്ന ലക്ഷ്യത്തോടെ മുഴുവൻ വിദേശ മലയാളികളെയും കൂട്ടിച്ചേർത്ത് ഈ സർക്കാർ ലോക കേരള സഭ രൂപീകരിച്ചു. അതിൽ പ്രതിനിധികളായി ലോകത്തിന്റെ നാനാഭാഗത്തുമുള്ള മലയാളി സമൂഹമെത്തി. എന്നാൽ അത് ധൂർത്താണെന്ന് പറഞ്ഞ് ആ പരിപാടി തന്നെ ബഹിഷ്കരിച്ചവരാണ് ഈ പ്രതിപക്ഷം. 2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽ 44,000 കോടി രൂപയുടെ നഷ്ടം ഈ സംസ്ഥാനത്തിനുണ്ടായെന്ന് കണക്കാക്കിയത് കേന്ദ്ര

ഏജൻസികളാണ്. എന്നിട്ടുപോലും കേന്ദ്രത്തിൽനിന്നും അഞ്ച് പൈസയുടെ സഹായം ലഭിച്ചിട്ടില്ല. അതിനെതിരെ അതിശക്തമായ ഇടപെടലുകൾ സംസ്ഥാന ഗവൺമെന്റ് നടത്തിയപ്പോഴും ഒരു പോസ്റ്റോഫീസിന്റെ മുമ്പിലെങ്കിലും സമരം നടത്താനോ ആ പണം വാങ്ങിത്തരാനോ കേരള ജനതയ്ക്ക് ആശ്വാസമുണ്ടാക്കാനോ കഴിയുന്ന എന്തെങ്കിലുമൊരു നടപടി ഇവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കോവിഡ് കാലഘട്ടത്തിൽ ലോകത്തിനുതന്നെ മാതൃകയായി ഈ കേരളം മാറിയപ്പോൾ കേന്ദ്ര ഗവൺമെന്റിനോടൊപ്പംനിന്ന് കേരളത്തിലെ ജനങ്ങളെ ഭയപ്പെടുത്തിയെന്ന് മാത്രമല്ല, കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട സഹായത്തിനുവേണ്ടി ഒരക്ഷരം ഉരിയാടുകപോലും ചെയ്യാത്തവരാണ് ഈ പ്രതിപക്ഷം. എൻ.എച്ച്. 66, ആറുവരിപ്പാത - നാഷണൽ ഹൈവേ പദ്ധതി തടസ്സപ്പെടുത്തുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്തവരാണ് പ്രതിപക്ഷത്തിരിക്കുന്നവർ. അതിനുശേഷം ഗെയിൽ പൈപ്പ് ലൈൻ, കൂടംകുളം പദ്ധതി, വാട്ടർ മെട്രോ എന്നിവ കൊണ്ടുവന്നപ്പോഴും ഇവരുടെ സമീപനം ഇതുതന്നെയായിരുന്നു. വാട്ടർ മെട്രോ ആരംഭിച്ചാൽ മത്സ്യബന്ധന

പ്രദേശത്തിന് വലിയ നഷ്ടമുണ്ടാകുമെന്നും മത്സ്യം ഇല്ലാതാകുമെന്നും മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകുമെന്നുമൊക്കെയാണ് അവർ പറഞ്ഞത്. വയനാട് തുരങ്കപാതയെപ്പറ്റി ഒരു മെമ്പർ ഇവിടെ സൂചിപ്പിച്ചു,. ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഈ തുരങ്കപാത ഇവിടെ തുടങ്ങാൻ അനുവദിക്കില്ലെന്ന് പറഞ്ഞ പ്രതിപക്ഷനേതാവാണ് ഇവിടെയുള്ളത്. അതിന്റെ പണി ആരംഭിക്കാൻ പോകുകയാണ്. കെ-ഫോൺ പദ്ധതിക്കെതിരെ ബഹുമാനപ്പെട്ട കോടതി വരെപ്പോയി, കോടതിയിലേയ്ക്ക് പോയ കാര്യത്തെക്കുറിച്ചൊന്നും ഞാൻ ഇവിടെ വിശദീകരിക്കേണ്ടതില്ല. കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച് കഴിഞ്ഞ ഇത്രയും ദിവസമായി ഈ സഭയ്ക്കകത്തും പുറത്തുമായി ഇവർ വാദിച്ചുകൊണ്ടിരിക്കുന്നതെന്താണ്? കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് നൽകാനുള്ള വിഹിതങ്ങൾ കിട്ടാത്തതുകൊണ്ടാണ് ഈ പ്രയാസങ്ങൾ മുഴുവൻ അനുഭവിക്കുന്നതെന്ന് കൃത്യമായി അറിയുന്നവരാണ് ഇവർ. അതിനുവേണ്ടി പോരാടേണ്ടവർ; കേന്ദ്രം വിഹിതം നൽകാതിരിക്കുന്നത് ശരിയാണെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ

പ്രതിപക്ഷനേതാവിനോട് ഒരു കാര്യം മാത്രം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പറയുക മാത്രമല്ലല്ലോ ഈ ഗവൺമെന്റ് ചെയ്തത്, ഇതിന്റെ അവസാനത്തെ അത്താണിയെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി നാല് ദിവസം മുമ്പ് ടി കേസിന്മേൽ വാദം കേട്ടു. സുപ്രീംകോടതി എന്താണ് പറഞ്ഞത്, പ്രഥമദൃഷ്ട്യാ കേരളത്തിന്റെ വാദങ്ങൾ ശരിയാണെന്ന് തോന്നുന്നു എന്നാണ്. അതിനാൽ ഡീറ്റെയിൽഡായ വാദത്തിനുവേണ്ടി കേസ് മാറ്റിവച്ചു. അപ്പോൾ കേരളത്തിലെ ജനങ്ങളെ മുഴുവൻ തെറ്റിദ്ധരിപ്പിക്കുമ്പോൾ ഇക്കാര്യത്തിൽ കഴമ്പുണ്ടെന്ന് ഇന്ത്യയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി പരാമർശം നടത്തുമ്പോൾ ഇപ്പോഴും കേന്ദ്രം ചെയ്തത് ശരിയാണെന്നാണ് പ്രതിപക്ഷാംഗങ്ങൾ ഈ സഭയിൽ വന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇവർ ആരുടെ കൂടെയാണ് നിൽക്കുന്നത്. കേരളത്തിലെ മൂന്നരക്കോടി ജനതയോടൊപ്പമാണോ അതോ ഈ നാട് നശിക്കണമെന്നാഗ്രഹിക്കുന്ന ആർ.എസ്.എസ്-ന്റേയും ബി.ജെ.പി.-യുടേയും കേന്ദ്ര ഭരണത്തിന്റേയും ഒപ്പമോ? ഇവർക്ക് ശമ്പളം കൊടുക്കുന്നത്

കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ നികുതിയിൽനിന്നാണെന്നുള്ള ഒരു ഉത്തരവാദിത്വ ബോധമെങ്കിലും ഈ ഇരിക്കുന്ന പ്രതിപക്ഷാംഗങ്ങൾക്കുണ്ടോ? ഒരിക്കലുമുണ്ടായിട്ടില്ല. എനിക്ക് ഒരു കാര്യം ഈ സഭയെ ബോധ്യപ്പെടുത്താനുണ്ട്. ദയവായി ഞാനിത് പറഞ്ഞ് തീരുന്നതുവരെ പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ക്ഷമിച്ചിരിക്കണമെന്ന് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഒരു സുപ്രധാന പദ്ധതിയാണ് 'കെ-റെയിൽ' അഥവാ സിൽവർ ലൈൻ. കേരളത്തിന്റെ രണ്ടറ്റങ്ങളെ കൂട്ടിമുട്ടിക്കുന്ന അതിവേഗ നിർദ്ദിഷ്ട റെയിൽപ്പാതയായിരുന്നു നാം വിഭാവനം ചെയ്ത സിൽവർ ലൈൻ പദ്ധതി. പദ്ധതി നടപ്പിലായിരുന്നെങ്കിൽ അടിസ്ഥാന സൗകര്യവികസനത്തിലും സാമ്പത്തിക വളർച്ചയിലും തൊഴിൽ ലഭ്യതയിലും കേരളം രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയരുമായിരുന്നുവെന്ന കാര്യത്തിൽ തർക്കമില്ല. അഞ്ചുവർഷം കൊണ്ട് ഇരുപത്തിയഞ്ച് വർഷത്തെ പുരോഗതി കൈവരിക്കാൻ പറ്റുമായിരുന്ന നമ്മുടെ സ്വപ്ന പദ്ധതിയെ അട്ടിമറിക്കാൻ ഒരു വൻ സാമ്പത്തിക

അഴിമതിയുടെ ഗൂഢാലോചന നടന്നിട്ടുണ്ടെന്ന കാര്യം വിഷമപൂർവ്വം ഞാൻ ഈ സഭയെ അറിയിക്കട്ടെ. ഇന്ത്യയിൽ ഏറ്റവും ജനസാന്ദ്രതയുള്ള സംസ്ഥാനം ഈ കൊച്ചു കേരളമാണല്ലോ; കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് യാത്രാപ്രശ്നം. ഭൂമിയുടെ ലഭ്യതയാണ് ഇതിന്റെ അടിസ്ഥാനം. ആയതിനാൽ ഇതിനെ മറികടക്കാൻ കേരളത്തിലെ ഈ യാത്രാപ്രശ്നത്തിനൊരു പരിഹാരമെന്ന നിലയ്ക്കാണ് സിൽവർ ലൈൻ പദ്ധതിയുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോയത്. ഒന്നാം ഘട്ടത്തിൽ കാര്യമായ എതിർപ്പ് പ്രകടിപ്പിക്കാതിരുന്ന പ്രതിപക്ഷം അർഹരായവർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന ആവശ്യം മാത്രമായിരുന്നു ഉയർത്തിയിരുന്നത്. പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോയപ്പോൾ കോൺഗ്രസ് നേതൃത്വത്തിന്റെ സ്വരം പൊടുന്നനെ മാറുകയും ഒരു കാരണവശാലും പദ്ധതി നടപ്പാക്കാൻ സമ്മതിക്കില്ലെന്ന വാശിയോടുള്ള സമീപനം സ്വീകരിക്കുകയുമാണ് ചെയ്തത്. 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കെ-റെയിൽ പദ്ധതിയെ ഒരു ഭീകരരൂപമാക്കി കേരളത്തെ

ഇതാ രണ്ടായി വെട്ടിമുറിക്കാൻ പോകുന്നുവെന്ന രൂപത്തിൽ കുപ്രചരണം നടത്തി ചില മാധ്യമങ്ങളെ കൂട്ടുപിടിച്ച് പാവപ്പെട്ട ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് കേരളത്തിലുടനീളം സമരത്തിന് നേതൃത്വം നൽകിയവരിൽ പ്രധാനി ഈ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനായിരുന്നു. സിൽവർ ലൈൻ പദ്ധതിയിലൂടെ ഐ.ടി. മേഖലയിൽ സംസ്ഥാനം നേടുന്ന വൻകുതിച്ചുചാട്ടത്തെക്കുറിച്ച് അന്യസംസ്ഥാനങ്ങളിലെ ഐ.ടി. ഭീമന്മാർ പഠിക്കാൻ തുടങ്ങി. ഈ പദ്ധതി നടപ്പിലായാൽ കെ-റെയിൽ കടന്നുപോകുന്ന പതിനൊന്ന് ജില്ലകളും ഐ.ടി. ഹബ്ബുകളായി മാറുമെന്നും ഇവിടങ്ങളിലേയ്ക്ക് കേരളത്തിലെ ഹൈലി പ്രൊഫഷണലായ യുവതീ/യുവാക്കൾ ലോ കോസ്റ്റ് സാലറിയിൽ ജോലിക്കെത്തുമെന്ന് കർണ്ണാടകയിലെയും ഹൈദരാബാദിലെയും ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ സ്പെയിസ് ലെൻഡിംഗ് കോർപ്പറേറ്റുകൾ നടത്തിയ സർവ്വേയിൽ കാര്യങ്ങൾ മനസ്സിലാക്കി. കേരളത്തിൽ പ്രൊഫഷണലി ക്വാളിഫൈഡായ, പ്ലസ്ടു മുതൽ പി.ജി. വരെ വിദ്യാഭ്യാസ യോഗ്യതയുള്ള ഏകദേശം 25 ലക്ഷത്തോളം കുടുംബിനികൾ തൊഴിൽ ലഭിക്കാത്തവരായുണ്ടെന്നും കുടുംബപരമായ

ബുദ്ധിമുട്ടുകൾകൊണ്ട് മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും വിട്ട് അന്യനാട്ടിൽ പോയി തൊഴിലെടുക്കാൻ സാധിക്കില്ലെന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ലഭിക്കുന്നതിന്റെ പകുതി ശമ്പളമെങ്കിലും ഇവിടെനിന്നും കിട്ടിയാൽപോലും അവർ ജോലി ചെയ്യാൻ തയ്യാറാകുമെന്നും ഈ സർവ്വേയിലൂടെ ഈ കമ്പനികൾ കണ്ടെത്തി. കേരളം ഒരു ഐ.ടി. തുരുത്തായി രൂപാന്തരം പ്രാപിക്കുമെന്നും മലയാളി യുവത കേരളത്തിൽത്തന്നെ ജോലി ചെയ്യാൻ സന്നദ്ധമാകുമെന്നും അവർ കണക്കുകൂട്ടി. ഏറ്റവും കുറഞ്ഞ ശമ്പളത്തിൽ, വിദ്യാഭ്യാസവും കഴിവും പ്രാപ്തിയും ശേഷിയുമുള്ള കുടുംബിനികളെ എത്രവേണമെങ്കിലും ഐ.ടി. മേഖലയിൽ പ്രവർത്തിക്കാൻ കേരളത്തിന് കിട്ടുമെന്നും ഇങ്ങനെ സംഭവിച്ചാൽ 2035 - 2040 കാലഘട്ടത്തിലേയ്ക്കുള്ള വികസനം കണക്കാക്കി കർണ്ണാടകയിലെയും ഹൈദരാബാദിലെയും ഐ.ടി. കമ്പനികൾ വാങ്ങിക്കൂട്ടിയ ഭൂമിയിൽ ലാൻഡ് ബാങ്ക്, സ്പെഷ്യൽ ഇക്കണോമിക് സോൺ പെർമിഷനടക്കം ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഭീമൻ കെട്ടിടങ്ങളിൽ വലിയൊരു ശതമാനത്തോളം പാഴാകുമെന്നും ഇതിലൂടെ

തങ്ങൾക്ക് വരാനിരിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ ലെൻഡിംഗ് ബിസിനസ് അവതാളത്തിലാകുമെന്നും ഇത് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നും അവർ മനസ്സിലാക്കി. ഈ വികസന വിപ്ലവത്തെ തടയിടാനുള്ള പോംവഴിയായി അവർ കണ്ടെത്തിയത് കേരളത്തിലെ കോൺഗ്രസ്സിനെ കൂടെനിർത്തി ഈ പദ്ധതിയെ തകർക്കുകയെന്നതായിരുന്നു. xxx xxx xxx xxx+ ദൗത്യം വിജയിച്ചാൽ ശ്രീ. വി. ഡി. സതീശന് കിട്ടിയ ഓഫർ കേരളത്തിന്റെ മുഖ്യമന്ത്രി പദമായിരുന്നു. ഈ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നെ പരാജയപ്പെടുത്താൻ എത്ര പണം ചെലവഴിക്കാനും ഈ കമ്പനികൾ അന്ന് തയ്യാറായിരുന്നു. ഇനിയാണ് നിങ്ങൾ കേൾക്കേണ്ടത്, നിങ്ങളെപ്പോലും വിറ്റ് നിങ്ങളുടെ നേതാവ് പണം വാങ്ങിയിട്ടുണ്ടോയെന്ന് നിങ്ങൾ ഓരോരുത്തരും ആലോചിച്ചുനോക്കൂ; ഈ ആവശ്യത്തിലേയ്ക്ക് 2021 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ 150 കോടി രൂപയാണ് ഇലക്ഷൻ ഫണ്ടെന്ന നിലയ്ക്ക് കൈക്കൂലിയായി ശ്രീ. വി. ഡി. സതീശന്റെ കൈയിലെത്തിയിട്ടുള്ളത്. ബാംഗ്ലൂരിൽനിന്നും ഫ്രോസൺ ചെയ്ത മത്സ്യം കൊണ്ടുവരുന്ന 20 feet

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.1885/ഇ.ബി./2024/നി.സെ.) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

container ലോറിയിൽ 50 കോടിരൂപ വീതം മൂന്ന് ഘട്ടങ്ങളായാണ് പണം തൃശ്ശൂർ ചാവക്കാടിനടുത്തുള്ള ചേറ്റുവ കടപ്പുറത്തെത്തിച്ചത്. അവിടെനിന്നും രണ്ട് ആംബുലൻസുകളിലായി ശ്രീ. വി. ഡി. സതീശന്റെ കൂട്ടാളികളുടെ കൈയിൽ ഈ പണമെത്തി. 150 കോടി രൂപ വന്നിട്ട് നിങ്ങൾക്കെന്ത് കിട്ടിയെന്ന് എനിക്കറിയില്ല. ഈ വിവരം അറിഞ്ഞപ്പോൾ എനിക്കറിയാവുന്ന കുറച്ച് കോൺഗ്രസ് സുഹൃത്തുക്കളോട് ഇലക്ഷൻ ഫണ്ടായി എന്താണ് കിട്ടിയതെന്ന് ഞാൻ അന്വേഷിച്ചപ്പോൾ ഫണ്ട് വരും, നിങ്ങൾ മുന്നോട്ടുപൊയ്ക്കോ എന്നുപറഞ്ഞതായാണ് അറിയാൻ സാധിച്ചത്. കോൺഗ്രസിന്റെ പാവപ്പെട്ട പല സ്ഥാനാർത്ഥികളും വീട് പണയം വച്ചതിന്റെ പേരിൽ ഇപ്പോൾ ജപ്തി നടപടി നേരിടുകയാണ്. ഇങ്ങനെ വാങ്ങിയ പണത്തിന്റെ എത്ര ശതമാനമാണ് നിങ്ങൾക്ക് കിട്ടിയതെന്ന് എനിക്കറിയില്ല. അത് കിട്ടിയവർക്കറിയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കർണ്ണാടകയിലാണ് ഈ പണം നിക്ഷേപിച്ചിട്ടുള്ളത്. അദ്ദേഹം എന്നും രാവിലെ ബാംഗ്ലൂരിലേയ്ക്കാണ് പോകുന്നത്. ആ യാത്രാ രേഖകൾ പരിശോധിക്കട്ടെ. ഒരു മാസത്തിൽ മൂന്ന് തവണയെങ്കിലും

കേരളത്തിന്റെ പ്രതിപക്ഷനേതാവ് ബാംഗ്ലൂരിൽ പോയിട്ടുണ്ടോ ഇല്ലയോ എന്നത് അന്വേഷണ ഏജൻസികൾ പരിശോധിക്കട്ടെ. 2021-ലെ തൃക്കാക്കര തെരഞ്ഞെടുപ്പിലും മുഖ്യവിഷയമായി നിങ്ങൾ ഉയർത്തിയത് ഈ കെ-റെയിൽ പദ്ധതിയായിരുന്നു. ആ തെരഞ്ഞെടുപ്പിന് എത്ര കോടി രൂപയാണ് കിട്ടിയത്? 25 കോടി രൂപ. യു.ഡി.എഫ്.-ന്റെ ആദ്യത്തെ ഇലക്ഷൻ സമ്മേളനത്തിൽ കെ.പി.സി.സി. പ്രസിഡന്റിന് വന്നപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതെന്താണെന്ന് നിങ്ങൾക്കറിയാമോ? ഇവിടെ ഇലക്ഷൻ ഞാൻ നടത്തും. എനിക്ക് കെ.പി.സി.സി.-യുടെ ഒരു ഔദാര്യവും ആവശ്യമില്ലെന്നാണ് അന്ന് പറഞ്ഞത് ശ്രീ. രമേശ് ചെന്നിത്തലയടക്കം ഈ 25 കോടി രൂപയുടെ ബലത്തിലായിരുന്നോ എന്ന് അന്വേഷിക്കണം. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ അവസ്ഥയിൽ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഇരുപത്തിയഞ്ച് വർഷത്തെ പുരോഗതിയുണ്ടാകുമായിരുന്ന കേരളത്തിൽ ഈ സ്വപ്ന പദ്ധതിയെ ഇത്തരമൊരു ഗൂഢാലോചനയിലൂടെ പണം വാങ്ങി അട്ടിമറിക്കപ്പെട്ട മാപ്പ് അർഹിക്കാത്ത കൊടും പാപമാണ്

അദ്ദേഹം ചെയ്തിരിക്കുന്നത്. ഈ അഴിമതിയും ഗൂഢാലോചനയും സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തേണ്ടതുണ്ട്. ഇതിലുൾപ്പെട്ട പ്രതിപക്ഷനേതാവിനെയും കൂട്ടാളികളെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരണം. xxx xxx xxx+ (......ബഹളം......)

<u>ശ്രീ. ആന്റണി രാജു:</u> സർ, ഈ നന്ദി പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയ നയപ്രഖ്യാപനത്തെ ഈ പ്രതിപക്ഷം എതിർക്കുന്നത് എന്തിനാണെന്ന് അവർക്കുപോലും അറിയില്ല. (......ബഹളം......) എന്റെ സമയം പോയിക്കൊണ്ടിരിക്കുകയാണ്. (......ബഹളം......)

<u>മി. സ്പീക്കർ:</u> പ്ലീസ്......പ്ലീസ്..... പ്രതിപക്ഷനേതാവ് ക്ലാരിഫൈ ചെയ്യും. ശ്രീ. പി. വി. അൻവർ, അദ്ദേഹം സംസാരിക്കുന്നുണ്ടല്ലോ, .....പ്ലീസ്....പ്ലീസ്.

<u>ശ്രീ. ആന്റണി രാജു:</u> അതുകൊണ്ട് അവരോട് അവർതന്നെ പൊറുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിദാരിദ്ര്യ നിർമ്മാർജ്ജനം, മാലിന്യമുക്ത കേരളം, മേക്ക്-ഇൻ-കേരള, ഇ-ഗവേണൻസ് തുടങ്ങി ലോകം അംഗീകരിച്ച ഇലക്ട്രിക് ബസ് വാങ്ങുന്ന

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫ.നം.1885/ഇ.ബി./2024/നി.സെ.) സഭാരേഖകളിൽനിന്നും നീക്കംചെയ്തു.

പ്രഖ്യാപനത്തെപ്പോലും നിങ്ങൾ എതിർക്കുകയല്ലേ? ഇന്നലെ ഉച്ചയ്ക്കുണ്ടിട്ടിരുന്ന ശ്രീ. എം. വിൻസെന്റിന് ഒരു ഉൾവിളിയുണ്ടായതുപോലെ ഇലക്ട്രിക് ബസ് നഷ്ടമാണെന്ന് അദ്ദേഹം പ്രഖ്യാപിക്കുന്നു. ഇന്നലെ 2024 ജനുവരി 30-ന് ഇന്ത്യൻ എക്സ്പ്രസിൽ വന്ന വാർത്തയെന്താണ്? കർണ്ണാടകയിൽ അവരുടെ മുഖ്യമന്ത്രി ' BMTC flags off 100 electric buses in Bengaluru amid boycott call by union' എന്നായിരുന്നു. അതുകൂടാതെ അദ്ദേഹം പറയുകയാണ് It will touch 1,751 by April 2024. ഇത് എവിടെയാണ്; കർണ്ണാടകത്തിൽ. തെലുങ്കാനയിൽ ഭരിക്കുന്നത് നിങ്ങളാണല്ലോ; തെലുങ്കാനയിൽ ഇന്നലെ വാർത്തയുണ്ടായിരുന്നല്ലോ; TSRTC to add around 1,860 electric buses by 2025. ഹിമാചൽപ്രദേശിൽ നിങ്ങളാണല്ലോ ഭരിക്കുന്നത്. കഴിഞ്ഞയാഴ്ച വന്ന വാർത്തയെന്താണ്; 'Himachal govt flags off 20 new e-buses, plans to replace 1500 HRTC buses in phases'. നിങ്ങൾ ഭരിക്കുന്ന കർണ്ണാടകയിൽ, (....ബഹളം......) ശ്രീ. എം. വിൻസെന്റിനോടാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം അങ്ങോട്ട് നോക്കണ്ട. ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

<u>ശ്രീ. ആന്റണി രാജു</u>: സർ, നിങ്ങൾ ഭരിക്കുന്ന കർണ്ണാടകയിലും ഹിമാചൽപ്രദേശിലും തെലുങ്കാനയിലും ഇ-ബസ് കൊള്ളാം, കേരളത്തിൽ കൊള്ളില്ല. നിങ്ങളിട്ടാൽ ബെർമുഡ, ഞങ്ങളിട്ടാൽ വള്ളിക്കളസം, എന്താണിത്; പിണറായി സർക്കാർ ചെയ്യുന്നതെല്ലാം തെറ്റാണെന്ന് വരുത്തിത്തീർക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഇലക്ട്രിക് ബസ് നഷ്ടമാണെന്ന് ഇന്നലെ പ്രതിപക്ഷം പറഞ്ഞല്ലോ; ഇത് നടപ്പാക്കിയത് ആരോട് ചോദിച്ച് പഠിച്ചിട്ടാണെന്ന് നിങ്ങൾ ചോദിച്ചല്ലോ, 2016-ലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ റിപ്പോർട്ടിൽ എന്താണ് പറയുന്നത്? 'Electric buses generate 27% more revenue and 82% more profit than diesel buses' എന്നാണ്. ബസിന് എത്രകാലം ആയുസുണ്ടെന്ന് പ്രതിപക്ഷം ചോദിച്ചല്ലോ, ബസിനെക്കുറിച്ച് Crisil (Credit Rating Information Services of India Limited) പഠിച്ചുകൊടുത്ത റിപ്പോർട്ട് എന്താണ്? E-buse's life 15 years span 6-7 വർഷമാകുമ്പോൾ breakeven ആകുമെന്നാണ്

പറയുന്നത്. വസ്തുതകളും കാര്യങ്ങളും പഠിക്കാതെയും മനസ്സിലാക്കാതെയും അന്ധൻ ആനയെ കണ്ടതുപോലെ പ്രതിപക്ഷം വായിൽ തോന്നുന്നതെല്ലാം കോതയ്ക്ക് പാട്ട് എന്നതുപോലെ പറയുകയാണ്. നിങ്ങളുടെ കാലത്ത് നടക്കാത്ത കാര്യങ്ങളൊന്നും പിണറായി സർക്കാരിന്റെ കാലത്ത് നടക്കാൻ പാടില്ലെന്ന വിചാരംകൊണ്ടാണ് വളരെ നന്നായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെതിരെ ഇത്തരത്തിലുള്ള വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഒന്നിനും കണക്കില്ല എന്ന് ശ്രീ. എം. വിൻസെന്റ് ഈ സഭയ്ക്കകത്തും പുറത്തും പറഞ്ഞു. രണ്ടാം പിണറായി സർക്കാർ അധികാരമേൽക്കുമ്പോൾ 2021-ൽ, 2014-15 വരെയുള്ള ഓഡിറ്റ് മാത്രമേ നടന്നിരുന്നുള്ളൂ എന്നാണ് പറഞ്ഞത്. 2021 ഡിസംബർ ആയപ്പോഴേയ്ക്കും 2021-22 വരെയുള്ള കണക്കുകൾ ഓഡിറ്റ് ചെയ്ത് ഓഡിറ്റർ ജനറലിന് സമർപ്പിച്ചുകഴിഞ്ഞു, IT-GST റിട്ടേണുകൾ മുഴുവനായും ഫയൽ ചെയ്തുകഴിഞ്ഞു. എന്നിട്ടും കണക്കില്ലെന്ന് പറയുന്ന ഇവർ കഥയറിയാതെ ആട്ടം കാണുകയാണ്. സംസ്ഥാനം ഭരിക്കുന്ന ഗവൺമെന്റിന്റെ എല്ലാ കാര്യങ്ങളെയും കണ്ണടച്ച് എതിർക്കുന്നത് ശരിയാണോയെന്ന് ഇവർ

ആലോചിക്കുന്നത് നല്ലതാണ്. കേരളത്തിന്റെ വികസനത്തിന് വമ്പിച്ച സാദ്ധ്യതകളുടെ കവാടം തുറക്കുന്ന കെ-റെയിൽ പദ്ധതി അട്ടിമറിക്കാനായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട പി. വി. അൻവർ സൂചിപ്പിച്ചപ്പോൾ പ്രതിപക്ഷനേതാവ് ഒന്നും മിണ്ടിയില്ല. അന്യസംസ്ഥാനങ്ങൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കാനും അങ്ങനെ കേരളത്തിന്റെ പുരോഗതിയും വികസനവും തടയാനും ഇവിടത്തെ പ്രതിപക്ഷവും കോൺഗ്രസ്സും നടത്തുന്ന ഗൂഢനീക്കത്തെക്കുറിച്ച് പറഞ്ഞിട്ടും ഇവർക്ക് പ്രതികരണമില്ലാതെ പോയത് എന്തുകൊണ്ടാണ്? ഇവർക്കെന്നും ചെയ്യാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എന്തിനും ഏതിനും ആക്ഷേപിക്കുക എന്നതാണ്. Ineffective-ഉം Inefficient-ഉം ആയ, experience ഇല്ലാത്ത ഒരു പ്രതിപക്ഷനേതാവ് എന്ന് ഈ പ്രതിപക്ഷനേതാവിനെക്കുറിച്ച് പറഞ്ഞത് ഇവരുടെ നേതാവും കെ.പി.സി.സി.-യുടെ മുൻ പ്രസിഡന്റുമായ ശ്രീ. കെ. മുരളീധരനാണ്. കെ.പി.സി.സി.യുടെ പ്രസിഡന്റ് ശ്രീ. കെ. സുധാകരൻ ഒരു കഴിവുമില്ലാത്ത പ്രസിഡന്റാണെന്ന് പറഞ്ഞതും ശ്രീ. കെ. മുരളീധരനാണ്. ഈ

പ്രതിപക്ഷനേതാവ് നാവെടുത്താൽ നാൽപ്പത് വട്ടം കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ അധിക്ഷേപിക്കാനും ആക്ഷേപിക്കാനുമാണ് ശ്രമിക്കുന്നത്. ഒരു പ്രതിപക്ഷനേതാവും ഇതുപോലെ കേരളത്തിന്റെ മുഖ്യമന്ത്രിയെ വ്യക്തിപരമായി ആക്ഷേപിച്ച ചരിത്രമുണ്ടോ? അദ്ദേഹം എന്താണ് ചെയ്യുന്നത്, നിയമസഭയുടെ മുമ്പിൽ പോയിനിന്നുകൊണ്ട് അണികളോട് സെക്രട്ടേറിയറ്റ് കത്തിക്കൂ എന്ന് ആഹ്വാനം ചെയ്യുകയാണ്. നിങ്ങൾ അടിക്കൂ...അടിക്കൂ... എന്ന് ഈ പ്രതിപക്ഷനേതാവ് പറഞ്ഞില്ലേ? പ്രാപ്തിയുള്ള, പക്വതയുള്ള ഒരു പ്രതിപക്ഷനേതാവിന് ചേരുന്ന വാചകങ്ങളാണോ സെക്രട്ടേറിയറ്റിന് മുമ്പിൽ പോയിനിന്ന് ഇദ്ദേഹം പറഞ്ഞത്. ഇദ്ദേഹം നയിക്കുന്ന ഒരു മുന്നണിയുടെ അവസ്ഥ എന്തായിരിക്കും? ഒരു പ്രതിപക്ഷനേതാവ് ഇങ്ങനെയാണെങ്കിൽ അവരിൽ ബാക്കിയുള്ളവരുടെ അവസ്ഥ എന്തായിരിക്കും. ബൈബിളിലെ ഒരു വാക്യമാണ് എനിക്ക് ഓർമ്മ വരുന്നത്, പ്രഭാഷകന്റെ പുസ്തകം (2:5) “സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും”. സ്വർണ്ണം അഗ്നിയിൽ ശുദ്ധി

ചെയ്യപ്പെടുന്നപോലെ സഹനത്തിന്റെ തീച്ചൂളയിൽ ജനങ്ങൾക്ക് സ്വീകാര്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണുള്ളത്. അതിനെതിരെ നിങ്ങളുടെ ഓലപ്പാമ്പിനെ കാണിച്ചാൽ ഒന്നും സംഭവിക്കാൻ പോകുന്നില്ല. അതുകൊണ്ട് ഞാൻ ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, കുക്കുടഭോഗം പോലെ പ്രസംഗിച്ച ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഇന്ന് ഭരണപക്ഷം തിരിഞ്ഞിരിക്കുന്നത് പ്രതിപക്ഷനേതാവിന്റെ നേരെയാണ്. നിങ്ങൾക്ക് ഏറ്റവുമധികം പേടിയുള്ള ആൾ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനാണെന്ന് അതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. സാധാരണ സഭയിൽ ഇല്ലാത്തവിധം നിങ്ങളെല്ലാവരും ഒരാളെ ഫോക്കസ് ചെയ്താണ് സംസാരിച്ചത്. നമ്മുടെ മുൻമന്ത്രി ശ്രീ. ആന്റണി രാജു പറഞ്ഞതൊന്നും ഇങ്ങോട്ടേയ്ക്കല്ല, അത് ശ്രീ. കെ. ബി. ഗണേഷ് കുമാറിനുള്ളതാണ്. ഗണേഷ് അവിടെ ഇല്ലാത്തത് നിങ്ങളുടെ ഭാഗ്യം എന്നല്ലാതെ മറ്റൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹം ആർ. ബാലകൃഷ്ണപിള്ളയുടെ മകനാണ്,

അതിനനുസരിച്ചുള്ള മറുപടി അവിടെനിന്നുതന്നെ കിട്ടിയിരിക്കും. മുഖ്യമന്ത്രി സൂര്യനെപ്പോലെയാണെന്ന് പറഞ്ഞത് ആരാണ്? ശ്രീ. എം. വി. ഗോവിന്ദൻ മാഷാണ് അങ്ങനെ പറഞ്ഞത്. ഹേ, കമ്മ്യൂണിസ്റ്റുകാരേ ഞാനൊന്ന് ചോദിക്കട്ടേ, വ്യക്തിപൂജ പാടില്ല, ആളുകളെ പുകഴ്ത്താൻ പാടില്ല, ഫ്ലക്സ് വയ്ക്കാൻ പാടില്ല, ആൾദൈവങ്ങൾ പാടില്ല എന്നെല്ലാം പറഞ്ഞുകൊണ്ടിരുന്ന നിങ്ങളുടെ പാർട്ടിയുടെ ഏത് പോളിറ്റ്ബ്യൂറോയിലാണ്, എത്രാമത്തെ പാർട്ടി കോൺഗ്രസിലാണ് ഈ നയംമാറ്റമുണ്ടാക്കിയതെന്ന് പറയാമോ? നിങ്ങൾ നയം മാറ്റിയെങ്കിൽ പറയണമല്ലോ; ഞങ്ങൾ ഇതെല്ലാംകേട്ട് അന്തംവിടുകയാണ്. എന്റെ മണ്ഡലത്തിൽ ശ്രീ. സജി ചെറിയാൻ വന്ന് ചൊറിഞ്ഞു, മൂപ്പർ അല്ലെങ്കിൽത്തന്നെ ചൊറിയാണ്. ഒരുപാട് വികസനം വന്നുവെന്ന് പറഞ്ഞു, മണ്ഡലത്തിൽ നടത്തിയ വികസനത്തെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞത് മുഴുവൻ ഉമ്മൻ ചാണ്ടിയുടെ കാലത്ത് വന്ന വികസനത്തെക്കുറിച്ചാണ്, അതും കഴിഞ്ഞ് പറഞ്ഞത് 'അവിടെ പൊന്തക്കാട്ടിൽ ബഷീർ ഉണ്ടാകും, ഇവിടെ വന്ന് വേണമെങ്കിൽ മുഖ്യമന്ത്രിയുടെ അടുത്തിരിക്കാം' എന്നാണ്. പടച്ചോനേ, ഇയാൾ

സൂര്യനാണല്ലോ, അടുത്തുപോയിരുന്നാൽ ഞാൻ കരിഞ്ഞുപോകില്ലേ എന്നാണ് ഞാൻ അപ്പോൾ ആലോചിച്ചത്. നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ, നിങ്ങളുടെ പാർട്ടിക്ക് എന്തെങ്കിലും ഒരു നയം ഉണ്ടോ; നവകേരള സദസ്സിൽ എന്താണുണ്ടായത്? ഈ പരിപാടി പരാതി സ്വീകരിക്കാനുള്ളതാണെന്ന് ആദ്യം പറഞ്ഞു, ജനങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാനാണെന്ന് പിന്നെ പറഞ്ഞു, സംവാദം നടത്താനാണെന്ന് അവസാനം പറഞ്ഞു. നിങ്ങൾ സംവാദം നടത്തിയത് ആരോടാണ്? ഏറ്റവും വലിയ പണക്കാരോടും പൗരപ്രമുഖർ എന്നുപറയുന്ന ആളുകളെ വിളിച്ചുമാണ് സംവാദം നടത്തിയത്. അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിയാണെന്ന് പറയുന്ന ഒരു പാർട്ടി, അദ്ധ്വാന വർഗ്ഗത്തിന്റെ പാർട്ടി, എല്ലാവരെയും ബൂർഷ്വാ എന്ന് പറയുന്ന നിങ്ങൾ, ആ ബൂർഷ്വകളെയെല്ലാം വിളിച്ചുചേർത്ത് പാലിൽ അണ്ടിപ്പരിപ്പ് ചാലിച്ച് കൊടുത്ത ആളുകളല്ലേ; ഉളുപ്പ് എന്നുപറയുന്ന സാധനം നിങ്ങൾക്കുണ്ടോ? അവിടെ പോയിക്കിടന്നത് ആരൊക്കെയാണ്, ബി.സി(ബ്രാഞ്ച് സെക്രട്ടറി), എൽ.സി(ലോക്കൽ സെക്രട്ടറി) തുടങ്ങിയവരെല്ലാം അതിന് കാവൽ

നിൽക്കുകയാണ്, മറ്റുള്ളവർക്കൊന്നും അകത്തേയ്ക്ക് പ്രവേശനമില്ല. അവരോട് എന്തെങ്കിലും കാര്യം ചോദിക്കാനാകുമോ? ശ്രീ. പി. രാജീവിന് അത്യാവശ്യം വിവരമുണ്ടെന്നും സാമാന്യ ബോധമുള്ള, ബുദ്ധിയുള്ള ആളാണെന്നും ഞാൻ വിചാരിച്ചിരുന്നു. പക്ഷേ ഇങ്ങനെയും കാര്യങ്ങളുണ്ടാകുമോ; ഒരു പരാതിയെങ്കിലും സ്വീകരിച്ചോ? ഇരുപത് മന്ത്രിമാർ പോയിരുന്നു, നൂറ് പരാതിയെങ്കിലും നേരിട്ട് സ്വീകരിക്കണ്ടേ, നിങ്ങളുടെ കൈകൊണ്ട് അഞ്ച് പരാതിയെങ്കിലും ഓരോരുത്തരും വാങ്ങണ്ടേ. ഒരാൾ തഹസിൽദാർക്ക് പരാതി കൊടുത്തിട്ട് ഒരു കാര്യവും തീരുമാനമാകാതെ അവസാനം നവകേരള സദസ്സിൽ പോയി പരാതി കൊടുത്തു, അത് വാങ്ങിയതും അതേ തഹസിൽദാരാണ്. നമ്മുടെ നാട്ടിലെ ഒരാൾക്ക് മൂത്രക്കല്ലിന്റെ അസുഖമുണ്ടായിട്ട് ഡോക്ടറെ കാണിച്ചു, കോഴിക്കോട് പോയാൽ നല്ലൊരു ഡോക്ടറുണ്ട്, നിങ്ങൾ അവിടെ ഒന്ന് പോയിനോക്കു എന്ന് നാട്ടിലുള്ള ഒരാൾ പറഞ്ഞു, കോഴിക്കോട് പോയി നോക്കിയപ്പോൾ ഇവിടെ അയാളെ നോക്കിയ ഡോക്ടർ തന്നെയാണ് മൂത്രക്കല്ലിന്റെ അസുഖം ചികിത്സിക്കാൻ അവിടെയുമുള്ളത്! ഈ കാര്യവും അതേമാതിരിയായിപ്പോയി. പരാതികൾ

സ്വീകരിച്ചത് ആരാണ്, എന്ത് തീരുമാനമാണുണ്ടായത് എന്ന് ആലോചിച്ചുനോക്കൂ. ഇരുപത് മന്ത്രിമാർ അങ്ങനെ വന്നു, എല്ലാവരും നല്ല പുതിയാപ്ലമാരെപ്പോലെ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് 42 ദിവസം സഞ്ചരിച്ചുവന്നു, വിഭവസമൃദ്ധമായി ഭക്ഷണം കഴിച്ചു. എല്ലാവരുടെയും തൂക്കം ആറ് കിലോ കൂടി എന്നല്ലാതെ നാട്ടുകാർക്ക് എന്ത് പ്രയോജനമാണുണ്ടായത്. നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ.. നിങ്ങൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടായോ; ഞാൻ ഒരു കാര്യം ചോദിക്കട്ടേ, ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ മണ്ഡലത്തിൽ പോയപ്പോൾ സംഭവിച്ചത് എന്താണ്, ആ ഭാസ്കരൻ മാസ്റ്റർക്ക് എന്താണ് കിട്ടിയത്; ശൈലജ ടീച്ചർക്ക് കിട്ടിയത് എന്താണ്? പിന്നെ ജനങ്ങളുടെ പ്രശ്നം പറയുകയാണെങ്കിൽ, അദ്ധ്വാനിക്കുന്ന, മാണിസാറിന്റെ സിദ്ധാന്തങ്ങളിൽ അറിയപ്പെടുന്ന എന്റെ കേരളാ കോൺഗ്രസുകാരാ, അവിടെ പാലായിൽ പോയി പാവപ്പെട്ടവനുവേണ്ടിയും എന്നും റബ്ബർ കർഷകരുടെ കാര്യങ്ങൾക്കുവേണ്ടിയും പോരാടുന്ന നിങ്ങളുടെ എം.പി. പ്രസംഗിച്ചപ്പോൾ, അങ്ങേയ്ക്ക് വിവരമില്ല, ഈ പരിപാടി എന്തിനാണെന്ന് മനസിലായില്ലെന്ന്

പറഞ്ഞുകൊണ്ട് ഇരുപത് കൊല്ലം എം.എൽ.എ. ആയ ശ്രീ. തോമസ് ചാഴിക്കാടനെയും മുഖ്യമന്ത്രി പരിഹസിച്ചു. അപ്പോൾ നിങ്ങളും ഒന്നും മിണ്ടിയില്ല, പിന്നീട് ഇവിടെ വന്ന് റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് ഒരു പരാതി കൊടുത്തു! എവിടേയ്ക്കാണ് നിങ്ങളുടെ പോക്കെന്ന് നിങ്ങൾ ഒന്ന് ആലോചിച്ചുനോക്കൂ. നിങ്ങൾ എന്താണ് നടത്തിയത്? എന്നാൽ പറയുന്നത് അങ്ങനെയൊന്നുമല്ല. ഇവിടെ വികസനത്തിന്റെ കാര്യം പറഞ്ഞു, നിങ്ങൾക്ക് എന്നാണ് വികസനം എന്ന ആശയമുണ്ടായത്? യു.ഡി.എഫ്.-ന്റെ ഭരണത്തിൽ എന്റെ ബഹുമാന്യ സുഹൃത്ത് ഡോ. എം. കെ. മുനീർ കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കാസർഗോഡുനിന്നും തിരുവനന്തപുരത്തേയ്ക്ക് 5,400 കോടി രൂപ മുടക്കി എക്സ്പ്രസ് ഹൈവേയുടെ പ്രോജക്ട് കൊണ്ടുവന്നപ്പോൾ പശുവിനെ അങ്ങോട്ടുമിങ്ങോട്ടും കെട്ടാൻ കൊണ്ടുപോകാൻ കഴിയില്ലെന്ന് പറഞ്ഞ് സമരം ചെയ്ത കൂട്ടരാണ് നിങ്ങൾ. നിങ്ങൾക്ക് വികസനം എന്ന കാര്യമൊക്കെ തോന്നിയത് എങ്ങനെയാണ്, എപ്പോഴാണ്, എവിടെ നിന്നാണ്; കണ്ണൂരിൽനിന്നും അപ്പം ഉണ്ടാക്കിയാൽ

തിരുവനന്തപുരത്തുനിന്ന് തിന്നാമെന്ന ശ്രീ. എം. വി. ഗോവിന്ദൻമാഷുടെ ഒരു ക്ലാസ്സും! നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ? നിങ്ങളുടെ പാർട്ടിയുടെ പോക്ക് എങ്ങോട്ടാണെന്ന് നിങ്ങൾ തന്നെ ആലോചിച്ചുനോക്കൂ. സി.പി.ഐ.-ക്കാരെകുറിച്ച് എനിക്ക് അഭിപ്രായമില്ല, അവരുടെ കാര്യമൊക്കെ പോയിക്കഴിഞ്ഞു. കാരണം ശ്രീ. ഇ. ചന്ദ്രശേഖരൻ ഗവർണറെപ്പറ്റി പറഞ്ഞതും മറ്റും അറിയാമല്ലോ. ഗവർണർ വേണ്ടാ എന്നുപറയുന്ന കൂട്ടരാണ്, എന്നാൽ ഞാൻ ഒൻപത് മാസം മുമ്പ് ഈ സഭയിൽ ഗവർണർ 'നോള' യാണെന്ന് പറഞ്ഞപ്പോൾ എന്റെ പേരിൽ നടപടിയെടുക്കണമെന്ന് പറഞ്ഞയാളാണ് സി.പി.ഐ.-ക്കാരനായ ശ്രീ. പി. ബാലചന്ദ്രൻ. അത് സഭാ രേഖയിലുണ്ട്, അത് നോക്കിക്കോളൂ, അയാൾ എന്നെപ്പറ്റി പറഞ്ഞത് അതിലുണ്ട്. ഫെയ്സ്ബുക്ക് പോസ്റ്റിൽ ഇപ്പോൾ പടച്ചോൻ മൂപ്പർക്ക് കണക്കിന് കൊടുത്തു, അതങ്ങനെ പോകട്ടേ. സമരത്തിന്റെ കുത്തക കേരളത്തിൽ ആർക്കാണ്? അത് നിങ്ങൾക്കാണ്, അതിലെ നീതിയും നിങ്ങൾക്കുതന്നെയാണ്. സമരത്തിന്റെ നീതിയും കുത്തകയും കൈവശം വച്ചത് എസ്.എഫ്.ഐ.-ക്കാരും സി.ഐ.ടി.യു.-

ക്കാരുമായിരുന്നു. ഇപ്പോൾ 7 കൊല്ലമായി നിങ്ങൾക്ക് സമരമില്ല. അപ്പോഴാണ് അതിനുപകരമായി നിങ്ങൾക്ക് ഒരു എക്സർസൈസ് എടുക്കാനായി ആ പാവപ്പെട്ട യൂത്ത് കോൺഗ്രസുകാരെ നവകേരള സദസ്സിന്റെ പേരിൽ ഒന്ന് മർദ്ദിക്കാനായി തീരുമാനിച്ചത്. സർക്കാരിനെതിരെ ആരെങ്കിലും സമരം ചെയ്താൽ പോലീസ് ഒരു ഭാഗത്ത്, പിന്നെ മൺചട്ടി, ഹെൽമെറ്റ് എന്നിവ കൊണ്ടുള്ള അടി മറുഭാഗത്ത്. എന്നിട്ട് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് ജീവൻ രക്ഷിക്കാനുള്ള രക്ഷാപ്രവർത്തനം നടത്തുകയാണെന്നാണ്. അതിന് ആഭ്യന്തര വകുപ്പ് ഓശാന പാടുകയും ചെയ്തു. അങ്ങനെയിരിക്കുമ്പോൾ പോലീസുകാർ കേസെടുക്കുമോ? നിങ്ങളൊന്ന് ആലോചിച്ച് നോക്കൂ; നാളെ നിങ്ങൾ പ്രതിപക്ഷത്ത് ഇരിക്കുമ്പോൾ നമ്മുടെ ആൾക്കാർ ഇങ്ങനെ ചെയ്താലോ? ആ കോൺഗ്രസ്സുകാരെ അങ്ങനെ വിലകുറച്ചു കാണേണ്ട. പത്തുപേരാണെങ്കിലും നിങ്ങളെ നേരിടാൻ അവർ തന്നെ മതിയാകും. അത് നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ പെൻഷനോ മറ്റ് കാര്യങ്ങളോ നൽകിയിട്ടുണ്ടോ; എന്റെ പ്രസംഗത്തിനുശേഷം ബഹുമാന്യനായ ടി. പി.

രാമകൃഷ്ണൻ പ്രസംഗിക്കുന്നതാണ്. നിങ്ങൾ കമ്മ്യൂണിസ്റ്റുകാർ റിപ്പോർട്ടിംഗ് നടത്തുമ്പോൾ ആഗോള കാര്യങ്ങളെക്കുറിച്ചൊക്കെ മൂന്നുനാല് മണിക്കൂറുകളോളം സംസാരിക്കുമല്ലോ; എന്നാൽ 63 പേജുള്ള നയപ്രഖ്യാപനത്തിൽ പറയാത്ത കാര്യങ്ങൾ ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്ഥാനത്തെ കർഷകരിൽനിന്ന് നെല്ല് സംഭരിക്കുമ്പോൾ പാഡി റെസീപ്റ്റ്സ് ഷീറ്റ് (പി.ആർ.എസ്.) നൽകി തുക വായ്പയായി അനുവദിക്കുകയും വായ്പാ തിരിച്ചടവ് സർക്കാർ മുടക്കിയാൽ ബാധ്യത കർഷകരിൽ നിക്ഷിപ്തമാക്കുകയും കർഷകരുടെ CIBIL സ്കോറിനെ അത് ബാധിക്കുകയും ചെയ്യുന്ന കർഷക വിരുദ്ധ നടപടി അവസാനിപ്പിച്ചുകൊണ്ട് നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നൊരു വാക്ക് നിങ്ങൾ അതിൽ പറഞ്ഞിട്ടുണ്ടോ? ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനായി പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് പ്രത്യേക സെസ്സ് ഏർപ്പെടുത്തി ജനങ്ങൾക്ക് അധിക ബാധ്യത നൽകിയിട്ടും അഞ്ച് മാസത്തിലധികമായി മുടങ്ങിയിരിക്കുന്ന പെൻഷൻ കുടിശ്ശിക തീർത്ത്

വിതരണം ചെയ്യുന്നതിനുള്ള നടപടിയെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? പറഞ്ഞിട്ടില്ല. സഹകരണ പ്രസ്ഥാനത്തിന്റെ വലിയ ആൾക്കാരെന്ന് പറയുന്നത് നിങ്ങളാണല്ലോ; ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്തെ സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ അന്തർസംസ്ഥാന സഹകരണ സംഘങ്ങൾക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കേന്ദ്ര സർക്കാർ നയത്തോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്താത്തതും സംസ്ഥാനത്തെ സഹകരണ മേഖലയുടെ വിശ്വാസ്യത തിരിച്ചുപിടിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ചും അതിൽ പ്രതിപാദിച്ചിട്ടുണ്ടോ; അതൊന്നും പറഞ്ഞിട്ടില്ലല്ലോ? നിയമനങ്ങളിലെ ക്രമക്കേടും സ്ഥിരം വൈസ് ചാൻസലർമാരെ നിയമിക്കാൻ സാധിക്കാത്ത സാഹചര്യവും അക്കാദമികമായ നിലവാരത്തകർച്ചയുംമൂലം പ്രതിസന്ധി നേരിടുന്ന കേരളത്തിലെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു ബദൽ മാർഗ്ഗത്തെക്കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? അതുസംബന്ധിച്ച് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുണ്ടോ; ഇല്ലല്ലോ? കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ

കാലഘട്ടത്തിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം കേരളീയം പരിപാടിയുടെ ഭാഗമായി നികുതി വെട്ടിപ്പിന് നടപടി നേരിട്ടവരിൽനിന്നും നികുതി കുടിശ്ശിക ഒടുക്കാനുള്ളവരിൽനിന്നും വലിയ രീതിയിൽ സ്പോൺസർഷിപ്പ് കൈപ്പറ്റി. അതൊരു അബദ്ധമാണെന്നെങ്കിലും പറഞ്ഞോ? ഇല്ല.

എന്താണ് കേരളീയം? കേരളത്തിന്റെ എല്ലാ പൈതൃകവും നിങ്ങളുടെ ഭരണകാലത്ത് ഉണ്ടാക്കിയതാണോ, നിങ്ങൾ 7 വർഷമായി ഇവിടെ ഭരിക്കുന്നുണ്ട്. ആകെ ഇരുപത് വർഷമേ ഭരിച്ചിട്ടുള്ളൂ. ഈ പുരോഗതികളെല്ലാം നിങ്ങളുണ്ടാക്കിയതാണോ? കേരളീയം പോലുള്ള പരിപാടി തുലാം മാസത്തിലാണ് നിങ്ങൾ നടത്തിയത്. കേരളത്തിലെ കാലാവസ്ഥയിൽ തുലാവർഷത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന സ്ഥലമാണ് തിരുവനന്തപുരം ഭാഗം. സിനിമാ നടന്മാരായ മമ്മൂട്ടിയും മോഹൻലാലും കമൽഹാസനും നടി ശോഭനയുമൊക്കെ കേരളീയം പരിപാടിയിൽ അതിഥികളായെത്തിയാൽ ആളുകൾ കൂടും. അവിടെ മുസ്ലീം ലീഗും കോൺഗ്രസ്സും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ എല്ലാവരും പോകും. പോകേണ്ട

എന്നുപറഞ്ഞാലും പോകും. ഏറ്റവും വലിയ ജനസദസ്സാണുണ്ടായതെന്ന് ശ്രീ. വി. ശിവൻകുട്ടി പറഞ്ഞു. ഗാനമേളയ്ക്കും പൂരത്തിനുമൊക്കെ ധാരാളം ആളുകൾ പങ്കെടുക്കും. അതിനിത്ര പറയാൻ എന്തിരിക്കുന്നു.

സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ഫണ്ട് വിതരണം ചെയ്യാത്തതുകൊണ്ടുള്ള പ്രതിസന്ധിയെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഇതൊന്ന് ശ്രദ്ധിക്കണം. വന്യജീവി ആക്രമണങ്ങളിൽ മനുഷ്യർ കൊല്ലപ്പെടുന്നു, കൃഷിനാശം സംഭവിക്കുന്നു തുടങ്ങിയവ വ്യാപകമായി നിലനിൽക്കുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണത്തെ ഫലപ്രദമായി പ്രതിരോധിക്കുന്ന നടപടിയെക്കുറിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? ഫണ്ട് സമാഹരണത്തിലും പദ്ധതി നിർവ്വഹണത്തിലും കിഫ്ബി പരാജയപ്പെടുകയും കിഫ്ബിക്കുവേണ്ടി ബഡ്ജറ്റിന് പുറത്തുനിന്നെടുത്ത കടം സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന് ധനകാര്യ കമ്മീഷൻ വ്യക്തമാക്കുകയും ചെയ്ത സാഹചര്യത്തിൽ കിഫ്ബിവഴി പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പിനുള്ള പ്രായോഗിക ബദൽ

മാർഗ്ഗത്തെക്കുറിച്ച് എന്തുകൊണ്ട് നിങ്ങൾ പരാമർശിച്ചില്ല? ഗുണഭോക്തൃ ലിസ്റ്റിലെ കാലതാമസംമൂലം മുൻവർഷങ്ങളിൽ ലൈഫ് മിഷൻ വഴി കുറച്ചുപേർക്ക് മാത്രമേ വീട് അനുവദിച്ചുള്ളൂ. നിങ്ങൾക്ക് അതുസംബന്ധിച്ചൊന്നും പറയാൻ കഴിയില്ല. അതുകൊണ്ട് ഞാൻ നിങ്ങൾക്കുവേണ്ടി പറയുകയാണ്. വീടുകൾ അനുവദിക്കുന്നതിലെ കുറവ് സംബന്ധിച്ചും നടപ്പുസാമ്പത്തികവർഷം നാമമാത്രമായ തുക വകയിരുത്തിയതിനുള്ള പരിഹാരവും നിങ്ങൾ ഇതിൽ പറഞ്ഞിട്ടില്ല.

നയപ്രഖ്യാപനം എന്നുപറഞ്ഞാൽ ഒരു ഗവൺമെന്റിന്റെ നയമാണ്. എനിക്ക് നിങ്ങളോട് പറയാനുള്ളത് വരാൻ പോകുന്നത് ലോക്സഭാ തെരഞ്ഞെടുപ്പാണെന്നാണ്. എനിക്ക് അത്ഭുതം തോന്നുന്നു. കെ-റെയിൽ, കെ-ഫോൺ എന്നിവയെക്കുറിച്ച് ആരാണ് പറഞ്ഞത്? കമ്മ്യൂണിസ്റ്റുകാരാണ് പറഞ്ഞത്. അതുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിങ്ങൾ ശ്രമിക്കണം. ഗവർണറെക്കുറിച്ച് ഒരു കാര്യം  പറഞ്ഞോട്ടെ, ജെല്ലിക്കെട്ട് കാള പായുന്നത് കണ്ടിട്ടുണ്ടോ? അതുപോലെയാണ്  റോഡിലൂടെയുള്ള

ഗവർണറുടെ പാച്ചിൽ. ഗവർണറുടെ നടപടിയെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. പി. വി. അൻവറിന്റെ പ്രസംഗത്തിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെതിരെ ചില അൺപാർലമെന്ററി വാക്കുകൾ വന്നിട്ടുണ്ട്. അത്തരം അൺപാർലമെന്ററി വാക്കുകൾ സഭാ രേഖയിലുണ്ടായിരിക്കുന്നതല്ല.+

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, നിയമസഭയിൽ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് നന്ദിപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളും ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ തുടർച്ചയായി നടത്താൻ പോകുന്ന കാര്യങ്ങളും നയപ്രഖ്യാപന പ്രസംഗത്തിൽ വിശദമായി വ്യക്തമാക്കിയിട്ടുണ്ട്. ഗവർണർ നയപ്രഖ്യാപന പ്രസംഗം പൂർണ്ണമായും വായിച്ചതിന് തുല്യം തന്നെയാണ്. പക്ഷേ അദ്ദേഹം സഭയോട് നടത്തിയിട്ടുള്ള അവഹേളനം ഒരു

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.1885/ഇ.ബി./2024 തീയതി 01-02-2024) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഈ സഭ ഗവർണറുടെ നിലപാടിനെതിരായി പൊതുവികാരം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ വികാരം ഗൗരവമായി കാണാനും കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ ശ്രദ്ധ പതിപ്പിക്കാനും ശ്രമിക്കേണ്ടതുണ്ട് എന്നുള്ളതുകൂടി ഇവിടെ പറഞ്ഞുവയ്ക്കുകയാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെ സമരങ്ങളിലൂടെ തടസ്സപ്പെടുത്തുകയെന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. ഈ സമരങ്ങൾക്കെല്ലാം ബി.ജെ.പി.യുടെ നിലപാടുമായി ബന്ധമുണ്ട്. ബി.ജെ.പി. പിന്തുണയ്ക്കുന്നു, യു.ഡി.എഫ്. സമരം നടത്തുന്നു. ബി.ജെ.പി. സമരം നടത്തുന്നു, യു.ഡി.എഫ്. പിന്തുണയ്ക്കുന്നു. ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്. പുതിയ കേരളത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിൽ യു.ഡി.എഫ്. യോജിക്കുന്നേയില്ല. കോൺഗ്രസ് സ്വീകരിച്ചുവരുന്ന കേരള വിരുദ്ധ നിലപാടുകൾക്കെതിരെ സർക്കാർ ഗൗരവമായ സമീപനം സ്വീകരിക്കണം. ചില പ്രശ്നങ്ങൾ ഇവിടെ ശ്രീ. പി. വി. അൻവർ ഉന്നയിക്കുകയുണ്ടായി. അത് പരിശോധനയ്ക്കും അന്വേഷണത്തിനും വിധേയമാക്കേണ്ടതാണ്. പക്ഷേ ഏത് വികസന

പ്രവർത്തനങ്ങൾക്കുമെതിരെ കോൺഗ്രസ് എടുക്കുന്ന നിലപാട് ആരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ്? പലപ്പോഴും ഈ നിലപാടുകൾ വൻകിട കോർപ്പറേറ്റുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിലയിലേയ്ക്ക് മാറിവരികയാണ് ചെയ്യുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ കെ-റെയിലിനെ എങ്ങനെയാണ് എതിർക്കാൻ കഴിയുന്നത്? യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. കേരളത്തിൽ എത്ര ശ്രമം നടത്തിക്കഴിഞ്ഞാലും നിലവിലുള്ള റെയിൽപാത ഉപയോഗിച്ച് ട്രെയിനുകൾക്ക് ഓടിയെത്താൻ കഴിയാവുന്ന സമയത്തിന് പരിമിതിയുണ്ട്. കേരളത്തിന്റെ ഈ ആവശ്യം പരിഹരിക്കുന്നതിന് എന്തുവഴിയാണുള്ളത്? ഒരു പുതിയ റെയിൽ പാത നിർമ്മിക്കുന്നതിന് സഹായകരമാണ് സിൽവർലൈൻ പദ്ധതിയുടെ പ്രൊപ്പോസൽ. അതിനോട് പ്രായോഗികമായ നിലപാടാണോ യഥാർത്ഥത്തിൽ കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ചത്? അതിന്റെ സർവ്വേയ്ക്കുവേണ്ടി സ്ഥാപിച്ച കുറ്റി വരെ പൊളിച്ച് പുഴയിലെറിഞ്ഞു. വളരെ കടുത്ത സമരരീതികളാണ് അവർ ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്.

ഇത് തുടരുകയല്ലേ? യഥാർത്ഥത്തിൽ വന്ദേഭാരത് ട്രെയിനിന്റെ സൗകര്യങ്ങളുപയോഗിക്കുമ്പോൾ സിൽവർലൈനിനോടുള്ള അഭിപ്രായവ്യത്യാസം മാറേണ്ടതാണ്. അത്തരം പ്രശ്നങ്ങളിലെല്ലാം യു.ഡി.എഫ്. സ്വീകരിക്കുന്ന നിലപാട് എല്ലാ തലത്തിലും ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. ഇവിടെ നടക്കുന്ന ശിഥിലീകരണ പ്രവർത്തനങ്ങൾക്ക് കോൺഗ്രസ് ആർക്കോ വേണ്ടി നേതൃത്വം നൽകുകയും അതിന് സഹായകരമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ് വസ്തുത. ഇത് ജനങ്ങൾ തിരിച്ചറിയുകതന്നെ ചെയ്യും.

ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതൊന്നും മറുപടി അർഹിക്കുന്ന പരാമർശങ്ങളോ അദ്ദേഹത്തിന് ബാധകമാകുന്ന കാര്യങ്ങളോ അല്ല. നിങ്ങളെത്ര കാലമായി അദ്ദേഹത്തെ ഒറ്റതിരിച്ച് ആക്രമിച്ചുകൊണ്ടിരിക്കുന്നു; മുഖ്യമന്ത്രിയാകുന്നതിന് മുൻപും ശേഷവും അദ്ദേഹത്തെ തുടർച്ചയായി വേട്ടയാടുകയല്ലേ; അതെല്ലാം സഹിച്ചുകൊണ്ടല്ലേ അദ്ദേഹം മുന്നോട്ടുപോകുന്നത്; അദ്ദേഹം തന്റെ വ്യക്തിപരമായ നിലപാടാണോ ഇവിടെ നടപ്പാക്കുന്നത്? കേരളത്തിൽ

സി.പി.ഐ.(എം.)-ന്റെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും നയങ്ങളാണ് അദ്ദേഹം നടപ്പാക്കുന്നത്. ആ നയങ്ങൾക്ക് ജനങ്ങളിൽനിന്ന് ലഭിച്ചുവരുന്ന പിന്തുണ എല്ലാവരെയും പ്രത്യേകിച്ച് പ്രതിപക്ഷത്തെയും ബി.ജെ.പി.-യെയും വിഷമത്തിലാക്കുന്നുണ്ട്. ആ നിലയിൽ ഇവിടെ അദ്ദേഹത്തെക്കുറിച്ച് നടത്തിയ പരാമർശം അടിസ്ഥാനരഹിതമാണെന്നും മറുപടി അർഹിക്കുന്നതല്ലെന്നുമാണ് നാം മനസ്സിലാക്കേണ്ടത്.

കേന്ദ്ര വിരുദ്ധ സമരത്തിന്റെ അടിസ്ഥാനമെന്താണ്? കേരളത്തിന് എയിംസ് അനുവദിക്കാത്ത നിലപാടിനോട് യു.ഡി.എഫ്.-ന് യോജിക്കാൻ കഴിയുമോ? ദേശീയപാതാ വികസനത്തിൽ അവർ പലപ്പോഴും വിലങ്ങുതടിയാകുന്ന നിലപാടുകൾ സ്വീകരിച്ചു. വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണവും നാം ശ്രദ്ധിക്കേണ്ടതാണ്. തിരുവനന്തപുരം വിമാനത്താവളം ശ്രീ. ഗൗതം അദാനിയെ ഏൽപ്പിച്ച് സ്വകാര്യവൽക്കരിച്ചു. കേരള സർക്കാർ ആ വിമാനത്താവളം ഏറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും കോടതിയെ സമീപിക്കുകയും ചെയ്തെങ്കിലും കേന്ദ്രം അതിനനുവദിച്ചില്ല. ഫെഡറൽ തത്വങ്ങൾ സ്വീകരിക്കുന്ന ഒരു ഭരണ

സംവിധാനമാണെങ്കിൽ കേരള സംസ്ഥാനത്തെ സഹായിക്കേണ്ടതല്ലേ? കേന്ദ്രം അത്തരത്തിലൊരു നിലപാട് സ്വീകരിച്ചപ്പോൾ അത് തെറ്റാണെന്ന് പറയാൻ ഇവിടെ യു.ഡി.എഫ്. ഉണ്ടായോ; യു.ഡി.എഫ്.-ന്റെ ഏതെങ്കിലും നേതാക്കൾ ഇക്കാര്യത്തിൽ അത്തരമൊരു നിലപാട് സ്വീകരിച്ചിട്ടുണ്ടോ? കണ്ണൂർ, കോഴിക്കോട് വിമാനത്താവളങ്ങളോടുള്ള വലിയ അവഗണന തുടർന്നുകൊണ്ടിരിക്കുന്നു. ശബരിമല വിമാനത്താവളത്തിനായി കേരള സർക്കാർ അതിവേഗത്തിൽ ശ്രമം നടത്തുമ്പോൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന ചില നിലപാടുകളാണ് ഇപ്പോഴും തടസ്സമായി നിൽക്കുന്നത്. ഈ വസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ട് ഇത്തരം പ്രശ്നങ്ങളെ നമ്മുടെ നാടിന്റെ പ്രശ്നങ്ങളെന്ന നിലയിൽ ഉന്നയിക്കാൻ പ്രതിപക്ഷം സന്നദ്ധമാകുന്നില്ലല്ലോ? റെയിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പുതിയ പാതകൾ, പാത ഇരട്ടിപ്പിക്കൽ, നിലവിലെ പാതകളുടെ നവീകരണം, കേരളത്തിന് സെമി ഹൈസ്പീഡ് ട്രെയിൻ അനുവദിക്കാത്തത് തുടങ്ങിയ പ്രശ്നങ്ങളെല്ലാം വളരെ സജീവമായി നിൽക്കുകയാണ്. ഈ പ്രശ്നങ്ങളിൽ യു.ഡി.എഫ്. സ്വീകരിക്കുന്ന നിലപാട് എന്താണെന്നുള്ളത് ഗൗരമായി

കാണേണ്ടതാണ്. ആശുപത്രികളുടെയും ലൈഫ് ഭവന പദ്ധതിയിലൂടെയുള്ള വീടുകളുടെയും പേരുകൾ മാറ്റുന്നതിനുള്ള നിർദ്ദേശം വന്നുകഴിഞ്ഞു. കാരുണ്യ ഇൻഷ്വറൻസ് പദ്ധതിയുടെയും പേരുമാറ്റാൻ ശ്രമിക്കുകയാണ്. അങ്കണവാടികളോട് അവഗണന കാണിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ വിവേചനം കാണിക്കുകയും തൊഴിൽ ദിനങ്ങൾ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നു. പൊതുമേഖലയുടെ സ്വകാര്യവൽക്കരണത്തിനും ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒരുപോലെയാണോ? ഇത് വേർതിരിച്ച് കാണുന്നതിനുള്ള ശ്രമമെങ്കിലും നിങ്ങൾ നടത്തേണ്ടതല്ലേ? രാഷ്ട്രീയ വിഷയങ്ങളും പ്രശ്നങ്ങളുമെല്ലാം ഒരു വശത്ത് നിൽക്കുമ്പോഴും ജനങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട സമീപനങ്ങളില്ലേ? ഇവിടെ വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്തല്ലോ; കോടതിയെ സമീപിച്ചതിന്റെ ഫലമായാണ് ഏറ്റെടുക്കൽ നടപടി സാധ്യമായത്. ഇത് യാഥാർത്ഥ്യമല്ലേ? ഇന്ത്യയിൽത്തന്നെ പ്രവർത്തിക്കുന്ന ഏക പേപ്പർ കമ്പനിയാണ് കോട്ടയത്തെ വെള്ളൂർ ന്യൂസ്

പ്രിന്റ് ഫാക്ടറി. ഒരുപാട് കാലം പൂട്ടിക്കിടന്ന ഈ പേപ്പർ കമ്പനിയെ വിൽക്കാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ഈ സ്ഥാപനത്തെ സംരക്ഷിക്കാനായി സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കേരള സർക്കാർ ഇടപെട്ടില്ലേ? അതിനായി കോടതിയിൽ കേസ് നടത്തുകയും അതിൽ വിജയിക്കുകയും ചെയ്തു. കൊച്ചിയിലെ ഉദ്യോഗമണ്ഡലിൽ കീടനാശിനി ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറി കഴിഞ്ഞ പത്ത് മാസക്കാലമായി അടഞ്ഞുകിടക്കുന്നതിനാൽ തൊഴിലാളികൾക്ക് ജോലിയില്ല. ഈ കീടനാശിനി ഫാക്ടറി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നാണ് ഐ.എൻ.ടി.യു.സി. ഉൾപ്പെടെയുള്ള അവിടത്തെ തൊഴിലാളി സംഘടനകളെല്ലാം ഒന്നിച്ച് പറയുന്നത്. അവർ മുഖ്യമന്ത്രിയുടെ നവകേരള സദസ്സിൽ വരികയും ഈ ആവശ്യങ്ങളും തൊഴിലാളികളുടെ പ്രശ്നങ്ങളും ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം ഈ കേരളത്തിന് മുന്നിലുള്ള അനുഭവങ്ങളല്ലേ; ഇത്തരം പ്രശ്നങ്ങളോടെല്ലാം യു.ഡി.എഫ്. മുഖം തിരിച്ച് നിൽക്കുന്നത് ശരിയാണോ? ഇന്നലെ ഈ നിയമസഭയിൽ കണക്കുകളുടെ കസർത്തുകൾ നടത്തുകയുണ്ടായി. വിവിധ തലങ്ങളിലുള്ള

കണക്കുകൾ ഇവിടെ അവതരിപ്പിച്ചു. ആര് അവതരിപ്പിച്ചാലും കണക്ക് അങ്ങനെതന്നെ നിലനിൽക്കും, അത് തെറ്റിക്കാൻ കഴിയില്ല. അതുസംബന്ധിച്ച് കൃത്യമായ രേഖകളുണ്ട്. ഈ പ്രശ്നങ്ങളിലെല്ലാം ആവശ്യമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകാൻ നമുക്ക് കഴിയണം.

ധനപ്രതിസന്ധിയുടെ കാരണം പരിശോധിക്കുമ്പോൾ, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ യു.ഡി.എഫ്.-ന്റെ ഘടക കക്ഷികൾക്കുതന്നെ യോജിച്ച അഭിപ്രായമുണ്ടോ? ഇവിടെ ശ്രീ. പി. കെ. ബഷീറിന്റെ അഭിപ്രായത്തെ അദ്ദേഹത്തിന്റെതന്നെ അഭിപ്രായമായി പരിഗണിക്കാം. അതാണോ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നിലപാട്? ഈ പ്രതിസന്ധിയിൽനിന്ന് എങ്ങനെ കരകയറാമെന്നാണ് നാം ആലോചിക്കേണ്ടതെന്നാണ് ഇന്നലെ ഇവിടെ പ്രതിപക്ഷ ഉപനേതാവും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാവുമായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സംസാരിച്ചപ്പോൾ പറഞ്ഞത്. ഈ സമീപനമാണോ ഇവിടെ ശ്രീ. പി. കെ. ബഷീറിന്റെ പ്രസംഗങ്ങളിൽ അവതരിപ്പിച്ചത്; ഈ സമീപനമാണോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സാമ്പത്തിക

നയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സ്വീകരിച്ചത് എന്നുള്ളത് പരിശോധിച്ചാൽ നമുക്ക് കാണാൻ സാധിക്കും. ഇവിടെ ഉയർന്നുവരുന്ന മറ്റൊരു പ്രശ്നമുണ്ട്, അത് മാധ്യമങ്ങളുടെ പ്രചരണമാണ്. മാധ്യമങ്ങൾ സ്വീകരിക്കുന്ന നിലപാട് എന്തിനുവേണ്ടിയാണെന്ന് ഓരോ ദിവസത്തെയും സംഭവങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാം. കേരളത്തിന്റെ ആവശ്യങ്ങൾ സംരക്ഷിക്കാനും ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമാണോ അങ്ങനെ ചെയ്യുന്നത്? യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും പിന്തുണ നൽകുന്നുണ്ട്. ഇടതുപക്ഷത്തെ ശത്രുപക്ഷത്ത് നിർത്തി ആക്രമിക്കാനാണ് പ്രധാനപ്പെട്ട പല മാധ്യമങ്ങളും ശ്രമിക്കുന്നത് എന്നുള്ള വസ്തുത നമുക്ക് നിഷേധിക്കാൻ കഴിയില്ല. അതുകൊണ്ടാണ് നേരത്തെ ഇവിടെ പരാമർശിക്കപ്പെട്ട പ്രശ്നങ്ങൾ വീണ്ടും ഉയർന്നുവരുന്നത്. ഇതിന്റെയെല്ലാം പിറകിലുള്ള കോർപ്പറേറ്റുകളുടെ താൽപ്പര്യം ഈ നാടിന്റെ പൊതുതാൽപ്പര്യങ്ങൾക്കെതിരായി ഉപയോഗിക്കുന്നതിന് ശ്രമിക്കുകയാണ് ചെയ്യുന്നത്. നാം ഈ പ്രശ്നം വളരെ ഗൗരവമായി കാണണം. നവകേരളം സൃഷ്ടിക്കുകയെന്നത് ഈ സർക്കാരിന്റെ ലക്ഷ്യമാണ്. അവിടെയാണ്

ഗവൺമെന്റിന്റെ പദ്ധതികളെ നിങ്ങൾ വിശകലനം ചെയ്യേണ്ടത്. കേരളത്തിന്റെ പദ്ധതികളെ വിശകലനം ചെയ്യുമ്പോൾ വൈജ്ഞാനിക സമൂഹത്തിന്റെ അറിവ് ഈ സമൂഹത്തിന്റെ പൂർണ്ണമായ വളർച്ചയ്ക്കുവേണ്ടി ഉപയോഗിക്കുക എന്നുള്ളതാണ് പ്രധാനം. ഇത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകുന്ന സമയത്ത് ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ചെറിയ തടസ്സങ്ങൾ നേരിടുന്നുണ്ട്. അവ അതിവേഗം പരിഹരിക്കുന്നതിനുള്ള നിലപാട് കേരളത്തിന്റെ ധനകാര്യ വകുപ്പും ഗവൺമെന്റും പൊതുവായി സ്വീകരിച്ചുവരികയാണ്. അത്തരം പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടണം. പെൻഷന്റെ പ്രശ്നങ്ങളും സിവിൽ സപ്ലൈസ് സ്റ്റാളുകളിൽ സാധനങ്ങളുടെ ഇല്ലായ്മയുമെല്ലാം പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്. വില നിയന്ത്രിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കണം. ഈ പ്രശ്നങ്ങളെല്ലാം മുന്നിൽ കണ്ടുകൊണ്ട്, അവയെല്ലാം പരിഹാരമുണ്ടാക്കി നവകേരളം സൃഷ്ടിക്കുന്നതിനുള്ള നിലപാടുമായി മുന്നോട്ടുപോകും. ജനങ്ങൾ അതിന് വലിയതോതിൽ പിന്തുണ നൽകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ കേരളത്തെ ലോകത്തിന്

മുമ്പിൽ അവതരിപ്പിച്ചതാണ് കേരളീയം. കേരളീയത്തിനുവേണ്ടി എന്ത് മുതൽമുടക്ക് നടത്തിയിട്ടുണ്ടോ അത് ഈ നാടിന്റെ വളർച്ചയിലേയ്ക്കുള്ള നിക്ഷേപമാണെന്ന് തിരിച്ചറിയാൻപോലും രാഷ്ട്രീയ അന്ധതയുടെ ഭാഗമായി നിങ്ങൾക്ക് കഴിയാതെ പോയി. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട്, യോജിക്കാൻ കഴിയുന്ന പ്രശ്നങ്ങളിൽ യോജിക്കണം. ഡൽഹിയിലെ സമരവുമായി യോജിക്കാൻ കഴിയുമോയെന്നുള്ളത് നിങ്ങൾക്ക് ഇനിയും പരിശോധിക്കാം. കേന്ദ്രത്തിനെതിരായി സമരം ചെയ്യാൻ വേറെ ആളെ നോക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. അതിന്റെ അർത്ഥമെന്താണ്? അതിനോട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനോ യു.ഡി.എഫ്.-ലെ മറ്റ് ഘടകകക്ഷികൾക്കോ യോജിപ്പുണ്ടോ? കേന്ദ്രത്തിനെതിരായി സമരം ചെയ്യാൻ വേറെ ആളെ നോക്കണമെന്നുള്ള അഭിപ്രായം പത്രങ്ങളിൽ അച്ചടിച്ചുവന്നു. മലയാള മനോരമയിലും മാതൃഭൂമിയിലുമെല്ലാം ഈ വാർത്തകൾ പ്രസിദ്ധീകരിച്ചു. ഇത് ശരിയാണോ? ഈ സമീപനത്തിൽനിന്നാണ് മാറേണ്ടത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**2.00 Pm**

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ ഗവർണർ വന്ന് നമ്മുടെ നിയമസഭയെ അവഹേളിച്ച് ഒരു പ്രസംഗം നടത്തി പോയപ്പോൾ പ്രതിപക്ഷം ശക്തമായ നിലപാടെടുത്ത് അദ്ദേഹം കാണിച്ചത് തെറ്റാണെന്ന് പറഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുവരെ അതിനെക്കുറിച്ച് ഒരു കമന്റുപോലും പറഞ്ഞിട്ടില്ല. ഞങ്ങൾ ഒരുകാലത്തും ഗവർണറെ കൂടെ കൂട്ടിയിട്ടില്ല. ഞങ്ങൾ എല്ലാക്കാലത്തും ഗവർണർ സ്വീകരിച്ച നടപടികളോട് ശക്തമായ നിലപാടാണ് സ്വീകരിച്ചത്. ഇവിടെ ബിൽ കൊണ്ടുവന്നു, ഞങ്ങൾ എടുത്ത നിലപാട് എന്താണ്? ഭരണപക്ഷമാണ് തോളോട് തോൾ ചേർന്നിരുന്നുകൊണ്ട് നിയമവിരുദ്ധമായ കാര്യങ്ങൾ ചെയ്തത്. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി വന്നല്ലോ? ഗവൺമെന്റ് ചെയ്തതും തെറ്റാണ്, ഗവർണർ ചെയ്തതും തെറ്റാണ്. ഇത് ഞങ്ങളല്ലേ ആദ്യം പറഞ്ഞത്. വൈസ് ചാൻസലർ അപ്പോയിന്റ്മെന്റുമായി ബന്ധപ്പെട്ട് പ്രോ ചാൻസലറായ ഉന്നതവിദ്യാഭ്യാസ

വകുപ്പുമന്ത്രി കത്ത് കൊടുക്കാനും അവിടത്തെ സെലക്ഷൻ കമ്മിറ്റിയെ റദ്ദാക്കാൻ പറയാനും പാടില്ല. രണ്ടും തെറ്റാണ്. വൈസ് ചാൻസലർക്ക് പുനർനിയമനം നൽകിയ ഗവർണറുടെ നടപടിയും നിയമവിരുദ്ധമാണ്. ഞങ്ങളല്ല പറഞ്ഞത്, സുപ്രീം കോടതിയാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിലെ പുനർനിയമനത്തെക്കുറിച്ച് ഞങ്ങൾ ഈ സഭയ്ക്കകത്തും പുറത്തുംനിന്ന് പറഞ്ഞ അതേ വാചകങ്ങളല്ലേ സുപ്രീംകോടതി സർക്കാരിനെ വിമർശിച്ചുകൊണ്ട് പറഞ്ഞത് ? ഈ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി പിന്നെ ആ കസേരയിൽ ഇരിക്കാമോ? സുപ്രീംകോടതി വിധി വായിച്ചുനോക്കണം. ആ വിധിയനുസരിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയിരിക്കുന്നത് നിയമലംഘനമാണ്. അധികാരം ദുരുപയോഗപ്പെടുത്തിക്കൊണ്ട് ഒരു വൈസ് ചാൻസലറുടെ പുനർനിയമനം നടത്തിയെന്നുള്ള സുപ്രീംകോടതി വിധി വന്നിട്ട് ഈ സർക്കാർ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ രാജിവയ്പ്പിച്ചോ? അപ്പോൾ ഭരണപക്ഷവും ഗവർണറും ഒരുമിച്ചായിരുന്നു. ഇവിടെ പറഞ്ഞല്ലോ, സംഘപരിവാർകാരനെ അവിടെ അപ്പോയിന്റ് ചെയ്ത് കൊടുക്കുക, എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക, അങ്ങോട്ടും ഇങ്ങോട്ടും മധുര പലഹാരങ്ങൾ

കൊടുക്കുക..., ഭരണപക്ഷമാണ് ഒരുമിച്ചിരുന്നുകൊണ്ട് അതെല്ലാം ചെയ്തത്. എല്ലാക്കാലത്തും ഗവർണർ ചെയ്ത തെറ്റായ നടപടികളെ ഞങ്ങൾ ചോദ്യം ചെയ്തിട്ടുണ്ട്.

ഞാൻ 23 വർഷമായി ഈ സഭയിലെ അംഗമാണ്. മാറിമാറി വന്ന സർക്കാരുകൾ ഇവിടെ ഭരിച്ചിട്ടുണ്ടെങ്കിലും ഇതുപോലെ കണ്ടന്റ് ഇല്ലാത്ത ഒരു നയപ്രഖ്യാപന പ്രസംഗം ഞാൻ കണ്ടിട്ടില്ല. ഒരു പ്രിപ്പറേഷനും ഒരു ഹോം വർക്കുമില്ലാതെ ഗവൺമെന്റ് ചെയ്തിരിക്കുന്ന ഒന്നാണ് ഈ നയപ്രഖ്യാപന പ്രസംഗം. ഞാൻ അത്ഭുതപ്പെട്ടുപോയി. ഒരു ടീമിനെ നിയോഗിച്ച് സർക്കാരിന് പറയാനുള്ള കാര്യങ്ങളെങ്കിലും ഇതിൽ ഉൾപ്പെടുത്തണ്ടേ? ഈ നയപ്രഖ്യാപന പ്രസംഗം വായിച്ചാൽ നമുക്ക് തന്നെ വിഷമം തോന്നും. നമ്മുടെ സംസ്ഥാനത്തിന്റെ പോളിസിയെക്കുറിച്ചാണോ ഗവൺമെന്റ് ഈ പറയുന്നത്? ചെയ്തില്ലെങ്കിലും നമ്മുടെ പോളിസി എന്താണെന്നുള്ളത് കൃത്യമായി പറയണ്ടേ? അത്രയും shabby ആയിട്ടാണ് സർക്കാർ ഈ നയപ്രഖ്യാപന പ്രസംഗം തയ്യാറാക്കിയത്. ഞാൻ ചോദിക്കട്ടെ, നവകേരള സദസ്സിനെക്കുറിച്ച് സർക്കാർ നയപ്രഖ്യാപന പ്രസംഗത്തിലും പറഞ്ഞിട്ടുണ്ട്,

ഇപ്പോഴും അതിനെക്കുറിച്ച് അഭിമാനം കൊള്ളുകയാണ്. ഏത് കാലത്താണ് നാം ജീവിക്കുന്നത്? നാൽപ്പത്തിനാല് ദിവസക്കാലം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും തലസ്ഥാനത്തില്ല, ഭരണസിരാകേന്ദ്രത്തിലില്ല. ഇവിടെ ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഉണ്ടായിരുന്നോ? അവർ അവരുടെ പാട്ടിന് പോയി, കുടുംബത്തോടെ ടൂർ ഒക്കെയായി അവരും പല സ്ഥലങ്ങളിൽ പോയി. ഇവിടെ ഉണ്ടായിട്ട് എന്താണ് കാര്യം; ആരെങ്കിലും അത് ശ്രദ്ധിച്ചോ; നമ്മുടെ സംസ്ഥാനം ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാലഘട്ടത്തിൽ ധനകാര്യ വകുപ്പുമന്ത്രിപോലും ഇവിടെ ഉണ്ടായിരുന്നോ? സാധാരണ ധനകാര്യ വകുപ്പുമന്ത്രിമാർ ഒരാഴ്ചയിൽ അഞ്ച് ദിവസവും തലസ്ഥാനത്ത് ക്യാമ്പ് ചെയ്യും. കാരണം, ദൈനംദിന കാര്യങ്ങൾ ഒരുപാട് ചെയ്യേണ്ടതായിട്ടുണ്ട്. ആ ധനകാര്യ വകുപ്പുമന്ത്രിപോലും ഇല്ലാതെ ഇവിടെ അനാഥമാക്കി ഭരണത്തെ പൂർണ്ണമായും സ്തംഭിപ്പിച്ചില്ലേ? ഇപ്പോൾ വിചാരണ സദസ്സിനെക്കുറിച്ച് ഭരണപക്ഷം പറയുകയാണ്. ഞങ്ങൾ അതിൽ ആരെയും പേടിപ്പിച്ചല്ല പങ്കെടുപ്പിച്ചത്, ഞങ്ങൾ വിളിച്ചപ്പോൾ ആളുകൾ വന്നു. ഭരണപക്ഷം എങ്ങനെയാണ് ആളുകളെ കൊണ്ടുവരുന്നത്?

സർക്കാരിന്റെ പരിപാടിയാണെന്ന് പറഞ്ഞ് അവിടെപ്പോയി രാഷ്ട്രീയം പറയും. അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റവും കൂടുതൽ വിമർശിച്ചത് എന്നെയാണ്. ഏഴ് സ്ഥലങ്ങളിൽപ്പോയി എന്റെ മാനസികനില തകരാറിലാണെന്ന് പറഞ്ഞു. അതും സർക്കാരിന്റെ പരിപാടിയിലാണെന്ന് മനസ്സിലാക്കണം. സർക്കാരിന്റെ ചെലവിൽ നിന്നുകൊണ്ടാണോ പ്രതിപക്ഷത്തെ വിമർശിക്കേണ്ടത്? കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, തൊഴിലുറപ്പ് പദ്ധതിക്കാർ, ആശാ വർക്കർമാർ, സാക്ഷരതാ പ്രേരക്, പിന്നെ പക്വതയുള്ള പിള്ളേരും എല്ലാവരെയും നിർബന്ധമായി വിളിച്ചുകൂട്ടി. പാവങ്ങളെ ഭയപ്പെടുത്തി. ഞങ്ങൾക്ക് ഒരു കാര്യം ഉറപ്പാണ്. നവകേരള സദസ്സിൽ പങ്കെടുത്ത 70 ശതമാനം പേരും ഈ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്കായിരിക്കും വോട്ട് ചെയ്യുക എന്നത്. അതിൽ ആർക്കെങ്കിലും സംശയമുണ്ടോ? അങ്ങനെ ആളെ കൂട്ടിയിട്ട് 'ഇത് കണ്ടോ ഈ ആളുകളെ' എന്ന് ഞങ്ങളോട് പറയുകയാണ്. സി.പി.ഐ.(എം.) പോലുള്ള ഒരു പാർട്ടി വിചാരിച്ചാൽ ഒരു നിയോജകമണ്ഡലത്തിൽ ആളെക്കൂട്ടാൻ പറ്റില്ലെന്നൊന്നും ഞങ്ങൾ പറയില്ല. ഭരണപക്ഷം ഞങ്ങളെ പരിഹസിച്ചതുപോലൊന്നും

ഞങ്ങൾ ചെയ്യില്ല. പക്ഷെ അവർ അങ്ങനെയല്ല ആളുകളെ കൂട്ടിയത്. സർക്കാർ ഉദ്യോഗസ്ഥന്മാർ എല്ലാവരും ചേർന്ന് ആളുകളെ വിരട്ടിയാണ് ഓരോ പരിപാടികളിലും പങ്കെടുപ്പിച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ ലേബർ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ കടകളിൽ കയറി മുഖ്യമന്ത്രിയും മന്ത്രിമാരും വരുമ്പോൾ ദീപാലങ്കാരം നടത്തണമെന്ന് പറഞ്ഞു. അത് ലേബർ ഇൻസ്പെക്ടറുടെ ജോലിയാണോ? അവരൊക്കെ പറഞ്ഞാൽ പാവപ്പെട്ട ജനങ്ങൾ പേടിച്ച് ചെയ്യുമല്ലോ. അങ്ങനെയൊക്കെയാണോ പരിപാടി നടത്തേണ്ടത്. ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കേണ്ടതില്ലല്ലോ. ആറ് മാസം മുമ്പ് എല്ലാ മന്ത്രിമാരും താലൂക്കുകൾ സന്ദർശിച്ച് അദാലത്തുകൾ നടത്തി ലക്ഷക്കണക്കിന് പരാതികൾ നിങ്ങൾക്ക് കിട്ടിയില്ലേ; എവിടെയാണത് ചാക്കിൽ കെട്ടി വച്ചിരിക്കുന്നത്? തുറന്നുനോക്കിയിട്ടില്ലല്ലോ. എന്നിട്ട് ആറ് മാസം കഴിഞ്ഞപ്പോൾ വീണ്ടും ജനങ്ങളെ പറ്റിക്കാൻ ഇറങ്ങിയിരിക്കുകയാണ്. ഞാൻ പേരാമ്പ്രയിൽ പോയപ്പോൾ എന്നോട് ഒരാൾ പറഞ്ഞു, 'സർ, 25 പ്രാവശ്യമായി ഞാൻ ഈ കെട്ടിടത്തിന്റെ നമ്പർ കിട്ടാൻ പഞ്ചായത്ത് സെക്രട്ടറിയെ കാണുന്നു, എന്നിട്ട്

നടന്നില്ല, അപ്പോഴാണ് നവകേരള സദസ്സ് വന്നത്. ഞാൻ കൊണ്ടുപോയി പരാതി കൊടുത്തു, ഒറ്റ ആഴ്ചയ്ക്കുള്ളിലാണ് മറുപടി ലഭിച്ചത്, എന്താണെന്ന് അറിയാമോ - 'പഞ്ചായത്ത് സെക്രട്ടറിയെ കണ്ടാൽ മതി എന്ന്.' ഞാൻ എടരിക്കോട് പോയപ്പോൾ സ്പിന്നിംഗ് മിൽ പൂട്ടിക്കിടക്കുകയാണ്. ബഹുമാനപ്പെട്ട അംഗം കെ.പി.എ. മജീദിന് അറിയാം. അവിടെ ചെന്നപ്പോൾ ഞാൻ ചോദിച്ചു 'നിങ്ങൾ പരാതി കൊടുത്തില്ലേ' എന്ന്, അവർ പറഞ്ഞു, 'ഞങ്ങൾ നവകേരള സദസ്സിൽ പരാതി കൊടുത്തു' എന്ന്. സി.ഐ.റ്റി.യു. സെക്രട്ടറി അടക്കമുള്ളവർ അവിടെയുണ്ട്. '25 കോടി രൂപ കൊടുത്താലേ എടരിക്കോട് സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കുകയുള്ളൂ, അതിനാൽ പരാതി പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചിരിക്കുകയാണ് ' എന്ന മറുപടിയാണ് ലഭിച്ചത്. പഞ്ചായത്ത് സെക്രട്ടറി അതുമായി വന്ന് നിൽക്കുകയാണ്. ഗവൺമെന്റ് എന്താണ് അവിടെ നടത്തിയത്?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞങ്ങൾ കാസർഗോഡ് കരിങ്കൊടി കാണിച്ചോ; ഇല്ലല്ലോ? അതിനുള്ള ഒരു പ്ലാനും ഞങ്ങൾക്കില്ലായിരുന്നു, അവർ പൊയ്ക്കോട്ടേ, എന്തുകൊണ്ടാണ് കല്ല്യാശ്ശേരിയിൽ കരിങ്കൊടി കാണിച്ചത്?

ഒരു പ്രകോപനവുമില്ലാതെ ഞങ്ങളുടെ ആളുകളെ വീട്ടിൽ കയറി അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ വച്ചു. ഭരണപക്ഷത്തുള്ളവർ ഒരു ജില്ലയിൽ വരുമ്പോൾ എന്തിനാണ് പ്രതിപക്ഷത്തുള്ളവരെ കരുതൽ തടങ്കൽ എന്ന പേരുപറഞ്ഞ് അറസ്റ്റ് ചെയ്യുന്നത്; കേരളത്തിൽ എന്ന് തുടങ്ങിയതാണ് ഈ കരുതൽ തടങ്കൽ; ഒരു കാലത്ത് ഇത് കരിനിയമമാണ് എന്നുപറഞ്ഞവരല്ലേ ഭരണപക്ഷം? എന്നിട്ട് രാഷ്ട്രീയപ്രവർത്തകർക്കെതിരെ ആ കരുതൽ തടങ്കൽ നിയമം ഏറ്റവും കൂടുതൽ കേരളത്തിൽ ഉപയോഗിക്കുന്നു. രാത്രിയിൽ വീട്ടിൽ കിടന്നുറങ്ങാൻ വയ്യ, വെളുപ്പാൻകാലത്ത് വീട്ടിൽനിന്ന് പിടിച്ചുകൊണ്ടുപോകും. അതിൽ കരിങ്കൊടി കാണിച്ച് പ്രതിഷേധിച്ചവരെ ചെടിച്ചട്ടിയും ഹെൽമറ്റും ഇരുമ്പുവടിയും ഉപയോഗിച്ച് ക്രൂരമായി മർദ്ദിച്ചു. കരിങ്കൊടി കാണിക്കുന്നതൊക്കെ ജനാധിപത്യപരമായ പ്രതിഷേധമാണ്, അത് അവർ ചെയ്യട്ടെ, അവരെ ഉപദ്രവിച്ചത് തെറ്റായിപ്പോയി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമെന്നാണ് ഞാൻ കരുതിയത്. പക്ഷെ അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസ് വധശ്രമത്തിന് കേസ്സെടുത്തു. ചെടിച്ചട്ടിയും ഹെൽമറ്റും ഇരുമ്പുവടിയും വച്ച് വധിക്കാൻ ശ്രമിച്ച

എന്നുപറഞ്ഞ് വധശ്രമത്തിന് കേസ്സെടുത്ത വിഷയത്തിൽ 'അത് ജീവൻ രക്ഷാ പ്രവർത്തനമാണ്, മാതൃകാ പ്രവർത്തനമാണ്, ഇനിയും തുടരും' എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഭരണഘടനാപരമായ ഈ സ്ഥാനത്തിരുന്നുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെയൊക്കെ പറയാമോ? അദ്ദേഹം എത്ര ചെറുതായിപ്പോയി. അദ്ദേഹം വളരെ ചെറിയ മനസ്സുള്ള ഒരാളായി ചുരുങ്ങിപ്പോയില്ലേ? ഈ കുട്ടികളെ ക്രൂരമായി തല്ലിയിട്ടും പോലീസ് വധശ്രമത്തിന് കേസ്സെടുത്തപ്പോൾ അത് മാതൃകാ പ്രവർത്തനമാണ്, ജീവൻരക്ഷാ പ്രവർത്തനമാണ്, ഇനിയും തുടരണം എന്ന് പറഞ്ഞപ്പോഴല്ലേ കേരളം മുഴുവൻ ഈ അതിക്രമം നടന്നത്. പിന്നെ, രാജാവിനെക്കാൾ വലിയ രാജഭക്തി കാണിക്കാൻ ഉദ്യോഗസ്ഥന്മാർ എന്തെല്ലാമാണ് ചെയ്തത്? കണ്ണൂരിൽ ഒരു പെൺകുട്ടിയുടെ കൈ തല്ലിയൊടിച്ചു, തിരുവനന്തപുരത്ത് ഒരു പെൺകുട്ടിയുടെ മൂക്കിന്റെ പാലം അടിച്ചുതകർത്തു, വേറൊരു പെൺകുട്ടിയെ നിലത്തിട്ട് അവളുടെ മുടിയിൽ പോലീസുകാർ ബൂട്ടിട്ട് ചവിട്ടിനിന്നു. ഇപ്പോഴും അനങ്ങാൻ സാധിക്കാതെ ഒരു പെൺകുട്ടി അനന്തപുരി ആശുപത്രിയിൽ കിടക്കുകയാണ്.

സമരത്തിൽനിന്നും മാറി നിന്നിട്ടും പുരുഷ പോലീസുകാർ പുറകിൽ ചെന്ന് അടിച്ച് cervical problem ഉണ്ടാക്കി. എന്തൊരു ക്രൂരതയാണ് സർക്കാർ ഞങ്ങളുടെ കുട്ടികളോട് കാണിച്ചത്? കേരളം മുഴുവൻ നൂറുകണക്കിന് പേരെ പോലീസ് അറസ്റ്റ് ചെയ്തു. നൂറുകണക്കിന് പേർ ആശുപത്രികളിലായി. ഫ്ലോറിഡയിലെ പോലീസ് ഉദ്യോഗസ്ഥൻ ഒരു കറുത്ത വർഗ്ഗക്കാരനോട് ചെയ്തതുപോലെ ഇവിടെ ഒരു പ്രവർത്തകനെ കഴുത്ത് ചേർത്ത് പിടിച്ച് ശ്വാസംമുട്ടിച്ച് കൊല്ലാൻ നോക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടതുംവലതും നടക്കുന്ന ഗൺമാന്മാർ മന്ത്രിമാരുടെ വാഹനങ്ങൾ കടന്നുപോയതിനുശേഷം ഞങ്ങളുടെ കുട്ടികളെ ക്രൂരമായി തല്ലി. ഇതിനൊക്കെ ആരാണ് അധികാരം കൊടുത്തത്? എന്നിട്ട് ഞങ്ങൾ കോടതിയിൽ പ്രൈവറ്റ് കംപ്ലൈന്റ് കൊടുത്തു, കോടതി എഫ്.ഐ.ആർ. തയ്യാറാക്കാൻ പറഞ്ഞിട്ട് അവർക്ക് സമയമില്ല. മന്ത്രിമാരുടെ കൂടെ നടക്കുന്നവർ ഈ നാട്ടിലെ നിയമം അനുസരിക്കുന്നില്ല. നിങ്ങളുടെ ഇടതുംവലതും നടക്കുന്ന ഈ ഗൺമാന്മാർ പോലീസ് സ്റ്റേഷനിലേയ്ക്ക് ഡ്യൂട്ടിക്ക് വിളിച്ചിട്ട് പോകുന്നില്ല. പിന്നെ നാട്ടിൽ ആര് പോകും, ആര്

നിയമം അനുസരിക്കും? കോടതി രണ്ടാം തവണ പറഞ്ഞിട്ടും സമയമില്ല. ന്യായം വേണ്ടേ ഈ നാട്ടിൽ, അന്യായമാണോ ചെയ്യേണ്ടത്, എന്തിനും കൂട്ടുനിൽക്കുന്ന പരിപാടിയാണോ ചെയ്യേണ്ടത്? എന്നിട്ടാണ് ഞങ്ങളോട് സഹകരിക്കണം എന്ന് പറയുന്നത്. ഞങ്ങളുടെ കുട്ടികളെ മുഴുവൻ അടിച്ച് ആശുപത്രിയിലാക്കി, കരുതൽ തടങ്കലിൽ അറസ്റ്റ് ചെയ്ത് ജയിലിലാക്കി. ഇത് സ്റ്റാലിന്റെ റഷ്യയാണോ; ഭരണപക്ഷം എന്താണ് കരുതിയത്? ഇത് ജനാധിപത്യ കേരളമാണ്. ഓർത്തുവച്ചോളൂ. ഒരു സംശയവും വേണ്ട. ജനാധിപത്യത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ റഷ്യയിലൊക്കെ നടന്നുകാണും. പക്ഷെ അതൊന്നും ഇവിടെ നടക്കില്ല.

ഇവിടെ കാർഷിക മേഖല മുഴുവൻ തകർന്നു, റബ്ബറിന്റെ കാര്യം പറഞ്ഞു, നെല്ല് സംഭരിച്ചതിന്റെ പണം കൊടുക്കുന്നില്ല, നാളികേര സംഭരണത്തിന്റെ കാര്യമെടുത്താൽ തമിഴ്നാട് 75000 ടൺ നാളികേരം സംഭരിച്ചു. കേരളം സംഭരിച്ചത് 800 ടൺ മാത്രമാണ്. അവർക്ക് 50000 ടണ്ണിനുള്ള അനുമതി കേന്ദ്രം  കൊടുത്തതിൽ 50000-ഉം സംഭരിച്ച് രണ്ടാമതും 34000 ടണ്ണിന് അവർ അനുമതി വാങ്ങിച്ചു. ഇവിടെ 50000 ടണ്ണിന് അവസരം ലഭിച്ചിട്ട്

സംഭരിച്ചത് വെറും 800 ടൺ. അടയ്ക്ക, സ്പൈസസ് എന്നിങ്ങനെ കാർഷിക മേഖല അതിന്റെ എക്കാലത്തെയും വലിയ പ്രതിസന്ധി നേരിടുകയാണ്. ഇതിൽ എന്താണ് സർക്കാരിന്റെ സമീപനം; അത് അഡ്രസ്സ് ചെയ്യാതെ എന്താണ് ചെയ്യുന്നത്; എന്താണ് നിങ്ങളുടെ സമീപനം?

മനുഷ്യ-വന്യജീവി സംഘർഷമുണ്ടാകുന്ന കാര്യം ഒരു ബഹുമാനപ്പെട്ട അംഗം ഗൗരവത്തോടുകൂടി പറഞ്ഞപ്പോൾ ചാർജ്ജുള്ള ബഹുമാനപ്പെട്ട മന്ത്രി ലജ്ജിക്കണം. വയനാട്ടിലേയ്ക്ക് അദ്ദേഹം തിരിഞ്ഞുനോക്കിയിട്ടില്ല. ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ മണ്ഡലത്തിൽ അഞ്ച് കടുവയാണ് ഇറങ്ങിയിരിക്കുന്നത്. അവസാനമായി കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ആളുടെ വീട്ടിൽപോലും ജില്ലയുടെകൂടി ചാർജ്ജുള്ള ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പോയിട്ടില്ല. ആർക്കാണ് ഉത്തരവാദിത്വം?

സാമ്പത്തിക രംഗത്തെക്കുറിച്ച് ഇന്നലെ പറഞ്ഞതുകൊണ്ടും അതിൽ കൂടുതലൊന്നും പറയാനില്ലാത്തതുകൊണ്ടും ഞാൻ ആവർത്തിക്കുന്നില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒമ്പത് യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാരില്ലാത്തതിനാൽ അവിടെ ഇൻ-ചാർജ്ജ് ഭരണമാണ്

നടക്കുന്നത്. ഉടൻ രണ്ടുമൂന്ന് വൈസ് ചാൻസലർമാർകൂടി പോകുമെന്നാണ് പറയുന്നത്. 66 ഗവൺമെന്റ് കോളേജുകളിൽ കുറേനാൾ പ്രിൻസിപ്പൽമാരില്ലായിരുന്നു. വ്യാജ ഡിഗ്രി കേസ്സുകൾ വ്യാപകമായി പെരുകുന്നു. ' Brain drain നടക്കുന്നു, ആളുകൾ പോകുന്നു, ഞങ്ങൾ വലിയ ഉത്കണ്ഠയിലാണ്, സർക്കാർ കൂടി ശ്രദ്ധിക്കണം' എന്ന് മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന് സ്വീകരണം കൊടുക്കാൻ ഒരു യോഗം നടന്നപ്പോൾ അദ്ധ്യക്ഷത വഹിച്ച ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് പറഞ്ഞു. അപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അസ്വസ്ഥനായി, പ്രശ്നമൊന്നുമില്ലെന്ന് പറഞ്ഞു. കുട്ടികൾ അവർക്ക് ഇഷ്ടമുള്ള സ്ഥലത്ത് വിദ്യാഭ്യാസം നേടാൻ പോകുന്ന പുതിയ കാലമാണെന്ന് പറഞ്ഞു. ഇതിൽ ഞാൻ അത്ഭുതപ്പെട്ടുപോയി. ഇത്ര ലാഘവത്തോടുകൂടിയാണോ ഗൗരവതരമായ ഒരു വിഷയത്തെ കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണുന്നത്. അതിന്റെ അടുത്ത ദിവസം ഇതൊരു താൽക്കാലിക പ്രതിഭാസമാണെന്ന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയും പറഞ്ഞത് ഞാൻ കേട്ടു. നിങ്ങൾക്ക് പറയാനുള്ള

അവകാശമുണ്ട്. അതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. കേരള യൂണിവേഴ്സിറ്റിക്ക് NAAC-ന്റെ അക്രഡിറ്റേഷനുള്ളതുകൊണ്ട് ഇവിടത്തെ ഉന്നത വിദ്യാഭ്യാസ രംഗം ഗംഭീരമാണ്, ഒരു കുഴപ്പവുമില്ല. ആണോ; എന്തുകൊണ്ടാണ് കുട്ടികൾ ഇങ്ങനെ പോകുന്നത്; സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും ഇതിന്റെ ആഘാതമെന്താണ്; അത് നമ്മൾ സ്റ്റഡി ചെയ്യണ്ടേ? ധാരാളം കുട്ടികൾ വിദ്യാഭ്യാസത്തിനായി നമ്മുടെ സംസ്ഥാനം വിട്ട് പോകുമ്പോൾ പേടിയാകുകയാണ്. നമ്മുടെ നാട്ടിൽ പെട്ടെന്ന് ഒരു ട്രെൻഡ് വരികയാണ്. 35-40 ലക്ഷം രൂപയ്ക്ക് വീട് പണയം വച്ച് ആ പണവുമായി കുട്ടികൾ വിദേശത്തേയ്ക്ക് പോകുകയാണ്. ഗൾഫിൽനിന്നും remittance വരും. എന്നാൽ യൂറോപ്പിൽ പോയാൽ remittance വരാറില്ല. അത് നമ്മുടെ ഇക്കോണമിയെ എങ്ങനെ ബാധിക്കും; ഇവിടെനിന്നും ഇത്രയും കോടി രൂപ അങ്ങോട്ടേയ്ക്ക് പോകുകയാണ്. എന്തുകൊണ്ട് കുട്ടികൾ പോകുന്നു? ഇതിൽ നമുക്ക് എന്ത് ചെയ്യാൻ പറ്റുമെന്ന് ആലോചിക്കുന്നതിനുപകരം എല്ലാം ശരിയാണെന്ന് പറഞ്ഞുപോകുകയാണ്.

ആരോഗ്യ രംഗത്തെക്കുറിച്ച് ഞങ്ങൾ പറഞ്ഞു. സംസ്ഥാനത്ത് മരുന്നില്ല. സംസ്ഥാനത്ത് മരുന്നുണ്ടെന്ന് പറയുന്ന ഒരേയൊരാൾ ആരോഗ്യ വകുപ്പുമന്ത്രി മാത്രമാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കാശ് കൊടുക്കാനുണ്ട്, സപ്ലൈകോയ്ക്ക് കോടികൾ കൊടുക്കാനുണ്ട്. കേരളത്തിൽ വിലക്കയറ്റമുണ്ടാകുമ്പോൾ ഇടപെടുന്ന നമ്മുടെ അഭിമാനമായ സ്ഥാപനമാണ് സപ്ലൈകോ. എന്നാൽ അവിടെ ഇപ്പോൾ ആരും ഒരു സാധനവും സപ്ലൈ ചെയ്യുന്നില്ല, ടെണ്ടറിൽ ആരും പങ്കെടുക്കുന്നില്ല. എത്ര കോടി രൂപയാണ് അവർക്ക് കൊടുക്കാനുള്ളത്; ആ സ്ഥാപനം കെ.എസ്.ആർ.ടി.സി.-യെ പോലെയാക്കുമോ? പരിതാപകരമായ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഉമ്മൻ ചാണ്ടി സർക്കാർ അധികാരത്തിൽ നിന്നിറങ്ങുമ്പോൾ വൈദ്യുതി ബോർഡ് ലാഭത്തിലായിരുന്നു. യൂണിറ്റിന് 20 പൈസ കുറച്ചുകൊടുത്തു. അതുവരെയുണ്ടായിരുന്ന കടത്തിന്റെ തോത് കുറച്ചു. 1957 മുതൽ 2016 വരെ വൈദ്യുതി ബോർഡിന്റെ കടം 1083 കോടി രൂപയായിരുന്നു. ഈ ഏഴര വർഷംകൊണ്ട് കടം 40,000 കോടി രൂപയായി.

എല്ലാ വർഷവും വൈദ്യുതി നിരക്ക് കൂട്ടേണ്ടിവരുമെന്നാണ് മന്ത്രി പറയുന്നത്. എല്ലാ മാസവും കൂട്ടിയാലും വൈദ്യുതി ബോർഡിന്റെ കടം തീരില്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഏകദേശം പൂട്ടലിന്റെ വക്കിലാണ്, അല്ല പൂട്ടിയെന്നുതന്നെ പറയാം. നിരവധി ക്ഷേമനിധി ബോർഡുകളെ ഈ വർഷം ഇത് ബാധിക്കും. എന്തൊരു തകർച്ചയാണ് വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലുമുള്ളത്. എല്ലാം പരിശോധിച്ചാൽ മനസ്സിലാകും.

മത്സ്യത്തൊഴിലാളി മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, തീവ്രവാദികളായ ആളുകൾ വിഴിഞ്ഞം തുറമുഖത്തെ തകർക്കാൻ പോയപ്പോൾ ഞങ്ങൾ അവിടെ പോയെന്ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടിയായിരുന്നു അവിടെ സമരം ചെയ്തത്. അവരെ നിങ്ങൾ തീവ്രവാദികളായി ചിത്രീകരിക്കുന്നു. അവർ പാവങ്ങളാണ്. ഞങ്ങൾ അവിടെ പോയി. കാറ്റും കടലുമെടുത്ത് തീരശോഷണം കൊണ്ട് സിമന്റ് ഗോഡൗണിലാക്കപ്പെട്ട പാവങ്ങളുടെ

പുനരധിവാസത്തിനുവേണ്ടിയാണ് അവിടെ പോയത്. അവരെ തീവ്രവാദികളാക്കി നിങ്ങൾ മാറ്റി. മത്സ്യത്തൊഴിലാളി മേഖലയിൽ ഗൗരവമായ നിരവധി പ്രശ്നങ്ങളുണ്ട്. മണ്ണെണ്ണയുടെ വില, മത്സ്യത്തിന്റെ ലഭ്യതക്കുറവ്, തീരപ്രദേശങ്ങളിൽ വറുതിയും പട്ടിണിയുമാണ്. നിങ്ങൾ ഇതൊന്നും കാണാതെ പോകരുത്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളുണ്ട്. എല്ലാ സ്ഥലത്തും അരക്ഷിതാവസ്ഥയാണ്. അതാണ് ഈ ഭരണം. നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുറ്റുംനിന്നുകൊണ്ട് അദ്ദേഹം സൂര്യനാണ്, ചന്ദ്രനാണ്, ദൈവത്തിന്റെ വരദാനമാണ്, കഴുകനാണ്, മരമാണ്, കുന്തമാണ്, കൊടച്ചക്രമാണ് എന്നൊക്കെ പറയുമ്പോൾ അത് കേട്ട് യാഥാർത്ഥ്യം വിസ്മരിക്കരുത്. എല്ലാ രാജകൊട്ടാരങ്ങളിലും വിദൂഷകന്മാർ തകർത്താടിയിട്ടുണ്ട്. എല്ലാക്കാലത്തും എല്ലാ രാജകൊട്ടാരങ്ങളിലും വിദൂഷകന്മാരുണ്ടായിട്ടുണ്ട്. രാജകൊട്ടാരങ്ങളിലെ വിദൂഷകന്മാരെ തിരിച്ചറിയാനുള്ള കഴിവാണ് ഭരണാധികാരികൾക്ക് വേണ്ടതെന്ന് ഞാൻ വിനയപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഒരു അഴിമതി ആരോപണം എഴുതി തന്നിട്ട് ഉന്നയിച്ചു. അതായത് കെ-റെയിൽ വന്നിരുന്നെങ്കിൽ കേരളത്തിലെ ഐ.ടി. രംഗം ഭയങ്കരമായി കുതിച്ചുയരുമെന്നും അതോടുകൂടി ഹൈദരാബാദിലെയും ബാംഗ്ലൂരിലെയും ഐ.ടി. ബിസിനസ്സ് മുഴുവൻ തകർന്ന് തരിപ്പണമായി പോകുമെന്നും കേരളത്തിൽനിന്നും ഒരാളെപ്പോലും ജോലിക്ക് കിട്ടില്ലെന്നും 25 ലക്ഷം പേർ കേരളത്തിൽത്തന്നെ ജോലി ചെയ്യുമെന്നും. ഇതെല്ലാം മനസ്സിലാക്കിയ ഐ.ടി. കമ്പനിക്കാർ ഇങ്ങനെ പ്ലാൻ ചെയ്തു, "ഇത് അപകടമാണല്ലോ കുറച്ചുവർഷങ്ങൾക്കുശേഷം അതായത് 2045, 2050 ആകുമ്പോഴേയ്ക്കും നമ്മുടെ കമ്പനിയൊക്കെ പൂട്ടിപോകുമല്ലോ. അതുകൊണ്ട് അവർ പ്രതിപക്ഷനേതാവിന് 150 കോടി രൂപ കൊടുത്തു. ഫ്രീസ് ചെയ്ത ഒരു മത്സ്യ ലോറിയിൽ ചാവക്കാട് എത്തിച്ചു. അവിടെനിന്ന് ആംബുലൻസിൽ കൊണ്ടുപോയി. പിന്നെ വീണ്ടും തിരിച്ച് ബാംഗ്ലൂരിൽ ഡെപ്പോസിറ്റ് ചെയ്തു. ബാംഗ്ലൂരിൽ ഏത് വഴിക്കാണ് പോയതെന്ന് പറഞ്ഞില്ല. ചാവക്കാട് ആംബുലൻസിൽ കൊണ്ടുവന്ന സാധനം വീണ്ടും ബാംഗ്ലൂരിൽ കൊണ്ടുപോയി ഡെപ്പോസിറ്റ് ചെയ്തു. ഒരു മാസത്തിൽ മൂന്ന് പ്രാവശ്യം ഞാൻ ബാംഗ്ലൂരിൽ

പോകുന്നുണ്ട്." ഇതിന് ഞാൻ ചിരിക്കണോ അതോ നിങ്ങളെ ഓർത്ത് കരയണോ; ഇത് പറഞ്ഞ ആളെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കാരണം, അദ്ദേഹത്തിൽനിന്നും ഞാൻ ഇതിൽ കൂടുതലൊന്നും പ്രതീക്ഷിക്കുന്നില്ല. പക്ഷെ അങ്ങ് സഭാ നേതാവല്ലേ, സി.പി.ഐ.(എം.) പാർട്ടിയുടെ ലീഡറല്ലേ. നിങ്ങൾ ഇത് നിയമസഭയിൽ അനുവദിച്ചതിനെക്കുറിച്ചാണ് എനിക്ക് സങ്കടം. I feel sympathy to you. നിങ്ങളുടെ ഏതെങ്കിലും മന്ത്രിമാരെക്കുറിച്ച് പ്രതിപക്ഷത്തുള്ള ഒരാൾ വന്ന് ഇതുപോലെ എഴുതിത്തന്നാൽ അത് ഞങ്ങൾ കീറി ചവറ്റുകൊട്ടയിലിടും. നിങ്ങൾ ഇങ്ങനെ പരിഹാസപാത്രമാകണോ? ഇത് റെക്കോർഡിൽ കിടക്കണം. രേഖയിൽനിന്നും മാറ്റേണ്ട. മറ്റൊരു കാര്യം, അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിനെക്കുറിച്ച് ഒരാൾ എഴുതിത്തരാതെ ഒരു ആരോപണം ഉന്നയിച്ചു. അങ്ങനെ ഉന്നയിക്കാമോ? അത് നീക്കം ചെയ്യാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റേത് അവിടെ കിടക്കട്ടേ. ഇതുപോലെ ഒരാൾ നിയമസഭയിലുണ്ടായിരുന്നുവെന്ന് വരാനിരിക്കുന്ന തലമുറ അറിയട്ടേ. അല്ലാതെ ഞാനെന്ത് മറുപടിയാണ് ഇതിന് പറയേണ്ടത്. ഒരേസമയം

എനിക്ക് ചിരിക്കാനും കരയാനും തോന്നുന്നുണ്ട്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് ആരോപണം ഉന്നയിക്കുമെന്ന് ഓർത്തിട്ടാണോ ഇങ്ങനെ പറയിപ്പിച്ചത്. ഞങ്ങൾ ഇവിടെ നിയമസഭയിൽ എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചിട്ടുണ്ട്. മാസപ്പടി വിവാദത്തെക്കുറിച്ച് ഡോ. മാത്യു കുഴൽനാടൻ ആരോപണമുന്നയിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞു. അവർ എക്സാലോജിക് കമ്പനിക്ക് ഒരു അവസരവും കൊടുത്തില്ല, ഒരു സ്വാഭാവിക നീതിയും കമ്പനിക്ക് കൊടുത്തില്ലെന്ന് അദ്ദേഹം പറഞ്ഞു. അത് ഇന്ററിം ട്രൈബ്യൂണലിന്റേതായിരുന്നു. ഇപ്പോൾ വന്നിരിക്കുന്നത് രജിസ്ട്രാർ ഓഫ് കമ്പനീസിന്റേതാണ്. അവസരങ്ങളെല്ലാം നൽകിയിട്ടും ഒരു രേഖയും ഹാജരാക്കിയിട്ടില്ലെന്നാണ് രജിസ്ട്രാർ ഓഫ് കമ്പനീസ് ഇപ്പോൾ പറയുന്നത്. ആലുവയിലെ കമ്പനിയുമായിട്ടുള്ള എഗ്രിമെന്റോ കറസ്പോണ്ടൻസോ അവർ അവിടെ ജോലി ചെയ്തതിന്റെ ഒരു രേഖയോ ഹാജരാക്കിയിട്ടില്ല. അവരെ തെറ്റിദ്ധരിപ്പിച്ചു. അതുകൊണ്ട് കമ്പനീസ് ആക്ടിലെ 447, 448 വകുപ്പുകൾ പ്രകാരവും വകുപ്പ് 188 പ്രകാരവും കേസ്സെടുക്കണമെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ

പറഞ്ഞത് അവാസ്തവമായിരുന്നു. അവസരങ്ങളെല്ലാം നൽകിയിട്ടും അവർ ഒരു രേഖയും ഹാജരാക്കിയില്ല. കമ്പനിയുടെയും അവരുടെയും അക്കൗണ്ടിലേയ്ക്ക് വന്നത് ലീഗൽ ട്രാൻസാക്ഷനായിരുന്നില്ല. ആയതിനാൽ അത് Prevention of Money Laundering Act, 2002-ന്റെ പരിധിയിൽ വരും. കള്ളപ്പണം വെളുപ്പിച്ച നടപടിയാണ് എന്ന ഫൈൻഡിംഗാണ് രണ്ട് സ്റ്റാറ്റ്യൂറ്ററി ബോഡികളും നടത്തിയിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ് സമയമായി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയുന്ന കാര്യം പൂർണ്ണമാക്കിയിട്ട് അവസാനിപ്പിക്കാം. ഇൻകം ടാക്സ് ആക്ട് പ്രകാരം രൂപീകൃതമായ ട്രൈബ്യൂണലിന്റെയും രജിസ്ട്രാർ ഓഫ് കമ്പനീസിന്റെയും ഫൈൻഡിംഗാണ് ഇതിലുള്ളത്. അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. ഒന്നും അവരുടെ കൈയിലുണ്ടായിരുന്നില്ല. അതിനാലാണ് ഞങ്ങൾ ആരോപണം ഉന്നയിച്ചത്. എ.ഐ. ക്യാമറയ്ക്കും കെ-ഫോണിനും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമെതിരെയും ഈ

വിഷയത്തെക്കുറിച്ചും ഞങ്ങൾ ആരോപണം ഉന്നയിച്ചു. എ.ഐ. ക്യാമറയുമായും കെ-ഫോണുമായും ബന്ധപ്പെട്ട് ഞങ്ങൾ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ അഴിമതിയുമായി ബന്ധപ്പെട്ട് ലോകായുക്തയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിങ്ങൾ നീതി നടപ്പാക്കിയില്ലെങ്കിൽ ഞങ്ങൾ നീതി തേടി കോടതിയിൽ പോകുന്നത് സ്വാഭാവികമാണ്. ഈ നയപ്രഖ്യാപന പ്രസംഗം പോലെയാണ് ഈ ഭരണവും. കേരളത്തിലെ ജനങ്ങളെ മുഴുവൻ ദുരിതത്തിലാക്കി ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കി അഴിമതിയും ധൂർത്തും ധിക്കാരവും അടിച്ചമർത്തലും നടത്തുകയാണ്. പോലീസിനെ ഉപകരണമാക്കി മാറ്റി ഗുണ്ടകളെക്കൊണ്ടുവന്ന് പ്രതിപക്ഷ ശബ്ദങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന മുഖ്യമന്ത്രിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ഭരണം കേരളത്തെ എവിടെ കൊണ്ടുചെന്ന് എത്തിക്കുമെന്നത് ഞങ്ങൾ കേരളത്തിലെ ജനങ്ങളോട് പറയുമെന്നതിൽ ഒരു സംശയവുമില്ല. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. കെ.യു. ജനീഷ് കുമാർ ഉന്നയിച്ച വിഷയം സംബന്ധിച്ച് ശ്രീ. മാത്യു കുഴൽനാടന് വ്യക്തിപരമായ വിശദീകരണം നൽകാവുന്നതാണ്.

**VIII <u>വ്യക്തിപരമായ വിശദീകരണം</u>**

<u>ഭൂമി കൈയേറിയെന്ന ആരോപണം സംബന്ധിച്ച്</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, എനിക്കെതിരെ ശ്രീ. കെ.യു. ജനീഷ് കുമാർ രണ്ട് ആക്ഷേപങ്ങളാണ് പ്രധാനമായും പറഞ്ഞത്. ഒന്ന്, ഞാൻ ചിന്നക്കനാലിലെ ഭൂമി കൈയേറിയെന്ന നിലയിൽ പറഞ്ഞു. അതുസംബന്ധിച്ച് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാമായിരിക്കും. ഞാൻ ഒരു കാര്യം നിയമസഭയുടെ മുമ്പാകെ എല്ലാ സാമാജികരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും കേൾക്കുന്നതിനായി പറയാൻ ആഗ്രഹിക്കുന്നു. എനിക്ക് അർഹതപ്പെടാത്ത ഒരിഞ്ച് സ്ഥലമോ/ഒരു സെന്റ് സ്ഥലമോ ഞാൻ കൈവശം വയ്ക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ അധിക ഭൂമി കൈവശമുണ്ടെങ്കിൽ സർക്കാർ എടുക്കുന്ന നടപടിയോട് പൂർണ്ണമായും സഹകരിച്ച് ഞാൻ മുന്നോട്ടുപോകും.

രണ്ടാമത്തെ കാര്യം പറഞ്ഞത് എന്റെ നിയോജകമണ്ഡലത്തിലെ ഏഴുപേർക്ക് വീടുവച്ച് കൊടുത്തതിനെ സംബന്ധിച്ചാണ്. അത് അച്ചടിച്ച പബ്ലിക് നോട്ടീസിലടക്കം ലൈഫിന്റെ സപ്പോർട്ടോടുകൂടി പൂർത്തീകരിച്ച വീടാണെന്ന് ഞാൻ പറഞ്ഞു. പതിനെട്ട് സെന്റ് സ്ഥലം വാങ്ങി ഏഴുപേർക്ക് രണ്ട് നിലയിലുള്ള വീട് പൂർത്തിയാക്കി. അതുസംബന്ധിച്ച് അദ്ദേഹം ഇവിടെ പറയാൻ കാരണം. അതിന് ഞങ്ങൾ 'ഭാരത് ജോഡോ വില്ല' എന്നാണ് പേര് കൊടുത്തത്. ഇന്നത്തെ കാലഘട്ടത്തിൽ വർഗ്ഗീയതയ്ക്കെതിരെ ഏറ്റവും ശക്തമായ പോരാട്ടം നടത്തിയ ശ്രീ. രാഹുൽ ഗാന്ധിയുടെ ഐതിഹാസികമായ ആ യാത്രയെ അനുസ്മരിക്കുന്നതിനുവേണ്ടിയാണ് ഭാരത് ജോഡോ വില്ല എന്ന പേര് നൽകിയത്. ആക്ഷേപം ഉന്നയിച്ച നിലയ്ക്ക് ശ്രീ. കെ. യു. ജനീഷ് കുമാർ ഒരു പരാതി ബഹുമാന്യനായ മുഖ്യമന്ത്രിക്ക് നൽകട്ടെ. അദ്ദേഹം എനിക്കെതിരെ ഇതിന് മുമ്പ് വിജിലൻസ് പ്രോസിക്യൂഷന് അനുമതി നൽകി. ഈ വിഷയത്തിൽ അങ്ങ് വീണ്ടും ഒരു പ്രോസിക്യൂഷന് അനുമതി നൽകണം. ഞാൻ അതിനുവേണ്ടി പണം പിരിച്ചിട്ടുണ്ടോ, അതിനുവേണ്ടി അനധികൃതമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ

എന്നതുസംബന്ധിച്ച് സർക്കാർ ഒരു അന്വേഷണം നടത്തണം. വിജിലൻസ് അന്വേഷണം നടത്തി അതിനും ഒരു തീരുമാനം സർക്കാർ പ്രഖ്യാപിക്കണം. ദയവ് ചെയ്ത് പാവപ്പെട്ടവർക്കുവേണ്ടി ചെയ്യുന്ന ഇതുപോലെയുള്ള കാര്യങ്ങളിലെങ്കിലും കുറഞ്ഞപക്ഷം ഒരു മര്യാദ കാണിക്കാൻ നിങ്ങൾ തയ്യാറാകണമെന്ന് മാത്രമാണ് പറയാനുള്ളത്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, രണ്ട് കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരാമർശിച്ചു. ഒന്ന്, വിദ്യാർത്ഥികൾ വിദേശത്തേയ്ക്ക് പോകുന്നതുമായി ബന്ധപ്പെട്ടതാണ്. അതിനെക്കുറിച്ച് താൽക്കാലിക പ്രതിഭാസമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അതൊരു ആഗോള പ്രതിഭാസമാണെന്നാണ് പറഞ്ഞിട്ടുള്ളത്. ആഗോളവത്കരണത്തിന്റെ കാലത്ത് രാജ്യങ്ങളുടെ അതിർത്തി രേഖകൾ അപ്രസക്തമാകുന്ന കാലമാണ്. അതിർത്തി രേഖകൾക്കപ്പുറത്തേയ്ക്ക് ഒഴുകി പരക്കുന്ന രീതിയിൽത്തന്നെയാണ് എല്ലാ കാര്യങ്ങളും എന്നപോലെതന്നെ വിദ്യാഭ്യാസ മേഖലയിലും അതിന്റെ അനുരണനങ്ങൾ കാണും. പണ്ടുള്ളതിനെക്കാൾ എത്രയോ കൂടുതൽ ഫ്ലൈറ്റ് സർവ്വീസുകൾ ഉണ്ട്.

അതുപോലെത്തന്നെ വിദ്യാഭ്യാസ വായ്പകളൊക്കെ പെരുകിയിട്ടുള്ള സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പോക്കും അതിനനുസരിച്ചുണ്ടാകും. ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിൽ കേരളത്തെക്കാൾ കൂടുതലുണ്ട്. ആന്ധ്രാപ്രദേശ്-12%, പഞ്ചാബ്-12%, മഹാരാഷ്ട്ര-11%, ഗുജറാത്ത്-8%, തമിഴ്നാട്-7%, കർണ്ണാടക-5%, കേരളം-4% എന്ന നിലയിലാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ വേവലാതിപ്പെടാനല്ല, മറിച്ച് കേരളത്തിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയും ഉറപ്പുവരുത്തി ലോകോത്തര നിലവാരത്തിലുള്ള സാഹചര്യങ്ങളുണ്ടാക്കാൻ പരിശ്രമിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കാണ് ഒന്നാമത് മുൻഗണന സർക്കാർ നൽകിയിട്ടുള്ളത്.

രണ്ടാമത്തെ കാര്യം, കണ്ണൂർ സർവ്വകലാശാല വി.സി. നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിട്ടുള്ളത് ഗവർണർതന്നെ അദ്ദേഹത്തിന്റെ വിവേചനാധികാരം അപ്ലൈ ചെയ്യാതെയാണ് ഈ ഒരു നിയമനം നടത്തിയത് എന്നുള്ളതുകൊണ്ട് അത് അസാധുവാക്കുന്നുവെന്നാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന്റെ ഭാഗമായി ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവടക്കം പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഉന്നയിച്ച കുറെ പ്രശ്നങ്ങളുണ്ട്. അക്കാര്യങ്ങൾ വിശദമായി പിന്നീട് സംസാരിക്കാം. നമ്മുടെ നാടിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത ഒരു സവിശേഷ രാഷ്ട്രീയ സാഹചര്യത്തിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ നന്ദിപ്രമേയ ചർച്ച നടക്കുന്നതെന്ന വസ്തുതയാണ് നാം കാണേണ്ടത്. ആ സവിശേഷ രാഷ്ട്രീയ സാഹചര്യം നാം കൃത്യമായി ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം നമ്മുടെ നാടിന്റെ/കേരളത്തിന്റെ താല്പര്യങ്ങളെ കേന്ദ്രവും കേരളത്തിലെ പ്രതിപക്ഷവും ഒരുപോലെ കൈവിട്ടിരിക്കുന്നുവെന്നതാണ്. ഇത്രമേൽ കഠിനവും ക്രൂരവുമായ നിലയിൽ അല്ലെങ്കിലും കേരളത്തിന്റെ താല്പര്യങ്ങളെ കേന്ദ്രം കൈയൊഴിഞ്ഞ ഘട്ടങ്ങൾ നേരത്തെയും ഉണ്ടായിട്ടുണ്ട്. പക്ഷെ ഇപ്പോഴത്തെ കേന്ദ്ര സമീപനം ഒരുതരത്തിലുള്ള സാമ്പത്തിക ഉപരോധത്തിന്റെ രൂപത്തിലാണ് വന്നിട്ടുള്ളത്. അത് കേരളത്തെ ഞെരുക്കുകയാണ്. ഇതിനെതിരെയാണ് സുപ്രീംകോടതിയിൽ

ഭരണഘടനയുടെ 131-ാം അനുച്ഛേദപ്രകാരം ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്തിട്ടുള്ളതും പൊതുമണ്ഡലത്തിൽ ശബ്ദമുയർത്തുന്നതിന് നമ്മൾ തയ്യാറായിട്ടുമുള്ളതും. വരുമാനത്തിന്റെ നിശ്ചിത വിഹിതം മൂലധനച്ചെലവിനായി കിഫ്ബി മുഖാന്തരം മാറ്റിവയ്ക്കാനും അതുപോലെതന്നെ നാം നൽകുന്ന സാമൂഹിക സുരക്ഷാ പെൻഷനുകൾ കുടിശ്ശികയില്ലാതെ നൽകുന്നതിനുവേണ്ടിയും കെ.എസ്.എസ്.പി.എൽ. (കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്) കമ്പനി വഴി ധനസമാഹരണം നടത്താനും സർക്കാർ നടത്തിയ ശ്രമങ്ങൾ അങ്ങേയറ്റം സദുദ്ദേശ്യപരമായിട്ടുള്ളതാണ്. എല്ലാവരും ആ തരത്തിൽ കാണുന്നതുമാണ്. പക്ഷെ അതിനെ ചോദ്യം ചെയ്തുകൊണ്ട് കേരളത്തിന്റെ വായ്പാപരിധി 2021-22 സാമ്പത്തിക വർഷം മുതൽ മുൻകാല പ്രാബല്യത്തോടെയാണ് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശകൾക്ക് രാഷ്ട്രപതി അംഗീകാരം നൽകിയിട്ടുള്ളതാണ്. ആ ശിപാർശകൾക്ക് കടകവിരുദ്ധമായ കാര്യങ്ങളാണിപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ചുരുക്കത്തിൽ ഭരണഘടനയുടെ അനുച്ഛേദം 281 പ്രകാരം പാർലമെന്റിന്റെ

ഇരുസഭകളെയും അറിയിച്ച് വ്യവസ്ഥകൾ മറികടന്നുകൊണ്ട് കേന്ദ്ര ധനമന്ത്രാലയം ഏകപക്ഷീയമായി കേരളത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടാക്കുന്നു. ഇത് ഭരണഘടനാവിരുദ്ധമായ നടപടിയാണെന്നാണ് നാം കാണേണ്ടത്. ഇതിനാണ് ഒന്നിച്ച് പ്രതിഷേധിക്കണമെന്ന നിലപാട് ഞങ്ങളെടുക്കുകയും കോൺഗ്രസ്സടക്കമുള്ള യു.ഡി.എഫ്.-നോട് അഭ്യർത്ഥിക്കുകയും ചെയ്തത്. പക്ഷേ അതിൽ അങ്ങേയറ്റത്തെ വിമുഖതയാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇത് സംസ്ഥാന താൽപ്പര്യങ്ങളോടുള്ള മുഖം തിരിഞ്ഞുനിൽക്കലാണ്. അതുമാത്രമല്ല, നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ വ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടമാണ് ഇവിടെ നടക്കുന്നത്. ആ പോരാട്ടത്തിൽനിന്നുള്ള ഒളിച്ചോട്ടം കൂടിയാണ് കോൺഗ്രസ്സ് നടത്തിയിരിക്കുന്നത്. നമ്മുടെ രാജ്യം നേരിടുന്ന പ്രത്യേക ദശാസന്ധിയെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതാണ്. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതകളായ മതനിരപേക്ഷത, ജനാധിപത്യം, സംസ്കാരത്തിൽ അന്തർലീനമായ ബഹുസ്വരത എന്നിവയെല്ലാം കനത്ത വെല്ലുവിളിയാണ് നേരിടുന്നത്. അധികാരം കൈയാളുന്നവരുടെ

പക്കൽനിന്നാണ് ഈ വെല്ലുവിളി കനത്ത തോതിൽ ഉയരുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ നാം ഉയർത്തിപ്പിടിച്ച മൂല്യങ്ങളുടെ അടിവേരറുക്കുന്ന നയപരിപാടികളാണ് ഇവിടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. നമ്മുടെ ഭരണഘടനയുടെ അന്തഃസത്ത ഏതെല്ലാംവിധത്തിൽ ചോർത്താമോ അതെല്ലാം തകൃതിയായി നടക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നത്. ചില വിഭാഗങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ അവർ ജനിച്ചുവളർന്ന ദേശത്തുതന്നെ അന്യരാണെന്ന് പ്രഖ്യാപിക്കുക, ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവാഹകനായിരുന്ന മഹാത്മാഗാന്ധിക്കുനേരെ വെടിയുതിർത്ത പ്രത്യയശാസ്ത്രത്തിന്റെ പിൻഗാമികൾ, മതത്തെ രാഷ്ട്രീയവൽക്കരിച്ചുകൊണ്ടാണ് നമ്മുടെ പൊതുമണ്ഡലത്തിൽ പ്രദൂഷണം സൃഷ്ടിക്കുന്നത്. നമ്മുടെ രാജ്യം ഇപ്പോൾ പതിനെട്ടാമത് ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കലാണ്. കഴിഞ്ഞ പത്തുവർഷമായി രാജ്യം ഭരിക്കുന്ന രാഷ്ട്രീയപാർട്ടിയായ ബി.ജെ.പി. നേതൃത്വം നൽകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി രാജ്യത്ത് എന്തെല്ലാം സംഭവിച്ചുവെന്നത് വിശകലനം ചെയ്ത്

തെരഞ്ഞെടുപ്പിൽ സമ്മതിദായകർ ന്യായയുക്തമായ തീരുമാനമെടുക്കേണ്ട ഘട്ടമാണിത്. എന്നാൽ ഭരിക്കുന്നവർക്ക് അവരുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന നല്ലകാര്യങ്ങളൊക്കെ ചെയ്തുവെന്ന് പറഞ്ഞുകൂടെ. വോട്ട് ചോദിക്കാൻ സാധ്യമാകാത്ത സ്ഥിതി ഇവിടെയുണ്ട്. അത്രമാത്രം ജനവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ നടന്നിരിക്കുന്നത്. അതിനുപകരം രാജ്യത്തെ ജനകോടികൾ ആരാധിക്കുന്ന ചില ദൈവങ്ങളുടെ പേരിൽ വോട്ട് ചോദിക്കാനാണ് അവരിപ്പോൾ തയ്യാറാകുന്നത്. മതവിശ്വാസം, ഈശ്വരാരാധന ഇതെല്ലാം ഏത് മതത്തിൽപ്പെട്ട ഒരാളുടെയും വ്യക്തിപരമായ അവകാശങ്ങളിൽപ്പെട്ടതാണ്. അതിനെ ഹനിക്കാൻ ആർക്കും ഒരവകാശവുമില്ല. ദൈവങ്ങളെ തെരഞ്ഞെടുപ്പ് സമയത്ത് പ്രതിഷ്ഠിച്ച് മതവികാരത്തെ സങ്കുചിത രാഷ്ട്രീയത്തിനായി ചൂഷണം ചെയ്ത് വീണ്ടും ഒരിക്കൽക്കൂടി ഭരണാധികാരത്തിൽ കടന്നുകൂടാനാണ് സംഘ്പരിവാർ ശക്തികൾ പരിശ്രമിക്കുന്നത്. ഇവിടെയാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ തീർത്തും വ്യത്യസ്തമായി നിൽക്കുന്നത്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്കുമുമ്പാകെ വച്ച പ്രകടനപത്രികയിലെ

വാഗ്ദാനങ്ങൾ ഓരോ വർഷം കഴിയുമ്പോഴും എത്രത്തോളം നടപ്പാക്കിയെന്ന ഒരു നൂതന ജനാധിപത്യരീതി ഞങ്ങൾ 2017 മുതൽ അവലംബിച്ചുവരികയാണ്. വാഗ്ദാനങ്ങൾ പാലിക്കുന്നതിന്റെയും നേട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ് ഞങ്ങൾ സമ്മതിദായകരുടെ അംഗീകാരം നേടുന്നത്. വർഗ്ഗീയതയും വിഭാഗീയതയും ഏതെങ്കിലും തരത്തിലുള്ള ഭേദചിന്തയും പടർത്തിക്കൊണ്ടല്ല, ആളിക്കത്തിച്ചുകൊണ്ടുമല്ല. മതനിരപേക്ഷ പൊതുമണ്ഡലത്തെ കാത്തുസൂക്ഷിച്ചിരുന്ന നമ്മുടെ രാജ്യത്ത് ഇത്തരം സ്ഥിതിവിശേഷം കനത്ത വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ഈ രാജ്യത്തെ നാനാജാതി മതസ്ഥരെ പ്രതിനിധാനം ചെയ്യുന്നവരാണ് ഭരണാധികാരികൾ. അവരെ മതചടങ്ങുകളിലെ പുരോഹിതരായി അവതരിപ്പിക്കുന്നത് മതനിരപേക്ഷ രാഷ്ട്രത്തിന്റെ അടിസ്ഥാനശിലകൾക്ക് ഇളക്കമുണ്ടാക്കുന്ന പ്രവൃത്തിയാണ്. പലവിധത്തിലുള്ള പ്രതിസന്ധികൾ നേരിട്ട രാജ്യമാണ് നമ്മുടേത്. 1975 ജൂൺ 25-ന് പ്രഖ്യാപിച്ച ദേശീയ അടിയന്തരാവസ്ഥയായിരുന്നു ഇതിനുമുമ്പ് ഇന്ത്യൻ ജനാധിപത്യം നേരിട്ട വലിയൊരു തിരിച്ചടി. 19 മാസക്കാലം ഭരണകൂടത്തെ വിമർശിക്കാനോ

സ്വതന്ത്രമായി അഭിപ്രായം പറയാനോ നിയമസഭാ പ്രസംഗങ്ങൾപോലും പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യാനോ ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിരുന്നു. അക്കാലത്ത് മൂന്ന് ലക്ഷത്തിൽപ്പരം ആളുകളാണ് വിചാരണ കൂടാതെ തടങ്കലിൽ അടയ്ക്കപ്പെട്ടത്. ഭരണകൂടത്തിന്റെ അപ്രീതിക്ക് പാത്രമാകുന്ന ഏതൊരാളും തുറങ്കിലടയ്ക്കപ്പെടുകയും കൊടിയ മർദ്ദനങ്ങൾക്ക് വിധേയരാകുകയും ചെയ്തു. 19 മാസക്കാലത്തെ കാളരാത്രിയായിരുന്ന അടിയന്തരാവസ്ഥ. ഭരണഘടനയുടെ അനുച്ഛേദം 352 പ്രയോഗിച്ചുകൊണ്ട് ഭരണഘടനാ മൂല്യങ്ങളെ കീറി കാറ്റിൽപ്പറത്തിയ ഭരണകൂട നടപടികൾക്കാണ് രാജ്യം സാക്ഷ്യം വഹിച്ചത്. ഇന്ത്യയിലെ സാമാന്യ ജനങ്ങൾ 1977-ലെ തെരഞ്ഞെടുപ്പിലൂടെ അന്നത്തെ ഭരണകൂടത്തെ പരാജയപ്പെടുത്തി. ഇന്ന് ഒരു പ്രഖ്യാപിത അടിയന്തരാവസ്ഥ നമ്മുടെ രാജ്യത്ത് നിലവിലില്ല. എന്നാൽ കേന്ദ്ര ഭരണകൂടം അതിന്റെ ഓരോ നടപടിയിലൂടെയും ഭരണഘടനയെ പേരിന് നിലനിർത്തിക്കൊണ്ട് അതിന്റെ എല്ലാ മൂല്യങ്ങളുടെയും അന്തഃസത്ത ചോർത്തിക്കളയുകയാണ്.

നമ്മുടെ ഭരണഘടനയ്ക്ക് അടിസ്ഥാനഘടനയുണ്ടെന്നും അതിനെ പാർലമെന്റിലെ കേവലഭൂരിപക്ഷംകൊണ്ട് മാറ്റിമറിക്കാൻ കഴിയില്ലെന്നും വിഖ്യാതമായ കേശവാനന്ദഭാരതി കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ആ വിധിയുടെ അമ്പതാം വാർഷികമാണ് കഴിഞ്ഞ വർഷം നിയമവൃത്തങ്ങൾ മുൻകൈയെടുത്ത് ആചരിച്ചത്. ആ അവസരത്തിൽതന്നെ അടിസ്ഥാന ഘടന എന്ന ആശയത്തിന് പ്രസക്തിയുണ്ടോയെന്ന് കേന്ദ്ര ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന ചിലരിൽനിന്നും ചോദ്യങ്ങളുയർന്നു. ഇത് ജനാധിപത്യ മതനിരപേക്ഷ സോഷ്യലിസ്റ്റ് ഇന്ത്യ എന്ന ഭാരതത്തിൽ വിശ്വസിക്കുന്ന ഏവരെയും അലോസരപ്പെടുത്തുന്ന ഒന്നാണ് എന്നുകൂടി നാം കാണേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ഘടനയുടെ അവിഭാജ്യ ഘടകമാണ് ഫെഡറലിസം. യൂണിയൻ ഗവൺമെന്റിനും സംസ്ഥാന സർക്കാരുകൾക്കും ഭരണഘടന അനുച്ഛേദം 246-ലെ ഏഴാം ഷെഡ്യൂൾ പ്രകാരം പ്രത്യേകം പ്രത്യേകം അധികാരം നൽകിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പരമാധികാരികളായ ജനങ്ങൾ തെരഞ്ഞെടുക്കുന്ന സർക്കാരുകളാണ് യൂണിയൻ സർക്കാരുകളും സംസ്ഥാന സർക്കാരുകളും.

സംസ്ഥാന സർക്കാരുകൾ യൂണിയൻ സർക്കാരിന്റെ കീഴ്ഘടകങ്ങളല്ല. എന്നാൽ ഈ അടിസ്ഥാനതത്വത്തെ അട്ടിമറിക്കുന്ന നടപടികൾ നാം കണ്ടുകൊണ്ടിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് സംസ്ഥാന സർക്കാരിന്റെ അധികാരപരിധികളിൽ കടന്ന് യൂണിയൻ സർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. കൃഷി, മൈനർ പോർട്ടുകൾ, ഡാമുകൾ എന്നിവയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽ കടന്നുകയറിയാണ് കേന്ദ്രം നിയമനിർമ്മാണങ്ങൾ നടത്തിയിട്ടുള്ളത്. കർഷക സമരത്തിന്റെ വേലിയേറ്റത്തിൽ വിവാദമായ കാർഷിക നിയമങ്ങൾ പിൻവലിക്കേണ്ടിവന്നതും സമീപകാല ഭാവിയിലാണ്. വൈദ്യുതി മേഖലയെ നിയന്ത്രിക്കുന്ന കാര്യത്തിലും ഇത്തരത്തിലുള്ള കേന്ദ്രീകൃത പ്രവണതകൾ ദൃശ്യമാണ്. മറ്റ് അനവധി ഉദാഹരണങ്ങളും കാണാൻ കഴിയും. ഫെഡറലിസത്തിന്റെ മാത്രമല്ല, പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാന ശിലകളെക്കൂടി ദുർബലപ്പെടുത്തുന്ന ഒന്നാണ് സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന ബില്ലുകൾ കാലവിളംബമില്ലാതെ നിയമമാക്കാൻ കഴിയാത്ത അവസ്ഥ.

ജനങ്ങൾ തെരഞ്ഞെടുക്കുന്ന നിയമസഭയ്ക്ക് നിയമനിർമ്മാണം നടത്താനുള്ള അവകാശം ഹനിക്കപ്പെടുന്നുവെന്ന് വരുന്നത് ജനാധിപത്യത്തെ ഫലത്തിൽ ഇല്ലായ്മ ചെയ്യുന്നതിന് തുല്യമാണ്. ഇവിടെ നാം ഒരുകാര്യം ഓർക്കുന്നത് നല്ലതാണ്. പ്രഗത്ഭ നിയമവിദഗ്ദ്ധനും കേരളത്തിലെ ആദ്യത്തെ നിയമസഭയിലെ നിയമമന്ത്രിയും നമ്മുടെ പരമോന്നത നീതിപീഠത്തിലെ ജഡ്ജിയുമായിരുന്ന വി. ആർ. കൃഷ്ണയ്യർ; അദ്ദേഹത്തിന്റെ 'A Constitutional Miscellany'എന്ന പുസ്തകത്തിൽ ശ്രദ്ധേയമായൊരു കാര്യം പറയുന്നുണ്ട്. നിയമനിർമ്മാണ സഭ പാസ്സാക്കുന്ന ബില്ലുകൾക്ക് എന്തിനാണൊരു പ്രത്യേക അനുമതിയുടെ ആവശ്യം എന്നാണ് അദ്ദേഹം ചോദിച്ചത്. ബിൽ പസ്സാക്കിയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അംഗീകരിച്ചാൽത്തന്നെ ബില്ലുകൾ നിയമം ആകേണ്ടതല്ലേ എന്നാണ് ഭരണഘടനാ വ്യവസ്ഥകളെക്കുറിച്ച് നല്ല അവഗാഹമുള്ള ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചോദിക്കുന്നത്. ഈ ചോദ്യം കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഇന്ന് ഏറെ പ്രസക്തമായതാണ്. അതുകൊണ്ടുതന്നെ അദ്ദേഹം പറഞ്ഞത് ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്നാണ് കരുതുന്നത്. അദ്ദേഹത്തിന്റെ

വാക്കുകൾ ഇങ്ങനെയാണ്, 'It is a ritual, but some rituals can have potential for mischief. The Rajamannar Committee recommended repeal of the provision for Presidential assent. I am inclined to agree with it. Indeed, I am for a legislation becoming valid once the Speaker certifies that it has been passed. The Governor's assent or reference to Presidential assent is a super-arrogation fraught with danger.' ഇതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. ബില്ലുകൾ നിയമമാകാൻ ആവശ്യമായ അനുമതി അനന്തമായി നീളുന്ന അവസ്ഥയ്ക്ക് പ്രതിവിധി തേടിക്കൊണ്ട് കേരളമുൾപ്പെടെയുള്ള ബി.ജെ.പി. ഇതര കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ച ഘട്ടമാണിത്. ഹർജികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. ഇക്കാര്യത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന നിരീക്ഷണങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതി നടത്തിയിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ജനാധിപത്യ മൂല്യങ്ങൾ 1975-ൽ കശാപ്പ് നേരിട്ടപ്പോൾ മതനിരപേക്ഷതയ്ക്ക് കാര്യമായ ക്ഷതമൊന്നുമേറ്റില്ല. പക്ഷേ, ഇന്നത്തെ

സാഹചര്യത്തിൽ മതനിരപേക്ഷതയ്ക്കും ബഹുസ്വരതയ്ക്കും വലിയ ഭീഷണിയാണ് നേരിടുന്നത്. പൗരത്വത്തിൽ ഉൾപ്പെടെ മതം ഒരു ഘടകമാക്കാൻ കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ള നിയമനിർമ്മാണത്തിനെതിരെയും കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിക്ക് മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സംഘ്പരിവാർ ശക്തികൾ നടത്തുന്ന പ്രവണതകൾ കേവലം ഭരണ തലത്തിലോ രാഷ്ട്രീയ തലത്തിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. ചരിത്രം, സാംസ്കാരിക വിഷയങ്ങൾ, ശാസ്ത്രം എന്നിവയിലെല്ലാം തന്നെ ഒരു പിന്തിരിപ്പൻ സമീപനത്തിന്റെ പ്രാമുഖ്യം ഇന്ന് അനുഭവപ്പെടുന്നുണ്ട്. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളുടെ ഭാഗമാണ് പൗരന്മാർക്കിടയിൽ ശാസ്ത്ര അവബോധം വളർത്തുക എന്നത്. ഇതിന് കടകവിരുദ്ധമായി അന്ധവിശ്വാസങ്ങൾക്ക് പ്രചാരണം നൽകുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ രാജ്യത്തെ ചിലർ തള്ളി വിടുകയാണ്. സ്വന്തം വിശ്വാസം തെരഞ്ഞെടുക്കാനും എന്തുതരം വിശ്വാസവും വച്ചുപുലർത്താനും ജനാധിപത്യ സമൂഹത്തിൽ ഏതൊരു വ്യക്തിക്കും അവകാശമുള്ളപ്പോൾത്തന്നെ ഭരണകൂടം

സംഘടിതമായി അന്ധവിശ്വാസങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കുന്നത് രാജ്യപുരോഗതിക്ക് കനത്ത തിരിച്ചടിയുണ്ടാക്കും.

നമ്മുടെ പുതുതലമുറ രാജ്യത്തിന്റെ ചരിത്രം സമഗ്രമായി മനസ്സിലാക്കണമെന്നത് ഒരു ജനാധിപത്യ രാഷ്ട്രം കെട്ടിപ്പടുക്കുന്ന പ്രക്രിയയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. ഇതിനെയാണ്, എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങളിൽനിന്നും സംഘ്പരിവാർ ശക്തികൾക്ക് ഇഷ്ടമില്ലാത്ത ഗാന്ധിവധം, മുഗൾ ചരിത്രം തുടങ്ങിയ ഭാഗങ്ങൾ വെട്ടി മാറ്റിയത്. ഇക്കാര്യത്തിൽ കേരളം ഒരു തിരുത്തൽ ശക്തിയായി നിലകൊണ്ടുവെന്നത് നമുക്കേവർക്കും അഭിമാനിക്കാവുന്നൊരു നേട്ടമാണ്. ഈ പാഠഭാഗങ്ങൾ നമ്മുടെ പാഠ്യക്രമത്തിലൂടെ പഠിപ്പിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. ഇന്ത്യയുടെ ചരിത്രം ബഹുസ്വരതയുടെ ചരിത്രമാണ്. വിവിധ ആശയങ്ങളും വിശ്വാസങ്ങളുമൊത്തുചേർന്ന് രൂപപ്പെട്ടിട്ടുള്ള ഒരു ദേശീയ സംസ്കാരത്തിന്റെ ചരിത്രമാണ്. ഇതിനെ തമസ്കരിച്ചുകൊണ്ട് മതചിഹ്നങ്ങളും ആക്രമണത്തിനുള്ള ആഹ്വാനങ്ങളും ഇളം മനസ്സുകളിൽ എത്രവേഗം

കടത്തിവിടാമെന്ന ചിന്ത ഹിംസാത്മക രാഷ്ട്രീയത്തിന്റെ ഹീനമായ ഉദാഹരണങ്ങളാണ്.

നമ്മുടെ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ നേരിടുന്ന വർഗ്ഗീയവത്കരണ ഭീഷണി കുറച്ചുകാണുന്ന സമീപനം ഇവിടെ ഉപേക്ഷിക്കണമെന്നാണ് കോൺഗ്രസിനോട് പ്രത്യേകമായി അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷൻ കുറച്ചുനാൾ മുമ്പ് നടത്തിയ ഒരു പ്രതികരണമാണ് ഇങ്ങനെ പറയാൻ പ്രേരിപ്പിക്കുന്നത്. സർവ്വകലാശാലകളുടെ നയരൂപീകരണ സ്ഥാനങ്ങളിൽ കാവിവത്കരണത്തിൽ വിശ്വസിക്കുന്ന വ്യക്തികൾ നാമനിർദ്ദേശം ചെയ്യപ്പെട്ടാൽ തകരാർ എന്താണെന്നാണ് അദ്ദേഹം ചോദിച്ചത്. അവരിലും നല്ലവരില്ലേ എന്നുകൂടി ചോദിക്കുകയുണ്ടായി. ഈ രാജ്യത്തെ മതനിരപേക്ഷമൂല്യങ്ങളും ഉന്നത വിദ്യാഭ്യാസത്തിന്റെ അന്തഃസത്തയും നേരിടുന്ന വലിയ ഭീഷണിയെ ഇത്രകണ്ട് ഒരു ദേശീയപാർട്ടിയുടെ സംസ്ഥാന നേതൃത്വം നിസ്സാരവത്കരിക്കാമോ? ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ തങ്ങൾക്ക് മാത്രമെ കഴിയുകയുള്ളൂവെന്ന്

വീമ്പിളക്കുന്നവർ ഇത്തരം സമീപനം കൈക്കൊണ്ടാൽ അവരും ബി.ജെ.പി.-യും തമ്മിൽ എന്ത് വ്യത്യാസമെന്ന് ചോദിക്കേണ്ടി വരില്ലേ; കേരളത്തിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ മുന്നോട്ടുള്ള കുതിപ്പിന്റെ പാതയിലാണ്. ഈ അവസരത്തിലാണ് തെരഞ്ഞെടുപ്പിലൂടെ കടന്നുവരാൻ കഴിയാത്ത വർഗ്ഗീയവത്കരണത്തിന്റെ വക്താക്കളെ നാമനിർദ്ദേശത്തിലൂടെ തിരുകിക്കയറ്റാൻ ചാൻസലർ സ്ഥാനം വഹിക്കുന്ന ബഹുമാന്യൻ തുനിഞ്ഞത്. ഇതിനെതിരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും പ്രതിഷേധിച്ചപ്പോൾ അതിനോട് ഒരുമിച്ച് ചേരാൻ എന്താണ് നിങ്ങൾ അറച്ച് നിന്നത്; എന്തിനാണ് നിങ്ങൾ മടി കാണിച്ചത്? സ്വന്തമായിട്ടെങ്കിലും പ്രതിഷേധം സംഘടിപ്പിക്കാൻ നിങ്ങൾക്ക് എന്തുകൊണ്ട് കഴിഞ്ഞില്ല? ശാസ്ത്ര-സാമൂഹികശാസ്ത്ര വിഷയങ്ങളിൽ ശാസ്ത്രീയമായ ഗവേഷണരീതി ഉപേക്ഷിച്ച് സർവ്വകലാശാലകളിലെ ഗവേഷണത്തെ മൂഢവിശ്വാസങ്ങളുടെ മാറാലകളിൽ പൊതിഞ്ഞ് കെട്ടുന്ന പിന്തിരിപ്പൻ ആശയക്കാരെ നാമനിർദ്ദേശത്തിലൂടെ തിരുകിക്കയറ്റുന്നത് കേരളത്തിൽ സ്വീകാര്യമല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കാൻ ഇവിടെ ഇടതുപക്ഷ

പ്രസ്ഥാനങ്ങൾ മാത്രമേയുള്ളൂവെന്നതും നമ്മുടെ പൊതുസമൂഹം കാണുകയാണ്. സംഘ്പരിവാർ ശക്തികളുടെ ന്യൂനപക്ഷവിരുദ്ധ/ മതനിരപേക്ഷ വിരുദ്ധ സമീപനങ്ങളെ സർവ്വകലാശാലകളിൽക്കൂടി കടത്തിവിട്ട് ആധിപത്യം സ്ഥാപിക്കാനുള്ള ശ്രമത്തെ കൈയുംകെട്ടി നോക്കിനിൽക്കാൻ നിങ്ങൾ പറയുന്ന ന്യായം ചുവപ്പുവത്കരണവും കാവിവത്കരണവും ഒന്നാണെന്നാണ്. തെരഞ്ഞെടുപ്പുകളിലൂടെയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ സർവ്വകലാശാലകളുടെ വിവിധ സ്ഥാനങ്ങളിൽ അംഗങ്ങളായിട്ടുള്ളത്. അല്ലാതെ നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തികൾ, ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങി നാമനിർദ്ദേശം ചെയ്യപ്പെട്ടവരായിട്ടല്ല ഇടതുപക്ഷ പ്രതിനിധികൾ വന്നിട്ടുള്ളത്. NAAC അക്രെഡിറ്റേഷന്റെ കാര്യം നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. NAAC അക്രെഡിറ്റേഷനിലും എൻ.ഐ.ആർ.എഫ്. (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്) റാങ്കിംഗിലും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഗണനീയമായ സ്ഥാനമാണുള്ളത്. അതെല്ലാം മറച്ചുവച്ച് ഇവിടത്തെ വിദ്യാഭ്യാസമാകെ കുഴപ്പത്തിലാണെന്ന്

നാഴികക്കല്ല് നാൽപ്പതുവട്ടം ചാൻസലറും അദ്ദേഹത്തോടൊപ്പം ചേർന്ന് കോൺഗ്രസ്സും അതിന്റെ പോഷക സംഘടനകളും ബി.ജെ.പി.-യും ഒരുമിച്ച് പറയുകയാണ്. ഇങ്ങനെ ഒരുമിച്ച് പറഞ്ഞാൽ അത് യാഥാർത്ഥ്യത്തിൽനിന്നും വളരെ ദൂരത്ത് തന്നെയായിരിക്കും നിൽക്കുകയെന്നത് കാണേണ്ടതായിട്ടുണ്ട്. നമ്മുടെ രാജ്യം എത്ര അപകടകരമായ സ്ഥിതിവിശേഷത്തിൽ എത്തിനിൽക്കുന്നുവെന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കാൻ ശ്രമിച്ചത്. ഇത് വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയ പ്രാധാന്യം വളരെയേറെ വർദ്ധിപ്പിക്കുകയാണ്. ഈ രാഷ്ട്രീയ യാഥാർത്ഥ്യം ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ വ്യക്തമായി തിരിച്ചറിയുന്നുണ്ട്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇത് വ്യക്തമായി തിരിച്ചറിയുകയാണ്. നമ്മുടെ സമ്പന്നവും വൈവിധ്യവുമായ ജനാധിപത്യ പാരമ്പര്യം നിലനിൽക്കണമെങ്കിൽ ഇന്ന് കേന്ദ്രം ഭരിക്കുന്ന സംഘ്പരിവാർ ശക്തികൾ ഒരിക്കൽക്കൂടി കേന്ദ്രത്തിൽ അധികാരത്തിൽ വരരുതെന്ന തിരിച്ചറിവാണ് വേണ്ടത്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന സാമ്പത്തിക-

സാമൂഹിക പ്രശ്നങ്ങൾ ഏറ്റെടുത്ത് നവലിബറൽ സാമ്പത്തിക നയങ്ങൾ തള്ളിപ്പറഞ്ഞുകൊണ്ടുള്ള ഒരു സമീപനം അനിവാര്യമാണ്. ബി.ജെ.പി.-യുടെയും സംഘ്പരിവാറിന്റെയും മതാധിഷ്ഠിത രാഷ്ട്രീയത്തെ, മതത്തെ മുൻനിർത്തി ഓരോ പ്രദേശത്തും വിവിധതരം ചെപ്പടിവിദ്യകൾ കാട്ടിയാൽ ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ സാധ്യമല്ല. ഇത് മറ്റാരെക്കാളും മനസ്സിലാക്കേണ്ടത് കോൺഗ്രസിലെ സുഹൃത്തുക്കൾ തന്നെയാണ്. കേരളത്തിലെങ്കിലും അവർക്കിന്നും ഇടതുപക്ഷത്തിന്റെ പ്രാതിനിധ്യം പാർലമെന്റിൽ എത്രകണ്ട് കുറയ്ക്കാമെന്ന ലക്ഷ്യമാണുള്ളത്. അവരുടെ രാഷ്ട്രീയ ലക്ഷ്യം അതായിക്കൊള്ളട്ടെ. പ്രത്യേക ദശാസന്ധിയിൽ എത്തിനിൽക്കുന്ന നമ്മുടെ രാജ്യത്തെ മതനിരപേക്ഷ-ബഹുസ്വര ജനാധിപത്യത്തിന്റെ പാതയിൽ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ സംഘ്പരിവാർ ശക്തികൾ ഭരണത്തിൽനിന്ന് പുറത്ത് പോകണമെന്നതുതന്നെയാണ് ഈ നാട്ടിലെ ജനങ്ങൾക്ക് മുന്നിൽവയ്ക്കാനുള്ള രാഷ്ട്രീയം.

ഏകീകൃത സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള തിടുക്കത്തിലുള്ള നീക്കങ്ങളുടെ ഭാഗമായി കേരളത്തിൽ അതിന്റെയൊരു കേളികൊട്ട് നമ്മൾ കേൾക്കുകയുണ്ടായി. രാജ്യം ഭരിക്കുന്നവരുടെ ജനാധിപത്യ വിരുദ്ധ സമീപനത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണത്. മതന്യൂനപക്ഷങ്ങൾക്ക് ഒരിക്കലും ഒരു അരക്ഷിതബോധമുണ്ടാകാൻ പാടില്ലെന്ന് നമ്മുടെ രാജ്യത്തെ ദേശീയ നേതൃത്വത്തിനുണ്ടായിരുന്ന ബോധം ഇന്നത്തെ ഭരണാധികാരികൾക്കില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എപ്പോഴും മുൻപന്തിയിലുണ്ടാകുമെന്നത് ഊന്നിപ്പറയാൻ ഈ ഘട്ടത്തിൽ ആഗ്രഹിക്കുകയാണ്. പാർലമെന്റിൽ എത്തുന്ന ഓരോ ഇടതുപക്ഷ പ്രതിനിധിയും സംഘ്പരിവാറിന്റെ ഭരണമോഹങ്ങളെ ഏറ്റവും ഉറച്ച രീതിയിൽ ചെറുത്തുനിൽക്കുന്ന വ്യക്തികളായിരിക്കുമെന്ന കാര്യത്തിൽ നാട്ടിലെ ജനാധിപത്യ വിശ്വാസികൾക്കും മതനിരപേക്ഷ മൂല്യങ്ങൾ വിലമതിക്കുന്നവർക്കും തൊഴിലെടുക്കുന്ന ജനവിഭാഗങ്ങൾക്കും ഉറച്ച് വിശ്വസിക്കാം. ഇടതുപക്ഷം താരതമ്യേന ദുർബ്ബലമായ പ്രദേശങ്ങളുണ്ട്. അത്തരം പ്രദേശങ്ങളിൽ സംഘ്പരിവാറിനെ ചെറുക്കാൻ കോൺഗ്രസിനെ

സഹായിക്കില്ലെന്ന പിടിവാശി ഞങ്ങൾക്കില്ല. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കും അവരെ തുല്യാവകാശമുള്ള ഇന്ത്യൻ പൗരന്മാരായി കാണണമെന്നുള്ള കാര്യത്തിലും എക്കാലവും ഉറച്ച് വിശ്വസിക്കുകയും അതിനായി പോരാടുകയും ചെയ്തിട്ടുള്ളവരാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി എല്ലാഘട്ടത്തിലും ഇത്തരമൊരു നിലപാടാണ് സ്വീകരിച്ച് പോയിട്ടുള്ളത്. ഇന്ത്യൻ സമ്പദ്ഘടനയുടെ നെടുംതൂണുകളാകണം പൊതുമേഖലാ സ്ഥാപനങ്ങളെന്ന പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ സങ്കൽപ്പത്തെ കോൺഗ്രസ് ഉപേക്ഷിക്കുകയും ആ ഉപേക്ഷയെ പിന്തുടരുന്ന ബി.ജെ.പി. സർക്കാർ പൊതുമേഖലയെന്ന സങ്കല്പത്തെതന്നെ വില്പന ചരക്കാക്കി മാറ്റിയിരിക്കുകയുമാണ്. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തിക അധികാരങ്ങളുള്ള സംസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ വഹിക്കാവുന്ന പങ്ക് വളരെ പരിമിതമാണ്. എന്നാൽ ആ പരിമിതികളെക്കുറിച്ച് വേവലാതിപ്പെട്ട് കൈയുംകെട്ടി നോക്കിയിരിക്കുന്ന സമീപനമല്ല കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. കേന്ദ്ര

സർക്കാർ വിറ്റഴിക്കാൻവച്ച പൊതുമേഖലാ സ്ഥാപനങ്ങളായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി, കാസർഗോഡ് ജില്ലയിലെ ബി.എം.എൽ. എന്നിവയെല്ലാം കേരള സർക്കാർ ഏറ്റെടുത്ത് നടത്തിവരികയാണ്.

**3.00 Pm**

ഭരണഘടനയുടെ ആമുഖത്തിലുൾപ്പെടുത്തിയിട്ടുള്ള സോഷ്യലിസം എന്ന ആശയത്തെ ബി.ജെ.പി. സർക്കാർ തീർത്തും പുറന്തള്ളുകയാണ്. അവർ ഒരിക്കൽക്കൂടി അധികാരത്തിൽ വന്നാൽ രാജ്യത്തെ സമ്പദ്ഘടനയ്ക്കുണ്ടാകുന്ന ഗുരുതരമായ ഭവിഷ്യത്ത് എന്താണെന്ന് നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്. കോൺഗ്രസ് പാർട്ടി ഇക്കാര്യത്തിൽ ചാഞ്ചാട്ട സമീപനം ഉപേക്ഷിച്ച് നെഹ്റുവിയൻ ആശയത്തെ പിന്തുണയ്ക്കുന്ന നിലപാട് സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യത്തിലും അതിശക്തമായ നിലപാട് പാർലമെന്റിൽ സ്വീകരിക്കണമെങ്കിൽ അവിടെ മതിയായ ഇടതുപക്ഷ പ്രാതിനിധ്യമുണ്ടാകണമെന്നത് നിസ്തർക്കമായ കാര്യമാണ്.

പേരിനെങ്കിലും നമ്മുടെ രാജ്യത്ത് ഇന്നും ഫെഡറൽ സംവിധാനം നിലനിൽക്കുന്നുണ്ട്. എന്നാൽ യൂണിയൻ സർക്കാരിനെ നയിക്കുന്ന കക്ഷിക്ക് ഇഷ്ടപ്പെടാത്ത പല സംസ്ഥാന സർക്കാരുകളും ചീട്ടുകൊട്ടാരം പോലെ പൊളിഞ്ഞുവീഴുന്ന കാഴ്ചയാണ് ഈയടുത്ത ദിവസം വരെ നാം കണ്ടുകൊണ്ടിരുന്നത്. ഇത്തരമൊരു ചീട്ടുകൊട്ടാരമല്ല എൽ.ഡി.എഫ്. നയിക്കുന്ന കേരള സർക്കാർ.

ഇവിടെ ഒരുകാര്യം നാം ഓർക്കുന്നത് നല്ലതാണ്. ഐക്യകേരളം രൂപീകൃതമായതിനുശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി ഇവിടെ സർക്കാർ രൂപീകരിച്ചു. സ്പീക്കറെ മാറ്റിനിർത്തിയാൽ ഒരാളുടെ ഭൂരിപക്ഷമായിരുന്നു ആ സർക്കാരിനുണ്ടായിരുന്നത്. നമ്മുടെ നാട്ടിലെ സ്ഥാപിത താല്പര്യക്കാരും പണച്ചാക്കുകളും അന്ന് കേന്ദ്രം ഭരിക്കുന്നവരും പഠിച്ച പണി പതിനെട്ടും പയറ്റിയിട്ടും ഒരാളെപ്പോലും അടർത്തിയെടുക്കാൻ കഴിഞ്ഞില്ല. ആ പാരമ്പര്യമാണ് ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും അതിന്റെ സർക്കാരിനുമുള്ളത്. ഈ സർക്കാരിനെ എങ്ങനെയെല്ലാം ദുർബലപ്പെടുത്താമെന്നാണ് പ്രതിപക്ഷം ആലോചിക്കുന്നത്. ഒരു

പ്രതിപക്ഷത്തിന് സർക്കാരിനെ എല്ലാ കാര്യത്തിലും പിന്തുണയ്ക്കാനുള്ള ബാധ്യതയുണ്ടെന്നൊന്നും ഞാൻ ഉന്നയിക്കുകയല്ല. ഞങ്ങളെ വിമർശിക്കാനും ഞങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാനുമുള്ള പ്രതിപക്ഷത്തിന്റെ അവകാശത്തെ ഞങ്ങൾ മാനിക്കുക തന്നെയാണ്. പക്ഷേ വാലുംതലയുമില്ലാത്ത ആരോപണങ്ങളുമായി, അസത്യങ്ങളുടെ ഘോഷയാത്രയുമായി ഞങ്ങൾക്കെതിരെ നിങ്ങൾ നടത്തുന്ന പടപ്പുറപ്പാട് ആരെ തൃപ്തിപ്പെടുത്താനുള്ളതാണെന്ന് നിങ്ങൾതന്നെ ആലോചിക്കേണ്ടതാണ്. ഇവിടെ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസം നേരിടുന്ന ഭീഷണിയെക്കുറിച്ചാണ് പ്രതിപാദിച്ചത്. സാമൂഹ്യക്ഷേമ പദ്ധതികൾക്കും പശ്ചാത്തല സൗകര്യത്തിനും പണം നീക്കിവയ്ക്കാൻ മുൻകൈയെടുക്കുന്ന കേരളത്തെ സാമ്പത്തികമായി ഞെരുക്കുവാൻ കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾ കേരളജനത നേരിൽ കാണുകയാണ്. നമ്മുടെ നികുതി വരുമാനത്തിന്റെ ഒരു നിശ്ചിത വിഹിതം മൂലധനച്ചെലവിനും പശ്ചാത്തല സൗകര്യവികസനത്തിനും നീക്കിവയ്ക്കുക എന്ന ആശയം 2016-ൽ കേരളം

മുന്നോട്ടുവച്ച് നടപ്പാക്കിയതാണ്. പിന്നീട് യൂണിയൻ സർക്കാരും ഇത്തരം മാതൃക പിന്തുടർന്നിട്ടുണ്ട്. എന്നാൽ കേരളത്തെ ഈ കാരണം പറഞ്ഞുകൊണ്ട് സാമ്പത്തിക ഉപരോധത്തിലാക്കാനാണ് കേന്ദ്ര സർക്കാർ തയ്യാറാകുന്നത്.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകൾ പ്രകാരം സംസ്ഥാനത്തിന് ആഭ്യന്തര വരുമാനത്തിന്റെ 3.5 ശതമാനംവരെ വായ്പാ പരിധിയുണ്ട്. എന്നാൽ കിഫ്ബിയും സാമൂഹ്യക്ഷേമ പെൻഷൻ കമ്പനിയും അവരെടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാർ വായ്പയായി പരിഗണിച്ചുകൊണ്ട് കേരളത്തിന്റെ കമ്പോള വായ്പാപരിധി മുൻകാലപ്രാബല്യത്തോടെ വെട്ടിച്ചുരുക്കുന്ന ഒരു സാമ്പത്തിക അടിച്ചമർത്തൽ നയം കേന്ദ്ര ധനമന്ത്രാലയം കൈക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ച് കേരളം ഇന്ന് നിയമപോരാട്ടം നടത്തുകയാണ്. കേരളം ഇത്തരമൊരു വിഷമസന്ധിയിലെത്തി നിൽക്കുമ്പോൾ ഇവിടെ കെടുകാര്യസ്ഥതയും ധൂർത്തുമാണ് എന്നൊക്കെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും

അദ്ദേഹത്തോടൊപ്പമുള്ളവരും പ്രചരിപ്പിക്കുന്നത്. കടക്കെണിയെന്നും സൗകര്യംപോലെ പറയുന്നുണ്ട്. എന്താണ് ഇവിടെയുള്ള യാഥാർത്ഥ്യം? അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂചിപ്പിക്കുന്നത്, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നമ്മുടെ തനത് നികുതി വരുമാനം 22 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ടെന്നാണ്. 2013-14-നുശേഷം ആദ്യമായാണ് ഇത്തരം ശ്രദ്ധേയമായ വളർച്ചാനിരക്ക് തനത് നികുതി വരുമാനത്തിലുണ്ടാകുന്നത്. 2016-17 മുതൽ 2020-21 വരെ കേരളത്തിൽ നിലനിന്നിരുന്ന അസാധാരണ സാഹചര്യങ്ങൾ നമ്മുടെ നികുതി വരുമാന വളർച്ചയെ പിന്നോട്ട് വലിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഇവയെല്ലാം മറികടന്ന് നമ്മുടെ പരിശ്രമം വിജയകരമായി മുന്നേറുകയാണ്. കേരളം നികുതി വെട്ടിപ്പുകാരുടെ പറുദീസയാണെന്ന് ദോഷൈകദൃക്കുകൾ പറയുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം രണ്ടായിരം കോടിയിൽപ്പരം രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്തുകയും അത് ഖജനാവിലേയ്ക്ക് അടപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് 3.89 ശതമാനമുണ്ടായിരുന്ന സംസ്ഥാന

വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലത്ത് 1.92 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതുമൂലമുണ്ടാകുന്ന കുറവ് 18,000 കോടി രൂപയാണ്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതുകൊണ്ടുണ്ടായ കുറവ് 12,000 കോടി രൂപയുമാണ്. റവന്യൂ കമ്മി ഗ്രാന്റിൽ 8,400 കോടി രൂപയുടെയും വായ്പാ അനുമതി നിഷേധിച്ചതുമൂലം 19,600 കോടി രൂപയുടെയും കുറവുണ്ടായി. അപ്രകാരം വരുമാനത്തിൽ 57,000 കോടി രൂപയിലധികം കുറവുണ്ടായിരിക്കുകയാണ്. മിക്ക കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കേന്ദ്ര സഹായ വിഹിതം 75 ശതമാനത്തിൽനിന്നും 2015-16 മുതൽ 60 ശതമാനമായി കുറച്ചിരിക്കുകയാണ്. ഇതിലുപരി സംസ്ഥാന സർക്കാർ കൂടി നടത്തിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെ കേന്ദ്രം നിർദ്ദേശിക്കുന്ന പേരിൽ ബ്രാൻഡിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുകയാണ്. ഇത് ചെയ്തില്ലെങ്കിൽ ധനസഹായം നൽകില്ലെന്നാണ് പറയുന്നത്. ഇത് ഫെഡറൽ സംവിധാനത്തിന് തികച്ചും അന്യമാണ്. കാര്യക്ഷമവും സമഗ്രവുമായി പ്രവർത്തിക്കുന്ന ജി.എസ്.ടി. വിഭാഗമാണ് കേരളത്തിലുള്ളത്. ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാന ജി.എസ്.ടി. വകുപ്പ് ഇത്ര

സമഗ്രമായി പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. നമ്മുടെ പുനഃസംഘടനയെക്കുറിച്ച് പഠിക്കുവാൻ മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധികൾ കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ചെലവിന്റെ കാര്യത്തിൽ സർക്കാർ മിതവ്യയം പാലിക്കുന്നുമുണ്ട്.

പൊതു വിദ്യാലയങ്ങൾക്കും പൊതുജനാരോഗ്യത്തിനും പ്രാബല്യം നൽകുന്ന നയങ്ങൾ കാലങ്ങളായി സ്വീകരിച്ചുപോന്നതുകൊണ്ടാണ് കേരളം ഉയർന്ന മാനവ വിഭവ സൂചികകൾ കൈവരിച്ചത്. ഇതിന് ഗണ്യമായ സാമ്പത്തിക ചെലവുകൾ സംസ്ഥാനത്തിന് വഹിക്കേണ്ടിവന്നിട്ടുണ്ട്. ഇതിന്റെ ഫലമായി സാക്ഷരതയിലും പ്രത്യേകിച്ച് സ്ത്രീ സാക്ഷരതയിലും ആയുർദൈർഘ്യത്തിലും കുറഞ്ഞ ശിശുമരണ നിരക്കിലും കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെയേറെ മുന്നിലാണ്. തൽഫലമായി നമ്മുടെ ജനസംഖ്യ നിയന്ത്രണത്തിലാവുകയും ചെയ്തു. ഇപ്പോൾ അക്കാര്യം പറഞ്ഞുകൊണ്ട് നമ്മുടെ നികുതി വിഹിതത്തിൽ ക്രമാതീതമായ വെട്ടിക്കുറവുണ്ടാക്കുകയാണ്. 11-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം നമുക്ക് ലഭ്യമായിരുന്ന നികുതി വിഹിതം 3.05

ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ അത് 1.92 ശതമാനമായി ചുരുങ്ങിയിരിക്കുന്നു. ഭരണഘടനയുടെ അനുച്ഛേദം 280 പ്രകാരം കേന്ദ്രം പിരിക്കുന്ന നികുതികൾ, സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കുന്ന മാനദണ്ഡങ്ങൾ എന്നിവയെല്ലാം ശിപാർശ ചെയ്യുന്ന ഭരണഘടനാ സ്ഥാപനമാണ് ധനകാര്യ കമ്മീഷൻ. കേന്ദ്ര സർക്കാരിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്ന ശ്രീ.ബി.വി.ആർ. സുബ്രഹ്മണ്യം അടുത്തിടെ നടത്തിയ വെളിപ്പെടുത്തൽ ഞെട്ടൽ ഉളവാക്കുന്നതാണ്. ധനകാര്യ കമ്മീഷന്റെ അദ്ധ്യക്ഷനായിരുന്ന ഡോ. വൈ. വി. റെഡ്ഡിയോട് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതിയുടെ വിഹിതം 42 ശതമാനത്തിൽനിന്നും 33 ശതമാനമായി കുറയ്ക്കാൻ കേന്ദ്ര സർക്കാർ അത്യുന്നത തലത്തിൽ സമ്മർദ്ദം ചെലുത്തിയെന്നാണ് വെളിപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനയ്ക്കും ഫെഡറൽ സംവിധാനത്തിനും നൽകുന്ന പരിഗണന ഇതാണെങ്കിൽ കേന്ദ്ര സമീപനത്തിനെതിരെ പ്രതിഷേധിക്കാൻ ഞങ്ങൾ ഒരുങ്ങുമ്പോൾ യു.ഡി.എഫും കോൺഗ്രസ്സും മാറിനിൽക്കുന്നത് ശരിയാണോയെന്ന് പരിശോധിക്കണം. അത് പുനഃപരിശോധിക്കാൻ തയ്യാറാകണമെന്ന്

ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനങ്ങളുമായി വിഹിതം പങ്കുവയ്ക്കേണ്ടതില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചാണ് ഇതിനോടൊപ്പം നാം ചേർത്തുവായിക്കേണ്ടത്. അതാണ് സർചാർജ്ജുകളും സെസ്സുകളും. ഇതിൽ രണ്ടിലും വൻ വർദ്ധനയാണുള്ളത്. ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർചാർജ്ജുകളും സെസ്സുകളും 12 -ൽനിന്നും 20 ശതമാനം വരെ വർദ്ധിച്ചിട്ടുണ്ട്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ഇത് വൻ സാമ്പത്തിക പ്രതിസന്ധിയാണുണ്ടാക്കുന്നത്. ഇത് പറയുമ്പോൾ എന്തിനാണ് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയും സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥതയും ധൂർത്തുമാണ് ഇവിടെയുള്ള പണഞെരുക്കത്തിന് കാരണമെന്ന് പറയുന്നത്. ബി.ജെ.പി.-യുടെ സംഗീതമേളയിൽ എന്തിനാണ് കോൺഗ്രസ് സുഹൃത്തുക്കൾ പക്കവാദ്യം വായിക്കാൻ പുറപ്പെടുന്നത്; സർക്കാർ എന്തെങ്കിലും ഒരു ആഘോഷം നടത്തിയാൽ അത് ധൂർത്താണെന്ന് മുറവിളി കൂട്ടുന്നത് ഒരു ആചാരമായി മാറിയിരിക്കുകയാണ്. ഇവയൊന്നും മുമ്പുള്ള സർക്കാർ ചെയ്യാത്ത കാര്യങ്ങളാണ്. 'കേരളീയം 2023' എന്നതിനെ ധൂർത്തെന്ന് പറയാൻ

എങ്ങനെയാണ് സാധിക്കുന്നത്; നോബൽ സമ്മാന ജേതാക്കളും ലോകത്തിലെ അറിയപ്പെടുന്ന വിദഗ്ധരും പങ്കെടുത്ത അർത്ഥവത്തായ സംവാദങ്ങളും ചർച്ചകളുമാണ് ഇതിന്റെ ഭാഗമായി നടന്നത്. ആ കുപ്രചരണം നടത്തുന്നവർ ഇക്കാര്യം മറച്ചുവയ്ക്കുകയാണ്. വിദഗ്ധർ നൽകിയ വിലപ്പെട്ട നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നത്. ഇത്തരത്തിൽ ധൂർത്ത് എന്നുപറഞ്ഞ് ആക്ഷേപിച്ച മറ്റൊരു പരിപാടിയാണ് നവകേരള സദസ്സ്. ഇതിനെക്കുറിച്ച് പിന്നീട് ഞാൻ വിശദമായി പറയാം. മന്ത്രിസഭാംഗങ്ങൾ എല്ലാപേരും 140 അസംബ്ലി മണ്ഡലങ്ങളും സന്ദർശിച്ച് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരിൽനിന്നും ആശയങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടി സർക്കാർ ഗൗരവമായി സ്വീകരിച്ചുവരികയാണ്.

ദേശീയ പ്രസ്ഥാനത്തിന്റെ കാലം മുതൽ ലോകമെമ്പാടുമുള്ള വിമോചന പ്രസ്ഥാനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന നിലപാടാണ് ഇന്ത്യ സ്വീകരിച്ചിട്ടുള്ളത്. ബി.ജെ.പി. സർക്കാരിന്റെ ഭരണകാലത്ത് ഇതിൽനിന്നും

ദൗർഭാഗ്യകരമായ പിന്നോക്കം പോക്ക് കാണുകയാണ്. പാലസ്തീൻ ജനതയുടെ സ്വയംഭരണാവകാശത്തിന്മേൽ നമ്മുടെ രാജ്യം നാളിതുവരെ സ്വീകരിച്ചുവന്നിരുന്ന നിലപാടാണ് ഇതിന്റെ ഭാഗമായി മാറ്റിപറയുന്നത്. ഇത് ഇന്ത്യയുടെ യശസ്സിന് ചേർന്നതാണോ; ഇക്കാര്യത്തിൽ രണ്ടാമതൊന്ന് ആലോചിക്കാതെ പ്രതികരിക്കാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെയും ജവഹർലാൽ നെഹ്റുവിന്റെയും പാരമ്പര്യം അവകാശപ്പെടുന്ന കോൺഗ്രസ് പാർട്ടിക്ക് ഇതിൽ വ്യക്തമായ നിലപാട് പ്രഖ്യാപിക്കാൻ കുറച്ചധികം സമയം വേണ്ടിവന്നുവെന്നത് നമ്മെ ആശ്ചര്യപ്പെടുത്തുന്ന കാര്യമാണ്. പാലസ്തീൻ ജനതയുടെ സ്വയംഭരണാവകാശം ഉയർത്തിപ്പിടിക്കുന്ന ശക്തമായ നിലപാട് സ്വീകരിക്കുമ്പോൾത്തന്നെ ഇസ്രായേലിൽ പണിയെടുക്കുന്ന നമ്മുടെ നാട്ടുകാരുടെ സുരക്ഷ ഉറപ്പാക്കണമെന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും കേരളത്തിലെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. മതനിരപേക്ഷ നിലപാടുകളും ഭരണഘടനാ മൂല്യങ്ങളും സംരക്ഷിക്കണമെങ്കിൽ വിട്ടുവീഴ്ച കൂടാത്ത നിലപാട് അനിവാര്യമാണ്.

അവിടെ മൃദു വർഗ്ഗീയതയും മറ്റ് ചെപ്പടി വിദ്യകളും കാണിച്ച് ചാഞ്ചാട്ടം നടത്തിയാൽ അതിന്റെ  അന്തിമ ഗുണം ഈ രാജ്യത്തെ വർഗ്ഗീയ ശക്തികൾക്കായിരിക്കുമെന്ന് ഓർക്കുന്നത് നല്ലതാണ്. ചില കാര്യങ്ങൾകൂടി ഈ അവസരത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്.  വടക്കു-കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ സംഘ് പരിവാർ സംഘടനകളുടെ ഒത്താശയോടെ ഗോത്ര വിഭാഗമായ കുക്കികളുടെ ക്രിസ്ത്യൻ ദേവാലയങ്ങൾ വ്യാപകമായാണ് തകർക്കപ്പെട്ടത്. മണിപ്പൂരിൽ ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആ സംസ്ഥാനത്ത്  വർഗ്ഗീയ വംശീയ സംഘർഷങ്ങൾ നിത്യസംഭവമായിരിക്കുകയാണ്. സംഘ് പരിവാറിന്റെ തീവ്രഹൈന്ദവ വർഗ്ഗീയതയുടെ നേർപതിപ്പാണ് മണിപ്പൂരിൽ നാം കാണുന്നത്. ഇതുപോലെ  ഉത്തരാഖണ്ഡിൽ ആസൂത്രിതമായ മുസ്ലീം വേട്ടയാണ് സംഘ് പരിവാർ സംഘടനകളുടെ നേതൃത്വത്തിൽ നടന്നത്. 'വ്യാപാർ ജിഹാദ്' എന്ന ഹിംസാത്മകമായ പേരിൽ നടത്തിയ വർഗ്ഗീയ വിദ്വേഷ പ്രചാരണത്തിനാണ് ഇവിടെ സംഘ് പരിവാർ തുടക്കമിട്ടത്. ഇതെല്ലാം നമ്മുടെ  രാജ്യത്തിന്റെ അഖണ്ഡതയേയും ഭദ്രതയേയും തകർക്കുന്ന

നടപടികളാണ്. ഇത്തരം വിഷലിപ്തമായ ആശയങ്ങൾ ചുമലിലേറ്റി നടക്കുന്നവർ ഇനിയും അധികാരത്തിൽ തുടരുന്നത് നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പിനുതന്നെ അപകടമാണെന്ന് പറയാതെ വയ്യ. ഉത്തരകാശിയിൽനിന്നും മുസ്ലീങ്ങളെ പൂർണ്ണമായും ഒഴിപ്പിക്കണമെന്നായിരുന്നു വിശ്വഹിന്ദു പരിഷത്തിന്റെ ആവശ്യം. 'ദേവഭൂമി രക്ഷാ അഭിയാൻ' എന്ന തീവ്രഹിന്ദുത്വ സംഘടന എല്ലാ മുസ്ലീം വ്യാപാരികളും തങ്ങളുടെ കടകൾ ഒഴിഞ്ഞുപോകണമെന്ന തിട്ടൂരം ഇറക്കുകയുണ്ടായി. ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാകണമെന്നതടക്കമുള്ള തീവ്രഹിന്ദുത്വ നിലപാട് മുന്നോട്ടുവച്ച ഉത്തർപ്രദേശിലെ ഗോരഖ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗീതാ പ്രസിനാണ് കഴിഞ്ഞവർഷം ഗാന്ധി സമാധാന പുരസ്കാരം നൽകിയത്. ഗീതാ പ്രസ്സിന് മഹാത്മാ ഗന്ധിയുടെ പേരിലുള്ള സമാധാന പുരസ്കാരം നൽകാൻ തീരുമാനിച്ചത് രാഷ്ട്രപിതാവിനെ ഏത് രീതിയിൽ സംഘ് പരിവാർ ശക്തികൾ കാണുന്നുവെന്നതിന്റെ ഉദാഹരണം കൂടിയാണ്. 1923-ൽ സ്ഥാപിക്കപ്പെട്ട ഗീതാ പ്രസ്സ് അതിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് കേന്ദ്ര സർക്കാർ

മഹാത്മാ ഗാന്ധിയുടെ പേരിലുള്ള പുരസ്കാരം നൽകി അവരെ വിളിപ്പിക്കാൻ ശ്രമിക്കുന്നത്. ദൂരദർശനും ആകാശവാണിയും ഉൾക്കൊള്ളുന്ന പ്രസാർ ഭാരതിയുടെ ഏക വാർത്ത സ്രോതസ്സായി സംഘ്പരിവാർ ചായ്‌വുള്ള ഹിന്ദുസ്ഥാൻ സമാചാറിനെ കേന്ദ്ര സർക്കാർ നിയോഗിച്ചതും ഇക്കഴിഞ്ഞ വർഷമാണ്. വിശ്വഹിന്ദു പരിഷത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായ ശിവറാം ശങ്കർ ആപ്തേ സ്ഥാപിച്ച ഹിന്ദുസ്ഥാൻ സമാചാറിനെ പ്രസാർ ഭാരതിയുടെ ഏക വാർത്ത സ്രോതസ്സായി മാറ്റിയത് പത്രസ്വാതന്ത്ര്യത്തോടുള്ള സംഘ്പരിവാറിന്റെ വെല്ലുവിളിയായി മാത്രമേ കാണാൻ സാധിക്കൂ.

നമ്മുടെ രാജ്യത്തിന്റെ ഏറ്റവും വലിയ സവിശേഷതയാണ് Unity in Diversity. ഇത് കടുത്ത ഭീഷണിയാണ് നേരിടുന്നത്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. 1971-നുശേഷം നമ്മുടെ രാജ്യത്ത് പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമസഭകളിലേയ്ക്കും ഒരുമിച്ചല്ല തെരഞ്ഞെടുപ്പ് നടക്കുന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒരു സംസ്ഥാനത്ത് സീറ്റുകൾ തൂത്തുവാരുന്ന കക്ഷി

ഹ്രസ്വകാലത്തുനടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുന്ന അനുഭവങ്ങൾ ഏറെയുണ്ട്. ഇത്തരം നിരവധി അനുഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. പാർലമെന്റ് തെരഞ്ഞെടുപ്പിനെയും നിയമസഭാ തെരഞ്ഞെടുപ്പിനെയും വ്യത്യസ്തമായി കാണാനുള്ള വിവേകമുള്ള വോട്ടർമാരാണ് രാജ്യത്തുള്ളത്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന ആശയം അടിച്ചേൽപ്പിക്കുമ്പോൾ ഒരു തെരഞ്ഞെടുപ്പ്, ഒരു മുദ്രാവാക്യം, ഒരു നേതാവ്, ഒരു കക്ഷി എന്ന ഏകശിലാ രൂപത്തിലേയ്ക്ക് നീങ്ങുകയും നമ്മുടെ വൈവിധ്യങ്ങളെ തകർക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യും. നമ്മുടെ ഫെഡറൽ സംവിധാനത്തിന്റെ സൗന്ദര്യം എന്നത് വിവിധ കക്ഷികൾ കേന്ദ്രവും സംസ്ഥാനവും ഭരിക്കുകയും സാഹചര്യങ്ങൾക്കനുസരിച്ച് സഹകരിക്കുകയും ഭിന്നാഭിപ്രായങ്ങൾ പറയുകയും ചെയ്യുന്നതാണ്. ഇത് ഇല്ലാതായാൽ നമ്മുടെ ജനാധിപത്യത്തിന്റെ അന്തഃസത്തയ്ക്ക് സാരമായ കോട്ടം സംഭവിക്കുമെന്നതിൽ തർക്കമില്ല.

നമ്മുടെ രാജ്യം ഇന്ന് ഏകാധിപത്യ വർഗ്ഗീയ ശക്തികളിൽനിന്നും നേരിടുന്ന വലിയ ഭീഷണികൾക്കുനേരെ ചെറുത്തുനിൽപ്പിന്റെ ഒരു വെള്ളി

രേഖയെന്ന നിലയ്ക്കാണ് കേരളം നിലകൊള്ളുന്നത്. ജനക്ഷേമകരമായ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യവികസന പദ്ധതികളും എന്ന രീതിയിൽ മുന്നോട്ടുപോകാനാണ് എൽ.ഡി.എഫ്. സർക്കാർ ശ്രമിക്കുന്നത്. ആ സർക്കാരിനെ ഏതെല്ലാം വിധത്തിൽ ധനഞെരുക്കത്തിലാക്കാമെന്നാണ് കേന്ദ്രസർക്കാർ നോക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ആ നിലപാടിനെ സർവ്വാത്മനാ പിന്താങ്ങുന്ന സമീപനമാണ് ഇവിടെ പ്രതിപക്ഷവും സ്വീകരിക്കുന്നത്. വെല്ലുവിളികളെ തരണം ചെയ്ത് ജനങ്ങളുടെ വലിയ പിന്തുണയോടെ എൽ.ഡി.എഫ്. സർക്കാർ വിജയകരമായി മുന്നോട്ടുപോകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ലെന്നാണ് ആമുഖമായി എനിക്ക് പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള കാര്യങ്ങളെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. സംസ്ഥാനത്തെ പി.എസ്.സി. നിയമനങ്ങളെക്കുറിച്ച് നേരത്തെ സഭയിൽ വന്ന കാര്യമാണ്. 2021-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 66532 നിയമന ശിപാർശകൾ പി.എസ്.സി. നടത്തിയിരുന്നു. 2016 മുതൽ 2023 നവംബർ വരെ 227800

നിയമന ശിപാർശകൾ പി.എസ്.സി. നടത്തിയിരുന്നു. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടത്തുന്നത് കേരള പി.എസ്.സി. ആണെന്നത് കാണേണ്ട വസ്തുതയാണ്. നീതി ആയോഗിന്റെ റിപ്പോർട്ട് വരുന്നുണ്ട്. മാനവ വിഭവ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനമാണുള്ളത്. ബഹുമുഖ ദാരിദ്ര്യ സൂചികയിൽ 2019-21-ൽ കേരളത്തിന്റെ ദാരിദ്ര്യ സൂചിക 0.55 ശതമാനമാണ്. അതായത് രാജ്യത്ത് ഏറ്റവും കുറവ് അതിദാരിദ്ര്യമുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന 64006 പേരെയാണ് നാം കണ്ടെത്തിയത്. അതിൽനിന്നും അവരെ മുക്തമാക്കണമെന്ന് നമ്മൾ ആലോചിച്ചു. അത്തരമൊരു നിലപാട് ഇന്ത്യാ രാജ്യത്ത് ഈ സംസ്ഥാനം മാത്രമേ സ്വീകരിച്ചിട്ടുള്ളൂ. 2025 നവംബർ 1 ആകുമ്പോൾ അതിദരിദ്രാവസ്ഥയിൽനിന്നും പൂർണ്ണമായും മുക്തമാക്കണമെന്ന് ലക്ഷ്യം വച്ചാണ് സർക്കാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒരു വർഷം പിന്നിട്ടു. 2023 നവംബർ 1, 2024 നവംബർ 1, 2025 നവംബർ 1 ആകുമ്പോഴാണ് അതിദാരിദ്ര്യം പൂർണ്ണമായും മുക്തമാക്കണമെന്ന് ഞങ്ങൾ

ആഗ്രഹിച്ചതും ലക്ഷ്യമിട്ടതും. ഒരുവർഷം തികഞ്ഞപ്പോൾ കണക്ക് 47.89 ശതമാനം കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കാൻ കഴിഞ്ഞിരിക്കുന്നു. ഒന്നാംവർഷത്തെ കണക്കാണിത്. ഈ വർഷമാകുമ്പോൾ ഏറെക്കുറെ പൂർണ്ണമായും അതിദാരിദ്ര്യാവസ്ഥയിൽനിന്നും മുക്തമാക്കാൻ കഴിയുന്ന നിലയാണുള്ളത്. ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുപോകുന്നത്. ഇത്തരമൊരു നിലപാടെടുത്ത മറ്റേത് സംസ്ഥാനമാണ് ഈ രാജ്യത്തുള്ളത്; അവർക്ക് അവിടെയുള്ള അതിദാരിദ്ര്യാവസ്ഥ ഇല്ലാതാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻതന്നെ കഴിയുമോ; അതല്ലേ രാജ്യത്തിന്റെ പൊതുവായ സ്ഥിതി. നമ്മുടെ രാജ്യത്താകമാനമുള്ളതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ആ പദ്ധതിയിൻകീഴിലുള്ള തൊഴിലാളികൾക്ക് ഒരു ക്ഷേമ പദ്ധതി നടപ്പാക്കിയ സംസ്ഥാനം നമ്മളല്ലാതെ വേറെ ഏതാണുള്ളത്.

ശാസ്ത്ര സാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങൾ കൂടുതൽ കൈവരിക്കാൻ കഴിയണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് നാല് സയൻസ് പാർക്കുകൾ ആരംഭിക്കാനുദ്ദേശിക്കുന്നത്. അതിൽ ഒരു ഡിജിറ്റൽ സയൻസ്

പാർക്കിന്റെ തറക്കല്ലിടലും അതിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. മറ്റ് മൂന്ന് സയൻസ് പാർക്കുകൾ വരാൻ പോകുകയാണ്. 1000 കോടി രൂപ മുതൽമുടക്കാണ് ഇതിന് ആവശ്യമായി വരുന്നത്. ആ പ്രവർത്തനങ്ങളെല്ലാം നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് കഴിഞ്ഞ ഏഴര വർഷംകൊണ്ട് കിഫ്ബി മുഖേന 83000 കോടിയോളം രൂപയുടെ പദ്ധതികളാണ് ഏറ്റെടുക്കാൻ സാധിച്ചത്. നമ്മുടെ സംസ്ഥാനത്തിന്റെ മാത്രമല്ല രാജ്യത്തിന്റെതന്നെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമായി വിഴിഞ്ഞം തുറമുഖം വരാൻ പോകുകയാണ്. ലോകത്തെതന്നെ അപൂർവ്വ വൻതുറമുഖങ്ങളിലൊന്നായി മാറുന്നതാണ്. അതിന് 7700 കോടി രൂപയാണ് ആകെ മുതൽമുടക്ക്. അതിൽ 4600 കോടി രൂപ സംസ്ഥാന സർക്കാരും 818 കോടി രൂപ കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നത്. അത് യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ ഇപ്പോൾ ആർക്കും സംശയമില്ലാത്ത അവസ്ഥയിലെത്തി നിൽക്കുകയാണ്. ദേശീയപാതാ വികസനത്തിനായി 25 ശതമാനം ചെലവഴിച്ചു. അതിന് 5580 കോടി രൂപയാണ് നമ്മുടെ സംസ്ഥാനം നൽകേണ്ടിവന്നത്. ആ പണി നല്ല രീതിയിൽ

മുന്നോട്ടുപോകുന്നതല്ലേ നമ്മുടെ അനുഭവത്തിൽ കാണാൻ കഴിയുന്നത്. ഇപ്രകാരം ഓരോ മേഖലയും നല്ല നിലയിൽ മുന്നോട്ടുപോകുന്നുവെന്നത് നമ്മുടെ അനുഭവത്തിലുള്ള കാര്യമാണ്.

2012-ലാണ് സംയുക്ത സംരംഭമായി ഗെയിൽ വാതക പൈപ്പ് ലൈനിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. ഇതിൽ 510 കിലോമീറ്ററാണുള്ളത്. ഇവിടെ ഓർക്കേണ്ട കാര്യം, യു.ഡി.എഫ്. സർക്കാർ അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കിയത് 39 കിലോമീറ്റർ ആയിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ അതിന് ജീവൻ വച്ചു. ഗെയിൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടവർ നാടുവിട്ട് പോയതായിരുന്നു; അവരെല്ലാം തിരിച്ചുവന്നു. മൊത്തം ചെലവ് 5750 കോടി രൂപയാണ്. ആ പദ്ധതി ഇപ്പോൾ പൂർത്തിയാക്കാൻ നമുക്ക് കഴിഞ്ഞു. ഗാർഹിക ആവശ്യങ്ങൾക്ക്, വാഹനങ്ങൾക്ക്, വ്യവസായശാലകൾക്ക് എന്നിവയ്ക്കെല്ലാം ചെലവ് കുറഞ്ഞതും സുരക്ഷിതവും അന്തരീക്ഷ മലിനീകരണം കുറഞ്ഞതുമായ ഇന്ധനം ലഭ്യമാക്കാൻ ഇതിലൂടെ കഴിയുന്നതാണ്. എൽ.പി.ജി.-യേക്കാൾ 30 ശതമാനം വിലക്കുറവായ

പ്രകൃതിവാതകമാണ് സിറ്റി ഗ്യാസ് പദ്ധതി പ്രകാരം വീടുകളിൽ പൈപ്പ് ലൈൻ വഴി എത്തിക്കാൻ കഴിയുന്നത്. ഇതൊക്കെ ഒരു സമീപനത്തിന്റെ പ്രശ്നമാണ്. ഓർത്തുപോകാൻ വേണ്ടി മാത്രം ഞാൻ പറയുകയാണ്. 2005-ലാണ് ഇടമൺ-കൊച്ചി പവർ ഹൈവേ പ്രവർത്തനം ആരംഭിച്ചത്. 2016-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന പവർഗ്രിഡ് കോർപ്പറേഷൻ അത് ഉപേക്ഷിച്ചുപോയിരുന്നു. ആ പവർ ഗ്രിഡ് കോർപ്പറേഷനെ തിരിച്ചുവിളിച്ച് 1300 കോടി രൂപ ചെലവും 50 കോടിയോളം രൂപ നഷ്ടപരിഹാരവും നൽകി. ടി പദ്ധതിക്ക് 130 കോടി രൂപയോളം കെ.എസ്.ഇ.ബി.-യും 130 കോടി രൂപ സംസ്ഥാന സർക്കാരുമാണ് ചെലവഴിച്ചത്. പവർ ഗ്രിഡ് ഹൈവെയുടെ ആകെ ദൂരം 148.3 കിലോമീറ്ററാണ്. എൽ.ഡി.എഫ്. സർക്കാരാണ് അതിൽ 138.8 കിലോമീറ്ററും പൂർത്തിയാക്കിയത്. ആകെ സ്ഥാപിക്കേണ്ടിയിരുന്ന 447 ടവറുകളിൽ 351 എണ്ണം പൂർത്തിയാക്കിയതും എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. പവർ ഹൈവെ ഇവിടെ വരില്ലെന്നാണ് കണക്കാക്കിയിരുന്നത്. എന്നാൽ അത് വന്നതുകൊണ്ട് വൈദ്യുതി നല്ല

രീതിയിൽ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലെ വിവാദമായ കാര്യമല്ലെങ്കിലും പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ വലിയ പ്രതിഷേധംമൂലം മുടങ്ങിക്കിടക്കുകയായിരുന്നു. 2016-ലും പ്രതിഷേധമുണ്ടായെങ്കിലും അവിടത്തെ ജനങ്ങളുമായി സംസാരിച്ച് ടി പദ്ധതിയുടെ ആവശ്യകത അവരെ ബോധ്യപ്പെടുത്തി 2023 സെപ്റ്റംബറിൽ ഗ്യാസ് സംഭരണം ആരംഭിച്ചു. എൽ.പി.ജി. നിറച്ച ആദ്യ കപ്പൽ 2023 ഒക്ടോബറിലാണ് വന്നത്. 1236 കോടി രൂപയാണ് പദ്ധതിക്കായി ആകെ ചെലവായത്. ഇത്തരം കാര്യങ്ങൾ സംസ്ഥാന താൽപ്പര്യംകൂടി കണക്കിലെടുത്താണ് പൂർത്തിയാക്കാൻ ശ്രമിച്ചത്.

കൊച്ചി വാട്ടർ മെട്രോ പദ്ധതി രാജ്യത്തുതന്നെ പുതുമയുള്ളതാണ്. നമ്മുടെ സംസ്ഥാനത്തിന്റേതായ ഒരു പദ്ധതിയാണിത്. കൊച്ചിയുടെ ഗതാഗത മേഖലയ്ക്കും മൊത്തം വിനോദസഞ്ചാരത്തിനും വലിയ കുതിപ്പേകുന്ന പദ്ധതിയാണിത്. 1136 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. ഇവിടെ പരാമർശിച്ച തീരദേശ ഹൈവേയുടെയും മലയോര

ഹൈവേയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കലിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ എന്ന സ്ഥാപനം കോഴിക്കോട് സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം എന്ന കേന്ദ്രത്തിലൂടെ ആരോഗ്യ രംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്താൻ സാധിക്കുന്നതാണ്. ന്യൂട്രാസ്യൂട്ടിക്കൽസ് മികവിന്റെ ഒരു പ്രധാനപ്പെട്ട കേന്ദ്രമാണ്. അതിന്റെയും ആദ്യഘട്ട ഫണ്ട് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ലോകത്തിലെതന്നെ പ്രധാനപ്പെട്ട ഒരു ഇൻസ്റ്റിറ്റ്യൂഷനായി വളരാൻ സാധ്യതയുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടപടികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനം അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നാടായതിനാൽ കേരളത്തിലെ നഗരങ്ങളുടെ പുനരുജ്ജീവനത്തിനും

സൗന്ദര്യവൽക്കരണത്തിനുമായി 300 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്.

സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ 1,600/- രൂപ വീതമാണ് മാസംതോറും നൽകിക്കൊണ്ടിരിക്കുന്നത്. 2011-16 കാലയളവിൽ സംസ്ഥാനത്ത് വിവിധതരം പെൻഷനുകൾ കുടിശ്ശികയായിരുന്നുവെന്ന യാഥാർത്ഥ്യം നേരത്തെതന്നെ ഇവിടെ വ്യക്തമാക്കിയതാണ്. അന്ന് 34 ലക്ഷത്തോളം ആളുകൾക്ക് 600/- രൂപ നിരക്കിലായിരുന്നു സാമൂഹ്യക്ഷേമ പെൻഷനുണ്ടായിരുന്നത്. അതിനുമുമ്പുള്ളത് അതിലും കുറവും വിവിധ നിരക്കുകളിലുമായിരുന്നു. ക്ഷേമ പെൻഷനുകൾക്കായി യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷംകൊണ്ട് ചെലവഴിച്ചത് 9000 കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ ഏഴരവർഷം കൊണ്ട് എൽ.ഡി.എഫ്. സർക്കാർ 57000 കോടി രൂപയാണ് ചെലവഴിച്ചത്. 10000 കോടി രൂപയോളം ഓരോ വർഷവും ഇതിനായി സംസ്ഥാന സർക്കാർ ചെലവഴിക്കുകയാണ്. സംസ്ഥാനത്തെ ആകെ പെൻഷൻകാരിൽ ഒരു ചെറിയ വിഭാഗത്തിനുമാത്രമാണ് കേന്ദ്ര സർക്കാരിന്റെ 600 കോടി

രൂപയോളം സഹായം ലഭിക്കുന്നത്. അതായത് ഒരു വർഷം ആകെ വിതരണം ചെയ്യുന്ന പെൻഷന്റെ ആറ് ശതമാനം തുകപോലും കേന്ദ്ര സർക്കാർ നൽകുന്നില്ല. ഇതാണ് ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തം.

'ലൈഫ് ഭവന പദ്ധതി'യുടെ ഭാഗമായി നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ട്. 31-12-2023 വരെ ആകെ 3,67,867 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ കാര്യത്തിൽ നല്ല പുരോഗതിയാർജ്ജിക്കാൻ സാധിച്ചിട്ടുണ്ട്. തുടർന്നും അതേരീതിയിൽത്തന്നെ മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇവിടെ നമ്മൾ ഓർക്കേണ്ട കാര്യം, ലൈഫ് പദ്ധതിയോട് എന്തിനാണ് ഇത്ര വിരോധപരമായ സമീപനമെന്നുള്ളതാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ ഒരു പ്രമുഖനായ യു.ഡി.എഫ്. നേതാവ് പറഞ്ഞത് ഞങ്ങൾ അധികാരത്തിൽവന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്നാണ്. അത്തരമൊരു വിരോധം പാവപ്പെട്ട ജനങ്ങളോട് സ്വീകരിക്കേണ്ട കാര്യമുണ്ടോ? കേന്ദ്ര സർക്കാർ ഇവിടെ ധനഞെരുക്കം

സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇത്തരം പദ്ധതികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്.

പുനർഗേഹം പദ്ധതിയുടെ ഭാഗമായി നല്ലനിലയിൽത്തന്നെ കാര്യങ്ങൾ നിർവ്വഹിച്ചുപോകുകയാണ്. വേലിയേറ്റ മേഖലയിൽ 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി പാർപ്പിച്ചുകൊണ്ടുള്ള അഭിമാനാർഹമായ സംരംഭം എന്ന നിലയ്ക്കാണ് പുനർഗേഹം പദ്ധതി സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്. നാലായിരത്തോളം വീടുകൾ ഇപ്പോൾ പൂർത്തിയാക്കിക്കഴിഞ്ഞുവെന്ന് നേരത്തെ ഒരു പ്രതിപക്ഷ അംഗംതന്നെ ഇവിടെ പറയുകയുണ്ടായി. ഞാൻ അതിന്റെ മറ്റ് കണക്കുകളിലേയ്ക്ക് കടക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. അതിൽ പുരോഗതിയുണ്ടെന്നാണ് അദ്ദേഹം സമ്മതിച്ചിരിക്കുന്നത്. സർക്കാർ അത് കൂടുതൽ വേഗതയിൽ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

പട്ടയ രംഗത്ത് നല്ല ഇടപെടലുകളാണ് എൽ.ഡി.എഫ്. സർക്കാർ നടത്തിയിരിക്കുന്നത്. 2016 മുതൽ മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഈ രണ്ടരവർഷം കൊണ്ട് 121604 പട്ടയങ്ങൾ വിതരണം ചെയ്തു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം 2345 കുടുംബങ്ങൾക്ക് 3148 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ ലഭ്യമാക്കുകയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 218 കുടുംബങ്ങൾക്ക് 42 ഏക്കർ ഭൂമി വാങ്ങി നൽകുകയും 117 കുടുംബങ്ങൾക്കായി 52 ഏക്കർ നിക്ഷിപ്ത വനഭൂമിയുടെ അവകാശ രേഖ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2697 കുടുംബങ്ങൾക്കായി 3248 ഏക്കർ ഭൂമിയാണ് ഈ സർക്കാരിന്റെ കാലയളവിൽ മാത്രം നൽകിയത്. 288 കുടുംബങ്ങൾക്ക് വീട് അനുവദിക്കുകയും മുൻകാലങ്ങളിൽ നിർമ്മാണം ആരംഭിച്ച 739 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയെന്നത് പ്രത്യേക അജണ്ടയായി കണ്ടതിന്റെഭാഗമായി വനാവകാശ നിയമ പ്രകാരം 1564 കുടുംബങ്ങൾക്ക് 2063 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ ലഭ്യമാക്കിയിട്ടുണ്ട്. 186 കുടുംബങ്ങൾക്ക് 27 ഏക്കർ റവന്യൂ ഭൂമിയുടെ പട്ടയവും 2708 കുടുംബങ്ങൾക്ക് 1862 ഏക്കർ നിക്ഷിപ്ത വനഭൂമിക്കുമേലുള്ള അവകാശവും ലഭ്യമാക്കിയിട്ടുണ്ട്. മാത്രമല്ല, ലാൻഡ്

പർച്ചേസ് മുഖേന 274 കുടുംബങ്ങൾക്കായി 150 ഏക്കർ ഭൂമി ലഭ്യമാക്കുകയും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 108 കുടുംബങ്ങൾക്കായി 16 ഏക്കർ ഭൂമി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. പ്രളയബാധിതരായ 171 കുടുംബങ്ങളെ 20 ഏക്കർ ഭൂമി വാങ്ങിയാണ് പുനരധിവസിപ്പിച്ചത്. 1518 കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചത്.

കേരളത്തിൽ വ്യാവസായിക രംഗത്ത് വലിയ തോതിലുള്ള മുന്നേറ്റമാണുണ്ടാകുന്നത്. നാടിന്റെ പൊതുവായ വികസനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ തുടങ്ങുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയിൽ 139000-ത്തോളം സംരംഭങ്ങളാണ് ഒരു വർഷംകൊണ്ട് ആരംഭിച്ചത്. മൂന്ന് ലക്ഷത്തോളം തൊഴിലവസരങ്ങൾ അതിന്റെ ഭാഗമായി സൃഷ്ടിക്കാനും 8500 കോടിയോളം രൂപയുടെ നിക്ഷേപമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. അതിൽനിന്നുള്ള ഊർജ്ജം ഉൾക്കൊണ്ടുകൊണ്ടാണ് ഇപ്പോൾ "സംരംഭക വർഷം 2.0" എന്ന പദ്ധതി നടപ്പാക്കുന്നത്. അതിൽ തെരഞ്ഞെടുത്ത 1000 സംരംഭങ്ങളെ ശരാശരി 100

കോടി രൂപ വിറ്റുവരവുള്ള യൂണിറ്റുകളായി നാല് വർഷത്തിനുള്ളിൽ ഉയർത്തിക്കൊണ്ടുവരുന്ന 'മിഷൻ 1000' പദ്ധതിക്കാണ് തുടക്കംകുറിച്ചിരിക്കുന്നത്. ഇതിനായി ഒരു പ്രത്യേക സ്കെയിൽ ഓഫ് മിഷൻ രൂപീകരിക്കുന്നുണ്ട്. കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ള എം.എസ്.എം.ഇ.-കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. വിവിധ തലങ്ങളിലുള്ള സ്കോറുകളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ഇത് നിശ്ചയമായും സംരംഭകർക്ക് കൂടുതൽ ആത്മവിശ്വാസം പകരുകയും വ്യാവസായിക രംഗത്ത് ഒരു പുത്തനുണർവ് നൽകുകയും ചെയ്യും.

നേരത്തേയുണ്ടായിരുന്നതും നിലവിലുള്ളതുമായ വികസന പുരോഗതിയെ താരതമ്യം ചെയ്യാൻ ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. 2016-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വ്യാവസായിക വളർച്ച 12 ശതമാനമായിരുന്നു; ഇപ്പോഴത് 17 ശതമാനമായി. 2016-ൽ മാനുഫാക്ചറിംഗ് സെക്ടറിന്റെ സംഭാവന 9.8% ആയിരുന്നു; നിലവിൽ അത് 14% ആയി. യു.ഡി.എഫ്.-ന്റെ കാലത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണം 82000 ആയിരുന്നു; നിലവിൽ അത് 139000 ആണ്. യു.ഡി.എഫ്.

ഭരണകാലത്ത് 10177 തൊഴിൽ സംരംഭങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് എൽ.ഡി.എഫ്. ഭരണകാലത്ത് 30176 ആയി ഉയർന്നിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയാണെങ്കിൽ യു.ഡി.എഫ്. ഭരണകാലത്ത് 8 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലുണ്ടായിരുന്നത്. എന്നാൽ നിലവിൽ അത് 17 ആയി ഉയർന്നിട്ടുണ്ട്.

ഐ.ടി. രംഗത്ത് സമാനതകളില്ലാത്ത മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. ആ മുന്നേറ്റത്തിന്റെ രീതി എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കാൻ ചില വർഷങ്ങൾ ഇവിടെ താരതമ്യം ചെയ്യുകയാണ്. 2016-ലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നത്. ആ ഘട്ടത്തിൽ ഐ.ടി. പാർക്കുകൾ വഴിയുള്ള കയറ്റുമതി 9753 കോടി രൂപയുടേതായിരുന്നു. അത് 2022-ൽ 17536 കോടി രൂപയായി വർദ്ധിച്ചു. ആറ് വർഷംകൊണ്ട് ഏകദേശം ഇരട്ടിയോളം വർദ്ധനവുണ്ടാക്കാൻ സാധിച്ചു. 2011-16 കാലയളവിൽ ആകെ 34123 കോടി രൂപയുടെ ഐ.ടി. കയറ്റുമതിയുണ്ടായി. കഴിഞ്ഞ 7 വർഷം കൊണ്ട് ഐ.ടി. മേഖലയിൽ 85540 കോടി രൂപയുടെ കയറ്റുമതിയാണ്

നടന്നത്. സർക്കാർ ഐ.ടി. പാർക്കുകളിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ അവിടത്തെ കമ്പനികളുടെ എണ്ണം 2016-ൽ 640 ആയിരുന്നു. 2022-ൽ അത് 1106 ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ എണ്ണം 2016-ൽ 78068 ആണെങ്കിൽ ഇന്ന് 135288 ആണ്. നേരത്തേ ഐ.ടി. മേഖലയിൽ 26000 തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചതെങ്കിൽ കഴിഞ്ഞ 7 വർഷംകൊണ്ട് 62000 പുതിയ തൊഴിലവസരങ്ങളാണ് സൃഷ്ടിച്ചത്. 45 ലക്ഷം ചതുരശ്രഅടി ഐ.ടി. സ്പേസ് ഉണ്ടായിരുന്നത് ഇക്കഴിഞ്ഞ 7 വർഷംകൊണ്ട് 75 ലക്ഷം ചതുരശ്രഅടിയാക്കാൻ സാധിച്ചു. ഇക്കാര്യങ്ങൾ കൊണ്ടുതന്നെ ഇന്ന് നമ്മുടെ സംസ്ഥാനം പ്രത്യേകമായി ശ്രദ്ധിക്കപ്പെടുന്ന ഒരിടമാണ്.

Global Spices Processing ഹബ്ബായി കേരളം നിലനിൽക്കുകയാണ്. ലോകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ആകെ നല്ലെണ്ണ (oleoresin)യുടെ 40 മുതൽ 50 ശതമാനം വരെ കേരളത്തിലാണ് ഉല്പാദിപ്പിക്കുന്നത്. സീ-ഫുഡ് പ്രോസസ്സിംഗ് നടത്തുന്ന 75 ശതമാനം കമ്പനികൾക്കും EU സർട്ടിഫിക്കേഷനുള്ള ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം. നമ്മുടെ

സംസ്ഥാനത്തിന്റെ പ്രത്യേകതകളും നേട്ടങ്ങളും സൂചിപ്പിക്കുമ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന ചില കമ്പനികളെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. ലോകത്ത് ഏറ്റവുമധികം കൃത്രിമ പല്ലുകൾ നിർമ്മിക്കുന്ന കമ്പനിയും ഏഷ്യയിലെ ബ്ലഡ് ബാഗ് നിർമ്മാണ മേഖലയിലെ ഏറ്റവും വലിയ കമ്പനിയും ഏറ്റവും വലിയ മെഡിക്കൽ എക്യുപ്മെന്റ് ഉൽപ്പാദന കമ്പനിയും നമ്മുടെ സംസ്ഥാനത്താണുള്ളത്. ഇതെല്ലാം ലോകത്തിലെതന്നെ ഏറ്റവും വലിയ കമ്പനികളാണ്. അത്തരം നല്ല നിലവാരത്തിലുള്ള കമ്പനികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് Airbus, Nissan, Tech Mahindra, Taurus എന്നിങ്ങനെയുള്ള ലോകോത്തര കമ്പനികളുടെ ബ്രാഞ്ചുകൾ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത്. തിരുവനന്തപുരം ടെക്നോപാർക്കിൽ Taurus-downtown പ്രവർത്തനം ആരംഭിച്ചിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളൂ. ഈ കാലഘട്ടങ്ങളിൽ പലവിധ സ്ഥാപിത താൽപ്പര്യക്കാർ സൃഷ്ടിച്ച ഒരുപാട് കടമ്പകൾ മറികടന്നാണ് ഈ പദ്ധതികളെല്ലാം യാഥാർത്ഥ്യമാക്കിയത്. കേരളം വ്യവസായങ്ങൾക്ക് അനുകൂലമല്ല, കേരളത്തിൽ വ്യവസായങ്ങൾ വളരുന്നില്ല

എന്നിങ്ങനെയുള്ള തെറ്റായ ചിത്രങ്ങൾ പ്രചരിപ്പിക്കാൻ ചിലർ ശ്രമിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് വളരെ മികച്ച രീതിയിൽത്തന്നെ നമ്മുടെ വ്യവസായ മേഖല അഭിവൃദ്ധിപ്പെടുന്നു എന്നുള്ളതുതന്നെയാണ്.

വളരെ നല്ല രീതിയിൽ വിജയിച്ച മറ്റൊരു പദ്ധതിയാണ് K-FON (Kerala Fiber Optic Network). പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ഒരു വർഷത്തെ പരിപാലന ചെലവ് 104 കോടി രൂപയാണ്. പരിപാലന ചെലവുൾപ്പെടെ 1028.20 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. തുടർന്ന് KSITIL (Kerala State Information Technology Infrastructure Limited) ആവശ്യപ്പെട്ടതുപ്രകാരം എക്സ്പേർട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയാണ് ടി പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഒരു വർഷം എന്നുള്ളത് ഏഴ് വർഷമാക്കാൻ തീരുമാനിച്ചത്. പ്രസ്തുത പദ്ധതി നടത്തിപ്പ് ഹ്രസ്വകാലംകൊണ്ട് പൂർത്തിയാകുന്നതല്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ഏഴ് വർഷത്തെ പരിപാലന നടത്തിപ്പും പരിപാലന ചെലവും ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ സ്വീകരിച്ചത്. BEL (Bharat Electronics Limited) ടെണ്ടർ ക്വാട്ട്

ചെയ്തു, ടെണ്ടർ തുക 1548.68 കോടി രൂപയാണ്. അങ്ങനെവരുമ്പോൾ എസ്റ്റിമേറ്റ് അനുസരിച്ച് 728 കോടി രൂപയാണ് ഏഴ് വർഷത്തെ പരിപാലന ചെലവിനായി വേണ്ടിവരുന്നത്. പക്ഷെ BEL എന്ന കമ്പനി ഈയിനത്തിൽ 363 കോടി രൂപയാണ് ക്വാട്ട് ചെയ്തത്. പ്രസ്തുത കമ്പനിയുമായി നെഗോഷിയേറ്റ് ചെയ്ത് വീണ്ടും 17 കോടി രൂപ കുറച്ചു. അങ്ങനെയാണ് ടെണ്ടർ നടപടികൾ അന്തിമമാക്കിയത്. ജി.എസ്.ടി. ഒഴികെ 1531.68 കോടി രൂപയ്ക്കാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇക്കാര്യത്തിൽ ടെണ്ടർ എക്സസ് ഉണ്ടായിട്ടില്ല. ഏഴ് വർഷത്തെ പരിപാലന ചെലവിനുപകരം ഒരു വർഷത്തെ പരിപാലന ചെലവിന്റെ കണക്ക് സൂചിപ്പിച്ചാണ് 500 കോടി രൂപ അധികചെലവ് എന്ന് തെറ്റിദ്ധരിപ്പിക്കുന്ന അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. K-FON-ന്റെ അനുഭവമെടുത്താൽ ഇതുവരെ 20398 സർക്കാർ സ്ഥാപനങ്ങളിലും 5497 ബി.പി.എൽ. കുടുംബങ്ങൾക്കും ഇന്റർനെറ്റ് കണക്ഷനും 2162 വാണിജ്യ കണക്ഷനും നൽകിയിട്ടുണ്ട്. K-FON പദ്ധതി മികച്ച രീതിയിൽ മുന്നോട്ടുപോകുന്നുവെന്ന് ഇതിൽനിന്നും വ്യക്തമാണ്.

സ്റ്റാർട്ടപ്പ് രംഗത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 2016-ൽ സംസ്ഥാനത്ത് 300 സ്റ്റാർട്ടപ്പുകളാണ് ഉണ്ടായിരുന്നത്. ഇന്ന് അത് 5000-ൽ അധികമാണ്. വെഞ്ച്വർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ 5500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാനും 50000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നമുക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 778 സ്റ്റാർട്ടപ്പുകൾക്കായി 35 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. സർവ്വകലാശാല വിദ്യാർത്ഥികളിൽനിന്നും സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 466 ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളാണ് സ്ഥാപിച്ചത്. ദേശീയ സ്റ്റാർട്ടപ്പ് റാങ്കിംഗിൽ ബെസ്റ്റ് പെർഫോർമർ പുരസ്കാരം നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. Startup Genome-ന്റെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോ സിസ്റ്റം റിപ്പോർട്ട് പ്രകാരം Affordable Talent Rating-ൽ കേരളം ഏഷ്യയിൽ ഒന്നാമതാണ്. ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ്സ് ഇൻകുബേറ്ററായി UBI Global തെരഞ്ഞെടുത്തത് കേരളാ സ്റ്റാർട്ടപ്പ് മിഷനെയാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്തെക്കുറിച്ച് നേരത്തെതന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക് ഉന്നമനത്തിനുമായി കിഫ്ബിയിലൂടെ 700 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 750 കോടി രൂപയുടെ പദ്ധതികൾക്കുള്ള അംഗീകാരം അവസാന ഘട്ടത്തിലാണ്. കഴിഞ്ഞ 7 വർഷംകൊണ്ട് 6000 കോടി രൂപയിൽ അധികമാണ് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി മാറ്റിവച്ചത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4149 സീറ്റുകളാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതുതായി അനുവദിക്കപ്പെട്ടത്. 6 സ്വകാര്യ കോളേജുകളും പുതിയതായി ഒരു എയ്ഡഡ് കോളേജും അനുവദിച്ചു. 131 ബിരുദ പ്രോഗ്രാമുകൾക്ക് അനുമതി നൽകി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 612 കോടി രൂപയാണ് അനുവദിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്തിന് സംസ്ഥാന ബഡ്ജറ്റിലുള്ള അടങ്കൽ തുക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20 ശതമാനം വർദ്ധിപ്പിച്ചു.

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) പദ്ധതി പ്രകാരം 153 നിർമ്മാണപ്രവർത്തനങ്ങൾക്കായി 565 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ അടിസ്ഥാനത്തിൽ RUSA ഫണ്ടിംഗിന് അർഹത നേടിയ ഏറ്റവും കൂടുതൽ കോളേജുകളുള്ളത് കേരളത്തിലാണ്. National Assessment and Accreditation Council (NAAC)-ൽ കേരള സർവ്വകലാശാല 'എ പ്ലസ് പ്ലസ്' നേടിയ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരുകാര്യം, രാജ്യത്ത് ആകെ ആറ് സർവ്വകലാശാലകൾക്കാണ് ഈ നേട്ടം കൈവരിക്കാനായത്. ആ ആറിൽ ഒന്ന് കേരള സർവ്വകലാശാലയാണ്. കോഴിക്കോട് സർവ്വകലാശാലയും കൊച്ചി സർവ്വകലാശാലയും സംസ്കൃത സർവ്വകലാശാലയും 'എ പ്ലസ്' ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്. പതിനാറ് കോളേജുകളാണ് കേരളത്തിൽനിന്നും 'എ പ്ലസ് പ്ലസ്' ഗ്രേഡ് സ്വന്തമാക്കിയത്. ഇരുപത്തി ആറ് കോളേജുകൾക്ക് 'എ പ്ലസ്' ഗ്രേഡുണ്ട്. അമ്പത്തിമൂന്ന് കോളേജുകൾക്ക് 'എ' ഗ്രേഡുണ്ട്. 'Times Higher Education World University Rankings'-ൽ 401-500 band-ൽ മഹാത്മാഗാന്ധി സർവ്വകലാശാല ഇടം പിടിച്ചിട്ടുണ്ട്. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖല

എങ്ങനെയെല്ലാം പുരോഗതി പ്രാപിക്കുന്നുവെന്നാണ് ഇവയെല്ലാം കാണിക്കുന്നത്. ഇതൊരു യാദൃശ്ചിക സംഭവമായി കാണേണ്ട കാര്യമല്ല; ബോധപൂർവ്വമായ ഇടപെടലുകളുടെ ഭാഗമായി യൂണിവേഴ്സിറ്റികളും നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയാകെയും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായി വന്നിട്ടുള്ള നേട്ടമാണ്. ആ നിലയ്ക്കുതന്നെ വിലയിരുത്താൻ നമുക്ക് സാധിക്കണം. അതുപോലെ ഗവേഷണ രംഗത്ത് ഗ്രാഫൈൻ അടിസ്ഥാനമാക്കിയുള്ള ഗവേഷണ കേന്ദ്രങ്ങൾ നമ്മൾ ആരംഭിച്ചു. ഇത് കേരളത്തിന്റെ ഭാവി വികസനത്തിന് വലിയ തരംഗമായിട്ടാണ് മാറാൻ പോകുന്നത്.

നമ്മുടെ കാർഷിക രംഗത്ത് ശ്രദ്ധിക്കേണ്ട ഒരു കാര്യം 2016-ലെ കാർഷിക വളർച്ചാ നിരക്കാണ്. 2011-2016 എന്ന് പറയുന്നത് പ്രത്യേകമായി എന്തെങ്കിലും ഒരു സാഹചര്യം നേരിടേണ്ടി വന്ന ഘട്ടമല്ല; അതും നമ്മൾ ഓർക്കണം. 2016-ന് ശേഷമുള്ള ഘട്ടമെന്ന് പറയുന്നത് നൂറ്റാണ്ടിലെ മഹാപ്രളയവും അതിന്റെ തൊട്ടുപിന്നാലെ വന്ന അതിരൂക്ഷമായ കാലവർഷക്കെടുതിയും പിന്നെ ലോകമാകെയുണ്ടായ മഹാമാരിയുമാണ്.

2016-ലെ കാർഷിക വളർച്ച നിരക്ക് രണ്ട് ശതമാനമായിരുന്നു. എന്നാൽ ഇപ്പോൾ അത് 4.64 ശതമാനമായി ഉയർന്നു.

യു.ഡി.എഫ്.-ന്റെ കാലത്ത് 2016-ൽ നെൽക്കൃഷി ചെയ്തത് 170000 (ഒരു ലക്ഷത്തി എഴുപതിനായിരം) ഹെക്ടറിലായിരുന്നു. എന്നാൽ ഇന്ന് 223000 (രണ്ടുലക്ഷത്തി ഇരുപത്തിമൂവായിരം) ഹെക്ടറിലാണ് നെൽക്കൃഷി ചെയ്യുന്നത്. കഴിഞ്ഞ രണ്ടുവർഷം കൊണ്ടുമാത്രം 8268 (എണ്ണായിരത്തി ഇരുനൂറ്റി അറുപത്തിയെട്ട്) ഹെക്ടറിൽ നെൽക്കൃഷി പുതുതായി ആരംഭിച്ചു. ഇപ്പോൾ നെല്ലിന്റെ ഉൽപ്പാദനക്ഷമത ഹെക്ടറിന് 4.56 ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നെൽവയൽ ഉടമകൾക്ക് ഓരോ ഹെക്ടറിനും മൂവായിരം രൂപ വീതം റോയൽറ്റി ലഭ്യമാക്കിയിട്ടുണ്ട്. 14498 ഹെക്ടർ നെൽവയലുകൾക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ റോയൽറ്റി ലഭ്യമാക്കിയത്. 2022-2023 സംഭരണ വർഷത്തിൽ 731183 മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. സംഭരണ വിലയായി 2061.90 കോടി രൂപയാണ് കർഷകർക്ക് നൽകിയത്. 306533 നെൽ കർഷകർക്കാണ് ഇത് പ്രയോജനപ്പെട്ടത്.

ഇതോടൊപ്പംതന്നെ കാണേണ്ടതാണ് പച്ചക്കറി ഉൽപ്പാദന രംഗത്തുണ്ടായ മാറ്റം. 2016-ൽ ആറ് ലക്ഷം മെട്രിക് ടണ്ണായിരുന്നു പച്ചക്കറി ഉൽപ്പാദനം. എന്നാൽ എൽ.ഡി.എഫ്.-ന്റെ കാലമായപ്പോൾ 2022-ൽ അത് പതിനഞ്ച് ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. പച്ചക്കറി കൃഷിയുടെ വിസ്തൃതി നേരത്തെ 60000 ഹെക്ടർ ആയിരുന്നത് ഇപ്പോൾ 120000 ഹെക്ടർ ആണ്. പച്ചക്കറികൾക്ക് തറവില പ്രഖ്യാപിച്ച ഏക സംസ്ഥാനം നമ്മുടെതാണ്. 16 പഴം-പച്ചക്കറി ഇനങ്ങൾക്കാണ് തറവില പ്രഖ്യാപിച്ചത്. അതിനുപുറമെ 27 ഇനം വിളകൾക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തു.

സംസ്ഥാനത്ത് ക്ഷീരമേഖല യു.ഡി.എഫ്.-ന്റെ ഭരണ കാലത്ത് (2011-2016) ഇരുപത്താറായിരത്തി ഒരുനൂറ്റി എൺപത് ലക്ഷത്തി നാൽപ്പത്തിരണ്ടായിരം ലിറ്റർ പാലായിരുന്നു ഉൽപ്പാദിപ്പിച്ചിരുന്നത്. 2016-2021 ആയപ്പോൾ മുപ്പത്തൊന്നായിരത്തി നാനൂറ്റി ഇരുപത്തിയൊന്ന് ലക്ഷത്തി മുപ്പത്തെട്ടായിരം ലിറ്റർ പാലായി വർദ്ധിച്ചു. നേരത്തെ നാല് ലക്ഷം ലിറ്റർ പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്തിരുന്നു. ഇപ്പോൾ

നാല് ലക്ഷം ലിറ്റർ വേണ്ടി വരുന്നില്ലെങ്കിലും ഒന്നരലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നുണ്ട്. അതും നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ. ആ രംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്.

നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി വർദ്ധിപ്പിച്ചു. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള 'കേര ഗ്രാമം പദ്ധതി' കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 98 കേരഗ്രാമങ്ങൾ യാഥാർത്ഥ്യമാക്കിയിട്ടുണ്ട്. 1264000 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുമുണ്ട്. റബ്ബർ മേഖലയെക്കുറിച്ച് രാവിലെ വിശദമായി ചർച്ച ചെയ്തുകൊണ്ട് വീണ്ടും വിശദീകരിക്കുന്നില്ല. അത് നല്ല രീതിയിൽ സർക്കാർ ശ്രദ്ധിച്ച് പോകുന്നുണ്ട്. റബ്ബർ പ്രോഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്നും 250 രൂപയായി ഉയർത്താനുള്ള ധനസഹായം ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

കാർഷിക മേഖലയിൽ സഹകരണ ഇടപെടലിനായി ആവിഷ്കരിച്ച Co-operative Initiatives in Technology Driven Agriculture (CITA) എന്ന

പദ്ധതിക്ക് 23 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പത്തോളം സഹകരണ സംഘങ്ങൾ കാർഷിക വിപണന മേഖലയിലേയ്ക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് 35 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. പച്ചക്കറികളിലും മത്സ്യ-മാംസാദികളിലുമുള്ള വിഷാംശം കണ്ടെത്തുന്നതിനായി traceability പദ്ധതി തയാറാക്കിവരികയാണ്. ഇതിന്റെ ഭാഗമായി രണ്ട് Pesticide Residue Testing Laboratory-കൾ സ്ഥാപിച്ചിട്ടുണ്ട്. ജൈവകൃഷി വ്യാപനം, മൂല്യവർദ്ധനവ്, ഓർഗാനിക് ബ്രാൻഡിംഗ് ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള ജൈവകൃഷി മിഷൻ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഭൗമസൂചിക പദവി ലഭിച്ച കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഓൺലൈൻ വിപണി കണ്ടെത്തുന്നതിനുമായി ഉൽപ്പന്നങ്ങളുടെ സമഗ്ര വിവരങ്ങളടങ്ങിയ വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് 35 ഭൗമസൂചിക ഉൽപ്പന്നങ്ങളാണ് കേരളത്തിലുള്ളത്.

രാജ്യത്ത് വിവിധ സേവനങ്ങൾക്കായി ജനങ്ങൾ സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ അതിന് അവസാനം കുറിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സേവനങ്ങളും വാതിൽപ്പടി സേവനങ്ങളുമെല്ലാം യാഥാർത്ഥ്യമാക്കിയിരിക്കുകയാണ്. 900-ൽ അധികം സേവനങ്ങളാണ് ജനങ്ങൾക്ക് ഇപ്പോൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്മാർട്ട് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**4.00 Pm**

വികസനവും ക്ഷേമവും എന്നതുപോലെതന്നെ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. അവ എല്ലാവർക്കും പ്രാപ്യമാകുന്നു എന്ന് ഉറപ്പുവരുത്താനാണ് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചത്. ഏറ്റവുമൊടുവിൽ പുറത്തുവന്ന കണക്കുകൾപ്രകാരം ലോകത്താകെ ഏറ്റവുമധികം internet shutdown-കൾ നടക്കുന്ന രാജ്യമാണ് ഇന്ത്യ. ഈ പശ്ചാത്തലത്തിലാണ് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച

എൽ.ഡി.എഫ്. സർക്കാരിന്റെ നടപടി കൂടുതൽ പ്രസക്തമാകുന്നത്. എല്ലാവർക്കും കുറഞ്ഞ ചെലവിലോ സൗജന്യമായോ ഇന്റർനെറ്റ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് 'കെ-ഫോൺ' പദ്ധതി നടപ്പാക്കിയത്. അതുവഴി ഡിജിറ്റൽ ഡിവൈഡില്ലാത്ത ഒരു സമൂഹം യാഥാർത്ഥ്യമാക്കുകയാണ്.

കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 10 ശതമാനത്തിലധികം വിനോദസഞ്ചാരമേഖലയുടെ സംഭാവനയാണ്. ഇത്ര പ്രധാനപ്പെട്ട ഒരു മേഖലയുടെ വളർച്ചയ്ക്കുവേണ്ട ഒരു നൂതന പദ്ധതിയും യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്നില്ല. 2016 മുതൽ എൽ.ഡി.എഫ് സർക്കാർ വിനോദസഞ്ചാരമേഖലയിൽ സവിശേഷമായാണ് ഇടപെടുന്നത്. വിനോദസഞ്ചാരമേഖലയിൽ കേരളത്തിൽനിന്ന് 2015-ൽ ലഭിച്ച 26,690 കോടി രൂപയെന്ന മൊത്തവരുമാനം 2019 ആയപ്പോൾ 45,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്. അത് സർവ്വകാല റെക്കോർഡാണ്. ടൂറിസത്തിൽനിന്നുള്ള വിദേശനാണ്യ വരുമാനം ചരിത്രത്തിലാദ്യമായി 10,000 കോടി രൂപ കടക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലേയ്ക്കുള്ള വിദേശസഞ്ചാരികളുടെയും ആഭ്യന്തര സഞ്ചാരികളുടെയും കാര്യത്തിൽ

2015-നെ അപേക്ഷിച്ച് യഥാക്രമം 21.71 ശതമാനവും 47.48 ശതമാനവും വളർച്ചയാണ് 2019-ൽ ഉണ്ടായത്. 2020-ൽ കോവിഡ് പൊട്ടിപ്പുറപ്പെട്ടത് ടൂറിസം മേഖലയ്ക്ക് വലിയ വെല്ലുവിളികളുയർത്തി. ഏതാണ്ട് രണ്ടുവർഷത്തോളം അതിന്റെ പ്രത്യാഘാതങ്ങൾ നിലനിന്നിരുന്നു. കോവിഡിനുശേഷമാണ് നമ്മുടെ വിനോദസഞ്ചാരമേഖല വീണ്ടും മടങ്ങിവരവിന്റെ പാതയിലെത്തിയത്. 2022 കലണ്ടർ വർഷത്തിൽ 35,168 കോടി രൂപയുടെ വരുമാനം വിനോദസഞ്ചാര മേഖലയിൽനിന്നും കേരളത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തേയ്ക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 2023-ലെ ആദ്യ രണ്ടുപാദത്തിൽ റെക്കോർഡ് വർദ്ധനയുണ്ടായി. ആദ്യ ആറുമാസത്തിൽതന്നെ ഒരു കോടി ആറ് ലക്ഷത്തിലധികം ആഭ്യന്തര വിനോദസഞ്ചാരികൾ കേരളം സന്ദർശിച്ചു. 2022-ൽ ഇത് 80 ലക്ഷമായിരുന്നു. അതായത് 20 ശതമാനത്തിലധികം വർദ്ധനയുണ്ടായി. വിദേശ വിനോദസഞ്ചാരികളുടെ കാര്യത്തിലും വലിയതോതിലുള്ള വർദ്ധനയുണ്ടായി. 2023-ലെ ആദ്യ ആറ് മാസത്തിൽതന്നെ മൂന്ന് ലക്ഷത്തോളം വിദേശ വിനോദസഞ്ചാരികൾ കേരളം

സന്ദർശിച്ചിട്ടുണ്ട്. മുൻവർഷത്തെ അപേക്ഷിച്ച് 171 ശതമാനം വർദ്ധനയാണ് വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായിട്ടുള്ളത്. 'ടൈം മാഗസിൻ' പ്രസിദ്ധീകരിച്ച ലോകത്ത് കണ്ടിരിക്കേണ്ടതായ അൻപത് സ്ഥലങ്ങളുടെ വെഡ്ഡിംഗ് ഡെസ്റ്റിനേഷനായി Travel + Leisure magazine-ന്റെ വായനക്കാർ തെരഞ്ഞെടുത്തത് കേരളത്തെയാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുള്ള കേരളത്തിന്റെ 'STREET' ടൂറിസം പദ്ധതിക്ക് ലണ്ടനിൽ നടന്ന വേൾഡ് ടൂറിസം മാർക്കറ്റിൽ അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു. കാരവൻ ടൂറിസവും എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമൊരുക്കുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളും അഗ്രി ടൂറിസം നെറ്റ്‌വർക്കുമൊക്കെ പുതിയ ആകർഷണ കേന്ദ്രങ്ങളാകുകയാണ്.

ഇവിടെ ബഹുമാന്യരായ അംഗങ്ങൾ ഉന്നയിച്ച ചില പ്രശ്നങ്ങൾക്കുകൂടി മറുപടി പറയേണ്ടതുണ്ട്. കേന്ദ്രത്തിനെതിരെ സംസാരിക്കാൻ ഞങ്ങൾക്കെന്തോ ചെറിയ പ്രശ്നമെന്ന മട്ടിൽ ബഹുമാന്യനായ ഒരംഗം ഇവിടെ പറയുകയുണ്ടായി. കേന്ദ്രത്തിനെതിരെ സംസാരിക്കുമ്പോൾ ശ്രീ. എം. വിൻസെന്റിന്റെ പാർട്ടിക്ക് മുട്ട് വിറയ്ക്കുമായിരിക്കും. ആ കൂട്ടത്തിൽ

ഞങ്ങളെ ക്ഷുട്ടേണ്ടതില്ല. കേന്ദ്രസർക്കാരിന്റെ ദ്രോഹ നടപടികൾക്കെതിരെ ഏറ്റവും ശക്തമായി ശബ്ദം ഉയർത്തുക മാത്രമല്ല, പ്രത്യക്ഷമായി സമരം നടത്താൻതന്നെ ഡൽഹിയിലേയ്ക്ക് പോകുകയാണ്. മലയാള മനോരമ ദിനപത്രം പറഞ്ഞത് ഞാൻ പറയണോ? ആ പത്രത്തിന് മനസ്സിലാകാതെ പറഞ്ഞതോ, അതോ മനസ്സിലായിട്ടും മറ്റൊരു രീതിയിൽ പറഞ്ഞതോ എന്നുള്ളതുസംബന്ധിച്ച് വേറെ ആലോചന നടത്തണം. പക്ഷേ പ്രതിപക്ഷത്തിന് എങ്ങനെയാണ് അങ്ങനെയൊരു സംശയം വരുന്നതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. സമരം കാണാത്തവരോ സമരം നടത്താത്തവരോ അല്ല നിങ്ങൾ, നിരവധി സമരങ്ങൾ നടത്തിയവരാണ്. ഒരു ഘടകകക്ഷി ഒരു സമരം നടത്തുമ്പോൾ ചിലപ്പോൾ ആ കക്ഷിയുടേതല്ലാത്ത യു.ഡി.എഫ്.-ലെ മറ്റൊരു ഘടകകക്ഷിയുടെ നേതാവ് പോയി അതിനെ അഡ്രസ് ചെയ്യാറില്ലേ? അത് സമ്മേളനമാണോ, സമരമല്ലേ; സമരം നിങ്ങളിൽ ചിലർ ഉദ്ഘാടനം ചെയ്യാറില്ലേ? അത് സമരംതന്നെയല്ലേ; സമ്മേളനമാണോ; സമ്മേളനം മാത്രമാണോ അഡ്രസ് ചെയ്യുന്നത്. ഇവിടെ ഉണ്ടായതെന്താണെന്ന് നിങ്ങൾക്കറിയാമല്ലോ; അത്

നിങ്ങൾ ഏറ്റുപിടിക്കുന്നതെന്തിനാണ്? അവർ വിവരക്കേടുകൊണ്ട് പറഞ്ഞുപോയതായിരിക്കും. അതെന്തിനാണ് നിങ്ങളെപ്പോലുള്ളവർ ഏറ്റുപിടിക്കുന്നത്? നിങ്ങളിത് നടത്തിക്കൊണ്ടിരിക്കുന്നവരല്ലേ; ഒരു സമരം നടക്കുമ്പോൾ അവിടെവന്ന് അഡ്രസ് ചെയ്യണമെന്ന് ദേശീയതലത്തിലുള്ള നേതാക്കളോട് നമ്മൾ ആവശ്യപ്പെടുകയാണ്. ഇത് ഫെഡറൽ സ്ട്രക്ചറിനെ ബാധിക്കുന്ന കാര്യമല്ലേ; അതിൽ മുഖ്യമന്ത്രിമാർ, മുൻമുഖ്യമന്ത്രിമാർ, ദേശീയ തലത്തിലെ നേതാക്കൾ ഒക്കെയുണ്ടാകും. അതിന്റെ ഭാഗമായിട്ടാണ് കോൺഗ്രസ് നേതാവായ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുൾപ്പെടെ ഞങ്ങൾ കത്തയച്ചത്. അതുവന്ന് അഡ്രസ് ചെയ്യാനല്ലേ; സമ്മേളനം അഭിസംബോധന ചെയ്യാനാണോ; ഇതാണ് ഒരു പത്രം മാത്രം വായിച്ചാലുള്ള കുഴപ്പം. ഒന്നിലധികം പത്രം വായിക്കാൻ ശ്രദ്ധിക്കണം ഇല്ലെങ്കിൽ നിങ്ങൾക്ക് ഇങ്ങനെയുള്ള അബദ്ധങ്ങൾ പറ്റും ഇക്കാര്യങ്ങൾ സംസാരത്തിനിടയിൽ വന്നുപോയതാണ് പ്രധാനമായും അതുപറയാനല്ല ഞാൻ ഉദ്ദേശിച്ചത്. ഈ സമരത്തിന് എൽ.ഡി.എഫ്. ഒറ്റയ്ക്ക് പോകണമെന്നല്ല ആഗ്രഹിച്ചത്. ഇക്കാര്യം ആദ്യം ചർച്ച ചെയ്തത്

യു.ഡി.എഫ്.-ഉം ആയിട്ടാണ്. എൽ.ഡി.എഫ്.-നോട് ചർച്ച ചെയ്യുന്നതിനുമുമ്പ് യു.ഡി.എഫ്.-നോട് ചർച്ച ചെയ്തുവെന്ന് പറയുന്നതാണ് ശരി. അതിനുശേഷമാണ് എൽ.ഡി.എഫ്.-ഉം ആയി ചർച്ച ചെയ്തത്. ആ യോജിപ്പിന് അത്രമാത്രം പ്രാധാന്യമാണ് ഞങ്ങൾ കൊടുത്തത്. അതാണ് അക്കാര്യത്തിൽ ഞങ്ങൾ കാണിച്ച സമീപനം. പക്ഷേ യു.ഡി.എഫ്. അതിന് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്? കേരളത്തിൽനിന്നും ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് ഡൽഹിയിൽ പോയി സമരം ചെയ്താൽ നിങ്ങൾക്ക് എന്ത് വിഷമമാണുണ്ടാകുന്നത്? തെരഞ്ഞെടുപ്പിന്റെ ഘട്ടം വരുമ്പോഴാണ് ഇത്തരത്തിലുള്ള യോജിപ്പെന്ന് നിങ്ങൾ പറയുന്നതുകേട്ടു. അത്തരമൊരു പ്രത്യേക സാഹചര്യം ഇപ്പോഴല്ലേ വന്നത്? നമ്മളെ ആകെ ശ്വാസം മുട്ടിക്കുകയല്ലേ; കേന്ദ്രഗവൺമെന്റ് നമ്മുടെ രാജ്യത്തുതന്നെ പുതിയ നിലപാടുകൾ സ്വീകരിച്ചതിന്റെ ഫലമായാണ് ഇത്തരമൊരു സാഹചര്യം വന്നത്. അതിനെതിരെ പോസിറ്റീവായി പ്രതികരിക്കുകയല്ലേ നിങ്ങൾ ചെയ്യേണ്ടത്? യഥാർത്ഥത്തിൽ നിങ്ങളുടെ തലയിൽ എന്താണുള്ളത്? ഞങ്ങൾ സംസ്ഥാനത്തിനെല്ലാം വാരിക്കോരി

കൊടുത്തിരിക്കുകയാണെന്നാണ് കേന്ദ്രം പറയുന്നത്, അത് നിങ്ങൾ തലയിലേറ്റിയിരിക്കുകയാണ്. അതാണോ ശരിയായ സമീപനം; കേന്ദ്രഗവൺമെന്റിന്റെ ആ വാദം അംഗീകരിക്കുന്ന നിലപാടാണ് നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. കേന്ദ്രവിരുദ്ധ സമരത്തിന്റെ കാര്യത്തിൽ ശ്രീ. രാഹുൽ ഗാന്ധിയെ മാതൃകയായി എടുക്കണമെന്നും അദ്ദേഹത്തിന്റെ ഫോട്ടോ പോക്കറ്റിൽ വയ്ക്കണമെന്നുമൊക്കെയുള്ള വിധത്തിൽ ഒരു കടന്ന വർത്തമാനം യു.ഡി.എഫ്-ലെ ഒരംഗം ഇവിടെ പറയുകയുണ്ടായി. ശ്രീരാമനെ മുൻനിർത്തിക്കൊണ്ടാണ് ബി.ജെ.പി. കളിക്കുന്നത്. അക്കാര്യത്തിൽ പൊതുവെ കോൺഗ്രസ്സെടുത്ത സമീപനമെന്താണ്? നിങ്ങൾ എങ്ങനെയാണ് സംഘ്പരിവാറിനെ ഇക്കാര്യത്തിൽ നേരിടുന്നത്? ഞാൻ പറയാം, സാധാരണഗതിയിൽ നമ്മുടെ രാജ്യത്താകെ ഒരു പ്രത്യേക അന്തരീക്ഷമുണ്ടാക്കാൻ ശ്രമിക്കുമ്പോൾ അതിൽ പ്രത്യേക നിലപാട് സ്വീകരിക്കാനാണല്ലോ നിങ്ങളുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായത്. ഇപ്പോഴുള്ള ക്ഷേത്ര ഉദ്ഘാടനം കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് എല്ലാവർക്കും അറിയാമല്ലോ? നിങ്ങൾ എങ്ങനെയാണ് മതനിരപേക്ഷത

കൈകാര്യം ചെയ്യുന്നതെന്നാണ് കാണേണ്ടത്. കോൺഗ്രസിൽ നെഹ്റുവിന്റെ കാലത്ത് ശക്തമായ മതനിരപേക്ഷ നിലപാടാണുണ്ടായിരുന്നത്. പക്ഷേ ആ നെഹ്റുവിയൻ മതനിരപേക്ഷ നിലപാട് കോൺഗ്രസ്സിന് ഇന്ന് സ്വീകരിക്കാൻ കഴിയുന്നില്ല. പഴയ കാല കോൺഗ്രസ് ഗവൺമെന്റുകൾ ഇതിന് വഴിമരുന്നിട്ട് കൊടുത്തിട്ടുണ്ട്. ഒന്ന്, ശിലാന്യാസത്തിന് രാജീവ് ഗാന്ധിയുടെ കാലത്താണ് അനുമതി നൽകിയത്. രണ്ടാമത്, അവിടെയുണ്ടായിരുന്ന ബാബറി മസ്ജിദ് പൊളിച്ചുതീരുന്നതുവരെ നിശബ്ദതയിലായിരുന്നു കോൺഗ്രസ് പ്രധാനമന്ത്രി. ഈ രണ്ട് സംഭവവും നമ്മൾ ഓർക്കാതിരിക്കരുത്. ഇതാണ് സംഘ്പരിവാറിന് എറ്റവും കൂടുതൽ കരുത്ത് നൽകുന്ന നിലപാടെന്ന് ഓർമ്മിക്കണമെന്ന് മാത്രം. ഇപ്പോൾ നെഹ്റൂവിയൻ മതനിരപേക്ഷത കൈവെടിഞ്ഞ് മൃദുഹിന്ദുത്വ നിലപാട് സ്വീകരിക്കുന്നതുകൊണ്ടാണ് ഒരു കോൺഗ്രസ് നേതാവിന് അയോദ്ധ്യ ക്ഷേത്രത്തിലേയ്ക്ക് വെള്ളി ഇഷ്ടിക നൽകാൻ കഴിഞ്ഞത്. അത് വിശ്വാസത്തിന്റെ ഭാഗമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ജയിച്ചുവന്നിരുന്നുവെങ്കിൽ അദ്ദേഹമായിരുന്നു അവിടത്തെ

മുഖ്യമന്ത്രിയാകേണ്ടിയിരുന്നത്. പേര് എല്ലാവർക്കും അറിയാം, ഞാൻ പറയേണ്ട കാര്യമില്ല. അതുപോലെതന്നെ നമ്മുടെ അയൽ സംസ്ഥാനമായ കർണാടകയിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തി അഭിമാനകരമായ വിജയമാണ് കോൺഗ്രസ് നേടിയത്. നിങ്ങൾ ഇപ്പോൾ എന്താണ് ചെയ്തത്, അയോദ്ധ്യയിൽ പ്രാണ പ്രതിഷ്ഠ നടക്കുമ്പോൾ 34563 ക്ഷേത്രങ്ങളിലാണ് പ്രത്യേക പൂജയും പ്രാർത്ഥനയും നടത്താൻ കർണാടകയിലെ കോൺഗ്രസ് സർക്കാർ ഉത്തരവ് നൽകിയത്. എന്തുതരം സന്ദേശമാണ് കോൺഗ്രസ് ഇതിലൂടെ നൽകുന്നത്. ഹിമാചൽ പ്രദേശിലെ കോൺഗ്രസ് സർക്കാർ, സംസ്ഥാനത്തിന് പൊതുഅവധി പ്രഖ്യാപിച്ചുകൊണ്ടാണ് മൃദുഹിന്ദുത്വ സമീപനം വെളിവാക്കിയത്. കോൺഗ്രസിന്റെ ഏറ്റവും പ്രധാനപ്പെട്ട നേതാവാണ് ശ്രീ. രാഹുൽ ഗാന്ധിയെന്നതിൽ ഒരു സംശയവുമില്ല. പ്രാണ പ്രതിഷ്ഠാദിവസം അദ്ദേഹമെന്താണ് ചെയ്തത്? അസ്സമിലെ ഒരു ക്ഷേത്രത്തിൽ ദർശനം നടത്താൻവേണ്ടി വലിയ തോതിൽ നിർബന്ധം പിടിക്കുകയായിരുന്നു. എന്ത് സന്ദേശമാണ് അത് നൽകുന്നത്? .....(ബഹളം)... ശബ്ദമുയർത്തിയതുകൊണ്ടൊന്നും കാര്യമില്ല. നിങ്ങൾ

ശബ്ദമുയർത്തുന്നതുകൊണ്ട് നിങ്ങൾ കേൾക്കില്ലെന്നേയുള്ളൂ. ഞാൻ മൈക്കിലാണ് സംസാരിക്കുന്നത് അത് റിക്കോർഡാകും. നിങ്ങൾ കേൾക്കാതിരുന്നതുകൊണ്ട് പ്രത്യേകിച്ച് ഗുണം ഒന്നുമില്ല. ഞാൻ ചോദിക്കുന്നത് തീവ്രവർഗ്ഗീയതയെ മൃദു വർഗ്ഗീയതകൊണ്ട് നേരിടാനാകുമോ? അത് നമ്മൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അമ്പലത്തിൽ എല്ലാവരും പോകും, അതിൽ തെറ്റില്ല. ആ ദിവസം ആ സമയം നോക്കി ഇതുതന്നെ ചെയ്യണമെന്ന് നിർബന്ധം പിടിക്കുന്നത് രാജ്യത്തിന് നൽകുന്ന സന്ദേശമെന്താണ്? ആ സന്ദേശം മൃദുഹിന്ദുത്വത്തിന്റെ ഭാഗമായുള്ള സന്ദേശമായിട്ടല്ലേ മാറുക? അത് ഗുണമാണോ ചെയ്യുക, അതാണ് പരിശോധിക്കേണ്ടത്. ....(ബഹളം)....

ഇവിടെ പറഞ്ഞ മറ്റൊരു കാര്യം നമ്മുടെ പ്രധാനമന്ത്രി ഇവിടെ വന്നപ്പോൾ മുഖ്യമന്ത്രിയെന്ന നിലയിൽ ഞാൻ സ്വീകരിക്കാൻ പോയിരുന്നു. അപ്പോൾ സാധാരണ ഗതിയിൽ വണങ്ങാറുണ്ട്. അതല്ലാതെ മറ്റെന്താണ് ചെയ്യുന്നത്? എനിക്ക് മനസ്സിലാകാത്തതുകൊണ്ട് ചോദിക്കുകയാണ്. മുഖ്യമന്ത്രിയായി ഉമ്മൻ ചാണ്ടി ചുമതല വഹിച്ച സമയത്ത്

പ്രധാനമന്ത്രിയായി ശ്രീ. നരേന്ദ്ര മോദിയുണ്ടായിരുന്നു. ആ ഘട്ടത്തിൽ അദ്ദേഹം പ്രധാനമന്ത്രിയെ സ്വീകരിച്ചിട്ടില്ലേ? അങ്ങനെ സ്വീകരിച്ച മുൻകാല ചിത്രം നിങ്ങൾ പരിശോധിക്കൂ. അതുമായി എന്ത് വ്യത്യാസമാണുള്ളത്? അദ്ദേഹം മരിച്ചുപോയി. ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അദ്ദേഹംതന്നെ മറുപടി പറയുമായിരുന്നു. നിങ്ങളുടെ ഏറ്റവും ഒടുവിലത്തെ മുഖ്യമന്ത്രിയാണ് അദ്ദേഹം. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തിനെ പരാമർശിച്ചത്. അദ്ദേഹം സ്വീകരിച്ച രീതിയെന്താണ്; ഇനി നിങ്ങളുടെ പരമോന്നത നേതാവാണല്ലോ ശ്രീ. രാഹുൽ ഗാന്ധി. അദ്ദേഹം എന്താണ് ചെയ്തത്? അത് സ്വീകരിക്കലായിരുന്നോ; ഏതായിരുന്നു സാഹചര്യം? കേരളത്തിലേയ്ക്ക് വരുന്ന ഒരു പ്രധാനമന്ത്രിയെ സ്വീകരിക്കാനുള്ള ബാധ്യതയാണ് ഈ കസേരയിലിരിക്കുന്ന ആർക്കായാലുമുള്ളത്. അദ്ദേഹം ഈ രാജ്യത്തിന്റെ പ്രധാനമന്ത്രിയാണ്. ഞാൻ സംസാരിച്ചുകഴിഞ്ഞതിനുശേഷം പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ വന്ന് എന്നെ കെട്ടിപ്പിടിക്കുന്നു. അങ്ങനെ നടക്കുമോ? സാധാരണ ഗതിയിൽ അങ്ങനെ നടക്കാറുണ്ടോ? എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങളെല്ലാമെടുത്തിട്ട് വലിയ കാര്യമെന്ന നിലയിൽ ഞാൻ

അദ്ദേഹത്തിനെ കാണുമ്പോൾ മുട്ടുവിറച്ച് പോകുന്നതെന്നപോലെ, എന്തിനാണ് അത്തരം ബാലിശമായ പരാമർശങ്ങളിലേയ്ക്ക് പോകുന്നത്. ഏത് മുഖ്യമന്ത്രിയാണ് അങ്ങനെ കാണിച്ചിട്ടുള്ളത്. അത് ശ്രീ. കെ. ചന്ദ്രശേഖർ റാവു കാണിച്ചിരുന്നു. ശ്രീ. കെ. ചന്ദ്രശേഖർ റാവു നിങ്ങളുടെ മുഖ്യമന്ത്രിയാണെന്ന് പറയാൻ കഴിയുമോ? ശ്രീ. കെ. ചന്ദ്രശേഖർ റാവു മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ആ നിലപാടെടുത്തിരുന്നു. ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്ക് പ്രധാനമന്ത്രി വരുമ്പോൾ സ്വീകരിക്കേണ്ടതുണ്ട്. പിന്നെ നമ്മളെല്ലാവരും മനുഷ്യരല്ലേ നമ്മൾ വളരെ കടുത്ത രീതിയിൽ രാഷ്ട്രീയമായി പരസ്പരം വിമർശിക്കാറുണ്ട്. പക്ഷെ മനുഷ്യരെന്ന പരസ്പര ബന്ധമുണ്ടാകും. എനിക്ക് അങ്ങനെയൊരു അനുഭവമുണ്ടല്ലോ, നിങ്ങൾ ഓർത്താൽ മതി. ഞാൻ ഒരു ദിവസം എറണാകുളത്തുനിന്നും ഫ്ലൈറ്റിൽ വരികയായിരുന്നു. എഴുന്നേറ്റപ്പോൾ തൊട്ടുമുന്നിൽ അപ്പുറത്തായി ശ്രീ. കെ. സുധാകരൻ ഇരിക്കുകയായിരുന്നു. ശ്രീ. കെ. സുധാകരൻ എണീറ്റ് തിരിഞ്ഞത് എന്റെ നേരെയാണ്. നിങ്ങൾ ഈ ഫ്ലൈറ്റിലുണ്ടായിരുന്നോയെന്ന് അപ്പോൾ ഞാൻ ചോദിച്ചു.

ഞാനുണ്ടായിരുന്നു, നിങ്ങൾ ഈ ഫ്ലൈറ്റിലുണ്ടെന്ന് ഞാനും കേട്ടുവെന്ന് അദ്ദേഹം മറുപടിയും തന്നു. ഞാൻ തിരുവനന്തപുരത്തേയ്ക്ക് വരുന്നോയെന്ന് ചോദിച്ചപ്പോൾ ഇല്ല എനിക്ക് ഇവിടെ പരിപാടിയുണ്ടെന്ന് അദ്ദേഹം മറുപടി പറഞ്ഞു. എല്ലാം കഴിഞ്ഞ് ഞാനിറങ്ങി പോയി. എന്നിട്ട് അദ്ദേഹം പത്രക്കാരെ കണ്ടപ്പോൾ പറഞ്ഞത് നാണമുണ്ടോ ഈ മനുഷ്യന് എന്നെ കാണുമ്പോൾ ചിരിക്കാനെന്നാണ്. ഞാൻ അപ്പോൾ എന്താണ് ചെയ്യേണ്ടിയിരുന്നത്? ഞാൻ അയാളെ ഭയന്നിട്ടാണോ; ശ്രീ. കെ. സുധാകരൻ എന്ന നിങ്ങളുടെ നേതാവിനെ ഭയന്നുകൊണ്ടാണോ ഞാൻ അദ്ദേഹത്തിനോട് ലോഹ്യം പറഞ്ഞത്. സാധാരണയുള്ള ഒരു മര്യാദ രീതിയാണ്. നമ്മളെയെല്ലാം ആളുകൾ കാണുന്നതല്ലേ; സാധാരണഗതിയിൽ എന്റേതായ മര്യാദ ഞാൻ കാണിക്കണം. അതാണ് എന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇതെല്ലാം നാം സാധാരണഗതിയിൽ കാണിക്കേണ്ട മര്യാദയിൽപ്പെട്ടതാണ്. അതാണ് നമ്മൾ മനസ്സിലാക്കേണ്ട കാര്യം.

യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർമാർ ഇല്ലാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന്റെ ഭാഗമായി വന്നിട്ടുള്ള ഒരു ഗതികേടാണ്. കാരണം ഗവർണർ ഒരു പ്രത്യേക നിലപാടെടുക്കുകയാണ്. നാം എല്ലാവരുംകൂടി നിയമം പാസ്സാക്കിയതാണ്. ആ നിയമം ഒപ്പിട്ടില്ല, അതങ്ങനെ കിടക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഒരു അനിശ്ചിതത്വം വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ അതിനെതിരെ നമ്മൾ ഒന്നിച്ചാണ് ശബ്ദിക്കേണ്ടത്. പക്ഷേ നിങ്ങൾ ആ ഭാഗത്ത് ശബ്ദിക്കുന്നില്ലെന്നുമാത്രം. നമുക്ക് ഒന്നിച്ച് അത്തരം കാര്യങ്ങളിൽ ശബ്ദിക്കാൻ കഴിയണം. നിയമസഭയുടെ പ്രോപ്പർട്ടിയാണത്. നിയമസഭ അംഗീകരിച്ചുകഴിഞ്ഞ കാര്യമാണത്. അത് ഗവൺമെന്റിന്റേത് മാത്രമല്ല, നിയമസഭയുടേതായി മാറിക്കഴിഞ്ഞിരിക്കുകയാണ്. ആ നില നമ്മൾ സ്വീകരിച്ചുപോകേണ്ടതാണ്. ബ്രെയിൻ ഡ്രെയിനിനെപ്പറ്റി പറഞ്ഞ കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നേരത്തേ മറുപടി പറഞ്ഞിട്ടുണ്ട്. നമ്മൾ അതിനെ നേരിടേണ്ടത്

എങ്ങനെയാണ്? അതിൽ വല്ലാതെ ആശങ്ക പ്രകടിപ്പിച്ച് വേദനിച്ച് ഇരിക്കുകയല്ല വേണ്ടത്. ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്. ആ ഉന്നതവിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കാനുള്ള പ്രവൃത്തികളാണ് നാം നടത്തിപ്പോരുന്നത്. അത് ഫലപ്രദമായിത്തന്നെ നാം നടത്തുകയാണെന്ന് നേരത്തേ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ യൂണിവേഴ്സിറ്റി വി.സി.-യുടെ പുനർനിയമനത്തിൽ ചട്ടവിരുദ്ധമായി യാതൊരു കാര്യവുമുണ്ടായിട്ടില്ല. ഇതിൽ നമ്മൾ കാണേണ്ടത്, 'ഞാൻ സമ്മർദ്ദത്തിലായി' എന്ന് ചാൻസലർ സുപ്രീംകോടതിയുടെ മുന്നിൽ പറയുകയാണ്. ഞാൻ സമ്മർദ്ദത്തിലായി എന്ന് ഒരു വ്യക്തി സുപ്രീംകോടതിയിൽ പറഞ്ഞാൽ നിങ്ങൾ സമ്മർദ്ദത്തിലായിട്ടില്ല എന്ന് സുപ്രീംകോടതിക്ക് പറയാൻ സാധിക്കുമോ; എത്രമാത്രം വസ്തുതാവിരുദ്ധമായ കാര്യമാണ് അദ്ദേഹം പറഞ്ഞത്. വസ്തുതാവിരുദ്ധമായ കാര്യം പറയുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ച വേറെ രാഷ്ട്രീയ കാരണങ്ങളുണ്ടാകും. 'ഞാൻ സമ്മർദ്ദത്തിലായി' എന്ന് പറഞ്ഞപ്പോൾ സുപ്രീംകോടതി അത് മുഖവിലയ്ക്കെടുത്ത് അതിന്റെ തുടർ

നടപടികളിലേയ്ക്ക് കടക്കുകയാണ് ചെയ്യുന്നത്. പക്ഷേ അതുമായി ബന്ധപ്പെട്ട് ഒരു റിവ്യൂ ഹർജി കൃത്യമായി നൽകിയിട്ടുണ്ട്. ആ ഹർജി ഇപ്പോൾ കോടതിയുടെ പരിഗണനയിലാണ്. ഞങ്ങൾക്ക് ഒരുതരത്തിലുള്ള ഒത്തുകളിയും ഇക്കാര്യത്തിലില്ല. ഗവർണറുടെ ഓഫീസിൽ ഒരാളെ നിയമിച്ച കാര്യം പറഞ്ഞു. നിങ്ങൾ ആലോചിച്ചു നോക്കു, നമ്മൾ ചില സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്ക് അവരുടെ സ്റ്റാഫിൽ ഇന്നയാളെ വേണം എന്നുപറഞ്ഞാൽ ആ സ്റ്റാഫിൽ വേണ്ടയാളെ നിയമിക്കുകയില്ലെന്ന് ഗവൺമെന്റിന് ഒരു നിലപാടെടുക്കാൻ പറ്റുമോ? രാഷ്ട്രീയമായി പ്രതിപക്ഷ നേതാവും ഞാനും രണ്ട് ധ്രുവങ്ങളിലാണല്ലോ? പക്ഷേ പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ ഒരാളെ നിയമിക്കുന്നതിനുവേണ്ടി പ്രതിപക്ഷ നേതാവ് എനിക്ക് എഴുതി തരികയാണെങ്കിൽ ആളിനെ നിയമിക്കാൻ പറ്റില്ലെന്ന് പറയാൻ പറ്റുമോ; ഇതാണ് പ്രശ്നം. ഗവർണറുടെ ഓഫീസ് അതിനേക്കാൾ മുകളിലാണ്. വസ്തുതകൾ മനസ്സിലാക്കാനാണ് ഞാൻ പറയുന്നത്. പ്രചാരണത്തിനാണെങ്കിൽ നിങ്ങൾ പറഞ്ഞുനടന്നോ; അതുകൊണ്ട് പ്രശ്നമൊന്നുമില്ല. വസ്തുതകൾ മനസ്സിലാക്കാനാണെങ്കിൽ മനസ്സിലാക്കേണ്ട

കാര്യം ഗവർണറുടെ ഓഫീസിൽ ഒരാളെ നിയമിക്കണമെന്ന് ഗവർണർ ആവശ്യപ്പെടുന്ന ഒരവസ്ഥ വന്നാൽ ആ ആളെ നിയമിക്കണ്ടേ; നിയമിക്കില്ല എന്ന് എങ്ങനെ ഗവൺമെന്റ് പറയും. അതുകൊണ്ടാണ് ആ നിയമനം അംഗീകരിച്ചുകൊടുത്തത്. അത് ഏതെങ്കിലും തരത്തിലുള്ള ഒത്തുകളിയാണെന്ന് കാണേണ്ട. ഇപ്പോൾ സാധാരണ നിലയ്ക്ക് അന്യത്ര സേവനം 5 വർഷക്കാലമാണ്. 5 വർഷം കഴിഞ്ഞ് 8, 9 വർഷമായി നിൽക്കുമ്പോൾ ഇനി വേറെ ആളെ എടുക്കാമെന്ന് ഗവൺമെന്റ് പറയുന്നു. ചിലപ്പോൾ ഇയാളെത്തന്നെ എനിക്ക് വേണം എന്ന് നിർബന്ധമായും ഗവർണർ പറയും. എത്രയോ കേസ്സുകൾ അങ്ങനെയുണ്ട്. അത്തരം കാര്യത്തിൽ നമ്മൾ ഗുസ്തി പിടിക്കുന്നതിൽ എന്ത് അർത്ഥമാണുള്ളത്; ഈ വർഷം കൂടി ഇരിക്കട്ടെ, ഒരുവർഷം കൂടി കൊടുക്കാം. ഇത് അവസാനത്തേതായിരിക്കണം എന്നുപറഞ്ഞുകൊണ്ട് ഒരുവർഷം കൂടി കൊടുക്കുകയാണ്. ഓഫീസുകളുമായി അങ്ങനെയൊക്കെയുള്ള പ്രശ്നങ്ങൾ വരില്ലേ; അതൊക്കെ സാധാരണഗതിയിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. അതൊക്കെ ഒത്തുകളിയായി കാണേണ്ടതില്ല. നിങ്ങളുടെ ഭാഗമായി

നിൽക്കുന്ന ചില കടലാസ് സംഘടനകൾ ചാൻസലറെ ഉപദേശിക്കുന്നുവെന്നത് നാട്ടിൽത്തന്നെ പാട്ടായിട്ടുള്ള കാര്യമല്ലേ; അങ്ങനത്തെ ചിലയാളുകളുടെ ഉപദേശം അദ്ദേഹം സ്വീകരിക്കുന്നുണ്ട്. അതിന് നമുക്കെന്ത് ചെയ്യാൻ സാധിക്കും? ഇതിൽ സുപ്രീംകോടതി പറഞ്ഞ കാര്യമാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. കണ്ണൂർ വൈസ് ചാൻസലറുടെ പുനർനിയമനത്തെപ്പറ്റിയും പ്രായപരിധി, സെലക്ഷൻ കമ്മിറ്റി രൂപീകരണം എന്നീ കാര്യങ്ങളെല്ലാം നിയമവിധേയമാണെന്ന് സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി ഇടപെട്ടത് അദ്ദേഹം പറഞ്ഞ കാര്യത്തിൽ മാത്രമാണ്.

സെക്രട്ടേറിയറ്റിലെ പ്രോട്ടോക്കോൾ വിഭാഗത്തിലുള്ള തീപിടുത്തത്തെക്കുറിച്ചുവരെ ഇവിടെ പറയുന്ന സ്ഥിതിയുണ്ടായി. അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചതാണല്ലോ; ഫോറൻസിക് വിഭാഗവും പോലീസും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും എല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇലക്ട്രിക് ഫാൻ കത്തിയതുമൂലമാണ് തീപിടുത്തമുണ്ടായതെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അക്കാലത്ത് നിങ്ങൾ

ഉന്നയിച്ച ആരോപണം സ്വർണ്ണക്കടത്തിലെ കേസ്സുമായി ബന്ധപ്പെട്ട ഫയലുകൾ നശിപ്പിക്കാൻ എന്നായിരുന്നു. ആ കേസ്സുമായി ബന്ധപ്പെട്ട ഫയലുകളൊന്നും സെക്രട്ടേറിയറ്റിൽ ഇല്ലെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതല്ലേ; വ്യവസായ വകുപ്പുമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ മുറിയിലുണ്ടായ തീപിടുത്തം എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കാനാണെന്ന് ഈ സഭയിൽ തന്നെ ആരോപണം വന്നിരുന്നു. അതും തെറ്റായിരുന്നുവെന്ന് തെളിഞ്ഞതല്ലേ? ഇതിനേക്കാൾ വലിയ തീപിടുത്തമുണ്ടായാൽപ്പോലും ഒരു ഫയൽപോലും നശിക്കാൻ പോകുന്നില്ല. കാരണം സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇ-ഫയൽ സമ്പ്രദായം നമ്മൾ നടപ്പിലാക്കിയിട്ടുണ്ട്. ഏത് പേപ്പർ സെക്രട്ടേറിയറ്റിൽ വന്നാലും അത് സ്കാൻ ചെയ്ത് നമ്പർ ഇട്ട് ബന്ധപ്പെട്ട സെക്ഷനിൽ ഇ-ഫോർമാറ്റിൽ എത്തും. നിലവിലുള്ള ഫയലിലെ കടലാസ് ആണെങ്കിൽ അത് ആ ഫയലിനോട് ചേർക്കും. പുതിയ ഫയലാക്കാനാണെങ്കിൽ ഫയൽ നമ്പർ ഇട്ട് ഫയലാക്കും. ഫയലിന്റെ സഞ്ചാരവും ഈ വഴിയിലാണ്. ഫയർ എസ്കേപ്പ് എന്നുപറയുന്നത് ആരെ പറ്റിക്കാനാണ്?

കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വില കുറയ്ക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടതാണ്. ഫിഷറീസ് വകുപ്പുമന്ത്രിതന്നെ കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് ആവശ്യങ്ങളുന്നയിച്ചിട്ടുണ്ട്. നിലവിൽ ലിറ്ററിന് 25 രൂപ നിരക്കിലാണ് സർക്കാർ സബ്സിഡി നൽകുന്നത്. കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന പ്രശ്നമാണത്. മണ്ണെണ്ണ ഇതര ഇന്ധനങ്ങൾ ഉപയോഗിക്കുന്ന യാനങ്ങൾക്ക് പ്രോത്സാഹനം നൽകുകയെന്നതാണ് ഇതിനൊരു ശാശ്വത പരിഹാരമെന്ന നിലയ്ക്ക് നമ്മൾ പറഞ്ഞിട്ടുള്ളത്. മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ അതിനുള്ള നടപടികളാണ് സ്വീകരിച്ചുപോകുന്നത്. തീരദേശത്തുള്ളവർ മഹാഭൂരിപക്ഷവും CRZ പരിധിയിലാണ് താമസിക്കുന്നത്. കേന്ദ്ര നിയമമനുസരിച്ച് ഇപ്പോൾ അതിന് പ്രയാസമുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഒരു പ്രശ്നമായി അവതരിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ നടത്തുമ്പോൾ ഇത് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്.

ചോദ്യപേപ്പർ പണപ്പിരിവിന്റെ കാര്യം പറഞ്ഞിരുന്നു. ഒരു വിദ്യാർത്ഥിയിൽ നിന്ന് 10 രൂപ ഫീസ് എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയുടെ ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി വാങ്ങണമെന്ന്

സർക്കുലറുണ്ട്. ഇത് പുതിയ സർക്കുലറല്ല, വർഷങ്ങളായി മോഡൽ പരീക്ഷയ്ക്ക് തുച്ഛമായ തുക ഫീസായി വാങ്ങാറുണ്ട്. യു.ഡി.എഫ്. സർക്കാർ ഭരിക്കുന്ന കാലത്ത് ശ്രീ. പി. കെ. അബ്ദുറബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരിക്കുന്ന കാലം മുതൽ ടി സർക്കുലർ പ്രാബല്യത്തിലുണ്ട്. മോഡൽ പരീക്ഷയ്ക്ക് ഫീസ് ഈടാക്കാൻ നിർദ്ദേശിച്ചുകൊണ്ട് 2014-ൽ പുറത്തിറക്കിയ സർക്കുലർ പൊതുമണ്ഡലത്തിൽ ലഭ്യമാണ്. ആ സർക്കുലർ എല്ലാവർഷവും തീയതി പുതുക്കി ഇറക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ ഇക്കാര്യം വാർത്താസമ്മേളനം വിളിച്ച് വ്യക്തമാക്കിയതാണ്. അതുതന്നെ ആവർത്തിച്ച് ഈ സഭയിൽ ഉന്നയിക്കേണ്ടതില്ലായിരുന്നു.

നവകേരള സദസ്സിന്റെ ബസ്സിന് നേരെ ഷൂ എറിഞ്ഞ് ആരെങ്കിലും ഇവിടെ മരിച്ചുവോ എന്നൊരു ചോദ്യം ചോദിക്കുകയുണ്ടായി. അതുമാത്രമല്ല നവകേരള സദസ്സിന് ആളുകൾ കുറവായിരുന്നുവെന്നും പറയുന്നത് കേട്ടു. അതൊരു ആഗ്രഹമാണ്. യാഥാർത്ഥ്യം വന്നുകഴിഞ്ഞല്ലോ; ഇനി അത് പറഞ്ഞിട്ട് കാര്യമില്ല. നവകേരള സദസ്സ് യാഥാർത്ഥ്യമായി കഴിഞ്ഞതാണ്. ആളുകൾ എത്രത്തോളം പങ്കെടുത്തുവെന്ന് എല്ലാവർക്കും അറിയാമല്ലോ;

നിങ്ങൾക്ക് ചുരുങ്ങിയ തോതിൽ കാണാനുള്ള മോഹമുണ്ടായിരുന്നു. പക്ഷേ അതല്ല, നാട്ടുകാർ വലിയതോതിൽ ഒഴുകിയെത്തുകയാണ് ചെയ്തത്. സാധാരണഗതിയിൽ ഒരു പരിപാടിക്ക്, പരിപാടിയുടെ സമയം കഴിഞ്ഞിട്ടാണല്ലോ ആളുകൾ എത്തുന്നത്. ഇത് അങ്ങനെയല്ല. 2-3 മണിക്കൂർ മുമ്പേ വരികയാണ്. ആരെയും ഭയന്നിട്ടല്ല, നിങ്ങൾക്ക് അവിടെയാണ് തെറ്റിയത്. അവിടെ പങ്കെടുത്തവരിൽ മഹാഭൂരിപക്ഷം വോട്ടും ഞങ്ങൾക്കാണ് കിട്ടാൻ പോകുന്നതെന്ന് നിങ്ങൾ പറഞ്ഞല്ലോ; എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് കണ്ടറിയാം. ഇതൊന്നും വോട്ടുമായി ബന്ധപ്പെട്ട കാര്യമല്ല. ഇതൊക്കെ നാടിന്റെ പ്രശ്നങ്ങൾ നാട്ടുകാർ അറിയുക എന്നുള്ളതാണ്, ആ നിലയ്ക്കാണ് ആളുകൾ അതിനെ കണ്ടതും അവിടേയ്ക്ക് ഒഴുകിയെത്തിയതും. എല്ലാ പ്രായത്തിലുമുള്ള എല്ലാവിഭാഗക്കാരും അവിടെയുണ്ടായിരുന്നു. എല്ലാവരും വലിയ താല്പര്യത്തിലുമായിരുന്നു. സാധാരണ ഒരു യോഗത്തിൽ സംസാരിക്കുമ്പോൾ അത് ശ്രദ്ധിക്കുന്നവരും ശ്രദ്ധിക്കാത്തവരുമുണ്ടാകും. നിങ്ങൾ എല്ലാവരും സംസാരിക്കുന്നവരാണല്ലോ; അത് നിങ്ങൾ കാണുന്നതുമാണല്ലോ; എന്നാൽ ഈ യോഗത്തിൽ

പങ്കെടുത്തവരെല്ലാം അവിടെയെന്താണ് പറയുന്നതെന്ന് കേൾക്കാൻ വലിയ തോതിൽ ശ്രദ്ധാലുക്കളായിരുന്നു. അത്യധികം താല്പര്യത്തോടെയാണ് പങ്കെടുത്തിരുന്നത്. അവരെ വിലകുറച്ച് കാണരുത്. നിങ്ങൾ ഞങ്ങളെ ആക്ഷേപിച്ചോളൂ, ജനങ്ങളെ ആക്ഷേപിക്കാൻ നിൽക്കേണ്ട. ഞങ്ങളെ ആക്ഷേപിക്കുന്നതുകൊണ്ട് ഞങ്ങൾക്ക് പ്രശ്നമൊന്നുമില്ല, പക്ഷെ നിങ്ങൾ ജനങ്ങളെ ആക്ഷേപിച്ച് അവരുടെ വിരോധം സമ്പാദിക്കേണ്ടെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. നവകേരള സദസ്സിനെ ഞങ്ങൾ ഒരു രാഷ്ട്രീയ പരിപാടിയായി കണ്ടിട്ടില്ല. അപ്രകാരമാണെങ്കിൽ നിങ്ങളെ ആദ്യം ക്ഷണിക്കുമോ; നിങ്ങളുംകൂടി വരണമെന്ന് പറയുമോ? 41 മണ്ഡലങ്ങളിലും നിങ്ങളല്ലേ അതിന്റെ സംഘാടകരായി ഇരിക്കുക, നിങ്ങളല്ലേ അതിന്റെ അദ്ധ്യക്ഷന്മാരായി ഇരിക്കുക, നിങ്ങൾ ഓരോരുത്തരല്ലേ വന്നിരിക്കുക, അവിടെയല്ലേ ഞങ്ങളും വന്ന് സംസാരിക്കേണ്ടത്. ഞങ്ങൾ അതിനെ രാഷ്ട്രീയ പരിപാടിയായിട്ടല്ലല്ലോ കണ്ടത്. നിങ്ങൾക്കൊരു അബദ്ധം പറ്റി, അതാണ് സംഭവിച്ചത്. ഇനി ഏതെങ്കിലും കാലത്ത്

ഇപ്രകാരം നടക്കുമെങ്കിൽ ആ അബദ്ധം തിരുത്താൻ നോക്കുക.

(....ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, ഷൂ എറിഞ്ഞ സംഭവത്തിൽ നിയമം അതിന്റെ വഴിക്കുപോകുമല്ലോ, അത്രയേയുള്ളൂ. മുഖ്യമന്ത്രിയും മന്ത്രിമാരും സഞ്ചരിക്കുന്ന വാഹനത്തിനുനേരെ ഷൂ എറിയാൻ പുറപ്പെടുകയെന്ന് പറയുന്നത് ഗൗരവമുള്ള കാര്യമല്ലേ; ആ ഗൗരവം എന്തുകൊണ്ടാണ് നിങ്ങൾക്ക് ഉൾക്കൊള്ളാൻ സാധിക്കാത്തത്; അതിനെ പരോക്ഷമായി ന്യായീകരിക്കാൻ പുറപ്പെടുന്നതെന്തിനാണ്; നമ്മൾ ഇത്തരത്തിലുള്ള ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ടോ; അതാണ് കാണേണ്ടത്. 138 സദസ്സുകൾ നടന്നപ്പോൾ അവിടെനിന്ന് ലഭിച്ച പരാതികൾ ആറര ലക്ഷത്തോളമാണ്. അത്രയും ആളുകൾ പരാതികൾ നൽകാൻ തയ്യാറാകുകയാണല്ലോ. ആ പരാതികൾ ഗൗരവമായിത്തന്നെ ഞങ്ങൾ എടുക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ആറര ലക്ഷത്തോളം പണക്കാരും പൗരപ്രമുഖരും അതിസമ്പന്നരുമായ

ആളുകൾ കേരളത്തിലെ ഞങ്ങളുടെ ഈ പരിപാടിയിൽ വന്നുവെന്നാണോ പറയുന്നത്? എന്തിനാണ് നിങ്ങൾ ഇപ്രകാരം പറഞ്ഞ് വേണ്ടാത്തൊരു ചിത്രമുണ്ടാക്കാൻ നോക്കുന്നത്, എന്താണ് അതുകൊണ്ട് ലഭിക്കുന്ന കാര്യം? നിങ്ങൾക്കൊരു മാനസിക സുഖമുണ്ടാകുമെന്നല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഗുണം അതുകൊണ്ട് ലഭിക്കാനുണ്ടോ? പങ്കെടുത്തവരിൽനിന്നും നിങ്ങളെക്കുറിച്ച് എന്താണ് അഭിപ്രായമുണ്ടായത്; പങ്കെടുത്ത സാധാരണക്കാർ അവിടെയുണ്ടല്ലോ? ആദിവാസി പ്രതിനിധികൾ, പട്ടികജാതി പ്രതിനിധികൾ, തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രതിനിധികൾ, നാട്ടിലെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ പ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, വിവിധ മേഖലകളിലുള്ളവർ, മതമേലധ്യക്ഷൻമാർ തുടങ്ങിയ പലരും ഇതിൽ പങ്കെടുത്തു. അവരെയെല്ലാം പണച്ചാക്കുകളായി ചിത്രീകരിച്ചതുകൊണ്ട് നിങ്ങൾക്ക് ലഭിക്കുന്ന ഗുണമെന്താണ്? ഞങ്ങളെ ആക്ഷേപിക്കാനാണെങ്കിൽ ആ വഴിക്ക് നിങ്ങൾ പറഞ്ഞോളൂ. പക്ഷെ ഇതിൽ പങ്കെടുത്തവരെ ആകെ ആക്ഷേപിക്കുന്ന

രീതിയിൽ പറയുന്നത് നിങ്ങൾക്കും ഗുണകരമല്ലെന്നത് നിങ്ങൾ ഭാവിയിലെങ്കിലും മനസ്സിലാക്കാൻ തയ്യാറാകണം.

ബിരിയാണി ചെമ്പ്, സ്വർണക്കടത്ത്, കൈതോലപ്പായ ഇത്തരം കാര്യങ്ങളെക്കുറിച്ച് ഇവിടെ വീണ്ടും പറയുന്നതായി കേട്ടു. നിങ്ങൾ ഓർക്കുന്നുണ്ടോ എന്നറിയില്ല, അതിനെല്ലാം മുമ്പുപറഞ്ഞ കുറേ കാര്യങ്ങളുമുണ്ടായിരുന്നല്ലോ, ചിലരെങ്കിലും അതൊന്നും മറന്നുകാണാനിടയില്ല. സിംഗപ്പൂർ യാത്ര നൂറ് തവണ, ഒരു ഘട്ടത്തിൽ നിങ്ങൾ പറഞ്ഞുനടന്നതായിരുന്നു. എല്ലാകാര്യങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. ടെക്നിക്കാലിയ, ഇപ്പോൾ ആ പേര് കേൾക്കുന്നേയില്ല. കമലാ ഇന്റർനാഷണൽ അതും പിന്നെ കേൾക്കുന്നില്ല. കൊട്ടാരം പോലുള്ള വീട്, അതിന് സാക്ഷ്യപത്രമായി ഒരു വീടും അവതരിപ്പിച്ചു, അത് ഓർക്കുന്നില്ലേ; നാട് നിറയെ നിക്ഷേപങ്ങൾ, ഏത് സ്ഥലം കണ്ടാലും അത് ഇയാളുടേതാണെന്ന് പറഞ്ഞ് പ്രചരിപ്പിച്ച കാര്യങ്ങൾ. ഇങ്ങനെ എന്തെല്ലാം കഥകൾ നേരത്തെതന്നെ കേൾക്കേണ്ടി വന്നിട്ടുണ്ട്. അതൊന്നും നമ്മളെ ബാധിക്കില്ല, കാരണം ഈ കൈകൾ ശുദ്ധമാണ് (കൈകൾ ഉയർത്തി

കാണിച്ചു). നേരത്തെ ഭാര്യയെക്കുറിച്ചാണ് പറഞ്ഞിരുന്നതെങ്കിൽ, ഇപ്പോൾ അത് മകളിലേയ്ക്ക് എത്തിയിട്ടുണ്ട്. മകൾ ബാംഗ്ലൂരിൽ കമ്പനി തുടങ്ങാൻ പോകുന്നത് എന്റെ ഭാര്യ റിട്ടയർ ചെയ്തപ്പോൾ ലഭിച്ച പണമാണ് 'നീ പോയി സ്വന്തമായി കമ്പനി തുടങ്ങൂവെന്ന്' പറഞ്ഞ് ബാങ്കിൽനിന്നുമെടുത്ത് കൊടുക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ എനിക്കൊരു മാനസിക കലുക്കവുമുണ്ടാകില്ല. മനസ്സമാധാനമാണ് പ്രധാനമെന്ന് ഞാൻ പരസ്യമായി ഒരു യോഗത്തിൽ പറഞ്ഞല്ലോ, നിങ്ങൾ മനസ്സമാധാനത്തിന് നിരക്കുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാവൂ. തെറ്റ് ചെയ്തെങ്കിൽ മനസ്സമാധാനം ഉണ്ടാകില്ല. തെറ്റായ കാര്യങ്ങൾ നമ്മളെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോഴും ഉള്ളിൽ ചിരിച്ചുകൊണ്ട് അത് കേൾക്കാൻ സാധിക്കും. അപ്രകാരം ഉള്ളിൽ ചിരിച്ചുകൊണ്ട് കേൾക്കാൻ സാധിക്കുന്ന മാനസികാവസ്ഥയിലാണ് ഞാൻ. എന്നെ ഒന്നും ബാധിക്കില്ല, കാരണം ഇതുകൊണ്ടുതന്നെയാണ്. ഇതൊരു അഹംഭാവം പറച്ചിലൊന്നുമല്ല, ഈ കൈകൾ ശുദ്ധമാണ്, അതുകൊണ്ടുതന്നെയാണ്. അത് ആരുടെ മുന്നിലും പറയാൻ കഴിയും അല്പം തലയുയർത്തിത്തന്നെ പറയാൻ കഴിയും, അതാണ്

എനിക്ക് പറയാനുള്ളത്. നിങ്ങൾക്ക് രാഷ്ട്രീയമായി ആവശ്യമുണ്ടാകാം. ഈ ടീമിൽ ഒരു നേതാവെന്ന നിലയിൽ ഇവിടെ ഇരിക്കുന്നത് ഞാനാണല്ലോ? ആര് ഈ സീറ്റിലിരുന്നാലും ഇവിടെ ഇരിക്കുന്ന ആളാണല്ലോ നേതാവ്. അതിന്റെ ഭാഗമായി ആ കസേരയിലിരിക്കുന്ന ആളെ ഇടിച്ചുതാഴ്ത്തൽ, ഇകഴ്ത്തി കാണിക്കൽ എന്നിവ നിങ്ങളുടെ രാഷ്ട്രീയമായ ആവശ്യമായിരിക്കാം. നിങ്ങളത് നടത്തൂ, ജനം സ്വീകരിക്കുന്നുണ്ടോ ഇല്ലയോയെന്ന് കാലം തീരുമാനിക്കട്ടെ. അതുമാത്രമേ എനിക്ക് പറയാനുള്ളൂ.

<u>മി. സ്പീക്കർ</u>: ശ്രീ. ഇ. ചന്ദ്രശേഖരൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ...........

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: പോൾ വോയ്സ് വോട്ടാണോ, ഇലക്ട്രോണിക് വോട്ടാണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇലക്ട്രോണിക് വോട്ടിംഗ്.

മി. സ്പീക്കർ: പോളിംഗ് സംബന്ധിച്ച ഇൻസ്ട്രക്ഷൻസാണ്. പോളിംഗിംന് ബെൽ മുഴങ്ങിക്കഴിഞ്ഞാൽ ഇവിടെനിന്നും നിർദ്ദേശം വരുന്നതാണ്. അതിനുശേഷം സ്റ്റാർട്ട് പോളിംഗ് എന്ന് ചെയർ അറിയിക്കുമ്പോൾ മാത്രമേ ബഹുമാനപ്പെട്ട അംഗങ്ങൾ വോട്ട് രേഖപ്പെടുത്താൻ പാടുള്ളൂ.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു

9. ശ്രീ. പി. വി. അൻവർ

10. ശ്രീ. എം. എസ്. അരുൺ കുമാർ

11. ശ്രീ. കെ. ബാബു (നെന്മാറ)

12. ഡോ. ആർ. ബിന്ദു

13. ശ്രീ. ഇ. ചന്ദ്രശേഖരൻ

14. ശ്രീമതി ജെ. ചിഞ്ചുറാണി

15. ശ്രീ. പി. പി. ചിത്തരഞ്ജൻ

16. ശ്രീമതി ദെലീമ

17. ശ്രീ. കെ. ബി. ഗണേഷ് കുമാർ

18. ഡോ. കെ. ടി. ജലീൽ

19. ശ്രീമതി കാനത്തിൽ ജമീല

20. ശ്രീ. ജി. എസ്. ജയലാൽ

21. ശ്രീ. കെ. യു. ജനീഷ് കുമാർ

22. ശ്രീ. ജോബ് മൈക്കിൾ

23. ശ്രീ. വി. ജോയി

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. കെ. കൃഷ്ണൻകുട്ടി

26. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

27. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

28. ശ്രീ. ടി. ഐ. മധുസൂദനൻ

29. ശ്രീ. പി. മമ്മിക്കുട്ടി

30. ശ്രീ. എം. എം. മണി

31. ശ്രീ. മാത്യു ടി. തോമസ്

32. ശ്രീ. കെ. ജെ. മാക്സി

33. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

34. ശ്രീ. കെ. പി. മോഹനൻ

35. ശ്രീ. എ. സി. മൊയ്തീൻ

36. ശ്രീ. മുഹമ്മദ് മുഹസിൻ

37. ശ്രീ. സി. സി. മുകുന്ദൻ

38. ശ്രീ. ഡി. കെ. മുരളി

39. ശ്രീ. പി. നന്ദകുമാർ

40. ശ്രീ. എ. പ്രഭാകരൻ

41. ശ്രീ. പ്രമോദ് നാരായൺ

42. ശ്രീ. പി. പ്രസാദ്

43. ശ്രീ. വി. കെ. പ്രശാന്ത്

44. ശ്രീ. കെ. ഡി. പ്രസേനൻ

45. ശ്രീമതി യു. പ്രതിഭ

46. ശ്രീ. കെ. പ്രേംകുമാർ

47. ശ്രീ. കെ. രാധാകൃഷ്ണൻ

48. ശ്രീ. പി. ടി. എ. റഹീം

49. ശ്രീ. എം. രാജഗോപാലൻ

50. ശ്രീ. കെ. രാജൻ

51. ശ്രീ. പി. രാജീവ്

52. ശ്രീ. എം. ബി. രാജേഷ്

53. ശ്രീ. കെ. കെ. രാമചന്ദ്രൻ

54. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

55. ശ്രീ. ടി. പി. രാമകൃഷ്ണൻ

56. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

57. ശ്രീ. റോഷി അഗസ്റ്റിൻ

58. ശ്രീ. കെ. എം. സച്ചിൻദേവ്

59. ശ്രീ. സജി ചെറിയാൻ

60. ശ്രീമതി ശാന്തകുമാരി കെ.

61. ശ്രീ. ഐ. ബി. സതീഷ്

62. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

63. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

64. ശ്രീ. വാഴൂർ സോമൻ

65. ശ്രീ. പി. വി. ശ്രീനിജിൻ

66. ഡോ. സുജിത് വിജയൻപിള്ള

67. ശ്രീ. കെ. വി. സുമേഷ്

68. ശ്രീ. പി. പി. സുമോദ്

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. തോമസ് കെ. തോമസ്

71. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

72. ശ്രീ. വി. എൻ. വാസവൻ

73. ശ്രീമതി വീണാ ജോർജ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എം. വിജിൻ

77. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. പി. കെ. ബഷീർ

9. ശ്രീ. ചാണ്ടി ഉമ്മൻ

10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

13. ശ്രീ. യു. എ. ലത്തീഫ്

14. ശ്രീ. സി. ആർ. മഹേഷ്

15. ശ്രീ. കെ. പി. എ. മജീദ്

16. ശ്രീ. മാണി സി. കാപ്പൻ

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. കുറുക്കോളി മൊയ്തീൻ

19. ഡോ. എം. കെ. മുനീർ

20. ശ്രീ. നജീബ് കാന്തപുരം

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ടി. സിദ്ദിഖ്

30. ശ്രീ. സണ്ണി ജോസഫ്

31. ശ്രീ. പി. ഉബൈദുള്ള

32. ശ്രീമതി ഉമ തോമസ്

33. ശ്രീ. എം. വിൻസെന്റ്

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ: ആർക്കെങ്കിലും വോട്ട് രേഖപ്പെടുത്തുന്നതിൽ പ്രശ്നമുണ്ടോ? കുറെനാളായി ശബ്ദവോട്ടായാണ് പോളിംഗ് രേഖപ്പെടുത്തിക്കൊണ്ടിരുന്നത്. അതിനാൽ പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കാം.

അനുകൂലിക്കുന്നവർ - 77

പ്രതികൂലിക്കുന്നവർ - 35

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

നന്ദിപ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 04.41-ന് പിരിഞ്ഞു.)

*********

**അനുബന്ധം-I**

(1) <u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 61-ന്റെ 'എ' പിരിവിനുനൽകിയ ഉത്തരത്തിന്റെ വിശദാംശങ്ങൾ</u>

**<u>നിലയ്ക്കൽ ഇടത്താവളം</u>**

**<u>G+2 കെട്ടിടങ്ങൾ (7 എണ്ണം)</u>**

**<u>ടൈപ്പ് 1 (4 എണ്ണം)</u>**

നാല് കെട്ടിടങ്ങളിൽ രണ്ട് കെട്ടിടങ്ങളുടെ ഗ്രൗണ്ട് ഫ്ലോർ സ്ലാബ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. അവിടെ ഗ്രൗണ്ട് ഫ്ലോർ വർക്കുകൾ പുരോഗമിക്കുന്നു. ഒരു കെട്ടിടത്തിന്റെ സെക്കന്റ് ഫ്ലോർ സ്ലാബ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. അവിടെ ഗ്രൗണ്ട് ഫ്ലോറിന്റെയും ഫസ്റ്റ് ഫ്ലോറിന്റെയും ബ്ലോക്ക് വർക്കുകൾ പുരോഗമിക്കുന്നു. നാലാമത്തെ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ വർക്കുകൾ പുരോഗമിക്കുന്നു.

**<u>ടൈപ്പ് 2( 3 എണ്ണം)</u>**

മൂന്ന് കെട്ടിടങ്ങളിൽ ഒരു കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബ് പൂർത്തിയാവുകയും ബ്ലോക്ക് വർക്കുകൾ പുരോഗമിക്കുകയും ചെയ്യുന്നു. രണ്ട് കെട്ടിടങ്ങളുടെ ഫൗണ്ടേഷൻ എസ്കവേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**<u>നിലയ്ക്കൽ എസ്.റ്റി.പി</u>**

ഫൗണ്ടേഷൻ എസ്കവേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**<u>എരുമേലി ഇടത്താവളം</u>**

<u>G+2 കെട്ടിടം-</u> ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

G+1 കെട്ടിടം- ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**ചിറങ്ങര ഇടത്താവളം**

ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

**ചെങ്ങന്നൂർ ഇടത്താവളം**

ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**കഴക്കൂട്ടം ഇടത്താവളം**

ഫസ്റ്റ് ഫ്ലോർ സ്ലാബ് പൂർത്തിയാവുകയും സെക്കന്റ് ഫ്ലോർ കോവളം പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**മണിയങ്കോട് ഇടത്താവളം**

**ഡോർമിറ്ററി കെട്ടിടം**

ഗ്രൗണ്ട് ഫ്ലോർ സ്ലാബ് പ്രവൃത്തികളും ബ്ലോക്ക് വർക്ക് പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

**അന്നദാനം ബിൽഡിംഗ്**

ഗ്രൗണ്ട് ഫ്ലോർ റൂഫ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

**അനുബന്ധം-I**

(2) <u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 62-ന്റെ 'എ' പിരിവിനുനൽകിയ ഉത്തരത്തിന്റെ വിശദാംശങ്ങൾ</u>

| COMPLETED PROJECTS UNDER SABARIMALA MASTER PLAN | | |
|---|---|---|
| Sl. No | Name of Work | Amount (in Rs.) |
| 1 | Construction of Queue complex Unit 1, 2 & 3 between Sabaripeedam and Marakkoottam at Sabarimala. | 1,05,00,000 |
| 2 | SMP-Sabarimala – Construction of Bailey Bridge – Conveyance of Materials | 12,47,260 |
| 3 | Construction of approach road and abutments to the Bailey bridge | 1,30,11,200 |
| 4 | Improvements & widening Swamy Ayappan Road | 5,59,00,000 |
| 5 | Improvements to demolished building area by providing interlocking cobbles | 42,25,000 |
| 6 | Construction of Malikappuram Elevated approach | 30,00,000 |
| 7 | Construction of Grade Seperator at Marakkoottam | 1,02,00,000 |
| 8 | Construction of Queue complex from Marakkoottam to Saramkuthy from Chainage 80 M | 1,65,35,000 |
| 9 | Construction of Queue complex from Marakkoottam to Saramkuthy from Chainage 190 M | 1,59,00,000 |

| | | |
|---|---|---|
| 10 | Construction of Queue complex from Marakkoottam to Saramkuthy from chainage 250 M | 1,59,00,000 |
| 11 | Construction of Queue complex from Marakkoottam to Saramkuthy from Chainage 310 M | 1,59,00,000 |
| 12 | Construction of Queue complex from Marakkoottam to Saramkuthy from Chainage 390 M | 1,59,00,000 |
| 13 | Construction of Queue complex from Marakkoottam to Saramkuthy from Chainage 430 M | 1,59,00,000 |
| 14 | Construction of Toilet Block | 2,05,00,000 |
| 15 | Construction of RCC Ground Level Water Tank Unit V | 1,68,00,000 |
| 16 | Construction of RCC Ground Level Water Tank Unit VI | 1,69,00,000 |
| 17 | Providing electrification and street lighting arrangements along the traditional trekking route, Swami Ayyappan road etc. (Arranged through KSEB as deposit work) | 4,35,00,000 |
| 18 | Laying tiles and improving facilities at the two waiting halls at Sannidhanam and the open spaces available after the demolition of Malikappuram building | 20,00,000 |
| 19 | Providing Ashlar Flooring to the lower Thirumuttam at Sannidhanam | 43,10,000 |
| 20 | Refurbishment of Valiyanapandal at | 4,75,50,000 |

| | | |
|---|---|---|
| | Sannidhanam | |
| 21 | SMP-Sabarimala-Construction of 5 MLD Sewage Treatment Plant at Sannidhanam (excluding O & M for 6 years) | 21,70,00,000 |
| 22 | Construction of Ground Level RCC Water Tank of 60 Lakhs Litres capacity | 7,20,00,000 |
| 23 | Construction of Darshanam Complex at Sannidhanam | 9,50,00,000 |
| 24 | Relocation of Bhandaram at Sannidhanam | 1,44,00,000 |
| 25 | Improvements to the road from Pandithavalam to Sabareenandanam (Ayyappa Nandanam) | 74,50,000 |
| 26 | Construction of Annadana Mandapam at Sannidhanam | 9,50,00,000 |
| 27 | Extension of Annadana Mandapam at Sannidhanam | 12,05,00,000 |
| **PAMPA** | | |
| 1 | Construction of Toilet Block Unit I | 1,87,00,000 |
| 2 | Construction of Toilet Block Unit II | 1,87,00,000 |
| 3 | Construction of Toilet Block Unit III | 1,87,00,000 |
| 4 | Construction of Godown building | 1,45,00,000 |
| 5 | Construction of Restaurant Block | 3,78,00,000 |
| 6 | Construction of Annadanam Block | 3,78,00,000 |
| 7 | Construction of Sewage Holding Tank of 6 Lakhs Ltrs | 1,76,00,000 |
| | | |

| NILAKKAL | | |
|---|---|---|
| 1 | Repairs and maintenance to existing roads at Nilakkal | 14,25,000 |
| 2 | Construction of facility Centre for crew of vehicles | 39,00,000 |
| 3 | Construction of Check Dam near Kaduvathodu | 38,50,000 |
| 4 | Construction of Ground Level RCC Water Tank | 68,25,000 |
| 5 | Supplying, Erection & Commissioning of Pressure Sand Filter and Gas Chlorinator to the Ground Level Water Tank | 11,00,000 |
| 6 | Supplying, Erecting High Mast Light | 22,00,000 |
| 7 | Resurfacing of existing internal roads and proving walkways | 4,02,60,000 |
| 8 | Construction of bus terminal and improvements to the parking ground | 4,02,00,000 |
| 9 | Resurfacing of entry and exit road | 1,05,00,000 |
| 10 | Proving street lighting along the existing internal roads | 1,01,00,000 |
| 11 | Construction of Emergency Response Station | 60,00,000 |
| 12 | Construction of Pilgrim Resting Hall | 4,81,00,000 |
| 13 | Construction of Integrated Toilet Complex | 5,00,00,000 |
| **Total** | | 1,35,52,88,460 |

**അനുബന്ധം–I**

## (3) നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 62-ന്റെ 'സി' പിരിവിനുനൽകിയ ഉത്തരത്തിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഘടകങ്ങൾ | വകയിരുത്തിയ തുക(രൂപ ലക്ഷത്തിൽ) | ഭരണാനുമതി സംബന്ധിച്ച വിവരങ്ങൾ |
|---|---|---|---|
| 1. | പമ്പ ഗണപതി ക്ഷേത്രത്തിൽനിന്നും ഹിൽടോപ്പ് വരെയുള്ള സുരക്ഷാപാലത്തിന്റെ നിർമ്മാണം -ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | 200 | ഡി.പി.ആർ-നും പ്രാഥമിക ചെലവിനുമായി 86.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2. | നിലക്കൽ കോർ ഏരിയയുടെ വികസനം -(എ) | 250 | പദ്ധതിക്കായി 2022-23 വർഷം 28.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3. | നിലയ്ക്കൽ(കോർ ഏരിയയ്ക്ക് പുറത്ത്) റോഡുകളുടെയും അതിനെ ബന്ധിപ്പിച്ച കൊണ്ടുള്ള പാലങ്ങളുടെയും നിർമ്മാണം-ഡി.പി.ആർ.-നും പ്രാഥമിക ചെലവിനും | 50 | ഡി.പി.ആർ.-നും പ്രാഥമിക ചെലവിനുമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4. | സന്നിധാനത്ത തീർത്ഥാടന സൗകര്യ കേന്ദ്രത്തിന്റെയും തന്ത്രി മഠത്തിന്റെയും നിർമ്മാണം , അഡ്മിനസ്ട്രേറ്റീവ് ക്യാമ്പ് ഓഫീസിന്റെയും സ്വാമി അയ്യപ്പൻ റോഡിന്റെയും നവീകരണം -ഡി.പി.ആർ.-നും പ്രാഥമിക ചെലവിനും | 50 | |

| | | | |
|---|---|---|---|
| 5. | സന്നിധാനത്തെ വിവിധ കെട്ടിടങ്ങൾക്ക് അന്നദാനമണ്ഡപമുൾപ്പെടെ അഗ്നിശമന ക്രമീകരണങ്ങൾ നൽകൽ -ഡി.പി.ആർ.-നും പ്രാഥമിക ചെലവിനും | | |
| **പുതിയ ഘടകങ്ങൾ** | | | |
| 6. | കുന്നാർ മുതൽ ശബരിമലവരെ കുടിവെള്ളം സൗകര്യം ഒരുക്കൽ -കുടിവെള്ള പൈപ്പ്ലൈൻ മെച്ചപ്പെടുത്തൽ | 1000 | 9.94 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 7. | ശബരിമലയിൽ പമ്പ മുതൽ സന്നിധാനം വരെ ആയുർവ്വേദ ഔഷധങ്ങളടങ്ങിയ കുടിവെള്ള വിതരണത്തിനുള്ള സൗകര്യം ഒരുക്കൽ | 200 | |
| 8. | ശബരിമല സന്നിധാനത്തെ എക്സിറ്റ് ബ്രിഡ്ജ് നിർമ്മാണം (ബെയ്‌ലി പാലത്തിന് പകരം)- ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | 50 | |
| 9. | നിലയ്ക്കൽ ബേസ് ക്യാമ്പിൽ ജലവിതര ലൈനുകൾ സ്ഥാപിക്കുന്നത് ഉൾപ്പെടെ ജലാശയങ്ങളുടെ പുനരുജ്ജീവനം-ഡി.പി.ആർ-നും പ്രാഥമിക ചെലവിനും | 50 | |
| 10. | പമ്പ ഗസ്റ്റ് ഹൗസിന്റെ നവീകരണവും പാർക്കിംഗ് സൗകര്യം ഒരുക്കലും(ട്രാക്ടർ പാർക്കിംഗും ഔദ്യോഗിക പാർക്കിംഗും) | 115 | 1.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 11. | പമ്പയ്ക്കും വലിയ നടപ്പന്തലിനും ഇടയിലുള്ള വഴിയിൽ ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ഉരുക്ക് കൂടുകൾ നിർമ്മിച്ച്(കാട്ടുപന്നി ആക്രമങ്ങളിൽനിന്നുമുള്ളസംരക്ഷണാർത്ഥം) രണ്ട് ബിൻ സംവിധാനം നടപ്പിലാക്കുന്നതിന് | 35 | 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| | | | |

| അഡ്മിനിസ്ട്രേറ്റീവ് ചെലവും തീർപ്പാകാത്ത ബില്ലുകളും | | | |
|---|---|---|---|
| 12. | ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനുള്ള ഹൈപ്പവർ കമ്മിറ്റിയിലെ ജീവനക്കാരുടെ ചെലവും സ്ഥാപന ചെലവും | 50 | 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 13. | നിർമ്മാണ പ്രവൃത്തികളുടെ തീർപ്പാക്കാത്ത ബില്ലുകൾ തീർപ്പാക്കുന്നതിനുള്ള വ്യവസ്ഥ | 900 | |
| | **ആകെ** | **3000** | **2023-34 സാമ്പത്തിക വർഷം നാളിതുവരെ 13,20,25,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.** |

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ശബരിമലയിലെ ദർശന സൗകര്യം മെച്ചപ്പെടുത്താൻ നടപടി

5(*65) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഈ മണ്ഡലകാലത്ത് തീർത്ഥാടകർക്ക് ദർശനത്തിന് സൗകര്യം ഒരുക്കിക്കൊടുക്കുന്നതിലും അടിസ്ഥാനസൗകര്യം ഒരുക്കുന്നതിലും സംസ്ഥാന സർക്കാരും ദേവസ്വം ബോർഡും പരാജയപ്പെട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2023-24 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനം വിവിധ വകുപ്പുകളെയും തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും ഏകോപിപ്പിച്ചുകൊണ്ട് മികച്ച രീതിയിൽ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. തീർത്ഥാടന കാലത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി തലത്തിലും ദേവസ്വം വകുപ്പുമന്ത്രി തലത്തിലും മറ്റ് മന്ത്രിമാരുടെ നേതൃത്വത്തിലും നിരവധി അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളതും ദർശനത്തിനെത്തിയ

തീർത്ഥാടകർക്കെല്ലാം തന്നെ സുഗമമായ ദർശനം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതുമാണ്. ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്.

(ബി) ശബരിമലയിൽ തിരക്ക് നിയന്ത്രിക്കുന്നതിനും ക്യൂ നിൽക്കുന്ന ഭക്തർക്ക് വെള്ളവും ഭക്ഷണവും എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതുമൂലം തിരക്ക് നിയന്ത്രണാതീതമായ സന്ദർഭത്തിൽ വെർച്വൽ ക്യൂ ബുക്കിംഗിന്റെ എണ്ണം പരിമിതപ്പെടുത്തിയിരുന്നതും പതിനെട്ടാം പടിയുൾപ്പെടെയുള്ള സുപ്രധാന സ്ഥലങ്ങളിൽ പരിചയസമ്പന്നരായ പോലീസുകാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നതാണ്. മേൽ പ്രകാരമുള്ള നടപടികളിലൂടെ തിരക്ക് നിയന്ത്രണവിധേയമാക്കി തീർത്ഥാടകർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. കൂടാതെ ക്യൂ നിൽക്കുന്ന ഭക്തർക്ക് ഭക്ഷണവും വെള്ളവും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരുന്നു. ചുക്കുവെള്ള വിതരണത്തിനായി ദേവസ്വം ബോർഡും സന്നദ്ധ സംഘടനകളും ചേർന്ന് ശരണപാതകളിലും, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും ചുക്കുവെള്ള

കൗണ്ടറുകൾ സ്ഥാപിക്കുകയും ബിസ്കറ്റ് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. തീർത്ഥാടകർക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മൂന്നുനേരവും അന്നദാനം നടത്തിയിരുന്നു.

(സി) വരും വർഷങ്ങളിൽ ശബരിമലയിലെ ക്യൂ സംവിധാനം മെച്ചപ്പെടുത്തുവാനും ഭക്തർക്ക് സുഗമമായി ദർശനം നടത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2023- 24 മണ്ഡല - മകരവിളക്ക് കാലത്ത് ശ്രദ്ധയിൽപെട്ട വിഷയങ്ങൾ പരിശോധിച്ച് വരും വർഷങ്ങളിൽ ആയത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന്റെ മുന്നോടിയായി ഫെബ്രുവരി 6-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തലത്തിൽ അവലോകന യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം**

6(*66) **ശ്രീ. കെ. ഡി. പ്രസേനൻ:**
**ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:**
**ശ്രീ. എ. പ്രഭാകരൻ:**

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

**(എ)** കേരള ജല അതോറിറ്റിയിൽ ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഓട്ടോമാറ്റിക്ക് മീറ്റർ റീഡിംഗ് സംവിധാനം നടപ്പിലാക്കുവാൻ വേണ്ട പഠനങ്ങൾ നടന്നുവരുന്നു. ഹെഡ്ഓഫീസ് പരിസരത്ത് രണ്ടു firms-ന്റെ സ്മാർട്ട് വാട്ടർ മീറ്റർ ആദ്യഘട്ട പഠനം എന്ന നിലയിൽ സ്ഥാപിച്ചിട്ടുണ്ട്. മെക്കാനിക്കൽ വാട്ടർ മീറ്ററും സ്മാർട്ട് വാട്ടർ മീറ്ററും ഉപയോഗിച്ച് നിലവിൽ ഒരു താരതമ്യ പഠനം നടന്നുവരുന്നു.

(ബി) ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ച കണ്ടെത്തി തടയുന്നതിന് ഉല്പാദന, വിതരണ കേന്ദ്രങ്ങളിൽ ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജലശുദ്ധീകരണ ശാലകളിൽ ജലത്തിന്റെ ഉല്പാദന അളവ് അറിയുന്നതിന് ബൾക്ക് മീറ്റർ സംവിധാനം നിലവിൽ ഉൽപാദന കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ച

കണ്ടെത്തുന്നതിന് ചില വിതരണ കേന്ദ്രങ്ങളിൽ ബൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. ബൾക്ക് മീറ്റർ സ്ഥാപിക്കാത്ത വിതരണ കേന്ദ്രങ്ങളിൽ ബൾക്ക് മീറ്റർ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൈപ്പ് പൊട്ടുന്നത് മൂലമുണ്ടാകുന്ന ജലനഷ്ടം തടയുന്നതിനും മണ്ണിനടിയിലെ ജലത്തിന്റെ ചോർച്ച കണ്ടെത്തുന്നതിനുമുള്ള ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ഡിവിഷനുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പൈപ്പ് ലീക്കുകൾ റിപ്പയർ ചെയ്യുന്നതിന് "റണ്ണിങ് കോൺട്രാക്ട് (RC) സിസ്റ്റം ഉപയോഗിച്ചുവരുന്നു. എന്നാൽ ചില സമയങ്ങളിൽ ലീക്ക് അറ്റകുറ്റപണികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത്തരത്തിലുള്ള സാഹചര്യത്തിൽ അടിയന്തിരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിലേക്ക് “Blue ബ്രിഗേഡ്" സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ഒരു പ്ലംബർ/ഫിറ്റർ വർക്കർമാർ എന്നിവർ അടങ്ങുന്നതാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം. ഇതിന്റെ നേരിട്ടുള്ള നിയന്ത്രണം ഓവർസീയർ/അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ

ഡിവിഷൻ ഓഫീസുകളിലും ബ്ലൂ ബ്രിഗേഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പൈപ്പ് ലൈനിലെ അടിയന്തിര അറ്റകുറ്റപ്പണി, വാൽവ് റിപ്പയർ, വാൽവ് നിയന്ത്രണം തുടങ്ങിയ പണികൾ കൺട്രോളിങ് ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു.

**വെള്ളക്കര ഇനത്തിലെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

7(*67) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമായി ആയിരത്തോളം കോടി രൂപ വെള്ളക്കരയിനത്തിൽ കേരള ജല അതോറിറ്റി പിരിച്ചെടുക്കാനുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ഡിസംബർ ഡി.സി.ബി പ്രകാരം പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും 8.36 കോടി രൂപയും സർക്കാർ

ഓഫീസുകളിൽ നിന്നും 112.02 കോടി രൂപയും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ നിന്നും 949.96 കോടി രൂപയും പിരിഞ്ഞുകിട്ടുവാനുണ്ട്.

(ബി) എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും വൻകിടക്കാരിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും വൻകിടക്കാരിൽ നിന്നുമായി ലഭിക്കാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസ് തലം വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജിതമായ കുടിശിക നിർമാർജന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക നോട്ടീസുകൾ നല്കി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ബില്ല് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിക്കുകയും ചെയ്തുവരുന്നു. മാധ്യമങ്ങളിലൂടെയും

കുടിശ്ശിക അടയ്ക്കുവാനുള്ള അറിയിപ്പ് നൽകിവരുന്നു. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ സർക്കാർ സ്ഥാപങ്ങൾക്കും രണ്ട് മാസം കൂടുന്തോറും ഏകീകൃത വാട്ടർ ചാർജ് ബില്ലുകൾ നൽകിവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമുള്ള കുടിശ്ശിക അടക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജല വിഭവ വകുപ്പ് സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി, കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമുള്ള കുടിശിക പിരിച്ചെടുക്കാതെ വെള്ളക്കരം കൂട്ടി

ജനങ്ങൾക്ക് മേൽ അധിക ബാധ്യത വരുത്തിയതിന്റെ കാരണം വിശദമാക്കാമോ?

പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും 8.36 കോടി രൂപയും സർക്കാർ ഓഫീസുകളിൽ നിന്നും 112.02 കോടി രൂപയും മാത്രമാണ് പിരിഞ്ഞു കിട്ടുവാനുള്ളത്. ഈ തുക പിരിച്ചെടുക്കുന്നത് കൊണ്ട് മാത്രം വാട്ടർ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നിർവാഹമില്ല.

1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചെലവ്. എന്നാൽ ശരാശരി 10.92 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ് വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയായി വർദ്ധിച്ചു. ജല ശുദ്ധീകരണത്തിലും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ

കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായികൊണ്ടിരിക്കുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 6223.76 കോടി രൂപയാണ് സഞ്ചിത നഷ്ടം. രാസവസ്തുക്കൾ, അറ്റകുറ്റപണികൾക്കുള്ള ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസ് ചെലവുകളും ഗണ്യമായി വർദ്ധിച്ചുവന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായിരുന്നതുകൊണ്ട് തന്നെ ഇതിനുള്ള തുക കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു.

ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും.

കൂടാതെ 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതുവഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായി.

(ഡി) കെ.എസ്.ഇ.ബി.ക്ക് നൽകാനുള്ള പണം ജല അതോറിറ്റിയുടെ വരുമാനത്തിൽ നിന്നും എസ്ക്രോ സംവിധാനം വഴി കെ.എസ്.ഇ.ബി.ക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ?

പ്രതിമാസം നിശ്ചിത തുക വൈദ്യുതി ചാർജ് നൽകുവാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുവാൻ ഉത്തരവ് നമ്പർ

GO(Rt)No.7599/2023/FIN തീയതി 30/10/2023 പ്രകാരം സർക്കാർ അനുമതി നൽകി. ഇതിൻപ്രകാരം കത്ത് നമ്പർ KWA-JB/920/2023-F6/Funds-Part (1) തീയതി 20/11/2023 കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ അക്കൗണ്ട് സംവിധാനം വഴി KSEBL-ന് നൽകുവാൻ സമ്മതം അറിയിച്ച് KSEBL-ന് കത്ത് നൽകിയെങ്കിലും അന്തിമ തീരുമാനം ആയിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടി

8(*68) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങളിലും പദ്ധതിപ്രവർത്തനങ്ങളിലും ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന വിവിധങ്ങളായ ക്ഷേമ പ്രവർത്തനങ്ങൾ, പദ്ധതി പ്രവർത്തനങ്ങൾ എന്നിവയിൽ ചിലതിൽ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പ് അന്വേഷണങ്ങളിലും വിജിലൻസ് പരിശോധനകളിലും കണ്ടെത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ അധ്യക്ഷനായ മോണിറ്ററിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. സാമ്പത്തിക ആനുകൂല്യങ്ങൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്ന DBT (Direct Beneficiary Transfer) സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറൽ, സെക്രട്ടറിയേറ്റ് ധനകാര്യ പരിശോധന വിഭാഗം, ജില്ലാ ധനകാര്യ പരിശോധന വിഭാഗം എന്നിവ വകുപ്പിന്റെ ഓഫീസുകളിൽ പരിശോധന നടത്തുകയും പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വകുപ്പിലെ ആഭ്യന്തര പരിശോധന വിഭാഗം കൃത്യമായ ഇടവേളകളിൽ വകുപ്പിന്റെ കീഴിൽ

പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളിലെയും എല്ലാ പദ്ധതികളും സസൂക്ഷ്മം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ നിയന്ത്രണ ഉദ്യോഗസ്ഥർക്കുമായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും ചുമതലകൾ നൽകി പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കണ്ടെത്തുന്ന ക്രമക്കേടുകളിൽ വകുപ്പുതലത്തിൽ ക്രിയാത്മകമായി ഇടപെടലുകൾ നടത്തുകയും അത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിനായി ഡയറക്ടർ തലത്തിലും മറ്റ് ഉദ്യോഗസ്ഥ തലത്തിലും പരിശോധന നടത്താറുണ്ട്.

കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ അവലോകനത്തിനും മേൽനോട്ടത്തിനുമായി എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും നിലവിലുണ്ട്.

(സി) ഇതുസംബന്ധിച്ച വിജിലൻസ് റിപ്പോർട്ട് വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഇടുക്കി ജില്ലയിലെ മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിൽ അഴിമതി ആരോപണം സംബന്ധിച്ച് VC 15/21/IDK നമ്പർ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പത്തനംതിട്ട ജില്ലയിൽ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് VC 1/17/PTA നമ്പർ കേസിൽ വിജിലൻസ് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. വകുപ്പിൽ നിന്നും പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ഇടമലക്കുടിയിൽ 2008 മുതൽ 2011 വരെയുള്ള ഭവനനിർമ്മാണം, ആട്ടുവളർത്തൽ, റബ്ബർ കൃഷി എന്നീ പദ്ധതികളുമായി ബന്ധപ്പെട്ട് VE 02/2016/1OK നമ്പരിൽ വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയും വകുപ്പുതലത്തിൽ തുടർനടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

നെടുമങ്ങാട് ഐ.റ്റി.ഡി പ്രോജക്ട് ഓഫീസിനുകീഴിൽ ഭക്ഷ്യ സഹായ പദ്ധതിയിലെ അഴിമതി ആരോപണം സംബന്ധിച്ച് VC 6/2013/TVM നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും 28.01.2015-ന് പ്രോസിക്യൂഷൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിജിലൻസ് അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

ജനനീജന്മരക്ഷാ പദ്ധതി നടത്തിപ്പിലെ തുക വിതരണം ചെയ്തതിലുണ്ടായ ക്രമക്കേട് സംബന്ധിച്ച് VC 08/2017/S.RT നമ്പരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കണ്ണൂർ ഐ.റ്റി.ഡി പ്രോജക്ട് ഓഫീസിന്റെ അധികാരപരിധിയിൽ ആലക്കോട് സൈറ്റ് മാനേജർ, ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 10,000/- രൂപ കൈക്കൂലി വാങ്ങിയതിനെ തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്യുകയും VC 03/2023/KNR എന്ന നമ്പരിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

**ബഫർ സോൺ പരിധി**

9(*69) **ശ്രീ. കെ. ബാബു (നെന്മാറ):**

ശ്രീ. എം. എം. മണി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ വിഷയത്തിൽ സംസ്ഥാന സർക്കാർ നൽകിയ പുനഃപരിശോധന ഹർജിയിന്മേൽ സുപ്രീം കോടതി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ബഹു. സുപ്രീം കോടതിയുടെ WP(സി) 202/1995 നമ്പർ കേസ്സിലെ IA 1000/2003 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധിയിൻമേൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജ്ജി ബഹു. സുപ്രീം കോടതി മുൻപാകെ സമർപ്പിച്ചിരുന്നു. ഈ ഹർജിയിലും 03.6.2022-ലെ ബഹു. സുപ്രീം കോടതിയുടെ വിധിയും പരിഷ്കരിച്ചുകൊണ്ടുമുള്ള 26.4.2023-ലെ ഉത്തരവിൽ വ്യക്തമാക്കിയ എല്ലാ നിർദ്ദേശങ്ങളും കണ്ടെത്തലുകളും സംസ്ഥാനത്തിന് അനുകൂലമാക്കിക്കൊണ്ട് 5.12.2023-ന് തീർപ്പുകൽപ്പിച്ചിട്ടുള്ളതാണ്. പുന:പരിശോധനാ ഹർജി ബഹു. സുപ്രീം കോടതിയിൽ ലിസ്റ്റ് ചെയ്ത ബഹു.

കോടതിയുടെ പരിഗണനക്കായി വരുമ്പോഴുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, ടി വിധിയിൻമേൽ സംസ്ഥാന സർക്കാരിന്റെ പുന:പരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേന്ദ്ര സർക്കാർ IA No. 1313/77/2022 ഹർജി നൽകി. ഈ ഹർജിയിലും സംസ്ഥാനം കക്ഷിചേരുകയും 26.04.2023-ന് ടി IA-ൻമേൽ ബഹു. സുപ്രീം കോടതി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു.

(ബി) ജനവാസ മേഖലകൾ ബഫർ സോൺ പരിധിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ബഹു. സുപ്രീം കോടതിയുടെ WP(സി) 202/1995 നമ്പർ കേസിലെ IA 1000/2023 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധി പ്രകാരം, എല്ലാ സംരക്ഷിതപ്രദേശങ്ങളുടേയും (ദേശീയോദ്യാനങ്ങളുടേയും വന്യമൃഗസങ്കേതങ്ങളുടേയും) അടയാളപ്പെടുത്തിയിട്ടുള്ള അതിരിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ്

സോൺ ബാധകമാക്കി ഉത്തരവായിരുന്നു. ബഹു. സുപ്രീം കോടതിയുടെ WP(സി)202/1995 നമ്പർ കേസിലെ IA 1000/2023 നമ്പർ ഹർജിയിലെ 03.06.2022-ലെ വിധിയിൻമേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ ആവശ്യപ്പെട്ട സമാന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കേന്ദ്രസർക്കാർ IA.131377/2022 നൽകി. ഈ ഹർജിയിൽ സംസ്ഥാനവും കക്ഷി ചേരുകയും 26.04.2023-ന് ടി IA-യിൻമേൽ ബഹു. സുപ്രീംകോടതി കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും ആവശ്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തു.

26.04.2023-ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് അനുസരിച്ച്, കരട്/അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോണിനും, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ, വ്യതിയാന മന്ത്രാലയത്തിന്റെ പരിഗണനയിലിരിക്കുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾക്കും 03.06.2022-ലെ വിധി ബാധകമല്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, സംരക്ഷിതപ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ഏകീകൃതരീതിയിൽ

നിശ്ചിത ദൂരത്തിൽ പ്രഖ്യാപിക്കാൻ കഴിയില്ലായെന്നും ഓരോ സംരക്ഷിതപ്രദേശങ്ങൾക്കുമനുസൃതമായ രീതിയിൽ മാത്രമേ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കാവൂ എന്നും ബഹു. സുപ്രീം കോടതി 26.04.2023-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ ഓരോ സംരക്ഷിത പ്രദേശങ്ങൾക്കുമനുസൃതമായി സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ, കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾക്കും കൃഷിക്കും അനുമതി നൽകണമെന്ന ആവശ്യം നിയമപരമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

IA 131377/2022-ൽ ബഹു. സുപ്രീം കോടതി 26.04.2023-ന് പുറപ്പെടുവിച്ച വിധിയിൽ ഇക്കോ സെൻസിറ്റീവ് സോൺ

പ്രാവർത്തികമാക്കുന്നത് പൗരൻമാരുടെ ദൈനംദിനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനു വേണ്ടിയാകരുതെന്ന് ബഹു. കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് 09.02.2011-ന് പുറപ്പെടുവിച്ച F.No.1-9/2007wl-I(pt) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഇക്കോ സെൻസിറ്റീവ് സോണിൽ കൃഷിയും നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്നതിന് തടസ്സമില്ലെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ക്വാറികൾ, വൻകിട വ്യവസായങ്ങൾ എന്നിവയ്ക്കാണ് കർശന നിയന്ത്രണങ്ങൾ ഉള്ളത്.

(ഡി) ക്വാറികൾക്കും ഖനികൾക്കും നിലവിലുള്ള നിയന്ത്രണത്തിൽ ഏതെങ്കിലും ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ബഹു. സുപ്രീം കോടതിയുടെ WP(സി)202/1995 നമ്പർ കേസിലെ IA 131377/22 നമ്പർ ഹർജിയിലെ 26.04.2023-ലെ വിധി പ്രകാരവും IA 3949/2016 നമ്പർ ഹർജിയിലെ 28.04.2023-ലെ വിധി പ്രകാരവും സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കി.മീ. മേഖലയിലും,

ഇക്കോസെൻസിറ്റീവ് സോണിലും ഖനന പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതിയില്ല.

**സ്കൂളുകളിലെ കുടിവെള്ള പരിശോധനാ ലാബുകൾ**

10(*70) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്കൂളുകളിൽ തന്നെ പരിശോധനാ ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുന്ന പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂഗർഭ ജലവകുപ്പുമായി ചേർന്ന് എം.എൽ.എ./എം.പി. ഫണ്ട് വിനിയോഗിക്കത്തക്ക വിധത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണനിലവാര പരിശോധനയ്ക്കാവശ്യമായ ലാബുകൾ

രൂപീകരിയ്ക്കുന്നതിനുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി എം.എൽ.എ./എം.പി. ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഭൂജലവകുപ്പിന്റെ കീഴിൽ നിലവിൽ 14 ജില്ലകളിലായി 28 സ്കൂളുകളിൽ ജലപരിശോധനാ ലാബ് സ്ഥാപിച്ചിട്ടുണ്ട്.

നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കൻഡറി സ്‌കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹയർ സെക്കൻഡറി സ്‌കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിത കേരളം മിഷൻ യോഗതീരുമാന പ്രകാരമാണ് ഈ ലാബ് സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുന്നത്. എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം എന്നിവ

വിനിയോഗിച്ചാണ് ഈ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ലാബുകളിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട് ഏതൊക്കെ തരത്തിലുള്ള പരിശോധനകളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ലാബുകളിൽ കുടിവെള്ളവുമായി ബന്ധപ്പെട്ട് Turbidity, pH, Electrical Conductivity, total hardness, calcium, magnesium, chloride, iron എന്നി പരാമീറ്ററുകളാണ് ടെസ്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്.

നിലവിൽ അടിസ്ഥാന ഘടകങ്ങളായ പി.എച്ച് (pH), കൺഡക്റ്റിവിറ്റി, ടി.ഡി.എസ്. (Total Dissolved Solids), Salinity, ജലത്തിന്റെ ക്ഷാരത, കാർബണേറ്റ്, ബൈ കാർബണേറ്റ്, ക്ലോറൈഡ്, ജലകാഠിന്യം, കാൽസ്യം, മഗ്നീഷ്യം, സൾഫേറ്റ്, നൈട്രേറ്റ്, നൈട്രൈറ്റ്, അമോണിയ, ബാക്ടീരിയ, ഇരുമ്പ് എന്നീ ഘടകങ്ങളുടെ സാന്നിദ്ധ്യം ഭൂജലവകുപ്പിൽ പരിശോധിച്ചുവരുന്നു.

(സി) പരിശോധനകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സ്കൂളുകളിൽ പുതുതായി സ്ഥാപിക്കുന്ന കുടിവെള്ള ഗുണനിലവാര പരിശോധന ലാബിൽ പരിശോധനകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത ലാബിന്റെ ചുമതല വഹിക്കുന്ന വിദ്യാർഥികൾക്കും, അധ്യാപകർക്കും യഥാസമയം നിർദ്ദേശങ്ങളും പരിശീലനങ്ങളും നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

സ്കൂളുകളിൽ നിന്നും ലഭ്യമാകുന്ന ഡാറ്റ ഭൂജലവകുപ്പിന്റെ അതതു ലാബിൽ വിലയിരുത്തി തുടർ പരിശോധന നടത്തണമോ വേണ്ടയോ എന്ന് നിർദ്ദേശിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

പരിശോധനകൾ സംബന്ധിച്ച് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി വിശദമായ ഒരു

ട്യൂട്ടോറിയൽ വീഡിയോ ഹരിതകേരളം മിഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ഡി) സ്കൂളുകളിൽ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് തീരുമാനം എടുക്കാൻ ഇടയാക്കിയ സാഹചര്യം എന്തെന്ന് വിശദമാക്കാമോ?

കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി III (ജലവിഭവം) - 2023 -24 - സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശാധനയുമായി ബന്ധപ്പെട്ട് 16/02/2023 തീയതിയിൽ ചേർന്ന സബ്ജക്ട് കമ്മിറ്റി യോഗത്തിൽ ധനാഭ്യർത്ഥന നമ്പർ (20) (ശുദ്ധജല വിതരണവും ശുചീകരണവും)-ഇൽ ഉൾപ്പെട്ടുവരുന്ന 4215-01-800-86 - KWA അടിസ്ഥാന സൗകര്യ വികസനവും നിരീക്ഷണ പ്രവർത്തനങ്ങളും എന്ന ശീർഷകത്തിന്റെ പരിഗണനാവേളയിൽ സമിതി, ജലത്തിന്റെ ഗുണനിലവാരം പരിശാധിക്കുന്നതിനാവശ്യമായ അവശ്യ ടെസ്റ്റുകൾ സംസ്ഥാന ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർഥികളുടെയും കെമിസ്ട്രി അധ്യാപകരുടെയും സഹകരണത്തോടെ

നടത്തുന്നതിനായി എം.എൽ.എ/എം.പി. ഫണ്ട് വിനിയോഗിക്കത്തക്ക രീതിയിൽ ഹൈസ്കൂൾ/ ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് രൂപീകരിക്കുന്ന തിനായി ഭൂഗർഭ ജലവകുപ്പും കേരള വാട്ടർ അതോറിട്ടിയും ചേർന്ന് ഒരു പ്രോജക്റ്റ് തയ്യാറാക്കണമെന്നു നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ "നാഷണൽ ഹൈഡ്രോളജിക്കൽ പ്രോജക്ട്" ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ പരിശോധന ലാബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

### നിയമവിധേയമായി പ്രവർത്തിച്ചുവരുന്ന അനാഥാലയങ്ങൾക്ക് ജലവിതരണത്തിൽ ഇളവുകൾ

11(*71)ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമവിധേയമായി പ്രവർത്തിച്ചുവരുന്ന അനാഥാലയങ്ങൾക്ക് ജലം വിതരണം ചെയ്യുന്നതിൽ എന്തെല്ലാം ഇളവുകളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

G O (Rt) No. 1457/2012/WRD dated 13/12/2012 പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും ഗാർഹികനിരക്കിലാണ് നിലവിൽ ജലം വിതരണം ചെയ്യുന്നത്.

(ബി) തികച്ചും സൗജന്യമായി സേവനം നൽകുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് ഭീമമായ തുക വെള്ളത്തിനുവേണ്ടി ചെലവഴിക്കാൻ കഴിയില്ല എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചിട്ടില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും സേവനം കണക്കാക്കിയാണ് G O (Rt) No. 1457/2012/WRD dated 13/12/2012 പ്രകാരം കേരള സർക്കാർ ഇത്തരം സ്ഥാപനങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കായ ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്.

(സി) എങ്കിൽ ഇപ്രകാരം നിയമവിധേയമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് സൗജന്യമായി അല്ലെങ്കിൽ ഗാർഹിക

താരിഫിനേക്കാൾ കുറഞ്ഞ നിരക്കിൽ ജലം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും സേവനം കണക്കാക്കിയാണ് കേരള സർക്കാർ ഏറ്റവും കുറഞ്ഞ നിരക്കായ ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്.

2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയാണ്. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ നിലവിലെ ഗാർഹിക നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ നിർവ്വാഹമില്ല.

(ഡി) സംസ്ഥാനത്ത് സൗജന്യ പ്രവർത്തനം നടത്തുന്ന സാംസ്കാരിക സ്ഥാപനങ്ങളിലെയും ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളിലെയും കുടിവെള്ള കണക്ഷൻ ഗാർഹിക താരിഫിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

13.12.2012 തീയതിയിലെ G.O(Rt)No.1457/2012/WRD നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കുമാണ് ഗാർഹിക നിരക്കിൽ ജലം ലഭ്യമാക്കുന്നത്. സൗജന്യ പ്രവർത്തനം നടത്തുന്ന സാംസ്കാരിക സ്ഥാപനങ്ങളെയും ലൈബ്രറി കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളെയും ഗാർഹികേതര ഉപഭോക്താവായി കണക്കാക്കുന്ന നിലവിലുള്ള രീതി മാറ്റുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ ഒരു നയം രൂപീകരിക്കുവാനും അതിനനുസൃതമായി നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സമുദ്ര പദ്ധതി

12(*72) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. വിജിൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവില്പനയിൽ ഏർപ്പെടുന്ന വനിതകൾക്ക് യാത്രാസൗകര്യം ഒരുക്കുന്ന സമുദ്ര പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മത്സ്യവില്പനയ്ക്ക് പോകുന്ന വനിതകളുടെ യാത്രാ സൗകര്യാർത്ഥം വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും രണ്ട് ബസുകളും പൂന്തുറ ഡിപ്പോയിൽ നിന്നും ഒരു ബസുമാണ് സമുദ്ര പദ്ധതി പ്രകാരം സർവീസ് നടത്തുന്നത്. വിഴിഞ്ഞം ഡിപ്പോയിൽ നിന്നുള്ള രണ്ടു സമുദ്ര ബസുകൾ ദിവസേന 10 ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. എല്ലാ ട്രിപ്പുകളിലും

ശരാശരി 50-ന് മുകളിൽ വനിതകൾ യാത്ര ചെയ്യുന്നുണ്ട്. പൂന്തുറയിൽ നിന്നും സർവീസ് നടത്തുന്ന സമുദ്ര ബസിൽ മത്സ്യ കച്ചവടത്തിന് പോകുന്ന 32 വനിതകൾ യാത്ര ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി കൂടുതൽ വിപുലമാക്കി മറ്റ് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മത്സ്യത്തൊഴിലാളി വനിതകൾ മത്സ്യകച്ചവടത്തിൽ ഏർപ്പെടുന്നത് കൂടുതലും തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. മറ്റു ജില്ലകളിൽ നിന്നും ഇത്തരം ഒരു ആവശ്യം ഉയർന്നുവന്നിട്ടില്ല.

(സി) ഇത്തരത്തിൽ മത്സ്യത്തൊഴിലാളി വനിതകൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മത്സ്യകച്ചവടം ചെയ്യുന്ന വനിതാ മത്സ്യത്തൊഴിലാളികൾക്ക് യാത്ര സൗകര്യം ഒരുക്കുന്നതിനായി "വനിത സ്പെഷ്യൽ" എന്ന പേരിൽ തിരുവനന്തപുരത്തുനിന്നും കൊല്ലം നീണ്ടകരയിലേയ്ക്ക് ഒരു ബസ്സ് സർവ്വീസ് മത്സ്യഫെഡ് നടത്തിയിരുന്നു. 2020 മാർച്ച് അവസാനം കോവിഡ് വ്യാപനം

കാരണം ഹാർബറുകൾ അടച്ചപ്പോൾ മത്സ്യത്തിന്റെ ലഭ്യത കുറവാണെന്ന കാരണത്താൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിലുള്ള വനിത ബസ്സിൽ യാത്ര ചെയ്തിരുന്ന വനിതകൾ കൊല്ലം നീണ്ടകരയിലേക്ക് മത്സ്യം എടുക്കാൻ പോകാൻ തയാറാകാത്തതിനെ തുടർന്ന് ബസ്സ് സർവ്വീസ് നിർത്തിവച്ചു.

ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നതിന് മത്സ്യഫെഡ് ചെയർമാന്റെ സാന്നിദ്ധ്യത്തിൽ വനിത ബസ്സിൽ യാത്ര ചെയ്യുന്നവരുടെ പ്രതിനിധികളുമായി 11/11/2021-ൽ യോഗം ചേർന്ന് സർവ്വീസ് പുനരാരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബസ്സ് അറ്റകുറ്റപണികൾ നടത്തി യാത്രയ്ക്ക് തയ്യാറാക്കിയെങ്കിലും ബസ്സിൽ യാത്രയ്ക്കായി വനിതകൾ വരാത്തതിനാൽ സർവ്വീസ് പുനരാരംഭിക്കാൻ സാധിച്ചില്ല.

**വന്യജീവി ആക്രമണം തടയാൻ സത്വര നടപടി**

13(*73) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായി തുടരുകയും ഏഴ് വർഷത്തിനിടെ വന്യജീവി ആക്രമണങ്ങളിൽ എണ്ണൂറിൽ അധികം മനുഷ്യർ കൊല്ലപ്പെടുകയും ചെയ്തിട്ടും ഇതിനെതിരെ സത്വര നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

വന്യജീവി ആക്രമണങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾതന്നെ ആവശ്യമായ സത്വരനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വന്യജീവികൾ നാട്ടിലിറങ്ങിയാൽ ഉടൻതന്നെ അവയെ വനത്തിനുള്ളിലേക്ക് മടക്കി അയക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ജനവാസമേഖലകളും വനവും തമ്മിൽ വേർതിരിക്കുന്നതിന് ഭിത്തി, വേലി എന്നിവ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജനവാസ മേഖലകളോട് ചേർന്നുള്ള വനാതിർത്തികളിൽ കാലാകാലങ്ങളായി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, എലിഫന്റ് പ്രൂഫ് ട്രഞ്ച്, എലിഫന്റ് പ്രൂഫ് വാൾ, ബയോ ഫെൻസിംഗ്

മുതലായവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ വനാതിർത്തികളിൽ 1308.64 കി.മീ സോളാർ ഫെൻസിംഗ്, 66.25 കി.മീ സോളാർ ഹാങിംഗ് ഫെൻസിംഗ്, 81.65 കി.മീ ആനക്കിടങ്ങ്, 10 കി. മീ. റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

നിലവിൽ വിവിധ സർക്കിളുകളിലായി നടന്നു വരുന്ന പ്രതിരോധ പ്രവർത്തികളുടെ വിവരം ചുവടെ പറയുന്നു.

സതേൺ സർക്കിളിന്റെ പരിധിയിൽ വന്യജീവി ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ജനവാസ മേഖലകളിൽ വന്യമൃഗശല്യം ഫലപ്രദമായി നേരിടുന്നതിന് വിവിധ ഡിവിഷനുകളിലായി NABARD Tranche XXIX-ൽ ആനക്കിടങ്ങ് - 40.10 km., സൗരോർജ്ജ വേലി - 89.05 km., സൗരോർജ്ജ തൂക്കുവേലി - 49.7 km. എന്നിവ നിർമ്മിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഹൈറേഞ്ച് സർക്കിളിൽ വിവിധ ഡിവിഷനുകളിലായി 163.41 കി.മീ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

സെൻട്രൽ സർക്കിളിൽ 2023-24 സാമ്പത്തിക വർഷത്തിൽ 1.6 കി.മീ. സൗരോർജ്ജവേലിയും 1.5 കി.മീ. സോളാർ തൂക്കുവേലിയും നിർമ്മിച്ചിട്ടുണ്ട്. വിവിധ ഡിവിഷനുകളിലായി 108 കി.മീ. സോളാർ ഹാങ്ങിംഗ് ഫെൻസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഈസ്റ്റേൺ സർക്കിളിൽ 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ ഡിവിഷനുകളിലായി അനുമതി നൽകിയ പ്രവർത്തനങ്ങളിൽ 101.50 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. 2023-24 വർഷത്തിൽ 136 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള അനുമതി നബാർഡ് സ്കീമിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

നോർത്തേൺ സർക്കിളിൽ വിവിധ ഡിവിഷനുകളിലായി 316.42 കി.മീ. സോളാർ ഹാങ്ങിംഗ് ഫെൻസ്, 9 കി.മീ. സോളാർ ഫെൻസ്, 16.41 കി.മീ. ദൂരത്തിൽ ക്രാഷ്ഗാഡ് ഫെൻസിംഗ് നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു.

പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിൽ, ഹാങ്ങിങ് സോളാർ ഫെൻസ് - 15 കി.മീ നിർമ്മാണ പ്രവർത്തി നടന്നുവരുന്നു. ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ 10.5 കി.മീ ദൂരത്തിൽ ആന പ്രതിരോധമതിലിന്റെ നിർമ്മാണം നടന്നുവരുന്നു.

(സി) വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ?

വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിലാണ് വന്യജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പാരിസ്ഥിതിക അസന്തുലിതാവസ്ഥയും, വനങ്ങളുടെ തുടർച്ചയില്ലായ്മയും, വന്യജീവികളെ

ആകർഷിക്കുന്ന തരത്തിലുള്ള വിളകളുടെ കൃഷിയും വനങ്ങളോട് ചേർന്ന് കൃഷിയിടങ്ങൾ വർദ്ധിക്കുന്നതും വന്യജീവികൾ ജനവാസമേഖലകളിലേക്ക് കടന്നു വരുന്നതിന്റെ കാരണങ്ങളാണ്. വനത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ ജനസംഖ്യയിലുണ്ടായ വർദ്ധനവ്, വനത്തിനുള്ളിലെ കാലിമേച്ചിൽ, വനത്തിനുള്ളിൽ നിന്നുള്ള പുല്ല് ശേഖരണം, കാട്ടുപന്നികളുടെ എണ്ണത്തിലുണ്ടായ കുറവ് എന്നിവയും വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നതിനുള്ള മറ്റ് കാരണങ്ങളാണ്.

(ഡി) വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റയും കുടിവെള്ളവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വന്യജീവികൾക്ക് വനത്തിനുള്ളിൽ കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് കുളങ്ങൾ, ചെക്ക് ഡാമുകൾ, എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വേനൽക്കാലങ്ങളിൽ മണൽചാക്ക്, ബ്രഷ്‌വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകൾ, കുളങ്ങൾ

എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ജലസ്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ വേനൽക്കാലത്ത് വയനാട് മേഖലയിൽ, വെള്ളം വറ്റിയ കുളങ്ങളിൽ, വാഹനത്തിൽ വെള്ളം എത്തിച്ചും, വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

വന്യജീവികൾക്ക് വനത്തിനുള്ളിൽ തീറ്റ ഉറപ്പാക്കാൻ വിദേശയിനം വൃക്ഷങ്ങൾ/കളകൾ നീക്കം ചെയ്ത് തദ്ദേശ ഇനങ്ങൾ/സ്വഭാവിക ഇനങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നത് കൂടാതെ പരിസ്ഥിതിദിനം, വനമഹോത്സവം എന്നിവയോടനുബന്ധിച്ച് വനത്തിനുള്ളിൽ ഫലവൃക്ഷത്തൈകൾ, തീറ്റപ്പുൽ എന്നിവ നട്ടുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. വനത്തിനുള്ളിൽ മുള, ഈറ എന്നിവ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്താറുണ്ട്. വയൽ മെയിന്റനൻസ്, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാവിധം നടത്തി വനത്തിലെ ജൈവവൈവിധ്യം സംരക്ഷിച്ചുവരുകയും ചെയ്യുന്നു.

**കടുവകളുടെ അക്രമണത്തിൽ നിന്നും കർഷകർക്ക് സംരക്ഷണം**

14(*74) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വയനാട് കൂടല്ലൂരിലെ യുവ കർഷകനെ കടുവ കൊന്ന സംഭവത്തെ തുടർന്ന് ഈ മേഖലയിലെ കർഷകർക്കുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകുമോ?

2023 ഡിസംബർ മാസത്തിൽ വയനാട് കൂടല്ലൂരിൽ പ്രജീഷ് എന്ന യുവാവ് കടുവയുടെ ആക്രമണത്തിൽ മരണപ്പെടുകയുണ്ടായി. പ്രസ്തുത സംഭവത്തെ തുടർന്ന് ഉടൻ തന്നെ ഡിവിഷണൽ ഫോറസ്റ്റാഫീസർ ഉൾപ്പെടെയുള്ള വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തുകയും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുയർ പ്രകാരം കടുവയെ നിരീക്ഷിക്കുന്നതിനും മറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുകയും ജനങ്ങളുടെ

സുരക്ഷയെ മുൻനിർത്തി ടി കടുവ ആളെ ആക്രമിച്ച കൊലപ്പെടുത്തിയ കടുവയാണെന്ന് സ്ഥിരീകരിച്ചതിനുശേഷം പ്രസ്തുത പ്രദേശത്തുനിന്നും എലിമിനേറ്റ് ചെയ്യുന്നതിന് കമ്മിറ്റിയുടെ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. ഇതേത്തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ ടി കടുവയെ കൂടുവെച്ചോ, മയക്കുവെടി വെച്ചോ പിടികൂടുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതേത്തുടർന്ന് പ്രദേശത്ത് കൂടുകൾ സ്ഥാപിക്കുകയും, ടി കടുവയെ കണ്ടുപിടിക്കുന്നതിനായി വിവിധ ടീമുകൾ രൂപീകരിച്ച് തെരച്ചിൽ നടത്തുകയും ഉണ്ടായി. പ്രദേശത്തുടനീളം ക്യാമറകൾ സ്ഥാപിക്കുകയും, ഡ്രോൺ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് കടുവയ്ക്കായി തെരച്ചിൽ നടത്തുകയും ചെയ്തു. ക്യാമറയിൽ ലഭിച്ച ചിത്രങ്ങളിൽനിന്നും പ്രസ്തുത കടുവയെ തിരിച്ചറിയുകയും ചെയ്തു. ഇത്തരത്തിൽ നിരീക്ഷണവും തിരച്ചിലും നടത്തിവരവെ 2023 ഡിസംബർ 18-ന് കടുവ കൂടല്ലൂർ പ്രദേശത്ത് പ്രജീഷിനെ ആക്രമിച്ച സ്ഥലത്തിന് അടുത്തുതന്നെ സ്ഥാപിച്ച കൂട്ടിൽ അകപ്പെടുകയും ചെയ്തു. ടി കടുവ പ്രജീഷിനെ ആക്രമിച്ച് കൊലപ്പെടുത്തിയ കടുവ തന്നെയാണെന്ന് മുൻപ് ലഭിച്ച ചിത്രങ്ങൾ വിശകലനം ചെയ്ത്

സ്ഥിരീകരിക്കുകയും ടി കടുവയെ തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കർഷകന്റെ മരണത്തിന് കാരണമായ കടുവയെ പിടികൂടി പ്രദേശത്തെ കർഷകരുടെ ആശങ്കകൾ പരിഹരിച്ചിട്ടുള്ളതാണ്.

കൂടാതെ കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ എത്തിപ്പെടുന്നത് പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വനാതിർത്തിയോട് ചേർന്ന് വരുന്ന സ്ഥലങ്ങളിൽ കടുവയുടെയും മറ്റ് ആക്രമണകാരികളായ വന്യമൃഗങ്ങളുടെയും സാന്നിദ്ധ്യം മുൻകൂട്ടി മനസിലാക്കി നടപടിയെടുക്കുന്നതിന് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അടിയന്തിര നടപടികൾക്ക് ജില്ലാതല കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നുണ്ട്. കന്നുകാലികൾ കടുവകളാൽ ആക്രമിക്കപ്പെടുന്ന സന്ദർഭങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതി നിർവ്വഹണം സംബന്ധിച്ച Standard Operating Procedure തയ്യാറാക്കി പ്രാവർത്തികമാക്കിയിട്ടുണ്ട്. മനുഷ്യർ കൂടുതലായി അധിവസിക്കുന്നിടങ്ങളിൽ കടുവകളുടെ സാന്നിദ്ധ്യം മൂലമുള്ള അടിയന്തിര സാഹചര്യം നേരിടുന്നതിലേയ്ക്ക് Standard Operating Procedure തയ്യാറാക്കി

പ്രാവർത്തികമാക്കിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിലും, കടുവയുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നിടങ്ങളിലും വനം വകുപ്പ് സ്വയമേവ കൂട്ടുകൾ സ്ഥാപിച്ചുവരുന്നു. ജനജാഗ്രത സമിതികളുടെ യോഗങ്ങൾ നിരന്തരം സംഘടിപ്പിച്ച് ഇക്കാര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ വിലയിരുത്തി സമയബന്ധിത നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാക്കി കൂടുതൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് വന്യമൃഗശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം സൗരോർജ്ജവേലികൾ സ്ഥാപിച്ചുവരുന്നു. നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് വിടുന്നതിന് ആർആർടി -കളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

**(ബി) വയനാട് ദേശീയ കടുവാ സംരക്ഷണ മേഖലയിൽ കടുവകൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ എണ്ണം കാടിന് താങ്ങാവുന്നതിൽ അധികമാണെന്നത് പരിശോധിച്ചിട്ടുണ്ടോ?**

വനം പോലുള്ള ആവാസവ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുള്ളതാണ്. പ്രസ്തുത ആവാസവ്യവസ്ഥയിലെ ആഹാര ശൃംഖലയിൽ

സസ്യങ്ങളും സസ്യഭുക്കുകളും മാംസഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും, തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ചു ജീവിക്കുന്ന മാംസഭുക്കുകളുടെ എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ചു ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

വയനാട് ലാൻറ്സ്കേപ്പിൽ 2023-ലെ കടുവകളുടെ കണക്കെടുപ്പിൽ 84 കടുവകളെയാണ് കണ്ടെത്തിയത്. വയനാട് ലാൻറ്സ്കേപ്പിൽ കടുവകളുടെ സാന്ദ്രത നിലവിൽ ഓരോ 100 ചതുരശ്ര കിലോമീറ്ററിനും 7.7 ആണ്. ഇത് 2018-ൽ രേഖപ്പെടുത്തിയ കടുവകളുടെ സാന്ദ്രതയെക്കാൾ (9.33/100 ച.കി.മി.)

കുറവാണ്. 2018-ലെ കണക്കെടുപ്പിൽ 120 കടുവകളെയാണ് വയനാട് ലാന്റ്സ്കേപ്പിൽ കണ്ടെത്തിയിരുന്നത്. 2023-ലെ കണക്കെടുപ്പിൽ കണ്ടെത്തിയ 84 കടുവകളിൽ 45 എണ്ണം (54%) മുൻകാലങ്ങളിൽ (2016, 2018, 2022) ലഭിച്ചതും ബാക്കിയുള്ള 39 എണ്ണം (46%) ഇതുവരെ ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയുമാണ്.

വയനാട് ലാന്റ്സ്കേപ്പ് കർണ്ണാടക സംസ്ഥാനത്തിലെ നാഗർഹോളെ, ബന്ദിപ്പൂർ, BRT എന്നീ സംരക്ഷിത മേഖലകളും തമിഴ്നാട്ടിലെ മുതുമലൈ, സത്യമംഗലം എന്നീ സംരക്ഷിത മേഖലകളും ഉൾപ്പെട്ട വലിയൊരു ലാന്റ്സ്കേപ്പിന്റെ ഭാഗമായതിനാൽ കടുവകളുടെ അന്തർ സംസ്ഥാന സഞ്ചാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ആയത് അനുസരിച്ച് അവയുടെ കണക്കെടുപ്പിൽ വ്യതിയാനങ്ങൾ സംഭവിക്കാറുമുണ്ട്. 2022-ൽ അഖിലേന്ത്യാതലത്തിൽ നടന്ന കടുവകളുടെ കണക്കെടുപ്പിന്റെ സംക്ഷിപ്ത റിപ്പോർട്ട് ഇത് ശരിവെക്കുന്നു. 2022-ലെ കണക്ക് പ്രകാരം നാഗർഹോളയിലെയും, ബന്ദിപ്പൂരിലെയും കടുവകളുടെ എണ്ണം കൂടിയതായും എന്നാൽ അതേ ലാന്റ്സ്കേപ്പിന്റെ ഭാഗമായ വയനാട് ലാന്റ്സ്കേപ്പിൽ

കടുവകളുടെ എണ്ണം കുറഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. 2023-ലെ കണക്കെടുപ്പിൽ വയനാട് ലാന്റ്സ്കേപ്പിൽ ലഭിച്ച 84 കടുവകളിൽ 39 എണ്ണം (46%) ഇതിന് മുൻപ് നടന്ന കണക്കെടുപ്പുകളിൽ (2016, 2018, 2022) ക്യാമറ ട്രാപ്പുകളിൽ ലഭിക്കാതിരുന്നവയാണ് എന്ന കാര്യവും കടുവകളുടെ അന്തർസംസ്ഥാന സഞ്ചാരങ്ങൾ ശരിവെക്കുന്നു.

(സി) കടുവകളുടെ നിരന്തര അക്രമണത്തിൽ നിന്നും കർഷകരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിന് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സ്ഥിരം സംവിധാനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

വയനാട്ടിൽ ജനവാസ മേഖലകളിൽ കടുവയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്ത എല്ലാ സ്ഥലങ്ങളിലും കൃത്യമായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പാലിച്ചുകൊണ്ടുതന്നെ കടുവയെ നിരീക്ഷിക്കുന്നതിനായി ക്യാമറകൾ സ്ഥാപിക്കുകയും, ആവശ്യമെങ്കിൽ കൂടുകൾ സ്ഥാപിച്ച് പിടികൂടി ജനവാസമേഖലയിൽനിന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം റാപ്പിഡ് റെസ്പോൺസ് ടീമുകളെ ഉപയോഗിച്ച് പട്രോളിംഗും നിരീക്ഷണവും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനാതിർത്തിയോട്

ചേർന്നുള്ള ജനവാസമേഖലകളിൽ അടിക്കാടുകൾ നീക്കം ചെയ്യുന്നതിനും, കന്നുകാലി, ആട് എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും മറ്റും ഗ്രാമപഞ്ചായത്ത്, മൃഗസംരക്ഷണവകുപ്പ് എന്നിവരുടെ സഹകരണത്തോടെയും ജനജാഗ്രതാ സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നാടിറങ്ങാൻ സാധ്യതയുള്ള കടുവകളെ നിരീക്ഷിച്ച് ആക്രമണങ്ങൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഇരതേടാൻ വയ്യാത്തവിധം പരിക്കുപറ്റിയതും വാർദ്ധക്യസഹജമായ അസുഖങ്ങൾ ഉള്ളതുമായ കടുവകളാണ് കൂടുതലായും വനമേഖലക്ക് പുറത്തേക്ക് ടെറിറ്റോറിയൽ പോരാട്ടം കാരണം വന്നുചേരുന്നതായി കാണുന്നത്. ആയത് കണ്ടെത്തുന്നതിന് വനാതിർത്തികളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നുണ്ട്. കൂടാതെ വനാതിർത്തികളോട് ചേർന്നുള്ള വനാതിർത്തികളിൽ അടിക്കാടുകൾ നീക്കം ചെയ്യുന്നതിനും ടി മേഖലകളിൽ വനം ജീവനക്കാരുടെ പരിശോധനകൾ

ഏർപ്പെടുത്തുകയും ചെയ്തുകൊണ്ട് സാധ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിച്ചുവരുന്നുണ്ട്. നാടിറങ്ങാൻ സാദ്ധ്യതയുള്ള കടുവകളെ നിരീക്ഷിച്ച് ലഭ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ദ്രുതകർമ്മസേനയുൾപ്പെടെയുള്ള സംവിധാനങ്ങൾ വിന്യസിച്ചും അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ശബരിമലയിലെ മണ്ഡലകാല മുന്നൊരുക്കങ്ങൾ**

15(*75) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാലത്തിന് മുന്നോടിയായി ശബരിമലയിൽ സർക്കാർ മുന്നൊരുക്കങ്ങളോ അവലോകന യോഗങ്ങളോ നടത്തിയിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മണ്ഡലകാലത്തിന് മുന്നോടിയായി ശബരിമലയിൽ സർക്കാർ കൃത്യമായ മുന്നൊരുക്കങ്ങളും ആയതിന്റെ ഭാഗമായി വിവിധ അവലോകന യോഗങ്ങളും നടത്തിയിരുന്നു. 2022-23 വർഷത്തെ ശബരിമല തീർത്ഥാടനം വിജയകരമായി പൂർത്തിയാക്കിയ ശേഷം മുതൽ തന്നെ 2023-24 വർഷത്തെ ശബരിമല തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിരുന്നു. 2022-23 ശബരിമല തീർത്ഥാനത്തിന്റെ വിജയത്തിനായി പ്രയത്നിച്ച വകുപ്പുകളെ അനുമോദിക്കുന്നതിനായി ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/02/2023-ന് പമ്പയിൽ വച്ച് ചേർന്ന യോഗത്തിൽ വച്ച് 2023-24 തീർത്ഥാടന കാലത്തേക്കുള്ള തയ്യാറെടുപ്പുകൾ കാലേകൂട്ടി ആരംഭിക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനും നിർദ്ദേശം നൽകിയിരുന്നു.

ബഹു. മുഖ്യമന്ത്രി 04/04/2023-ന് ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ശബരിമല അവലോകന യോഗം

ചേർന്ന് അടുത്ത തീർത്ഥാടനത്തിന്റെ വിജയത്തിനുതകുന്ന തരത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. തുടർന്ന് ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2023-ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2023-24 തീർത്ഥാടനത്തിനായി ബോർഡ് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ പരിശോധിക്കുകയും മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ തന്നെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെയും കൂടി ഉൾപ്പെടുത്തി 27/09/2023-ന് പമ്പയിൽ വച്ചും 31/10/2023-ന് എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിൽ വച്ചും അവലോകന യോഗങ്ങൾ ചേർന്നിരുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ കൂടി സാന്നിധ്യത്തിൽ ഗതാഗതം, ജലവിഭവം, വനം, റവന്യൂ വകുപ്പുകളുടെ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ബഹു. ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11/10/2023-ന് ഗവ. സെക്രട്ടറിയേറ്റിൽ വച്ച് ചേർന്നിരുന്നു.

2023-24 ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലും ബോർഡ് തലത്തിലും സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹു. മന്ത്രിമാർ, ബന്ധപ്പെട്ട എം.പി., എം.എൽ.എ-മാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, വകുപ്പ് അദ്ധ്യക്ഷൻമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തിയുള്ള ഉന്നതതല യോഗം 18/10/2023-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നിരുന്നു. കൂടാതെ 12/12/2023-നും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ശബരിമല തീർത്ഥാടനത്തിന്റെ അവലോകനത്തിനായി യോഗം ചേരുകയുണ്ടായി.

(ബി) പോലീസും ദേവസ്വം ബോർഡും തമ്മിലുള്ള തർക്കങ്ങൾ ഇക്കഴിഞ്ഞ മണ്ഡലകാലത്തെ ദോഷകരമായി ബാധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നാൽ പോലീസും ദേവസ്വം ബോർഡും ഒത്തൊരുമയോടും കൃത്യമായ ഏകോപനത്തോടും കൂടിയാണ് മണ്ഡല കാലത്ത് തീർത്ഥാടകർക്കായി ദർശന സൗകര്യം ഒരുക്കിയത്.

(സി) എങ്കിൽ ഇപ്രകാരമുള്ള തർക്കങ്ങൾ പരിഹരിക്കുവാനും വരും വർഷങ്ങളിൽ തീർത്ഥാടകർക്ക് ദർശനം സുഗമമാകുംവിധം അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതുമൂലം തിരക്ക് നിയന്ത്രണാധീതമായ സന്ദർഭത്തിൽ വെർച്വൽ ക്യൂ ബുക്കിംഗിന്റെ എണ്ണം പരിമിതപ്പെടുത്തിയിരുന്നതും പതിനെട്ടാം പടിയുൾപ്പെടെയുള്ള സുപ്രധാന സ്ഥലങ്ങളിൽ പരിചയ സമ്പന്നരായ പോലീസുകാരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നതാണ്. മേൽ പ്രകാരമുള്ള നടപടികളിലൂടെ തിരക്ക് നിയന്ത്രണ വിധേയമാക്കി തീർത്ഥാടകർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്. 2023-24 മണ്ഡല-മകരവിളക്ക് കാലത്ത് ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് വരും വർഷങ്ങളിൽ ആയത്

പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ഫെബ്രുവരി 6-ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തലത്തിൽ അവലോകന യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളായി പരിവർത്തനം ചെയ്യൽ**

16(*76) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളായി പരിവർത്തനം ചെയ്ത് കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ഏകവിള തോട്ടങ്ങൾ ബഹുവിള തോട്ടങ്ങളായി പരിവർത്തനം ചെയ്യുന്നതിനും, പരിസ്ഥിതി സൗഹാർദ്ദമാക്കാനും, കാലാവസ്ഥാ വ്യതിയാനം മൂലമുള്ള അപകടകരമായ സ്ഥിതിവിശേഷങ്ങൾക്ക് പരിഹാരമാർഗമെന്ന നിലയിൽ 17.12.2021-ലെ സ.ഉ. (കൈ) നം.

29/2021/വനം നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുന്നതിനാണ് നയരേഖ വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ 27000 ഹെക്ടർ സ്ഥലത്ത് ഏകവിളത്തോട്ടങ്ങൾ രണ്ട് പതിറ്റാണ്ട് കൊണ്ട് പരിവർത്തനം നടത്തി വനപുന:സ്ഥാപനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കിളുകളിലായി 1115.35 ഹെക്ടർ സ്ഥലം പരിവർത്തനം നടത്തി സ്വാഭാവിക വനമാക്കി മാറ്റിയിട്ടുണ്ട്.

(ബി) ചില വിദേശയിന സസ്യങ്ങൾ നമ്മുടെ പരിസ്ഥിതിക്ക് പ്രതികൂല ഫലങ്ങളുണ്ടാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിദേശയിന

തോട്ടങ്ങളെ തദ്ദേശയിന തോട്ടങ്ങളായി പരിവർത്തനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും അറിയിക്കാമോ?

വിദേശയിനം സസ്യങ്ങൾ പരിസ്ഥിതിക്ക് പ്രതികൂല ഫലമുണ്ടാക്കുന്നതായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഒഴിവാക്കി വനപുന:സ്ഥാപനത്തിന്റെ ഭാഗമായി കെ.പി.പി.എൽ. എന്ന സ്ഥാപനത്തിന് അസംസ്കൃതവസ്തുക്കൾ ശേഖരിക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്. ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറികൊണ്ടിരിക്കുന്ന ലെന്റാന, മൈക്കേനിയ, സെന്ന തുടങ്ങിയ സസ്യങ്ങളെ ഒഴിവാക്കി വനപുന:സ്ഥാപനം ചെയ്യുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിയിട്ടുള്ള അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന ഉൾപ്പെടെയുള്ള സസ്യങ്ങൾ വനത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനിൽ മാത്രം 11000 മഞ്ഞക്കൊന്ന മരങ്ങൾ നശിപ്പിച്ചുകളയുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ച് വരികയാണ്.

കൂടാതെ വയനാട് വൈൽഡ് ലൈഫ് മേഖലയിലും ഇത്തരം സസ്യങ്ങളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, വി.എസ്.എസ്., ഇ.ഡി.സി. എന്നിവരുടെ സേവനം ഇതിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

(സി) വന്യജീവികളുടെ ഭക്ഷ്യ ലഭ്യത വർദ്ധിപ്പിക്കാനായി കാട്ടിനുള്ളിലും അതിർത്തി പ്രദേശങ്ങളിലും ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

വന്യജീവികളുടെ ഭക്ഷ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോ റെസ്റ്റൊറേഷന്റെ ഭാഗമായി മുള, ഈറ തുടങ്ങിയ സസ്യങ്ങളും നട്ടുപിടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. കൂടാതെ മണൽചാക്ക്, സോഫ്റ്റ് വുഡ് എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവൃത്തികളും കാലാകാലങ്ങളിൽ

നടത്തിവരാറുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് ഫലവൃക്ഷങ്ങളും, മുളയുൾപ്പെടെ ആഹാരത്തിന് യോഗ്യമായിട്ടുള്ള പ്രാദേശിക സസ്യങ്ങളും, വൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് വനപുന:സ്ഥാപനം ചെയ്യുന്നതിനായി ആർ.കെ.ഡി.പി, നബാർഡ് തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ വി.എസ്.എസ്, ഇ.ഡി.സി.യെയും കൂടി ഉൾപ്പെടുത്തി അതത് മേഖലകളിലെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നവകേരള സദസ്സിൽ യുവജനങ്ങളുടെ പങ്കാളിത്തം**

17(*77) **ശ്രീ. പി. ബാലചന്ദ്രൻ:**
**ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. വി. ആർ. സുനിൽകുമാർ:**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (**ശ്രീ. സജി ചെറിയാൻ**) സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ എല്ലാ ജില്ലകളിലും യുവജനങ്ങൾ പങ്കാളികളായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദ്യാസമ്പന്നരും പ്രതിഭാശാലികളുമായ യുവജനങ്ങളുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് സഹായകമാകുന്ന പദ്ധതികളും നിർദേശങ്ങളും അഭിപ്രായങ്ങളും നവകേരള സദസ്സിൽ ഉയർന്നുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള സദസ്സിൽ ഉയർന്നുവന്ന പരാതികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിൽ യുവജനകാര്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച നടത്തുകയും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

(സി) രാഷ്ട്രനിർമ്മാണത്തിൽ സജീവ പങ്കാളികളാകേണ്ട വിദ്യാസമ്പന്നരായ യുവജനങ്ങൾ ഉന്നത വിദ്യാഭ്യാസത്തിനും തൊഴിലിനുമായി അന്യരാജ്യങ്ങളിലേക്ക് കുടിയേറുന്നത് നിയന്ത്രിക്കുന്നതിന് പര്യാപ്തമായ ആശയങ്ങൾ നവകേരള സദസ്സിനോടനുബന്ധിച്ച് നടന്ന ചർച്ചകളിൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നവകേരള സദസ്സിനോടനുബന്ധിച്ചുള്ള ചർച്ചകളുടെ ക്രോഡീകരണവും പ്രവൃത്തിപഥത്തിലേക്കുള്ള പരിവർത്തനവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ യുവജനക്ഷേമ വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

നവകേരള സദസ്സുകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിതല യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പുഴകളുടെ തീരസംരക്ഷണത്തിനുള്ള പദ്ധതികൾ**

18(*78) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴകളുടെ തീരസംരക്ഷണത്തിനായി ഏതെല്ലാം പദ്ധതികളുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് പുഴകളുടെ തീരസംരക്ഷണത്തിനായി ഫ്ലഡ് കൺട്രോൾ - പ്ലാൻ, ഫ്ലഡ് കൺട്രോൾ - നോൺ പ്ലാൻ, ഫ്ലഡ്

ഡാമേജ്, റിവർ മാനേജ്മെന്റ് ഫണ്ട്, എസ്. ഡി. ആർ. എഫ്., എം.എൽ.എ. – എ.ഡി.എഫ്., എം.എൽ.എ. - എ.ഡി.എസ്, എന്നീ ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഓരോ സാമ്പത്തിക വർഷവും മേൽ സൂചിപ്പിച്ച ശീർഷകങ്ങളിൽ അനുവദിച്ച തുക ഉപയോഗിച്ച് നദി തീരസംരക്ഷണ പ്രവൃത്തികളുടെ പ്രാധാന്യവും മുൻഗണനയും പരിഗണിച്ചാണ് പ്രവൃത്തി നടപ്പിലാക്കിവരുന്നത്.

(ബി) ഭരണാനുമതി നല്കിയിട്ടും നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതും പൂർത്തിയാക്കാത്തതുമായ അത്തരം പ്രവൃത്തികൾ സംബന്ധിച്ച് അവലോകനം നടത്തുമോ; വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പുഴ തീരസംരക്ഷണ പ്രവൃത്തികളുടെ അവലോകനം വിവിധ ഉദ്യോഗസ്ഥ തലങ്ങളിൽ നടത്താറുണ്ട്.

(സി) ലഭ്യമായ പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പുഴകളുടെ തീരം ഫലപ്രദമായി സംരക്ഷിക്കുന്നതിനും സുസ്ഥിരമായ നൂതന പരിഹാര

മാർഗ്ഗങ്ങൾക്കുമായി പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുമായി ആലോചന നടത്താൻ നടപടി സ്വീകരിക്കുമോ?

പുഴകളുടെ തീരം ഫലപ്രദമായി സംരക്ഷിക്കുന്നതിനായി ബയോ എൻജിനീയറിംഗ് (കയർ ഭൂവസ്ത്രം വിരിക്കുക, മുള വച്ചുപിടിപ്പിക്കുന്നതു പോലുള്ള) ടെക്നിക്കുകൾ, റിമോട്ട് സെൻസിംഗ്, ജിയോസിന്തറ്റിക് എന്നിവയുൾപ്പെടുന്ന സുസ്ഥിര സാങ്കേതിക വിദ്യകൾ ഉപയോഗിക്കാവുന്നതാണ്. Real Time ആയി നദീതീരത്തെ അവസ്ഥ വിലയിരുത്തുവാനും സമയബന്ധിതമായ ഇടപെടലുകൾ നടത്തുവാനും, ഇത്തരത്തിൽ നദീതീര സംരക്ഷണത്തിനും സുസ്ഥിരമായ പരിഹാരങ്ങൾ വികസിപ്പിക്കുന്നതിനുമായി CWC, NIH, IITs പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ സംയുക്ത ഗവേഷണ പദ്ധതികൾ ആരംഭിക്കാവുന്നതാണ്. സർക്കാരിന്റെ അംഗീകാരത്തോടെ ഇത്തരത്തിൽ നദീതീര സംരക്ഷണത്തിനായി ഫലപ്രദമായ പരിഹാരങ്ങൾ വികസിപ്പിക്കാവുന്നതാണ്.

## എല്ലാ വീട്ടിലും കുടിവെള്ളം എത്തിക്കാൻ നടപടി

19(*79) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. നഗരങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയും കേരളത്തിൽ നടപ്പിലാക്കിവരുന്നു.

ഇതിനുപുറമെ കിഫ്ബി, സ്റ്റേറ്റ് പ്ലാൻ, നബാർഡ്, ആർ.കെ.ഐ. തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ള പദ്ധതികളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപോസിറ്റ് പ്രവൃത്തികളായും കുടിവെള്ള വിതരണ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. മേൽപറഞ്ഞ വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങൾക്കും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

വിവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി Sustainability Support to Community Managed Water Supply Schemes എന്ന സ്കീമിലും SDRF ഫണ്ട് ഉപയോഗിച്ചും ചെറുതും വലുതുമായ സ്കീമുകൾ പുനരുദ്ധരിച്ച് ജലനിധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങുന്നതിനും കാലതാമസം നേരിടുന്നതിനും പ്രധാന കാരണങ്ങൾ സ്ഥലലഭ്യതയിലെ അനിശ്ചിതത്വം, മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം

എന്നിവയാണ്. നിലവിൽ ഇത് പരിഹരിക്കുന്നതിനായി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ള ജലജീവൻ പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ പുറംപോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് നൽകാൻ 17-06-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജലജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ടും മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി അതത് വകുപ്പുകളുമായി സർക്കാർ

തലത്തിൽ ഇടപെട്ട് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതികൾ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയം നേരിട്ട് ഇടപെടലുകൾ നടത്തുന്നുണ്ട്.

ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതിയായ ജലനിധിയിൽ ഉൾപ്പെടുത്തി 5884 സ്കീമുകളിലൂടെ 451777 ഗ്രാമീണ കുടുംബങ്ങൾക്ക് ജലവിതരണം നടത്തി വന്നിരുന്നു. തുടർനടത്തിപ്പ്, പരിപാലനം എന്നിവ ഗുണഭോക്തൃ സമിതികൾ തന്നെയാണ് നടത്തിയിരുന്നത്. ഇതിൽ പലവിധ കാരണങ്ങളാൽ പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനരഹിതമായ സ്കീമുകൾ പുനരുദ്ധരിച്ച് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി 2019 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന “Sustainability Support to Community Managed Water Supply Schemes” എന്ന സ്കീമിലും SDRF ഫണ്ട് ഉപയോഗിച്ചും ചെറുതും വലുതുമായ സ്കീമുകൾ പുനരുദ്ധരിച്ച്

പ്രവർത്തനക്ഷമമാക്കുന്ന പദ്ധതികളും കെ.ആർ.ഡബ്ല്യൂ.എസ്സ്.എ. മുഖേന നടപ്പിലാക്കുന്നുണ്ട്.

**വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി**

20(*80) ശ്രീമതി ശാന്തകുമാരി കെ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിന്റെ തനതു കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും യുവമനസ്സുകളിൽ കലാഭിമുഖ്യം ഉണർത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. ഇതിലൂടെ ക്ലാസ്സിക്കൽ, സമകാലീന, ഫോക്‌ലോർ, അഭിനയ കലകളിലായി 45-ഓളം കലാരൂപങ്ങളിൽ നിശ്ചിത യോഗ്യത നേടിയ 1000 യുവകലാകാരന്മാരെ

തെരഞ്ഞെടുത്ത് കേരളത്തിലങ്ങോളമിങ്ങോളമുള്ള വിവിധ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ച് പ്രായഭേദമന്യേ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. ഈ പദ്ധതി പാരമ്പര്യ കലകളുടെ സംരക്ഷണവും പ്രോത്സാഹനവും ഉറപ്പാക്കുന്നുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾ, വായനശാലകൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് ഹാളുകൾ മുതലായ പൊതുസ്ഥാപനങ്ങളാണ് കലാപരിശീലന കേന്ദ്രങ്ങളായി സജ്ജമാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പരിശീലനം നടത്തുന്ന കലാപരിശീലകർക്ക് പ്രതിമാസം 10,000/- രൂപാ വീതം സാംസ്കാരിക വകുപ്പ് ഫെല്ലോഷിപ്പ് നൽകിവരുന്നു. ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ (ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) സ്ഥാപനങ്ങളിൽ നിന്നും 7500/- രൂപയും നൽകിവരുന്നു. 2018-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ആദ്യ ബാച്ചിന്റെ കാലാവധി 2021 ഡിസംബർ മാസം അവസാനിക്കുകയും പുതുതായി അഭിമുഖ പരീക്ഷ നടത്തി രണ്ടു തവണകളായി 943 കലാകാരന്മാരെ നിലവിൽ പദ്ധതിയിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യ കലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്തു വരുന്നത്. പഠിതാക്കളുടെ പ്രാദേശിക കലാപ്രകടനത്തിന് വേദികൾ ഒരുക്കുകയും അതിലൂടെ കലാകാരന്മാർക്ക് മികവ് തെളിയിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ഈ പദ്ധതിയ്ക്കായി താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| 2021-22 | ₹9,63,41,660/- |
| 2022-23 | ₹7,95,40,508/- |
| 2023-24 | ₹6,89,84,213/- |

(സി) ഈ പദ്ധതി മുഖേന എത്ര കലാകാരൻമാർക്ക് സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതി മുഖേന നിലവിൽ 943 കലാകാരൻമാർക്ക് ഫെലോഷിപ്പ് നൽകുന്നുണ്ട്.

**പിന്നാക്ക വിഭാഗ സംവരണ പട്ടിക പുതുക്കാൻ ജാതി സർവ്വെ**

21(*81) **ശ്രീ. കെ. പി. എ. മജീദ്:**
**ശ്രീ. മഞ്ഞളാംകുഴി അലി:**
**ശ്രീ. പി. ഉബൈദുള്ള:**
**ശ്രീ. ടി. വി. ഇബ്രാഹിം:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗ സംവരണ പട്ടിക പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മറ്റ് പിന്നാക്ക വിഭാഗ പട്ടികയിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നുണ്ട്.

(ബി) എങ്കിൽ അതിന്റെ ഭാഗമായി ജാതി സർവെ നടത്തുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ?

ജാതി സർവെ നടത്തുന്നതിന് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷനോട് ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ 2011-ലെ സാമൂഹ്യ, സാമ്പത്തിക ജാതി സെൻസസിലൂടെ ശേഖരിച്ച വിവരങ്ങൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും, സാങ്കേതിക പിഴവുകളും പോരായ്മകളും കാരണം പ്രസ്തുത വിവരങ്ങൾ വിശ്വാസയോഗ്യമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് കൈമാറുകയോ, ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിലും ബഹു. ഹൈക്കോടതിയിലും കേസ് നിലനിൽക്കുന്നുണ്ട്. പ്രസ്തുത കേസുകളിലെ വിധിക്കനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) പ്രസ്തുത സർവെ നടത്തുന്നതിന് മുൻപ് പിന്നാക്ക സമുദായ സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ജാതി സെൻസസ് നടത്തുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പ്രസ്തുത കേസിലെ വിധിക്കനുസൃതമായി സർക്കാർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

### വന്യമൃഗ ശല്യം നേരിടുന്നതിന് കർമ്മപദ്ധതി

22(*82) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. എം. മണി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം കൃഷിനാശം നേരിടേണ്ടിവരുന്ന കർഷകർക്ക് കാലതാമസമില്ലാതെ നഷ്ടപരിഹാരം

നൽകുവാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വന്യജീവി ആക്രമണം മൂലം കൃഷിനാശം നേരിടേണ്ടിവരുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരവും 08.01.2015-ലെ G.O(Ms)2/2015/വനം പ്രകാരവുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മുഖേന അന്വേഷണം നടത്തി കൃഷിനാശത്തിന്റെ തോത് തിട്ടപ്പെടുത്തി റിപ്പോർട്ട് ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക്, മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ അപേക്ഷകരുടെ മുൻഗണനാ ക്രമമനുസരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാര തുക കാലതാമസമില്ലാതെ അനുവദിച്ചുവരുന്നു. കർഷകർക്ക്

അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജവേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.
2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ്

നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

4. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

5. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

7. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

8. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വ-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

9. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി

പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

10. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കുവാനും സ.ഉ (സാധാ) നം.242/2023/വനം തീയതി 20.06.2023 പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

11. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി/കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം നഷ്ടപരിഹാരം നൽകി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽനിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

12. ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ)

239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ജനവാസ മേഖലയിൽ വന്യമൃഗശല്യം നേരിടുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് ബഹു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയുടെ 12.01.2023-ലെ D.O.No.NA.13/16/2020-NA(Pt) നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ

മറുപടി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി വീണ്ടും കേന്ദ്രസർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേക്ക് ആവശ്യമായ 1150/- കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്.

നബാർഡ്, കിഫ്ബി, വയനാട് പാക്കേജ് പദ്ധതി, പഞ്ചായത്ത് ഫണ്ട്, എം.എൽ.എ-എ.ഡി.എഫ് പദ്ധതി, പ്രോജക്ട് എലിഫന്റ്, ഇടുക്കി പാക്കേജ് എന്നിവ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിൽപ്പെടുത്തി വന്യമൃഗശല്യം നേരിടുന്നതിന് നിരവധി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

നിലവിൽ നടന്നു വരുന്ന/അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

**സതേൺ സർക്കിൾ, കൊല്ലം.**

ജനവാസ മേഖലയിൽ വന്യമൃഗ ശല്യം ഫലപ്രദമായി നേരിടുന്നതിന് NABARD Tranche XXIX-ൽ അംഗീകാരം നൽകിയ പദ്ധതികൾ അനുബന്ധം - 1 ആയി ചേർത്തിരിക്കുന്നു+.

**ഹൈറേഞ്ച് സർക്കിൾ, കോട്ടയം**

2406-02-110-99 MRMAC എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 19.1 കി.മീ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് 49.36 ലക്ഷം രൂപയുടെയും മൂന്നാർ ഡിവിഷൻ പരിധിയിൽ വരുന്ന കാട്ടാന ഭീഷണി നേരിടുന്ന മേഖലകളിൽ 28.02 കി.മീ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് ഇടുക്കി പാക്കേജിൽ 210.53 ലക്ഷം രൂപയുടെയും പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലെ മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതാ മേഖലകളിൽ 116.29 കി.മീ സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിന് NABARD–RIDF പദ്ധതിയിൽ 1339.97 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>സെൻട്രൽ സർക്കിൾ, തൃശ്ശൂർ</u>**

സെൻട്രൽ സർക്കിളിൽ 2023-24 സാമ്പത്തിക വർഷത്തിൽ 1.6 കി.മീ. സൗരോർജ്ജവേലിയും 1.5 കി.മീ. സോളാർ തൂക്കുവേലിയും നിർമ്മിച്ചിട്ടുണ്ട്. അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച 60 കി.മീ ദൂരമുള്ള സോളാർ ഹാംഗിങ്ങ് ഫെൻസിംഗ് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ തുടർന്നുവരുന്നു.

ചാലക്കുടി ഡിവിഷനിൽ പരിയാരം റെയിഞ്ചിൽ 18 കി.മീ ദൂരം സോളാർ ഹാംഗിങ്ങ് ഫെൻസിംഗിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

മലയാറ്റൂർ ഡിവിഷനിൽ നിരന്തരമായി കാട്ടാനശല്യമുള്ള പിണ്ടിമന, വേങ്ങൂർ, കോട്ടപ്പടി പഞ്ചായത്ത് പ്രദേശങ്ങളിൽ 30 കി.മീ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് നബാർഡ് പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**<u>ഈസ്റ്റേൺ സർക്കിൾ, പാലക്കാട്</u>**

ഈസ്റ്റേൺ സർക്കിളിൽ 2022-23 സാമ്പത്തിക വർഷത്തിൽ അനുമതി ലഭിച്ച പ്രവർത്തനങ്ങളിൽ വിവിധ ഡിവിഷനുകളിലായി 101.50 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. 2023-24 വർഷത്തിൽ 136 കി.മീ. സൗരോർജ്ജ

ുക്കുവേലി നിർമ്മിക്കുന്നതിനുള്ള അനുമതി നബാർഡ് സ്കീമിൽ ലഭ്യമായിട്ടുണ്ട്. നെന്മാറ ഡിവിഷന്റെ പരിധിയിൽ നെന്മാറ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുകൊണ്ട് 13 കി.മീ. സൗരോർജ്ജ ുക്കുവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്.

നോർത്തേൺ സർക്കിളിൽ അനുബന്ധം-2 ആയി ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു+.

**വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്**

സൈലന്റ്‌വാലി വൈൽഡ്‌ലൈഫ് ഡിവിഷനിൽ ഹാങിംഗ് സോളാർ ഫെൻസ് - 15 കി.മീ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ആറളം വൈൽഡ്‌ലൈഫ് ഡിവിഷനിൽ TRDM-ന്റെ നേതൃത്വത്തിൽ 10.5 കി.മീ വരുന്ന ആനപ്രതിരോധ മതിലിന്റെ നിർമ്മാണം നടന്നുവരുന്നു.

**മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത**

23(*83) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.) പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി ശാശ്വത പരിഹാരം നിർദ്ദേശിക്കുന്നതിനായി 22/10/2022-ലെ സ.ഉ (സാധാ) നം.660/ 2022/മ.തു.വ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്)-നെ ചുമതലപ്പെടുത്തി. മാതൃകാപഠനം നടത്തുന്നതിലേക്കായി 37.45 ലക്ഷം രൂപയും ഡാറ്റാ ശേഖരണത്തിനായി 24.3 ലക്ഷം രൂപയും സർക്കാർ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.)-ന് നൽകുകയും ചെയ്തു. തുടർന്ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.)

ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് വിവര ശേഖരണം നടത്തുകയും മാതൃകാപഠനം നടത്തി 19/12/2023-ന് കരട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നൽകുകയും ചെയ്തു.

മുതലപ്പൊഴിയിലെ നിലവിലെ അവസ്ഥ വിലയിരുത്തിയതിൽ അഴിമുഖത്ത് മൺസൂൺ കാലയളവിൽ ശക്തമായ തിരയിളക്കം അനുഭവപ്പെടുന്നത് പുലിമുട്ടുകളുടെ അലൈൻമെന്റിലുള്ള പോരായ്മ കാരണമാണെന്ന് പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

(ബി) സി.ഡബ്ല്യൂ.പി.ആർ.എസ്. ഇക്കാര്യത്തിൽ എന്തൊക്കെ നിർദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്) സംഘം മുതലപ്പൊഴി സൈറ്റ് സന്ദർശിക്കുകയും നിലവിലെ സ്ഥിതി വിലയിരുത്തുകയും ഡാറ്റാ ശേഖരിച്ച് മത്സ്യത്തൊഴിലാളികൾ നിർദ്ദേശിച്ച ഒരു ലേഔട്ട് ഉൾപ്പടെ 6 ലേഔട്ടുകൾ മാതൃകാപഠനത്തിന് വിധേയമാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ കാലാവസ്ഥയിലും പ്രവേശന കവാടത്തിൽ

അനുവദനീയമായ പരിധിക്കപ്പുറം തിരയിളക്കം ഉണ്ടാകാത്ത വിധത്തിലും ഏറ്റവും പ്രായോഗികമായതുമായ ഒരു കരട് ലേഔട്ട് നിർദ്ദേശിക്കുകയും ചെയ്തു. ഇതു പ്രകാരം വടക്കേ പുലിമുട്ടിൽ നിന്നും 150 മീറ്റർ മുന്നോട്ട് നിൽക്കുന്ന വിധത്തിൽ തെക്കേ പുലിമുട്ട് 625 മീറ്റർ നീളത്തിൽ ദീർഘിപ്പിക്കുന്ന രീതിയിലുള്ള പുലിമുട്ടിന്റെ അലൈൻമെന്റ് ആണ് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്) നിഷ്കർഷിച്ചിട്ടുള്ളത്. ഇതു പ്രകാരം ഹാർബറിലേക്കുള്ള അഴിമുഖം പടിഞ്ഞാറ് നിന്നും വടക്ക് പടിഞ്ഞാറ് മാറിയാണ് ഡിസൈൻ ചെയ്തിട്ടുള്ളത്.

(സി) പ്രസ്തുത നിർദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പ്രദേശത്തെ മത്സ്യത്തൊഴിലാളികളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.) നൽകിയിട്ടുള്ള കരട് റിപ്പോർട്ട് 27/12/2023-ന് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ഹാളിൽ മത്സ്യത്തൊഴിലാളികളുടെയും

എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അംഗങ്ങളുടെയും മുമ്പിൽ അവതരിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർ ഉന്നയിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് CWPRS അന്തിമ മാതൃകാ പഠന റിപ്പോർട്ട് നൽകുന്നതാണ്.

(ഡി) ഇത് സംബന്ധിച്ച് യൂണിയൻ നേതാക്കൾ, വിവിധ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ, സഭാ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി .ഡബ്ല്യൂ.പി.ആർ.എസ്.) നൽകിയിട്ടുള്ള കരട് റിപ്പോർട്ട് 27/12/2023-ന് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ഹാളിൽ മത്സ്യത്തൊഴിലാളികളുടെയും എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെയും ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അംഗങ്ങളുടെയും മുമ്പിൽ അവതരിപ്പിച്ചു. മത്സ്യത്തൊഴിലാളികൾ അടക്കമുള്ളവർ ഉന്നയിച്ച നിർദ്ദേശങ്ങൾ

ക്രോഡീകരിച്ച് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് CWPRS അന്തിമ മാതൃകാ പഠന റിപ്പോർട്ട് നൽകുന്നതാണ്.

**നവകിരണം പദ്ധതി**

24(*84) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പിലാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

വനം വകുപ്പ് നടപ്പിലാക്കിവരുന്ന സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. ടി 782 അർഹതപ്പെട്ട

കുടുംബങ്ങളിൽ, 497 കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതുമാണ്.

ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 95.925 കോടി രൂപ (റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേന 72.525 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 23.4 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദാംശം പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു+.

2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച് 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകൾ, അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത് അംഗീകൃത മാർഗ്ഗരേഖ പ്രകാരമാണ്. ഈ നിയമാവലി നിഷ്കർഷിക്കുന്ന പരിശോധനാ കമ്മിറ്റികൾക്കുശേഷമാണ് (റെയിഞ്ച്, ഡിവിഷൻ, റീജിയണൽ, ലാന്റ് അക്വിസിഷൻ തഹസീൽദാരുടെ പരിശോധന) സാമ്പത്തിക പാക്കേജിന് അർഹത തീരുമാനിക്കുന്നത്. മാർഗ്ഗരേഖപ്രകാരം നിർദ്ദേശിക്കുന്ന അവശ്യരേഖകൾ സ്വരൂപിക്കുന്നതിനുള്ള കാലതാമസം ചില അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാകാറുണ്ട്.

(സി) ഈ പദ്ധതി പ്രകാരം ഭൂമി വിട്ടുനൽകിയവർക്ക് തുക കൊടുത്തു തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ; സമയബന്ധിതമായി തുക നൽകാൻ നടപടി സ്വീകരിക്കുമോ?

2023-2024 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേനെ അംഗീകരിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചെലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകളിന്മേൽ അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

**ആഴക്കടൽ മത്സ്യബന്ധനം**

25(*85) ശ്രീ. എം.വിജിൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ബോട്ട് അനുവദിച്ച പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ PMMSY (പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന)-യിൽ ഉൾപ്പെടുത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതത്തോടെ 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പദ്ധതിയുടെ ഭാഗമായി കൊച്ചിൻ ഷിപ്പ്യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യ ഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത് മത്സ്യബന്ധന

ത്തിലേർപ്പെട്ടുവരുന്നു. ബാക്കി 4 എണ്ണം നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായും വിലയിരുത്തിവരുന്നു. ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയും ഉഡുപ്പി കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് പ്രതിനിധികളെയും പദ്ധതിയുടെ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി മന്ത്രിതലത്തിൽ 06/11/2023-ന് ചേർന്ന യോഗത്തിൽ യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ഉന്നയിച്ച അപാകതകൾ പരിശോധിക്കുന്നതിന് ഒരു പരിശോധന സമിതിയെ നിയോഗിച്ചു. പദ്ധതി പ്രകാരം വിതരണം ചെയ്ത എല്ലാ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളിലും സംയുക്ത പരിശോധന നടത്തി സമിതി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. തുടർന്ന് യാനങ്ങളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ 16/12/2023 തിയതിയിൽ യോഗം ചേർന്നിരുന്നു.

യാനങ്ങളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് മന്ത്രിതലത്തിൽ 16.01.2024-ന് വീണ്ടും യോഗം ചേരുകയും, പ്രസ്തുത യോഗത്തിൽ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച അപാകതകൾ നേരിട്ട് വിലയിരുത്തുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആന്റ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തുടർന്ന് 23/01/2024-ന് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനമനുസരിച്ച് ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തുന്നതിനും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആന്റ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET), പ്രതിനിധികൾ, കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡ് പ്രതിനിധികൾ ഗുണഭോക്തൃ ഗ്രൂപ്പുകളിലെ ഓരോ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സംഘം 31/01/2024-ന്

പദ്ധതി പ്രകാരം വിതരണം ചെയ്ത യാനങ്ങളുടെ ആഴക്കടലിലെ പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിക്കുന്നതിന് ധാരണയായിട്ടുണ്ട്.

(ബി) ഇവർക്ക് ലഭിക്കുന്ന മത്സ്യം മത്സ്യഫെഡ് വഴി വിൽപ്പന നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കിയ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ നൽകുന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ഈ 3 ജില്ലകളിലും നിലവിൽ മത്സ്യഫെഡ് ബേസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ബേസ് സ്റ്റേഷന് കീഴിൽ മത്സ്യവിൽപ്പനയ്ക്കായി മത്സ്യഫെഡ് ഫിഷ് മാർട്ടുകളും, ഫ്രാഞ്ചൈസി മാർട്ടുകളും, അന്തിപ്പച്ച യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കൾക്ക് ഏറ്റവും ഗുണമേന്മയുള്ള മത്സ്യം കൃത്യമായ അളവിലും തൂക്കത്തിലും ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്നുള്ളതാണ് ഇവയുടെ ലക്ഷ്യം. മത്സ്യഫെഡ് വഴി പ്രാഥമിക സംഘങ്ങൾക്ക് നൽകിയിട്ടുള്ള ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളിൽ

നിന്ന് ലഭിക്കുന്ന ഗുണനിലവാരമുള്ള മത്സ്യം പൂർണ്ണമായി ബേസ് സ്റ്റേഷനുകൾ മുഖേന സംഭരിച്ച് മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ വഴി വിൽപ്പന നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം തലത്തിലുള്ള മത്സ്യബന്ധനത്തിനാണ് പരിശീലനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് ലോങ്ങ് ലൈൻ ഫിഷിംഗ്, ഗിൽ നെറ്റിംഗ് എന്നീ ആഴക്കടൽ മത്സ്യബന്ധന രീതികളിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-ന്റെ നേതൃത്വത്തിൽ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-യുടെ സാമ്പത്തിക സഹായത്തോടെ മൂന്ന ദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് (NIFAM)-ൽ വച്ച് നൽകിയിട്ടുണ്ട്.

കൂടാതെ ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എല്ലാ ഗുണഭോക്തൃ ഗ്രൂപ്പുകളിലെയും തിരഞ്ഞെടുത്ത അംഗങ്ങൾക്ക് കൊച്ചിൻ ഷിപ്പ്യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ വച്ച് പരിശീലനം നൽകിയിട്ടുണ്ട്.

**ജല ജീവൻ കുടിവെള്ള പദ്ധതി**

26(*86) **ശ്രീ. മഞ്ഞളാംകുഴി അലി:**
**ശ്രീ. പി. ഉബൈദുള്ള:**
**ശ്രീ. യു. എ. ലത്തീഫ്:**
**ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ജലജീവൻ പദ്ധതി പ്രകാരമുള്ള കുടിവെള്ള വിതരണം നടപ്പാക്കുന്നതിൽ സംസ്ഥാനം മുപ്പതാം സ്ഥാനത്താണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ കണക്ക് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം രാജ്യത്ത് മുപ്പതാം സ്ഥാനത്താണ്. ദേശീയതലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും

കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്. ജലജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിക്കുവേണ്ടി ആവശ്യമായിവരുന്ന സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. എന്നാൽ അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് ദേശീയപാത/ പൊതുമരാമത്ത്, റെയിൽവേ, വനം ഉൾപ്പെടെയുള്ള വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭ്യമാകുന്നതിലെ കാലതാമസം നേരിടുന്നുണ്ട്. ഇതിനുപുറമെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് താരതമ്യേന ബൃഹത് പദ്ധതികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് അവസാനഘട്ടത്തിൽ മാത്രമേ കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കുകയുള്ളൂ. അതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ

പുരോഗതിയിലാണെങ്കിലും നൽകിയ ഗാർഹിക കണക്ഷനുകളുടെ അടിസ്ഥാനത്തിൽ കേരളം മുപ്പതാം സ്ഥാനത്തായത്.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ?

ഉണ്ട്.

(സി) സ്ഥലം ഏറ്റെടുക്കാത്തതിനെ തുടർന്ന് എത്ര പദ്ധതികളാണ് മുടങ്ങി കിടക്കുന്നതെന്ന് അറിയിക്കുമോ?

33 എണ്ണം.

(ഡി) പദ്ധതികൾക്കാവശ്യമായ സ്ഥലം സമയബന്ധിതമായി ഏറ്റെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് സ്ഥലലഭ്യത സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആവശ്യമായ

പരിഹാരങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സർക്കാർതലത്തിലും ജില്ലാതലത്തിലും പ്രസ്തുത യോഗങ്ങൾ തുടർന്നും നടത്തി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.

സ്ഥലം ലഭ്യമാക്കുന്നതിലെ നടപടികൾ ലഘൂകരിക്കാൻ വിവിധ ഉത്തരവുകൾ സർക്കാർ ഇതിനോടകം ഇറക്കിയിട്ടുണ്ട്.

സർക്കാർ പുറംപോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള അധികാരം 17-06-2022-ലെ സർക്കാർ ഉത്തരവിലൂടെ ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അനുമതി ഭൂജലവകുപ്പിനും ജലനിധിക്കും കൂടി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ ജലജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം

നൽകിക്കൊണ്ടുള്ള മാർഗ്ഗരേഖ 01.06.2023-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പദ്ധതി നിർവ്വഹണത്തിനനുയോജ്യമായ സ്ഥലം കണ്ടെത്തി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയും തുടർന്ന് ഭൂവുടമകളിൽനിന്നും താല്പര്യപത്രം ക്ഷണിച്ച് അതിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകേണ്ടതുമാണ്. തുടർന്ന് വില നിർണയത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യപത്രത്തിലെ ഓഫറുകൾ പരിശോധിച്ച് ഭൂമി വാങ്ങുന്നതിനുള്ള നിലവിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് ഭൂമി ഏറ്റെടുക്കേണ്ടതാണ്. എന്നാൽ റവന്യൂ അധികാരി നിശ്ചയിക്കുന്ന വിലയെക്കാൾ ഭൂഉടമയുടെ ഓഫറിലെ വില കൂടുതലായാൽ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ച് വില പുനർനിർണയം നടത്തുകയും അത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഭൂഉടമയെ ബോധ്യപ്പെടുത്തി നടപടിക്രമങ്ങൾ പാലിച്ച് ഭൂമി ഏറ്റെടുക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉടലെടുത്താൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിയുടെ നിർദ്ദേശം തേടി പരിഹരിക്കേണ്ടതാണ്. പദ്ധതി

നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ തുക എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരെ സമീപിക്കുവാൻ 11/12/2023-ൽ നിർദേശവും നൽകിയിട്ടുണ്ട്.

**ഇക്കോ ടൂറിസം വികസന പ്രവർത്തനങ്ങൾ**

27(*87) **ശ്രീ. ഒ. ആർ. കേളു:**
**ഡോ. കെ. ടി. ജലീൽ:**
**ശ്രീ. ലിന്റോ ജോസഫ്:**
**ശ്രീ. പി. മമ്മിക്കുട്ടി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഇക്കോടൂറിസം ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി, നിലവിലുള്ള ഫോറസ്റ്റ് ഡവലപ്പ്മെന്റ് എജൻസികൾ (FDA), സ്റ്റേറ്റ് ഫോറസ്റ്റ്

ഡവലപ്പ്മെന്റ് ഏജൻസി (SFDA) എന്നിവ നിലനിർത്തി അവ പുതുതായി രൂപീകരിക്കുന്ന അതോറിറ്റിയിൽ അഫിലിയേറ്റ് ചെയ്തുകൊണ്ടും സംസ്ഥാനത്തെ സഞ്ചിത നിധിയിൽ നിന്നും അധിക സാമ്പത്തിക ചെലവ് കൂടാതെ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് 'കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡവലപ്മെന്റ് അതോറിറ്റി' രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇക്കോ ടൂറിസം പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള ഫോറസ്റ്റ് ഇക്കോടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി തയ്യാറാക്കിയ കരട് മെമ്മോറാണ്ടം പരിശോധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനായി 04.10.2023-ലെ സ.ഉ.(സാധാ)നം. 370/2023/വനം ഉത്തരവ് പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ടി സമിതി ലഭ്യമാക്കിയ അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും

അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മൊമ്മോറാണ്ടം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(സി) പ്രധാനപ്പെട്ട ഇക്കോ ടൂറിസം പദ്ധതികളുടെ വികസനത്തിനായി വനം വകുപ്പ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രധാനപ്പെട്ട ഇക്കോടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**ഭൂഗർഭജല സംരക്ഷണം**

28(*88) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവിൽ ഗണ്യമായ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ ഭൂജല സമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും, കേരള സംസ്ഥാന ഭൂജല വകുപ്പും

സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തുവരുന്നത്. ഓരോ വർഷവും മഴയിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും പരിപോഷണം ചെയ്യപ്പെടുകയും, ഭൂതലസ്രോതസ്സുകളിലൂടെ ലഭ്യമാവുകയും ചെയ്യുന്ന ഭൂജല സമ്പത്താണ് തിട്ടപ്പെടുത്തുന്നത്. തുടക്കത്തിൽ 5 വർഷം എന്ന രീതിയിലും പിന്നീട് 3 വർഷം, 2 വർഷം എന്ന രീതിയിലും പ്രസ്തുത കണക്കെടുപ്പ് നടത്തിയിട്ടുള്ളതാകുന്നു. നിലവിൽ വർഷത്തിൽ ഒരിക്കൽ പ്രസ്തുത കണക്കെടുപ്പ് നടത്തുന്നു.

(ബി) പ്രളയത്തിൽ മേൽ മണ്ണ് ഒലിച്ചുപോയതിനാൽ വെള്ളം സംഭരിക്കുന്നതിൽ മണ്ണിന്റെ ശേഷി കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള പ്രത്യേക പഠനം ഭൂജല വകുപ്പ് മുഖേന നടത്തിയിട്ടില്ല.

(സി) വേനലിൽ താപനില നാൽപ്പത് ഡിഗ്രി സെൽഷ്യസ് കടക്കാൻ സാധ്യതയുള്ളതിനാൽ ജല ഉപയോഗം നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. ജലഉപയോഗം നിയന്ത്രിക്കുവാനായി ജലം ദുരുപയോഗം ചെയ്യാതിരിക്കുന്നതിനും, ചോർച്ചകൾ പെട്ടെന്ന് കണ്ടുപിടിച്ച് പരിഹരിക്കുന്നതിനും, ബ്ലൂബ്രിഗേഡ് സംവിധാനത്തിലൂടെ അടിയന്തിര ചോർച്ചകൾ പരിഹരിക്കാനും, വാൽവുകൾ നിയന്ത്രിച്ച് ജലവിതരണം കാര്യക്ഷമമാക്കുവാനും, ജലദുരുപയോഗം ശ്രദ്ധയിൽപെട്ടാൽ തെഫ്റ്റ് സ്ക്വാഡ് മുഖേന പിഴ ഈടാക്കുന്ന നടപടികളും ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്. വേനൽക്കാലത്ത് ജല ഉപയോഗം നിയന്ത്രിക്കുവാൻ ബോധവൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ജലനിധി പദ്ധതികൾ നടപ്പിലാക്കിയപ്പോൾ തന്നെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിനും യുക്തിസഹമായ ജലവിനിയോഗത്തിനും ഉള്ള ബോധവത്ക്കരണം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ജലനിധി പദ്ധതികളുടെ നടത്തിപ്പും പരിപാലനവും

ബന്ധപ്പെട്ട ഗുണഭോക്തൃ സമിതികളുടെ ചുമതലയിലാണ് നടക്കുന്നത്. അതിനാൽ ജല ഉപയോഗ നിയന്ത്രണം സമിതികൾ തന്നെ ഉറപ്പുവരുത്തുന്നതാണ്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവ് പ്രകാരം 2019 വർഷത്തിലെ കടുത്ത വേനൽ സമയത്ത് ഭൂജലാധിഷ്ഠിത കുപ്പിവെള്ള കമ്പനികളുടെ ഭൂജല ഉപയോഗം 75% ആക്കികുറച്ചിരുന്നു. കൂടാതെ കുഴൽ കിണർ നിർമ്മാണത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജില്ലകളിലെ വേനലിന്റെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് ദുരന്ത നിവാരണ അതോറിറ്റി നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന മുറക്ക് ഭൂജല വകുപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഭൂഗർഭജല സംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഭൂജല സംരക്ഷണം ഉറപ്പുവരുത്താൻ 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പദ്ധതി സംസ്ഥാനത്ത് ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. തുറന്ന കിണർ കുഴൽ കിണർ റിച്ചാർജ് പിറ്റ് വഴിയുള്ള റീച്ചാർജ്

പദ്ധതികൾ, ചെറിയ തടയണകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ ഈ പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്യുന്നു. കേരളത്തിലെ അമിത ചൂഷിത, ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി പൂർത്തീകരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചുവരുന്ന ജൽശക്തി അഭിയാൻ - ക്യാച്ച് ദി റെയിൻ പ്രോഗ്രാമ്മും സംസ്ഥാനത്തു വിപുലമായി നടപ്പിലാക്കി വരുന്നു.

ജലനിധി പദ്ധതിയിൽ ഭൂഗർഭജല സംരക്ഷണം ഉറപ്പാക്കാൻ ഭൂജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്. സാമൂഹിക ഉടമസ്ഥതയിലുള്ള കുടിവെള്ള പദ്ധതികളിൽ

പ്രവർത്തനം മന്ദീഭവിച്ചിട്ടുള്ളവ കണ്ടെത്തി സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി (സുസ്ഥിരതാ പദ്ധതി) പ്രവർത്തനസജ്ജമാക്കുന്നുണ്ട്. ഇത്തരം പദ്ധതികളിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ (ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ) എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നീതി ആയോഗ് നടത്തിയ സെമിനാർ**

29(*89) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ടി. പി .രാമകൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) നിതി ആയോഗിന്റെ നേതൃത്വത്തിൽ സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സംസ്ഥാനത്ത് സെമിനാർ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ വിശദമാക്കാമോ?

സമുദ്ര മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി നീതി ആയോഗിന്റെ നേതൃത്വത്തിൽ, 2024 ജനുവരി 5-ാം തീയതി കൊച്ചിയിലെ സി.എം.എഫ്.ആർ.ഐ.-യിൽ വച്ച് 'Harnessing the potential of fisheries in marine states' എന്ന ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. സമുദ്രമത്സ്യമേഖലയിലെ വികസന സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനും വിവിധ സംസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികൾ സംയുക്തമായി ചർച്ച ചെയ്യാനും, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമായാണ് നീതി ആയോഗിന്റെ നേതൃത്വത്തിൽ കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിലെയും തീരദേശ സംസ്ഥാനങ്ങളിലെയും ഉന്നതതല ഉദ്യോഗസ്ഥർ പങ്കെടുത്തുകൊണ്ട് സെമിനാർ സംഘടിപ്പിച്ചത്. നീതി ആയോഗ്, കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി. എം. എഫ്.

ആർ. ഐ), സംസ്ഥാന ഫിഷറീസ് വകുപ്പ് എന്നിവർ സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്. സമുദ്ര മേഖലയിൽ സുസ്ഥിരമായ മാർഗ്ഗങ്ങളിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനും സംസ്ഥാനങ്ങൾ തമ്മിലുള്ള കൂട്ടായ ശ്രമങ്ങളും പരസ്പര സഹകരണവുമാണ് ടി സെമിനാറിൽ ലക്ഷ്യമിട്ടത്.

സി. എം. എഫ്. ആർ. ഐ.-യിൽ നടന്ന സെമിനാറിൽ നീതി ആയോഗ് വൈസ് ചെയർമാൻ ശ്രീ. സുമൻ ബെറി, നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ്, ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, നീതി ആയോഗ് ജോയിന്റ് സെക്രട്ടറി ശ്രീ. കെ എസ് റെജിമോൻ, നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ. നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, നീതി ആയോഗ് സീനിയർ കൺസൾട്ടന്റ് ഡോ. ബബിത സിങ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ തുടങ്ങി കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ഗവേഷകർ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, സീ

ഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരടങ്ങുന്ന ഉന്നതതല സംഘം പങ്കെടുത്തു. കേരളത്തിന് പുറമെ, പശ്ചിമ ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും, ആൻഡമാൻ-നിക്കോബാറിൽ നിന്നുമുള്ള പ്രതിനിധികളും ദേശീയ സെമിനാറിൽ പങ്കെടുത്തു.

ഓരോ സംസ്ഥാനങ്ങളും സമുദ്ര മത്സ്യ മേഖലയിലെ നിലവിലെ സ്ഥിതിഗതികൾ പങ്കുവെയ്ക്കുകയും നിലവിലെ വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും സെമിനാറിൽ ചർച്ച ചെയ്യപ്പെടുകയും സുസ്ഥിര വളർച്ചയ്ക്ക് ആവശ്യമായ ഭാവി നിർദേശങ്ങൾ സെമിനാറിൽ രൂപം നൽകുകയും ചെയ്തു. ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാര ബന്ധം, കയറ്റുമതി, മത്സ്യബന്ധനം, സീഫുഡ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയവയും പ്രസ്തുത സെമിനാറിൽ ചർച്ച ചെയ്തു.

(ബി) സെമിനാറിന്റെ വിലയിരുത്തലുകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

സമുദ്രമത്സ്യമേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്നും വികസനത്തിന് ആക്കംകൂട്ടുന്നതിൽ സാങ്കേതികവിദ്യകൾക്ക് വലിയ പങ്കുണ്ടെന്നും മത്സ്യത്തിനുള്ള ആവശ്യകത വർദ്ധിക്കുന്ന സാഹചര്യത്തിൽ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആവശ്യമാണെന്നും സെമിനാറിൽ നീതി ആയോഗ് വൈസ് ചെയർമാൻ ശ്രീ. സുമൻ ബെറി അഭിപ്രായപ്പെട്ടു. മത്സ്യമേഖലയിലെ വളർച്ചയുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമാണുള്ളതെന്ന് നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് ചൂണ്ടിക്കാട്ടി. വളർച്ചാനിരക്കിൽ ഒട്ടുമിക്ക തീരദേശ സംസ്ഥാനങ്ങളേക്കാളും ആന്ധ്രാപ്രദേശ് വളരെ മുന്നിലാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുടെ മൊത്തം മത്സ്യോൽപാദനത്തേക്കാൾ 50 ശതമാനം മുകളിലാണ് ആന്ധ്രപ്രദേശിലെ മത്സ്യോൽപാദനം. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന് ശ്രമങ്ങളുണ്ടാകണം. മത്സ്യ ആവശ്യകത 2012 മുതൽ 2022 വരെയുള്ള ദശകത്തിൽ മുൻ ദശകത്തേക്കാൾ ഒരു മടങ്ങ് വർധിച്ചിട്ടുണ്ട്.

മൂല്യവർധിത ഉൽപാദനത്തിലും സംസ്കരണത്തിലും കൂടുതൽ ശ്രദ്ധിക്കുന്നതിലൂടെ കയറ്റുമതിയിൽ മെച്ചമുണ്ടാക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മികച്ച സാധ്യതകളുള്ള ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ശ്രമങ്ങൾ വേണം. മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന രംഗത്ത് തൊഴിൽനൈപുണ്യം വികസിപ്പിക്കുന്നതിനും പദ്ധതികൾ വേണമെന്നും സെമിനാറിൽ പങ്കെടുത്ത വിദഗ്ധർ അഭിപ്രായപ്പെട്ടു.

(സി) ഏതെല്ലാം സംസ്ഥാനങ്ങളുടെ പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തിട്ടുണ്ടെന്നും മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി എന്തെല്ലാം നിർദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കേരളം, പശ്ചിമ ബംഗാൾ, ഒറീസ്സ, ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ തീരദേശ സംസ്ഥാനങ്ങളിൽ നിന്നും, ആൻഡമാൻ-നിക്കോബാറിൽ നിന്നും ഉള്ള പ്രതിനിധികൾ സെമിനാറിൽ പങ്കെടുത്തിട്ടുണ്ട്. മത്സ്യത്തിനുള്ള ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് മത്സ്യസമ്പത്തിന്റെ ഉല്പാദനക്ഷമത

വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിലുള്ള നിർമ്മിതബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് സെമിനാറിൽ നിർദ്ദേശമുണ്ടായി.

സെമിനാറിൽ ഉരുത്തിരിഞ്ഞ പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

1. സുസ്ഥിര മാർഗ്ഗങ്ങൾ അവലംബിച്ച് കടൽ മത്സ്യകൃഷി (മാരികൾച്ചർ) കാര്യക്ഷമമാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
2. കടലിൽ നിന്നും ലഭ്യമാകുന്ന മത്സ്യത്തിന്റെ അളവ് നിശ്ചയിക്കുന്നതിനും മത്സ്യബന്ധന യാനങ്ങളുടെ സ്ഥാനം നിശ്ചയിക്കുന്നതിനുമായി നിർമ്മിത ബുദ്ധി (Artificial Intelligence) പ്രയോജനപ്പെടുത്തി യാന്ത്രിക സംവിധാനങ്ങൾ നടപ്പിലാക്കുക.
3. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം മത്സ്യവിഭവങ്ങളെ കൂടുതലായി കണ്ടെത്താമെന്നതിന് ആവശ്യമായ ഗവേഷണ പദ്ധതികൾ ആവിഷ്കരിക്കുക.
4. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നിർദ്ദിഷ്ട നയ-മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച്, സാമ്പത്തികക്ഷമതക്ക് വ്യക്തമായ ഊന്നൽ നൽകി ആഴക്കടൽ മത്സ്യബന്ധനത്തിന് മേൽനോട്ടം വഹിക്കുന്നതിന് ഒരു സ്ഥിര സംവിധാനം സ്ഥാപിക്കാനും ശിപാർശ ചെയ്യപ്പെട്ടു.

5. മെസോപെലാജിക് (സമുദ്രത്തിൽ 200 മുതൽ 1000 മീറ്റർ വരെ ആഴമുള്ള സോണിലെ) മത്സ്യവിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ കണക്കാക്കുകയും സാധ്യതകൾ പര്യവേഷണം ചെയ്യുകയും ചെയ്യുക.

6. അപകട ഇൻഷ്വറൻസ്, മത്സ്യബന്ധന യാന ഇൻഷ്വറൻസ് എന്നിവ ശക്തിപ്പെടുത്തുകയും തീരദേശത്തെ സ്ഥാവര ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യുക.

7. ലക്ഷദ്വീപിലെ ലൈവ് ബെയ്റ്റ് (ജീവനുള്ള ഇര) ഫിഷറിയുടെ പരിപാലനത്തോടൊപ്പം ദ്വീപിന്റെ ആവാസവ്യവസ്ഥയും മത്സ്യബന്ധന മേഖലയുടെ ആസൂത്രിത വികസനത്തിനും മൂല്യ ശൃംഖല വികസനത്തിനും (Value chain development) കൂടുതൽ ശ്രദ്ധ നൽകുക.

8. തീരക്കടലിൽ നടന്നുകൊണ്ടിരിക്കുന്ന കൃത്രിമ പാര് സ്ഥാപിക്കൽ തീവ്രമാക്കുകയും സ്ഥാപിക്കുന്നവയുടെ ഫലപ്രാപ്തി തുടർച്ചയായി വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

### പുനർഗേഹം പദ്ധതി

30(*90) <u>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>
<u>ഡോ. സുജിത് വിജയൻപിള്ള</u>

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത് എന്തെല്ലാം പദ്ധതികളാണ്; വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പ് മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പാക്കുന്നതിന് മുൻ കാലങ്ങളിൽ ഭവന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നിലവിൽ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നത്.

കൂടാതെ സംസ്ഥാനത്തെ ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് ഭവന പദ്ധതികളൊന്നും നിലവിൽ

ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നില്ല. ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ ധനസഹായം നിലവിൽ നൽകിവരുന്നത്.

(ബി) പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കി ഗുണഭോക്താകൾക്ക് കൈമാറുവാൻ കഴിയുമെന്നും വിശദമാക്കുമോ?

(ബി & സി) ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിതാമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

പദ്ധതി പ്രകാരം മാറിതാമസിക്കുവാൻ സന്നദ്ധരായ 8845 കുടുംബങ്ങളെയാണ് ആദ്യഘട്ടമായി പരിഗണിക്കുന്നത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് പുതിയ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു കഴിഞ്ഞു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20-ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128-ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114-ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ

(400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

ജില്ലാതല സമിതിയുടെ അംഗീകാരം ലഭിച്ച 4325 പേരിൽ 3555 പേർ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയ 3555 പേരിൽ 2211 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

ആകെ മാറിതാമസിക്കുന്നതിന് സന്നദ്ധരായ 8845 പേരിൽ 5132 പേർക്ക് വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലും ആയി ഇതിനോടകം പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെ കൂടി വരും വർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31.03.2025-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**പട്ടികജാതി കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ നടപടി**

1 (806) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

ഭൂരഹിത-ഭവനരഹിതർ - 755

ഭവനരഹിതർ - 563

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട അർഹരായ 244 ഭവനരഹിതർക്ക് ഭവനനിർമാണ ധനസഹായം നൽകിയിട്ടുണ്ട്.

ഭൂരഹിത ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ 40 ഗുണഭോക്താക്കൾക്ക് ഭൂമിയും അതിൽ 17 പേർക്ക് ഭവനനിർമ്മാണ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

**സേഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി**

2 (807) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി ആവിഷ്കരിച്ച സേഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതി ജില്ല തിരിച്ച് വിശദമാക്കാമോ?

സേഫ് പദ്ധതിയുടെ പ്രവർത്തന പുരോഗതിയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

2023-24 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സേഫ് പദ്ധതിയിൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

**എസ്.സി.-എസ്.ടി. വിഭാഗത്തിന് ഭവന നിർമ്മാണത്തിന് അനുവദിച്ച തുക**

3 (808) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഓരോ വർഷവും എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര വീടുകൾ വച്ച് നൽകി എന്നും ഇതിനായി ഓരോ വർഷവും എത്ര തുക നൽകി എന്നും വർഷം തിരിച്ച് കണക്ക് നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതി (സേഫ് പദ്ധതി)**

4 (809) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന പുനരുദ്ധാരണത്തിന് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയുള്ളതും 2010 ഏപ്രിൽ 1-ന് ശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും, 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളതും 2010 ഏപ്രിൽ 1-നുശേഷം നിർമ്മിച്ചതുമായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുമാണ് സേഫ് പദ്ധതിപ്രകാരം ഭവന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നത്. വീട് അപേക്ഷകന്റെയോ, ഭാര്യ/ഭർത്താവിന്റെയോ പേരിൽ ആയിരിക്കണം. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനോ, ഭവന പുനരുദ്ധാരണത്തിനോ, ഭവന പൂർത്തീകരണത്തിനോ സർക്കാർ ധനസഹായം ലഭിച്ചവരെയും, മുൻ വർഷങ്ങളിൽ അനുവദിച്ച ധനസഹായത്തിന്റെ അവസാന ഗഡു 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയവരെയും ടി പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 2006 ഏപ്രിൽ 1-നും 2010 ഏപ്രിൽ 1-നുമിടയിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കാൻ കഴിയുമെന്ന് അക്രഡിറ്റഡ് എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തുന്നതുമായ വീടുകളെക്കൂടി സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫണ്ടുകൾ ലൈഫ് പാർപ്പിട പദ്ധതിയുടെ ഭാഗമാക്കി മാറ്റിയ സാഹചര്യത്തിൽ അർഹരായ മുഴവൻ പേർക്കും വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം

അനുവദിക്കാൻ കഴിയാതെ വരുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലൈഫ് പദ്ധതിക്കായി പ്രത്യേകം ശീർഷകത്തിൽ നിന്നുമാണ് വിഹിതം അനുവദിക്കുന്നത്. എന്നാൽ വീടുകളുടെ നവീകരണത്തിന് വകയിരുത്തുന്ന ഫണ്ട് മറ്റൊരു ശീർഷകത്തിൽ നിന്നുമാണ്. ഫണ്ടിന്റെ കുറവുണ്ട്.

(സി) വർഷങ്ങൾക്ക് മുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗികമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗികമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് സേഫ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം ഭൂരിഭാഗവും പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ലൈഫ് ഭവന പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെയായി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(എഫ്) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് നേരിട്ട് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാനായി അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭവനപുനരുദ്ധാരണവും, ഭവനപൂർത്തീകരണവും ലക്ഷ്യമാക്കിയാണ് സേഫ് പദ്ധതി നടപ്പിലാക്കി വരുന്നത്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ**

5 (810) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇത്തരം പദ്ധതികളിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി)ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ ഏറ്റവും അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്ന തരത്തിൽ അർഹതാമാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് തല ഓഡിറ്റ് - വിജിലൻസ് സംവിധാനങ്ങളും ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്തുടനീളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ക്ഷേമ പദ്ധതികളിൽ അനർഹർ കടന്നു കൂടിയതായി ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലതിരിച്ചും പദ്ധതി തിരിച്ചും വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനർഹർക്ക് ആനുകൂല്യങ്ങൾ നൽകി അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട സഹായങ്ങൾ നിഷേധിച്ചതിന് ഉത്തരവാദികളായ എത്ര

ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

അനർഹർക്ക് ആനുകൂല്യങ്ങൾ നൽകി അർഹതപ്പെട്ടവർക്ക് സഹായങ്ങൾ നിഷേധിച്ചെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നിലമ്പൂർ വനത്തിലെ ആദിവാസി പുനരധിവാസ പദ്ധതി**

6 (811) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ വനത്തിലെ ആദിവാസി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി)വനഭൂമിയിലുള്ളതും പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്,

ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പ് മുഖേന അനുയോജ്യമായ ഭൂമി കണ്ടെത്തി ലഭിക്കുന്നതിനുള്ള കാലതാമസമാണ് പുനരധിവാസം വൈകുന്നതിന് കാരണമാകുന്നത്.

2018-ൽ ഉണ്ടായ പ്രളയത്തെത്തുടർന്ന് ഭൂമിയും വീടും നഷ്ടമായ 34 പട്ടികവർഗ്ഗ കുടുംബങ്ങളെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ നിന്നും വനം വന്യജീവി വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയ കണ്ണൻകുണ്ട് വനഭൂമിയിൽ 50 സെന്റ് വീതം നൽകി പുനരധിവസിപ്പിച്ചു. ടി ഭൂമിയിൽ വീടും, മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും 34 പേർക്കും വീട് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2019-ൽ പ്രളയത്തിൽ തകർന്ന പോത്തുകൽ ഗ്രാമപഞ്ചായത്തിലെ കവളപ്പാറ കോളനിയിലെ 32 പട്ടികവർഗ്ഗകുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിന് ഭൂമി വാങ്ങിയതിനും ഭവന നിർമ്മാണത്തിനുമായി 12 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

പോത്തുകൽ ഗ്രാമപഞ്ചായത്തിലെ ചളിക്കൽ കോളനിയിൽ താമസിച്ചിരുന്ന 34 പട്ടികവർഗ്ഗ കുടുംബങ്ങളെ 2019-ലെ പ്രളയത്തെ തുടർന്ന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ലാന്റ് ബാങ്ക് പദ്ധതി പ്രകാരം മലച്ചി ചെമ്പൻകൊല്ലിയിൽ വാങ്ങിയ 5.26 ഏക്കർ സ്ഥലത്ത് പുനരധിവസിപ്പിക്കുകയും, ഫെഡറൽ ബാങ്കിന്റെ സി.എസ്.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി 34 വീടുകൾ നിർമ്മിക്കുകയും, എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി കോളനിക്കുള്ളിൽ നടപ്പാത നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

മേൽപ്പറഞ്ഞ കോളനികളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് ഉപയോഗിച്ച് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനഭൂമിയിലുള്ളതും മറ്റ് പ്രളയ-പ്രകൃതിക്ഷോഭ ബാധിത കോളനികളുമായ വെറ്റിലക്കൊല്ലി, മുണ്ടക്കടവ്-പുലിമുണ്ട, തണ്ടൻകല്ല്,

ഇരുട്ടുകുത്തി, വാണിയമ്പുഴ, തരിപ്പപ്പൊട്ടി, കുമ്പളപ്പാറ എന്നിവിടങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൂടാതെ മലപ്പുറം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിന് കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 176.1 ഏക്കർ ഭൂമി കൂടി 22-01-2024-ന് നിലമ്പൂരിൽ നടന്ന ഭൂമി വിതരണം ചടങ്ങിൽവച്ച് ഒന്നാം ഘട്ടമായി 570 ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ ഭൂമിയിൽ വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതിയുടെ പുരോഗതി**

7 (812) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 674 അപേക്ഷകളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ 8 അപേക്ഷകളും നാളിതുവരെ ലഭ്യമായിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കും; വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 37 പേർക്കും, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8 പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ അവശേഷിക്കുന്ന അപേക്ഷകൾ കൂടി പരിഗണിക്കുന്നതാണ്.

(സി) നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷം ഒന്നാം ഗഡുവായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട 31 പേർക്ക് 15,50,000/- രൂപയും, 27 പേർക്ക് രണ്ടാം ഗഡുവായി 27,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിൽ സ്പിൽ ഓവറായി

2023-24 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി 4 പേർക്ക് 4,00,000/ രൂപയും അവസാന ഗഡുവായി 3 പേർക്ക് 1,50,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തെ പുതിയ ടാർജറ്റ് പ്രകാരം 30 പേർക്ക് ഒന്നാം ഗഡുവായി 15,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 8 പേർക്ക് ഒന്നാം ഗഡുവായി 50,000/- രൂപ വീതം ആകെ 4,00,000/-രൂപ അനുവദിച്ചിട്ടുണ്ട്.

**മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിർമ്മിച്ച നൽകിയ വീടുകൾ**

8 (813) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകുപ്പ് മുഖേന 516 വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് 14,79,11,094/-രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പാക്കിയതുമുതൽ മണ്ഡലത്തിൽ നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വിശദമാക്കാമോ?

ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | വീടുകളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| ലൈഫ് മിഷൻ ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) | 3277 | 51,16,51,446/- രൂപ |
| ലൈഫ് മിഷൻ രണ്ടാം ഘട്ടം | 72 | 4,32,00,000/- രൂപ |
| ലൈഫ് മിഷൻ മൂന്നാം ഘട്ടം | 22 | 1,32,00,000/- രൂപ |
| അഡീഷണൽ ലിസ്റ്റ് | 74 | 44,40,000/- രൂപ |

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചുനൽകാനുള്ള അപേക്ഷകൾ ലൈഫ് മിഷന്റെ പരിഗണനയിലുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ?

മണ്ണാർക്കാട് മണ്ഡലത്തിലെ 2912 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ അപേക്ഷകൾ ലൈഫ് മിഷന്റെ പരിഗണനയിലുണ്ട്.

**പട്ടാമ്പി മണ്ഡലത്തിലെ അംബേദ്കർ കോളനികൾ**

9 (814) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ എത്ര കോളനികളെയാണ് അംബേദ്കർ പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്; ഓരോ കോളനികൾക്കും എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ കോളനികളുടെ നവീകരണം സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ അവലോകനം ചെയ്യുന്നതിനായി മന്ത്രി തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ജില്ലാതലത്തിലും അവലോകന യോഗങ്ങൾ ചേരുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ (ചെയർമാൻ) അവലോകനം നടത്തുന്നുണ്ട്.

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

10 (815) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിലെ പൊറ്റേത്തറ കോളനിയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം

അനുവദിച്ച ഒരു കോടിരൂപയിൽ എത്ര രൂപ ചെലവാക്കിയെന്ന് വിശദമാക്കാമോ?

24,10,296/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ബാക്കി വന്ന തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് ഉണ്ടായിട്ടും ടി തുക ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) റോഡുകളും മറ്റും ഇല്ലാത്തതിന്റെ ഭാഗമായി ടി പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് തുടർ നിർമ്മാണത്തിന് യഥാസമയം ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. 2016-17-ൽ തെരഞ്ഞെടുക്കപ്പെട്ട കോളനിയായതിനാൽ പൊറ്റേത്തറ കോളനിയിലെ ശേഷിക്കുന്ന പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനും അംബേദ്കർ ഗ്രാമം പദ്ധതി നിലവിലെ

അവസ്ഥയിൽ അവസാനിപ്പിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള റോഡ് പ്രവൃത്തി NABARD-RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നത് പരിശോധിച്ചു വരുന്നു.

**ദേവികുളം മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

11 (816) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

അനുബന്ധം (1) ആയി ചേർക്കുന്നു.+

(ബി) ഇവയിൽ ഏതൊക്കെ കോളനികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കാമോ?

അനുബന്ധം (2) ആയി ചേർക്കുന്നു.+

**മലമ്പുഴ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

12 (817) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ?

കുന്നംകാട് കോളനി, കള്ളാന്തോട് കോളനി (2021-22) എന്നിവയെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നീ വിശദാംശം ലഭ്യമാക്കാമോ?

കുന്നംകാട് കോളനിയുടെ പ്രവൃത്തി പൂർത്തീകരിച്ച് 97,74,138/-രൂപ അനുവദിച്ചിട്ടുണ്ട്. കള്ളാന്തോട് കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി**

13 (818) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയാണ്; പ്രസ്തുത കോളനികളിലെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മുൻ സർക്കാരിന്റെ കാലത്ത് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

ഉണ്ട്. നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള അലംഭാവം സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മഞ്ചേരി നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോളനി വികസന പദ്ധതികളിലുൾപ്പെടാത്ത പട്ടികജാതി കോളനികളുടെ വികസനം**

14 (819) **<u>ശ്രീ. മഞ്ഞളാംകുഴി അലി</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിലോ മറ്റേതെങ്കിലും കോളനി വികസന പദ്ധതികളിലോ നാളിതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത നിരവധി കോളനികൾ ഉണ്ടെന്നുള്ള കാര്യം പട്ടികജാതി വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോളനികളിലാണ് വകുപ്പിന്റെ കോളനി വികസന പദ്ധതി നാളിതുവരെ നടപ്പിലാക്കാത്തത്; ഓരോ കോളനിയിലും ഏകദേശം എത്ര

കുടുംബങ്ങൾക്കാണ് സർക്കാരിന്റെ വിവിധ കോളനി വികസന പദ്ധതികളുടെ പ്രയോജനം നാളിതുവരെ ലഭ്യമാകാത്തത്; വ്യക്തമാക്കുമോ;

(ബി) കോളനി വികസന പദ്ധതികളിലൊന്നും ഉൾപ്പെട്ടിട്ടില്ലാത്ത പ്രസ്തുത കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയല്ലാതെ എന്തെല്ലാം സഹായമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി കോളനി നവീകരണ പ്രവൃത്തികൾ പ്രധാനമായും നടപ്പിലാക്കുന്നത് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുടെ വാർഷിക പദ്ധതികളിലുൾപ്പെടുത്തിയാണ്. എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണിത്. അപ്രകാരം പല കോളനികളിലും നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ പദ്ധതികളായ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് പദ്ധതി എന്നീ പദ്ധതികളിലുൾപ്പെടുത്തിയും കോളനികൾ നവീകരിക്കുന്നുണ്ട്. അങ്ങാടിപ്പുറം, മൂർക്കനാട്, മക്കരപ്പറമ്പ്

ഗ്രാമപഞ്ചായത്തുകളിൽ നാളിതുവരെ അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിയിട്ടില്ല. മങ്കട മണ്ഡലത്തിൽ കോളനി നവീകരണ പ്രവൃത്തികളുടെ പ്രയോജനം ലഭിച്ചിട്ടില്ലാത്തത് ഏകദേശം 1767 കുടുംബങ്ങൾക്കാണ്.

(സി) പട്ടികജാതി വികസന വകുപ്പിന്റെ വികസന പദ്ധതികൾ നാളിതുവരെ ലഭ്യമാകാത്ത കോളനികളുടെയും പ്രദേശങ്ങളുടെയും മുൻഗണന നിശ്ചയിച്ച് സഹായപദ്ധതികൾ ഉറപ്പ് വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

15 (820) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ പഴയകളം കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കിയ എസ്റ്റിമേറ്റിന് 16-12-2023-ൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ താമസിയാതെ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദാംശം നൽകുമോ?

ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡാണ് നിർവ്വഹണ ഏജൻസി. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

**വടക്കാഞ്ചേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി**

16 (821) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ 2023-24 കാലഘട്ടത്തിൽ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം**

17 (822) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം എന്നിവയില്ലാത്തിടത്ത് ഒരു വർഷത്തിനകം ഈ സൗകര്യങ്ങൾ ലഭ്യമാക്കും എന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളും ഇവ എന്നത്തേയ്ക്ക് പൂർത്തികരിക്കുവാനാകും എന്നത് സംബന്ധിച്ചുമുള്ള വിശദാംശം നൽകാമോ ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി, ഇന്റർനെറ്റ്, ഗതാഗത സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വൈദ്യുതി</u>

സംസ്ഥാനത്ത് വൈദ്യുതീകരിക്കാനുള്ളതായി കണക്കാക്കിയിരുന്ന ആകെ 84 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പാലക്കാട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 9 കോളനികൾ 2022-23 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കെ.എസ്.ഇ.ബി. മുഖേന വൈദ്യുതീകരിച്ചിട്ടുണ്ട്.

സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിന് KSEB, അനെർട്ട് എന്നിവർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.-ക്ക് സാധ്യമാകുന്ന 19 കോളനികൾ വൈദ്യുതീകരിക്കുന്നതിന് ലഭ്യമാക്കിയ 21.08 കോടി രൂപയുടെ പ്രൊപ്പോസലിൽ 20 ശതമാനം തുകയായ 4.22 കോടി രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ 5 ജില്ലകളിലെ 30 കോളനികളിലായി സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി ANERT 3697.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മഞ്ചേരി, മുണ്ടകൊല്ലി എന്നീ രണ്ട് കോളനികളിൽ സോളാർ വൈദ്യുതീകരണം പി.വി.റ്റി.ജി. വിഭാഗക്കാർക്ക് വേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ PM JANMAN പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ANERT-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള

കോളനികളുടെ ഫീസിബിലിറ്റി പരിശോധിച്ച് മേൽനടപടി സ്വീകരിച്ച് വരുന്നു.

<u>ഇന്റർനെറ്റ്</u>

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ 4G കണക്റ്റിവിറ്റിയില്ലായെന്ന് കണ്ടെത്തിയതും വനം വകുപ്പിന്റെ അനുമതി ആവശ്യമായതുമായ 164 പ്രദേശങ്ങളിൽ നിലവിൽ 158 എണ്ണത്തിൽ 4G കണക്റ്റിവിറ്റി ലഭ്യമാക്കുന്നതിന് വനം വകപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ഇടമലക്കുടിയിലെ കോളനികളിൽ 430.74727 ലക്ഷം രൂപ ചെലവഴിച്ച് ഡിജിറ്റൽ കണക്റ്റിവിറ്റി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഗതാഗതം</u>

തിരുവനന്തപുരം ജില്ലയിൽ വിതുര ഗ്രാമപഞ്ചായത്തിലെ കളിയിക്കൽ, അമ്പൂരി ഗ്രാമ പഞ്ചായത്തിലെ പീയണിപ്പാറ, കല്ലുപാറ റോഡ് നിർമ്മാണം, വെല്ലിയിൽ റോഡ് ഇന്റർലോക്ക് എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ പെരുവഴിക്കാല റോഡ് നിർമ്മാണത്തിനായി 46,99,186/- രൂപയും, രണ്ടാംമൈൽ റോഡ് നിർമ്മാണത്തിനായി 32,45,156/- രൂപയും, ചെറുകര കുന്നുംപുറം റോഡ് നിർമ്മാണത്തിനായി 44,10,548/- രൂപയും കൊച്ചരിപ്പ കോളനി റോഡ് നിർമ്മാണത്തിനായി 43,65,151/- രൂപയും അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ കുറുമ്പൻമൂഴി പട്ടികവർഗ്ഗ കോളനിയിൽ നടപ്പാത നിർമ്മാണത്തിനായി 4,92,253/- രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിലെ അണ്ണങ്ങുംപടി നടുഭാഗം കോളനി റോഡ് നിർമ്മാണത്തിനായി 64,582/- രൂപ അനുവദിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. മടുക്ക റ്റി.ആർ.ഡി.എം. കോളനിയിലെ 26 റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിലേയ്ക്ക് വകുപ്പ്

അനുവദിച്ച 3,37,400/- രൂപയുടെ പദ്ധതി കോരുത്തോട് ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കി വരുന്നു.

ഇടുക്കി ജില്ലയിലെ അഞ്ചാംമൈൽകുടി, കൊച്ച്കൊടകല്ല് കുടി, പന്തടിക്കളം, ചെമ്പട്ടിക്കുടി ഈച്ചാംപെട്ടി, കമ്മാളംകുടി, ഇരുട്ടളക്കുടി എന്നീ കോളനികളിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ വെള്ളിയാമറ്റം ഗ്രാമ പഞ്ചായത്തിലെ പൂച്ചപ്രകൊച്ചേരിക്കടവ് പാലം നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ പെട്ടിമുടി മുതൽ ഇഡലിപ്പാറ വരെയുള്ള 7.2 കി.മി റോഡ് നിർമ്മിക്കുന്നതിന് 13.7 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു.

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിത്തൊട്ടി പട്ടികവർഗ്ഗ കോളനിയിൽ ATSP പദ്ധതി പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ തളികക്കല്ല് കോളനി പാലം അപ്രോച്ച് റോഡ് പൂർത്തീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ പോത്തുകൽ ഗ്രാമപഞ്ചായത്തിലെ അപ്പൻകാപ്പ് കോളനിയിൽ പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ മരവയൽ കോളനി നടപ്പാത കോൺക്രീറ്റ്, മാരൻകുന്ന് പണിയ കടച്ചിക്കുന്ന് കോളനി നടപ്പാലം, നടപ്പാത കോൺക്രീറ്റ്, സൈഡ് കെട്ട് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കിലെ മാളപ്പാടി കാട്ടുനായ്ക്ക കോളനി നടപ്പാത കോൺക്രീറ്റ്, ഓടക്കുറ്റി കോളനി, പാലമൂല കോളനി റോഡ് കോൺക്രീറ്റ് എന്നിവ അടിയ-പണിയ പാക്കേജ്, കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

മാനന്തവാടി താലൂക്കിലെ അടിവാരം എലിമണി നടപ്പാത ടാറിംഗ്, പന്നിപ്പാട്, മരാടി കോളനി റോഡ് ടാറിംഗ്, കുറിച്യ കോളനി റോഡ് കോൺക്രീറ്റിംഗ്, ചോയിമൂല കോളനി റോഡ് കോൺക്രീറ്റിംഗ്, എടമുണ്ട

അരിമലചൂരുളി റോഡ് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

വെങ്ങലോട് കോളനി റോഡ് കോൺക്രീറ്റ്, സി.ആർ.എഫ്. റിംഗ് എന്നീ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു.

കണ്ണൂർ ജില്ലയിൽ എല്ലപ്പീടിക കോളനി മലാംപടി-റോഡ് കോൺക്രീറ്റിംഗ്, പൂളക്കുറ്റി മേലെ വെള്ളറ കോളനി നടപ്പാത കോൺക്രീറ്റിംഗ്, മുട്ടുമാറ്റി പണിയ കോളനി റോഡ് കോൺക്രീറ്റിംഗ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പെരുവ-കടൽക്കണ്ടം പാലം പുനർനിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

കാസർഗോഡ് ജില്ലയിൽ വീട്ടിയോടി ചാമുണ്ഡിക്കുന്ന് പടിഞ്ഞാറേ തുമ്പോടി എന്നീ റോഡുകൾ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ**

18 (823) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ ഏതൊക്കെ കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും ഓരോ കോളനികൾക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഏറ്റെടുത്ത കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ, അവയുടെ പുരോഗതി ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏറനാട് നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തി പൂർത്തീകരിച്ച കോളനികൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അഴീക്കോട് മണ്ഡലത്തിലെ അംബേദ്കർ പദ്ധതി കോളനികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

19 (824) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന അംബേദ്കർ പദ്ധതി കോളനികൾ ഏതൊക്കെയാണെന്നും അതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ; പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മണ്ഡലത്തിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ള അംബേദ്കർ പദ്ധതി കോളനികൾ ഏതൊക്കെയാണെന്നും, അവിടെ പദ്ധതിയുടെ ഭാഗമായി നടന്നിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**തിരൂരങ്ങാടി നഗരസഭ എസ്.സി. കോളനി നവീകരണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

20 (825) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി നഗരസഭയിലെ എസ്.സി. കോളനികളുടെ നവീകരണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ ?

(എ&ബി) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കണ്ണാടിത്തടം, കോട്ടുവാലക്കാട് കോളനികളെ 2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഫീസിബിൾ അല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഒന്നുകൂടി പരിശോധിക്കാൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

21 (826) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 'അംബേദ്കർ ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി, പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത പട്ടികജാതി സങ്കേതങ്ങൾ ഏതൊക്കെയെന്നും ഓരോ സങ്കേതത്തിനും എത്ര രൂപ വീതമാണ് അനുവദിച്ചതെന്നും എന്തൊക്കെ പദ്ധതികളാണ് ഈ സങ്കേതങ്ങളിൽ നടപ്പിലാകുന്നതെന്നും നിലവിലുള്ള പദ്ധതികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മട്ടന്നൂരിലെ അംബേദ്കർ ഗ്രാമ പദ്ധതി പ്രവർത്തനങ്ങൾ**

22 (827) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പടിയൂർ ഗ്രാമ പഞ്ചായത്തിലെ ചടച്ചിക്കണ്ടം, ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിലെ പന്നിയോട് കോളനികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

പടിയൂർ ഗ്രാമപഞ്ചായത്തിലെ ചടച്ചിക്കണ്ടം കോളനിയിലെ ഭവന പുനരുദ്ധാരണം 80% പൂർത്തിയായി. ഭവന നിർമ്മാണം 3-ൽ 2 എണ്ണം പൂർത്തിയായി. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് കോളനിയിലെ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയായ കണ്ണൂർ നിർമ്മിതി കേന്ദ്ര, പ്രസ്തുത പ്രവൃത്തി പി.എം.സി. ആയി നടപ്പാക്കാൻ കഴിയില്ലെന്നും നോൺ പി.എം.സി.-ആയേ നടപ്പാക്കാൻ കഴിയൂ എന്നും അറിയിച്ചിട്ടുള്ളതിനാൽ ആയത് പ്രകാരം സർക്കാർ അക്രഡിറ്റേഷനിൽ മാറ്റം വരുത്തുന്നതിനായുള്ള ഫയൽ പരിഗണിച്ചു വരികയാണ്.

**വർക്കല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രവർത്തനങ്ങൾ**

23 (828) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ (2016-21) കാലയളവിലും ഈ സർക്കാരിന്റെ കാലയളവിലും ഫണ്ട് അനുവദിച്ചത് എത്ര കോളനികൾക്കാണെന്ന് വിശദമാക്കാമോ; ഓരോ കോളനിയുടെയും പേര്, അനുവദിച്ച ഫണ്ട്, ഏത് വർഷം എന്നിവ വ്യക്തമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത കോളനികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത കോളനികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുനിക്കുന്ന് ലക്ഷം വീട് കോളനിയുടെ എസ്റ്റിമേറ്റിൽ ന്യൂനത ഉള്ളതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. വട്ടപ്ലാമൂട് കോളനിയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

24 (829) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവയുടെ പ്രവൃത്തികളിലെ പുരോഗതിയും വിശദമാക്കുമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ**

25 (830) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവികുളം മണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ ഉണ്ടെന്ന് അറിയിക്കുമോ; അവയുടെ പേരുകൾ ഏതൊക്കെയെന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിൽ 146 പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ ഉണ്ട്. അവയുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

(ബി) ഇവയിൽ ഏതൊക്കെ സെറ്റിൽമെന്റുകളിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് 2016 മുതൽ 2023 വരെയുള്ളത് വർഷം തിരിച്ച് വിശദമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കിയ സെറ്റിൽമെന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | സെറ്റിൽമെന്റ് |
|---|---|---|
| 1 | 2017-18 | കുറത്തികുടി |
| 2 | | കട്ടിമുടി |
| 3 | | നെല്ലിപ്പെട്ടികുടി |
| 4 | | ആട്ടുവിളന്താൻകുടി |
| 5 | | കൂടല്ലാർകുടി |
| 6 | | ചമ്പക്കാട്കുടി |
| 7 | | കോഴിയാളകുടി |
| 8 | | സിങ്കുകുടി |
| 9 | 2020-21 | തലനിരപ്പൻകുടി |
| 10 | | അഞ്ചാംമൈൽകുടി |
| 11 | | കൊച്ച്കൊടകല്ല്കുടി |
| 12 | | ഇരുട്ടളക്കുടി |
| 13 | | കമ്മാളംകുടി |
| 14 | | ചെറുവാട്കുടി |
| 15 | | ഈച്ചാംപെട്ടി |
| 16 | | ചെമ്പട്ടിക്കുടി |

| | | |
|---|---|---|
| 17 | | പന്തടിക്കളം |
| 18 | | ഇടലിപ്പാറക്കുടി |
| 19 | 2022-23 വർഷം പുതുതായി തെരഞ്ഞെടുത്ത കോളനികൾ | വേലിയംപാറക്കുടി |
| 20 | | തലമാലിക്കുടി |
| 21 | | പാളപ്പെട്ടിക്കുടി |
| 22 | | സാന്റോസ് കുടി |

**പരപ്പനങ്ങാടിയിലെ പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികൾ**

26 (831) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ അയ്യങ്കാളി, നഗരയിൽ കറി എന്നീ പട്ടികജാതി കോളനികളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ നടക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**നെല്ലിക്കാപ്പൊയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി**

27 (832) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം നഗരസഭയിലെ നെല്ലിക്കാപ്പൊയിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ നേരത്തെ അംഗീകാരം ലഭിച്ച റോഡ് പ്രവൃത്തിക്ക് പകരം മറ്റൊരു റോഡ് പ്രവൃത്തി ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമവികസന പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

28 (833) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനികളിലെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടക്കൽ മണ്ഡലത്തിൽ നിന്നും പ്രസ്തുത കോളനികളെ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത കോളനികളെ നടപ്പ് സാമ്പത്തിക വർഷം അംബേദ്ക്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പൂവത്തുംതറ പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മണ്ണഴി കോട്ടപ്പുറം നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**അംബേദ്കർ ഗ്രാമ വികസന പദ്ധതികളുടെ പുരോഗതി**

29 (834) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന ഏജൻസികളുടെ പ്രവർത്തനങ്ങളും പ്രവൃത്തികളുടെ ഗുണമേന്മയും വിലയിരുത്താറുണ്ടോ?

(എ&ബി) ഉണ്ട്.

(സി) ഏജൻസികൾക്ക് സമയബന്ധിതമായി പണം നൽകാത്തതും ട്രഷറി നിയന്ത്രണങ്ങളും പദ്ധതി പ്രവർത്തനം മന്ദഗതിയിലാക്കുന്നു എന്ന

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 വർഷം അനുവദിച്ച ചീക്കോട് ഗ്രാമപഞ്ചായത്തിലെ പാലപ്പറമ്പ് പട്ടികജാതി കോളനിയിലേക്കുള്ള പദ്ധതിയുടെ ഭരണാനുമതിയും മറ്റും വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

പ്രസ്തുത കോളനിയിലെ പദ്ധതിയുടെ ഡി.പി.ആർ.- ലെ ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അംബേദ്കർ ഗ്രാമ വികസന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

പദ്ധതി നിർവ്വഹണത്തിലെ അപാകതകളും കാലതാമസവും പരിഹരിക്കുന്നതിനായി മാർഗ്ഗരേഖകൾ പരിഷ്കരിച്ച് സമഗ്രമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അട്ടപ്പാടി ശിശുമരണം**

30 (835) **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ഡോ. മാത്യു കുഴൽനാടൻ:**
**ശ്രീ. ചാണ്ടി ഉമ്മൻ:**
**ശ്രീ. റോജി എം. ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കുഞ്ഞുങ്ങളുടെ മരണങ്ങളെല്ലാംതന്നെ ജന്മനാലുള്ള അസുഖങ്ങളോ, മുലയൂട്ടുമ്പോൾ അനുഭവപ്പെടുന്ന ശ്വാസതടസ്സം മൂലമോ ആണ് സംഭവിച്ചിട്ടുള്ളതെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അട്ടപ്പാടിയിൽ കുറുക്കത്തിക്കല്ലിൽ പാർവതി-ധനുഷ് ദമ്പതികളുടെ 3 മാസം പ്രായമുള്ള കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിലെ കുറുക്കത്തിക്കല്ലൊ ഊരിലെ ശ്രീമതി പാർവതി W/o. ധനുഷ് എന്നവരുടെ കുഞ്ഞ് 14-12-2023-ന് ശ്വാസതടസ്സവും ചുമയുംമൂലം മരണപ്പെടുകയുണ്ടായി.

(സി) അട്ടപ്പാടിയിൽ ശിശുമരണം തടയാൻ സർക്കാർ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ, പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് എല്ലാ വകുപ്പുകളെയും എം.പി., എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെയും ഉൾപ്പെടുത്തിയുള്ള മോണിറ്ററിംഗ് സംവിധാനവും നിലവിലുണ്ട്.

**നെന്മാറ നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

31 (836) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര കോളനികളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും മറ്റ് കോളനികളുടെ പ്രവൃത്തികൾ ഏതു ഘട്ടംവരെയായെന്നും വിശദമാക്കുമോ?

(എ&ബി) ചൂരിക്കാട് മൂപ്പൻപൊറ്റ, കക്കാട്ടുകുന്ന് എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ടി രണ്ട് കോളനികളുടെയും 90% ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു.

**പേരാമ്പ്ര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതി**

32 (837) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി വികസപ്പിക്കുന്നതിന് എത്ര കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

5 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസികൾ തയ്യാറാവുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മുൻ വർഷങ്ങളിൽ പ്രത്യേക യോഗം വിളിച്ചു ചേർത്തിരുന്നു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അംബേദ്കർ ഗ്രാമ പദ്ധതികളുടെ ത്രൈമാസ അവലോകന യോഗം സംഘടിപ്പിച്ച് ആയതിന്റെ മിനിട്ട്സ് ജില്ലാ പട്ടികജാതി വികസന ഓഫീസർ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് നിലവിലെ പദ്ധതി മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ**

33 (838) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി പട്ടികവർഗ്ഗ കോളനികളാണുള്ളതെന്നും അവ ഏതെല്ലാമെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്നും അതിൽ ഫീസിബിലിറ്റി ഉള്ളവയും ഇല്ലാത്തവയും തരംതിരിച്ച് വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയും+ പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയും ചേർക്കുന്നു.+

(സി) ടി മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം അനുമതി ലഭിച്ചതും പ്രവൃത്തി പുരോഗമിക്കുന്നതുമായ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം, നിർവ്വഹണ ഏജൻസി, പ്രവൃത്തിയുടെ തൽസ്ഥിതി എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ?

ടി മണ്ഡലത്തിൽനിന്നും മലഞ്ചുറ്റ് കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിലും അമ്പൂരി ഗ്രമപഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തിനെ അംബേദ്കർ വികസന പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ നിർമ്മിതി കേന്ദ്രം നിർവ്വഹണ ഏജൻസിയായിട്ടുള്ള മലഞ്ചുറ്റ് കോളനി നവീകരണത്തിൽ കമ്മ്യൂണിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാൾ നിർമ്മാണം, റോഡ് വർക്ക്, ഡ്രെയിനേജ്, പൊതുകിണർ നവീകരണം, വീട് മെയിന്റനൻസ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 16 വീടുകളുടെ മെയിന്റനൻസ് പണികൾ പുരോഗതിയിലാണ്. തെന്മല പട്ടികവർഗ്ഗ സങ്കേത നവീകരണം അമ്പൂരി ഗ്രാമപഞ്ചായത്താണ് നിർവ്വഹിക്കുന്നത്. തെന്മല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം പുരവിമല തേക്കിൻമൂട് റോഡ് ഇന്റർലോക്ക് രണ്ടാം ഘട്ടം, പീയണിപ്പാറ കണ്ണമാംമൂട് റോഡ് ഇന്റർലോക്ക്, നടപ്പാലം നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മേൽ പദ്ധതി പ്രകാരം മണ്ഡലത്തിൽ പുതുതായി നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

2021-22 വർഷത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ എ.കെ.ജി. കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിലും അമ്പൂരി ഗ്രാമപഞ്ചായത്തിലെ പുരവിമല പട്ടികവർഗ്ഗ സങ്കേതത്തെ 2022-23 അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## വൈപ്പിൻ ഞാറക്കൽ ഈസ്റ്റ് മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണ പദ്ധതി

34 (839) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2019 വർഷത്തെ പ്രളയക്കെടുതിയിൽപ്പെട്ട വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിലെ ഈസ്റ്റ് മഞ്ഞനക്കാട് കോളനിയെ പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി 19-01-2019-ൽ 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും നിർവ്വഹണ ഏജൻസിയായിരുന്ന ജില്ലാ നിർമ്മിതി കേന്ദ്രം സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തിയപ്പോൾ 26-12-2022-ന് കെല്ലിനെ നിർവ്വഹണ ഏജൻസിയായി മാറ്റി നിയമിക്കുകയും ചെയ്ത പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

ഈസ്റ്റ് മഞ്ഞനക്കാട് കോളനിയുടെ നിലവിലെ പദ്ധതി നിർവ്വഹണ ഏജൻസിയായ KEL എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം

മൂലമാണ് ഭരണാനുമതി നൽകാൻ വൈകിയത്. ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ഗോത്രവർഗ്ഗ വിഭാഗങ്ങളെ പ്രദർശനവസ്തുക്കളാക്കിയ സംഭവം**

35 (840) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളീയത്തിന്റെ ഭാഗമായി ലിവിങ് മ്യൂസിയം എന്ന പേരിൽ ഗോത്രവർഗ്ഗ വിഭാഗങ്ങളെ പ്രദർശനവസ്തുക്കളാക്കിയ സംഭവത്തിൽ കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ റിപ്പോർട്ട് തേടിയിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) ടി സംഭവത്തിൽ കേന്ദ്ര പട്ടികവർഗ്ഗ കമ്മീഷൻ പട്ടികവർഗ്ഗ വികസന വകുപ്പിനോട് റിപ്പോർട്ട് തേടിയിട്ടില്ല.

(സി) ഗോത്രവർഗ്ഗ വിഭാഗങ്ങളെ അപമാനിച്ച ഈ സംഭവത്തെത്തുടർന്ന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ആയതിന് കാരണക്കാരായവരിൽനിന്നും വിശദീകരണം തേടുമോ?

ഈ സംഭവത്തെത്തുടർന്ന് ആരോപണവിധേയരായ കേരള ഫോക് ലോർ അക്കാദമിയിൽനിന്നും പട്ടികവർഗ്ഗ വികസനവകുപ്പ് റിപ്പോർട്ട് തേടുകയും ചുവടെ പറയും പ്രകാരം വിശദീകരണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരളീയത്തിന്റെ ഭാഗമായി ഒരുക്കിയ ലിവിങ് മ്യൂസിയത്തിൽ അഞ്ച് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കലാപരിപാടികളാണ് ഒരുക്കിയിരുന്നത്. അതിൽ ഊരുകളും പതികളും സർപ്പക്കാവുകളും ഏറുമാടങ്ങളും കാവുകളും പണിയുകയും പടയണി, തെയ്യം, മുടിയേറ്റ്, പന്തക്കാളി, പൂതനം തിറയും എന്നീ കലാരൂപങ്ങളും ഊരാളി, മന്നാൻ, പളിയർ, മാവിലർ വിഭാഗങ്ങളുടെ

കലാവതരണവുമാണ് ഒരുക്കിയിരുന്നത്. ആദിവാസി കുടിലുകളുടെയും ക്ഷേത്രങ്ങളുടെയും പരമ്പരാഗത പ്രോട്ടൈപ്പുകളുടെ പശ്ചാത്തലത്തിൽ ഗോത്ര പരമ്പരാഗത കലാവതരണത്തിനായി ഒരു സ്വാഭാവിക പശ്ചാത്തലമായാണ് ഇത് ഉപയോഗിച്ചതെന്നും പട്ടികവർഗ്ഗ വിഭാഗങ്ങളെ പ്രദർശന വസ്തുവാക്കിയെന്ന ആരോപണം വസ്തുതാവിരുദ്ധമാണെന്നും ആദിവാസി വിഭാഗത്തിന്റെ പരമ്പരാഗത കലയും സംസ്കാരവും പ്രോത്സാഹിപ്പിക്കുക എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ പരിപാടി സംഘടിപ്പിച്ചതെന്നും പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഫോക് ലോർ അക്കാദമി ഒരിക്കലും ആദിവാസി സമൂഹത്തിലെ ഒരു അംഗത്തിന്റെയും അന്തസ്സിന് കോട്ടം തട്ടുന്ന രീതിയിലുള്ള ഒരു പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്നും കേരള ഫോക് ലോർ അക്കാദമി അറിയിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽ നിന്നും എം.ബി.ബി.എസ്. പഠനത്തിനായി വിദേശത്തേയ്ക്ക് പോയ കുട്ടികൾ**

36 (841) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് 2016-2023 കാലയളവിൽ എത്ര പട്ടികജാതി യുവതീ-യുവാക്കളെ എം.ബി.ബി.എസ്. പഠനത്തിനായി വിദേശത്തേയ്ക്ക് അയച്ചിട്ടുണ്ട്; പ്രസ്തുത വിദ്യാർത്ഥികളുടെ വിവരങ്ങളും നൽകിയ തുകയും അറിയിക്കാമോ?

2016-2023 കാലയളവിൽ വിദേശത്തേയ്ക്ക് എം.ബി.ബി.എസ്. പഠനത്തിനായി 2 പേർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുണ്ട്.

1) നിഖിൽ റാം റ്റി.എസ്. എന്ന വിദ്യാർത്ഥിക്ക് വിദേശത്ത് MBBS പഠനത്തിനായി Tution Fees ആയി 14,58,318 രൂപയും

2) ശ്രീ. ചന്തു രാജിന് ഫിലിപ്പൈൻസിൽ എം.ബി.ബി.എസ്. പഠന പൂർത്തീകരണത്തിനായി 2,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ; 2016-2023 കാലയളവിലെ പ്രസ്തുത വിദ്യാർത്ഥികളുടെ ലിസ്റ്റ് നൽകാമോ ?

2022-23 വർഷം മുതൽ നാളിതുവരെ ഹോട്ടൽ മാനേജ്മെന്റ് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസിനത്തിൽ 72.53 ലക്ഷം രൂപയും അലവൻസിനത്തിൽ 9.08 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

2016-2023 കാലയളവിലെ വിദ്യാർത്ഥികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി**

37 (842) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാർ ഏതൊക്കെ തരത്തിലുള്ള ധനസഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിനുമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീ മെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

3. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം

4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ്

5. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്

16. ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്

9. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള ധനസഹായം

10. പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

11. മെഡിക്കൽ/ എഞ്ചിനിയറിംഗ് പരിശീലനത്തിനുള്ള ധനസഹായം

12. സിവിൽ സർവീസ് പരിശീലനത്തിനുള്ള ധനസഹായം

13 സ്റ്റഡി ടൂറിനുള്ള ധനസഹായം

14. മോഡൽ പ്രീ സ്കൂൾ

15. പ്രീ മെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

16. മോഡൽ റസിഡൻഷ്യൽ സ്കൂൾ

(ബി) എസ്.സി. /എസ്.ടി. വിഭാഗത്തിന് കേന്ദ്ര സർക്കാർ നേരത്തെ നൽകിയിരുന്ന ഏതൊക്കെ ധനസഹായ പദ്ധതികളാണ് വിദ്യാഭ്യാസ മേഖലയിൽ നിർത്തലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിൽ നൽകിവന്നിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കിയിട്ടില്ല. മറിച്ച് പട്ടികജാതി വിദ്യാർത്ഥികൾക്ക്

പോസ്റ്റ്മെട്രിക്, പ്രീമെട്രിക് സ്കോളർഷിപ്പ് 100% തുക നൽകി വന്നിരുന്ന സ്ഥാനത്ത് നിലവിൽ 40:60 സംസ്ഥാന, കേന്ദ്ര അനുപാതത്തിലും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25:75 അനുപാതത്തിലുമാണ് തുക അനുവദിച്ചുവരുന്നത്. 9,10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രീമെട്രിക് സ്കോളർഷിപ്പിന്റെ കേന്ദ്ര വിഹിതം ലഭ്യമാകുന്നത്. 2.5 ലക്ഷം വരുമാനമുള്ളവർക്ക് മാത്രമെ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാന പരിധി ബാധകമാക്കാതെ സംസ്ഥാന സർക്കാർ തുക പൂർണ്ണമായും അനുവദിച്ചുവരുന്നു. 1 മുതൽ 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും സംസ്ഥാനം തുക പൂർണ്ണമായും അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം മുതൽ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനത്തിന് സർക്കാർ സഹായം**

38 (843) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് സർക്കാർ സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ 52 പട്ടികജാതി വിദ്യാർത്ഥികൾക്കും 8 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ സർക്കാരിന്റെ കാലയളവിൽ 2023 മാർച്ച് 31 വരെ 344 പട്ടികജാതി വിദ്യാർത്ഥികളും 24 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്കവിഭാഗക്കാരുമുൾപ്പെടെ 425 വിദ്യാർത്ഥികളും 2023 ഏപ്രിലിനുശേഷം സെപ്തംബർ മാസത്തിൽ 5 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കൺഫർമേഷൻ നൽകിയ 191 പട്ടികജാതി വിദ്യാർത്ഥികളിൽ 178 പേരും 2024 ജനുവരി മാസത്തിൽ സർക്കാർ ഏജൻസിയായ ODEPC വഴി തെരഞ്ഞെടുത്ത 97-ൽ 5 പട്ടികജാതി വിദ്യാർത്ഥികളും 3 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഉൾപ്പടെ 616 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി.

(ബി) രാജ്യത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിന് പ്രസ്തുത വിഭാഗങ്ങളിൽ ഉൾപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് ഇക്കാലയളവിൽ സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ കേരളത്തിനകത്ത് 8,17,785 പട്ടികജാതി വിദ്യാർത്ഥികൾക്കും 80593 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഇതര സംസ്ഥാനങ്ങളിൽ 3010 പട്ടികജാതി വിദ്യാർത്ഥികൾക്കും 1218 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിനകത്ത് 2,79,005 പട്ടികജാതി വിദ്യാർത്ഥികൾക്കും 32,210 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഇതരസംസ്ഥാനങ്ങളിൽ 1694 പട്ടികജാതി വിദ്യാർത്ഥികൾക്കും 656 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ധനസഹായം നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്**

39 (844) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ വിദ്യാഭ്യാസത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നൽകുന്ന സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/ പി.എച്ച്.ഡി. കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. 12,00,000/-രൂപ വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- രൂപയും 12,00,001-20,00,000 രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20,00,000/- രൂപയും 20,00,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ള 25

പേർക്ക് പരമാവധി 15,00,000/- രൂപയുമാണ് അനുവദിക്കുന്നത്. 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000 രൂപ വീതമാണ് അനുവദിക്കുന്നത്. ഒഡെപെക് വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ആയതിന്മേലുള്ള അപ്പീലും കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/ അപ്പീൽ കമ്മിറ്റി പരിശോധിച്ചാണ് അന്തിമ ലിസ്റ്റ് തയ്യാറാക്കുന്നത്.

**പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും**

40 (845) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ SNA-PFMS സംവിധാനം മുഖേന മാത്രമേ അനുവദിച്ച് നൽകാൻ പാടുള്ളൂവെന്ന നിബന്ധനയും, ആയതിനുള്ള സാങ്കേതിക സഹായം ലഭിക്കാൻ കാലതാമസമുണ്ടായതുമാണ് സ്കോളർഷിപ്പുകൾ കുടിശ്ശികയാവാൻ കാരണം. 2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽനിന്ന് അപ്രൂവൽ ലഭിച്ച ക്ലെയിമുകൾ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 122.16 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകാൻ സാധിച്ചിരുന്നില്ല.

ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽനിന്നും കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്തുവരുന്നു.

(ബി) ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ പല കോളേജ് ഹോസ്റ്റലുകളിലും പ്രവേശനം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ?

ഹോസ്റ്റൽ ഫീസ് യഥാസമയം നൽകാത്തതിനാൽ വിദ്യാർത്ഥികളെ കോളേജ് ഹോസ്റ്റലുകളിൽ പ്രവേശനം നൽകുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഹോസ്റ്റൽ വാടക ഉൾപ്പെടെയുള്ളവ വർദ്ധിപ്പിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

(ഡി) ഗ്രാന്റ് ലഭിക്കാത്തതിനാൽ പഠനം ഉപേക്ഷിക്കേണ്ടി വരുന്നത് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക ത്വരിതഗതിയിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അനുവദിക്കാൻ നടപടി**

41 (846) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും അടക്കമുള്ള സഹായം മാസങ്ങളായി മുടങ്ങിയതോടെ പഠനം നിർത്തുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി പരിഹരിച്ച് ടി വിഭാഗത്തിന്റെ പഠനം മുടങ്ങാതിരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ?

2022-23, 2023-2024 വർഷങ്ങളിൽ ജില്ലാ ഓഫീസുകളിൽനിന്ന് അപ്രൂവൽ ലഭിച്ച ക്ലെയിമുകൾക്ക് ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ട്. നാളിതുവരെ 2023-24 വർഷത്തിൽ 122.16 കോടി രൂപ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന ക്ലെയിമുകൾക്ക് ഡയറക്ടർ ആവശ്യപ്പെട്ട അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക തീർക്കുന്നതാണ്.

**വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്നതിനുള്ള നടപടി**

42 (847) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

2019 മുതൽ കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകൾക്ക് പഠിക്കുന്ന സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. അതത് വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രകാരമാണ് ഈ പ്രോജക്ട് നടപ്പാക്കി വരുന്നത്. പ്രസ്തുത പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.

**വാത്സല്യനിധി പദ്ധതി**

43 (848) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച വാത്സല്യനിധി പദ്ധതിയിൽ നാളിതുവരെ എത്ര വിദ്യാർത്ഥിനികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ വാത്സല്യനിധി പദ്ധതിയിലേയ്ക്ക് 14259 വിദ്യാർത്ഥിനികളെയാണ് നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) തൃശ്ശൂർ നിയോജക മണ്ഡലത്തിൽനിന്നും എത്ര പെൺകുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ നിയോജക മണ്ഡലത്തിൽനിന്നും 40 പെൺകുട്ടികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ പുതുതായി ആരംഭിച്ച നഴ്സറി സ്കൂളുകൾ**

44 (849) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ പുതുതായി എത്ര നഴ്സറി സ്കൂളുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പുതുതായി നഴ്സറി സ്കൂളുകൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര പേർക്ക് ലാപ്ടോപ് വിതരണം ചെയ്തുവെന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിൽ ലഭ്യമായ 2261 അപേക്ഷകർക്കും ലാപ്ടോപ് വിതരണം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ 1185 അപേക്ഷകളിൽ 829 പേർക്കും ലാപ്ടോപ് വിതരണം ചെയ്യുകയും ശേഷിക്കുന്ന 356 പേർക്ക് കെൽട്രോൺ മുഖേന ലാപ്ടോപ് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ലാപ്ടോപ്

വിതരണത്തിന്റെ ജില്ലാടിസ്ഥാനത്തിലെ വിശദവിവരം അനുബന്ധം-1[+] ൽ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത വകുപ്പിൽനിന്ന് വിദേശത്ത് പഠിക്കുന്നതും, പഠനത്തിനായി പോകുന്നതുമായ എത്ര പേർക്കാണ് ഇതുവരെ ധനസഹായം നൽകിയതെന്നും, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2022-23 അദ്ധ്യയന വർഷം വരെ 332 പട്ടികജാതി വിദ്യാർത്ഥികൾക്കും, 32 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദേശ പഠന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് വഴി 2023 സെപ്റ്റംബർ ഇൻടേക്കിലേക്ക് 191 വിദ്യാർത്ഥികൾക്ക് കൺഫർമേഷൻ നൽകിയിട്ടുണ്ട്. 2024 ജനുവരി ഇൻടേക്കിലേക്ക് 97 വിദ്യാർത്ഥികളെ ODEPC മുഖാന്തരം തെരഞ്ഞെടുത്തിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് വഴി അനുവദിച്ച തുക സംബന്ധിച്ച നിയോജകമണ്ഡലാടിസ്ഥാനത്തിലെ വിശദവിവരം അനുബന്ധം-2[+] ആയി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു. പട്ടികജാതി വികസന വകുപ്പിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച തുക സംബന്ധിച്ച വിശദവിവരം ചുവടെ കണ്ടാലും.

**പട്ടികജാതി വികസന വകുപ്പ് അനുവദിച്ച തുക**

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2021-22 | 105 | 17,97,30,935/- |
| 2022-23 | 227 | 30,28,74,872/- |
| 2023-24 | 191 | 33,98,08,745/- |
| 2023-24 (ODEPEC) | 97 | 5,96,25,000/- |

**എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർഥികൾക്ക് യു.ജി.സി. നിരക്കിൽ ഫെല്ലോഷിപ്പ്**

45 (850) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് യു.ജി.സി. നിരക്കിൽ ഫെല്ലോഷിപ്പ് അനുവദിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഉയർന്ന ഫെല്ലോഷിപ്പ് അനുവദിച്ചാൽ കുട്ടികൾ യു.ജി.സി. നെറ്റ് പരീക്ഷ എഴുതാൻ സാധ്യതയില്ലെന്നൊരു നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി)അധ്യാപക ജോലിക്കുള്ള അടിസ്ഥാന യോഗ്യത നെറ്റ് ആയതിനാൽ വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷ എഴുതാതിരിക്കുന്ന യാതൊരു സാഹചര്യവും നിലവിലില്ലാത്തതിനാൽ യു.ജി.സി. നിരക്കിൽ ഫെല്ലോഷിപ്പ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) UGC, NET എന്നീ ദേശീയ യോഗ്യതാ പരീക്ഷകളിൽ വിജയിക്കാത്ത വിദ്യാർത്ഥികൾക്കാണ് യു.ജി.സി. സ്കോളർഷിപ്പിന്റെ 75%

തുക അനുവദിച്ച് വരുന്നത്. പ്രസ്തുത യോഗ്യതകൾ നേടാനാവാത്ത ഗവേഷക വിദ്യാർത്ഥികൾക്ക് യു.ജി.സി. നിരക്കിൽ സ്റ്റൈപന്റും ആനുകൂല്യങ്ങളും നൽകിയാൽ ജെ.ആർ.എഫ്. നേടിയെടുക്കാനുള്ള ശ്രമത്തിൽ നിന്നും വിദ്യാർത്ഥികൾ പിന്തിരിയുമെന്നും ആയത് വിദ്യാഭ്യാസ രംഗത്തെ അവരുടെ വളർച്ചയെ ഇല്ലാതാക്കുമെന്നും, മത്സരപരീക്ഷകളിൽ അവരുടെ നിലവാരം പിന്നോട്ടാക്കുമെന്നുമുള്ള കാരണത്താലാണ് എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് യു.ജി.സി. നിരക്കിൽ ഫെല്ലോഷിപ്പ് അനുവദിക്കാത്തത്. പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തണമെന്ന ലക്ഷ്യത്തോടെയും അവർക്ക് കൂടുതൽ പ്രചോദനവും പ്രോത്സഹനവും നൽകണമെന്ന ഉദ്ദേശ്യത്തോടെയുമാണ് യു.ജി.സി. നെറ്റ് പാസാകാത്ത പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ഇ.സി./ഒ.ബി.സി.(എച്ച്) വിദ്യാർത്ഥികൾക്ക് മേൽപ്രകാരം സ്കോളർഷിപ്പ് തുക അനുവദിച്ച് വരുന്നത്. ഒ.ബി.സി.-യിലെ മറ്റു വിഭാഗങ്ങളിലെ ഗവേഷക വിദ്യാർത്ഥികൾക്ക് ഈ വകുപ്പുകൾ ഫെല്ലോഷിപ്പ് അനുവദിച്ച് വരുന്നില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി

46 (851) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റുമടക്കം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ധനസഹായങ്ങൾ മാസങ്ങളായി മുടങ്ങിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എത്ര കാലത്തെ ധനസഹായങ്ങളാണ് ഇപ്രകാരം മുടങ്ങിയിട്ടുള്ളത്?

2022-23, 2023-24 അധ്യയന വർഷങ്ങളിലെ അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2023-24 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ പിന്നീട് അപേക്ഷ സമർപ്പിക്കുന്നതുമൂലം ബഡ്ജറ്റ് ശീർഷകങ്ങളെക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. തുക പൂർണ്ണമായും

വിനിയോഗിച്ച് കഴിഞ്ഞതിനുശേഷം അപ്രൂവലായി വന്ന വർഷത്തെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ക്ലെയിമുകളുടെ തുക വിതരണം ചെയ്യാനുണ്ട്.

(ബി) എല്ലാ ഇനങ്ങളിലുമായി ആകെ എത്ര തുകയാണ് ഇപ്രകാരം കുടിശ്ശികയായുള്ളത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഇനം തിരിച്ചുള്ള കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<table>
<tr><th>Fee Type</th><th>SC (കോടിയിൽ)</th><th>ST (കോടിയിൽ)</th></tr>
<tr><td>Lump Sum Grant</td><td>6.26</td><td></td></tr>
<tr><td>Fees/Hostel Fees</td><td>23.15</td><td>15.24</td></tr>
<tr><td>Fellowship</td><td>2.40</td><td rowspan="4">Others-1.29</td></tr>
<tr><td>Additional state Allowance</td><td>84.92</td></tr>
<tr><td>State academic Allowance</td><td>5.43</td></tr>
<tr><td>Total</td><td>122.16</td></tr>
</table>

(സി) ഇതിൽ ഏതൊക്കെ ഇനങ്ങൾക്കാണ് കേന്ദ്ര ഗവൺമെന്റ് വിഹിതം ലഭിക്കുന്നത്; ഓരോ ഇനത്തിലെയും കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ?

കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പോസ്റ്റ് മെട്രിക് പട്ടികജാതി വിദ്യാർഥികളുടെ ഫീസ്, കേന്ദ്ര നിരക്കിലുള്ള അക്കാഡമിക് അലവൻസ് എന്നീ ഇനങ്ങളിലെ ആകെ തുകയുടെ 40% സംസ്ഥാന സർക്കാരും 60% കേന്ദ്ര സർക്കാരും പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് 25% സംസ്ഥാന സർക്കാരും 75% കേന്ദ്ര സർക്കാരും വഹിക്കുന്നു. ശേഷിക്കുന്ന എല്ലാ ഇനങ്ങളിലും 100% തുകയും സംസ്ഥാന സർക്കാർ ആണ് വഹിക്കുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ ഉയർന്ന നിരക്കിലാണ് സംസ്ഥാന സർക്കാർ എല്ലാ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കും അലവൻസുകൾ നൽകുന്നത്.

(ഡി) ഏറെക്കാലമായി സർക്കാർ ധനസഹായങ്ങൾ മുടക്കം വരുന്നത് മൂലം പഠനം അവസാനിപ്പിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

സ്കോളർഷിപ്പ് വിതരണം മുടങ്ങിയതുമൂലം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) 47 ശതമാനം പേർ പഠനം നിർത്തുന്നത് സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണെന്ന് സംസ്ഥാന സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് 2017- 18 ൽ നടത്തിയ പഠനത്തിൽ കണ്ടെത്തുകയുണ്ടായോ?

പട്ടികജാതി വികസന വകുപ്പിന്റെ സ്ഥാപനങ്ങളുടെ (എം.ആർ.എസ്., പി.ഇ.റ്റി.സി. ഹോസ്റ്റലുകൾ, ഐ.റ്റി.ഐ.-കൾ) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) എങ്കിൽ പഠനം തുടരാൻ ആഗ്രഹിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തികം ഒരു തടസ്സമല്ലാത്തവിധത്തിൽ സർക്കാർ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2.5 ലക്ഷം വരുമാന പരിധി വരെയുള്ളവർക്ക് മാത്രമെ സ്കോളർഷിപ്പിന്റെ കേന്ദ്രവിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാനപരിധി ബാധകമാക്കാതെ ബഡ്ജറ്റിലുൾപ്പെടുത്തി സംസ്ഥാന സർക്കാർ തുക പൂർണ്ണമായും അനുവദിച്ചുവരുന്നു.

**കെടാവിളക്ക് പദ്ധതി**

47 (852) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ 'കെടാവിളക്ക്' എന്ന പദ്ധതി ആവിഷ്കരിക്കാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഒ.ബി.സി. (ന്യൂനപക്ഷ സമുദായങ്ങൾ ഒഴികെ) വിദ്യാർത്ഥികൾക്ക് അവരുടെ പഠന മികവിന്റെ അടിസ്ഥാനത്തിൽ 1500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2022-23 മുതൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ കെടാവിളക്ക് സ്കോളർഷിപ്പ് എന്ന പേരിൽ പുതുതായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര വിദ്യാർത്ഥികൾക്കാണ് സഹായം ലഭ്യമാക്കുന്നത്; പദ്ധതി കൂടുതൽ ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

2023-24 വർഷം മുതൽ നടപ്പാക്കുന്ന ടി പദ്ധതി പ്രകാരം ആകെ 1,20,659 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലാണ് ഈ സ്കോളർഷിപ്പ് നടപ്പിലാക്കിയിട്ടുള്ളത്. 9, 10 ക്ലാസ്സുകളിൽ കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിലും പ്ലസ് വൺ മുതലുള്ള കോഴ്സുകളിൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനാലും കെടാവിളക്ക് സ്കോളർഷിപ്പ് നിലവിലെ രീതിയിൽ തുടരുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

48 (853) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രോത്സാഹനവും സഹായവും നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് എത്തിക്കുന്നതിന് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീ മെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. സ്പെഷ്യൽ ഇൻസെന്റീവ് സ്കീം
4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് സ്കോളർഷിപ്പ്
5. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്
6. ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം
7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം
8. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവിനുള്ള ഗ്രാന്റ്

9. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള ധനസഹായം (വിംഗ്സ്)

10.പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

11. മെഡിക്കൽ/ എഞ്ചിനിയറിംഗ് പരിശീലനത്തിനുള്ള ധനസഹായം

12.സിവിൽ സർവീസ് പരിശീലനത്തിനുള്ള ധനസഹായം

13.സ്റ്റഡി ടൂറിനുള്ള ധനസഹായം

14.മോഡൽ പ്രീ സ്കൂൾ

15.പ്രീ മെട്രിക്/ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

16.മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയ വിദ്യാഭ്യാസ അനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യ ഇനത്തിൽ 19 സ്ഥാപനങ്ങളിലായി 6823 പട്ടികജാതി വിദ്യാർത്ഥികൾക്ക്

28,84,81,806/- രൂപ നൽകിയിട്ടുണ്ട്. പ്രീമെട്രിക്ക് സ്കോളർഷിപ്പ് ഇനത്തിൽ ലംപ്സം ഗ്രാന്റായി 12275 വിദ്യാർത്ഥികൾക്ക് 1,07,84,555/- രൂപയും, എഡ്യൂക്കേഷൻ എയ്ഡായി 8773 വിദ്യാർത്ഥികൾക്ക് 1,24,19,600/- രൂപയും സ്റ്റൈപ്പന്റായി 631 വിദ്യാർത്ഥികൾക്ക് 5,50,000/- രൂപയും, സ്പെഷ്യൽ ഇൻസെന്റീവായി 583 വിദ്യാർത്ഥികൾക്ക് 15,18,500/-രൂപയും നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പായി 14,32,150/- രൂപയും, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പായി 38,46,990/- രൂപയും, അയ്യങ്കാളി സ്കോളർഷിപ്പായി 10,800/- രൂപയും, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹനമായി 1,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനം**

49 (854) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2023 മാർച്ച് 31 വരെ 344 പട്ടികജാതി വിദ്യാർത്ഥികളും 24 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക വിഭാഗക്കാരുമുൾപ്പെടെ 425 വിദ്യാർത്ഥികൾക്കും 2023 ഏപ്രിലിനുശേഷം സെപ്തംബർ മാസത്തിൽ 5 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കൺഫർമേഷൻ നൽകിയ 191 പട്ടികജാതി വിദ്യാർത്ഥികളിൽ 178 പേരും 2024 ജനുവരി മാസത്തിൽ സർക്കാർ ഏജൻസിയായ ODEPC വഴി തെരഞ്ഞെടുത്ത 97-ൽ 5 പട്ടികജാതി വിദ്യാർത്ഥികളും 3 പട്ടികവർഗ്ഗ വിദ്യാർത്ഥികളും ഉൾപ്പെടെ 616 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി.

**വിദ്യാവാഹിനി പദ്ധതി**

50 (855) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട വാഹനങ്ങൾക്കുള്ള പണം അനുവദിക്കാത്തതിനാൽ കുട്ടികളുടെ പഠനം മുടങ്ങിയെന്ന ആരോപണത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ കൊണ്ടുപോയി തിരികെ വീട്ടിൽ എത്തിക്കുന്നതിനായി 2013-14 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന ഗോത്രസാരഥി പദ്ധതി 2020-21 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ TSP ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ 01-04-2020-ലെ G.O.(Rt) No.725/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ പല പഞ്ചായത്തുകളും ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്താതിരിക്കുകയും വകയിരുത്തിയ തുക മതിയാകാതെ വരികയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക തുകയായ 11.64 കോടി രൂപ പട്ടികവർഗ്ഗ

വികസന വകുപ്പിൽനിന്നും അനുവദിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾമുഖേനയുള്ള പദ്ധതി നടത്തിപ്പ് ഫലപ്രദമല്ലെന്ന് കണ്ടതിനാൽ കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 30-03-2023-ലെ സഉ(സാധാ)നം. 415/2023/ പജപവവിവ നമ്പർ ഉത്തരവുപ്രകാരം ടി പദ്ധതി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുകയുണ്ടായി.

**(ബി) പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് നിലവിൽ അനുവദിക്കാനുള്ളത്; ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ ?**

പ്രസ്തുത ഇനത്തിൽ 2024 ജനുവരി 31 വരെ അനുവദിക്കുവാനുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**(സി) വാഹനങ്ങളെത്താത്ത സാഹചര്യത്തിൽ കുട്ടികളുടെ പഠനത്തിനായി ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?**

കുട്ടികൾക്കുള്ള വാഹനമെത്താത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അടിയന്തരമായി പണം അനുവദിച്ചുനൽകിക്കൊണ്ട് കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഓഫീസർമാർക്ക് 1260 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കാനുണ്ടായിരുന്ന തുകയിൽ 2022-23 വർഷം 753.01 ലക്ഷം രൂപയും നടപ്പ് വർഷം 96.45 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

**കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനം**

51 (856) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനം

തുടങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കൊല്ലങ്കോട് കാർഷിക കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന, കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery Tribunal ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിവരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഏറ്റെടുക്കാനാവശ്യമായി വരുന്ന സാമ്പത്തിക

ബാധ്യത വഹിക്കാൻ പട്ടികജാതി വികസന വകുപ്പിന് കഴിയുമോയെന്നും കഴിയുമെങ്കിൽ സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വില നിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഇ-ഗ്രാന്റ്സ് കുടിശ്ശിക അനുവദിക്കാൻ നടപടി**

52 (857) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗ്രാന്റ്സ് വിതരണത്തിൽ നിലവിൽ എത്ര കുടിശ്ശിക ഉണ്ട് എന്ന് വ്യക്തമാക്കുമോ?

ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ഇനത്തിൽ വിതരണം ചെയ്യുവാനുള്ള കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | പട്ടിക ജാതി (കോടിയിൽ) | പട്ടിക വർഗ്ഗം (കോടിയിൽ) | പിന്നാക്ക വിഭാഗം (കോടിയിൽ) |
|---|---|---|---|
| കുടിശ്ശിക തുക | 122.16 | 16.53 | 410,19 |

(ബി) ഇ-ഗ്രാന്റ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2016 മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സ് ലഭിക്കുന്ന എത്ര വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇ-ഗ്രാന്റ്സ് ലഭിക്കാത്തതുകാരണം വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 2009-10 കാലയളവിൽ കില നടത്തിയ പഠനത്തിൽ ഉന്നത പഠനരംഗത്തുനിന്ന് പിന്മാറുന്നതിൽ 13% വിദ്യാർത്ഥികൾ സാമ്പത്തിക പരാധീനതമൂലമാണ് പഠനം നിർത്തുന്നതെന്ന് കണ്ടെത്തിയപ്പോൾ, 2017-18 കാലയളവിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ ആയത് 47% ആയി ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ

ഇ-ഗ്രാന്റ്സ് കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ സ്ഥാപനങ്ങളുടെ (എം.ആർ.എസ്., പി.ഇ.റ്റി.സി. ഹോസ്റ്റലുകൾ, ഐ.റ്റി.ഐ.-കൾ) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. അപ്രൂവൽ ലഭിച്ച ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2023-24 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമായ തുക പൂർണ്ണമായും വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്ത വിദ്യാർത്ഥികൾ പിന്നീട് സമർപ്പിക്കുന്നത് കാരണത്താൽ തുടർ വർഷങ്ങളിൽ ബഡ്ജറ്റ് ശീർഷകങ്ങളെക്കാൾ കൂടുതൽ തുക ആവശ്യമായി വരുന്ന സാഹചര്യമുണ്ട്. തുക പൂർണ്ണമായും വിനിയോഗിച്ചു കഴിഞ്ഞതിനുശേഷം ലഭിച്ച ക്ലെയിമുകൾക്ക് അധിക തുകയ്ക്കുള്ള പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇ-ഗ്രാന്റ്സ് വർദ്ധിപ്പിക്കണമെന്ന് എസ്.സി.-എസ്.ടി. വകുപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശ ലഭിച്ചതെന്നാണ്; പ്രസ്തുത ശിപാർശ നാളിതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees-ഉം സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസും ചേർന്നതാണ് ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. അക്കാഡമിക് അലവൻസ് ഘടകങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ്, പോക്കറ്റ് മണി എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. മറ്റ് ഘടകങ്ങൾ 05-01-2023-ൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

**പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സർക്കാർ സ്കോളർഷിപ്പ്**

53 (858) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തും നമ്മുടെ രാജ്യത്തെയും സംസ്ഥാനത്തെയും വിവിധ സർവ്വകലാശാലകളിലും പഠനം നടത്തുന്നതിന് ഏതൊക്കെ സ്കോളർഷിപ്പുകളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്; ഈ സ്കോളർഷിപ്പുകളുടെ ധനസഹായം ഉൾപ്പെടെയുള്ള വിശദാംശം നൽകാമോ?

സംസ്ഥാനത്തിനകത്തുള്ള AISHE Code/UDISE Code ഉള്ള ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ

വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, 11, 12 ക്ലാസുകൾ പഠിപ്പിക്കുന്ന അംഗീകാരമുള്ള സ്കൂൾ/കോളേജുകൾ, സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികളുമായോ സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികളുമായോ അഫിലിയേറ്റ് ചെയ്തിട്ടുള്ളതോ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ എല്ലാ അംഗീകൃത പോസ്റ്റ് മെട്രിക്കുലേഷൻ/പോസ്റ്റ് സെക്കണ്ടറി കോഴ്സുകൾ പഠിക്കുന്നതിന് മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. എന്നാൽ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ മുകളിലെ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നവർക്കുമാത്രമേ സംസ്ഥാനത്തിനു പുറത്തുള്ള പഠനത്തിന് സ്കോളർഷിപ്പ് അർഹതയുള്ളൂ. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ ഫീ

ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന Compulsory Non-Refundable fees-ഉം സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസും ലഭിക്കും.

വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ്/എംഫിൽ/പി.എച്ച്.ഡി. കോഴ്സുകൾക്ക് ഉന്നത പഠനം നടത്തുന്നതിന് പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് സർക്കാർ ഏജൻസിയായ ഒഡെപെക് വഴി നൽകുന്നുണ്ട്. ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയാണ് നൽകുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധി ബാധകമല്ല. 12,00,000/- രൂപ വരുമാനമുള്ള 175 പട്ടികജാതി വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000/- രൂപയും 12,00,001-20,00,000 രൂപ വരെയുള്ള 25 പേർക്ക് പരമാവധി 20,00,000/- രൂപയും 25,00,000/- രൂപക്ക് മുകളിൽ വരുമാനമുള്ള 25 പേർക്ക് പരമാവധി 15,00,000/- രൂപയുമാണ്

അനുവദിക്കുന്നത്. 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരമാവധി 25,00,000 രൂപയാണ് അനുവദിക്കുന്നത്.

(ബി) പ്രസ്തുത സ്കോളർഷിപ്പുകൾ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തുനിന്ന് നൽകിയിട്ടുണ്ട്; വിദേശത്തെയും രാജ്യത്തെയും സംസ്ഥാനത്തെയും സർവ്വകലാശാലകളിൽ പ്രസ്തുത വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് വീതമാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്; ഏതൊക്കെ രാജ്യങ്ങളിലാണ് സംസ്ഥാനത്തെ കുട്ടികൾ പഠനം നടത്തുന്നത്?

സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|
| | SC | ST | SC | ST | SC | ST |
| സംസ്ഥാനത്തിനകത്തുള്ള പഠനം | 1,81,472 | 16,050 | 1,41,326 | 14,788 | 1,37,679 | 17182 |
| ഇതര സംസ്ഥാന പഠനം | 1392 | 34 | 1486 | 36 | 809 | 38 |
| വിദേശ പഠനം | 17 | 3 | 117 | 10 | 227 | 14 |

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2023 മാർച്ച് 31 വരെ 344 പട്ടികജാതി വിദ്യാർത്ഥികളും 24 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 57 പിന്നാക്ക

വിഭാഗക്കാരുമുൾപ്പെടെ 425 വിദ്യാർത്ഥികൾക്കും 2023 ഏപ്രിലിനുശേഷം സെപ്തംബർ മാസത്തിൽ 5 പട്ടികവർഗ്ഗ വിദ്യാർത്ഥികളും കൺഫർമേഷൻ നൽകിയ 191 പട്ടികജാതി വിദ്യാർത്ഥികളിൽ 178 പേരും 2024 ജനുവരി മാസത്തിൽ സർക്കാർ ഏജൻസിയായ ODEPC വഴി തെരഞ്ഞെടുത്ത 97 പട്ടികജാതി വിദ്യാർത്ഥികളിൽ 5 പട്ടികജാതി വിദ്യാർത്ഥികളും 8 പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ 3 പട്ടികവർഗ്ഗ വിദ്യാർത്ഥികളുമാൾപ്പെടെ 616 വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠിക്കാൻ അവസരം ലഭ്യമാക്കി. ഫ്രാൻസ്, കാനഡ, നെതർലാന്റ്, സ്വീഡൻ, ഓസ്ട്രേലിയ, അയർലാന്റ്, ന്യൂസിലാന്റ്, യു.കെ., ജർമ്മനി, യു.എസ്. എന്നീ രാജ്യങ്ങളിലാണ് പഠനം നടത്തിവരുന്നത്.

(സി) പ്രസ്തുത സ്കോളർഷിപ്പുകളിൽ എത്ര തുക വീതമാണ് മേൽപ്പറഞ്ഞ വർഷങ്ങളിൽ വിദേശത്തെയും രാജ്യത്തെയും സംസ്ഥാനത്തെയും സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾക്ക് നൽകിയിട്ടുള്ളത്;

സ്കോളർഷിപ്പ് തുക ചുവടെ ചേർക്കുന്നു.

| | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|
| | SC | ST | SC | ST | SC | ST |

| | | | | | | |
|---|---|---|---|---|---|---|
| സംസ്ഥാനത്തിനകത്തുള്ള പഠനം | 334.64 കോടി | ആകെ 27,71,14,623 | 323.17 കോടി | ആകെ 38,51,62,669 | 215.61 കോടി | 37,76,38,283 |
| ഇതര സംസ്ഥാന പഠനം | 7,90,43,630 | | 9,26,40,755 | | 6,36,64,295 | |
| വിദേശ പഠനം | 1,53,63,931 | 75,00,000 | 17,97,30,935 | 2,97,86,728 | 30,28,74,782 | 3,44,42,167 |

(ഡി) സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപയാണ് വിദ്യാർത്ഥികൾക്ക് നൽകാൻ മേൽപ്പറഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ബാക്കിയുള്ളത്; വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക സംസ്ഥാന സർക്കാർ നൽകാത്തതു സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക വീതം എത്ര വിദ്യാർത്ഥികൾക്ക് നൽകാനുണ്ട്?

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് 122.16 കോടി രൂപയും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 16.53 കോടി രൂപയും കുടിശ്ശികയിനത്തിൽ അനുവദിച്ച് നൽകാനുണ്ട്. വിദേശപഠന സ്കോളർഷിപ്പ് സമയബന്ധിതമായി അനുവദിച്ചുവരുന്നു. സ്കോളർഷിപ്പ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വിദേശരാജ്യങ്ങളിലെ സർവ്വകലാശാലകളിലെ പഠനത്തിന് ഉന്നതി സ്കോളർഷിപ്പ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തി 2023 ഓഗസ്റ്റിൽ പ്രത്യേക ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എന്താണ് പുതിയ ഉത്തരവ് പ്രകാരം വന്ന മാറ്റങ്ങൾ?

2023-ൽ ഉത്തരവ് പുതുക്കിയിട്ടുണ്ട്. അപേക്ഷകൾ സർക്കാർ ഏജൻസിയായ ഒഡെപെക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും കൗൺസിലിംഗ് നടത്തി വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് വകുപ്പുകളുടെ സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും അപ്പീൽ സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത കരട് ലിസ്റ്റും അപ്പീലും വകുപ്പ് സെക്രട്ടറി ചെയർമാനായും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കൺവീനറുമായിട്ടുള്ള സെലക്ഷൻ/ അപ്പീൽ കമ്മിറ്റി പരിശോധിച്ച് ലിസ്റ്റ് അന്തിമമാക്കുന്നു. തുടർന്ന് വിദേശപഠനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നു. കൂടാതെ 350 പട്ടികജാതി വിദ്യാർത്ഥികൾക്കും 50 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുമാണ് ഓരോ വർഷവും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്.

(എഫ്) പട്ടികജാതി–പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തും രാജ്യത്തും വിദേശത്തും പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പിന് എത്ര തുകയാണ് 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്; പ്രസ്തുത തുക പൂർണ്ണമായി സംസ്ഥാന സർക്കാരിന്റെ ഫണ്ടാണോ അതോ കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കുന്ന ഫണ്ടും ഇതിനായി വകയിരുത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

| | 2020-21 | | 2021-22 | | 2022-23 | |
|---|---|---|---|---|---|---|
| | SC | ST | SC | ST | SC | ST |
| പോസ്റ്റ് മെട്രിക് സ്കോളർ ഷിപ്പ് | 334.64 കോടി | ആകെ 41,30,00,000 | 345 കോടി | ആകെ 41,30,00,000 | 330 കോടി | ആകെ 41,30,00,000 |
| വിദേശ പഠനം | 1,53,63,931 | | 17,97,30,935 | | 30,78,74,872 | |

പട്ടികജാതി വിദ്യാർത്ഥികൾക്ക് 40:60 സംസ്ഥാന കേന്ദ്ര അനുപാതത്തിൽ തുക അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25:75 സംസ്ഥാന കേന്ദ്ര അനുപാതത്തിൽ തുക അനുവദിച്ച് വരുന്നു. 2.5 ലക്ഷം വരുമാന പരിധി വരെയുള്ളവർക്ക് മാത്രമെ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ. എന്നാൽ വരുമാന പരിധി ബാധകമാക്കാതെ ബഡ്ജറ്റിൽ

ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ തുക പൂർണ്ണമായും അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2022-23 വർഷം മുതലുള്ള കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

54 (859) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതും പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നതുമായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് അറിയിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ ഗവേഷക വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 82 |
| കൊല്ലം | 10 |
| ആലപ്പുഴ | 2 |
| കോട്ടയം | 9 |
| എറണാകുളം | 36 |
| തൃശ്ശൂർ | 17 |
| പാലക്കാട് | 7 |
| മലപ്പുറം | 19 |
| കോഴിക്കോട് | 10 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 17 |

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് തുക അനുവദിക്കാറുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ തുക സമയബന്ധിതമായി അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് ഏത് മാസം വരെയുള്ള ഫെല്ലോഷിപ്പാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; ഏത് മാസം വരെയുള്ള തുക കുടിശ്ശികയുണ്ടെന്നും ടി തുക ലഭിക്കാനുള്ള വിദ്യാർത്ഥികളുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഫെല്ലോഷിപ്പ്

തുക സമയബന്ധിതമായി ലഭിക്കാത്തതിനാൽ പഠനം ഉപേഷിച്ച് പോയ ഗവേഷക വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ബി& സി) ഗവേഷക വിദ്യാർത്ഥികൾക്ക് യു.ജി.സി. കാലാകാലങ്ങളിൽ അനുവദിക്കുന്ന തുകയുടെ 75% നിരക്കിലാണ് ഫെല്ലോഷിപ്പ് അനുവദിച്ച് വരുന്നത്. ജെ.ആർ.എഫ്. ഇനത്തിൽ 23,250 രൂപയും SRF ഇനത്തിൽ 26,250 രൂപയുമാണ് പ്രതിമാസ ഫെല്ലോഷിപ്പ് തുക. ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നും അപ്രൂവൽ നൽകിയ ശേഷം ഡയറക്ടറേറ്റുകളിൽ 22-12-2023 വരെ എത്തിയ എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം ലഭിച്ച ക്ലെയിമുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗ്രാന്റ്സ് സംവിധാനം SNA-PFMS സമ്പ്രദായത്തിൽ സംയോജിപ്പിക്കുന്നതിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക വിതരണം നടത്തി വരുന്നു. ഫെല്ലോഷിപ്പ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും യഥാസമയം ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ സ്വകാര്യ ഹോസ്റ്റലുകളിൽ നിന്ന് പഠിക്കുന്ന വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ച് പോകേണ്ട അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ പഠനം ഉപേക്ഷിച്ച വിദ്യാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; സർക്കാരിതര ഹോസ്റ്റലുകളിൽ താമസിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസുകൾ യഥാസമയം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് വേണ്ടി നടപ്പിലാക്കി വരുന്ന ഇ-ഗ്രാന്റ് പദ്ധതിപ്രകാരം യഥാസമയം വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ടോ; ഈ പദ്ധതി പ്രകാരം തുക വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ അത് എത്രയാണെന്നും ഏത് മാസം മുതലുള്ള തുക കുടിശ്ശികയായുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇങ്ങനെ കുടിശ്ശിക വരാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ഡി-എഫ്) ഹോസ്റ്റൽ ഫീസും ലംപ്സം ഗ്രാന്റും യഥാസമയം ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രസർക്കാരിന്റെ പുതുക്കിയ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ SNA-PFMS സംവിധാനം വഴി മാത്രമേ അനുവദിച്ചു നൽകുവാൻ പാടുള്ളൂവെന്ന കേന്ദ്ര സർക്കാരിന്റെ നിബന്ധനയും, ആയതിനു സാങ്കേതിക സഹായം നൽകുവാൻ താമസിച്ചതുമാണ് സ്കോളർഷിപ്പ് കുടിശ്ശിക വരാൻ കാരണം. പട്ടികജാതി ജില്ലാ ഓഫീസുകളിൽ നിന്ന് അപ്രൂവൽ നൽകിയ ക്ലെയിമുകൾ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് അനുവദിച്ച തുക പൂർണ്ണമായി

വിനിയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകൾ അനുവദിക്കുന്നതിനായി അധിക തുക ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പട്ടികജാതി വിദ്യാർത്ഥികളുടെ ക്ലെയിമുകളുടെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഇനം | 2022-23 (കോടി) | 2023-24 (കോടി) |
|---|---|---|
| ലംപ്സംഗ്രാന്റ് | 0.03 | 6.23 |
| ഫീസ് | 6.62 | 9.09 |
| ഹോസ്റ്റൽ ഫീസ് | 6.14 | 1.30 |
| ഫെല്ലോഷിപ്പ് | 1.92 | 0.48 |
| അഡീഷണൽ സ്റ്റേറ്റ് അലവൻസ് | 60.92 | 24 |
| സ്റ്റേറ്റ് അക്കാഡമിക് അലവൻസ് | 2.40 | 3.03 |
| ആകെ | 78.02 | 44.14 |

2022-23 വർഷം മുതലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ ആനുകൂല്യം അനുവദിച്ച് നൽകുവാൻ സാധിച്ചിട്ടില്ല. ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് കുടിശ്ശിക തുക സംസ്ഥാന ബഡ്ജറ്റ്

വിഹിതത്തിൽ നിന്നും കുടിശ്ശിക തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിതരണം ചെയ്തുവരുന്നു.

**അഴീക്കോട് പ്രീ-മെട്രിക്ക് ഹോസ്റ്റൽ**

55 (860) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള അഴീക്കോട് പ്രീ-മെട്രിക്ക് ഹോസ്റ്റലിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) 2023-24-ലേയ്ക്കുള്ള ബജഡ്റ്റ് രേഖയിൽ ഉൾപ്പെട്ടിട്ടുള്ള അഴീക്കോട് പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## വയനാട് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകൾ

56 (861) ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം, സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ;

പട്ടികജാതി വികസന വകുപ്പിന് കീഴിൽ വൈത്തിരിയിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ട്. ടി ഹോസ്റ്റലിൽ 22 വിദ്യാർത്ഥികൾ താമസിച്ച് പഠനം നടത്തി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ജില്ലയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ആശ്രമം സ്കൂൾ എന്നിവിടങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം, സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ/ആശ്രമം സ്കൂൾ പ്രവർത്തിക്കുന്നില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം |
|---|---|
| ഡോ.അംബേദ്കർ മെമ്മോറിയൽ എം.ആർ.എസ്, നല്ലൂർനാട് | 470 |
| മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണിയാമ്പറ്റ | 408 |
| ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പൂക്കോട് | 300 |
| രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ, നൂൽപ്പുഴ | 549 |
| ഗവ.ആശ്രമം സ്കൂൾ, തിരുനെല്ലി | 309 |

(സി) പട്ടികവർഗ്ഗ വിഭാഗത്തിലെ എത് വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആണ് കൂടുതലായും പ്രീ-മെട്രിക് ഹോസ്റ്റലുകളിലും മോഡൽ റെസിഡൻഷ്യൽ സ്കൂളിലും ഉള്ളത് എന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും, പ്രീമെട്രിക് ഹോസ്റ്റലുകളിലും അടിയ, പണിയ, കാട്ടുനായ്ക്ക

വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് കൂടുതലായി പഠിക്കുന്നത്. എന്നാൽ നൂൽപ്പുഴ രാജീവ് ഗാന്ധി സ്മാരക ആശ്രമം സ്കൂളിൽ കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും തിരുനെല്ലി ആശ്രമം സ്കൂളിൽ അടിയ, പണിയ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുമാണ് പ്രവേശനം നൽകിവരുന്നത്.

**ഓപ്പറേഷൻ വനജ്**

57 (862) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ നടന്ന ഓപ്പറേഷൻ വനജ് എന്ന വിജിലൻസ് പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ നടന്ന ഓപ്പറേഷൻ വനജ് എന്ന വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപ്രവർത്തനങ്ങളിൽ ഇപ്രകാരം അഴിമതിയും വീഴ്ചയും വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളിൽ അഴിമതിയും വീഴ്ചയും വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) വിജിലൻസ് പരിശോധനയെ തുടർന്ന് കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

വിജിലൻസ് പരിശോധന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമായാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ**

58 (863) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ നിലവിൽ എത്ര

സ്ഥിരം/താൽക്കാലികം/കരാർ/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ നിലവിൽ സ്ഥിരം തസ്തികകളില്ല. എല്ലാ വർഷവും സർക്കാരിൽനിന്നും കമ്മീഷനിലെ വിവിധ തസ്തികകൾക്ക് തുടർച്ചാനുമതി അനുവദിച്ച് വരുന്നുണ്ട്. 27-09-2023-ലെ സ.ഉ.(സാധാ)നം.91/2023/പി.വി.വി.വ. നമ്പർ ഉത്തരവ് പ്രകാരം 18 വിവിധ തസ്തികകൾക്ക് തുടർച്ചാനുമതി അനുവദിച്ചിട്ടുണ്ട്. ടി തസ്തികകളിൽ 9 തസ്തികകളിൽ സെക്രട്ടേറിയറ്റിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും 8 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരും ഒരു തസ്തികയിൽ പാർട്ട്ടൈം സ്വീപ്പർ ജീവനക്കാരിയും ജോലി ചെയ്തുവരുന്നു. ഇതിനുപുറമെ സർക്കാർ ഉത്തരവിന് വിധേയമായി ഒരു ഡ്രൈവർ കരാർ വ്യവസ്ഥയിലും സർക്കാർ നിർദ്ദേശത്തിനനുസൃതമായി ഒരു കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ദിവസ വേതന അടിസ്ഥാനത്തിലും ജോലി ചെയ്തുവരുന്നു.

(ബി) പിന്നാക്ക വിഭാഗ കമ്മീഷന്റെ ജില്ലാ ഓഫീസുകളുടെ പേരും അഡ്രസ്സും കോൺടാക്ട് നമ്പറും ഇ-മെയിൽ ഐഡിയും ലഭ്യമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഹെഡ് ഓഫീസ് മാത്രമേയുള്ളൂ. ജില്ലാ ഓഫീസുകളിൾ ഇല്ല.

(സി) സംസ്ഥാന ഓഫീസിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ അയയ്ക്കുന്ന ജീവനക്കാരിൽ ഭൂരിഭാഗം പേരും പ്രതിപക്ഷ സംഘടനകളിൽപ്പെട്ടവരാണെന്ന വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു വിശദമാക്കാമോ?

ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ നിശ്ചയിക്കുന്നത് സംഘടനാടിസ്ഥാനത്തിലല്ല.

(ഡി) സംസ്ഥാന ഓഫീസിന്റെ അഡ്രസ്സ്, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവ ലഭ്യമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ., തിരുവനന്തപുരം - 3 ഫോൺ : 0471 - 2319288, E-mail : cbckerala@gmail.com.

(ഇ) നിലവിൽ കമ്മീഷന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരൊക്കെയാണ് വ്യക്തമാക്കാമോ?

ചെയർമാൻ - ജസ്റ്റിസ് ജി. ശശിധരൻ, അംഗങ്ങൾ - ഡോ. എ.വി. ജോർജ്ജ്, ശ്രീമതി സുബൈദാ ഇസ്ഹാക്ക്

**കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ**

59 (864) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 വർഷം മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനു ഴിൽ കായംകുളം മണ്ഡലത്തിൽ 2016 വർഷം മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ അനുബന്ധമായി ചേർക്കുന്നു.+

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ കായംകുളം മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. 2019-20 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ടിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു:-

2019-20 വർഷം 35,000/- രൂപ അനുവദിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1) 5 കുടുംബങ്ങൾക്ക് പടുത വാങ്ങി നൽകൽ - 17,500/-രൂപ.

2) പട്ടികവർഗ്ഗ കുട്ടികൾക്ക് അധ്യയന വർഷാരംഭം ധനസഹായം - 3 കുട്ടികൾക്ക് - 15,000/- രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3) സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - 2,500/- രൂപ

2020-21 വർഷം 36,625/- രൂപ അനുവദിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1) മരംവെട്ട് തൊഴിലാളികൾക്ക് മെഷീൻ വിതരണം - 21,625/- രൂപ

2) തൊഴിലധിഷ്ഠിത പരിശീലന പരിപാടി - 15,000/- രൂപ

2021-22 വർഷം പദ്ധതികളില്ല.

2022-23 വർഷം 1,49,000/- രൂപ അനുവദിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

1) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അധ്യയന വർഷം പ്രാരംഭ ചെലവ് - ധനസഹായം-4,000/- രൂപ

2) ചെണ്ടമേളം ഗ്രൂപ്പിന് ധനസഹായം - 90,000/- രൂപ

3) ലോട്ടറി കച്ചവടം നടത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ധനസഹായം - 15,000/- രൂപ

4) തൊഴിലുപകരണങ്ങൾ വിതരണം- 40,000/- രൂപ

2023-24 വർഷം 10,000/- രൂപ അനുവദിച്ച് ചുവടെ പറയുന്ന പദ്ധതി നടപ്പിലാക്കി.

1) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് - ധനസഹായം - 10,000/- രൂപ

2019-20 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

60 (865) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് തുക അനുവദിച്ചു എന്ന് വിശദമാക്കാമോ?

അരൂർ മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗ വകുപ്പ് നടത്തിയ പ്രവൃത്തികൾ അനുബന്ധം-1+ ആയും പട്ടികജാതി വകുപ്പ് നടത്തിയ പ്രവൃത്തികൾ അനുബന്ധം-2+ ആയും ചേർക്കുന്നു.

(ബി) ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2022-23 വർഷത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചു.

2023-24 വർഷത്തെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

**പട്ടികജാതി വികസന വകുപ്പ്**

പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം-2+ ആയി ചേർക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

61 (866) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തി വരുന്നതും നടത്താൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നും നിലവിൽ നടത്തി വരുന്നില്ല. തുരുത്തി കോളനി ട്രാൻസ്ഫോർമർ -മാഹി കനാൽ റോഡ് എന്ന പ്രവൃത്തി, 2023-24 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിൽ ഭരണാനുമതിക്കുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

62 (867) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ പാറയിൽ സെറ്റിൽമെന്റ് കോളനിയും ചിറക്കര ഗ്രാമപഞ്ചായത്തിലെ ഉളിയനാട് പട്ടികജാതി കോളനിയും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. 2022-23 വർഷത്തിൽ 60 കോളനികളെ മാത്രമേ തെരഞ്ഞെടുത്തിട്ടുള്ളൂ എന്നതിനാൽ ടി കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്താൻ കഴിഞ്ഞില്ല. 2023-24 വർഷത്തെ പട്ടികയിൽ കല്ലുവാതുക്കൽ പാറയിൽ കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**റീബിൽഡ് കേരള പദ്ധതിപ്രകാരം മാറ്റിപ്പാർപ്പിച്ച കുടുംബങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ**

63 (868) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലുൾപ്പെട്ട പാമ്പൻതോട്, വെള്ളത്തോട് എന്നീ പട്ടികവർഗ്ഗ കോളനികളിൽനിന്നും റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 92 കുടുംബങ്ങളെ പാങ്ങോട്, മുണ്ടൻകുന്ന് പ്രദേശങ്ങളിൽ വീട് നിർമ്മിച്ചുനൽകി മാറ്റി പാർപ്പിച്ചിട്ടുള്ളതിന്റെ ഭാഗമായി പ്രസ്തുത പ്രദേശത്ത് റോഡുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത കോളനികളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് റോഡുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഗുരുവായൂർ മണ്ഡലത്തിലെ നായാടി വിഭാഗക്കാരുടെ പുനരധിവാസം**

64 (869) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട ദുർബല വിഭാഗമായ നായാടി വിഭാഗത്തിലുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വിശദമാക്കാമോ?

48 കുടുംബങ്ങളുണ്ട്.

(ബി) ദുർബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരം മണ്ഡലത്തിലെ പ്രസ്തുത വിഭാഗങ്ങൾക്ക് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഭവന നിർമ്മാണം, ഭൂരഹിത പുനരധിവാസം, ഭവന പുനരുദ്ധാരണം, പഠനമുറി നിർമ്മാണം, കൃഷി ഭൂമി അനുവദിക്കൽ, ടോയ്‌ലറ്റ് നിർമ്മാണം, സ്വയംതൊഴിൽ ധനസഹായം തുടങ്ങിയ ഉപപദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ നായാടി വിഭാഗത്തിലുള്ള കുടുംബങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇവരുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കടപ്പുറം പഞ്ചായത്തിൽ ആകെയുള്ള നാല് നായാടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ചുനൽകിയ വീടുകൾ കാലപ്പഴക്കംമൂലം നിലവിൽ ജീർണാവസ്ഥയിലാണ്. ഭവനരഹിതരുടെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ പ്രസ്തുത കുടുംബങ്ങൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത പട്ടികയിൽ ടി കുടുംബങ്ങളെ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ബുദ്ധിമാന്ദ്യമുള്ള മകൾക്ക് വീടിനുള്ളിൽ തീപിടിച്ച് ഉണ്ടായ അപകടത്തിന് ധനസഹായം**

65 (870) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വീടിനുള്ളിൽ അടുക്കളയിൽ വച്ച് തീപിടിച്ചുണ്ടായ അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിൽ തുടരുന്ന ബുദ്ധിമാന്ദ്യമുള്ള മകളുടെ (കുമാരി മഞ്ജുമോൾ) തുടർചികിൽസയ്ക്ക് ബഹു. പട്ടികജാതി പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കെ. വാസു, ചാമക്കാലയിൽ വീട്, പൂഴിക്കോൽ പി.ഒ., മാന്നാർ, കടുത്തുരുത്തി, വൈക്കം, കോട്ടയം, നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കുമാരി മഞ്ജുമോളുടെ ചികിത്സാവശ്യത്തിനായി പിതാവ് ശ്രീ. സി. കെ. വാസു T-Grantz പോർട്ടൽ വഴി സമർപ്പിച്ച ചികിത്സാധന സഹായത്തിനുള്ള അപേക്ഷ സർക്കാർ പരിഗണിച്ച് തുക അനുവദിച്ചു.

**എസ്.സി. ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ**

66 (871) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി. ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി ഓപ്പറേഷൻ പ്രൊട്ടക്ടർ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും ക്രമക്കേടിന്റെ വിശദാംശങ്ങളും ഉൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിജിലൻസിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി ക്ഷേമ പദ്ധതികളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ പ്രൊട്ടക്ടർ' എന്ന പേരിൽ വിജിലൻസ് 19-09-2023-ൽ റെയ്ഡ് നടത്തിയിരുന്നു. വിജിലൻസ് വകുപ്പിന്റെ ശിപാർശ സഹിതം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ

അനുബന്ധമായി+ ചേർത്തിരിക്കുന്നു. വകുപ്പുതലത്തിൽ പരിശോധന നടത്തി വരുന്നു.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതി**

67 (872) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ അംഗീകാരം ലഭിച്ച അംബേദ്കർ ഗ്രാമപദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽനിന്നും 2020-21 സാമ്പത്തിക വർഷത്തിൽ ചോയിമഠം കോളനി, വാളാഞ്ഞിക്കരങ്ങത്ത് കോളനി എന്നിവയെയും 2022-23 സാമ്പത്തിക വർഷത്തിൽ കുളിക്കുന്ന് കോളനിയെയും അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളുടെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; അറിയിക്കാമോ?

ഇല്ല.

(സി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

MoU ഒപ്പിട്ട് ഒരു വർഷത്തിനകം പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതാണ്.

**നിലമ്പൂർ നിയോജക മണ്ഡലത്തിൽ വകുപ്പ് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ**

68 (873) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പ് മുഖാന്തരം 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്നും അറിയിക്കാമോ?

നിലമ്പൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖാന്തരം 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും പദ്ധതികളുടെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും അനുബന്ധം-I+ ആയി കൊടുക്കുന്നു.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; പദ്ധതികളുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്നും അറിയിക്കാമോ;

(സി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഉൾവനങ്ങളിലെ വിവിധ ആദിവാസി കോളനികളിൽ 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും ഇനവും കോളനികൾ തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

(ബി&സി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം 2016 മുതൽ നാളിതുവരെ നടപ്പാക്കിയ പദ്ധതികളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ച തുകയും പദ്ധതികളുടെ ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും കോളനികൾ തിരിച്ചുള്ള വിവരം അനുബന്ധം - II+ ആയി കൊടുക്കുന്നു.

**അംബേദ്കർ ഊര് വികസന പദ്ധതി**

69 (874) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ ഊര് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലമ്പുഴ നിയോജകമണ്ഡലത്തിലെ വാദ്ധ്യാർച്ചള്ള, കൊല്ലംകുന്ന് എന്നീ പട്ടികവർഗ്ഗ കോളനികളെ 2022-23 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി മുഖേന ഓരോ കോളനിക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്. തുക അനുവദിക്കുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മേൽപ്പറഞ്ഞ കോളനികളുടെ നവീകരണം ഏത് ഏജൻസി മുഖാന്തരമാണ് നടത്തുന്നതെന്ന് അറിയിക്കാമോ?

നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികൾ പൊതുമേഖലാ സ്ഥാപനങ്ങളായ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തരം നടത്തുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഇല്ല. അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 02-09-2022-ലെ സ.ഉ(അച്ചടി)നം.104/2022/ഫിൻ, 28-09-2022-ലെ സ.ഉ(അച്ചടി)നം.116/2022/ഫിൻ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ/ അംഗീകൃത സർക്കാർ ഇതര അക്രഡിറ്റഡ് ഏജൻസികൾ എന്നിവയിൽ നിന്നും ഉചിതമായ ഏജൻസിയെയോ, തദ്ദേശസ്വയംഭരണ

സ്ഥാപനത്തെയോ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പരിശോധിച്ച് തെരഞ്ഞെടുക്കുന്നതാണ്. മുൻപ് ടി പദ്ധതി ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലാത്ത ഏജൻസികൾക്ക് മുൻഗണന നൽകുന്നതാണ്.

**പുതിയ അംബേദ്കർ ഗ്രാമങ്ങളുടെ പട്ടിക.**

70 (875) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ അനുവദിച്ച അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമങ്ങളുടെ പട്ടിക പട്ടികവർഗ്ഗം, പട്ടികജാതി തിരിച്ച് ലഭ്യമാക്കുമോ?

തിരുവമ്പാടി ഗ്രാമ പഞ്ചായത്തിലെ മുത്തപ്പൻപ്പുഴ പണിയ കോളനി, മാങ്കുന്ന് മഞ്ഞക്കടവ് കോളനി, കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ കല്ലട്ടുകുന്ന് കോളനി, വാണിമേൽ ഗ്രാമ പഞ്ചായത്തിലെ അടുപ്പിൽ കോളനി എന്നീ പട്ടികവർഗ്ഗ കോളനികളെ ഈ സാമ്പത്തികവർഷം കോഴിക്കോട്

ജില്ലയിൽനിന്നും അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പട്ടികജാതി കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇവയുടെ നടത്തിപ്പ് എങ്ങനെയാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

06-05-2023-ലെ സ.ഉ.(കൈ) നം.10/2023 പജപവവിവ, 27-05-2023-ലെ സ.ഉ.(കൈ) നം.14/2023 പജപവവിവ, എന്നീ ഉത്തരവുകൾ പ്രകാരമാണ് പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് നിശ്ചയപ്പെട്ടിരിക്കുന്നത്.

(സി) ഇവയുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുമോ?

പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാസഹായം**

71 (876) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിവിധ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവർക്ക് പലവിധ കാരണങ്ങളാൽ ചികിത്സാ സഹായനിധി ലഭിക്കുന്നതിന് ദീർഘകാലം കാത്തിരിക്കേണ്ടിവരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

കൈപ്പമംഗലം നിയോജക മണ്ഡലത്തിൽനിന്നും 2022 ഡിസംബർ മാസം മുതൽ ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട 131 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാനുണ്ട്. അപേക്ഷകളുടെ ബാഹുല്യംമൂലം വകയിരുത്തിയിട്ടുള്ള ഫണ്ട് മതിയാകാതെ വരുന്ന സാഹചര്യത്തിലും ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബങ്ങൾക്കുള്ള ധനസഹായവും ഇതേ ശീർഷകത്തിൽനിന്നും നൽകേണ്ടിവരുന്നതുമൂലവും ഫണ്ട് വിതരണത്തിൽ

കാലതാമസം ഉണ്ടാകുന്നുണ്ട്. എങ്കിലും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കൈപ്പമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഒരു പട്ടികവർഗ്ഗ കുടുംബം മാത്രമാണ് താമസിച്ചുവരുന്നത്. ടി കുടുംബത്തിലെ ശ്രീ. ഗോപി എന്നിവർ സമർപ്പിച്ച അപേക്ഷകളിന്മേൽ 2021 മുതൽ നാളിതുവരെ ചാലക്കുടി ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസ് മുഖാന്തരം 38,342/- രൂപയും സർക്കാർ ഉത്തരവ് പ്രകാരം 50,000/- രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതേ അപേക്ഷകൻതന്നെ വീണ്ടും സമർപ്പിച്ച ചികിത്സാ ധനസഹായ അപേക്ഷ പരിശോധനകൾക്കായി ചാലക്കുടി ട്രൈബൽ ഡവലപ്‌മെന്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

**മുനിക്കുന്ന് കോളനി നവീകരണം**

72 (877) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത വെട്ടൂർ ഗ്രാമപഞ്ചായത്തിലെ മുനിക്കുന്ന് കോളനി നവീകരണത്തിന് നിർവ്വഹണാനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിർവ്വഹണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസമെന്തെന്ന് വിശദമാക്കാമോ?

(എ&ബി) ലഭ്യമാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ ന്യൂനത പരിഹാര റിപ്പോർട്ട് ജില്ലാ ഓഫീസറിൽനിന്നും ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**നാദാപുരം മണ്ഡലത്തിലെ ചിറ്റാരി – കണ്ടി വാതുക്കൽ റോഡ് നിർമ്മാണം**

73 (878) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാണിമേൽ - ചെക്ക്യാട് ഗ്രാമ പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലേക്കുള്ള ചിറ്റാരി - കണ്ടി വാതുക്കൽ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ കോളനി നിവാസികൾ അനുഭവിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് പുനഃസ്ഥാപിക്കാനുള്ള ഫണ്ട് എന്ന് ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

നബാർഡ് RIDF 20 സ്കീമിലുൾപ്പെടുത്തി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ടി പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിരുന്നത്. കനത്ത മഴ, പ്രളയം, വില വർദ്ധന, കൂലി വർദ്ധന എന്നീ കാരണങ്ങളാലും കരാറുകാരൻ നിർമ്മാണം ഉപേക്ഷിച്ചതിനാലും പദ്ധതി നിർവ്വഹണത്തിൽ കാലതാമസമുണ്ടാവുകയും

RIDF 20 സ്കീമിന്റെ കാലാവധി 31-03-2022-ൽ അവസാനിച്ച സാഹചര്യത്തിലും ടി നിർമ്മാണം നബാർഡ് പദ്ധതിപ്രകാരം തുടരാൻ സാധിച്ചില്ല. ടി പ്രവൃത്തി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**ക്രാഫ്റ്റ് വില്ലേജ് പദ്ധതി**

74 (879) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജക മണ്ഡലത്തിൽ കണ്ണമ്പ്രയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ക്രാഫ്റ്റ് വില്ലേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിലെ കണ്ണമ്പ്ര വില്ലേജ് വാർഡ് നമ്പർ 11, ബ്ലോക്ക് നമ്പർ 35, സർവ്വേ നമ്പർ 422 (1 മുതൽ 9 വരെ) ഉൾപ്പെട്ട 5.2 ഏക്കർ ഭൂമി ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിന്

ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്.

**സാവിത്രിഭായി ഫൂലെ മെമ്മോറിയൽ ആശ്രമം സ്കൂൾ കെട്ടിട നിർമ്മാണം**

75 (880) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ കുണ്ടംകുഴിയിൽ പ്രവർത്തിക്കുന്ന സാവിത്രിഭായി ഫൂലെ മെമ്മോറിയൽ ആശ്രമം സ്കൂൾ കെട്ടിട നിർമ്മാണത്തിന് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

31.81 കോടി രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ബി) ഭരണാനുമതി ഉത്തരവുപ്രകാരം എത്ര കോടി രൂപയാണ് പി.ഡബ്ല്യു.ഡിക്ക് നൽകിയിട്ടുള്ളത്;

(സി) ഈ തുക കൊണ്ട് എന്തൊക്കെ സൗകര്യങ്ങളാണ് സ്ഥാപനത്തിൽ ഒരുക്കുന്നത്; വിശദാംശം അറിയിക്കാമോ;

(ഡി) ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ബാക്കി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(ബി-ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരിക്കുന്ന 4225-02-277-42(P) എന്ന ശീർഷകത്തിന്റെ കൺട്രോളിംഗ് ഓഫീസർ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) ആയതിനാൽ തുക പ്രത്യേകമായി പൊതുമരാമത്ത് വകുപ്പിന് അനുവദിക്കേണ്ടതില്ല. നടപ്പുവർഷം ടി ശീർഷകത്തിൽ 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ്, അക്കാഡമിക്ക് ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണമാണ് ആദ്യഘട്ടത്തിൽ ആരംഭിച്ചത്. നിർമ്മാണത്തിന് അധിക തുക ആവശ്യമായി വന്നാൽ അധിക ധനാനുമതിയിലൂടെ ടി തുക പൊതുമരാമത്ത് വകുപ്പിന് തന്നെ കണ്ടെത്താവുന്നതാണ്.

**മങ്കട മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ വീട് നിർമ്മാണം**

76 (881) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന നൽകിയ ധനസഹായം ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച വീടുകളിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികജാതി കുടുംബങ്ങൾക്ക് അവ പൂർത്തിയാക്കുന്നതിന് എന്തെങ്കിലും സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

2010 ഏപ്രിൽ 1-നുശേഷം ഭവന നിർമ്മാണം നടത്തിയവരുടെ ഭവന പൂർത്തീകരണ/പുനരുദ്ധാരണത്തിനായി അർഹതയുള്ള ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ അനുവദിക്കുന്ന സേഫ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഈ മണ്ഡലത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിൻ കീഴിലും ഇത്തരത്തിൽ അവശേഷിക്കുന്ന വീടുകൾ ഓരോന്നും

പൂർത്തിയാക്കുന്നതിന് ഏകദേശം എത്ര തുക വീതം വേണ്ടിവരുമെന്നാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ നാളിതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പ്രസ്തുത കുടുംബങ്ങൾക്ക് ധനസഹായം ഉറപ്പുവരുത്തുന്നതിന് ഈ സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അടിയന്തരമായി ഈ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുമോയെന്നും വ്യക്തമാക്കാമോ?

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെയും പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെയും ഓരോ ഗുണഭോക്താക്കൾ മൂന്ന് ഗഡു സഹായം കൈപ്പറ്റിയിട്ടുണ്ട്. പുഴക്കാട്ടീരി ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവും കുറുവ ഗ്രാമപഞ്ചായത്തിലെ മറ്റൊരു ഗുണഭോക്താവും രണ്ട് ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയ്ക്കുള്ള നിശ്ചിത ഘട്ടം പണി പൂർത്തിയാക്കാത്തതിനാൽ തുടർ ഗഡുക്കൾ അനുവദിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടില്ല. നിശ്ചിതഘട്ടം പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് തുടർ ഗഡുക്കൾ സ്പിൽ ഓവർ പദ്ധതി പ്രകാരം അനുവദിക്കുന്നതാണെന്ന വിവരം ഗുണഭോക്താക്കളെ അറിയിച്ചിട്ടുണ്ട്

**മൂലേക്കുഴി കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി**

77 (882) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2020-21 ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയ മൂലേക്കുഴി കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണത്തിൽനിന്നും ജില്ലാ നിർമ്മിതി കേന്ദ്രത്തെ മാറ്റി എഫ്.ഐ.റ്റി.-യെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. എഫ്.ഐ.റ്റി. എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) പ്രസ്തുത കോളനിയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ?

സംരക്ഷണ ഭിത്തി നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല.

(സി) പദ്ധതിയുടെ പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ, എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

എസ്റ്റിമേറ്റിലുൾപ്പെട്ട റോഡ് നിർമ്മാണത്തിനായി ഗ്രാമ നിവാസികളിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

എസ്റ്റിമേറ്റിലുൾപ്പെട്ട റോഡ് നിർമ്മാണത്തിനായി ഗ്രാമ നിവാസികൾ സ്ഥലം പഞ്ചായത്തിന് വിട്ടുകൊടുത്ത്, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുവരുന്നമുറയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കുമെന്ന് ഏജൻസി

അറിയിച്ചിട്ടുണ്ട്. ഏജൻസി എസ്റ്റിമേറ്റ് സമർപ്പിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുന്നതിന് സാധിക്കും.

**കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി**

78 (883) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്തഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ കുണ്ടായിട്ടമ്മൽ കോളനി, ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുതുകട കോളനി എന്നിവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

കണ്ടായിട്ടമ്മൽ കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മുതുകട കോളനിയിൽ പ്രവൃത്തി നടപ്പിലാക്കേണ്ട സ്ഥലത്തെ കെട്ടിടം പൊളിക്കാനും നടപ്പാത നിർമ്മാണത്തിനും അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ എസ്.സി./എസ്.ടി. പദ്ധതികൾ**

79 (884) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന അംബേദ്കർ ഗ്രാമ വികസന പരിപാടിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ മൈക്കാനം എസ്.സി. കോളനി സമഗ്ര വികസനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അജാനൂർ ഗ്രാമപഞ്ചായത്തിലെ മൂലകണ്ടം കോളനിയിലെ കമ്പ്യൂട്ടർ സെന്ററിന്റെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയവ.

കാഞ്ഞങ്ങാട് ആവിക്കര എസ്.സി. കോളനിയെ അംബേദ്കർ ഗ്രാമ വികസന പരിപാടിയിലുൾപ്പെടുത്തി കോളനിയിൽ സമഗ്ര വികസന പരിപാടി നടപ്പാക്കുക.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് സേഫ് പദ്ധതി, പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായം, ഭക്ഷ്യ സഹായ പദ്ധതി എന്നിവയും കരിന്തളത്ത് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആരംഭിക്കുകയും ടി സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികളും, അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി, ടി.ആർ.ഡി.എം. പുനരധിവാസ പദ്ധതി, കോർപ്പസ് ഫണ്ട് എന്നിവയിലുൾപ്പെടുത്തി വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം അജാനൂർ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള

പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് സ്വന്തം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധം I+ആയി ചേർക്കുന്നു.

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു.

1. <u>ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി 2022 വർഷം കരിന്തളത്ത് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ (ഇ.എം.ആർ.എസ്.എസ്.) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ ആറ്, ഏഴ് ക്ലാസുകളിലായി 119 കുട്ടികൾ താമസിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠിക്കുന്നുണ്ട്. ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

2. <u>സേഫ് പദ്ധതി</u>

പട്ടികവർഗ്ഗക്കാരുടെ ഭവന പൂർത്തീകരണവും പുനരുദ്ധാരണവും ലക്ഷ്യമിട്ടുകൊണ്ട് കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതിയിലുൾപ്പെടുത്തി ആകെ 62 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

3. <u>അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി</u>

2021-22 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ വടക്കുമൂല, പനങ്ങാട്, പള്ളം പട്ക്ക - എലിക്കോട്ടുകയ എന്നീ 2 കോളനികളെ തെരഞ്ഞെടുക്കുകയുണ്ടായി. അവയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

2022-23 വർഷം പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കുടുംബൂർ, വീട്ടിക്കോൽ, ബാപ്പുങ്കയം എന്നീ കോളനികളെ നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത കോളനികളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

4. ടി.ആർ.ഡി.എം.

പരിസ്ഥിതി ലോല പ്രദേശമായ കമ്പാടിയിലെ 10 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റ്റി.ആർ.ഡി.എം. പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ആകെ 21,00,000/- ലക്ഷം രൂപ 2023-24 വർഷം അനുവദിച്ചിട്ടുണ്ട്.

5. കോർപ്പസ് ഫണ്ട്

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ പുരോഗതി വിവരങ്ങൾ അനുബന്ധം II+ആയി ചേർക്കുന്നു.

**ശ്രീ വി.യു. നന്ദുവിനു സ്പെയിനിൽ ഫുട്ബോൾ പരിശീലനത്തിന് ധനസഹായം**

80 (885) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ നായരമ്പലം ഗ്രാമപഞ്ചായത്തിൽ തേങ്ങാത്തറ റോഡ് വേലിക്കത്തറ വീട്ടിൽ ഉത്തമൻ മകൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വി.യു. നന്ദു സ്പെയിനിൽ ഫുട്ബോൾ പരിശീലനത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പോകുന്നതിനായി ധനസഹായം ലഭ്യമാകുന്നതിന് 24-08-2023-ന് എം.എൽ.എ.-യുടെ കവറിംഗ് ലെറ്റർ സഹിതം സമർപ്പിച്ച അപേക്ഷയിന്മേൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും അദ്ദേഹം കടം വാങ്ങിയ തുക ഉപയോഗിച്ച് പരിശീലനം പൂർത്തിയാക്കി തിരിച്ചെത്തിയിട്ടും ധനസഹായം ലഭ്യമാകാത്തതിന് കാരണം വിശദമാക്കാമോ;

(ബി) സ്പെയിനിൽ രണ്ടാംഘട്ട പരിശീലനത്തിന് അർഹത നേടിയിട്ടുള്ള വി.യു. നന്ദുവിന് ധനസഹായം എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. യു. വി. നന്ദു പരിശീലന പരിപാടിയിൽ പങ്കെടുത്തതിന് ചെലവായ 4,50,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

81 (886) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര നിയമസഭ മണ്ഡലങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ കീഴിലുള്ള ICFOS നടപടികൾ തുടങ്ങിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ മണ്ഡലങ്ങളിൽ വെർച്ച്വൽ പ്രീ-

എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കും. ഓരോ മണ്ഡലത്തിലും ആദ്യഘട്ടം ഒരു സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സഹായിക്കണമെന്ന് ആവശ്യപ്പെട്ട് M.L.A.-മാർക്ക് കത്ത് നൽകിയിട്ടുണ്ട്.

**പട്ടികജാതി വകുപ്പ് മുഖേനയുള്ള ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

82 (887) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 വർഷങ്ങളിൽ പട്ടികജാതി വകുപ്പ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദവിവരവും ഭരണാനുമതികളുടെ പകർപ്പും ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2022-23 വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആര്യാട് ബ്ലോക്കിലെ മണ്ണഞ്ചേരി

പഞ്ചായത്തിലെ പന്നിശ്ശേരി കോളനിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ടി കോളനിയിലെ പ്രവൃത്തി നിർവ്വഹണത്തിനായി FIT എന്ന ഏജൻസിയെ തിരഞ്ഞെടുക്കുകയും ഏജൻസി ആയതിലേയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2023-24-ൽ കോളനികളൊന്നുംതന്നെ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

2022-23 വർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

1. ആര്യാട് ബ്ലോക്ക് വരകാടി കോളനി- എൻ.സി. ജോൺ കമ്പനി റോഡ് നിർമ്മാണം.:-

ടി പ്രവൃത്തിക്ക് 50,000/- (അൻപതിനായിരം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി ലഭ്യമായെങ്കിലും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതാകുന്നു.

2. മാരാരിക്കുളം തെക്ക് പഞ്ചായത്ത് മാതൃകാ ഗ്രാമം റോഡ് സംരക്ഷണ ഭിത്തി, കലുങ്ക് നിർമ്മാണം:-

ടി പ്രവൃത്തിക്ക് 10,10,000/- (പത്ത് ലക്ഷത്തി പതിനായിരം രൂപാ മാത്രം) രൂപയുടെ ഭരണാനുമതി ലഭ്യമായെങ്കിലും പലതവണ ടെണ്ടർ നടത്തിയിട്ടും ആരും ഏറ്റെടുക്കാതിരുന്നതിനാൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല.

2023-24 വർഷം പുതിയ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭ്യമായിട്ടില്ല.

ഭരണാനുമതികളുടെ പകർപ്പ് അനുബന്ധമായി+ കൊടുത്തിരിക്കുന്നു.

(ബി) പട്ടികജാതി വകുപ്പിനുകീഴിൽ ആലപ്പുഴ മണ്ഡലത്തിൽ എത്ര സ്ഥലമാണ് കൈവശമുള്ളതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിസ്തീർണ്ണം, റീസർവ്വെ നമ്പർ എന്നിവ ഉൾപ്പെടുത്തി വിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ മണ്ണഞ്ചേരി വില്ലേജിൽ ബ്ലോക്ക് 4,181/2 എന്ന സർവ്വേ നമ്പറിൽ 78 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലാണ്. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം ഇത് സർക്കാർ പുറമ്പോക്കായാണ് കാണുന്നത്.

**കേന്ദ്രസഹായം നിർത്തലാക്കിയ പദ്ധതികൾ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

83 (888) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നൽകിവരുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്ര സഹായം ലഭിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗം

1) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

3)ആരോഗ്യഹാനിക്കിടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി

4) PM AJAY പദ്ധതി

5) അതിക്രമം തടയൽ പദ്ധതി, മിശ്രവിവാഹ ധനസഹായ പദ്ധതി

6) SCST കോർപ്പറേഷനുള്ള ധനസഹായം

പട്ടികവർഗ്ഗ വിഭാഗം

1.അതിക്രമം തടയൽ നിയമം 1989 പ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായുള്ള ധനസഹായം അനുവദിക്കൽ

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

3. പ്രീമെട്രിക് സ്കോളർഷിപ്പ് - കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറവുള്ളതും 9,10 ക്ലാസുകളിൽ പഠിക്കുന്നതുമായ വിദ്യാർഥികൾക്ക് പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകിവരുന്നു

4. ആർട്ടിക്കിൾ 275 (1) – ഗ്രാന്റ് ഇൻ എയ്ഡ് പ്രകാരമുള്ള വികസന പദ്ധതികൾ (നൂറ് ശതമാനം വിഹിതം)

5. കൺസർവേഷൻ കം ഡവലപ്മെന്റ് - പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കുള്ള വികസന പദ്ധതി (2023-24 വർഷം മുതൽ PM -JANMAN പദ്ധതിയായി ആവിഷ്കരിച്ചിട്ടുണ്ട്)

6. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

7. പി.എം.എ.എ.ജി.വൈ (പട്ടികവർഗ്ഗ ഉപപദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര സഹായം)

(ബി) പ്രസ്തുത കേന്ദ്ര സഹായത്തിൽ എന്തൊക്കെ കുറവുകളും നിർത്തലാക്കലുകളുമാണ് 2021-ന് ശേഷം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി വിഭാഗം</u>

100% കേന്ദ്രാവിഷ്കൃത പദ്ധതിയെന്നറിയപ്പെട്ടിരുന്ന പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ 40% സംസ്ഥാന വിഹിതം, 60% കേന്ദ്ര വിഹിതം എന്ന രീതിയിൽ പുനഃക്രമീകരിച്ചിട്ടുണ്ട്.

2021-22, 2022-23 എന്നീ വർഷങ്ങളിൽ PM-AJAY പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് പ്രോപ്പോസൽ കേന്ദ്രത്തിന് നൽകിയിരുന്നെങ്കിലും കേന്ദ്രസഹായം ലഭിച്ചിരുന്നില്ല. എന്നാൽ

നടപ്പുവർഷം കേന്ദ്രസഹായത്തിന്റെ ആദ്യഗഡുവായി 2,82,80,399/- രൂപ സംസ്ഥാനത്തിന് കേന്ദ്രം നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

2022-2023, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നതിനായി 1034.1785 ലക്ഷം രൂപയുടെ പ്രൊപ്പോസലും പോസ്റ്റ് മെട്രിക് സ്കോളർഷിപ് പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനായി 12,641.35 ലക്ഷം രൂപയുടെ പ്രൊപ്പോസലുകളും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചെങ്കിലും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതി പി.എം.എ.എ.ജി.വൈ. എന്ന് പുനർനാമകരണം ചെയ്തതിന്റെ ഫലമായി പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമേ ധനസഹായം ലഭിക്കുന്നുള്ളൂ.

(സി) ഇത്തരം വെട്ടിക്കുറയ്ക്കൽ കാരണം സഹായ വിതരണം തടസ്സപ്പെടുന്ന സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

പട്ടികജാതി വിഭാഗം

പുനക്രമീകരണം കാരണം സഹായ വിതരണം തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

പട്ടികവർഗ്ഗ വിഭാഗം

കേന്ദ്ര ധനസഹായം ലഭിക്കാത്ത സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രപദ്ധതികളുടെ അവലോകന യോഗങ്ങളിലും ടി വിഷയം അറിയിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതെവന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗം

കേന്ദ്ര സർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്ത സാഹചര്യങ്ങൾ ശ്രദ്ധയിൽ വരികയും സ്കോളർഷിപ് സമയബന്ധിതമായി നൽകുന്നതിന് ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുക അനുവദിക്കുന്നതിന് അനുമതി സംസ്ഥാന സർക്കാർ നൽകിയിട്ടുമുണ്ട്.

നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

84 (889) **ശ്രീ. ഐ. സി. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം വനഗ്രാമങ്ങളിൽനിന്നും മാറിതാമസിക്കുന്നതിനായി വീടുകൾ പൊളിച്ചുമാറ്റിയവർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകാത്തതിനാൽ പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2023-24 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേന അംഗീകരിച്ച് ലഭിച്ച

36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. നാളിതുവരെ 782 അപേക്ഷകർക്ക് പദ്ധതിപ്രകാരം സാമ്പത്തിക പാക്കേജ് നൽകിയിട്ടുള്ളതാണ്. 2023-24 സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്നമുറയ്ക്ക് ബാക്കി തുക വിതരണം ചെയ്യുന്നതാണ്. സാമ്പത്തിക സഹായത്തിനായുള്ള 181 അപേക്ഷകൾ അംഗീകൃത മാർഗ്ഗരേഖ പ്രകാരമുള്ള പരിശോധനകൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്; നാളിതുവരെ എത്ര പേർക്ക് എത്ര ഗഡു തുക കൈമാറിയിട്ടുണ്ട്; തുക പൂർണ്ണമായും കൈമാറി ഇവരുടെ പുനർവിവാഹം ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

വനംവകുപ്പ് നടപ്പിലാക്കിവരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 782 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുക നൽകി വനാന്തരങ്ങളിൽനിന്ന്

മാറിപ്പോകാനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. ടി 782 അർഹതകുടുംബങ്ങളിൽ, 497 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ), 285 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്.

ഇപ്രകാരം നവകിരണം സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയിലൂടെ 95.925 കോടി രൂപ (റീബിൽഡ് കേരള ഡെവലപ്പ്മെന്റ് പദ്ധതി മുഖേന 72.525 കോടിയും, കിഫ്ബി ഫേസ് II പദ്ധതി മുഖേന 23.4 കോടിയും) കുടുംബങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ഇതിന്റെ വിശദാംശം പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു+.

2023-24 സാമ്പത്തിക വർഷം, നവകിരണം പദ്ധതിക്കായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി മുഖേന അംഗീകരിച്ച് ലഭിച്ച 36.13 കോടി രൂപ ലഭിച്ചിട്ടുള്ളതും ആയതിൽ 36.0525 കോടി രൂപ ചിലവാക്കിയിട്ടുള്ളതുമാണ്. 2023 - 24 സാമ്പത്തിക വർഷം അനുവദിച്ച തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ്

**പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്നു നടത്തിവരുന്ന പ്രവർത്തനങ്ങൾ**

85 (890) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ ഇപ്പോഴും വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവർക്ക് വൈദ്യുതി ലഭ്യമാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആകെ 84 കോളനികൾ വൈദ്യുതീകരിക്കാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതുപ്രകാരം 2022 -23 വർഷത്തിൽ പാലക്കാട്, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലായി 9 കോളനികൾ പട്ടികവർഗ്ഗ

വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് കെ.എസ്.ഇ.ബി മുഖേന വൈദ്യുതീകരിച്ചിട്ടുണ്ട്.

കൂടാതെ, സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടി KSEB, അനെർട്ട് എന്നിവർ മുഖേന സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ക്ക് സാധ്യമാകുന്ന 19 കോളനികൾ വൈദ്യുതികരിക്കുന്നതിന് 21.08 കോടി രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയതിൽ, ആകെ എസ്റ്റിമേറ്റിന്റെ 20 ശതമാനം തുകയായ 4.22 കോടി രൂപ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

എറണാകുളം, പാലക്കാട്, ഇടുക്കി, മലപ്പുറം, വയനാട് എന്നീ 5 ജില്ലകളിലെ 30 കോളനികളിലായി സോളാർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനായി ANERT 3697.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. ആയതിൽ മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മഞ്ചേരി, മുണ്ടകൊല്ലി എന്നീ രണ്ട് കോളനികളിൽ

സോളാർ വൈദ്യുതികരണം പി.വി.റ്റി.ജി. വിഭാഗക്കാർക്കുവേണ്ടിയുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ PM JANMAN പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ ANERT-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബാക്കിയുള്ള കോളനികളുടെ ഫീസിബിലിറ്റി പരിശോധിച്ച് മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വൈദ്യുതിയുള്ള ആദിവാസി മേഖലകളിൽ കേബിൾ നെറ്റ്‌വർക്ക് ടവറുകളുടെ അഭാവംമൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ 4G കണക്ടിവിറ്റിയില്ലെന്ന് കണ്ടെത്തിയതും വനം വകുപ്പിന്റെ അനുമതി ആവശ്യമായതുമായ 164 പ്രദേശങ്ങളിൽ നിലവിൽ 158 എണ്ണത്തിൽ 4G കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് വനം വകപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം എന്നീ 6

ജില്ലകളിൽ ടവർ ടു ടവർ വൈദ്യുതി കണക്ഷൻ എത്തിപ്പെടാത്തതും കണക്ഷൻ ലഭ്യമാക്കുന്നതിന് 2 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് വരുന്നതുമായ 24 കോളനികളിലേയ്ക്ക് വൈദ്യുതിലൈൻ ദീർഘിപ്പിക്കുന്നതിന് വേണ്ടി 2,97,73,703 രൂപയുടെ പ്രൊപ്പോസൽ ബി.എസ്.എൻ.എൽ ലഭ്യമാക്കിയിരുന്നു. വൈദ്യുതിലൈൻ നീട്ടുന്നതിനുള്ള ചെലവ് 2 ലക്ഷം രൂപയിൽ അധികരിക്കുന്ന 24 സൈറ്റുകളിൽ Revamped Distribution Sector Scheme (RDSS) പദ്ധതി പ്രകാരം പദ്ധതി നടപ്പിലാക്കാനാകുമോ എന്ന കാര്യത്തിൽ KSEB-യുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കാനും, ആയത് സാധ്യമല്ലെങ്കിൽ ബി.എസ്.എൻ.എൽ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിലെ 24 സൈറ്റുകളിൽ ഭൂമി ലഭ്യമായിട്ടില്ലെന്ന് കാണിച്ചിരുന്ന സൈറ്റുകൾ ഒഴിവാക്കി, പട്ടിക പുനഃക്രമീകരിച്ച് ചെലവിനത്തിലുള്ള തുക വീണ്ടും തിട്ടപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 1,88,39,656 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിരുന്നു. വകുപ്പിൽനിന്നും ബി.എസ്.എൻ.എൽ-ന് നൽകുന്ന സാമ്പത്തികസഹായം ബി.എസ്.എൻ.എൽ-ന്

വരുമാനമുണ്ടാക്കാൻകൂടി വിനിയോഗിക്കുന്നതിനാൽ ടി പദ്ധതിമൂലം ലഭ്യമാകുന്ന വരുമാനം ഊരുകൂട്ടങ്ങൾക്ക് വരുമാന മാർഗ്ഗമാകുന്ന രീതിയിൽ Revenue sharing-ന്റെ സാധ്യത പരിശോധിച്ചുവരികയാണ്.

**നവകേരളസദസ്സിൽ ലഭിച്ച പരാതികൾ**

86 (891) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സിൽ ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ പരിഹരിക്കപ്പെടേണ്ട പരാതികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

നവകേരളസദസ്സിൽനിന്നും പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽ ലഭിച്ച പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടികജാതി വികസന വകുപ്പ് | പട്ടികവർഗ്ഗ വികസന വകുപ്പ് |
|---|---|---|
| തിരുവനന്തപുരം | 267 | 68 |
| കൊല്ലം | 361 | 29 |
| പത്തനംതിട്ട | 269 | 68 |

| | | |
|---|---|---|
| ആലപ്പുഴ | 301 | 0 |
| കോട്ടയം | 265 | 39 |
| എറണാകുളം | 538 | 60 |
| ഇടുക്കി | 135 | 128 |
| തൃശ്ശൂർ | 329 | 32 |
| പാലക്കാട് | 976 | 136 |
| മലപ്പുറം | 1109 | 109 |
| കോഴിക്കോട് | 594 | 74 |
| വയനാട് | 68 | 1459 |
| കണ്ണൂർ | 200 | 193 |
| കാസർഗോഡ് | 119 | 298 |
| **ആകെ** | **5531** | **2693** |

നവകേരള സദസ്സുമായി ബന്ധപ്പെട്ട് പോർട്ടൽ മുഖേന കിർത്താഡ്സ് വകുപ്പിന് 21 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഈ പരാതികളിൽ പരാതിക്കാരന് അനുകൂലമായി പരിഹാരമുണ്ടായ പരാതികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ്ഥ

ഈ പരാതികളിൽ പരാതിക്കാരന് അനുകൂലമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ, പരിഹാരമുണ്ടായ പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടികജാതി | പട്ടികവർഗ്ഗ |
|---|---|---|

| | വികസന വകുപ്പ് | വികസന വകുപ്പ് |
|---|---|---|
| തിരുവനന്തപുരം | 195 | 33 |
| കൊല്ലം | 215 | 5 |
| പത്തനംതിട്ട | 156 | 5 |
| ആലപ്പുഴ | 236 | 0 |
| കോട്ടയം | 85 | 29 |
| എറണാകുളം | 221 | 11 |
| ഇടുക്കി | 121 | 20 |
| തൃശ്ശൂർ | 268 | 9 |
| പാലക്കാട് | 913 | 42 |
| മലപ്പുറം | 680 | 9 |
| കോഴിക്കോട് | 220 | 26 |
| വയനാട് | 35 | 758 |
| കണ്ണൂർ | 113 | 160 |
| കാസർഗോഡ് | 119 | 277 |
| **ആകെ** | **3577** | **1384** |

ലഭിച്ച പരാതികളിൽ പരാതിക്കാരന് അനുകൂലമായി കിർത്താഡ്സ് വകുപ്പിൽ 2 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) ഇനിയും പരിഹാരമുണ്ടാകേണ്ട പരാതികളുടെ എണ്ണം എത്രയെന്നും അത് ഏതൊക്കെ ഓഫീസുകളിലാണ് പെൻഡിംഗിലുള്ളതെന്നും ഇതിന് പരിഹാരം കാണുന്നതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇനിയും പരിഹാരമുണ്ടാകേണ്ട പരാതികളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

<table>
<tr><th>ജില്ല</th><th>പട്ടികജാതി വികസന വകുപ്പ്</th><th>പട്ടികവർഗ്ഗ വികസന വകുപ്പ്</th></tr>
<tr><td>തിരുവനന്തപുരം</td><td>57</td><td rowspan="15">അനുബന്ധമായി ചേർക്കുന്നു[+]</td></tr>
<tr><td>കൊല്ലം</td><td>106</td></tr>
<tr><td>പത്തനംതിട്ട</td><td>85</td></tr>
<tr><td>ആലപ്പുഴ</td><td>65</td></tr>
<tr><td>കോട്ടയം</td><td>128</td></tr>
<tr><td>എറണാകുളം</td><td>245</td></tr>
<tr><td>ഇടുക്കി</td><td>14</td></tr>
<tr><td>തൃശ്ശൂർ</td><td>61</td></tr>
<tr><td>പാലക്കാട്</td><td>63</td></tr>
<tr><td>മലപ്പുറം</td><td>429</td></tr>
<tr><td>കോഴിക്കോട്</td><td>61</td></tr>
<tr><td>വയനാട്</td><td>0</td></tr>
<tr><td>കണ്ണൂർ</td><td>14</td></tr>
<tr><td>കാസർഗോഡ്</td><td>0</td></tr>
<tr><td>ആകെ</td><td>1328</td></tr>
</table>

പട്ടികജാതി വികസന വകുപ്പിൽ പരാതി പരിഹാരത്തിന് കാലതാമസമുണ്ടാകുന്നില്ല. നടപടി തുടരുന്നുണ്ട്. പുതിയ നിവേദനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്നുകൊണ്ടിരിക്കുന്നുണ്ട്. പരാതി പരിഹാരത്തിന് അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലഭ്യമായ പരാതികളിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫീൽഡ്തല ഓഫീസുകൾ മുഖേന വിശദമായ പരിശോധന നടക്കുന്നതിനാലും മറ്റ് വകുപ്പുകളിൽനിന്നുമുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതിനാലും, ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ തടസ്സമുള്ളവയിൽ കിർത്താഡ്സ് മുഖേന പരിശോധിച്ച് ജാതി നിർണ്ണയിച്ച് നൽകൽ, ലൈഫ് മിഷൻ, ആദിവാസി പുനരധിവാസ വികസന മിഷൻ തുടങ്ങിയ പദ്ധതികളിലുൾപ്പെടാത്ത ഭൂരഹിതർക്ക് ഭൂമിയും വീടും അനുവദിക്കൽ, ദിവസവേതന ജീവനക്കാർക്ക് വേതനം വർദ്ധിപ്പിക്കൽ, സ്ഥിരനിയമനം നൽകൽ, റോഡ്, പാലം, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ അനുവദിക്കൽ തുടങ്ങിയ പരാതികൾ പരിഹരിക്കാൻ കൂടുതൽ വിശദമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാലുമാണ് കാലതാമസമുണ്ടാകുന്നത്.

കിർത്താഡ്സ് വകുപ്പിൽ ഇനിയും പരിഹാരമുണ്ടാകേണ്ടതായി 19 പരാതികളുണ്ട്.

## ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി

87 (892) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതി എന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിന് ഒഡെപെക് എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദേശപഠനത്തിനായുള്ള ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ ഏജൻസിയായി ഒഡെപെകിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് പ്രസ്തുത ഏജൻസിയാണോ; വ്യക്തമാക്കാമോ;

(സി) ഏജൻസി മുഖേന തെരഞ്ഞെടുക്കുമ്പോൾ അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഒഡെപെക് വിദ്യാർത്ഥികൾക്കും, രക്ഷാകർത്താക്കൾക്കും വേണ്ട കൗൺസിലിംഗ് നടത്തി അർഹരായ വിദ്യാർത്ഥികളുടെ കരട് ലിസ്റ്റ് തയ്യാറാക്കി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും, ആയതിൽ മേലുള്ള അപ്പീലുകളും, കരട് ലിസ്റ്റും വകുപ്പ് സെക്രട്ടറി ചെയർമാനായുള്ള സെലക്ഷൻ/അപ്പീൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നു. ടി കമ്മിറ്റി ആയത് പരിശോധിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കുകയാണ് ചെയ്യുന്നത്.

ഒഡെപെകിന്റെ പ്രവർത്തനം കൊണ്ട് അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എസ്.സി,എസ്.ടി,ഒ.ബി.സി,ഒ.ഇ.സി ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പ് വിതരണം**

88 (893) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി, എസ്.ടി, ഒ.ബി.സി, ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട ഗവേഷക വിദ്യാർത്ഥികൾക്ക് നൽകുന്ന ഫെലോഷിപ്പ് വിതരണം മുടങ്ങുന്നതിനാൽ ഗവേഷക വിദ്യാർഥികൾ സാമൂഹികമായും അക്കാദമികമായും പ്രതിസന്ധി നേരിടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) നിലവിൽ മേൽപ്പറഞ്ഞ ഫെലോഷിപ്പ് ഓരോ വിഭാഗം വിദ്യാർത്ഥികൾക്കും എതെങ്കിലും ഗഡു കുടിശ്ശികയുണ്ടോ; അവസാനമായി ഫെലോഷിപ് ഓരോ വിഭാഗത്തിനും അനുവദിച്ചത് എന്നാണ്; കുടിശ്ശിക ഉണ്ടെങ്കിൽ അത് തീർത്ത് ഫെലോഷിപ്പ് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഫെലോഷിപ്പ് വിതരണം പൂർണമായും മുടങ്ങുന്ന സാഹചര്യമുണ്ടായിട്ടില്ല. ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും അംഗീകരിച്ച് 22-12-2023 വരെ നൽകിയ എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം ലഭിച്ച ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകയ്ക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

SNA-PFMS സംവിധാനം പൂർത്തിയാക്കി പട്ടികവർഗ ഗവേഷണ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമായ തുക 2023 ആഗസ്റ്റ് മാസം വരെ പൂർണ്ണമായും വിതരണം ചെയ്യുകയും അവശേഷിക്കുന്ന ഒ.ഇ.സി ഗവേഷക വിദ്യാർത്ഥികളുടെ ക്ലെയിമുകൾ വിതരണം ചെയ്യുന്നതിന് അധിക തുകയ്ക്കുള്ള പ്രൊപ്പോസലിൻമേൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒ.ബി.സി ഗവേഷക വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിച്ച് വരുന്നില്ല.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കിവച്ച തുക**

89 (894) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ആകെ തുക എത്രയാണെന്നും ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ ഇനംതിരിച്ച് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതും ആയതിൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതുമായ തുകകളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളതും ആയതിൽ നാളിതുവരെ ചെലവഴിച്ചിട്ടുള്ളതുമായ തുകകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ആദിവാസികൾക്കുള്ള ക്ഷേമ പദ്ധതികൾ**

90 (895) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികൾക്കായി എന്തെല്ലാം ക്ഷേമ പദ്ധതികൾ പുതുതായി നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികൾക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഡിജിറ്റലായി ബന്ധിപ്പിച്ച പട്ടിക വർഗ്ഗ കോളനികളുടെ ആരോഗ്യശാക്തീകരണം.

2. കുടുംബം /സെറ്റിൽമെന്റ് അടിസ്ഥാനമായുള്ള മൈക്രോപ്ലാൻ നടപ്പിലാക്കൽ.

3. ഉന്നതി വിദേശ പഠനം സ്കോളർഷിപ്പ്.

4. ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്).

5. വിംഗ്സ് പദ്ധതി.

6. സിവിൽ സർവ്വീസ് പരിശീലനം.

7. കാറ്റാടി (Kerala Accelerated Tribal Ability Development & Inclusion Initiative)

8. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ആവശ്യമായ അടിസ്ഥാന രേഖകൾ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച എ.ബി.സി.ഡി പ്രോജക്ട് (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ)

9. സേഫ് പദ്ധതി (Secure Accommodation & Facility Enhancement)

10. ഹോം (Household Oriented Micro Planning for Empowerment)

11. വിദ്യാഭ്യാസം, തൊഴിൽ ശാക്തീകരണം

12. ഡിജിറ്റൽ പഠനം

(ബി) ആദിവാസികൾ കൂടുതലുള്ള പ്രദേശങ്ങളെ പ്രത്യേക മേഖലകളാക്കി പ്രഖ്യാപിച്ച് അവർക്ക് പ്രാതിനിധ്യമുള്ള ഗ്രാമപഞ്ചായത്ത് നിയമം നടപ്പാക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇടമലക്കുടി ആദിവാസി പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് 17.05.2017-ലെ ജി.ഒ(എം.എസ്) 38/2017 - പജ.പവ.വി.വ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച ഹയർ ലെവൽ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഹയർ ലെവൽ കമ്മിറ്റിയുടെ ഘടന, പ്രവർത്തനങ്ങൾ , റിപ്പോർട്ട് ലഭ്യമാക്കാൻ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ഇ) ആദിവാസി ശാക്തീകരണത്തിനായി 1996-ൽ പാർലമെന്റ് പാസാക്കിയ പെസ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യ വികസനം**

91 (896) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ഊരുകളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി മേഖലകളിലെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. സങ്കേതങ്ങൾക്കുള്ളിലെ റോഡ്/നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, സൗരോർജ്ജ വിളക്കുകൾ/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ,

ഖരദ്രവ്യമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവനപുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ഉപയോഗയോഗ്യമാക്കൽ, സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം/മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ പൊതു ആസ്തികളിലെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും തുടങ്ങിയവ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്തെ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഇടമലക്കുടി പാക്കേജിലുൾപ്പെടുത്തി റോഡ്, കണക്റ്റിവിറ്റി, ഗോഡൗൺ നിർമ്മാണം ഉൾപ്പടെ കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നു.

ലൈഫ് മിഷൻ മുഖേന അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീടും സേഫ് പദ്ധതിയിലുൾപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായവും അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗമേഖലകളിലെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമിട്ട് ആദിവാസിപുനരധിവാസ മിഷനും പ്രവർത്തിക്കുന്നു.

പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ റോഡ്, പാലം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കിവരുന്നു.

ആറളം പുനരധിവാസമേഖലയിൽ വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് 1.88 കി.മീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗും 3.2 കി.മീ. ദൂരത്തിൽ എലിഫന്റ് പ്രൂഫ് ട്രഞ്ചും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 10.5 കി.മി. നീളത്തിൽ ആനമതിൽ നിർമ്മാണം നിലവിൽ പുരോഗമിക്കുന്നു.

**പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി**

92 (897) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

പട്ടികജാതി വികസന വകപ്പ് സ്റ്റാർട്ട്-അപ്പുകൾക്കായി സ്റ്റാർട്ട്-അപ്പ്-ഡ്രീംസ് എന്ന പദ്ധതി 2016-ൽ ആരംഭിച്ചു. 2023 ജൂണിൽ പ്രസ്തുത പദ്ധതി സ്റ്റാർട്ട്-അപ്പ്-സിറ്റി ആയി പുനർനാമകരണം ചെയ്യുകയും, പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. സ്റ്റാർട്ട് അപ്പ്-ഡ്രിംസ് പദ്ധതിയുടെ ഭാഗമായി 38 സ്റ്റാർട്ട്-അപ്പുകൾക്ക് ഇങ്കുബേഷൻ സൗകര്യവും 6 സ്റ്റാർട്ട്-അപ്പുകൾക്ക് പ്രത്യേക സീഡ് ഫണ്ട് സൗകര്യവും നൽകിയിട്ടുണ്ട്. ഈ സ്റ്റാർട്ട്-അപ്പുകൾക്ക് കേരള സ്റ്റാർട്ട്-അപ്പ്-മിഷന്റെ വിവിധ പദ്ധതികളിലൂടെയുള്ള മറ്റ് സൗകര്യങ്ങളും നൽകിയിട്ടുണ്ട്. സ്റ്റാർട്ട്-അപ്പ്-സിറ്റി പദ്ധതിയുടെ ആദ്യ ഘട്ടമായി 260 അപേക്ഷകരെ തെരഞ്ഞെടുക്കുകയും അവർക്ക് ബിസിനസ്സ് സഹായം നൽകുന്നതിനുള്ള നടപടി പുരോഗമിക്കുകയുമാണ് .

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം ഏതെല്ലാം സ്റ്റാർട്ട് അപ്പുകൾ നാളിതുവരെ ആരംഭിച്ചിട്ടുണ്ടെന്ന വിവരം നൽകാമോ?

ഈ പദ്ധതി സംസ്ഥാന അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ നിന്നും സ്റ്റാർട്ട്-അപ്പ്-ഡ്രീംസ് പദ്ധതി പ്രകാരം 6 സംരംഭകരും സ്റ്റാർട്ട്-അപ്പ്-സിറ്റി പദ്ധതി പ്രകാരം 61 സംരംഭകരുമാണ് നിലവിലുള്ളത്.

**സേവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ**

93 (898) ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ എന്ന നിലയിൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട

സേവ് എന്ന കൂട്ടായ്മകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ എന്ന നിലയിൽ കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സേവ് ക്ലബ്ബുകളുടെ പ്രവർത്തനം ബ്ലോക്ക്/ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മത്സര പരീക്ഷ പരിശീലനം, കലാ കായിക വിജ്ഞാന വികാസ പരിപാടികൾ, സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ശുചീകരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും മേൽ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളെ സ്ഥിര വരുമാനവും അഭിമാനബോധവുമുള്ള പരിഷ്കൃത ജനതയാക്കി മാറ്റുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നവ കേരള നിർമിതിക്കനുയോജ്യമായ വിധത്തിൽ ആധുനിക തൊഴിൽ മേഖലകളിൽ നൈപുണ്യം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?;

(ബി&സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നിനും ഉതകുന്നതരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ, ഡിസൈനിംഗ്, ഏവിയേഷൻ, ഇലക്ട്രോണിക്സ്, മറൈൻ വ്യവസായം പ്ലാസ്റ്റിക് വ്യവസായം, ആരോഗ്യം, പ്രിന്റിംഗ് ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം KELTRON, KASE ASAP, CIPET,

Kuttukkaran Insistute തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആധുനിക തൊഴിൽ മേഖലകളിലെ നൈപുണ്യം കൈവരിക്കുന്നതിനായി ഐ.ടി.ഐ.കളിലെ ട്രേഡുകളുടെ പഠനത്തോടൊപ്പം അനുയോജ്യമായ ഹ്രസ്വകാല കോഴ്സുകൾ (Add on Courses) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ TRACE (Training for Career Excellence) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി എഞ്ചിനിയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽവർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയായവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോടുകൂടി പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നു.

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയംസഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിൽദാതാവിൽനിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയെ സഹായിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളും ഊരുകളും കേന്ദ്രീകരിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയെ സഹായിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളും ഊരുകളും കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മത്സര പരീക്ഷ പരിശീലനം, കലാ കായിക വിജ്ഞാന വികാസ പരിപാടികൾ, സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, വികസനോൽസവം തുടങ്ങിയ പ്രവർത്തനങ്ങൾ സേവ് ക്ലബുകളുടെയും വിജ്ഞാൻവാടികളുടെയും നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ മെമ്പർഷിപ്പ് ലഭ്യമാക്കുകയും പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ സേഫ് പദ്ധതി**

94 (899) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ സേഫ് പദ്ധതി മുഖേന തിരഞ്ഞെടുക്കപ്പെട്ട എത്ര ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ആയതിലേക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 90 ഗുണഭോക്താക്കൾക്ക് 1,39,04,453 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 ഗുണഭോക്താക്കൾക്ക് 11,05,500 രൂപയും സേഫ് പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചെന്നുള്ള വിവരം ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 57 ഗുണഭോക്താക്കളും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) സേഫ് പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകരിൽ അർഹതയുള്ള ഗുണഭോക്താക്കളെക്കൂടി പരിഗണിച്ചശേഷം സേഫ് പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

95 (900) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിച്ചവരുടെ വിവരങ്ങൾ, പഞ്ചായത്തിന്റെ പേര്, ധനസഹായം ലഭിച്ചവരുടെ എണ്ണം, നൽകിയ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിച്ചുവരുന്നതെന്നത് വിശദമാക്കാമോ?

പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവ മൂലം നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ പ്രത്യേക ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുവരുന്നു.

**<u>പട്ടികവർഗ്ഗ വിഭാഗം</u>**

പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള രോഗികൾക്കും മറ്റ് ദുരിതം അനുഭവിക്കുന്നവർക്കും ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെ ആയിരിക്കണം. ക്യാൻസർ, വൃക്കരോഗം, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ മാരകമായ രോഗങ്ങളുടെ ചികിത്സയ്ക്ക് 1 ലക്ഷം രൂപ വരെയും മറ്റ് രോഗങ്ങൾക്ക് രോഗങ്ങളുടെ തീവ്രത പരിഗണിച്ച് 50000/- രൂപ വരെയും ഈ പദ്ധതി മുഖേന ധനസഹായം അനുവദിച്ചുവരുന്നു. കുടുംബത്തിന്റെ ഏക വരുമാനദായകന് അപകടമരണം സംഭവിച്ചാൽ നിബന്ധനകൾക്ക് വിധേയമായി കുടുംബത്തിന് 200000/-

രൂപ വരെ ഈ പദ്ധതി മുഖേന അനുവദിക്കാവുന്നതാണ്. അസുഖങ്ങൾ കൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് ഒരു ലക്ഷം രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുവദിച്ചുവരുന്നു. കൂടാതെ പ്രകൃതി ക്ഷോഭം, തീപിടുത്തം മുതലായവമൂലം വീടിനും വസ്തുവകകൾക്കും നാശനഷ്ടമുണ്ടാകുന്ന പട്ടികവർഗ്ഗക്കാർക്ക് 50000/- രൂപ വീതം നിബന്ധനകൾക്ക് വിധേയമായി നൽകിവരുന്നു.

മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള സാമ്പത്തികസഹായം, രോഗികളെ അടുത്തുള്ള ആശുപത്രിയിലെത്തിക്കാനുള്ള സഹായം, ഡോക്ടറുടെ നിർദ്ദേശ പ്രകാരം പോഷക മൂല്യങ്ങളുള്ള ആഹാരം ലഭ്യമാക്കൽ, ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ ലഭ്യമാക്കൽ. ആകസ്മിക മരണങ്ങൾ സംഭവിക്കുന്നപക്ഷം പോസ്റ്റ്മോർട്ടത്തിനാവശ്യമായ ചെലവുകൾ, അത്യാഹിതങ്ങൾ, അപകടങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സഹായ നിധി തുടങ്ങിയവയാണ് പ്രധാന ഘടകങ്ങൾ.

(സി) വാമനപുരം മണ്ഡലത്തിൽ പ്രസ്തുത ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായത്തിനായി ലഭിച്ച എത്ര അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ടെന്നത് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വാമനപുരം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ലഭിച്ച 34 അപേക്ഷകൾ ഇനി തീർപ്പാക്കാനുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | എണ്ണം |
|---|---|---|
| 1 | നെല്ലനാട് | 5 |
| 2 | പുലമ്പാറ | 11 |
| 3 | പാങ്ങോട് | 6 |
| 4 | നന്ദിയോട് | 3 |
| 5 | കല്ലറ | 4 |
| 6 | വാമനപുരം | 2 |
| 7 | പെരിങ്ങമ്മല | 3 |

കൂടാതെ വാമനപുരം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ലഭ്യമായ 4 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പഞ്ചായത്തിന്റെ പേര് | അപേക്ഷകളുടെഎണ്ണം |
|---|---|---|
| 1 | പെരിങ്ങമ്മല | 3 |

| | | |
|---|---|---|
| 2 | പാങ്ങോട് | 1 |

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ**

96 (901) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളും, വിനിയോഗിച്ചിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾക്ക് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | ലാൻഡ് ബാങ്ക് | 25,18,089/- |
| 2 | ഭവന നിർമ്മാണം | 18,30,000/- |
| 3 | അംബേദ്കർ സെറ്റിൽമെന്റ്-കവിളപ്പാറ | 20,00,000/- |
| 4 | തളികക്കല്ല് കോളനി ഭവന നിർമ്മാണം | 2,66,40,000/- |
| 5 | തളികക്കല്ല് കോളനി- കാർഷിക വൃത്തി | 96,000/- |
| 6 | വിദ്യാവാഹിനി | 6,74,500/- |
| 7 | തളികക്കല്ല് കോളനി പാലം അപ്രോച്ച് റോഡ് | 1,11,10,562/- |
| | **ആകെ** | **4,48,69,151/-** |

**മാവേലിക്കര മണ്ഡലത്തിലെ പട്ടികവിഭാഗ – പിന്നാക്ക ക്ഷേമ പദ്ധതി പ്രവർത്തനങ്ങൾ**

97 (902) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ-പിന്നാക്ക ക്ഷേമ വകുപ്പുകൾ മാവേലിക്കര നിയോജക മണ്ഡലത്തിലെ മാവേലിക്കര, ഭരണിക്കാവ് എന്നീ

ബ്ലോക്ക് പട്ടികജാതി ഓഫീസുകൾ മുഖേന 2021 മുതൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക അനുവദിച്ചുവെന്നും അവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും എത്ര തുക വിനിയോഗിച്ചുവെന്നുമുള്ള വിവരം അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര, ഭരണിക്കാവ് എന്നീ ബ്ലോക്ക് പട്ടികജാതി ഓഫീസുകൾ മുഖേന പദ്ധതികൾക്ക് അനുവദിച്ച തുക, നടപ്പാക്കിയ പദ്ധതികൾ, വിനിയോഗിച്ച തുക എന്നീ വിവരങ്ങൾ അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു+.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര, ഭരണിക്കാവ് എന്നീ ബ്ലോക്ക് പട്ടികജാതി ഓഫീസുകൾ മുഖേന 2021 മുതൽ പട്ടികവർഗക്കാർക്കായി യാതൊരു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. എന്നാൽ മാവേലിക്കര മണ്ഡലത്തിൽ 2021 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 വർഷം – 2 കുടുംബങ്ങൾക്ക് ടാർപോളിൻ വിതരണം- 8280/- രൂപ

2022-23 വർഷം

പട്ടികവർഗ വിദ്യാർത്ഥികൾക്ക് അധ്യയന വർഷാരംഭം വിദ്യാഭ്യാസ പ്രാരംഭ ചെലവ് - 8,000/-രൂപ

മരംവെട്ട് തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം - 28,000/- രൂപ

കൃഷി ജലസേചനത്തിന് ധനസഹായം - 3,22,000/- രൂപ

2023-24 വർഷം - കോർപ്പസ് ഫണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

മാവേലിക്കര നിയോജക മണ്ഡലത്തിലെ മാവേലിക്കര, ഭരണിക്കാവ് എന്നീ ബ്ലോക്ക് പട്ടികജാതി ഓഫീസുകൾ മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നതിനായി 2021 മുതൽ തുക അനുവദിച്ചിട്ടില്ല.

(ബി) അവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാനുണ്ടെന്നും അവയ്ക്ക് എത്ര തുക ആകുമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കാമോ?

(ബി&സി) പട്ടികജാതി വികസന വകുപ്പ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എല്ലാ പദ്ധതികളുടെയും തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം അനുബന്ധം II–ൽ കൊടുത്തിരിക്കുന്നു+.

പട്ടികവർഗ്ഗ വികസന വകുപ്പ് 2021-22, 2022-23 വർഷങ്ങളിലെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഹരിപ്പാട് സൈബർശ്രീ സെന്ററിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി**

98 (903) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ഹരിപ്പാട് പ്രവർത്തിച്ചിരുന്ന സൈബർശ്രീ യൂണിറ്റിന്റെ പ്രവർത്തനം നിലയ്ക്കാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി പുനരാരംഭി-ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഹരിപ്പാട് മണ്ഡലത്തിലെ സൈബർശ്രീ എന്ന സ്ഥാപനത്തിന് 4 ബാച്ചുകളിലായി 60 കുട്ടികളെ പരിശീലിപ്പിക്കുന്നതിന് 59,48,300/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും 39 പേർ മാത്രമേ പരിശീലനം നേടിയിരുന്നുള്ളൂ. 21 വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകുന്നതിനായി ടി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കുമുള്ള പദ്ധതികൾ**

99 (904) **ശ്രീ. എ. സി. മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യസംരക്ഷണവും ചികിത്സയുമായി ബന്ധപ്പെട്ടും നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രധാന ആരോഗ്യക്ഷേമ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം

പട്ടികവർഗ വികസന വകുപ്പ് മന്ത്രിയുടെ രോഗികൾക്കുള്ള ദുരിതാശ്വാസനിധി

ഗർഭിണികളായ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ജനനീ ജന്മരക്ഷാ പദ്ധതി

മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സംസ്ഥാനത്ത് 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും

ആംബുലൻസ് സേവനം

ഊരിന്റെ താരാട്ട്

മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഹെൽത്ത് കാർഡ്

ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് വയനാട്

മെന്റൽ ഹെൽത്ത് എൻഹാൻസ്മെന്റ് ആന്റ് ലൈവിലിഹുഡ് ഡെവലപ്മെന്റ് പ്രോഗ്രാം - എളംബ്ലാശേരി, എറണാകുളം.

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് മികവുറ്റ രീതിയിൽ ചികിത്സ ലഭ്യമാക്കുന്നതിന് പുതിയ പദ്ധതികൾ എന്തെങ്കിലും സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗക്കാർക്കും ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ ആരോഗ്യ വകുപ്പുവഴി നടപ്പാക്കി വരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. സർക്കാർ സ്പോൺസർ ചെയ്യുന്ന എല്ലാ ആരോഗ്യ പരിരക്ഷകളും സംയോജിപ്പിക്കാൻ നിലവിൽ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന KASP (കാരുണ്യ ആരോഗ്യ സുരക്ഷാ

പദ്ധതി) പട്ടികവർഗ്ഗക്കാർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതുകൂടാതെ ചുവടെ പറയുന്ന പുതിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

സിക്കിൾ സെൽ അനീമിയ രോഗികൾക്കുള്ള ധനസഹായം:

സിക്കിൾ സെൽ അനീമിയ രോഗികൾക്ക് അവരുടെ ജീവിതവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരമാവധി 2,00,000/- രൂപ വരെ ഒറ്റത്തവണ ധനസഹായം അനുവദിക്കുന്നതിനായി പദ്ധതി നടത്തിപ്പിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ട്രൈബൽ പാരാമെഡിക്സ് ട്രെയിനി:

പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യകേന്ദ്രങ്ങളിൽ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ആവിഷ്കരിച്ച്

നടപ്പാക്കുന്ന നൂതന പദ്ധതിയാണ് "ട്രൈബൽ പാരാമെഡിക്സ്" ട്രെയിനി പദ്ധതി. ഇത്തരത്തിൽ നിയമനം നടത്തുക വഴി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ആരോഗ്യ രംഗത്തുള്ള പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കും. ഇതോടൊപ്പം തന്നെ പ്രായോഗിക പരിചയം ഇല്ലാത്തതിന്റെ പേരിൽ തൊഴിൽ ലഭിക്കാത്തതുമായ നിരവധി പേർക്ക് തൊഴിൽ പരിശീലനത്തോടൊപ്പം വരുമാനം ലഭ്യമാക്കാൻ സാധിക്കും.

കാറ്റാടി KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative).:

സംസ്ഥാനത്തെ ഭിന്നശേഷിക്കാരായ പട്ടികവർഗക്കാർക്ക് അവരുടെ വൈകല്യങ്ങൾ തരണം ചെയ്യുന്നതിന് വീൽചെയർ, ശ്രവണ സഹായി ഉൾപ്പെടെയുള്ള സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും, ബോധവൽകരണം നൽകുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് KATADI Initiative (Kerala Accelerated Tribal Ability Development & Inclusion Initiative). സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പും കേന്ദ്ര സാമൂഹ്യ നീതി

മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന CRC (കോംപോസിറ്റ് റീജിയണൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ്, റീഹാബിലിറ്റേഷൻ & എംപവർമെന്റ് ഓഫ് പേർസൺ വിത്ത് ഡിസെബിലിറ്റീസ് (സി.ആർ.സി)) കോഴിക്കോട് എന്ന സ്ഥാപനവും സംയോജിതമായാണ് പദ്ധതി നടപ്പാക്കുന്നത്. എ.ഡി.ഐ.പി (അസിസ്റ്റൻസ് ടു ഡിസേബിൾഡ് പേഴ്സൺ ഫോർ പർച്ചേസിംഗ്, ഫിറ്റിങ് ഓഫ് എയ്ഡ്സ്, അപ്ലയൻസ്) പദ്ധതി വഴി സംസ്ഥാനത്താകെ 1000 ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്ക് സി.ആർ.സി സഹായക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ഭിന്നശേഷി നേരത്തെ മനസിലാക്കി ഇടപെടുന്നതുമൂലം വൈകല്യങ്ങളെ ലഘൂകരിക്കാനും ഇവർക്ക് സഹായക ഉപകാരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെപറ്റി അവബോധമുണ്ടാക്കാനും ഇതിലൂടെ ഇവർക്ക് മെന്റൽ സപ്പോർട്ട് നൽകാനും സാധിക്കുന്നതാണ്. നിലവിൽ പദ്ധതി ആദ്യഘട്ടത്തിൽ വയനാട്, കോഴിക്കോട് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. തുടർന്ന് പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കുന്നതുമാണ്. 40% അധികം

വൈകല്യമുള്ള, പ്രതിമാസ വരുമാനം 20,000/- രൂപയിൽ കുറവായ എല്ലാ ഭിന്നശേഷിക്കാരായ പട്ടികവർഗ്ഗക്കാർക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുന്നതാണ്.

ഡിജിറ്റലി കണക്ടഡ് ട്രൈബൽ ഏരിയ

(സി) ജീവിതശൈലി രോഗനിർണ്ണയത്തിനും രോഗപ്രതിരോധത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കുറഞ്ഞ വരുമാനക്കാർക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങൾ, പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ച വ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ ആദ്യംതന്നെ കണ്ടെത്തുന്നതിനും ടി രോഗങ്ങൾ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും KMSCL മുഖേന 14 മൊബൈൽ മെഡിക്കൽ ക്ലീനിക്കുകളും നടപ്പിലാക്കുന്നുണ്ട്. ഇത്തരം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നേരിൽ

സന്ദർശിച്ചാണ് ക്യാമ്പുകൾ നടത്തുന്നത്. പട്ടികവർഗ്ഗക്കാരായ മുഴുവൻ BPL കുടുംബങ്ങൾക്കും സമഗ്ര ആരോഗ്യ സുരക്ഷാപദ്ധതി പ്രകാരം അർഹമായ ചികിത്സകൾ ലഭ്യമാക്കി വരുന്നുണ്ട്. രോഗികളുടെ കൂട്ടിരുപ്പുകാർക്കും രോഗിക്കും ആശുപത്രിയിൽ പ്രവേശിക്കുന്ന സമയം നിശ്ചിത തുക പ്രതിദിനം അനുവദിച്ചു നൽകി വരുന്നുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക**

100 (905) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം വകയിരുത്തിയ തുക ഹെഡ് ഓഫ് അക്കൗണ്ട് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ അനുവദിച്ച തുകയിൽനിന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം-I ആയും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം - II ആയും ഉള്ളടക്കം ചെയ്യുന്നു+.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് സംസ്ഥാന ബഡജറ്റിൽ തുക അനുവദിച്ചിട്ടും നടപ്പിലാകാത്ത പദ്ധതികൾ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വാത്സല്യനിധി പദ്ധതിക്ക് 10 കോടി രൂപ 2225-01-102-91(P) എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും വകുപ്പ് LIC യുമായി ചേർന്ന് നടപ്പിലാക്കുന്ന വാത്സല്യനിധി പദ്ധതി വിഭാവനം ചെയ്തപ്പോൾ പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ എല്ലാം അനുവദിക്കുന്നതിൽനിന്നും LIC പിൻമാറിയതുമൂലം പദ്ധതി പുനരാവിഷ്ക്കരിക്കുന്നത് പരിശോധനയിലായതിനാലാണ് തുക ചെലവഴിക്കാൻ കഴിയാത്തത്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദ വിവരം ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. **ഗോത്ര വാൽസല്യ നിധി** :-

എൽ.ഐ.സിയുമായി ചേർന്ന് നടപ്പിലാക്കി വരുന്ന ഗോത്രവാൽസല്യ നിധി പദ്ധതിയിൽ എൽ.ഐ.സി ഏകപക്ഷീയമായി മാറ്റം വരുത്തിയതിനാൽ പദ്ധതി നടപ്പിലാക്കുന്നത് തടസ്സപ്പെടുകയും പദ്ധതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിലാണ് തുക ചെലവഴിക്കാൻ കഴിയാത്തത് .

2. **ഇടമലക്കുടി പാക്കേജ്**:-

ടി പദ്ധതിയിലുൾപ്പെടുത്തി ഇടമലക്കുടിയിലെ ഭവനനിർമ്മാണത്തിന് 199.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി വനം വകുപ്പുമായി ബന്ധപ്പെട്ട് എം.ഒ.യു വയ്ക്കുന്നതിനുള്ള നടപടി അടിമാലി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ മുഖേന സ്വീകരിച്ചുവരുന്നു. റോഡ് നിർമ്മാണം ആരംഭിച്ചു. എല്ലാ ഊരുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി എത്തിക്കുന്ന നടപടി പൂർത്തീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത വകുപ്പുകൾവഴി നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണ് സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുക അനുവദിക്കാതെ മുടങ്ങികിടക്കുന്നത്; വിശദവിവരം ലഭ്യമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളൊന്നുംതന്നെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുക അനുവദിക്കാതെ മുടങ്ങിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഇ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്നതും വ്യക്തിഗത ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതുമായ പദ്ധതികളിൽ മുടങ്ങികിടക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾ മുടങ്ങാനുണ്ടായ കാരണം വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികളൊന്നുംതന്നെ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം തുക അനുവദിക്കാതെ മുടങ്ങിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനിൽ വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ**

101 (906) ശ്രീ. കെ. ആൻസലൻ:
ശ്രീ. ടി.ഐ.മധുസൂദനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും നൽകിയിട്ടുള്ള നീണ്ട കാലാവധിയുള്ള വായ്പകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നൽകിയിട്ടുള്ള വായ്പകളിൽ 2006 മാർച്ച് 31 വരെ കാലാവധി അവസാനിച്ചതും, 2023 മാർച്ച് മാസം വരെ കുടിശ്ശികയുള്ളതുമായ 173 വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് 08/12/2023 തീയതിയിലെ സ.ഉ.

(കൈ)നം.11/2023/പി.വി.വി.വ. നമ്പർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിൻ പ്രകാരം പ്രസ്തുത വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി 31/03/2024 വരെ കാലാവധി ഉള്ളതാണ്
.

(ബി) പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തിരം വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി പുതിയ വായ്പാ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെ കേരള സംസ്ഥാന പരിവർത്തിത

ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുണ്ട്.

നിബന്ധനകൾ :

വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4% പലിശ നിരക്കിലും 2.5 ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 4.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 5% പലിശ നിരക്കിലും പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. കോഴ്സ് കാലാവധി പൂർത്തിയാക്കി ആറുമാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കുന്നതും തിരിച്ചടവ് കാലാവധി 6 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചാർജ്ജുകൾ, വിസ ചെലവുകൾ, വിമാന യാത്രാക്കൂലി എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായാണ് ടി വായ്പ നൽകുന്നത്.

(സി) പട്ടികജാതിയിൽ നിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ സാമൂഹ്യ,

വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതിയിൽനിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ സാമൂഹ്യ, വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയംതൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ടപ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന/ധനസഹായ/പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും, ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച

ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

മേൽ പറഞ്ഞവ കൂടാതെ പട്ടികജാതിയിൽനിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാമ്പത്തിക ഉന്നമനത്തിനായി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിൽ വായ്പാ പദ്ധതി, ന്യൂ സ്വർണിമ, റീ ടേൺ സ്വയം തൊഴിൽ വായ്പാ പദ്ധതി, സ്റ്റാർട്ട് അപ് സ്വയം തൊഴിൽ വായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പ (ഇന്ത്യയിൽ), വിദ്യാഭ്യാസ വായ്പ (വിദേശത്ത്), മൈക്രോ ഫിനാൻസ്, സുവർണശ്രീ വായ്പ, വിവാഹ ധനസഹായ വായ്പ, ബിസിനസ് ഡെവലപ്മെന്റ് സ്കീം, പ്രവർത്തന മൂലധന വായ്പ, വ്യക്തിഗത വായ്പ, സ്വസ്ഥ ഗൃഹ (ഗൃഹ പുനരുദ്ധാരണ വായ്പ), വാഹന വായ്പ, എന്റെ വീട് വായ്പാ പദ്ധതി, വിദ്യശ്രീ എന്നീ വായ്പാ പദ്ധതികളും നടപ്പിലാക്കി വരുന്നു .

പട്ടികജാതിക്കാർക്ക് സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്ന പരിവർത്തിത ക്രൈസ്തവ വിഭാഗത്തിന് പട്ടികജാതിക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി മറ്റർഹ വിഭാഗത്തിൽ (ഒ.ഇ.സി) ഉൾപ്പെടുത്തി പ്രീമെട്രിക്, പോസ്റ്റ്മെട്രിക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിദേശ സർവ്വകലാശാലകളിൽ ഉപരി പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് (ഓവർസീസ് സ്കോളർഷിപ്പ്), പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ/ഹോട്ടൽ മാനേജ്മെന്റ്/ ലോജിസ്റ്റിക്/ പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ ഐ.ടി.ഐ/ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി, നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാധിനിധ്യം ഉറപ്പാക്കുന്നതിന് ഈ

വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്ന അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി എന്നീ പദ്ധതികൾക്ക് ഒ.ബി.സി. എന്ന നിലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ**

102 (907) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ-പിന്നാക്ക വികസന ക്ഷേമ വകുപ്പുകൾ മുഖേന പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ-പിന്നാക്ക വികസന ക്ഷേമ വകുപ്പുകൾ മുഖേന പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**വിദ്യാഭ്യാസ പദ്ധതികൾ:-**

1. പ്രീ-മെട്രിക്ക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി

2. വിദേശ പഠനത്തിനുള്ള ഉന്നതി സ്കോളർഷിപ്പ്.

3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

4. ഇതര സംസ്ഥാന പഠനം

5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്പ്മെന്റ് പദ്ധതി.

6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം

8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.

9. ലാപ്ടോപ് വിതരണം

10. പഠന മുറി, സാമൂഹ്യപഠനമുറി പദ്ധതി

11. ഗോത്രബന്ധു പദ്ധതി

12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

13. സിവിൽ സർവ്വീസ് പരിശീലനത്തിനായി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി

14. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി

15. കെടാവിളക്ക് പദ്ധതി

16.പാരലൽ കോളേജ് പഠന ധനസഹായം

17. പഠനയാത്രാ പര്യടന പദ്ധതി (ഭാരത ദർശൻ)

18. കലാ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് - വാദ്യോപകരണ/പരിശീലനോപാധികൾ വാങ്ങുന്നതിന് ധനസഹായം

**<u>സാമൂഹ്യ - സാമ്പത്തിക -തൊഴിൽ വികസന -ക്ഷേമ പദ്ധതികൾ</u>**

1. തൊഴിൽ നൈപുണ്യ വികസന പദ്ധതികൾ
2. സംരംഭകത്വ വികസന പരിപാടികൾ
3. വ്യക്തികൾക്കും സംഘംങ്ങൾക്കുമുള്ള സ്വയം തൊഴിൽ വായ്പകൾ
4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം
5. പരമ്പരാഗത തൊഴിലുകൾക്കുള്ള ധനസഹായം

6. ഉന്നതി (കേരള എംപവർമെന്റ് സൊസൈറ്റി)

7. അഭിഭാഷകർക്ക് ധനസഹായം

8. കൈത്താങ്ങ്

9. ഹരിതരശ്മി

10. പരമ്പരാഗത ബാർബർ/മൺപാത്ര നിർമ്മാണ തൊഴിലാഴികൾ/ കരകൗശല തൊഴിലാളികൾക്ക് ധനസഹായം.

11. വിവാഹ ധനസഹായം

12. മിശ്ര വിവാഹിതർക്ക് ധനസഹായം

13. ഭൂരഹിത പുനരധിവാസ പദ്ധതി

14. സേഫ് പദ്ധതി

15. ആരോഗ്യ സുരക്ഷ പദ്ധതി - ചികിത്സാ ധനസഹായം

16. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം

17. സേവ് ക്ലബുകൾ

18. ഹോം പദ്ധതി (HOME-Household Orientend Micro Planning for Empowerment)

19. ദുർബലവിഭാഗങ്ങൾക്കുള്ള പദ്ധതികൾ

20. അംബേദ്ക്കർ ഗ്രാമം പദ്ധതി

21. കുംഭാര കോളനി അടിസ്ഥാന വികസന പദ്ധതി

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് യഥാസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾവഴി അർഹതപ്പെട്ടവർക്ക് യഥാസമയം ആനുകൂല്യം ലഭ്യമാകുന്നതിന് പദ്ധതികൾ ഓൺലൈനായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികളും ജില്ലാടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. ഓരോ ജില്ലയിലെയും ബ്ലോക്ക്

അടിസ്ഥാന പദ്ധതി അവലോകന യോഗങ്ങളിൽ പദ്ധതികൾ പ്രത്യേകം വിലയിരുത്തുകയും പദ്ധതി വിനിയോഗം കുറഞ്ഞ സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) ഓരോ വർഷവും പ്രസ്തുത ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ഡി) കഴിഞ്ഞ ഏഴ് വർഷം (2017 മുതൽ 2023 വരെ) ഈ വിഭാഗങ്ങൾക്കു നൽകിയ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ ഏഴുവർഷം ഈ വിഭാഗങ്ങൾക്കവകാശപ്പെട്ട ആനുകൂല്യങ്ങൾ എത്തിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിശദാംശം ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കാമോ; യഥാസമയത്ത് വിതരണം ചെയ്യാൻ കഴിയാത്ത ആനുകൂല്യങ്ങളുടെ പിന്നീടുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

(സി-ഇ) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് കാലതാമസം കൂടാതെ ആനുകൂല്ല്യങ്ങൾ അർഹതപ്പെട്ടവർക്ക് നൽകിവരുന്നുണ്ട്. പട്ടികജാതി

പട്ടികവർഗ്ഗ വികസന വകുപ്പുകളിലായി 2017 മുതൽ 2023 വരെ നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ അനുബന്ധം - 1, 2 ആയി ചേർത്തിരിക്കുന്നു+.

പിന്നാക്ക വിഭാഗ വികസന വകുപ്പിന് ജില്ലാ ഓഫീസുകൾ ഇല്ലാത്ത സാഹചര്യത്തിൽ ജില്ലാ തല വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

**സാംസ്കാരിക നിലയം പുതുക്കിപ്പണിയാൻ നടപടി**

103 (908) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി അംബേദ്കർ സെറ്റിൽമെന്റ് വികസന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കി വരുന്നു. സങ്കേതങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത നിർമ്മാണം, കുടിവെള്ള വിതരണം, സൗരോർജ്ജ വിളക്കുകൾ/മിനിമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കൽ, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഖരദ്രവ്യമാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവനപുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ, സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം/ മെയിന്റനൻസ്, സെറ്റിൽമെന്റിനുള്ളിലെ പൊതു ആസ്തികളിലെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ), സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം), കിണർ നവീകരണം, സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണവും സജ്ജീകരണവും തുടങ്ങിയവ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, സംസ്ഥാനത്തെ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം,

ശുദ്ധജലവിതരണ പദ്ധതികൾ തുടങ്ങിയ പ്രവൃത്തികൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിവരുന്നു.

ഇടമലക്കുടി പാക്കേജിലുൾപ്പെടുത്തി റോഡ്, കണക്ടിവിറ്റി, ഗോഡൗൺ നിർമ്മാണം ഉൾപ്പടെ കോളനികളുടെ സമഗ്രവികസനം നടപ്പിലാക്കുന്നു.

ലൈഫ് മിഷൻ മുഖേന അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീടും, സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായവും അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗമേഖലകളിലെ പുനരധിവാസവും അടിസ്ഥാന സൗകര്യവികസനവും ലക്ഷ്യമിട്ട് ആദിവാസി പുനരധിവാസ മിഷനും പ്രവർത്തിക്കുന്നു.

പട്ടികവർഗ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ് പദ്ധതിയിൽ റോഡ്, പാലം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കിവരുന്നു.

(ബി) കുത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാട്യം പഞ്ചായത്തിൽ മുണ്ടയാട് ആദിവാസി കോളനിയിലെ നാശോന്മുഖമായ സാംസ്കാരിക കേന്ദ്രം വായനശാലകൂടി ഉൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുണ്ടയോട് കോളനിയിൽ നിലവിലുള്ള സാംസ്കാരിക നിലയം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ദളിത് ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ

104 (909) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിത് ക്രൈസ്തവർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ? വിശദമാക്കാമോ;

ഉണ്ട്.

(ബി) നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വിഭാഗത്തിന് നൽകിവരുന്നത്; വ്യക്തമാക്കാമോ?

പട്ടികജാതിക്കാർക്ക് സമാനമായ സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ നിലനിൽക്കുന്ന വിഭാഗമാണ് പരിവർത്തിത ക്രൈസ്തവർ. പട്ടികജാതിക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി മറ്റർഹ വിഭാഗത്തിൽ (ഒ.ഇ.സി) ഉൾപ്പെടുത്തി പ്രീമെടിക്, പോസ്റ്റ്മെടിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പ് (ഓവർസീസ്സ്കോളർഷിപ്പ്), പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ/ഹോട്ടൽ മാനേജ്മെന്റ്/ലോജിസ്റ്റിക്/പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ.ടി.ഐ/ഐ.ടി.സി. കോഴ്സ് പൂർത്തിയാക്കിയവർക്ക്

പരിശീലനവും തൊഴിലും ഉറപ്പാക്കുന്ന പദ്ധതി, നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്ന അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതി തുടങ്ങിയവയ്ക്ക് ഒ.ബി.സി. എന്ന നിലയിൽ പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്.

പട്ടികജാതിയിൽനിന്നും മറ്റ് ശുപാർശിത സമുദായങ്ങളിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടെ ഉന്നമനത്തിനായി, കുറഞ്ഞ പലിശ നിരക്കിൽ വിവിധ ഭവന വായ്പകളും, വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ, സ്റ്റാർട്ടപ് വായ്പ, കാർഷിക വായ്പകൾ എന്നിവയും കൂടാതെ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വായ്പകളും, വിദ്യാഭ്യാസ പ്രോത്സാഹന/ ധനസഹായ/ പരിശീലന പദ്ധതികളും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിലും സ്ഥാപനങ്ങളിലും പഠനം നടത്തുന്നതിനായി വായ്പ നൽകുന്ന പുതിയ

പദ്ധതിയായ വിദേശ പഠന വായ്പാ പദ്ധതിയും, പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, തൊഴിൽ രഹിതരായ യുവതീയുവാക്കൾ എന്നിവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി അവരെ മികച്ച ജോലികൾ നേടുന്നതിന് പ്രാപ്തരാക്കുന്ന തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു.

(സി) പ്രസ്തുത വിഭാഗത്തിന് പ്രത്യേകമായി ഉദ്യോഗത്തിലും മറ്റു മേഖലകളിലും സംവരണം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

നിലവിൽ സംസ്ഥാന സർക്കാർ സർവ്വീസിലേക്കുള്ള സംവരണത്തിൽ പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ക്ലാസ് IV തസ്തികകളിൽ 2 ശതമാനവും ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 1 ശതമാനവും പ്രത്യേകമായിട്ട് അനുവദിക്കുന്നുണ്ട്.

എന്നാൽ വിദ്യാഭ്യാസ മേഖലയിൽ മുഴുവൻ പരിവർത്തിത ക്രൈസ്തവർക്കുമായി ആർട്സ് ആൻഡ് സയൻസ് ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിലെ പ്രവേശനത്തിനും പ്രത്യേകമായി 1% സംവരണം

അനുവദിക്കുന്നുണ്ട്. എന്നാൽ പ്രൊഫഷണൽ ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ പ്രവേശനത്തിനും M-Tech കോഴ്സുകളിലെ പ്രവേശനത്തിനും പരിവർത്തിത ക്രൈസ്തവർക്കും SIUC -കുമായി ചേർന്നാണ് 1% സംവരണം അനുവദിക്കുന്നത്.

(ഡി) നിലവിൽ പ്രസ്തുത വിഭാഗത്തിനുള്ള ഉദ്യോഗ മേഖലയിലെ ബാക്ക് ലോഗ് നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാക്ക് ലോഗ് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പ്രസ്തുത വിഭാഗത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഒ.ബി.സി. വിഭാഗം എന്ന നിലയിൽ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾക്കും ലഭ്യമാകുന്നതാണ്.

## ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബത്തിന് ധനസഹായം നൽകുന്ന പദ്ധതി

105 (910) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഏക വരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ച തീയതിയും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി 20/09/2012 ലെ സ.ഉ.(കൈ)നം.128/12/പജപവവിവ പ്രകാരം ആരംഭിച്ചു. സർക്കാർ ഉത്തരവിന്റെ പകർപ്പ് (അനുബന്ധം-1) ആയി ചേർത്തിട്ടുണ്ട് +.

ഏകവരുമാനദായകൻ മരണപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ധനസഹായപദ്ധതി 03/04/2013-ലെ സ.ഉ(കൈ)നം.32/2013/പജപവവിവ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമാണ് ആരംഭിച്ചത്. ഉത്തരവിന്റെ പകർപ്പ് (അനുബന്ധം-2) ആയി ചേർത്തിട്ടുണ്ട് +.

(ബി) പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരു കുടുംബത്തിന് ധനസഹായമായി ലഭിക്കുക; ടി തുക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

20/09/2012-ലെ സ.ഉ.(കൈ)നം.128/12/പജപവവിവ ഉത്തരവ് പ്രകാരം 50,000/- രൂപയാണ് ധനസഹായമായി അനുവദിച്ചിരുന്നത്. 22/11/2018-ലെ സ.ഉ.(കൈ)നം.85/2018/പജപവവിവ പ്രകാരം ധനസഹായ തുക 50,000/- ത്തിൽ നിന്നും 2,00,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

03/04/2013-ലെ സ.ഉ(കൈ)നം.32/2013/പജപവവിവ പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 50000/- രൂപയാണ് അനുവദിച്ച് നൽകാൻ വ്യവസ്ഥയുണ്ടായിരുന്നത്. ടി തുക 21/12/2019-ലെ സ.ഉ (കൈ) നം.89/2019/പജപവവിവ പ്രകാരം 200000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ എത്ര പേർക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളതെന്നും ഇതിനായി ചെലവായിട്ടുള്ള ആകെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക എത്രയാണെന്നും ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 6595 പേർക്കാണ് സഹായം ലഭ്യമാക്കിയിട്ടുള്ളത്. ഇതിനായി ആകെ 95,83,00,000/- രൂപ ചെലവായിട്ടുണ്ട്. ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് (അനുബന്ധം-3) ആയി ചേർത്തിട്ടുണ്ട്+.

ഏകവരുമാനദായകന്റെ മരണംമൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ ജില്ല, വർഷം തിരിച്ചുള്ള വിവരങ്ങൾ (അനുബന്ധം -4) ആയി ചേർത്തിട്ടുണ്ട്+.

(ഡി) പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ച ശേഷം ധനസഹായം നൽകാത്തതും തീർപ്പാക്കാതെ പരിഗണനയിലുള്ളതുമായ എത്ര അപേക്ഷകളാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്താമോ; എന്നുമുതലുള്ള അപേക്ഷകളാണ് ഇപ്രകാരം തീർപ്പാക്കാനുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരം ശേഖരിച്ചു വരുന്നു.

**ചികിത്സാ സഹായം ലഭ്യമാകുന്നതിലെ കാലതാമസം പരിഹരിക്കാൻ നടപടി**

106 (911) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് വഴി ചികിത്സാ സഹായം ലഭ്യമാകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമാകാൻ മാസങ്ങളോളം താമസിക്കുന്നുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പരിശോധിച്ച് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. എന്നാൽ സർക്കാരിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം തിരികെ നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന ജില്ലാ ഓഫീസുകളിലേക്ക് നൽകുകയും

ജില്ലാ ഓഫീസുകളിൽനിന്നും ശിപാർശ ചെയ്യുവരുന്ന അപേക്ഷകളിൽ 25,000/- രൂപ വരെയുള്ള തുക വകുപ്പ് ഡയറക്ടറുടെ പരിധിയിൽനിന്നും 25,000/- രൂപയ്ക്കുമുകളിൽ വരുന്ന തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും അനുവദിച്ചു നൽകുന്നുണ്ട്. ആയത് പ്രകാരമുള്ള താമസം വരുന്നുണ്ട്.

(ബി) മാരകരോഗബാധിതർക്ക് ഇതിന്റെ ഗുണം യഥാസമയം ലഭിക്കാതെ പോകുന്ന സാഹചര്യം ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മേൽ വിഷയം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാരകരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ആശുപത്രികൾ മുഖേന ചികിത്സാ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. സർക്കാർ ആശുപത്രികൾ/മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗക്കാർക്ക് APL/BPL വ്യത്യാസമില്ലാതെ 10,000/- രൂപ വരെയുള്ള ചികിത്സാ ചെലവ് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്/ മേലധികാരിയുടെ അംഗീകാരത്തോടെയും, 10,000/- രൂപ മുതൽ 50,000/- രൂപ വരെയുള്ള

ചികിത്സ ചെലവ് (BPL വിഭാഗത്തിൽ മാത്രം) ബന്ധപ്പെട്ട ആശുപത്രി വികസന സമിതിയുടെ അംഗീകാരത്തോടെയും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം യഥാസമയം അനുവദിച്ചുവരുന്നുണ്ട്. 50,000/- രൂപയ്ക്കുമുകളിൽ വരുന്ന കേസുകളിൽ രോഗിയുടെ ചികിത്സാ ചെലവ് കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ശിപാർശ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കുകയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ചികിത്സാ ധനസഹായം അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്.

(സി) ആവശ്യമായ രേഖകളുണ്ടെങ്കിൽ സർക്കാർ തലത്തിൽ തന്നെ ചികിത്സാ സഹായം നൽകുന്ന മുൻകാല രീതി പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

പരിശോധിക്കുന്നതാണ്.

**പിന്നാക്കക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ**

107 (912) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന പിന്നാക്ക ക്ഷേമ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ടി പദ്ധതികൾ പ്രകാരം വിതരണം ചെയ്ത തുകയുടെയും ഗുണഭോക്താക്കളുടെയും വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോർപ്പറേഷന്റെ പരിധിയിലുള്ള ദുർബലവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കടാശ്വാസപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; റവന്യൂ റിക്കവറി നടപടികളിൽ കോർപ്പറേഷൻ എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ; മാനുഷിക പരിഗണന നൽകുന്നതിന് കോർപ്പറേഷൻ തയ്യാറാകുമോ?

പിന്നാക്ക വിഭാഗ വികസന കോർപറേഷൻ കടാശ്വാസ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി. 14 ജില്ലകളിലും അദാലത്ത് നടത്തി, വായ്പയെടുത്തവരിൽ മരണപ്പെട്ടവർ, ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവർ ഉൾപ്പെടെ 256 പേരുടെ 2,98,35,157 രൂപയുടെ വായ്പ നടപ്പ് വർഷത്തിൽ LDRF പദ്ധതി പ്രകാരം എഴുതിത്തള്ളി, റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്ത വായ്പകളിൽ ജാമ്യ വസ്തുക്കളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ റവന്യൂ അധികാരികളിൽ നിക്ഷിപ്തമാണ്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നത് റവന്യൂ റിക്കവറി നിയമ പ്രകാരമാണ്.

## പിന്നാക്ക വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ലഭ്യമാക്കുന്ന സ്കോളർഷിപ്പുകൾ

108 (913) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ലഭ്യമാക്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഇവർക്ക് വിദേശ പഠനത്തിനുള്ള അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ?

(എ&ബി) ഒ.ബി.സി. വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി. മെഡിസിൻ/എഞ്ചിനീയറിംഗ്/പ്യൂവർ സയൻസ്/അഗ്രികൾച്ചറൽ സയൻസ്/ മാനേജ്മെന്റ്/നിയമം/സോഷ്യൽ സയൻസ് കോഴ്സുകളിൽ

ബിരുദത്തിന് ശേഷമുള്ള പഠനത്തിന് ചേരുന്ന വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വിദ്യാർത്ഥികൾ വിദേശ പഠനം ആരംഭിച്ച് ബന്ധപ്പെട്ട ചെലവ് വിവരങ്ങൾ ഓഫീസിൽ ലഭ്യമാക്കുന്ന മുറയ്ക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള വിദേശ പഠനത്തിനുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ അർഹതാ മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ അംഗീകരിച്ച വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനായി, വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 3.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 4% പലിശ നിരക്കിലും, 2.5 ലക്ഷം രൂപയിൽ കൂടുതൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 4.5% പലിശ നിരക്കിലും ആൺകുട്ടികൾക്ക് 5% പലിശ നിരക്കിലും പരമാവധി 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു. കോഴ്സ് കാലാവധി പൂർത്തിയാക്കി ആറു മാസം കഴിഞ്ഞ് തിരിച്ചടവ് ആരംഭിക്കുന്നതും തിരിച്ചടവ് കാലാവധി 6 വർഷമായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. അഡ്മിഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ചാർജ്ജുകൾ, വിസ ചെലവുകൾ, വിമാനയാത്രാക്കൂലി എന്നിവ ഉൾപ്പെടെയുള്ള ചെലവുകൾക്കായാണ് ടി വായ്പ നൽകുന്നത്.

**ലോണുകൾ സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ ഏറ്റെടുക്കുന്നത്**

109 (914) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ ലോണുകൾ സംസ്ഥാന

പട്ടികജാതി വികസന കോർപ്പറേഷൻ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ ;

(ബി) ഇപ്രകാരം മേൽ ആവശ്യവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 2021-22, 2022-23, 2023-24 കാലയളവിൽ ലഭ്യമായ അപേക്ഷകളുടെ എണ്ണവും അവയിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?

(എ&ബി) കോർപ്പറേഷനിൽനിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റിയ വായ്പ എഴുതിത്തള്ളുന്നതിനായി 2009 മുതൽ 2015 വരെയുള്ള കാലയളവിൽ 110,57,74,291/- രൂപ വിനിയോഗിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ പ്രസ്തുതപദ്ധതി നടപ്പിലാക്കിയിട്ടില്ല.

**സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ അനുവദിച്ച സ്റ്റാർട്ട്അപ്പ് ലോണുകൾ**

110 (915) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി വികസന കോർപ്പറേഷൻ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എത്രപേർക്ക് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ എറണാകുളം ജില്ലയിൽ രണ്ടുപേർക്കും മലപ്പുറം ജില്ലയിൽ ഒരാൾക്കുമാണ് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുള്ളത്.

കൂടാതെ വിവിധ തൊഴിൽ സംരംഭങ്ങൾക്കായി 14403 സംരംഭകർക്കായി 179.67 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മാത്രം 3653 സംരംഭകർക്കായി 58.29 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(ബി) 2022 മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ എത്രപേർക്ക് സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2022 മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ സ്റ്റാർട്ടപ്പ് ലോണുകൾ നൽകിയിട്ടില്ല. എന്നാൽ ഇക്കാലയളവിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 3788 സംരംഭകർക്കായി 59.86 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(സി) സ്റ്റാർട്ടപ്പ് ലോൺ ലഭിക്കാൻവേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്റ്റാർട്ടപ്പ് വായ്പ നിബന്ധനകൾ

1. അപേക്ഷകൻ 18 വയസ്സിനും 55 വയസ്സിനുമിടയിൽ പ്രായമുള്ള പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളായിരിക്കണം.

2. അപേക്ഷകന്റെ കുടുംബവാർഷിക വരു മാനപരിധി 25,00,000/- രൂപ കവിയാൻ പാടില്ല.

3. ആരംഭിക്കുന്ന ബിസിനസ്സ് സംരംഭം വിജയകരമാക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം അപേക്ഷകനുണ്ടായിരിക്കണം.

4. മതിയായ ഉദ്യോഗസ്ഥ/വസ്തു ജാമ്യം, അഥവാ ഇവ സംയുക്തമായി ഹാജരാക്കണം.

5. നൂതന ബിസിനസ് ആശയങ്ങൾ പ്രാവർത്തികമാക്കുന്ന വിധത്തിലുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്.

**അരുവിക്കര മണ്ഡലത്തിലെ ബെനിഫിഷ്യറി ഓറിയന്റ് സ്കീം ഗുണഭോക്താക്കൾ**

111 (916) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നടപ്പിലാക്കുന്ന ബെനിഫിഷ്യറി ഓറിയന്റ് സ്കീം മുഖേന ആനുകൂല്യം ലഭിച്ച അരുവിക്കര നിയോജക മണ്ഡലത്തിലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ അറിയിക്കാമോ?

അരുവിക്കര നിയോജക മണ്ഡലത്തിൽ 13 ഗുണഭോക്താക്കൾക്ക് ബെനിഫിഷ്യറി ഓറിയന്റഡ് സ്കീം മുഖേന ആനുകൂല്യം ലഭിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**വിവിധ ദേവസ്വങ്ങൾക്ക് അനുവദിച്ച സർക്കാർ ഗ്രാന്റ്**

112 (917) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. പി. സുമോദ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ പ്രധാന ക്ഷേത്രങ്ങളിലെത്തുന്ന തീർത്ഥാടകർക്ക് സുഗമമായ ദർശനത്തിനും വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലും കൂടൽമാണിക്യം, ഗുരുവായൂർ ക്ഷേത്രങ്ങളിലുമെത്തുന്ന ഭക്തജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വിശാലമായ പാർക്കിംഗ് സൗകര്യവും ഭക്തജനങ്ങൾക്ക് സുഗമമായ ദർശനം നടത്തുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ക്ഷേത്രത്തിന്റെ വരുമാനം ആതുരസേവന മേഖലയിലേയ്ക്കുകൂടി വിനിയോഗിച്ച് പൊതുസമൂഹത്തിന് ഉപയോഗപ്രദമാകുന്നവിധത്തിൽ

എന്തെല്ലാം പദ്ധതികളാണ് വിവിധ ദേവസ്വം ബോർഡുകളിൽ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ശ്രീ. കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിന് കീഴിൽ സൗജന്യ ഡയാലിസിസ് സെന്റർ ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ പ്രവർത്തനക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേത്രത്തിന്റെ വരുമാനം പൊതുസമൂഹത്തിന് ഉപയോഗപ്രദമാകണമെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഇവിടെ പ്രതിദിനം നിരവധി ആളുകൾക്ക് സൗജന്യ ഡയാലിസിസ് അടക്കം, സൗജന്യ ചികിത്സ നൽകി വരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ഡയാലിസിസ് യൂണിറ്റ് ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള Suo Motu case -ൽ അന്തിമ തീരുമാനം ആയിട്ടില്ല.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ പ്രാഥമിക സൗകര്യങ്ങളോടുകൂടിയ ഒരു മെഡിക്കൽ സെന്ററും ആയുർവേദ

ആശുപത്രിയും പ്രവർത്തിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിന് സെറ്റിൽമെന്റ് ആധാരപ്രകാരം ലഭ്യമായ കെട്ടിടത്തിൽ വയോജനങ്ങളെ താമസിപ്പിച്ച് പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും ഗുരുവായൂർ ദേവസ്വം നിർവ്വഹിച്ചുവരുന്നുണ്ട്. കൂടാതെ നവജീവനം ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിനായി ഗുരുവായൂർ ദേവസ്വത്തിൽനിന്നും പ്രതിമാസം ഏകദേശം ഒരു ലക്ഷം രൂപയുടെ മരുന്നും രണ്ട് നഴ്സിംഗ് സ്റ്റാഫിന്റെ സേവനവും നൽകിവരുന്നുണ്ട്.

കൂടൽമാണിക്യം ക്ഷേത്ര വരുമാനം ആതുരസേവന മേഖലയ്ക്ക് വിനിയോഗിക്കുന്നില്ലെങ്കിലും പൊതുജന പങ്കാളിത്തത്തോടെ കൂടൽമാണിക്യം ദേവസ്വത്തോടനുബന്ധിച്ച് സംഗമേശ്വര ആയുർവേദ ഗ്രാമം എന്ന ആയുർവേദ ചികിത്സാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് പഞ്ചകർമ്മ സൗകര്യങ്ങൾ, ഔഷധ സസ്യ സംരക്ഷണ പദ്ധതി, അശോകവനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ASAP കേരളയുമായി സഹകരിച്ച് അടുത്ത അദ്ധ്യായ വർഷം മുതൽ ഒരുവർഷത്തെ പഞ്ചകർമ്മ ട്രെയിനിംഗ് പ്രോഗ്രാം

നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയോജന സംരക്ഷണം ലക്ഷ്യമാക്കി ആയുർവേദ ചികിത്സാകേന്ദ്രത്തിനോടനുബന്ധിച്ച് ജെറിയാട്രിക് കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ദേവസ്വങ്ങൾക്ക് അനുവദിച്ച ഗ്രാന്റുകൾ സംബന്ധിച്ച് വിശദമാക്കാമോ?

പ്രളയം/കോവിഡാനന്തരം വിവിധ ദേവസ്വങ്ങൾക്ക് ഇതേവരെ 537.78 കോടിയുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിച്ച് സുരക്ഷ ഉറപ്പാക്കാൻ നടപടി**

113 (918) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഭക്തരുടെ തിരക്ക് നിയന്ത്രിച്ച് സുരക്ഷ ഉറപ്പാക്കുന്നതിനും ദർശനം സുഗമമാക്കുന്നതിനുമായി ഈ മണ്ഡലകാലത്ത് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾവഴി ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗില്ലാതെ spot booking വഴി എത്തിച്ചേർന്ന 8000-നും 10000-നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യമൊരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗില്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾവഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം

വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിക്കുന്നതിന് ആവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാത മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടകർക്ക് അധികസമയം ക്യൂ നിൽക്കേണ്ടിവന്ന സമയത്ത് തീർത്ഥാടകർക്കുവേണ്ട കുടിവെള്ളം, ലഘുഭക്ഷണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഒരോ ദിവസത്തെയും queue status -ഉം തീർത്ഥാടകരുടെ വരവിന്റെ കണക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉൾപ്പെടെ

ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുൾപ്പെടെ നടപ്പാക്കി ഭക്തരുടെ സുരക്ഷയും തിരക്കും നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങളിൽ ക്യു.ആർ. കോഡ് മൊബൈൽ ഫോണിൽ സ്കാൻ ചെയ്ത് കാണിക്ക നൽകുന്ന സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ദേവസ്വം ബോർഡിനുകീഴിലുള്ള മുഴുവൻ ക്ഷേത്രങ്ങളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല, ഒ.റ്റി.സി ഹനുമാൻ ക്ഷേത്രം, വൈക്കം മഹാദേവ ക്ഷേത്രം തുടങ്ങിയ 18 ഓളം ക്ഷേത്രങ്ങളിൽ ക്യൂ.ആർ കോഡ് മുഖാന്തരം കാണിക്ക നൽകുന്നതിനുള്ള സംവിധാനം ആദ്യഘട്ടമെന്നനിലയിൽ നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റ് ക്ഷേത്രങ്ങളിലേക്ക് ടി സംവിധാനം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഗുരുവായൂർ ക്ഷേത്രത്തിലും കൂടൽമാണിക്യം ക്ഷേത്രത്തിലും ഈ സംവിധാനം നിലവിലുണ്ട്.

മലബാർ ദേവസ്വത്തിന് കീഴിൽ കാടാമ്പുഴ, തിരുമാന്ധാംകുന്ന് തുടങ്ങി സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിൽ ക്യൂ.ആർ കോഡ് സ്കാൻ ചെയ്ത് കാണിക്ക നൽകുന്ന സംവിധാനമുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിൽ ഏകദേശം 120 ഓളം ക്ഷേത്രങ്ങളിൽ നിലവിൽ ഈ സംവിധാനമുണ്ട്.

ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കൂടുതൽ ക്ഷേത്രങ്ങളിലേയ്ക്ക് പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ക്യൂ.ആർ. കോഡ് സംവിധാനം നടപ്പിലാക്കിയ ക്ഷേത്രങ്ങളിൽ പ്രതിദിന വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തിയതുമൂലം ദേവസ്വങ്ങൾക്ക് വരുമാന വർദ്ധനവുണ്ടാകുന്നതും കൂടാതെ ഭക്തജനങ്ങൾക്ക് ആയത് വളരെ സൗകര്യപ്രദമാണെന്നതും ശ്രദ്ധയിൽപെട്ടിട്ടുള്ളതായും. സാമ്പത്തിക വർഷം അവസാനിച്ചശേഷം റീകൺസിലിയേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച്

കഴിയുന്നമുറയ്ക്ക് മാത്രമേ ക്യൂ.ആർ. കോഡ് സംവിധാനം ഏർപ്പെടുത്തിയത് നിമിത്തമുണ്ടായ വരുമാന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും അറിയിച്ചിട്ടുണ്ട്.

ക്യൂ ആർ കോഡ് സംവിധാനം ഏർപ്പെടുത്തിയതുനിമിത്തമുണ്ടായ വരുമാന വർദ്ധനവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് മറ്റ് ദേവസ്വം ബോർഡുകൾ അറിയിച്ചിട്ടുള്ളത്.

**ശബരിമലയിൽ മണ്ഡലകാലത്തെ ക്യൂ ക്രമീകരണത്തിലെ വീഴ്ച**

114 (919) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മണ്ഡലകാലത്തെ ക്യൂ ക്രമീകരണത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിരവധി ഭക്തർ ശബരിമല ദർശനം ലഭിക്കാതെ തിരികെ പോകേണ്ടിവന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യൂ ക്രമീകരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാതെ പോയത് പോലീസ് ഉദ്യോഗസ്ഥരുടെ കുറവുമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾവഴി പ്രതിദിനം ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗില്ലാതെ spot booking വഴി എത്തിച്ചേർന്ന 8000-നും 10000-നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യം ഒരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗില്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി

ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന് തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾവഴി കടത്തിവിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി.മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിക്കുന്നതിനാവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്.

(സി) മണ്ഡലകാല പ്രവർത്തനങ്ങൾ മന്ത്രി തലത്തിൽ ഏകോപിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യം ആദ്യഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. 2022-23 വർഷത്തെ ശബരിമല തീർത്ഥാടനം വിജയകരമായി പൂർത്തിയാക്കിയശേഷം മുതൽതന്നെ 2023-24 വർഷത്തെ ശബരിമല തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങൾ സർക്കാർതലത്തിൽ ആരംഭിച്ചിരുന്നു. 2022-23 ശബരിമല തീർത്ഥാനത്തിന്റെ വിജയത്തിനായി പ്രയത്നിച്ച വകുപ്പുകളെ അനുമോദിക്കുന്നതിനായി ബഹുമാനപ്പെട്ട. ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-02-2023-ന് പമ്പയിൽ വച്ച് ചേർന്ന യോഗത്തിൽ വച്ച് 2023-24 തീർത്ഥാടന കാലത്തേയ്ക്കുള്ള തയ്യാറെടുപ്പുകൾ കാലേക്കൂട്ടി ആരംഭിക്കണമെന്ന് എല്ലാ സർക്കാർ വകുപ്പുകൾക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിനും നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/08/2023-ന് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ 2023-24

തീർത്ഥാടനത്തിനായി ബോർഡ് സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ പരിശോധിക്കുകയും മുന്നൊരുക്കങ്ങൾ അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെതന്നെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളെയുംകൂടി ഉൾപ്പെടുത്തി 27-09-2023-ന് പമ്പയിൽ വച്ചും 31-10-2023-ന് എരുമേലി, നിലയ്ക്കൽ എന്നിവിടങ്ങളിൽ വച്ചും അവലോകന യോഗങ്ങൾ ചേർന്നിരുന്നു. കൂടാതെ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെകൂടി സാന്നിധ്യത്തിൽ ഗതാഗതം, ജലവിഭവം, വനം, റവന്യൂ വകുപ്പുകളുടെ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11-10-2023-ന് ഗവൺമെന്റ് സെക്രട്ടറിയറ്റിൽ വച്ച് ചേർന്നിരുന്നു. കൂടാതെ തീർത്ഥാടനകാലം ആരംഭിച്ചതിനുശേഷവും ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി സന്നിധാനത്ത് നേരിട്ടെത്തി ക്രമീകരണങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ഡി) ഭക്തരുടെ തിരക്ക് വർദ്ധിക്കാനുള്ള സാധ്യത മുൻകൂട്ടി കാണുന്നതിൽ അധികൃതർക്ക് പിഴവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധികൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഇല്ല. മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ ഭക്തജനങ്ങളുടെ തിരക്ക് നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വെർച്വൽ ക്യൂ ബുക്കിംഗ് വഴി പമ്പയിൽ എത്തിച്ചേർന്ന 60000-നും 70000-നും ഇടയ്ക്കുള്ള ഭക്തജനങ്ങളെ 13 വെർച്വൽ ക്യൂ വെരിഫിക്കേഷൻ കൗണ്ടറുകൾ വഴി പ്രതിദിനം ശബരിമല ദർശനത്തിനായി കടത്തിവിടുകയുണ്ടായി. തിരക്കേറിയ ദിവസങ്ങളിൽ വെർച്വൽ ക്യൂ ബുക്കിംഗില്ലാതെ spot booking വഴി എത്തിച്ചേർന്ന 8000 നും 10000 നും ഇടയ്ക്കുള്ള ഭക്തജനങ്ങൾക്കും ദർശനം നടത്തുന്നതിന് സൗകര്യമൊരുക്കി നൽകിയിട്ടുണ്ട്. ബുക്കിംഗില്ലാതെ എത്തിച്ചേർന്ന 20000-നും 30000 -നും ഇടയ്ക്കുള്ള ഭക്തജനങ്ങളും ദർശനം നടത്തിയിട്ടുണ്ട്. അതിലുപരി പുൽമേട് വഴി ശരാശരി 5000 ആളുകൾ ഒരു ദിവസം ശബരിമലയിൽ എത്തിച്ചേർന്നിട്ടുണ്ട്. തിരക്ക് നിയന്ത്രിക്കുന്നതിന്

തീർത്ഥാടകരെ segment കളാക്കി കൃത്യമായി വെർച്വൽ ക്യൂ കൗണ്ടറുകൾ വഴി കടത്തി വിട്ടാണ് ദർശന സൗകര്യം ഒരുക്കിയിരുന്നത്. സന്നിധാനത്തും പമ്പയിലും നിലയ്ക്കലിലും പോലീസ് ഉദ്യോഗസ്ഥരെ ഓരോ എസ്.പി. മാരുടെ നേതൃത്വത്തിൽ പോലീസ് ബന്തവസ് സ്കീം പ്രകാരം വിന്യസിച്ചാണ് ഭക്തജനത്തിരക്ക് നിയന്ത്രിച്ചിരുന്നത്. ഇതിനായി മണ്ഡല-മകരവിളക്ക് സീസൺ 6 ഫേസുകളായി തിരിച്ചാണ് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിരുന്നത്. ജനക്കൂട്ടം നിയന്ത്രിയ്ക്കുന്നതിനാവശ്യമായ സേനാ വിന്യാസം ഓരോ ഫേസുകളിലും നടത്തിയിരുന്നു. കൂടാതെ മണ്ഡലപൂജ-മകരവിളക്ക് കാലയളവിലെ തിരക്കേറിയ ദിവസങ്ങളിൽ DIG, IG തലത്തിലുള്ള ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ചീഫ് പോലീസ് കോർഡിനേറ്ററും സ്ഥലത്തെത്തി സുരക്ഷാ ക്രമീകരണങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവിയും നേരിട്ടെത്തി വിലയിരുത്തിയിട്ടുള്ളതുമാണ്. തിരക്ക് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി തീർത്ഥാടകർക്ക് അധിക സമയം ക്യൂ നിൽക്കേണ്ടിവന്ന സമയത്ത് തീർത്ഥാടകർക്ക് വേണ്ട കുടിവെള്ളം,

ലഘുഭക്ഷണങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിരുന്നു. ഒരോ ദിവസത്തെയും queue status -ഉം തീർത്ഥാടകരുടെ വരവിന്റെ കണക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉൾപ്പെടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതും ഭക്തരുടെ സുരക്ഷയും തിരക്കും നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**ശബരിമല വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ**

115 (920) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ സർക്കാർ നിയന്ത്രണത്തിലുള്ള വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ എവിടെയൊക്കെ ആണെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിംഗ് ഗ്രൗണ്ടിൽ മാത്രമാണ് പാർക്കിംഗ് അനുവദനീയമായിട്ടുള്ളത്.

(ബി) പൊതുജനങ്ങൾക്ക് എല്ലാ പാർക്കിംഗ് കേന്ദ്രങ്ങളും ഉപയോഗിക്കാമോ, ആയതിന്റെ വിശദാംശം നൽകാമോ?

നിലയ്ക്കൽ ബേസ് ക്യാമ്പിലെ പാർക്കിംഗ് ഗ്രൗണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള പാർക്കിംഗ് ഫീസ് അടച്ച് പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

**ശബരിമലയിൽ ഡൈനാമിക് ക്യൂ കൺട്രോൾ സംവിധാനം**

116 (921) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ . മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലും വർദ്ധിച്ചുവരുന്ന തിരക്ക് കാര്യക്ഷമമായി നിയന്ത്രിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ ആധുനിക സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

ഉണ്ട്. CCTV ക്യാമറ സിസ്റ്റം, വെർച്വൽ ക്യൂ സിസ്റ്റം, ക്യൂ കോംപ്ലക്സ് സിസ്റ്റം എന്നിവ നിലവിൽ സജ്ജമാണ്. ആയത് വിപുലീകരിക്കുന്നതിനും അധികമായി CCTV ക്യാമറകൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും ക്യൂ കോംപ്ലക്സ് കാര്യക്ഷമമായി modify ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പിൽനിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മണിക്കൂറുകൾ നീളുന്ന കാത്തിരിപ്പില്ലാതെ ഭക്തജനങ്ങൾക്ക് പതിനെട്ടാം പടി കയറുന്നതിനും ദർശനം നടത്തുന്നതിനും എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഈ വർഷത്തെ മണ്ഡലകാലത്ത് ഒരുക്കിയത്; വിശദമാക്കുമോ?

ശബരിമല സന്ദർശിക്കുന്ന തീർത്ഥാടകരുടെ എണ്ണത്തിൽ പ്രതിവർഷമുണ്ടാകുന്ന വർദ്ധനവുമൂലം സന്നിധാനത്ത് തിരക്ക് വർദ്ധിക്കുകയും ദർശനത്തിനായി കാത്തുനിൽക്കേണ്ടുന്ന സാഹചര്യമുണ്ടായിട്ടുള്ളതുമാണ്. തിരക്ക് വർദ്ധിച്ച സാഹചര്യത്തിൽ ഭക്തർക്ക് സുഗമമായ ദർശന സൗകര്യം ഒരുക്കുന്നതിനായി ക്ഷേത്രം തന്ത്രിയുടെ അനുമതിയോടുകൂടി ദർശന സമയം

ഒരു മണിക്കൂർ വർദ്ധിപ്പിച്ചിരുന്നു. കൂടാതെ ക്യൂ കോംപ്ലക്സ് സിസ്റ്റം, ബാരിക്കേഡ് സിസ്റ്റം എന്നിവ സജ്ജീകരിക്കുകയും ഭക്തജനങ്ങളെ നിയന്ത്രിക്കുന്നതിനും അവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും അധികമായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിരുന്നു.

(സി) മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല സന്നിധാനത്തുണ്ടാകുന്ന തിരക്ക് ഒഴിവാക്കുന്നതിന് ഈ വർഷം നടപ്പിലാക്കിയ ഡൈനാമിക് ക്യൂ കൺട്രോൾ സംവിധാനം എത്രത്തോളം ഫലപ്രദമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല സന്നിധാനത്ത് തിരക്ക് ഒഴിവാക്കുന്നതിന് നടപ്പിലാക്കിയ ഡയനാമിക് ക്യൂ കൺട്രോൾ സംവിധാനം ഭക്തജനങ്ങളുടെ അമിതമായ തിരക്കുണ്ടാകുന്ന സമയത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻ തടസ്സം നേരിട്ടിരുന്നു. ആയതിനാൽ ക്യൂ കോംപ്ലക്സുകൾ ഭക്തർ ഉപയോഗിക്കുന്നത് അവരുടെ താല്പര്യപ്രകാരമാക്കുകയും ഭക്തജനങ്ങളെ മരക്കൂട്ടത്തുനിന്നും ബാരിക്കേഡിന് അകത്തുകൂടി ശരംകുത്തി വഴി സന്നിധാനത്തേയ്ക്ക് കടത്തിവിടുകയുമാണ് ചെയ്തിരുന്നത്.

(ഡി) ഭക്തജനങ്ങൾക്ക് ആകസ്മികമായിയുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നതിന് പമ്പ മുതൽ സന്നിധാനം വരെയുള്ള ശരണപാതയിൽ എന്തെല്ലാം പുതിയ ആരോഗ്യരക്ഷാ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ഭക്തജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് കാർഡിയോളജിസ്റ്റ് ഉൾപ്പെടെയുള്ള ആശുപത്രി സംവിധാനങ്ങൾ പമ്പ, നിലയ്ക്കൽ, അപ്പാച്ചിമേട്, സന്നിധാനം എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്നു. സന്നിധാനത്തേയെത്തുന്ന ഭക്തരെ സഹായിക്കുന്നതിനായി പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും കാർഡിയോളജി സബ് സെന്ററുകളും പ്രവർത്തിച്ചിരുന്നു. പൂർണ്ണ സജ്ജീകരണങ്ങളുള്ള ആംബുലൻസ് സംവിധാനങ്ങൾ, ഹെൽത്ത് വോളണ്ടിയർമാർ എന്നിവരുടെ സേവനങ്ങൾ സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിരുന്നു.

**എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പുരോഗതി**

117 (922) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 -24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അനുവദിച്ചിട്ടുള്ള എരുമേലി മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2023-24 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എരുമേലി മാസ്റ്റർപ്ലാനിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നതായി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് എരുമേലി മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട ദേവസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട പൂഞ്ഞാർ എം.എൽ.എ., തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ

സാന്നിധ്യത്തിലും 06-06-2023-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിലെ തീരുമാനപ്രകാരം എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റ് സ്ഥാപനത്തെ കണ്ടെത്തുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് താല്പര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ M/s Space Art എന്ന സ്ഥാപനം താല്പര്യം അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

**ശബരിമലയിലെ അരവണ ക്ഷാമം**

118 (923) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>
<u>ശ്രീമതി ഉമ തോമസ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മകരവിളക്ക് ഉത്സവത്തിന് നടതുറന്നതിന് പിന്നാലെ ശബരിമലയിലെ പ്രധാന വഴിപാടായ അരവണയുടെ ക്ഷാമം രൂക്ഷമായത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ബി) അരവണ ക്ഷാമം രൂക്ഷമായതോടെ പ്രസാദ വിതരണത്തിൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യമുണ്ടായിരുന്നോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണ്ടെയ്നർ ക്ഷാമം കാരണം പ്രസാദ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതായിവന്നിരുന്നു. ഭക്തർക്ക് പ്രസാദം ലഭിക്കാത്ത സാഹചര്യം ഉണ്ടാകാതിരിക്കുന്നതിനായാണ് അരവണ വിതരണത്തിൽ ചെറിയ നിയന്ത്രണം ഏർപ്പെടുത്തിയത്.

(സി) അരവണ ക്ഷാമം പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വരും വർഷങ്ങളിൽ അരവണ വിതരണം കാര്യക്ഷമമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ?

കണ്ടെയ്നർ ക്ഷാമം മറികടക്കുന്നതിനായി ഭക്തർക്ക് നൽകുന്ന പ്രസാദത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയെങ്കിലും തുടർന്ന് അടിയന്തരമായി മറ്റൊരു ഏജൻസി വഴി കണ്ടെയ്നർ വാങ്ങി ക്ഷാമം പരിഹരിച്ചിരുന്നു. വരുംവർഷങ്ങളിൽ അരവണ വിതരണം കാര്യക്ഷമമാക്കുന്നതിനായി ക്ഷാമം

അനുഭവപ്പെടാൻ സാധ്യതയുള്ള ശർക്കര, കണ്ടെയ്നർ എന്നിവ കാലേക്കൂട്ടി സ്റ്റോക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ്**

119 (924) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്?

മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം 12.02.2021 ലെ GO(Ms)No.57/2021/RD പ്രകാരം 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണത്തിൽ വന്ന അനോമലി പരിഹരിച്ചുകൊണ്ടുള്ള ദേവസ്വം ബോർഡിന്റെ തീരുമാനത്തിന് അംഗീകാരം ലഭിക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചത് എന്നാണ്?

സർക്കാർ പുറപ്പെടുവിച്ച ശമ്പളപരിഷ്കരണ ഉത്തരവിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള വിശദമായ പ്രപ്പോസൽ 14.07.2022 തീയതിയായി സർക്കാരിലേക്ക് സമർപ്പിക്കുകയും ആയത് 26.07.2022 ന് സർക്കാരിൽ ലഭ്യമാകുകയുമുണ്ടായി. ആയതു പരിശോധിച്ചശേഷം ചില കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി സർക്കാരിൽനിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രപ്പോസൽ വീണ്ടും തയ്യാറാക്കി 09.08.2023-ന് സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

(സി) ശമ്പള പരിഷ്കരണംമൂലം വരുന്ന അധിക സാമ്പത്തികബാധ്യതയെ സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡ് ഗവൺമെന്റിന് മുൻപിൽ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ശമ്പള പരിഷ്കരണംമൂലമുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത ക്ഷേത്രങ്ങളുടെ ഫണ്ടിൽനിന്നുതന്നെയും, പ്രതിസന്ധിഘട്ടത്തിൽ ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും കണ്ടെത്തുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അനോമലി പരിഹരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കാനാവുമെന്ന് അറിയിക്കാമോ?

ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് നൽകിയ ധനസഹായം**

120 (925) **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ് എന്നിവിടങ്ങളിൽനിന്നും മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് പ്രസ്തുത ധനസഹായം നൽകിയിട്ടുള്ളത്;

(സി) ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ഗുരുവായൂർ ദേവസ്വം ബോർഡിൽനിന്നും നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്മീഷണർ നിയമനം**

121 (926) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്മിഷണറായി നിയമനം ലഭിക്കണമെങ്കിൽ ഡെപ്യൂട്ടി ദേവസ്വം കമ്മിഷണർ തസ്തികയിൽ ആറ് മാസത്തെ പ്രോബേഷൻ കാലാവധി ആവശ്യമാണെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിരിക്കെ നിലവിൽ കമ്മീഷണറായി നിയമനം ലഭിച്ച ഉദ്യോഗസ്ഥന് ടിയാന്റെ പ്രൊബേഷൻ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ദേവസ്വം കമ്മീഷണറായി നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചട്ടവിരുദ്ധമായി നിയമനം നൽകിയ പ്രസ്തുത നടപടി തിരുത്തുന്നതിനും ചട്ടവിരുദ്ധമായി വാങ്ങിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(എ&ബി) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 28(എ)(i)പ്രകാരം പ്രൊമോഷൻ ലഭിക്കുന്നതിന് പ്രൊബേഷൻ കാലാവധി പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വകുപ്പുതലവന്റെ കാര്യത്തിൽ ഈ നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. അപ്രകാരം ടിയാനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയുണ്ടായി. ആകയാൽ കമ്മീഷണറുടെ നിയമനം ചട്ടവിരുദ്ധമായിട്ടല്ല.

**ദേവസ്വം വകുപ്പിനുകീഴിൽ തൃക്കാഞ്ഞിരപുരത്തു ആർട്സ് & സയൻസ് കോളേജ്**

122 (927) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം

പരിഗണനയിലുണ്ടോ; ദീർഘനാളായുള്ള പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിശോധിക്കുന്നതാണ്.

## കാട്ടാക്കട തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡ് ആർട്സ് & സയൻസ് കോളേജ്

123 (928) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ തൃക്കാഞ്ഞിരപുരത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കോളേജ് ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി)പരിശോധിക്കുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള ക്ഷേത്രങ്ങൾ

124 (929) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ദേവസ്വം വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ, മലബാർ ദേവസ്വം ബോർഡിന്റെ പരിധിയിൽ വരുന്ന ക്ഷേത്രങ്ങളിലെ ക്ഷേത്ര ജീവനക്കാർക്ക് ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനായി 1,13,20,462/- രൂപയും ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ജീർണ്ണോദ്ധാരണ ഗ്രാന്റിനത്തിൽ 4,37,500/- രൂപയുമായി ആകെ 1,17,57,962/- രൂപ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ വിശദാംശം നൽകാമോ?

ക്ഷേത്രങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചാലക്കുടി ചിറങ്ങരയിൽ ശബരിമല ഇടത്താവളം**

125 (930) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിലെ ചിറങ്ങരയിൽ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

ചിറങ്ങര ഇടത്താവളത്തിന്റെ ഗ്രൗണ്ട് ഫ്ലോർ റൂഫ് സ്ലാബ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചെന്നും ബാക്കി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഇടത്താവളത്തിന്റെ 35% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എത്രയും വേഗം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മലബാറിലെ ക്ഷേത്ര ജീവനക്കാർക്കുള്ള ധനസഹായം**

126 (931) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായം ഇപ്പോൾ എത്ര മാസത്തെ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായം 2023 ഏപ്രിൽ മാസം മുതൽക്കാണ് കുടിശ്ശികയായിട്ടുള്ളത് (പത്ത് മാസം).

(ബി) ഇവർക്ക് നൽകുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തുകയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

**കുടിവെള്ള പദ്ധതിക്ക് ദേവസ്വം ഭൂമി വിട്ടു നൽകാൻ നടപടി**

127 (932) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയിലെ ശാസ്താംകോണം കുടിവെള്ള പദ്ധതിക്ക് ബൂസ്റ്റർ ടാങ്ക് നിർമ്മിക്കുന്നതിന് തൃക്കോതേശ്വരം ക്ഷേത്രത്തിനോട് ചേർന്ന സ്ഥലം അനുവദിക്കുകയും പ്രതിമാസം 1875 രൂപ വാടക നിശ്ചയിക്കുകയും ചെയ്ത് ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്തിന് വാടക നിയമപരമായി അടയ്ക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ജല അതോറിറ്റിയും മുനിസിപ്പാലിറ്റിയും അറിയിച്ചതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.എൽ.എ.ഫണ്ടിൽനിന്നും 30 ലക്ഷം രൂപ അനുവദിക്കുകയും പതിനായിരത്തോളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതുമായ പ്രസ്തുത

പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും ഭൂമി സൗജന്യമായി വിട്ടുനൽകുന്നതിനുള്ള അനുകൂല തീരുമാനങ്ങൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഡി.ബി.പി. 76/2009 ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 04.02.2010-ലെ വിധിന്യായത്തിൽ, ദേവസ്വം ഭൂമി നിയമപരമായ മാർഗ്ഗങ്ങളിലൂടെ കോടതി ഉത്തരവുപ്രകാരം മാത്രമെ സർക്കാരിന് ഏറ്റെടുക്കാൻ കഴിയൂയെന്ന് ഉത്തരവായിട്ടുണ്ടെന്നും ആകയാൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും സൗജന്യമായി ഭൂമി വിട്ടുനൽകുന്നതിന് സാങ്കേതിക തടസ്സമുള്ളതായും ബോർഡ് അറിയിച്ചിട്ടുണ്ട്. കോടതിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്ന് പരിഹരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

**ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം**

128 (933) <u>ശ്രീ. എം.വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി മാടായി തിരുവർക്കാട്ട് കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ക്ഷേത്രകലാ അക്കാദമിക്ക് മാടായി ശ്രീ തിരുവർക്കാട്ട് കാവ്ക്ഷേത്രം വക റി.സ.23/2-ൽ 50 സെന്റ് ഭൂമി പാട്ടത്തിന് കൈമാറുന്നതിലേക്കായി ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രകാരമുള്ള നടപടിക്രമങ്ങളിൽ ഇളവ് അനുവദിക്കുന്നതിലേയ്ക്ക് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. ടി വിഷയത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

**എം.എൽ.എ.മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം**

129 (934) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ അഡീഷണൽ സ്റ്റാഫിന് വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ പാർലമെന്ററികാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ദിവസ വേതന ജീവനക്കാരെക്കാൾ കുറഞ്ഞ വേതനമാണ് ഇവർക്ക് ലഭിക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിച്ച് മെച്ചപ്പെട്ട വേതനം എം.എൽ.എ.മാരുടെ അഡീഷണൽ സ്റ്റാഫിന് നൽകാൻ നടപടി സ്വീകരിക്കുമോ?

(എ-സി) എം.എൽ.എ-മാരുടെ അഡീഷണൽ സ്റ്റാഫിന് നൽകിവരുന്ന വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

**വനം വകുപ്പിന്റെ ഭരണ റിപ്പോർട്ടുകൾ**

130 (935) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ 2021- 22 വർഷത്തെ ഭരണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വനഭൂമി കയ്യേറ്റത്തിന്റെ വിശദാംശം വ്യക്തമാക്കുമോ?

2021-22 വർഷത്തെ ഭരണറിപ്പോർട്ടിൽ നടപ്പുവർഷം കയ്യേറ്റം ചെയ്യപ്പെട്ട ഭൂമി 5024.535 ഹെക്ടർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ 2021-22 കാലയളവിന് മുമ്പുള്ള ആകെ കയ്യേറ്റങ്ങളാണ് റിപ്പോട്ടിൽ കാണിച്ചിട്ടുള്ളത്. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്, ഓഡിറ്റ്) ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ റിപ്പോർട്ടിൽ തെറ്റ് തിരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2022-23 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണ റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ?

2022-23 വർഷത്തെ ഭരണ റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്

(സി) 2022, 2023 വർഷങ്ങളിലെ വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ?

2022 വർഷത്തെ വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനായി കരട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. 2023 വന സ്ഥിതിവിവര റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രസ്തുത റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്

**വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് അനുമതി**

131 (936) <u>ശ്രീ. യു. എ. ലത്തീഫ്</u>:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കാമോ?

1980-ലെ വന സംരക്ഷണ നിയമ പ്രകാരം, വനഭൂമി വനേതരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. ആയതിന് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷ് മുഖേന, യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ വനസംരക്ഷണ ഭേദഗതി നിയമപ്രകാരം വനഭൂമിയിൽ വിനോദസഞ്ചാര വികസനം ഒരുക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനം വർക്കിംഗ് പ്ലാനിലോ വന്യജീവി മാനേജ്മെന്റ് പ്ലാനിലോ ടൈഗർ കൺസർവേഷൻ പ്ലാനിലോ വർക്കിംഗ് സ്കീമിലോ ഉൾപ്പെടുത്തിയിട്ടുള്ള എക്കോ-ടൂറിസം പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ

വനസംരക്ഷണ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഭേദഗതി വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഈ നിയമഭേദഗതി എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പ്രസ്തുത ഭേദഗതി വനസംരക്ഷണത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല. വർക്കിംഗ് പ്ലാനിലോ വന്യജീവി മാനേജ്മെന്റ് പ്ലാനിലോ ടൈഗർ കൺസർവേഷൻ പ്ലാനിലോ വർക്കിംഗ് സ്കീമിലോ ഉൾപ്പെടുത്തിയിട്ടുള്ള എക്കോ-ടൂറിസം പദ്ധതികൾ വനസംരക്ഷണത്തെ ബാധിക്കാതെ വനം വകുപ്പിന്റെ കീഴിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

**ബഫർ സോൺ മേഖല**

132 (937) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എതൊക്കെ പ്രദേശങ്ങളാണ് ബഫർസോൺ മേഖലയായി നിർണ്ണയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ചിരുന്ന കരട് മാപ്പിൽ പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന് കീഴിലെ സൈലന്റ് വാലി ഡിവിഷന് കീഴിൽ പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് താലൂക്കിലെ കള്ളമല, പാടവയൽ, പാലക്കയം, പയ്യനടം, മണ്ണാർക്കാട്, കോട്ടോപ്പാടം 1, അലനല്ലൂർ 3, കോട്ടോപ്പാടം 3 എന്നീ വില്ലേജുകളിലെ വനഭാഗം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നുണ്ട്.

പീച്ചി വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ പാലക്കാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന ചൂലന്നൂർ മയിൽ സങ്കേതത്തിന്റെ ചുറ്റുമായി പ്രൊപ്പോസ് ചെയ്തിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ മേഖലകളിൽ ആലത്തൂർ താലൂക്കിലെ പെരിങ്ങോട്ടുകുരിശി II, കുത്തന്നൂർ II, തരൂർ I എന്നീ വില്ലേജുകളിലെ ചില പ്രദേശങ്ങളും പീച്ചി-ചിമ്മിനി വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പാലക്കാട്

ജില്ലയിൽ കിഴക്കഞ്ചേരി വില്ലേജിൽ വരുന്ന ചില പ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

പറമ്പിക്കുളം ഡിവിഷനുകീഴിൽ പാലക്കാട് ജില്ലയിൽ നെൻമാറ ഡിവിഷൻ പരിധിയിലുള്ള വന പ്രദേശങ്ങളാണ് പറമ്പിക്കുളത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണായി നിർണ്ണയിച്ചിട്ടുള്ളത്.

(ബി) ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ബഫർസോൺ മേഖലയിൽനിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന് കീഴിലുള്ള പാലക്കാട് ജില്ലയിലെ സൈലൻറ് വാലി, പറമ്പിക്കുളം ഡിവിഷനുകളിലെ ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിച്ച ഇടങ്ങളിൽ ജനവാസ മേഖലയോ കൃഷിയിടങ്ങളോ ഒന്നുംതന്നെ ഇല്ല. പാലക്കാട് ജില്ലയുടെ ഭാഗമായി വരുന്ന പീച്ചി ഡിവിഷനിലെ ചൂലന്നൂർ മയിൽ സങ്കേതം, പീച്ചി-വാഴാനി വന്യജീവി സങ്കേതം എന്നിവയുടെ ഇക്കോ സെൻസിറ്റീവ് സോണിൽ ജനവാസ

കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കിയാണ് ഡീമാർക്കേറ്റ് ചെയ്ത് അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.

**എരുമേലി പഞ്ചായത്തിലെ വനാതിർത്തിയിലുള്ള പട്ടയഭൂമികൾ ഏറ്റെടുക്കുന്ന നടപടി**

133 (938) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമേലി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ എരുമേലി തെക്ക് വില്ലേജിൽ ഇരുമ്പൂന്നിക്കര ഭാഗത്ത് ഏതാനുംപേരുടെ പട്ടയഭൂമികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തൊട്ടാകെ മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങളിൽനിന്നും സ്വമേധയാ മാറിതാമസിക്കാൻ താൽപ്പര്യപ്പെടുന്നവർക്ക് ആയതിന് അവസരം നൽകുന്നതിലേയ്ക്കായി സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് നവകിരണം - സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി എരുമേലി പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ എരുമേലി തെക്ക് വില്ലേജ്

ഇരുമ്പൂന്നിക്കര ഭാഗത്തുനിന്നും ലഭിച്ച 20 അപേക്ഷകൾ റേഞ്ച്, ഡിവിഷൻ, റീജിയണൽ ലെവൽ സമിതികൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി ഏറ്റെടുത്ത് വനഭൂമിയാക്കുന്നതുമൂലം പ്രദേശത്ത് വന്യജീവികളുടെ ആക്രമണം രൂക്ഷമാവുമെന്നതിനാൽ പ്രസ്തുത നടപടി അടിയന്തരമായി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ 24.05.2023 തീയതി നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കോട്ടയം വനം ഡിവിഷനിലെ എരുമേലി റെയ്ഞ്ചിലെ ആശാൻ കോളനി, കൊമ്പുകുത്തി സെറ്റിൽമെന്റുകൾ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളതും എട്ടാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. ടി പ്രദേശത്തെ ജനങ്ങൾ സ്വമേധയാ അപേക്ഷയുമായി വനം വകുപ്പിനെ സമീപിച്ചതിനാൽ നിലവിലുള്ള പദ്ധതി പ്രകാരം അവ തള്ളിക്കളയാൻ നിർവ്വാഹമില്ലാത്തതിനാലാണ് ടി സെറ്റിൽമെന്റിനെ റീബിൽഡ് കേരള

ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ആശാൻ കോളനി, കൊമ്പുകുത്തി സെറ്റിൽമെന്റുകളിൽനിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കായി ലഭിച്ച അപേക്ഷകളിന്മേൽ പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വനത്തിന്റെ തുടർച്ചയായിട്ടുള്ളതോ വനത്താൽ ചുറ്റപ്പെട്ടതോ ആയ സ്ഥലങ്ങളിൽ താമസിക്കുന്നവരും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലത്തുള്ളവരും പ്രകൃതിദുരന്തങ്ങൾക്ക് കാരണമായേക്കാവുന്ന സ്ഥലത്ത് താമസിക്കുന്നവരും മനുഷ്യ വന്യജീവി സംഘർഷം കൂടുതലായ സ്ഥലങ്ങളിൽ താമസിക്കുന്നവരും വികസനമില്ലാത്തതുമായ സ്ഥലത്തെ ആദിവാസികളല്ലാത്ത സ്വമേധയാ മാറിത്താമസിക്കാൻ തയ്യാറുള്ള ജനങ്ങൾക്ക്/കുടുംബങ്ങൾക്ക് ബഹുമാനപ്പെട്ട സർക്കാർ റീബിൽഡ് കേരളപദ്ധതിയിലുൾപ്പെടുത്തി നവകിരണം പദ്ധതി വിഭാവനം

ചെയ്തിട്ടുള്ളതാണ്. ടി പദ്ധതിക്ക് വിശദവും വ്യക്തമായതുമായ മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിർബന്ധിത കുടിയൊഴിപ്പിക്കൽ എന്നത് സർക്കാർ നയമല്ല. ടി പ്രദേശത്തെ ജനങ്ങൾ സ്വമേധയാ അപേക്ഷയുമായി വനം വകുപ്പിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടി സെറ്റിൽമെന്റിനെ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് വനഭൂമി കൈയേറ്റം**

134 (939) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വനസംരക്ഷണ നിയമ ഭേദഗതിയിലെ ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്തുകൊണ്ട് വനഭൂമി നികത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാനത്തിലും വ്യാപകമായി നടക്കുന്നു എന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര വനസംരക്ഷണ നിയമ ഭേദഗതിയിലെ ഖനനാനുമതിക്കുള്ള വ്യവസ്ഥകൾ ദുരുപയോഗം ചെയ്തുകൊണ്ട് വനഭൂമി നികത്തുന്നതിനുള്ള ശ്രമങ്ങൾ സംസ്ഥാനത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) കേന്ദ്ര നിയമങ്ങളുടെ ദുരുപയോഗത്തിലൂടെ വനഭൂമി കയ്യേറാനുള്ള നീക്കം ചെറുക്കുന്നതിന് എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

വനഭൂമി കയ്യേറാനുള്ള നീക്കം ചെറുക്കുന്നതിന്റെ ഭാഗമായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട/കയ്യാല കെട്ടി സംരക്ഷിച്ചുവരുന്നു. കൂടാതെ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി അനധികൃത കയ്യേറ്റമുണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തുകയും, വനം കയ്യേറ്റം നടത്തുന്നവർക്കെതിരെ വനനിയമങ്ങൾ അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് അനുസരിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ അനുമതിയില്ലാതെ വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ സാധിക്കില്ല.

**പാലക്കാട് ജില്ലയിൽ പാട്ടവ്യവസ്ഥയിൽ നൽകിയ വനഭൂമി**

135 (940) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് നൽകിയിരിക്കുന്ന വനഭൂമിയുടെ വിശദവിവരം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ഈസ്റ്റേൺ സർക്കിളിനുകീഴിൽ നെന്മാറ വനം ഡിവിഷനിലെ നെല്ലിയാമ്പതി റെയിഞ്ചിന്റെ പരിധിയിൽ 22 ഉടമസ്ഥതകളിലുള്ള വിവിധ എസ്റ്റേറ്റുകളിലായി പാട്ടവ്യവസ്ഥയിൽ 7598.12 ഏക്കർ വനഭൂമി കൈവശം വച്ചുവരുന്നുണ്ട്. ആയതിൽ 2669.99 ഏക്കർ വനഭൂമിയുടെ പാട്ടം റദ്ദ് ചെയ്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും എസ്റ്റേറ്റ് ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ ഉത്തരവുപ്രകാരം തുടർനടപടികൾ നിർത്തിവക്കുന്നതിന് ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നു.

(ബി) പാലക്കാട് ജില്ലയിൽ പാട്ട കാലാവധി കഴിഞ്ഞ എത്ര വനഭൂമിയാണ് തിരികെ ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ പാട്ടക്കാലാവധി കഴിഞ്ഞിട്ടും സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ഭൂമികളൊന്നും തന്നെയില്ല. എന്നാൽ പാട്ടക്കാലാവധി കഴിഞ്ഞിട്ടും കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ 2468.132 ഹെക്ടർ വനഭൂമി കൈവശം വച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

**വനാതിർത്തിയോട് ചേർന്നുള്ള ഭൂമി ഏറ്റെടുക്കൽ**

136 (941) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട് ചേർന്നുള്ള കാർഷികഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

ഉണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികവർഗ്ഗേതര വിഭാഗത്തിൽപ്പെട്ട ഭൂവുടമകളിൽ, വനംവകുപ്പിന് ഭൂമി കൈമാറാൻ സ്വയംസന്നദ്ധരായവരിൽനിന്നും നവകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി മാനദണ്ഡങ്ങൾ പാലിച്ച് വനം വകുപ്പിലേയ്ക്ക് ഏറ്റെടുക്കുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കർഷകരുടെ അപേക്ഷകളാണ് ലഭിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മേൽപദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | പനത്തടി | 226 |
| 2 | ബളാൽ | 169 |
| 3 | കിനാനൂർ-കരിന്തളം | 17 |
| 4 | കോടോം-ബേളൂർ | 6 |
| 5 | പുല്ലൂർ-പെരിയ | 1 |
| | ആകെ | 419 |

(സി) പ്രസ്തുത അപേക്ഷകളിൽ ആരുടെയൊക്കെ അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നഷ്ടപരിഹാരം നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ പനത്തടി പഞ്ചായത്തിൽ, ഓട്ടമല സെറ്റിൽമെന്റിൽ ആറ് അപേക്ഷകൾ നടപടിക്രമങ്ങൾ പാലിച്ച 2022-ൽ മുഴുവൻ തുകയും നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 08-06-2023-ന് റീജിയണൽ കമ്മറ്റി ചേർന്ന് ഓട്ടമല സെറ്റിൽമെന്റിലെ 12 അപേക്ഷകൾ, മൈക്കയം സെറ്റിൽമെന്റിലെ 2 അപേക്ഷകൾ എന്നിവ അംഗീകരിച്ച് ആദ്യഗഡു ലഭിക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ലഭിച്ചിട്ടുണ്ട്. 16-09-2023-ന ചേർന്ന റീജിയണൽ കമ്മിറ്റി മീറ്റിംഗിൽ 24 അപേക്ഷകൾ (ഓട്ടമല-4, മൈക്കയം-3, മഞ്ചുച്ചാൽ-16, ബന്ധമല-1) അംഗീകരിക്കുകയും ആദ്യഗഡു ലഭിക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ ലഭിച്ചിട്ടുണ്ട്.

2023-2024 സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ്.

(ഡി) ഇനി എത്ര അപേക്ഷകളാണ് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നും കാലതാമസത്തിനുള്ള കാരണവും വിശദമാക്കാമോ?

ബളാൽ പഞ്ചായത്തിൽ ബന്ധമല, കോട്ടഞ്ചേരി, മൈക്കയം സെറ്റിൽമെന്റുകളിലും പനത്തടി പഞ്ചായത്തിൽ ഓട്ടമല 2, പരിയാരം സെറ്റിൽമെന്റിലും ഇതിനോടകം പ്രാഥമിക പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽപദ്ധതിയിൽ കാഞ്ഞങ്ങാട് റേഞ്ചിൽ ലഭിച്ച അപേക്ഷകളിൽ പരിശോധന വിവിധ ഘട്ടങ്ങളിലാണുള്ളത്. മേൽപദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് മുൻപായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശ പ്രകാരം സെറ്റിൽമെന്റ് കണ്ടെത്തൽ, ട്രീറ്റ്മെന്റ് ഏരിയ മാപ്പ് തയ്യാറാക്കൽ, റേഞ്ച്, ഡിവിഷൻ, റീജിയണൽ കമ്മിറ്റി എന്നീ തലത്തിൽ യോഗം ചേരൽ, സർവ്വേ ചെയ്യൽ തുടങ്ങിയ നടപടിക്രമങ്ങൾ

പൂർത്തീകരിക്കേണ്ടതുണ്ട്. ലഭ്യമായ അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ഫീൽഡ്തലത്തിൽ പരിശോധന പൂർത്തീകരിക്കുന്നതിനും മാർഗ്ഗരേഖപ്രകാരം നിർദ്ദേശിക്കുന്ന അവശ്യരേഖകൾ സ്വരൂപിക്കുന്നതിനുള്ള ആവശ്യമായ സമയം എന്നിവ കാലതാമസത്തിനു കാരണമാകുന്നുണ്ട്.

**കൈപ്പമംഗലം കടൽത്തീരത്ത് വൃക്ഷത്തൈകൾ നടുന്ന പദ്ധതി**

137 (942) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കടലേറ്റം, കടൽക്ഷോഭം എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒരു പരിധിവരെ കുറയ്ക്കുന്നതിന് കടൽത്തീരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിയുടെ നിർവഹണം ധ്രുതഗതിയിൽ നടത്താനുള്ള ശ്രമമുണ്ടാകുമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടൽത്തീരങ്ങളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി

നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ഥലപരിശോധന പൂർത്തീകരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വനവൽക്കരണം**

138 (943) ശ്രീ. പി.പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനഭൂമിക്ക് പുറത്ത് വനവൽക്കരണത്തിനായുള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ?

വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പിന്റെ സാമൂഹ്യവനവത്കരണ വിഭാഗം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുകയും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ മുതലായവർക്ക് വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിനായി ലോക പരിസ്ഥിതി ദിനാഘോഷം മുതൽ വനമഹോത്സവം വരെയുള്ള കാലയളവിൽ

സൗജന്യനിരക്കിലും തുടർന്ന് നിശ്ചിത വില ഈടാക്കിയും വിതരണം ചെയ്തുവരുന്നു. മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1) വിദ്യാവനം** - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചെറുവനങ്ങളുടെ മാതൃകകൾ സൃഷ്ടിക്കുന്നതിനും വനത്തിന്റെ സംരക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനുംവേണ്ടി സ്കൂളുകൾ, കോളേജുകൾ എന്നിവയിൽ ലഭ്യമായ സ്ഥലങ്ങളിൽ വിദ്യാവനം സ്ഥാപിച്ച് നൽകുന്നുണ്ട്.

**2) ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്** – പൊതു/സ്വകാര്യ മേഖലാ സ്ഥാപനങ്ങളിൽ ലഭ്യമായ ഭൂമിയിൽ പ്ലാന്റിംഗ് നടത്തിവരുന്നുണ്ട്.

**3) വഴിയോരത്തണൽ പദ്ധതി –**പാതയോരങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിൽ തണൽമരങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.

**4) നഗരവനം** –നഗര പ്രദേശങ്ങളിൽ ലഭ്യമായ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

**5) ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി –**സ്വകാര്യഭൂമിയിൽ ടിമ്പർ സ്പീഷീസ് ഉത്പാദിപ്പിക്കുന്നതിന്റെ ഭാഗമായി 10 ഇനം മരങ്ങൾ നട്ട് സംരക്ഷിക്കുന്ന കർഷകർക്ക് ധനസഹായം നൽകുന്ന പദ്ധതി.

**6) പരിഹാര വനവത്കരണം –**വികസനാവശ്യങ്ങൾക്ക് മരം മുറിക്കുന്ന അവസരങ്ങളിൽ യൂസർ ഏജൻസിയിൽനിന്നും പരിഹാര വനവത്കരണത്തിന്റെ ഭാഗമായി ഫണ്ട് ലഭിക്കുന്നമുറയ്ക്ക് പരിഹാര വനവത്കരണം നടത്തിവരുന്നുണ്ട്.

**7) വൃക്ഷസമൃദ്ധി പദ്ധതി –**സർക്കാർ വക പൊതുസ്ഥലങ്ങളിലും, സ്വകാര്യസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് 3-5 വർഷം വരെ പരിചരണം നൽകി സംസ്ഥാനത്തിന്റെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതി.

**8) കുട്ടിവനം –** ഈ പദ്ധതി പ്രകാരം ലഭ്യമായ സ്വകാര്യഭൂമികളിലും പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിനായാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**9) നക്ഷത്രവനം –** അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി.

**10) തീരവനം** –തീരസംരക്ഷണത്തിനായി കടൽത്തീരങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിയാണ് തീരവനം. കടൽക്ഷോഭത്തിന്റെ തീവ്രതയിൽനിന്ന് തീരത്തെ സംരക്ഷിക്കുന്നതിന് ഈ പദ്ധതി സഹായകരമാണ്

**11) നാട്ടുമാവും തണലും** –അന്യംനിന്നുപോകുന്ന നാട്ടുമാവുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് "നാട്ടുമാവും തണലും". പാതയോരങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും ലഭ്യമാകുന്ന സ്ഥലത്ത് നാട്ടുമാവുകൾ നട്ട് സംരക്ഷിച്ച് വളർത്തുക, കാട്ടിലും മറ്റും വളരുന്ന മാവിന്റെ വന്യജനസ്സുകൾ കണ്ടെത്തി വിത്ത് ശേഖരിച്ച് മുളപ്പിച്ച് കൂടത്തൈകളാക്കി സ്ഥലലഭ്യതയുള്ള പാതയോരങ്ങളിൽ നട്ട് സംരക്ഷിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**12) ഔഷധ തോട്ടം –** ആയുർവേദ മരുന്നുകളുടെ ഉപയോഗവും അതിന്റെ ചികിത്സാമൂല്യവും ലോകമെമ്പാടും പ്രചാരം നേടുന്ന ഈ കാലത്ത് ഹെർബൽ, ഔഷധ സസ്യങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവ പ്രചരിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും വേണ്ടിയാണ് ടി പദ്ധതി

നടപ്പിലാക്കിവരുന്നത്. കൂടാതെ ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയും പുതുതലമുറയിൽ ആയുർവേദ ചികിത്സാ രീതിയെ സംബന്ധിച്ചും വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടിയുമാണ് സ്കൂളുകളിലും കോളേജുകളിലും ഔഷധത്തോട്ടം സ്ഥാപിക്കുന്നത്.

**13) സ്കൂൾ നഴ്സറി യോജന –**സ്കൂളുകളിൽ വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് തൈകൾ സ്കൂൾ പരിസരത്തും, പൊതു/സ്വകാര്യ സ്ഥലങ്ങളിലും വിദ്യാർത്ഥികൾതന്നെ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് സ്കൂളുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി. പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സ്കൂൾതലത്തിൽതന്നെ വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കുന്നതിനും അഭിരുചി വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

ഇതു കൂടാതെ Conservation and Management of Mangroves in Kannur and Vembanad Regions of Kerala എന്ന പദ്ധതി പ്രകാരം കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

## സാമൂഹിക വനവൽക്കരണം

139 (944) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹിക വനവൽക്കരണ നടപടികൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

ഇല്ല.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാമൂഹിക വനവൽക്കരണത്തിനായി ഓരോ സാമ്പത്തിക വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദമാക്കുമോ?

വനം വകുപ്പിന്റെ സാമൂഹ്യവനവൽക്കരണ വിഭാഗം തൈ ഉത്പാദനം, വിതരണം, തീരവനം, കുട്ടിവനം, നഗര വനം, വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരത്തണൽ തുടങ്ങിയ വൃക്ഷവത്കരണ പ്രവൃത്തികൾ, വനസംരക്ഷണത്തെക്കുറിച്ചുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ, വൃക്ഷം

നട്ടുപിടിപ്പിക്കുന്ന കർഷകർക്ക് ധനസഹായം നൽകൽ, ബയോ ഡൈവേഴ്സിറ്റി പാർക്കിന്റെ നിർമ്മാണവും പരിപാലനവും, കാവ് സംരക്ഷണം, കണ്ടൽ സംരക്ഷണം, ഔഷധസസ്യ പരിപാലനം, നക്ഷത്രവനം പദ്ധതി, കടലാമ സംരക്ഷണവും ബോധവത്കരണവും തുടങ്ങിയ വിവിധ പദ്ധതികൾക്കായി 2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഇതോടൊപ്പം ചേർത്തിരിക്കുന്ന അനുബന്ധത്തിൽ+ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

## കാവുകളുടെ സംരക്ഷണം

140 (945) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കാമോ?

24-12-2016-ലെ സ.ഉ.(സാധാ)നം. 485/2016/വനം പ്രകാരം കാവ് സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ടി ഉത്തരവ് പ്രകാരം ജില്ലാടിസ്ഥാനത്തിൽ വർഷംതോറും അപേക്ഷകൾ ക്ഷണിക്കുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ചെയർപേഴ്സണായ ഒൻപതംഗ സംസ്ഥാനതല വിദഗ്ധ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഒരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) കാവുകളുടെ സംരക്ഷണം സംബന്ധിച്ച് നിലവിലുള്ള പുതിയ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

കാവ് സംരക്ഷണത്തിനായി സ.ഉ. (സാധാ)നം. 485/2016/വനം, തീയതി 24/12/2016 പ്രകാരമുള്ള മാർഗ്ഗരേഖകളാണ് നിലവിലുള്ളത്. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു+.

(സി) 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിപ്രകാരം തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ സംരക്ഷിക്കുന്നതിനായി പരിഗണിച്ചിട്ടുള്ള കാവുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

24-12-2016-ലെ സ.ഉ. (സാധാ)നം. 485/2016/വനം ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകുന്നതിലേയ്ക്കായി കാവുകളെ തെരഞ്ഞെടുക്കുന്നത്. ഒരോ ജില്ലയിലും പരമാവധി 5 കാവുകൾ ഓരോ വർഷവും തിരഞ്ഞെടുക്കാറുണ്ട്. സംരക്ഷിക്കപ്പെടേണ്ട കാവുകൾ വൃക്ഷങ്ങളാലും, ജൈവ വൈവിധ്യത്താലും സമ്പന്നമായിരിക്കണം. വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, തന്നാണ്ടത്തെ കരം അടച്ച രസീത്, ലോക്കേഷൻ സ്കെച്ച്, കാവിന്റെ ഫോട്ടോ എന്നിവ ഉൾപ്പെടെ നിശ്ചിത ഫോറത്തിൽ കാവ് സംരക്ഷണ പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള വിദഗ്ദ്ധ കമ്മിറ്റിയുടെ തീരുമാന പ്രകാരം അർഹമായ കാവുകൾ തെരഞ്ഞെടുത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധന സഹായം നൽകിവരുന്നു.

തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 2023-24 വർഷത്തിൽ തെരഞ്ഞെടുത്ത കാവുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കാവും കുളവും സംരക്ഷണം എന്ന പദ്ധതി നിലവിലുണ്ടോ; വിശദീകരിക്കാമോ?

കാവും കുളവും സംരക്ഷണം എന്ന പേരിൽ യാതൊരു പദ്ധതിയും നിലവിലില്ല.

**മലപ്പുറം ഹാജിയാർപള്ളിയിൽ വനം വകുപ്പിന്റെ പദ്ധതികൾ**

141 (946) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ഹാജിയാർപള്ളിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

മലപ്പുറം സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ കീഴിൽ വരുന്ന ഹാജിയാർ പള്ളി എന്ന സ്ഥലത്ത് ഒരു ഹെക്ടർ വനം വകുപ്പിനുണ്ട്. പരിസ്ഥിതി ദിനത്തിന്റെയും മറ്റ് വിവിധ ദിനാചരണങ്ങളുടെയും ഭാഗമായി നിരവധി വൃക്ഷത്തൈകൾ ഈ സ്ഥലത്ത് വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഈ സ്ഥലം

ചെങ്കൽ നിറഞ്ഞ ഭൂമിയാണ്. വെള്ളത്തിന്റെ ലഭ്യത നന്നെ കുറവുള്ള ഒരു കന്നിൻപ്രദേശമാണിത്. ഈ സ്ഥലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി സമഗ്ര പഠനം നടത്തുകയും ഒരു സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ സൂക്ഷ്മാസൂത്രണ രേഖ പ്രകാരം സ്ഥലത്ത് ചിത്രശലഭ ഉദ്യാനം, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ഇന്റർപ്രെട്ടേഷൻ സെന്റർ, ബാംബൂ സെറ്റം തുടങ്ങിയവ തയ്യാറാക്കുന്നതിനായാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ചിത്രശലഭ ഉദ്യാനം, ബയോ ഡൈവേഴ്സിറ്റി പാർക്ക്, ബാംബു സെറ്റം എന്നിവ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുന്നത് 'കൽപ്പതരു' എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി നിർവഹിക്കുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്

(ബി) ബൊട്ടാണിക്കൽ ഗാർഡൻ, ഇക്കോ പാർക്ക്, ഇക്കോ ഷോപ്പ്, ബട്ടർഫ്ലൈ പാർക്ക്, എന്നിവ തുടങ്ങുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ?

തയ്യാറാക്കിയിട്ടുള്ള മൈക്രോപ്ലാൻ പ്രകാരം 200 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ബാംബൂ സെറ്റം – 10 ലക്ഷം, ബട്ടർഫ്ലൈ പാർക്ക് – 5 ലക്ഷം, കൺസർവേഷൻ എഡ്യൂക്കേഷൻ സെന്റർ - 100 ലക്ഷം, ഇൻഫർമേഷൻ സെന്റർ - 35 ലക്ഷം, ഇന്റർപ്രെട്ടേഷൻ സെന്റർ -25 ലക്ഷം, ഇക്കോ ഷോപ്പ് – 10 ലക്ഷം, റഫറൻസ് ലൈബ്രറി – 15 ലക്ഷം എന്നിവ പ്രകാരമാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതികൾ യഥാർഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവർത്തികൾ യാഥാർത്ഥ്യമാക്കുന്നതാണ്.

സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

142 (947) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ഭൂമിയുള്ളവരിൽനിന്നും സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം എത്ര ഹെക്ടർ ഭൂമി

വനംവകുപ്പ് ഏറ്റെടുത്തിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് ഭൂമി ഉള്ളവരിൽ നിന്നും സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിവരം(ജില്ല തിരിച്ച്) അനുബന്ധമായി ചേർക്കുന്നു+.

(ബി) വനഭൂമിയോട് ചേർന്ന് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി, വനാന്തരങ്ങളിൽനിന്നും ആദിവാസി-ഇതര സ്വകാര്യ ഭൂവുടമകളെ മാറ്റിപ്പാർപ്പിക്കാനുള്ള പദ്ധതിയാണ്. ഇത്തരക്കാരിൽ നിന്നുള്ള സ്വമേധയായുള്ള അപേക്ഷകളാണ് പദ്ധതിക്കായി പരിഗണിക്കുന്നത്. ആദിവാസി - ഇതര ഭൂവുടമകളെ ഉദ്ദേശിച്ചുള്ള പദ്ധതിയായതിനാൽ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പട്ടികജാതി വിഭാഗങ്ങളിൽനിന്നും അപേക്ഷിച്ചവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത വിഭാഗത്തെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

നവകിരണം സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി, വനാന്തരങ്ങളിലുള്ള ആദിവാസി-ഇതര സ്വകാര്യ ഭൂവുടമകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപെടുന്ന ഭൂരിഭാഗം വ്യക്തികളും വനാവകാശ നിയമം പ്രകാരം ലഭിച്ച വനഭൂമിയിൽ താമസിക്കുന്നതിനാലും ടി ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കാത്തതിനാലും, പദ്ധതിയുടെ നിലവിലുള്ള നിയമാവലി പ്രകാരം ആദിവാസികളെ ഉൾപ്പെടുത്തുവാൻ കഴിയുന്നതല്ല.

**കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പിന്റെ പദ്ധതികൾ**

143 (948) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കി കൊണ്ടിരിക്കുന്നതുമായ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയതും നടപ്പാക്കികൊണ്ടിരിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) കോങ്ങാട് മണ്ഡലത്തിൽ നിലവിലുള്ള വനസംരക്ഷണ സമിതികളുടെ വിശദാംശം ലഭ്യമാക്കുമോ;

കോങ്ങാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന പാലക്കാട് വനം ഡിവിഷന്റെ കീഴിലെ ഒലവക്കോട് റെയിഞ്ചിലെ ധോണി സെക്ഷൻ പരിധിയിൽ വരുന്ന തുടിക്കോട് വന സംരക്ഷണ സമിതി, മണ്ണാർക്കാട് ഡിവിഷനിലെ മണ്ണാർക്കാട് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന അച്ചിലട്ടി, ചെറുമല, വെറ്റിലചോല മങ്കട എന്നീ വനസംരക്ഷ സമിതികളാണ് കോങ്ങാട് മണ്ഡലം പരിധിയിൽ പ്രവർത്തിച്ചു വരുന്നത്.

(സി) ശിരുവാണിയെ ഇക്കോ ടൂറിസം ഹബ്ബ് ആയി മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2012-13 മുതൽ 2022-23 വരെയുള്ള അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം ശിരുവാണിയിൽ ആവാസ വ്യവസ്ഥക്ക് കോട്ടം തട്ടാത്ത രീതിയിലുള്ള ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്. 2018 ലെ മഹാപ്രളയത്തിൽ പാലക്കയത്തിൽനിന്ന് ശിരുവാണിയിലേക്കുള്ള റോഡ് തകർന്നതിനാൽ നിലവിൽ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. പുതുക്കിയ വർക്കിംഗ് പ്ലാൻ അംഗീകരിച്ച് വരുന്ന മുറയ്ക്കും, പാലക്കയം മുതൽ ശിരുവാണിയിലേക്കുള്ള റോഡ് ശരിയാകുന്ന മുറയ്ക്ക് ശിരുവാണി ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ പുനരാരംഭിക്കാനാകും.

**തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം**

144 (949) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് സംസ്ഥാന വന്യജീവി ബോർഡ് 2023-ജനവരി ഒന്നിനെടുത്ത തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിശദീകരിക്കുമോ?

സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ന് ചേർന്ന യോഗ നടപടി കുറിപ്പിലെ അജണ്ട നം. 7.1-ലെ തീരുമാനപ്രകാരം ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസമേഖല പക്ഷി സങ്കേതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിലെ മാപ്പുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കാൻ 30.12.2023-ലെ ഡി2/111/2020/വനം കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അന്തിമ ഘട്ടത്തിലാണ്.

(ബി) ജനവാസമേഖല പൂർണ്ണമായി ഒഴിവാക്കി പ്രസ്തുത പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്തുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ജനവാസമേഖല പൂർണ്ണമായി ഒഴിവാക്കിയുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

**എയ്ഞ്ചൽവാലി,പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കൽ**

145 (950) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ തീരുമാനം കേന്ദ്ര വനം-വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ 19.01.2023-ലെ ശിപാർശ അനുസരിച്ച്, വിശദമായ പ്രൊപോസൽ കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനായി 25.01.2024-ന് സമർപ്പിച്ചിട്ടുണ്ട്.

**അമരവിള–കാരക്കോണം റോഡ് വികസനത്തിനായി മുറിക്കുന്ന മരങ്ങൾ**

146 (951) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമരവിള-കാരക്കോണം റോഡിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി പാതയോരത്തെ എത്ര മരങ്ങളാണ് മുറിച്ച് മാറ്റുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ഇനംതിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ അമരവിള-കാരക്കോണം റോഡിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി 159 മരങ്ങളാണ് വില നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത മരങ്ങൾക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിലെ അമരവിള-കാരക്കോണം റോഡിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി 159 മരങ്ങളാണ് വില നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധംമായി ഉള്ളടക്കം ചെയ്യുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പാതയോരത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും മൂല്യനിർണ്ണയം നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

10-02-2010-ലെ ജി.ഒ (ആർ.റ്റി)നം. 68/2010/വനം സർക്കാർ ഉത്തരവിൻപ്രകാരം ജില്ലാ ട്രീ കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് മരങ്ങൾ മുറിച്ച് നീക്കുന്നതിന് അനുമതി നൽകുന്നത്. മുറിച്ച് മാറ്റേണ്ട മരങ്ങളുടെ വ്യാപ്തം നിശ്ചയിച്ച്, 08.03.2022-ലെ സ.ഉ (കൈ)നം.11/2022/വനം നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഓരോ മരത്തിന്റെയും സീനിയറേജ് വില നൽകിയാണ് മൂല്യനിർണ്ണയം നടത്തുന്നത്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ഡി) പ്രസ്തുത റീച്ചിലെ മരങ്ങളുടെ ലേലനടപടികൾ എന്നാണ് പൂർത്തിയാക്കിയതെന്നും ലേലത്തിൽ ആരൊക്കെ പങ്കെടുത്തെന്നും ഓരോരുത്തരും എത്ര രൂപ ക്വാട്ട് ചെയ്തുവെന്നും ലേലവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനം വകുപ്പ് പ്രസ്തുത റീച്ചിലെ മരങ്ങളുടെ വില നിർണ്ണയം നടത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ റോഡ് ഫണ്ട് ബോർഡ്, ഈസ്റ്റ് പട്ടം ഓഫീസിന് നൽകിയിരുന്നു. ടി മരങ്ങളുടെ ലേലം യഥാക്രമം 21.07.2023, 07.08.2023, 25.09.2023, 16.10.2023 തീയതികളിൽ MSTC മുഖേന e auction നടത്തുകയുണ്ടായി. ആയതിൽ ആദ്യത്തെ 3 തവണത്തെ ലേലത്തിനും ആരും പങ്കെടുത്തിരുന്നില്ല. നാലാമത്തെ ലേലം 16.10.2023-ൽ നടത്തുകയും 2 പേർ (PR Traders, ശ്രീ രാജേഷ്.ബി) പങ്കെടുക്കുകയും ആയതിൽ ശ്രീ രാജേഷ്. ബി യ്ക്ക് ₹15,10,109/- രൂപയ്ക്ക് ലേലം ഉറപ്പിച്ചതായി MSTC-യിൽനിന്നും Sale Intimation Letter ലഭിക്കുകയുമുണ്ടായി. ആയതിന് "Approval" ലഭിക്കുന്നതിന് പ്രോജക്ട് ഡയറക്ടർക്ക് കത്ത് നൽകുകയും 14.11.2023-ൽ പ്രോജക്ട് ഡയറക്ടറിൽനിന്നും ലേലത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിൻപ്രകാരം ശ്രീ.രാജേഷ്.ബി, ലേലത്തിൻെറ ബാക്കി തുകയും MSTC യുടെ സർവ്വീസ് ചാർജ്ജും ഒടുക്കി MSTC യിൽനിന്നുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ആയതിൻെറ Delivery Order-MSTC യിൽനിന്നും ലഭിക്കുകയുമുണ്ടായിട്ടുണ്ട്.

**കാസർഗോഡ് റേഞ്ചിലെ പാണ്ടി – പടുപ്പ് റോഡ് ഗതാഗത യോഗ്യമാക്കൽ**

147 (952) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിൽ വരുന്നതും വനം വകുപ്പിനു ആവശ്യമുള്ളതുമായ പാണ്ടി-പടുപ്പ് റോഡ് ഗതാഗത യോഗ്യമാക്കുന്ന വിഷയം വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

പാണ്ടി-പടുപ്പ് റോഡ് കാസർഗോഡ് റെയിഞ്ചിലെ അഡ◌ൂർ റിസർവ്വ് വനത്തിൽ കൂടി 3 റീച്ചുകളിലായി 2.250 കി. മീറ്റർ നീളത്തിലായി കടന്നു പോകുന്ന മൺ റോഡാണ്. ഈ റോഡ് നിലവിൽ ഗതാഗതയോഗ്യമാണെങ്കിലും ആയത് അഭിവൃദ്ധിപ്പെടുത്തിയാൽ നിരവധി ആദിവാസി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും, വനം വകുപ്പിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും, ഉപകാരപ്പെടുമെന്നുള്ളത് ബോധ്യപ്പെട്ടതിനാൽ മേൽ വിഷയം വനം വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) വനം വകുപ്പിനെ കൂടാതെ പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലായി ആശ്രയിക്കുന്ന പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിന് വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

വകുപ്പിന്റെ തനത് ഫണ്ടിലോ നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

**ആര്യങ്കാവ്-റോസ്‌മല റോഡ് നവീകരണം**

148 (953) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യങ്കാവ്-റോസ്‌മല വനപാതയിൽ, തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിലെ കടമാൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഭാഗത്ത് റോഡിന്റെ പല ഭാഗങ്ങളും പൂർണമായും തകർന്നുകിടക്കുന്നത് പരിഹരിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തെന്മല ഡിവിഷൻ ആര്യങ്കാവ് റെയിഞ്ചിന്റെ പരിധിയിൽവരുന്ന ആര്യങ്കാവ്-റോസ്മല വനപാതയുടെ പുനർനിർമ്മാണ പ്രവൃത്തികളുള്ള അടങ്കൽ ഡിവിഷൻതലത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഡിപ്പാർട്ട്മെന്റിന്റെ തനതു ഫണ്ടിലോ നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി മേൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ബി) 'സഫാരി' വനയാത്ര കടന്നുപോകുന്നതും വിനോദസഞ്ചാര പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡിൽ അവശേഷിക്കുന്ന 3 കിലോമീറ്റർ ഭാഗംകൂടി നവീകരിക്കുന്നതിനുള്ള നടപടികൾക്കായി വകുപ്പിന്റെ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ?

'സഫാരി' വനയാത്ര കടന്നുപോകുന്നതും വിനോദസഞ്ചാര പ്രാധാന്യമുള്ളതുമായ പ്രസ്തുത റോഡിൽ അവശേഷിക്കുന്ന 3 കിലോമീറ്റർ ഭാഗംകൂടി നവീകരിക്കുന്നതിനായി ഡിപ്പാർട്ട്മെന്റിന്റെ തനത് ഫണ്ടിലോ നബാർഡ് പദ്ധതിയിലോ ഉൾപ്പെടുത്തി സാധ്യത പരിശോധിക്കുന്നതാണ്.

**മാമലക്കണ്ടം-എളംപ്ലാശ്ശേരി-കുറഞ്ഞിക്കുടി റോഡിലെ സഞ്ചാര സ്വാതന്ത്ര്യം**

149 (954) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാമലക്കണ്ടം-എളംപ്ലാശ്ശേരി-കുറഞ്ഞിക്കുടി റോഡിലൂടെയുള്ള ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം വനം വകുപ്പ് അനാവശ്യമായി തടയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മാമലക്കണ്ടം-എളംപ്ലാശ്ശേരി - കുറത്തിക്കുടി ഫോറസ്റ്റ് റോഡിലൂടെയുള്ള നിർവ്യാജ യാത്രികരുടെ (bonafide users) സഞ്ചാരം വനം വകുപ്പ് അനാവശ്യമായി തടയുന്നില്ല.

(ബി) പ്രസ്തുത റോഡിലൂടെയുള്ള സഞ്ചാരസ്വതന്ത്ര്യം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത റോഡിലൂടെയുള്ള മേൽപ്പറഞ്ഞ രീതിയിലുള്ള യാത്രികരുടെ സഞ്ചാര സ്വതന്ത്ര്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

**കാസർഗോഡ് ചെറുവത്തൂർ-വീരമലക്കുന്ന് ഇക്കോ ടൂറിസം പ്രോജക്ട്**

150 (955) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ-വീരമലക്കുന്നിൽ കേരള വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ഇക്കോ ടൂറിസം പ്രോജക്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിനടുത്ത് 14.40 ഹെക്ടർ വിസ്തൃതിയിലുള്ള വീരമലക്കുന്നിൽ ഇക്കോടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ആദ്യപടിയായി വനസംരക്ഷണ സമിതി രൂപീകരിക്കുകയും തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേന ഇക്കോടൂറിസം പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് വനം ഡിവിഷന്റെ പുതിയ വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. വീരമലക്കുന്ന് ഇക്കോ ടൂറിസം പദ്ധതി പ്രസ്തുത വർക്കിംഗ്

പ്ലാനിലുൾപ്പെടുത്തി അംഗീകാരം ലഭിച്ചാലുടൻ ഇവിടെ ഇക്കോട്ടൂറിസം പ്രവർത്തികൾ ആരംഭിക്കാൻ സാധിക്കും.

**ഇക്കോട്ടൂറിസം സാധ്യതകൾ**

151 (956) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലകളിലെ ഇക്കോട്ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വനമേഖലയിലെ ഇക്കോട്ടൂറിസം സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനും ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1) സംസ്ഥാനത്തെ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനും വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കേരള ഫോറസ്റ്റ് ഇക്കോ ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2) നിലവിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) വിവിധ ഇക്കോടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ടൂറിസ്റ്റ് സർക്യൂട്ടുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4) പ്രധാന ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഇക്കോഷോപ്പുകൾ സ്ഥാപിക്കുക വഴി 'വനശ്രീ' ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപുലമായ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും അതുവഴി വനാശ്രിതരായ പട്ടികജാതി വിഭാഗങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5) ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തിവരുന്ന ചെറുകിട വന ഉൽപ്പന്നങ്ങൾക്ക് വനശ്രീ ട്രേഡ് മാർക്ക് രജിസ്റ്റർ ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6) ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് അവരുടെ പ്രവേശനം സുഗമമാക്കുന്നതിനായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7) ഇക്കോട്ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അതിന്റെ ചുമതലയുള്ള ജീവനക്കാർക്കും ബന്ധപ്പെട്ട VSS/EDC അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഇക്കോ ടൂറിസം പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ; ഏതൊക്കെ പുതിയ ഡെസ്റ്റിനേഷനുകളാണ് ഈ മേഖലയിൽ പുതിയതായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്ത് വനംവകുപ്പിന്റെ കീഴിലായി 2020-ൽ 60 ഇക്കോട്ടൂറിസം കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവന്നിരുന്നത്. ഇതിനുശേഷം 11 ഇക്കോട്ടൂറിസം

കേന്ദ്രങ്ങൾകൂടി പ്രവർത്തനം ആരംഭിക്കുകയും നിലവിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങൾ വനം വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ കാസർഗോഡ് വനം ഡിവിഷന് കീഴിലുള്ള കോട്ടഞ്ചേരി ഇക്കോടൂറിസം കേന്ദ്രവും വർക്കിംഗ് പ്ലാൻ അംഗീകാരം ലഭിക്കുന്നമുറക്ക് വീരമലക്കുന്ന് ഇക്കോടൂറിസം കേന്ദ്രവും പുതുതായി പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനപ്പെട്ട ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ട്രക്കിംഗ്, വൈൽഡ് ലൈഫ് സഫാരി, സൈറ്റ് സീയിംഗ്, ബോട്ടിംഗ്, ക്യാമ്പിംഗ്, സൈക്ലിംഗ്, ബേർഡ് വാച്ചിംഗ് തുടങ്ങിയവ ആയത് ചെയ്യുന്നതിനുള്ള സൗകര്യം അനുസരിച്ച് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം ഡിവിഷൻ ഏജൻസികളുടെ (FDA) കീഴിലുള്ള എട്ട് മുൻഗണനാ ഇക്കോടൂറിസം കേന്ദ്രങ്ങളിലെ കാരിയിംഗ് കപ്പാസിറ്റി (Carrying Capacity) പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഏഴ് ഡിവിഷനുകളുടെ കീഴിലുള്ള പത്ത് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം പൂർത്തീകരിച്ചുവരുന്നു. കൂടാതെ അഞ്ച് ഫോറസ്റ്റ് ഡിവിഷനുകൾക്ക് കീഴിലുള്ള അഞ്ച് ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ടി പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വനവിഭവങ്ങൾ അന്താരാഷ്ട്രതലത്തിൽ മാർക്കറ്റിംഗ് നടത്തുന്നതിനായി ഇക്കോ ടൂറിസത്തെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഇക്കോടൂറിസം കേന്ദ്രങ്ങളിലായി ആദിവാസികൾ ശേഖരിച്ച് മൂല്യവർദ്ധനവ് നടത്തിയ ചെറുകിട വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി 'വനശ്രീ' യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 74 വനശ്രീ യൂണിറ്റുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ചെറുകിട വന വിഭവങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഓൺലൈൻ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ ചാലക്കുടി വനശ്രീ യൂണിറ്റിന്റെ നേതൃത്വത്തിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്തിവരുന്നുണ്ട്. കൂടാതെ തിരുവനന്തപുരം വന വികസന ഏജൻസിയിൽ 'ഓപ്പൺ നെറ്റ്‌വർക്ക് ഡിജിറ്റൽ കോമേഴ്സ്' (ONDC) പ്ലാറ്റ്ഫോമിൽ വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ഓപ്പറേഷൻ ജംഗിൾ സഫാരി

152 (957) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനസംരക്ഷണ സമിതികളും എത്ര ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 427 വന സംരക്ഷണ സമിതികളും (VSSs), 213 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും (EDCs) പ്രവർത്തിച്ചു വരുന്നുണ്ട്. വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെൻറ് കമ്മറ്റികളുടെയും വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു+.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സമിതികൾ ഓരോന്നിനും ഓരോ സാമ്പത്തിക വർഷവും എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ 640 വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക, ചെലവഴിച്ച തുക, ഏതിനത്തിൽ ചെലവഴിച്ചു തുടങ്ങിയവയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഓപ്പറേഷൻ ജംഗിൾ സഫാരിയുടെ ഭാഗമായി മേൽപ്പറഞ്ഞ കാലയളവിൽ വനസംരക്ഷണ സമിതികളും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളും നടപ്പാക്കിയ പ്രവൃത്തികളിൽ എത്ര രൂപയുടെ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും എന്തൊക്കെ അഴിമതികളാണ് നടന്നതെന്നും ഓരോന്നിലും നടത്തിയ ക്രമക്കേടിന്റെ വിശദാംശങ്ങളും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഓപ്പറേഷൻ ജംഗിൾ സഫാരിയുടെ ഭാഗമായി വനവികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും നടന്ന പരിശോധനയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**വനം വകുപ്പിന്റെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ**

153 (958) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ കീഴിൽ 71 ഇക്കോടൂറിസം കേന്ദ്രങ്ങൾ നിലവിലുണ്ട്.

(ബി) പ്രസ്തുത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ടൂറിസം ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും പ്രസ്തുത കേന്ദ്രങ്ങളിലെ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനും ടൂറിസം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം ഡയറക്ടറേറ്റിന്റെ സഹകരണം ലഭ്യമാക്കുന്നുണ്ട്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വനം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ ബന്ധപ്പെട്ട വനസംരക്ഷണ സമിതികൾ (VSSs)/ഇക്കോ-

ഡെവലപ്പ്മെന്റ് കമ്മിറ്റികൾ (EDCs) മുഖേനയാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ വനം വകുപ്പിന് കീഴിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങൾ ടൂറിസം ഡിപ്പാർട്ടുമെന്റുമായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**സാമൂഹ്യ വനവൽക്കരണ വിഭാഗം ഡിവിഷൻ ഓഫിസുകളിലെ തസ്തികകൾ**

154 (959) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ വിഭാഗം ഡിവിഷൻ ഓഫീസുകളിൽ ക്ലറിക്കൽ വിഭാഗത്തിന്റെ എണ്ണത്തിന് അനുപാതമായിട്ടാണോ ക്ലറിക്കൽ സൂപ്പർവൈസറി സ്റ്റാഫുകളെ നിയമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

അതെ

(ബി) പ്രസ്തുത ഡിവിഷൻ ഓഫീസുകളിൽ ഹെഡ്ക്ലാർക്ക് തസ്തിക മാത്രമുള്ള ഓഫീസുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ?

ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസ്

(സി) സംസ്ഥാന ധനകാര്യ പരിശോധന (കൺകറന്റ്, മോണിറ്ററിംഗ്) വിഭാഗത്തിന്റെ 2021-22-ലെ റിപ്പോർട്ട് പ്രകാരം ആലപ്പുഴ ഡിവിഷനിലെ ഹെഡ് അക്കൗണ്ടന്റ് തസ്തിക ഉയർത്തി ജൂനിയർ സൂപ്രണ്ട് ആക്കണമെന്നുള്ളത് നടപ്പിലാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാന ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് വനം വകുപ്പ് മേധാവിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

**വനം വകുപ്പിലെ ഭരണ സ്തംഭനം ഒഴിവാക്കാൻ നടപടി**

155 (960) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഭരണ ചുമതലയുള്ള എ.പി.സി.സി.എഫ്. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്) അവധിയിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ഭരണ സ്തംഭനം നിലനിൽക്കുന്നതായുള്ള ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

ഭരണ സ്തംഭനമുണ്ടായിയമന്ന ആരോപണം അടിസ്ഥാനരഹിതമാണ്. വനം വകുപ്പിൽ അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) തസ്തികയുടെ ചുമതല വഹിക്കുന്ന ശ്രീ. ജി. ഫണീന്ദ്ര കുമാർ റാവു ഐ.എഫ്.എസ്. (KL 1997)-ന് 04/12/2023 മുതൽ അവധി അനുവദിച്ചപ്പോൾതന്നെ ശ്രീ. പി. പുകഴേന്തി ഐ.എഫ്.എസ്. (KL 1996), അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) -ന് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിയിരുന്നതിനാൽ ഭരണ സ്തംഭനമുണ്ടായിട്ടില്ല.

(ബി) വനം വകുപ്പ് ആസ്ഥാനത്ത് നിലവിൽ എത്ര ഫയലുകൾ തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്നുണ്ടെന്ന വ്യക്തമാക്കുമോ; ഇതിൽ നവ കേരള സദസ്സുമായി ബന്ധപ്പെട്ട എത്ര ഫയലുകളുണ്ടെന്നറിയിക്കുമോ?

വനം വകുപ്പാസ്ഥാനത്ത് നിലവിൽ 29,327 (ഇരുപത്തൊമ്പതിനായിരത്തി മുന്നൂറ്റി ഇരുപത്തിയേഴ്) ഫയലുകൾ തീർപ്പു കൽപ്പിക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ നവകേരള സദസ്സുമായി ബന്ധപ്പെട്ട 46 ഫയലുകളുണ്ട്.

(സി) അവധിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥന് പകരം ചുമതല നൽകിക്കൊണ്ട് ഭരണസ്തംഭനം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

04/12/2023 മുതൽ അവധി അനുവദിച്ചപ്പോൾതന്നെ ശ്രീ. പി. പുകഴേന്തി ഐ.എഫ്.എസ്. (KL 1996), അഡീഷണൽ പ്രിൻപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫിനാൻസ്, ബഡ്ജറ്റ് & ആഡിറ്റ്) -ന് പ്രസ്തുത തസ്തികയുടെ പൂർണ്ണ അധിക ചുമതല നൽകിയിരുന്നതിനാൽ ഭരണ സ്തംഭനമുണ്ടായിട്ടില്ല.

**വനംവകുപ്പിലെ താൽക്കാലിക വാച്ചർമാരുടെ ശമ്പളം**

156 (961) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളുടെ പരിധിയിൽ തൊഴിലെടുക്കുന്ന താൽക്കാലിക വാച്ചർമാരുടെ ശമ്പളം മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത്

പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

വിവിധ ബഡ്ജറ്റ് ഹെഡുകളിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ച് അനുവദിക്കുന്ന അടങ്കലുകളുടെ അടിസ്ഥാനത്തിലാണ് ദിവസക്കൂലി വാച്ചർമാരെ നിയോഗിക്കാറുള്ളത്. ഇപ്രകാരം നിയോഗിക്കപ്പെട്ട ദിവസക്കൂലി വാച്ചർമാർക്ക് തെന്മല, തിരുവനന്തപുരം ഡിവിഷനുകളിൽ വേതന കുടിശ്ശിക ഒന്നുംതന്നെ ഇല്ല. പുനലൂർ ഡിവിഷനിൽ ഭൂരിഭാഗം ദിവസക്കൂലി വാച്ചർമാർക്കും 2023 നവംബർ, ഡിസംബർ മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. എ.ബി.ആർ. ബഡ്ജറ്റ് ഹെഡിലെ അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുള്ള ദിവസക്കൂലി വാച്ചർമാർക്ക് ടി ബഡ്ജറ്റ് ഹെഡിൽ ലഭ്യമായിട്ടുള്ള തുക ഉപയോഗിച്ച് 08/2023 വരെയുള്ള വേതനം നൽകിയിട്ടുണ്ട്. ടി ബഡ്ജറ്റ് ഹെഡിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബാക്കിയുള്ള മാസത്തെ വേതനം കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത വാച്ചർമാർ 6 ദിവസം നൈറ്റ് ഡ്യൂട്ടി ഉൾപ്പെടെ 24 മണിക്കൂർ ഡ്യൂട്ടിയും മാസത്തിൽ 15 ദിവസം ഡ്യൂട്ടിയും ചെയ്യുന്നുണ്ടെങ്കിലും ഇവർക്ക് 13 ദിവസത്തെ ശമ്പളം മാത്രം നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ അടങ്കലിൽ അനുവദിക്കുന്ന ദിവസങ്ങളിലാണ് വാച്ചർമാരെ നിയോഗിക്കുന്നത്. ഇപ്രകാരം ജോലി ചെയ്യുന്ന ദിവസങ്ങൾ കണക്കാക്കിയാണ് വേതനം നൽകി വരുന്നത്. ജോലി ചെയ്യുന്ന ദിവസങ്ങളിലെ ഹാജർ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയാണ് വേതനം നൽകുന്നത്.

(സി) ഇവർക്ക് ഐ.ഡി കാർഡ്, യൂണിഫോം, ഇൻഷ്വറൻസ്, ക്ഷേമനിധി എന്നിവയുണ്ടോ; വിശദമാക്കാമോ?

വനം വകുപ്പിലെ താൽക്കാലിക ജീവനക്കാർക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 5,00,000/- (അഞ്ച് ലക്ഷം രൂപ) രൂപയും, അപകടംമൂലം സ്ഥിര അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ 2,50,000/- (രണ്ടര ലക്ഷം രൂപ) രൂപയും, അപകടവുമായി ബന്ധപ്പെട്ട

ചികിത്സാർത്ഥം പരമാവധി 50,000,/- (അമ്പതിനായിരം രൂപ) രൂപയും അനുവദിക്കുന്നതിന് വകുപ്പിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്ക് ഐ.ഡി. കാർഡ്, യൂണിഫോം, ക്ഷേമനിധി എന്നിവ വകുപ്പിൽ നിന്നും അനുവദിക്കുന്നില്ല.

**വിജിലൻസ്/ ക്രിമിനൽ കേസുകളിൽപ്പെട്ട വനം വകുപ്പ് ജീവനക്കാർ**

157 (962) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ വിജിലൻസ്/ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ വനം വകുപ്പിൽ വിജിലൻസ്/ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള 96 ജീവനക്കാരുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത കേസുകളിൽ 41 ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വനം വകുപ്പിൽ സ്ഥിരമായി 5 വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ/ഒരേ ഓഫീസിൽ ജോലി ചെയ്യുന്ന എത്ര പേരുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ?

വനം വകുപ്പിൽ സ്ഥിരമായി 5 വർഷത്തിൽ കൂടുതൽ ഒരേ സീറ്റിൽ/ഒരേ ഓഫീസിൽ ജോലി ചെയ്യുന്ന 276 ജീവനക്കാരുണ്ട്.

**വന്യജീവി ആക്രമണം**

158 (963) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം അതിരൂക്ഷമായതോടെ കർഷക സമൂഹം കടുത്ത ആശങ്കയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്.

(ബി) വന്യജീവികൾ കർഷരുടെ കൃഷി നശിപ്പിക്കുകയും വളർത്തു മൃഗങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്ന സംഭവങ്ങൾ കൂടിവരുന്ന

സാഹചര്യത്തിൽ ഇവയെ പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വന്യജീവികൾ കർഷകരുടെ കൃഷി നശിപ്പിക്കുകയും വളർത്തു മൃഗങ്ങളെ കൊല്ലുകയും ചെയ്യുന്നതിനെ പ്രതിരോധിക്കുന്നതിനായി വനംവകുപ്പ് ഇതിനകം തന്നെ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ ,കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം

ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗംകൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിവരികയും ചെയ്യുന്നുണ്ട്.

- കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

- ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെവരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം,

തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 20.06.2023-ലെ സ.ഉ (സാധാ) നം.242/2023/ വനം പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

- വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി/കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം നഷ്ടപരിഹാരം നൽകി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യമുണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

- ജനവസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചുകൊല്ലുന്നതിന്

നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് 31.05.2022-ലെ സ.ഉ.(സാധാ) 239/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേയ്ക്കുംകൂടി ദീർഘിപ്പിച്ചുകൊണ്ട്-ലെ സഉ.(കൈ)11/2023/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) വന്യജീവി ആക്രമണംമൂലം വിള നശിച്ചവർക്കും വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകുന്നുണ്ടോ; വിശദ വിവരം നൽകാമോ?

വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ The 'Kerala Rules for Payment of Compensation to Victims of Attack by Wild Animals' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന വിളനാശത്തിന് 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയുംപ്രകാരമുള്ള നിരക്കിൽ ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.

05-04-2018-ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരം കന്നുകാലികൾക്ക് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100% (നൂറ് ശതമാനം) പരമാവധി ഒരു ലക്ഷം രൂപ എന്ന നിരക്കിൽ നൽകിവരുന്നു.

**ബഫർസോൺ പരിധിയിൽ നിന്നും ജനവാസമേഖലകളുടെ ഒഴിവാക്കൽ**

159 (964) ശ്രീ സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർസോൺ

പരിധിയിൽനിന്നും ഒഴിവാക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നെയ്യാർ വന്യജീവിസങ്കേതം പാറശ്ശാല മണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് എന്നീ ഗ്രാമപഞ്ചായത്തുകളുടെ വനമേഖലയിൽ ഉൾപ്പെട്ടുവരുന്നു. തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ നെയ്യാർ, പേപ്പാറ എന്നീ വന്യജീവിസങ്കേതങ്ങൾക്ക് പൊതുവായി ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിന്റെ ഭാഗമായി 70.906 sq.km മേഖലയുടെ കരട് വിജ്ഞാപനം കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാനവകുപ്പ് 25.03.2022-ൽ പുറപ്പെടുവിച്ചു. ടി വിജ്ഞാപനത്തിൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകൾ കൂടി ഉൾപ്പെട്ടിരുന്നു.

എന്നാൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിൽ വരുന്നതും നെയ്യാർ വന്യജീവിസങ്കേതത്തിന്റെ അതിർത്തിക്ക് പുറത്തുവരുന്നതുമായ ജനവാസമേഖലകളെ ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്നും ഒഴിവാക്കി 52.036 sq.km ഏരിയ വരുന്ന പുതുക്കിയ പ്രൊപ്പോസൽ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് 11.02.2021-ൽ സമർപ്പിച്ചിരുന്നു.

കരട് വിജ്ഞാപനത്തെ തുടർന്ന്, ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും നിവേദനങ്ങൾ പരിഗണിച്ച്, 11.02.2021-ൽ സമർപ്പിച്ചിട്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസൽ അന്തിമ വിജ്ഞാപനം നടത്തുന്നതിലേയ്ക്കായി പരിഗണിയ്ക്കണമെന്ന കേന്ദ്ര സർക്കാരിനോട് 21.05.2022-ൽ ആവശ്യപ്പെട്ടിട്ടുമുണ്ട്.

(ബി) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസമേഖലകളെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായി നിയമം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

നെയ്യാർ വന്യജീവിസങ്കേതത്തിന്റെ അതിർത്തിക്ക് പുറത്തുവരുന്ന അമ്പൂരി, കള്ളിക്കാട് എന്നീ പഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം നിലവിൽ പരിഗണനയിലില്ല.

**വനം അദാലത്ത്**

160 (965) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ൽ സംസ്ഥാനത്തെ വനം ഡിവിഷനുകൾക്ക് കീഴിൽ വനം അദാലത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിനായി ഓരോ ഫോറസ്റ്റ് ഡിവിഷൻ തലത്തിലും ഉദ്ഘാടനത്തിനും മറ്റുമായി ചെലവഴിച്ച തുക എത്രയെന്ന വിശദമാക്കാമോ?

2023-ൽ സംസ്ഥാനത്തെ വനം ഡിവിഷനുകൾക്ക് കീഴിൽ വനം അദാലത്ത് നടത്തിയിട്ടില്ല.

(ബി) പ്രസ്തുത അദാലത്തുകളിൽ ഓരോ ഡിവിഷനുകളിലും എത്ര വീതം പരാതികൾ ലഭിച്ചിട്ടുണ്ട്; ഇവയിൽ എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കാമോ?

ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം (ബി) ബാധകമല്ല.

**ഓപ്പറേഷൻ ജംഗിൾ സഫാരി**

161 (966) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ജംഗിൾ സഫാരിയുടെ ഭാഗമായി വനവികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും നടന്ന പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഓപ്പറേഷൻ ജംഗിൾ സഫാരിയുടെ ഭാഗമായി വനവികസന ഏജൻസികളിലും ഇക്കോടൂറിസം കേന്ദ്രങ്ങളിലും നടന്ന പരിശോധനയുടെ റിപ്പോർട്ട് നിലവിൽ ലഭ്യമായിട്ടില്ല.

(സി) വനവികസന ഏജൻസികൾക്കിടയിൽ ഫണ്ട് കൈമാറ്റവുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധമായി വായ്പകൾ അനുവദിക്കുന്നതായി വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ ഇപ്രകാരം ക്രമക്കേട് നടത്തിയ വനവികസന ഏജൻസികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(സി&ഡി) വനവികസന ഏജൻസികൾക്കിടയിൽ ഫണ്ട് കൈമാറ്റവുമായി ബന്ധപ്പെട്ട് ക്രമവിരുദ്ധമായി വായ്പകൾ അനുവദിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ട തുക**

162 (967) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈറ്റ,കാട്ടുവള്ളി,തഴ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വിൽപ്പന നടത്തുന്നതിന്റെ നിശ്ചിത ശതമാനം തുക വനം വകുപ്പിൽനിന്നും കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകേണ്ടതിൽ ഇനി നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ?

സതേൺ സർക്കിളിന്റെ പരിധിയിലുള്ള വിവിധ ഡിവിഷനുകളിൽനിന്നും ഈറ്റ, കാട്ടുവള്ളി, തഴ തുടങ്ങിയ

അസംസ്കൃതവസ്തുക്കൾ വിൽപ്പന നടത്തിയതിൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് 34,32,453/- രൂപ നൽകാനുണ്ട്. ആയതിൽ കോന്നി ഡിവിഷന്റെ പരിധിയിൽ 2,51,239/-രൂപയും റാന്നി ഡിവിഷനിൽ 29,65,042/-രൂപയും, തിരുവനന്തപുരം ഡിവിഷനിൽനിന്നും 2,16,172/-രൂപയും നൽകാനുണ്ട്. മറ്റ് സർക്കിളുകളിൽനിന്നും കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന് വിഹിതമൊന്നും നൽകാനില്ല.

(ബി) ആയത് സമയബന്ധിതമായി നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

റാന്നി ഡിവിഷനിൽ 01.01.1999 മുതൽ 2014 വരെ എച്ച്.എൻ.എൽ-ന് ഈറ്റ, മുള എന്നിവ അനുവദിച്ചതിന് ക്ഷേമനിധി വിഹിതമായ 29,65,042/- രൂപ അടയ്ക്കുന്നതിനെതിരെ എച്ച്.എൻ.എൽ ബഹു. ഹൈക്കോടതിയിൽ ഒ.പി.നം.38575/2001 നമ്പരായി കേസ് ഫയൽ ചെയ്യുകയും, ടി കേസിൽ ക്ഷേമനിധി വിഹിതം അടക്കുന്നതിന് ഇന്ററിം സ്റ്റേ അനുവദിച്ച് ടി കേസ് ഡിസ്പോസ് ചെയ്തിട്ടുള്ളതും, തുടർന്ന് ഐ.എ.1776/2014 നമ്പരായി

07.02.2014-ൽ കേസ് റീ ഓപൺ ചെയ്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് തുടർന്ന് വരികയുമാണ്. M/s.എച്ച്.എൻ.എൽ-ൽനിന്നും തുക ഈടാക്കുന്നത് കോടതിയുടെ അന്തിമവിധിക്ക് വിധേയമായി മാത്രമേ സാധിക്കുകയുള്ളൂ. M/s.എച്ച്.എൻ.എൽ-ന്റെ പ്രവർത്തനം നിലവിൽ അവസാനിപ്പിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

### വന്യമൃഗങ്ങളുടെ ആക്രമണം തടയാൻ നടപടി

163 (968) ശ്രീ. തോമസ് കെ തോമസ്:
ശ്രീ. കെ. പി.മോഹനൻ:
ശ്രീ കോവൂർ കുഞ്ഞുമോൻ:
ശ്രീ മാത്യൂ ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണങ്ങൾ തടയാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾ തടയാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

• സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

• വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

• വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

• മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിവരികയും ചെയ്യുന്നുണ്ട്.

• കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

• ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

• കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

• മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വ-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി

ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

• വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

• മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കാനും 20.06.2023-ലെ സ.ഉ (സാധാ) നം.242/2023/വനം പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

• വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മതപ്രകാരം വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി/കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം

നഷ്ടപരിഹാരം നൽകി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽനിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യമുണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

• ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് 31.05.2022-ലെ സ.ഉ.(സാധാ) 239/2022/വനം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേയ്ക്കുംകൂടി ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11

നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കർമ്മപദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയുടെ 12.01.2023-ലെ D.O.No.NA.13/16/2020-NA(Pt) നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ മറുപടി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള

പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര ഫണ്ട് അനുവദിക്കുന്നതിനായി ഒരിക്കൽക്കൂടി കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

164 (969) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലം കോതമംഗലം നഗരസഭയ്ക്കും മണ്ഡലത്തിലെ പഞ്ചായത്തുകൾക്കും കുടിവെള്ളത്തിനും ജലസേചനത്തിനും ഉപകാരപ്രദമായ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട ചില അധിക വിവരങ്ങൾ പരിവേഷ് പോർട്ടലിലെ സാങ്കേതിക പ്രശ്നങ്ങൾമൂലം നൽകാൻ സാധിക്കാത്തതിനാലാണ് അനുവാദം ലഭ്യമാകാത്തത്. ടി സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC)-യോട് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽനിന്നും ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ പോർട്ടലിൽ സർക്കാർതലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിൽ ടൈഗർ സഫാരി പാർക്ക്**

165 (970) **ശ്രീ. ടി. പി. രാമകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ പ്രഖ്യാപിച്ച ടൈഗർ സഫാരി പാർക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 20-09-2023-ലെ യോഗത്തിൽ, സഫാരി പാർക്ക് ആരംഭിക്കുന്നതിനായി കോഴിക്കോട് പന്നിക്കോട്ടൂർ റിസർവ് വനത്തിലോ, ആറളം ഫാമിലോ മറ്റേതെങ്കിലും സ്ഥലം ഉണ്ടെങ്കിൽ അവിടെയോ തുടങ്ങുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന്, നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ ഒരു സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതിയുടെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൈഗർ സഫാരി പാർക്കിനായി കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിലെ പെരുവണ്ണാമൂഴി, മുതുകാട് എന്നീ രണ്ട് സ്ഥലങ്ങൾ നിർദ്ദേശിച്ചുകൊണ്ട് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്ഥലപരിശോധന നടത്തി 26-10-2023-ന് സർക്കാരിന് സമർപ്പിച്ച

ശിപാർശയുടെ അടിസ്ഥാനത്തിൽ, കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എന്തെല്ലാമാണ്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റെയിഞ്ചിലെ പെരുവണ്ണാമൂഴി സ്റ്റേഷൻ പരിധിയിൽപ്പെട്ട മുതുകാട് എന്ന പ്രദേശത്തെ 120 ഹെക്ടർ ഭൂമിയിൽ ടൈഗർ സഫാരി പാർക്ക് ആരംഭിക്കുന്നതിന്, 18-11-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 435/2023/വനം പ്രകാരം തത്വത്തിൽ അംഗീകാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, 20-01-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/2024/വനം പ്രകാരം ടി പാർക്കിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകൊണ്ടും

ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ടൈഗർ സഫാരി പാർക്കിന്റെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സർവ്വെ നടപടികളുടെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ടൈഗർ സഫാരി പാർക്കുമായി ബന്ധപ്പെട്ട് സർവ്വെ പ്രവർത്തി അടിയന്തരമായി പൂർത്തീകരിക്കണമെന്ന് 25-11-2023 തീയതിയിൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെയും കൃഷി വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതുപ്രകാരം മേൽ സർവ്വെ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് ഫോറസ്റ്റ് മിനി സർവ്വെ അസിസ്റ്റൻറ് ഡയറക്ടറെ നിയോഗിച്ചിട്ടുണ്ട്. ഇതുവരെ 120 ഹെക്ടറിൽ ഏകദേശം 80 ഹെക്ടർ പ്രദേശത്ത് സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ടൈഗർ സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി നോഡൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ പേരും വിശദവിവരങ്ങളും അറിയിക്കാമോ?

ടൈഗർ സഫാരി പാർക്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി 20-01-2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 32/2024/വനം പ്രകാരം, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ആയ ശ്രീ. കെ. കെ. സുനിൽ കുമാറിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

**വന്യജീവി പരിരക്ഷ**

166 (971) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുസമൂഹത്തിന് വന്യജീവി പരിരക്ഷയിൽ താല്പര്യം ഉണ്ടാകുവാൻ വനം വകുപ്പ് നടത്തുന്ന ബോധവത്ക്കരണ പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; ഇത്തരം ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന്റെ ഫലമായി ശ്രദ്ധേയമായ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനം പരിസ്ഥിതി സംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും പങ്കാളികളാക്കുന്നതിനും വനം വകുപ്പ് നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് പ്രകൃതി പഠന ക്യാമ്പുകൾ. സ്കൂൾതലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾക്കായാണ് പ്രധാനമായും ക്യാമ്പുകൾ സംഘടിപ്പിക്കാറുള്ളത്. ഇതോടൊപ്പം മാധ്യമപ്രവർത്തകർ, അധ്യാപകർ, വിവിധ യുവജന സംഘടനകൾ എന്നിവർക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ക്യാമ്പുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി വനസംരക്ഷണത്തെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഉള്ള ക്ലാസ്സുകളും ചെറിയ ട്രക്കിങ്ങുകളും ഉൾപ്പെടുത്തി വരുന്നു.

ഇതുകൂടാതെ എല്ലാവർഷവും ഒക്ടോബർ 2 മുതൽ ഒക്ടോബർ 8 വരെ വന്യജീവിവാരാഘോഷം സംഘടിപ്പിച്ച് വരുന്നു. ഇതിൽ സ്കൂൾതലം മുതൽ കോളേജ് തലം വരെയുള്ള കുട്ടികൾക്കായി പരിസ്ഥിതി, വനം-വന്യജീവി എന്നിവയെ സംബന്ധിച്ച ക്വിസ്, ചിത്രരചന, ഉപന്യാസ രചന മുതലായ മത്സരങ്ങളും പൊതുജനങ്ങൾക്കായി പോസ്റ്റർ രചന, യാത്രാവിവരണം,

ഫോട്ടോഗ്രാഫി മത്സരം, ഹസ്വചിത്ര മത്സരം മുതലായവയും സംഘടിപ്പിച്ചുവരുന്നു. ഇതിൽ വിജയികളാകുന്നവർക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന വനം വകുപ്പിന് കീഴിലെ വന്യജീവി സങ്കേതങ്ങളിൽ സൗജന്യ പ്രവേശനം നൽകിവരുന്നു. ഇതോടൊപ്പം സംസ്ഥാനമൊട്ടാകെ സൈക്കിൾ റാലികൾ, വൃക്ഷത്തൈ നടീൽ, പ്ലാസ്റ്റിക് നിർമാർജ്ജന പ്രവർത്തനങ്ങൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. എല്ലാവരിലും വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം എത്തിക്കുന്നതിലേയ്ക്കായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ സർക്കാർ സ്ഥാപനങ്ങളിലും വന്യജീവി വാരാഘോഷം സംബന്ധിച്ച പ്രതിജ്ഞ സംഘടിപ്പിച്ചുവരുന്നു.

തദ്ദേശീയരായ വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെൻറ് കമ്മിറ്റികൾ മുഖേന നടപ്പിലാക്കിവരുന്ന ഇക്കോ ടൂറിസം പദ്ധതികൾ പൊതുജനങ്ങൾക്ക് പരിസ്ഥിതി, വനം-വന്യജീവി സംരക്ഷണം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള മികച്ച അവസരം പ്രദാനം ചെയ്യുന്നുണ്ട്. ട്രക്കിംഗ്, സഫാരി ഉൾപ്പെടെ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി നടത്തുന്ന

പ്രവർത്തനങ്ങളിൽ ഗൈഡുകൾ ആയി വനത്തെയും വന്യജീവികളെയും അടുത്തറിയാവുന്ന ടി വനാശ്രിതരായ ആളുകളെയാണ് നിയോഗിച്ചുവരുന്നത്. അതിലൂടെ സന്ദർശകർക്ക് സസ്യ-ജന്തുജാലങ്ങളെക്കുറിച്ചും അവയുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ചുമുള്ള അറിവുകൾ പകർന്നുനൽകുന്നതിന് സാധിക്കുന്നുണ്ട്.

വനവും പരിസ്ഥിതിയുമായും ബന്ധപ്പെട്ടുള്ള ദേശീയ, അന്തർദേശീയ ദിനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കികൊണ്ടുള്ള വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെയും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും 'ആരണ്യം' എന്ന വനം വകുപ്പിന്റെ ഔദ്യോഗിക മാസികയും വനം പരിസ്ഥിതി-വന്യജീവി സംരക്ഷണം സംബന്ധിച്ച അവബോധവും അറിവുകളും സമൂഹത്തിലേയ്ക്കെത്തിക്കാൻ സഹായകരമാകുന്നുണ്ട്. സമൂഹ മാധ്യമങ്ങളായ യൂട്യൂബ്, ഫേസ്ബുക്ക് മുതലായവയിലൂടെ വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവരുന്ന

ഇത്തരത്തിലുള്ള വിവിധ പരിപാടികളിലൂടെ സമൂഹത്തിലെ വിവിധ തട്ടുകളിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും വനം-വന്യജീവി, പരിസ്ഥിതി എന്നിവയെ സംബന്ധിച്ച അറിവുകൾ നേരിട്ടും അല്ലാതെയും പകർന്ന് നൽകാൻ സാധിക്കുന്നത് വഴി വനം-വന്യജീവി, പരിസ്ഥിതി സംരക്ഷണത്തോട് അനുകൂലമായ മനോഭാവം വളർന്നുവരുന്നതായി കാണുന്നു.

**വന്യമൃഗാക്രമണപ്രതിരോധ നടപടികൾ**

167 (972) <u>**ശ്രീ. ഒ. ആർ. കേളു:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന വന്യമൃഗാക്രമണപ്രതിരോധ നടപടികളുടെ പേരും തുകയും അറിയിക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്ന വന്യമൃഗാക്രമണ പ്രതിരോധ

നടപടികളുടെ പേരും തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി വിശദമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുള്ള പട്ടികയിലെ ക്രമ നം. 1, 2, 3, 4, 5 എന്നിവ പ്രകാരമുള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. ക്രമ നം. 6, 7 എന്നീ പദ്ധതികളുടെ ടെണ്ടർ നടപടിയും ക്രമ നം. 8-ാമത്തെ പദ്ധതിയുടെ റീടെണ്ടർ നടപടിയും പൂർത്തിയായിട്ടുണ്ട്.

(സി) എം.എൽ.എ.-എ.ഡി.എഫ് ഉപയോഗിച്ച് മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന വന്യമൃഗാക്രമണപ്രതിരോധ നടപടികൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

എം.എൽ.എ.-എ.ഡി.എഫ്. ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഇടങ്ങളിലേക്ക് വന്യമൃഗാക്രമണ പ്രതിരോധ നടപടികൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വന്യമൃഗപെരുപ്പം കുറയ്ക്കുന്നതിന് നിയമനിർമ്മാണം**

168 (973) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങൾ മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ജനവാസകേന്ദ്രങ്ങളിൽ കൂടുതലായി ഇറങ്ങുന്നതിന്റെ കാരണം ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13-11-2018-ൽ ഒരു MoU ഒപ്പ് വയ്ക്കുകയും ആയത് പ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനം നടത്തിയതുമായി ബന്ധപ്പട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

1. കാടിനുചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.

2. വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.

3. മനുഷ്യരും വളർത്തുമൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.

4. ആവാസമേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുത്തുന്നതിനും വന്യജീവികൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.

5. അധിനിവേശ വിദേശസസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു.

6. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേട്ടുകളിലും മറ്റും തോട്ടമായി

മുൻകാലങ്ങളിൽ നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

8. വനമേഖലയിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലും മാലിന്യം നിക്ഷേപിക്കുന്ന പ്രവണത പൊതുജനങ്ങളുടെ ഭാഗത്തുനിന്നും കാണുന്നു. പ്രസ്തുത മാലിന്യങ്ങൾ ഭക്ഷിക്കാൻ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതും ജനവാസ മേഖലകളിലെ അവയുടെ സാന്നിധ്യത്തിന് ഒരു കാരണമായി വിലയിരുത്തുന്നു.

(ബി) വന്യമൃഗപ്പെരുപ്പം കുറയ്ക്കുന്നതിന് നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) നിയമനിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(ബി&സി) നിലവിൽ ഇക്കാര്യം പരിഗണനയിലില്ല.

## ജനവാസ മേഖലയിലെ വന്യജീവി സാന്നിധ്യം

169 (974) <u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടിറങ്ങുന്ന വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നുകയറി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുമ്പോഴും ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ വനം വകുപ്പിൽ നിലവിലില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

വന്യജീവികൾ വനത്തിനോട് ചേർന്നുള്ള ജനവാസമേഖലകളിൽ ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുമ്പോഴും ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ വനം വകുപ്പിൽ നിലവിലില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ

ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

4. മനുഷ്യ-വന്യജീവി സംഘർഷം ലഘുകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തരസാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

5. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കങ്കി സ്വകാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

6. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ

വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

7. ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേയ്ക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27-05-2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021-

CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനവാസ മേഖലയിലെ വന്യജീവി സാന്നിധ്യത്തെ പ്രതിരോധിക്കാൻ എത്ര കോടി രൂപ അനുവദിച്ചു; പ്രസ്തുത തുക എപ്രകാരം ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി 6,208.55 ലക്ഷം രൂപ അനുവദിച്ചതിൽ 5715.81 ലക്ഷം രൂപ ചെലവഴിച്ചു.

(സി) വനത്തിനുള്ളിൽ ആവാസവ്യവസ്ഥ പുന:സ്ഥാപിക്കുവാനായി വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

വനത്തിനുള്ളിൽ ആവാസവ്യവസ്ഥ പുനസ്ഥാപിക്കുവാനായി അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം ഏകവിള തോട്ടങ്ങൾ മുറിച്ചുനീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ

നട്ടുപിടിപ്പിച്ചുവരുന്നു. മുള, ഈറ തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ VSS, EDC-കളെയും ഉൾപ്പെടുത്തി വന്യജീവികളുടെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനുവേണ്ടി 2,034.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങൾ കാരണം കൃഷി നഷ്ടം വന്നവർക്ക് ധനസഹായം അനുവദിക്കാറുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ എത്ര രൂപ നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

വന്യമൃഗങ്ങൾ കാരണം കൃഷി നഷ്ടം വന്നവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു+.

**വന്യജീവിയാക്രമണത്തിൽനിന്നും സംരക്ഷണം ഉറപ്പാക്കാൻ നടപടി**

170 (975) **<u>ശ്രീ. ഇ. കെ. വിജയൻ</u>:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശ്രീ. പി. എസ്. സുപാൽ:**
**ശ്രീ. മുഹമ്മദ് മുഹസിൻ:**
**ശ്രീ. വാഴൂർ സോമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങി മനുഷ്യജീവൻ കവരുന്ന സംഭവങ്ങൾ തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ വനമേഖലയോട് ചേർന്ന് ജീവിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

വനമേഖലയോട് ചേർന്ന് ജീവിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

- സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും

കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

- കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

- ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ

വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വ-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി

ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ കണ്ടുപിടിക്കുവാനും അതിനാവശ്യമായ സാമ്പത്തിക സ്രോതസ്സ് നിർദ്ദേശിക്കുവാനും സ.ഉ (സാധാ) നം.242/2023/വനം തീയതി 20-06-2023 പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

- വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി./കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ

സ്വകാര്യ സ്ഥലം നഷ്ടപരിഹാരം നൽകി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷമുള്ള സ്ഥലങ്ങളിൽനിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.

- ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേയ്ക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27-05-2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ്

വൈൽഡ്‌ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021-Chief Wildlife Warden/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വനമേഖലയിലും ജനവാസമേഖലയിലും വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുന്നതിന് ഉപഗ്രഹ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉപഗ്രഹ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നിരുന്നാലും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം, വനത്തിനോട് ചേർന്ന് താമസിക്കുന്നവരെ ഉൾപ്പെടുത്തി വാട്സ്ആപ് ഗ്രൂപ്പ്, എസ്.എം.എസ്. അലർട്ട് സംവിധാനം എന്നിവയും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയുന്നതിനായി ക്യാമറ ട്രാപ്പിംഗ്, ലൈവ് ക്യാമറ, ഡ്രോൺ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിച്ചുവരുന്നു.

(സി) അപകടകാരികളായ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുള്ള പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും ഉപജീവനത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വന്യജീവിയാക്രമണത്തിനിരയായി മനുഷ്യർ മരിക്കുകയോ ഗുരുതരമായ പരിക്കേൽക്കുകയോ ചെയ്താൽ സർക്കാർ ധനസഹായം ലഭിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അപേക്ഷകർ നിശ്ചിത രേഖകൾ സഹിതം ആറ് മാസത്തിനുള്ളിൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമയബന്ധിതമായി പരിശോധന നടത്തിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്നു.

**വന്യജീവി ആക്രമണത്തിന്റെ നഷ്ടപരിഹാരം**

171 (976) <u>ശ്രീ. കെ. പി. മോഹനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം സമയബന്ധിതമായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

വന്യജീവി ആക്രമണംമൂലം കൃഷിനാശം നേരിടേണ്ടിവരുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നത് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals-ലെ വ്യവസ്ഥകൾ പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരവും 08-01-2015-ലെ G.O(Ms)2/2015/F&WLD പ്രകാരവുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ മുഖേന അന്വേഷണം നടത്തി കൃഷി നാശത്തിന്റെ തോത് തിട്ടപ്പെടുത്തി റിപ്പോർട്ട് ഡിവിഷൻ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക്, മേൽ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ

അപേക്ഷകരുടെ മുൻഗണനാക്രമമനുസരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാര തുക കാലതാമസമില്ലാതെ അനുവദിച്ചുവരുന്നു. കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നഷ്ടപരിഹാരം നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിൽ നിലവിൽ തീർപ്പാക്കാൻ ബാക്കിയുള്ള നഷ്ടപരിഹാര അപേക്ഷകളുടെയും തുകയുടെയും കണക്ക് വർഷം തിരിച്ച് വ്യക്തമാക്കുമോ?

കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റെയിഞ്ചിൽ നിലവിൽ തീർപ്പാക്കാൻ ബാക്കിയുള്ള നഷ്ടപരിഹാര അപേക്ഷകളുടെയും തുകകളുടെയും കണക്ക് അനുബന്ധമായി ചേർക്കുന്നു+.

## വന്യജീവികളുടെ അക്രമണം

172 (977) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ അക്രമണം ചെറുക്കാൻ നിലവിൽ എന്തൊക്കെ പരിപാടികൾ ആണ് നടത്തി വരുന്നത് എന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവികളുടെ ആക്രമണത്തിൽനിന്നും കർഷകരേയും കാർഷിക വിളകളേയും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

- സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്,

കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

- കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.
- ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത്

ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തിപങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

- ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്‌ലൈഫ് വാർഡന്/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേയ്ക്കും കൂടി ദീർഘിപ്പിച്ചുകൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27-05-2023 പ്രകാരം സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണംമൂലം കൃഷി നശിച്ച കർഷകർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവികളുടെ ആക്രമണംമൂലം കൃഷി നശിച്ച കർഷകർക്ക് 1123.74 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

**വന്യജീവി ആക്രമണങ്ങൾ**

173 (978) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും നാളിതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണം, ജീവഹാനി സംഭവിച്ചവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, കൃഷിനാശത്തിലൂടെ എത്ര രൂപയുടെ നഷ്ടമുണ്ടായി എന്നതിന്റെ വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരമേറ്റശേഷവും നാളിതുവരെയും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങളുടെ എണ്ണം, ജീവഹാനി സംഭവിച്ചവരുടെ എണ്ണം, പരിക്കേറ്റവരുടെ എണ്ണം, കൃഷിനാശത്തിലൂടെ സംഭവിച്ച നഷ്ടം എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു+.

(ബി) ജീവഹാനി സംഭവിച്ചവരുടെ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; പരിക്കേറ്റ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്; കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചത്, പരിക്കേറ്റവർക്ക് ചികിത്സാസഹായം അനുവദിച്ചത്, കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയത് എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു+.

(സി) മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ നൽകാത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം സഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ?

കൃത്യമായി രേഖകൾ ഹാജരാക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ട്ടപരിഹാരം നൽകിവരുന്നുണ്ട്. എന്നാൽ മതിയായ ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകൾ സമർപ്പിക്കാത്തത്, മരണപ്പെട്ട ആളെ തിരിച്ചറിയാൻ കഴിയാത്തത്, അപേക്ഷ സമർപ്പിക്കാൻ കഴിയാത്തത് തുടങ്ങിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാരണങ്ങളാൽ 2021-2022 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഇതുവരെ 6773 അപേക്ഷകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധം -3 ആയി ചേർത്തിട്ടുണ്ട്+.

### വന്യജീവി ആക്രമണം

174 (979) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ വന്യജീവി ആക്രമണം തടയുന്നതിനായി എത്ര തുക ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശങ്ങൾ സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾക്കായി 2406-02-110-09-Measures to reduce Man-Animal Conflict (plan), 2406-01-800-92-Relief to victims Affected by the Attack of Wildlife Animal (Non-plan) എന്നീ സംസ്ഥാന പദ്ധതികളിൽ 2021-22 വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം(1)ആയി ചേർക്കുന്നു+.

2406-02-110-09-MRMAC (P) സ്കീമിൽ വന്യജീവി ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളായ സൗരോർജ്ജ വേലികളുടെയും ആനക്കിടങ്ങുകളുടെയും നിർമ്മാണം, അറ്റകുറ്റപ്പണികൾ, ദ്രുതകർമ്മ സേനയുടെ നവീകരണവും പ്രവർത്തനവും മെച്ചപ്പെടുത്തൽ, പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഒരുക്കൽ, പ്രവൃത്തികൾ, മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ, വയലുകളുടെ പരിപാലനം, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയ പ്രവർത്തികൾക്കുമാണ് തുക വിനിയോഗിച്ച് വരുന്നത്.

2406-01-800-92-RV (NP) ശീർഷകത്തിലെ തുകയുടെ ഭൂരിഭാഗവും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാരമാണ് നൽകി വരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat (IDHW) സ്കീമിൽ Protection of Wildlife Outside Protected Area സ്കീമിൽ (60:40) പൂർണ്ണമായും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നത്. കൂടാതെ പ്രോജക്ട് എലിഫന്റ് സ്കീമിലും മേൽ ആവശ്യമായ തുക അനുവദിച്ച് വരുന്നു. ടി പദ്ധതികളിലെ വിവരം അനുബന്ധം (2) ആയി ചേർക്കുന്നു+.

മേൽ സ്കീമിൽ കേന്ദ്രം ഒരു ഗഡു മാത്രമാണ് 2022-23-ലും 2023-24-ലും റിലീസ് ചെതിട്ടുള്ളത്. അതിന് ആനുപാതികമായി തുക സംസ്ഥാനം അനുവദിച്ചിട്ടുണ്ട്. അനുവദിച്ചതുക അനുബന്ധം(3)ആയി ചേർക്കുന്നു+.

2023-24 വർഷം മേൽ സ്കീമിൽ രണ്ട് ഗഡുവായിട്ടാണ് 172.78 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. രണ്ടാം ഗഡുവായി 03-01-2024-ന് ലഭ്യമായ 86.39 ലക്ഷം രൂപ വിനിയോഗിച്ച് വരുന്നു.

+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വന്യജീവി ആക്രമണങ്ങൾ

175 (980) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങൾ എത്ര; അതിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു; എത്രപേർക്ക് പരിക്കേറ്റു; എത്ര രൂപയുടെ കൃഷി നാശമുണ്ടായി; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു+.

(ബി) ജീവഹാനി സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം എത്ര കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്; പരിക്കേറ്റ എത്രപേർക്ക് ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട്; കൃഷി നാശം സംഭവിച്ച എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവഹാനി സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു+.

(സി) മരണാനന്തര നഷ്ടപരിഹാരം, ചികിത്സാസഹായം, കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം എന്നിവ നൽകാത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ, ആനുകൂല്യം അനുവദിക്കാത്തതിന്റെ കാരണം സഹിതം വർഷം തിരിച്ച് വ്യക്തമാക്കുമോ?

കൃത്യമായി രേഖകൾ ഹാജരാക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. എന്നാൽ മതിയായ ഫണ്ടിന്റെ ലഭ്യതക്കുറവ്, വ്യക്തമായ രേഖകൾ സമർപ്പിക്കാത്തത്, മരണപ്പെട്ട ആളെ തിരിച്ചറിയാൻ കഴിയാത്തത്, അപേക്ഷ സമർപ്പിക്കാൻ കഴിയാത്തത് തുടങ്ങിയ കാരണങ്ങളാൽ, 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തികവർഷത്തിൽ ഇതുവരെ 6773 അപേക്ഷകൾക്ക് നഷ്ടപരിഹാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാനുണ്ട്. ഇതുസംബന്ധിച്ച വിവരം അനുബന്ധം (3) ആയി ചേർത്തിട്ടുണ്ട്+.

## വന്യജീവി ആക്രമണമേൽക്കുന്നവർക്കുള്ള നഷ്ടപരിഹാരം നല്കാൻ ഇൻഷ്വറൻസ് പദ്ധതി

176 (981) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കിയോ; വ്യക്തമാക്കാമോ?

ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇൻഷ്വറൻസ് പ്രീമിയം ഏത് രീതിയിൽ കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇൻഷ്വറൻസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽനിന്നും കമ്പനികൾ പിന്മാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഇൻഷ്വറൻസ് പ്രീമിയം ഏത് രീതിയിൽ കണ്ടെത്തണം എന്നത് സംബന്ധിച്ചുള്ള അന്തിമ തീരുമാനം ആയിട്ടില്ല. ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും കമ്പനികൾ പിന്മാറുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കടന്നൽക്കുത്ത്, പാമ്പുകടി തുടങ്ങിയവയും വന്യജീവി ആക്രമണമായി പരിഗണിച്ച് ഇൻഷ്വറൻസ് പദ്ധതിയുടെ കവറേജിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേൽക്കുന്നവരുടെ ചികിത്സയ്ക്കും നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്; മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05-04-

2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും. തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനിയ്ക്ക്, വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിനകത്തോ പുറത്തോ) നൽകി വരുന്ന അതേ നഷ്ടപരിഹാര തുക തന്നെ 25-10-2022-ലെ സ.ഉ.(കൈ)

നം.50/2022/വനം പ്രകാരം അനുവദിച്ചുവരുന്നു. നഷ്ടപരിഹാരം ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

177 (982) **ശ്രീ. റോജി എം. ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനം വന്യജീവി വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുകയാണ് പ്രസ്തുത സാമ്പത്തിക വർഷം അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

അനുവദിച്ച തുക അനുബന്ധം (1) ആയി ചേർക്കുന്നു+.

(ബി) 01-01-2022 മുതൽ 31-12-2023 വരെ എത്ര വന്യമൃഗ ആക്രമണങ്ങളാണ് അങ്കമാലി മണ്ഡലത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

01-01-2022 മുതൽ 31-12-2023 വരെയുള്ള കാലയളവിൽ അങ്കമാലി മണ്ഡലത്തിൽ 207 വന്യമൃഗ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വന്യമൃഗശല്യം അതിരൂക്ഷമായ സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം അങ്കമാലി മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി മണ്ഡലത്തിൽ ഉൾപ്പെട്ട വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി സോളാർ ഹാംഗിങ്ങ് ഫെൻസ് (60 കി.മീ. ദൂരത്തിൽ) നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

അങ്കമാലി മണ്ഡലത്തിൽ ഉൾപ്പെട്ട മലയാറ്റൂർ ഡിവിഷനിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു+.

(ഡി) അങ്കമാലി മണ്ഡലത്തിൽ വന്യമൃഗങ്ങൾ കാരണം കൃഷിനാശം സംഭവിച്ചവർക്കും വന്യജീവി ആക്രമണത്തിന് ഇരയായവർക്കും നഷ്ടപരിഹാരയിനത്തിൽ കുടിശ്ശിക നൽകാനുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നഷ്ടപരിഹാരയിനത്തിൽ മലയാറ്റൂർ ഡിവിഷനിൽ 92 അപേക്ഷകളിലായി 9,64,410/- രൂപ കടിശ്ശിക നൽകാനുണ്ട്.

## വന്യജീവി ആക്രമണം

178 (983) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്നുള്ള റവന്യൂ/കാർഷിക മേഖലകളിൽ കാട്ടാന, കുരങ്ങൻമാർ, കാട്ടുപന്നികൾ എന്നിവ കാർഷികോൽപ്പന്നങ്ങൾ നശിപ്പിക്കുന്നതും ഇത്തരം കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരുടെയും ഇരയായി മരിച്ചവരുടെയും എണ്ണം, കൃഷി നാശം സംബന്ധിച്ച വിശദാംശം, കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള മറ്റ് സർക്കാർ സഹായങ്ങളുടെ വിശദാംശം എന്നിവ നൽകാമോ?

(എ&ബി) വനമേഖലയോട് ചേർന്നുള്ള റവന്യൂ/കാർഷിക മേഖലകളിൽ വന്യജീവികൾ ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും വന്യജീവികളുടെ ആക്രമണത്തിൽ മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ വന്യജീവി ആക്രമണങ്ങൾക്ക് ഇരയായവരുടെയും ഇരയായി മരിച്ചവരുടെയും എണ്ണം, കൃഷിനാശം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം, കൃഷിനാശം സംഭവിച്ചവർക്ക് നൽകിയ ധനസഹായം ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(സി) ഇതിലേയ്ക്കായി കേന്ദ്ര സർക്കാരിനോട് എന്തൊക്കെ സഹായങ്ങൾ ആവശ്യപ്പെട്ടു; ആയതിൽ എന്തൊക്കെ സഹായങ്ങൾ ലഭ്യമായി; വിശദാംശം നൽകുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് സംബന്ധിച്ച് ബഹു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പുമന്ത്രിയുടെ 12-01-2023-

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലെ D.O.No.NA.13/16/2020-NA(Pt) നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ മറുപടി ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. മനുഷ്യവന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനായി വീണ്ടും കേന്ദ്രസർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്ര സർക്കാരിൽനിന്നും മനുഷ്യവന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat(IDWH) സ്കീമിൽ Protection of Wildlife Outside Protected Area സ്കീമിൽ (60:40) പൂർണ്ണമായും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്കാണ് തുക ചെലവഴിക്കുന്നത്. ആയതിനായി ലഭിച്ച തുകയുടെ വിവരം അനുബന്ധം-2 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ പ്രോജക്ട് എലിഫന്റ് സ്കീമിലും തുക അനുവദിച്ചുവരുന്നു. ആയതിന്റെ വിവരം അനുബന്ധം-3 ആയി ചേർക്കുന്നു+. ടി സ്കീമിൽ കേന്ദ്രം ഒരു ഗഡു മാത്രമാണ് 2022-23-ലും 2023-24-ലും റിലീസ് ചെയ്തിട്ടുള്ളത്. അതിന് ആനുപാതികമായ തുക സംസ്ഥാന സർക്കാരും അനുവദിച്ചിട്ടുണ്ട്. 2023-24 വർഷം രണ്ട് ഗഡുവായിട്ടാണ് 172.78 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളത്. 03-01-2024-ന് അനുവദിച്ചിട്ടുള്ള രണ്ടാം ഗഡു തുകയായ 86.39 ലക്ഷം രൂപ വിനിയോഗിച്ചുവരുന്നു.

### കക്കയത്തെ ജനവാസമേഖലയിലെ കാട്ടാനകൾ

179 (984) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്തിലെ കക്കയം പ്രദേശത്ത് കാട്ടാനകൾ ഇറങ്ങുന്നതും കൃഷി വ്യാപകമായി നശിപ്പിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കക്കയം ഭാഗത്ത് കാട്ടാനകൾ ഇറങ്ങുന്നതും കൃഷി നശിപ്പിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പെരുവണ്ണാമൂഴി റെയിഞ്ചിലെ കക്കയം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന പ്രദേശമാണ് കൂരാച്ചുണ്ട്. മലബാർ വൈൽഡ് ലൈഡ് സാങ്ച്വറിയിൽ ഉൾപ്പെട്ട പന്നിക്കോട്ടൂർ റിസർവിന്റെ ഭാഗത്തുനിന്നുമാണ് കൂരാച്ചുണ്ട് പഞ്ചായത്തിലെ ഓട്ടപ്പാലം, മണ്ഡോപ്പാറ ഭാഗത്തേയ്ക്ക് ആന ഇറങ്ങുന്നത്. റിസർവ് വനത്തിൽ റിസർവോയറിനോട് ചേർന്ന ഭാഗത്ത് നിലവിൽ ഫെൻസിംഗ് നിർമ്മിച്ചിട്ടില്ല. കാടിനോട് ചേർന്ന് ഫെൻസിംഗ് സ്ഥാപിക്കുകയാണെങ്കിൽ റിസർവോയറിലേയ്ക്ക് വെള്ളം കുടിക്കുവാൻ എത്തുന്ന ആനകളുടെ വഴി തടസ്സപ്പെടുവാനും കൂടുതൽ പ്രദേശത്തേക്ക് ആനകൾ ഇറങ്ങുന്നതിനും കാരണമാകാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ ഭാഗത്ത് ഫെൻസിംഗ് പ്രായോഗികമല്ല. ആനകൾ വനത്തിൽനിന്നും റിസർവോയർ നീന്തി കടന്നെത്തുന്ന ഭാഗത്ത് ഫെൻസിംഗ് സ്ഥാപിക്കുന്നതാണ് അഭികാമ്യം. ഈ പ്രദേശത്ത് വനഭൂമിയില്ല. ടി സ്ഥലങ്ങൾ സ്വകാര്യ വ്യക്തികളുടെയും ഇറിഗേഷൻ വകുപ്പിന്റെയും അധീനതയിലുള്ളതാണ്. ഈ ഭാഗങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള

ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സ്ഥലമുടമകളുടെയും ഇറിഗേഷൻ വകുപ്പിന്റെയും സമ്മതം ആവശ്യമാണ്.

നിലവിൽ ആന ഇറങ്ങുന്ന പ്രദേശങ്ങളിൽ കക്കയം ഫോറസ്റ്റ് സ്റ്റേഷനിലെ വാച്ചർമാരും ജീവനക്കാരും എത്തിച്ചേർന്ന്, ആനയെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന് നാട്ടുകാരുടെകൂടി സഹായം ലഭ്യമാകുന്നുണ്ട്. കക്കയം ഭാഗത്ത് KSEB കോളനി, പഞ്ചവടിപ്പാലം പ്രദേശത്തെ 4650 മീറ്റർ സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമാണ്. ഇതിന്റെ മെയിന്റനൻസിനായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

### വന്യജീവി ആക്രമണം തടയാൻ നടപടി

180 (985) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയാൻ വനം വകുപ്പ് എസ്.ഒ.പി. (സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ) തയ്യാറാക്കിയിട്ടുണ്ടോ; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 05-06-2023-ലെ WL1-3591/2023 നമ്പർ കത്ത് പ്രകാരം, വന്യമൃഗങ്ങൾ ജനവാസ മേഖലയിലിറങ്ങി പൊതുജനങ്ങളുടെ ജീവന് ഭീഷണിയുയർത്തുന്ന സാഹചര്യം നേരിടുന്നതിന് വേണ്ടി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി വനം വകുപ്പിലെ എല്ലാ ഓഫീസിലും നല്കിയിട്ടുള്ളതാണ്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്+.

(ബി) 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ നമ്പർ നിലവിൽ ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ?

വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂർ പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ ഉണ്ട്. (ടോൾ ഫ്രീ നമ്പർ: 1800 425 4733).

(സി) ആർ.ആർ.ടി. (റാപിഡ് റെസ്പോൺസ് ടീം)-യുടെ പ്രവർത്തനം ഏതെല്ലാം ഹോട്ട്സ്പോട്ടുകളിലേക്കാണ് നിലവിൽ വ്യാപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വനം വകുപ്പിനുകീഴിലെ വിവിധ ഡിവിഷനുകളിലായി പ്രവർത്തിക്കുന്ന ആർ.ആർ.റ്റി.-കളുടെ പ്രവർത്തന മേഖല സംബന്ധിച്ച വിവരം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്+.

**വന്യമൃഗാക്രമണത്തിനിരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

181 (986) **ശ്രീ. പി. ടി. എ. റഹീം:** താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും എത്ര രൂപ വീതമാണ് നഷ്ടപരിഹാരമായി ലഭിക്കുന്നതെന്നും വിശദമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കുപറ്റുന്നവർക്ക് സർക്കാർ ഉത്തരവ് (കൈ) നം.17/2018/ വനം തീയതി 05-04-2018, സർക്കാർ ഉത്തരവ് (കൈ) നം.16/2023/വനം തീയതി 12-06-2023 എന്നിവ പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നത്.

വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്ക് പറ്റുന്ന വ്യക്തിക്ക് ചികിൽസയ്ക്ക് ചെലവാകുന്ന തുക പരമാവധി 1,00,000 (ഒരു ലക്ഷം) രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്ന നിരക്കിൽ നൽകി വരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും തിരികെ നൽകുന്നത് അനുവദനീയമാണ്. അപേക്ഷകന്റെ 2 ലക്ഷം രൂപ വരെയുള്ള ചികിൽസാചെലവുകൾ പരിക്കുപറ്റിയ വ്യക്തിയെ ചികിൽസിച്ച രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചികിൽസാ ചെലവ് നിർദ്ദിഷ്ട ആവശ്യത്തിനായി നിയോഗിക്കപ്പെട്ട കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണം. ടി സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

### വന്യജീവി ആക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ

182 (987) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ആക്രമണങ്ങളിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടുവെന്നും പരുക്ക് പറ്റിയവരുടെ എണ്ണം എത്രയാണെന്നും കൃഷി നാശംമൂലം ഉണ്ടായ നഷ്ടം എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരം നൽകിയ തുകയുടെ കണക്കും ഏതെല്ലാം വിധത്തിലുള്ള നഷ്ടങ്ങൾക്ക് എത്ര രൂപ വീതമാണ് നൽകിയതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) 2017 മുതൽ 2023 വരെയുള്ള കാലയളവിൽ വന്യജീവികളുടെ ആക്രമണംമൂലമുണ്ടായ നാശനഷ്ടങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ഡി) വന്യജീവികളുടെ ആക്രമണത്തിൽനിന്ന് നാടിനെയും നാട്ടുകാരേയും സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണത്തിൽനിന്ന് നാടിനെയും നാട്ടുകാരെയും സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

\+ നിയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1) സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

2) വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിലുള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

3) വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

4) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

5) കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.

6) ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

7) ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31-05-2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28-05-2023 മുതൽ ഒരു വർഷത്തേയ്ക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27-05-2023 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 30-05-2023-ലെ KFDHQ/3331/2021/Chief Wildlife Warden/WL11

നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം**

183 (988) **<u>ശ്രീ. ഡി. കെ. മുരളി</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല, വിതുര, പൊന്മുടി തുടങ്ങിയ ജനവാസകേന്ദ്രങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കാമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിന്റെ പരിധിയിൽപ്പെട്ട പെരിങ്ങമ്മല മേഖലയിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് വാർത്ത പ്രചരിച്ചെങ്കിലും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ പരുത്തിപ്പള്ളി റെയിഞ്ചിലെ വിതുര സെക്ഷനിലെ പട്ടൻകുളിച്ചപ്പാറ വയലിപ്പുല്ല് ഭാഗത്ത് 14-01-2024-ൽ ഒരു പുലിക്കുട്ടിയെ ചത്ത നിലയിൽ കണ്ടെത്തിയ സാഹചര്യത്തിൽ ടി ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. പാലോട് റെയിഞ്ചിലെ പൊൻമുടി ഭാഗത്ത് ടൂറിസം

മേഖലയായ വനഭാഗത്തിൽ പുലിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. കുളത്തൂപ്പുഴ റെയിഞ്ചിലെ വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പൊൻമുടി യു.പി. സ്കൂളിലെ പാചകത്തൊഴിലാളി സ്കൂളിന്റെ 100 മീറ്റർ പരിധിയിൽ പുലിയെ കണ്ടതായി അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ പൊന്മുടി ഉൾപ്പെടെയുള്ള വിവിധ വനഭാഗങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം ഉണ്ടെന്ന് വാർത്ത വന്ന പലഭാഗങ്ങളിലും അവയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടില്ല.

(ബി) ആക്രമണസ്വഭാവമുള്ള വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ കടക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജനവാസമേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കൂടുകൾ സ്ഥാപിച്ച് പിടികൂടി അവയുടെ ആവാസ സ്ഥലത്തേക്ക് തിരികെ വിടുന്നതിനും പരിശീലനം ലഭിച്ച പാമ്പ് പിടുത്തക്കാരുടെ സഹായത്താൽ പാമ്പുകളെ കാടിനുള്ളിലേക്ക് വിടുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനത്തിനുള്ളിൽ ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുകയും സ്വാഭാവിക വനങ്ങളുടെ

പുനരുത്ഭവം നടത്തിയും വന്യമൃഗങ്ങൾക്ക് കാട്ടിനുള്ളിൽതന്നെ ഭക്ഷണവും ജലവും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇക്കോ റെസ്റ്ററേഷൻ പദ്ധതി പ്രകാരം അക്കേഷ്യ, മാഞ്ചിയം മുതലായ വിദേശ സസ്യങ്ങളെ ഘട്ടം ഘട്ടമായി മുറിച്ച് നീക്കം ചെയ്ത് പ്രസ്തുത സ്ഥലങ്ങളിൽ തദ്ദേശീയ ഫലവൃക്ഷ തൈകൾ വച്ച് പിടിപ്പിച്ച് സ്വാഭാവിക വനമാക്കി മാറ്റി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വന്യമൃഗങ്ങൾ ജനവാസപ്രദേശങ്ങളിലേക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുവാനായി ജനവാസമേഖലവരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗുകൾ, ആനക്കിടങ്ങുകൾ എന്നിവ നിർമ്മിച്ചും മെയിന്റനൻസ് നടത്തിയും വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ സ്ഥലങ്ങളിൽ റെയിഞ്ച് സ്റ്റാഫുകളുടെ പ്രത്യേക നിരീക്ഷണവും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനത്തിനോട് ചേർന്നും വനത്തിനുള്ളിലും താമസിക്കുന്ന സ്വയം സന്നദ്ധരായ ആൾക്കാർക്ക് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിച്ചിട്ടുള്ളതാണ്.

(സി) പൊന്മുടി യു. പി. സ്കൂൾ പരിസരത്ത് പുലിയെ കണ്ടെന്ന വാർത്ത സ്ഥിരീകരിക്കാവുന്നതാണോ?

വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പൊന്മുടി സ്കൂൾ പരിസരത്ത് പുലിയെ കണ്ടുവെന്ന വാർത്ത സംബന്ധിച്ച് വനം വകുപ്പ് അന്വേഷണം നടത്തിയതിൽ ടി സ്ഥലത്ത് പുലിയുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്ന ലക്ഷണങ്ങളൊന്നും കണ്ടില്ലെങ്കിലും ടി വനമേഖലയിൽ പുലിയുള്ളതിനാൽ അത്തരം വാർത്തകളെ തള്ളിക്കളയാനാകില്ല.

(ഡി) എങ്കിൽ പ്രസ്തുത സ്കൂൾ പ്രദേശത്തെ വന്യമൃഗങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പൊന്മുടി സ്കൂളിന്റെ നിലവിലെ കോമ്പൗണ്ടിനുചുറ്റും സോളാർ ഫെൻസിംഗ് നിർമ്മിച്ച് നൽകുന്നതിന് വനം വകുപ്പ് സന്നദ്ധത അറിയിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ ചെലവിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സ്കൂൾ അധികൃതരുമായി കൂടിയാലോചന നടത്തി മേൽ നടപടി സ്വീകരിച്ചുവരുന്നു.

**വാമനപുരം മണ്ഡലത്തിലെ വന്യജീവി ആക്രമണം**

184 (989) **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവമൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര പേരുണ്ടെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവമൂലം 5 പേർ മരണപ്പെട്ടിട്ടുണ്ട്, 79 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

(ബി) വന്യജീവികളുടെ ആക്രമണംമൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്യുന്നവർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്റ്റിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് പ്രകാരവും 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം നമ്പർ ഉത്തരവ് പ്രകാരവുമാണ് നിലവിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവിയാക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റോ കടന്നൽ തേനീച്ച കുത്തേറ്റോ ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാ ചെലവ് മുഴുവനും ലഭ്യമാകും.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള ധനസഹായം എത്ര പേർക്ക് നല്കിയെന്നും എത്ര രൂപ വിതരണം നടത്തിയെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ വന്യജീവി ആക്രമണത്താലുള്ള മരണം സംഭവിച്ചതിന് രണ്ട് അപേക്ഷകളിലായി 12 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്താൽ പരിക്ക് സംഭവിച്ചതിന് 26 അപേക്ഷകർക്കായി 3,56,697/- രൂപ നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്.

## വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി

185 (990) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന വില്ലേജുകളിലും വനാതിർത്തിക്കുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സോളാർ പവർഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച് എന്നിവ ഫണ്ടിന്റെ ലഭ്യതയക്കനുസരിച്ച് നിർമ്മിച്ചിട്ടുണ്ട്. ജീവനക്കാരുടെയും വാച്ചർമാരുടെയും വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തിക്കുള്ളിൽ പട്രോളിംഗ് നടത്തി നാട്ടിലിറങ്ങി ഒറ്റപ്പെട്ടുപോകുന്ന പ്രശ്നക്കാരികളായ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് കുടിവെള്ളത്തിനായി വനത്തിനുള്ളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ചെളിനീക്കി വൃത്തിയാക്കി നവീകരിച്ച് വരുന്നുണ്ട്. മഞ്ഞക്കൊന്ന ഉൾപ്പടെയുള്ള അധിനിവേശ സസ്യങ്ങളുടെയും മറ്റ് കളസസ്യങ്ങളുടെയും നിർമ്മാർജ്ജനം, വയൽ പരിപാലനം എന്നിവയിലൂടെയെല്ലാം

വനത്തിനുള്ളിൽത്തന്നെ ഭക്ഷ്യലഭ്യത ഉറപ്പാക്കി വന്യമൃഗങ്ങൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ജനജാഗ്രതാ സമിതികളുടെ യോഗങ്ങൾ കൃത്യമായി ഇടവേളകളിൽ സംഘടിപ്പിച്ച് ഇക്കാര്യങ്ങളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ വിലയിരുത്തി സമയബന്ധിത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) വയനാട് വാകേരി കൂടല്ലൂരിലെ യുവകർഷകനെ കടുവ ആക്രമിച്ചുകൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

വയനാട് വാകേരി കുടല്ലൂരിലെ യുവ കർഷകനെ കടുവ ആക്രമിച്ചുകൊന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ട്. ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാക്കുന്നത് വളരെ ഗൗരവത്തോടെയാണ് വനം വകുപ്പ് വീക്ഷിക്കുന്നത്. മനുഷ്യ-വന്യമൃഗ സംഘർഷത്തിൽ ഒരാൾപോലും കൊല്ലപ്പെടരുതെന്നാണ് വകുപ്പ് ആഗ്രഹിക്കുന്നത്. ഇതിനായി സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും നടപ്പിലാക്കിവരുന്നു.

കടുവകൾ കന്നുകാലികളെ ആക്രമിച്ച എല്ലാ സ്ഥലത്തും താല്ക്കാലിക ക്യാമ്പ് ഷെഡുകൾ സ്ഥാപിച്ച് വനം ഉദ്യോഗസ്ഥരുടെ നിരീക്ഷണം ഉറപ്പാക്കി കടുവകളുടെ സാന്നിദ്ധ്യം പരിശോധിച്ച് നടപടിയെടുക്കുന്നുണ്ട്. ജനവാസമേഖലയിൽ ഇറങ്ങുന്ന കടുവയുൾപ്പെടെയുള്ള വന്യമൃഗങ്ങളെ കാര്യക്ഷമായി നിരീക്ഷിക്കുന്നതിനും വനാതിർത്തിയോട് ചേർന്ന് വരുന്ന സ്ഥലങ്ങളിൽ അവയുടെ സാന്നിദ്ധ്യം മനസിലാക്കുന്നതിനും ക്യാമറകൾ സ്ഥാപിച്ച് തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്. കേരളത്തിലെ തന്നെ ഏറ്റവും മികച്ച സ്റ്റാഫുകളുടെ സേവനം ലഭ്യമാക്കിയിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം (RRT) വയനാട് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിന് പുറമെ എലിഫന്റ് സ്ക്വാഡും ഉണ്ട്. റാപ്പിഡ് റെസ്പോൺസ് ടീം (RRT)-ന്റെ മുഴുവൻ സമയ സേവനം ജില്ലയിൽ സജ്ജീകരിച്ച് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. NABARD Tranche XXVII പദ്ധതിയിൽ ഉൾപ്പെടുത്തി 310 ലക്ഷം രൂപ ചെലവിൽ മനുഷ്യ-വന്യമൃഗ സംഘർഷം കാര്യക്ഷമമായും പ്രൊഫഷണലായും കൈകാര്യം ചെയ്യുന്നതിനായി ആർ.ആർ.ടി. കെട്ടിടം, വെറ്ററിനറി ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വെറ്ററിനറി ലാബ്,

പോസ്റ്റ്മോർട്ടം റൂം എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മഞ്ഞക്കൊന്ന ഉൾപ്പെടെയുള്ള അധിനിവേശസസ്യങ്ങളുടെ നിർമ്മാർജ്ജനം, മറ്റ് കളസസ്യങ്ങൾ നീക്കംചെയ്യൽ, കാട്ടിനുള്ളിലെ കുളങ്ങളുടെ പരിപാലനം, കുളം നിർമ്മിക്കൽ, വയൽ പരിപാലനം എന്നിവയിലൂടെ ഭക്ഷ്യലഭ്യത കാട്ടിനുള്ളിൽതന്നെ ഉറപ്പാക്കി വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി പുനസ്ഥാപന (Eco-restoration) പ്രവൃത്തിയുടെ ഭാഗമായി പരിസ്ഥിതിയ്ക്കും ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ രീതിയിൽ സ്വഭാവികവനങ്ങൾ പുന:സ്ഥാപിക്കുന്നതിനുവേണ്ടി വയനാട് സൗത്ത് ഡിവിഷനിലെ കൽപ്പറ്റ റെയിഞ്ചിൽ 73.01 ഹെക്ടർ യൂക്കാലിതോട്ടങ്ങൾ 42.495 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് മുറിച്ചുമാറ്റി സ്വഭാവികവനങ്ങൾ പുന:സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നു.

(സി) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മനുഷ്യരെ കൊല്ലുന്ന സംഭവങ്ങൾ തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങൾ പഠന

വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനങ്ങളുടെ വിശദാംശം നൽകാമോ?

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13-11-2018-ൽ ഒരു MoU ഒപ്പ് വയ്ക്കുകയും ആയതുപ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെ പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

1. വനമേഖലയോട് ചേർന്ന് പ്രവർത്തിക്കാത്തതും വേണ്ട രീതിയിൽ പരിപാലിക്കാത്തതുമായി നിരവധി എസ്റ്റേറ്റുകളിൽ വന്യമൃഗങ്ങൾ തമ്പടിച്ചുവരുന്നു. ഈ എസ്റ്റേറ്റുകളെ പരിപാലിച്ചാൽ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ഒഴിവാക്കാൻ കഴിയും.

2. വനാതിർത്തി പങ്കിടുന്ന മേഖലയിലെ എസ്റ്റേറ്റുകളിലും വീടുകളിലും വലിയതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് വന്യമൃഗങ്ങളെ ഈ ഇടങ്ങളിലേക്ക് ആകർഷിക്കുന്നതിന് കാരണമാകുന്നു. അതിനാൽ ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിന് പ്രസ്തുത മാലിന്യങ്ങളെ പഞ്ചായത്തുകളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നീക്കം ചെയ്യുന്നത് ഗുണകരമായിരിക്കും.

3. മതിയായ സുരക്ഷയില്ലാതെ വനാതിർത്തി പങ്കിടുന്ന മേഖലകളിൽ നിരവധി കന്നുകാലിവളർത്തൽ കേന്ദ്രങ്ങളും വിവിധ ഫാമുകളും പ്രവർത്തിച്ചുവരുന്നത് രാത്രികാലങ്ങളിൽ വന്യമൃഗങ്ങളുടെ ഇരതേടൽ എളുപ്പമാക്കുന്നു. ഇക്കാര്യത്തിൽ തദ്ദേശവാസികൾ പ്രത്യേക ശ്രദ്ധ നൽകുന്നത് നല്ലതായിരിക്കും.

4. ആധുനിക വാർത്താ വിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

5. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞ് പോകുന്നതുമൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.

6. കാടിനുചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.

7. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.

8. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണ നിലവാരം നശിപ്പിച്ചു.

9. മനുഷ്യരും, വളർത്തുമൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.

10. വന്യജീവികളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.

**വന്യജീവികളുടെ കണക്കെടുപ്പിനായുള്ള മാർഗ്ഗങ്ങൾ**

186 (991) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എ. രാജ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാനയും കടുവയുമുൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങൾ പകലും രാത്രിയും ഉണ്ടാകുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ

അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03-01-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശിപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും

പ്രവർത്തിച്ച് വരുന്നുണ്ട്. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

(ബി) വന്യജീവികളുടെ കണക്കെടുപ്പ്, വനം-വന്യജീവി സംരക്ഷണം, വന നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആന, കടുവ എന്നീ വന്യജീവികളുടെ കണക്കെടുപ്പ് കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. വന്യജീവി സംരക്ഷണത്തിനും വനപരിപാലനത്തിനുമായി ഫീൽഡ് പട്രോളിംഗ്, കൈയേറ്റത്തിൽ നിന്നുള്ള സംരക്ഷണം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജീവികളുടെ ആവാസവ്യവസ്ഥാ പരിപാലനം, സ്വഭാവിക വനങ്ങളുടെ പുനസ്ഥാപനം (എക്കോ റിസ്റ്റോറേഷൻ), മൊബൈൽ പട്രോളിംഗ്, എക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികളുമായി ചേർന്നുള്ള പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ എന്നിവ ചെയ്തുവരുന്നു. വന്യജീവി നിരീക്ഷണത്തിനായി റിയൽ ടൈം മോണിറ്ററിംങ് ക്യാമറകൾ സ്ഥാപിച്ചും ക്യാമറ ട്രാപ്പിംഗ് സങ്കേതമുപയോഗിച്ചും നിരീക്ഷണം നടത്തിവരുന്നു.

(സി) വന്യജീവികളുടെ കണക്കെടുപ്പിനായി സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങളും അവയുടെ കൃത്യതയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ആനയുടെ കണക്കെടുപ്പ് പ്രോജക്റ്റ് എലിഫന്റ് മാർഗ്ഗരേഖ പ്രകാരവും കടുവയുടെ കണക്കെടുപ്പ് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി പ്രോട്ടോക്കോൾ പ്രകാരവും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കടുവ സങ്കേതത്തിൽ ക്യാമറ ട്രാപ്പിംഗ് സങ്കേതമുപയോഗിച്ച് കടുവകളെ നിരീക്ഷണം നടത്തിവരുന്നു. വരയാടുകളുടെ കണക്കെടുപ്പ് എല്ലാവർഷവും നടത്തി വരുന്നു. ഓരോ ജീവിവിഭാഗത്തിനും വിവിധതരം മാർഗ്ഗങ്ങളാണ് കണക്കെടുപ്പിനായി സ്വീകരിക്കുന്നത്. Block Count, Line Transect Method, Total Count, Capture Re-capture method, Point count എന്നിവയാണ് സാധാരണയായി വന്യജീവി കണക്കെടുപ്പിന് സ്വീകരിച്ചുവരുന്നത്.

**തട്ടേക്കാട് പക്ഷിസങ്കേതത്തിന്റെ അതിർത്തി പുനർനിർണയം**

187 (992) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തട്ടേക്കാട് പക്ഷിസങ്കേതത്തിൽ ഉൾപ്പെട്ട ജനവാസ മേഖല ഒഴിവാക്കി അതിർത്തി പുനർനിർണ്ണയം നടത്തുന്നതിനുള്ള വന്യജീവി ബോർഡിന്റെ തീരുമാനം നടപ്പാക്കാൻ സാധിക്കാത്തതിന്റെ കാരണം

വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സംസ്ഥാന വന്യജീവി ബോർഡിന്റെ 19-01-2023-ന് ചേർന്ന യോഗ നടപടി കുറിപ്പിലെ അജണ്ടാ നം. 7.1-ലെ തീരുമാനപ്രകാരം ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖല പക്ഷി സങ്കേതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിലെ മാപ്പുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ 30-12-2023-ലെ ഡി2/111/2020/വനം കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അന്തിമഘട്ടത്തിലാണ്.

(ബി) 1983 ൽ പക്ഷിസങ്കേതം നിലവിൽ വന്നപ്പോൾ സങ്കേതത്തിനുള്ളിൽപ്പെട്ട ജനവാസ മേഖലയിൽപ്പെടുന്ന

പട്ടയഭൂമിയാണോ മേൽപ്പറഞ്ഞപ്രകാരം പുനർനിർണയത്തിലൂടെ ഒഴിവാക്കുന്നത്; വ്യക്തമാക്കുമോ?

തട്ടേക്കാട് പക്ഷി സങ്കേതത്തിനുള്ളിലെ മുഴുവൻ ജനവാസ മേഖലയും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലാണ് തയാറാക്കിവരുന്നത്.

(സി) അതിർത്തി പുനർനിർണയം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി വിഷയം ദേശീയ വന്യജീവി ബോർഡിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാന വന്യജീവി ബോർഡിന്റെ 19-01-2023-ന് ചേർന്ന യോഗ നടപടി കുറിപ്പിലെ അജണ്ടാ നം. 7.1-ലെ തീരുമാന പ്രകാരം ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിലെ ജനവാസ മേഖല പക്ഷി സങ്കേതത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസലിലെ മാപ്പുകളിലെ അപാകതകൾ പരിഹരിച്ച് സമർപ്പിക്കാൻ 30-12-2023-ലെ ഡി2/111/2020/വനം കത്ത്

പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് അന്തിമഘട്ടത്തിലാണ്.

**വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ**

**188 (993)** <u>**ശ്രീ. പി. വി. അൻവർ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി' എന്ന സംഘടന നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽ സ്വകാര്യ വ്യക്തികളിൽനിന്നും ഭൂമി വാങ്ങി വനം വകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വ്യക്തികളിൽനിന്നും എത്ര ഭൂമിയാണ് കൈമാറിയതെന്ന വിവരം ലഭ്യമാക്കാമോ; സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഇത്തരത്തിൽ സ്വകാര്യ ഭൂമി വാങ്ങി നൽകുന്നതിന് ആരെങ്കിലും വനം വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നിലമ്പൂർ സൗത്ത് ഡിവിഷനിൽ മിസ്സ്. സംഗീത അയ്യർ എക്സിക്യൂട്ടീവ് ഡയറക്ടറായ വോയ്സ് ഫോർ എലിഫൻറ് സൊസൈറ്റി എന്ന സംഘടന സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങിയ 1.6323 ഹെക്ടർ ഭൂമി വനം വകുപ്പിന്

കൈമാറുന്നതിനുള്ള ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധമായ ഭൂമി കൈമാറ്റമൊന്നും നാളിതുവരെ നടന്നിട്ടില്ല. സംസ്ഥാനത്ത് മറ്റെവിടെയും ഇത്തരത്തിൽ സ്വകാര്യഭൂമി വാങ്ങി നൽകുന്നതിന് ആരും തന്നെ വനംവകുപ്പിനെ സമീപിച്ചിട്ടില്ല.

(ബി) 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി'-യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ കേരളത്തിലെ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കെന്ന പേരിൽ വിദേശ ക്രൗഡ് ഫണ്ടിങ് വെബ്സൈറ്റുകൾ വഴി ധനസമാഹരണം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മേൽ സംഘടനയ്ക്കെതിരെ 'വിശ്വഗജസേവാസമിതി' എന്ന നാട്ടാന പ്രേമി സംഘടന ഹൈക്കോടതിയിൽ നൽകിയ WP(C) 30255/2019 നമ്പർ പൊതുതാല്പര്യ ഹർജിയിൽ വനം വകുപ്പ് കക്ഷി ആണോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വിശ്വഗജസേവാസമിതി എന്ന സംഘടന ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C)30255/2019 നമ്പർ കേസിൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ (കേരളം), വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം എന്നിവർ യഥാക്രമം 1 മുതൽ 3 വരെ എതിർകക്ഷികളാണ്. ടി കേസ് നിലവിൽ ബഹു. കോടതിയുടെ പരിഗണനയിലാണ്.

(ഡി) 'വോയിസസ് ഫോർ ഏഷ്യൻ എലിഫന്റ് സൊസൈറ്റി'-യുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ട് കേരള വനം വകുപ്പ് ഇതുവരെ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും പദ്ധതികൾ നടപ്പാക്കിയ സ്ഥലങ്ങളും ഫോറസ്റ്റ് റെയിഞ്ച്, ഡിവിഷനുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത വ്യക്തിയുമായി ബന്ധപ്പെട്ട് 'ജന്റിൽ ജയന്റ് സമ്മിറ്റ്'എന്ന പേരിൽ ഒരു പരിപാടി വനം വകുപ്പ് സംഘടിപ്പിച്ചിരുന്നോ; എങ്കിൽ ഈ പരിപാടിയുടെ ബ്രോഷറിന്റെ പകർപ്പും വരവ്-ചെലവ് കണക്കുകളും ലഭ്യമാക്കാമോ?

വോയിസ് ഫോർ ഏഷ്യൻ എലിഫൻറ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ട് കേരള വനംവകുപ്പ് പദ്ധതികളോ, പരിപാടികളോ നടപ്പിലാക്കുകയോ, സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല.

## നാട്ടാനകളുടെ ദൗർലഭ്യം

189 (994) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്ര ആചാരങ്ങൾക്കും ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ക്ഷേത്ര ആചാരങ്ങൾക്കും ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എറണാകുളം ജില്ലയാണ് ഇത്തരത്തിൽ നാട്ടാനയുടെ ദൗർലഭ്യം ഏറ്റവും കൂടുതൽ നേരിടുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ക്ഷേത്രാചാരങ്ങൾക്കും ഉത്സവങ്ങൾക്കും ഉപയോഗിക്കുന്ന നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്നതായുള്ള പരാതികളോ, ആക്ഷേപങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആനകളെ സംസ്ഥാനതലത്തിൽ കൈമാറുന്നതിനുള്ള നിയമനിർമ്മാണം നടത്തിയിട്ടും ചട്ടങ്ങൾ രൂപീകരിക്കാത്തതാണ് ഇത്തരം പ്രശ്നങ്ങൾ വർധിക്കുന്നതിനുള്ള കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നാട്ടാനകൾക്ക് ദൗർലഭ്യം നേരിടുന്ന വിഷയവുമായി ബന്ധപ്പെട്ട് പരാതികളോ ആക്ഷേപങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചട്ടങ്ങൾ രൂപീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്

(ഡി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചട്ടം രൂപീകരണത്തിന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ചട്ടം രൂപീകരണത്തിന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ**

190 (995) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങൾ ചുവടെ പറയുന്നവയാണ്.

| SL No. | വന്യജീവി സങ്കേതങ്ങൾ |
|---|---|
| 1. | പെരിയാർ വന്യജീവി സങ്കേതം (കടുവാ സങ്കേതം) |
| 2. | നെയ്യാർ വന്യജീവി സങ്കേതം |
| 3. | പീച്ചി-വാഴാനി വന്യജീവി സങ്കേതം |
| 4. | പറമ്പിക്കുളം വന്യജീവി സങ്കേതം (കടുവാ സങ്കേതം) |
| 5. | വയനാട് വന്യജീവി സങ്കേതം |
| 6. | ഇടുക്കി വന്യജീവി സങ്കേതം |
| 7. | പേപ്പാറ വന്യജീവി സങ്കേതം |
| 8. | തട്ടേക്കാട് പക്ഷി സങ്കേതം |
| 9. | ശെന്തുരുണി വന്യജീവി സങ്കേതം |

| | |
|---|---|
| 10. | ചിന്നാർ വന്യജീവി സങ്കേതം |
| 11. | ചിമ്മിനി വന്യജീവി സങ്കേതം |
| 12. | ആറളം വന്യജീവി സങ്കേതം |
| 13. | മംഗളവനം പക്ഷി സങ്കേതം |
| 14. | കുറിഞ്ഞിമല വന്യജീവി സങ്കേതം |
| 15. | ചൂലന്നൂർ മയിൽ സങ്കേതം |
| 16. | മലബാർ വന്യജീവി സങ്കേതം |
| 17. | കൊട്ടിയൂർ വന്യജീവി സങ്കേതം |
| 18. | കരിമ്പുഴ വന്യജീവി സങ്കേതം |

(ബി) ഇവയിൽ താമസസൗകര്യങ്ങൾ ലഭ്യമായിട്ടുള്ള വന്യജീവി സങ്കേതങ്ങൾ ഏതെല്ലാമെന്ന് അവ ബുക്ക് ചെയ്യുന്ന വിധവും നിരക്കും സഹിതം വിശദമാക്കാമോ?

1) കേരള വനം വകുപ്പിനുകീഴിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഡോർമെറ്ററി സൗകര്യങ്ങൾ ലഭ്യമായ വന്യജീവി സങ്കേതങ്ങളുടെ വിശദാംശങ്ങളും നിരക്കും അനുബന്ധം (1) ആയി ചേർക്കുന്നു+. അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ്, ഡോർമെറ്ററി എന്നിവ വന്യജീവി സങ്കേതങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ച്ചുമതലയുള്ള വൈൽഡ്‌ലൈഫ് വാർഡന്റെ ഓഫീസ് മുഖാന്തരം ബുക്ക് ചെയ്യാവുന്നതാണ്.

(2) വന്യജീവി സങ്കേതങ്ങളിൽ ലഭ്യമായ ഇക്കോടൂറിസം ക്യാമ്പിംഗ് സൗകര്യങ്ങൾ സംബന്ധിച്ച് വിശദാംശങ്ങളും നിരക്കുകളും അനുബന്ധം (2) ആയി ചേർക്കുന്നു+. ഇക്കോ ടൂറിസം സൗകര്യങ്ങൾ ലഭിക്കുന്നതിന് അതത് സങ്കേതങ്ങൾ ഓൺലൈൻ/ഓഫ്‌ലൈൻ ബുക്കിംങ് സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

(3) കുറിഞ്ഞിമല, മലബാർ, കൊട്ടിയൂർ, കരിമ്പുഴ എന്നീ വന്യജീവി സങ്കേതങ്ങളിൽ നിലവിൽ താമസ സൗകര്യങ്ങൾ ലഭ്യമല്ല.

(സി) ബുക്കിംഗ് ഓൺലൈൻ വഴിയാണ് ചെയ്യുന്നതെങ്കിൽ ഓൺലൈൻ സൈറ്റിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാമോ?

ഓൺലൈൻ മുഖാന്തരം ബുക്കിംഗ് സൗകര്യം ലഭ്യമായ വന്യജീവി സങ്കേതങ്ങളുടെ ഓൺലൈൻ സൈറ്റിന്റെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വന്യജീവി സങ്കേതങ്ങൾ | ഓൺലൈൻ സൈറ്റ് |
|---|---|
| പെരിയാർ വന്യജീവി സങ്കേതം (കടുവാ സങ്കേതം) | www.periyartigerreserve.org |
| മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | www.munnarwildlife.com |
| ഇടുക്കി-തട്ടേക്കാട് വന്യജീവി സങ്കേതം | https://thattekkad.com/home |
| പറമ്പിക്കുളം കടുവാ സങ്കേതം | www.parambikulam.org |
| വയനാട് വന്യജീവി സങ്കേതം | www.wayanadwildlifesanctuary.com |

എന്ന വെബ് സൈറ്റിൽ നൽകിയിട്ടുള്ള 8547603561 എന്ന മൊബൈൽ നമ്പറിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്.

മറ്റ് വന്യജീവി സങ്കേതങ്ങളിൽ അതത് വൈൽഡ് ലൈഫ് വാർഡൻമാരുടെ ഓഫീസ് മുഖാന്തരം ബുക്ക് ചെയ്യാവുന്നതാണ്.

## എരഞ്ഞിപ്പറമ്പ്, കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

191 (996) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എരഞ്ഞിപ്പറമ്പ, കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണ്?

**എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 28-06-2017-ലെ സ.ഉ(സാധാ) 897/2017/ജവിവ പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

**കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 07-03-2019-ലെ MIDKkd/2016/2933/IA പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**എരഞ്ഞിപ്പറമ്പ് എൽ. ഐ. സ്കീം**

നിലവിൽ പ്രവൃത്തിയുടെ കരിങ്കൽ ഡംബിംഗ് പ്രവൃത്തികളും പമ്പ്ഹൗസിന്റെ പ്രവൃത്തിയും സിസ്റ്റേണുകളുടെ പ്രവൃത്തിയും പമ്പ്ഹൗസ്

മുതൽ മണ്ണിൽ ചെമ്പകശ്ശേരി റോഡിൽ പൈപ്പ് ഇടുന്ന പ്രവൃത്തിയും കള്ളൻ തോട് കുളിമാട് റോഡിൽ പൈപ്പ് ഇടുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ജലവിതരണ പൈപ്പുകൾ കടന്നുപോകുന്ന അമ്പലപ്പറ്റ വെള്ളൂത്തോടത്ത് മീത്തൽ റോഡ് പൈപ്പ് ഇടുന്നതിനുവേണ്ടി കുഴി എടുത്താൽ റോഡ് ഗതാഗത യോഗ്യമല്ലാതാകുമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് പരിസരവാസികൾ പ്രവൃത്തി തടസ്സപ്പെടുത്തിയതുകാരണം പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നിരുന്നു. റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കാവശ്യമായ തുക എസ്റ്റിമേറ്റിൽ ഇല്ലാത്തതുകൊണ്ട് ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് പ്രവൃത്തി ചെയ്യുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത വിഷയം ചാത്തമംഗലം ഗ്രാമപഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുകയും റോഡ് നവീകരിക്കുന്നതിനായി 01-07-2023-ന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതി റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിട്ടുണ്ട്. ഈ റോഡിലെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

കള്ളൻ തോട് കുളിമാട് റോഡിൽ കൂടെയുള്ള ജലവിതരണ പൈപ്പുകൾ ഇടുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പമ്പ് സപ്ലൈ ചെയ്യുവാനുള്ള നടപടി

മെക്കാനിക്കൽ വിഭാഗം സ്വീകരിച്ചുവരുന്നു. ഇലക്ട്രിക്കൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കി വരുന്നു.

**<u>കായലം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയിൽ കായലം, വാര്യാപാടം, പള്ളിത്താഴം, പുഞ്ചപ്പാടം എന്നീ മേഖലകൾ ഉൾകൊള്ളുന്ന പ്രദേശങ്ങളിൽ ജലസേചനം നടത്തുന്നതിലേയ്ക്കായിട്ടാണ് പദ്ധതി തയ്യാറാക്കി യിട്ടുണ്ടായിരുന്നത്. ഈ പദ്ധതിയിൽ പമ്പ് ഹൗസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കവണക്കല്ല് റെഗുലേറ്ററിന്റെ U/S റീറ്റെയ്നിങ് വാളിനോട് ചേർന്ന പുറമ്പോക്കിൽ ഉൾപ്പെട്ടതാണോയെന്ന് അറിയാത്ത സാഹചര്യത്തിൽ അതിർത്തി നിർണ്ണയിക്കുന്നതിന് മാവൂർ വില്ലേജ് ഓഫീസർക്ക് കത്ത് നൽകുകയും ആയതനുസരിച്ച് പുറമ്പോക്കിൽ ഉൾപ്പെട്ട സ്ഥലം നിലവിൽ അളന്ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കിണറും അനുബന്ധ കെട്ടിടവും നിർമ്മിക്കേണ്ട സ്ഥലം പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ച് ആയതുപ്രകാരം തയ്യാറാക്കിയ

എസ്റ്റിമേറ്റിനാണ് 2019-ൽ ഭരണാനുമതി ലഭിച്ചത് (നിലവിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതാണ്). എന്നാൽ ഭരണാനുമതി ലഭിച്ചശേഷം പ്രസ്തുത സ്ഥലം സ്വകാര്യ വ്യക്തികൾ വിട്ടുനൽകാൻ തയ്യാറാകാതെ വരികയും ചെയ്തു. തുടർന്ന് നടന്ന സംയുക്ത സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ സ്ഥലം കണ്ടെത്തിയെങ്കിലും സിസ്റ്റേൺ ടാങ്ക് നിർമ്മാണ പ്രവൃത്തിക്കായി അര സെന്റ് സ്ഥലം വിട്ട് നൽകുവാൻ തയാറാണെന്നുള്ള സമ്മതപത്രമാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കയ്യിൽനിന്നും ലഭ്യമായത്. എന്നാൽ സിസ്റ്റേൺ ടാങ്ക് സ്ഥാപിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 3/4 സെന്റ് വിസ്തീർണമുള്ള സ്ഥലം ആവശ്യമാണ് ഇതിനായി ആവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം അക്വയർ ചെയ്ത് കിട്ടാത്തതിലുള്ള കാലതാമസം കൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്. പ്രസ്തുത തടസ്സങ്ങൾ മാറിയതിനുശേഷം പുതിയ പ്രൊപ്പോസൽ തയ്യാറാക്കി പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ ശ്രദ്ധചെലുത്തുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അവലോകന യോഗങ്ങളും സംയുക്ത പരിശോധനകളും നടത്തിവരുന്നുണ്ട്.

**ജലവിഭവ വകുപ്പിന് ലഭിച്ച ബജറ്റ് വിഹിതം**

192 (997) **ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെയായി ജലവിഭവ വകുപ്പിന് ബജറ്റ് വിഹിതമായി ലഭിച്ച തുക എത്രയാണ്; വിശദമാക്കുമോ?

2021 മുതൽ നാളിതുവരെയായി ജലവിഭവ വകുപ്പിന് ബജറ്റ് വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും ഓരോ നിയോജക മണ്ഡലത്തിനും എത്ര തുക വീതം വകയിരുത്തിയെന്നും അറിയിക്കുമോ?

2021 മുതൽ നാളിതുവരെയായി ജലവിഭവ വകുപ്പിന് ബജറ്റ് വിഹിതമായി ലഭിച്ച തുക വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളും ഓരോ നിയോജക മണ്ഡലത്തിനും വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ടി ഫണ്ടിൽനിന്നും തുക അനുവദിക്കാൻ ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഏറനാട് മണ്ഡലത്തിലെ ടി ഫണ്ടിൽനിന്നും തുക അനുവദിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുറ്റ്യാടി-ളുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി**

193 (998) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നവും കാർഷിക മേഖലയിലെ ജലദൗർലഭ്യവും പരിഹരിക്കുന്നതിന് കുറ്റ്യാടി-ളുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കുന്നതിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ?

കുറ്റ്യാടി-ളുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കുന്നതിനുള്ള നടപടികളുമായി ബന്ധപ്പെട്ട് ളുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തുനിന്നും ആരംഭിക്കുന്ന 4.750 കി.മീറ്റർ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചു. കനാൽ ഭൂമി കയ്യേറ്റമുള്ളതായി പ്രസ്തുത സർവ്വെയിൽ കണ്ടെത്തിയിട്ടുണ്ട്. സർവ്വെ സ്കെച്ച് ലഭ്യമാകുന്ന മുറയ്ക്ക് കയ്യേറ്റം ഒഴിപ്പിച്ച് കനാൽ പുനരുദ്ധാരണത്തിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) മേൽ വിഷയത്തിൽ ഇറിഗേഷൻ റവന്യൂ വകുപ്പിന്റെ സംയുക്ത സർവേ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഇറിഗേഷൻ-റവന്യൂ വകുപ്പിന്റെ സംയുക്ത സർവ്വെ 23-12-2023-ന് പൂർത്തികരിച്ചു.

**രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

194 (999) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം കുട്ടനാട് പാക്കേജ് പൂർണ്ണമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

രണ്ടാം കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനനുസരിച്ച് രണ്ടാംഘട്ടം കുട്ടനാട് പാക്കേജ് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കുട്ടനാട് നിയോജക മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പല പുറംബണ്ട് നിർമ്മാണങ്ങളും ഇവയിൽ ഉൾപ്പെട്ടിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. പാടശേഖര സമിതിയുടെ അപേക്ഷ, ജനപ്രതിനിധികളുടെ ശിപാർശ എന്നിവ പരിഗണിച്ചും പാടശേഖത്തിന്റെ ശോചനീയാവസ്ഥ നേരിട്ട് പരിശോധിച്ചും അനുവദിക്കുന്ന തുകയ്ക്കുള്ളിൽ നടപ്പിലാക്കാൻ സാധിക്കുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**പറമ്പിക്കുളം-ആളിയാർ കരാർ**

195 (1000) **<u>ശ്രീ. കെ. ബാബു (നെന്മാറ)</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് 2023-24 വർഷത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

2023-24 ജലവർഷത്തിൽ കേരളത്തിന് ആവശ്യമായ ജലം പി.എ.പി.-യിൽനിന്ന് ലഭ്യമാക്കുന്നതിനായി നടപ്പ് ജലവർഷത്തിന്റെ തുടക്കം മുതൽ തന്നെ ഇറിഗേഷൻ വകുപ്പ് തമിഴ്നാടിന്റെ കോയമ്പത്തൂർ റീജിയൺ ചീഫ് എഞ്ചിനീയർക്ക് നിരവധി കത്തുകൾ നൽകിയിരുന്നു. കൂടാതെ ഇക്കാര്യത്തിൽ, സർക്കാർതലത്തിലും ഇടപെടലുകൾ നടത്തിയിരുന്നു.

19-10-2023 തീയതിയിൽ നടന്ന സംയുക്ത ജലക്രമീകരണ ബോർഡ് (JWRB) യോഗത്തിൽ കേരളം, ചിറ്റൂർ പ്രദേശത്തെ കൃഷി ആവശ്യത്തിനും കുടിവെള്ള ആവശ്യത്തിനുമായി ലഭ്യമാക്കേണ്ട ജലത്തിന്റെ കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ അവതരിപ്പിക്കുകയുണ്ടായി. എന്നാൽ കേരളം ആവശ്യപ്പെട്ട ജലം, നിലവിലെ വരൾച്ച സാഹചര്യം കണക്കിലെടുത്ത് ലഭ്യമാക്കാനാകില്ലെന്നും ഡാമുകളുടെ വൃഷ്ടിപ്രദേശത്ത് മഴ ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിന് ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാമെന്നും തമിഴ്നാട്

പ്രസ്തുത യോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ കേരളം തമിഴ്നാടിന്റെ ഈ സമീപനത്തോട് വിയോജിക്കുകയും പറമ്പിക്കുളം ജലസംഭരണിയിൽനിന്നും ആവശ്യമെങ്കിൽ ജലം ആളിയാർ ഡാമിൽ എത്തിച്ച് കേരളത്തിന് മണക്കടവിൽ ലഭ്യമാക്കണമെന്ന് ആവർത്തിച്ച് അഭ്യർത്ഥിക്കുകയുമുണ്ടായി. തുടർന്ന് തമിഴ്നാട് അനുകൂല സമീപനം സ്വീകരിക്കാത്തതുകൊണ്ട് ഇരുസംസ്ഥാനങ്ങളിലെയും സർക്കാരിനെ പ്രസ്തുത തീരുമാനം അറിയിച്ച് തുടർനടപടി കൈക്കൊള്ളാൻ യോഗം തീരുമാനിക്കുകയുണ്ടായി.

ഇതുപ്രകാരം ജലവിഭവവകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയിരുന്നുവെങ്കിലും നിലവിലെ വരൾച്ച സാഹചര്യം കണക്കിലെടുത്ത് ആവശ്യപ്പെട്ട തോതിലുള്ള ജലം ലഭ്യമാക്കാനാകില്ലെന്നും വൃഷ്ടി പ്രദേശത്തെ മഴ ലഭ്യതയ്ക്ക് അനുസരിച്ച് കേരളത്തിന് ജലം ലഭ്യമാക്കാമെന്നുമുള്ള നിലപാടാണ് തമിഴ്നാട് ആവർത്തിച്ച് സ്വീകരിച്ചുവരുന്നത്.

എന്നാൽ കേരളം ഈ നിർദ്ദേശത്തോട് വിയോജിക്കുകയും കേരളത്തിന് കരാർ പ്രകാരം ലഭ്യമാക്കേണ്ട ജലം മണക്കടവിൽ ആളിയാർ, അപ്പർ ആളിയാർ, കാടമ്പാറ സംഭരണികളിൽ നിലവിലുള്ള ജലം ഉപയോഗിച്ച് ലഭ്യമാക്കണമെന്നും കൂടാതെ ആവശ്യമെങ്കിൽ പറമ്പിക്കുളം ഡാമിൽനിന്നും വെള്ളം എത്തിച്ച് കരാർ വ്യവസ്ഥ പാലിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. നിലവിൽ കേരളം ആവശ്യപ്പെട്ട തോതിലുള്ള ജലം തമിഴ്നാട് ലഭ്യമാക്കുന്നില്ല.

കേരളത്തിന്റെ നിരന്തരമായ അഭ്യർത്ഥന തമിഴ്നാട് മാനിക്കാത്ത സാഹചര്യത്തിൽ കേരളത്തിന് കരാർ ലഭ്യമാക്കുന്നതിനുവേണ്ടി തമിഴ്നാടിന് എതിരെ ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനായി നിയമവിദഗ്ദ്ധരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ ഉപദേശപ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(ബി) എത്ര ടി.എം.സി. വെള്ളമാണ് സംസ്ഥാനത്തിന് ഇക്കഴിഞ്ഞ വർഷം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി കരാർ പ്രകാരം ചിറ്റൂർ പ്രദേശത്തെ കൃഷിക്കായി ഒരു ജലവർഷത്തിൽ 7250 എം.സി.എഫ്.ടി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ജലം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ആണ് അളന്നുനൽകേണ്ടത്. കഴിഞ്ഞ ജലവർഷത്തിൽ (2022-23) മണക്കടവിൽ ലഭ്യമായ (Realized quantity) ജലം 14471 എം.സി.എഫ്.ടി.-യും അംഗീകരിച്ചത് (Accepted quantity) 7686 എം.സി.എഫ്.ടി ജലവുമാണ്. കൂടാതെ നീരാറിൽനിന്നും 839 എം.സി.എഫ്.ടി. ജലവും ലഭ്യമായിട്ടുണ്ട്. ഈ കണക്കുകൾ 107-ാമത് സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്.

നടപ്പ് (2023-24) ജലവർഷത്തിൽ ജനുവരി ഒന്നാം ദ്വൈവാരം വരെ മണക്കടവിൽ ലഭ്യമായത് 3363 എം.സി.എഫ്.ടി. ജലമാണ്. ഇതേ കാലയളവിൽ കരാർ പ്രകാരം കേരളത്തിന് ലഭ്യമാകേണ്ടിയിരുന്ന ജലം 5200 എം.സി.എഫ്.ടി. ആണ്. 24-01-2024 തീയതി വരെ കേരളത്തിന് ലഭ്യമായ ജലം 3495 എം.സി.എഫ്.ടി. ആണ്. ഈ കണക്കുകൾ സംയുക്ത ജലക്രമീകരണ ബോർഡ് ആണ് അംഗീകരിക്കുന്നത്.

**പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

196 (1001) **ശ്രീ. കെ. കെ. രാമചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണ ചുമതല ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിർവ്വഹണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതിന് അനുമതി ലഭ്യമാക്കുന്നതിനും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ കാര്യാലയത്തിൽനിന്നും ഭരണാനുമതി നല്കുന്നതിലേയ്ക്കായി ലഭ്യമായ എസ്റ്റിമേറ്റ് സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ**

197 (1002) **ശ്രീ. എൻ. ഷംസുദ്ദീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണ്ണാർക്കാട് മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥയും അനുബന്ധമായി ചേർത്തിരിക്കുന്നു+.

**വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

198 (1003) **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് (മൈനർ, മേജർ) മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; അതിനുവേണ്ടി ചെലവാക്കിയ തുകയും നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതിയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് (മൈനർ, മേജർ) മുഖേന വാമനപുരം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും അതിനുവേണ്ടി ചെലവാക്കിയ തുകയും, നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**മീനച്ചിൽ നദീതട പദ്ധതിയ്ക്കുള്ള തുക**

199 (1004) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മീനച്ചിൽ നദീതട പദ്ധതിയുടെ പേരിൽ 2016-17 മുതൽ നാളിതുവരെ എത്ര തുക ഏതെല്ലാം പദ്ധതികൾക്കായി അനുവദിച്ചു; വിശദമാക്കാമോ?

മീനച്ചൽ നദീതട പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷത്തിൽ "4700-21-800-97" എന്ന ശീർഷകത്തിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മണ്ണെടുക്കുന്ന ഭാഗത്ത് സംരക്ഷണ ഭിത്തികെട്ടാൻ എന്തെല്ലാം പദ്ധതികളാണ് 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്; ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയാണ്?

വിവരം ശേഖരിച്ച് വരുന്നു.

(സി) ഇപ്രകാരം മാറ്റുന്ന മണ്ണ്/മണൽ ലേലത്തിൽ വിറ്റ് എത്ര തുക സർക്കാരിന് ലഭിച്ചു; വിവരങ്ങൾ ലഭ്യമാക്കാമോ?

മീനച്ചൽ നദിയിൽ മൂന്നിലവ് ചെക്ക് ഡാമിന്റെ മുകൾ ഭാഗത്ത് അടിഞ്ഞ് കൂടിയ മണ്ണ്/മണൽ കലർന്ന നിക്ഷേപം E-Auction നടത്തി 31.83 ലക്ഷം രൂപ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്.

**കടലുണ്ടി പുഴയുടെ കര സംരക്ഷണ പ്രവൃത്തി**

200 (1005) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭ, തിരൂരങ്ങാടി നഗരസഭ എന്നിവിടങ്ങളിൽ കടലുണ്ടിപ്പുഴയുടെ കര സംരക്ഷണവുമായി ബന്ധപ്പെട്ട് നൽകിയ നിവേദനങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിവേദനങ്ങളിൻമേൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രവൃത്തികളുടെ മുൻഗണന അനുസരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മേഖലയിലെ ഏതെങ്കിലും നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത മേഖലയിൽ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി ലഭിച്ചിട്ടില്ല.

**പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്ന പ്രവൃത്തി**

201 (1006) <u>ശ്രീ. ജി. എസ്. ജയലാൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ കായലിലെ മണൽ കൂനകൾ നീക്കം ചെയ്യുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പരവൂർ കായലിലെ മണൽ തിട്ട നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കോഴിക്കോട് കല്ലായി പുഴയുടെ ആഴം കൂട്ടുന്ന പദ്ധതി**

202 (1007) **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കല്ലായി പുഴ ആഴം കൂട്ടുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

കോഴിക്കോട് കല്ലായി പുഴയുടെ ആഴം കൂട്ടുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കല്ലായി പുഴയിലെ കടുപ്പിനി മുതൽ കോതി വരെയുള്ള 4.20 കി.മി. വരുന്ന ഭാഗത്ത് ചെളിയും മറ്റും നീക്കം ചെയ്യുന്നതിന് കോഴിക്കോട് കോർപ്പറേഷൻ 7.90 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി 'Desilting of Kallai river from Kaduppini to Kothi in Kozhikode Corporation' എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) എങ്കിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി ആദ്യം ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും കരാറുകാരിൽനിന്നും പ്രതികരണം ലഭിക്കാത്തതിനെ തുടർന്ന് റീ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റീ-ടെണ്ടറിൽ കരാറുകാരൻ quote

ചെയ്ത നിരക്ക് അധികരിച്ചതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിന് സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് കോഴിക്കോട് നോർത്ത് സർക്കിൾ കാര്യാലയത്തിൽനിന്നും 3 തവണ റീ-ടെണ്ടർ ചെയ്തതിൽ 2 തവണ കരാറുകാർ ആരും തന്നെ പങ്കെടുത്തില്ല. മൂന്നാമത്തെ തവണ ടെണ്ടർ ചെയ്തതിൽ കരാറുകാരൻ quote ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ 216.11% അധികരിച്ച നിരക്ക് ആയതിനെ തുടർന്ന്, റീ-ടെണ്ടർ ചെയ്യുന്നതിന് വീണ്ടും നിർദ്ദേശം നൽകിയതനുസരിച്ച് 23-01-2024-ന് കോഴിക്കോട് നോർത്ത് സർക്കിൾ കാര്യാലയത്തിൽനിന്നും വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്.

**ചാലക്കുടി പുഴയുടെ സംരക്ഷണത്തിനായി സംയോജിത നദീതട പ്ലാൻ**

203 (1008) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അന്തർസംസ്ഥാന ജലം പങ്കിടുന്ന ചാലക്കുടിപ്പുഴയിൽ സംയോജിത നീർത്തട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ നദികളുടെയും സംയോജിത ജലപദ്ധതികൾ/മാസ്റ്റർ പ്ലാനുകൾ വികസിപ്പിച്ച് അതിലെ ഓരോ നദീതട സംവിധാനങ്ങൾക്കും സംയോജിത ജലവിഭവ മാനേജ്മെന്റ് മാതൃക (ഐ.ഡബ്ല്യൂ.ആർ.എം.) സംസ്ഥാനത്തിനകത്ത് നടപ്പിലാക്കുന്നതിനായി, River Basin Conservation and Management Authority (RBCMA) രൂപീകരിക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ച് വരികയാണ്.

(ബി) ചാലക്കുടി പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നദികളിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിന് സമഗ്രമായ സാധ്യത വിലയിരുത്തൽ ആവശ്യമാണ്. Hydrological parameters, നിർദ്ദിഷ്ട സൈറ്റിന്റെ ഭൂപ്രകൃതിയും ഭൂസാങ്കേതിക വശവും (topographical and geotechnical) വിലയിരുത്തുക, പാരിസ്ഥിതികവും സാമൂഹികവുമായ

ആഘാതം വിലയിരുത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിയമപരമായ നിയന്ത്രണങ്ങൾ പാലിക്കൽ, cost-benefit ratio വിശകലനം, കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളുടെ പരിഗണന, എന്നിവ നിർണ്ണായക ഘടകങ്ങളാണ്. ഈ സാങ്കേതിക, പാരിസ്ഥിതിക, സാമൂഹിക-സാമ്പത്തിക ഘടകങ്ങളെ അഭിസംബോധന ചെയ്യുന്ന ഒരു സമഗ്രമായ സാധ്യതാപഠനത്തിനുശേഷം മാത്രമേ കൂടുതൽ തടയണ നിർമ്മിച്ച് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

നിലവിൽ മേലൂർ-പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടി പുഴയിൽ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിന് 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ investigation പ്രവൃത്തി പൂർത്തീകരിച്ച് IDRB Design പ്രകാരം 720 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ DPR ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിനുമേൽ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**അഷ്ടമുടി കായലിലെ തുരുത്തുകൾ നീക്കം ചെയ്യുന്നതിന് നടപടി**

204 (1009) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ സമീപ പ്രദേശങ്ങളിൽ അഷ്ടമുടി കായലിൽ പുതുതായി തുരുത്തുകൾ രൂപപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബോട്ടുകളുടെയും വള്ളങ്ങളുടെയും സഞ്ചാരത്തിന് വിഘാതമായി നിൽക്കുന്ന ഇത്തരം തുരുത്തുകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

അഷ്ടമുടി കായലിലെ മണൽത്തിട്ടകൾ നീക്കുന്നതിനായി Expression of Interest വിളിക്കുന്നതിനായുള്ള പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പൂന്തുർ പുഴയുടെ സംരക്ഷണം**

205 (1010) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൂനൂർ പുഴയുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കുന്നത് പരിഗണിക്കുമോ?

(എ&ബി) പൂനൂർപുഴയുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികളൊന്നും പരിഗണനയിൽ ഇല്ല. പൂനൂർപുഴയുടെ പ്രളയപ്രതിരോധ സാധ്യതാപഠനം CWRDM മുഖേന നടത്തിയിട്ടുണ്ട്. ആയതിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**തൃശ്ശൂർ ജില്ലയിൽ പൊതു കുളങ്ങളുടെ നവീകരണം**

206 (1011) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിലെ പൊതുകുളങ്ങളുടെ നവീകരണത്തിനായി പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുകുളങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽനിന്നും പൊതുകുളങ്ങളുടെ നവീകരണത്തിനായി ലഭിച്ച പ്രൊപ്പോസലുകൾ, ഭരണാനുമതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുകുളങ്ങളുടെ നവീകരണത്തിനായി താഴെപ്പറയുന്ന പ്രൊപ്പോസലുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

1. കോടതി കുളത്തിന്റെ സംരക്ഷണഭിത്തി നിർമ്മാണവും നവീകരണവും ഉൾപ്പെടുന്ന പ്രവൃത്തി - Rs.75,00,000 (PRICE ID-IRR/IA/EST/3485/2023-5-11)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ഇരിഞ്ഞ കുളത്തിന്റെ സംരക്ഷണ ഭിത്തി നിർമ്മാണവും നവീകരണവും ഉൾപ്പെടുന്ന പ്രവൃത്തി - RS.77,20,000 (PRICE ID-IRR/IA/EST/3485/2023-5-21)

**ചീപ്പുകളുടെ നവീകരണം**

207 (1012) **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23-ലെ സംസ്ഥാന ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ കെച്ചേരിപ്പുഴയിലുള്ള മുക്കോല ചീപ്പ്, കൊച്ചിൻ ഫ്രോണ്ടിയർ തോടിലെ കണ്ടപ്പൻ, മുക്കന്തറ ചീപ്പുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) മണ്ണുപരിശോധന നടന്നെങ്കിലും തുടർനടപടികളൊന്നും നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി നടപ്പാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന മുക്കോല ചിറയുടെ urgent maintenance വർക്കിനായി 7,40,000/- രൂപ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്. ചിറയിൽനിന്നും വെള്ളം ഉപയോഗപ്പെടുത്തി കൃഷി നടക്കുന്നതിനാൽ ടി പ്രവൃത്തി നിലവിൽ മന്ദഗതിയിലാണ് നടക്കുന്നത്. കൊയ്ത്ത് അവസാനിച്ചതിനുശേഷം ഫെബ്രുവരി മാസത്തോടുകൂടി പ്രവൃത്തി ദ്രുതഗതിയിൽ നടത്തുന്നതായിരിക്കും. നിലവിൽ പലക ശരിയായ രീതിയിൽ ഇടുന്നതിനുവേണ്ട നവീകരണ പ്രവൃത്തി ചിറയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തി കഴിഞ്ഞതിനുശേഷം പുതിയ ചിറ നിർമ്മിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ വർക്ക് നടത്തുന്നതിന് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

കൊച്ചിൻ ഫ്രോണ്ടിയർ തോടിലെ മുക്കത്ര, കണ്ടപ്പൻ ചീപ്പുകളുടെ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2021-22-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ എന്ന ഇനത്തിൽ

അനുബന്ധം II വാല്യം II ഇനത്തിൽ പേജ് No.132, ക്രമ No.2236 ആയി 100 രൂപ ടോക്കൺ പ്രൊവിഷനോട് കൂടി "എളവള്ളി ഗ്രാമപഞ്ചായത്തിലെ മുക്കോല, മുക്കത്ത്രെ കണ്ടപ്പൻ സ്ളൂയിസ്സ് നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. ഇതിൽ കണ്ടപ്പൻ, മുക്കത്ത്രെ ചീപ്പുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതുണ്ട്. കണ്ടപ്പൻ, മുക്കത്ത്രെ എന്നീ 2 ചീപ്പുകളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി (മുക്കത്ത്രെ ചീപ്പ് 4,80,000/- രൂപ, കണ്ടപ്പൻ ചീപ്പ് - 5,60,000/- രൂപ) – ലഭിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രവൃത്തികൾ പുരോഗതിയിലാണ്. 30-01-2024 വരെയാണ് ഇവയുടെ പൂർത്തീകരണ കാലാവധി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായാലുടൻ കണ്ടപ്പൻ, മുക്കത്ത്രെ എന്നീ 2 ചീപ്പുകളുടെ നിർമ്മാണത്തിനുള്ള structural design-ന് വേണ്ടി ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിക്കുന്നതും design

ലഭ്യമായാലുടൻ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

208 (1013) **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തി, മൈനർ ഇറിഗേഷൻ വകുപ്പിനെ നിർമ്മാണ ചുമതല ഏൽപ്പിച്ച മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിൽ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിലേക്ക് എപ്പോൾ സമർപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുബന്ധം 2 വാല്യം 2, സ.ഉ (സാധാ) നം.3311/2022/FIN തീയതി 30-04-2022 പ്രകാരം

ഭേദഗതി വരുത്തി ക്രമ നമ്പർ 2915 ആയി ഉൾപ്പെടുത്തിയ മലമ്പുഴ മണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം പുനർനിർമ്മാണത്തിനായി സർക്കാർ 4 കോടി രൂപ അടങ്കൽ തുകയായി വകയിരുത്തുകയും 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചെല്ലൻകാവ് ഏരിയയുടെയും തോടിന്റെയും പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനായി സ്ഥലം പരിശോധിച്ച് മണ്ണ് പര്യവേഷണം, സർവ്വെ എന്നിവയിലൂടെ കണ്ടെത്തിയ വിവരങ്ങൾ ഐ.ഡി.ആർ.ബി., തിരുവനന്തപുരം കാര്യാലയത്തിലേയ്ക്ക് ഡിസൈൻ തയ്യാറാക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണം**

209 (1014) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് കേന്ദ്ര ജല കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശവും പ്രസ്തുത രേഖയുടെ പകർപ്പും ലഭ്യമാക്കുമോ?

പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ DPR 2011-ൽ എംപവേർഡ് കമ്മിറ്റിയിൽ (Empowered Committee) സമർപ്പിച്ചിരുന്നു. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. (പുതിയ നിരക്കിൽ) പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുല്ലപ്പെരിയാർ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രഗതി ലാബ്സ് മുഖാന്തരം പാരിസ്ഥിതികാഘാത പഠനത്തിന്റെ മൂന്ന് കാലാവസ്ഥകളിലുമുള്ള പഠനം നടത്തുകയും കരട് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രളയം ഉണ്ടാകുമ്പോൾ അടിയന്തര കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനായി കേന്ദ്ര ജല കമ്മീഷന്റെ കൈവശമുള്ള മാപ്പ് സംസ്ഥാനത്തിന് കൂടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ കാര്യത്തിൽ ജല കമ്മീഷന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

മുല്ലപ്പെരിയാർ ഡാമിന്റെ അടിയന്തര കർമ്മ പദ്ധതി സംസ്ഥാന അതിർത്തി വരെ (Upstream portion) തമിഴ്നാട് ജലവിഭവ വകുപ്പ് തയ്യാറാക്കുകയും കേന്ദ്ര ജലകമ്മീഷന് മുമ്പാകെ 2022 മെയ് മാസം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 10-10-2022 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt) No.912/2022/WRD പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ അടിയന്തര കർമ്മ പദ്ധതി (EAP) (Kerala Part) തയ്യാറാക്കുന്നതിനായി രൂപീകൃതമായ കമ്മിറ്റിയുടെ 13-06-2023-ൽ കൂടിയ യോഗത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ Upstream & Downstream ഭാഗങ്ങൾക്കുള്ള അടിയന്തര കർമ്മ പദ്ധതി (EAP) കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും ദേശീയ ഡാം സുരക്ഷാ ചട്ടം 2021-നും വിധേയമായി ഡാമിന്റെ മേൽനോട്ടവും പരിപാലനവും നിർവ്വഹിച്ചുവരുന്ന തമിഴ്നാട് ജലവിഭവ വകുപ്പാണ് തയ്യാറാക്കേണ്ടതെന്ന് തീരുമാനിക്കുകയുണ്ടായി.

മുല്ലപ്പെരിയാർ ഡാമിന്റെ Flood Inundation Map, നേരത്തെ തന്നെ കേന്ദ്ര ജലകമ്മീഷൻ തയ്യാറാക്കിയിരുന്നെങ്കിലും 2018-ൽ കേരളത്തിൽ ഉണ്ടായ പ്രളയത്തിൽ പ്രസ്തുത റിപ്പോർട്ടിൽനിന്നും വ്യതിയാനങ്ങൾ

ഉണ്ടായിരുന്നതിനെതുടർന്ന്, 2018 പ്രളയത്തിന്റെ അനുഭവത്തിലും അടിസ്ഥാനത്തിലും പ്രസ്തുത Flood Inundation Map പരിഷ്കരിച്ച് നൽകണമെന്ന് നിലവിൽ കേരളം കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര ജലകമ്മീഷനിൽ പുരോഗമിച്ചുവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര കർമ്മ പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകിക്കൊണ്ട് മുല്ലപ്പെരിയാർ ഡാമിന്റെ അടിയന്തര കർമ്മപദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്. അടിയന്തര കർമ്മപദ്ധതികൾ (Downstream Portion) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച ആവശ്യം ഇനി നടക്കാനിരിക്കുന്ന സൂപ്പർവൈസറി യോഗത്തിൽ ചർച്ച ചെയ്യാമെന്ന് കേന്ദ്ര ജലകമ്മീഷൻ അറിയിച്ചിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെട്ടതും കേരള സംസ്ഥാന വൈദ്യുതി ബോർഡ് (KSEB) മേൽനോട്ടവും പരിപാലനവും വഹി

ക്കുന്നതുമായ കേരള ഷോളയാർ ഡാമിന്റെ അടിയന്തര കർമ്മപദ്ധതി കേന്ദ്ര ജലകമ്മീഷൻ തയ്യാറാക്കി നൽകിയ Flood Inundation Map-ന്റെ അടിസ്ഥാനത്തിൽ KSEB തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പറമ്പിക്കുളം ആളിയാർ പദ്ധതികളിൽ ഉൾപ്പെട്ടതും തമിഴ്നാട് ജലവിഭവ വകുപ്പ് മേൽനോട്ടവും പരിപാലനവും നടത്തുന്നതുമായ ആളിയാർ ഡാം, തിരുമൂർത്തി ഡാം, തമിഴ്നാട് ഷോളയാർ ഡാം എന്നിവിടങ്ങളിൽ കേരള സംസ്ഥാന അതിർത്തിവരെ അടിയന്തര കർമ്മ പദ്ധതി തമിഴ്നാട് ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

കേരള സംസ്ഥാനത്തേക്ക് വ്യാപിച്ച് കിടക്കുന്ന പ്രസ്തുത ഡാമുകളുടെ പ്രദേശങ്ങളിൽക്കൂടി അടിയന്തര കർമ്മ പദ്ധതി തയ്യാറാക്കാനായി കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഡാമിന്റെ മേൽനോട്ടവും പരിപാലനവും വഹിക്കുന്ന തമിഴ്നാട് ജലവിഭവ വകുപ്പ് തയ്യാറാക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് ഡാമുകളായ പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, ലോവർ നീരാർ, അപ്പർ നീരാർ

എന്നിവിടങ്ങളിലും നിലവിൽ സംസ്ഥാന അതിർത്തി വരെ അടിയന്തര കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുള്ള ആളിയാർ ഡാം, തിരുമൂർത്തി ഡാം, തമിഴ്നാട് ഷോളയാർ ഡാം എന്നിവിടങ്ങളിലും Flood Inundation Map കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി പരിഷ്കരിച്ച് നൽകണമെന്ന് കേരളം കേന്ദ്രജലകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത Flood Inundation Map ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തര കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഡാമിന്റെ മേൽനോട്ടവും പരിപാലനവും നടത്തുന്ന തമിഴ്നാട് ജലവിഭവവകപ്പിന് കൈമാറി പൂർത്തീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്.

കേരളത്തിന്റെ ഈ ആവശ്യം 19-10-2023 തീയതിയിൽ നടന്ന സംയുക്ത ജല ക്രമീകരണ ബോർഡിൽ ഉന്നയിക്കുകയും തമിഴ്നാട് ഇത് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തമിഴ്നാടിന്റെ നിയന്ത്രണത്തിലുള്ള പറമ്പിക്കുളം ഡാമിൽ റൂൾ കർവ് പാലിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്ന

സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് കേന്ദ്ര ജല കമ്മീഷൻ പ്രസ്തുത നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതുപ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഐ.എം.ഡി.-യുടെ മഴയുടെ വിവരങ്ങൾ, ഡിസ്ചാർജ് വിവരങ്ങൾ, ജലസംഭരണികളിലെ ഇൻഫ്ലോ/ഔട്ട്ഫ്ലോ ഡാറ്റാ എന്നിവയുടെ വിശകലനത്തിനുശേഷം ഹൈഡ്രോളജിക്കൽ സ്റ്റഡീസ് ഓർഗനൈസേഷൻ, ഹൈഡ്രോളജി (സൗത്ത്) ഡയറക്ടറേറ്റ്, Kerala Floods of August 2018 എന്ന റിപ്പോർട്ടിൽ 200 MCM-ൽ കൂടുതൽ സംഭരണശേഷിയുള്ള ജലസംഭരണികൾക്ക് റൂൾ കർവ് രൂപപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയിൽ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെടുന്നതും മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നതുമായ പറമ്പിക്കുളം ഡാം ഉൾപ്പെടുന്നു. ഇത് പരിഗണിച്ച് പറമ്പിക്കുളം ഡാമിന്റെ റൂൾ കർവ് രൂപപ്പെടുത്തണമെന്ന്, ഡാമിന്റെ മേൽനോട്ടവും പരിപാലനവും നടത്തുന്ന തമിഴ്നാട് ജലവിഭവ വകുപ്പിനോട് കേരളം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് നടന്ന സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിലും ഈ ആവശ്യം

ആവർത്തിക്കുകയുണ്ടായി. നിലവിൽ 19-10-2023 തീയതിയിൽ ഏറ്റവും ഒടുവിൽ നടന്ന സംയുക്ത ജലക്രമീകരണ ബോർഡ് യോഗത്തിൽ തമിഴ്നാട് അറിയിച്ചത് കേന്ദ്ര ജലകമ്മീഷന് മുമ്പാകെ തമിഴ്നാട് അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന റൂൾ കർവ്വിലെ പോരായ്മകൾ പരിഹരിക്കാനായി തിരികെ നൽകുകയും അതനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പരിഷ്കരിച്ച റൂൾ കർവ് വീണ്ടും കേന്ദ്ര ജലകമ്മീഷന് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി എന്നാണ്. പ്രസ്തുത യോഗത്തിൽ നടപടികൾ വേഗത്തിലാക്കി കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾ കർവ് എത്രയുംവേഗത്തിൽ കേരളത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തമിഴ്നാട് ഇത് അംഗീകരിക്കുകയുണ്ടായി.

**നെന്മാറ മണ്ഡലത്തിലെ ഡാമുകളിലെ മണലെടുപ്പ്**

210 (1015) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിൽ നിന്നാണ് മണലെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലെ മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിൽനിന്ന് ഡീസിൽസ്റ്റേഷൻ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിൽ ഏതൊക്കെ ഡാമുകളിൽ നിന്നാണ് നിലവിൽ മണലെടുത്തുകൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ?

മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽസ്റ്റഷൻ പ്രവൃത്തി നടന്നുവരുന്നുണ്ട്.

(സി) മണലെടുപ്പ് നടത്തുന്ന പൊതുമേഖല സ്ഥാപനം/ഏജൻസി എത്ര ശതമാനം തുകയാണ് ഇറിഗേഷൻ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ചുള്ളിയാർ ഡാമിന്റെയും മീങ്കര ഡാമിന്റെയും ഡീസിൽസ്റ്റേഷൻ പ്രവൃത്തി യഥാക്രമം KIIDC-നും KEMDEL-നും നൽകുകയും 01-07-2021-ലെ High Level Empowered Committee-യോഗ തീരുമാന പ്രകാരം ചുള്ളിയാർ ഡാമിൽ KIIDC നടത്തുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ Revenue Sharing 90:10 (Government.&KIIDC) ആയും മീങ്കര ഡാമിൽ KEMDEL നടത്തുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ Revenue Sharing 75:25 (Government. & KEMEDL) ആയും നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ KIIDC, KEMDEL എന്നിവർ ഒരോമാസത്തെയും വരുമാനത്തിന്റെ 1/12 ഭാഗം ജലസേചന വകുപ്പിന്റെ റിസർവോയർ മെയിന്റനൻസ് ഫണ്ടിലേക്ക് അടയ്ക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

**നെയ്യാർ ഡാം നവീകരണം**

**211 (1016) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിന്റെ സംഭരണ ശേഷിയെ ബാധിക്കുന്ന തരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കം ചെയ്യുന്നതിന്

പദ്ധതിയുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയുടെയും മണ്ണിന്റെയും അളവ് പരിശോധിക്കുന്നതിലേയ്ക്കായി 2019-ൽ KERI PEECHI മുഖേന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെയ്യാർഡാമിൽ 2021 മുതൽ നടന്നുവരുന്നതും അനുമതി ലഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദവിവരം, അടങ്കൽത്തുക, നിർമ്മാണ പുരോഗതി, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ?

നെയ്യാർഡാമിൽ 2021 മുതൽ നടന്നുവരുന്നതും അനുമതി ലഭിച്ചതുമായ പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടിട്ടുണ്ട്+.

(സി) പ്രസ്തുത ഡാമിലെ പിക്നിക്ക് ഹാൾ വർഷങ്ങളായി അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെയ്യാർ ഡാമിൽ പ്രവർത്തിച്ചുവരുന്ന പിക്നിക്ക് ഹാളിനെ ഒരു മ്യൂസിയം ആക്കി മാറ്റുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ആയതിലേയ്ക്കുള്ള പാർട്ടീഷൻ വാൾസ്, ഷെൽഫ്സ്, പ്രദർശനത്തിനായുള്ള ഉപകരണങ്ങൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഒരു ഡാമിന്റെ വർക്കിംഗ് മോഡൽ നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നെയ്യാർഡാം കേന്ദ്രമാക്കി ഐ.ഡി.ആർ.ബി.-യുടെ സഹായത്തോടെ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) നെയ്യാർഡാമിൽ പുതിയ പാലം മുതൽ ചെറുപ്പണ വരെയുള്ള ഭാഗത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ടൂറിസം ഫണ്ടിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ പ്രസ്തുത ഭാഗം PWD Electrical wing മുഖാന്തരം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ളുതപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം

212 (1017) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്തിലെ മുണ്ടോർശ്ശിക്കടവിൽ ളുതപ്പുഴയ്ക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം (സർക്കാർ കത്ത് നമ്പർ - എം.ഐ 2/30/2022/ജ.വി.വ) എന്ന പ്രവൃത്തിയുടെ ഫയൽ 30-03-2022-ലെ വർക്കിംഗ് ഗ്രൂപ്പിൽ വച്ച് പാസ്സാക്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) പാസ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ മുണ്ടോർശ്ശിക്കടവിൽ ളുതപ്പുഴയ്ക്ക് കുറുകെ ചെക്ക്ഡാം നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 30-03-2023-ൽ നടന്ന അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി ഭരണാനുമതി നല്കാൻ തീരുമാനിച്ചുവെങ്കിലും ടോക്കൺ പ്രോവിഷൻ മാത്രമുള്ളതിനാൽ അനുവദിച്ചിട്ടില്ല.

**കടലുണ്ടിപ്പുഴയുടെ സംരക്ഷണഭിത്തി നിർമ്മിക്കാൻ നടപടി**

213 (1018) <u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ ഒതുക്കുങ്ങൽ പഞ്ചായത്തിലെ മറ്റത്തൂർ ചേക്കത്തിയിൽ പ്രളയാനന്തരം തകർന്ന കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണ ഭിത്തി ആർ.എം.എഫ്-ൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ ഒതുക്കുങ്ങൽ ഗ്രാമ പഞ്ചായത്തിലെ നാലാം വാർഡിൽ മറ്റത്തൂർ ചേക്കത്തിയിൽ പ്രദേശത്ത് പാറമ്മൽ തേർമണ്ണക്കടവിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ RMF ജില്ലാ സബ് കമ്മിറ്റി 30-10-2019-ൽ സ്ഥലം സന്ദർശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 17.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ബി) പ്രസ്തുത ആവശ്യം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ഫണ്ട് അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി ഇപ്പോൾ RMF സ്റ്റേറ്റ് കമ്മിറ്റിയുടെ പരിഗണനയിലാണുള്ളത്.

**പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണ ഭിത്തി**

214 (1019) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിൽ ജലവിഭവ വകുപ്പ് സെക്രട്ടറി (ഫയൽ നം. ഇ-6014102/ഐ.ആർ.2) നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി

നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ IR2/50/2023/WRD നമ്പർ ഫയലിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് അനന്തര നടപടികൾക്കും റിപ്പോർട്ടിനുമായി അയച്ചുകൊടുത്തിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത വിഷയത്തിൽ ചീഫ് എഞ്ചിനിയർ (ഐ & എ) എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ചീഫ് എഞ്ചിനിയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ആവശ്യമായ ഫണ്ടും ഭരണാനുമതിയും എത്രയുംവേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നല്കിയ അപേക്ഷ (6989/വി.ഐ.പി/എം(ഡബ്ല്യൂ.ആർ)/2022) തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്കും എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്കും അടിയന്തര നടപടി സ്വീകരിക്കുന്നതിന് 05-06-2023-ന് ഇ-മെയിൽ മുഖേന നല്കുകയുണ്ടായി. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് "Urgent side protection works to the left bank of Periyar river near Kuttamassery in Ward No.5 of Keezhmad Panchayath" എന്ന പ്രവൃത്തിയ്ക്കായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. മേൽ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധം-II ആയി ചേർക്കുന്നു+.

**വെള്ളൂർ തോടിന് സൈഡ് പ്രൊട്ടക്ഷൻ**

215 (1020) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിൽ വെള്ളൂർ തോടിന്റെ സൈഡ് പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കി (ഐആർആർ/1എ/ഇഎസ് ടി/2571/23) ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയിലെ വെള്ളൂർ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയുടെ 48.30 ലക്ഷം രൂപയുടെ ഡി.പി.ആർ. സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നുവെങ്കിലും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തി അനുയോജ്യമായ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. ആയതുപ്രകാരം 2023-24 വർഷത്തെ എഫ്.ഡി നോൺ പ്ലാൻ പ്രവർത്തികളുടെ മുൻഗണനാലിസ്റ്റിൽ ക്രമ നം. 26 ആയി ടി പ്രവൃത്തിയുടെ 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നല്കാൻ

സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാവുന്നതാണ്.

**പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി**

216 (1021) **ശ്രീ. അൻവർ സാദത്ത്:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കാപ്പിലങ്ങാട് റോഡിന് സമീപം പെരിയാർ നദീതീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ ചീഫ് എഞ്ചിനിയർ (ഐ &എ) (ഫയൽ നം.സി.ഇ.ഐ.എ/647/2022/ഡബ്ല്യു4) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ?

ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കാപ്പിലങ്ങാട് റോഡിന് സമീപം പെരിയാർ നദീതീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന

അപേക്ഷയിൽ "Urgent side protection works to the right bank of Periyar river near Kappilangad Road in Ward No. 15 of Chengamanad Panchayat”എന്ന പ്രവൃത്തിക്കായി 13.70 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽവിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

**അച്ചൻകോവിലാറിന് സംരക്ഷണഭിത്തി**

217 (1022) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ വാർഡ് 7 കല്ലുവളയം പള്ളിക്കുസമീപം അച്ചൻകോവിലാറിന്റെ തീരത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതിയുടെ ഭരണാനുമതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലെ വാർഡ് 7 കല്ലുവളയം സെന്റ് തോമസ് ചർച്ചിന് സമീപം അച്ചൻകോവിലാറിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരത്ത് സംരക്ഷണഭിത്തി കെട്ടുന്നതിനുവേണ്ടി 2023-24-ൽ 20% പ്രൊവിഷൻ ഉൾപ്പെടുത്തിയ പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനായി 4.6 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഡിസൈൻ പൂർത്തീകരിച്ച് പ്രവൃത്തിയുടെ DPR ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചാലിയാർ പുഴയ്ക്ക് സൈഡ് പ്രൊട്ടക്ഷൻ**

218 (1023) <u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ കൂടി ഒഴുകുന്ന ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞുപോയ ഭാഗങ്ങളിൽ സൈഡ് പ്രൊട്ടക്ഷൻ വേണമെന്നാവശ്യപ്പെട്ട് 2021 മുതൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ ഏറനാട് മണ്ഡലത്തിൽ കൂടി ഒഴുകുന്ന ചാലിയാർ പുഴയുടെ തീരം ഇടിഞ്ഞുപോയ ഭാഗങ്ങളിൽ സൈഡ് പ്രൊട്ടക്ഷൻ വേണമെന്നാവശ്യപ്പെട്ട് 2021 മുതൽ 26 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 12 എണ്ണത്തിന് എസ്റ്റിമേറ്റ് PRICE-3-യിൽ തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കിയ എസ്റ്റിമേറ്റുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) അവയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി എത്ര അപേക്ഷകളിൽ ഭരണാനുമതി നല്കിയിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ ഒന്നിനും ഭരണാനുമതി നൽകിയിട്ടില്ല. ഫണ്ട് ലഭ്യതയും പ്രവൃത്തികളുടെ മുൻഗണനയനുസരിച്ചും പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പുഴകളുടെ കരകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതി**

219 (1024) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജസ്, ആർ.എം.എഫ്., എസ്.ഡി.ആർ.എഫ്., ആർ.കെ.ഐ. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജസ്, ആർ.എം.എഫ്., എസ്.ഡി.ആർ.എഫ്., ആർ.കെ.ഐ. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികളുടെ പട്ടിക അനുബന്ധം-I ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിൽ പുഴകളുടെ വശങ്ങൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ അനുബന്ധം-II ആയി ചേർക്കുന്നു+. ഫണ്ടിന്റെ ലഭ്യതയും പ്രവർത്തിയുടെ മുൻഗണനയും പരിഗണിച്ച് പ്രവർത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

### പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി

220 (1025) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിലെ ചൂണ്ടയിൽ പ്രദേശത്ത് പുഴയുടെ സൈഡ് കെട്ടുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏഴാം വാർഡിൽ ചൂണ്ടയിൽ അഞ്ചരക്കണ്ടി പുഴയുടെ ഇടതുകര കെട്ടി സംരക്ഷണം നൽകുന്നതിന് മട്ടന്നൂർ നിയോജകമണ്ഡലം നവകേരള സദസിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ജിനീഷ് എന്നവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 150 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഏകദേശം 90.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

മട്ടന്നൂർ മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗത്തിന് കീഴിൽ പുഴയുടെ സൈഡ് കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

**കുറ്റ്യാടി പുഴയോരം സംരക്ഷിക്കുന്നതിന് നടപടി**

221 (1026) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി പുഴയോരം ഇടിയുന്നത് തടയുന്നതിനായി വേളം, തുരുവള്ളൂർ, കുറ്റ്യാടി, മണിയൂർ ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കുറ്റ്യാടി പുഴയോരം ഇടിയുന്നത് തടയുന്നതിനായി വേളം, തുരുവള്ളൂർ, കുറ്റ്യാടി, മണിയൂർ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ പ്രവൃത്തികൾ ഒന്നുംതന്നെ നടന്നുവരുന്നില്ല.

**തീരശോഷണം തടയാൻ നടപടി**

222 (1027) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അറുപത് ശതമാനത്തോളം കടൽതീരങ്ങളും ശോഷണത്തിലാണെന്നത് പരിശോധിച്ചിട്ടുണ്ടോ?

576 കിലോമീറ്ററിലധികം നീളം വരുന്ന കടൽത്തീരമുള്ള സംസ്ഥാനമാണ് കേരളം. NCCR (National Centre for Coastal Research) 1990-2016 കാലയളവിൽ കേരള കടൽത്തീരത്തിന്റെ Assessment

നടത്തിയതുപ്രകാരം കേരളത്തിലെ കടൽത്തീരത്തിന്റെ 45% ശോഷിച്ചുകൊണ്ടിരിക്കുകയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ വൻതോതിലുള്ള തീരശോഷണത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി ആഗോളതലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കേരളതീരത്തും സ്വാധീനം ചെലുത്തുന്നുണ്ട്. ആവർത്തിച്ച് രൂപപ്പെടുന്ന ചുഴലിക്കാറ്റുകളും ശക്തമായ തിരമാലകളും തീരമേഖലയിൽ കൂടുതൽ നാശനഷ്ടങ്ങൾക്ക് കാരണമാകുന്നു. ഇന്ത്യയിലെ ഇതര തീരപ്രദേശങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളതീരത്തെ തിരമാലകളുടെ ശക്തി (high Energy dissipating waves) വളരെ കൂടുതലാണ്. ഇതുകൊണ്ടുതന്നെ തീരശോഷണം തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്നു. പരമ്പരാഗതമായി നിർവ്വഹിച്ചുവരുന്ന തീരസംരക്ഷണ മാർഗ്ഗങ്ങൾകൊണ്ട് തീരശോഷണം തടയാൻ കഴിയാതെയാകുകയും നിലവിലെ കടൽഭിത്തികൾക്ക് വലിയ നാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിന്റെ കടൽത്തീരം മറ്റ്

സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടുതലുള്ള പ്രദേശമാണ്. ആയതുകൊണ്ടുതന്നെ മാനുഷിക ഇടപെടലുകളും തീരശോഷണം തുടർച്ചയാകുന്നതിന് കാരണമാകുന്നുണ്ട്.

(സി) തീരശോഷണം ആവാസ വ്യവസ്ഥയെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

തീരശോഷണം ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. കേരളത്തിന്റെ കടൽത്തീരത്തിന്റെ സമഗ്രമായ പരിപാലനത്തിനും സംരക്ഷണത്തിനുമായി Shore Line Management Plan (SLMP) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തീരസംരക്ഷണം ഉറപ്പാക്കാൻ എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കടൽത്തീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവരശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം നടത്തി, തീരസംരക്ഷണ

പ്രവൃത്തികൾക്കുള്ള രൂപകൽപ്പന നടത്തിയതിനുശേഷമാണ്, ജലസേചനവകുപ്പ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്. ഇക്കാര്യത്തിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈ, NCCR, ചെന്നൈ എന്നിവരുടെ സഹകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.

കടൽഭിത്തി നിർമ്മാണം, പുലിമുട്ട് (ഗ്രോയിൻ) നിർമ്മാണം, കടൽഭിത്തിയും പുലിമുട്ടുകളുടെ ശൃംഖലയും ചേർന്ന സംരക്ഷണഭിത്തി നിർമ്മാണം, പരീക്ഷണാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ അടുക്കിയുള്ള തീരസംരക്ഷണം തുടങ്ങിയവയാണ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ. വിശദമായ പഠനത്തിന് വിധേയമാകുന്ന കടൽതീരത്തിന്റെ ഘടനയുടെയും സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് വിവിധ തീരസംരക്ഷണ പ്രവൃത്തികൾ site specific ആയി നിർദ്ദേശിച്ച് വരുന്നത്. ഇതുപ്രകാരം കഠിനമായ/മൃദുവായ ഇടപെടലുകളോ (Hard/Soft solutions) അവയുടെ സമ്മിശ്രമായ ഇടപെടലുകളോ ഡിസൈൻ പ്രകാരം നിർദ്ദേശിക്കുന്നു. ശക്തമായ തീരശോഷണം നേരിടുന്ന കേരളതീരത്തെ

പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് (കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ) പ്രത്യേകമായും കേരളതീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് തീരസംരക്ഷണത്തിനുള്ള ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ നടപടി**

223 (1028) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തലപ്പാടി റോഡിൽ ഈസ്റ്റ് ദേശം പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് 07-01-2022-ൽ നൽകിയ നിവേദനത്തിൽ (ഫയൽ നം:സി.ഇ.ഐ.എ./647/2022/ഡബ്ല്യ4) ചീഫ് എഞ്ചിനീയർ (ഐ&എ) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ആലുവ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തലപ്പാടി റോഡിൽ ഈസ്റ്റ് ദേശം പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് 07-01-2022-ന് നൽകിയ നിവേദനം (5353/VIP/M(WR)/2022) തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി നൽകുകയുണ്ടായി. "Urgent side protection works to the right bank of Periyar river near East desom, Thalappilly road in Ward No.15 of Chengamanad panchayath" എന്ന

പ്രവൃത്തിക്കായി 28.8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**പെരിയാർ നദിയിലെ കുട്ടിയ്ക്കൽ കടവ് സംരക്ഷിക്കുന്നതിന് നടപടി**

224 (1029) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരിയാർ നദിയിലെ കുട്ടിയ്ക്കൽ കടവ് സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കണമെന്ന 12-02-2022-ലെ അപേക്ഷയിന്മേൽ ചീഫ് എഞ്ചിനിയർ (ഐ &എ) (ഫയൽ നം.സി.ഇ ഐഎ/1405/2022/ഡബ്ല്യൂ4) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടും ഭരണാനുമതിയും എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

പെരിയാർ നദിയിലെ കുട്ടിക്കൽ കടവ് സംരക്ഷിക്കണമെന്ന 12-02-2022-ലെ അപേക്ഷ (6375/വിഐപി/എം (ഡബ്ല്യൂ.ആർ)/2022) തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ

കാര്യാലയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി നൽകുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ " Removal of accumulated silt and extension of Koottikkal kadavu near Thiruvairanikkulam temple in Ward No.12 of Sreemoolanagaram panchayath"എന്ന പ്രവൃത്തിക്കായി 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും അനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**തിരൂർ പുഴ സൈഡ് കെട്ടി സംരക്ഷിക്കുന്ന പദ്ധതി**

225 (1030) **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ പുഴ സൈഡ് കെട്ടി സംരക്ഷിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന വിശദ വിവരം ലഭ്യമാക്കുമോ?

തിരൂർ പുഴയുടെ സംരക്ഷണത്തിനായി തയ്യാറാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്നും അറിയിക്കുമോ?

തിരൂർ പുഴയുടെ സംരക്ഷണത്തിനായി മേൽ പ്രവർത്തികൾക്കായി ഏകദേശം 973.6 ലക്ഷം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(സി) നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച 'നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ റീജുവനേഷൻ ഓഫ് പൊല്യൂട്ടഡ് റിവേഴ്സ് ' എന്ന പ്രവൃത്തി ആരംഭിക്കുന്നത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

തിരൂർ പുഴ സൈഡ് കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി NGT പദ്ധതിയിൽ ഉൾപ്പെടുത്തി "General-National Green Tribunal-Rejuvenation of Polluted rivers-Tirur-Ponnanipuzha-30.10 ലക്ഷം രൂപ"- എന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**സുസ്ഥിര തീരസംരക്ഷണത്തിനായുള്ള പദ്ധതികളുടെ പുരോഗതി**

226 (1031) **ശ്രീ. വി. ആർ. സുനിൽകുമാർ:**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:**
**ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടലാക്രമണവും തീരശോഷണവുംമൂലം തീരദേശവാസികൾ നേരിടുന്ന അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഹ്രസ്വകാല, ദീർഘകാല തീരസുരക്ഷാ പ്രവൃത്തികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടലാക്രമണവും തീരശോഷണവുംമൂലം തീരവാസികൾ നേരിടുന്ന അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിനായും കടൽത്തീര സംരക്ഷണത്തിനായും കടൽക്ഷോഭം കൊണ്ടുള്ള നാശ നഷ്ടങ്ങൾ കുറക്കുന്നതിനായും ജലസേചന വകുപ്പ് നിരവധി പ്രവൃത്തികൾ ആസൂത്രണം ചെയ്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

ദീർഘകാല സുരക്ഷാ പ്രവൃത്തികൾ

കേരളത്തിന്റെ തീരപ്രദേശത്ത് മുൻകാലങ്ങളെ അപേക്ഷിച്ച് കടൽക്ഷോഭം, രൂക്ഷമായ കടലാക്രമണം തുടങ്ങിയവ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അറബിക്കടലിൽ ഉണ്ടാകുന്ന ആവർത്തിച്ചുള്ള ചുഴലിക്കാറ്റാണ് തീരദേശ ശോഷണത്തിന്റെ ആഘാതം വർദ്ധിപ്പിച്ചത്. 1990 മുതൽ 2016 വരെ ഇന്ത്യൻ തീരത്തെ മാറ്റങ്ങളെക്കുറിച്ച് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) നടത്തിയ വിലയിരുത്തൽ പ്രകാരം കേരളത്തിന്റെ ഏകദേശം 45% തീരവും ശോഷിച്ചുകൊണ്ടിരിക്കുകയാണ്. തീരസംരക്ഷണം ലക്ഷ്യമിട്ട് ജലസേചന വകുപ്പ് വർഷങ്ങളായി നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രകൃതിദത്ത തീരസംരക്ഷണം ഇല്ലാത്ത പ്രദേശങ്ങളിൽ CWPRS പൂനെ, ഐ.ഐ.ടി. ചെന്നൈ തുടങ്ങിയ സ്ഥാപനങ്ങൾ നൽകിയ അനുയോജ്യമായ രൂപകല്പനകൾ ഉപയോഗിച്ചാണ് ഗ്രോയ്നുകളും കടൽഭിത്തികളും പോലുള്ള ഘടനകൾ നിർമ്മിച്ചിരിക്കുന്നത്. അനുയോജ്യമായ മറ്റ് സ്ഥലങ്ങളിൽ ഗ്രാനൈറ്റ് കല്ലുകൾ ഉപയോഗിച്ച് തീരസംരക്ഷണ നടപടികൾ നടപ്പിലാക്കി

വരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുടെയും ഫലമായുണ്ടാകുന്ന തീരദേശ ശോഷണം ഫലപ്രദമായി ലഘൂകരിക്കുന്നതിന് സ്ഥിരമായ ദീർഘകാല സുരക്ഷാ പ്രവൃത്തികൾ, tetropod ഉപയോഗിച്ച് കൊണ്ടും മറ്റുമുള്ള, ഹൈബ്രിഡ് രീതിയിലുള്ള പരിഹാര മാർഗ്ഗങ്ങൾ ആവശ്യമാണ്. ആയതിനായി, വകുപ്പിന്റെ ഐ.ഡി.ആർ.ബി.-യുടെ (IDRB) കീഴിലുള്ള കെ.ഇ.ആർ.ഐ.(KERI)-യിൽനിന്ന് ലഭ്യമായ തീരദേശ ഡാറ്റായുടെ സഹായത്തോടെ, കേരളത്തിലെ ഒമ്പത് തീരദേശ ജില്ലകളിലെ അടിയന്തര ഇടപെടൽ ആവശ്യമുള്ള ദുർബല പ്രദേശങ്ങൾ ജലസേചന വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ഈ പ്രദേശങ്ങൾ, ഹോട്ട്സ്പോട്ടുകൾ/മുൻഗണനാ സ്ഥലങ്ങൾ എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR)-മായി ധാരണാപത്രം ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ, NCCR വിദഗ്ദ്ധർ, മുൻഗണനാക്രമത്തിലുള്ള പത്ത് സൈറ്റുകൾക്കുള്ള പരിഹാരങ്ങൾക്കായും ഡിസൈൻ തയ്യാറാക്കുന്നതിനുമായി തുടർച്ചയായി തീരശോഷണമുണ്ടാകുന്ന ഈ പ്രദേശത്തിലെ പ്രസക്തമായ വിവരങ്ങൾ (data collection)

ശേഖരിച്ച് സൊല്യൂഷൻ/ഡിസൈൻ നൽകി വരികയാണ്. അത്തരത്തിലെ തീരസംരക്ഷണ നടപടികളിലൂടെ എറണാകുളം ജില്ലയിലെ ചെല്ലാനം കടൽത്തീരത്തിൽ നടപ്പിലാക്കിയ ആദ്യഘട്ട തീരസംരക്ഷണ പ്രവർത്തനങ്ങൾ മാതൃകാപരമാണ്.

<u>ഹ്രസ്വകാല സുരക്ഷാ പ്രവൃത്തികൾ</u>

കേരളത്തിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭം തീരശോഷണം കൂടാതെ ജനങ്ങളുടെ സ്വത്തിനും ജീവനും വരെ വൻതോതിൽ ഭീഷണി ഉയർത്തുന്നവയാണ്. ആയതുകൊണ്ടുതന്നെ ജലസേചനവകുപ്പ് നിലവിലുള്ള കടൽ ഭിത്തികളുടെ പരിപാലനത്തിന് പ്രാധാന്യം കൊടുത്തുവരുന്നു. കടൽ ഭിത്തികളുടെ ഘടനാപരമായ തകരാറുകൾ കുറച്ച് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കടൽ ഭിത്തികളുടെയും ഗ്രോയിനുകളുടെയും നവീകരണപ്രവൃത്തികളും ജിയോബാഗും കല്ലും ഉപയോഗിച്ചുള്ള കടൽഭിത്തികളുടെയും പുലിമുട്ടുകളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങളും പ്ലാൻ, നോൺ പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) സുസ്ഥിര തീരസംരക്ഷണം ഉറപ്പാക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ പുരോഗതി വ്യക്തമാക്കുമോ?

2021-22 വർഷത്തിൽ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സാമ്പത്തിക സഹായമായി 1,500 കോടി രൂപ ദുർബല പ്രദേശങ്ങളിലെ തീരസംരക്ഷണത്തിനായി പ്രത്യേകം നീക്കിവച്ചിരുന്നു. ആയതിൽനിന്നുമാണ് ചെല്ലാനത്തെ ആദ്യഘട്ട തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയത്.

ഹോട്ട്സ്പോട്ട് പദ്ധതികളിൽ Solution ലഭിച്ചവയുടെ സ്റ്റാറ്റസ് ചുവടെ ചേർക്കുന്നു.

- Ernakulam District-Chellanam-Chellanam-Damaged sunken sea wall (coastal protection of 10 km stretch) and construction of two groins was arranged using KIIFB assistance- (Source of fund) -State's Comprehensive protection for entire coastal area.-Proposal for Rs 320.00 Cr for PHASE II

- Thiruvananthapuram District-Coastal protection measures at (Kollemkode) Pozhiyur -Thiruvananthapuram District- amount- Rs.51.00 Cr
- Thiruvananthapuram District –Samudra beach to Poonthura pozhi in Construction of seawall using tetrapods (Panathurakkara)- Proposal Amount- Rs.70.00 Cr
- Thiruvananthapuram-Sankhumugham-DPR amounting Rs 71.5 Cr
- Kollam-Alappad-reformation of damaged sea walls using tetrapods- (Source of fund -DPR under scrutiny for KIIFB assistance). Proposal Amount- Rs.172.50 Cr
- Alappuzha-Ottamasery-AS accorded for Rs. 79 Cr.-Work Ongoing executed by KIIDC Kozhikkode-Kappad- DPR under preparation.

WORLD BANK-ൽനിന്നും തീരസംരക്ഷണത്തിനുള്ള വിവിധപദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായുള്ള പുലിമുട്ടുകളുടെയും കടൽഭിത്തികളുടെയും നിർമ്മാണത്തിന് ഡിസൈനുകൾ തയ്യാറാക്കി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; വിശദീകരിക്കുമോ?

കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടില്ല. ശക്തമായ തീരശോഷണം നേരിടുന്ന കേരളതീരത്തെ പ്രധാനപ്പെട്ട ഹോട്ട്സ്പോട്ട് പ്രദേശങ്ങളെക്കുറിച്ച് പ്രത്യേകമായും കേരളതീരത്തെക്കുറിച്ച് പൊതുവിലും പഠിച്ച് സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസ്സസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് " എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് കടലാക്രമണത്തിനിരയാകുന്ന തീരപ്രദേശങ്ങൾ മുൻഗണനാക്രമത്തിൽ പഠനത്തിന് വിധേയമാക്കി

ഡിസൈൻ അനുസരിച്ചുള്ള നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. CWPRS പൂനെ, ഐ.ഐ.ടി. ചെന്നൈ, NCCR തുടങ്ങിയ സ്ഥാപനങ്ങൾ നൽകിയ അനുയോജ്യമായ രൂപകല്പനകൾ ഉപയോഗിച്ച് IDRB തയ്യാറാക്കിയ ഡിസൈനുകൾക്ക് അനുസൃതമായാണ് നിലവിൽ തീരസംരക്ഷണ നിർമ്മിതികൾ നടപ്പിലാക്കിയിരിക്കുന്നത്.

(ഡി) തീരസംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ലോക ബാങ്കിൽനിന്നും കേരളത്തിന്റെ തീരസംരക്ഷണത്തിനുള്ള വിവിധപദ്ധതികൾക്ക് ധനസഹായം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ തീരസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വേൾഡ് ബാങ്ക് പ്രോഗ്രാം ഫോർ റിസൾട്ട്സ് (P for R) എന്ന പദ്ധതിയുടെ കീഴിൽ വരുന്ന അഡീഷണൽ ഫിനാൻസ് (AF) പദ്ധതിയിലെ DLI 10-ന് കീഴിലാണ് നടപ്പിലാക്കുന്നത്. DLI 10-ന്റെ പ്രധാന

ലക്ഷ്യം സംസ്ഥാനത്തിന് ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP) തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്യുക എന്നതാണ്. നിലവിൽ തീരദേശ മാനേജ്മെന്റ് പ്ലാൻ (SMP-K) രൂപീകരണം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

**കടൽഭിത്തി പുനർനിർമ്മാണം**

227 (1032) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിലെ 2820 മീറ്റർ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. നാളിതുവരെ 1352 മീറ്റർ ഭിത്തിയുടെ പുനർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ആകെ പ്രവൃത്തിയുടെ 48% പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. 19-02-2024-ന് പൂർത്തീകരണ കാലാവധി അവസാനിക്കുന്നതോടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ കടൽഭിത്തി പുലിമുട്ട് നിർമ്മാണം**

228 (1033) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പുലിമുട്ട്, കടൽഭിത്തി നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി വട്ടച്ചാൽ, പതിയങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 4.90 കി. മി. നീളത്തിൽ ₹87.66 കോടി രൂപയുടെ പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ കെ.ഐ.ഐ.ഡി.സി. (KIIDC) മുഖേന നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു+. നെല്ലാനിക്കൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രദേശത്തെ പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് കിഫ്ബിയുടെ നിർദ്ദേശപ്രകാരം ബാത്തിമെട്രി സർവ്വേ എടുക്കുകയും ആഴത്തിലുള്ള മാറ്റംമൂലം പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വരുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ചെന്നൈ ഐ.ഐ.ടി.-യുടെ പുതുക്കിയ ഡിസൈൻ കൂടി ലഭിച്ചാൽ ഉടൻതന്നെ പുതുക്കിയ എസ്റ്റിമേറ്റ് പൂർത്തീകരിച്ച്, ആയതിന് അനുമതി നൽകി മാർച്ച് മാസത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇനി കടൽഭിത്തി, പുലിമുട്ട് നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളതെന്നും ഈ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ട് പുഴ പഞ്ചായത്തുകളിലെ തീര പ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ആയത് അനുബന്ധം - 2 ആയി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ലോക ബാങ്കിന്റെ ധനസഹായത്തോടെ പ്രസ്തുത പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന കടലാക്രമണ പ്രതിരോധ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(സി&ഡി) വേൾഡ് ബാങ്കിന്റെ സഹായത്തോടെ പ്രവൃത്തികൾ ഒന്നും തന്നെ നടക്കുന്നില്ല.

**പരപ്പനങ്ങാടി തീരപ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണം**

229 (1034) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശങ്ങളിൽ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ തീരപ്രദേശങ്ങളിൽ നിലവിൽ പുലിമുട്ട് നിർമ്മാണ പ്രവൃത്തികൾ ഒന്നുംതന്നെ പരിഗണനയിലില്ല. പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല.

**കടൽഭിത്തി നിർമ്മാണം**

230 (1035) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് അത്താണിക്കൽ, തോപ്പയിൽ, വെള്ളയിൽ പ്രദേശത്ത് പുതിയ കടൽഭിത്തി കെട്ടുന്നതിനും തകർന്നവ പുനർനിർമ്മിക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് ജില്ലയിലെ അത്താണിക്കൽ, തോപ്പയിൽ, വെള്ളയിൽ പ്രദേശത്ത് പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. തകർന്നവ പുനർനിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അഴിക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ പ്രവൃത്തികൾ**

231 (1036) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴിക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ ഏതെങ്കിലും പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

അഴിക്കോട് മണ്ഡലത്തിൽ ജലസേചന വകുപ്പിന്റെ കീഴിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

232 (1037) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ, നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡൈവേർഷൻ പദ്ധതിയുടെ പ്രവർത്തനം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

10-02-2020 തീയതിയിലെ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠനം നടത്തുന്നതിന് ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർറെഗുലേഷൻ (JWR)-നെ കോഓർഡിനേറ്ററായി തീരുമാനിച്ചുകൊണ്ട് ഒരു 14 അംഗ ടീമിനെ ചുമതലപ്പെടുത്തിയിരുന്നു.

ജലസേചന മേഖലകളിലെ പദ്ധതികൾക്കായി പര്യവേഷണത്തിന് വേണ്ടി പാലക്കാട് കേന്ദ്രമാക്കി IDRB ചീഫ് എഞ്ചിനീയറുടെ പ്രവർത്തന നിയന്ത്രണത്തിൽ ഇൻവെസ്റ്റിഗേഷൻ ഫോർ വാട്ടർ റിസോഴ്സ് (IWR) ഡിവിഷൻ കാര്യാലയം രൂപീകരിച്ച സാഹചര്യത്തിൽ സീതാർകുണ്ട് പദ്ധതിയുടെ മുൻകൂർ സാധ്യതാപഠനം പ്രസ്തുത കാര്യാലയത്തിലേയ്ക്ക് കൈമാറുകയുണ്ടായി. തുടർന്ന് IWR പാലക്കാട് ഡിവിഷൻ സീതാർകുണ്ട് പദ്ധതിയുടെ മുൻകൂർ സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കി KERI ഡയറക്ടർ

മുഖേന IDRB ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

IWR ഡിവിഷൻ IDRB ചീഫ് എഞ്ചിനീയറുടെ പ്രവർത്തന നിയന്ത്രണത്തിലായതിനാലും ഇറിഗേഷൻ വകുപ്പിലെ പര്യവേഷണവും രൂപ കൽപനയും IDRB ചീഫ് എഞ്ചിനീയറുടെ കീഴിലായതിനാലും സീതാർകുണ്ട് പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ടിന്മേൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി സീതാർകുണ്ട് പദ്ധതി പ്രായോഗികമാണോ അല്ലയോ എന്ന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി പുതുക്കിയ ഉത്തരവ് തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് കാർഷിക മേഖലയ്ക്കുണ്ടാവുന്ന ഗുണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല.

(സി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

വിശദമായ സാധ്യതാ പഠനം പൂർത്തിയായതിനുശേഷം മാത്രമേ പദ്ധതി ആരംഭിക്കുന്നതിനെക്കുറിച്ച് വിശദാംശങ്ങൾ അറിയാൻ സാധിക്കുകയുള്ളൂ.

**ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ബാരലിന്റെ ചോർച്ച**

233 (1038) **ശ്രീ. ആന്റണി ജോൺ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഇഞ്ചൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ബാരലിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബാരലിന്റെ ചോർച്ച തടയുന്നതിനായി തയ്യാറാക്കിയ 12.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിലും അനുബന്ധ രേഖകളിലും എടുത്തിട്ടുള്ള തുടർ നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭ്യമാക്കി അടിയന്തരമായി ചോർച്ച തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയ്ക്ക് 21-01-2024-ലെ Order No.CEIA/6055/2023-DB2(W2) പ്രകാരം 12.80 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നൽകിയിട്ടുണ്ട്.

**ഞവരൂർ കടവിലെ ട്രാക്ടർ ബ്രിഡ്ജ് നിർമ്മാണം**

234 (1039) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഇത്തിക്കര ഞവരൂർ കടവിൽ ആറിനുകുറുകെ ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള (ഫയൽ നമ്പർ-ഐ ആർ/7398131) നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കടവിൽ ട്രാക്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഞവരൂർ കടവിൽ ട്രാക്ടർ ബ്രിഡ്ജും ചെക്ക് ഡാമും (റഗുലേറ്റർ കം ബ്രിഡ്ജ്) നിർമ്മിക്കുന്നതിനായിട്ടാണ് ആദ്യം പദ്ധതി രൂപീകരിച്ചിരുന്നത്. ടി പ്രവൃത്തി 2020-21-ലെ ബഡ്ജറ്റ് വാല്യം-11-ൽ ക്രമ നം.461 (ഇത്തിക്കര പാലത്തിനുസമീപം തടയണ) ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സ്ഥലം എം.എൽ.എ സന്ദർശനം നടത്തുകയും ഇതിന്റെ താഴ്ഭാഗത്തായി ഒരു ചെക്ക് ഡാം നിർമ്മാണം നടത്തേണ്ടി വരുന്നതിനാൽ ടി സ്ഥലത്ത് ഒരു റഗുലേറ്റർ ആവശ്യമില്ലായെന്നും പകരം ഇത്തിക്കരയാറിന്റെ ഇരുകരകളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു പാലം നിർമ്മിക്കണമെന്നും അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ റഗുലേറ്ററിന്റെ ഡിസൈൻ മാറ്റി പാലത്തിന്റെ ഡിസൈൻ ആക്കി തുടർ നടപടികൾ കൈക്കൊള്ളുന്നതിന് ബഡ്ജറ്റിലെ ക്രമ നം.461 ആയ റഗുലേറ്റർ എന്ന പ്രവൃത്തിക്ക് പകരം ബ്രിഡ്ജ് എന്നാക്കി പുനർനാമകരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൂടാതെ പ്രവൃത്തിയിൽ

പാലം പണി മാത്രം ഉൾപ്പെടുത്തുന്നതിനാൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണോ എന്നതിന്മേൽ തുടർനിർദ്ദേശം നൽകുന്നതിനുമായി പ്രൊപ്പോസൽ IR2/365/2023/ജവിവ നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ച് വരികയാണ്.

**കനാൽ റോഡുകളുടെ അറ്റകുറ്റപ്പണി**

235 (1040) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കനാലുകളുടെ ഇരുവശങ്ങളിലെയും കൈവരികൾ, കൽകെട്ടുകൾ, പാലങ്ങൾ തുടങ്ങിയവ തകർന്നുകിടക്കുന്നതിനാൽ അവയുടെ അറ്റകുറ്റപണികൾ അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൂർണമായും പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ വാർഷിക പദ്ധതിയിൽ (നോൺ പ്ലാൻ) ഉൾപ്പെടുത്തി അനുവദിക്കുന്ന തുക വേനൽക്കാല ജലവിതരണത്തിന്റെ മുന്നോടിയായി

കനാലുകളിലെ കാട് വെട്ടുന്നതിനും അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനുമാണ് ഉപയോഗിക്കുന്നത്. ആയത് കനാൽ പൂർണ്ണമായി വൃത്തിയാക്കുന്നതിന് അപര്യാപ്തമാണ്. കനാലുകൾ, കനാൽ നിർമ്മിതികൾ എന്നിവയുടെ പൂർണ്ണമായ പുനഃരുദ്ധാരണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 430.28 കോടി രൂപയുടെ ഡി.പി.ആർ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) തെൻമല, കരവാളൂർ, അഞ്ചൽ എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനാൽ റോഡുകളിൽ അടിയന്തര അറ്റകുറ്റപ്പണി നടത്തേണ്ട പ്രദേശങ്ങൾ ഏതൊക്കെ എന്ന് കണ്ടെത്തിയിട്ടുണ്ടോ; ജനസാന്ദ്രത ഉള്ളതും അടിയന്തര അറ്റകുറ്റപ്പണി നടത്തേണ്ടതുമായ പ്രദേശങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

കരവാളൂർ പഞ്ചായത്തിലൂടെ കെ.ഐ.പി. വക കനാൽ റോഡ് 20.22 കി.മീറ്ററും അഞ്ചൽ പഞ്ചായത്തിൽ 1.78 കി.മീറ്ററുമാണുള്ളത്. അവിടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതായുണ്ട്. വലതുകര കനാലിന്റെ ബണ്ട്

റോഡിലും തകരാറുകൾ സംഭവിച്ചിട്ടുണ്ട്. ഒറ്റക്കൽ വിയർ മുതൽ സത്രം ജംഗ്ഷൻ വരെയും (ഏകദേശം 5 കി.മി.) ഇടമൺ മുതൽ കറവൂർ അക്വാഡക്റ്റ് വരെയുള്ള (ഏകദേശം 8 കി.മി.) ബണ്ട് റോഡുകളും അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതാണ്. കരവാളൂർ, അഞ്ചൽ എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കനാൽ റോഡുകൾ പുന:രുദ്ധാരണം നടത്തേണ്ടത് ആവശ്യമാണ്. അഞ്ചൽ പുനലൂർ റോഡിൽ കനാൽ ജംഗ്ഷനിൽനിന്നും മണലിൽ ഭാഗത്തേക്ക് ഏകദേശം 3 കി.മീ. കനാൽ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ആവശ്യമായി വന്നിരിക്കുകയാണ്.

**ആമയിഴഞ്ചാൻ തോടിന് കുറുകെയുള്ള നെല്ലിക്കുഴി പാലം നിർമ്മാണം**

236 (1041) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിന് കുറുകെ നെല്ലിക്കുഴി പാലം നിർമ്മിക്കുന്നതിന് മേജർ ഇറിഗേഷൻ വകുപ്പിന്റെ

അനുമതി നേടിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ തോടിന്റെ നീരൊഴുക്കിനെ തടസ്സപ്പെടുത്തി വെള്ളപ്പൊക്കത്തിന് കാരണമാകുന്ന രീതിയിൽ അശാസ്ത്രീയമായ പാലം നിർമ്മാണത്തിന് ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആമയിഴഞ്ചാൻ തോടിൽ നെല്ലിക്കുഴി ഭാഗത്ത് തോടിനുകുറുകെ പാലം പണിയുന്നതിനായി കേരളാ ടൂറിസം വകുപ്പ് എൻ.ഒ.സി.-ക്ക് അപേക്ഷ നൽകുകയും അപേക്ഷയോടൊപ്പം സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺഹില്ലിന്റെ അധീനതയിലുള്ള Translational Research and Professional Leadership Centre തയ്യാറാക്കി നൽകിയ 50 year return കാലാവധിയുള്ള High Flood Level Report-ന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ ഡിസൈനും സമർപ്പിച്ചിരുന്നു. ആയത് വിശദമായി പരിശോധിച്ചതിനുശേഷം തിരുവനന്തപുരം ഇറിഗേഷൻ സൗത്ത് സർക്കിൾ, സൂപ്രണ്ടിംഗ് എൻജിനീയറുടെ കാര്യാലയത്തിൽനിന്നും

എൻ.ഒ.സി. നൽകിയിട്ടുണ്ട്. (എൻ.ഒ.സി.-യുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+).

(സി) വെള്ളമൊഴുകുന്നതിന് ബദൽ മാർഗ്ഗം ഒരുക്കാതെ അശാസ്ത്രീയമായി നടത്തുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് ഇറിഗേഷൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതിനും മുമ്പേ തോടിലൂടെയുള്ള ജലം ഒഴുകുന്നതിനായി ബദൽ മാർഗ്ഗം നടപ്പിലാക്കണമെന്ന് എൻ.ഒ.സി. നൽകുമ്പോൾ തന്നെ ടൂറിസം വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. ഒക്ടോബർ മാസത്തിൽ ആമയിഴഞ്ചാൻ തോടിൽ വെള്ളപ്പൊക്കം ഉണ്ടായപ്പോൾ തന്നെ പാലത്തിന്റെ നിർമ്മാണ സമയത്ത് നിർമ്മിച്ച ബണ്ടുകൾ അടിയന്തരമായി മാറ്റുന്നതിന് കരാർ കമ്പനിക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ഡി-ഷട്ടറിംഗ് (De-shuttering) പ്രവൃത്തികൾ അടിയന്തരമായി ചെയ്യുന്നതിനും ബണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിനും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദേശം നൽകുകയുണ്ടായി. നിലവിൽ ഡി-ഷട്ടറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് നടപടികൾ**

237 (1042) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതുപ്രകാരം തോടുകളിലും നീർച്ചാലുകളിലും അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നുണ്ട്. ജലാശയങ്ങളിൽനിന്നും നീക്കം ചെയ്യുന്ന എക്കലുപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം, ഉയരംകൂട്ടൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതുമൂലം വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനും ജലനിർഗ്ഗമനം സുഗമമാക്കുന്നതിനും സാധിക്കുന്നു.

(ബി) കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് വിവിധ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടി കിടക്കുന്ന മണ്ണും എക്കലും നീക്കം ചെയ്യുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിന് പ്ലാൻ പദ്ധതി, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ജലാശയങ്ങളിലെയും തോടുകളിലെയും എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നു. എക്കൽ ഉപയോഗിച്ച് പാടശേഖരത്തിന്റെ പുറംബണ്ട് സംരക്ഷണവും ഉയരം കൂട്ടലും നടപ്പിലാക്കിവരുന്നു.

**മൈനർ, മേജർ, ഇറിഗേഷൻ പ്ലാൻ-നോൺപ്ലാൻ ഇനത്തിൽ ഭരണാനുമതി**

238 (1043) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം അങ്കമാലി നിയോജകമണ്ഡലത്തിന് മൈനർ, മേജർ, ഇറിഗേഷൻ പ്ലാൻ നോൺപ്ലാൻ

ഇനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം-I-ആയി ചേർക്കുന്നു+.

(ബി) 2022-23, 2023-24 സാമ്പത്തിക വർഷം എറണാകുളം ജില്ലയിൽ മൈനർ, മേജർ വിഭാഗത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലമടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു+.

(സി) ചീഫ് എഞ്ചിനീയർക്ക് അടിയന്തര പ്രാധാന്യത്തോടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ നൽകിയ, IRR/IA/EST/7056/2022-311, IRR/IA/EST/7056/2022-321, IRR/IA/EST/6806/2023-511, IRR/IA/EST/7462/2022-511, IRR/IA/EST/4608/2023-543, IRR/IA/EST/3370/2022-52726, IRR/IA/EST/4025/2022-543,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

IRR/IA/EST/3370/2022-587, IRR/IA/EST/4608/2023-521, IRR/IA/EST/6373/2022-543 എന്നീ പ്രൈസ് ഐ.ഡി.-കളിലെ എസ്റ്റിമേറ്റുകളിൽ എതെല്ലാമാണ് പരിഗണിച്ചതെന്ന് വ്യക്തമാക്കാമോ?

**വിശദാംശങ്ങൾ അനുബന്ധം III-ആയി ചേർക്കുന്നു+.**

**ബാക്കിക്കയം റെഗുലേറ്ററിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്**

239 (1044) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിലെ ബാക്കിക്കയം റെഗുലേറ്ററിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചുമതല ഇറിഗേഷൻ വകുപ്പിനെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിരുന്നോ;

(ബി) പ്രസ്തുത തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**(എ&ബി) മലപ്പുറം ജില്ലയിലെ ബാക്കിക്കയം റെഗുലേറ്റർ പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ കുടിവെള്ളപദ്ധതികൾക്കായി ജലനിധിയുടെ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണ്. റെഗുലേറ്ററിന്റെ ഉടമസ്ഥാവകാശം ജലസേചനവകുപ്പിന് ലഭിച്ചിട്ടില്ലാത്തതിനാൽ ജലസേചനവകുപ്പിന്റെ ഫണ്ടുപയോഗിച്ച് ബാക്കിക്കയം റഗുലേറ്ററിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് പ്രവൃത്തികൾ നിർവഹിക്കാനാവില്ലെന്നും റെഗുലേറ്ററിന്റെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയെതന്നെ ഏൽപ്പിക്കുന്നതാവും ഉചിതമെന്നും അറിയിച്ചുകൊണ്ട് ബാക്കിക്കയം റെഗുലേറ്ററിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് സർക്കാർതലത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

240 (1045) **ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാമ്പത്തിക അനുമതിയ്ക്കായി സമർപ്പിച്ച കടുത്തുരുത്തി മണ്ഡലത്തിലെ ചേർപ്പുങ്കൽ ചെമ്പിളാവ് റെഗുലേറ്റർ-കം-

ബ്രിഡ്ജ് പദ്ധതിയുടെ ഡി.പി.ആർ.-ന്റെ അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയിൽനിന്ന് സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഡി.പി.ആർ.-ന്റെ അപ്രൈസൽ റിപ്പോർട്ട് തയ്യാറാക്കുന്നത് കിഫ്ബിയുടെ അപ്രൈസൽ വിംഗ് ആയ സി.എം.ഡി.ആണ്. പ്രസ്തുത പദ്ധതിയുടെ DPR, KIIFB-ക്ക് പോർട്ടൽ വഴി 12-04-2018-ൽ സമർപ്പിച്ചിരുന്നു. തുടർന്ന് KIIDC, ജലസേചന വകുപ്പ് കിഫ്ബിയുടെ അപ്രൈസൽ വിംഗ് ആയ സി.എം.ഡി.-യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത സ്ഥലത്ത് 23-03-2022-ൽ സംയുക്ത പരിശോധന നടത്തി അതിൻപ്രകാരം പുതുക്കിയ DSR നിരക്കിലും രൂപകൽപ്പനയും പ്രകാരമുള്ള പുതിയ DPR ഇപ്പോൾ കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) നിർദ്ദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; 2018-ൽ അംഗീകരിച്ച

പ്രസ്തുത പദ്ധതി ഇതുവരെയും തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

നിർദിഷ്ട പദ്ധതി സ്ഥലത്ത് പാലത്തിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റെഗുലേറ്റർ നിർമ്മാണ പദ്ധതി പ്രദേശത്തിന്റെ നിലവിലെ സ്ഥിതി അനുസരിച്ച് അവിടെ പാലത്തിന് പകരം ഫൂട്ട് ബ്രിഡ്ജ് നൽകാൻ മാത്രമേ സാധിക്കുകയുള്ളൂ. അതനുസരിച്ചിട്ടുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) നിർദ്ദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയും കൃഷിയിടങ്ങളുടെ പുരോഗതിയും ലക്ഷ്യമാക്കിയാണോ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിർദിഷ്ട പദ്ധതി പ്രദേശത്ത് ഭൂഗർഭ ജലത്തിന്റെ ലഭ്യതയിലുള്ള വർദ്ധനയും പരിസര പ്രദേശങ്ങളിൽ വേനൽ കാലത്ത് കിണറുകളിൽ ജലത്തിന്റെ ലഭ്യതയും റെഗുലേറ്റർ കം ബ്രിഡ്ജ് പൂർണ്ണമായി പ്രവർത്തന സജ്ജമാകുന്നതോടെ ഉറപ്പുവരുത്താനും സാധിക്കും.

(ഡി) പ്രസ്തുത പദ്ധതിയിൽ ജലസേചന വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ.ഉ (സാധാ) നമ്പർ.859/2017/ജവിവ തീയതി 17-10-2017 പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ₹10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ., KIIDC കിഫ്ബിയുടെ പി.എഫ്.എം.എസ്. പോർട്ടൽ വഴി 12-04-2018-ൽ സമർപ്പിച്ചു. തുടർന്ന് KIIDC, ജലസേചന വകുപ്പ്, കിഫ്ബിയുടെ അപ്രൈസൽ വിങ് ആയ സി.എം.ഡി.-യുടെ ഉദ്യോഗസ്ഥർ എന്നിവർ പ്രസ്തുത പദ്ധതി സ്ഥലത്ത് 23-03-2022-ൽ സംയുക്ത പരിശോധന നടത്തി. അതിൻപ്രകാരം പുതുക്കിയ ഡി.എസ്.ആർ. നിരക്കിലും രൂപകൽപ്പനയും പ്രകാരം പരിഷ്കരിച്ച ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 17-02-2023-ൽ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**ഉളിയംകടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ**

241 (1046) **ശ്രീ. എം. രാജഗോപാലൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉളിയംകടവിൽ നിർമ്മിക്കാൻ തീരുമാനിച്ച റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. നബാർഡ് അധികൃതർക്ക് സമർപ്പിച്ചതിനാൽ ഈ പദ്ധതിക്ക് എന്ന് അനുമതി ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ-കാസർകോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉളിയം കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് 85.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി, പ്രൊവിഷണൽ സാങ്കേതികാനുമതി നൽകി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ്

എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരുന്നു. DPR സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കടക്കാട്ടുപാറ ആലുംകടവിൽ റെഗുലേറ്റർ നിർമ്മാണം**

242 (1047) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിക്ക് കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നതിന് നിലവിൽ തടസ്സം ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽനിന്നും ഫണ്ട് അനുവദിക്കാൻ തടസ്സങ്ങൾ ഉള്ള പക്ഷം പ്രസ്തുത റെഗുലേറ്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിലുള്ള എം.ഐ 2/62/2023-ഡബ്ല്യൂ.ആർ.ഡി. നമ്പർ ഫയലിന് മുൻഗണന നൽകി കിഫ്ബിക്ക് സമർപ്പിക്കാമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കടക്കാട്ടുപാറ ആലുംകടവിൽ റഗുലേറ്റർ പദ്ധതിയ്ക്കായി 49.20 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, KIIFB-യിൽ ഉൾപ്പെടുത്തി

അംഗീകാരം നല്കുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസൽ എം.ഐ 2/62/2023-ജവിവ നമ്പർ ഫയലിൽ പരിശോധിച്ചു. ഈ പ്രവൃത്തിയുടെ ഫണ്ട് കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത്. നിലവിൽ RCB-കൾക്ക് ഫണ്ട് അനുവദിക്കുന്നതിന് KIIFB മാനദണ്ഡപ്രകാരമുള്ള സാമ്പത്തിക പരിധി ഇതിനകം കഴിഞ്ഞതിനാൽ പ്രസ്തുത പ്രവൃത്തി അനുയോജ്യമായ അടുത്ത അവസരത്തിൽ പരിഗണിയ്ക്കാവുന്നതാണ്.

**ചെറുപുഴയിൽ മണ്ണിലിടംകടവ് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് നടപടി**

243 (1048) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുപുഴയിൽ മണ്ണിലിടം കടവ് റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ മണ്ണിലിടം കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പ്രവൃത്തിയുടെ

ഇൻവെസ്റ്റിഗേഷൻ നടത്തി IDRB-യുടെ പക്കൽനിന്നും ഡിസൈൻ ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 39 കോടിയുടെ DPR സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ പ്രസ്തുത DPR പുതുക്കി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പുതുക്കിയ DPR ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇതിനെന്ത് ചെലവുവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി ഉദ്ദേശം 47 കോടി രൂപ കണക്കാക്കപ്പെടുന്നു.

**മങ്കട മണ്ഡലത്തിലെ ഉട്ടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം**

244 (1049) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ രാമപുരം 38-ന് സമീപം ചെറുപുഴയ്ക്ക് കുറുകെ ഉട്ടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നാളിതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ലാത്തത് ഗൗരവമായി കാണുന്നുണ്ടോ; നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ രാമപുരം 38-ന് സമീപം ചെറുപുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഉത്തരവ് നമ്പർ AS/59D/23/32296 പ്രകാരം 14-12-2023 തീയതിയിൽ 3.40 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് ഡി.പി.ആർ. പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ വി.സി.ബി. നിർമ്മാണത്തിന്റെ പുരോഗതി

245 (1050) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കുന്നത്തുകര കട്ടിലമൂഴി വി.സി.ബി. നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നെൽപ്പാടങ്ങളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിലെ പൂവാമ്പുഴ കന്നത്തുകര SWE/VCB, കട്ടിലമൂഴി വി.സി.ബി. എന്നിവ വർഷങ്ങൾ പഴക്കമുള്ള നിർമ്മിതികളാണ്. ഇവ കാലപ്പഴക്കമുള്ള വി.സി.ബി.കൾ ആകയാൽ പുനർനിർമ്മിച്ചാൽ മാത്രമേ പ്രവർത്തനക്ഷമമാകുകയുള്ളൂ. വി.സി.ബി.കളുടെ പുനർനിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ജലസേചനവും

ഭരണവും ചീഫ്എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണം**

246 (1051) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ഏനാമാവ്, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏനാമാക്കൽ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി 732 ലക്ഷം രൂപയുടെ (സിവിൽ, മെക്കാനിക്കൽ ഉൾപ്പെടെ) ഭരണാനുമതി നൽകിയെങ്കിലും ജി.എസ്.ടി.യിലും DSOR ലും വന്ന വർദ്ധനവുമൂലം ഈ തുക തികയാതെ വന്നതിനെത്തുടർന്ന് 859.20 ലക്ഷം രൂപയുടെ (സിവിൽ + മെക്കാനിക്കൽ) പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നവീകരണ പ്രവൃത്തികൾക്കായി 446 ലക്ഷം രൂപയുടെ (സിവിൽ + മെക്കാനിക്കൽ) ഭരണാനുമതി നൽകിയെങ്കിലും ജി.എസ്.ടി. യിലും DSOR-ലും വന്ന വർദ്ധനവുമൂലം ഈ തുക തികയാതെ വന്നതിനെത്തുടർന്ന് 504 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് സിവിൽ പ്രവൃത്തികൾക്കായി 242.00 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെണ്ടർ ക്ഷണിച്ചുവെങ്കിലും ആയതിൽ ഏക ടെണ്ടർ ലഭിച്ചതിനെത്തുടർന്ന് റീ ടെണ്ടർ ചെയ്തതിൽ നാല് കരാറുകാർ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s. സാഫല്യ ഇൻഫ്രാ പ്രോജക്ട് പ്രൈവറ്റ് ലിമിറ്റഡിന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് നൽകുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

**നാട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്**

247 (1052) <u>ശ്രീ. എം. വിജിൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നാട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പര്യവേക്ഷണ പ്രവൃത്തി പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നാട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കിയശേഷം തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ IDRB design തയ്യാറാക്കി വരികയാണ്. Design ലഭിക്കുന്ന മുറയ്ക്ക് estimate തയ്യാറാക്കി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

248 (1053) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ആയിരത്തോളം ഹെക്ടർ നെൽകൃഷിക്ക് സഹായകരമാകുന്ന ഉളിയത്ത് കടവ് റഗുലേറ്റർ കം ബ്രിഡ്ജ്

നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; &

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ-കാസർകോഡ് ജില്ലകളെ ബന്ധിപ്പിക്കുന്നതും പയ്യന്നൂർ, തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉളിയംകടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് 85.40 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിലേയ്ക്കായി പ്രൊവിഷണൽ സാങ്കേതികാനുമതി നൽകി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നുവരുന്നു. DPR സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ്**

249 (1054) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ മീനച്ചിലാറിന് കുറുകെ സെന്റ് തോമസ് കോളേജിന് സമീപം 2014-ൽ നിർമ്മാണം ആരംഭിച്ച് മുടങ്ങിക്കിടക്കുന്ന അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) അരുണാപുരം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ ഡിസൈൻ റിവൈസ് ചെയ്ത് Detailed estimate പ്രകാരമുള്ള 48.84 കോടി രൂപയുടെ DPR നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ഡെപ്യൂട്ടേഷനിൽ എം.ടെക് ചെയ്യുന്നതിന് ചെലവായ തുക**

250 (1055) ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പ് സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ ശമ്പളത്തോടുകൂടി എം.ടെക് ചെയ്യുന്നതിന് 2016 മുതൽ 2023 വരെ ഓരോ വർഷവും ചെലവായ തുക എത്രയാണ്; വിശദമാക്കാമോ?

ജലസേചന വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് ഡെപ്യൂട്ടേഷനിൽ ശമ്പളത്തോടുകൂടി എം.ടെക് ചെയ്യുന്നതിന് 2016 മുതൽ 2023 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

2016 - 14,54,728/-

2017 - ഇല്ല

2018 - 5,15,144/-

2019 - 17,18,753/-

2020 - 18,67,684/-

2021 - 25,55,624/-

2022 - 72,10,360/-

2023 - 53,53,434/-

ആകെ ചെലവായ തുക 2,06,75,727/-

(ബി) ഇറിഗേഷൻ വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എം.ടെക്. (സ്ട്രക്ചറൽ, ട്രാൻസ്പോർട്ടേഷൻ, എൻവയോൺമെന്റൽ, ജിയോടെക്) യോഗ്യതയുള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്; വിശദമാക്കാമോ?

ജലസേചന വകുപ്പിൽ സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ എം.ടെക് യോഗ്യതയുള്ള 341 ജീവനക്കാരുണ്ട്. അതിൽ സ്ട്രക്ചറൽ വിഭാഗത്തിൽ 183 പേരും ട്രാൻസ്പോർട്ടേഷൻ വിഭാഗത്തിൽ 41 പേരും എൻവയോൺമെന്റൽ വിഭാഗത്തിൽ 47 പേരും ജിയോടെക് വിഭാഗത്തിൽ 48 പേരും ഉൾപ്പെടെ 319 പേരുണ്ട്. ബാക്കി 22 പേർ സിവിൽ എഞ്ചിനീയറിംഗിന്റെ മറ്റ് വിഭാഗത്തിൽ എം.ടെക് യോഗ്യതയുള്ളവരാണ്.

**ജലവിഭവ വകുപ്പിലെ ഒഴിവുകൾ**

251 (1056) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജലസേചനവകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+ (അനുബന്ധം - I)

ഭൂജലവകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ, 01/08/2022 പ്രാബല്യത്തിലുള്ള ടൈപ്പിസ്റ്റ് സീനിയോറിറ്റി ലിസ്റ്റും 01/01/2023 പ്രാബല്യത്തിലുള്ള ക്ലർക്ക് സീനിയോറിറ്റി ലിസ്റ്റും 2023 ഒക്ടോബർ പ്രാബല്യത്തിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. + (അനുബന്ധം - II)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയിലെ മിനിസ്റ്റീരിയൽ ജീവനക്കാരായ ലോവർ ഡിവിഷൻ ക്ലാർക്ക്, അപ്പർ ഡിവിഷൻ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ഡിവിഷൻ അക്കൗണ്ട് ഓഫീസർ, റവന്യൂ ഓഫീസർ/ സീനിയർ സൂപ്രണ്ട്, അക്കൗണ്ട് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഇന്റേണൽ ഓഡിറ്റർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റുകൾ നിലവിലുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+ (അനുബന്ധം - III).

(ബി) പ്രസ്തുത വകുപ്പിൽ ക്ലാർക്ക്, സീനിയർ ക്ലാർക്ക് മുതൽ സീനിയർ സൂപ്രണ്ട് വരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

ജലസേചന വകുപ്പിൽ 31/12/2023 വരെ സീനിയർ സൂപ്രണ്ടിന്റെ 1 ഒഴിവും ജൂനിയർ സൂപ്രണ്ടിന്റെ 4 ഒഴിവുകളും ഹെഡ് ക്ലാർക്കിന്റെ 63 ഒഴിവുകളും സീനിയർ ക്ലാർക്കിന്റെ 23 ഒഴിവുകളും നിലവിലുണ്ട്. Low Paid Employee, അന്തർജില്ല സ്ഥലംമാറ്റം, ആശ്രിതനിയമനം എന്നിവയ്ക്കായി സംവരണം ചെയ്തിട്ടുള്ള 36 ഒഴിവുകൾ ക്ലർക്ക് തസ്തികയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. ഇവ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന ഒഴിവുകളല്ല.

<u>ജില്ല തിരിച്ചുള്ള കണക്ക്</u>

**തിരുവനന്തപുരം**

സീനിയർ സൂപ്രണ്ട് – 1

ജൂനിയർ സൂപ്രണ്ട് – 2

സീനിയർ ക്ലർക്ക് – 4

ക്ലർക്ക് – 12

**കൊല്ലം**

സീനിയർ ക്ലാർക്ക് - 3

ക്ലർക്ക് – 2

**പത്തനംതിട്ട**

ഹെഡ് ക്ലർക്ക് – 1

**ആലപ്പുഴ**

ഹെഡ് ക്ലർക്ക് – 5

**കോട്ടയം**

ഹെഡ് ക്ലർക്ക് - 5

**ഇടുക്കി**

ഹെഡ് ക്ലർക്ക് - 4

സീനിയർ ക്ലർക്ക് - 2

ക്ലർക്ക് - 2

**എറണാകുളം**

ഹെഡ് ക്ലർക്ക് - 11

സീനിയർ ക്ലർക്ക് - 2

ക്ലർക്ക് - 1

**തൃശ്ശൂർ**

ജൂനിയർ സൂപ്രണ്ട് - 2

ഹെഡ് ക്ലർക്ക് - 5

സീനിയർ ക്ലർക്ക് - 6

ക്ലർക്ക് - 4

**പാലക്കാട്**

ഹെഡ് ക്ലർക്ക് - 9

സീനിയർ ക്ലർക്ക് - 6

ക്ലർക്ക് - 3

**മലപ്പുറം**

ഹെഡ് ക്ലർക്ക് - 6

ക്ലർക്ക് - 3

**കോഴിക്കോട്**

ഹെഡ് ക്ലർക്ക് - 8

ക്ലർക്ക് - 3

**വയനാട്**

ഹെഡ് ക്ലർക്ക് - 6

ക്ലർക്ക് - 2

**കണ്ണൂർ**

ക്ലർക്ക് - 4

**കാസർഗോഡ്**

ഹെഡ് ക്ലർക്ക് - 3

ഭൂജല വകുപ്പിൽ ക്ലർക്ക് തസ്തികയിൽ നിലവിൽ ഒഴിവില്ല. റേഷ്യോ പ്രൊമോഷൻ വഴി നികത്തേണ്ടുന്ന സീനിയർ ക്ലർക്ക് തസ്തികയിൽ ഒരൊഴിവുണ്ട്.

ജല അതോറിറ്റിയിലെ ഒഴിവുകൾ ചുവടെ ചേർക്കുംപ്രകാരമാണ്.

ലോവർ ഡിവിഷൻ ക്ലാർക്ക് - 172 ഒഴിവുകൾ.

(2011-ലെ മിനിസ്റ്റീരിയൽ റൂൾ പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിലേയ്ക്കായി 145 ഒഴിവുകൾ, ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നതിലേയ്ക്ക് - 26 ഒഴിവുകൾ, കൂടാതെ 1 NJD)

അപ്പർ ഡിവിഷൻ ക്ലർക്ക് - 69 ഒഴിവുകൾ.

ഹെഡ് ക്ലർക്ക് – ഒഴിവുകൾ ഇല്ല

ജൂനിയർ സൂപ്രണ്ട് – 2 ഒഴിവുകൾ.

(സി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടവയ്ക്കും സ്ഥാനക്കയറ്റം നൽകേണ്ടവയ്ക്കും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം എപ്പോൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

ജലസേചന വകുപ്പിലും ഭൂജല വകുപ്പിലും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ നിലവിലില്ല. സ്ഥാനക്കയറ്റം വഴി നികത്തേണ്ടുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതായിരിക്കും.

ജല അതോറിറ്റിയിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള 172 ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്പർ ഡിവിഷൻ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള പ്രമോഷന് യോഗ്യരായിട്ടുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. യോഗ്യരായവരുടെ അന്തിമപ്പട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം പ്രമോഷൻ നൽകുന്നതാണ്. ജൂനിയർ സൂപ്രണ്ട് –2 ഒഴിവുകൾ പ്രമോഷൻ വഴി നികത്തുന്നതിലേയ്ക്കുള്ള ഫയൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഡിവിഷൻ അക്കൗണ്ട് ഓഫീസർ - 18 ഒഴിവുകളും പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സീനിയർ ക്ലാർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് മറ്റു ജില്ലകളിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

ജലസേചന വകുപ്പിൽ നാല് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഭൂജലവകുപ്പിൽ പൊതുസ്ഥലംമാറ്റ നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

ജല അതോറിറ്റിയിൽ നിലവിൽ ആരുംതന്നെ തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ഇ) പ്രസ്തുത വകുപ്പിൽ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണെന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണവും അറിയിക്കാമോ?

ജലസേചന വകുപ്പിലെ വിവിധ തസ്തികകളുടെ അനുവദനീയ എണ്ണം, അവയുടെ സർക്കാർ ഉത്തരവുകൾ എന്നിവ സ്പാർക്ക് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തതിനുശേഷം മാത്രമേ ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആയതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

ഭൂജല വകുപ്പിൽ സ്പാർക്ക് മുഖാന്തരമുള്ള പൊതുസ്ഥലം മാറ്റത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

252 (1057) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ

253 (1058) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ രൂപരേഖയ്ക്കുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സി.ഡബ്ല്യൂ.പി.ആർ.എസ്. നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ അരിയല്ലൂർ ബീച്ചിലെ പരപ്പാലിൽ ഉചിതമായ തീരസംരക്ഷണ പ്രവൃത്തിയുടെ Hydraulic Model Study ചെയ്യുന്നതിനാണ് CWPRS-നെ ഏൽപ്പിച്ചിട്ടുള്ളത്. പഠനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ചില ഡാറ്റ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതിന് Kerala Engineering Research Institute (KERI), പീച്ചിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് സ്വീകരിച്ചുവരുന്ന

നടപടികൾ വിശദമാക്കാമോ; സാങ്കേതികാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ആനങ്ങാടിയിൽ 2.19 കോടി രൂപയുടെ പ്രവൃത്തി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക അനുമതിയുടെ പകർപ്പ് അനുബന്ധമായി ചെയ്യുന്നു.+

(സി) മൂന്നിയൂർ പഞ്ചായത്തിൽ കടലുണ്ടിപ്പുഴയുടെ വലതുകര ഭാഗത്ത് നിർമ്മിച്ച കടവുകൾ പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) നടപ്പ് സാമ്പത്തിക വർഷം കുളങ്ങൾ നവീകരിക്കൽ, സൈഡ് വാൾ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്കായി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ കുളങ്ങളുടെ നവീകരണം, പാർശ്വഭിത്തി സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾക്ക് വള്ളിക്കുന്ന് മണ്ഡലത്തിൽ തുക അനുവദിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പിൽ കടലാക്രമണം തടയാനുള്ള പദ്ധതികൾ

254 (1059) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വലിയപറമ്പിൽ കടലാക്രമണം തടയാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ പദ്ധതികളൊന്നും ആരംഭിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നപരിഹാരത്തിനായുള്ള പദ്ധതി എന്ന് നിലവിൽ വരുമെന്ന് അറിയിക്കാമോ;

(സി) മേൽ പദ്ധതി സംബന്ധിച്ച നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

Construction of seawall using Geo textile tube at Valiya paramba kadappuram in Valiya paramba grama panchayath, Hosdurg Taluk in Kasargod district എന്ന പ്രവൃത്തിയുടെ 167.70 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിരുന്നു. എന്നാൽ കാസർഗോഡ് ജില്ലയിലെ വലിയ പറമ്പ

ഹോട്ട് സ്പോട്ടിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ ടി പ്രദേശത്ത് എൻ.സി.സി.ആർ. പഠനം നടത്തുന്ന സാഹചര്യത്തിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാകുന്നതനുസരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട്**

255 (1060) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് തടയുന്നതിനുവേണ്ടി പ്രഖ്യാപിച്ച 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചോയെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചുവെങ്കിൽ നിലവിൽ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് ലഭിക്കാത്തതെന്നും വിശദമാക്കാമോ?

(എ&ബി) മേജർ, മൈനർ ഇറിഗേഷന്റെ കീഴിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് തടയുന്നതിന് വേണ്ടി പ്രഖ്യാപിച്ച 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. ടി പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**മലമ്പുഴ ഉദ്യാന നവീകരണ പദ്ധതി**

256 (1061) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പത്ത് കോടി രൂപ അനുവദിച്ച മലമ്പുഴ ഉദ്യാന നവീകരണം എന്ന പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ?

മലമ്പുഴ ഉദ്യാന നവീകരണത്തിനായി 10 കോടി രൂപയുടെ ഡി.പി.ആർ. ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിന് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സർക്കാരിന് സമർപ്പിച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട്**

257 (1062) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി NABARD-LTIF-ൽ രൂപ 34.9 കോടിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുള്ളത് നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി)പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

തീരുമാനിച്ചിട്ടുണ്ട്. കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ബാക്കിയുള്ള പ്രവൃത്തികളുടെ 34.9 കോടി രൂപയുടെ DPR അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത് നബാർഡിന്റെ പരിഗണനയിലാണ്.

(സി) മുളക്കുളം പഞ്ചായത്തിലൂടെയുള്ള മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

മുളക്കുളം പഞ്ചായത്തിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെയും പിറവം ബ്രാഞ്ച് കനാലിന്റെയും ശേഷിച്ച പ്രവൃത്തികളുടെ 36.5 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ നിർമ്മാണം സംബന്ധിച്ച 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുണ്ടായ കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാർ അംഗീകരിച്ചിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് വിശദീകരണം ലഭ്യമാകുകയും തുടർന്ന് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

258 (1063) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകളുടെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി നൽകിയ പ്രവൃത്തികളും ആ പ്രവൃത്തികൾക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങളും ഭരണാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഭൂഗർഭ ജലശേഖരത്തിന്റെ അളവ്**

259 (1064) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിന്റെ അളവ് ഗണ്യമായി കുറയുന്നുവെന്ന കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ; സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ 10 വർഷത്തിനിടയിലുണ്ടായ വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഭൂഗർഭ ജലശേഖരത്തിന്റെ അളവ് ഗണ്യമായി കുറയുന്നുവെന്ന കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ റിപ്പോർട്ട് ഗൗരവത്തോടെ കാണുന്നുണ്ട്. സംസ്ഥാനത്തെ ഭൂജലസമ്പത്തിനെക്കുറിച്ച് നിശ്ചിത കാലയളവുകളിൽ കേന്ദ്ര ഭൂജല ബോർഡും കേരള സംസ്ഥാന ഭൂജല വകുപ്പും സംയുക്തമായി പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water Estimation റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയുമാണ് ചെയ്തുവരുന്നത്. തുടക്കത്തിൽ 5 വർഷം എന്ന രീതിയിലും പിന്നീട് 3 വർഷം, 2 വർഷം എന്ന രീതിയിലും പ്രസ്തുത കണക്കെടുപ്പ് നടത്തിയിട്ടുള്ളതാകുന്നു. നിലവിൽ വർഷത്തിലൊരിക്കൽ പ്രസ്തുത കണക്കെടുപ്പ് നടത്തുന്നു.

ഇതുമായി ബന്ധപ്പെട്ട അവസാന കണക്കെടുപ്പ് മാർച്ച് 2023 വരെ നടത്തിയിട്ടുണ്ട്. മാർച്ച് 2023-ലെ റിപ്പോർട്ട് ദേശീയ തലത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് (Groundwater Resource Estimation) പ്രകാരം ഭൂജല ഉപഭോഗതോതിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളെ അമിതചൂഷിതം, ഗുരുതരം, ഭാഗിക ഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇങ്ങനെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ബ്ലോക്കുകളിൽ തുടർ വർഷങ്ങളിലെ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ മുമ്പ് അമിതചൂഷിത ബ്ലോക്ക് ഗുരുതര വിഭാഗത്തിലേയ്ക്കും ഭാഗിക ഗുരുതര ബ്ലോക്കുകളിലായിരുന്ന മേഖലകൾ സുരക്ഷിത വിഭാഗത്തിലേയ്ക്കും തിരിച്ചും മാറുന്ന പ്രവണത കണ്ടുവരുന്നുണ്ട്. പ്രധാനമായും ബ്ലോക്കുകളിൽ ലഭ്യമാകുന്ന മഴയുടെ ഏറ്റക്കുറച്ചിലുകൾ, ഭൂപ്രകൃതി, ഭൂജലത്തിന്റെ വിവിധ ഉപയോഗങ്ങൾ, ഭൂജല ശാസ്ത്രം, ഭൂജല സംപോഷണം, ഭൂജല വിതാനത്തിൽ വന്ന ഏറ്റക്കുറച്ചിലുകൾ, ഭൂജല ഗുണനിലവാരം എന്നീ ഘടകങ്ങളിൽ ലഭ്യമാകുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ പഠനങ്ങൾ നടത്തി, ബ്ലോക്ക് അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവരുന്നത്.

| റിപ്പോർട്ട് പ്രസിദ്ധീകരിച്ച വർഷം | വാർഷിക ഭൂജല ലഭ്യത |
|---|---|
| മാർച്ച് 2013 | 5.65 Billion Cubic Meter (BCM) |

| | |
|---|---|
| മാർച്ച് 2017 | 5.21 Billion Cubic Meter (BCM) |
| മാർച്ച് 2020 | 5.12 Billion Cubic Meter (BCM) |
| മാർച്ച് 2022 | 5.19 Billion Cubic Meter (BCM) |
| മാർച്ച് 2023 | 5.01 Billion Cubic Meter (BCM) |

മാർച്ച് 2013 മായി മാർച്ച് 2023-ലെ റിപ്പോർട്ട് വിശകലനം ചെയ്യുമ്പോൾ ഭൂജല സമ്പത്തിൽ 11% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രധാനമായും കാലാവസ്ഥ വ്യതിയാനംമൂലം മഴയുടെ രീതിയിൽ വന്ന മാറ്റം, കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതി, ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ, ഇതുമൂലം ഭൂജല സംപോഷണത്തിൽ വന്ന കുറവ് എന്നീ കാരണങ്ങൾ മൂലമാണ് ഭൂജലസമ്പത്തിൽ കുറവ് സംഭവിക്കുന്നത്.

(ബി) ഭൂഗർഭ ജലവിതാനത്തിൽ സുരക്ഷിത യൂണിറ്റുകളായി കണക്കാക്കിയിരുന്ന കോഴിക്കോട്, ശാസ്താംകോട്ട, വർക്കല എന്നിവിടങ്ങൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലേയ്ക്ക് മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജലവിതാനം സമ്പുഷ്ടമാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂജല സംരക്ഷണം ഉറപ്പുവരുത്താൻ 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്ത് ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നു. പൊതുസ്ഥാപനങ്ങളിലാണ് വകുപ്പ് ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചുവരുന്ന ജെൽ ശക്തി അഭിയാൻ - ക്യാച്ച് ദി റെയിൻ പ്രോഗ്രാമും സംസ്ഥാനത്ത് വിപുലമായി നടപ്പിലാക്കി വരുന്നു. ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ വിഭാഗത്തിലെ ബ്ലോക്കുകളിൽ ഊർജ്ജിതമായി ശാസ്ത്രീയമായി റീചാർജ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് മുഖേന സ്വീകരിക്കുന്നതാണ്.

(സി) കേരളത്തിൽ എത്ര കുഴൽ കിണറുകളുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ട് വാട്ടർ പദ്ധതികൾ**

260 (1065) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2021-22 സാമ്പത്തിക വർഷം മുതൽ കുണ്ടറ നിയോജക മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണെന്നും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**വെള്ളക്കര വർദ്ധനവ്**

261 (1066) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഏപ്രിൽ 1 മുതൽ വാട്ടർ അതോറിറ്റി അടിസ്ഥാന താരിഫിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു നടപടി സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) താരിഫ് വർദ്ധനമൂലമുണ്ടാകുന്ന അധിക ബാധ്യത ജനങ്ങളിൽനിന്ന് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെള്ളക്കരത്തിൽ യൂണിറ്റിന് എത്ര രൂപയുടെ വർദ്ധനവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വെള്ളക്കരം നിലവിൽ മൂന്നിരട്ടിയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ താരിഫ് വർദ്ധനയുടെ ബാധ്യത കൂടി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) 2024 ഏപ്രിൽ 1 മുതൽ വാട്ടർ അതോറിറ്റിയുടെ അടിസ്ഥാന താരിഫിൽ 5% വർദ്ധനവ് വരുത്തുന്നതിന് ഉത്തരവുകൾ ഒന്നുംതന്നെ ഇപ്പോൾ നൽകിയിട്ടില്ല.

**ജല അതോറിറ്റിയുടെ പണം സ്വകാര്യ ബാങ്കിലേയ്ക്ക് മാറ്റുന്ന നടപടി**

262 (1067) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ബി.ഐ.-യുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന ജല അതോറിറ്റിയുടെ പണം സ്വകാര്യ ബാങ്കിലേയ്ക്ക് മാറ്റുന്നതിന് മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ബാങ്കിലേയ്ക്കാണ്

ഇപ്രകാരം പണം മാറ്റിയത്; ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തത്; വിശദാംശം വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ചാർജ് ഇതര വരുമാന വർദ്ധനവിന്റെ ഭാഗമായി ബാങ്ക് നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നേടുന്നതിന് ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും താൽപ്പര്യപ്രകടനം ക്ഷണിച്ചിരുന്നു. ആയതിലേയ്ക്ക് പതിനൊന്ന് ബാങ്കുകൾ താൽപ്പര്യം പ്രകടിപ്പിച്ച് ഓഫറുകൾ സമർപ്പിച്ചിരുന്നു. ഇതിൽനിന്ന് നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടുതൽ പലിശ നിരക്ക് ഓഫർ നൽകിയ മൂന്ന് ബാങ്കുകളായ കാത്തലിക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ബന്ദൻ ബാങ്ക് എന്നിവയിൽ നൂറുകോടി രൂപ വീതം നിക്ഷേപിച്ചു (സ്ഥിര നിക്ഷേപം). ഇങ്ങനെ ലഭിക്കുന്ന പലിശ ജീവനക്കാരുടെ കുടിശ്ശികയായ പി.എഫ്. ഫണ്ടിലേയ്ക്ക് നിക്ഷേപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പൊതുമേഖലാ ബാങ്കിൽനിന്നും സ്വകാര്യ ബാങ്കിലേയ്ക്ക് നിക്ഷേപം മാറ്റാനുള്ള തീരുമാനം സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതാണോയെന്ന് വ്യക്തമാക്കുമോ?

സർക്കുലർ നമ്പർ SS-1/100/2023/Fin തീയതി 01/12/2023 പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള ഏജൻസികൾ എന്നിവയ്ക്ക് ട്രഷറിയിൽനിന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ പലിശ ലഭിക്കുന്ന ബാങ്കുകളിൽ സ്ഥിര/സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾ നടത്തുവാൻ അനുമതി നൽകുന്നുണ്ട്.

(സി) മേൽപ്പറഞ്ഞ രീതിയിൽ പണം മാറ്റുന്നത് സംബന്ധിച്ച് ജീവനക്കാരുടെ അംഗീകൃത സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചർച്ച നടത്തിയിട്ടില്ല.

**വെള്ളക്കരത്തിൽ സബ്സിഡി ഏർപ്പെടുത്തുവാൻ നടപടി**

263 (1068) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വെള്ളക്കരം മുൻകൂറായി അടച്ചാൽ ഉപഭോക്താവിന് സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ മുൻകൂർ തുക അടയ്ക്കുന്ന

ഉപഭോക്താവിന് തുകയുടെ വിഹിതം പരിഗണിച്ച് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഒരു വർഷത്തിൽ കൂടുതൽ കാലയളവിലെ വാട്ടർ ചാർജ് മുൻകൂറായി അടയ്ക്കുന്നവർക്ക് 5% ഡിസ്കൗണ്ട് നൽകുന്നുണ്ട്. കൂടാതെ ഡിജിറ്റൽ പെയ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഡിജിറ്റൽ മോഡ് വഴി പണമടയ്ക്കുന്ന (ബില്ല് തീയതിയിൽ മുൻ കുടിശ്ശികയില്ലാത്ത ഉപഭോക്താക്കൾക്ക്), ബിൽ തുകയുടെ 1% ഇൻസെന്റീവും പരമാവധി ഒരു ഇടപാടിന് 100 രൂപ) നൽകുന്നുണ്ട്.

**ജല അതോറിറ്റിയിൽ പെൻഷൻ പരിഷ്കരണം**

264 (1069) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ പെൻഷൻ പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ട് പെൻഷൻകാർ സമരം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമരക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ജല അതോറിറ്റിയിൽ എന്ന് മുതൽ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പെൻഷൻ പരിഷ്കരണം സർക്കാർ പരിശോധിച്ചുവരുന്നു.

**പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡിസാലിനേഷൻ പ്ലാന്റ്**

265 (1070) ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ മുനമ്പം ഭാഗത്ത് ഡിസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്രാരംഭ ചർച്ച നടത്തുകയും തുടർന്ന് 07-11-2021-ൽ സ്ഥലം എം.എൽ.എ. ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരെ ചർച്ചയുടെ

വിശദാംശങ്ങൾ അറിയിക്കുകയുണ്ടായി. ടി പ്രോജക്ടിന്റെ PER തയ്യാറാക്കാൻ NIOT-യോട് നിർദ്ദേശിക്കാനും ആയത് 15 ദിവസത്തിനകം നൽകണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത PER നവംബർ 2021-ൽ NIOT നൽകുകയും ചെയ്തിട്ടുണ്ട്. ടി PER-നെ സംബന്ധിച്ച് പഞ്ചായത്ത് അധികൃതർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി, മത്സ്യതൊഴിലാളി എന്നിവരുടെ പ്രതിനിധികളുമായി ചേർന്നുകൊണ്ട് 14-01-2022-ൽ ചർച്ച നടത്തുകയും തുടർന്ന് പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലത്തിന്റെ വിശദാംശങ്ങൾ, ക്ലിയറൻസ് എന്നിവയെപ്പറ്റി വിവരങ്ങൾ ശേഖരിക്കാൻ ഫിഷറീസ് വകുപ്പിനോട് നിർദ്ദേശം നൽകുകയും ചെയ്തു.

21-08-2022-ൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന DDC യോഗ തീരുമാനപ്രകാരം 12-10-2022-ൽ കഴപിള്ളി വില്ലേജ് അധികൃതർ, വാട്ടർ അതോറിറ്റി അധികൃതർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സ്ഥലപരിശോധന നടത്തുകയും നിർദ്ദിഷ്ട പദ്ധതിക്കായി കുഴപ്പിള്ളി വില്ലേജ് ബ്ലോക്ക് 1 .റീസർവ്വെ 12/2-ന് പടിഞ്ഞാറ് ഭാഗത്ത് unsurveyed ഭൂമിയായ 60 സെന്റ് സ്ഥലം കടൽഭിത്തിക്ക് പടിഞ്ഞാറ് ഭാഗം ലഭ്യമാക്കുന്നതിനുവേണ്ടി

റീസർവ്വെ നടത്തുന്നതിനും തുടർനടപടികൾക്കുമായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചെങ്കിലും നിലവിലുള്ള നിയമപ്രകാരം ഭൂമി കൈമാറ്റം, ഉപയോഗാനുമതി തുടങ്ങിയ വിഷയത്തിൽ സർക്കാരിന്റെ സേവന വകുപ്പുകൾ അല്ലാത്ത സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്ന് അനുമതി വാങ്ങേണ്ടതാണെന്നും കേരളവാട്ടർ അതോറിറ്റി സേവന വകുപ്പല്ലാത്തതിനാൽ നിലവിലുള്ള നിയമപ്രകാരം കമ്പോളവില ഈടാക്കി ഭൂമി പതിച്ചോ, പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചുവരുന്നതെന്നും അപ്രകാരം അപേക്ഷ സമർപ്പിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ജില്ലാകളക്ടറുടെ ഓഫീസിൽനിന്നും അറിയിക്കുകയുണ്ടായി. തുടർന്ന് 20-10-2022-ൽ ഡീസാലിനേഷൻ പ്ലാന്റുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലെ നിർദ്ദേശമനുസരിച്ച് 07-11-2022-ൽ കപ്പാസിറ്റി കാൽക്കുലേഷൻ, ഭൂമിയുടെ സ്കെച്ച് എന്നിവ തുടർ നടപടികൾക്കായി സമർപ്പിക്കുകയുണ്ടായി. തുടർന്ന് PER തയ്യാറാക്കി സമർപ്പിച്ചു. ടി പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥലം വിശദമായി അറിയുന്നതിന് സ്ഥലത്തിന്റെ റീസർവ്വേ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പ്രസ്തുത

സ്ഥലത്തിന്റെ എതിർവശത്തുള്ള പ്ലോട്ടിന്റെ സർവ്വേ നമ്പറിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 28-02-2023-ൽ കളക്ടർക്ക് കത്ത് നൽകുകയുണ്ടായി.

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്ന റീസർവേ സ്കെച്ചും ഗ്രൂപ്പ് സ്കെച്ചും പെർമിറ്റ് സാംഗ്ഷനും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഭൂരേഖ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് 12-01-2024-ൽ കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതുള്ളതെന്ന് വിശദമാക്കാമോ?

ഭൂരേഖ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണം

266 (1071) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആമയിഴഞ്ചാൻ തോടിൽ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ 38% സിവിൽ പ്രവൃത്തി പൂർത്തീകരിച്ചു. 1304 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ലൈനിംഗും 82 മീറ്റർ നീളത്തിൽ പുതിയതായി കോൺക്രീറ്റ് സംരക്ഷണഭിത്തിയും 1394.7 മീറ്റർ നീളത്തിൽ പാരപ്പറ്റ് വാളും 188 മീറ്റർ നീളത്തിൽ പാരപ്പറ്റ് റൈസിംഗും നടപ്പിലാക്കിയിട്ടുണ്ട്. ഡീസിൽറ്റിംഗ് പ്രവൃത്തി 41% പൂർത്തീകരിക്കുകയും ചെയ്തു. പ്രവൃത്തി പുരോഗമിച്ചുവരുന്നുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി പൂർത്തിയാക്കാൻ അനുവദിച്ചിരിക്കുന്ന കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ?

11-08-2021-ലെ 06/SE/ISC/2021-22 നമ്പർ കരാർ പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസം ആയിരുന്നു. എന്നാൽ നിശ്ചിതസമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 31-03-2024 വരെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്ന കരാറുകാരന് ഈ പ്രവൃത്തി നിർവഹിക്കാൻ സാധിക്കുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. പ്രീക്വാളിഫിക്കേഷൻ പ്രവൃത്തി ആയതിനാൽ സമാനമായ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയതിന്റെ പ്രവൃത്തി പരിചയം കണക്കിലെടുത്താണ് ഈ പ്രവൃത്തിയുടെ കരാർ നൽകിയിട്ടുള്ളത്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് പ്രധാന കാരണം അടിക്കടിയുണ്ടാകുന്ന മഴയും വെള്ളക്കെട്ടും വാട്ടർ അതോറിറ്റിയുടെ സ്വീവേജ്

പൈപ്പ് ലൈൻ ഇടുന്നതിനുള്ള അലൈൻമെന്റ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഇതുവരെയും ലഭ്യമാക്കാത്തതുമാണ്. 31-03-2024-ൽ പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ബില്ല് മാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുള്ള ബില്ലാണ് മാറിയിട്ടുള്ളത്; ബില്ല് അപ്രൂവ് ചെയ്ത ഉദ്യോഗസ്ഥന്റെ വിവരങ്ങൾ വിശദമാക്കാമോ?

തിരുവനന്തപുരം, വൻകിട ജലസേചനവിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് 3 പാർട്ട് ബില്ലുകളിലായി ആകെ 379.13 ലക്ഷം രൂപ കരാറുകാരന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ 2024 മാർച്ചോടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി**

267 (1072) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ അഴീക്കോട് ജംഗ്ഷൻ മുതൽ മരുതിനകം വരെയുള്ള സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള 50 വർഷം വരെ പഴക്കമുള്ള പൈപ്പ്ലൈനുകൾ മാറ്റി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നത് ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) അഴീക്കോട് ജംഗ്ഷൻ മുതൽ മരുതിനകം വരെയുള്ള സ്ഥലത്ത് പഴക്കമുള്ള പൈപ്പ് ലൈനുകൾ മാറ്റി ഇടുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച തുക ഒടുക്കിയിട്ടുണ്ട്. അനുവാദം കിട്ടുന്ന

മുറയ്ക്ക് പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ**

268 (1073) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര സാധ്യതയുള്ള ഏതെല്ലാം പ്രദേശങ്ങളാണ് പൊതുജന സന്ദർശനത്തിനായി തുറന്നുകൊടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂർ പഞ്ചായത്തിൽ പഴശ്ശി ബാരേജിന്റെ വൃഷ്ടി പ്രദേശത്ത് പ്രവൃത്തി പുരോഗമിച്ചുവരുന്ന പഴശ്ശി പടിയൂർ ഇക്കൊ ടൂറിസം പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതാണ്.

ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചമ്രവട്ടം, വെള്ളിയാങ്കല്ല് എന്നീ റെഗുലേറ്ററുകളുടെ പരിസരത്തുള്ള വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശങ്ങൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാവുന്നതാണ്.

മൂലത്തറ റെഗുലേറ്റർ ഇറിഗേഷൻ ടൂറിസത്തിന് 4.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഉദ്യാനം ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി ഇറിഗേഷൻ ടൂറിസം പോളിസി പ്രഖ്യാപിച്ച സാഹചര്യത്തിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള വലിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

പഴശ്ശി-പടിയൂർ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ അനുമതിയോടെ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ പദ്ധതി കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ പരിസരത്ത് (വലതുകരയിൽ മുകൾ ഭാഗത്ത്) ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പാർക്ക് നിർമ്മാണം പരിഗണനയിലാണ്.

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി- (എം.വി.ഐ.പി)-യുടെ മലങ്കര ഡാം റിസർ വോയർ ഏരിയായിൽ ഡാമിനോട് ചേർന്ന് ടൂറിസം ഹബ്ബ്, കുട്ടികളുടെ പാർക്ക് എന്നിവ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കല്ലട ജലസേചന പദ്ധതി- കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ അധീനതയിൽ വരുന്ന പരപ്പാർ ഡാമും അനുബന്ധ നിർമ്മിതികളും നിലവിൽ വിനോദ സഞ്ചാരത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്.

പെരിയാർ വാലി ജലസേചന പദ്ധതി - പെരിയാർ വാലി ഇറിഗേഷൻ പദ്ധതിയുടെ പി.വി.ഐ.പി ഡിവിഷൻ പെരുമ്പാവൂരിന്റെ കീഴിലായി ഭൂതത്താൻകെട്ട് ബാരേജും അതിനോടനുബന്ധിച്ചുള്ള പാർക്കും ബോട്ട് സർവ്വീസും കൂടാതെ നേര്യമംഗലത്ത് ബോട്ട് ജെട്ടി, പെരുമ്പാവൂർ പട്ടാലിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ പാർക്ക് എന്നിവ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിരിക്കുകയാണ്.

ഇടമലയാർ ജലസേചന പദ്ധതി- ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ഐ. ഐ. പി. ഡിവിഷൻ ചാലക്കുടിയുടെ കീഴിലായി ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം, തുമ്പൂർമുഴി ഗാർഡൻ, മലയാറ്റൂർ മണ്ണപ്പാട്ടുചിറ എന്നിവിടങ്ങളിൽ ഡി.ടി.പി.സി. യുടെ കീഴിൽ വിനോദ സഞ്ചാര പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ കീഴിലുള്ള ഐ.ഐ.പി. ഡിവിഷൻ നം. 1, അങ്കമാലിയുടെ കീഴിലുള്ള ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നത് ഭൂതത്താൻകെട്ട് റിസർവോയറിനോട് ചേർന്ന് ഫോറസ്റ്റ് ചെക്ക് പോസ്റ്റിനടുത്തായാണ്. ഈ ക്വാർട്ടേഴ്സുകൾ എല്ലാംതന്നെ ഭൂതത്താൻകെട്ട് ബാരേജിന് അഭിമുഖമായാണ് നിർമ്മിച്ചിട്ടുള്ളത്. ടി ക്വാർട്ടേഴ്സുകൾ പുനരുദ്ധാരണം നടത്തി ഉപയോഗപ്രദമാക്കിയാൽ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകാൻ കഴിയും. ക്വാർട്ടേഴ്സ് കോമ്പൗണ്ടിന്റെ സമീപത്തായി സ്ഥിതിചെയ്യുന്ന ഇൻസ്പെക്ഷൻ ബംഗ്ലാവ് അറ്റകുറ്റപണികൾ നടത്തി വാടകയ്ക്ക് നൽകുവാനും കഴിയും.

<u>പമ്പാ ജലസേചന പദ്ധതി</u>- പമ്പാ ജലസേചന പദ്ധതിയുടെ കീഴിലായി മണിയാർ ബാരേജും അനുബന്ധസ്ഥലങ്ങളും ഉൾകൊള്ളിച്ച് ബോട്ടിംഗ്, ഗാർഡനിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തി ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

വാഴാനി ഡാം- വാഴാനി ഡാം, അതിനോടനുബന്ധിച്ചുള്ള ഗാർഡൻ എന്നിവ ഡി.ടി.പി.സി.-യുടെ മേൽനോട്ടത്തിൽ വിനോദ സഞ്ചാരികൾക്കായി തുറന്നുകൊടുത്തിട്ടുള്ളതാണ്.

ചിമ്മിനി ഡാം- ചിമ്മിനി ഡാം വിനോദ സഞ്ചാര സാധ്യതയുള്ള പ്രദേശമാണ്. ഇറിഗേഷൻ ഡാം ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ള ലിസ്റ്റിൽ ചിമ്മിനി ഡാം ഉൾപ്പെട്ടിട്ടുണ്ട്.

നെയ്യാർ ജലസേചന പദ്ധതി. നിലവിൽ നെയ്യാർ ഡാം ക്യാമ്പസ് സന്ദർശകർക്കായി തുറന്ന് നൽകിയിട്ടുണ്ട്.

പീച്ചി ഡാം നിലവിൽ വിനോദ സഞ്ചാരത്തിനായി ഡി.റ്റിപി.സി.യുടെ മേൽ നോട്ടത്തിൽ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുള്ളതാണ്.

(ബി) ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി - ജില്ലാ കളക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയറും ഡിറ്റി.പി.സി-യും സംയുക്ത നേതൃത്വത്തിലാണ്. മലങ്കര ടൂറിസ്റ്റ് ഹബ്ബ് നടപ്പിലാക്കിയിരിക്കുന്നത് കല്ലട ജലസേചന പദ്ധതി.

ടൂറിസവുമായി ബന്ധപ്പെട്ട KIIDC പ്രവൃത്തികൾ ഡാം ക്യാമ്പസിൽ നടന്നുവരികയാണ്. കൂടാതെ ഡാമിന്റെയും ഒറ്റക്കൽ വിയറിന്റെയും ടൂറിസം സാദ്ധ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള DPR തയ്യാറായിട്ടുണ്ട്.

പെരിയാർ വാലി ജലസേചന പദ്ധതി - പി വി. ഐ. പി ഡിവിഷൻ നം. 2 ആലുവയുടെ കോമ്പൗണ്ടുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങൾക്കായി 185 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും രണ്ടാംഘട്ട പ്രവൃത്തികൾക്കായി 450 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

പമ്പാ ജലസേചന പദ്ധതി- പമ്പാജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് പി.ഐ.പി ഡിവിഷൻ ചെങ്ങന്നൂരിന്റെ കീഴിലായി ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാർഡനിംഗ് നടപ്പിലാക്കുന്നതിനായി DRIP Phase II- ൽ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.

വാഴാനി ഡാം- വാഴാനി ഡാമിലേയ്ക്കുള്ള വിനോദ സഞ്ചാരികൾക്കുള്ള പ്രവേശനം സംബന്ധിക്കുന്ന കാര്യങ്ങൾ ഡി.ടി.പി.സി.-യുടെ മേൽനോട്ടത്തിലാണ് നടന്നുവരുന്നത്.

നെയ്യാർ ജലസേചന പദ്ധതി: ടൂറിസം ഫണ്ട് ഉപയോഗിച്ച് നെയ്യാർ ഡാമിൽ നടപ്പിലാക്കുന്ന Destination Development of Neyyar Dam at Thiruvananthapuram എന്ന പ്രവൃത്തിക്ക് 3.50 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 9 Appendix-കളുള്ള ടി പ്രവൃത്തിയുടെ 4 Appendix-കൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റെഗുലേറ്ററിന് സമീപമുള്ള പ്രദേശം കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കൽ അണക്കെട്ടിനോട് അനുബന്ധിച്ചുള്ള റിവർ വ്യൂ പാർക്ക് തിരുവനന്തപുരം ജില്ലയിലെ വെള്ളായണികായൽ തുടങ്ങിയ ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദ സാധ്യതയുള്ള പ്രദേശങ്ങളാണ്.

പീച്ചി ഡാമിലേയ്ക്കുള്ള സന്ദർശകരെ നിയന്ത്രിക്കുന്നതും ഡാമിന്റെ പ്രധാന ഗാർഡൻ പരിപാലിക്കുന്നതും ഡി.റ്റി.പി.സി.യുടെ മേൽ നോട്ടത്തിലാണ്.

**ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട റോഡുകളുടെ പുനർനിർമ്മാണം**

269 (1074) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകൾ ജലജീവൻ പദ്ധതിക്കുവേണ്ടി പൊളിച്ചതിനുശേഷം പുനർനിർമ്മിക്കാൻ വൈകുന്നത് സംബന്ധിച്ച അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ പദ്ധതിയിൽ അനുമതി നൽകിയിട്ടുള്ള ഓരോ പദ്ധതിയും പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളു. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി

പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും റോഡ് പുനഃസ്ഥാപനത്തിന് (മറ്റുപ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ പുനഃസ്ഥാപനത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് (പൂർത്തീകരിച്ച പ്രവർത്തികൾക്കൊഴികെ) അംഗീകാരം ലഭിക്കുകയുണ്ടായി. ഇതനുസരിച്ച് റോഡ് പുനഃസ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുനഃസ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്.

(ബി) റോഡുകൾ നന്നാക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുകയും നന്നാക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ ഏല്പിക്കുകയും ചെയ്യുന്ന സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

റോഡുകൾ നന്നാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ നിലവിൽ നിർവഹണ ഏജൻസികൾ കരാർ നല്കിയിട്ടില്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നടപ്പിലാക്കാം. പ്രസ്തുത പ്രവൃത്തിയുടെ ബിൽ തുക JJM-PFMS മുഖാന്തരം കരാറുകാരന് നൽകുന്ന തരത്തിലാണ് നിലവിലെ സംവിധാനം.

**ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി**

270 (1075) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി ജല ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി കാട്ടാക്കട നിയോജകമണ്ഡലത്തിൽ പൊളിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ട പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ?

കാട്ടാക്കട നിയോജക മണ്ഡലത്തിൽ പൊളിക്കുന്നതിനായി അനുമതി ആവശ്യപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ വിവരം അനുബന്ധം (1) ആയി ചേർക്കുന്നു.+

(ബി) അനുമതി ലഭ്യമായ റോഡുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

അനുമതി ലഭ്യമായ റോഡുകൾ

1. പേയാട് - നെടുംകുഴി – മുളയറ
2. പേയാട് – മച്ചിനാട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. പേയാട് - കുണ്ടമ്മൻകടവ്

4. നെട്ടുംകുഴി- തിനവിള

5. കാട്ടുവിള- വിട്ടിയം – ചപ്പാത്ത്

6. കൊല്ലംകോണം-പുളിയറക്കോണം-വെള്ളക്കടവ്

7. മൈലാടി –തിനവിള

8. ഊറ്റുകുഴി- ചെറുകോട്

9. മലയിൻകീഴ്- അന്തിയൂർക്കോണം റോഡ്

10.മലയിൻകീഴ്- തച്ചോട്ട്കാവ് റോഡ്

11.കുഴക്കടവ് ടെമ്പിൾ റോഡ്

12.തച്ചോട്ട്കാവ്-പേയാട് റോഡ്

13.കുണ്ടമൻകടവ്– മണ്ഡപത്തിൻകടവ് റോഡ്

14.മൊട്ടമൂട് – മലയം റോഡ്

15.എരുത്താവൂർ- മുക്കംപാലം റോഡ്

16.മുടവൂർപാറ– താന്നിവിള റോഡ്

17.മൊട്ടമൂട്- പ്രാവച്ചമ്പലം റോഡ്

18.മൊട്ടമൂട്- അരിക്കടമുക്ക്

19.മുക്കനാട്-മുളയ്ക്കൽ പാലം

(സി) മണ്ഡലത്തിലെ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ ജല ജീവൻ മിഷൻ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാനുള്ളവ എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ?

മണ്ഡലത്തിലെ പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതുമായ ജലജീവൻ മിഷൻ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാനുള്ളവ എന്ന് പൂർത്തീകരിക്കാനാകുമെന്നും അനുബന്ധമായിചേർക്കുന്നു. +

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചിറയിൻകീഴ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

271 (1076) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന മുദാക്കൽ കുടിവെള്ള പദ്ധതിയുടെയും ചിറയിൻകീഴ്-കടയ്ക്കാവൂർ കുടിവെള്ള പദ്ധതിയുടെയും നിലവിലെ പുരോഗതി അറിയിക്കാമോ;

1. മുദാക്കൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി

മുദാക്കൽ പഞ്ചായത്തിൽ നിലവിൽ വാളക്കാട് സ്ഥിതിചെയ്യുന്ന 11 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. മുദാക്കൽ കൂടാതെ മംഗലാപുരം, കഠിനംകുളം, അണ്ടൂർക്കോണം, പോത്തൻകോട് തുടങ്ങിയ നാല് പഞ്ചായത്തുകൾക്കുകൂടി ഇതേ ജലശുദ്ധീകരണശാലയിൽ നിന്നുമാണ് കുടിവെള്ളമെത്തിക്കുന്നത്. ജനസംഖ്യയുടെ അനുപാതത്തിൽ മുദാക്കൽ പഞ്ചായത്തിൽ മാത്രം 6 എം.എൽ.ഡി.യുടെ കുടിവെള്ളം ലഭ്യമാക്കേണ്ടതുണ്ട്. ഇത് മുന്നിൽക്കണ്ട് 6 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുൾപ്പെടെയുള്ള പദ്ധതി

തയ്യാറാക്കുകയും കിഫ്ബി വഴി 40.08 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു. തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനുള്ള ദർഘാസുകൾ മൂന്നു തവണ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് വീണ്ടും ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്. ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനുള്ള സ്ഥലത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിലേയ്ക്കായി മുൻകൂർ പ്രവർത്തനാനുമതി നേടുകയും സ്ഥലമേറ്റെടുക്കൽ നടപടികൾക്കുള്ള തുക കിഫ്ബിയിൽനിന്നും ലഭ്യമാക്കി റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. വേനൽക്കാലത്തും പദ്ധതിക്കാവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇറിഗേഷൻ വകുപ്പ് മുഖേന വാമനപുരം നദിയിൽ ഒരു തടയണ നിർമ്മിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. 2024 മാർച്ച് മാസത്തോടുകൂടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. <u>ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി.</u>

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ ചിറയിൻകീഴ്, കടയ്ക്കാവൂർ, അഞ്ചുതെങ്ങ് തീരദേശ പഞ്ചായത്തുകൾക്കും സമീപ പ്രദേശങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ സംരംഭമായ കിഫ്ബിയിലുൾപ്പെടുത്തി 19.87 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിരുന്നത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായ 9 മീ. വ്യാസമുള്ള കിണറും പമ്പ് ഹൗസും, റാ വാട്ടർ പമ്പിംഗ് മെയിൻ, 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയുടെ പ്രവൃത്തികൾ പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. പ്രവർത്തനസജ്ജമായ ജലശുദ്ധീകരണശാലയിൽ നിന്നുള്ള ശുദ്ധജലം നിലവിലുള്ള ജലസംഭരണിയിലെത്തിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലകൾ വഴി വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്. ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകളിൽ

കാലങ്ങളായി അനുഭവിച്ചുവരുന്ന കുടിവെള്ള ക്ഷാമത്തിന് ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ ഒരു പരിധി വരെ പരിഹാരം കാണാനാവും.

മേൽപ്പറഞ്ഞിട്ടുള്ള ജലശുദ്ധീകരണശാലയുടെ പ്രയോജനം പൂർണ്ണ രൂപത്തിൽ ലഭ്യമാക്കുന്നതിലേയ്ക്കായി ആറ്റിങ്ങൽ വലിയകുന്ന് മുതൽ സർക്കാർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ വരെ 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ ഏകദേശം 3.7 കി.മീ. ദൈർഘ്യത്തിൽ സ്ഥാപിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2.8 കി.മീ. ദൈർഘ്യത്തിൽ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും റോഡ് പുനസ്ഥാപന പ്രവൃത്തികൾക്കും വേണ്ട തുക അഞ്ചുതെങ്ങ്, അഴൂർ, ചിറയിൻകീഴ്, കടയ്ക്കാവൂർ, കിഴുവിലം എന്നീ പഞ്ചായത്തുകളിൽ ജലവിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനുവേണ്ടി ജലജീവൻ മിഷനിലുൾപ്പെടുത്തി ലഭ്യമായ തുകയുടെ നീക്കിയിരുപ്പിൽനിന്നും കണ്ടെത്തുകയും പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകുകയും പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. ബാക്കിയുള്ള 900 മീറ്റർ ദൂരം 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കലും ആറ്റിങ്ങലിൽ ദേശീയ പാത

ക്രോസ്സിംഗുമുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകിയാൽ ഒന്നര വർഷം കൊണ്ട് മുദാക്കൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ചിറയിൻകീഴ് കടയ്ക്കാവൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വലിയകുന്നിലെ 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല കമ്മീഷൻ ചെയ്യാൻ സജ്ജമാണ്.

**ജലജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി**

272 (1077) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജല പൈപ്പ് കണക്ഷൻ എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പദ്ധതി നിലച്ചതായി

പറയപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതി നിലച്ചതായി ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ നിർവഹണം സജീവമായി നടന്നുവരികയാണ്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത് (25.03%). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്.

(ബി) ജോലി ഏറ്റെടുത്ത കരാറുകാർക്ക് യഥാസമയം പണം നൽകാത്തതിനാലും കാലാനുസൃതമായി നിരക്ക് പരിഷ്കരിക്കാത്തതിനാലും കരാറുകാർ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിസ്സഹകരണം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ?

കരാറുകാർ പദ്ധതി നടപ്പിലാക്കുന്നതിന് നിസ്സഹരണം പ്രഖ്യാപിച്ച സാഹചര്യം നിലവിലില്ല.

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പദ്ധതിയുടെ നിർവഹണത്തിൽ പ്രധാനമായും നേരിടുന്ന തടസ്സം അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസമാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് മറ്റു വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികളും യഥാസമയം കിട്ടേണ്ടതുണ്ട്. നിലവിൽ ഇപ്രകാരമുള്ള കാലതാമസങ്ങൾ വിവിധ തലങ്ങളിൽ പരിശോധിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച് പുരോഗതി

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തി നിർവഹണത്തിന് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവഹണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

**കാട്ടാക്കട മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ**

273 (1078) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ അരിക്കട മൂക്കുന്നിമല റോഡിൽ ജലജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായി എസ്റ്റിമേറ്റ് പ്രകാരമുള്ള പുനരുദ്ധാരണ തുക ജല അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് അടയ്ക്കാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിയിൽ പൊതുമരാമത്ത് വകുപ്പിന് 86,14,063/- രൂപ അടയ്ക്കേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പിന് പണം അടയ്ക്കാൻ സാധിക്കും.

(ബി) ഈ തുക അടച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

ജൽ ജീവൻ മിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് വിഭാഗത്തിന് തുക ഡെപ്പോസിറ്റ് ചെയ്ത് അനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

274 (1079) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽശക്തി അഭിയാൻ, നബാർഡ് പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇറിഗേഷൻ ഡിവിഷൻ മലമ്പുഴയ്ക്ക് കീഴിൽ 2024-25 വർഷത്തിൽ നബാർഡ് ഫണ്ട് അനുവദിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Improving to Kozhiyode Akampadam chal at Kuthirappara in Erimayoor Gramapanchayath in Palakkad District - General Civil Work | 40.8 lakh |
| VRT Thodu – Repairs to bunds of thodu at Odanthode near VRT in Kizhakkanchery Panchayath in Palakkad District – General Civil Work | 19.9 lakh |
| AMC 2022-23 – In various LIS (Tharakanchalla LIS, Plazhy LIS and Pullode LIS) - Fully Comprehensive Annual Maintenance Contract - General Electrical Works | 3.3 lakh |

കൂടാതെ എല്ലാ വർഷവും പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ അനുവദിക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്തി കനാൽ അറ്റകുറ്റപണികൾ നടത്തി ലീക്കേജ് മൂലമുള്ള ജലനഷ്ടം പരമാവധി ഒഴിവാക്കിക്കൊണ്ട് കൃഷിസ്ഥലങ്ങളിലേയ്ക്ക് ജലം എത്തിക്കുന്നുണ്ട്.

**പെരുവണ്ണാമൂഴിയിൽ പ്രഖ്യാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ പുരോഗതി**

275 (1080) ശ്രീ. ടി. പി .രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴിയിൽ പ്രഖ്യാപിച്ച കുപ്പിവെള്ള പ്ലാന്റിന്റെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) പെരുവണ്ണാമൂഴിയിൽ പുതുതായി ഒരു കുപ്പിവെള്ള പ്ലാന്റ് നിർമ്മിക്കുവാൻ 17 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയ്ക്ക് ജലസേചന വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലുള്ള 3.55 ഏക്കർ സ്ഥലം കെ.ഐ.ഐ.ഡി.സി.യ്ക്ക് (KIIDC) വിട്ടുനൽകുന്നതിന് അനുമതി നൽകുകയും പ്രസ്തുത സ്ഥലം കെ.ഐ.ഐ.ഡി.സി. നിർണ്ണയിക്കുകയും ചെയ്തതിട്ടുണ്ട്. പ്ലാന്റ്, മെഷിനറി, കെട്ടിടം എന്നിവയും ജി.എസ്.ടി.യും ഉൾപ്പെടെ 22.00 കോടി രൂപ പദ്ധതി

ചെലവുവരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് കെ.ഐ.ഐ.ഡി.സി.(KIIDC) സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

276 (1081) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും പദ്ധതി തിരിച്ച് വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളും ഇതിനായി വിനിയോഗിച്ച തുകയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഷൊർണ്ണൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി**

277 (1082) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും ചളവറ, അനങ്ങനാടി, തൃക്കടീരി പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി ജലജീവൻ മിഷൻ, അമൃത്2.0, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലും ചളവറ, അനങ്ങാനാടി, തൃക്കടീരി പഞ്ചായത്തുകളിലും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടി ജലജീവൻ മിഷൻ, അമൃത്, സ്റ്റേറ്റ് പ്ലാൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത തടയണ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അനങ്ങാനാടി, ചളവറ & തൃക്കടീരി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ പാപ്പറമ്പ് എന്ന് സ്ഥലത്ത് തൂതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിയ്ക്കുന്നതിന് 60549718.70 രൂപ വകയിരുത്തിയിരുന്നു. തടയണയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി ജലസേചനവകുപ്പിന് കീഴിൽ വരുന്ന IDRB മുഖേന Kerala Engineer Research Institute-നെ ചുമതലപ്പെടുത്തി. തുടർന്ന് ടി പ്രവൃത്തികൾക്കായി 12,61,680/- രൂപ KERI എന്ന സ്ഥാപനത്തിന് നൽകി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് KERI, റിപ്പോർട്ടുകൾ കേരള വാട്ടർ അതോറിറ്റിയിലേയ്ക്കും IDRB-യുടെ കേന്ദ്ര കാര്യാലയത്തിലേയ്ക്കും കൈമാറിയിട്ടുണ്ട്.

തുടർ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് IDRB-യുമായി നടത്തിയ ആശയവിനിമയത്തെ തുടർന്ന് IDRB ആവശ്യപ്പെട്ട Design Indent-ൽ ലഭ്യമായ

വിവരങ്ങൾ ഉൾപ്പെടുത്തി 12/04/2023-ന് നൽകി. തുടർന്ന് 30-10-2023-ന് IDRB സ്ഥലം സന്ദർശിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ട്. ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുക Deposit ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ**

278 (1083) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+ മറ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

1. പൂഞ്ഞാർ കൂട്ടിക്കൽ പഞ്ചായത്തുകൾക്കായിട്ടുള്ള പ്രവൃത്തികൾ കരാർ ഉടമ്പടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. പൂഞ്ഞാർ തെക്കേകര പഞ്ചായത്തിനായിട്ടുള്ള കരാർ ഉടമ്പടി പൂർത്തീകരിച്ചു. പൈപ്പ് supply ആരംഭിച്ചിരിക്കുന്നു. നിർമ്മാണ പ്രവൃത്തികൾക്കായി പഞ്ചായത്ത് സ്ഥലം കൈ മാറിയാൽ മാത്രമേ ടി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഉടമകൾ ഉന്നയിച്ച വില DLFC നിശ്ചയിച്ച തുകയെക്കാളും കൂടുതലാണ്.

3. തീക്കോയി പഞ്ചായത്തിനായിട്ടുള്ള കരാർ ഉടമ്പടി പൂർത്തീകരിച്ചു. പൈപ്പ് supply ആരംഭിച്ചിരിക്കുന്നു.

4. തിടനാട് പഞ്ചായത്തിനായിട്ടുള്ള കരാർ ഉടമ്പടി പൂർത്തീകരിച്ചു. 3.4 km പൈപ്പ് ലൈൻ സ്ഥാപിച്ചു.

5. പാറത്തോട് പഞ്ചായത്തിനായിട്ടുള്ള കരാർ ഉടമ്പടി പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾക്കായി പഞ്ചായത്ത് സ്ഥലം കൈമാറിയാൽ മാത്രമേ ടി പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഉടമകൾ ഉന്നയിച്ച വില DLFC നിശ്ചയിച്ച തുകയെക്കാളും കൂടുതലാണ്.

6. എരുമേലി പഞ്ചായത്തിനായിട്ടുള്ള പ്രവൃത്തികൾ 80 ശതമാനത്തോളം പൂർത്തീകരിച്ചു. NH-ന്റെ റോഡ് കട്ടിങ് sanction കിട്ടാത്തതിനാൽ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനെടുക്കുന്ന കാലാവധി ചുവടെ ചേർക്കുന്നു.

1. പൂഞ്ഞാർ കുട്ടിക്കൽ - 27/10/2024
2. പൂഞ്ഞാർ തെക്കേകര - 08/11/2024
3. തീക്കോയി - 27/10/2024
4. തിടനാട് - 10/10/2024
5. പാറത്തോട് - 25/10/2025
6. എരുമേലി

**കുന്നത്തുനാട് മണ്ഡലത്തിലെ ജല ജീവൻ മിഷൻ**

279 (1084) <u>ശ്രീ. പി.വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ ജല ജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ജല ജീവൻ മിഷൻ പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ പദ്ധതിയുടെ നിർവഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിന്റെ പരിധിയിലുള്ള ഓരോ പഞ്ചായത്തുകളിലും ജലജീവൻ മിഷന്റെ ഭാഗമായി ഇതേ വരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷൻ നൽകാനുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതിയുടെ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന എന്തെങ്കിലും കാര്യങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൈപ്പ് ഇടുന്നതിനായി പഞ്ചായത്ത് റോഡ് മുറിക്കാൻ അനുമതി ലഭിക്കുവാൻ കാലതാമസം നേരിടുന്നു. കുന്നത്തുനാട്, ഐക്കാരനാട്, മഴവന്നൂർ പഞ്ചായത്തുകളിലെ പ്രവർത്തനത്തിന് പി.ഡബ്ല്യൂ.ഡി. റോഡ് മുറിക്കുന്നതിനുള്ള അനുമതി ഇതുവരെ ലഭ്യമായിട്ടില്ല. റോഡ് മുറിക്കാൻ അപേക്ഷ സമർപ്പിച്ചതിന് ഡിമാൻഡ് നോട്ടീസായി പെർഫോമൻസ് ഗ്യാരണ്ടി തുകയ്ക്ക് പകരം പി ഡബ്ല്യൂ ഡി റെസ്റ്റോറേഷൻ തുകയാണ് നൽകിയിരിക്കുന്നത്. ആയത് മാറ്റി നൽകാൻ കത്ത് നൽകിയിട്ടുണ്ട്.

കൂടാതെ കടക്കനാട് 8 ലക്ഷം ലിറ്റർ ടാങ്ക് നിർമ്മിക്കുന്നതിന് 15 സെന്റ് സ്ഥലത്തിന് ഇറിഗേഷനിൽനിന്നും അനുമതി ലഭിക്കാനുണ്ട്. ഇത് ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കറുകപ്പിള്ളിയിൽ പ്രവൃത്തിക്ക് വേണ്ടി 9 മീറ്റർ വ്യാസമുള്ള കിണർ നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തിയിൽനിന്നും മൂന്ന് പഞ്ചായത്തുകളുമായി ചേർന്ന് 12 സെന്റ് സ്ഥലം

വാങ്ങി ലഭ്യമാക്കേണ്ടതുണ്ട്. ആയതിന്റെ പഞ്ചായത്ത് തീരുമാനം ലഭ്യമാക്കിയെങ്കിലും സ്ഥലം വാങ്ങി കൈമാറിയിട്ടില്ല. പദ്ധതിക്കായി 17 എം.എൽ.ഡി. ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 1 ഏക്കർ സ്ഥലത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ കേന്ദ്രകാര്യാലയത്തിൽനിന്നും NOC ലഭിക്കുവാനുണ്ട്.

(ഡി) മണ്ഡലത്തിലെ പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതികൾക്കായി ദേശീയപാത അതോറിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട്, ഐക്കാരനാട്, മഴുവന്നൂർ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതിക്കായി ദേശീയപാത മുറിച്ചും ഇരുവശങ്ങളിലൂടെയും പൈപ്പ് സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കേണ്ടതുണ്ട്. ആയതിന്റെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്.

**കാട്ടായിക്കോണം, ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം നഗരസഭകളിലെ കുടിവെള്ള പദ്ധതികൾ**

280 (1085) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടായിക്കോണം, ചന്തവിള, പള്ളിത്തുറ, കഴക്കൂട്ടം തുടങ്ങിയ നഗരസഭ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചന്തവിള, കാട്ടായിക്കോണം എന്നീ നഗരസഭ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ സപ്ലൈ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കില്ലാതിരുന്നതിനാൽ ആയത് സ്ഥാപിക്കുന്ന പ്രവർത്തിക്കായി അമൃത് 2.0 പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 30.935 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പള്ളിത്തുറ, കഴക്കൂട്ടം നഗരസഭാ വാർഡുകളിൽ കുടിവെള്ളം എത്താതിരുന്ന സ്ഥലങ്ങളിൽ കുടി വെള്ളം എത്തിക്കുന്നതിനായി അമൃത് 2.0 പദ്ധതിയുടെ കഴക്കൂട്ടം ഫേസ് 1 & ഫേസ് II-ൽ ഉൾപ്പെടുത്തി 14.982 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തികൾക്ക് കരാർ നൽകുകയും ചെയ്തു. പ്രവൃത്തിയുടെ 28% ഇതുവരെ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ; എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ചന്തവിള-കാട്ടായിക്കോണം നഗരസഭാ വാർഡുകൾക്കുള്ള പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തു കഴിഞ്ഞാൽ 18 മാസത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ പള്ളിത്തുറ, കഴക്കൂട്ടം നഗരസഭാ വാർഡുകളിൽ അമൃത് 2.0 പദ്ധതിയിൽ കഴക്കൂട്ടം ഫേസ് 1 പ്രവൃത്തികൾ 8 മാസത്തിനകവും, ഫേസ് 2 പ്രവൃത്തികൾ 10 മാസത്തിനകവും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

281 (1086) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടി തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും ജില്ലാ കളക്ടറും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും നിരന്തരം അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. സ്ഥലലഭ്യത ഇല്ലായ്മ, മറ്റ് ഇതര വകുപ്പുകളുടെ (പി.ഡബ്ല്യൂ.ഡി., എൻ.എച്ച്., റെയിൽവേ) അനുമതിക്കുള്ള കാലതാമസം, എന്നിവ കാരണം പദ്ധതി വൈകുന്നത് ഒഴിവാക്കുന്നതിന് ജില്ലാ തലത്തിലും (ജില്ലാ കളക്ടർ മുഖേന) സംസ്ഥാന തലത്തിലും കൂടിയാലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്കുവേണ്ട ജലശുദ്ധീകരണശാലയ്ക്കും

ഉന്നതതല ജല സംഭരണികൾക്കും സ്ഥലം ഏറ്റെടുക്കുന്നതിൽ കാല താമസം നേരിട്ടുവെങ്കിലും മേൽ സൂചിപ്പിച്ച പ്രകാരമുള്ള നിരന്തരമായ ഇടപെടലുകളിലൂടെ പദ്ധതിക്കാവശ്യമായ ജല ശുദ്ധീകരണ ശാലയുടെ സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. കൂടാതെ പദ്ധതിക്കുവേണ്ട പുതുക്കിയ ഫണ്ടിംഗ് അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിന് വിമുഖത കാട്ടുന്നതിനാൽ കൂടുതൽ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുവാനായി കരാറുകാരുമായും ചർച്ചകൾ നടത്തി പരിഹാരം കാണുവാനുള്ള ശ്രമങ്ങളും വിവിധ തലത്തിൽ നടത്തി വരുന്നുണ്ട്.

(ബി) ഈ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

കുട്ടനാട് കുടിവെള്ള പദ്ധതി പരമാവധി കാലതാമസമില്ലാതെ നടപ്പാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച് വരുന്നു. സ്ഥല ലഭ്യത ഇല്ലായ്മ, മറ്റ് ഇതര വകുപ്പുകളുടെ (പി.ഡബ്ല്യൂ.ഡി., എൻ എച്ച്, റെയിൽവേ) അനുമതിക്കുള്ള കാലതാമസം, എന്നിവ കാരണം പദ്ധതി വൈകുന്നത് ഒഴിവാക്കുന്നതിന് ജില്ലാ തലത്തിലും (ജില്ലാ കളക്ടർ മുഖേന),

സംസ്ഥാന തലത്തിലും കൂടിയാലോചനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കരാറുകാർ ടെൻഡറിൽ പങ്കെടുക്കുന്നതിന് വിമുഖത കാട്ടുന്നതിനാൽ കൂടുതൽ കരാറുകാർ ടെൻഡറിൽ പങ്കെടുക്കാനായി കരാറുകാരുമായും ചർച്ചകൾ നടത്തി പരിഹാരം കാണുവാനുള്ള ശ്രമങ്ങളും വിവിധ തലത്തിൽ നടത്തി വരുന്നുണ്ട്.

**(സി) വിവിധ ഘട്ടങ്ങളായി നടക്കുന്ന കുട്ടനാട് കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?**

ഈ പദ്ധതി 9 പാക്കേജുകളായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പാക്കേജുകളുടെ ടെൻഡർ നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>പാക്കേജ്-1</u>

തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ജലശുദ്ധീകരണ ശാലയും അനുബന്ധ ഘടകങ്ങളുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 31.98% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

പാക്കേജ്-2

എടത്വ, തലവടി പഞ്ചായത്തുകളിലെ ഉന്നതതല ജലസംഭരണിയുടേയും അനുബന്ധ പമ്പിംഗ് മെയിനുകളുടേയും പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 17.98% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

പാക്കേജ്-3

നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്. എ.സി റോഡിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് KSTP ക്ക് 22.40 കോടി രൂപ ഡെപ്പോസിറ്റ്

ചെയ്തിട്ടുണ്ട്. പ്രവൃത്തിക്ക് ULCSS-ക്ക് KSTP പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിലേയ്ക്കായി പൈപ്പ് ടെസ്റ്റിംഗ് പൂർത്തിയാക്കി പൈപ്പ് സപ്ലൈ ചെയ്തിട്ടുണ്ട്.

പാക്കേജ്-4

എടത്വ, വീയപുരം, തലവടി, തകഴി എന്നീപഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും തകഴി പഞ്ചായത്തിൽ (6 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ടെൻഡറിൽ കരാറുകാരൻ 15.2% ഉയർന്ന തുക ക്വാട്ട് ചെയ്തതിനാൽ അനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

പാക്കേജ്-5

മുട്ടാർ (3.5 ലക്ഷം ലിറ്റർ), വെളിയനാട് (4.5 ലക്ഷം ലിറ്റർ), നീലംപേരൂർ (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ

ഉൾപ്പെടുത്തിയിരിക്കുന്നത്. 8 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ്-6

പുളിങ്കുന്ന് (12 ലക്ഷം ലിറ്റർ), കാവാലം (8 ലക്ഷം ലിറ്റർ), എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 5 തവണ ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 11.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ്-7

രാമങ്കരി (5.75 ലക്ഷം ലിറ്റർ), ചമ്പക്കുളം (5.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ

പങ്കെടുത്തിട്ടില്ല. 02.02.2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ്-8

കൈനകരി (7 ലക്ഷം ലിറ്റർ), നെടുമുടി (8.5 ലക്ഷം ലിറ്റർ) എന്നീ സ്ഥലങ്ങളിൽ ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല. 02-02-2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ് -9

വീയപുരം (4.75 ലക്ഷം ലിറ്റർ) ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം, എടത്വ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവുമാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പുതുക്കിയ

ഫണ്ടിംഗ് അനുമതി ലഭ്യമാക്കി ടെൻഡർ ചെയ്തെങ്കിലും ആരുംതന്നെ പങ്കെടുത്തിട്ടില്ല. 02-02-2024 അവസാന തീയതിയായി റീ ടെണ്ടർ ചെയ്തിട്ടുണ്ട്.

**ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി**

282 (1087) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതി വിഭാവനം ചെയ്തതിന്റെ എത്ര ശതമാനം ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങിയെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും വ്യക്തമാക്കുമോ?

(എ&ബി) ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ഗ്രാമീണ മേഖലയിലെ എല്ലാ

വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ജലജീവൻ മിഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03%). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണ മേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി മുഖേന ആവശ്യമുള്ള മുഴുവൻ ആളുകൾക്കും കണക്ഷൻ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജല ജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനാവശ്യമായ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായി എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് ഉറപ്പാക്കികൊണ്ടുള്ള (ഹർ ഘർ ജൽ) പഞ്ചായത്ത് തീരുമാനം ഇതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തി ഹർ ഘർ ജൽ സർട്ടിഫിക്കറ്റ് നേടേണ്ടതുണ്ട്.

(ഡി) പദ്ധതി നടത്തിപ്പിന് പ്രധാന തടസ്സമായ ദേശീയപാതയിലെ റോഡ് കട്ടിംഗിനുള്ള അനുവാദം ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; നാഷണൽ ഹൈവേ 966 അടക്കം ദേശീയപാതയിൽ പൈപ്പിടുന്നതിന് ദേശീയപാത അതോറിറ്റിയുടെ നിബന്ധനകൾ പ്രയാസമുണ്ടാക്കുന്നതും വൻ ചെലവ് വരുത്തുന്നതുമാണ്

എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ദേശീയ പാതയിൽ പൈപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ദേശീയപാത അതോറിറ്റിയിൽ (NHAI) നിന്നും അനുമതി ലഭിക്കേണ്ടതായിട്ടുള്ള 117 പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് ദേശീയപാത അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 113 പ്രവൃത്തികൾക്ക് ദേശീയ പാത അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിൽ ദേശീയപാത 66, 74, 85, 966 എന്നിവയിൽ ഉൾപ്പെട്ട 23 പ്രവൃത്തികൾക്ക് പൈപ്പുകൾ സ്ഥാപിക്കുന്നതിന് ദേശീയപാതയോട് ചേർന്ന് പ്രത്യേക ഡക്ട് സ്ഥാപിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇത് അധിക സാമ്പത്തികബാധ്യത സൃഷ്ടിക്കുന്നതിനാൽ ഇതിനാവശ്യമായി വരുന്ന അധിക ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ദേശീയ ജലജീവൻ മിഷനെ

(NJJM) സമീപിച്ചിട്ടുണ്ട്. ആകെ അനുമതി ലഭ്യമാക്കേണ്ട 117 പ്രവൃത്തികളിൽ 4 എണ്ണം ദേശീയപാത അതോറിറ്റിയുടെ പരിശോധനയിലാണ്.

പി.ഡബ്ള്യൂ.ഡി-എൻ.എച്ച് വിഭാഗത്തിൽനിന്നും ആകെ 92 അനുമതികളാണ് ലഭിക്കേണ്ടിയിരുന്നത്. ഇതിൽ 61 എണ്ണത്തിന് അനുമതിക്കായി ആവശ്യമായ തുക അടവാക്കാനുള്ള ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 31 എണ്ണം പി.ഡബ്ല്യൂ.ഡി-എൻ.എച്ച്. വിഭാഗത്തിന്റെ പരിഗണനയിലാണ്.

(ഇ) പൊതുമരാമത്ത് റോഡുകളുടെ കട്ടിംഗിന് അനുവാദം നൽകുന്നതിനും റോഡ് റെസ്റ്റോറേഷനും കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് എന്നീ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ പദ്ധതി നിർവ്വഹണത്തിന് കാലതാമസമുണ്ടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ വ്യക്തമായ നിർദ്ദേശം ഇരു വകുപ്പ് മേധാവികൾ ചേർന്ന് രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് ജല വിഭവ വകുപ്പുമന്ത്രിമാരുടെ സാന്നിധ്യത്തിൽ 05-01-2022-ൽ കൂടിയ യോഗത്തിന്റെ തീരുമാനപ്രകാരം പൊതുമരാമത്തു റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ജലസേചന വകുപ്പുകളുടെ സ്ഥിരം സമിതിക്ക് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായും ജല വിഭവ വകുപ്പ് സെക്രട്ടറി അംഗമായും രൂപം നൽകിയിട്ടുണ്ട്.

(എഫ്) കുടിവെള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് കൃത്യവും സമയബന്ധിതവുമായ മോണിറ്ററിംഗ് നടത്തി വിവിധ വകുപ്പുകൾ തമ്മിൽ ആവശ്യമായ ഏകോപനമുണ്ടാക്കി പദ്ധതിക്ക് വേഗം കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിർവഹണത്തിനായി സംസ്ഥാന- ജില്ലാ - ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവഹണപുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ

ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവണത്തിന്റെ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ടുന്ന അനുമതികൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേന നടത്തുന്നുണ്ട്. പദ്ധതി നിർവഹണ പുരോഗതി പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ

കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ**

283 (1088) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ള എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്യാനുണ്ടെന്നും ടെണ്ടർ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തി നിർവ്വഹിക്കുന്നതിനായി ഭരണാനുമതി നല്കിയിട്ടുള്ള പ്രവൃത്തികളുടെയും ടെണ്ടർ ചെയ്ത പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ദേവികുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

284 (1089) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

**നിലവിൽ പുരോഗമിച്ച് വരുന്ന പ്രവൃത്തികൾ**

- ഇടമലക്കുടി - അമ്പലപ്പടിയിൽ സ്ഥാപിക്കുന്ന " ക്ലിയർ വാട്ടർ സമ്പ് കം പമ്പ് ഹൗസ്, നടുകുടിയിൽ 0.5 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം, പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, GLSR നിർമ്മാണം" -എന്നിവയുടെ നിർമ്മാണം
- ഇടമലക്കുടി - മീൻകുത്തി - ക്ലിയർ വാട്ടർ സമ്പ് കം പമ്പ് ഹൗസ് , 0.5 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം,

+നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

പമ്പിംഗ് മെയിൻ സ്ഥാപിയ്ക്കൽ, GLSR, OH SR നിർമ്മാണം " - എന്നിവയുടെ നിർമ്മാണം.

- മറയൂർ - കാന്തല്ലൂർ - പഞ്ചായത്തുകളിലെ (പട്ടിശ്ശരി ഡാം)എല്ലാ ഭവനങ്ങളിലും കുടിവെള്ളം നൽകുന്ന പ്രവൃത്തിയും ശുദ്ധജല പമ്പിംഗ് മെയിൻ വിതരണവും സ്ഥാപിക്കലും സമ്പ് കം പമ്പ് ഹൗസ് നിർമ്മാണവും GLSR നിർമ്മാണം (വിവിധ സോണുകളിൽ) പമ്പ് സെറ്റ് വിതരണവും സ്ഥാപിക്കലും.

- മറയൂർ - കാന്തല്ലൂർ - പഞ്ചായത്തുകളിലെ (പാമ്പാർ നദി മേഖല) വിവിധ സോണുകളിലെ ഭവനങ്ങളിലും കുടിവെള്ളം നൽകുന്ന പ്രവൃത്തിയും ശുദ്ധജല പമ്പിംഗ് മെയിൻ വിതരണവും സ്ഥാപിക്കലും സമ്പ് കം പമ്പ് ഹൗസ് നിർമ്മാണവും GLSR നിർമ്മാണം പമ്പ് സെറ്റ് വിതരണവും സ്ഥാപിക്കലും

- "മാങ്കുളം പള്ളിവാസൽ (പാർട്ട്) പഞ്ചായത്തിലേയ്ക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, ജിഎൽ സ്റ്റോറേജ്

റിസർവോയറുകളുടെ നിർമ്മാണം, ഗ്രാവിറ്റി മെയിൻ, വിതരണ ലൈൻ എന്നിവയുടെ വിതരണവും സ്ഥാപിക്കലും,

- അടിമാലി പഞ്ചായത്തിലേയ്ക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, GLSR കളുടെ നിർമ്മാണം, ശുദ്ധജല പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ലൈൻ എന്നിവയുടെ വിതരണവും സ്ഥാപിക്കലും.
- മൂന്നാർ-പള്ളിവാസൽ (പാർട്ട്) പഞ്ചായത്തിലേക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, ശുദ്ധജല പമ്പിംഗ് മെയിൻ , ഗ്രാവിറ്റി മെയിൻ വിതരണവും, GLSR നിർമ്മാണം.
- ബൈസൺവാലി പഞ്ചായത്തിലെ എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും കുടിവെള്ള ടാപ്പ് കണക്ഷൻ നൽകുന്ന പദ്ധതി വട്ടവട പഞ്ചായത്തിലേയ്ക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, ശുദ്ധജല പമ്പിംഗ് മെയിനുകളും ഗ്രാവിറ്റി മെയിനുകളും വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി, സമ്പ് പമ്പ് ഹൗസ് നിർമ്മാണം, വിവിധ സോണുകളിൽ GLSR നിർമ്മാണം

- വെള്ളത്തുവൽ പഞ്ചായത്തിലെ ഗ്രാമീണ ഭവനങ്ങളിലേയ്ക്കുള്ള സേവന കണക്ഷനുകൾ നൽകുകയും കമ്മീഷൻ ചെയ്യുകയും ചെയ്യുന്ന പ്രവൃത്തി
- വെള്ളത്തുവൽ പഞ്ചായത്തിലെ നിലവിലെ പൈപ്പ് ലൈനിലെ ചോർച്ച പരിഹരിക്കൽ, വിടവ് നികത്തൽ, പുതിയ വിതരണ ലൈനുകൾസ്ഥാപിക്കുന്ന പ്രവൃത്തികൾ

**ടെൻഡർ നടപടികൾ പുരോഗമിക്കുന്ന പ്രവൃത്തികൾ**

- ഇടമലക്കുടി - പരപ്പയാർ - RWPM സ്ഥാപിയ്ക്കൽ, വെള്ളവരക്കുടിൽ 0.25 MLD ജലശുദ്ധീകരണശാല നിർമ്മാണം, സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, GLSR നിർമ്മാണം, വിതരണ ലൈനുകൾ സ്ഥാപിക്കൽ, ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി
- ഇടമലക്കുടി- പാറക്കുടി - 0.15 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെയും, ക്ലിയർ വാട്ടർ സമ്പിന്റെയും നിർമ്മാണം
- ഇടമലക്കുടി -നൂറടിക്കുടി - 0.1 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെയും, ക്ലിയർ വാട്ടർ സമ്പിന്റെയും നിർമ്മാണം

- മറയൂർ - പാമ്പൻപാറയിൽ സമ്പ് കം പമ്പ് ഹൗസ് നിർമ്മാണവും, പമ്പ് സെറ്റ് നിർമ്മിക്കുന്ന പ്രവൃത്തി
- മറയൂർ - 3.5 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം
- മറയൂർ - പാമ്പാർ നദിയിൽ വെൽ കം പമ്പ് ഹൗസ്, ട്രാൻസ്ഫോർമർ കൺട്രോൾറൂം എന്നിവയുടെ നിർമ്മാണം
- മറയൂർ -ട്രാൻസ്ഫോമറുകളും സ്ഥാപിക്കുകയും വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുക. റോ പമ്പിംഗ് മെയിൻ വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി
- കാന്തല്ലൂർ-കിണർ കം പമ്പ് ഹൗസ് നിർമ്മാണം, കാന്തല്ലൂരിൽ റോ വാട്ടർ പമ്പിംഗ് മെയിൻ വിതരണം, സ്ഥാപിക്കൽ"
- കാന്തല്ലൂർ-3 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം

- മാങ്കുളം - ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, GL സ്റ്റോറേജ് റിസർവോയറുകളുടെ നിർമ്മാണം, ഗ്രാവിറ്റി മെയിൻ, വിതരണ ലൈനുകൾസ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ.

- മാങ്കുളം- 11 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം

- മാങ്കുളം- അടിമാലി പഞ്ചായത്തിലേക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി, ജിഎൽ സർവീസ് റിസർവോയറുകളുടെ നിർമ്മാണം, ശുദ്ധജല പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ വിതരണം, സ്ഥാപിക്കൽ, വിതരണ ലൈനുകളും സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി

- മാങ്കുളം - 9.0 മീറ്റർ വ്യാസമുള്ള വെൽ കം പമ്പ് ഹൗസ് നിർമ്മിക്കൽ, അസംസ്കൃത ജല പമ്പിംഗ് മെയിൻ സ്ഥാപിക്കൽ, വിതരണം, റോ വാട്ടർ പമ്പ് സെറ്റുകളുടെ വിതരണവും പരിശോധനയും, പമ്പ് ഹൗസിലേയ്ക്കുള്ള പവർ കണക്ഷൻ ചാർജ്ജുകൾ എന്നിവയുടെ പ്രവൃത്തികൾ.

- ദേവികുളം - ചിന്നക്കനാൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് (മാട്ടുപ്പെട്ടി ഡാം പദ്ധതി) - ശുദ്ധജല പമ്പിംഗ് മെയിനുകളും ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനുകളും വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുക, സമ്പ് കം പമ്പ് ഹൗസ് നിർമ്മാണം, വിവിധ സോണുകളിൽ ജി.എൽ.എസ്.ആർ. നിർമ്മാണം, പമ്പ് സെറ്റുകൾ വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുക, വിതരണ ലൈനുകൾ സ്ഥാപിച്ച് എഫ്.എച്ച്.ടി.സി. നൽകുകയും ചെയ്യുന്ന പ്രവൃത്തി.

- ദേവികുളം-ചിന്നക്കനാൽ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് (സീതാദേവി തടാകം) - ശുദ്ധജല ഗ്രാവിറ്റി മെയിനുകളും വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുക, വിവിധ സോണുകളിൽ ജി.എൽ.എസ്.ആർ. നിർമ്മാണം, വിതരണ ലൈനുകൾ സ്ഥാപിച്ച് എഫ്.എച്ച്.ടി.സി. നൽകുകയും ചെയ്യുന്ന പ്രവൃത്തി.

- മാട്ടുപ്പെട്ടി അണക്കെട്ടിൽ ഫ്ലോട്ടിങ് പ്ലാന്റ് നിർമ്മിച്ച് SUB MERGED പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും കമ്മീഷൻ ചെയ്യൽ, ട്രാൻസ്ഫോർമർ

കൺട്രോൾറൂമിന്റെ നിർമ്മാണം, ട്രാൻസ്ഫോർമറുകളുടെ വിതരണം, സ്ഥാപിക്കൽ, വൈദ്യുതി കണക്ഷൻ ചാർജ്ജുകൾ. റോ പമ്പിംഗ് മെയിൻ-ജനറൽ സിവിൽ വർക്ക് വിതരണം ചെയ്യലും സ്ഥാപിക്കലും.

- മാട്ടുപ്പെട്ടി അണക്കെട്ടിൽ 22 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം
- വട്ടവട - ചിലന്തിയാർ 3 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം
- വട്ടവട - റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് ഹൗസും നിർമ്മിക്കുന്ന പ്രവൃത്തി.
- ചിലന്തിയാർ നദിക്ക് കുറുകെ തടയണ രൂപകല്പന ചെയ്യുന്നതിനും നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തി.
- നിലവിലുള്ള ജി.എൽ.എസ്.ആറുകളുടെ നവീകരണവും വെള്ളത്തുവൽ പദ്ധതിയുടെ പ്രീ-കമ്മീഷനിംഗ് പ്രവൃത്തികളും.

- കത്തിപ്പാറയ്ക്ക് സമീപം OHSR കം പമ്പ് ഹൗസ്, സൗത്ത് കത്തിപ്പാറയിൽ GLSR എന്നിവയുടെ നിർമ്മാണം, കത്തിപ്പാറയിൽ CF പമ്പ്സെറ്റ് വിതരണം, സ്ഥാപിക്കൽ.

- തൊട്ടുപുഴ ഡിവിഷന് കീഴിൽ ദേവികുളം മണ്ഡലത്തിലെ ചിന്നക്കനാൽ പഞ്ചായത്തിൽ ജല ജീവൻ പദ്ധതിക്കായി 1930 FHTC-കൾക്കുവേണ്ടി 1863 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് ടെൻഡർ ചെയ്തിട്ടുണ്ട്.

(ബി) ചില പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നതിനുള്ള കാരണം വിശദമാക്കാമോ?

1. ദേവികുളം ചിന്നക്കനാൽ പദ്ധതിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള KDHP-യുടെ അധീനതയിലുള്ള പഴയ ദേവികുളം റോഡിന്റെ അനുമതി ലഭ്യമായില്ല.

2. PWD, NHAI, KRFB റോഡുകളുടെ അനുമതി ലഭ്യമാകാനുണ്ട്.

3. പള്ളിവാസൽ ചിത്തിരപുരം-ഗവ. ആശുപത്രിക്ക് സമീപം റവന്യൂ വകുപ്പിൽനിന്നും ലഭ്യമായ 2 സെന്റ് ഭൂമി DMP stop memo നൽകിയതിനാൽ പണികൾ നിർത്തി വയ്ക്കേണ്ടതായി വന്നു.

4. ദേവികുളം മണ്ഡലത്തിലെ ചിന്നക്കനാൽ പദ്ധതി 4 തവണ ടെണ്ടർ ചെയ്തിട്ടുണ്ടെങ്കിലും കരാറുകാർ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.

**ജല ജീവൻ പദ്ധതി**

285 (1090) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കോടി രൂപയുടെ ജല ജീവൻ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിൽ ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 44,714.79 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി കേന്ദ്രാവിഷ്കൃതമാണോ; എങ്കിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. 10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം 50:50 എന്ന അനുപാതത്തിലാണ്. കൂടാതെ ഉത്തരവ് നമ്പർ സ.ഉ(കൈ)നം. 37/2020/ജ.വി.വ. തീയതി 8/6/2020 പ്രകാരം ഗ്രാമപഞ്ചായത്തുകൾ 15% വിഹിതവും വഹിക്കേണ്ടതാണ്.

(സി) ഇതുവരെ എത്ര കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകളുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും ജില്ലാ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇതിനായി ഇതുവരെ കേന്ദ്രത്തിൽനിന്ന് കിട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാരിൽനിന്ന് ഇതു വരെ 4,635.64 കോടി രൂപ കിട്ടിയിട്ടുണ്ട്.

(ഇ) പൂർത്തീകരിച്ച അല്ലെങ്കിൽ ബില്ല് എഴുതിയ പ്രവൃത്തികൾക്ക് കരാറുകാർക്ക് എത്ര രൂപ കൊടുത്തുവെന്നും ഇനി എത്ര രൂപ കൊടുക്കാൻ ബാക്കിയുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരം അനുബന്ധം 3 ആയി ചേർക്കുന്നു.+

(എഫ്) കുടിശ്ശികയുണ്ടെങ്കിൽ ചെയ്തുതീർത്ത പ്രവൃത്തികൾക്ക് കരാറുകാർക്ക് പണം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; കേന്ദ്രവിഹിതം കിട്ടാത്തതാണോ കാരണമെന്ന് വിശദമാക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്നും ജൽ ജീവൻ സ്കീം മാർഗ്ഗനിർദ്ദേശം അനുസരിച്ച് ഫണ്ട് നല്കുന്ന മുറയ്ക്കാണ് കരാറുകാർക്ക് പണം നൽകുന്നത്. ജൽ ജീവൻ സ്കീം മാർഗ്ഗനിർദ്ദേശം അനുസരിച്ച് സംസ്ഥാന സർക്കാരിൽനിന്നുള്ള 327.76 കോടി രൂപ ഉടനെ നല്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ജി) ജല ജീവൻ പദ്ധതിക്കായി കേന്ദ്രം നൽകിയ ഫണ്ട് മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജല ജീവൻ പദ്ധതിക്കായി കേന്ദ്രം നൽകിയ ഫണ്ട് മറ്റു ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിച്ചിട്ടില്ല.

**പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

286 (1091) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പ്രവൃത്തി പുരോഗതി വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുത്താളി, പേരാമ്പ്ര, അരിക്കുളം, ചക്കിടപ്പാറ, മേപ്പയൂർ പഞ്ചായത്തുകളിലെ പ്രവൃത്തികൾ 2024 മാർച്ച് 31-നം ചെറുവണ്ണൂർ പഞ്ചായത്തിലെ പ്രവൃത്തികൾ 2025 മാർച്ചിലും മറ്റ് പഞ്ചായത്തുകളിലെ പ്രവൃത്തികൾ 2024 മെയ് മാസത്തോടെയും പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ജലജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടുവാൻ വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകൾ പുനർ നിർമ്മിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കാൻ വെട്ടിപൊളിച്ച റോഡുകൾ പുനർ നിർമ്മിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് അടിയന്തരമായി ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നുണ്ട്.

(ഡി) ഇക്കാര്യത്തിൽ എം.എൽ.എ-യുടെ നേതൃത്വത്തിൽ നടന്ന ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലെടുത്ത തീരുമാനം പോലും നടപ്പിലാകുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ?

എം.എൽ.എ.-യുടെ നേതൃത്വത്തിൽ നടന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് അടിയന്തരമായി ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്ക് മുൻഗണന നൽകുന്നുണ്ട്.

**മലപ്പുറം നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

287 (1092) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജക മണ്ഡലത്തിൽ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മേൽമുറി കുടിവെള്ള പദ്ധതിക്ക് 8.507 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരാനുള്ള കാരണം അറിയിക്കാമോ?

മലപ്പുറം നിയോജക മണ്ഡലത്തിലെ പാണക്കാട് മേൽമുറി (പാർട്ട്) വില്ലേജുകൾക്കുള്ള കുടിവെള്ള പദ്ധതികൾക്കായി അമൃത് 2.0 ഘട്ടം I-ൽ ഉൾപ്പെടുത്തി 7.5 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 7.60 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇരുമ്പൂഴി കരുമാഞ്ചേരി പറമ്പ് പ്രദേശങ്ങളിലേയ്ക്ക് കുടിവെള്ളമെത്തിക്കുന്ന പുതുക്കിയ ജലജീവൻ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ശുദ്ധീകരണശാലയുടെയും മറ്റ് ഘടകങ്ങളുടെയും ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. ശുദ്ധീകരണശാലയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

രണ്ടു പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൃത്യമായ അവലോകനയോഗങ്ങളും വിലയിരുത്തലുകളും നടത്തി പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മലപ്പുറം മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികൾ**

288 (1093) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതിനോടകം എത്ര പേർക്ക് പദ്ധതി വഴി കണക്ഷൻ നൽകാൻ കഴിഞ്ഞുവെന്ന കണക്ക് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ?

മൊറയൂർ, പുൽപ്പറ്റ, പൂക്കോട്ടൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 21051 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല, ഉന്നതതല ജലസംഭരണികൾ, വിതരണശൃംഖല, കിണർ, പമ്പിംഗ് മെയിൻ, കുടിവെള്ള കണക്ഷൻ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി 4 പാക്കേജുകളിലായി പ്രവൃത്തി നടന്നുവരുന്നു. 2023-24 വർഷത്തിൽ ആറാമത് സ്റ്റേറ്റ് ലെവൽ സ്കീം സാംങ്ഷനിംഗ് കമ്മിറ്റിയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി 2024 ഒക്ടോബറിൽ കമ്മീഷൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കൊണ്ടോട്ടി മുൻസിപ്പാലിറ്റിക്ക് കീഴിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

289 (1094) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മുൻസിപ്പാലിറ്റിക്ക് കീഴിൽ കിഫ്ബി ധനസഹായത്തോടെ 108 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കൊണ്ടോട്ടി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി വിപുലീകരണത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 108.69 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി 25/06/2019-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 5 പാക്കേജുകളിലായി നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിൽ പദ്ധതി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

മേൽപ്പറഞ്ഞ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായുള്ള 5 പാക്കേജുകളിൽ 4 പാക്കേജുകളിലേയും പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളതാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റിയുടെ ഓഫ് ഇന്ത്യ) -യുടെ അധീനതയിലുള്ള എൻ.എച്ച്. 966-ൽ റോഡ് കട്ടിംഗ് അനുമതിക്കായി നിരവധി തവണ എൻ.എച്ച്.എ.ഐ അധികൃതരെ സമീപിച്ചെങ്കിലും അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചതിൻ പ്രകാരം കോടതി ഉത്തരവനുസരിച്ച് ഈ പ്രവൃത്തിയിൽനിന്നും കരാറുകാരൻ ഒഴിവാക്കപ്പെട്ടു. നിലവിൽ എൻ.എച്ച് 966-ൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി HDD രീതിയിൽ സ്ഥാപിക്കാൻ അനുവാദം ലഭ്യമായിട്ടുണ്ട്. ആയതിന്റെ 20,15,500/- രൂപയുടെ ബാങ്ക് ഗ്യാരണ്ടി ലഭിക്കുന്നതിനായി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകേണ്ടതുണ്ട്.

കൂടാതെ മേൽപ്പറഞ്ഞ പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് ഇരട്ടമുഴിയിലെ റോ വാട്ടർ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് കെ.എസ്.ഇ.ബി.-യിൽ അപേക്ഷ സമർപ്പിച്ചിരുന്നു. വൈദ്യുതി കണക്ഷൻ ലഭിക്കണമെങ്കിൽ കെ.എസ്.ഇ.ബി അരീക്കോട് സബ് സ്റ്റേഷനിൽനിന്നും പ്രസ്തുത റോ വാട്ടർ പമ്പ് ഹൗസിലേയ്ക്ക് ഡെഡിക്കേറ്റഡ് പവർ ലൈൻ സ്ഥാപിക്കുന്നതിനായി 1,78,40,633/- രൂപയുടെ എസ്റ്റിമേറ്റ് നൽകുകയുണ്ടായി. പ്രസ്തുത തുക ലഭിക്കുന്നതിന് കിഫ്ബിയിലേയ്ക്ക് പ്രത്യേക പാക്കേജായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാകേണ്ടതുണ്ട്.

കൂടാതെ വൈദ്യുതി കണക്ഷൻ നൽകണമെങ്കിൽ നിലവിലെ ജലശുദ്ധീകരണശാലയുടെയും ഇരട്ടമുഴിയിലുള്ള റോ വാട്ടർ പമ്പ് ഹൗസിലെയും കുടിശ്ശികയായ 6,90,50,138/- രൂപ അടവാക്കണമെന്നും കെ.എസ്.ഇ.ബി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി കമ്മീഷൻ ചെയ്യാൻ മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത മുൻസിപ്പാലിറ്റിയിലെ എൻ.എച്ച്. കോളനിയിലുൾപ്പെടെ ഉയർന്ന പ്രദേശത്തേയ്ക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള ഫേസ് -2 യിൽ പാക്കേജ് 3 (ബി) പദ്ധതിയുടെ ടെൻഡർ പലപ്രാവശ്യം നടത്തിയിട്ടും ആരും എടുക്കാത്തത് കാരണം പദ്ധതി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. പ്രസ്തുത പ്രവൃത്തി നിരവധി തവണ ദർഘാസ് ചെയ്തെങ്കിലും ആരുംതന്നെ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തി ഏറ്റെടുത്തിട്ടില്ല.

(ഡി) എങ്കിൽ ഇതിനുള്ള കാരണം കണ്ടെത്തി ആവശ്യമായ ഭേദഗതി വരുത്തി ടെൻഡർ ഉറപ്പിക്കുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രവൃത്തിക്കാവശ്യമായ എല്ലാ ഘടകങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി 06/02/2024 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

**ജലജീവൻ മിഷന്റെ പുരോഗതി**

290 (1095) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജലജീവൻ മിഷന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം ആരംഭിച്ച ജലജീവൻ പദ്ധതി സംസ്ഥാനത്ത് 2020-21 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കാൻ തുടങ്ങിയത്. ജലജീവൻ മിഷൻ പദ്ധതിയുടെ ആരംഭത്തിൽ സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ 17.50 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ ആണ് നിലവിലുണ്ടായിരുന്നത് (25.03 %). എന്നാൽ ജല ജീവൻ പദ്ധതിയുടെ നിർവഹണത്തിലൂടെ നിലവിൽ ഗ്രാമീണമേഖലയിലെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം 36.57 ലക്ഷമായി (52.29%) ഉയർന്നിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്നതോടെ ഗ്രാമീണമേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) പിറവം മണ്ഡലത്തിലെ പ്രസ്തുത മിഷന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ; ഈ മണ്ഡലത്തിൽ ഇതുവരെ എത്ര കണക്ഷനുകൾ

നൽകിയിട്ടുണ്ടെന്നും ഇനി എത്ര കണക്ഷനുകൾ നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

പിറവം മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പിറവം മണ്ഡലത്തിലെ ജലജീവൻ മിഷന്റെ അടിയന്തര പൂർത്തീകരണത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരണത്തിനായി നിർമ്മാണത്തിനാവശ്യമായ സ്ഥലലഭ്യത ഉറപ്പുവരുത്തിയും വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത്, പൊതുമരാമത്ത് റോഡ് മുറിക്കുന്നതിനുള്ള അനുമതി എത്രയും വേഗം നേടിയെടുക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. അനുമതി ലഭിച്ച എല്ലാ റോഡുകളിലും പൈപ്പുകൾ എത്രയും പെട്ടെന്ന് സ്ഥാപിച്ച് ബാക്കിയുള്ള കണക്ഷനുകൾ പൂർത്തിയാക്കാൻ കർശന നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയുടെ പുരോഗതി എല്ലാ ആഴ്ചകളിലും കേന്ദ്ര കാര്യാലയത്തിൽനിന്നും മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്.

**ജൽ ജീവൻ മിഷന്റെ പ്രവർത്തന പുരോഗതി**

291 (1096) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷന്റെ പ്രവർത്തനപുരോഗതി ജില്ല തിരിച്ച് വിശദമാക്കുമോ?

ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിക്കാനാകുന്നതിന്റെ സമയക്രമം വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേന്ദ്രസർക്കാർ 2019-20-ൽ ആരംഭിച്ച പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 2020-21-ലാണ് ആരംഭിക്കാൻ സാധിച്ചത്. നിലവിൽ പദ്ധതിയുടെ ഘടകങ്ങൾക്കാവശ്യമായ സ്ഥലലഭ്യതയിലെ തടസ്സങ്ങളും മറ്റ് വകുപ്പുകളിൽ നിന്നുമുള്ള അനുമതി ലഭ്യതയിലെ കാലതാമസവും പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുന്നതിനുന്നുണ്ട്. സംസ്ഥാനത്ത് 2025-ൽ പദ്ധതി പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കായംകുളം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ**

292 (1097) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ, അവയ്ക്ക് വിനിയോഗിച്ച തുക എന്നിവ വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ജലവിഭവ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെയും അവയ്ക്ക് വിനിയോഗിച്ച തുകയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലവിഭവ വകുപ്പ് കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

293 (1098) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളു ടെയും നിലവിലെ നിർമ്മാണ പുരോഗതിയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ജലജീവൻ മിഷൻ

294 (1099) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോങ്ങാട് മണ്ഡലത്തിൽ ജലജീവൻ മിഷൻ അടക്കമുള്ള കുടിവെള്ള പദ്ധതികളുടെ പൈപ്പുകൾ ദേശീയപാതയിൽ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ജല ജീവൻ മിഷൻ- കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിക്കായി നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രോജക്ട് ഡിവിഷൻ പാലക്കാട് ഓഫീസിന് കീഴിൽ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കരിമ്പ, കോങ്ങാട്, മുണ്ടൂർ (ഭാഗികം) ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ദേശീയപാത 966 ൽ പൊന്നംകോട് ബ്രിഡ്ജ് മുതൽ

മൈലംപുള്ളി ജംഗ്ഷൻ ചെയിനേജ് വരെ 111.60-123.60 12 കി.മീ. ഇരുവശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. ഇതിനായി 08-07-2021 ന് റോ പോർട്ടൽ വഴി പിഡബ്ല്യൂഡി (എൻ.എച്ച്.)-ന് അപേക്ഷ സമർപ്പിച്ചു. എന്നാൽ എൻ.എച്ച്.എ.ഐ. ഓഫീസിലേയ്ക്കാണ് അപേക്ഷ കൊടുക്കേണ്ടതെന്ന് പറഞ്ഞ് അപേക്ഷ തിരിച്ചയച്ചു. അതിൻപ്രകാരം 05-10-2021-ന് ചന്ദ്രനഗറുള്ള എൻ.എച്ച്.എ.ഐ. ഓഫീസിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാകളക്ടറുടെ അധ്യക്ഷതയിലുള്ള ഡി.ഐ.സി.സി. മീറ്റിംഗിൽ മേൽ അപേക്ഷ പിഡബ്ല്യൂഡി (എൻ.എച്ച്.) ലേയ്ക്ക് തന്നെ വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ആയതിൻപ്രകാരം 26-10-2021-ന് റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 19-08-2022-ന് വീണ്ടും റോ പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചപ്പോൾ ടി റോഡ് ഡി.എൽ.പി. പീരിയഡിൽ ആയതിനാൽ അപേക്ഷ 26-09-2022 ന് നിരസിക്കുകയും ചെയ്തു. നിലവിൽ വീണ്ടും 23-02-23 ന് റോ പോർട്ടലിൽ വഴി പി.ഡബ്ല്യൂ.ഡി. (എൻ.എച്ച്.) ഓഫീസിലേയ്ക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കേരള

വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ കേരളത്തിൽ ഉടനീളം അനുമതി ലഭ്യമാക്കേണ്ട റോഡുകളുടെ അപേക്ഷ ക്രോഡീകരിച്ച് എൻ.എച്ച്.എ.ഐ.-ക്ക് സമർപ്പിക്കുകയും അതിനെ തുടർന്ന് 27.10.23, 20.11.23 എന്നീ തീയതികളിൽ പി.ഡബ്ല്യൂ.ഡി. എൻ.എച്ച്., എൻ.എച്ച്.എ.ഐ., കെ.ഡബ്ല്യൂ.എ. അധികൃതരുമായി ടി റോഡിൽ സംയുക്ത സ്ഥലപരിശോധന നടത്തുകയും 14-12-23-ന് എൻ.എച്ച്.എ.ഐ. അധികൃതർ പൈപ്പ് സ്ഥാപിക്കേണ്ട വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ബീമുകൾ ലഭ്യമായ ഭാഗങ്ങളിൽ ഓപ്പൺ കട്ടായും ടാർ വരുന്ന ഭാഗങ്ങളിൽ ഡക്ട് ചെയ്തും പൈപ്പ് സ്ഥാപിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡക്ട് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന 64 കോടി അധികബാധ്യത ഹെഡ് ഓഫീസിലേയ്ക്ക് അറിയിച്ചിട്ടുണ്ട്. ഡി.ഐ.സി.സി. മീറ്റിംഗുകളിലും ഉന്നതതലയോഗങ്ങളിലും പ്രസ്തുത വിഷയം ഉന്നയിച്ചിട്ടുള്ളതാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പൈപ്പിടൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(സി) കോങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള പുരോഗതി വിവരം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

**കരവാരം-നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതി**

295 (1100) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരവാരം- നഗരൂർ-പുളിമാത്ത് കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, ജലശുദ്ധീകരണശാല, ജലസംഭരണികൾ തുടങ്ങിയവ നിർമ്മിക്കലും പ്രധാന ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കലുമുൾപ്പെടുന്ന ഒന്നാം ഘട്ടപ്രവൃത്തികൾക്കായി കിഫ്ബി വഴി 81.81 കോടി രൂപയുടെ ഭരണാനുമതിയും മൂന്ന് പഞ്ചായത്തുകളിലും ജലവിതരണ ശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന രണ്ടാം ഘട്ട പ്രവൃത്തികൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലജീവൻ മിഷനിലുൾപ്പെടുത്തി 89.17 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്.

ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പുളിമാത്ത് പഞ്ചായത്തിലെ ആനാകുടിയിൽ കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, കുറ്റിമൂടിൽ 18 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല, 17.30 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജലസംഭരണി, 2.8 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, നഗരൂർ പഞ്ചായത്തിൽ 15.33, 14 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ, കരവാരം പഞ്ചായത്തിൽ 0.65 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതലജലസംഭരണി, 5.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി എന്നിവയുടെ നിർമ്മാണവും റോവാട്ടർ, ക്ലിയർ വാട്ടർ പ്രധാന പൈപ്പ്ലൈനുകൾ സ്ഥാപിക്കൽ, പദ്ധതിക്കാവശ്യമായ സബ്സ്റ്റേഷൻ, ട്രാൻസ്ഫോർമറുകൾ, പവർസപ്ലൈ അറേഞ്ച്മെന്റ്, പമ്പ്സെറ്റുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. ഇവയിൽ ഓരോ ഘടകങ്ങളുടെയും നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

1. ജലശുദ്ധീകരണശാല - 55%

2. കിണറും പമ്പ്ഹൗസും - 40%

3. റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ -85%

4. ജലശുദ്ധീകരണശാല മുതൽ കടൽകാണിപ്പാറ വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - 95%,

5. ജലശുദ്ധീകരണശാല മുതൽ നഗരൂർ ജംഗ്ൻ വരെ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ - 60%.

6. നഗരൂർ മുതൽ പാറമുക്ക് വരെ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ - 60%.

7. നെടുമ്പറമ്പ് മുതൽ പാവല്ല വരെ ക്ലിയർവാട്ടർ ഗ്രാവിറ്റിമെയിൻ സ്ഥാപിക്കൽ - 50%.

8. പാവല്ല മുതൽ വണ്ടിത്തടം വരെ ക്ലിയർ വാട്ടർ മെയിൻ പൈപ്പ്ലൈൻ സ്ഥാപിക്കൽ - 50%.

9. കടൽകാണിപ്പാറയിൽ 2.80 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ നിർമ്മാണം - 99%.

10. നെല്ലിക്കുന്നിൽ 14 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതലജലസംഭരണിയുടെ നിർമ്മാണം - 70%.

11. വണ്ടിത്തടത്ത് 5.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതലജല സംഭരണിയുടെ നിർമ്മാണം - 10%.

12. പാവല്ലയിൽ സമ്പിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം - 85%.

ജലജീവൻ മിഷനിലുൾപ്പെടുത്തിയിട്ടുള്ള രണ്ടാം ഘട്ടപ്രവൃത്തികളിൽ മൂന്ന് പഞ്ചായത്തുകളിലുമായി 15438 കുടിവെള്ള കണക്ഷനുകളും ഏകദേശം 60 കി.മീ. ദൈർഘ്യത്തിൽ ഡക്റ്റൈൽ അയൺ പൈപ്പുകളും 370 കി.മീ. ദൈർഘ്യത്തിൽ പി.വി.സി. പൈപ്പുകളും ഉപയോഗിച്ചുള്ള ജലവിതരണ ശൃംഖലയും ഉൾപ്പെടുന്നു. ഇതിൽ 155 കി.മീ. പി.വി.സി. പൈപ്പുകൾ സപ്ലൈചെയ്യുകയും 105 കി.മീ. സ്ഥാപിക്കുകയും 2600 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

296 (1101) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

ജല ജീവൻ മിഷൻ മുഖേന ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ഉൾപ്പെടുന്ന പട്ടിക അനുബന്ധം 1-ആയി ചേർക്കുന്നു.+

(ബി) ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരൂർ മണ്ഡലത്തിൽ ജലവിഭവ പദ്ധതികൾ

297 (1102) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം തിരൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഓരോ പദ്ധതികളുടെയും വിശദവിവരം ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും എത്ര തുകയാണ് ചെലവ് വരുന്നതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിവരം ലഭ്യമാക്കുമോ?

**(എ & ബി)** ഈ സർക്കാർ വന്നതിനുശേഷം തിരൂർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഓരോ പദ്ധതികളുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ ജല ജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

298 (1103) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി തദ്ദേശസ്വയംഭരണസ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കുമോ?

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി 31-12-2024-ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**വെള്ളക്കര വർദ്ധനവ്**

299 (1104) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യകതമാക്കുമോ; എന്നൊക്കെയാണ് വർദ്ധിപ്പിച്ചതെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-2021 കാലയളവിലെ സർക്കാറിന്റെ കാലം മുതൽ നാളിതുവരെ ആകെ 3 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

1. G.O.(MS)No.9/2021/WRD dated 10-02-2021 പ്രകാരം 01/04/2021 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.
2. G.O.(MS)No.9/2021/WRD dated 10-02-2021 പ്രകാരം 01/04/2022 മുതൽ 5 ശതമാനം വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.
3. 03-02-2023-ലെ G.O.(MS)No.11/2023/WRD നമ്പർ പ്രകാരം 2023-ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) വെള്ളക്കരം ഓരോ തവണയും എത്ര രൂപയാണ് വർദ്ധിപ്പിച്ചത്; നിരക്ക് വർദ്ധനവിലൂടെ എത്ര രൂപയുടെ അധിക വരുമാനം ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

01/04/2021 മുതൽ അന്നത്തെ നിരക്കിന്റെ 5 ശതമാനവും 01/04/2022 മുതൽ അന്നത്തെ നിരക്കിന്റെ 5 ശതമാനവും 03/02/2023 മുതൽ ലിറ്ററിന് ഒരു പൈസ വീതവും വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. നിരക്ക് വർദ്ധനവിലൂടെ ഓരോ തവണയും സമാഹരിക്കാൻ കഴിഞ്ഞ അധിക വരുമാനത്തിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+ (നിരക്ക് വർദ്ധനവിന്റെ കാലഘട്ടത്തിൽ ഉപഭോക്താക്കളിൽ വന്ന വ്യതിയാനം കണക്കിലെടുക്കാതെ)

**പൈപ്പ് പൊട്ടുന്നത് മൂലമുള്ള ജലവിതരണ തടസ്സം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

300 (1105) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധഭാഗങ്ങളിൽ പൈപ്പ് പൊട്ടുന്നതുമൂലം ജലവിതരണം തടസ്സപ്പെടുന്നത് പതിവായി മാറിയിരിക്കുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

കാലപ്പഴക്കം ചെന്ന പൈപ്പുകളിലാണ് കൂടുതലായി പൈപ്പ് പൊട്ടൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇത്തരത്തിൽ പൈപ്പുകൾ പൊട്ടുമ്പോൾ അടിയന്തര

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാധാന്യത്തോടെ അത് പരിഹരിക്കാനുള്ള നിർദേശം എല്ലാ തലത്തിലും നൽകിയിട്ടുണ്ട്. കൂടാതെ പൈപ്പ് പൊട്ടൽ യഥാസമയം അറിയാനും പരിഹരിക്കുന്നുവെന്ന് ഉറപ്പുവരുത്താനും 'അക്വലൂം' എന്ന ഓൺലൈൻ ആപ്ലിക്കേഷനും കേരള വാട്ടർ അതോറിറ്റി ഉപയോഗിച്ചുവരുന്നു. ഇതുവഴി പൈപ്പ് പൊട്ടലുകൾ യഥാസമയം പരിഹരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകളും നിർദേശങ്ങളും ഉന്നത തലങ്ങളിൽനിന്നും നൽകുന്നുമുണ്ട്. പൈപ്പ് പൊട്ടുന്നതുമൂലം ജലവിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കാനായി സമയദൈർഘ്യം കുറക്കുവാനായി ബ്ലൂ ബ്രിഗേഡ് സംവിധാനം രൂപീകരിച്ച് വാട്ടർ അതോറിറ്റി നേരിട്ട് അറ്റകുറ്റ പണികൾ നടത്തി വരുകയും ചെയ്യുന്നുണ്ട്.

(ബി) ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾക്കും കാലഹരണപ്പെട്ടവ മാറ്റി സ്ഥാപിക്കുന്നതിനുമായി ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ അതോറിറ്റിയിൽ നടത്തിയ അറ്റകുറ്റപ്പണികളുടെയും കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി ചെലവാക്കിയ തുകയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

2021-22:-135.59 കോടി രൂപ

2022-23:-197.76 കോടി രൂപ

2023-24:-127.41 കോടി രൂപ

(സി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി തുക അനുവദിക്കാത്ത സാഹചര്യം നിലവിലുണ്ടോ; ഇല്ലെങ്കിൽ പൈപ്പ് പൊട്ടൽമൂലം ജലവിതരണം തടസ്സപ്പെടുന്നത് ആവർത്തിക്കപ്പെടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

മേൽപ്പറഞ്ഞ പ്രവർത്തികളുടെ ബില്ലുകൾ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും മുൻഗണനാക്രമം അനുസരിച്ചും തുക വിതരണം നടത്തിവരുന്നു. ചില മേഖലകളിൽ പൈപ്പിന്റെ കാലപ്പഴക്കം മൂലവും അധികഭാരം കയറ്റിയ വാഹനങ്ങൾ കടന്നുപോകുമ്പോഴുള്ള സമ്മർദം

കാരണവും പൈപ്പുകൾ പൊട്ടാറുണ്ട്. കൂടാതെ റോഡ് പണികൾക്കിടയിലും മറ്റ് ഏജൻസികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിലും പൈപ്പ് പൊട്ടാറുണ്ട്.

### നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി

301 (1106) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടന്ന പ്രവൃത്തികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതി വഴി ഓരോ പഞ്ചായത്തിലും എത്ര ഗാർഹിക കണക്ഷനുകളാണ് നൽകാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

നിലമ്പൂർ മണ്ഡലത്തിൽ കരുളായി, അമരമ്പലം, മൂത്തേടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 36230 ലക്ഷം രൂപയുടെ ഭരണാനുമതിയും പോത്തുകല്ല്, വഴിക്കടവ്, എടക്കര, ചുങ്കത്തറ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 42947.00 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിൽ കരുളായി

പഞ്ചായത്തിൽ 5175 കണക്ഷനും അമരമ്പലം പഞ്ചായത്തിൽ 7452 കണക്ഷനും മൂത്തേടം പഞ്ചായത്തിൽ 4503 കണക്ഷനും പോത്തുകല്ല് പഞ്ചായത്തിൽ 3208 കണക്ഷനും വഴിക്കടവ് പഞ്ചായത്തിൽ 6047 കണക്ഷനും എടക്കര പഞ്ചായത്തിൽ 5895 കണക്ഷനും ചുങ്കതറ പഞ്ചായത്തിൽ 6399 കണക്ഷനും നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നിലമ്പൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്; ആയതിന്റെ തുക അടക്കമുള്ള വിശദാംശം അറിയിക്കാമോ?

കരുളായി, അമരമ്പലം, മൂത്തേടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 12 പാക്കേജുകളിലായും പോത്തുകല്ല്, വഴിക്കടവ്, എടക്കര, ചുങ്കതറ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 15 പാക്കേജുകളിലായും പ്രവൃത്തി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രവർത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചുവെന്ന് അറിയിക്കാമോ; പദ്ധതിയുടെ ഭാഗമായി സ്റ്റോറേജ് ടാങ്കുകളും പമ്പ് ഹൗസുകളും നിർമ്മിക്കുന്നതിന് ഇനിയും സ്ഥലം ലഭ്യമാക്കിയിട്ടില്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ചുങ്കത്തറ, എടക്കര, പോത്തുകല്ല്, വഴിക്കടവ് പഞ്ചായത്തുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. സ്റ്റോറേജ് ടാങ്കുകളും പമ്പ്ഹൗസുകൾ മുതലായവ നിർമിക്കുന്നതിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതരുമായി ചേർന്ന് തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്.

കരുളായി, അമരമ്പലം, മൂത്തേടം പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കരുളായി പഞ്ചായത്തിൽ ജലശുദ്ധീകരണശാലയും ഉന്നതതല ജല സംഭരണിയും നിർമ്മിക്കുന്നതിനുള്ള സ്ഥലവും മൂത്തേടം പഞ്ചായത്തിൽ ശ്മശാനം ഭാഗത്ത് സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലവും ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം എടുത്തുവരുന്നു.

(ഡി) ജലജീവൻ മിഷന്റെ ഭാഗമായി മെയിൻ സ്റ്റോറേജ് ടാങ്കും ശുദ്ധീകരണ പ്ലാന്റും നിർമ്മിക്കുന്നതിന് ചുങ്കത്തറ, കരുളായി എന്നിവിടങ്ങളിലെ സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കരുളായി പഞ്ചായത്തിൽ 27 എം.എൽ.ഡി. ജലശുദ്ധീകരണശാലയും ഉന്നതല ജലസംഭരണിയും നിർമ്മിക്കുന്നതിനുവേണ്ടി അരക്കുംപൊയിൽകുന്ന് ഭാഗത്ത് 150 സെന്റ് സ്ഥലം പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം എടുത്തുവരുന്നു.

നിലമ്പൂർ മണ്ഡലത്തിൽ ചുങ്കത്തറയിലെ ടാങ്കിനുള്ള 4 സ്ഥലങ്ങൾ (കുറത്തിമലയിൽ രണ്ടും, കല്ലായിപ്പാറയിൽ രണ്ടും) ലാൻഡ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്നതിനായി 10-11-2023 ന് ജില്ലാ കളക്ടർ തീരുമാനമെടുത്തിട്ടുണ്ട്.

(ഇ) എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽനിന്നും ചുങ്കത്തറ, കരുളായി പഞ്ചായത്തുകളിൽ ജലജീവൻ മിഷനുവേണ്ടി സ്ഥലം

ഏറ്റെടുക്കുന്നതിന് സ്ഥലം എം.എൽ.എ. അനുവദിച്ച 150 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; മലപ്പുറം ജില്ലാ കളക്ടർ പ്രസ്തുത ആവശ്യം ഉന്നയിച്ച് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

കരുളായി, അമരമ്പലം, മൂത്തേടം ചോക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ജലശുദ്ധീകരണശാലയും ജലസംഭരണിയും നിർമ്മിക്കുന്നതിന് അരക്കംപൊയിൽകുന്ന് ഭാഗത്തുള്ള 150 സെന്റ് സ്ഥലം പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം എടുത്തുവരുന്നു.

ചുങ്കത്തറയിലെ 4 സ്ഥലങ്ങൾ (കുറത്തിമലയിൽ രണ്ടും കല്ലായിപ്പാറയിൽ രണ്ടും) ലാൻഡ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി വില്ലേജ് ഓഫീസിൽനിന്നും BTR, FMB

എന്നിവ കരസ്ഥമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ അലൈൻമെന്റ് തയ്യാറാക്കുന്നതിനായി താലൂക്ക് ഓഫീസിൽനിന്നും സർവെയറുടെ സേവനം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് വസ്തുവിന്റെ അലൈൻമെന്റ് തയ്യാറാക്കി മറ്റ് തുടർനടപടികൾ എത്രയും പെട്ടന്ന് പൂർത്തീകരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

302 (1107) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതികളുടെ പുരോഗതി അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ജല ജീവൻ മിഷൻ പദ്ധതിയുടെ അവലോകനം വിവിധ തലങ്ങളിൽ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജല ജീവൻ മിഷൻ പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി

നേരിട്ട് അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ബഹുമാനപ്പെട്ട ജല വിഭവ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലകൾ തോറും ജല ജീവൻ മിഷൻ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ തഹസിൽദാറുടെ നേതൃത്വത്തിൽ എല്ലാ മാസവും അവലോകന യോഗം നടത്താറുണ്ട്. പട്ടാമ്പി മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ജല ജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ ഗ്രാമീണ റോഡുകളിൽ അനുഭവപ്പെടുന്ന യാത്രാ ക്ലേശവും ഈ റോഡുകളിൽ ഉണ്ടാകുന്ന അപകടങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽക്കാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ചശേഷം റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺ റ്റൈഡ് ഗ്രാന്റ് ഉപയോഗിക്കാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായിട്ടുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഭാഗമായുള്ള അൺ-ടൈഡ് ഗ്രാന്റ് ഉൾപ്പെടെയുള്ള ഫണ്ടിൽനിന്നും സ്ഥലം വാങ്ങൽ, റോഡ് പുനഃസ്ഥാപനം എന്നിവയുൾപ്പെടെയുള്ള പ്രാദേശികമായ ആവശ്യങ്ങൾക്ക് (മറ്റുപ്രവൃത്തികളിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് ഉറപ്പുവരുത്തി) ആവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാലും അഞ്ചും ആറും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്.

നിയോജക മണ്ഡലത്തിൽ റോഡുകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ റോഡ് പുനരുദ്ധാരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. ഓങ്ങല്ലൂർ, വല്ലപ്പുഴ പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതാണ്. മുതുതല, തിരുവേഗപ്പുര പഞ്ചായത്തുകളിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്കായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിൽ പദ്ധതി പ്രവൃത്തി പൂർത്തികരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കാമോ?

നിലവിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളൊന്നും കമ്മീഷൻ ചെയ്തിട്ടില്ല.

(ഡി) ബാക്കി പ്രദേശങ്ങളിലെ പ്രവൃത്തികൾ ഏത് കാലയളവിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് സാധിക്കുമെന്ന് അറിയിക്കാമോ?

നിലവിലെ സാഹചര്യത്തിൽ പട്ടാമ്പി നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികൾ 2024 മെയ് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**മാനന്തവാടി നിയോജകമണ്ഡലത്തിലെ ജലമിഷൻ പദ്ധതി**

303 (1108) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിലെ ജലമിഷൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിലുള്ള മൊത്തം 52768 വീടുകളിൽ 13500 വീടുകൾക്കാണ് ജലജീവൻ മിഷൻ പദ്ധതി തുടങ്ങുന്നതിനും മുമ്പ് കുടിവെള്ള കണക്ഷനുണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതി വഴി ഇതുവരെ 3876 കണക്ഷനുകളാണ് നൽകിയിട്ടുള്ളത്.

എടവക പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

തിരുനെല്ലി പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി 13-07-2023 ൽ ആരംഭിച്ചിട്ടുണ്ട്.

വെള്ളമുണ്ട പഞ്ചായത്തിൽ നിലവിൽ 257 കി.മീ. പൈപ്പ് സ്ഥാപിക്കാനുള്ളതിനാൽ 32 കീമി സ്ഥാപിക്കുകയും 7502 FHTC-യിൽ 600 HTC നൽകിയിട്ടുണ്ട്.

തവിഞ്ഞാൽ പഞ്ചായത്തിൽ നിലവിൽ 284 കി.മീ. പൈപ്പ് സ്ഥാപിക്കാനുള്ളതിനാൽ 25 കി.മീ. സ്ഥാപിക്കുകയും 9146 FHTC-യിൽ 4000 HTC നൽകിയിട്ടുമുണ്ട്.

പനമരം പഞ്ചായത്തിലെ പ്രവൃത്തി ടെൻഡർ ചെയ്ത് ഉടനെ ആരംഭിക്കും.

മേൽപ്പറഞ്ഞ 4 പഞ്ചായത്തുകൾക്കായി കുടിവെള്ളം ലഭ്യമാക്കുന്നതിനായി 25 MLD കപ്പാസിറ്റിയുള്ള ജലശുദ്ധീകരണശാല വെള്ളമുണ്ട പഞ്ചായത്തിലെ പുളിഞ്ഞാലിൽ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി ടെൻഡർ ചെയ്ത പ്രവൃത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത

ജലശുദ്ധീകരണശാലയുടെ പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ മേൽപ്പറഞ്ഞ 4 പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാകൂ. WTP പ്രവൃത്തി പൂർത്തീകരണ കാലാവധി 08-08-2024.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മാനന്തവാടി മണ്ഡലത്തിൽ എത്ര ഗാർഹിക കുടിവെള്ള കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

40310 കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം നൽകുന്ന ആകെ കുടിവെള്ള കണക്ഷനുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

എടവക-5700,

തിരുനെല്ലി-6150,

വെള്ളമുണ്ട-7502,

തൊണ്ടാർനാട്-4489,

പനമരം-7323,

തവിഞ്ഞാൽ-9146

**മുല്ലശ്ശേരി-പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം**

304 (1109) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി-പാവറട്ടി പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ആർ.കെ.ഐ. (Rebuild Kerala Initiative)-യിൽ ഉൾപ്പെടുത്തി പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തി നിലവിൽ അവസാനഘട്ടത്തിലാണ്.

(ബി) ഏതെല്ലാം പ്രവൃത്തികളാണ് ഇനി ബാക്കിയുള്ളതെന്നും ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നും അറിയിക്കാമോ?

പാവറട്ടിയിലെയും മുല്ലശ്ശേരിയിലെയും ടാങ്കുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇന്റർ കണക്ഷൻ വർക്ക് ബാക്കിയുണ്ട്.പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകളിലേയ്ക്കുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആകെ 109 കിലോ മീറ്ററിൽ 93.23 കിലോ മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 13576 ഗാർഹിക കണക്ഷനുകളിൽ 4629 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

റെയിൽവെ ക്രോസ്സിംഗിനായി 20-11-2023-ൽ ഉടമ്പടി വയ്ക്കുകയും 22-11-2023-ൽ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ ദർഘാസ് അംഗീകാരത്തിനായി ലഭിച്ചത് സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. റെയിൽവെ ക്രോസ്സിംഗിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്.

**ജലവിതരണ തടസ്സം**

305 (1110) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ പമ്പുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ കാലപ്പഴക്കം കാരണം ശുദ്ധജല വിതരണം തുടർച്ചയായി മുടങ്ങുന്ന ഹോട്ട് സ്പോട്ടുകൾ എത്രയെണ്ണമുണ്ട്; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഗ്രാമപഞ്ചായത്ത് മേഖകളിൽ പ്രത്യേകിച്ചും ഉയരം കൂടിയ സ്ഥലങ്ങളിൽ കാലപഴക്കം വന്ന പമ്പുകളും, മോട്ടോറുകളും ഉപയോഗിക്കുന്നത് കാരണം വെള്ളം ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഗ്രാമപഞ്ചായത്ത് മേഖലകളിൽ വെള്ളം ലഭിക്കാത്ത അവസ്ഥ പരിഹരിക്കുന്നതിനായി ടി ഗ്രാമപഞ്ചായത്തുകൾ കുടിവെള്ള ടാങ്കറുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് പമ്പ് ഹൗസുകളിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തു പരിഹരിക്കുന്നതാണ്. കാലപ്പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാറ്റി സ്ഥാപിക്കുന്നതിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പ്രസ്തുത പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നു.

പമ്പ് സെറ്റുകൾ തകരാറിലായാൽ ഉടൻ തന്നെ അറ്റകുറ്റപ്പണികൾ നടത്തുകയും ഉയർന്ന പ്രദേശങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് വിതരണ പൈപ്പുകളിൽ വാൽവ് സംവിധാനം വച്ച് നിയന്ത്രിച്ചും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നു. കൂടാതെ ജൽ ജീവൽ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വിവിധ കുടിവെള്ള പദ്ധതികളുടെ ഭാഗമായി പുതിയ മോട്ടോർ പമ്പ് സെറ്റുകൾ, പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് മേഖലകളിൽ അതികഠിന വേനൽകാലത്ത് സ്രോതസ്സുകളിലെ ജല ലഭ്യത കുറയുന്നതും ജല ഉപയോഗം വളരെ അധികം കൂടുകയും ചെയ്യുന്ന സമയങ്ങളിൽ ഉയരം കൂടിയ പ്രദേശങ്ങളിൽ ജലം ലഭ്യമാക്കുന്നതിന് തടസ്സം നേരിടാറുണ്ട്. ലീക്കുകളും മറ്റും യഥാസമയം പരിഹരിച്ചും വാൽവുകളുടെ മുൻകൂട്ടി തയ്യാറാക്കിയ രീതിയിലെ ക്രമീകരണത്തിലൂടെയും പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സാധിക്കുന്നു. കൂടാതെ

ഗ്രാമീണ മേഖലകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ജല ജീവൻ മിഷൻ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ ജല ദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളുടെ പട്ടികയുണ്ടോ; എങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ജില്ല അടിസ്ഥാനത്തിലുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) മീറ്റർ മാസവാടക അടക്കമുള്ളവ കൃത്യമായി പിരിക്കുകയും വെള്ളത്തിന്റെ ചാർജ് ഇരട്ടിയിലധികം വർദ്ധിപ്പിക്കുയും ചെയ്യുന്ന സാഹചര്യത്തിൽ വേനൽ സമയങ്ങളിലടക്കം ജലവിതരണം ഇത്തരത്തിൽ ദിവസങ്ങളോളം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വേനൽക്കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലസംരക്ഷണത്തിനും ജലത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാസ്ത്രീയമായ വിനിയോഗത്തിനും താഴെ പറയുന്ന നടപടികൾ അടിയന്തരമായി ചെയ്തുവരുന്നു.

ജലലഭ്യതക്കുറവ് വരാൻ സാധ്യതയുള്ള കുടിവെള്ള പദ്ധതികളുടെ ഇൻ-ടേക്ക് പോയിന്റിന് സമീപം താൽക്കാലിക തടയണ നിർമ്മിക്കൽ, നീർച്ചാലുകൾ നിർമ്മിക്കൽ, ഗ്യാലറി വൃത്തിയാക്കൽ.

ജലസേചന വകുപ്പ്, വൈദ്യുതി ബോർഡ് എന്നിവയുമായി സഹകരിച്ച് അണക്കെട്ടുകളിലെ ജലം കുടിവെള്ള ആവശ്യത്തിനായി കരുതൽ ശേഖരമായി സൂക്ഷിക്കുക.

ജലലഭ്യതയുള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ച് ജലം എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

വാട്ടർ അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പമ്പിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുക.

ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുക.

ലഭ്യമായ ജലം കഴിയുന്നതും തുല്യമായി വിതരണം ചെയ്യാനാവശ്യമായ വാൽവ് ക്രമീകരണങ്ങൾ നടത്തുക.

അടിയന്തര സാഹചര്യങ്ങളിൽ റവന്യൂ തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണത്തോടെ ടാങ്കർ ലോറിയിൽ ജലവിതരണം ഏർപ്പെടുത്തി കുടിവെള്ള ക്ഷാമം പരിഹരിക്കുക.

(ഇ) നഗരസഭകളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന മാതൃകയിൽ ഗ്രാമപഞ്ചായത്ത് മേഖലകളിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

നഗരസഭകളിൽ ശുദ്ധജലം വിതരണം ചെയ്യുന്ന മാതൃകയിൽ തന്നെയാണ് ഗ്രാമപഞ്ചായത്ത് മേഖലകളിൽ കുടിവെള്ള വിതരണം നടത്താറുള്ളത്. എന്നാൽ നിലവിൽ WTP ഇല്ലാത്ത ചെറുകിട സ്കീമുകളുള്ള പഞ്ചായത്തുകളിൽ JJM-ൽ ഉൾപ്പെടുത്തി കിണർ, ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾക്കൊള്ളിച്ച് ജലവിതരണം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേനൽക്കാലത്ത്

പഞ്ചായത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് ടാങ്കർ ലോറി വഴി വെള്ളം എത്തിക്കുകയും വിവിധ ജല ശുദ്ധീകരണശാലകളിൽ വെന്റിംഗ് പോയിന്റുകൾ സജ്ജമാക്കിയും ശുദ്ധജലം നൽകി വരുന്നു.

(എഫ്) ഇതിനായി ജലത്തിന് നൽകേണ്ട ചാർജ്, ടാങ്കർ ബുക്ക് ചെയ്യുന്ന രീതി എന്നിവ അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫുഡ്സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ച സാധുവായ ഫുഡ്സേഫ്റ്റി സർട്ടിഫിക്കറ്റ് നൽകുന്ന ടാങ്കറുകൾക്ക് മാത്രമാണ് നിലവിൽ ശുദ്ധജലം നൽകിവരുന്നത്. കുടിവെള്ളത്തിന്റെ ആവശ്യകത അറിയിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾ/ വ്യക്തികൾ ജലത്തിന്റെ അളവും, ടാങ്കർ ലോറിയുടെ വിവരങ്ങളും അടങ്ങിയ അപേക്ഷകൾ സമർപ്പിക്കുന്നു. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം കുടിവെള്ളം കിലോലിറ്ററിന് (1000L) 76.15/- രൂപ നിരക്കിൽ പണമടച്ച് ഓഫീസ് സീലും തീയതിയും പതിച്ച കൂപ്പൺ നൽകുകയും ചെയ്യുന്നു. പ്രസ്തുത കൂപ്പണിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഇത്തരത്തിൽ നൽകുന്ന കൂപ്പണുകൾ ഏഴ്

ദിവസം വരെ കാലാവധിയുള്ളതും ആയത് കുടിവെള്ളം ടാങ്കറിൽ ശേഖരിക്കാൻ വരുന്ന സമയത്ത് വെൻഡിംഗ് പോയിന്റിലെ ലോഗ്ബുക്കിൽ രേഖപ്പെടുത്തി വിതരണ തീയതി, സീൽ എന്നിവ പതിച്ച്, കൂപ്പണിന്റെ നാല് ഭാഗങ്ങളിൽ ഒറിജിനലും, കൈപ്പറ്റ് രസീതും ഉപഭോക്താവിനു നൽകുകയും ഡ്യൂപ്ലിക്കേറ്റ്, ട്രിപ്ലിക്കേറ്റ് കോപ്പി വെന്റിംഗ് പോയിന്റിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഇത്തരത്തിലാണ് ഗ്രാമപ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കർ ലോറി മുഖാന്തരം നല്കി വരുന്നത്.

**എ.ഡി.ബി. വായ്പയോടെയുള്ള കുടിവെള്ള പദ്ധതി**

306 (1111) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. കെ. ബഷീർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി ഇരുപത്തിനാല് മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് എ.ഡി.ബി. വായ്പയോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി ഇരുപത്തിനാല് മണിക്കൂറും ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.) വായ്പയോടെ കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെൻറ് പ്രോജക്ട് (KUWSIP) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കുള്ള കൺസൾട്ടൻസികൾ നൽകിയോ; വിശദാംശം നൽകുമോ?

കൺസൾട്ടൻസി കരാറിന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല.

(സി) ഈ പദ്ധതിയിൽനിന്നും പിന്നീട് തിരുവനന്തപുരം നഗരത്തെ ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ?

ഈ പദ്ധതിയിൽനിന്നും തിരുവനന്തപുരം നഗരത്തെ നിലവിൽ ഒഴിവാക്കിയിട്ടില്ല.

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ സുതാര്യതയില്ലെന്ന തൊഴിലാളി സംഘടനകളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തിരുത്തുന്നതിന് എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

തൊഴിലാളി സംഘടനകളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന്റെ ഭാഗമായി 01/02/2023-ൽ സംഘടനകളുമായി ചർച്ചകൾ നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായി 27/01/2024-ൽ തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച നടത്തി, അവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്തുന്നതാണ്.

**ഭൂഗർഭ ജലവിതാനത്തിന്റെ തോത്**

307 (1112) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂഗർഭ ജലവിതാനത്തിന്റെ തോതനുസരിച്ച് കേരളത്തിലെ ബ്ലോക്കുകളെ എത്രയായി തിരിച്ചിട്ടുണ്ടെന്നും ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, സേഫ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ബ്ലോക്കുകൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

മാർച്ച് 2023-ലെ Groundwater Resource Estimation കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഭൂജല ഉപഭോഗ തോതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളെ ഗുരുതരം, ഭാഗിക ഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ആകെയുള്ള 152 എണ്ണം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകളിൽ 119 എണ്ണം സുരക്ഷിത വിഭാഗത്തിലും 30 എണ്ണം ഭാഗിക ഗുരുതര വിഭാഗത്തിലും 3 എണ്ണം ഗുരുതര വിഭാഗത്തിലും ഉൾപ്പെടുന്നു. വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.+ കൂടാതെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ സമാന ഭൂജലശാസ്ത്രമുള്ള നഗര ആവാസവ്യവസ്ഥകളെ (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) അടുത്തുള്ള ബ്ലോക്കുകളുമായി സംയോജിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്.+

**കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതി**

308 (1113) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രധാന പൈപ്പ് ലൈൻ കടന്നുപോകുന്ന വേട്ടുണ്ടമല റോഡ് നവീകരിക്കുന്നതിനായി വാട്ടർ അതോറിറ്റി അനുമതി നൽകിയിട്ടുണ്ടോ; വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത റോഡിന് ഫണ്ട് അനുവദിച്ചിട്ടും അനുമതി ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനിന് കേടുപാടുകൾ വരാതെ നിലവിൽ റോഡായി നിലനിൽക്കുന്ന ഭാഗം വാട്ടർ അതോറിറ്റിക്ക് കൂടി ഉപയോഗപ്രദമാവുന്ന രീതിയിൽ അനുമതി കൊടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) വേട്ടുണ്ടമല റോഡ് ടാറിംഗ് നടത്തുന്നതിനായി കോട്ടൂർ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(എ-സി) കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിലൂടെ കടന്നുപോകുന്ന പൈപ്പ് ലൈൻ റോഡ് ടാർ ചെയ്യുന്നതിനുള്ള വിശദാംശങ്ങൾ വ്യക്തമാക്കുന്ന സ്കെച്ച് അടിയന്തരമായി

ലഭ്യമാക്കാൻ ഉത്തരമേഖലാ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വാട്ടർ അതോറിറ്റിയിൽനിന്നും അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**വെള്ളക്കര വർദ്ധനവ്**

309 (1114) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചു; അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണ്; എത്ര രൂപയാണ് വർദ്ധനയുണ്ടായത്; അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ആകെ 2 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.

1. സർക്കാർ ഉത്തരവ് നമ്പർ GO.(MS) No.9/2021/WRD dated 10/02/2021 അന്ന് നിലവിലുണ്ടായിരുന്ന നിരക്കിൽനിന്നും 5 ശതമാനം വാട്ടർ ചാർജ് 01/04/2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

2. 03-02-2023 തീയതിയിലെ G.O. (MS) No. 11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 03/02/2023 മുതൽ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും (പൊതുടാപ്പുകൾ ഉൾപ്പെടെ) ലിറ്ററിന് ഒരു പൈസ വീതം വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമാണ് അവസാനമായി ചാർജ് വർദ്ധിപ്പിച്ചത്. പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതം വാട്ടർ ചാർജ് വർദ്ധിപ്പിച്ചു.

(ബി) വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് തൊട്ടുമുൻപുള്ള മാസം വാട്ടർ അതോറിറ്റിയുടെ ഈ ഇനത്തിലുള്ള ആകെ വരുമാനം എത്രയായിരുന്നു; വെള്ളക്കരം വർദ്ധിപ്പിച്ചതിനുശേഷമുള്ള ആദ്യത്തെ മാസത്തെ ആകെ വരുമാനം എത്ര; നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ഈ രീതിയിൽ സമാഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കാമോ?

03-02-2023-ലെ G.O.(MS)No. 11/2023/WRD ഉത്തരവ് പ്രകാരം വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്നതിന് മുമ്പുള്ള മാസത്തെ ബില്ല് തുക പൊതുടാപ്പുകൾ ഉൾപ്പടെ (ഡിമാൻഡ്) 60.06 കോടി രൂപയും വർദ്ധനവിന് ശേഷമുള്ള

മാസത്തെ (ബില്ലിംഗ് സൈക്കിൾ പൂർത്തിയായതിനുശേഷമുള്ള) ബില്ല് തുക (ഡിമാൻഡ് –മെയ് 2023) 128.97 കോടി രൂപയുമാണ്.

2023-24 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസം സമാഹരിച്ചത് 739.32 കോടി രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസം സമാഹരിക്കാൻ കഴിഞ്ഞത് 526.59 കോടി രൂപ ആയിരുന്നു. അധിക സമാഹരണം 212.73 കോടി രൂപയാണ്.

**വളാഞ്ചേരി നഗരസഭ കുടിവെള്ള പദ്ധതി**

310 (1115) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി വട്ടപ്പാറയിൽ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിനുള്ള ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് റിപ്പോർട്ടും പ്രൊപ്പോസലും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത വിഷയം നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തി വളാഞ്ചേരി നഗരസഭയാണ് നടപ്പിലാക്കുന്നത്. പ്രസ്തുതവിഷയം വളാഞ്ചേരി നഗരസഭയുടെ കീഴിലാണുള്ളത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം, തിരുനാവായ, ആതവനാട്, മാറാക്കര എന്നീ പഞ്ചായത്തുകൾക്കുവേണ്ടി 37022 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 31742.77 ലക്ഷം രൂപയുടെ ഭരണാനുമതിയും എടയൂർ, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി 12059 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 4949.38 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേല്പറഞ്ഞ പദ്ധതികളെല്ലാം തന്നെ കരാർ നൽകി നടപ്പാക്കി വരികയാണ്.

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതികൾ 2024-25 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**അരുവിക്കര ഡാം ടൂറിസം വികസനം**

311 (1116) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്തെ വിനോദസഞ്ചാര വികസന സാധ്യതകൾ കണക്കിലെടുത്ത് സ്വിമ്മിംഗ് പൂൾ ഉൾപ്പെടെ നിർമ്മിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) അരുവിക്കര ഡാം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം വികസന

പദ്ധതി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആണ് നടപ്പിലാക്കുന്നത് (DTPC). കേരളാ വാട്ടർ അതോറിറ്റി അതിനാവശ്യമായ അനുവാദം നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രൊജക്ടിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. കൂടാതെ Aruvikkara Tourism Corridor എന്ന പ്രൊജക്ടിന്റെയും കൺസെപ്റ്റ് നോട്ട് M/s HITES തയ്യാറാക്കിവരുന്നു. നിലവിൽ തയ്യാറാക്കി വരുന്ന പദ്ധതിയുടെ ഭാഗമായി സ്വിമ്മിംഗ് പൂളുംകൂടി പരിഗണിക്കുന്നതാണ്.

**കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ**

312 (1117) ശ്രീ. പി.പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് പ്രവൃത്തികളുടെ കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) പുതിയ റോഡുകൾ പൊളിച്ച് കുടിവെള്ള പൈപ്പിടുന്ന രീതിക്ക് മാറ്റം വരുത്താൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കാനുള്ള പ്രദേശങ്ങളിൽ PWD-യുടെ പ്രവൃത്തികൾ നടത്താനുദ്ദേശിച്ചിരിക്കുന്ന റോഡുകളുടെ ലിസ്റ്റ് മുൻകൂട്ടി വാങ്ങുകയും ആയതിന്റെ മുൻഗണനാക്രമത്തിൽ റോഡിന്റെ പണികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ പൈപ്പ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള അനുമതി PWD യിൽനിന്നും കരസ്ഥമാക്കി പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡ് മുറിച്ച് പൈപ്പ് സ്ഥാപിക്കുന്നതിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പ്രസ്തുത സ്ഥലത്തെ പ്രായോഗികത കണക്കിലെടുത്ത് റോഡ് മുറിക്കാതെ HDD രീതിയിൽ പൈപ്പ് സ്ഥാപിക്കുകയും ചെയ്യുന്നുണ്ട്.

(സി) കുടിവെള്ള പൈപ്പിടുന്ന വേളയിൽ പൊളിക്കേണ്ടി വരുന്ന റോഡുകളെ പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിന് പ്രസ്തുത പദ്ധതിയിൽ

തുക വകയിരുത്താറുണ്ടോ; ഇല്ലായെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ തന്നെ റോഡ് പുനഃസ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക കൂടി ഉൾപ്പെടുത്തിയാണ് ഭരണാനുമതി നല്കാറുള്ളത്.

**ജല അതോറിറ്റി എ.ഡി.ബി.യിൽ നിന്നും എടുത്ത വായ്പ**

313 (1118) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി.യിൽനിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വായ്പയുടെ വ്യവസ്ഥകളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ?

കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി.യിൽനിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും ജലചോർച്ച ഒഴിവാക്കി

ഇരുപത്തിനാല് മണിക്കൂറും ഗുണനിലവാരമുള്ള ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ് കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP). ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O. (Ms) No. 13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07-02-2020-ൽ നൽകിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. ആദ്യ ഘട്ടത്തിൽ 170 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എ.ഡി.ബി വായ്പയായി നൽകുന്നത്. ആയതിന് എ.ഡി.ബി. ബോർഡ് ഓഫ് ഡയറക്ടേഴ്സ് 23-11-2023-ൽ, അനുമതി നൽകി.

വായ്പ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30% പ്രവർത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB-യുമായി വായ്പ കരാറിൽ ഏർപ്പെടാൻകഴിയുകയുള്ളൂ.

കൊച്ചി കോർപ്പറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിയ്ക്കായുള്ള ദർഘാസ് ക്ഷണിച്ചിട്ടുള്ളതാണ്. ലഭ്യമായ ദർഘാസുകളുടെ സാങ്കേതികവും സാമ്പത്തികവുമായ മൂല്യനിർണയം നടത്തുകയും ചെയ്തു. ആയത് നിലവിൽ സർക്കാർ പരിഗണനയിലാണ്.

ADB മാനദണ്ഡങ്ങൾ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലോൺ ഇമ്പ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൾട്ടൻസിയെ നിയമിക്കേണ്ടതുണ്ട്. ഈ കൺസൾട്ടൻസിയെ നിയമിക്കുന്നതിനുവേണ്ടിയുള്ള താത്പ്പര്യപത്രം (EOI) ക്ഷണിച്ച് സാങ്കേതികവും സാമ്പത്തികവുമായ നിർദേശങ്ങൾ ക്ഷണിക്കുന്നതിനായി സ്ഥാപനങ്ങളെ ഷോർട്ട്ലിസ്റ്റ് ചെയ്യുകയും ചെയ്തു. ഷോർട്ട്ലിസ്റ്റ് ചെയ്ത കമ്പനികളിൽനിന്നും 22.11.2022 ലെ G.O. (Ms) No.61 /2022 /WRD നമ്പർ ഉത്തരവ് പ്രകാരം, സർക്കാർ അംഗീകരിച്ച റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ

ക്ഷണിക്കുകയും ലഭ്യമായ നിർദ്ദേശങ്ങൾ സംയുക്ത മൂല്യനിർണ്ണയം നടത്തുകയും ചെയ്തു. സംയുക്ത മൂല്യനിർണ്ണയത്തിന്റെ ഫലത്തിന് ADB-യുടെ നോ ഒബ്ജക്ഷൻ ലഭിക്കുകയും ചെയ്തു. കൺസൾട്ടൻസി കരാർ നിലവിൽ സർക്കാർ പരിഗണനയിലാണ്.

(ബി) കേരള ജല അതോറിറ്റി ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കൊച്ചിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ?

തലസ്ഥാന നഗരമായ തിരുവനന്തപുരത്തെയും കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമായ കൊച്ചിയെയും കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ Smart City Mission-ൽ ഉൾപ്പെടുത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി രേഖയുടെ പ്രധാന ഘടകമായി തിരഞ്ഞെടുത്തത് 24x7 കുടിവെള്ള വിതരണം പ്രാവർത്തികമാക്കുക വഴി Intelligent Water Management സംവിധാനം നടപ്പാക്കുകയാണ്. അതിനാലാണ് തിരുവനന്തപുരം നഗരത്തിലും കൊച്ചിയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്.

വിതരണ ശൃംഖലകളുടെ കാലപ്പഴക്കവും ജലവിതരണശൃംഖലയിലെ നഷ്ടവും ഉയർന്ന ജല ദൗർലഭ്യവും വർദ്ധിച്ച പ്രതിശീർഷ ജലഉപഭോഗവും കൊച്ചി കോർപ്പറേഷനിലെയും സമീപ പ്രദേശങ്ങളിലേയും ഉയർന്ന ജല ആവശ്യകതയും ഈ പദ്ധതി കൊച്ചിയിൽ നടപ്പിലാക്കാൻ കാരണമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പത്ത് വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി ജല അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

എഡിബി-യുടെ ധന സഹായത്തോടെയുള്ള പ്രസ്തുത പദ്ധതി സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്ന നടപടി ജല അതോറിറ്റിയുടെ സ്വകാര്യവൽക്കരണത്വത്തിലേയ്ക്ക് നയിക്കുമെന്ന ആക്ഷേപം കേരള ജല അതോറിറ്റിയുടെ മീറ്റിംഗുകളിൽ വിവിധ സംഘടനകൾ ഉന്നയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കൊച്ചി വിതരണ ശൃംഖലയുടെ പരിപാലനവും നവീകരണവും ചെയ്യുന്ന പ്രവൃത്തി, വായ്പയുടെ

വ്യവസ്ഥയ്ക്ക് വിധേയമായി കരാർ കാലാവധിയായ 10 വർഷത്തേയ്ക്ക് കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഈ ദർഘാസ് ഏറ്റെടുക്കുന്ന കോൺട്രാക്ടറുടെ ചുമതലയിൽ നടത്തുന്നതാണ്.

പത്തുവർഷത്തെ കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് കൊച്ചി കോർപ്പറേഷനിലെ നവീകരിച്ചതും മെച്ചപ്പെട്ടതുമായ വിതരണ ശൃംഖലയും അനുബന്ധ ഘടകങ്ങളും ബാധ്യതരഹിതമായി കേരള ജല അതോറിറ്റിക്ക് വിട്ട് നൽകാനും ജലവിതരണ സംവിധാനത്തിന്റെ പ്രവർത്തനക്ഷമതാ സൂചികകൾ കരാറിൽ പ്രതിപാദിച്ചിരിക്കുന്ന അളവിൽ നിലനിർത്തി കൊണ്ട് ജലവിതരണ സംവിധാനത്തിന്റെ പരിപാലനം നടത്താൻ ജല അതോറിറ്റിക്ക് കഴിയും വിധമാണ് ജലവിതരണ സംവിധാനത്തെ കരാറുകാരൻ തിരികെ നൽകേണ്ടതെന്ന വ്യവസ്ഥയും ഈ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പമ്പ് ഹൗസുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി**

314 (1119) ഡോ. കെ. ടി. ജലീൽ:
ശ്രീ വി കെ പ്രശാന്ത്:
ശ്രീ. കെ. പ്രേംകുമാർ:

**ശ്രീ. ഐ. ബി. സതീഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റിയുടെ കീഴിലുള്ള പമ്പ് ഹൗസുകൾ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ വാട്ടർ അതോറിറ്റിയിലെ ചില പമ്പിംഗ് സ്റ്റേഷനുകളിലും ജല ശുദ്ധീകരണ ശാലകളിലും പമ്പിംഗ് ഇതര പ്രവർത്തനങ്ങൾക്ക് വാട്ടർ അതോറിറ്റി ഓഫീസ് കെട്ടിടങ്ങളിലും വൈദ്യുതി ബില്ല് കുറയ്ക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജം ഉപയോഗിച്ചുവരുന്നു. നിലവിൽ 572.5KW സൗരോർജ്ജം ഉല്പാദിപ്പിക്കാൻ ശേഷിയുള്ള സൗരോർജ്ജ പാനലുകൾ വാട്ടർ അതോറിറ്റി സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

മൂലധനനിക്ഷേപത്തിന് ആവശ്യമായ തുക കണ്ടെത്താൻ സാധിക്കുന്ന പക്ഷം 2030 ഓടുകൂടി കേരള വാട്ടർ അതോറിറ്റി ഉപയോഗിക്കുന്ന വൈദ്യുതിയുടെ 20 ശതമാനം സൗരോർജ്ജത്തിൽനിന്നും കണ്ടെത്താൻ സാധിക്കുമെന്ന് കരുതുന്നു. സൗരോർജ്ജം പ്രകൃതി സൗഹൃദവും ആവർത്തന

ചെലവ് ഇല്ലാത്തതും ആയതിനാൽ സമൂഹത്തിന്റെയും കേരള വാട്ടർ അതോറിറ്റിയുടേയും നിലനിൽപ്പിന് സൗരോർജ്ജ സാധ്യതകൾ കണ്ടെത്തി ഉപയോഗിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു.

(ബി) എങ്കിൽ ഇത് സംബന്ധിച്ച് വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ?

KSEBL ആയി സഹകരിച്ച് പാലക്കാട് ജില്ലയിലെ മുങ്കിൽമടയിലും അനെർട്ട് ആയി സഹകരിച്ച് തിരുവനന്തപുരം നഗരത്തിലും പഠനം നടത്തി സൗരോർജം ഉല്പാദിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജല അതോറിറ്റിക്ക് എത്ര പമ്പ് ഹൗസുകളാണ് നിലവിലുള്ളത്; മുഴവൻ പമ്പ് ഹൗസുകളും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജല അതോറിറ്റിക്ക് 1663 പമ്പ് ഹൗസുകളാണ് നിലവിലുള്ളത്. ഒരു KVA നിരക്കിൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് ഏകദേശം 75,000 രൂപ വീതം മൂലധന നിക്ഷേപം വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

## ജല അതോറിറ്റി സൗരോർജ്ജമുപയോഗിച്ച് വൈദ്യുതിവത്കരിക്കുന്നതിന് നടപടി

315 (1120) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിക്ക് എത്ര കോടി രൂപയുടെ വൈദ്യുതി ബിൽ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

31-12-2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകാനുള്ള വൈദ്യുതി ചാർജ് കുടിശ്ശിക 1718 .02 കോടി രൂപയാണ്.

(ബി) വൈദ്യുതി കുടിശ്ശിക വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ജല അതോറിറ്റി സൗരോർജ്ജത്തിലേയ്ക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഒരു പമ്പ് ഹൗസ് ഇത്തരത്തിൽ വൈദ്യുതിവത്കരിക്കുന്നതിന് എത്ര തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

വൈദ്യുത ചാർജ് കുടിശ്ശിക വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൗരോർജ്ജത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നു. 2030 ആകുമ്പോഴേയ്ക്കും KWA ഉപയോഗിക്കുന്ന വൈദ്യുതിയുടെ 20 ശതമാനത്തോളം സൗരോർജ്ജത്തിൽനിന്നും കണ്ടെത്തുന്നതിലൂടെ വൈദ്യുത

ചാർജ് കുറയ്ക്കുന്നതിന് സാധിക്കുമെന്ന് കരുതുന്നു. ഒരു KVA സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് 75000 രൂപയുടെ മൂലധന നിക്ഷേപം വേണ്ടി വരുമെന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.

(സി) ആകെ എത്ര പമ്പ് ഹൗസുകളാണ് ജല അതോറിറ്റിക്ക് കീഴിലുള്ളത്; മുഴുവൻ പമ്പ് ഹൗസുകളും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ജല അതോറിറ്റിക്ക് കീഴിൽ 1663 പമ്പ് ഹൗസുകളാണ് നിലവിൽ ഉള്ളത്. മുഴുവൻ പമ്പ് ഹൗസുകളും സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നത് പ്രായോഗികമല്ല. സാധ്യമായവ സൗരോർജ്ജത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര തുക വേണ്ടി വരുമെന്നുള്ളത് പ്രാരംഭ ഘട്ട പഠനത്തിലാണ്.

(ഡി) ഈ തുക ഏത് രീതിയിൽ സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സാധ്യമാകുന്നത്രയും പമ്പ് ഹൗസുകൾ സൗരോർജ്ജ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ തുക JJM, State Plan, RKI

എന്നിങ്ങനെയുള്ള ഫണ്ടിംഗ് ഏജൻസികൾ മുഖേന ലഭ്യമാക്കാൻ സാധ്യമാണോയെന്നത് പരിശോധിച്ചു വരുന്നു.

**ജല അതോറിറ്റിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക**

316 (1121) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വൈദ്യുതി ചാർജ് ഇനത്തിൽ വൻ തുക കുടിശ്ശിക നൽകാനുള്ളതിനാൽ വൈദ്യുതി ബോർഡിന് പ്രതിമാസം നിശ്ചിത തുക വീതം നൽകുന്നതിനായി എസ്ക്രോ അക്കൗണ്ട് തുടങ്ങുവാൻ ധനകാര്യ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരം ജല അതോറിറ്റി എസ്ക്രോ അക്കൗണ്ട് തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രതിമാസം നിശ്ചിത തുക വൈദ്യുത ചാർജ് നൽകുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുവാൻ 31/10/2023-ലെ GO(Rt)No.7599/2023/FIN പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്രകാരം കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ

അക്കൗണ്ട് സംവിധാനം വഴി KSEBL-ന് നൽകാൻ സമ്മതം അറിയിച്ചിട്ടുണ്ട്. ആയത് അന്തിമ തീരുമാനമായിട്ടില്ല.

(ബി) നിലവിൽ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകാനുള്ള കുടിശ്ശിക തുക എത്രയാണ്; ജല അതോറിറ്റിയുടെ പ്രതിമാസ വരുമാനത്തിന്റെ എത്ര ശതമാനമാണ് ഇപ്പോൾ മാസം തോറും കുടിശ്ശിക അടയ്ക്കാൻ ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

31/12/2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകാനുള്ള വൈദ്യുത ചാർജ് കുടിശ്ശിക 1718.02 കോടി രൂപയാണ്. വാട്ടർ ചാർജ് ഇനത്തിൽ ജല അതോറിറ്റിയുടെ ശരാശരി മാസ വരുമാനം 92.75 കോടി രൂപയാണ്. ഇതിൽനിന്ന് ഒക്ടോബർ മാസത്തിൽ 8.01 കോടി രൂപയും നവംബർ മാസത്തിൽ 8.80 കോടി രൂപയും വൈദ്യുതി ചാർജ് ഇനത്തിൽ KSEBL-ന് നൽകി. ജല അതോറിറ്റി അതിന്റെ ആരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചുവരുന്നത്. തനത് വർഷത്തെ നോൺ പ്ലാൻ ഇനത്തിൽ 357 കോടി ബഡ്ജറ്റ് വിഹിതത്തിൽനിന്നും 45.93 കോടി രൂപ ഇതിനോടകം നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ജല

അതോറിറ്റി മാസവരുമാനത്തിന്റെ 10 ശതമാനമാണ് വൈദ്യുതി ബോർഡിന് എസ്ക്രോ സംവിധാനം വഴി നൽകുവാൻ ഉദ്ദേശിക്കുന്നത്.

**കേരള വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി**

317 (1122) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി, മാവൂർ തുടങ്ങിയ കേരള വാട്ടർ അതോറിറ്റി സെക്ഷൻ ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാർ സ്ഥിരമായില്ലാത്തതും സ്ഥലം മാറ്റവുംമൂലം ജല ജീവൻ മിഷൻ പ്രവൃത്തികൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

22-08-2023-ൽ കൊടുവള്ളി സെക്ഷനിലും 27-12-2023-ൽ മാവൂർ സെക്ഷനിലും അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗാർഹിക പൈപ്പ് കണക്ഷൻ**

318 (1123) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര വീടുകളിൽ ഗാർഹിക പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഈ സർക്കാർ നിലവിൽ വന്നശേഷം 25/01/2024 വരെ 21,25,202 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ ജെ.ജെ.എം. സ്കീമിൽ നൽകിയ 15,03,369 FHTC യും 5,60,558 HTC യും ഉൾപ്പെടുന്നു.

**മികച്ച മാനേജ്മെന്റ് സംവിധാനം നടപ്പാക്കാൻ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

319 (1124) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ മികച്ച മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കി കുടിവെള്ളത്തിന്റെ ഗുണനിലവാരവും

വിതരണ ശൃംഖലയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

1. കെ.ഡബ്ല്യൂ.എ.-യുടെ ജലവിതരണകുഴലുകൾ സമ്പൂർണ്ണമായും ആധുനികവൽക്കരിക്കുന്നതിന് പഴകിയതും കാലപ്പഴക്കം ചെന്നതുമായ സിമന്റ് പൈപ്പുകൾ, പ്രിമോ പൈപ്പുകൾ പൂർണ്ണമായും മാറ്റി പുതിയ പി.വി.സി, ഡി.ഐ. പൈപ്പുകൾ ജലജീവൻ അടക്കമുള്ള പദ്ധതികളിൽപ്പെടുത്തി മാറ്റി സ്ഥാപിക്കുന്ന വിവിധ പ്രവർത്തികൾ നടന്നുവരുന്നു.

2. 84 NABL അക്രഡിറ്റേഷനുള്ള ഗുണനിലവാര ലാബുകൾ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു.

3. മോട്ടോർ പമ്പുകൾ ആട്ടോമേറ്റ് ചെയ്യുന്ന പ്രവൃത്തികൾ ആരംഭിക്കുകയും 20 എച്ച്.പി.ക്ക് താഴെ കപ്പാസിറ്റിയുള്ള പമ്പുകളിൽ 85% ത്തോളം ആട്ടോമേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. ജലശുദ്ധീകരണശാലകളിൽ SCADA പ്രാവർത്തികമാക്കുന്ന പ്രവർത്തിയും സാധ്യമാകുന്ന സ്ഥലങ്ങളിൽ ചെയ്തുവരുന്നു.

(ബി) കുടിവെള്ള വിതരണത്തിൽ മെച്ചപ്പെട്ട സാങ്കേതികവിദ്യയുടെ സഹായത്തോടെ വരുമാനരഹിത ജലവിതരണം പരമാവധി കുറയ്ക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

1. പൈപ്പ് പൊട്ടൽ കാരണം ഉണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു.

2. ജലവിതരണ കുഴലുകളിലും പമ്പിംഗ് സ്റ്റേഷനുകളിലും ഫ്ളോമീറ്ററുകൾ സ്ഥാപിച്ചും ജല സംഭരണികളിലും ജലശുദ്ധീകരണ ശാലകളിലും SCADA ഏർപ്പെടുത്തി ജലത്തിന്റെ അളവ് സൂക്ഷ്മമായി വിലയിരുത്തി ജലനഷ്ടത്തിന്റെ തോതും മേഖലകളും കണ്ടെത്തുന്നതിനുള്ള പ്രവർത്തികൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തി വരുന്നു.

3. എനർജി ഓഡിറ്റിന്റെ ഭാഗമായി വാട്ടർ ഓഡിറ്റ് നടത്തിയും ജലനഷ്ടത്തിന്റെ തോതും മേഖലയും കണ്ടെത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ജലമോഷണം കണ്ടെത്തുന്നതിനുള്ള Anti theft squad-ഉം പ്രവർത്തിച്ചുവരുന്നു.

(സി) ജലവിതരണ ശൃംഖലയുടെ കാര്യക്ഷമത വർദ്ധിക്കുന്നതോടൊപ്പം ലീക്ക് ഡിറ്റക്ഷൻ, പമ്പിംഗിലെ ഊർജ്ജ കാര്യക്ഷമത, വരുമാന വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

1. ജല വിതരണ കുഴലുകളിലെ ലീക്ക് കണ്ടെത്തുന്നതിനാവശ്യമായ അപേക്ഷകൾ ഫീൽഡിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ലീക്ക് ഡിറ്റക്ഷൻ സ്ക്വാഡിൻറെ സേവനം ലഭ്യമാക്കുന്നുണ്ട്. ആയതിലേയ്ക്ക് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ സംസ്ഥാന തലത്തിൽ ലഭ്യമാണ്.

2. വൈദ്യുതി ഉപകരണങ്ങളുടെ (പമ്പുകളുടെ അടക്കം) കാര്യക്ഷമത കണ്ടെത്തുന്നതിനും പരിഹാര നിർദ്ദേശങ്ങൾക്കുമായി കെ.ഡബ്ല്യു.എ.യുടെ ആന്തരിക വിഭാഗം എനർജി ആഡിറ്റ് ടീം പ്രവർത്തിച്ചുവരുന്നു. ഇതിനകം ദക്ഷിണമേഖലയിൽ 11 പമ്പിംഗ് സ്റ്റേഷനുകളിൽ എനർജി ആഡിറ്റ്

പൂർത്തീകരിച്ചിട്ടുണ്ട്. RKI-യുടെ സഹായത്താൽ എനർജി ആഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും പുരോഗമിച്ചു വരുന്നു.

3. എനർജി ആഡിറ്റ് ടീമിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കി ജല നഷ്ടം ഒഴിവാക്കി ചെലവ് കുറയ്ക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നു.

(ഡി) ജലവിതരണ ശൃംഖലയിലെ ജലനഷ്ടം പരമാവധി കുറച്ച് കൊണ്ടുവരുന്നതിന് ജല അതോറിറ്റി നടപ്പിലാക്കുന്ന നൂതന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

1. പഴകിയതും കാലപ്പഴക്കം വന്നതുമായ പൈപ്പുകൾ മാറ്റി സ്ഥാപിച്ചുവരുന്നു.

2. സമയബന്ധിതമായി പൈപ്പുകളുടെ അറ്റകുറ്റ പണികൾ ചെയ്തുവരുന്നു.

3. പമ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി ജലവിതരണത്തിന്റെ അളവ് വർദ്ധിപ്പിച്ചുവരുന്നു.

4. ജല മോഷണം കണ്ടെത്തുന്നതിനുള്ള Anti theft squad-ഉം പ്രവർത്തിച്ചുവരുന്നു.

5.ജലവിതരണ ശൃംഖലയിലെ ജലനഷ്ടം കുറയ്ക്കുവാനായി ജല വിതരണ പൈപ്പുകളിൽ ഫ്ലോ മീറ്റർ സ്ഥാപിച്ച് നിരീക്ഷിക്കുന്നുണ്ട്.

**ജല അതോറിറ്റിയുടെ സാമ്പത്തിക വിഭാഗത്തിലെ ക്രമക്കേടുകൾ**

320 (1125) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ സാമ്പത്തിക വിഭാഗത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

(എ&ബി)ജല അതോറിറ്റിയുടെ സാമ്പത്തിക വിഭാഗത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് പരിശോധന നടത്തിയിട്ടില്ല.

**വർദ്ധിപ്പിച്ച വെള്ളക്കരം കുറയ്ക്കാൻ നടപടി**

321 (1126) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി വെള്ളക്കരം ക്രമാതീതമായി വർദ്ധിപ്പിച്ചത് സാധാരണ ജനങ്ങളെ ഗുരുതരമായി ബാധിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള ജല അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടി ജലം പാഴാകുന്ന സംഭവങ്ങൾ തടയുന്നതിനും ലഭിക്കാനുള്ള കുടിശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കാതെ വെള്ളക്കരം കൂട്ടി ജനങ്ങളുടെ മേൽ അധിക ബാധ്യത വരുത്തി വച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൈപ്പുകൾ പൊട്ടി ജലം പാഴാകുന്ന സംഭവങ്ങൾ തടയുന്നതിനുവേണ്ടി താഴെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേയ്ക്ക് വരാതെ മണ്ണിനടിയിൽ ഉണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി നിലവിൽ തിരുവനന്തപുരത്ത് ഉപയോഗിക്കുന്ന തരത്തിലുള്ള, ലീക് ഡിറ്റക്ഷൻ ഉപകരണങ്ങൾ എല്ലാ സർക്കിൾ ഓഫീസുകളിലേയ്ക്കും വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ 03-07-2023 തീയതി നൽകിയിട്ടുണ്ട്.

2. പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്.

3. കൂടാതെ Raw water pumping main-നുകളിലെ ജലനഷ്ടം ഉടനടി കണ്ടെത്തുന്നതിന് തദ്ദേശീയമായി വികസിപ്പിച്ച ഫ്ലോ ഫെയ്ലുവർ അലെർട്ട് സിസ്റ്റം (FFAS) എന്ന സംവിധാനം 5MLD-ക്ക് മുകളിലുള്ള എല്ലാ WTP കളിലും നടപ്പിലാക്കി വരുന്നു.

4. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി റണ്ണിങ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പരിഹരിച്ചു വരുന്നു.

5. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ (അമൃത്, കിഫ്ബി, ജല ജീവൻ മിഷൻ, എ.ഡി.ബി., സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും) ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകളാണ് ഉപയോഗിച്ചുവരുന്നത്. ഇതുവഴി ജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ

ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചു വരുന്നു. ഇതിനായി പൈപ്പുകളുടെ Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET-നെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാനും ലീക്കുകൾ പരിഹരിക്കുന്നത് വരെ നിരീക്ഷിക്കാനുമായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാരകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യനഷ്ടത്തിന്റെ തോത് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സെക്ഷൻ ഓഫീസ് തലത്തിൽ വരെയുള്ള ജീവനക്കാരെ ഏകോപിപ്പിച്ച് ഊർജിതമായ കുടിശിക നിർമാർജന പ്രവർത്തനങ്ങൾ നടത്തി വരുന്നു. കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് പ്രത്യേക നോട്ടീസുകൾ നല്കി കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ബില്ല് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത

ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ചുവരുന്നു. മാധ്യമങ്ങളിലൂടെ കുടിശ്ശിക അടയ്ക്കാനുള്ള അറിയിപ്പ് നൽകി വരുന്നു. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും ജലവിഭവ വകുപ്പ് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നുണ്ട്.

(സി) ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ച് വർദ്ധിപ്പിച്ച വെള്ളക്കരം കുറയ്ക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

വാട്ടർ ചാർജ് വർദ്ധിപ്പിച്ച സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 10.57 കോടി രൂപയും സർക്കാർ സ്ഥാപനങ്ങളിൽനിന്നും 222.12 കോടി രൂപയും മാത്രമാണ് പിരിഞ്ഞുകിട്ടാനുള്ളത്. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചെലവ്. എന്നാൽ ശരാശരി 10.92 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ് വർദ്ധിപ്പിക്കണമെന്ന് തീരുമാനിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയായി വർദ്ധിച്ചു. ജല ശുദ്ധീകരണത്തിനും

വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വർഷാവർഷം വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ലായിരുന്നു. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 6223.76 കോടി രൂപയായിരുന്നു സഞ്ചിത നഷ്ടം. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചുവന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായിരുന്നത് കൊണ്ട് തന്നെ ഇതിനുള്ള തുക കണ്ടെത്തേണ്ടതുണ്ടായിരുന്നു. ഉല്പാദന

ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്. കൂടാതെ 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതു വഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായി.

**ജല അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം**

322 (1127) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ പരിഷ്കരണവും സർക്കാരിൽ നിന്നുള്ള കുടിശ്ശികകളും ആവശ്യപ്പെട്ട് ജല അതോറിറ്റിയിലെ പെൻഷൻകാർ നടത്തുന്ന സമരം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പെൻഷൻ പരിഷ്കരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഗൗരവമായി കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) അവസാനമായി പെൻഷൻ പരിഷ്കരണം നടത്തിയത് എപ്പോഴാണ്; എന്തൊക്കെ ആനുകൂല്യങ്ങളാണ് പെൻഷൻകാർക്ക് നിലവിൽ ലഭിക്കാനുള്ളത്; അറിയിക്കുമോ?

G.O.(P)No.36/2017/Fin dated 14/03/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01/07/2014-ൽ ആണ് അവസാനമായി പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയത്. ഈ ഉത്തരവ് പ്രകാരമുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും നൽകി കഴിഞ്ഞു.

(സി) പെൻഷൻ പരിഷ്കരണത്തിനും ആനുകൂല്യവിതരണത്തിനുമായി എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

പെൻഷൻ പരിഷ്കരണം നടപ്പിലാക്കുമ്പോൾ പ്രതിമാസം പെൻഷൻ ഇനത്തിൽ ഏകദേശം 2.43 കോടി രൂപ അധികമായി വേണ്ടി വരും. ഇത്

കൂടാതെ ഡി.സി.ആർ.ജി. ഇനത്തിൽ 13.29 കോടി രൂപയും കമ്മ്യൂട്ടേഷൻ ഇനത്തിൽ 46.58 കോടി രൂപയും അധികമായി ആവശ്യമുണ്ട്.

**വൈദ്യുതി ചാർജ് കുടിശിക അടച്ച് തീർക്കുന്നതിന് നടപടി**

323 (1128) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വൈദ്യുതി ചാർജ് കുടിശിക ഇനത്തിൽ എത്ര രൂപയാണ് അടയ്ക്കാനുള്ളത്; കുടിശിക വരുത്തിയതിനാൽ വാട്ടർ അതോറിറ്റിയുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; കുടിശികയുണ്ടാകാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ?

31/12/2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകുവാനുള്ള വൈദ്യുത ചാർജ് കുടിശ്ശിക 1718.02 കോടി രൂപയാണ്.

സംസ്ഥാനത്തെ കുടിവെള്ള വിതരണത്തെ സാരമായി ബാധിക്കുമെന്നതിനാൽ വൈദ്യുത ചാർജ് കുടിശ്ശിക ഉണ്ടെങ്കിലും കണക്ഷൻ വിച്ഛേദിക്കുന്നതിന് കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചില്ല.

കേരളാ വാട്ടർ അതോറിറ്റി അതിന്റെ പ്രാരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂകമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകരമാകുന്നത്. സർക്കാർ അംഗീകരിക്കുന്ന താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 24.39 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 13.99 രൂപ മാത്രമേ ലഭിച്ചിരുന്നുള്ളൂ.

വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജിൽ വർദ്ധനവ് വരുത്തുവാൻ സാധിച്ചിരുന്നില്ല. ഇവ കാരണം കേരളാ വാട്ടർ അതോറിറ്റി റവന്യൂകമ്മിയിലാണ് വർഷങ്ങളായി പ്രവർത്തിക്കുന്നത്. ആയതിനാൽ മാസംതോറും വൈദ്യുത ചാർജ് അടയ്ക്കാൻ സാധിച്ചിരുന്നില്ല.

(ബി) വൈദ്യുതി കുടിശിക അടച്ച് തീർക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും ആയത് അടിയന്തരമായി അടച്ച് തീർക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

കേരളാ വാട്ടർ അതോറിറ്റി അതിന്റെ പ്രാരംഭ കാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ വൈദ്യുത ചാർജ് കുടിശ്ശിക അടച്ചു തീർക്കാൻ സാധിച്ചിരുന്നില്ല.

പ്രതിമാസം നിശ്ചിത തുക വൈദ്യുത ചാർജ് നൽകുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയും വൈദ്യുതി ബോർഡും (KSEBL) തമ്മിൽ ഒരു എസ്ക്രോ സംവിധാനം ആരംഭിക്കുന്നതിന് 30/10/2023-ലെ GO(Rt)No.7599/2023/FIN പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം കേരള വാട്ടർ അതോറിറ്റി മാസംതോറും 9.50 കോടി രൂപ എസ്ക്രോ അക്കൗണ്ട് സംവിധാനം വഴി KSEBL-ന് നൽകാൻ സമ്മതം അറിയിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിലേയ്ക്കായി ജല അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനുള്ള വാട്ടർ ചാർജ്

കുടിശ്ശികയും, 2022-23 സാമ്പത്തിക വർഷത്തെ ബാക്കി ലഭിക്കുവാനുള്ള നോൺ പ്ലാൻ കുടിശ്ശികയായ 169 കോടി രൂപയും തനത് വർഷത്തെ നോൺ പ്ലാൻ തുകയിൽ നോൺ സാലറി ഹെഡിലെ തുകയും ഉപയോഗപ്പെടുത്താനുള്ള ചർച്ചകൾ നടന്നു വരുന്നു.

**ജല അതോറിറ്റിയിലെ ഒഴിവുകൾ**

324 (1129) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയതായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഈ വിഷയം സംബന്ധിച്ച് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കേരള വാട്ടർ അതോറിറ്റിയുടെ ഹെഡ് ക്വാർട്ടേഴ്സിൽ പരിശോധന നടത്തിയിട്ടുണ്ട്. പരിശോധന റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) എങ്കിൽ പ്രസ്തുത കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ജല അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 2020 ലെ 5 NJD ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കണ്ടെത്തലിനെ തുടർന്ന് ഇതിന് ഉത്തരവാദികളോട് സെക്ഷൻ ക്ലാർക്ക് മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർക്ക് കാരണം കാണിക്കൽ നോട്ടീസ് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പൈപ്പ് ലൈനുകളിലെ തകരാറുകൾ പരിഹരിക്കുന്നതിന് നടപടി**

325 (1130) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് വളരെ വേഗത്തിൽ തന്നെ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

നാഷണൽ ഹൈവേയുടെ നിർമ്മാണപ്രവർത്തന വുമായി ബന്ധപ്പെട്ട കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് കേരള വാട്ടർ അതോറിറ്റിയുടെ മേൽ നോട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയാണ് പരിഹരിച്ചുവരുന്നത്. നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കുടിവെള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ഹൈവേയുടെ നിർമ്മാണ പ്രവർത്തനവുമായി ഏകോപിപ്പിച്ച് നാഷണൽ ഹൈവേയുടെ കരാറുകാരൻ തന്നെ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്യുന്നു. കുടിവെള്ള പൈപ്പുകളിൽ തകരാറ് സംഭവിക്കുന്നത് കണ്ടെത്തുന്ന മുറയ്ക്ക് നാഷണൽ ഹൈവേയെ അറിയിച്ച് വളരെ വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. കാലതാമസം നേരിടുന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റി നേരിട്ട് ബ്ലൂ ബ്രിഗേഡ് സംവിധാനം മുഖേനയും റണ്ണിംഗ് കോൺട്രാക്ട് മുഖേനയും കുടിവെള്ള പൈപ്പുകൾ തകരാറിലാകുന്നത് വളരെ വേഗത്തിൽതന്നെ പരിഹരിക്കുന്നുണ്ട്.

**ജല അതോറിറ്റി വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള തുക**

326 (1131) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വൈദ്യുതി ചാർജ്ജിനത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് എത്ര തുക നൽകാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

31-12-2023 വരെ ജല അതോറിറ്റി വൈദ്യുതി ബോർഡിന് നൽകുവാനുള്ള വൈദ്യുത ചാർജ്ജ് കുടിശ്ശിക 1718.02 കോടി രൂപയാണ്.

(ബി) വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിന് എന്തെങ്കിലും പദ്ധതി ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി കൈക്കൊണ്ടുവരുന്നു. ഇതിനായി വാട്ടർ അതോറിറ്റിയുടെ എനർജി ഓഡിറ്റ് ടീം വഴിയും എനർജി മാനേജ്മെന്റ് സെന്റർ മുഖേനയും പ്രധാനപ്പെട്ട ശുദ്ധീകരണശാലയിലും പമ്പിംഗ് സ്റ്റേഷനുകളിലും വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി എനർജി ഓഡിറ്റ് നടത്തിവരുന്നുണ്ട്. ഇങ്ങനെ

എനർജി ഓഡിറ്റ് നടത്തിയ പമ്പിംഗ് സ്റ്റേഷനുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാനായി റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 16 പ്രധാനപ്പെട്ട പമ്പിംഗ് സ്റ്റേഷനുകളിൽ നവീകരണപ്രവർത്തനങ്ങൾ നടത്തിവരുന്നു. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി പവർ ഫാക്ടർ നിശ്ചിതപരിധിക്ക് മുകളിലാക്കാൻ പമ്പിംഗ് സ്റ്റേഷനുകളിൽ പവർ കപ്പാസിറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ വാട്ടർ അതോറിറ്റി ലക്ഷ്യം വയ്ക്കുന്നു. ഇതിന്റെ ഭാഗമായി നിലവിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി 572.5 KW ഉല്പാദിപ്പിക്കാൻ ശേഷിയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 920 KW ഉല്പാദിപ്പിക്കാൻ ശേഷിയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അനെർട്ടുമായി സഹകരിച്ച് നടപ്പാക്കിവരുന്നുണ്ട്.

**കുടിവെള്ള പൈപ്പ് ലൈൻ മാറ്റുന്ന നടപടി**

327 (1132) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ചവറ കോലത്ത് മുക്ക് മുതൽ കാവനാട് വരെ പ്രധാന പാതയിൽ സ്ഥാപിച്ചിരിക്കുന്ന കുടിവെള്ള പൈപ്പ് ലൈൻ റോഡിന്റെ സൈഡിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി ചവറ കോലത്ത് മുക്ക് മുതൽ കാവനാട് വരെ കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 03-05-2021-ൽ നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (NHAI) –യ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് 03-05-2023-ൽ വീണ്ടും അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ മാറ്റി ഇടേണ്ടത് NHAI ആണ്. 13-01-2024-ൽ NHAI സൈറ്റ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ, കരാറുകാരൻ എന്നിവർ സംയുക്ത പരിശോധന നടത്തിയിട്ടുള്ളതുമാണ്. പൈപ്പുകൾ ഈ stretch-ൽ മാറ്റിയിടുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇത് നാഷണൽ ഹൈവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പൈപ്പുകൾ മാറ്റിയിടുന്നതിനുള്ള എസ്റ്റിമേറ്റ് NHAI-യ്ക്ക് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. അംഗീകാരം സംബന്ധിച്ചവിവരം വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടില്ല.

**മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതി**

328 (1133) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ മൂർക്കനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനായി ജല ജീവൻ മിഷൻ പദ്ധതിയിൽ 30772 ഗാർഹിക കുടിവെള്ള കണക്ഷനുകളുൾപ്പടെ 29625 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മൂർക്കനാട്, പുഴക്കാട്ടിരി, കുറുവ,

കുട്ടിലങ്ങാടി, മക്കരപറമ്പ്, മങ്കട എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള വിതരണ വിപുലീകരണത്തിന്റെ ഭാഗമായി കിണർ, ജലശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിൻ, ഉന്നതതല ജലസംഭരണികൾ, വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 11 പാക്കേജുകളിലായി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അവസാനഘട്ടത്തിൽ ഭരണാനുമതി നൽകിയ കുറുവ പഞ്ചായത്തിലെ കുടിവെള്ള വിതരണം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടെ 2 പാക്കേജുകൾ ടെണ്ടർ സ്റ്റേജിലാണ്. ബാക്കിയുള്ള എല്ലാ പ്രവൃത്തികളും അവസാനഘട്ടത്തിലാണ്.

(ബി) പൈപ്പ് ലൈൻ സ്ഥാപിക്കൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിൽ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

മൂർക്കനാട്, പുഴക്കാട്ടിരി, കുറുവ, കുട്ടിലങ്ങാടി, മക്കരപറമ്പ്, മങ്കട എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തിയാക്കാനുണ്ട്.

(സി) പദ്ധതിയുടെ ജല സ്രോതസ്സ് നിലനിർത്തുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ

നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിക്ക് നിർദ്ദേശം നൽകുമോ?

കീഴ്മുറിക്കടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയിലുള്ള പാലത്തിന്റെയും സംരക്ഷണഭിത്തിയുടെയും നിർമ്മാണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. റെഗുലേറ്ററിന്റെ ഷട്ടറുകൾ ഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവയും ഉടൻതന്നെ പൂർത്തീകരിക്കുന്നതാണ്. കൂടാതെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 6(1) & 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ സാമൂഹ്യാഘാതപഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ ഉടൻതന്നെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

(ഡി) ഈ കുടിവെള്ള പദ്ധതി സമയപരിധി നിശ്ചയിച്ച് പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ളപ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന 6 പഞ്ചായത്തുകളിലേയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കഴക്കൂട്ടം-മുട്ടത്തറ സ്വീവേജ് പദ്ധതി**

329 (1134) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവേജ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ സ്വീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയോജിത പദ്ധതിയായ അമൃതിലുൾപ്പെടുത്തി വിവിധ സ്ഥലങ്ങളിലായി സ്വീവേജ്

പമ്പ്ഹൗസുകളുടെ നിർമ്മാണവും പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ഐ, ജെ, കെ, എൽ എന്നിങ്ങനെ 4 ബ്ലോക്കുകളായി തിരിച്ച് പുരോഗമിക്കുകയാണ്. കഴക്കൂട്ടം മേഖലയിലെ സ്വീവറേജ് മാലിന്യം മുട്ടത്തറയിലെ സ്വീവറേജ് സംസ്കരണശാലയിലെത്തിക്കുന്നതിനു വേണ്ടിയാണ് ഈ പ്രവൃത്തികൾക്ക് തുടക്കം കുറിച്ചത്.

സ്വീവറേജ് പദ്ധതിയിലെ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രോജക്ട് എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

അമൃത് - 1 പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ 2024 മാർച്ച് മാസത്തിലും അമൃത് - 2 പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടും കൂടി പൂർത്തിയാക്കാനാണ് നിദ്ദേശിച്ചിരുന്നതെങ്കിലും കൂടുതൽ സമയം ആവശ്യമുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീവറേജ് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് മുൻപരിചയമുള്ള കരാറുകാരുടെ അഭാവമുള്ളതിനാൽ നിരവധി തവണ ടെണ്ടർ ചെയ്താലും ആരും പങ്കെടുക്കാത്ത സ്ഥിതിയുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പ്രവൃത്തികളെ ചെറുഭാഗങ്ങളായി തിരിച്ച് ചെറുകിട കരാറുകാരെക്കൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പ്രവർത്തനപുരോഗതി വിലയിരുത്തുകയും തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള ടാങ്കിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ

330 (1135) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള ടാങ്കിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ എന്തിനുവേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള ടാങ്കിനോടുചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ ജീവനക്കാരുടെ താമസസൗകര്യത്തിനായി നിർമ്മിച്ചതാണെങ്കിലും നിലവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്റ്റോറായാണ് ഉപയോഗിച്ചുവരുന്നത്. പുതിയ സ്റ്റോർ നിർമ്മിക്കുന്നമുറയ്ക്ക് ജീവനക്കാരുടെ താമസത്തിനായി ഉപയോഗിക്കുന്നതാണ്.

(ബി) പ്രസ്തുത വീടുകൾ ഇതുവരെ ഉപയോഗിക്കാത്തതിനാൽ കാടുകയറി നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പ്രസ്തുത വീടുകൾ സ്റ്റോറായി ഉപയോഗിച്ചുവരുന്നു.

(സി) എങ്കിൽ ഇവ മറ്റ് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി വിട്ടുനല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലശുദ്ധീകരണശാലയും സമീപപ്രദേശവും അതീവ സുരക്ഷാമേഖല ആയതിനാൽ മറ്റു പ്രവൃത്തികൾക്ക് നൽകാനാവില്ല.

**ആലുവ പൈപ്പ് ലൈൻ റോഡ് തുടങ്ങുന്ന ഭാഗത്തുനിന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രവേശനാനുമതി**

331 (1136) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ പൈപ്പ് ലൈൻ റോഡ് തുടങ്ങുന്ന ഭാഗത്തുനിന്ന് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റിലേയ്ക്ക് ബസ്സുകൾക്ക് പ്രവേശിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് 03-07-2023-ന് നൽകിയ അപേക്ഷയിന്മേൽ (ഇ-7420455/2023/എം.ഐ.എൻ(ഡബ്ല്യൂ.ആർ.ഡി.) കേരള വാട്ടർ അതോറിറ്റി എം.ഡി. (ഫയൽ നം. ഡി.സി.4/104749/2023) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി. ബസുകൾ ആലുവ സെന്റ് മേരീസ് സ്കൂൾ സ്ഥിതി ചെയ്യുന്ന സബ് ജയിൽ റോഡിൽനിന്നും പൈപ്പ് ലൈൻ റോഡ് വഴി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലേയ്ക്ക് പ്രവേശനാനുമതി നൽകുന്നതിനുവേണ്ടി തീയതി 03-07-2023 തീയതിയിൽ ബഹു. ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് അവർകളുടെ E7420455/2023/MIN(WRD) നമ്പർ പ്രകാരം കത്ത് ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ആലുവ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ആലുവ ജലശുദ്ധീകരണശാലയിൽ നിന്നും കൊച്ചി കോർപ്പറേഷനിലേയ്ക്കും പരിസര പ്രദേശങ്ങളിലേയ്ക്കും വെള്ളമെത്തിക്കുന്ന 900 എം.എം., 1050 എം.എം. എന്നീ വ്യാസങ്ങളിലുള്ള വലിയ കാസ്റ്റ് അയൺ പൈപ്പുകളാണ് കടന്നുപോകുന്നത്. ഇവ 1965, 1975 എന്നീ വർഷങ്ങളിൽ സ്ഥാപിച്ചവയും ഡിസൈൻ കാലയളവ് ഇതിനകം അവസാനിച്ചതുമാണ്. ഈ പൈപ്പുകൾ കൂടാതെ 100 എം.എം. എ.സി. പൈപ്പും ഇതേ റോഡിലൂടെ കടന്നുപോകുന്നുണ്ട്. ഈ പൈപ്പുകൾ കടന്നുപോകുന്ന പൈപ്പ് ലൈൻ റോഡ്

സബ് ജയിൽ റോഡിലെ St. Mary's സ്കൂളിന്റെ മുൻപിൽനിന്നും ഉദ്ദേശം 60 സെന്റീമീറ്ററോളം താഴ്ചയിലാണ്. മേൽപ്പറഞ്ഞ പൈപ്പുകൾ ഈ റോഡിൽ 80 സെന്റീമീറ്റർ മാത്രം റോഡ് ഉപരിതലത്തിൽനിന്നും താഴ്ചയിലാണ് നിലനിൽക്കുന്നത്. ഇതിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന ബസുകൾക്ക് 16.2 ടൺ ഭാരമാണ് ഉണ്ടാവുക. ഇത്തരം ബസുകൾ ഇടതടവില്ലാതെ പ്രവേശിക്കുമ്പോൾ കാലപ്പഴക്കമേറിയ ഈ പൈപ്പുകൾക്ക് മർദ്ദം താങ്ങാൻ കഴിയണമെന്നില്ല. കൂടാതെ നിർദ്ദിഷ്ട 190 MLD പ്ലാന്റിൽനിന്നും ജലവിതരണത്തിനായി വലിയ വ്യാസമുള്ള പൈപ്പുകൾ കൂടി ഈ റോഡിൽ സ്ഥാപിക്കേണ്ടതായുണ്ട്.

ബഹു:ഹൈക്കോടതി നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ് ലൈൻ റോഡിലൂടെയുള്ള ഗതാഗത നിയന്ത്രണത്തിനായി ക്രോസ്സ്ബാറുകളും ബാരിയറുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതനുസരിച്ച് സബ് ജയിൽ റോഡിൽനിന്നും പൈപ്പ് ലൈൻ റോഡിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗത്തും റോഡിന്റെ ഇതര ഭാഗങ്ങളിലും ക്രോസ്സ്ബാറുകൾ സ്ഥാപിച്ച് ഭാരവാഹനങ്ങളുടെ പ്രവേശനം

നിരോധിച്ചിട്ടുള്ളതുമാണ്. 23-01-2023 തീയതിയിലെ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ 9325/DM1/(SU)/2017/കെ.ഡബ്ല്യൂ.എ. പ്രകാരം ഭാര വാഹനങ്ങൾ പ്രവേശിക്കാതിരിക്കാൻ Height barrier സ്ഥാപിക്കണം, ഇരുചക്ര വാഹനം, ഓട്ടോ, ലഘു വാഹനം, ആംബുലൻസ് എന്നിവയ്ക്കുമാത്രമേ റോഡ് ഉപയോഗിക്കാൻ പാടുള്ളൂ, റോഡ് ടൈൽ വിരിക്കേണ്ടതിന്റെ വീതി 3 മീറ്റർ ആയി നിജപ്പെടുത്തണം തുടങ്ങിയ വ്യവസ്ഥകളോടെയാണ് നിരാക്ഷേപപത്രം അനുവദിച്ചിട്ടുള്ളത്.

ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് പൈപ്പ് ലൈൻ റോഡ് വഴി പൊതുഗതാഗതം അനുവദിക്കാൻ സാധിക്കുകയില്ല എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച്. ഡിവിഷൻ ആലുവയുടെ 27-01-2024 തീയതിയിലെ കത്തും അനുബന്ധ റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ തീർപ്പുണ്ടാക്കി മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മറുപടി നൽകിയിട്ടില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ജലവിഭവ വകുപ്പിന്റെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള അപേക്ഷ**

332 (1137) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ്, മൂഴിക്കൽ എന്നിവിടങ്ങളിൽ ജലവിഭവ വകുപ്പിന്റെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി ലഭ്യമാക്കുവാൻ കോർപ്പറേഷന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

**(എ&ബി)** 15-09-2023 തീയതിയിൽ മൂഴിക്കൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ ജല അതോറിറ്റിയുടെ ഭാവിവികസനത്തിന് ആവശ്യമാണെന്ന് ഉത്തരമേഖലാ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ പൈപ്പ് ലൈൻ പദ്ധതി**

333 (1138) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട-പുതുകുന്ന്-മൺവിള കുടിവെള്ള മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പേരൂർക്കട മുതൽ മൺവിള വരെയുള്ള പി.എസ്.സി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കലും അതോടൊപ്പം റോഡ് പുനസ്ഥാപനവുമുൾപ്പെടെയാണ് കരാർ നൽകിയിരുന്നത്. 39% പ്രവൃത്തികൾ പൂർത്തിയായപ്പോൾ റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരാർ കമ്പനി ബഹു. ഹൈക്കോടതിയിൽ കേസ് സമർപ്പിക്കുകയും ബഹു. കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് ഈ വിഷയത്തിൽ കേരള ജല അതോറിറ്റിയുടെ ബോർഡിൽ തീരുമാനമെടുക്കാനായി സമർപ്പിക്കുകയും പ്രസ്തുത പ്രവൃത്തി നിശ്ചയിച്ച തുകയിൽ തന്നെ പൂർത്തീകരിക്കുവാനായി കരാർ കമ്പനിക്ക് 6 മാസം കൂടി അനുവദിക്കാൻ തീരുമാനിക്കുകയുമുണ്ടായി. എന്നിട്ടും കരാർ

കമ്പനി ബാക്കി പ്രവൃത്തികൾ ചെയ്യാൻ തയ്യാറായില്ല. തുടർന്ന് കേരള ജല അതോറിറ്റി ബോർഡിലെ തീരുമാനപ്രകാരം കരാർ കമ്പനിയുമായി നടത്തിയ ഹിയറിംഗിൽ പ്രവൃത്തിയുമായി മുന്നോട്ടുപോകുവാൻ താല്പര്യമില്ലായെന്ന് കമ്പനി അറിയിച്ചതിനാൽ നിലവിലെ കരാർ റദ്ദുചെയ്തു. ബാക്കി പ്രവൃത്തികൾ കിഫ്ബി വഴി ലഭ്യമാക്കിയിട്ടുള്ള ഫണ്ടിംഗ് അനുമതി തുകയിൽ പൂർത്തീകരിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അമൃത്-2.0 പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ധാരണയായി. ഇതിന് 02-11-2023-ൽ 65.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തെങ്കിലും ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ ആദ്യ ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 12-02-2024-ലാണ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി.

(ബി) പ്രവൃത്തി പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഇടങ്ങളിലേയ്ക്ക് നടത്തിയ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത

പ്രവൃത്തി എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

24.01-2024 ആയിരുന്നു ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. എന്നാൽ പ്രസ്തുത ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ ആദ്യ ടെണ്ടർ റദ്ദാക്കുകയും പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. 12-02-2024 ആണ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയാക്കി കരാർ നൽകിക്കഴിഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകും.

(സി) കൊടിക്കുന്ന് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 9.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ച് 19-02-2021-ൽ കരാർ നൽകുകയും ചെയ്തിരുന്നു. ഈ പദ്ധതിയുടെ ഭാഗമായ 3.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല

ജലസംഭരണിയുടെ നിർമ്മാണവും പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 5 കിലോമീറ്ററോളം ദൈർഘ്യത്തിൽ ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. 2021-ൽ കരാർ നൽകിയെങ്കിലും പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം നഗരസഭ എന്നിവയുടെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുവാൻ കാലതാമസമുണ്ടായി. 2022 ഡിസംബർ മാസത്തോടുകൂടിയാണ് അനുമതി ലഭ്യമായത്. അപ്പോഴേയ്ക്കും ഡക്റ്റൈൽ അയൺ പൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും നിലവിൽ കരാർ നൽകിയിട്ടുള്ള തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ വിസമ്മതിക്കുകയും ചെയ്തു. എന്നിരുന്നാലും ജല അതോറിറ്റിയുടെ വിവിധ സ്റ്റോറുകളിലുണ്ടായിരുന്ന ഡക്റ്റൈൽ അയൺ പൈപ്പുകളെത്തിച്ച് ഒരു കിലോമീറ്ററോളം ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ 50% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ നിർമ്മാണം പൂർത്തിയായ ഉപരിതല ജലസംഭരണിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനും ടി ഉപരിതല ജലസംഭരണിയിലേയ്ക്ക് പുതുക്കുന്ന് ഭൂതല

ജലസംഭരണിയിൽ നിന്നും ശുദ്ധജലം പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുമായി മറ്റൊരു കരാറും നൽകിയിട്ടുണ്ട്. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 2024 ജൂൺ മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

334 (1139) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ ജലജീവൻ പദ്ധതിയുമായി ബന്ധപ്പെട്ട് മാറാക്കര പഞ്ചായത്തിലെ മലയിൽ ഭാഗത്ത് കുടിവെള്ളം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മാറാക്കര-മലയിൽ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ടാങ്ക് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ടാങ്കിന്റെ നിർമ്മാണ പ്രവൃത്തിക്ക് കരാറുകാരന് 10-08-2023-ന് പ്രവർത്തന ഉത്തരവ് നൽകിയിട്ടുണ്ട്. എന്നാൽ ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമായിട്ടില്ല. ടാങ്ക് സ്ഥാപിക്കാനുള്ള സ്ഥലം സംബന്ധിച്ച് KWA-യും പഞ്ചായത്ത് അധികൃതരും ജില്ലാ കലക്ടറുമായി ചർച്ചനടത്തി തീരുമാനമാക്കിയിട്ടുണ്ട്. ഈ സ്ഥലം ഉടനടി നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനായി KWA-ക്ക് വിട്ടുകിട്ടുന്നതാണ്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. മലയിൽ ഭാഗത്ത് പ്രസ്തുത ടാങ്ക് നിർമ്മിച്ച് പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

335 (1140) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് ആയത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പുനർഗേഹം പദ്ധതിക്ക് 2023-24 വർഷം പദ്ധതി ശീർഷകമായ 4405-00-103-89-00-34-03 (P)- ൽ 20 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ഈ തുക വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 10 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്. ടി തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരികയാണ്.

പുനർഗേഹം പദ്ധതിക്ക് നിലവിൽ അടിയന്തരമായി ആവശ്യമായ തുക വിതരണം ചെയ്യാൻ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച 25.52 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

336 (1141) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസം നൽകി മത്സ്യത്തൊഴിലാളികളുടെ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർപദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു. 2023-24-ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി

പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 702 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 25 കോടി രൂപയും വിവിധ ജില്ലകൾക്കായി അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കുള്ള പരിശീലനം, റസിഡൻഷ്യൽ ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരീക്ഷകൾക്കുള്ള പരിശീലനം എന്നിവ നൽകിവരുന്നു. 2015-16 മുതൽ 2022-23 വരെ 533 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 84 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 63 വിദ്യാർത്ഥികൾക്ക് ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.സ്., ബി.വി.എസ്.സി. തുടങ്ങിയ ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ

ധനസഹായവും നൽകിവരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്രനടപടികൾ നടപ്പാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി., പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം പദ്ധതി നടപ്പാക്കിവരുന്നു.

തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്തെക്കുറിച്ചും തൊഴിൽമേഖലകളെക്കുറിച്ചും മനസിലാക്കുന്നതിന് കരിയർ ഗൈഡൻസ് പ്രോഗ്രാം നൽകി വരുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി 108 വിദ്യാർത്ഥികളും എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരിശീലനത്തിനായി 8 വിദ്യാർത്ഥികളും സിവിൽ സർവ്വീസ് പരിശീലനത്തിനായി 11 വിദ്യാർത്ഥികളും എംപാനൽ ചെയ്ത വിവിധ സ്ഥാപനങ്ങളിൽ പഠിച്ചുവരുന്നുണ്ട്.

(ബി) കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും സ്കൂളുകളിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസം നൽകി മത്സ്യത്തൊഴിലാളികളുടെ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർപദ്ധതി നടപ്പിലാക്കി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ താമസിച്ചും അല്ലാതെയും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെസ് അലവൻസ് ഇനത്തിലും, സ്റ്റഡി ടൂറിനുള്ള തുക, വിവിധ ക്ലബ് പ്രവർത്തനത്തിനുള്ള തുക, മെഡിക്കൽ എയ്ഡ്/ കൗൺസിലിംഗ് നൽകുന്നതിനും പിന്നാക്കം നിൽക്കുന്ന വിഷയങ്ങളിൽ മൈക്രോ ടീച്ചിംഗ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും എക്സ്ട്രാ കരിക്കുലർ ഇനത്തിൽ മ്യൂസിക്ക്/ മാർഷൽ ആർട്ട് എന്നിവയ്ക്കും അദ്ധ്യാപകരെ ദിവസ

വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും തുക അനുവദിക്കുന്നുണ്ട്. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്രനടപടികൾ നടപ്പാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടിവി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം പദ്ധതി നടപ്പാക്കിവരുന്നു.

തീരദേശത്തെ 10 ജി. ആർ. എഫ്. ടി. എച്ച്. എസ്.- കൾ ഉൾപ്പെടെ 14 വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിനായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി 42.95 ലക്ഷം രൂപ സ്പോർട്സ് കേരള ഫൗണ്ടേഷന് അനുവദിച്ചുനൽകിയിട്ടുണ്ട്. കൂടാതെ തീരദേശത്തെ തിരഞ്ഞെടുത്ത 7 വിദ്യാലയങ്ങളുടെ കായിക അടിസ്ഥാനസൗകര്യവികസനങ്ങൾ നടപ്പാക്കുന്നതിനായി 350 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു.

**ഗുരുവായൂർ മണ്ഡലത്തിൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതി**

337 (1142) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഏതെങ്കിലും മത്സ്യഗ്രാമത്തെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ എടക്കഴിയൂർ മത്സ്യഗ്രാമത്തെ കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി "ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ്" ആക്കുന്നതിനുള്ള 7.38 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കേന്ദ്ര സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഈ മത്സ്യ ഗ്രാമത്തിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ**

338 (1143) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ആകെ തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

വ്യക്തമാക്കാം. നടപ്പ് സാമ്പത്തിക വർഷം മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് യൂണിവേഴ്സിറ്റി എന്നിവയുടെ പ്രവർത്തനത്തിനായി 436.33 കോടി രൂപ പദ്ധതിയിനത്തിലും, 250.17 കോടി രൂപ പദ്ധതിയിതര ഇനത്തിലുമായി ആകെ 686.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിനത്തിൽ 189.1 കോടി രൂപയാണ്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമവികസന പ്രവർത്തനങ്ങൾക്കും തീരദേശത്തെ അടിസ്ഥാനസൗകര്യ വികസനത്തിനുമായി വകയിരുത്തിയിട്ടുള്ളത്. അവയിൽ 158.37 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമെ പദ്ധതിയിതര ഇനത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 25 കോടി രൂപ വകയിരുത്തുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

തീരദേശത്തെ റോഡുകൾ മെച്ചപ്പെടുത്തുന്നതിന് 88.20 കോടി രൂപ വകയിരുത്തിയതിൽ പൂർണ്ണമായും ഭരണാനുമതി നൽകി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മണ്ണെണ്ണ സബ്സിഡി അനുവദിക്കുന്നതിന് 45 കോടി രൂപ വകയിരുത്തുകയും 15.43 കോടി രൂപ ഇതിനകം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**പുനർഗേഹം പദ്ധതിയുടെ പ്രവർത്തന പുരോഗതി**

339 (1144) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം വീടുകൾ, ഫ്ലാറ്റുകൾ എന്നിവയിലേയ്ക്ക് മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ച എത്ര ഗുണഭോക്താക്കളുണ്ട്; ഇവരിൽ എത്രപേർ വസ്തു കണ്ടെത്തിയിട്ടുണ്ടെന്നും എത്രപേർ വസ്തു രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2211 കുടുംബങ്ങൾ ഭവന നിർമ്മാണം

പൂർത്തീകരിച്ചു. കൂടാതെ 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചു.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കളിൽ ഓരോന്നും എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ കാലാവധി അവസാനിക്കുന്നത് എന്നാണെന്നും വ്യക്തമാക്കുമോ?

പുനർഗേഹം പദ്ധതി പ്രകാരം 2966 പേർക്ക് ഒന്നാം ഘട്ടം ധനസഹായവും 2560 പേർക്ക് രണ്ടാം ഘട്ട ധനസഹായവും 2211 പേർക്ക് മൂന്നാം ഘട്ട ധനസഹായവും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ കാലാവധി 31-03-2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**പുനർഗേഹം പദ്ധതി**

340 (1145) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഈ വർഷം ആവശ്യമായി വരുന്ന തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്?

പുനർഗേഹം പദ്ധതി പ്രകാരം 8845 കുടുംബങ്ങളെയാണ് ആദ്യഘട്ടമായി പുനരധിവസിപ്പിക്കേണ്ടത്. നിലവിൽ ഭൂമി രജിസ്ട്രേഷൻ പൂർത്തീകരിച്ചവർക്കും ഭവനനിർമ്മാണത്തിന്റെ വിവിധഘട്ടങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾക്ക് തുടർനിർമ്മാണം നടത്തുന്നതിനുള്ള ധനസഹായത്തിനും കൂടി ആനുകൂല്യം അനുവദിക്കുന്നതിന് 19.78 കോടി രൂപ ആവശ്യമാണ്. കൂടാതെ രജിസ്ട്രേഷൻ പൂർത്തീകരിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ച് ആദ്യഘട്ടത്തിലും ഭവനനിർമ്മാണത്തിന്റെ ആദ്യ ഗഡു ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ രണ്ടാം ഘട്ടത്തിലും രണ്ടാം ഗഡു ആനുകൂല്യം സ്വീകരിച്ച ഗുണഭോക്താക്കൾ മൂന്നാം ഘട്ട നിർമ്മാണപ്രവർത്തനങ്ങളിലുമാണ്. ആയതിലേയ്ക്ക് ഈ സാമ്പത്തികവർഷം തന്നെ 67.39 കോടി രൂപ ആവശ്യമാണ്. ഇത്തരത്തിൽ

2024 മാർച്ച് വരെയുള്ള ആകെ പ്രതീക്ഷിത ചെലവ് 87.17 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

പുനർഗേഹം പദ്ധതിയുടെ അടങ്കൽ 2450 കോടി രൂപയാണ്. ഇതിൽ 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1052 കോടി രൂപ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതിക്കായി ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 250 കോടി രൂപയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 113.75 കോടി രൂപയും ഉൾപ്പെടെ 363.75 കോടി രൂപ അനുവദിക്കുകയും 363.7 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ തുക വിതരണം നിലവിൽ എത്ര മാസമായി മുടങ്ങിക്കിടക്കുകയാണെന്ന് അറിയിക്കാമോ?

നിലവിൽ പദ്ധതിയുടെ തുകവിതരണം ജില്ലകളിൽ നടന്നുകൊണ്ടിരിക്കുന്നു. പുനർഗേഹം പദ്ധതിക്കായി നടപ്പുവർഷം ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുകയായ 20 കോടി രൂപ

അനുവദിച്ചതിനുപുറമേ 10 കോടി രൂപകൂടി അധിക ധനാനുമതിയായി നൽകിയിട്ടുണ്ട്.

(സി) പുനർഗേഹം പദ്ധതിക്ക് പണം അനുവദിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് ധന വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പുനർഗേഹം പദ്ധതിക്ക് പണം അനുവദിക്കുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 14-11-2023 തീയതിയായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ഒരു കുറിപ്പ് നൽകിയിരുന്നു (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+). ആയതിന്റെ അടിസ്ഥാനത്തിൽ 10 കോടി രൂപ അധിക ധനാനുമതിയായി അനുവദിച്ചിരുന്നു.

**പാറശ്ശാല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

341 (1146) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശ്ശാല മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശ്ശാല മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം -1 ആയി ചേർക്കുന്നു+.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു+.

**തീരദേശ വികസന പാക്കേജ്**

342 (1147) <u>ശ്രീ. ജി. എസ്. ജയലാൽ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. വി. ശശി:</u>
<u>ശ്രീ. സി. സി. മുകുന്ദൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടൽത്തീര സംരക്ഷണം, മത്സ്യത്തൊഴിലാളിക്ഷേമം, പുനരധിവാസം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി സർക്കാർ പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് തീരദേശ വികസനത്തിനായി സർക്കാർ പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് 5 വർഷം കൊണ്ട് 5000 കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്രവികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികളാണ് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നത്.

ഫിഷറീസ് വകുപ്പ് മുഖാന്തരം തീരദേശത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2022-23 വരെ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 2296.97 കോടി രൂപ വകയിരുത്തുകയും 2272.91 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണ

പദ്ധതി പൂർത്തീകരിച്ചുവരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പാക്കി വരുന്നു.

ഇതിനുപുറമെ ജലസേചന വകുപ്പ് മുഖാന്തരം 1500 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണം, തീര സംരക്ഷണ പരിപാടി എന്നിവ നടത്തി വരുന്നു.

**നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.**

| നമ്പർ | പദ്ധതി | തുക (കോടിയിൽ) |
|---|---|---|
| 1 | **മത്സ്യവകുപ്പ്** | 2296.97 |
| 2 | പുനർഗേഹം പദ്ധതി- (ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപ) | 2450.00 |
| 3 | ഓഖി പുനരധിവാസം | 28.70 |
| | **കിഫ്ബി** | |
| 1 | തീര സംരക്ഷണം (KSCADC മുഖേന) | 108.86 |
| 2 | പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ പുതിയ ഹാർബർ | 220.00 |
| 3 | തീരദേശ സ്കൂളുകളുടെ വികസനം | 66.34 |
| 4 | 65 മത്സ്യ മാർക്കറ്റുകളുടെ വികസനം | 137.82 |
| | **ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്** | |
| 1 | ഹാർബർ വികസനം | 705.04 |

| | | |
|---|---|---|
| 2 | തീരദേശ റോഡ് പുനരുദ്ധാരണം | 933.30 |
| | **ജലസേചന വകുപ്പ്** | |
| 1 | കടൽ ഭിത്തി നിർമ്മാണം, തീര സംരക്ഷണ പരിപാടി | 1500.00 |
| | ആകെ | 8447.03 |

ഓഖി പുനരധിവാസ പദ്ധതി പ്രകാരം ലൈഫ് ജാക്കറ്റ് വിതരണം, നാവിക് ഉപകരണങ്ങൾ നൽകൽ, കടൽസുരക്ഷാ സ്ക്വാഡ്, FRP ബോട്ട്, വിദ്യാഭ്യാസ/തൊഴിൽ പരിശീലനം, ഭവന നിർമ്മാണം, ഭവന അറ്റകുറ്റപ്പണി തുടങ്ങിയ 28.70 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി.

**പുനർഗേഹം പുനരധിവാസ പദ്ധതി.**

സംസ്ഥാനത്ത് കടൽക്ഷോഭംകൊണ്ട് ജീവനും സ്വത്തിനുമുണ്ടാകുന്ന ഭീഷണി മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇപ്രകാരം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ

പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പുനരധിവാസ പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു.

ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2211 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് പുതിയ ഭവനങ്ങളിലേയ്ക്ക് മാറിതാമസിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 2601 കുടുംബങ്ങൾ പൂർണ്ണമായും പുനരധിവസിക്കപ്പെട്ടിട്ടുണ്ട്.

(ബി) വേലിയേറ്റ പരിധിയിൽ അൻപത് മീറ്റർ വരെയുള്ള പ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളുൾപ്പെടെ മുഴുവൻ കുടുംബങ്ങളേയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നു. ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതിപ്രകാരം മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഭവന നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലുമാണ്.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128, ബീമാപള്ളിയിൽ 20, മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128, കൊല്ലം

ജില്ലയിലെ QSS കോളനിയിൽ 114 ഫ്ലാറ്റുകളുൾപ്പെടെ 390 ഫ്ലാറ്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിലെ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സമീപഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം

പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 76.92 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(സി) പുനരധിവസിപ്പിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും സമഗ്ര ഉന്നമനത്തിനും വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പുനർഗേഹം പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തുടർന്നും ലഭ്യമാകുന്നതാണ്. ഇവർക്ക് മാത്രമായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുനരുദ്ധരിച്ച് തീരസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തീരദേശ വികസന പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കുമോ?

കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. പ്രസ്തുത പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേനയാണ് നടപ്പാക്കുന്നത്.

**വൈപ്പിൻ - മുനമ്പം തീരസംരക്ഷണ പദ്ധതി**

343 (1148) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-മുനമ്പം തീരസംരക്ഷണത്തിനായി ഐ.ഐ.ടി. മദ്രാസിന്റെ നേതൃത്വത്തിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന 230 കോടി രൂപയുടെ പദ്ധതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പി.എം.എം.എസ്.വൈ.-യിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ -മുനമ്പം തീരസംരക്ഷണവുമായി ബന്ധപ്പെട്ട് മോഡേൺ ഇന്റഗ്രേറ്റഡ് ഫിഷ് ലാന്റിംഗ് ഫെസിലിറ്റീസ് ഇൻ ദി വൈപ്പിൻ-മുനമ്പം കോസ്റ്റൽ സ്ട്രെറ്റ്ച്ച് ഓഫ് എറണാകുളം ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതിന് 145.87 കോടി രൂപയുടെ പദ്ധതി രൂപരേഖ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രോജക്ട് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് 12-01-2024 തീയതിയിലെ B1/356/2023-F&PD നമ്പർ സർക്കാർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നിലവിൽ കേന്ദ്ര സർക്കാർ പരിഗണനയിലാണ്.

**മത്സ്യത്തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾ**

344 (1149) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളി വനിതകളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) കെ-ഡിസ്കുമായി സഹകരിച്ച് തൊഴിൽ തീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരാൾക്ക് വീതം മത്സ്യബന്ധനമല്ലാത്ത മറ്റൊരു തൊഴിൽ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഫിഷറീസ് വകുപ്പും കെ-ഡിസ്ക്-ന്റെ കീഴിലുള്ള കേരള നോളജ് എക്കണോമി മിഷനും സംയുക്തമായി അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരായ മത്സ്യതൊഴിലാളി യുവതീയുവാക്കൾക്ക് തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "തൊഴിൽ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരം ". 9 തീരദേശ ജില്ലകളിലും പദ്ധതി നടപ്പാക്കുന്നതിനായി ജില്ലകളിൽ ഉന്നതതലയോഗം കൂടുകയും സംഘാടക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയെപ്പറ്റി പ്രാദേശികതലത്തിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചിരുന്നു. ആയതിന്റെ ഫലമായി നാളിതുവരെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകർ വിവിധ ജില്ലകളിലായി ചുവടെപ്പറയും പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരികയും ചെയ്യുന്നു.

| ജില്ല | രജിസ്റ്റർ ചെയ്തവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3094 |
| കൊല്ലം | 4723 |
| ആലപ്പുഴ | 1642 |
| എറണാകുളം | 2552 |
| തൃശ്ശൂർ | 696 |
| മലപ്പുറം | 2920 |
| കോഴിക്കോട് | 2080 |
| കണ്ണൂർ | 1078 |
| കാസർഗോഡ് | 908 |

(സി) ആഴക്കടൽ മത്സ്യബന്ധനം പ്രാപ്തമാക്കുന്നതിന് മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പരിശീലനം നൽകുന്നതിനായി പുതുതായി ബോട്ടുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന JLG ഗ്രൂപ്പുകൾ/SHG ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40%) യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃവിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 10 യാനങ്ങൾക്കായി വേണ്ടിവരുന്ന അധിക ഗ്രാന്റായ 306 ലക്ഷം രൂപ സർക്കാർ അനുവദിച്ചു. ആദ്യഘട്ടമായി പണി പൂർത്തിയാക്കിയ 6 യാനങ്ങൾ

ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 4 യാനങ്ങൾ നിർമ്മാണം പൂർത്തിയായി വിതരണത്തിന് തയ്യാറായിട്ടുണ്ട്.

ടി പദ്ധതിയിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് എൻ.സി.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ സി.ഐ.എഫ്.ടി.-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നിഫാംലിൽ വച്ച് നല്കിയിട്ടുണ്ട്.

കൂടാതെ നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 10 യാനങ്ങൾ കൂടി വിതരണം ചെയ്യുന്നതിനുള്ള 1200 ലക്ഷം രൂപയുടെ പദ്ധതിക്ക് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ അനുമതി നൽകിയിട്ടുണ്ട്.

### പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന

345 (1150) ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ:

**ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു+.

(ബി) ഈ പദ്ധതികൾക്ക് മതിയായ തുക കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പി.എം.എം.എസ്.വൈ. പദ്ധതികളുടെ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ പദ്ധതികളുടെ ജില്ല തിരിച്ചുള്ള പുരോഗതിയുടെ വിവരം ലഭ്യമാണോ; എങ്കിൽ നൽകുമോ?

ലഭ്യമാണ്. ഈ പദ്ധതികളുടെ ജില്ല തിരിച്ചുള്ള പുരോഗതിയുടെ വിവരം അനുബന്ധം -3 ആയി ചേർക്കുന്നു+.

**ഫിഷറീസ് വകുപ്പ് വഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

346 (1151) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി**

347 (1152) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ നടപ്പാക്കിവരുന്ന കൂട് മത്സ്യകൃഷി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിവിധ ജില്ലകളിൽ നടപ്പിലാക്കിയ ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ഉണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയിലുൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം "പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ് I" എന്ന പദ്ധതി പ്രകാരം വയനാട് ജില്ലയിലെ ബാണാസുരസാഗർ, കാരാപ്പുഴ, പത്തനംതിട്ട

ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ 4 ജലസംഭരണികളിലായി ആകെ 400 മത്സ്യക്കൂട് (6x4x4M) കൃഷിക്കായി 16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതിയിലുൾപ്പെടുത്തി ബാണാസുരസാഗർ റിസർവോയറിൽ 90 കേജുകളിൽ (6x4x4M) കൂട് മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. അഡാക്ക് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ പുരോഗതി ജില്ലാതലത്തിൽ ഫിഷറീസ് ഡയറക്ടറും സംസ്ഥാന തലത്തിൽ സർക്കാരും അവലോകനം നടത്തുന്നുണ്ട്. പി.എം.എം.എസ്.വൈ.-ൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കി വരുന്ന റിസർവോയറുകളായ പെരുവണ്ണാമൂഴിയിൽനിന്നും നാളിതുവരെ 21.2 ടൺ മത്സ്യവില്പനയിലൂടെ 42.16 ലക്ഷം രൂപയും, കാരാപ്പുഴ റിസർവോയറിൽനിന്നും 23.56 ടൺ മത്സ്യ വില്പനയിലൂടെ 36.48 ലക്ഷം രൂപയും ബാണാസുരസാഗർ റിസർവോയറിൽ നിന്നും 20.41 ടൺ മത്സ്യവില്പനയിലൂടെ 33.85 ലക്ഷം രൂപയും ആർ.കെ.ഐ. പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ നിന്നും 32.87 ടൺ മത്സ്യ വിൽപനയിലൂടെ 61.83 ലക്ഷം രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്.

നിലവിൽ പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം പെരുവണ്ണാമുഴി റിസർവോയറിൽ 3.63 ലക്ഷവും കാരാപ്പുഴയിൽ 3.07 ലക്ഷവും ബാണാസുരസാഗർ റിസർവോയറിൽ 1.554 ലക്ഷവും മത്സ്യകുഞ്ഞുങ്ങളെയും ആർ.കെ.ഐ. പദ്ധതി പ്രകാരം ബാണാസുരസാഗർ റിസർവോയറിൽ 2.67 ലക്ഷം മത്സ്യങ്ങളെയും നിക്ഷേപിച്ച് പരിപാലിച്ചുവരുന്നു. കക്കി റിസർവോയറിൽ നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങൾക്ക് രോഗബാധ ഉണ്ടായതിനെത്തുടർന്ന് 97 ശതമാനത്തോളം മത്സ്യം ചത്തുപോയതിനാൽ 389 കി.ഗ്രാം മത്സ്യം മാത്രമാണ് വിപണനം നടത്താനായത്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ ജലസംഭരണികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പദ്ധതി കൂടുതൽ ജലസംഭരണികളിലേയ്ക്ക് വ്യപിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി "പാർട്ടിസിപ്പേറ്ററി ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഫിഷറീസ് ഇൻ സെലക്ടഡ് റിസർവോയേഴ്സ് ഓഫ് കേരള ഫേസ്

II"എന്ന പദ്ധതി പ്രകാരം നെയ്യാർ, ഇടുക്കി, പീച്ചി ജലസംഭരണികളിൽ മത്സ്യ കൂട് കൃഷിക്കായി 10.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കുണ്ടറയിലെ ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനം**

348 (1153) **ശ്രീ. പി. സി. വിഷ്ണുനാഥ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറയിൽ സ്ഥാപിക്കുന്നതിനായി ഉത്തരവായിട്ടുള്ള ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

10-02-2021-ലെ സ.ഉ. (കൈ)നം. 51/2021/റവ പ്രകാരം കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മുളവന വില്ലേജിൽ ബ്ലോക്ക് നം. 10-ൽ റീസർവ്വേ നം. 392, 393 & 407 എന്നിവയിലുൾപ്പെട്ട 10 ഏക്കർ (4.047 ഹെക്ടർ) ഭൂമി കൊല്ലം റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിലേയ്ക്കായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന് കൈമാറുകയുണ്ടായി. ഇതുപ്രകാരം ഒരു റീജിയണൽ സെന്റർ

സ്ഥാപിക്കുന്നതിനായി ഏകദേശം 7000 ചതുരശ്രയടി വിസ്തൃതിയിലുള്ള ഒരു കെട്ടിടം പണിയുന്നതിനായി എസ്റ്റിമേറ്റ് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിനായി 1.75 കോടി രൂപ ചെലവ് വരുന്നതാണ്. കൂടാതെ മിനിമം 24 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും ആവശ്യമായി വരുന്നുണ്ട്. കൂടാതെ കൊല്ലം റീജിയണൽ സെന്ററിന്റെ അഭ്യർത്ഥന പ്രകാരം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ, യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഗവേണിംഗ് കൗൺസിൽ അംഗം ശ്രീ. അനിൽകുമാർ രാജേന്ദ്രൻ, കെ. എസ്. സി. എ. ഡി. സി. മാനേജിംഗ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം 29-09-2023-ൽ ഈ സ്ഥലം സന്ദർശിച്ചു. സ്ഥലം എം.എൽ.എ. ശ്രീ. പി. സി. വിഷ്ണുനാഥും പഞ്ചായത്ത് അധികൃതരും സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന സംയുക്ത ചർച്ചയിൽ എം.എൽ.എ.- യുടെ ആസ്തിവികസന ഫണ്ടിൽനിന്നും രണ്ടുകോടി രൂപ ഇതിനുവേണ്ടി അനുവദിക്കാമെന്ന് അറിയിക്കുകയുണ്ടായി. 30-10-2023 തീയതിയിലെ ബി1/269/2023/ മ.ത.വ. നമ്പർ കത്തുപ്രകാരം റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും പ്രാരംഭ ഘട്ടത്തിൽ പ്രോജക്ട് മോഡ്

കോഴ്സുകൾ/ ഡിപ്ലോമ കോഴ്സുകൾ/ ഹ്രസ്വകാല പരിശീലന പരിപാടികളും മറ്റും തല്ക്കാലം തുടങ്ങുന്നതിനുമുള്ള ചെലവും ടി തുക കണ്ടെത്തുന്ന ശീർഷകം സംബന്ധിച്ച വിവരങ്ങളും ഫണ്ടിന്റെ ലഭ്യതയും 29-09-2023-ൽ സ്ഥലം എം.എൽ.എ. ശ്രീ. പി. സി വിഷ്ണുനാഥും പഞ്ചായത്ത് അധികൃതരും തമ്മിൽ നടന്ന സംയുക്ത ചർച്ചയുടെ മിനിട്സ്/ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും രണ്ടുകോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സമ്മതപത്രവും സമർപ്പിക്കുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) രജിസ്ട്രാറോട് നിർദ്ദേശിക്കുകയുണ്ടായി. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിടങ്ങൾ നിർമ്മിക്കുവാനായി അനുവദിച്ചിട്ടുള്ള ഭൂമിയിൽ നടത്താനുദ്ദേശിക്കുന്ന നിർമ്മാണ പദ്ധതി എന്താണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ?

ഏകദേശം 7000 ചതുരശ്ര അടി വിസ്തൃതിയിലുള്ള ഒരു കെട്ടിടം പണിയുന്നതിനായി എസ്റ്റിമേറ്റ് തീരദേശ വികസന കോർപ്പറേഷൻ

തയ്യാറാക്കി നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണത്തിനായി 1.75 കോടി രൂപ ചെലവ് വരുന്നതാണ്.

**ചിറയിൻകീഴ് മണ്ഡലത്തിൽ മത്സ്യ സംസ്കരണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി**

349 (1154) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ കഠിനംകുളം-അഞ്ചുതെങ്ങ് കേന്ദ്രീകരിച്ച് ഒരു മത്സ്യ സംസ്കരണകേന്ദ്രം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിരുന്നുവെങ്കിലും ആയതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ചിറയിൻകീഴ് മണ്ഡലത്തിൽ കഠിനംകുളം-അഞ്ചുതെങ്ങ് കേന്ദ്രീകരിച്ച് ഒരു മത്സ്യ സംസ്കരണകേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ

ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലില്ല. 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിനാണ് തുക വകയിരുത്തിയിട്ടുള്ളത്. ഫിഷറീസ് വകുപ്പുമുഖേന നടപടി സ്വീകരിച്ചിട്ടില്ല. കഠിനംകുളം-അഞ്ചുതെങ്ങ് കേന്ദ്രീകരിച്ച് ഒരു മത്സ്യ സംസ്കരണകേന്ദ്രം സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികൾ**

350 (1155) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ മത്സ്യത്തൊഴിലാളികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും എത്ര തുക പ്രഖ്യാപിച്ചുവെന്നും അറിയിക്കാമോ?

വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർണ്ണമായി നടപ്പിലാക്കിയെന്നറിയിക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

(സി) നടപ്പിലാക്കി തുടങ്ങിയശേഷം നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

നടപ്പിലാക്കി തുടങ്ങിയശേഷം നിർത്തലാക്കിയ പദ്ധതികൾ ഒന്നുംതന്നെയില്ല.

(ഡി) ഈ സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വിശദാംശം അനുബന്ധം 3 ആയി ചേർക്കുന്നു+.

**വിവിധതലങ്ങളിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം**

351 (1156) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീമതി ദെലീമ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാന സമുദ്ര മത്സ്യബന്ധനമേഖലയിൽ വിഭവപരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം, 1980-ലെ (10 of 1981) വകുപ്പ് 13 എ-യുടെ ഉപവകുപ്പ് (1) ആധാരമാക്കി കേരള സർക്കാർ ഒരു ത്രിതല സംവിധാനമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.

ടി ത്രിതല സംവിധാനത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലും ജില്ലാതലത്തിൽ 9 ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് 211 ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകളും നിലവിൽവന്നിട്ടുണ്ട്.

സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെയും തീരദേശവാസികളുടേയും ഇടയിൽ ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക എന്നതാണ് ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രധാന കർത്തവ്യം.

(ബി) ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഒമ്പത് തീരദേശ ജില്ലകളിലും അതത് ജില്ലാകളക്ടർമാരുടെ അദ്ധ്യക്ഷതയിൽ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ തുടർച്ചയായി ചേർന്ന് തീരദേശ മേഖലയിലെ വിഷയങ്ങൾ ചർച്ചചെയ്ത് തീരുമാനം കൈക്കൊള്ളുന്നു. അപ്രകാരം ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കാത്ത വിഷയങ്ങൾ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു.

(സി) പ്രാദേശികതലത്തിൽ വില്ലേജ്തല മാനേജ്മെന്റ് കൗൺസിലുകളുടെ യോഗം മൂന്നുമാസത്തിൽ ഒരിക്കലെങ്കിലും ചേരുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രാദേശികതലത്തിലെ വില്ലേജ്തല മാനേജ്മെന്റ് കൗൺസിലിന്റെ അധികാരങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെയും തീരദേശവാസികളുടെയും ഇടയിൽ ബോധവൽക്കരണം നടത്തുക, തദ്ദേശീയമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു വില്ലേജ്തല മത്സ്യബന്ധന മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും അതിന് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ അംഗീകാരം വാങ്ങുക, ഫിഷിംഗ് വില്ലേജ് തലത്തിൽ മത്സ്യബന്ധനം നടത്തുന്നവരുടെയും തീരദേശവാസികളുടെയും ഇടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്

പ്രവർത്തിക്കുക, ഫിഷിംഗ് വില്ലേജിൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സഹായിക്കുക, സമുദ്ര മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി ഫീൽഡ് തലത്തിൽ നിന്നുള്ള വിവരങ്ങൾ ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന് ലഭ്യമാക്കുകയും ഇപ്രകാരം ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിനെ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി സഹായിക്കുക, സംസ്ഥാന/ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ ഏൽപ്പിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ഇവയൊക്കെയാണ് വില്ലേജ്തല മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ**

352 (1157) **ശ്രീ. ഇ. ചന്ദ്രശേഖരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൽസ്യബന്ധന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ?

മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

353 (1158) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഫിഷറീസ് പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) 2021-22, 2022-23, 2023-24 വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രത്യേകം തരംതിരിച്ച് നൽകാമോ?

2021-22, 2022-23, 2023-24 വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്നീ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. ടി പദ്ധതികൾക്കായി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുള്ള സബ്സിഡി തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു+.

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

**1.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

ആലുംമൂട് മത്സ്യമാർക്കറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സ്ട്രക്ചറൽ ഡിസൈൻ പ്രവർത്തികൾ പൂർത്തീകരിച്ചുവരുന്നു.

**2.സാഫ്**

നിലവിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ 3 ഗ്രാമ പഞ്ചായത്തുകളിലായി 11 ടെയിലറിംഗ് & ഗാർമെന്റ്സ് കാറ്റഗറിയിൽ ഉൾപ്പെടുന്ന യൂണിറ്റുകളും സൂപ്പർമാർക്കറ്റ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 9 യൂണിറ്റുകളും ഫിഷ് & ഫിഷ് പ്രോസസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 2 യൂണിറ്റുകളും ഫുഡ് & ഫുഡ് പ്രോസസിംഗ് ഉൾപ്പെടുന്ന 2 യൂണിറ്റുകളും സർവീസ് & അദേഴ്സ് എന്നീ കാറ്റഗറിയിലുമായി 3 യൂണിറ്റുകളും സാഫ് തീരമൈത്രി പദ്ധതിയുടെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കുപുറമേ കുണ്ടറ കാഞ്ഞിരകോട് അപ്പാരൽ പാർക്ക് (ന്യൂ ട്രാക്ക് സൊസൈറ്റി) പ്രവർത്തിച്ചുവരുന്നു. പെരിനാട് ഗ്രാമപഞ്ചായത്തിൽ തീരമാവേലി (കർമ്മലമാതാ), ടെയ്‌ലറിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

**3. മത്സ്യഫെഡ്**

1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.)-യുടെ ധനസഹായത്തോടെയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി 100% തിരിച്ചടവ്.
2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി നൽകി വരുന്ന പലിശരഹിത വായ്പാ പദ്ധതി 100 % തിരിച്ചടവ്.
3. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി 100 % തിരിച്ചടവ്.

**4.ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ഗുരുമന്ദിരം മുതൽ പിള്ളവീട് ഏലാ വരെയും, ഇന്തിരയപ്പൻ ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി വരെ റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. കൊറ്റംങ്കര ഗ്രാമപഞ്ചായത്തിലെ സത്യം

മെമ്മോറിയൽ ക്ലബ് മുതൽ മുട്ടപ്പിലാങ്ങയിൽ വരെയുള്ള റോഡിന്റെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.

**കാസർഗോഡ് ജില്ലയിൽ പുനർഗേഹം പദ്ധതി**

354 (1159) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര ഫിഷർമെൻ കോളനി നിവാസികളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയത്തിലേയ്ക്ക് മാറ്റാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ കോളനിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസപ്പിക്കണമെന്നുള്ള ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് 08-09-2023-ൽ ടി കോളനിയിൽ പുനർഗേഹം പദ്ധതിയുടെ വിശദീകരണവും വീടുകൾ തോറും സന്ദർശിച്ചിട്ടുള്ള സർവ്വേയും

നടത്തുകയുണ്ടായി. പ്രസ്തുത കോളനിയിൽ 36 വീടുകളിലായി ആകെ 39 കുടുംബങ്ങളാണ് നിലവിൽ താമസിക്കുന്നത് (23 സ്വന്തം വീടുകൾ, 13 വാടക വീടുകൾ). ഇവരിൽ 23 കുടുംബങ്ങൾ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുവാൻ താല്പര്യം പ്രകടിപ്പിക്കുകയും 6 കുടുംബങ്ങൾ വിസമ്മതം അറിയിക്കുകയും ബഹു. മന്ത്രിക്ക് അപേക്ഷ കൊടുത്തവരിൽ 10 കുടുംബങ്ങൾ വാടകയ്ക്ക് താമസിക്കുന്നവരാണ്. അവരെ പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതിയിലുൾപ്പെടുത്തുവാൻ സാധിക്കുകയില്ല. അപേക്ഷ കൊടുത്തവരിൽ ഉൾപ്പെടുന്ന വേളാങ്കണ്ണി രാജു എന്നയാൾക്ക് സ്വന്തമായി വീടോ സ്ഥലമോ ഇല്ല എന്നതിനാൽ പുനർഗേഹം പദ്ധതിയുടെ മാനദണ്ഡപ്രകാരം അർഹനല്ല. ഇവരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് പരിശോധിക്കുന്നതാണ്.

ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13-09-2023 വൈകിട്ട് 3 മണിക്ക് മിഷൻ കോളനിയിൽ വച്ച് ഒരു യോഗം നടത്തുകയുണ്ടായി. വാടകയ്ക്ക് താമസിക്കുന്നവരെക്കൂടി പദ്ധതിയിലുൾപ്പെടുത്തുകയാണെങ്കിൽ മാത്രമേ പുനരധിവാസത്തിന് തയ്യാറാകു എന്ന് ടി മീറ്റിംഗിൽ കോളനി നിവാസികൾ

അറിയിച്ചിട്ടുണ്ട്. മാത്രമല്ല അവരെ കോളനിയിൽനിന്നും മാറ്റി താമസിപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ വള്ളം, വല, എഞ്ചിൻ മുതലായവയ്ക്ക് സംരക്ഷണം ഒരുക്കുന്ന രീതിയിൽ ഒരു ഷെൽട്ടർ നിർമ്മിക്കേണ്ടത് അനിവാര്യമാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ബീച്ച് റോഡ്, ഭജന മന്ദിരത്തിന് സമീപമുള്ള 1.85 ഏക്കർ സ്ഥലമാണ് പുനരധിവാസത്തിനായുള്ള ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി പരിഗണിക്കുന്നത്. ഇതുസംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ഫ്ലാറ്റ് നിർമ്മാണത്തിനായി പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള R.S. No-95/29-ൽപ്പെട്ട 1.85 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടി ആരംഭിക്കുന്നതിനായി ജില്ലാ ഫിഷറീസ് ഓഫീസർ നൽകിയ പ്രൊപ്പോസലിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

25-11-2023-ന് ചേർന്ന കാസർഗോഡ് ജില്ലാ വികസന സമിതി യോഗത്തിൽ ടി പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ

ത്വരിതപ്പെടുത്തുവാൻ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം ലഭിച്ചിരുന്നു. മേൽ തീരുമാനപ്രകാരം ടി പദ്ധതിക്കായി പരിഗണിക്കുന്ന പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള റീ സർവ്വെ 95/29-ൽപ്പെട്ട 1.85 ഏക്കർ ഭൂമിയുടെ വാല്യൂഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഹോസ്ദുർഗ്ഗ് തഹസിൽദാരോട് അഭ്യർത്ഥിച്ചിരുന്നു. ആയതുപ്രകാരം 1 ആർ-ന് രണ്ട് ലക്ഷത്തി പതിനൊന്നായിരത്തി ഇരുന്നൂറ് രൂപയാണ് വില നിർണ്ണയിച്ചിരിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് തുടർനടപടികൾക്കും നിർദ്ദേശങ്ങൾക്കുമായി കാസർഗോഡ് ജില്ലാ ഫീഷറീസ് ഓഫീസർ, ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. പുനർഗേഹം പദ്ധതി പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിലേയ്ക്കായി പ്രാഥമികമായി ഭൂമിയുടെ അനുയോജ്യത സംബന്ധിച്ച് ഐ.ഡി.റ്റി. (Inter Departmental Team) പരിശോധന നടത്തി വിശദമായ റിപ്പോർട്ടും ടി സ്ഥലത്ത് ഉൾക്കൊള്ളാൻ കഴിയുന്ന ഫ്ലാറ്റുകളുടെ എണ്ണം, ഫ്ലാറ്റിലേയ്ക്ക് മാറുന്നതിന് താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള പുനർഗേഹം ഗുണഭോക്താക്കളുടെ എണ്ണം, മറ്റ് ഗുണഭോക്താക്കളുടെ എണ്ണം എന്നിവ

ഉൾപ്പെട്ട വിശദമായ പ്രൊപ്പോസൽ അടിയന്തരമായി ലഭ്യമാക്കുവാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിന് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന നടപടി**

355 (1160) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ടവീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്നതിന് തീരസദസ്സിൽ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം തീരദേശ ജില്ലകളിലുള്ള ഫിഷറീസ് കോളനികളിലെ അതീവ ശോചനീയാവസ്ഥയിലുള്ള 184 വീടുകളുടെ

നിർമ്മാണത്തിനായി 7.36 കോടി രൂപയുടെ (യൂണിറ്റ് ഒന്നിന് 4 ലക്ഷം രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ സന്നദ്ധത, ഫണ്ടിന്റെ ലഭ്യത എന്നിവ വിലയിരുത്തി മത്സ്യത്തൊഴിലാളി കോളനികളിലെ ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി മാറ്റുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) കോളനികളിൽ എത്ര ഇരട്ട വീടുകൾ ഉണ്ടെന്നും നിലവിൽ പ്രസ്തുത വീടുകളുടെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ബ്ലാങ്ങാട് ഫിഷർമെൻ കോളനിയിൽ 52 ഇരട്ട വീടുകളും, എടക്കഴിയൂർ ഫിഷർമെൻ കോളനിയിൽ 10 ഇരട്ട വീടുകളുമുണ്ട്. ഇതിൽ ഭൂരിഭാഗം വീടുകളിലും അറ്റകുറ്റപ്പണികൾ ആവശ്യമാണ്.

**മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമം**

356 (1161) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെയും മുൻസർക്കാരിന്റെയും കാലയളവിൽ മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെയും മുൻ സർക്കാരിന്റെയും കാലയളവിൽ മത്സ്യബന്ധനത്തിലും അനുബന്ധ ജോലികളിലും ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**സ്ട്രോക്ക് ബാധിച്ച മത്സ്യതൊഴിലാളികൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം**

357 (1162) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ട്രോക്ക് ബാധിച്ച് തൊഴിലെടുക്കാൻ കഴിയാതെയായ മത്സ്യതൊഴിലാളികൾക്ക് ഇൻഷുറൻസ് ആനുകൂല്യം നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും, കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കും അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും മത്സ്യഫെഡും നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവ മൂലമുള്ള മരണങ്ങൾ, ടി അസുഖങ്ങൾ മൂലം തൊഴിലെടുക്കാൻ

കഴിയാത്ത സാഹചര്യം എന്നിവ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷയിൽ ഉൾപ്പെടുന്നില്ല.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമവികസന പ്രവർത്തനങ്ങൾ**

358 (1163) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക്മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കി വരുന്ന വികസന ക്ഷേമപദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യസമ്പത്ത് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി ആകെ 171.3973 കോടി രൂപ അടങ്കൽ തുക വരുന്ന സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 71.2558 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ കനാലുകൾ, തോടുകൾ, കൈവഴികൾ തുടങ്ങിയ പൊതുജലാശയ പ്രദേശങ്ങളിൽ 50 ഹെക്ടർ പ്രദേശത്ത് പരിസ്ഥിതി സൗഹൃദ രീതിയിൽ താല്ക്കാലിക തടയണ കെട്ടി മത്സ്യകൃഷി നടത്തുന്നതിനും 40 വലവളപ്പുകൾ സ്ഥാപിച്ച് മത്സ്യകൃഷി നടത്തുന്നതിനുമുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലൂൾപ്പെടുത്തി

11331 ലക്ഷം രൂപ അടങ്കൽത്തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ലോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് തുടങ്ങിയ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 5109.5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും ടി ജലാശയങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനുംവേണ്ടി 2022-23 മുതൽ 3 വർഷം ദൈർഘ്യമുള്ള 1199 ലക്ഷം രൂപ അടങ്കൽ തുകയുടെ പദ്ധതിയായ 'ഉൾനാടൻ ജല ആവാസവ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലന' ത്തിന്റെ ഭാഗമായി 280 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങൾ

നിക്ഷേപിക്കുന്നതിനായി പ്രതിവർഷം 200 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതി പ്രകാരം 216.675 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. പൊതുകുളങ്ങളിലെ മത്സ്യകൃഷി പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള 3575 കുളങ്ങളിലായി 163.81 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നു. ടി പദ്ധതികൾ നടപ്പിലാക്കുക വഴി ഉൾനാടൻ മത്സ്യോല്പാദനത്തിൽ വർദ്ധനവ് സാധ്യമായിട്ടുണ്ട്. ഉൾനാടൻ മേഖലയിൽനിന്നും 2021-22 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടണ്ണും, 2022-23 വർഷത്തിൽ 2.25 ലക്ഷം മെട്രിക് ടണ്ണും മത്സ്യം ഉല്പാദനം കൈവരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ തനത് മത്സ്യയിനമായ കരിമീൻ കുഞ്ഞുങ്ങളുടെ ഉല്പാദനത്തിനായി കർഷകരുടെ കൂടി പങ്കാളിത്തം ഉറപ്പാക്കിയുള്ള ഹാച്ചറികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കരിമീൻ കുഞ്ഞുങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മത്സ്യ കർഷകർക്ക് ധനസഹായം നൽകിവരുന്നു. നടപ്പ് സാമ്പത്തിക

വർഷം കരിമീൻ കുഞ്ഞുല്പാദന യൂണിറ്റുകൾക്കായി 1026 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം 300 കരിമീൻ കുഞ്ഞുല്പാദന യൂണിറ്റുകൾക്ക് ധനസഹായം നൽകുകയും ആയത് പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. 22 ലക്ഷം കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ട്.

**കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ആധാർ കാർഡ് കൈവശം വച്ചില്ലെങ്കിൽ പിഴ ഈടാക്കുന്ന നടപടി**

359 (1164) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ആധാർ കാർഡ് കൈവശം വച്ചില്ലെങ്കിൽ ആയിരം രൂപ പിഴ ഈടാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിംഗിലെ

നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധന യാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതാണ്. തീരസുരക്ഷയുടെ ഭാഗമായും മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കടൽമാർഗ്ഗം രാജ്യവിരുദ്ധ ശക്തികൾ നുഴഞ്ഞുകയറുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടുപോകുന്നത് നിർബന്ധമാക്കി 14-11-2021-ലെ 25891/Leg.I1/2019/ Law നമ്പർ വിജ്ഞാപനം പ്രകാരം 1980-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം " ഒരു മത്സ്യബന്ധന നൗകയുടെ ഉടമ ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു " എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തവർക്ക് 1000 രൂപ പിഴ ചുമത്തുന്നതിനും

നിയമത്തിൽ വ്യവസ്ഥയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൊണ്ടുപോകുന്നത് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ്.

(ബി) കടൽക്ഷോഭവും മറ്റ് അപകടങ്ങളും ഉണ്ടാകുന്ന അവസരങ്ങളിൽ ഒറിജിനൽ രേഖകൾ കൈവശം വയ്ക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ രേഖകളുടെ പകർപ്പ് കൈവശം വയ്ക്കുന്നതിന് അനുവദിക്കണമെന്ന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുകയുണ്ടായോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) മത്സ്യബന്ധനത്തിനിടെ ആധാർ കൈവശം വയ്ക്കുമ്പോൾ ആയത് നനയുകയും ഉപയോഗശൂന്യമാവുകയും ചെയ്യുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ ആധാർ കൈവശം വയ്ക്കുന്നതിന് വിമുഖത കാട്ടിയിരുന്നു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) സോഫ്റ്റ് വെയറിൽ എൻറോൾ ചെയ്തിട്ടുള്ളതിൽ 170396 മത്സ്യത്തൊഴിലാളികൾക്ക് ക്യൂ.ആർ. കോഡഡ് പി.വി.സി. ആധാർ

കാർഡുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കടൽക്ഷോഭവും മറ്റ് അപകടങ്ങളും ഉണ്ടാകുന്ന അവസരങ്ങളിൽ ഒറിജിനൽ രേഖകൾ നഷ്ടപ്പെടാനുള്ള സാധ്യത ചൂണ്ടിക്കാട്ടി മത്സ്യത്തൊഴിലാളി സംഘടനകൾ എൻഫോഴ്സ്മെന്റ് യൂണിറ്റുകളോട് ആധാർ കാർഡുകളുടെ പകർപ്പുകൾ പരിശോധന വേളകളിൽ പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വ്യാജരേഖകൾ ഉണ്ടാക്കാനുള്ള സാധ്യത തീരസുരക്ഷാ സേനകൾ ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിലും രാജ്യസുരക്ഷ സംബന്ധിച്ച വിഷയമായതിനാലും കോസ്റ്റ് ഗാർഡ് ഉൾപ്പെടെയുള്ള സുരക്ഷാ വിഭാഗങ്ങൾക്ക് കടലിൽ വച്ച് അവരുടെ യാനത്തിൽ നിന്നുകൊണ്ടുതന്നെ കാർഡ് റീഡർ ഉപയോഗിച്ച് മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ മനസ്സിലാക്കാൻ കഴിയുമെന്നതിനാലും മത്സ്യത്തൊഴിലാളികൾക്കായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം അനുവദിച്ചിട്ടുള്ള ക്യൂ.ആർ. എനേബിൾഡ് ആധാർ കാർഡ് /ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി കൈവശം

കരുതേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ മത്സ്യബന്ധന വേളയിൽ മത്സ്യത്തൊഴിലാളികളുടെ പക്കൽനിന്നും ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പകരമായി യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) വെബ്സൈറ്റിൽനിന്നും ഇ-ആധാർ ഡൗൺലോഡ് ചെയ്ത് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പ്രതിസന്ധിയിലാകുമെന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കപ്പെടേണ്ടതില്ല.

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധന ബോട്ടുകൾക്ക് മണ്ണെണ്ണയ്ക്ക് പണം അനുവദിക്കുന്നത്**

360 (1165) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് കൂടുതൽ ദൂരം വളഞ്ഞ് സഞ്ചരിക്കേണ്ടി വരുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കുള്ള മണ്ണെണ്ണയ്ക്ക് പണം അനുവദിച്ച്

നൽകുന്ന പദ്ധതിയുടെ ആരംഭത്തിൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; എത്ര തുകയാണ് ആദ്യ വർഷം ഈ ഇനത്തിൽ വിതരണം ചെയ്തത്?

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി മത്സ്യബന്ധനത്തിന് കൂടുതൽ ദൂരം വളഞ്ഞ് സഞ്ചരിക്കേണ്ടി വരുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകൾക്കുള്ള മണ്ണെണ്ണ അനുവദിച്ച് നൽകുന്ന പദ്ധതിയുടെ ആരംഭത്തിൽ 1221 ഗുണഭോക്താക്കൾക്കായി മണ്ണെണ്ണ കാർഡ് അനുവദിച്ചിരുന്നു.

വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, അടിമലത്തുറ എന്നീ മത്സ്യഗ്രാമങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും (2015 മാർച്ചിലെ സംയുക്ത പരിശോധനയനുസരിച്ച്) 1221 ഗുണഭോക്താക്കൾക്ക് 10-11-2017-ലെ സ.ഉ. (കൈ) നം.25/2017/മ.തു.വ. ഉത്തരവുപ്രകാരം രണ്ട് വർഷത്തേയ്ക്ക് മണ്ണെണ്ണ വിതരണത്തിന് അനുവദിച്ച 27,18,14,400/- രൂപയിൽ മത്സ്യഫെഡ് വഴി 2022 ഫെബ്രുവരി മാസം വരെ 23 മാസത്തെ തുകയായി ആകെ 27,00,67,812.80/- രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം ഗുണഭോക്താക്കളുടെ എണ്ണം എത്രയായി കുറച്ചുവെന്നും ആയതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; നിലവിൽ ഗുണഭോക്താക്കളുടെ എണ്ണം വീണ്ടും കുറച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരുടെ കുറവ് വരുത്തിയിട്ടുണ്ടെന്നും ആയതിനുള്ള കാരണമെന്താണെന്നും വെളിപ്പെടുത്തുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിന്റെ ഭാഗമായ മണ്ണെണ്ണ വിതരണം പുനരാരംഭിക്കുന്നതിനായി 30-04-2022-ലെ സ.ഉ.(സാധാ)നം. 270/2022/മ.തു.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 02-12-2021-ലെ സ.ഉ.(സാധാ)നം.718/2021/മ.തു.വ. പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022 ഫെബ്രുവരി മാസം നടത്തിയ മത്സ്യബന്ധന യാനങ്ങളുടെ മണ്ണെണ്ണ സബ്സിഡിക്കായുള്ള സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽനിന്നും 30-04-2022-ലെ സർക്കാർ ഉത്തരവിലെ ചുവടെ പറയുന്ന

പ്രധാന നിബന്ധനകൾക്ക് വിധേയമായി 322 പേരുടെ ലിസ്റ്റ് 20-08-2022 തീയതിയിൽ കൂടിയ AC-LIAC യോഗം അംഗീകരിക്കുകയുണ്ടായി.

1. മുമ്പ് നൽകിയിട്ടുള്ള സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ചിട്ടുള്ള ലിസ്റ്റിലുൾപ്പെട്ട 2353 എഞ്ചിനുകൾ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തുന്നതെന്ന് ഫിഷറീസ് വകുപ്പും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റും സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണ്ണെണ്ണയുടെ തുടർവിതരണം നടത്തുവാൻ പാടുള്ളൂ.

2. പുലിമുട്ട് നിർമ്മാണംമൂലം ചുറ്റിവളഞ്ഞുപോകേണ്ടി വരുന്ന യാനങ്ങൾക്ക് ഒരു തൊഴിലാളിക്ക് ഒരു എഞ്ചിൻ എന്ന ക്രമത്തിൽ മാത്രമേ മേൽ മണ്ണെണ്ണ വിതരണം അനുവദിക്കുകയുള്ളൂ.

3. നിലവിലെ നിബന്ധനകൾക്ക് വിധേയമായി, നിഷ്കർഷിച്ചിരിക്കുന്ന ലൈഫ് പിരീഡിനുള്ളിൽ വരുന്ന എഞ്ചിനുകൾക്ക് മാത്രമേ മണ്ണെണ്ണ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

ആയതിന്റെ അടിസ്ഥാനത്തിൽ റിയൽ ക്രാഫ്റ്റിലെ വെരിഫിക്കേഷൻ പ്രകാരം 322 പേർക്ക് മണ്ണെണ്ണ പെർമിറ്റ് കാർഡ് മൽസ്യഫെഡ് ജനറേറ്റ്

ചെയ്ത് വിതരണം ചെയ്തുവരുന്നു. ഇപ്പോൾ 322 ഗുണഭോക്താക്കളെയാണ് അർഹരായി കണക്കാക്കിയിട്ടുള്ളത്.

(സി) ഏതുവർഷം വരെ മണ്ണെണ്ണയ്ക്ക് തുക നൽകുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്; തുറമുഖ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ഇത് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു വർഷം വരെയാണ് ദീർഘിപ്പിച്ചുനൽകിയത്; ഇപ്രകാരം ദീർഘിപ്പിച്ച കാലയളവിലെ മണ്ണെണ്ണയുടെ വില ഏതെങ്കിലും ഗുണഭോക്താവിന് നാളിതുവരെ നൽകിയിട്ടുണ്ടോ?

2018 ഏപ്രിൽ മാസം മുതൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുലിമുട്ട് നിർമ്മാണ കാലയളവായ 2 വർഷം (പ്രതിവർഷം 240 പ്രവൃത്തിദിനങ്ങൾ എന്ന കണക്കിൽ) അധികമായി യാത്ര ചെയ്യേണ്ടി വരുന്ന ദൂരം കണക്കാക്കി പ്രവൃത്തിദിനങ്ങളിൽ എഞ്ചിൻശേഷിയുടെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മുഖാന്തരം മണ്ണെണ്ണ വിതരണം ചെയ്യുന്നതിനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ 13-10-2023-ലെ സ.ഉ.

(സാധാ) നം.823/2023/മ.തു.വ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കുകൂടി മണ്ണെണ്ണ വിതരണം നടത്തുന്നതിലേയ്ക്കായി 4,56,70,000/- രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് (VISL)-ന്  അനുവദിച്ചിട്ടുണ്ട്. 2024 ജനുവരി മാസം മുതൽ ഒരു വർഷത്തേയ്ക്ക് 322 പേർക്ക് മണ്ണെണ്ണ വിതരണം നടത്തുന്നതിന് മത്സ്യഫെഡ് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ആനുകൂല്യം ദീർഘിപ്പിച്ചുനൽകിയ വർഷത്തിൽ തുക വിതരണം ചെയ്യുന്നതിനുമുമ്പ് ഗുണഭോക്താക്കളുടെ ലിസ്റ്റിൽനിന്നും ഭൂരിപക്ഷം പേരെയും ഒഴിവാക്കിയെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടി പുന:പരിശോധിച്ച് അർഹതപ്പെട്ട എല്ലാവർക്കും മണ്ണെണ്ണയുടെ വില അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. വിഷയം പരിശോധിച്ചുവരുന്നു.

**ക്ഷേമനിധി ആനുകൂല്യങ്ങൾ**

361 (1166) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ കുടിശ്ശികയായി നൽകാനുള്ള തുക എത്രയാണെന്നും പ്രസ്തുത കുടിശ്ശിക തുക എപ്പോൾ നൽകാനാവുമെന്നും അറിയിക്കുമോ?

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിതരണം ചെയ്യുന്നതിനായി 1,88,27,000/- രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക താമസംവിനാ വിതരണം ചെയ്യുന്നതാണ്.

(ബി) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി ക്ഷേമിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പരിശോധിച്ചുവരുന്നു.

(സി) ക്ഷേമനിധി ബോർഡ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ക്ഷേമനിധി ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ, പ്രിന്റർ, ഫർണിച്ചർ തുടങ്ങിയവ) വർദ്ധിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നൽകുന്ന സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മത്സ്യബന്ധന സമയത്ത് അപകടം മൂലമല്ലാത്ത മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ നൽകുമെന്ന ഫിഷറീസ് വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ലംപ്സം ഗ്രാന്റ് ഇനത്തിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കുടിശ്ശിക തുക എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ലംപ്സം ഗ്രാന്റ് ഇനത്തിൽ 5391 ലക്ഷം രൂപ കുടിശ്ശികയായി നൽകാനുണ്ട്. പ്രസ്തുത തുക അധിക ധനാനുമതിയായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് അനുവദിച്ചു നൽകുന്നതാണ്.

(എഫ്) വിദ്യാഭ്യാസ ലാപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മൂന്ന് വർഷം കൂടുമ്പോഴാണ് ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നത്. ഫിഷറീസ് വകുപ്പും അതെ നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽകിവരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്നമുറയ്ക്ക് ഫിഷറീസ് വകുപ്പും വർദ്ധിപ്പിക്കുന്നതാണ്.

**പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

362 (1167) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളി സമൂഹം നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖലയെ സംരക്ഷിക്കുന്ന തരത്തിലുള്ള വിവിധ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) വൈപ്പിൻ കരയിൽ പരമ്പരാഗത-ചെറുകിട മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പത്രത്തിൽ വന്ന റിപ്പോർട്ട് സഹിതം അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

07-08-2023-ന് സമർപ്പിച്ച കത്തിൽ (Ref. N0.7517103 dt. 16-8-23) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(സി) ഇതുസംബന്ധിച്ച് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) മാധ്യമം പത്രത്തിൽ പ്രസിദ്ധീകരിച്ച പരമ്പരകളിന്മേൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം, ഫിഷറീസ് ഡയറക്ടർക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് ഫിഷറീസ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മത്സ്യബന്ധനത്തിന് പോകുന്നവർ ആധാർ കൈവശം വയ്ക്കണമെന്ന നിബന്ധന ഒഴിവാക്കാൻ നടപടി**

363 (1168) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് പോകുന്നവർ ആധാർ കൈവശം വയ്ക്കണമെന്നത് നിർബന്ധമാക്കിയ സാഹചര്യത്തിൽ ഒറിജിനൽ ഐഡന്റിറ്റി കാർഡുകളുമായി മത്സ്യബന്ധനം നടത്തുമ്പോൾ മത്സ്യബന്ധനത്തിനിടെ കടൽക്ഷോഭം പോലെയുള്ള സംഭവങ്ങളിൽ തിരിച്ചറിയൽ രേഖകൾ നഷ്ടമാകുന്ന സാഹചര്യം മത്സ്യത്തൊഴിലാളികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ കാര്യം പരിഗണിച്ച് തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മത്സ്യബന്ധന സമയത്ത് കൈവശം സൂക്ഷിക്കുന്ന രീതിയിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) രാജ്യസുരക്ഷ മുൻനിർത്തി ഇന്ത്യൻ കോസ്റ്റ് ഗാർഡും ഇന്ത്യൻ നേവിയും ഉൾപ്പെടുന്ന ജോയിന്റ് കോസ്റ്റൽ സെക്യൂരിറ്റി മീറ്റിംഗിലെ നിർദ്ദേശങ്ങൾ പ്രകാരം മത്സ്യബന്ധനയാനങ്ങളിലെ എല്ലാ മത്സ്യത്തൊഴിലാളികളും തിരിച്ചറിയൽ രേഖ കൊണ്ടുപോകുന്നതും

കൈവശം കരുതേണ്ടതുമാണ്. തീരസുരക്ഷയുടെ ഭാഗമായും മനുഷ്യക്കടത്ത് പോലുള്ള അനധികൃത പ്രവണതകൾ നിയന്ത്രിക്കുന്നതിനും കടൽമാർഗ്ഗം രാജ്യവിരുദ്ധ ശക്തികൾ നുഴഞ്ഞുകയറുന്നതിനുള്ള സാധ്യത കണക്കിലെടുത്തും മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ തിരിച്ചറിയൽ രേഖ കൈവശം കൊണ്ടുപോകുന്നത് നിർബന്ധമാക്കി 14-11-2021-ലെ 25891/Leg.I1/2019/Law നമ്പർ വിജ്ഞാപനം പ്രകാരം 1980- ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ ഭേദഗതി ചെയ്ത് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം " ഒരു മത്സ്യബന്ധന നൗകയുടെ ഉടമ, ആധാർ കൈവശമില്ലാത്തതായ യാതൊരാളെയും മത്സ്യബന്ധന നൗകയിൽ അനുവദിക്കാൻ പാടില്ലാത്തതാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ പാലിക്കാത്തവർക്ക് 1000 രൂപ പിഴ ചുമത്തുന്നതിന് നിയമത്തിൽ വ്യവസ്ഥയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടെ

തിരിച്ചറിയൽ രേഖയായി ആധാർ കാർഡ് കൊണ്ടുപോകുന്നുണ്ടെന്ന് ബോട്ടുടമകൾ ഉറപ്പാക്കേണ്ടതുമാണ്.

മത്സ്യബന്ധനത്തിനിടെ ആധാർ കൈവശം വയ്ക്കുമ്പോൾ ആയത് നനയുകയും ഉപയോഗശൂന്യമാവുകയും ചെയ്യുമെന്നതിനാൽ മത്സ്യത്തൊഴിലാളികൾ ആധാർ കൈവശം വയ്ക്കുന്നതിന് വിമുഖത കാട്ടിയിരുന്നു. ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (FIMS) സോഫ്റ്റ് വെയറിൽ എൻറോൾ ചെയ്തിട്ടുള്ളതിൽ 1,70,396 മത്സ്യതൊഴിലാളികൾക്ക് ക്യൂ.ആർ. എനേബിൾഡ് പി.വി.സി. ആധാർ കാർഡുകൾ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

തീരസുരക്ഷയും മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിന് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (UIDAI) മുഖാന്തരം അനുവദിച്ചിട്ടുള്ള ക്യൂ.ആർ. എനേബിൾഡ് പി.വി.സി. ആധാർ കാർഡ് കൈവശം കരുതേണ്ടത് അത്യന്താപേക്ഷിതമാണ്. ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പകരമായി യുണീക്ക് ഐഡന്റിഫിക്കേഷൻ

അതോറിറ്റി ഓഫ് ഇന്ത്യ (UIDAI)-യുടെ വെബ്സൈറ്റിൽനിന്നും ഇ-ആധാർ ഡൗൺലോഡ് ചെയ്ത് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിനാൽ ഒറിജിനൽ ആധാർ കാർഡ് നഷ്ടപ്പെട്ടാൽ പ്രതിസന്ധിയിലാകുമെന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കപ്പെടേണ്ടതില്ല.

## മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആവശ്യങ്ങൾ

364 (1169) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി സമരം നടത്തിയ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആവശ്യങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 06-12-2022-ൽ നടത്തിയ ചർച്ചയിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമരം നടത്തിയ മത്സ്യത്തൊഴിലാളി സമൂഹം സർക്കാരിന് മുമ്പിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തായിരുന്നുവെന്നും ഇതിൽ ഏതൊക്കെ പരിഹരിച്ചുവെന്നും വിശദമാക്കാമോ?

06-12-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ മത്സ്യത്തൊഴിലാളികൾ ഉന്നയിച്ച ആവശ്യങ്ങളിൽ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്ന ആവശ്യമൊഴികെ മറ്റ് ആവശ്യങ്ങൾ പരിഗണിക്കാൻ സർക്കാർ തീരുമാനമെടുക്കുകയും അവ പരിഹരിക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉണ്ടായ തീരശോഷണം അടക്കമുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പഠനത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ?

പരിസ്ഥിതി പഠന റിപ്പോർട്ട് അനുസരിച്ചും കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ വിലയിരുത്തലുകളനുസരിച്ചും തുറമുഖ നിർമ്മാണം

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരശോഷണത്തിന് കാരണമാകുകയില്ല. എങ്കിലും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ ആശങ്ക പരിഹരിക്കുന്നതിനുള്ള പഠനം നടത്തുന്നതിന് സർക്കാർ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ചും പരിഗണനാവിഷയങ്ങൾ നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സമിതി അതിന്റെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 23-01-2024- ലെ സ.ഉ.(സാധാ)നം.48/2024/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം വിദഗ്ധസമിതിയുടെ കാലയളവ് 06-04-2024 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള കൂടുതൽ പദ്ധതികൾ**

365 (1170) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി.മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന വിവിധ സഹായ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന വിവിധ സഹായപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**പുനർഗേഹം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ**

366 (1171) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശവാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

തീരദേശവാസികളിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ഭവനരഹിതരുടെ/ഭൂരഹിത ഭവനരഹിതരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2667 |
| കൊല്ലം | 1194 |
| ആലപ്പുഴ | 185 |
| എറണാകുളം | 1195 |
| തൃശ്ശൂർ | 209 |
| മലപ്പുറം | 2955 |
| കോഴിക്കോട് | 159 |
| കണ്ണൂർ | 412 |
| കാസർഗോഡ് | 1436 |

(ബി) ഈ സർക്കാരിന്റെ കാലത്ത് പുനർഗേഹം പദ്ധതിയിലൂടെ എത്ര പേർക്ക് വീട്, ഫ്ലാറ്റ് എന്നിവ നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും ആയത് എപ്പോൾ നൽകാൻ കഴിയുമെന്നും ഇതിനായുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതിവഴി എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്, ഫ്ലാറ്റ് എന്നിവ നൽകി; വിശദാംശം വ്യക്തമാക്കുമോ?

(ബി&സി) ഈ സർക്കാരിന്റെ കാലത്ത് പുനർഗേഹം പദ്ധതിയിലൂടെ 1950 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചു.

നിലവിൽ 8845 കുടുംബങ്ങളാണ് പുനർഗേഹം പദ്ധതിപ്രകാരം മാറിത്താമസിക്കാൻ സന്നദ്ധരായിട്ടുള്ളത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും നാളിതുവരെ 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്. പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128, ബീമാപള്ളിയിൽ 20, മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ 128, കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114 ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി പ്രകാരം മാറിത്താമസിക്കുന്നതിന് സന്നദ്ധരായ 8845 പേരിൽ 5132 പേർക്ക് വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലുമായി ഇതിനോടകം

പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെക്കൂടി വരുംവർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

വിവിധ ജില്ലകളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതിപ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168

ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.

ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31-03-2025-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പാക്കുന്ന മാർക്കറ്റ് വികസന പദ്ധതി**

367 (1172) ശ്രീ. വി. ജോയി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പാക്കുന്ന മാർക്കറ്റ് വികസന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ആയതിന്റെ പദ്ധതിതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മാർക്കറ്റ് വികസന പദ്ധതികളുടെ പുരോഗതി വകുപ്പുതലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന മത്സ്യമാർക്കറ്റുകളുടെ പുരോഗതി കിഫ്ബി അധികൃതരും വിലയിരുത്തുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) സംസ്ഥാനത്ത് ഇത്തരത്തിൽ എത്ര മാർക്കറ്റുകൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മാർക്കറ്റും സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ഒരു മാർക്കറ്റും കിഫ്ബി ധനസഹായത്തോടെ 51 മത്സ്യമാർക്കറ്റും നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ആരംഭിച്ച പദ്ധതികളെല്ലാംതന്നെ 12 മാസത്തിനകം പൂർത്തീകരിക്കുന്നതിനും ആരംഭിക്കുവാനുള്ള പദ്ധതികൾ കിഫ്ബി അനുമതി, സ്ഥല ലഭ്യത,

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെർമിസീവ് സാങ്ഷൻ, സി.ആർ.ഇസെഡ്. ക്ലിയറൻസ് എന്നിവ ലഭ്യമാക്കി എത്രയുംവേഗം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കല്ലാനോട് ഫിഷ് ഹാച്ചറിയുടെ പ്രവർത്തനങ്ങൾ**

368 (1173) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽനിന്ന് ഏതൊക്കെ ജില്ലകളിലാണ് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്; നിലവിലുള്ള കുളങ്ങളുടെ ഉല്പാദനശേഷി എത്രയാണ്; മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത് എന്തൊക്കെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്; വിശദമാക്കാമോ?

കല്ലാനോട് ഫിഷ് ഹാച്ചറിയിൽനിന്ന് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലേയ്ക്കും പ്രൈവറ്റ് കർഷകർക്കുമാണ് പ്രധാനമായും മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്.

ഹാച്ചറിയുടെ നിലവിലെ ഉല്പാദനശേഷി കാർപ്പ്, ഗിഫ്റ്റ് തിലാപ്പിയ, വരാൽ, ആസ്സാംവാള, അനാബസ്, വിവിധ അലങ്കാര മത്സ്യങ്ങൾ എന്നിവയുടെ 36 ലക്ഷം ഫിംഗർലിങ്സാണ്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി, പി.എം.എം.എസ്.വൈ പദ്ധതികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായി വിവിധ ജില്ലകളിലെ ഫിഷറീസ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന ഓർഡറുകൾ പ്രകാരമാണ് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്.

(ബി) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ വികസനത്തിനായി സമർപ്പിച്ച പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി രണ്ട് ഹെക്ടർ ഭൂമിക്ക് പെർമിസീവ് സാങ്ഷൻ ലഭ്യമായിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്. 6 മില്ല്യൺ ഗിഫ്റ്റ് തിലാപ്പിയ പ്രൊഡക്ഷൻ കപ്പാസിറ്റി ലക്ഷ്യമിടുന്ന രണ്ടാംഘട്ട വികസനപദ്ധതിയിൽ

ഹാച്ചറി ബിൽഡിംഗ്, ബ്രൂഡ് സ്റ്റോക്ക് ഹോൾഡിംഗ് ഫെസിലിറ്റി, ബ്രീഡിംഗ് ഫെസിലിറ്റി, ഇൻക്യുബേഷൻ & ഹാച്ചറി ഫെസിലിറ്റി, ഇൻഡോർ ഹൈ റിയറിംഗ് ഫെസിലിറ്റി, വാട്ടർ ഇൻടേക്ക് & ട്രീറ്റ്മെന്റ് സിസ്റ്റം, റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം, നഴ്സറി റിയറിംഗ് ഫെസിലിറ്റി, എയറേഷൻ ഫെസിലിറ്റി, ലബോറട്ടറി, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**പയ്യന്നൂർ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം**

369 (1174) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ഫിഷറീസ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഭൂമി വിട്ടുകിട്ടാൻ ഏത് വർഷമാണ് അപേക്ഷ സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ കോറോം വില്ലേജ് കാനായി ദേശം റീ സർവ്വെ 32/1-ൽപ്പെട്ട 2.5375 ഹെക്ടർ ഭൂമി, റീ സർവ്വെ 33/1-ൽപ്പെട്ട 2.5560 ഹെക്ടർ ഭൂമി (ആകെ 5.0935 ഹെക്ടർ ഭൂമി) കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്ക് റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും റവന്യൂ വകുപ്പിൽ ലഭ്യമായ പ്രൊപ്പോസൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. 2019-ലാണ് കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല അപേക്ഷ സമർപ്പിച്ചത്.

**വിഴിഞ്ഞം തുറമുഖത്തേയ്ക്ക് മുതലപ്പൊഴി വഴി കരിങ്കല്ല്**

370 (1175) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തേയ്ക്ക് മുതലപ്പൊഴി വഴി കരിങ്കല്ല് കൊണ്ടുപോകുന്നതിന് അദാനി ഗ്രൂപ്പിന് കരാർ നൽകിയിട്ടുള്ള കാലാവധി അവസാനിക്കുന്നതെന്നാണ്?

വിഴിഞ്ഞം തുറമുഖത്തേയ്ക്ക് മുതലപ്പൊഴി വഴി കരിങ്കല്ല് കൊണ്ടുപോകുന്നതിന് അദാനി ഗ്രൂപ്പിന് നൽകിയിട്ടുള്ള കരാർ കാലാവധി 11-04-2024-ന് അവസാനിക്കുന്നതാണ്.

(ബി) കരിങ്കല്ല് കൊണ്ടുപോകുന്നതിനുപകരം അദാനി ഗ്രൂപ്പ് ഏറ്റെടുത്ത ഡ്രഡ്ജിംഗ് ജോലികളുടെ നിലവിലെ സ്ഥിതി എന്താണ്; പ്രസ്തുത ജോലികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്;

(സി) കരാർ കാലാവധിക്കുള്ളിൽ ഡ്രഡ്ജിംഗ് ജോലികൾ കമ്പനിയെക്കൊണ്ട് പൂർത്തീകരിപ്പിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) 31-07-2023-ൽ ചേർന്ന മന്ത്രിതല യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുതലപ്പൊഴി ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി

നടന്നുവരുന്നു. ഇതിനോടനുബന്ധിച്ച് മുതലപ്പൊഴി ചാനലിൽ 5 മീറ്റർ ആഴം ഉറപ്പാക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മെസ്സേഴ്സ് അദാനി പോർട്ട്സുമായി ഉണ്ടാക്കിയിട്ടുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (MOU) 11-04-2024-ന് അവസാനിക്കുന്നതിനാൽ 2024 മാർച്ച് 31-ന് മുമ്പായി ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രോഗ്രാം ചാർട്ട് തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവൃത്തി നടന്നുവരുന്നു.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 03-01-2024-ന് ചേർന്ന മന്ത്രിതല യോഗത്തിൽ ഡ്രെഡ്ജിംങ് പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ ഡ്രെഡ്ജിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിന് 20-01-2024-ന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ, സെക്രട്ടറി തലത്തിൽ ഒരു യോഗം കൂടിച്ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ഡ്രെഡ്ജിംഗ് ജോലികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച്

കർമ്മപദ്ധതി തയ്യാറാക്കുന്നതിനും ആയത് സർക്കാരിൽ സമർപ്പിക്കുന്നതിനും ഹാർബർ എൻജിനീയറിംങ് വകുപ്പ് ഡ്രഡ്ജിംഗ് ജോലികൾ നിരീക്ഷിക്കുന്നതിനും മെസ്സേഴ്സ് അദാനി പോർട്ട്സ് ലിമിറ്റഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ഡ്രഡ്ജിംഗ് ജോലികൾ സംബന്ധിച്ച പ്രതിവാര പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കരിങ്കല്ല് കൊണ്ടുപോകുന്നതിനായി അദാനി ഗ്രൂപ്പ് പൊളിച്ചുമാറ്റിയ പുലിമുട്ടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ കാര്യത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുമോ?

കരിങ്കല്ല് കൊണ്ടുപോകുന്നതിനുള്ള ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിനും പൊളിച്ചുമാറ്റിയ പുലിമുട്ടുകൾ പുനർനിർമ്മിക്കുന്നതിനും 09-01-2024 തീയതിയിലെ കത്തുപ്രകാരം അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അജാനൂർ ഫിഷിംഗ് ഹാർബർ**

371 (1176) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചിത്താരിക്കടപ്പുറം ഉൾപ്പെടുന്ന അജാനൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മാതൃകാപഠന റിപ്പോർട്ട് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായതനുസരിച്ച് 101.33 കോടി രൂപയുടെ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കി പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി 24-03-2022-ലെ ബി1/240/2021/മ.തു.വ. നം. കത്തുപ്രകാരം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് 26-03-2022,

27-03-2022 എന്നീ തീയതികളിൽ നടന്ന പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതികളുടെ ടെക്നിക്കൽ സ്കൂട്ടിണി കമ്മിറ്റിയിലും പ്രോജക്ട് സാങ്ഷനിംങ് കമ്മിറ്റിയിലും മേൽ പദ്ധതി പരിഗണിച്ചിരുന്നു. ഭാവിവികസനം കൂടി കണക്കിലെടുത്ത് ഹാർബറിന്റെ ബേസിൻ ഏരിയ വലിപ്പം കൂട്ടുന്നതിന് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനും പുലിമുട്ടിന്റെ flume study നടത്തുന്നതിനും റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ മാതൃകാപഠനത്തിനും സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ ബേസിൻ ഏരിയ വലുപ്പം കൂട്ടുന്നതിനുള്ള study report –ഉം flume study റിപ്പോർട്ടും സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽ നിന്നും ലഭ്യമായിട്ടുണ്ട്. പഠന റിപ്പോർട്ടിനനുസരിച്ച് പദ്ധതി രൂപരേഖ പുതുക്കിവരുന്നു. കൂടാതെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമപഠന റിപ്പോർട്ടുകൂടി ലഭ്യമാകേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പരിസ്ഥിതി ആഘാതപഠനം, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ അന്തിമ റിപ്പോർട്ട് കൂടി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (CWPRS)-ൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതിരൂപരേഖ പുതുക്കി സമർപ്പിക്കുന്നതാണ്. പുതുക്കിയ പദ്ധതിരൂപരേഖ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്.

**മുതലപ്പൊഴി ഹാർബറിന് ഫിഷറീസ് വകുപ്പ് നൽകിയ ചെറുകപ്പൽ**

372 (1177) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിനായി ഫിഷറീസ് വകുപ്പ് നൽകിയ ചെറുകപ്പൽ നിരന്തരം തകരാറിലാകുന്നതിനാൽ മുതലപ്പൊഴി മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘത്തിന് വൻബാധ്യത

ഉണ്ടായിരിക്കുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

മുതലപ്പൊഴി മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘത്തിന് വൻ ബാധ്യതയുണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആഴക്കടൽ മത്സ്യബന്ധനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിത യന്ത്രവൽകൃത ആഴക്കടൽ മത്സ്യബന്ധനരീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 1.50 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ മാൽപെ കപ്പൽ നിർമ്മാണ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ 6 യാനങ്ങൾ ആദ്യഘട്ടമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് വിതരണം ചെയ്ത്

മത്സ്യബന്ധനത്തിലേർപ്പെട്ടുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായും വിലയിരുത്തുന്നതിന്റെ ഭാഗമായി ബഹു.ഫിഷറീസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ഫിഷറീസ് സെക്രട്ടറിയുടെ നേതൃത്വത്തിലും നടത്തിയ അവലോകനയോഗങ്ങളിൽ യാനത്തിന്റെ പ്രവർത്തനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗുണഭോക്താക്കൾ അറിയിക്കുകയും ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ സ്വീകരിക്കുകയും ഗുണഭോക്താക്കൾ ശ്രദ്ധയിൽപ്പെടുത്തിയ പോരായ്മകൾ ഇതിനകം പരിഹരിക്കുകയും യാനം പ്രവർത്തിപ്പിക്കുന്നതിന്റെ സാങ്കേതികവശങ്ങൾ ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ യാനത്തിന്റെ പ്രവർത്തനം കടലിൽ വച്ചുതന്നെ വിലയിരുത്തുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET), കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ്, വകുപ്പിലെ ഉദ്യോഗസ്ഥർ, യാനത്തിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സംഘം ആവശ്യമായ പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതി പ്രകാരം യാനത്തിന്റെ യൂണിറ്റ് തുക 120 ലക്ഷം രൂപയാണ്. എന്നാൽ മത്സ്യത്തൊഴിലാളികളുടെ ആവശ്യപ്രകാരം യാനത്തിന്റെ രൂപകല്പനയിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് യൂണിറ്റ് തുക 150 ലക്ഷം രൂപയായി വർദ്ധിച്ചു. 48 ലക്ഷം രൂപ കേന്ദ്ര-സംസ്ഥാന സബ്സിഡി വിഹിതം, 30.6 ലക്ഷം രൂപ അധിക സംസ്ഥാന സബ്സിഡി വിഹിതം കൂടാതെ 71.4 ലക്ഷം രൂപ 5% പലിശയ്ക്ക് ചീഫ് മിനിസ്റ്റേഴ്സ് എന്റർപ്രിണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം (CMEDP)-യിൽ ഉൾപ്പെടുത്തി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) മുഖേന വായ്പയായും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. യാനത്തിലെ സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി യാനം കൃത്യമായി പ്രവർത്തിപ്പിച്ച് മത്സ്യബന്ധനത്തിന് പോവുകയാണെങ്കിൽ യാനം ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നതാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്ന പരിഗണന നൽകി ഒരു സർക്കാർ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് നൽകാവുന്നതിൽ പരമാവധി ധനസഹായം പ്രസ്തുത പദ്ധതി നടത്തിപ്പിലേയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കപ്പലിൽ പരമ്പരാഗത മീൻപിടിത്തം നടത്തുന്നതിന് മാത്രമാണ് അനുമതിയുള്ളതെന്നതിനാലും കപ്പൽ കടലിൽ ഇറക്കുന്നതിന് ഒരുതവണ 3 ലക്ഷത്തോളം രൂപ ചെലവ് വരുന്നതിനാലും നിരന്തരം യന്ത്രത്തകരാർ ഉണ്ടാകുന്നതിനാലും കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുമോ; വിശദാംശം നൽകുമോ?

ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരെയും ഉഡുപ്പി കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് (UCSL) പ്രതിനിധികളെയും പദ്ധതിയുടെ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി മന്ത്രിതലത്തിൽ 06-11-2023-ന് ചേർന്ന യോഗത്തിൽ യാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഗുണഭോക്താക്കൾ ഉന്നയിച്ച അപാകതകൾ പരിശോധിക്കുന്നതിന് ഒരു പരിശോധന സമിതിയെ നിയോഗിച്ചു. പദ്ധതിപ്രകാരം വിതരണം ചെയ്ത എല്ലാ ആഴക്കടൽ

മത്സ്യബന്ധന യാനങ്ങളിലും സംയുക്ത പരിശോധന നടത്തി സമിതി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

തുടർന്ന് യാനങ്ങളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിന് ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ 16-12-2023 തിയതിയിൽ യോഗം ചേർന്നിരുന്നു. യാനങ്ങളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിന് മന്ത്രിതലത്തിൽ 16-01-2024-ന് വീണ്ടും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ആഴക്കടൽ മത്സ്യബന്ധന യാനങ്ങളുടെ പ്രവർത്തനത്തിൽ അപാകതകളുണ്ടോയെന്ന് നേരിട്ട് വിലയിരുത്തുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ &എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

തുടർന്ന് 23-01-2024-ന് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ യോഗത്തിലെ തീരുമാനമനുസരിച്ച് ആഴക്കടൽ മത്സ്യബന്ധനയാനങ്ങളുടെ പ്രവർത്തനം നേരിട്ട് വിലയിരുത്തുന്നതിനും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ ആൻഡ് എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET)

പ്രതിനിധികൾ, കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ് പ്രതിനിധികൾ ഗുണഭോക്തൃ ഗ്രൂപ്പുകളിലെ ഓരോ പ്രതിനിധികൾ, ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് ഉദ്യോഗസ്ഥർ എന്നിവരുൾപ്പെട്ട സംഘം 31-01-2024-ന് പദ്ധതി പ്രകാരം വിതരണം ചെയ്ത യാനങ്ങളുടെ ആഴക്കടലിലെ പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിക്കുന്നതിന് ധാരണയായിട്ടുണ്ട്.

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതി അംഗീകരിച്ച മാർഗ്ഗരേഖ പ്രകാരം ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഗിൽനെറ്റ്, ലോങ്ങ് ലൈൻ എന്നീ ഗിയറുകളാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. ഈ ഗിയറുകൾ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് നോട്ടിക്കൽ & എഞ്ചിനീയറിംഗ് ട്രെയിനിംഗ് (CIFNET) മുഖാന്തരം മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.

പദ്ധതി പ്രകാരമുള്ള സബ്സിഡി തുകയായ 48 ലക്ഷം രൂപയും സംസ്ഥാന സർക്കാർ അധികമായി നൽകിയ സബ്സിഡിയായ 30.6 ലക്ഷം രൂപയും കൂടാതെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC)-യിൽനിന്നും

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി (CMEDP)-യിലുൾപ്പെടുത്തി 5% പലിശ നിരക്കിൽ 71.4 ലക്ഷം രൂപയുമുൾപ്പെടെ പരമാവധി ധനസഹായം ഈ പദ്ധതിക്ക് സർക്കാർ നൽകിയിട്ടുണ്ട്. 18 ടൺ സംഭരണ ശേഷിയുള്ള ആഴക്കടൽ മത്സ്യബന്ധനയാനത്തിലെ സൗകര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി കൃത്യമായി പ്രവർത്തിപ്പിച്ചാൽ ലാഭകരമാക്കാനും ഗുണഭോക്തൃഗ്രൂപ്പിന് വായ്പ തിരിച്ചടയ്ക്കാനും സാധിക്കുന്നതാണ്.

**മാവേലിക്കര പ്രായിക്കര അച്ചൻകോവിലാർ തീരം റോഡ് നിർമ്മാണം**

373 (1178) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുൻസിപ്പാലിറ്റിയിലെ പ്രായിക്കര അച്ചൻകോവിലാർ തീരം റോഡ് നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 76 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് കരാറുകാരനായ ശ്രീ. ഷാനറ്റ് എ. ജോർജ്ജ്, അരങ്ങത്ത് ഹൗസ്, തെള്ളകം പി.ഒ., കോട്ടയം എന്നയാളുമായി കരാറിലേർപ്പെടുകയും 21-12-2020-ൽ സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ ടി പ്രവൃത്തി കരാറുകാരൻ ആരംഭിച്ചിരുന്നില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷയിന്മേൽ 31-12-2021 വരെ കരാർ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതുമാണ്. പ്രവൃത്തി തുടർന്നും ആരംഭിക്കുന്നതിന് ടിയാൻ തയ്യാറാകാതിരുന്നതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനായി പുനഃദർഘാസുകൾ ക്ഷണിച്ചതിൽ ആരും തന്നെ പങ്കെടുത്തില്ല. മേൽപ്രവൃത്തിയ്ക്ക് നല്ല പ്രചരണം നൽകി കുറഞ്ഞ സമയപരിധിയോടെ

ഒരിക്കൽ കൂടി പുനഃദർഘാസ് ക്ഷണിക്കുന്നതാണ്. ഈ പുനഃദർഘാസിലും ആരും പങ്കെടുത്തില്ലെങ്കിൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി**

374 (1179) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന ഫിഷറീസ് റോഡ് പ്രവൃത്തികളുടെ പ്രവർത്തനപുരോഗതി വിശദമാക്കാമോ?

വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളിൽ കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തവ ഏതൊക്കെയെന്നും കാലതാമസത്തിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹൈടെക് ഫിഷ് മാർട്ട്

375 (1180) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച ഹൈടെക് ഫിഷ് മാർട്ടുകൾ വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ; എന്തൊക്കെ കാര്യങ്ങളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഒരു ഫിഷ് മാർട്ടിൽ മൂന്ന് തൊഴിലാളികൾ എന്ന ക്രമത്തിൽ ആകെ 121 ഫിഷ് മാർട്ടുകളിലായി 363 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാഒരു ഫിഷ് മാർട്ടിൽ മൂന്ന് തൊഴിലാളികൾ എന്ന ക്രമത്തിൽ ആകെ 121 ഫിഷ് മാർട്ടുകളിലായി 363 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.ളികളിൽനിന്നും ന്യായമായ വിലയ്ക്ക് മത്സ്യഫെഡ് മത്സ്യം ശേഖരിക്കുന്നതുവഴി മത്സ്യത്തൊളിലാളികൾക്ക് അവർ

പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനുപുറമേ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് മോചനവും ലഭിക്കുന്നു. ഗുണമേന്മ ഉറപ്പാക്കിയ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനും ഫിഷ് മാർട്ടുകൾക്ക് സാധിക്കുന്നു.

**മത്സ്യഫെഡ് പമ്പുകളിൽ നൽകിയിരുന്ന ഡീസൽ സബ്സിഡി**

376 (1181) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് പമ്പുകളിൽ നൽകിയിരുന്ന ഡീസൽ സബ്സിഡി വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചത്; വിശദമാക്കുമോ?

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് പമ്പുകളിൽനിന്നും ഡീസൽ സബ്സിഡി അനുവദിച്ചിരുന്നില്ല. എന്നാൽ മത്സ്യഫെഡിന്റെ 12 ഡീസൽ ബങ്കുകളിലെ ഡീസൽ വില്പന

വർദ്ധിപ്പിക്കുന്നതിന് ഒരു സമയം കുറഞ്ഞത് 100 ലിറ്ററോ അതിലധികമോ ഡീസൽ വാങ്ങുന്ന ബോട്ട് /ഇൻബോർഡ് വള്ളം ഉടമകൾക്ക് 24-11-2021 മുതൽ ലിറ്ററിന് 1/- രൂപ (ഒരു രൂപ മാത്രം) നിരക്കിൽ ഡിസ്കൗണ്ട് അനുവദിച്ചിരുന്നു. പ്രസ്തുത സ്കീം നടപ്പിലാക്കിയതുവഴി ഡീസൽ വില്പന 2021-22 വർഷത്തെ 10,871 കിലോ ലിറ്ററിൽനിന്നും 2022-23 വർഷം 15,329 കിലോ ലിറ്ററായി വർദ്ധിച്ചുവെങ്കിലും അറ്റാദായം 167.15 ലക്ഷം രൂപയിൽനിന്നും 99.36 ലക്ഷം രൂപയായി കുറയുകയാണുണ്ടായത്. 15,329 കിലോ ലിറ്റർ ഡീസലിന് ഒരു രൂപ നിരക്കിൽ ഡിസ്കൗണ്ട് നൽകുകവഴി 153.29 ലക്ഷം രൂപയുടെ വരുമാനനഷ്ടം മത്സ്യഫെഡിനുണ്ടായിട്ടുണ്ട്. വില്പനയിലെ വർദ്ധനവുമൂലം ലഭിച്ച അധികവരുമാനം 44.58 ലക്ഷം രൂപ തട്ടി കിഴിച്ചാലും 108.71 ലക്ഷം രൂപയുടെ അറ്റ വരുമാനനഷ്ടമുണ്ടായി. 2023 ഏപ്രിൽ മുതൽ 2023 സെപ്റ്റംബർ മാസം വരെയുള്ള 6 മാസത്തെ കണക്കുകൾ പ്രകാരം 6896.995 കിലോ ലിറ്റർ ഡീസൽ വിൽക്കുകയും ആകെ 44.13 ലക്ഷം രൂപയുടെ അറ്റാദായം ലഭിച്ചിട്ടുമുണ്ട്. ടി കാലയളവിൽ ഡീസൽ വില്പനയ്ക്ക് ഒരു രൂപ ക്രമത്തിൽ ഡിസ്കൗണ്ട് നൽകുകവഴി 65.08

ലക്ഷം രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ആയത് മത്സ്യഫെഡിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ മത്സ്യഫെഡ് ബങ്കുകളിൽ കൂടി ഡീസലിന് നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ട് ലിറ്ററിന് ഒരു രൂപ എന്നതിൽനിന്ന് ലിറ്ററിന് 50 പൈസയാക്കി 26-11-2023 മുതൽ പുനഃക്രമീകരിക്കുകയാണുണ്ടായത്. ഇത് മത്സ്യത്തൊഴിലാളികൾക്കല്ല മറിച്ച് ബോട്ടുടമകൾക്ക്/ഇൻബോർഡ് എഞ്ചിൻ ഘടിപ്പിച്ച യാനങ്ങൾക്കാണ് ബാധകമാകുന്നത്.

(ബി) മുമ്പ് ലിറ്ററിന് എത്ര രൂപയായിരുന്നു സബ്സിഡിയായി അനുവദിച്ചിരുന്നത്; പ്രസ്തുത സബ്സിഡിയിൽ നിലവിൽ കുറവ് വരുത്തിയത് എത്ര രൂപയാണ്; സബ്സിഡി വെട്ടിക്കുറക്കുന്നതിലൂടെ മത്സ്യഫെഡിന് എത്ര രൂപയുടെ ലാഭം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഡീസൽ സബ്സിഡി ആനുകൂല്യം അനുവദിച്ചിരുന്നില്ല. എന്നാൽ ഒരു സമയം കുറഞ്ഞത് 100 ലിറ്ററോ അതിലധികമോ ഡീസൽ വാങ്ങുന്ന ഉപഭോക്താവിന് ലിറ്ററിന് ഒരു രൂപ ഡിസ്കൗണ്ട് മുൻപ് അനുവദിച്ചിരുന്നു.

മുൻപ് ഒരു ലിറ്റർ ഡീസലിന് അനുവദിച്ചിരുന്ന 1 രൂപ ഡിസ്കൗണ്ടിൽ നിന്നും 50 പൈസ കുറവ് ചെയ്ത് നിലവിൽ ലിറ്ററിന് 50 പൈസ ഡിസ്കൗണ്ട് മത്സ്യഫെഡ് നൽകിവരുന്നു.

ഇത്തരത്തിൽ ഡിസ്കൗണ്ട് തുക വെട്ടിക്കുറച്ചതിലൂടെ മത്സ്യഫെഡിനുണ്ടായ ഭീമമായ നഷ്ടം കുറയ്ക്കാൻ കഴിയും.

**നിലമ്പൂർ മണ്ഡലത്തിലെ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ**

377 (1182) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ടുകൾ ആരംഭിക്കാൻ ഉദ്ദേശിച്ച സ്ഥലങ്ങളേതെല്ലാമാണെന്നും സംരംഭങ്ങളുടെ നിലവിലെ അവസ്ഥയും വിശദമാക്കാമോ; ഏതെല്ലാം ഹാർബറുകളിൽ നിന്നാണ് ഇവിടേക്ക് മായമില്ലാത്ത മത്സ്യം എത്തിക്കുകയെന്നും വ്യക്തമാക്കാമോ;

നിലമ്പൂർ മണ്ഡലത്തിൽ ചുങ്കത്തറ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ നിലവിൽ മത്സ്യഫെഡ് ഫിഷ് മാർട്ട് പ്രവർത്തിച്ചുവരുന്നു. അമരംബലം പഞ്ചായത്തിൽ പൂക്കോട്ടുപാടം എന്ന സ്ഥലത്ത് ഫിഷ് മാർട്ട് ആരംഭിക്കുന്നതിന് കെട്ടിടം അന്വേഷിച്ചുവെങ്കിലും പഞ്ചായത്ത് വക കെട്ടിടം നിലവിൽ ലഭ്യമല്ല. പരപ്പനങ്ങാടി, താനൂർ, പൊന്നാനി, ചാലിയം ലാന്റിംഗ് സെന്റർ, ബേപ്പൂർ, പുതിയാപ്പ എന്നിവിടങ്ങളിൽനിന്നും മത്സ്യം ശേഖരിച്ച് പരപ്പനങ്ങാടി മത്സ്യഫെഡ് ബേസ് സ്റ്റേഷനിൽ എത്തിച്ച് അവിടെ നിന്നുമാണ് മായമില്ലാത്ത മത്സ്യം ഫിഷ് മാർട്ടിലേയ്ക്ക് വിതരണം ചെയ്യുന്നത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധമാകുന്ന പക്ഷം മത്സ്യഫെഡിന്റെ കൂടുതൽ ഫിഷ് മാർട്ടുകൾ നിലമ്പൂർ നിയോജകമണ്ഡലത്തിൽ തുടങ്ങുന്നതിന് സാധ്യതയുണ്ടോ എന്ന് അറിയിക്കുമോ; ഇതിനായുള്ള നടപടിക്രമങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലസൗകര്യം അനുവദിക്കുന്ന പക്ഷം ലാഭകരമായി മത്സ്യവിപണനം നടത്താൻ സാധ്യതയുള്ള സ്ഥലത്ത്

ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ലഭ്യമാണെന്ന് അറിയിക്കുന്നമുറയ്ക്ക് മത്സ്യഫെഡ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മത്സ്യഫെഡിന്റെ സീഫുഡ് റെസ്റ്റോറന്റ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ എടക്കരയിൽ ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മത്സ്യഫെഡ് സീ ഫുഡ് റെസ്റ്റോറന്റ് നിലമ്പൂർ നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്നതിന് എടക്കരയിൽ സ്ഥലപരിശോധന നടത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രദേശത്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ റവന്യൂ/മറ്റ് സർക്കാർ വകുപ്പുകളുടെ സ്ഥലമോ ലഭ്യമായിട്ടില്ല. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നപക്ഷം സീ ഫുഡ് റെസ്റ്റോറന്റ് ആരംഭിക്കുവാൻ നടപടി കൈകൊള്ളുന്നതാണ്.

**പ്രതിഭാതീരം പദ്ധതി**

378 (1183) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രതിഭാതീരം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ?

തീരദേശത്തെ തെരെഞ്ഞെടുത്ത 75 ലൈബ്രറികളിൽ അടിസ്ഥാനസൗകര്യങ്ങൾ അനുവദിച്ചുനൽകി തുടർവിദ്യാകേന്ദ്രങ്ങളാക്കി മാറ്റി മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കളുടെ പഠന നിലവാരം ഉയർത്തുക എന്നതാണ് പ്രതിഭാതീരം പദ്ധതിയുടെ ലക്ഷ്യം. തീരപ്രദേശത്തെ തെരഞ്ഞെടുത്ത 75 ലൈബ്രറികളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യുന്ന ടി പദ്ധതിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2020-21 വർഷം) ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികപരമായ തടസ്സങ്ങൾമൂലം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല.

2023-24 വർഷം പ്രതിഭാതീരം പദ്ധതിക്ക് പുതിയ ഭരണാനുമതി നൽകുകയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് നൽകിയതെന്ന് വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2023-24-ൽ ഒരു ലൈബ്രറിക്ക് 1,57,218 രൂപ നിരക്കിൽ 75 ലൈബ്രറികൾക്കായി 1,17,91,350/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വാമനാപുരം മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി**

379 (1184) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനാപുരം മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വിവിധ പഞ്ചായത്തുകളിലായി 2021-22, 2022-23, 2023-24 വർഷങ്ങളിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി 20,03,873/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) അധികമായി എത്ര മത്സ്യസമ്പത്ത് ഇതുവഴി ഉല്പാദിപ്പിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇതുവഴി 2021-22 വർഷം 15647 കിലോഗ്രാം മത്സ്യവും 2022-23 വർഷം 19607 കിലോഗ്രാം മത്സ്യവും ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഉൾനാടൻ മത്സ്യകൃഷിയിലേർപ്പെടുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾനാടൻ മത്സ്യകൃഷിയിലേർപ്പെടുന്ന കർഷകർക്ക് മത്സ്യകൃഷിക്കാവശ്യമായ മത്സ്യവിത്ത് സൗജന്യമായി നൽകിവരുന്നു. ഇതോടൊപ്പം തീറ്റയുടെ 40 ശതമാനം വരെ സബ്സിഡിയും നൽകിവരുന്നു. വായ്പ ആവശ്യമുള്ള കർഷകർക്കായി ബാങ്കിൽനിന്നും വായ്പ/കിസ്സാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ നൽകുന്നു. കൂടാതെ കർഷകർക്ക് മത്സ്യകൃഷിയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായവും പരിശീലനങ്ങളും നൽകിവരുന്നു.

**വാഴാനി ഡാമിനോട് ചേർന്ന് ശുദ്ധജല മത്സ്യ ഹാച്ചറി ആരംഭിക്കാൻ നടപടി**

380 (1185) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിനോട് ചേർന്ന് ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഒരു ശുദ്ധജല മത്സ്യ ഹാച്ചറി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വാഴാനി ഡാമിന്റെ 8 കി.മീ. ചുറ്റളവിലുള്ള പീച്ചി ഡാമിനോട് ചേർന്ന് പ്രവർത്തിക്കുന്ന പീച്ചി ഹാച്ചറിയിൽനിന്നും തൃശ്ശൂർ ജില്ലയ്ക്കും സമീപ ജില്ലകൾക്കും ആവശ്യമായ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നതിനാൽ വാഴാനി ഡാമിനോട് ചേർന്ന് മത്സ്യഹാച്ചറി ആരംഭിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

**കേരളത്തിൽ നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതി**

381 (1186) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയിൽ കഴിഞ്ഞ ക്രിസ്തുമസ് സീസണിലുൾപ്പെടെ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവുണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഏത് സാഹചര്യത്തിലാണ് ഇപ്രകാരം കുറവുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) അന്താരാഷ്ട്ര സാഹചര്യങ്ങൾ സംസ്ഥാനത്തിന്റെ സമുദ്രോല്പന്ന കയറ്റുമതിയെ ദോഷകരമായി ബാധിക്കുമെന്നിരിക്കെ ഇതിനെ മറികടക്കുന്നതിന് എന്തൊക്കെ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പരവൂർ ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്റർ**

382 (1187) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ ചില്ലയ്ക്കലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിന് നബാർഡ് - ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 26-ൽ ഉൾപ്പെടുത്തി 855.21 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബഹു. ഫിഷറീസ് വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 15-11-2022-ന് കൂടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ഐ.റ്റി. മദ്രാസിനെ ചുമതലപ്പെടുത്തി മോഡൽ സ്റ്റഡി നടത്തി. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രോയിനുകൾ നിർമ്മിക്കുന്നതിന് 625 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചെങ്കിലും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 42.08% അധിക നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടറാണ് ലഭ്യമായത്. പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും അധിക നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) അനുമതിക്കുവേണ്ടി കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) സ്റ്റാറ്റസ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ?

ചില്ലയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനുള്ള അടങ്കൽ തുക 855.21 ലക്ഷം രൂപയാണ്.

(സി) ഇതിന്റെ നിർമ്മാണ നടപടികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടൗട്ടേ ചുഴലിക്കാറ്റുമൂലം തീരം കടലെടുത്ത സാഹചര്യത്തിൽ ആദ്യപടിയായി തീരം പരിപോഷിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഫിഷ് ലാന്റിംഗ് സെന്റർ കെട്ടിട നിർമ്മാണം പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് സാധിക്കുകയുള്ളൂ. തീരം സുരക്ഷിതമാക്കുന്നതിന് ഗ്രോയിനുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ദർഘാസ് അംഗീകരിക്കുന്നത് സംബന്ധിച്ച വിഷയം ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ മത്സ്യമാർക്കറ്റ് നിർമ്മാണം

383 (1188) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളയിൽ മത്സ്യമാർക്കറ്റ് നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള വെള്ളയിൽ ഫിഷിംഗ് ഹാർബർ ഭൂമിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും പെർമിസീവ് സാങ്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒപ്പം ലഭ്യമായ സ്ഥലത്തിനനുസരിച്ച് കോഴിക്കോട്

കോർപ്പറേഷനുമായി ബന്ധപ്പെട്ട് പ്ലാൻ തയ്യാറാക്കിവരുന്നു. പ്ലാൻ അംഗീകാരം ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി**

384 (1189) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സമൃദ്ധമായ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കാനും വൈവിധ്യവൽക്കരണത്തോടെ അധിക വരുമാനമുണ്ടാക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കാസർഗോഡ് ജില്ലയിൽ കല്ലുമ്മക്കായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയായ 'ജനകീയ മത്സ്യകൃഷി'-യിലുൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷം ഒരു യൂണിറ്റിന് 15,000/- രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 1460 യൂണിറ്റ് കല്ലുമ്മക്കായ

കൃഷിക്ക് അനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് കോസ്റ്റിന്റെ 40% (6000/- രൂപ) കർഷകർക്ക് ധനസഹായമായി നൽകുന്നു. കൂടാതെ നടപ്പ് സാമ്പത്തിക വർഷം ജില്ലയിൽ 1480 യൂണിറ്റ് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുകയും ആയതിൽ 976 യൂണിറ്റുകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നു.

ഇതിനുപുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു യൂണിറ്റിന് 20,000/- രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആകെ 500 യൂണിറ്റ് കല്ലുമ്മക്കായ കൃഷിക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റ് കോസ്റ്റിന്റെ 60% ഗുണഭോക്തൃവിഹിതവും ബാക്കി തുക (60% കേന്ദ്രവിഹിതവും 40% സംസ്ഥാനവിഹിതവും ചേർത്ത് 8000/- രൂപ) കർഷകർക്ക് ധനസഹായമായി നൽകുന്നു. ആയതുപ്രകാരം 400 യൂണിറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി തുടർന്നുവരുന്നു.

## സുനാമി കോളനികളുടെ ശോച്യാവസ്ഥ

385 (1190) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ പഞ്ചായത്തിലെ സുനാമി കോളനികളുടെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സുനാമി കോളനികളുടെ നവീകരണത്തിനും വീടുകളുടെ പുനരുദ്ധാരണത്തിനും ഡ്രെയിനേജ് അടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമുഖേനയാണ് സുനാമി കോളനികൾ നിർമ്മിച്ച് നൽകിയിട്ടുള്ളത്. നിലവിൽ ടി കോളനികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും തീരസദസ്സിൽ

ലഭ്യമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സുനാമി കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഓഖി ഫണ്ടിന്റെ സോഷ്യൽ ഓഡിറ്റ്**

386 (1191) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ഫണ്ട് ചെലവ് സംബന്ധിച്ച് അരുണാറോയിയുടെ അദ്ധ്യക്ഷതയിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ?

ഇല്ല. 2020-2021 വർഷത്തെ ബഡ്ജറ്റ് സ്പീച്ചുമായി ബന്ധപ്പെട്ട് ശ്രീമതി അരുണാറോയിയുടെ അധ്യക്ഷതയിൽ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും വകുപ്പുതലത്തിൽ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിരുന്നു. ഇതിനായി ശ്രീമതി അരുണാറോയിയുടെ സമ്മതം, ടേംസ് ഓഫ് കണ്ടീഷൻസ് എന്നിവ ആവശ്യമായിരുന്നു. ആയത്

ആവർത്തിച്ച് ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിക്കാത്തതിനാൽ സോഷ്യൽ ഓഡിറ്റ് നടപ്പാക്കിയിട്ടില്ല.

(ബി) ഇതുസംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) സോഷ്യൽ ഓഡിറ്റിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

സോഷ്യൽ ഓഡിറ്റ് നടന്നിട്ടില്ല. അതിനാൽ ബാധകമല്ല.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികൾ**

387 (1192) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു+. _

**ഹരിപ്പാട് ഹാർബർ റോഡ് പ്രവൃത്തികൾ**

388 (1193) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് വർക്കുകളുടെ നിർവ്വഹണപുരോഗതി അറിയിക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിവരുന്ന റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും ഇനി എസ്റ്റിമേറ്റ് എടുക്കേണ്ടതുമായ വർക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഹരിപ്പാട് മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും ഇനി എസ്റ്റിമേറ്റ് എടുക്കേണ്ടതുമായ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു+.

**മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച സി.ഡബ്ല്യൂ.പി.ആർ.എസ്. റിപ്പോർട്ട്**

389 (1194) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുതലപ്പൊഴി ഹാർബറിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച് സി.ഡബ്ല്യൂ.പി.ആർ.എസ്. (സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ) എന്ന സ്ഥാപനം പഠനം നടത്തി റിപ്പോർട്ട്

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മുതലപ്പൊഴി ഹാർബറിന്റെ പുലിമുട്ടുകളുടെ നിലവിലെ അലൈൻമെന്റ് പരിശോധിച്ച് നിലവിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരത്തിനായി സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.) മാതൃകാപഠനം നടത്തിയതിന്റെ കരട് റിപ്പോർട്ട് 2023 ഡിസംബറിൽ ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ 27-12-2023-ന് ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ഹാളിൽ ചേർന്ന യോഗത്തിൽ മത്സ്യത്തൊഴിലാളി പ്രതിനിധികൾ, ജനപ്രതിനിധികൾ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അംഗങ്ങൾ എന്നിവരുമായി ചർച്ചചെയ്തു. മത്സ്യത്തൊഴിലാളികളടക്കമുള്ളവർ ഉന്നയിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള അന്തിമ റിപ്പോർട്ട് ഫെബ്രുവരി ആദ്യവാരത്തോടുകൂടി സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.) ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പാലയാട് തുരുത്തിപാലം നിർമ്മാണം**

390 (1195) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിപാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തിലേയ്ക്കുള്ള പാലത്തിന്റെ നിർമ്മാണത്തിനായി ശ്രീ. സനഹ്ൽ മഹ്സൂക്ക് S/o സി.എച്ച്. അബ്ദുള്ള, ചെർക്കല, ചെങ്ങള, കാസർഗോഡ് എന്ന വ്യക്തിയുമായി ഉടമ്പടിയിലേർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ ബോക്സ് കൾവെർട്ടിനുള്ള പൈലിംഗ് പ്രവൃത്തി ആരംഭിച്ചപ്പോൾ സെറ്റിൽമെന്റ് അധികമായതിനാൽ സോയിൽ ടെസ്റ്റ് നടത്തുകയും ചെയ്തു. സോയിൽ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം സൈറ്റിൽ ബോക്സ് കൾവെർട്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുവാൻ സാധിക്കുകയില്ലെന്നും RCC T Beam, 24 മീറ്റർ ആഴമുള്ള പൈൽ ഫൗണ്ടേഷൻ എന്നിവ ഉപയോഗിച്ച് പാലം നിർമ്മിക്കുവാനുമാണ്

പറഞ്ഞിട്ടുള്ളത്. ഇതിനായി ഏകദേശം 4.30 കോടി രൂപയെങ്കിലും ചെലവ് വരും. അതിനാൽ നിലവിലെ ഭരണാനുമതി തുകയ്ക്കുള്ളിൽ ബോക്സ് കൾവർട്ടുകൾ ഒഴിവാക്കി ചെറുതോണികൾക്ക് കടന്നുപോകുന്നതിനായി സ്റ്റീൽ ഗർഡറുകൾ ഉപയോഗിച്ച് ഒരു താൽക്കാലിക പാലം നിർമ്മിക്കുന്നതിനും 140 മീറ്റർ റോഡ് പ്രവൃത്തിയിൽ ആദ്യ 55 മീറ്റർ കോൺക്രീറ്റ് റോഡും ബാക്കി ഇന്റർലോക്കും റോഡിന്റെ ഇരുവശങ്ങളിലും സൈഡ് പിച്ചിംഗ് എന്നിവയുൾപ്പെടുത്തി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിലവിലെ കരാറുകാരൻ പ്രവൃത്തി ചെയ്യുന്നതിന് രേഖാമൂലം വിസമ്മതം അറിയിച്ചതിനാൽ ടിയാനെ ഒഴിവാക്കി പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(ബി) പ്രസ്തുത പദ്ധതി മഴക്കാലത്തിനുമുമ്പ് പൂർത്തിയാക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ റീടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിച്ച് മഴക്കാലത്തിനുമുമ്പ് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ**

391 (1196) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിനായുള്ള 5.55 കോടി രൂപയുടെ വിശദമായ പദ്ധതിരൂപരേഖയ്ക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) പദ്ധതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിനായുള്ള 5.55 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖയ്ക്ക് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയുടെ അംഗീകാരം ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതി സ്റ്റേറ്റ് ലെവൽ

അപ്രൂവൽ ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (SLAMC) അംഗീകരിച്ച് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിനും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB)-നും സമർപ്പിച്ചിരുന്നു. തുടർന്ന് നടന്ന ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിയിൽ ആവശ്യപ്പെട്ട അധികവിവരങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) ഇല്ലെങ്കിൽ പി.എം.എം.എസ്.വൈ. പദ്ധതിയുടെ അംഗീകാരത്തിന് സംസ്ഥാന സർക്കാർ അയച്ച കത്തിന്റെ കോപ്പി ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിരൂപരേഖ കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രാലയത്തിന്റെയും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB)-യുടെയും അംഗീകാരത്തിനായി കേരള സർക്കാരിന്റെ 22-03-2023 തീയതിയിലെ ബി1/40/2023/മ.ൃ.വ. നമ്പർ കത്തുപ്രകാരം സമർപ്പിച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സ്ത്രീ സമത്വവും സാംസ്കാരിക മുന്നേറ്റവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ

392 (1197) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക മുന്നേറ്റത്തിനും സ്ത്രീ സമത്വത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കേരള സർക്കാർ സാംസ്കാരിക കാര്യ വകുപ്പ് "സമം - സ്ത്രീ സമത്വത്തിനായി സാംസ്കാരിക മുന്നേറ്റം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 'സമം' പദ്ധതി 2021 സെപ്റ്റംബർ 4-ന് ഉദ്ഘാടനം ചെയ്തു. വിവിധമേഖലകളിലെ ഏറ്റവും മികവാർന്ന വനിതകളെ

ആദരിച്ചുകൊണ്ടാണ് ചടങ്ങ് നടന്നത്. സമം ഇതുവരെ നടത്തിയ പ്രധാനപരിപാടികൾ ചുവടെ ചേർക്കുന്നു.

(1) നിയമനിർമ്മാണ സഭകളിൽ ഇതുവരെ അംഗങ്ങളായിട്ടുള്ള വനിതകളെ 2021 നവംബർ 1-ന് നിയമസഭയിൽ വച്ച് ആദരിച്ചു.

(2) സാംസ്കാരിക സ്ഥാപനങ്ങൾക്ക് 'സമം' പദ്ധതി നടപ്പാക്കുന്നതിന് ഓരോ ജില്ലയുടെയും ചുമതല നൽകുകയും അതത് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് പദ്ധതിയുടെ ലക്ഷ്യം മുൻനിർത്തിയുള്ള പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(3) ആദരിക്കൽ - ഇതുവരെ എഴുന്നൂറിലധികം വനിതാപ്രതിഭകളെ ആദരിച്ചിട്ടുണ്ട്. അവരുടെ സംഭാവനകളുൾപ്പെടുത്തി ഒരു വെബ് സൈറ്റ് തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു.

(4) വനിതാദിന പരിപാടികൾ - മാർച്ച് 8-ന്റെ വനിതാദിന പരിപാടികൾ 2021 മുതൽ നടത്തിവരുന്നു.

(5) ഷീ റേഡിയോ - മലയാളം മിഷന്റെ റേഡിയോ മലയാളത്തിൽ 2021 മുതൽ 'സമം' ഷീ റേഡിയോ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

(6) സമം ഫിലിം ഫെസ്റ്റിവൽ - ചലച്ചിത്ര അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും ഓരോ ജില്ലയിൽ വനിതാ ഫിലിം ഫെസ്റ്റിവൽ നടത്തിവരുന്നു. ഈ വർഷത്തെ സമം ഫിലിം ഫെസ്റ്റിവൽ ഫെബ്രുവരിയിൽ കൊച്ചിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(7) സമം ചെറുകഥാ ക്യാമ്പ് - സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 40 ചെറുകഥാകൃത്തുകൾക്ക് ദ്വിദിന ശില്പശാല 2024 ജനുവരി 19, 20 തീയതികളിൽ കൊല്ലം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ വച്ച് സംഘടിപ്പിച്ചു.

ഈ സാമ്പത്തിക വർഷം തുടർന്ന് നടപ്പാക്കാനുദ്ദേശിക്കുന്ന മറ്റ് പരിപാടികൾ

1) ജെൻഡർ സ്റ്റീരിയോ ടൈപ്പ്സ് -

ഇതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറത്തിറക്കിയ കൈപ്പുസ്തകത്തെ ആധാരമാക്കി മലയാളപദങ്ങളും പ്രയോഗങ്ങളും തയ്യാറാക്കുക. നിയമവിദഗ്ധർ, ഭാഷാവിദഗ്ധർ, ജെൻഡർ വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആദ്യ ശില്പശാല ഫെബ്രുവരി 20, 21 തീയതികളിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലായി നടത്തുന്ന ചർച്ചകളും സെമിനാറുകളും വഴി ലിംഗ വാർപ്പു മാതൃകകൾക്ക് പദാവലികൾക്ക് പകരം വാക്കുകളും പ്രയോഗങ്ങളും മലയാളത്തിൽ കണ്ടെത്തി തയ്യാറാക്കുന്ന കൈപ്പുസ്തകം വനിതാദിനത്തിൽ പ്രകാശിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

2) സ്ത്രീധന നിരോധന ബോധവത്കരണ ക്യാമ്പയിൻ-

സർക്കാർ സർക്കാരിതര യുവജന സംഘടനകളെയും യൂണിവേഴ്സിറ്റികളെയും ക്യാമ്പയിനിൽ പങ്കാളികളാക്കിക്കൊണ്ട് സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെ യുവജനങ്ങൾക്കിടയിൽ വിപുലമായ ക്യാമ്പയിൻ നടത്തും. ഇതിന്റെ ഭാഗമായി സംസ്ഥാനാടിസ്ഥാനത്തിൽ ഷോർട്ട് ഫിലിം മത്സരവും തെരഞ്ഞെടുക്കപ്പെടുന്ന ഷോർട്ട് ഫിലിമുകളുടെ ഫെസ്റ്റിവലും നടത്തുന്നതിന് പദ്ധതിയുണ്ട്.

3) സുഗതായനം-സ്ത്രീ ആവിഷ്കാരങ്ങളുടെ അന്തർദേശീയ ഉത്സവം -

2024 മെയ് അവസാന ആഴ്ചയിൽ നടത്തുന്ന ഈ ഉത്സവം എല്ലാത്തരം നവകാല സ്ത്രീ ആവിഷ്കാരങ്ങളുടെയും (കല, സാഹിത്യം, സിനിമ, വിജ്ഞാനം, സംരംഭങ്ങൾ) പ്രകടനമായിരിക്കും.

4) അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് "സമം സാംസ്കാരിക മുന്നേറ്റം" വിവിധ പരിപാടികളോടെ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ, ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ 2024 ഫെബ്രുവരിയിൽ 10,000 വനിതകളെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സംഗമം സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ഫോക്ക്‌ലോർ അക്കാദമിയുടെ പദ്ധതികൾ**

393 (1198) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഫോക്ക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ഫോക്ക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു:

1. അന്യം നിന്നുപോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനുവേണ്ടി നാടൻകല അഭ്യസിക്കുന്ന 10 വയസ്സ് മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേയ്ക്ക് നൽകുന്നുണ്ട്.

2. വിവിധ നാടൻ നാട്ടുകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പ്രതിവർഷം പുരസ്കാരങ്ങൾ നൽകുന്നുണ്ട്.

3. ഒരു വർഷത്തിൽ 100-ൽ കുറയാത്ത കലാസംഘങ്ങൾക്ക് ഗ്രാമങ്ങളിലെ വായനശാലകളിൽ/ക്ലബുകളിൽ പരിപാടി അവതരിപ്പിക്കാൻ അക്കാദമി ചെലവിൽ അവസരം നൽകിവരുന്നു. അതിന്റെ ഭാഗമായി 1500-ൽ അധികം കലാകാരന്മാർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നു.

4. നാടൻകലാരംഗത്ത് പ്രവർത്തിക്കുന്ന രോഗംമൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാസഹായം നൽകിവരുന്നു.

**അവശകലാകാരൻമാർക്കുള്ള പെൻഷൻ**

394 (1199) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന കലാകാരൻമാരെയാണ് അവശകലാകാരൻമാരായി കണക്കാക്കി പെൻഷൻ നൽകുന്നതെന്ന് വിശദമാക്കാമോ?

സ.ഉ.(സാധാ)നം.530/2003/സി.എ.ഡി. തീയതി 31-12-2003 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴെ പറയുന്ന മേഖലയിലുള്ളവർക്കും അവരുടെ ആശ്രിതർക്കുമാണ് സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽനിന്നും അവശസിനിമാ കലാകാരന്മാർക്കും സാങ്കേതികജ്ഞർക്കുമുള്ള പെൻഷൻ നൽകിവരുന്നത്.

**<u>കലാകാരൻ</u>**

1. നടൻ /നടി (ഫിലിം)

2. നർത്തകൻ /നർത്തകി (ഫിലിം)

3. ഗായകൻ /ഗായിക (ഫിലിം)

**<u>സാങ്കേതികജ്ഞർ</u>**

1. ക്യാമറാമാൻ (ഫിലിം)

2. ഫിലിം എഡിറ്റർ

3. ഫിലിം സംവിധായകൻ

4. കലാ സംവിധായകൻ (ഫിലിം)

5. തിരക്കഥാകൃത്ത്

6. നൃത്തസംവിധായകൻ (ഫിലിം)

7. മേക്കപ്പ്മാൻ (ഫിലിം)

8. ശബ്ദലേഖനം ചെയ്യുന്ന ആൾ (ഫിലിം)

9. ലാബ് ടെക്നീഷന്മാർ

കലാകാര പെൻഷൻ ചട്ടങ്ങൾ (11-08-2017- ലെ സ.ഉ.(കൈ)നം. 21/2017/സാം.കാ.വ.) പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ,

അക്ഷരശ്ലോകം, ചിത്രകല, ശിൽപകല, പൂരക്കളി, ബാൻഡ് വാദ്യം, നാടൻകലകൾ, മേള പ്രമാണിമാർ എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചുവടെ ചേർത്തിട്ടുള്ള കേരളീയ ക്ഷേത്രകലകളിലുൾപ്പെട്ട കലാകാരന്മാർക്കും സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നിന്ന് കലാകാര പെൻഷൻ നൽകിവരുന്നു.

കേരളീയ ക്ഷേത്ര കലകൾ

1. വാദ്യകലകൾ - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കറുങ്കുഴൽ, നാദസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.

2. ക്ലാസിക് കലകൾ - പാഠവം, കൂത്ത്, കൂടിയാട്ടം കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ്, നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം.

3. ക്ഷേത്ര ശില്പകല - തടി, കരിങ്കല്ല് മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.

4. ചിത്രകല - ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ മുതലായ കലകളുടെ മുഖമെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

5. നാടൻകലാരൂപങ്ങൾ - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശിനാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുടിച്ചിൽ, ആവാമികളി, ചിമ്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രോൽപാട്ട്, കോതാമൂരി, അർജ്ജുനനൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻ പാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ് മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗം കളി.

6. ആദിവാസി കലകൾ - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി, രൂപങ്ങൾ (ഗദ്ദിക, പൂജ ഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ കംബകളി എന്നീ ഗോത്രകലകൾ)

(ബി) നിലവിൽ എത്ര പേർക്കാണ് പെൻഷൻ നൽകി വരുന്നതെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2023 ഡിസംബറിൽ സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽനിന്നും ആകെ 208 പേർക്കാണ് പെൻഷൻ നൽകിയത്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കലാകാരന്മാരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 89 |
| 2. | കൊല്ലം | 6 |
| 3. | പത്തനംതിട്ട | 1 |
| 4. | കോട്ടയം | 2 |
| 5. | ആലപ്പുഴ | 14 |
| 6. | എറണാകുളം | 9 |
| 7. | തൃശ്ശൂർ | 2 |
| 8. | പാലക്കാട് | 2 |
| 9. | കോഴിക്കോട് | 3 |
| 10. | കണ്ണൂർ | 1 |
| 11. | കാസർഗോഡ് | 1 |
| 12 | ചെന്നൈ | 78 |
| **ആകെ** | | **208** |

ഇതിൽ 130 പേർ കേരളത്തിലും ബാക്കി 78 പേർ ചെന്നൈയിൽ താമസിക്കുന്ന മലയാളി കലാകാരന്മാരുമാണ്.

2023 ഡിസംബർ മാസത്തെ കണക്കുപ്രകാരം സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽനിന്നും 2243 കലാകാരന്മാർക്ക് കലാകാര പെൻഷൻ നൽകിവരുന്നുണ്ട്.

| ക്രമ നമ്പർ | ജില്ല | കലാകാരന്മാരുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 572 |
| 2. | കൊല്ലം | 176 |
| 3. | പത്തനംതിട്ട | 28 |
| 4. | ആലപ്പുഴ | 488 |
| 5. | കോട്ടയം | 66 |
| 6. | ഇടുക്കി | 12 |
| 7. | എറണാകുളം | 160 |
| 8. | തൃശ്ശൂർ | 135 |
| 9. | പാലക്കാട് | 220 |
| 10. | മലപ്പുറം | 45 |

| | | |
|---|---|---|
| | | |
| 11. | കോഴിക്കോട് | 120 |
| 12. | വയനാട് | 1 |
| 13. | കണ്ണൂർ | 163 |
| 14. | കാസർഗോഡ് | 57 |
| **ആകെ** | | **2243** |

**വെള്ളിനേഴി കലാഗ്രാമം**

395 (1200) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ കലാഗ്രാമം എന്നറിയപ്പെടുന്ന ഷൊർണ്ണൂർ മണ്ഡലത്തിലെ വെള്ളിനേഴി കലാഗ്രാമത്തെ സംസ്ഥാനത്തിന്റെ ശ്രദ്ധേയമായ കലാകേന്ദ്രമായി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ വെള്ളിനേഴി കലാഗ്രാമ സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

രണ്ടാം ഘട്ട നിർമ്മാണ പദ്ധതിക്കായി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ 99 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നിർവ്വഹണ ഏജൻസിയും സ്റ്റീൽ ഇൻഡസ്ട്രിയൽസ് ലിമിറ്റഡ് കേരള (സിൽക്ക്) നിർമ്മാണ ഏജൻസിയുമായി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. ഈ പദ്ധതിയിൽ ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

1) പ്രവേശന കവാടം

2) ലാന്റ്സ്കേപിംഗ്

3) പാർക്കിംഗ് ഏരിയ വികസനം

4) നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ

5) ചുറ്റുമതിൽ

6) ലൈറ്റിംഗ്

7) നടപ്പാതകൾ

**കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിന്റെ നിർമ്മാണം**

396 (1201) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണപുരം സാംസ്കാരിക വിനോദകേന്ദ്രത്തിന്റെ നിർമ്മാണത്തിനായി ഏതൊക്കെ പദ്ധതികളിലുൾപ്പെടുത്തി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; ഇവിടെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ; ഈ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

നിർമ്മാണപ്രവൃത്തികളുടെ വിശദവിവരം ചുവടെച്ചേർക്കുന്നു:

മുൻ എം.എൽ.എ. ശ്രീ. സൈമൺ ബ്രിട്ടോയുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് 23 ലക്ഷം രൂപയുടെ ഒരു ഗ്രന്ഥശാലാ മന്ദിരം നഗരസഭയുടെ ആഭിമുഖ്യത്തിൽ പണികഴിപ്പിച്ചു.

ശ്രീ. സി. കെ. സദാശിവൻ മുൻ എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് മാലിന്യം നിറഞ്ഞ് ചതുപ്പായി കിടന്ന തടാകത്തിന്റെ വശങ്ങളിൽ മണ്ണിട്ട് ദീർഘചതുരാകൃതിയിലുള്ള ഒരു കുളമായി രൂപപ്പെടുത്തുകയും ചുറ്റുമുള്ള സ്ഥലം കരഭൂമിയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 300 ലക്ഷം രൂപ ചെലവഴിച്ച് കുളം പടവുകളും ചുറ്റുമതിലും പണിയുകയും കൃത്രിമ തടാകത്തിൽ 3 പെഡൽ ബോട്ടുകൾ സജ്ജമാക്കുകയും ചെയ്തു. തടാകത്തിന് ചുറ്റും നടപ്പാത, സൈക്ലിംഗ് ട്രാക്ക് എന്നിവയും ഒരു ഓപ്പൺ ഗാലറി, ഓഫീസ് കഫറ്റേരിയ എന്നിവയ്ക്കുള്ള കെട്ടിടങ്ങളും നിർമ്മിച്ചു.

മുൻ എം. പി. ശ്രീമതി സി. എസ്. സുജാതയുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 15 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം സ്ഥാപിച്ചിട്ടുണ്ട്.

203/90-2 സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1.57.96 ഹെക്ടർ (390.31 സെന്റ്) സർക്കാർ പുറമ്പോക്ക് ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടുകയും ഇവയെ മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി 300 ലക്ഷം രൂപ ചെലവിട്ട്

പൊതുമരാമത്ത് വകുപ്പ് ഒരു കാർട്ടൂൺ മ്യൂസിയ കെട്ടിടസമുച്ചയം സ്ഥാപിക്കുകയും ആയത് കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരികയുമാണ്.

700 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച സാംസ്കാരിക കേന്ദ്രം 25-02-2019-ന് ഉദ്ഘാടനം ചെയ്തു.

26-03-2020-ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 20,000/- രൂപ സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്.

കൃഷ്ണപുരം സാംസ്കാരിക സാഹസിക വിനോദകേന്ദ്രത്തിൽ കൃത്രിമ തടാകവും അതിൽ മൂന്ന് ഫൈബർ ബോട്ടുകളും ലൈഫ് ജാക്കറ്റുകളും ഒരുക്കിയിട്ടുണ്ട്. തടാകത്തിനു ചുറ്റും കരിങ്കല്ല് കൊണ്ടുണ്ടാക്കിയ അലങ്കാരപ്പണികൾ, പുൽത്തകിടികൾ, തടാകത്തിലേയ്ക്ക് നീളത്തിലുള്ള കൽപ്പടവുകൾ, തടാകത്തിന് ചുറ്റും 2 മീറ്റർ വീതിയിലുള്ളതും ഇടയ്ക്കിടയ്ക്ക് പുല്ലുപിടിപ്പിച്ചതുമായ നാച്ചുറൽ സ്റ്റോൺ വർക്ക് ചെയ്ത നടപ്പാതയും ഒരുക്കിയിട്ടുണ്ട്. വിനോദ വിശ്രമം ലക്ഷ്യമിടുന്ന 2 നിർമ്മിതികളും വാളേന്തി

കുതിരപ്പുറത്ത് കയറാൻ നിൽക്കുന്ന ഭടന്റെ പ്രതിമയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്.

2020-21 ബജറ്റിൽ 3 കോടി രൂപ സാംസ്കാരിക സാഹസിക വിനോദകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കായംകുളം കൃഷ്ണപുരം സാഹസിക വിനോദകേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി കോമ്പൗണ്ട് വാൾ നിർമ്മാണത്തിന് 88.4 ലക്ഷം രൂപയുടേയും മഴവെള്ളം ഒഴുക്കിവിടുന്നതിനുള്ള ഓട നിർമ്മാണത്തിന് 40.50 ലക്ഷം രൂപയുടേയും എസ്റ്റിമേറ്റ് അനുസരിച്ച് നിലവിലെ ചട്ടങ്ങൾ പാലിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് നിർമ്മാണം പൂർത്തീകരിക്കുകയും 27-11-2020-ന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

സാംസ്കാരിക കേന്ദ്രത്തിന്റെ ചുറ്റുമതിൽ, ഓട നിർമ്മാണം, തോപ്പിൽഭാസി ആഡിറ്റോറിയം നിർമ്മാണം എന്നിവയുടെ PWD-യുടെ എസ്റ്റിമേറ്റ് തുകയായ 2,06,15,384/- രൂപ ടി ഓഡിറ്റോറിയത്തിന്റെ ഡിസൈനിംഗിന് ഏല്പിച്ച വാസ്തുവിദ്യാഗുരുകുലം സമർപ്പിച്ച റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ 2021-22-ൽ ടി നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ആദ്യഗഡുവായി 50,00,000/- രൂപ വാസ്തുവിദ്യാഗുരുകുലത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ വാസ്തുവിദ്യാഗുരുകുലം അക്രഡിറ്റഡ് ഏജൻസിയല്ലാത്തതിനാൽ ടി സ്ഥാപനം കേരള സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷനെ ഏല്പിക്കുകയും ടി കോർപ്പറേഷനുമായി വാസ്തുവിദ്യാഗുരുകുലം ഉഭയകക്ഷി കരാർ ഒപ്പുവയ്ക്കുകയും തുടർന്ന് ആകെ എസ്റ്റിമേറ്റ് തുകയായ 41,23,077/- രൂപ 20-03-2023-ന് കൈമാറുകയും ചെയ്തു. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**തൃശ്ശൂർ സാഹിത്യ അക്കാദമിക്ക് പൈതൃക കെട്ടിടം**

397 (1202) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ സാഹിത്യ അക്കാദമിക്ക് 2021-22 ബഡ്ജറ്റിൽ അനുവദിച്ച പൈതൃക കെട്ടിടത്തിന്റെ നിലവിലെ നിർമ്മാണപുരോഗതി വിശദമാക്കാമോ?

തൃശ്ശൂരിൽ പ്രവർത്തിക്കുന്ന സാഹിത്യ അക്കാദമിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ പൈതൃക കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല.

**കേരള പൂരക്കളി അക്കാദമി**

398 (1203) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തികവർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) 2024-25 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ ഗ്രാന്റ് ലഭിക്കുന്നതിനുള്ള നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

2024-25 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തുന്നതിന് കേരള പൂരക്കളി അക്കാദമി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) കേരള പൂരക്കളി അക്കാദമിയുടെ പ്രവർത്തനത്തിന് ഇതേവരെ എത്ര രൂപയാണ് അനുവദിച്ചതെന്നും അത് വർഷം തിരിച്ച് ഏത് ഇനത്തിലാണെന്നും വിശദമാക്കാമോ?

കേരള പൂരക്കളി അക്കാദമിക്ക് 2019-20 സാമ്പത്തികവർഷത്തിൽ 3,00,000/- രൂപ പദ്ധതി ശീർഷകത്തിൽ അനാവർത്തന ഗ്രാന്റായും 2020-21 സാമ്പത്തിക വർഷത്തിൽ 25,00,000/- രൂപ പദ്ധതിയേതര ശീർഷകത്തിൽ സ്പെഷ്യൽ ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

**പി.കൃഷ്ണപിള്ള സ്മാരക സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം**

399 (1204) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന് സമീപം പി.കൃഷ്ണപിള്ള സ്മാരക സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര താലൂക്കിൽ നൂറനാട് ലെപ്രസി സാനറ്റോറിയത്തിന് സമീപം പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരികസമുച്ചയത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലം 23-01-2023-ലെ സ.ഉ.(കൈ)നം.14/2023/റവ. ഉത്തരവുപ്രകാരം സാംസ്കാരിക വകുപ്പിലേയ്ക്ക് കൈമാറിയിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ഡി.പി.ആർ.-ന്റെ അപ്രൈസൽ നടപടികളും ഡിസൈൻ റിവ്യൂവും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത സാംസ്കാരിക സമുച്ചയത്തിന്റെ ഡിസൈൻ റിവ്യൂ നടത്തി കിഫ്ബിയിൽ സമർപ്പിച്ചശേഷം സാമ്പത്തികാനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്ത് കരാറുകാരനെ നിശ്ചയിക്കുന്നതാണ്. ഇതുസംബന്ധിച്ച സത്വരനടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

**കലാകാര പെൻഷൻ**

400 (1205) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാര പെൻഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അഹമ്മദ് കുട്ടി പി. (മാവണ്ടിയൂർ മൗലവി), പുതുക്കുടി വീട്, അധികാരപ്പടി, എടയൂർ നോർത്ത്, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ (എ 4/1887/23/സാം.വ) സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ?

(എ&ബി) കലാകാര പെൻഷനുവേണ്ടി ശ്രീ. അഹമ്മദ് കുട്ടി പി. നൽകിയ അപേക്ഷ കേരള ഫോക്‌ലോർ അക്കാദമിയിൽനിന്നും ശിപാർശ ചെയ്ത് സാംസ്കാരിക വകുപ്പദ്ധ്യക്ഷകാര്യാലയത്തിലേയ്ക്ക് അയച്ചിരുന്നു. വയസ്സ് തെളിയിക്കുന്നതിന് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇല്ലാതിരുന്നതിനാൽ പ്രസ്തുത ന്യൂനത പരിഹരിച്ച് തിരികെ ലഭ്യമാക്കുന്നതിനായി 20-12-2023-ലെ എ 4/1887/23/സാം.വ. നമ്പർ കത്തുപ്രകാരം കേരള ഫോക്‌ലോർ അക്കാദമിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. അപേക്ഷകനുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിച്ച് അപേക്ഷ വീണ്ടും അയയ്ക്കുന്നതാണെന്ന് ഫോക്‌ലോർ അക്കാദമി അറിയിച്ചിട്ടുണ്ട്.

## കലാഭവൻ മണി സ്മാരക നിർമ്മാണം

401 (1206) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാലക്കുടി കലാഭവൻമണി സ്മാരക പ്രവൃത്തിയുമായി ബന്ധപ്പെട്ട റീടെണ്ടർ അംഗീകരിച്ചതുപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഏല്പിക്കുന്നതിന് എം.ഒ.യു.-വിൽ ഏർപ്പെടുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനും കമ്മിറ്റിയിലേയ്ക്ക് അംഗങ്ങളെ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

05-01-2024-ന് ചാലക്കുടി കലാഭവൻ മണി സ്മാരക കെട്ടിടത്തിന് അനുവദിച്ച സ്ഥലം അളന്നുതിട്ടപ്പെടുത്തി അതിരുകൾ അടയാളപ്പെടുത്തിയിട്ടുണ്ട്.

**പയ്യന്നൂരിലെ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തി**

402 (1207) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പയ്യന്നൂരിലെ തിയേറ്റർ കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

പയ്യന്നൂർ തീയേറ്റർ കോംപ്ലക്സിന്റെ സ്ട്രക്ച്ചറൽ വർക്കുകൾ, റൂഫിംഗ് വർക്കുകൾ, ബ്ലോക്ക് വർക്ക്, പ്ലാസ്റ്ററിംഗ് വർക്കുകൾ, ഇലക്ട്രിക് വർക്കുകൾ

മുതലായവ പൂർത്തിയായി. ഫയർ ഫൈറ്റിംഗ് വർക്കുകൾ, ഫ്ലോർ ഫിനിഷിംഗ് വർക്കുകൾ മുതലായവ പുരോഗമിച്ചുവരുന്നു. തീയേറ്റർ എഞ്ചിനീയറിംഗിന്റെ ഭാഗമായ അക്കൗസ്റ്റിക്സ്, സ്ക്രീൻ ഫ്രെയിം വർക്കുകൾ ടെണ്ടർ ചെയ്തിട്ടിട്ടുണ്ട്. ടെണ്ടർ രേഖകൾ പരിശോധിച്ച് കരാറുകാരനെ തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണപ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് വകുപ്പിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; വിശദമാക്കാമോ?

പയ്യന്നൂർ തീയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും അവലോകനയോഗങ്ങൾ നടത്താറുണ്ട്.

**പുതുക്കാട് മണ്ഡലത്തിലെ കെ.എസ്.എഫ്.ഡി.സി. തീയേറ്റർ നിർമ്മാണം**

403 (1208) **ശ്രീ. കെ. കെ. രാമചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂർ എന്ന സ്ഥലത്ത് കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ആമ്പല്ലൂരിൽ കെ.എസ്.എഫ്.ഡി.സി. നിർമ്മിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. ഒരു വർഷത്തിനകം നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത തീയേറ്റർ സമുച്ചയത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത തീയേറ്റർ കോംപ്ലക്സിൽ 163, 165 വീതം സീറ്റുകളുള്ള 2 തീയേറ്ററുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. തീയേറ്ററുകളിൽ ഡോൾബി അറ്റ്മോസ് സൗണ്ട് സിസ്റ്റം, ബാർക്കോ ലേസർ പ്രൊജക്ടർ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടൊപ്പം ഓപ്പൺ എക്സിബിഷൻ ഏരിയ, ഫീഡിംഗ് റൂം, ക്രൈ റൂം, കഫറ്റേരിയ, ഗസ്റ്റ് റൂം, കൺസഷൻ ഏരിയ, മെർച്ചെൻഡീസ് ഏരിയ തുടങ്ങിയ സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി**

404 (1209) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നും നിലവിൽ ക്ഷേമനിധി പെൻഷൻ ലഭിക്കുന്ന അംഗങ്ങൾ എത്രയെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിലവിൽ 18896 അംഗങ്ങളുണ്ട്. 3855 അംഗങ്ങൾക്ക് പെൻഷനും 350 അംഗങ്ങളുടെ കുടുംബങ്ങൾക്ക് ഫാമിലി പെൻഷനും 7 അംഗങ്ങൾക്ക് അവശതാ പെൻഷനും നിലവിൽ നൽകിവരുന്നു.

(ബി) സാംസ്കാരിക പ്രവർത്തകർക്ക് ക്ഷേമനിധി ബോർഡ് ഉറപ്പുനൽകുന്ന മറ്റാനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

**പെൻഷൻ**

കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7–ാം വകുപ്പിന്റെ 1–ാം ക്ലിപ്ത നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പറാന്വേഷൻ പെൻഷന്

അർഹത ഉണ്ടായിരിക്കുന്നതാണ്. നിലവിൽ 4000 രൂപയാണ് പെൻഷൻ ഇനത്തിൽ നൽകിവരുന്നത്. സൂപ്പറാന്വേഷൻ പെൻഷനുവേണ്ടി 5-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**കുടുംബ പെൻഷൻ**

കുറഞ്ഞത് രണ്ടുവർഷം അംശദായം അടച്ച ഒരു അംഗമോ പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ യഥാർത്ഥ അവകാശികൾക്ക് ആവശ്യമായ രേഖകൾ സമർപ്പിച്ച് ഫാമിലി പെൻഷന് അപേക്ഷ നൽകാവുന്നതും പ്രതിമാസം 1100 രൂപ ഫാമിലി പെൻഷന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം അംഗത്തിന്റെ ജനന-മരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം

പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്. കുടുംബ പെൻഷനുവേണ്ടിയുള്ള അപേക്ഷ അംഗത്തിന്റെ മരണ തീയതി മുതൽ 6 മാസത്തിനകം സമർപ്പിക്കേണ്ടതാണ്. കുടുംബ പെൻഷനു വേണ്ടി 7–ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**അവശതാ പെൻഷൻ:–**

നിധിയിൽ കുറഞ്ഞത് 5 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് കുടിശ്ശിക എന്തെങ്കിലുമുണ്ടെങ്കിൽ അത് അടച്ച് അംഗത്വം നിലനിർത്തുന്നപക്ഷം പ്രതിമാസം അവശതാപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേയ്ക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ

പദവിയിൽ താഴെയല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അവശതാ പെൻഷനുവേണ്ടി 6–ാം നമ്പർ ഫാറത്തിലുള്ള അപേക്ഷ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

**ചികിത്സാ സഹായം:-**

ക്ഷേമനിധിയിൽ തുടർച്ചയായി മൂന്ന് വർഷം അംശദായം അടച്ച "ചിസ് " ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗത്തിനും കുടുംബാംഗങ്ങൾക്കും ക്ഷേമനിധിയുടെ ആക്ടിൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാസഹായത്തിന് അർഹതയുണ്ടായിരിക്കും. മാരകരോഗങ്ങളായ ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ സംബന്ധമായ അസുഖം എന്നിവയ്ക്ക് 1.5 ലക്ഷം രൂപ വരെ ചികിത്സാ സഹായത്തിനായി വ്യവസ്ഥയുണ്ട്.

**വിവാഹ ആനുകൂല്യം:**

കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേയ്ക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ

വിവാഹ ആവശ്യത്തിലേയ്ക്കായി 25,000 രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്.

**മരണാനന്തര ചെലവ്/സഹായം:-**

ഒരംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി മൂവായിരം രൂപയും നിധിയിലെ ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ ആദ്യത്തെ മൂന്ന് വർഷത്തെ കാലാവധിക്കുള്ളിൽ മരണാനന്തര സഹായമായി 5000 രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വകാലയളവിന് 1000 രൂപ വീതവും പരമാവധി 25,000 രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**അഗ്രിഫെസ്റ്റ് പരിപാടിക്ക് നൽകിയ സാമ്പത്തിക സഹായം**

405 (1210) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിക്ക് യുവജനകാര്യ വകുപ്പ് നൽകിയ സാമ്പത്തിക സഹായത്തെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം വകുപ്പ് നടത്തുന്നുണ്ടോ?

2011-16 സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിലെ മാനന്തവാടിയിൽ വച്ചുനടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിക്ക് യുവജനക്ഷേമ ബോർഡ് അനുവദിച്ച സാമ്പത്തിക സഹായത്തെ സംബന്ധിച്ച് നിലവിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തുന്നുണ്ട്.

(ബി) പ്രസ്തുത പരിപാടിക്ക് വകുപ്പ് ചെലവഴിച്ച തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിവരം ലഭ്യമാക്കാമോ?

അഗ്രിഫെസ്റ്റ് എന്ന പരിപാടിയോടനുബന്ധിച്ച് ട്രൈബൽ ഫെസ്റ്റ് നടത്തുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആകെ 20,00,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 10,00,000/- രൂപയുടെ കണക്കുകൾ അന്നത്തെ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ 22-01-2015-ലെ ടി16/15 ഡി.വൈ.സി.ഡബ്ല്യൂ. പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി

10,00,000/- രൂപയുടെ കണക്കുകൾ സമർപ്പിക്കുന്നതിനുപകരം കൈപ്പറ്റ് രസീത്, (തീയതി-06-01-2015) ധനവിനിയോഗ സാക്ഷ്യപത്രം (തീയതി-26-03-2015) എന്നിവ മാത്രമാണ് അഗ്രിഫെസ്റ്റ് വർക്കിംഗ് ചെയർമാനായിരുന്ന അന്നത്തെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ജി. ബിജു അന്നത്തെ വയനാട് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ മുഖേന ലഭ്യമാക്കിയിട്ടുള്ളത്.

**മലപ്പുറം മണ്ഡലത്തിലെ യുവജനക്ഷേമ പദ്ധതികൾ**

406 (1211) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡുവഴി നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതെല്ലാമാണ്; വിശദീകരിക്കാമോ?

ശാസ്ത്രക്വിസ്, മണിനാദം ജില്ലാതലം മത്സരം, ലഹരിവിരുദ്ധ കലാജാഥ പരിശീലനം എന്നിവയാണ് മലപ്പുറം മണ്ഡലത്തിൽ വച്ച് സംഘടിപ്പിച്ച യുവജനക്ഷേമ പദ്ധതികൾ.

**ശാസ്ത്രക്വിസ്** - വിദ്യാർത്ഥികളിൽ ശാസ്ത്ര ചരിത്ര ബോധവും യുക്തിചിന്തയും വളർത്തുകയെന്ന ലക്ഷ്യത്തോടുകൂടി ഹൈസ്കൂൾതല വിദ്യാർത്ഥികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ശാസ്ത്രക്വിസ് സംഘടിപ്പിച്ചു.

**മണിനാദം ജില്ലാതലം മത്സരം** - നാടൻപാട്ട് കലാകാരനായ കലാഭവൻ മണിയുടെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന നാടൻപാട്ട് മത്സരം.

**ലഹരിവിരുദ്ധ കലാജാഥ പരിശീലനം** - മയക്കുമരുന്നിനെതിരെ സംഘടിപ്പിക്കുന്ന യുവതികളുടെ കലാജാഥയുടെ പരിശീലനം.

ഷോർട്ട്ഫിലിം ഫെസ്റ്റിവൽ, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് - വിവാഹ കൗൺസിൽ, നീന്തൽ പരിശീലനം, സെവൻസ് ഫുട്ബോൾ മത്സരം, കബഡി മത്സരം, വോളിബോൾ മത്സരം, മാരിവിൽ ക്യാമ്പ്, ട്രക്കിംഗ്, സാഹിത്യക്യാമ്പ്, ടീം കേരള പരിശീലനവും പാസിംഗ് ഔട്ട് പരേഡും, ലഹരിവിരുദ്ധ കലാജാഥാ പരിശീലനം, അവളിടം ക്ലബ്ബ് തൊഴിൽ

പരിശീലനം, കതിർ - കാർഷിക ക്ലബ്ബ് രൂപീകരണം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവമാധ്യമ ക്യാമ്പ്, ഫിഫ വേൾഡ് കപ്പ്, ബിഗ്സ്ക്രീൻ പ്രദർശനവും വിളംബര ജാഥയും, യുവജന ദിനാചരണം, വനിതാ ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി ദിനാചരണം, യുവശക്തി പദ്ധതി എന്നിവയാണ് യുവജനക്ഷേമ ബോർഡുവഴി നടപ്പാക്കിവരുന്ന മലപ്പുറം മണ്ഡലത്തിന് പ്രാതിനിധ്യം ലഭിക്കുന്ന വിവിധ പരിപാടികൾ.

(ബി) നിലവിൽ നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

(സി) ഈ സാമ്പത്തിക വർഷം പ്രസ്തുത മണ്ഡലത്തിൽ യുവജനകാര്യ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികളും പ്രോഗ്രാമുകളും ഏതൊക്കെയാണെന്ന് അറിയിക്കുമോ?

(ബി&സി) ശാസ്ത്രക്വിസ്, സാഹിത്യക്യാമ്പ്, അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം, കേരളോത്സവം, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, യുവജന ദിനാചരണം, ലഹരിവിരുദ്ധ ദിനാചരണം, പരിസ്ഥിതി

ദിനാചരണം, യുവശക്തി പദ്ധതി, ലഹരിവിരുദ്ധ കലാജാഥ അവതരണം എന്നിവയാണ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ. വിശദവിവരം ചുവടെ ചേർക്കുന്നു.

**ശാസ്ത്രക്വിസ്** - ഹൈസ്കൂൾതലം, നിയമസഭ നിയോജകമണ്ഡലം, ജില്ല, സംസ്ഥാന തലങ്ങളിലായാണ് ശാസ്ത്രക്വിസ് സംഘടിപ്പിക്കുന്നത്. ഇതിൽ ഹൈസ്കൂൾതല മത്സരങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സാഹിത്യക്യാമ്പ്** - സംസ്ഥാനതലത്തിൽ തെക്കൻമേഖല, വടക്കൻമേഖല എന്നീ രണ്ട് മേഖലകളിലായിട്ടാണ് സാഹിത്യക്യാമ്പ് സംഘടിപ്പിക്കുന്നത്. ഇതിൽ വടക്കൻമേഖല ക്യാമ്പ് 2024 ജനുവരി 21 മുതൽ 24 വരെ വയനാട് ജില്ലയിലെ വൈത്തിരിയിൽ വച്ച് സംഘടിപ്പിച്ചു. തെക്കൻമേഖലാ ക്യാമ്പ് 2024 ഫെബ്രുവരി 10 മുതൽ 14 വരെ തിരുവനന്തപുരം ജില്ലയിലെ കോവളത്തുവച്ച് സംഘടിപ്പിക്കും.

**അവളിടം ക്ലബ്ബ് തൊഴിൽ പരിശീലനം** - അവളിടം ക്ലബ്ബ് തൊഴിൽ പരിശീലന ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു.

**കേരളോത്സവം** - ഗ്രാമ, മുൻസിപ്പൽ, ബ്ലോക്ക്, കോർപ്പറേഷൻ, ജില്ലാതല കേരളോത്സവങ്ങളും ദേശീയ യുവോത്സവ കലോത്സവങ്ങളും സംഘടിപ്പിച്ചു.

**സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം** - വിവിധ മേഖലകളിലെ യുവപ്രതിഭകൾക്കും ക്ലബ്ബുകൾക്കും പുരസ്കാരങ്ങൾ നൽകുന്ന സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരത്തിന്റെ അവാർഡ് നിർണ്ണയം പൂർത്തിയായിവരുന്നു.

**ദേശീയ യുവജന ദിനാചരണം** - ദേശീയ യുവജനദിനമായ ജനുവരി 12-ന് എല്ലാ ജില്ലകളിലും യുവജനദിനം ആചരിച്ചു.

**ലഹരി വിരുദ്ധ ദിനാചരണം** - ലോക ലഹരിവിരുദ്ധ ദിനമായ ജനുവരി 26-ന് എല്ലാ ജില്ലകളിലും ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

**ലോക പരിസ്ഥിതി ദിനാചരണം** - ലോക പരിസ്ഥിതി ദിനാചരണമായ ജൂൺ 5-ന് എല്ലാ ജില്ലകളിലും പരിസ്ഥിതി ദിനം ആചരിച്ചു.

**യുവശക്തി പദ്ധതി** - യുവശക്തി പദ്ധതിയുടെ ഭാഗമായി ഒന്നിൽക്കൂടുതൽ പഞ്ചായത്തുകളുടെ ചുമതല വഹിക്കുന്നതിനായി ബ്ലോക്ക് അടിസ്ഥാനത്തിൽ

ബ്ലോക്ക് യൂത്ത് കോർഡിനേറ്റർമാരെയും ജില്ലാടിസ്ഥാനത്തിൽ ജില്ലാ യൂത്ത് കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.

**ലഹരിവിരുദ്ധ കലാജാഥ അവതരണം** - ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ജനുവരി, ഫെബ്രുവരി മാസങ്ങളിലായി അവളിടം ക്ലബ്ബിന്റെ നേതൃത്വത്തിൽ മയക്കുമരുന്നിനെതിരായി കലാജാഥകൾ സംഘടിപ്പിക്കുന്നു.

(ഡി) സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന് എന്നിവയുടെ വൻതോതിലുള്ള ഉപയോഗവും കുറ്റകൃത്യങ്ങളുടെ എണ്ണവും കുറയ്ക്കുന്നതിനായി യുവജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും ശാക്തീകരിക്കുന്നതിനും മലപ്പുറം ജില്ലാ ആസ്ഥാനത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**അനുബന്ധം** - III

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് മേശപ്പുറത്തുവച്ച വിശദമായ മറുപടി.**

24-03-2012-ലെ GO(MS)No.98/2012/H&FWD ഉത്തരവ് പ്രകാരമാണ് കാസർഗോഡ് ജില്ലയിൽ, ബദിയടുക്ക വില്ലേജിൽ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയത്. തുടർന്ന് 20-05-2013-ലെ GO(MS) No.211/2013/ Revenue Dept ഉത്തരവ് പ്രകാരം ബദിയടുക്ക വില്ലേജിൽ 25.0639 ഹെക്ടർ (61.92 ഏക്കർ) ഭൂമി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 21-12-2012-ലെ GO(MS) No.432/2012/ H&FWD ഉത്തരവ് പ്രകാരം M/s KITCO Ltd-നെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തിരുന്നു.

തുടർന്ന് മെഡിക്കൽ കോളേജിന്റെ നിർമ്മാണം നിരവധി ഘട്ടങ്ങളിലായി വിഭാവനം ചെയ്യുകയും കെ.ഡി.പി., നബാർഡ്, സ്റ്റേറ്റ് പ്ലാൻ ഫണ്ട്, കിഫ്ബി എന്നിങ്ങനെ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് വേണ്ട ഫണ്ട് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ 09-04-2020-ലെ GO(MS) No.62/2020/H&FWD ഉത്തരവ് പ്രകാരം 273 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചു.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം 06-04-2020 മുതലാണ് ആരംഭിച്ചത്. പണി പൂർത്തിയാക്കിയ അക്കാഡമിക്

ബ്ലോക്കിൽ 12 ICU-കളും 34 ഓക്സിജൻ ലഭ്യതയുള്ള ബെഡ്ഡുകളും അടക്കം 166 ബെഡ്ഡുകളുള്ള കോവിഡ് ആശുപത്രിയായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. കോവിഡ് രോഗം നിയന്ത്രണ വിധേയമായതിനെത്തുടർന്ന് 03-01-2022 മുതൽ അക്കാദമിക് ബ്ലോക്കിൽ ഒ.പി. ചികിത്സാ വിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇവിടെ ജനറൽ, സ്പെഷ്യാലിറ്റി വിഭാഗങ്ങളെ കൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ ന്യൂറോളജി, നെഫ്രോളജി തുടങ്ങിയ വിഭാഗങ്ങളിൽ യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം നൽകിവരുന്നുണ്ട്.

കാസർഗോഡ് മെഡിക്കൽ കോളേജിനുള്ളിൽ റോഡുകൾ, കുഴൽക്കിണർ എന്നിവ സ്ഥാപിക്കുന്നതിനായി 99,75,877 രൂപയുടെ ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്കിന്റെ സിവിൽ നിർമ്മാണ പ്രവൃത്തികൾക്കായി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നതും 25-07-2016-ലെ ഉത്തരവ് പ്രകാരം 5 കോടി രൂപ അഡ്വാൻസായി മൊബലൈസേഷൻ ഫണ്ട് ഇനത്തിൽ എസ്.പി.വി. ആയ കിറ്റ്കോയ്ക്ക് നൽകിക്കൊണ്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചത്. ഇതുകൂടാതെ അക്കാദമിക് ബ്ലോക്കിന്റെ ഇലക്ട്രിക്കൽ, ELV വർക്കുകൾ, അഗ്നി സുരക്ഷാ സംവിധാനം തുടങ്ങിയവയ്ക്കായി 523.04 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. അതിൽ സിവിൽ, ഇലക്ട്രിക്കൽ,

മെക്കാനിക്കൽ, ഫയർ ഫൈറ്റിംഗ് പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

8 കോടി രൂപ ചെലവിൽ മെഡിക്കൽ കോളേജിൽ ജല വിതരണ സംവിധാനം ഏർപ്പെടുത്തുന്നതിനായുള്ള ജോലികളും കെ.ഡി.പി. മുഖേനയാണ് ചെയ്തുവരുന്നത്. അതോടൊപ്പം മെഡിക്കൽ കോളേജിന്റെ റസിഡൻഷ്യൽ ഫേസിലിറ്റീസ് നിർമ്മാണത്തിന്റെ ഭാഗമായി ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് (2BHK) എന്നിവയുടെ നിർമ്മാണത്തിന് കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 29,01,47,138 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി ജോലി നിലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 75 ശതമാനം പൂർത്തിയായിട്ടുണ്ട്.

മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ രണ്ടാംഘട്ടമായി ചെയ്യുന്നത് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണമാണ്. ടി നിർമ്മാണം നബാർഡ് പദ്ധതി ഉൾപ്പെടുത്തിയാണ് ചെയ്തുവരുന്നത്. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തികൾക്കായി 95,08,75,877 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കൂടാതെ ഹോസ്പിറ്റൽ ബ്ലോക്കിന്റെ തന്നെ അഗ്നി സുരക്ഷാ സംവിധാനം ഒരുക്കുന്നതിനായി 4,97,77,120 രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ആശുപത്രി ബ്ലോക്കിന്റെ അവസാനവട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരവേ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കോൺട്രാക്ടർ നിലവിലുള്ള കോൺട്രാക്ടിലുള്ളതിൽ ഉപരിയായി 40

ശതമാനത്തോളം വർദ്ധനവ് ആവശ്യപ്പെട്ടിരുന്നതിനാലും പല ചർച്ചകൾക്ക് ശേഷവും പ്രവൃത്തി പുനരാരംഭിക്കുന്നതിന് വിമുഖത കാട്ടിയതിനാലും നിലവിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ സിവിൽ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ട നിലയിലാണ്. പ്രസ്തുത കോൺട്രാക്ടറുമായുള്ള കരാർ അവസാനിപ്പിക്കുകയും മറ്റൊരു കോൺട്രാക്ടർ മുഖേന സിവിൽ വർക്കുകൾ പൂർത്തിയാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുകയും ചെയ്തുവരുന്നു. കാസർഗോഡ് മെഡിക്കൽ കേളേജിന്റെ നിർമ്മാണം ആരംഭിക്കുന്ന സമയം മുതൽ തന്നെ വിവിധ കാരണങ്ങൾമൂലം നിർമ്മാണ പ്രവൃത്തികൾ മന്ദഗതിയിൽ ആകുന്ന അവസ്ഥയുണ്ടായിരുന്നു. 2012-ൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള പ്രഖ്യാപനം വന്നെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞത് 2016 മുതലായതിനാലും 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങളും തുടർന്ന് 2020-ലുണ്ടായ കോവിഡ് മഹാമാരിയുമൊക്കെ നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സം സൃഷ്ടിച്ചിരുന്നു. തുടർന്ന് നബാർഡ് പദ്ധതിയുടെ കാലാവധി 30-06-2022-ന് അവസാനിച്ചിരുന്നു.

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ വികസന/നിർമ്മാണ പ്രവർത്തനങ്ങൾക്കായി 160,23,40,367 രൂപയുടെ ഭരണാനുമതി കിഫ്ബി മുഖേന ലഭ്യമായതിൽ ഹോസ്പിറ്റൽ ബ്ലോക്കിന്റെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾക്കായി 23,85,18,943 രൂപ വകയിരുത്തുകയും നിലവിൽ ഈ ജോലികൾ ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സൊസൈറ്റിക്ക് കോൺട്രാക്ട് നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ അതിവേഗം പുരോഗമിക്കുന്നുണ്ട്.

06-08-2021-ലെ സ.ഉ.(സാധാ)നം.1689/2021/ആ.കു.വ. ഉത്തരവ് പ്രകാരം കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ കിഫ്ബി പദ്ധതിക്കായി 160,23,40,367 രൂപയുടെ ഭരണാനുമതി ലഭ്യമായതിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

- ആശുപത്രിയുടെ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ
- ബോയ്സ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ്, ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ
- റോഡ് ലാൻഡ് സ്കേപ്പിംഗ് വർക്കുകൾ Civil Electrical and Mechanical
- ലേഡീസ് ഹോസ്റ്റൽ സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്കുകൾ
- ആശുപത്രിക്കായുള്ള ഉപകരണങ്ങൾ ഫർണിച്ചർ എന്നിവ വാങ്ങൽ
- ലൈബ്രറി, ഓഡിറ്റോറിയം, എൻട്രൻസ് ഗേറ്റ് എന്നിവയുടെ നിർമ്മാണം
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം.

കിഫ്ബി പദ്ധതികളിൽ ആശുപത്രികളുടെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ ആരംഭിക്കുകയും ബാക്കിയുള്ളവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മെഡിക്കൽ കോളേജിലേയ്ക്ക് 11 കെ.വി. കണക്ഷൻ ലഭ്യമാക്കുന്നതിനായി താൽക്കാലികമായി ഓവർ ഹെഡ് കണക്ഷൻ അനുവദിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും 3,33,774 രൂപ ലഭ്യമാക്കുന്നതിനുള്ള ശിപാർശ സമർപ്പിക്കുകയും അതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ഇടുക്കി ജില്ലാശുപത്രിയെ മെഡിക്കൽ കോളേജാക്കി ഉയർത്തിക്കൊണ്ടും പത്തനംതിട്ട ജനറൽ ആശുപത്രിയെ കോന്നി മെഡിക്കൽ കോളേജിന്റെ പേരന്റ് ആശുപത്രിയായി മാറ്റിക്കൊണ്ടുമാണ് ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കി കോഴ്സുകൾ ആരംഭിച്ചിട്ടുള്ളത്. അതിനാൽ ആദ്യഘട്ടത്തിൽ മെഡിക്കൽ കോളേജിനോട് ചേർന്ന് ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം ആവശ്യമായിരുന്നില്ല. കാസർഗോഡ് മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്ക് പൂർത്തിയാക്കിയെങ്കിലും മതിയായ കിടക്കകളുള്ള ആശുപത്രി നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

2017-ൽ ഭരണാനുമതി നൽകി നിർമ്മാണം നടന്നുവരുന്ന ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതും മെഡിക്കൽ കോളേജ് സർക്കാർ യാഥാർത്ഥ്യമാക്കുന്നതുമാണ്. മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനും നാഷണൽ മെഡിക്കൽ കമ്മീഷനിൽനിന്നും അംഗീകാരം നേടുന്നതിനും പ്രിൻസിപ്പൽ തസ്തിക അനിവാര്യമാണ്. ടി പ്രിൻസിപ്പൽ തസ്തിക 23-12-2023-ൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

നിലവിലുള്ള സൗകര്യങ്ങൾ ഉപേക്ഷിച്ച് കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകി 60 സീറ്റോടുകൂടി പുതിയ സർക്കാർ നേഴ്സിംഗ് കോളേജ് അനുവദിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്.

**അനുബന്ധം -IV**

## ഗ്രീൻഫീൽഡ് ഹൈവേ സംബന്ധിച്ച ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) മേശപ്പുറത്തുവച്ച വിശദാംശങ്ങൾ

**PALAKKAD KOZHIKODE GREEN FIELD NH-966**
**DETAILS OF BASIC LAND VALUE FIXED BY CALA**

| Village: Alanallur 3 | Taluk: Mannarkkad | |
|---|---|---|
| Sl. No. | Category | Basic Land Value (in ₹ Per Are) |
| 1. | I. Dry land - with PWD road access | 467142.00 |
| 2. | II. Dry land - with Panchayath road access | 293235.00 |
| 3. | III. Dry land - with private road access | 243925.00 |

| | | |
|---|---|---|
| 4. | IV. Wetland - with road access including PWD roads and Panchayath roads | 121186.00 |
| 5. | V. Wetland - with private road and pathway access | 80435.00 |
| 6. | VI. Wetland - without vehicle access | 27010.00 |

| Village: Mannarkkad 2 & Pottassery, Taluk: Mannarkkad | | |
|---|---|---|
| Sl. No. | Category | Basic Land Value (in ₹ Per Are) |
| 1. | I. Dry land - with PWD road access | 400569.00 |
| 2. | II. Dry land - with Panchayath road access | 277719.00 |
| 3. | III. Dry land - with private road access | 203538.00 |
| 4. | IV. Wetland - with road access including PWD roads and Panchayath roads | 200165.00 |
| 5. | V. Wetland - with private road and pathway access | 107686.00 |

| Village: Karimba 1 & Karimba 2, Taluk: Mannarkkad | | |
|---|---|---|
| Sl. No. | Category | Basic Land Value (in ₹ Per Are) |
| 1. | I. Dry land - with public road access | 264671.00 |
| 2. | II. Dry land - with private road and pathway access | 182195.00 |
| 3. | III. Wetland - with public road (PWD/Panchayath) access | 107620.00 |
| 4. | IV. Wetland - with Private road/pathway access | 71809.00 |

| Village: Malampuzha 2 & Marutha road Taluk: Palakkad | | |
|---|---|---|
| Sl. No. | Category | Basic Land Value (in ₹ Per Are) |
| 1. | I. Wetland - with NH access | 459525.00 |
| 2. | II. Dry land - with public road access | 438752.00 |
| 3. | III. Wetland - with public road access | 415042.00 |
| 4. | IV. Dry land - with private road/pathway access | 389392.00 |
| 5. | V. Wetland - with private road/pathway access | 266149.00 |
| 6. | VI. Wetland - without any road access | 44416.00 |
| 7. | VII. Wetland - Nilam without any road access in Sy. No. 21/1, 4, 5, 6 Sy.No. 347/4, 5, 7 & Sy. No. 364/4 | 66000.00 |

| Village: Mundur 1 & Mundur 2 Taluk: Palakkad |
|---|

| Sl. No. | Category | Basic Land Value (in ₹ Per Are) |
|---|---|---|
| 1. | I. Dry land - with National Highway access | 848498.00 |
| 2. | II. Dry land - with public road access | 450818.00 |
| 3. | III. Dry land - with private roads and various pathways access | 308418.00 |
| 4. | IV. Wetland - with road access including PWD roads and Panchayath roads | 212483.00 |
| 5. | V. Wetland - without vehicle access | 43555.00 |
| 6. | VI. Wetland - with NH road access | 278994.00 |
| 7. | VII. Wetland - with Private road pathway access | 115765.00 |

---------------